ഹയർ സെക്കണ്ടറി കോഴ്സ്

നരവംശശാസ്ത്രം

ക്ലാസ് - XI



കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala

Website : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala

To be printed in quality paper - 80gsm map litho (snow-white)

ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയ തലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

ഡോ.ജെ. പ്രസാദ്

ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി. കേരളം

പാഠപുസ്തകപരിഭാഷ

ശില്പശാലയിൽ പങ്കെടുത്തവർ

ബാബു എ.പി.
എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്. എസ്. മുഴപ്പിലങ്ങാട്, കണ്ണൂർ

പ്രേമരാജൻ കെ.
എച്ച്.എസ്.എസ്.ടി, കടമ്പൂർ എച്ച്. എസ്.എസ്, കണ്ണൂർ

ഡോ. ശ്രീലത കെ.ആർ.
എച്ച്.എസ്.എസ്.ടി, ജി.ഡബ്ല്യു.എച്ച്. എസ്.എസ്. ചെറുകുന്ന്, കണ്ണൂർ

നാരായണൻ പി.വി.
എച്ച്.എസ്.എസ്.ടി, ടാഗോർ മെമ്മോറിയൽ എച്ച്.എസ്.എസ്, വെള്ളോറ, കണ്ണൂർ

സജീവൻ എൻ.
എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്. ആവള കുട്ടോത്ത്, കോഴിക്കോട്

ശ്രീലത ബി.
എച്ച്. എസ്. എസ്.ടി, ജി.എച്ച്.എസ്.എസ്. പാല കാക്കയങ്ങാട്, കണ്ണൂർ

വിനോദൻ നന്ദ്യത്ത്
എച്ച്. എസ്. എസ്.ടി, ജി.എച്ച്. എസ്. എസ് ചേലോറ, വാരം, കണ്ണൂർ

മഞ്ജുള.കെ.എം.
എച്ച്. എസ്. എസ്.ടി, ജി.എച്ച്.എസ്.എസ്. ആയിത്തറ മമ്പറം, കണ്ണൂർ

വിദഗ്ധർ

വി.കെ. മോഹൻകുമാർ
ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.) കിർത്താഡ്സ്, കോഴിക്കോട്

ഡോ. ബിന്ദു രാമചന്ദ്രൻ
വകുപ്പുമേധാവി (ആന്ത്രോപോളജി), കണ്ണൂർ സർവകലാശാല, പാലയാട്

മധുനാരായണൻ
റിസർച്ച് അസിസ്റ്റന്റ്, (ആന്ത്രോപോളജി), കിർത്താഡ്സ്, കോഴിക്കോട്

പ്രഫ. വി. മാധവൻപിള്ള
(റിട്ട.) ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം

പ്രൂഫ് റീഡിങ്

പി. യഹിയ
ജി.ജി.എം.ജി.എച്ച്.എസ്.എസ്., ചാലപ്പുറം, കോഴിക്കോട്

അക്കാദമിക് കോഡിനേറ്റർ

വി. ശ്രീകണ്ഠൻ
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

ഉള്ളടക്കം

യൂണിറ്റ് 1
നരവംശശാസ്ത്രത്തിന് ഒരു ആമുഖം 07

യൂണിറ്റ് 2
സാമൂഹിക-സാംസ്കാരിക
നരവംശശാസ്ത്രം: അടിസ്ഥാനാശയങ്ങൾ 40

യൂണിറ്റ് 3
ജൈവനരവംശശാസ്ത്രം:
അടിസ്ഥാനാശയങ്ങൾ 75

യൂണിറ്റ് 4
പുരാവസ്തുനരവംശശാസ്ത്രം:
അടിസ്ഥാനാശയങ്ങൾ 124

യൂണിറ്റ് 5
ഭാഷാനരവംശശാസ്ത്രം:
അടിസ്ഥാനാശയങ്ങൾ 168

യൂണിറ്റ് 6
വിവാഹം, കുടുംബം, ബന്ധുത്വം 196

യൂണിറ്റ് 7
രാഷ്ട്രീയസംവിധാനം 239

യൂണിറ്റ് 8
സാമ്പത്തികസംവിധാനം 266

യൂണിറ്റ് 9
മതസംവിധാനം 296

യൂണിറ്റ് 10
നാടോടിവിജ്ഞാന നരവംശശാസ്ത്രം 322

D5C6P9

ഈ പാഠപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന സൂചനകൾ



പ്രവർത്തനം



ട്രിവിയ



പഠനപുരോഗതി വിലയിരുത്താം



ഐ.സി.ടി. അനുബന്ധ പ്രവർത്തനങ്ങൾ

യൂണിറ്റ്

1

നരവംശശാസ്ത്രത്തിന് ഒരു ആമുഖം

ഉള്ളടക്കം

I. **നരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും**
- പദോൽപ്പത്തിയും നിർവചനവും
- ജൈവസാമൂഹികസ്വഭാവം
- താരതമ്യാത്മക-സംയോജിത-സമഗ്ര സ്വഭാവം
- നരവംശശാസ്ത്രം ഒരു ഫീൽഡ്ശാസ്ത്രമെന്ന നിലയിൽ

II. **നരവംശശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ**
- ജൈവനരവംശശാസ്ത്രം
- സാമൂഹിക- സാംസ്കാരിക നരവംശശാസ്ത്രം
- പുരാവസ്തുനരവംശശാസ്ത്രം
- ഭാഷാനരവംശശാസ്ത്രം

III. **നരവംശശാസ്ത്രത്തിന്റെ പ്രസക്തി**
- തൊഴിൽസാധ്യതകൾ
- പ്രയോഗനരവംശശാസ്ത്രം
- പ്രവർത്തനനരവംശശാസ്ത്രം

IV. **നരവംശശാസ്ത്രവും മറ്റു വിഷയങ്ങളുമായുള്ള ബന്ധം**
- നരവംശശാസ്ത്രവും ജീവശാസ്ത്രങ്ങളും
- നരവംശശാസ്ത്രവും സാമൂഹ്യ ശാസ്ത്രങ്ങളും

V. **നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും**
- മനുഷ്യന്റെ ജിജ്ഞാസയും നരവംശശാസ്ത്രപര്യവേക്ഷണവും
- നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും
- ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വളർച്ചയും വികാസവും

ആമുഖം

പ്രിട്ടോറിയയിലേക്കുള്ള വഴിയിൽ



ചിത്രം 1.1 – മോഹൻദാസ് കരംചന്ദ് ഗാന്ധി

"നേറ്റാളിന്റെ തലസ്ഥാനമായ മാരിറ്റ്സ്ബർഗിൽ രാത്രി ഒൻപതു മണിയോടുകൂടി തീവണ്ടി എത്തി. കിടക്കകൾ അവിടെവച്ചാണ് നൽകിയിരുന്നത്. ഒരു റെയിൽവേ ജീവനക്കാരൻ വന്ന് എനിക്ക് കിടക്ക വേണോ എന്നു ചോദിച്ചു. വേണ്ട, എന്റെ കൈയിലൊന്നുണ്ട്' എന്ന് ഞാൻ മറുപടി പറഞ്ഞു. അയാൾ പോയി. അപ്പോൾ ഒരു യാത്രക്കാരൻ കടന്നുവന്ന് എന്നെ അടിമുടി നോക്കി. ഞാൻ വെള്ളക്കാരനല്ലെന്ന് അയാൾ കണ്ടു. ഇത് അയാളെ അസ്വസ്ഥനാക്കി. പുറത്തുചെന്ന് ഒന്നുരണ്ടുദ്യോഗസ്ഥൻമാരുമായി അയാൾ വീണ്ടും വന്നു. അവർ നിശ്ശബ്ദത പാലിക്കെ മറ്റൊരു ഉദ്യോഗസ്ഥൻ എന്റെ അടുത്തുവന്ന് പറഞ്ഞു: "വരൂ, നിങ്ങൾ മുന്നിലെ കംപാർട്ട്മെന്റിലേക്കു

പോകണം".

"പക്ഷേ എനിക്ക് ഒന്നാം ക്ലാസ് ടിക്കറ്റുണ്ടല്ലോ," – ഞാൻ പറഞ്ഞു.

"അതിൽ കാര്യമില്ല. നിങ്ങൾ തീർച്ചയായും ഇതിന്റെ മുന്നിലെ കംപാർട്ട്മെന്റിലേക്ക് പോകണമെന്ന് ഞാൻ പറയുന്നു" – അയാൾ പ്രതികരിച്ചു.

"ഡർബനിൽ വച്ച് ഈ കംപാർട്ട്മെന്റിൽ യാത്രചെയ്യാൻ എന്നെ അനുവദിച്ചതാണെന്നും ഇതിൽത്തന്നെ എനിക്ക് പോകണമെന്നും ഞാൻ നിങ്ങളോട് പറയുന്നു."

"സാധ്യമല്ല. നിങ്ങൾക്കതിൽ പോകാനാവില്ല. നിങ്ങൾ ഈ കംപാർട്ട്മെന്റിൽനിന്ന് പോകണം. അല്ലാത്തപക്ഷം നിങ്ങളെ പുറത്തേക്കെറിയാൻ എനിക്കൊരു പോലീസ് കോൺസ്റ്റബിളിനെ വിളിക്കേണ്ടിവരും" – ആ ഉദ്യോഗസ്ഥൻ പറഞ്ഞു.

"ശരി, നിങ്ങൾക്കങ്ങനെ ചെയ്യാം. ഞാൻ സ്വമേധയാ പുറത്തുപോകാൻ വിസമ്മതിക്കുന്നു."

പോലീസുകാരൻ വന്നു. അയാൾ കൈക്കുപിടിച്ച് എന്നെ പുറത്തേക്കു തള്ളി. എന്റെ സാധനങ്ങളും പുറത്തേക്കെറിഞ്ഞു. ഞാൻ മറ്റേ കംപാർട്ട്മെന്റിലേക്ക് പോകാൻ വിസമ്മതിച്ചു. തീവണ്ടി പുകതുപ്പിക്കൊണ്ട് പാഞ്ഞു പോയി. ഞാൻ കൈസഞ്ചിയുമായി വെയ്റ്റിങ് റൂമിൽ ചെന്നിരുന്നു. എന്റെ മറ്റു സാധനങ്ങൾ എറിയപ്പെട്ടിടത്തുതന്നെ കിടന്നു. റെയിൽവേ അധികാരികൾ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു.

അത് മഞ്ഞുകാലമായിരുന്നു. ദക്ഷിണാഫ്രിക്കയുടെ ഉയർന്ന പ്രദേശങ്ങളിൽ മഞ്ഞുകാലത്ത് അത്യധികമായ തണുപ്പുണ്ടാവും. മാരിറ്റ്സ്ബർഗ് ഒരു ഉയർന്ന പ്രദേശമാകയാൽ തണുപ്പ് അതികഠിനമായിരുന്നു. എന്റെ മേൽക്കുപ്പായം മറ്റു സാധനങ്ങളുടെ കൂടെ ആയിരുന്നു. അതു ചോദിക്കാൻ എനിക്ക് ധൈര്യം വന്നില്ല. ഞാൻ വീണ്ടും അവഹേളിക്കപ്പെട്ടാലോ? അതുകൊണ്ട് ഞാൻ ഇരുന്നു വിറച്ചു. ആ മുറിയിൽ വെളിച്ചമുണ്ടായിരുന്നില്ല. പാതിരാത്രിയോടുകൂടി ഒരു യാത്രക്കാരൻ വന്നു. അയാൾക്ക് പക്ഷേ എന്നോട് സംസാരിക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഞാൻ സംസാരിക്കാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല.

എന്റെ കർത്തവ്യത്തെപ്പറ്റി ഞാൻ ആലോചിച്ചുതുടങ്ങി. എന്റെ അവകാശങ്ങൾക്കുവേണ്ടി ഞാൻ പടവെട്ടണമോ, ഇന്ത്യയിലേക്കു മടങ്ങണമോ, അതോ ഈ അപമാനം അവഗണിച്ചുകൊണ്ട് പ്രിട്ടോറിയയിലേക്ക് പോവുകയും കേസ് തീർത്തിട്ട് ഇന്ത്യയിലേക്ക് മടങ്ങുകയും ചെയ്യണോ? എന്റെ കടമ പൂർത്തിയാക്കാതെ ഇന്ത്യയിലേക്ക് മടങ്ങുന്നത് ഭീരുത്വമായിരിക്കും. എനിക്കനുഭവപ്പെട്ട കഷ്ടപ്പാടുകൾ കേവലം ഉപരിപ്ലവമാണ്–വർണവിദ്വേഷം എന്ന ആഴമേറിയ രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ! കഴിയുമെങ്കിൽ ഈ രോഗത്തിന് ഉന്മൂലനാശം വരുത്താനും ആ പ്രക്രിയയിൽ ഉണ്ടാവുന്ന കഷ്ടപ്പാടുകൾ സഹിക്കാനും ഞാൻ ശ്രമിക്കണം. വർണവിദ്വേഷമില്ലാതാക്കാനുള്ള ശ്രമങ്ങളിലൂടെയാവണം എന്നോട് ചെയ്ത തെറ്റുകൾക്ക് പരിഹാരം തേടാൻ ശ്രമിക്കേണ്ടത്.

അതുകൊണ്ട് അടുത്തുകിട്ടുന്ന തീവണ്ടിയിൽ പ്രിട്ടോറിയയിലേക്ക് പോകാൻ ഞാൻ തീരുമാനിച്ചു.

(ഗാന്ധിജിയുടെ ആത്മകഥയിൽനിന്ന്)

മഹാത്മാഗാന്ധിക്ക് ദക്ഷിണാഫ്രിക്കയിൽ നേരിട്ട കൊടിയ വർണവിവേചനത്തെക്കുറിച്ചാണ് മേൽ വിവരിച്ചിരിക്കുന്നത്. ഈ സംഭവത്തിൽ തൊലിയുടെ നിറമെങ്ങനെയാണ് വിവേചനത്തിന് നിദാനമായതെന്നാണ് വ്യക്തമാക്കുന്നത്. അതുപോലെ നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിൽക്കുന്ന തൊട്ടുകൂടായ്മ ഏറ്റവും നികൃഷ്ടമായ മറ്റൊരു വിവേചനമാണ്. ഈ രണ്ട് സന്ദർഭങ്ങളിലും വിവേചനത്തിന്റെ അടിസ്ഥാനം മനുഷ്യവിഭാഗങ്ങൾക്കിടയിലെ വൈജാത്യമാണ്.

ഒന്ന് നിറത്തിന്റെ അടിസ്ഥാനത്തിലും മറ്റൊന്ന് ജാതിയുടെ അടിസ്ഥാനത്തിലും. മനുഷ്യരിൽ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ അനേകതരത്തിലുള്ള വൈജാത്യങ്ങൾ ഇപ്രകാരം നില നിൽക്കുന്നുണ്ട്. അതിൽ ചിലത് ആഴത്തിൽ വേരൂന്നിയതാവാം, മറ്റു ചിലത് ശീലത്തിന്റെ ഭാഗമായി രൂപപ്പെട്ടതുമാകാം. വൈജാത്യങ്ങൾ എപ്പോഴും മേൽ സൂചിപ്പിച്ച തരത്തിലുള്ള പെരുമാറ്റപരമായ പ്രതികരണങ്ങൾ ഉണ്ടാക്കിയെന്നു വരില്ല. ഇത്തരം വൈജാത്യങ്ങളാണ് മനുഷ്യസമൂഹങ്ങളിൽ വൈവിധ്യങ്ങൾ ഉണ്ടാക്കുന്നത്. നമ്മളും നിത്യജീവിതത്തിൽ ഇത്തരത്തിലുള്ള അനേകം വൈജാത്യങ്ങൾ അംഗീകരിക്കാനും സ്വീകരിക്കാനും തയാറാകുന്നില്ല. ലോകമെമ്പാടുമുള്ള മനുഷ്യസംസ്കാരങ്ങളിൽ നമുക്ക് ഇത്തരം വൈവിധ്യങ്ങൾ ദർശിക്കാം.



ചിത്രം.1.2. ഭക്ഷണം, പാർപ്പിടം, വസ്ത്രധാരണം എന്നിവയിലെ വൈവിധ്യങ്ങൾ.

ജീവിതത്തിൽ എപ്പോഴെങ്കിലും നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിട്ടിട്ടുണ്ടോ? അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ എങ്ങനെ പ്രതികരിച്ചു?

'നരവംശശാസ്ത്രത്തിന് ഒരു ആമുഖം'എന്ന പുസ്തകത്തിൽ ബീൽസും ഹോയ്ജറും (1971) താഴെ പറയുന്ന തരത്തിലുള്ള സാംസ്കാരികവ്യതിയാനങ്ങളെക്കുറിച്ചുള്ള ഉദാഹരണങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

- ധ്രുവപ്രദേശങ്ങളിലെ എസ്കിമോവർഗക്കാർ മൽസ്യമാംസാദികൾ മാത്രം കഴിച്ചാണ് ജീവിക്കുന്നത്.
- മെക്സിക്കൻ ഇന്ത്യക്കാർ ധാന്യങ്ങളും പച്ചക്കറികളും മാത്രം കഴിച്ചു ജീവിക്കുന്നു. കിഴക്കൻ ആഫ്രിക്കയിലെ ബെയ്ഗാണ്ടാ വിഭാഗക്കാർക്കിടയിൽ പാലും പാലുൽപ്പന്നങ്ങളും ആർഭാടമാണെങ്കിൽ പടിഞ്ഞാറൻ ആഫ്രിക്കക്കാർക്കിടയിൽ അങ്ങനെയല്ല.
- പല അമേരിക്കൻ -ഇന്ത്യൻ ഗോത്രവിഭാഗങ്ങൾക്കിടയിലും മൽസ്യം മുഖ്യാഹാരമാണെങ്കിലും ന്യൂ മെക്സിക്കോയിലെയും അരിസോണയിലെയും 'നവാജോ', 'അപ്പാഷെ' എന്നീ വിഭാഗക്കാർക്കിടയിൽ അത് മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല.
- മെക്സിക്കൻ ഇന്ത്യക്കാർക്കിടയിൽ പട്ടിയിറച്ചി അതീവ രുചികരമായ ഭക്ഷ്യവസ്തുവാണ്. ഭക്ഷ്യവസ്തുക്കളുടെ സങ്കലനത്തിൽ പലതരം വ്യതിയാനങ്ങൾ കാണാം.
- യാഥാസ്ഥിതിക ജൂതമതവിശ്വാസികൾ മാംസവും പാലുൽപ്പന്നങ്ങളും ഒന്നിച്ചു കഴിക്കില്ല. എസ്കിമോ വിഭാഗക്കാർ കടൽജീവികളുടെയും കരജീവികളുടെയും ഭക്ഷണം ഒന്നിച്ചു കഴിക്കില്ല.
- ഭക്ഷണം കഴിക്കുന്ന രീതിയിലും തീൻമേശമര്യാദകളുടെ കാര്യത്തിലും വസ്ത്രധാരണത്തിലും ആഭരണങ്ങൾ അണിയുന്നതിലുമൊക്കെ ഇത്തരം വ്യതിയാനങ്ങൾ കാണാം.
- ആന്തമാനിലെയും ആസ്ത്രേലിയയിലെയും ചില ഗോത്രവിഭാഗക്കാർ അൽപ്പവസ്ത്രധാരികളാണ്.

- എന്നാൽ കിഴക്കൻ ആഫ്രിക്കയിലെ ബെയ്ഗാണ്ട വിഭാഗക്കാർ ആപാദചൂഡം വസ്ത്രം ധരിക്കുന്നവരാണ്.

മനുഷ്യവർഗങ്ങൾക്കിടയിൽ ശാരീരികപ്രത്യേകതയുടെയും ജീവിതരീതിയുടെയും ഭാഷാസമ്പ്രദായങ്ങളുടെയും കാര്യത്തിലുള്ള വൈവിധ്യങ്ങൾ നിലനിൽക്കുന്നു എന്നതാണ് ഇതൊക്കെ തെളിയിക്കുന്നത്. ഈ വൈവിധ്യമാണ് മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സൗന്ദര്യം.

ഒരു പാഠ്യവിഷയമെന്ന നിലയിൽ നരവംശശാസ്ത്രം മനുഷ്യവൈവിധ്യത്തെ അനുകൂലിക്കുന്നു. കാരണം, അത് അംഗീകരിക്കപ്പെടേണ്ട യാഥാർഥ്യമാണ്. നരവംശശാസ്ത്രം ഇങ്ങനെ വൈവിധ്യങ്ങളെ ജിജ്ഞാസാപൂർണമായ മനസ്സോടെ അന്വേഷിക്കുന്നു. ജീവശാസ്ത്രപരമായി നാമെല്ലാം ഒരേ ജീവജാതിയാണെങ്കിലും സാംസ്കാരികമായി വൈവിധ്യമുള്ളവരാണെന്നുള്ള ആശയത്തിന് നരവംശശാസ്ത്രം അടിവരയിടുകയാണ്.



"മനുഷ്യവർഗത്തിന്റെ സത്തയാണ് വൈവിധ്യം. വൈവിധ്യം ജനനത്തിന്റെ ആകസ്മികതയായതിനാൽ അത് വിദ്വേഷത്തിന്റെയോ തർക്കത്തിന്റെയോ കാരണമാവരുത്. വ്യത്യസ്തതയ്ക്കുള്ള ഉത്തരം അതിനെ ബഹുമാനിക്കലാണ്. ഇതിലാണ് വൈവിധ്യത്തെ അംഗീകരിക്കുക എന്ന സമാധാനത്തിന്റെ ഏറ്റവും മൗലികമായ തത്ത്വം കുടികൊള്ളുന്നത്."

ജോൺ ഹ്യും
– ഐറിഷ് രാഷ്ട്രതന്ത്രജ്ഞൻ



"നമുക്ക് വ്യത്യസ്ത മതം, വ്യത്യസ്ത ഭാഷ, വ്യത്യസ്ത നിറത്തോടുകൂടിയ തൊലി എന്നിവയാവാം. എന്നാൽ നാം ഒരേ മനുഷ്യവർഗമാണ്."


– കോഫി അന്നൻ, ഏഴാമത് ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ

ഈ ഭൂമുഖത്തെ ഏറ്റവും വിവേകമതിയായ ജീവജാതി എന്ന നിലയിൽ ഹോമോസാപ്പിയൻസ് – സാപ്പിയൻസിന്റെ ജീവശാസ്ത്രപരവും സാംസ്കാരികവുമായ പ്രത്യേകതകളും വ്യതിയാനങ്ങളും പഠിക്കുകയാണ് നരവംശശാസ്ത്രം ചെയ്യുന്നത്. ജൈവ-സാമൂഹ്യശാസ്ത്രപാഠ്യവിഷയമെന്ന നിലയിൽ സമഗ്രമായ (Holistic) കാഴ്ചപ്പാടിലൂടെ മനുഷ്യപ്രകൃതവും സംസ്കാരവും മനസ്സിലാക്കാൻ നരവംശശാസ്ത്രം സഹായിക്കുന്നു. നരവംശശാസ്ത്രത്തിന്റെ അർഥം, സ്വഭാവം, പ്രത്യേകതകൾ, പ്രസക്തി എന്നിവയോടൊപ്പം ഉദ്ഭവവും വളർച്ചയും നമുക്കു പരിശോധിക്കാം.

ഗ്രീക്ക് തത്ത്വചിന്തകനായ അരിസ്റ്റോട്ടിലാണ് **നരവംശശാസ്ത്രം** എന്ന പദം ആദ്യമായി ഉപയോഗിച്ചത്.



I. നരവംശശാസ്ത്രത്തിന്റെ അർഥവും സ്വഭാവവും (Meaning and Nature of Anthropology)



ചിത്രം. 1.3 അരിസ്റ്റോട്ടിൽ

മുൻ ക്ലാസുകളിൽ നിങ്ങൾ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ജീവശാസ്ത്രത്തിൽ മനുഷ്യന്റെ ഉദ്ഭവം, പരിണാമം, വ്യതിയാനം എന്നിവ പഠിച്ചിട്ടുണ്ട്. സാമൂഹ്യശാസ്ത്രത്തിൽ മനുഷ്യസമൂഹത്തിന്റെ ഭക്ഷണശീലങ്ങൾ, വിശ്വാസസംഹിതകൾ, വസ്ത്രധാരണം, രാഷ്ട്രീയവിശ്വാസങ്ങൾ തുടങ്ങിയ സാംസ്കാരിക പ്രത്യേകതകളും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ മനുഷ്യവർഗത്തെക്കുറിച്ചുള്ള സമഗ്രചിത്രം ലഭിക്കണമെങ്കിൽ ജീവശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായ പ്രത്യേകതകളെ സമഗ്രമായി മനസ്സിലാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങൾ അനന്യവും സമഗ്രവുമായ കാഴ്ചപ്പാടിലൂടെയാണ് നരവംശശാസ്ത്രം ഉദ്ഘോഷിക്കുന്നത്. നരവംശശാസ്ത്രത്തിന്റെ അർഥവും നിർവചനവും മനസ്സിലാക്കുന്നതിലൂടെ അനുബന്ധവിഷയങ്ങളിൽനിന്നു നരവംശശാസ്ത്രം എത്രമാത്രം വ്യത്യസ്തത പുലർത്തുന്നുവെന്ന് തിരിച്ചറിയാം.

നരവംശശാസ്ത്രത്തിന്റെ പദോൽപ്പത്തിയും നിർവചനവും (Etymology and Definition of Anthropology)

വിവിധ ശാസ്ത്രശാഖകളുടെ പദോൽപ്പത്തി സൂചിപ്പിക്കുന്ന പട്ടിക കാണുക. ഇവയൊക്കെ രണ്ടു ഗ്രീക്ക് പദങ്ങളുടെ സംയോഗമാണ്. ഓരോ പദത്തിനും പ്രത്യേക അർഥങ്ങളുണ്ട്. ഉദാഹരണമായി ആന്ത്രോപോളജി എന്ന പദം പദോൽപ്പത്തിശാസ്ത്രപ്രകാരം രണ്ടു പദങ്ങളുടെ സംയോഗമാണ്.'ആന്ത്രോപോസ്' എന്നാൽ മനുഷ്യൻ എന്നും 'ലോഗോസ്' എന്നാൽ പഠനം അഥവാ ശാസ്ത്രം എന്നുമാണ്. ആ അർഥത്തിൽ നരവംശശാസ്ത്രം മനുഷ്യവർഗത്തെക്കുറിച്ചുള്ള പഠനമാണ്.

വിവിധ ശാസ്ത്രനാമങ്ങളുടെ പദോൽപ്പത്തി

സൈക്കോളജി -സൈക്കോ+ ലോഗോസ്
സോഷ്യോളജി-സോഷ്യോ+ ലോഗോസ്
ഇക്കോളജി -ഇക്കോ+ ലോഗോസ്
ജിയോളജി - ജിയോ+ ലോഗോസ്

പ്രസിദ്ധരായ നരവംശശാസ്ത്രജ്ഞരുടെ ചില നിർവചനങ്ങൾ പരിശോധിക്കാം.

'നരവംശശാസ്ത്രം എന്നത് മാനവശാസ്ത്രമാണ്' - **എ.എൽ. ക്രോബർ**

'നരവംശശാസ്ത്രം മനുഷ്യനെയും അവന്റെ നിർമിതികളെയും കുറിച്ചുള്ള പഠനമാണ്' **-ഹെർസ്കോവിറ്റ്സ്**

'മനുഷ്യരുടെ വ്യത്യസ്തതലങ്ങൾ പഠിക്കുന്ന വിവിധ ശാസ്ത്രശാഖകളിൽവച്ച് നരവംശശാസ്ത്രം മനുഷ്യനെ ഏറെക്കുറേ സമ്പൂർണമായി പഠിക്കുന്നു' - **ഫ്ലൈഡ് ക്ലക്കോൺ**

താഴെക്കൊടുത്ത നിർവചനം കൂടി പരിശോധിക്കാം.

'മനുഷ്യൻ ഭൂമുഖത്ത് ആവിർഭവിച്ചതു മുതലുള്ള പെരുമാറ്റരീതികളെക്കുറിച്ചും ശാരീരികവും സാമൂഹികവും സാംസ്കാരികവുമായ വികാസത്തെക്കുറിച്ചുമുള്ള പഠനമാണ് നരവംശശാസ്ത്രം'.

- എം. ജേക്കബ്& ബി.ടി. സ്റ്റേൺ

നരവംശശാസ്ത്രം മറ്റു പാഠ്യവിഷയങ്ങളിൽനിന്നു പലതുകൊണ്ടും വ്യത്യസ്തമാണ്. താഴെ കൊടുത്തിരിക്കുന്ന പ്രത്യേകതകൾ പരിശോധിച്ചാൽ നരവംശശാസ്ത്രത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാം.

മുകളിൽ നൽകിയ നിർവചനങ്ങൾ പരിശോധിച്ച് നരവംശശാസ്ത്രം എങ്ങനെ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാകുന്നുവെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.





മനുഷ്യരുടെ സാമൂഹികജീവിതം പഠിക്കുന്നതുകൊണ്ട് നരവംശശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രമാവുമോ?



മനുഷ്യന്റെ ജീവശാസ്ത്രപരമായ പ്രത്യേകതകൾ പഠിക്കുന്നതുകൊണ്ട് നരവംശശാസ്ത്രം ജീവശാസ്ത്രമാണോ?

ജൈവ–സാമൂഹികസ്വഭാവം (Bio- Social Nature)

നരവംശശാസ്ത്രത്തിന് ഹെർസ്കോവിറ്റ്സ് നൽകിയ നിർവചനത്തിൽ മനുഷ്യനെ ഒരു ജീവിവർഗം എന്ന നിലയ്ക്കും അവന്റെ പ്രവർത്തനങ്ങളെ സംസ്കാരത്തിന്റെ ഭാഗം എന്ന നിലയ്ക്കുമാണ് പരിഗണിക്കുന്നത്. നരവംശശാസ്ത്രം ജീവശാസ്ത്രപരമായും സാമൂഹ്യശാസ്ത്രപരമായുമുള്ള പഠനത്തിന് തുല്യ പ്രാധാന്യമാണ് നൽകുന്നത്. മനുഷ്യ ഉൽപ്പത്തി, പരിണാമം, വ്യതിയാനങ്ങൾ എന്നീ ജീവശാസ്ത്രസംബന്ധിയായ കാര്യങ്ങളും സമൂഹം, സംസ്കാരം തുടങ്ങിയ സാമൂഹിക - സാംസ്കാരിക ഘടകങ്ങളും ഒരുപോലെ ഇതു പഠനവിധേയമാക്കുന്നു. ജീവശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ ഉപയോഗപ്പെടുത്തുന്നതുകൊണ്ട് നരവംശശാസ്ത്രത്തെ ജൈവ-സാമൂഹിക (Bio- Social) ശാസ്ത്രമായാണ് കണക്കാക്കുന്നത്. ശാസ്ത്രവിഷയങ്ങളിലെ ഏറ്റവും മാനവികവും മാനവികവിഷയങ്ങളിലെ ഏറ്റവും ശാസ്ത്രീയവുമായ വിഷയമാണ് നരവംശശാസ്ത്രം.

ജീവശാസ്ത്രം: *ജീവിവർഗങ്ങളുടെ ജനിതകവും ആന്തരികഘടനാപരവും ശരീരശാസ്ത്രസംബന്ധിയുമായ പഠനം.*

മനശ്ശാസ്ത്രം: *പ്രധാനമായും മനസ്സിന്റെയും പെരുമാറ്റരീതികളുടെയും പഠനം.*

സാമ്പത്തികശാസ്ത്രം: *ഉൽപ്പാദനം, വിതരണം, ഭൗതികവിഭവങ്ങളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച പഠനം.*

ചരിത്രം: *ഭൂതകാലസംഭവങ്ങളുടെ വിവരണം.*

രാഷ്ട്രതന്ത്രശാസ്ത്രം: *മനുഷ്യരുടെ രാഷ്ട്രീയജീവിതത്തെക്കുറിച്ചുള്ള പഠനം.*


താരതമ്യ – ഉദ്ഗ്രഥിത – സമഗ്രസ്വഭാവം (Comparative, Integrative and Holistic Nature)

കളത്തിൽ കൊടുത്തിരിക്കുന്ന വിവിധ പാഠ്യവിഷയങ്ങൾ ശ്രദ്ധിച്ചാൽ ഓരോന്നും മനുഷ്യന്റെ ഓരോ

പ്രത്യേക സ്വഭാവത്തെക്കുറിച്ച് പഠിക്കുന്നതാണെന്ന് മനസ്സിലാക്കാം. എന്നാൽ നരവംശശാസ്ത്രം മനുഷ്യ ജീവിതത്തെ അതിന്റെ സമഗ്രതയിലാണ് കാണുന്നത്. മനുഷ്യനുമായി ബന്ധപ്പെട്ട സമസ്ത കാര്യങ്ങളെയും (Holistic) അത് പഠനവിധേയമാക്കുന്നു.

പലപ്പോഴും ആളുകൾ കരുതുന്നതുപോലെ നരവംശ ശാസ്ത്രജ്ഞർ വ്യാവസായികേതര (Non -Industrial) - പാശ്ചാത്യേതര (Non- Western) സംസ്കാര ങ്ങളെയും ആശയങ്ങളെയും കുറിച്ചു മാത്രമാണ് പഠി ക്കുന്നതെന്നത് തെറ്റിദ്ധാരണയാണ്. മറിച്ച് , എല്ലാ സമൂഹങ്ങളെയും സംസ്കാരങ്ങളെയും- അത് പുരാ തനമോ ആധുനികമോ ലളിതസമൂഹങ്ങളോ സങ്കീർണസമൂഹങ്ങളോ ആകട്ടെ- താരതമ്യം ചെയ്തും (Comparative) ഉദ്ഗ്രഥിച്ചും (Integrative) പഠിക്കുന്ന ശാസ്ത്രശാഖയാണ് നരവംശശാസ്ത്രം. മനുഷ്യന്റെ ഭൂതം, ഭാവി, വർത്തമാനം എന്നീ അവ സ്ഥകളെയും ജീവശാസ്ത്രപരവും സാമൂഹികശാ സ്ത്രപരവും ഭാഷാപരവും സാംസ്കാരികവുമായ സമസ്ത മേഖലകളെയും കുറിച്ച് നരവംശശാസ്ത്രം പഠിക്കുന്നു.

ഇത്തരത്തിൽ സമഗ്രമായി മനുഷ്യരെ മനസ്സിലാക്കണ മെങ്കിൽ നിരന്തരമായി ഫീൽഡ് വർക്കിലൂന്നിയുള്ള വംശപഠനാന്വേഷണങ്ങൾ ആവശ്യമായി വരുന്നു. അതുകൊണ്ട് നരവംശശാസ്ത്രം ഒരു ഫീൽഡ്തല പഠനം കൂടിയാണ്.





പ്രസിദ്ധ നരവംശശാസ്ത്ര ഫീൽഡ് വർക്കർ മാർഗരറ്റ് മീഡിന്റെ ഡയറിക്കുറിപ്പുകളിൽനിന്ന്:

മാർച്ച് 8-നു സന്ധ്യക്ക് ഒഫുവിൽ നിന്ന് ഒരു ബോട്ട് വന്നു. പൊള്ളുന്ന വെയി ലെങ്കിലും യാത്ര ചെലവേറിയ തെങ്കിലും നരവംശശാസ്ത്ര ഗവേഷണ നേട്ടങ്ങൾ ലക്ഷ്യം വച്ച് മാത്രം ഞാൻ യാത്രപുറപ്പെട്ടു. ഒപ്പം ഒൻപതോളം പെൺകുട്ടികളും. അവരെല്ലാം കടൽച്ചൊരുക്കു പിടിപെട്ട് അവശരായി രുന്നു. ഞാൻ മടിയിലെ ബാഗിൽ തല താഴ്ത്തിക്കിടന്നു. തീച്ചൂളയിലാണ് ഇരി ക്കുന്നതെങ്കിലും തിരമാലയിളക്കം കാണാൻ ഭംഗിയുണ്ട്. സമോവക്കാർ മന്ത്രങ്ങൾ ജപിക്കുകയും ഒച്ചവയ്ക്കു കയും ചെയ്യുന്നുണ്ട്.


മലാഗ എന്നറിയപ്പെടുന്ന വിരുന്നു സംഘങ്ങളുടെ യാത്ര മനോഹരം. എന്റെ രണ്ട് സഹയാത്രികരാണ് എനി ക്കുവേണ്ടി സംസാരിക്കുന്ന പ്രമുഖർ. അവരെല്ലാം സംഭാഷണങ്ങൾ നടത്തു കയും സമ്മാനങ്ങൾ വാങ്ങിക്കുകയും കൊടുക്കുകയും ചെയ്യുന്നുണ്ട്. എന്റെ ഭക്ഷണം ഉണ്ടാക്കുന്നുണ്ട്. അവർ സന്തോഷിക്കുന്ന കൂട്ടുകാരായിരുന്നു. വസ്ത്രം കഴുകുമ്പോൾ ഒരാൾ ഏന്തി നൽകുന്നു, മറ്റൊരാൾ യുകുലേലെ (ukulele)യും പിടിച്ചിരിക്കുന്നു. എന്നാൽ ചില്ലറ ബുദ്ധിമുട്ടും നേരിടുന്നു ണ്ട്. ഒരിക്കൽ കൊതുകുവലയ്ക്ക് മുക ളിൽ, ഉള്ളിൽ കയറിയ 35 കൊതുകു കളെ എനിക്ക് കൊല്ലേണ്ടിവന്നിട്ടുണ്ട്. അവർക്കൊക്കെ തലേന്ന് അത്താഴം കുശാലായിരുന്നു.

(മീഡ് 1977: 55:57)

നരവംശശാസ്ത്രം: ഒരു ഫീൽഡ് ശാസ്ത്രം (Anthropology a Field Science)

ഒരു വിനോദസഞ്ചാരി ചുറ്റുപാടുകൾ കാണുന്നതുപോലെയല്ല നരവംശശാസ്ത്രഗവേഷകരുടെ നിരീക്ഷണം. വിനോദസഞ്ചാരിക്ക് കൃത്യമായ ഗവേഷണലക്ഷ്യങ്ങൾ ഉണ്ടാകണമെന്നില്ല. എന്നാൽ നരവംശശാസ്ത്രജ്ഞർ വിശ്വസനീയമായ ദത്തങ്ങൾ വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നു ശേഖരിക്കുന്നതിനാണ് ഒരു പ്രത്യേക പ്രദേശം സന്ദർശിക്കുന്നത്. അതുകൊണ്ടുതന്നെ നരവംശശാസ്ത്രഗവേഷണത്തിൽ ഫീൽഡ് വർക്കിന് പ്രഥമപരിഗണയാണുള്ളത്.

ഫീൽഡ് വർക്ക് നരവംശശാസ്ത്രപഠനങ്ങളുടെയും ഗവേഷണത്തിന്റെയും നട്ടെല്ലാണ്. പങ്കാളിത്ത നിരീക്ഷണമെന്ന രീതിശാസ്ത്രമാണ് നരവംശശാസ്ത്രഗവേഷകർ വിവരശേഖരണത്തിന് ഉപയോഗിക്കുന്നത്. ഭൗതികശാസ്ത്രജ്ഞർക്കും, ജീവശാസ്ത്രജ്ഞർക്കും പരീക്ഷണ നിരീക്ഷണങ്ങൾക്ക് ഒരു പരീക്ഷണശാല നിർബന്ധമാണ്. എന്നാൽ നരവംശശാസ്ത്രജ്ഞരുടെ പരീക്ഷണശാല ജനങ്ങളും അവരുടെ സംസ്കാരവും ചേർന്നു രൂപപ്പെടുന്ന ഫീൽഡാണ്. അതുകൊണ്ടാണ് നരവംശശാസ്ത്രം ഒരു ഫീൽഡ്ശാസ്ത്രം എന്ന നിലയ്ക്ക് അറിയപ്പെടുന്നതും ഫീൽഡ് വർക്ക് അതിന്റെ ഹൃദയവും ആത്മാവുമാകുന്നതും. അത്തരം ഇടങ്ങളിൽ ജനങ്ങളിൽ ഒരാളായി നരവംശശാസ്ത്രജ്ഞരുടെ ഭൗതികസാന്നിധ്യവും നിർബന്ധമാണ്. അവർ ജനങ്ങളോടൊപ്പം ജീവിക്കുന്നു. അവരുടെ പ്രാദേശികഭാഷാശൈലികൾ പഠിക്കുന്നു. കൂടാതെ ദൈനംദിനസംഭവങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തുന്നു. ചില സന്ദർഭങ്ങളിൽ ഇത്തരം കാര്യങ്ങൾക്കായി ഒന്നിലധികം തവണ ഒരു പ്രദേശം സന്ദർശിക്കേണ്ടതായി വരും. ചില സന്ദർഭങ്ങൾ അഥവാ സാഹചര്യങ്ങൾ (ഉദാഹരണം – വിവാഹം, ഉത്സവങ്ങൾ) സംഭവിക്കുന്ന അവസരത്തിനായി കാത്തിരിക്കേണ്ടതായും വരാം. അതായത് ജീവിതരീതികൾ ഒപ്പിയെടുത്ത് രേഖപ്പെടുത്തുന്നു. ഇതോടൊപ്പം ഗവേഷകന് അഭിമുഖം, കേസ് പഠനം, വംശാവലീ പഠനം മുതലായ ദത്തശേഖരണസങ്കേതങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.



പഠനപുരോഗതി വിലയിരുത്താം

എ) സൈക്കോ + ലോഗോസ് : സൈക്കോളജി
(മനസ്സ്) + (ശാസ്ത്രം) : മനസ്സിനെക്കുറിച്ചുള്ള പഠനം

ബി) ——————— + ——————— പഠനം : നരവംശശാസ്ത്രം (ആന്ത്രോപോളജി)
(.....) + (ശാസ്ത്രം) :

2. നരവംശശാസ്ത്രത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

സവിശേഷതകൾ	സ്വഭാവം
നരവംശശാസ്ത്രം മനുഷ്യന്റെ ഉൽപ്പത്തി, പരിണാമം, സ്വഭാവവ്യതിയാനം എന്നിവയെക്കുറിച്ചും സാമൂഹിക – സാംസ്കാരികമേഖലകളെക്കുറിച്ചും പഠിക്കുന്നു.	ശാസ്ത്രം
.....	സമഗ്രമായ പഠനം

ജനങ്ങളുമായി നേരിട്ടുള്ള ഇടപഴകലിലൂടെയും നിരീക്ഷണങ്ങളിലൂടെയും മറ്റു മാർഗങ്ങളിലൂടെയുമാണ് നരവംശശാസ്ത്രജ്ഞർ ദത്തശേഖരണം നടത്തുന്നത്.	..... ശാസ്ത്രം

3. പ്രത്യേകതകളും സ്വഭാവങ്ങളും പരിഗണിച്ചുകൊണ്ട് നരവംശശാസ്ത്രത്തിന് നിങ്ങളുടേതായ ഒരു നിർവചനം നൽകുക.

II. നരവംശശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ (Major Branches of Anthropology)

നരവംശശാസ്ത്രത്തിന്റെ അർഥവും പ്രകൃതവും നമ്മൾ പരിശോധിച്ചു കഴിഞ്ഞു. ഇതിൽ നിന്ന് നരവംശശാസ്ത്രം ഒരു സമഗ്രശാസ്ത്രമാണെന്ന് (Holistic) സ്പഷ്ടമാണ്. ഈ സമഗ്ര പ്രകൃതം മനസ്സിലാക്കുന്നതോടൊപ്പം നരവംശശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ അറിയുന്നതും പ്രാധാന്യമർഹിക്കുന്നു. മനുഷ്യന്റെ ജൈവപരമായ സവിശേഷതകളെക്കുറിച്ച് പരിശോധിക്കുന്ന നരവംശശാസ്ത്രശാഖയാണ് ജൈവനരവംശശാസ്ത്രം. മനുഷ്യജീവിതത്തിലെ സാമൂഹിക സാംസ്കാരിക പ്രത്യേകതകളാണ് സാമൂഹിക സാംസ്കാരികനരവംശശാസ്ത്രം പരിശോധിക്കുന്നത്. ചരിത്രാതീതകാലഘട്ടങ്ങളിലെ മനുഷ്യന്റെ സംസ്കാരത്തെക്കുറിച്ചുള്ള പഠനമാണ് പുരാവസ്തുനരവംശശാസ്ത്രം. മനുഷ്യന്റെ ആശയവിനിമയം, പ്രത്യേകതകൾ, ഭാഷ, പ്രതീകങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ഭാഷാനരവംശശാസ്ത്രം നിലകൊള്ളുന്നത്. അങ്ങനെ നരവംശശാസ്ത്രത്തിന്റെ വ്യാപ്തി താഴെക്കൊടുത്ത നാല് ശാഖകളിൽ അടങ്ങിയിരിക്കുന്നു.

1. ജൈവനരവംശശാസ്ത്രം (Biological Anthropology)
2. സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രം (Social Cultural Anthropology)
3. പുരാവസ്തുനരവംശശാസ്ത്രം (Archaeological Anthropology)
4. ഭാഷാനരവംശശാസ്ത്രം (Linguistic Anthropology)

1. ജൈവനരവംശശാസ്ത്രം (Biological Anthropology)

താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നിങ്ങൾക്ക് കഴിയുമോ?

- മനുഷ്യരുടെ തൊലിയുടെ നിറം വ്യത്യസ്തമായിരിക്കുന്നത് എന്തുകൊണ്ട്?
- എന്തുകൊണ്ടാണ് കുട്ടികൾക്ക് അവരുടെ മാതാപിതാക്കളുമായി സാമ്യമുണ്ടാകുന്നത്?
- മനുഷ്യരുടെ പരിണാമം എങ്ങനെയായിരുന്നു?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടുന്നതോടൊപ്പം നമ്മൾ മനുഷ്യപരിണാമം (Human Evolution), വ്യതിയാനം (Variation) എന്നിവയെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യന്റെ ശാരീരിക വ്യത്യാസങ്ങളെക്കുറിച്ചും അവരിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ ജൈവനരവംശശാസ്ത്രം അവസരം നൽകുന്നു. മനുഷ്യനെ ജീവിയായിട്ടാണ് ജൈവനരവംശശാസ്ത്രം കരുതുന്നത്. പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ ഇത് പഠിക്കുന്നത് മനുഷ്യന്റെ ജൈവപരവും ശാരീരികവുമായുള്ള പ്രത്യേകതകളെ കുറിച്ചാണ്. വ്യത്യസ്ത ഭൂമിശാസ്ത്ര - പാരിസ്ഥിതിക മേഖലകളിൽ ജീവിക്കുന്ന വിവിധ ജനവിഭാഗങ്ങളെങ്ങനെയാണ് പൊരുത്തപ്പെട്ടു ജീവിക്കുന്നത് എന്നും ഇത് പരിശോധിക്കുന്നു. മനുഷ്യന്റെ ഉദ്ഭവവും പരിണാമവും അവരുടെ വൈവിധ്യവും വിശകലനം ചെയ്യുന്നതിന് ജൈവനരവംശശാസ്ത്രം സഹായകമാണ്.

ജൈവനരവംശശാസ്ത്രത്തെ പോൾ ബ്രോക്ക ഇങ്ങനെ നിർവചിച്ചിരിക്കുന്നു: "മനുഷ്യനെ സമഗ്രമായും പ്രകൃതിയുടെ ഉപദാനമെന്ന നിലയിൽ ബന്ധപ്പെടുത്തിയും പഠിക്കുന്ന ശാസ്ത്രമാണ് ജൈവനരവംശശാസ്ത്രം"


മനുഷ്യപരിണാമത്തെക്കുറിച്ചറിയുന്നതിന് പ്രൈമേറ്റുകളെക്കുറിച്ച് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ജീവിച്ചിരിക്കുന്നതും വംശനാശം വന്നവയുമായ പ്രൈമേറ്റുകളെക്കുറിച്ചുള്ള പഠനമാണ് പ്രൈമറ്റോളജി. മനുഷ്യൻ, ആൾക്കുരങ്ങുകൾ, കുരങ്ങുകൾ, പ്രൊസിമിയനുകൾ എന്നിവ ഇതിലുൾപ്പെടുന്നു. പ്രൈമേറ്റുകളുടെ ഫോസിലുകൾ വിശകലനം ചെയ്താൽ മനുഷ്യന്റെ വിവിധ പരിണാമഘട്ടങ്ങൾ മനസ്സിലാക്കാം.

മനുഷ്യഫോസിൽ പഠനം അഥവാ ഫോസിൽ നരവംശശാസ്ത്രം (Human Paleantology or Paleo Anthropology)

വിവിധഘട്ടങ്ങളിലെ മനുഷ്യാസ്ഥികൂടങ്ങളെക്കുറിച്ചുള്ള പഠനമാണ് മനുഷ്യഫോസിൽ പഠനം. മനുഷ്യപരിണാമചരിത്രത്തെ പുനർനിർമിക്കാൻ ഇതുവഴി കഴിയുന്നു. ആധുനിക മനുഷ്യനെയും അവന്റെ പൂർവികരെയും കണ്ണിചേർക്കാനും അവ തമ്മിലുള്ള വ്യത്യാസങ്ങൾ വർഗീകരിക്കാനും ഇത് സഹായിക്കുന്നു.

മനുഷ്യജനിതകശാസ്ത്രം (Human Genetics)

പരിണാമം എങ്ങനെ സംഭവിക്കുന്നു എന്നു മനസ്സിലാക്കാൻ പാരമ്പര്യത്തെക്കുറിച്ചുള്ള അറിവ് പ്രധാനമാണ്. മനുഷ്യന്റെ പാരമ്പര്യപ്രേഷണത്തെക്കുറിച്ചും വ്യതിയാനത്തെക്കുറിച്ചും പഠിക്കുന്ന ശാസ്ത്രശാഖയാണ് മനുഷ്യജനിതകശാസ്ത്രം.



ചിത്രം. 1.4 ഫോറൻസിക് പരിശോധനയ്ക്കുപയോഗിക്കുന്ന ശരീരഭാഗങ്ങൾ

കുറ്റാന്വേഷണ നരവംശശാസ്ത്രം (Forensic Anthropology)

ജൈവനരവംശശാസ്ത്രജ്ഞർക്ക് വ്യക്തികൾ, കുറ്റവാളികൾ, പ്രകൃതിദുരന്തങ്ങളിൽ ഇരയാക്കപ്പെടുന്നവർ എന്നിവരെ തിരിച്ചറിയാൻ ശാരീരികവും ജനിതകവുമായ വ്യതിയാനങ്ങൾ സഹായിക്കുന്നു. നരവംശശാസ്ത്രത്തിന്റെ ഈ മേഖലയെ കുറ്റാന്വേഷണ നരവംശശാസ്ത്രം എന്നു വിളിക്കുന്നു. ഫോറൻസിക് നരവംശശാസ്ത്രത്തിലുള്ള അറിവ് കുറ്റവാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും നിയമനിർവഹണത്തിലും സഹായിക്കുന്നു. കൊല്ലപ്പെട്ടവരെയും കാണാതായവരെയും പ്രകൃതിദുരന്തങ്ങളിൽ പെടുന്നവരെയും തിരിച്ചറിയാൻ പോലീസുകാരും മറ്റ് അധികാരികളും ഫോറൻസിക് നരവംശശാസ്ത്രജ്ഞരുടെ സഹായം തേടുന്നു. ഡി.എൻ.എ, വേരോടുകൂടിയ തലമുടി, രക്തം, ശുക്ലം, ശരീരസ്രവങ്ങൾ, തൊലിയുടെ കോശങ്ങൾ, അസ്ഥിമജ്ജ, വിരലടയാളം, അസ്ഥികളുടെ അവശിഷ്ടങ്ങൾ തുടങ്ങിയവ വിശകലനം ചെയ്ത് ഫോറൻസിക് നരവംശശാസ്ത്രജ്ഞർ വ്യക്തികളെ തിരിച്ചറിയുന്നു. ചില പ്രത്യേക സങ്കേതങ്ങൾ ഉപയോഗിച്ച് അവർ വ്യക്തികളുടെ വയസ്സും ലിംഗവും ശാരീരികപ്രത്യേകതകളുമെല്ലാം തിരിച്ചറിയുന്നു.



"മനുഷ്യർ സംസ്കാരങ്ങൾ നിർമിക്കുന്നത് സഹജീവികളുമായി ചേർന്നുള്ള പരസ്പര പ്രവർത്തനങ്ങളിലൂടെയാണ്. അല്ലാതെ ഒറ്റപ്പെട്ടു നിന്നുകൊണ്ടല്ല."
(വോർഫ് 1982 P, IX)

2.സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം (Social Cultural Anthropology)

മനുഷ്യസമൂഹം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള പഠനശാഖയാണ് സാമൂഹ്യ - സാംസ്കാരിക നരവംശശാസ്ത്രം. സാമൂഹിക - സാംസ്കാരികസാമ്യങ്ങളും വ്യത്യാസങ്ങളും വിവരിക്കുകയും വിശകലനം ചെയ്യുകയും അപഗ്രഥിച്ച് വിശദീകരിക്കുകയുമാണ് ഈ ശാഖ ചെയ്യുന്നത്. കുടുംബം, വിവാഹം, ബന്ധുത്വം, മതം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം, നിയമം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളുമായുള്ള ബന്ധങ്ങളെക്കുറിച്ചുള്ള പഠനമാണ് സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രം. നരവംശശാസ്ത്രസങ്കേതങ്ങളുപയോഗിച്ച്, ഫീൽഡുകളിൽ നിന്നു നേരിട്ട് ലഭിക്കുന്ന ദത്തങ്ങൾ അടിസ്ഥാനമാക്കിയാണ് ഇങ്ങനെ പഠിക്കുന്നത്.

"സാമൂഹിക നരവംശശാസ്ത്രം സമൂഹത്തിന്റെ പ്രകൃത്യാലുള്ള ശാസ്ത്രമാണ്" എന്ന് റാഡ്ക്ലിഫ് ബ്രൗൺ നിർവചിക്കുന്നു. മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള അനുകൂലനത്തിന് സംസ്കാരം ഒരു സംവിധാനമാണെന്ന് തിരിച്ചറിയാൻ ശ്രമിക്കുകയാണ് സാമൂഹ്യ - സാംസ്കാരികനരവംശശാസ്ത്രം. അതത് കാലത്തു ജനങ്ങളിൽ പ്രതിഫലിക്കുന്ന സംസ്കാരത്തിന്റെ ഉദ്ഭവം, വികാസം, വൈവിധ്യങ്ങൾ, മാറ്റങ്ങൾ എന്നിവകൂടി ഇതിന്റെ പഠനവിഷയങ്ങളാണ്.

സംസ്കാരത്തെക്കുറിച്ച് പൂർണമായ ധാരണ ലഭിക്കുന്നതിനായി സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രത്തിന്റെ വിവിധ ഉപമേഖലകൾ പഠിക്കുന്നത് സഹായകമാണ്. അത്തരം ചില ശാഖകൾ താഴെ കൊടുത്തിരിക്കുന്നു.

എ. കുടുംബനരവംശശാസ്ത്രം (Familial Anthropology): വ്യത്യസ്ത സംസ്കാരങ്ങളിലെയും സമൂഹങ്ങളിലെയും കുടുംബങ്ങളുടെ താരതമ്യപഠനമാണിത്. കുടുംബത്തിന്റെ ഉദ്ഭവം, അതിന്റെ വിവിധ തരങ്ങൾ, ധർമങ്ങൾ എന്നിവ ഇതിൽ പഠിക്കുന്നു. വിവാഹം കുടുംബത്തിന്റെ അടിസ്ഥാനമായതുകൊണ്ട് വ്യത്യസ്ത സമൂഹങ്ങളിലെ വിവിധതരം വിവാഹങ്ങൾ, പങ്കാളികളെ തിരഞ്ഞെടുക്കുന്ന രീതികൾ, വിവാഹധന ഇടപാടുകൾ എന്നിവയെയും കുടുംബനരവംശശാസ്ത്രത്തിൽ പഠിക്കുന്നു.

ബി. സാമ്പത്തികനരവംശശാസ്ത്രം (Economic Anthropology) : സംസ്കാരത്തിലെ എല്ലാ ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികസംവിധാനത്തിൽ സാമ്പത്തികപ്രവർത്തനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. സാമ്പത്തികമേഖലയിലെ പെട്ടെന്നുള്ള മാറ്റം ചിലപ്പോൾ മറ്റു മേഖലകളിലെ ഘടനയെയും ധർമത്തെയുംകൂടി ബാധിക്കുന്നു. ഭക്ഷ്യശേഖരണം നടത്തുന്ന സാക്ഷരപൂർവസമൂഹങ്ങൾ മുതൽ ആധുനിക വ്യാവസായികസമൂഹങ്ങൾ വരെയുള്ള മനുഷ്യസമൂഹങ്ങളുടെ സാമ്പത്തികസംഘാടനമാണ് ഈ ശാഖയുടെ അന്വേഷണം.

സി. രാഷ്ട്രീയനരവംശശാസ്ത്രം (Political Anthropology) : സമൂഹത്തിന്റെ ഭരണനിർവഹണരീതിക്ക് ജനങ്ങളുടെ ജീവിതരീതി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കാണുള്ളത്. വിവിധതരത്തിലുള്ള ഭരണസംവിധാനങ്ങൾ രാഷ്ട്രം, രാഷ്ട്രേതര രാഷ്ട്രീയ സംഘാടനം, നിയന്ത്രണങ്ങൾ, മര്യാദകൾ, ആചാരങ്ങൾ, നിയമങ്ങൾ, ശിക്ഷകൾ, ബഹുമതികൾ എന്നിവയെക്കുറിച്ചു പഠിക്കുന്ന സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രശാഖ രാഷ്ട്രീയ നരവംശശാസ്ത്രം എന്ന് അറിയപ്പെടുന്നു.

ഡി. മതനരവംശശാസ്ത്രം (Anthropology of Religion) : പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും സമ്പ്രദായങ്ങളും ഒരു ജനതയുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ, ആചാരങ്ങൾ, ചടങ്ങുകൾ എന്നിവയെക്കുറിച്ചു പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് മതനരവംശശാസ്ത്രം.

ഇ. പാരിസ്ഥിതികനരവംശശാസ്ത്രം (Ecological Anthropology): മനുഷ്യൻ, പരിസ്ഥിതി, സംസ്കാരം എന്നിവ തമ്മിലുള്ള പരസ്പരബന്ധം സൂചിപ്പിക്കുന്ന പഠനമാണ് പരിസ്ഥിതിനര വംശശാസ്ത്രം. ജനങ്ങളുടെ സംസ്കാരം നിർണയിക്കുന്നതിൽ പരിസ്ഥിതി പ്രധാന പങ്കുവഹി ക്കുന്നു. സംസ്കാരം, പരിസ്ഥിതി എന്നിവയോട് തദ്ദേശീയരുടെ മനോഭാവവും സമീപനവും പരിസ്ഥിതിനരവംശശാസ്ത്രത്തിന്റെ പഠനമേഖലയാണ്.

എഫ്. വൈദ്യനരവംശശാസ്ത്രം (Medical Anthropology): ആരോഗ്യം, രോഗം എന്നിവയെ ശരീരശാസ്ത്രപരമായും സാംസ്കാരികമായും മനസ്സിലാക്കുന്ന ശാസ്ത്രശാഖയാണ് വൈദ്യ നരവംശശാസ്ത്രം. അതുകൊണ്ട് ആരോഗ്യം, രോഗം എന്നിവയുമായി പ്രാദേശികവിശ്വാസം, ചികിൽസ, പ്രതിരോധമാർഗങ്ങൾ എന്നിവയ്ക്കുള്ള ബന്ധമാണ് വൈദ്യനരവംശശാസ്ത്രത്തിൽ പഠിക്കുന്നത്.

ജി. വികസനനരവംശശാസ്ത്രം (Developmental Anthropology) : മനുഷ്യസമൂഹത്തിന്റെ മെച്ചപ്പെട്ട ജീവിതം ലക്ഷ്യംവച്ച് ക്ഷേമം, വികസനം, പുരോഗതി എന്നീ വിഷയങ്ങൾ സാംസ് കാരികപശ്ചാത്തലത്തിൽ പഠിക്കുന്ന സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രശാഖയാണ് വികസനനരവംശശാസ്ത്രം. ദാരിദ്ര്യം, അസമത്വം, മനുഷ്യക്ഷേമം, സാമൂഹികനീതി, മനുഷ്യപുരോഗതി, പരിസ്ഥിതിയുടെ നിലനിൽപ്പ് എന്നിവയ്ക്കാണ് ഈ മേഖലയിൽ ഊന്നൽ നൽകുന്നത്.

3. പുരാവസ്തുനരവംശശാസ്ത്രം (Archaeological Anthropology)

പഴയകാല സംസ്കാരത്തെയും അവയ്ക്ക് പരിസ്ഥിതിയുമായുള്ള ബന്ധത്തെയും കുറിച്ച് പ്രതി പാദിക്കുന്ന നരവംശശാസ്ത്രശാഖയാണ് പുരാവസ്തുനരവംശശാസ്ത്രം. മനുഷ്യസംസ്കാര ത്തിന്റെ ഉദ്ഭവം, വികാസം എന്നിവ പരിശോധിക്കുകയാണ് ഇത് ചെയ്യുന്നത്. പുരാവസ്തു ശാസ്ത്രം എന്ന വിശാലമായ മേഖലയിൽനിന്നാണ് ഇത് ഉരുത്തിരിഞ്ഞുവന്നത്. പുരാതനം എന്ന അർഥംവരുന്ന 'ആർക്കിയോസ്' (Archaios), പഠനം എന്ന അർഥമുള്ള 'ലോഗോസ്' (Logos) എന്നീ ഗ്രീക്ക് പദങ്ങളിൽനിന്നാണ് ആർക്കിയോളജി എന്ന പദം രൂപംകൊണ്ടത്. അതുകൊണ്ട് ഭൂതകാലത്തെ മനുഷ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനമാണ് പുരാവസ്തുശാസ്ത്രം. യു.എ സ്.എയിൽ ഇത് നരവംശശാസ്ത്രത്തിന്റെ ശാഖയായി കരുതുന്നു. എന്നാൽ യൂറോപ്പിൽ ഇത് ഒരു സ്വതന്ത്രവിഷയമാണ്. ചരിത്രാതീതകാലസംസ്കാരത്തിൽ എഴുത്തുവിദ്യ ഉപയോഗിച്ചിരു ന്നില്ല. മനുഷ്യചരിത്രത്തിന്റെ തൊണ്ണൂറ്റി ഒൻപതു ശതമാനവും ചരിത്രാതീതകാലമാണ്. ഇത് പുരാവസ്തുനരവംശശാസ്ത്രപഠനത്തിന്റെ അടിസ്ഥാനവുമാണ്.

സസ്യങ്ങളുടെയും ജന്തുക്കളുടെയും മനുഷ്യരുടെയും അവശിഷ്ടങ്ങൾ, അവർ ഉപേക്ഷിച്ച ഉപ കരണങ്ങൾ, മൺപാത്രങ്ങൾ, മറ്റു ഭൗതിക അവശിഷ്ടങ്ങൾ എന്നിവ പുരാവസ്തുശാസ്ത്രജ്ഞർ പരിശോധിക്കുന്നു. മനുഷ്യരുടെ അസ്ഥിപഞ്ജരാവശിഷ്ടങ്ങൾ, ഭൗതികശേഷിപ്പുകൾ എന്നിവയിൽനിന്ന് മനുഷ്യഭൂതകാലം പുനർനിർമിക്കുന്നതിന് പുരാവസ്തു നരവംശശാസ്ത്രം സഹായിക്കുന്നു. പഴയകാലത്തെ എഴുതപ്പെട്ട ശേഷിപ്പുകളാണ് ചരിത്രകാരർ ചരിത്രപു നർനിർമാണത്തിന് ആശ്രയിക്കുന്നത്. എന്നാൽ എഴുത്തുവിദ്യ കണ്ടുപിടിക്കുന്നതിനു മുമ്പുള്ള കാലത്തെ ചരിത്രാതീതകാലമെന്നു കരുതുന്നു. ഈ കാലഘട്ടത്തിലെ ഭൗതിക അവശിഷ്ട ങ്ങളിലും രേഖകളിലും പുരാവസ്തുനരവംശ ശാസ്ത്രജ്ഞർ അതീവ തൽപ്പരരാണ്. ഉദ്ഖ നനം വഴിയാണ് സംസ്കാര-ജൈവ അവശി ഷ്ടങ്ങൾ പുരാവസ്തു നരവംശശാസ്ത്രജ്ഞർ കണ്ടെത്തുന്നത്. അവയുടെ കാലപ്പഴക്കം

നരവംശശാസ്ത്രത്തിന്റെ ജൈവ-സാമൂഹിക പ്രകൃതം കാണിക്കുന്ന ചാർട്ട്/കൊളാഷ് തയാറാക്കുക.



നിർണയിക്കുന്നതിന് അവർ വിവിധ കേവല കാലഗണനാരീതികളും (Absolute Dating Methods) ആപേക്ഷികകാലഗണനാരീതികളും (Relative Dating Methods) സ്വീകരിക്കുന്നു.

4. ഭാഷാനരവംശശാസ്ത്രം (Linguistic Anthropology)

മനുഷ്യരുടെ ഏറ്റവും സവിശേഷമായ പ്രത്യേകതയാണ് സംസാരിക്കാനുള്ള കഴിവ്. പ്രതീകങ്ങളിലൂടെ ആശയവിനിമയം നടത്തുന്നത് മനുഷ്യൻ മാത്രമല്ല, മറ്റു ജന്തുക്കളും ശബ്ദവും ആംഗ്യവുമുപയോഗിച്ച് ആശയവിനിമയം നടത്തുന്നുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രത്യേകിച്ചും ആൾക്കുരങ്ങുകളുടെ ശബ്ദത്തിലൂടെയുള്ള ആശയവിനിമയം മനുഷ്യസംസാരവുമായി സാമ്യം പുലർത്തുന്നു. എന്നാൽ മനുഷ്യനുള്ള സങ്കീർണമായ ആശയവിനിമയരീതി മറ്റു ജന്തുക്കളിൽ കാണുന്നില്ല. മനുഷ്യഭാഷകളെ കുറിച്ച് പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് ഭാഷാനരവംശശാസ്ത്രം.

ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം കൈമാറ്റം ചെയ്യുന്നതിനും സംസ്കാരം സംരക്ഷിക്കുന്നതിനും ഭാഷ സഹായിക്കുന്നു. ഭാഷാനരവംശശാസ്ത്രജ്ഞർ ഒരു ഭാഷയെ അതിന്റെ പശ്ചാത്തലത്തിൽ പഠിക്കുമ്പോൾ തദ്ദേശീയർ സ്വയവും അവരുടെ ചുറ്റുപാടുകളെയും എങ്ങനെ ദർശിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. മനുഷ്യാവസ്ഥ മനസ്സിലാക്കുന്നതിൽ നിർണായകമായ സംഭാവന ഭാഷാനരവംശശാസ്ത്രജ്ഞർ നൽകിയിട്ടുണ്ട്. ഭാഷകൾ തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്താൻ ഭാഷാനരവംശശാസ്ത്രജ്ഞർ ശ്രമിക്കുന്നു. ഭാഷയുടെ ഉദ്ഭവം, പ്രകൃതം, അർഥം, ഭാഷാപുരോഗതി, സംസ്കാരവുമായി അതിനുള്ള ബന്ധം, സംസാരരീതികൾ, ആംഗ്യരീതി, വ്യത്യസ്ത സംസ്കാരങ്ങളിലെ ആശയവിനിമയരീതി, പെരുമാറ്റം എന്നിവ ഭാഷാ നരവംശശാസ്ത്രജ്ഞർ പഠിക്കുന്നു. ഭാഷാനരവംശശാസ്ത്രത്തിൽ ഭാഷാഘടനാശാസ്ത്രം, സമൂഹഭാഷാശാസ്ത്രം, ഭാഷാചരിത്രശാസ്ത്രം എന്നിവ ഉൾപ്പെടുന്നു.



അമേരിക്കയിലെ കറുത്തവംശജർ

ആഫ്രിക്കയിൽനിന്ന് അമേരിക്കയിലേക്ക് എത്തപ്പെട്ട കറുത്തവംശജർ പൂർണമായും പുതിയ ഭാഷ സ്വീകരിച്ചു. തങ്ങളുടെ മുൻഗാമികളിൽനിന്നു വ്യത്യസ്തമായി ഇന്ന് 16 ദശലക്ഷം കറുത്തവംശജർ ഇംഗ്ലീഷ് സംസാരിക്കുന്നുണ്ട്. ഇത് കാണിക്കുന്നത് ഭാഷ ഒരിക്കലും ഭൂപ്രകൃതിയുടെയോ കാലാവസ്ഥയുടെയോ ഉൽപ്പന്നമല്ല, അത് തികച്ചും സാമൂഹികമാണ് എന്നാണ്.

ഭാഷയിലെ സാമ്യവും വ്യത്യാസവും അടിസ്ഥാനമാക്കി 19-ാം നൂറ്റാണ്ടിൽ ഭാഷാശാസ്ത്രജ്ഞർ ഭാഷയെ ഭാഷാകുടുംബം, ഉപഭാഷാകുടുംബം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇന്നത്തെ ലിംഗ്വിസ്റ്റിക്സ് അക്കാലത്ത് ഫിലോളജി എന്നാണ് അറിയപ്പെട്ടിരുന്നത്.

ഘടനാത്മകഭാഷാശാസ്ത്രം	ഭാഷയുടെ വ്യാകരണരീതികൾ
സമൂഹഭാഷാശാസ്ത്രം പെരുമാറ്റം	സംസ്കാരത്തിലെ സാമൂഹിക
ചരിത്രാത്മകഭാഷാശാസ്ത്രം വർഗീകരണം	ഭാഷയുടെ ഉദ്ഭവം, താരതമ്യം,

III. നരവംശശാസ്ത്രത്തിന്റെ പ്രസക്തി (Relevance of Anthropology)

മുൻപ് സൂചിപ്പിച്ചപോലെ നരവംശശാസ്ത്രം മനുഷ്യജീവിതത്തിന്റെ സർവമേഖലകളെയും കുറിച്ച് പഠിക്കുന്നു. മാത്രമല്ല, നരവംശശാസ്ത്രത്തിലെ അറിവുകൾ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രയോഗിക്കാവുന്നതാണ്. അത് എല്ലാ കാലത്തെയും എല്ലാ പ്രദേശത്തെയും എല്ലാ വർഗങ്ങളിലുള്ളതുമായ മനുഷ്യരെ കുറിച്ച് പഠിക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ ഒറ്റപ്പെട്ടുനിൽക്കുന്നതും ലളിതവുമായ സമൂഹങ്ങളെക്കുറിച്ചാണ് നരവംശശാസ്ത്രജ്ഞർ കൂടുതലും പഠിക്കുന്നത്. അത്തരം സമൂഹങ്ങൾക്ക് പലരും അർഹിക്കുന്ന പരിഗണന നൽകാറില്ലല്ലോ. നരവംശശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ വിശദമായി പഠിക്കാം.



സ്വതന്ത്ര വിദ്യാഭ്യാസത്തിന്റെ ബൃഹത്തായ ആവശ്യങ്ങൾക്ക് നരവംശശാസ്ത്രം അനുയോജ്യമാണ്. മനുഷ്യന്റെ എല്ലാ അറിവുകളെയും വിഭജിക്കുന്നതിന് പകരം യോജിപ്പിക്കാനാണ് ഇത് ശ്രമിക്കുന്നത്. ഇത് വിദൂര മനുഷ്യ ചരിത്രത്തിന്റെ ധാരണകളെ ഇന്നത്തെ ജീവികളുമായി ബന്ധിപ്പിക്കാനായി പഠിപ്പിക്കാവുന്നതാണ്.

– മാർഗരറ്റ് മീഡ് – 1957

നരവംശശാസ്ത്രപഠനം വിദ്യാർഥികൾക്ക് സമഗ്ര സമീപനം സാധ്യമാക്കുന്നു. പ്രകൃതിശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും സഹായത്താൽ ആഗോളതലത്തിലുള്ളതും ദശലക്ഷക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതുമായ വസ്തുക്കളെ അത് പഠനവിധേയമാക്കുന്നു. അത്തരത്തിലുള്ള പഠനം വിദ്യാർഥികളുടെ ബുദ്ധിപരവും വ്യക്തിപരവും തൊഴിൽപരവുമായ വികാസം സാധ്യമാക്കുന്നു. അന്യസമൂഹങ്ങളെയും സംസ്കാരങ്ങളെയും പഠിക്കുന്നതിനാൽ വിദ്യാർഥികളിൽ സാമൂഹികവിമർശനചിന്താശേഷിയും വർധിപ്പിക്കുന്നു. ഒരേയൊരു മനുഷ്യകുടുംബത്തിന്റെ ഭാഗമായി നമ്മെത്തന്നെ കാണാൻ അത് സഹായിക്കുന്നു.

മനുഷ്യത്വത്തിന്റെ അടിസ്ഥാനമായ സാംസ്കാരികവും ജീവശാസ്ത്രപരവും പാരിസ്ഥിതികവും ചരിത്രപരവുമായ കാര്യങ്ങളെ മനസ്സിലാക്കുന്നതിൽ നരവംശശാസ്ത്രവിദ്യാർഥി കൂടുതൽ താൽപ്പര്യം കാണിക്കുന്നു. ഇത് സ്വസംസ്കാരകേന്ദ്രിത (Ethnocentrism) ഇല്ലാതാക്കുന്നതിനും മറ്റു ജീവിതരീതികളെ കൂടുതൽ സ്വീകാര്യമാക്കുന്നതിനും സഹായിക്കുന്നു. വിശ്വമാനവൻ എന്ന കാഴ്ചപ്പാടിലേക്ക് ഇത് നയിക്കുന്നു.

വിവിധ തൊഴിൽമേഖലകളിലെ വിജയത്തിനാവശ്യമായ ആശയവിനിമയം, പ്രശ്നപരിഹാരശേഷി, ഗവേഷണം, വിമർശനാത്മകചിന്ത എന്നിവയിൽ നരവംശശാസ്ത്രവിദ്യാർഥികൾ പരിശീലനം സിദ്ധിച്ചവരാണ്. തൊഴിൽമേഖലകളിലെ മാറിവരുന്ന പ്രവണതകളെ അതിജീവിക്കാൻ ഇത്തരം ശേഷികൾ സഹായിക്കുന്നു. നരവംശശാസ്ത്രം ലോകത്തെയും മറ്റു സംസ്കാരങ്ങളെയും കൂടു

തൽ അറിയാനും അടഞ്ഞ വ്യവസ്ഥകൾക്ക് അപ്പുറം ചിന്തിക്കാനും സഹായിക്കുന്നു. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വളരാനും അത് പ്രേരിപ്പിക്കുന്നു. നിരവധി സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ നമ്മെ പ്രാപ്തരാക്കുന്നതിനാൽ അനവധി തൊഴിൽ സാഹചര്യങ്ങളും നരവംശശാസ്ത്രപഠനം പ്രദാനം ചെയ്യുന്നു.

നരവംശശാസ്ത്രത്തിലെ തൊഴിൽസാധ്യതകൾ


(Career Opportunities in Anthropology)

ഒരാൾ എൻജിനീയറോ ഭരണാധികാരിയോ കവിയോ ആകുന്നതിനു മുൻപ് അയാളുടെ കാഴ്ചപ്പാടും സമീപനരീതിയും സമഗ്രമായിരിക്കണം (Holistic). അത്തരം വ്യക്തികൾക്കു മുന്നിൽ ഒരു വഴിയും അടഞ്ഞുകിടക്കുന്നതോ അന്യമോ അല്ല. ഇത്തരം ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ നരവംശശാസ്ത്രം വളരെയേറെ സഹായിക്കുന്നു. നമുക്കറിയുന്നതുപോലെ അത് എല്ലാ വിഷയങ്ങൾ ഉൾക്കൊള്ളുന്നതും സാംസ്കാരികാപേക്ഷികമായ (Cultural Relativistic) കാഴ്ചപ്പാടോടുകൂടിയുള്ളതുമാണ്. നരവംശശാസ്ത്രമേഖലയിൽ തുറന്നതും വിശാലവുമായ തൊഴിൽസാധ്യതയുണ്ട്.

- ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ(ASI)യിലും ട്രൈബൽ വെൽഫേർ സ്ഥാപനങ്ങളിലും പഠനവും ഗവേഷണവും.
- ഗവൺമെന്റ് - ഗവൺമെന്റിതരസ്ഥാപനങ്ങളിലും ലോകസംഘടനകളായ യുനെസ്കോ, യൂണിസെഫ്, ഡബ്ല്യൂ.എച്ച്.ഒ, ലോകബാങ്ക്, അന്താരാഷ്ട്ര തൊഴിൽസംഘടന തുടങ്ങിയ വയിലുള്ള കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ടുകൾ.

പ്രഫഷണൽ നരവംശശാസ്ത്രജ്ഞരുടെയും പണ്ഡിതരുടെയും ലോകത്തിലെ തന്നെ ഏറ്റവും വലിയ നരവംശശാസ്ത്രസംഘടനയാണ് ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ. ഇന്ത്യയിലെ വ്യത്യസ്തസമൂഹങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി പ്രവർത്തിക്കുന്ന ഗവൺമെന്റിതരസംഘടനകളിൽ (NGOs) ധാരാളം നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. പട്ടികജാതി - പട്ടികവർഗ കമ്മീഷണർ ഓഫീസുകൾ, ഇന്ത്യ ഗവൺമെന്റിന്റെയും സംസ്ഥാനഗവൺമെന്റുകളുടെയും സാമൂഹ്യക്ഷേമവകുപ്പുകൾ, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ ഓഫീസ്, സംസ്ഥാനങ്ങളിലെ ഗസറ്റിയർ ഡിവിഷനുകൾ, ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദി ആർട്സ്, പട്ടികവർഗമന്ത്രാലയം എന്നിവയിൽ നരവംശശാസ്ത്രജ്ഞരെ നിയമിച്ചുവരുന്നുണ്ട്. രാജ്യത്തെ പ്രധാന മ്യൂസിയങ്ങളിൽ നരവംശശാസ്ത്രജ്ഞർ ജോലിചെയ്യുന്നു. ഭോപ്പാലിലെ ഇന്ദിരാഗാന്ധി രാഷ്ട്രീയ മാനവ് സംഗ്രഹാലയിൽ (IGRMS) നരവംശശാസ്ത്രവിദ്യാർഥികൾക്ക് തൊഴിലവസരങ്ങളുണ്ട്. ഇത് അന്താരാഷ്ട്രതലത്തിൽ നാഷണൽ മ്യൂസിയം ഓഫ് മാൻകൈൻഡ് എന്നറിയപ്പെടുന്നു. ഡൽഹിയിലെ നാഷണൽ മ്യൂസിയം, കൊൽക്കത്തയിലെ ഇന്ത്യൻ മ്യൂസിയം എന്നിവിടങ്ങളിൽ നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. ചെന്നൈയിലെ ഗവൺമെന്റ് മ്യൂസിയം, മുംബൈയിലെ പ്രിൻസ് ഓഫ് വെയിൽസ് മ്യൂസിയം, അഹമ്മദാബാദിലെ ഗുജറാത്ത് വിദ്യാപീഠ് മ്യൂസിയം എന്നിവയിലും നരവംശശാസ്ത്രജ്ഞരെ നിയമിക്കുന്നുണ്ട്. ഹരിദ്വാറിനടുത്തുള്ള ഗുരുകുൽ കാംഗ്രി വിശ്വവിദ്യാലയ മ്യൂസിയത്തിൽ നരവംശശാസ്ത്രവിഭാഗമുണ്ട്. വിവിധതരത്തിലുള്ള ക്രിമിനൽ കുറ്റങ്ങൾ തെളിയിക്കുന്നതിനായി സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനിൽ ഫോറൻസിക് ആന്ത്രോപോളജിസ്റ്റുകളെ നിയമിക്കുന്നു.

ഇന്ത്യൻ സയൻസ് കോൺഗ്രസ് അസോസിയേഷൻ, ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി, കൗൺസിൽ ഓഫ് സയൻസ് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങളുടെ ഭാഗമായും നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊൽക്കത്തയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലും നരവംശശാസ്ത്രജ്ഞർക്ക് അവസരങ്ങളുണ്ട്. കോഴിക്കോട്ടു പ്രവർത്തിക്കുന്ന കേരള പട്ടികജാതി - പട്ടികവർഗ ഗവേഷണ പരിശീലന വികസന പഠനകേന്ദ്രം (കിർത്താഡ്സ്), തൃശൂർ ആസ്ഥാനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നീ സ്ഥാപനങ്ങളും വിവിധങ്ങളായ പദവികളിൽ നരവംശശാസ്ത്രജ്ഞർക്ക് ധാരാളം അവസരങ്ങൾ നൽകുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇരുപതിലധികം സ്ഥാപനങ്ങളുള്ള ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ചിൽ ധാരാളം നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നുണ്ട്.



"തൊഴിൽ എന്നതിനെക്കാളുപരി നരവംശശാസ്ത്രം ഒരു ജീവിതരീതിയാണ്. ഞാൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ഞാനൊരു നരവംശശാസ്ത്രജ്ഞനാണ്"- ഷോർലോട്ടി നീലി, നരവംശശാസ്ത്ര പ്രഫസർ

സൗകര്യങ്ങളുടെ പോരായ്മയും വളർച്ചനിരക്കിലെ കുറവുമുണ്ടെങ്കിലും പരിശീലനം ലഭിച്ച നരവംശശാസ്ത്രജ്ഞരുടെ എണ്ണത്തിൽ അമേരിക്കൻ ഐക്യനാടുകൾക്കു ശേഷം ഇന്ത്യ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. അക്കാദമികതലത്തിലും പ്രായോഗികതലത്തിലും സമകാലീന പ്രശ്നപരിഹാരങ്ങൾക്കായി ഇവർ പ്രവർത്തിക്കുന്നു. അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ നയരൂപീകരണമേഖലകളിലും നരവംശശാസ്ത്രജ്ഞരുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. സമകാലീനസമൂഹത്തിൽ നരവംശശാസ്ത്രജ്ഞർ താൽപ്പര്യത്തോടെ ഇടപെടുന്ന മേഖലകളാണ് പാരിസ്ഥിതികമാറ്റങ്ങൾ, പാരിസ്ഥിതിക സുസ്ഥിരത, ആഗോളതാപനം, ഭൂജലവിഭവം, ജൈവവൈവിധ്യം, ആരോഗ്യവും പോഷകാഹാരവും, പകർച്ചവ്യാധികൾ, ആരോഗ്യസുരക്ഷാനയങ്ങൾ, വിഭവശോഷണവും ഭക്ഷ്യക്ഷാമവും, ആധുനികവൈദ്യശാസ്ത്രം, ഇതര ചികിത്സാസമ്പ്രദായങ്ങൾ, ആഗോളവൽക്കരണം, ആഗോള സാമ്പത്തികരംഗം, കുടിയേറ്റം, പരമാധികാരം, സുസ്ഥിരവികസനം തുടങ്ങിയവ.

ഇന്ത്യയിൽ നാൽപ്പതിലധികം സർവകലാശാലകളിൽ നരവംശശാസ്ത്രവിഭാഗങ്ങൾ പ്രവർത്തിക്കുന്നു. കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ഹയർ സെക്കന്ററി തലത്തിലും നരവംശശാസ്ത്രം പാഠ്യവിഷയമായുണ്ട്.



നരവംശശാസ്ത്രത്തിലെ തൊഴിൽസാധ്യതകൾ കാണിക്കുന്ന ചാർട്ട്/കുറിപ്പ്/ലഘുലേഖ തയാറാക്കുക.



നരവംശശാസ്ത്രത്തിലെ അറിവുകളും കാഴ്ചപ്പാടുകളും നമ്മൾ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കണം.

പ്രയുക്തനരവംശശാസ്ത്രം (Applied Anthropology)

പ്രയുക്തനരവംശശാസ്ത്രം എന്ന വാക്ക് 1875-ൽത്തന്നെ ഡി.ജി. ബ്രിൺടൻ തന്റെ പ്രസംഗങ്ങളിൽ ഉപയോഗിച്ചിരുന്നു. എന്നാൽ അത് വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങുന്നത് 1920 കളിലും 1930കളിലുമാണ്. ലളിതമായ അർഥത്തിൽ നരവംശശാസ്ത്രത്തിലെ അറിവുകളും കണ്ടുപിടിത്തങ്ങളും പ്രായോഗികമായി ഉപയോഗിക്കുന്നതിനെയാണ് പ്രയുക്തനരവംശശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ ഫലപ്രദമായ ഭരണരീതിക്കുവേണ്ടി അത്തരം പഠനങ്ങളുടെ പ്രാധാന്യം 1807 ഓടുകൂടി ബോധ്യപ്പെട്ടിട്ടുണ്ട്. രാജ്യത്തിന്റെ ഭാവിഭരണസംവിധാനത്തിനായി അത്തരം അറിവുകൾ വളരെ പ്രയോജനം ചെയ്യുമെന്ന് ബ്രിട്ടിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തന്നെ തീരുമാനിച്ചിട്ടുണ്ടായിരുന്നു (റോയ് 1921). ഇതുപ്രകാരം ഫ്രാൻസിസ് ബുക്കാനനെ വംശീയപര്യവേക്ഷണം നടത്താനായി നിയോഗിച്ചു.

നരവംശശാസ്ത്രത്തിലെ അറിവുകൾ, ദത്തങ്ങൾ, കാഴ്ചപ്പാടുകൾ, സിദ്ധാന്തങ്ങൾ, രീതികൾ എന്നിവയെ സമകാലീനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും പ്രയോഗിക്കുന്നതാണ് പ്രയുക്തനരവംശശാസ്ത്രം എന്നതുകൊണ്ട് അർഥമാക്കുന്നത്.

മനുഷ്യരുടെ സമകാലീനപ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും നരവംശശാസ്ത്രപരമായ കാഴ്ചപ്പാടുകൾ പ്രയോഗിക്കുന്നതാണ് പ്രയുക്തനരവംശശാസ്ത്രം. വനനശീകരണം അത്തരത്തിലുള്ള ഒരു പ്രശ്നമാണ്.

നരവംശശാസ്ത്രത്തിലെ നാല് ഉപശാഖകളുടെ പ്രയോഗസാധ്യതകൾ പരിശോധിക്കാം.

ജൈവനരവംശശാസ്ത്രത്തിലെ അറിവുകളെ നാം വസ്ത്രങ്ങൾ, പാദരക്ഷകൾ, ഫർണിച്ചറുകൾ, യന്ത്രസാമഗ്രികൾ, കൃത്രിമ അവയവങ്ങൾ തുടങ്ങിയവ രൂപകൽപ്പന ചെയ്യുന്നതിന് ഉപയോഗിക്കുന്നു. ആന്ത്രോപോമെട്രിയിലെ അറിവുകൾ ഇതിന് സഹായകമാണ്. ഓസ്റ്റിയോളജി (അസ്ഥിപഠനം), സിറോളജി (രക്തഗണപഠനം), ജനറ്റിക്സ് (ജനിതകശാസ്ത്രം), എന്നിവയിലെ അറിവുകൾ വൈദ്യചികിത്സാരംഗത്ത് ഉപയോഗിക്കുന്നുണ്ട്. രോഗഗവേഷണം, ഭക്ഷണക്രമവും പോഷകാഹാരവും, ആരോഗ്യാസൂത്രണം, പുനർനിർമാണശസ്ത്രക്രിയ, ജനിതകകൗൺസലിങ്

എന്നീ മേഖലകളിലും അത്തരം അറിവുകൾ പ്രയോഗിക്കുന്നു. ജൈവനരവംശശാസ്ത്രത്തിന്റെ ഭാഗമായ ഫോറൻസിക് ടെസ്റ്റുകൾ കുറ്റകൃത്യങ്ങളും കുറ്റവാളികളെയും കണ്ടെത്തുന്നതിന് വ്യാപകമായി ഉപയോഗിക്കുന്നു.

സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രജ്ഞരാകട്ടെ, മനുഷ്യരുടെ സാമൂഹികപ്രശ്നവുമായി ബന്ധപ്പെട്ട മേഖലകളിൽ പഠനം നടത്തുന്നു. തൊഴിൽതർക്കങ്ങൾ, ന്യൂനപക്ഷപ്രശ്നങ്ങൾ, സാമൂഹികവികസനപദ്ധതികൾ, സാമ്പത്തികവികസനപദ്ധതികൾ തുടങ്ങിയ മേഖലകളിലും അവർ സംഭാവനകൾ നൽകുന്നു. മനുഷ്യരുടെ സാമൂഹികബന്ധങ്ങളുടെ ചികിത്സാ ശാസ്ത്രമായി അത് മാറുന്നു. സാംസ്കാരികമൂല്യങ്ങൾ മനസ്സിലാക്കുന്നതിന് പുറമേ മനുഷ്യരുടെ മാനസികാവസ്ഥ മനസ്സിലാക്കുന്നതിനും സാന്ദർഭികമായ പ്രശ്നപരിഹാരങ്ങൾ നിർദേശിക്കാനും നരവംശശാസ്ത്രജ്ഞർക്കു കഴിയും. നരവംശശാസ്ത്രജ്ഞർ സ്വന്തം കഴിവുപയോഗിച്ച് സാമൂഹികവ്യവസ്ഥ സന്തുലിതമായി നിലനിർത്താൻ സഹായിക്കുന്നു. തദ്ദേശീയ ജനവിഭാഗങ്ങളുടെ ഭരണവുമായി ബന്ധപ്പെട്ട് നരവംശശാസ്ത്രത്തിലെ അറിവുകളുടെ പ്രയോഗമായിരുന്നു ആദ്യ ഘട്ടങ്ങളിൽ സാംസ്കാരികനരവംശശാസ്ത്രജ്ഞരുടെ പ്രവർത്തനങ്ങൾ. കുറ്റകൃത്യങ്ങളിൽ പാരമ്പര്യ ഘടകങ്ങളുടെ പങ്ക്, വർഗങ്ങളുടെ പ്രാധാന്യം, മനുഷ്യസമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് തുടങ്ങിയ മേഖലകളിൽ ഉപകാരപ്രദമായ പഠനങ്ങൾ നടത്താൻ നരവംശശാസ്ത്രജ്ഞർക്കു കഴിഞ്ഞിട്ടുണ്ട്.

പ്രയോഗനരവംശശാസ്ത്രത്തിലെ പ്രധാന മേഖലകൾ

- വിദ്യാഭ്യാസം/ആരോഗ്യം/ സംസ്കാരം
- കുടുംബാസൂത്രണപദ്ധതികൾ
- സാമൂഹിക വികസനപദ്ധതികൾ
- കുറ്റങ്ങളുടെയും കുറ്റവാളികളുടെയും പ്രശ്നങ്ങൾ
- തൊഴിൽപ്രശ്നങ്ങൾ
- വ്യവസായികവും നാഗരികവുമായ പ്രശ്നങ്ങൾ
- സാംസ്കാരികസമ്പർക്കം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

പുരാവസ്തുനരവംശശാസ്ത്രജ്ഞർ ഉദ്ഖനനത്തിലൂടെ കണ്ടെത്തിയ പുരാവസ്തുക്കൾ മനുഷ്യസംസ്കാരത്തിന്റെ പുനർനിർമിതികളെന്ന നിലയിൽ മ്യൂസിയം വഴി പൊതുജനങ്ങളിലേക്ക് എത്തിക്കാനും അവയെ കുറിച്ച് അറിവുനൽകാനും സാഹായിക്കുന്നു. ആദിമസംസ്കാരങ്ങളെ കുറിച്ച് അറിവു നൽകുന്നതിന് ഇത് വളരെയേറെ സഹായിക്കുന്നു.


ഭാഷാനരവംശശാസ്ത്രജ്ഞർ അന്യഭാഷകളെയും വിദേശഭാഷകളെയും സംബന്ധിച്ച നിരവധി പഠനങ്ങൾ നടത്തുന്നുണ്ട്. ചിലർ അന്യംനിന്നുപോകുന്ന ഭാഷകളെ രേഖപ്പെടുത്തുന്ന ജോലികളിൽ സർക്കാർ ഏജൻസികളുമായി ചേർന്നു പ്രവർത്തിക്കുന്നു.

പ്രവർത്തനനരവംശശാസ്ത്രം (Action Anthropology)

അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ സോൾ ടാക്സ് (Sol Tax) ആണ് ആദ്യമായി ആക്ഷൻ ആന്ത്രോപോളജി എന്ന ആശയം ഉപയോഗിച്ചത്. നരവംശശാസ്ത്രജ്ഞർ സാമൂഹിക പ്രശ്നങ്ങളിൽ നേരിട്ട് മുഴുകുകയും പ്രശ്നപരിഹാരത്തിന് അവസാനം വരെ പരിശ്രമിക്കുയും ചെയ്യുന്നുവെന്നതാണ് ആക്ഷൻ ആന്ത്രോപോളജിയുടെ സവിശേഷത. ഒരു പ്രശ്നത്തെ സ്വന്തം പ്രശ്നമായി കണ്ട് അവർ പരിഹരിക്കുന്നു. അത് പരിഹരിക്കുന്നതുവരെ അതിന് ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് ഒരുതരം പരീക്ഷണരീതിയാണിത്. കേവലം കാഴ്ചക്കാരായി നിൽക്കാതെ പ്രശ്നപരിഹരണത്തിനുള്ള ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്നു. ഇത്തരം പ്രശ്നപരിഹാരങ്ങൾക്കിടയിൽ ഗവേഷണപഠനങ്ങൾ നടക്കുകയും അത് സിദ്ധാന്ത രൂപീകരണത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

പഠനപുരോഗതി വിലയിരുത്താം

1. താഴെ കൊടുത്ത ചാർട്ട് പൂർത്തിയാക്കുക.



2. നരവംശശാസ്ത്രത്തിന്റെ സമഗ്ര പ്രകൃതത്തെക്കുറിച്ച് സെമിനാർ പേപ്പർ തയാറാക്കുക.

3. നരവംശശാസ്ത്രത്തിന്റെ അറിവുകൾ പ്രയോഗപ്പെടുത്താനുള്ള പ്രധാന മേഖലകൾ പരിശോധിക്കുക.

മനുഷ്യജീവിതത്തിന്റെ സമസ്തമേഖലയിലും നരവംശശാസ്ത്രജ്ഞരുടെ ഇടപെടലുകൾ സംഭവിക്കുന്നുണ്ടെന്ന് മേൽസൂചിപ്പിച്ച മേഖലകൾ വ്യക്തമാക്കുന്നുണ്ടല്ലോ. മനുഷ്യർ ഏർപ്പെടുന്ന ഇതരവിഷയങ്ങളുമായും നരവംശശാസ്ത്രം ബന്ധപ്പെട്ടിരിക്കുന്നു.

IV. നരവംശശാസ്ത്രവും മറ്റു വിഷയങ്ങളുമായുള്ള ബന്ധം

(Relationship between Anthropology and Other Disciplines)

നരവംശശാസ്ത്രത്തെ സാമൂഹ്യശാസ്ത്രത്തിലാണോ ജൈവശാസ്ത്രത്തിലാണോ ഉൾപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് നരവംശശാസ്ത്രജ്ഞർക്കിടയിൽ തന്നെ ഭിന്നാഭിപ്രായമുണ്ട്. തുടക്കത്തിൽ പരിണാമവാദത്തിന്റെ സ്വാധീനത്താൽ ഇത് ഒരു ജീവശാസ്ത്രമാണെന്നു കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ മനുഷ്യന്റെ സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നതിനാൽ ഈ വിഷയം ഒരു സോഷ്യൽസയൻസ് (സാമൂഹ്യശാസ്ത്രം) ആയി പരിഗണിക്കപ്പെടുന്നു. 'സംസ്കാരം' മനുഷ്യന്റെ ശാരീരിക-മാനസികാവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള ഉപാധിയായതിനാൽ നരവംശശാസ്ത്രത്തിന്റെ സ്ഥാനം പ്രകൃതിശാസ്ത്രത്തിനും സാമൂഹ്യശാസ്ത്രത്തിനും മധ്യേയാണ് എന്നാണ് ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞനായ മലിനോവ്സ്കിയുടെ അഭിപ്രായം.

നരവംശശാസ്ത്രവും ജീവശാസ്ത്രങ്ങളും (Anthropology and Biological sciences)

മനുഷ്യനെക്കുറിച്ചുള്ള ശാസ്ത്രമാണ് നരവംശശാസ്ത്രം. എന്നാൽ ജീവശാസ്ത്രം മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളെയും കുറിച്ചുള്ള പഠനമാണ്. രണ്ടു വിഷയങ്ങളിലും മനുഷ്യന്റെ ഉദ്ഭവം, പരിണാമം, പാരമ്പര്യം, വ്യതിയാനം, ശാരീരികഘടന, പ്രവർത്തനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുന്നുണ്ട്. ചാൾസ് ഡാർവിനാണ് രണ്ടു വിഷയങ്ങളുടെയും പിതാവായി അറിയപ്പെടുന്നത്. എന്നാൽ ഈ രണ്ടു വിഷയങ്ങളും പല മേഖലകളിലും വ്യത്യസ്തമാണ്. നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹികശാസ്ത്രമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ജീവശാസ്ത്രം മനുഷ്യന്റെ ശാരീരികമായ പ്രത്യേകതകൾ പഠനവിധേയമാക്കുമ്പോൾ നരവംശശാസ്ത്രം മനുഷ്യന്റെ ശാരീരികവും സാമൂഹികവും സാംസ്കാരികവുമായ പ്രത്യേകതകളെക്കുറിച്ചു പഠിക്കുന്നു. ജീവശാസ്ത്രം പരീക്ഷണങ്ങൾക്കു പ്രാധാന്യം നൽകുമ്പോൾ നരവംശശാസ്ത്രം ഫീൽഡ്പഠനത്തിനാണ് പ്രാധാന്യം നൽകുന്നത്.

നരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന പഠനമേഖല മനുഷ്യന്റെ വൈവിധ്യമാണ്. ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അറിവ് പരിണാമത്തെക്കുറിച്ചും വികാസത്തെക്കുറിച്ചും മനസ്സിലാക്കാൻ ആവശ്യമാണ്. ജൈവനരവംശശാസ്ത്രത്തിന്റെ അഞ്ചു പ്രത്യേക പഠനമേഖലകൾ ജൈവവ്യതിയാനത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു.

- പാലിയോ നരവംശശാസ്ത്രം
- മനുഷ്യജനിതകശാസ്ത്രം
- മനുഷ്യന്റെ വളർച്ചയും വികാസവും
- മനുഷ്യന്റെ ശാരീരികമായ അനുകൂലനം
- കുരങ്ങുകൾ, ആൾക്കുരങ്ങുകൾ, മനുഷ്യപൂർവികർ എന്നിവയുടെ പരിണാമം, പെരുമാറ്റം, സാമൂഹികജീവിതം.

ഈ മേഖലകളിലുള്ള നരവംശശാസ്ത്രത്തിന്റെ പഠനതാൽപ്പര്യം ഇതിനെ മറ്റു ശാസ്ത്രശാഖകളായ ജന്തുശാസ്ത്രം, ഭൗമശാസ്ത്രം, ആന്തരികഘടനാശാസ്ത്രം (അനാട്ടമി), ശരീരധർമശാസ്ത്രം (ഫിസിയോളജി), വൈദ്യശാസ്ത്രം എന്നിവയുമായി ബന്ധപ്പെടുത്തുന്നു. ഉദാഹരണമായി, മനുഷ്യപൂർവികരെ വേർതിരിച്ചറിയുന്നതിന് ഓരോ ഘട്ടത്തിലും തലയോട്, എല്ല്, പല്ല് എന്നിവയിലുള്ള മാറ്റങ്ങൾ തിരിച്ചറിയാനും എല്ലുകളെക്കുറിച്ചുള്ള പഠനം (ഓസ്റ്റിയോളജി)

പാലിയോനരവംശശാസ്ത്രത്തെ സഹായിക്കുന്നു. ഇത് ഫോസിലുകളെക്കുറിച്ചു പഠനം നടത്തുന്നു. പുരാതനമനുഷ്യരുടെ ഉപയോഗിച്ച ഉപകരണങ്ങൾ വിശകലനം ചെയ്ത് അവരുടെ ശീലങ്ങൾ, ആചാരങ്ങൾ, ജീവിതരീതി, പരിണാമം എന്നിവ പഠിക്കാൻ പുരാവസ്തുനരവംശ ശാസ്ത്രം സഹായകമാണ്.

ജൈവനരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന ഭാഗമായ മനുഷ്യജനിതകശാസ്ത്രം ജൈവവൈവിധ്യത്തിന്റെ കാരണങ്ങളും അവ തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്ന രീതികളും വിശദീകരിക്കുന്നു. പാരമ്പര്യത്തോടൊപ്പം പരിസ്ഥിതിയും വ്യക്തിയുടെ ശാരീരിക പ്രത്യേകതകൾ നിർണയിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഉദാഹരണമായി, പാരമ്പര്യമായി ഉയരം കൂടിയ പ്രകൃതമുള്ളവരാണെങ്കിലും കുട്ടിക്കാലത്ത് വേണ്ടത്ര പോഷകാഹാരങ്ങൾ ലഭിച്ചില്ലെങ്കിൽ അത് അവരുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചേക്കാം. മനുഷ്യശരീരത്തിന്റെ വളർച്ചയിലും വികാസത്തിലും ജനിതക പ്രത്യേകതകളോടൊപ്പം പ്രകൃതിക്കുള്ള സ്വാധീനം കൂടി വിശകലനം ചെയ്യപ്പെടേണ്ടതാണ്.

നരവംശശാസ്ത്രവും ജന്തുശാസ്ത്രവും തമ്മിലുള്ള പരസ്പരബന്ധം തെളിയിക്കുന്ന മറ്റൊരു മേഖലയാണ് പ്രൈമേറ്റുകളെക്കുറിച്ച് പഠിക്കുന്ന ശാഖ. കുരങ്ങുകളും ആൾക്കുരങ്ങുകളും മനുഷ്യരും ഉൾപ്പെടെയുള്ള ജീവിവർഗങ്ങളെക്കുറിച്ചുള്ള പഠനമാണ് പ്രൈമറ്റോളജി. പ്രൈമേറ്റുകളുടെ പരിണാമം, പെരുമാറ്റം, ശരീരശാസ്ത്രം എന്നിവയെക്കുറിച്ചുള്ള പഠനമാണിത്. ഇതു മനുഷ്യപൂർവികർ ഉൾപ്പെടെയുള്ള ആദ്യകാല പ്രൈമേറ്റുകളുടെ പെരുമാറ്റരീതികളും സ്വഭാവവും പഠിക്കാൻ സഹായിക്കുന്നു. മനുഷ്യസംസ്കാരപരിണാമവും മനുഷ്യരുടെ ജൈവപരിണാമവും മനസ്സിലാക്കാൻ പാലിയോനരവംശശാസ്ത്രജ്ഞരെ പ്രൈമറ്റോളജി ഏറെ സാഹായിക്കുന്നുണ്ട്. നരവംശശാസ്ത്രത്തിന്റെ മറ്റൊരു ഉപശാഖയായി ചർച്ചചെയ്യപ്പെടുന്ന നാട്ടുവൈദ്യ (ഫോക് മെഡിസിൻ) ത്തെക്കുറിച്ചും വിവിധ തദ്ദേശീയസംസ്കാരങ്ങളുടെ ആരോഗ്യ - ചികിൽസാസമ്പ്രദായങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്ന മറ്റൊരു ജീവശാസ്ത്രശാഖയാണ് വംശീയ സസ്യശാസ്ത്രം (എത്നോബോട്ടണി).

നരവംശശാസ്ത്രവും സാമൂഹ്യശാസ്ത്രങ്ങളും (Anthropology and Social Sciences)

പല സാമൂഹ്യശാസ്ത്രങ്ങളും മനുഷ്യന്റെ വ്യത്യസ്ത വ്യവഹാരമേഖലകളെക്കുറിച്ച് വൈവിധ്യമാർന്ന രീതിയിൽ പഠനം നടത്തുന്നു. നരവംശശാസ്ത്രം എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തുമുള്ള മനുഷ്യരുടെ വ്യവഹാരരീതികൾ പഠിക്കുന്നുണ്ട്. നരവംശശാസ്ത്രത്തിൽ ഒരു വസ്തുതയെ ചരിത്രപരമായി താരതമ്യം ചെയ്ത്, വിഷയാന്തരസമീപനത്തിലൂടെ വിശകലനം ചെയ്യുന്നു. അതുകൊണ്ട് ചരിത്രം, സാമൂഹ്യശാസ്ത്രം, മനശ്ശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സാമ്പത്തികശാസ്ത്രം തുടങ്ങിയ സാമൂഹ്യശാസ്ത്ര വിഷയങ്ങളിലെ അറിവുകൾ നരവംശശാസ്ത്രം പ്രയോജനപ്പെടുത്തുന്നു.

നരവംശശാസ്ത്രവും ചരിത്രവും (Anthropology and History)

ഭൂതകാലസാമൂഹികജീവിതത്തിന്റെ പഠനമാണ് ചരിത്രം. എഴുതപ്പെട്ട രേഖകളുടെ സഹായത്തോടെയുള്ള, മനുഷ്യന്റെ ജീവിതരീതിയെക്കുറിച്ചുള്ള പഠനവുമാണ് ചരിത്രം. വ്യത്യസ്ത സമൂഹങ്ങളിൽ മനുഷ്യർ എങ്ങനെ ജീവിച്ചിരുന്നു എന്നും അവരുടെ സംസ്കാരം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും ഇതിൽ പരിശോധിക്കുന്നു. നരവംശശാസ്ത്രവും മനുഷ്യ ജീവിതരീതിയെക്കുറിച്ചു പഠിക്കുന്നു. ഇതിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ മനുഷ്യർ എങ്ങനെ ജീവിച്ചിരു

ന്നു, ഓരോ കാലഘട്ടത്തിലും ജീവിതരീതിയിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്. സാമൂഹികസ്ഥാപനങ്ങളായ കുടുംബം, വിവാഹം, രാഷ്ട്രീയവ്യവസ്ഥ എന്നിവയ്ക്ക് എങ്ങനെ മനുഷ്യർ രൂപം നൽകി തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുന്നു. അതിനാൽ നരവംശശാസ്ത്രവും ചരിത്രവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ സ്വതന്ത്രമായ വിഷയങ്ങൾ എന്ന നിലയ്ക്ക് ചരിത്രവും നരവംശശാസ്ത്രവും പല മേഖലകളിലും വ്യത്യസ്തത പുലർത്തുന്നു. നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹ്യശാസ്ത്രമാണ്. ചരിത്രം ഒരു സമൂഹശാസ്ത്രവും. ചരിത്രം ഭൂതകാലത്തെക്കുറിച്ചാണ് പഠിക്കുന്നത്. എന്നാൽ നരവംശശാസ്ത്രം എല്ലാ കാലഘട്ടത്തിലുമുള്ള മനുഷ്യനെക്കുറിച്ചു പഠിക്കുന്നു. അതുപോലെ ചരിത്രം എല്ലാ സംഭവങ്ങളുടെയും കാര്യകാരണബന്ധങ്ങൾ വിലയിരുത്തുമ്പോൾ നരവംശശാസ്ത്രം അതിന്റെ സാമൂഹിക-സാംസ്കാരികവശങ്ങൾ വിശകലനം ചെയ്യുന്നു. അതിലെല്ലാമുപരി ചരിത്രം ദ്വിതീയദത്തങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ നരവംശശാസ്ത്രം പങ്കാളിത്ത നിരീക്ഷണത്തിലൂടെ ശേഖരിക്കുന്ന പ്രാഥമികദത്തങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

നരവംശശാസ്ത്രവും സമൂഹശാസ്ത്രവും (Anthropology and Sociology)

മനുഷ്യസമൂഹത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹശാസ്ത്രം. സാമൂഹികചുറ്റുപാടിൽ മനുഷ്യരുടെ പെരുമാറ്റത്തെക്കുറിച്ചു പഠിക്കുന്ന സമൂഹശാസ്ത്രമാണ് നരവംശശാസ്ത്രം. അതിനാൽ സമൂഹശാസ്ത്രത്തിന്റെയും സമൂഹനരവംശശാസ്ത്രത്തിന്റെയും പഠനമേഖലകൾ ഏറെക്കുറേ സമാനമാണ്. ഉദാഹരണമായി, ഒരു സോഷ്യോളജിസ്റ്റ് ആയ ദുർഖൈമിന്റെ കാഴ്ചപ്പാടുകൾ നരവംശശാസ്ത്രജ്ഞരായ മലിനോവ്സ്കിയെയും റാഡ്ക്ലിഫ് ബ്രൗണിനെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഹോബൽ പറയുന്നത് 'സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും അവയുടെ വിശാലമായ കാഴ്ചപ്പാടിൽ ഒന്നുതന്നെയാണ്' എന്നാണ്. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ എ.എൽ. ക്രോബർ പറയുന്നത് സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും ഇരട്ടസഹോദരിമാരാണ് എന്നാണ്. ബ്രിട്ടനിൽ സമൂഹനരവംശശാസ്ത്രം സമൂഹശാസ്ത്രത്തിന്റെ ഒരു ശാഖയായിട്ടാണ് കണക്കാക്കിയിരുന്നത്.

എന്നാൽ സമൂഹശാസ്ത്രത്തിനും നരവംശശാസ്ത്രത്തിനും അവയുടെ പഠനരീതി, സമീപനം, കാഴ്ചപ്പാട് എന്നീ മേഖലകളിൽ സാമ്പ്രദായികമായി പല വ്യത്യാസങ്ങളുമുണ്ട്. നരവംശശാസ്ത്രം ദീർഘകാലം നീണ്ടുനിൽക്കുന്ന ഫീൽഡ്പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നത്. എന്നാൽ സമൂഹശാസ്ത്രം പ്രധാനമായും ദ്വിതീയ (സെക്കന്ററി) ദത്തങ്ങളെയാണ് പഠനത്തിനായി ആശ്രയിക്കുന്നത്. നരവംശശാസ്ത്രം ഗുണപരമായ (Qualitative) പഠനങ്ങൾക്കു പ്രാധാന്യം നൽകുമ്പോൾ സമൂഹശാസ്ത്രം ഗണപരമായ (Quantitative) പഠനത്തിനാണ് ഊന്നൽ നൽകുന്നത്. മനുഷ്യന്റെ ജൈവ-സാമൂഹികമേഖലകളെ കുറിച്ചുള്ള ഒരു സമഗ്രപഠനമാണ് നരവംശശാസ്ത്രം. എന്നാൽ സമൂഹശാസ്ത്രം മനുഷ്യന്റെ സാമൂഹികമേഖലകളെക്കുറിച്ചു മാത്രമേ പരിശോധിക്കുന്നുള്ളൂ. ആധുനികകാലഘട്ടത്തിൽ സമൂഹശാസ്ത്രം സമൂഹനരവംശശാസ്ത്രത്തിന്റെ പല രീതികളും ഉൾക്കൊണ്ടിട്ടുണ്ട്.

നരവംശശാസ്ത്രവും മനശ്ശാസ്ത്രവും (Anthropology and Psychology)

സമൂഹനരവംശശാസ്ത്രവും മനശ്ശാസ്ത്രവും മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ചു പഠിക്കുന്നു. മനശ്ശാസ്ത്രം വ്യക്തികളുടെ പെരുമാറ്റരീതികളെക്കുറിച്ച് പഠിക്കുമ്പോൾ നരവംശശാസ്ത്രം വ്യക്തികൾ ഉൾപ്പെടുന്ന സമൂഹത്തെയും സംസ്കാരത്തെയും കുറിച്ചാണ് പഠിക്കുന്നത്. മനോനരവംശശാസ്ത്രം എന്ന ഒരു ഉപശാഖതന്നെ നരവംശശാസ്ത്രത്തിനുണ്ട്. മനുഷ്യന്റെ സംസ്കാരവും പെരുമാറ്റവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണിത് വിലയിരുത്തുന്നത്. മനശ്ശാസ്ത്രം വ്യക്തികളുടെ പെരുമാറ്റത്തെയാണ് കേന്ദ്രീകരിക്കുന്നത്. ഇതിൽ ചില പ്രത്യേക ചോദനകളോട്

ആളുകൾ എങ്ങനെയാണ് പ്രതികരിക്കുന്നത് എന്നു വിലയിരുത്തുന്നു. സാമൂഹികാന്തരീക്ഷത്തിൽ വ്യക്തികളുടെ പെരുമാറ്റത്തെക്കുറിച്ചാണ് സമൂഹമനശ്ശാസ്ത്രജ്ഞർ പഠിക്കുന്നത്.
ഏറെ സമാനതകളുണ്ടെങ്കിലും നരവംശശാസ്ത്രവും മനശ്ശാസ്ത്രവും തമ്മിൽ പല വ്യത്യാസങ്ങളും നിലനിൽക്കുന്നു. മനശ്ശാസ്ത്രം വ്യക്തികളുടെ പെരുമാറ്റത്തിൽ കേന്ദ്രീകരിക്കുമ്പോൾ നരവംശശാസ്ത്രം സംഘങ്ങളുടെ പെരുമാറ്റത്തെക്കുറിച്ചാണ് പറയുന്നത്. സമൂഹത്തിലെ ആളുകൾക്കിടയിലുള്ള പരസ്പരബന്ധത്തെക്കുറിച്ചും ഇതിൽ വിശകലനം ചെയ്യുന്നു. മനശ്ശാസ്ത്രജ്ഞർ ക്ലിനിക്കൽ പരീക്ഷണങ്ങൾക്കു പ്രാധാന്യം നൽകുമ്പോൾ നരവംശശാസ്ത്രജ്ഞർ കൂടുതലായും ഫീൽഡ് പഠനങ്ങളെ ആശ്രയിക്കുന്നു. വ്യക്തികളുടെ ചിന്തകൾക്കും വികാരങ്ങൾക്കും പ്രചോദനങ്ങൾക്കുമാണ് മനശ്ശാസ്ത്രജ്ഞർ ശ്രദ്ധ കൊടുക്കുന്നതെങ്കിൽ നരവംശശാസ്ത്രം സാമൂഹികസംഘാടനത്തെക്കുറിച്ചു വിശകലനം ചെയ്യുന്നതിനാണ് വ്യക്തിബന്ധങ്ങളെക്കുറിച്ചു പഠിക്കുന്നത്.

നരവംശശാസ്ത്രവും രാഷ്ട്രതന്ത്രശാസ്ത്രവും

(Anthropology and Political Science)

നരവംശശാസ്ത്രവും രാഷ്ട്രതന്ത്രശാസ്ത്രവും മനുഷ്യന്റെ സാമൂഹികജീവിതത്തെക്കുറിച്ചാണ് വിലയിരുത്തുന്നത്. ഒരു രാഷ്ട്രത്തിന്റെ സംഘാടനത്തെക്കുറിച്ചും പ്രവൃത്തികളെക്കുറിച്ചുമുള്ള അറിവുകൾ രാഷ്ട്രതന്ത്രശാസ്ത്രം നരവംശശാസ്ത്രത്തിനു നൽകുമ്പോൾ നരവംശശാസ്ത്രം രാഷ്ട്രേതരസമൂഹങ്ങളിൽ നിന്നു രാഷ്ട്രത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള അറിവ് രാഷ്ട്രതന്ത്രശാസ്ത്രത്തിനു നൽകുന്നു.
നരവംശശാസ്ത്രം രാഷ്ട്ര - രാഷ്ട്രേതരസമൂഹങ്ങളുടെ രാഷ്ട്രീയസംഘാടനം പഠിക്കുമ്പോൾ രാഷ്ട്രതന്ത്രശാസ്ത്രം രാഷ്ട്രങ്ങളിലെ സ്ഥാപനവൽക്കരിക്കപ്പെട്ട വിവിധതരം ഭരണസംവിധാനങ്ങളെക്കുറിച്ചാണ് പഠിക്കുന്നത്. അതിനേക്കാളുപരി രാഷ്ട്രതന്ത്രശാസ്ത്രം രാഷ്ട്രങ്ങളുടെ ഭരണസംവിധാനങ്ങളെക്കുറിച്ച് മാത്രം പഠിക്കുമ്പോൾ നരവംശശാസ്ത്രം രാഷ്ട്രീയ സംഘാടനം മുഖേനയുള്ള മനുഷ്യന്റെ സമസ്ത സാമൂഹികസ്ഥാപനങ്ങളെയും സമഗ്രമായി പഠനവിധേയമാക്കുന്നു.

നരവംശശാസ്ത്രവും സാമ്പത്തികശാസ്ത്രവും (Anthropology and Economics)



നരവംശശാസ്ത്രം എല്ലാ സാമൂഹ്യശാസ്ത്രങ്ങളുമായും ജീവശാസ്ത്രങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

നരവംശശാസ്ത്രവും സാമ്പത്തികശാസ്ത്രവും തമ്മിൽ അടുത്ത ബന്ധമാണുള്ളത്. മനുഷ്യരുടെ സാമ്പത്തികവ്യവഹാരത്തെക്കുറിച്ച് രണ്ടു വിഷയങ്ങളും പഠിക്കുന്നുണ്ട്. സാമ്പത്തികവ്യവസ്ഥയിലുള്ള ഏതൊരു മാറ്റവും സമൂഹത്തിലും സംസ്കാരത്തിലും പ്രതിഫലിക്കപ്പെടും. അതുകൊണ്ടുതന്നെ സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് സാമ്പത്തികവ്യവസ്ഥയെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. എന്നാൽ സാമ്പത്തികശാസ്ത്രം മനുഷ്യരുടെ സാമ്പത്തികവ്യവഹാരത്തെക്കുറിച്ചു മാത്രം പഠിക്കുമ്പോൾ നരവംശശാസ്ത്രം സാമ്പത്തികവ്യവഹാരത്തോടൊപ്പം മനുഷ്യരുടെ സാമൂഹിക-സാംസ്കാരികജീവിതത്തിന്റെ സമസ്തമേഖലകളെയും കുറിച്ച് സമഗ്രമായി പഠിക്കുന്നു എന്നതാണ് പ്രത്യേകത. അതുപോലെത്തന്നെ സാമ്പത്തികശാസ്ത്രം ആധുനികസമൂഹത്തിന്റെ സങ്കീർണമായ സാമ്പത്തികജീവിതം പ്രതിപാദിക്കുമ്പോൾ നരവംശശാസ്ത്രം ലളിതസമൂഹങ്ങളിലെ സാമ്പത്തികവ്യവസ്ഥയും ആധുനിക സങ്കീർണസമൂഹങ്ങളിലേക്കുള്ള അതിന്റെ പരിണാമവും പഠനവിഷയമാക്കുന്നു.

നരവംശശാസ്ത്രത്തിന് മറ്റു ജൈവ-സാമൂഹ്യശാസ്ത്രങ്ങളു മായുള്ള സമാനതകളും വ്യത്യാസങ്ങളും കണ്ടെത്തി ചാർട്ട് തയാറാക്കുക.



പഠനപുരോഗതി വിലയിരുത്താം

1. ജോടി കണ്ടെത്തുക.
   എ. മനശ്ശാസ്ത്രം : മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ചുള്ള പഠനം
   മനോനരവംശശാസ്ത്രം : .....
   ബി. ചരിത്രം: സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം: .....
2. നരവംശശാസ്ത്രവും മറ്റു ജൈവ സാമൂഹ്യശാസ്ത്രങ്ങളുമായുള്ള വ്യത്യാസങ്ങൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക.
4. നരവംശശാസ്ത്രത്തെ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാക്കി നിർത്തുന്ന പ്രത്യേകതകൾ പരിശോധിക്കുക.

V. നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും


(Origin and Development of Anthropology)

ലോകത്തു നിലവിലുള്ള പഠനമേഖലകളിൽ നരവംശശാസ്ത്രം സവിശേഷമായ ഒരു സ്ഥാനം വഹിക്കുന്നു. ഇന്ന് ലോകത്തിലെ പ്രശസ്തമായ മിക്കവാറും സർവകലാശാലകളിൽ ഈ വിഷയത്തിനു പഠനവകുപ്പുകളുണ്ട്. മാത്രമല്ല, ഭരണത്തിന്റെ വിവിധമേഖലകളിൽ നരവംശശാസ്ത്രജ്ഞർ നിയോഗിക്കപ്പെട്ടുവരുന്നു. ഗവേഷണത്തിനു പ്രാധാന്യം നൽകുന്ന ഒരു പഠനശാഖ എന്ന നിലയിൽ ദീർഘകാലം കൊണ്ടാണ് നരവംശശാസ്ത്രം ഈ നിലയിൽ വികസിച്ചുവന്നത്. പ്രപഞ്ചപ്രതിഭാസങ്ങൾ മനസ്സിലാക്കാൻ മനുഷ്യർ ജന്മനാ തൽപ്പരരായിരുന്നെങ്കിലും മനുഷ്യജീവിതത്തിന്റെ ക്രമാനുഗതമായ വിശകലനം വളരെക്കാലം കഴിഞ്ഞാണ് ആരംഭിച്ചത്. മനുഷ്യനെക്കുറിച്ചുള്ള സമഗ്രപഠനമെന്ന നിലയിൽ എങ്ങനെയാണ് നരവംശശാസ്ത്രം ലോകത്ത് പൊതുവെയും ഇന്ത്യയിൽ പ്രത്യേകിച്ചും രൂപപ്പെട്ടത് എന്ന് നമുക്കിനി പരിശോധിക്കാം.

മനുഷ്യ ജിജ്ഞാസയും നരവംശശാസ്ത്രപര്യവേക്ഷണവും
(Human Curiosity and Anthropological Excavations)

മനുഷ്യരുടെ നിലനിൽപ്പിനെ സംബന്ധിച്ച അന്വേഷണവും മനുഷ്യജീവിതത്തിന്റെ രഹസ്യങ്ങളെക്കുറിച്ചുള്ള ജിജ്ഞാസയും മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുള്ളവയാണ്. എന്നാൽ മനുഷ്യസമൂഹത്തിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യാനുള്ള ചിട്ടയായ പരിശ്രമം

പാശ്ചാത്യലോകത്ത് ഗ്രീക്ക് ചിന്തകരുടെ കാലം മുതലും പുരാതന ഇന്ത്യയിൽ വേദകാലം മുതലും കാണാവുന്നതാണ്. സാർവത്രികമായ മനുഷ്യസ്വഭാവസവിശേഷതയായ ജിജ്ഞാസയെ അടിസ്ഥാനമാക്കിയതാണ് നരവംശശാസ്ത്രചിന്ത എന്നതിനാൽ ഒരർഥത്തിൽ നമ്മളെല്ലാം നരവംശശാസ്ത്രപ്രവർത്തനം നടത്തുന്നവരാണ്. കാരണം, നാം നമ്മളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ജീവിച്ചിരിക്കുന്നവരെക്കുറിച്ചും മരണപ്പെട്ടവരെക്കുറിച്ചും സമീപവാസികളെക്കുറിച്ചും ഭൂഗോളത്തിന്റെ മറ്റു ദേശങ്ങളിൽ താമസിക്കുന്നവരെക്കുറിച്ചുമെല്ലാം അറിയാൻ താൽപ്പര്യപ്പെടുന്നവരാണ്. എന്നാൽ, ഒറ്റപ്പെട്ടു ജീവിക്കുന്ന ജനവിഭാഗങ്ങളുടെ ഭരണപരമായ ആവശ്യങ്ങൾക്കും മതപരിവർത്തനം ലക്ഷ്യം വച്ചും മറ്റു സവിശേഷമായ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലും കാലക്രമത്തിൽ അന്യസംസ്കാരങ്ങളെക്കുറിച്ചുള്ള അന്വേഷണം ആരംഭിച്ചത് ഈ അന്വേഷണത്വരയുടെ മറ്റൊരു തലമായിരുന്നു. ഇത്തരം അന്വേഷണങ്ങളാണ് നരവംശശാസ്ത്രപഠനത്തിന്റെ അടിസ്ഥാനം. വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ നരവംശശാസ്ത്രം എന്ന പഠനമേഖല എങ്ങനെ രൂപപ്പെട്ടു എന്ന് നമുക്കു പരിശോധിക്കാം.


A HUNDRED YEARS
OF
ANTHROPOLOGY

by

T. K. PENNIMAN, M.A. (Oxon)

DUCKWORTH
3 Henrietta Street, London, W.C.2

ചിത്രം.1.5 *'എ ഹൻഡ്രഡ് ഇയേർസ് ഓഫ് ആന്ത്രോപോളജി'* എന്ന പുസ്തകത്തിന്റെ പുറംചട്ട.

ലോക നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും

(Origin and Development of World Anthropology)

നരവംശശാസ്ത്രത്തിന്റെ അർഥം, വിവിധ പഠനമേഖലകൾ തുടങ്ങിയവ ഇതിനകം പരിചയപ്പെട്ടുകഴിഞ്ഞു. വിപുലവും വ്യത്യസ്തവുമായ വ്യാപ്തി തന്നെയാണ് നരവംശശാസ്ത്രത്തിന്റെ തനതായ ഒരു സവിശേഷത. എന്നാൽ നരവംശശാസ്ത്രത്തിന് അതിന്റെ വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ ഇത്രയും വിപുലമായ വ്യാപ്തിയുണ്ടായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇതിന്റെ ഉദ്ഭവവും പരിണാമവും നൂറ്റാണ്ടുകളിലൂടെയാണ് സംഭവിച്ചത്. മനുഷ്യജീവിതത്തെക്കുറിച്ച് മനസ്സിലാക്കാനുള്ള ഏതൊരു ശ്രമവും നരവംശശാസ്ത്രാന്വേഷണത്തിന്റെ തുടക്കമായി കരുതാവുന്നതാണ്. ഇന്ത്യയിലും ലോകത്തിലും നരവംശശാസ്ത്രം വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ എങ്ങനെ വളർന്നു എന്ന് ഇനി ചർച്ചചെയ്യാം.

ലോകത്തു നരവംശശാസ്ത്രത്തിന്റെ വികാസം വിലയിരുത്താൻ വ്യത്യസ്തങ്ങളായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ **ടി.കെ. പെന്നിമാന്റെ** സംഭാവന പരമപ്രധാനമാണ്. നരവംശശാസ്ത്രത്തിന്റെ വളർച്ചാഘട്ടങ്ങളെ അദ്ദേഹത്തിന്റെ 'നരവംശശാസ്ത്രത്തിന്റെ നൂറുവർഷം' (A Hundred years of Anthropology) 1935 എന്ന ഗ്രന്ഥത്തിൽ നാലായി തരംതിരിക്കുന്നു.

1. രൂപീകരണകാലഘട്ടം (Formulatory period) 1835 നു മുമ്പ്

നരവംശശാസ്ത്രചരിത്രത്തിലെ ആദ്യത്തെതും ദീർഘവുമായ കാലഘട്ടമാണിത്. ഗ്രീക്ക് ചരിത്രകാരർ, തത്ത്വചിന്തകർ, പ്രകൃതിപഠനക്കാർ തുടങ്ങിയവർ പ്രതിനിധാനം ചെയ്യുന്ന ഈ കാലഘട്ടത്തിലെ പ്രധാന ചിന്തകനായിരുന്ന **ഹെറഡോട്ടസിനെ** (484–425 ബി.സി) പെന്നിമാൻ ആദ്യത്തെ നരവംശശാസ്ത്രജ്ഞനായി കണക്കാക്കുന്നു. ഹെറഡോട്ടസ് തന്നെയാണ് ഗ്രീക്കു സാംസ്കാരികപഠനത്തിന്റെ പിതാവും. അദ്ദേഹം ലോകത്താകമാനം സഞ്ചരിക്കുകയും തനിക്ക് പരിചിതമല്ലാത്ത ജനവർഗങ്ങൾ, അവരുടെ ആചാരങ്ങൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തുകയും ചെയ്തു. പിതാവാണോ മാതാവാണോ കുടുംബത്തിന്റെ സ്വാഭാവികനേതാവ്?

മനുഷ്യവൈവിധ്യത്തിന്റെ വികാസത്തിനും വ്യാപനത്തിനും എത്രമാത്രം സമയം ആവശ്യമാണ്? ഇത്തരം ചോദ്യങ്ങളുയർത്തിയ അദ്ദേഹം സംസ്കാരത്തിന്റെ പല ഘട്ടങ്ങളിലുള്ള ജനങ്ങളെക്കുറിച്ച് ധാരാളം വസ്തുതകൾ ശേഖരിച്ചു. അതുകൂടാതെ സംസ്കാരത്തിന്റെ ഉദ്ഭവത്തെക്കുറിച്ചും സംസാരഭാഷയെക്കുറിച്ചും ഭൗതികസംസ്കാരം, വിവാഹം, വിവാഹമോചനം, സാമൂഹികനിയമങ്ങൾ, ആചാരങ്ങൾ എന്നിവയെപ്പറ്റിയുമെല്ലാം അദ്ദേഹം വിശകലനം നടത്തി.

മനുഷ്യനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അറിവ് രൂപപ്പെടുത്തിയ മറ്റൊരു ഗ്രീക്ക് ചിന്തകനാണ് **പ്രൊട്ടഗോറസ്** (480–410 ബി.സി).'മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ' എന്ന ദ്ദേഹം അഭിപ്രായപ്പെട്ടു. ആദ്യമായി ആപേക്ഷികതാസിദ്ധാന്തം മുന്നോട്ടുവച്ച ഇദ്ദേഹം, എങ്ങനെയാണ് വ്യത്യസ്ത സാമൂഹികഘടകങ്ങൾ നിലവിൽവന്നത് എന്ന് വിശദീകരിക്കുന്ന പരിണാമമാതൃക (Evolutionary scheme) പരിചയപ്പെടുത്തുകയും ചെയ്തു.

ഈ കാലഘട്ടത്തിലെ മറ്റൊരു ഗ്രീക്ക് ചിന്തകനാണു **സോക്രട്ടീസ്** (470–399 ബി.സി). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാ സമൂഹങ്ങളും മുന്നോട്ടു നയിക്കപ്പെടുന്നത് ചില സാർവത്രികമൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്. മറ്റൊരു ഗ്രീക്ക് ചിന്തകനായ **പ്ലാറ്റോ** (428–348 ബി.സി) രാഷ്ട്രം, വിവാഹം, വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആശയങ്ങൾ മുന്നോട്ടുവച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാമൂഹികനിയന്ത്രണത്തിനു പുറത്തുള്ളവർ മൃഗങ്ങളാണ്. മാത്രമല്ല, സമൂഹമാണ് വ്യക്തിയെ സാമൂഹികജീവിയായി രൂപപ്പെടുത്തുന്നത്. അദ്ദേഹത്തെ പ്പോലെ രാഷ്ട്രം, മനുഷ്യൻ എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട കാഴ്ചപ്പാട് അവതരിപ്പിച്ച **അരിസ്റ്റോട്ടിൽ** (384–322 ബി.സി)ജീവികളുടെ ധർമപരവും ഘടനാപരവുമായ വ്യത്യാസങ്ങൾ കൃത്യമായി മനസ്സിലാക്കിയിരുന്നു. വവ്വാലുകളെ പക്ഷികളായി കണക്കാക്കാതെയും തിമിംഗലത്തെ മത്സ്യമായി കണക്കാക്കാതെയും സസ്തനിവർഗത്തിൽ ഉൾപ്പെടുത്തി വർഗീകരിച്ചത് ഇക്കാര്യം വ്യക്തമാക്കുന്നു. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ രാഷ്ട്രമാണ് മനുഷ്യന്റെ പെരുമാറ്റത്തെ നിർണയിക്കുന്നത്. നിയമവും നീതിയുമില്ലാത്ത സാഹചര്യത്തിൽ മൃഗതുല്യനായി മാറുന്ന മനുഷ്യൻ യഥാർഥത്തിൽ ഒരു സാമൂഹികജീവിയാണ്.

മധ്യകാലഘട്ടത്തിൽ യാത്രക്കാരും പര്യവേക്ഷകരും അവർ കണ്ടുമുട്ടിയവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. മാർക്കോ പോളോ(1224–1313), വാസ്കോഡഗാമ (1397–1499) തുടങ്ങിയവർ ഇത്തരത്തിൽ നരവംശശാസ്ത്രസംബന്ധമായ അറിവ് സമ്പുഷ്ടമാക്കുന്നതിൽ വലിയ സംഭാവന നൽകി. 17–ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് ബേക്കൺ, തോമസ് ഹോബ്സ് തുടങ്ങിയവർ സമൂഹത്തെക്കുറിച്ചുള്ള പഠനത്തിനായി സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു. സംസ്കാരത്തെക്കുറിച്ചുള്ള നിർവചനം രൂപവൽക്കരിക്കാൻ നരവംശശാസ്ത്രജ്ഞരെ സഹായിക്കുന്നതിനാവശ്യമായ കാൽപ്പനികമായ അടിത്തറ ജോൺ ലോക്ക് രൂപീകരിക്കുകയുണ്ടായി. ജർമൻ ചിന്തകനായ ഇമ്മാനുവൽ കാന്റ് (1724–1804) 1789 ൽ പ്രസിദ്ധീകരിച്ച 'നരവംശശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ മനുഷ്യന്റെ മൃഗത്തിൽനിന്നുള്ള ഉദ്ഭവം വിശദമാക്കുകയും മനുഷ്യനെക്കുറിച്ചുള്ള അറിവ് ആദിമമനുഷ്യാവസ്ഥയിൽ നിന്നു രൂപപ്പെട്ടുവന്നതാണെന്ന നിഗമനത്തിലെത്തുകയും ചെയ്തു.

മനുഷ്യവിഭാഗത്തിന്റെ വിവിധവർഗങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് 16–ാം നൂറ്റാണ്ടിൽ വലിയ ജിജ്ഞാസ രൂപപ്പെട്ടിരുന്നു. 1628 ൽ രക്തചംക്രമണത്തിന്റെ മാതൃകാപ്രദർശനം നടത്തിയ **വില്യം ഹാർവിയും** മൈക്രോസ്കോപ്പ് കണ്ടുപിടിച്ച **ല്യുവൻ ഹോക്കും** ഒരു പുതിയ പഠനമേഖല ആരംഭിക്കുകയായിരുന്നു. **വെസ്സാലിയസ്** മനുഷ്യനെ മനുഷ്യക്കുരങ്ങുമായി താരതമ്യപ്പെടുത്താനുള്ള ശ്രമം നടത്തുകയുണ്ടായി. മനുഷ്യശരീരത്തിൽ ശസ്ത്രക്രിയ നടത്താനും അദ്ദേഹം ശ്രമം നടത്തി. 1735 ൽ പ്രസിദ്ധീകരിച്ച 'സിസ്റ്റമ നാച്ചുറേ' എന്ന പുസ്തകത്തിലൂടെ ജീവിവർഗങ്ങളുടെ വർഗീകരണത്തിൽ മനുഷ്യനെയും ഉൾപ്പെടുത്തി.

ക്രിസ്തുമതപ്രചാരണത്തിനും മതപരിവർത്തനത്തിനും 16, 17 നൂറ്റാണ്ടുകളിലായി ലോകയാത്ര നടത്തിയ ക്രിസ്ത്യൻ മിഷണറിമാർ, അവരുടെ പ്രവർത്തനം ലളിതമാക്കുന്നതിനായി തദ്ദേശീയജനങ്ങളുടെ സംസ്കാരത്തെക്കുറിച്ചു പഠനം നടത്തുകയുണ്ടായി. കോളനിവൽക്കരണത്തിന്റെ കാലഘട്ടത്തിൽ ബ്രിട്ടിഷ് ഭരണാധികാരികൾ അവരുടെ ഭരണപരമായ കാര്യങ്ങൾക്കായി തദ്ദേശീയജനതയെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിരുന്നു. എഡ്ഗാർ തേഴ്സ്റ്റൺ(കാസ്റ്റ് ആന്റ് ട്രൈബ്സ് ഓഫ് ഇന്ത്യ), വില്യം ക്രൂക്ക് (ട്രൈബ്സ് ആന്റ് കാസ്റ്റ്സ് ഓഫ് നോർത്ത് വെസ്റ്റേൺ പ്രൊവിൻസസ്), വെരിയർ എൽവിൻ (ഫിലോസഫി ഫോർ നേഫ), ജോൺ റസ്സൽ എന്നിവർ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളുടെ പഠനത്തിലൂടെ നരവംശശാസ്ത്രത്തിന് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

2. മിശ്രണകാലഘട്ടം (Convergent Period) - 1835 - 1859

ഇക്കാലയളവിൽ വിവിധരാജ്യങ്ങളിലെ പണ്ഡിതർ മനുഷ്യന്റെ ശാരീരികവും സാമൂഹികവുമായ ഉദ്ഭവം സംബന്ധിച്ച വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ കാൾ മാർക്സ് (1818–1883), ചാൾസ് ലൈൽ (1797–1895), വില്യം സ്മിത്ത് (1769–1839) എന്നിവരുടെ സംഭാവനകൾ പ്രധാനപ്പെട്ടതാണ്. ചരിത്രത്തിന്റെ ചാലകശക്തിയായി കാൾ മാർക്സ് വൈരുധ്യാത്മകപ്രക്രിയയെ പരിഗണിച്ചു. പുരാവസ്തുശാസ്ത്രത്തിൽ ബൗച്ചർ ഡി വർത്തിന്റെ 1838, 1846 എന്നീ വർഷങ്ങളിലെ ഫ്ലിന്റ് ഉപകരണങ്ങളുടെ കണ്ടെത്തൽ, ഡോ. റിഗോലെറ്റിന്റെ 1854 ലെ സെന്റ് അഷൂൾ എന്ന പുരാവസ്തുപ്രദേശത്തിന്റെ കണ്ടെത്തൽ എന്നിവ ഈ മേഖലയിലെ ചില പുതിയ വികാസങ്ങളായിരുന്നു. 1857–ൽ ഡസൽ ഡോർഫിൽ കണ്ടെത്തിയ നിയാണ്ടർതാൽ മനുഷ്യന്റെ ഫോസിൽ മനുഷ്യപരിണാമത്തെക്കുറിച്ച് പുതിയ കാഴ്ചപ്പാട് നൽകി. 1833 ൽ പ്രസിദ്ധീകരിച്ച 'ദ നാച്ചുറൽ ഹിസ്റ്ററി ഓഫ് മാൻ' (The Natural History of Man), 1836 ൽ പ്രസിദ്ധീകരിച്ച 'മനുഷ്യന്റെ ഭൗതികചരിത്രം' (Physical History of Man) എന്നീ ഗ്രന്ഥങ്ങളിൽ ജയിംസ് പ്രിച്ചാർഡ് മനുഷ്യവർഗത്തെക്കുറിച്ചുള്ള വസ്തുതകൾ വർഗീകരിക്കുകയും ക്രമീകരിക്കുകയും ചെയ്തു. അദ്ദേഹം നിറം, മുടി, നീളം എന്നിവയിലെ വ്യത്യാസം നിർദേശിക്കുകയും വർഗനിർണയത്തിന്റെ വ്യത്യസ്ത മാനദണ്ഡങ്ങൾ പരിശോധിക്കുകയും ചെയ്തു. ഇത്തരം ആശയങ്ങളുടെയെല്ലാം ഒരുമിച്ചുചേരൽ സമ്പൂർണമാവുന്നത് ചാൾസ് ഡാർവിന്റെ 'ജീവിവർഗങ്ങളുടെ ഉദ്ഭവം' (The Origin of Species) എന്ന പുസ്തകം 1859 ൽ പ്രസിദ്ധീകൃതമാവുന്നതോടെയാണ്. ഇതിൽ അദ്ദേഹം 'ഡാർവിന്റെ പരിണാമസിദ്ധാന്തം' എന്ന പേരിലറിയപ്പെട്ട ജീവപരിണാമസിദ്ധാന്തം മുന്നോട്ടുവച്ചു. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെ ശാസ്ത്രീയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ ശാരീരികപരിണാമം സ്ഥിരീകരിക്കപ്പെട്ടു. ഈ നിലയിൽ മനുഷ്യന്റെയും മനുഷ്യസമൂഹത്തിന്റെയും ഉദ്ഭവം സംബന്ധിച്ച് ഉയർന്ന വിവിധ വാദങ്ങൾക്ക് 'ജീവിവർഗങ്ങളുടെ ഉദ്ഭവം' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെ അവസാനമായി.

3. സർഗാത്മകകാലഘട്ടം (Constructive Period)- 1859 - 1900

ഈ കാലയളവിൽ നരവംശശാസ്ത്രം നിരവധി സർവകലാശാലകളിൽ സ്വതന്ത്രപഠനവിഷയമെന്ന നിലയിൽ ആരംഭിച്ചു. 1884–ൽ ഓക്സ്ഫോർഡ് സർവകലാശാലയിലും 1900 ൽ കേംബ്രിഡ്ജ് സർവകലാശാലയിലും നരവംശശാസ്ത്രപഠനം ആരംഭിച്ചു. ഇ. ബി. ടെയ്ലർ, ജയിംസ് ഫ്രെയ്സർ, ഹെൻറി മെയിൻ, എൽ. എച്ച്. മോർഗൻ എന്നിവരുടെ ശാസ്ത്രീയഗവേഷണങ്ങളും പ്രസിദ്ധീകരണങ്ങളും ഇക്കാലയളവിലാണ് ആരംഭിച്ചത്. എത്നോളജി, പുരാവസ്തു ചരിത്രം, സമൂഹനരവംശശാസ്ത്രം, ജൈവനരവംശശാസ്ത്രം എന്നീ നരവംശശാസ്ത്രശാഖകൾ ഈ സമയത്ത്

രൂപപ്പെട്ടുവന്നു. ഇംഗ്ലണ്ട് കൂടാതെ ജർമനി, അമേരിക്ക, ഫ്രാൻസ് എന്നിവിടങ്ങളിൽ നരവംശ ശാസ്ത്രഗവേഷണങ്ങൾ വിപുലമാക്കി. ഫ്രാൻസിൽ നരവംശശാസ്ത്രം പ്രചരിപ്പിക്കുന്നതിന് എമിൽ ദുർഖൈമിന്റെ സംഭാവനകൾ സഹായകമായി. അമേരിക്കൻ ഫോക്‌ലോർ വാർത്താപ ത്രിക, ഗ്രേറ്റ് ബ്രിട്ടൻ, അയർലാൻഡ് എന്നിവയുടെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ബുള്ളറ്റിൻ (ഇപ്പോൾ 'മാൻ' എന്നറിയപ്പെടുന്നു) തുടങ്ങിയവും ആരംഭിക്കുകയുണ്ടായി. ധാരാളം നര വംശശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ബ്രിട്ടിഷ് ഉദ്യോഗസ്ഥരായ എഡ്ഗാർ തേഴ്സ്റ്റൺ, റസ്സൽ തുടങ്ങിയവരുടെ ഗവേഷണങ്ങളും ഇന്ത്യയിൽ നരവംശശാസ്ത്രപാരമ്പര്യം വളർത്താൻ സഹായകമായി.

4. വിമർശനാത്മക കാലഘട്ടം (Critical Period) – 1900 മുതൽ

നരവംശശാസ്ത്രവികസനത്തിൽ നിർണായകമായ സംഭാവനകൾ ഉണ്ടായതിനാലാണ് വിമർശ നാത്മക കാലഘട്ടം എന്ന് പെന്നിമാൻ ഈ കാലയളവിന് പേരു നൽകിയത്. 1908-ൽ ബ്രിട്ട നിലെ ലിവർപൂൾ സർവകലാശാലയിൽ സമൂഹനരവംശശാസ്ത്രപഠനവിഭാഗം സ്ഥാപിച്ചു. ഇതിന്റെ അധ്യക്ഷൻ സർ ജയിംസ് ഫ്രെയ്സർ ആയിരുന്നു. ഇന്ത്യയിലെ ആദ്യ നരവംശ ശാസ്ത്രപഠനവകുപ്പ് 1920ൽ കൽക്കത്ത സർവകലാശാലയിൽ ആരംഭിച്ചു. 1919ൽ ബോംബെ സർവകലാശാലയുടെ സമൂഹശാസ്ത്രപഠനവകുപ്പിൽ നരവംശശാസ്ത്രം ഉൾപ്പെടുത്തുക യുണ്ടായി. വ്യത്യസ്ത ചിന്താപദ്ധതികളും ഇക്കാലയളവിൽ രൂപവൽക്കരിക്കപ്പെട്ടു. ധർമവാദം, ഘടനാവാദം, സംസ്കാര വ്യാപനവാദം, സംസ്കാര-വ്യക്തിത്വബന്ധവാദം എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഇക്കാലയളവിലെ നരവംശശാസ്ത്രഗവേഷകർ വ്യത്യസ്ത സാമൂഹികസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിച്ചു. ഉദാഹരണമായി, ബി. കെ. മലിനോവ്സ്കി ട്രോബ്രിയന്റ് ദ്വീപുനിവാസികളുടെ ഇടയിലെ ഫീൽഡ് പഠനത്തിന്റെ അടിസ്ഥാനത്തിൽ ധർമവാദം മുന്നോട്ടുവച്ചു. റാഡ്ക്ലിഫ് ബ്രൗൺ ആന്തമാൻ - നിക്കോബാർ ദ്വീപുവാസികളുടെ പഠനത്തിന്റെയടിസ്ഥാനത്തിലാണ് തന്റെ ഘടനാവാദം അവതരിപ്പിച്ചത്. അതുപോലെ അമേരിക്കൻ പണ്ഡിതരായ എ.എൽ ക്രോബർ, റൂത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ്, ക്ലാർക്ക് വിസ്‌ലർ എന്നിവർ ലോക നരവംശശാസ്ത്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അവരുടേതായ പങ്കുവഹിച്ചു.

ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വളർച്ചയും വികാസവും (Growth and Development of Indian Anthropology)

ഇന്ത്യയിൽ നരവംശശാസ്ത്രചിന്തയുടെയും പഠനത്തിന്റെയും ഗതി വളരെ പതുക്കെയായിരുന്നെങ്കിലും സ്ഥായിയായതായിരുന്നു. ബസു റായ് ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വളർച്ചാഘട്ടങ്ങളെ താഴെക്കൊടുത്ത മേഖലകളായി തരംതിരിക്കുന്നു. എന്നാൽ മറ്റു ചില നരവംശശാസ്ത്രജ്ഞർ ഇതിന്റെ സമയക്രമത്തിൽ അഭി പ്രായവ്യത്യാസമുള്ളവരാണ്.



ചിത്രം. 1.6 സർ വില്യം ജോൺസ്

1. പ്രാരംഭഘട്ടം (Formative Phase) - 1774-1919

ഇക്കാലയളവിൽ നരവംശശാസ്ത്രപഠനം ഇന്ത്യയിലെ ഗോത്രജീവിതത്തിനും അതിന്റെ ആചാരങ്ങളുടെ വൈവിധ്യ ത്തിനുമാണ് ഊന്നൽ നൽകിയത്. അന്ന് ഇന്ത്യയിലെ ഗോത്ര-ജാതിവിഭാഗങ്ങളെക്കുറിച്ചുള്ള ധാരാളം സർവവിജ്ഞാനകോശ ങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. വ്യത്യസ്ത എത്നോഗ്രാഫിക് റിപ്പോർട്ടുകൾ കൂടാതെ ഡാൽട്ടൻ,

ബുക്കാനൻ, ലോർഡ് ബേഡൻ പവ്വൽ എന്നിവരുടെ റവന്യൂറിപ്പോർട്ടുകളും ഇക്കാലയളവിലെ ഇന്ത്യൻ സാമൂഹിക - സാംസ്കാരികാവസ്ഥ പരിശോധിക്കാൻ സഹായകമായി. 1774 ൽ സർ വില്യം ജോൺസ് 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ഇന്ത്യ' സ്ഥാപിച്ചത് നിർണായകമായിരുന്നു. 1784 ൽ ഇത് 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ' ആയി മാറി. ഇക്കാലയളവോടെ സൊസൈറ്റി സ്ഥിരമായി മാസികകൾ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 1872 ൽ **ഇന്ത്യൻ ആന്റിക്വറി** പ്രസിദ്ധീകൃതമായി. ഇതിൽ നരവംശശാസ്ത്ര പ്രാധാന്യമുള്ള ധാരാളം ലേഖനങ്ങൾ ഉൾപ്പെട്ടിരുന്നു. 1886 ൽ ആന്ത്രോപോളജിക്കൽ സൊസൈറ്റി ഓഫ് ബോംബെ അതിന്റെ മാസിക പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. പൂർണമായും നരവംശശാസ്ത്രത്തിനു മാത്രമുള്ള ആദ്യത്തെ വാർത്താപത്രികയായിരുന്നു ഇത്.

വ്യക്തിഗതമായ ചില ശ്രമങ്ങളും ഇക്കാലയളവിൽ ആരംഭിച്ചു. എച്ച്.എച്ച്. റിസ്‌ലി 1891 ൽ ബംഗാളിലെ ഗോത്ര ജാതിവിഭാഗങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. പിന്നീട് ഇദ്ദേഹം ഇന്ത്യയിലെ സെൻസസിന്റെ തലവനാവുകയും ചെയ്തു. 'ഇന്ത്യയിലെ ജനങ്ങൾ' (People of India) എന്ന പഠനപദ്ധതിയും ഇക്കാലത്ത് ആരംഭിച്ചു.

എസ്.സി. റോയ് 'മുണ്ട ആന്റ് ദേർ കൺട്രി' (Munda and Their Country) എന്ന മോണോഗ്രാഫ് 1912 ൽ പ്രസിദ്ധീകരിച്ചു. ബിഹാർ, ഒറീസ ഗവേഷണ സമൂഹത്തിന്റെ വാർത്താപത്രിക 1915 ൽ ആരംഭിച്ചു. ഡി.എൻ. മജുംദാറിന്റെ അഭിപ്രായത്തിൽ 1911 ഓടെ പ്രാരംഭഘട്ടം അവസാനിച്ചു. എന്നാൽ എൽ.പി. വിദ്യാർഥിയെ സംബന്ധിച്ച് ഈ കാലഘട്ടം 1920 വരെ നീണ്ടുനിന്നു.

2. സർഗാത്മകഘട്ടം (Constructive Phase) - 1920-1949

1920 ലാണ് കൽക്കത്ത സർവകലാശാലയുടെ ബിരുദാനന്തരബിരുദ പാഠ്യപദ്ധതിയിൽ നരവംശശാസ്ത്രപഠനം ഉൾപ്പെടുത്തപ്പെട്ടത്. ഇന്ത്യൻ നരവംശശാസ്ത്രത്തിലെ ആദ്യകാല പണ്ഡിതരായിരുന്ന എൽ.കെ. അനന്തകൃഷ്ണ അയ്യർ, ആർ. ചന്ദ്ര തുടങ്ങിയവർ ഈ വകുപ്പിൽ അധ്യാപകരായി. 1921ൽ 'മാൻ ഇൻ ഇന്ത്യ' (Man in India) എന്ന വാർത്താപത്രിക എസ്. സി. റോയ് പത്രാധിപരായി പ്രസിദ്ധീകരണം ആരംഭിച്ചതാണു മറ്റൊരു പ്രധാന സംഭവവികാസം. 'നരവംശശാസ്ത്രം ഇന്ത്യയിൽ' എന്ന മുഖ്യവിഷയം അടിസ്ഥാനമാക്കി 1938 ൽ കൽക്കത്തയിൽവച്ച് 25-ാമത് ഇന്ത്യൻ ശാസ്ത്രകോൺഗ്രസ് സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യൻ ശാസ്ത്രകോൺഗ്രസ് അസോസിയേഷൻ, ബ്രിട്ടിഷ് അസോസിയേഷൻ എന്നിവയുടെ സംയുക്ത യോഗത്തിൽ ഇന്ത്യയുടെ നരവംശശാസ്ത്രപുരോഗതി വിലയിരുത്തി. നരവംശശാസ്ത്രഗവേഷണങ്ങളുടെ പുരോഗതി വിലയിരുത്തിയ ആദ്യ സംരംഭമാണിത്. 1939-ൽ വെരിയർ എൽവിന്റെ 'ദ ബൈഗ' എന്ന പുസ്തകം പുറത്തുവന്നു. ഈ പുസ്തകത്തിൽ അദ്ദേഹം, ഗോത്രജനതയെ സ്വതന്ത്രമായി നിർത്തി മുഖ്യധാരയിൽനിന്നു വ്യതിരിക്തമായി സ്വയം വളരാൻ അവസരമൊരുക്കണമെന്നു നിർദേശിച്ചു. സമ്പൂർണമായ നരവംശശാസ്ത്ര ഗവേഷണ സ്ഥാപനം ഉണ്ടാവണമെന്ന ആശയം പൂർത്തീകരിക്കപ്പെടുന്നത് 1945ൽ കൽക്കത്ത ആസ്ഥാനമായി, ബി .എസ്. ഗുഹ ഡയറക്ടറായി ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ സ്ഥാപിക്കപ്പെട്ടതോടെയാണ്. 1948 ൽ ഡൽഹി സർവകലാശാലയിൽ നരവംശശാസ്ത്ര പഠനവകുപ്പ് ആരംഭിച്ചു.



ചിത്രം. 1.7 ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ, കൊൽക്കത്ത

3. വിശകലനാത്മകഘട്ടം (Analytical Phase) - 1950-1990

ഡി. എൻ. മജുംദാറിന്റെ അഭിപ്രായത്തിൽ, 1938ൽ ആരംഭിച്ച് ഇക്കാലം വരെ തുടരുന്ന കാലഘട്ടമാണ് ഇത്. ആദ്യകാല നരവംശശാസ്ത്രജ്ഞനായ സുരജിത് സിൻഹ ഇക്കാലത്തെ സമീപകാലം എന്നു വിളിച്ചു. ഈ കാലഘട്ടത്തിൽ ഇന്ത്യൻ നരവംശശാസ്ത്രജ്ഞർ വിദേശ നരവംശശാസ്ത്രജ്ഞരുമായി സ്ഥിരമായി ആശയവിനിമയം ആരംഭിക്കുകയും സംയുക്തമായി ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. മാത്രമല്ല, പ്രാക്തനസമൂഹങ്ങളെക്കുറിച്ചുള്ള വിവരണാത്മകപഠനത്തിൽനിന്നു സങ്കീർണസമൂഹങ്ങളുടെ വിശകലനാത്മക പഠനത്തിലേക്ക് പഠനത്തിന്റെ പ്രാധാന്യം മാറ്റപ്പെട്ടു. ഇക്കാലയളവിൽ വിദേശരാജ്യങ്ങളിൽ നിന്നു നരവംശശാസ്ത്രജ്ഞർ ഇന്ത്യയിലെത്തി ഗവേഷണം ആരംഭിക്കുകയുണ്ടായി. അവരുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ നരവംശശാസ്ത്ര ഗവേഷണങ്ങൾക്ക് ഉത്തേജനം പകർന്നു. 1961 ലെ സെൻസസ് പ്രവർത്തനങ്ങളിലൂടെ 1960കളിൽ ധാരാളം ഗ്രാമപഠനങ്ങൾ നടക്കുകയുണ്ടായി. ഇതിൽ ആദ്യത്തേതാണ്. എൽ. പി. വിദ്യാർഥിയുടെ 'ഗാഗ്ര' പഠനം. ഇത്തരം പഠനങ്ങൾ പുതിയ ആശയങ്ങളും, സങ്കൽപ്പങ്ങളും രൂപീകരിക്കാൻ സഹായകമായി. എൽ. പി. വിദ്യാർഥി, ബി.കെ. റോയ് ബർമൻ, ആർ. എം. മഖൻ ജാ, പി.കെ. മിശ്ര, കെ. എസ്. സിങ്, ടി. എൻ. മദൻ എന്നിവരുടെ പ്രവർത്തനങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു.

ഇക്കാലത്ത് ചില നരവംശശാസ്ത്രജ്ഞർ അവരുടെ പഠനം നടത്തുന്നതിനായി തനതായ ഗവേഷണരീതികൾ വികസിപ്പിച്ചെടുത്തു. ടി .സി. ദാസ് (പരസമൂഹങ്ങളുടെ വംശാവലിപഠനം), എൻ.കെ. ബോസ് (ഇന്ത്യൻ ക്ഷേത്രങ്ങളുടെ പഴക്കം മനസ്സിലാക്കാനായുള്ള സ്ഥലപരവിതരണ സങ്കേതം), ചതോപാധ്യായയും മുഖർജിയും (സമൂഹമാറ്റപഠനത്തിനായുള്ള സ്റ്റാറ്റിസ്റ്റിക്സിന്റെ ഉപയോഗം), ഐരാവതി കാർവേ (രക്തബന്ധപഠനവുമായി ബന്ധപ്പെട്ട പാഠവിശകലനം) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

4. വിലയിരുത്തൽ ഘട്ടം (Evaluative Phase) – 1990മുതൽ

ഇക്കാലയളവിൽ നരവംശശാസ്ത്രത്തിൽ പുതിയ പഠനമേഖലകൾ രൂപപ്പെട്ടു. വൈദ്യ നരവംശശാസ്ത്രം, മതപഠനങ്ങൾ, വികസനപഠനങ്ങൾ, മനശ്ശാസ്ത്രപഠനങ്ങൾ എന്നിവ ഇതിനുദാഹരണങ്ങളാണ്. ഇന്ത്യൻ നരവംശശാസ്ത്രജ്ഞർ താഴെ കൊടുത്ത മേഖലകളുമായി ബന്ധപ്പെട്ട ധാരാളം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടിണ്ട്. (എ.) ഗോത്രസ്വത്വമാറ്റങ്ങൾ, ഉദ്ഗ്രഥനം, സംസ്കാര തിരോധാനം, ആസൂത്രണം (ബി.) വ്യാവസായികനരവംശശാസ്ത്രത്തിന്റെ ആവിർഭാവം(സി.) ഗോത്രജനസംഖ്യാപഠനത്തിനുള്ള ഉയർന്ന ഊന്നൽ. (ഡി.) ഗോത്ര പ്രദേശങ്ങളുടെ ഉദ്ഗ്രഥിതപഠനം.

എൽ.പി. വിദ്യാർഥിയുടെ അഭിപ്രായത്തിൽ, "ഇന്ത്യയിൽ നരവംശശാസ്ത്രത്തിന്റെ യാത്ര ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു". ബ്രിട്ടിഷ്, അമേരിക്കൻ നരവംശശാസ്ത്രജ്ഞരുടെ സ്വാധീനത്താലും സഹവർത്തിത്വത്താലും അത് വളരെയേറെ മുന്നോട്ടുപോയിരിക്കുന്നു. തീർച്ചയായും, വിശാലമായ കാഴ്ചപ്പാടിൽ ഇന്ത്യൻ സാമൂഹ്യശാസ്ത്രത്തിലുള്ള ഈ സ്വാധീനം ഇനിയും കുറച്ചുകാലത്തേക്കുകൂടി തുടരും. നരവംശശാസ്ത്രപഠനം ഏറെ വൈകിയാണ് ആരംഭിച്ചത്. പക്ഷേ, ഇന്ന് ലോകത്താകമാനം അതൊരു പ്രധാന പഠനമേഖലയായി വ്യാപിച്ചിരിക്കുന്നു. മിക്കവാറും എല്ലാ പ്രശസ്ത സർവകലാശാലകളിലും വലിയ പ്രാധാന്യത്തോടെ ഈ വിഷയം പഠിപ്പിക്കപ്പെടുന്നുണ്ട്. ചില പാശ്ചാത്യരാജ്യങ്ങളിൽ നരവംശശാസ്ത്രസ്ഥാപനങ്ങൾ കൂടാതെ മറ്റു പല മേഖലകളിലും നരവംശശാസ്ത്രജ്ഞർ നിയമിക്കപ്പെടുന്നു. അങ്ങനെ നരവംശശാസ്ത്രം വലിയൊരു സ്ഥാനമലങ്കരിക്കുകയും പ്രാധാന്യം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

'കോളനിവൽക്കരണവും ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വികാസവും' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധം തയാറാക്കാം. ഇതിനു പാഠപുസ്തകം, മറ്റു പുസ്തകങ്ങൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കാം.



പഠനപുരോഗതി വിലയിരുത്താം

1. ടി.കെ. പെന്നിമാൻ നിർദേശിച്ച ലോകനരവംശശാസ്ത്രവികാസത്തിന്റെ ഘട്ടങ്ങൾ ഏതെല്ലാം?
2. താഴെ കൊടുത്ത പ്രധാന വർഷങ്ങളെ കാലഗണനക്രമത്തിൽ എഴുതി ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വികാസത്തിൽ ഈ വർഷങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുക. (1774, 1912, 1945, 1920, 1919, 1939, 1921)

സംഗ്രഹം

- നരവംശശാസ്ത്രം പേരു സൂചിപ്പിക്കുന്നതുപോലെ മനുഷ്യരെക്കുറിച്ചുള്ള പഠനമാണ്. എന്നാൽ നരവംശശാസ്ത്രം മനുഷ്യരെക്കുറിച്ച് പഠിക്കുന്ന മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാണ്.
- സാമൂഹ്യശാസ്ത്രങ്ങൾ മനുഷ്യരുടെ സാമൂഹികമായ കാര്യങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ ജീവശാസ്ത്രം ശാരീരികമായ മേഖലകളെക്കുറിച്ചും നരവംശശാസ്ത്രം മനുഷ്യരുടെ ജൈവ-സാമൂഹികമേഖലകളെക്കുറിച്ചും സമഗ്രമായി പഠിക്കുന്നു. അതിനാൽ നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹ്യശാസ്ത്രമാണ്. ഇത് മനുഷ്യരുടെ സമസ്ത മേഖലകളെയും കുറിച്ച് സമഗ്രമായി പഠിക്കുന്നു. ഭൂമിയിൽ എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും എല്ലാ തരത്തിലുമുള്ള മനുഷ്യർ നരവംശശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. മനുഷ്യരെക്കുറിച്ച് വിലയിരുത്താനുള്ള അതിന്റെ കാഴ്ചപ്പാടിൽ നരവംശശാസ്ത്രം ഫീൽഡ് അടിസ്ഥാന രീതിശാസ്ത്രമാണ് അവലംബിക്കുന്നത്.
- നരവംശശാസ്ത്രത്തിന് പല ഉപശാഖകളുമുണ്ട്. സമൂഹനരവംശശാസ്ത്രം മനുഷ്യസമൂഹത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനമാണ്. ജൈവനരവംശശാസ്ത്രം മനുഷ്യരുടെ ഉൽപ്പത്തി, പരിണാമം, വ്യതിയാനം എന്നിവയെക്കുറിച്ചു പഠിക്കുന്നു. ഇതിൽ പ്രൈമേറ്റുകളെക്കുറിച്ച് പഠിക്കുന്ന പ്രൈമറ്റോളജിയും രക്തഗണത്തെക്കുറിച്ച് പഠിക്കുന്ന സിറോളജിയും (രക്തഗണപഠനം) ഫോറൻസിക് നരവംശശാസ്ത്രവും എല്ലാം ഉൾപ്പെടുന്നു. പുരാവസ്തുനരവംശശാസ്ത്രത്തിൽ ചരിത്രാതീതകാലഘട്ടത്തിലെ മനുഷ്യസംസ്കാരത്തെക്കുറിച്ചു പഠിക്കുന്നു. സംസ്കാരത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ ഭാഷയുടെ ഉൽപ്പത്തി, പരിണാമം, വ്യതിയാനം എന്നീ മേഖലകൾ നരവംശശാസ്ത്രത്തിന്റെ മറ്റൊരു ഉപമേഖലയായ ഭാഷാനരവംശശാസ്ത്രത്തിൽ വിശകലനം ചെയ്യുന്നു.

- നരവംശശാസ്ത്രത്തിന്റെ എടുത്തുപറയേണ്ട പ്രത്യേകത അതിന്റെ സമഗ്രമായ കാഴ്ചപ്പാടാണ്. ദശലക്ഷം വർഷങ്ങൾക്കു മുൻപുമുതൽ ആധുനികകാലം വരെ ഭൂമിയിൽ എല്ലായിടത്തുമുള്ള മനുഷ്യസംസ്കാരത്തിന്റെ വികാസത്തെയും മനുഷ്യപരിണാമത്തെയും നരവംശശാസ്ത്രം പഠനവിധേയമാക്കുന്നു.
- മ്യൂസിയങ്ങളിലും സാമൂഹ്യക്ഷേമവകുപ്പുകളിലും സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളിലും ഗവേഷണസ്ഥാപനങ്ങളിലും ഇന്ന് നരവംശശാസ്ത്രജ്ഞർ ജോലിചെയ്യുന്നുണ്ട്. നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹ്യശാസ്ത്രം ആയതിനാൽ മറ്റ് ജൈവ-സാമൂഹ്യശാസ്ത്രങ്ങളുമായി ഇതിന് ബന്ധമുണ്ട്. മനുഷ്യരുടെ ഉൽപ്പത്തിയും പരിണാമവും പഠിക്കുന്നതിനാൽ ജൈവശാസ്ത്രങ്ങളുമായും മനുഷ്യരുടെ ജീവിതവും സംസ്കാരവും പഠിക്കുന്നതിനാൽ സാമൂഹ്യശാസ്ത്രങ്ങളായ സമൂഹശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം എന്നീ വിഷയങ്ങളുമായും നരവംശശാസ്ത്രത്തിന് അടുത്ത ബന്ധമുണ്ട്.
- മനുഷ്യോൽപ്പത്തിയുടെയും മനുഷ്യരുടെ നിലനിൽപ്പിന്റെയും രഹസ്യങ്ങളെക്കുറിച്ചുള്ള ജിജ്ഞാസയാണ് നരവംശശാസ്ത്രത്തിലെ പല ചിന്താധാരകളുടെയും വികാസത്തിന് അടിസ്ഥാനമായത്. നരവംശശാസ്ത്രത്തിന്റെ വളർച്ചയെയും വികാസത്തെയുംകുറിച്ച് പഠിച്ച ടി.കെ. പെന്നിമാൻ രൂപീകരണഘട്ടം, മിശ്രണഘട്ടം, സർഗാത്മകഘട്ടം, നിർണായക്ഘട്ടം എന്നിങ്ങനെ അതിനെ നാലു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. രൂപാവിഷ്കാരഘട്ടം, നിർമാണാത്മകഘട്ടം, വിശകലനാത്മകഘട്ടം, വിലയിരുത്തൽ ഘട്ടം എന്നിങ്ങനെ ഇന്ത്യയിൽ നരവംശശാസ്ത്രത്തിന്റെ വികസനത്തെ നാലു ഘട്ടങ്ങളായി തരംതിരിക്കാം.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- നരവംശശാസ്ത്രത്തിന്റെ നിർവചനവും അർഥവും വ്യാപ്തിയും തിരിച്ചറിയുന്നു.
- നരവംശശാസ്ത്രത്തിന്റെ പ്രധാന ഉപശാഖകൾ തിരിച്ചറിയുകയും അവയുടെ വ്യാപ്തി വേർതിരിച്ചറിയുകയും ചെയ്യുന്നു.
- നരവംശശാസ്ത്രത്തിന്റെ പ്രാധാന്യം അംഗീകരിച്ചുകൊണ്ട് അതിന്റെ പ്രായോഗികമേഖലകൾ തിരിച്ചറിയുന്നു.
- നരവംശശാസ്ത്രത്തിന് മറ്റു പഠനമേഖലകളുമായുള്ള ബന്ധം മനസ്സിലാക്കി ഇതിന്റെ വിഷയാന്തരബന്ധസ്വഭാവം ഉദാഹരണസഹിതം ബന്ധപ്പെടുത്തുന്നു.
- മനുഷ്യരുടെ ജിജ്ഞാസയിൽനിന്നു രൂപംകൊണ്ട മറ്റു പര്യവേക്ഷണങ്ങളുടെ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.
- നരവംശശാസ്ത്ര വികസനത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിലെ പ്രധാന സംഭവങ്ങൾ തിരിച്ചറിയുന്നു.
- ഇന്ത്യയിൽ നരവംശശാസ്ത്ര വികാസത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിലുണ്ടായ പ്രധാന സംഭവങ്ങൾ തിരിച്ചറിയുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1) ഒറ്റപ്പെട്ടതു കണ്ടെത്തി ന്യായീകരിക്കുക.
   എ) സിറോളജി, എത്നോഗ്രാഫി, ഓസ്റ്റിയോളജി, പാലിയന്റോളജി
   ബി) സാമ്പത്തികനരവംശശാസ്ത്രം, ഫോറൻസിക് നരവംശശാസ്ത്രം, രാഷ്ട്രതന്ത്രനരവംശശാസ്ത്രം, കുടുംബനരവംശശാസ്ത്രം
2) നരവംശശാസ്ത്രത്തിന്റെ വിവിധ ശാഖകൾ കാണിക്കുന്ന ഒരു ചാർട്ട് വരയ്ക്കുക.
3) ജോടി കണ്ടെത്തുക.
   എ) ഓസ്റ്റിയോളജി: എല്ലുകൾ, സിറോളജി: .....
   ബി) ചരിത്രാതീതസംസ്കാരത്തെക്കുറിച്ചുള്ള പഠനം: പുരാവസ്തുനരവംശശാസ്ത്രം
   ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം:.....
4). നിങ്ങളുടെ ക്ലാസിൽ നടത്തിയ ഒരു സംവാദത്തിൽ നരവംശശാസ്ത്രം ഹ്യുമാനിറ്റീസ് കോമ്പിനേഷനിൽ ഉൾപ്പെട്ടതിനാൽ അതൊരു സാമൂഹ്യശാസ്ത്രമാണെന്ന് ചിലർ വാദിച്ചു. എന്നാൽ മറ്റു ചിലർ നരവംശശാസ്ത്രം മനുഷ്യന്റെ ഉദ്ഭവം, പരിണാമം എന്നിവയെക്കുറിച്ചു പഠിക്കുന്നതിനാൽ തീർത്തും ഒരു ജീവശാസ്ത്രമാണെന്നും വാദിക്കുന്നു. നിങ്ങളുടെ അഭിപ്രായമെന്ത്? സമർഥിക്കുക.
5. താഴെക്കൊടുത്ത വർഷങ്ങൾ ഇന്ത്യയിലെ നരവംശശാസ്ത്രത്തിന്റെ വികാസവുമായി ബന്ധപ്പെട്ടവയാണ്. അവ ചരിത്രപരമായ ഒരു സമയരേഖയിൽ ക്രമീകരിച്ച് ഓരോന്നിന്റെയും പ്രാധാന്യം എഴുതുക.
   (1921, 1945, 1784, 1920, 1912, 1919, 1938)
6. നരവംശശാസ്ത്രത്തെ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്ന സവിശേഷതകൾ വിശദമാക്കുക.
7. നരവംശശാസ്ത്രത്തിന്റെ അർഥം, വ്യാപ്തി, വിഷയമേഖലകൾ എന്നിവ വിശദമാക്കുക.
8. കോളം എ, ബി, സി, എന്നിവ ശരിയായി ക്രമീകരിച്ചെഴുതുക.

എ	ബി	സി
1. രൂപീകരണഘട്ടം	ചാൾസ് ഡാർവിൻ	ട്രോബ്രിയാന്റ് ദ്വീപുവാസികൾ
2. മിശ്രണഘട്ടം	അരിസ്റ്റോട്ടിൽ	ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞൻ
3. സർഗാത്മകഘട്ടം	മലിനോവ്സ്കി	ഗ്രീക്ക് തത്ത്വചിന്തകൻ
4. വിമർശനാത്മകഘട്ടം	ഇ. ബി. ടെയ്ലർ	ജീവിവർഗങ്ങളുടെ ഉദ്ഭവം

B2J3U6

യൂണിറ്റ്
2

സാമൂഹിക–സാംസ്കാരിക നരവംശശാസ്ത്രം: അടിസ്ഥാനാശയങ്ങൾ

ഉള്ളടക്കം

I. അർഥവും വ്യാപ്തിയും
- ബ്രിട്ടിഷ്- അമേരിക്കൻ പാരമ്പര്യങ്ങൾ

II. സംസ്കാരം എന്ന ആശയം
- സംസ്കാരത്തിന്റെ നിർവചനം
- സംസ്കാരം അഥവാ നാഗരികത
- ഭൗതികസംസ്കാരവും ഭൗതികേതര സംസ്കാരവും

III. സംസ്കാരവുമായി ബന്ധപ്പെട്ട പ്രധാനാശയങ്ങൾ
- സ്വസംസ്കാരകേന്ദ്രോന്മുഖതയും സാംസ്കാരിക ആപേക്ഷികതയും
- സംസ്കാരത്തിന്റെ ആന്തരികവീക്ഷണവും ബാഹ്യവീക്ഷണവും
- സംസ്കാരഘടകവും സംസ്കാരഘടകസഞ്ചയവും
- സ്വസംസ്കാരസ്വാംശീകരണം
- അപരസംസ്കാരസ്വാംശീകരണം
- സാംസ്കാരിക ആഘാതം
- സാംസ്കാരികചലനമാന്ദ്യം

IV. സമൂഹം എന്ന ആശയം
- അർഥവും നിർവചനങ്ങളും
- സംസ്കാരവും സമൂഹവും
- സമുദായം
- സാമൂഹികസ്ഥാപനം
- സംഘടന
- സംഘം

V. പദവിയും പങ്കും
- ആർജിതപദവിയും ആരോപിത പദവിയും

VI. സാമൂഹികഘടനയും സാമൂഹികസംഘാടനവും

VII. വംശീയവിവരണശാസ്ത്രവും വംശീയ താരതമ്യശാസ്ത്രവും
- വംശീയവിവരണശാസ്ത്രം
- വംശീയവിവരണ പഠനങ്ങളുടെ ചരിത്രം
- വംശീയ താരതമ്യശാസ്ത്രം

ആമുഖം

- നിങ്ങൾ മാതൃഭാഷയിൽ സംസാരിക്കാൻ പഠിച്ചത് എവിടെനിന്നാണ്?
- ആഹാരം കഴിക്കുന്ന വിധം എങ്ങനെ പഠിച്ചു?
- ആരാധനാരീതികൾ പരിശീലിച്ചത് എങ്ങനെ?

ഇവയൊന്നുംതന്നെ സ്വതസ്സിദ്ധമായവയല്ല. മറിച്ച് കുടുംബം, സൗഹൃദം, ബന്ധുത്വം, വിദ്യാലയം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളിൽനിന്നു മനസ്സിലാക്കിയതും ആർജിച്ചതുമാണ്. വിദ്യാലയങ്ങളിലേക്ക് ചുവടുവയ്ക്കുന്നതിനു മുൻപുതന്നെ കുടുംബത്തിൽനിന്നു നമ്മൾ പലകാര്യങ്ങളും പഠിച്ചെടുക്കുന്നു. എന്നാൽ ആരാധനാരീതി, ഭക്ഷണശീലം, വസ്ത്രധാരണം, വീടുകളുടെ നിർമാണം എന്നിവയിലെല്ലാം നമുക്കിടയിൽ പ്രകടമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

- എന്തുകൊണ്ട് നമുക്കിടയിൽ ഇത്തരം വ്യത്യാസങ്ങൾ നിലനിൽക്കുന്നു?

ഇപ്രകാരം വ്യത്യസ്ത ജീവിതരീതികൾ നമ്മൾ പഠിച്ചെടുത്തത് നമ്മുടെ കുടുംബത്തിൽനിന്നും സമുദായത്തിൽനിന്നും സമൂഹത്തിൽനിന്നുമാണ്. നരവംശശാസ്ത്രജ്ഞർ കുടുംബം, സമുദായം, മതം എന്നിവയെ സാമൂഹിക സ്ഥാപനങ്ങളായാണ് പഠിക്കാറുള്ളത്. വ്യത്യസ്തമായ ജീവിതരീതി നിലനിർത്തുന്നതിൽ ഇത്തരം സാമൂഹികസ്ഥാപനങ്ങൾക്കുള്ള പങ്കാണ് ഇവരുടെ പഠനങ്ങളുടെ കാതൽ. എല്ലാ സമൂഹങ്ങൾക്കും വ്യത്യസ്ത ജീവിതരീതികളാണുള്ളത്. ഈ ജീവിതരീതിയുടെ

ആകത്തുകയെ നമ്മൾ സംസ്കാരം എന്നു പറയുന്നു. അതുകൊണ്ടുതന്നെ സംസ്കാരം ഇല്ലാതെ മനുഷ്യസമൂഹത്തിനോ സമൂഹമില്ലാതെ സംസ്കാരത്തിനോ നിലനിൽപ്പില്ല. എന്നിരുന്നാലും 'സമൂഹം', 'സംസ്കാരം' എന്നീ ആശയങ്ങൾ ഇപ്പോഴും അമൂർത്തതലങ്ങളിലാണ് നിലകൊള്ളുന്നത്. ഈ പാഠഭാഗത്തിലൂടെ സംസ്കാരം, സമൂഹം എന്നീ അമൂർത്തസങ്കൽപ്പങ്ങളുടെ ഏകദേശ വിവരണവും അവയുടെ വിവിധ ഘടകങ്ങളെക്കുറിച്ചും നിങ്ങൾക്ക് മനസ്സിലാക്കാം.

I. സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും. (Meaning and scope of Social- Cultural Anthropology)

മനുഷ്യജീവിതത്തിന്റെ സാമൂഹിക-സാംസ്കാരികതലങ്ങളെക്കുറിച്ചും സാമൂഹിക സ്ഥാപനങ്ങളെക്കുറിച്ചും പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രം. പത്തൊമ്പതാം നൂറ്റാണ്ടുവരെ സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രം അത്രയേറെ ജനപ്രിയമായിരുന്നില്ല. പ്രാക്തനസമൂഹങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലേർപ്പെട്ടിരുന്നവർ പൊതുവെ വംശതാരതമ്യശാസ്ത്രജ്ഞർ (Ethnologists) എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ബ്രിട്ടനിൽ സാമൂഹികബന്ധങ്ങളെക്കുറിച്ചും സാമൂഹികഘടനയെക്കുറിച്ചുമുള്ള പഠനങ്ങളിലാണ് നരവംശശാസ്ത്രജ്ഞർ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. അതേസമയം മനുഷ്യരുടെ ജീവിതരീതി അഥവാ സംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾക്കാണ് അമേരിക്കയിലെ ആദ്യകാല നരവംശശാസ്ത്രജ്ഞർ പ്രാധാന്യം നൽകിയിരുന്നത്. ബ്രിട്ടനിൽ സമൂഹനരവംശശാസ്ത്രവും അമേരിക്കയിൽ സാംസ്കാരികനരവംശശാസ്ത്രവുമാണ് സർവകലാശാലകൾ വിഷയമായി പഠിപ്പിച്ചിരുന്നത്. ബ്രിട്ടന്റെയും അമേരിക്കയുടെയും വൈജ്ഞാനികപാരമ്പര്യങ്ങളുടെ സ്വാധീനത്താൽ, ഇന്ത്യയിൽ സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രമെന്ന തരത്തിലാണ് ഈ വിഷയം കൂടുതൽ പ്രചാരത്തിലുള്ളത്. അതുകൊണ്ടുതന്നെ സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ പ്രധാനശ്രദ്ധ സാമൂഹികഘടനയെയും സംസ്കാരത്തെയും കുറിച്ച് പഠിക്കുന്നതിലാണ്. എന്നാൽ പലയിടത്തും നരവംശശാസ്ത്രം, സാംസ്കാരികനരവംശശാസ്ത്രം, സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം, സാമൂഹികവും സാംസ്കാരികവുമായ നരവംശശാസ്ത്രം എന്നീ പേരുകൾ കാര്യമായ വ്യത്യാസങ്ങളില്ലാതെ പരസ്പരപൂരകങ്ങളായി ഉപയോഗിച്ചുവരുന്നു. ഇവയെല്ലാം ലോകത്തെല്ലായിടത്തും മനുഷ്യർ ജീവിക്കുന്നത് എങ്ങനെയെന്നതിനെക്കുറിച്ചും മനുഷ്യരുടെ സമകാലിക സംസ്കാരങ്ങളിലുള്ള സമാനതകളും വൈവിധ്യങ്ങളും കണ്ടെത്തുന്നതിനുള്ള പഠനങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്.

സാമൂഹിക- സാംസ്കാരികനരവംശശാസ്ത്രത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ അതിന്റെ ചില നിർവചനങ്ങൾ സഹായിക്കും.

നിർവചനങ്ങൾ:(Definitions)

- *''സമകാലീന- പ്രാക്തന സമൂഹങ്ങളുടെ സംസ്കാരത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹ നരവംശശാസ്ത്രം''*- പിഡിങ്ടൺ
- "മനുഷ്യസമൂഹങ്ങളെക്കുറിച്ചുള്ള താരതമ്യപഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സാമൂഹ്യശാസ്ത്രമാണ് സമൂഹനരവംശശാസ്ത്രം"- എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക.
- *"സാമൂഹിക രൂപങ്ങളുടെയും സാമൂഹികസ്ഥാപനങ്ങളുടെയും ചിട്ടയായുള്ള താരതമ്യപഠനങ്ങളുടെ കാഴ്ചപ്പാടിൽ മനുഷ്യന്റെ സാമൂഹികപെരുമാറ്റത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹനരവംശശാസ്ത്രം"*—ചാൾസ് വിനിക്സ്
- 'ഇൻട്രഡക്ഷൻ ടു ആന്ത്രോപോളജി' (1956) എന്ന ഗ്രന്ഥത്തിൽ ബീൽസും ഹോയ്ജറും അഭിപ്രായപ്പെടുന്നത്, *ലോകത്ത് എല്ലായിടത്തും എക്കാലത്തുമുള്ള മനുഷ്യസംസ്കാരങ്ങളുടെ ഉദ്ഭവം, ചരിത്രം, പരിണാമം വികാസം എന്നിവയുടെ ഘടനയും പ്രവർത്തനവുമാണ്* സാംസ്കാരികനരവംശശാസ്ത്രത്തിൽ പഠിക്കുന്നത് എന്നാണ്.

- *സ്വാഭാവികപ്രകൃതിയോടും സാമൂഹികസാഹചര്യങ്ങളോടും ഇണങ്ങിച്ചേരാൻ മനുഷ്യർ കണ്ടുപിടിച്ച ഉപായങ്ങളെക്കുറിച്ചും സമുദായത്തിലെ അനുഷ്ഠാനങ്ങൾ പരിശീലിക്കുന്നതും നിലനിർത്തുന്നതും എങ്ങനെയെന്നും അവ ഒരു തലമുറയിൽ നിന്നു മറ്റൊരു തലമുറയിലേക്ക് എങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്നു എന്നുമാണ് സാംസ്കാരികനരവംശശാസ്ത്രം പഠിക്കുന്നത്* എന്നാണ് എം.ജെ. ഹെർസ്കോവിറ്റ്സ് അദ്ദേഹത്തിന്റെ 'മാൻ ആന്റ് ഹിസ് വർക്സ്' (1955) എന്ന പുസ്തകത്തിൽ നിർവചിച്ചിരിക്കുന്നത്.

മുകളിൽ നൽകിയ നിർവചനങ്ങളിൽ ചരിച്ചെഴുതിയ ഭാഗങ്ങൾ വിശകലനം ചെയ്ത് സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തുക.

- പൂർവസാക്ഷരസമൂഹങ്ങളെയും ആധുനികസമൂഹങ്ങളെയും കുറിച്ച് പഠിക്കുന്നു.
- സമൂഹഘടനയെയും അവയുടെ ധർമങ്ങളെയും കുറിച്ചാണ് ഈ വിജ്ഞാനശാഖ പഠിക്കുന്നത്.
- .....
- .....

എന്തിനാണ് നമ്മൾ സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം പഠിക്കുന്നത്? ഉത്തരം വ്യക്തമാണ്.

മനുഷ്യരുടെ പെരുമാറ്റത്തിലെ വൈവിധ്യത്തെ വിശകലനാത്മകമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും അതിലൂടെ മനുഷ്യരുടെ പെരുമാറ്റരീതികളെക്കുറിച്ചുള്ള ഒരു ആധികാരിക ശാസ്ത്രീയത രൂപപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ് സാമൂഹിക സാംസ്കാരിക - നരവംശശാസ്ത്രത്തിന്റെ പ്രധാന ലക്ഷ്യം. ലോകത്തിന്റെ പല ഭാഗങ്ങളിലെയും മനുഷ്യരെക്കുറിച്ചുള്ള താരതമ്യപഠനത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്.

സാമൂഹികവും സാംസ്കാരികവുമായുള്ള പല സവിശേഷതകളും സാർവത്രികമാണെന്നത് എല്ലാ നരവംശശാസ്ത്രജ്ഞരും അംഗീകരിക്കുന്ന വസ്തുതയാണ്. അത്തരം സവിശേഷതകൾ എല്ലാ സംസ്കാരങ്ങളിലും കാണപ്പെടുന്നുവെന്നാണ് അതിനർഥം. കുടുംബം, വിവാഹം, ബന്ധുത്വം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം, മതസംഘാടനം, സാമൂഹികനിയന്ത്രണം മുതലായവ ഈ പഠനങ്ങളുടെ ഭാഗമാണ്. സാമൂഹികബന്ധങ്ങളെക്കുറിച്ചു പഠിക്കുന്നതിന് ഇത്തരത്തിലുള്ള സംസ്കാരത്തിന്റെ സാർവത്രിക തലങ്ങളിലാണ് സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രജ്ഞർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. സാമൂഹികസ്ഥാപനങ്ങളുടെ ഉൽപ്പത്തി, വികാസം കാലാനുസൃതമായി അവയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെല്ലാം അവർ പഠനവിധേയമാക്കുന്നു. സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന് പല ഉപശാഖകളും ഉണ്ടെന്ന് നിങ്ങൾ ഒന്നാം അധ്യായത്തിൽ മനസ്സിലാക്കിയല്ലോ. ഈ ഓരോ ഉപപാഠശാഖയും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, നമ്മുടെ സമൂഹത്തിൽ മുതിർന്നവരുടെയും കുടുംബാംഗങ്ങളുടെയും പിന്തുണയോടെയും കൂടിയാലോചനകളിലൂടെയുമാണ് മിക്കവാറും വിവാഹങ്ങൾ ഔപചാരികമായി നടത്തപ്പെടുന്നത്. ഇതിനായി തീരുമാനമെടുക്കൽ, മതപരമായ അംഗീകാരം, ആചാരങ്ങൾ, സാമ്പത്തികബാധ്യത തുടങ്ങി വിവിധ തലങ്ങൾ ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ വിവാഹമെന്ന സാമൂഹികസ്ഥാപനത്തെക്കുറിച്ചു മനസ്സിലാക്കുന്നതിന് അതിന് മറ്റു സാമൂഹികസ്ഥാപനങ്ങളായ കുടുംബം, മതം രാഷ്ട്രീയ-സാമ്പത്തികമേഖലകൾ - എന്നിവയുമായുള്ള ബന്ധം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. അതിനാൽ സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം സംസ്കാരത്തിന്റെ ഈ വ്യത്യസ്തതലങ്ങൾ ആഴത്തിലും പരപ്പിലും സമഗ്രമായി പഠിക്കുന്ന സാമൂഹ്യശാസ്ത്രശാഖയാണ്.

മുൻപ് സൂചിപ്പിച്ചതുപോലെ മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായ തലങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ, സമൂഹത്തിനോ സംസ്കാരത്തിനോ ചിലപ്പോൾ രണ്ടിനുമോ പ്രാധാന്യം

നൽകുന്നതായിക്കാണാം. ഇത് ഏറിയപങ്കും ബ്രിട്ടനിലും അമേരിക്കയിലും നിലനിന്നിരുന്ന വിജ്ഞാനസമീപനങ്ങളുടെയും പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിലാണ്.


ബ്രിട്ടിഷ് – അമേരിക്കൻ പാരമ്പര്യങ്ങൾ (British - American Traditions)

സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന് തുടക്കത്തിൽ നൽകിയ നിർവചനങ്ങൾ പരിശോധിച്ചാൽ ചില പണ്ഡിതർ സമൂഹനരവംശശാസ്ത്രം എന്നും ചിലർ സാംസ്കാരികനരവംശശാസ്ത്രം എന്നുമുള്ള സംജ്ഞകളാണ് ഉപയോഗിച്ചിരുന്നതെന്ന് വ്യക്തമാകും. എന്തുകൊണ്ടാണ് മനുഷ്യരുടെ ഒരേ തലങ്ങൾ കൈകാര്യം ചെയ്യുന്നവർ വ്യത്യസ്തപദങ്ങൾ ഉപയോഗിച്ചിരിക്കുന്നതെന്നറിയാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടാകുമല്ലോ. അതുപോലെതന്നെ സാമൂഹ്യനരവംശശാസ്ത്രം, സാംസ്കാരിനരവംശശാസ്ത്രം, സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത തലക്കെട്ടുകളോടുകൂടിയ പുസ്തകങ്ങളും നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ഉണ്ടായതെന്നും അവയുടെ ഉള്ളടക്കത്തിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ എന്നും അറിയേണ്ടതുണ്ട്.

ഇന്റർനെറ്റ് വിവരങ്ങളുടേയോ നിങ്ങളുടെ ഗ്രന്ഥാലയത്തിൽ ലഭ്യമായിട്ടുള്ള മുകളിൽ പറഞ്ഞ പുസ്തകങ്ങളുടെയോ ഉള്ളടക്കത്തിലോ സമീപനത്തിലോ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ എന്നു കണ്ടെത്തുക. അവ ചർച്ചചെയ്ത് കുറിപ്പ് തയാറാക്കി അവതരിപ്പിക്കുക.





ചിത്രം 2.1 വിവിധ നരവംശശാസ്ത്ര പാരമ്പര്യങ്ങൾ സൂചിപ്പിക്കുന്ന പുസ്തകങ്ങൾ

വളരെ വിശാലവും വൈവിധ്യമാർന്നതുമായ ഒരു വിഷയമാണ് നരവംശശാസ്ത്രം. പല രാജ്യങ്ങളിലും പല രീതിയിലാണ് ഈ വിഷയത്തെ പിന്തുടരുന്നത്. സമൂഹനരവംശശാസ്ത്രമെന്നാണ് ബ്രട്ടനിലും മറ്റു കോമൺവെൽത്ത് രാജ്യങ്ങളിലും പ്രചാരത്തിലുള്ള പേര്. സാമൂഹികഘടനകളെയും സാമൂഹികബന്ധങ്ങളെയും കുറിച്ചുള്ള പഠനങ്ങൾക്കാണ് അവർ കൂടുതൽ ഊന്നൽ നൽകുന്നത്. സമൂഹമാണ് സംസ്കാരത്തെക്കാൾ പ്രധാനമെന്ന് അവർ കരുതുന്നു. മനുഷ്യസമൂഹം ഇല്ലാതെ സംസ്കാരം നിലനിൽക്കാത്തതുകൊണ്ട് അവർ ഈ പഠനമേഖലയെ സമൂഹനരവംശശാസ്ത്രമെന്ന് പറയുന്നു. ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞരായ റാഡ്ക്ലിഫ് ബ്രൗൺ, ഡബ്ല്യൂ. എച്ച്. ആർ. റിവേഴ്സ്, മലിനോവ്സ്കി, ഇവാൻസ് പ്രിച്ചാർഡ് തുടങ്ങിയവരാകട്ടെ, അവരുടെ രചനകളിൽ സമൂഹനരവംശശാസ്ത്രമെന്ന പേരാണ് ഉപയോഗിച്ചിരിക്കുന്നത്. കുടുംബം, വിവാഹം, ബന്ധുത്വം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം തുടങ്ങിയ സാമൂഹികബന്ധങ്ങളുടെ പഠനങ്ങളിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

സംസ്കാരമാണ് മനുഷ്യന്റെ നിലനിൽപ്പിന്റെ ഏറ്റവും പ്രധാന ഘടകമെന്നായിരുന്നു അമേരിക്കൻ നരവംശശാസ്ത്രജ്ഞർ വാദിച്ചിരുന്നത്. മനുഷ്യസമൂഹത്തെ വ്യത്യസ്തമാക്കുന്നത് സംസ്കാരമാണ്. സംസ്കാരത്തിന്റെ ഉദ്ഭവം, വികാസം, വ്യത്യസ്ത സമൂഹങ്ങളിൽ തലമുറകളായി അവ കൈമാറ്റം ചെയ്യപ്പെടുന്നതെങ്ങനെ എന്നിവയാണ് അവർ പഠനവിധേയമാക്കിയത്. അവരുടെ അഭിപ്രായത്തിൽ സംസ്കാരത്തിൽ സമൂഹവും ഉൾപ്പെടുന്നു. അതുകൊണ്ട് അവർ സാംസ്കാരികനരവംശശാസ്ത്രമെന്ന പദം ഉപയോഗിച്ചു. എറിക്സൺ, ഹെർസ്കോവിറ്റ്സ് തുടങ്ങിയവരുടെ നിർവചനങ്ങളിൽ ഇത് വ്യക്തമാണ്.

ബ്രിട്ടന്റെ സ്വാധീനത്താൽ ഇന്ത്യയിലും ആദ്യകാലത്ത് സമൂഹനരവംശശാസ്ത്രം എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ത്യയിലെ അമേരിക്കൻ നരവംശശാസ്ത്രജ്ഞരുടെ സ്വാധീനം, ഇന്ത്യൻ നരവംശശാസ്ത്രജ്ഞരുടെ സമീപനത്തിൽ മാറ്റം വരുത്തി. ഇന്ത്യൻ സാഹചര്യത്തിൽ സമൂഹത്തെയും സംസ്കാരത്തെയും വേറിട്ടുകാണാൻ കഴിയില്ലെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ടുതന്നെ സമൂഹം, സംസ്കാരം എന്നിവയെ സമന്വയിപ്പിച്ച് സാമൂഹിക- സാംസ്കാരികനരവംശശാസ്ത്രം എന്ന പദം ഉപയോഗിച്ചുപോരുന്നു.

സാമൂഹിക- സാംസ്കാരിക നരവംശശാസ്ത്രം പ്രധാനമായും ശ്രദ്ധിക്കുന്നത് സമൂഹത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനത്തിലാണ്. ഈ രണ്ട് ആശയങ്ങളെക്കുറിച്ചും വിശദമായി അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെയെല്ലാം വസ്ത്രധാരണം, ഭക്ഷണരീതികൾ, വാസസ്ഥലം, ശിശുപരിപാലനം എന്നിവയൊന്നും ഒരുപോലെയല്ലെന്ന് നമ്മൾ നേരത്തേ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇവയെല്ലാം കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ മൃഗങ്ങളുടെ കാര്യം നോക്കൂ. അവയുടെ താമസസ്ഥലം, ഭക്ഷണശീലം, ശിശുപരിപാലനം എന്നിവയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ? ഇല്ല. എന്തുകൊണ്ടാണിങ്ങനെ? മനുഷ്യരെ മറ്റു ജീവികളിൽ നിന്നു വേർതിരിച്ചുനിർത്തുന്നത് ഏതു ഘടകമാണ്? ഉത്തരം വളരെ വ്യക്തമാണ്. ജീവിതരീതിയാണ്, സംസ്കാരമാണ് മനുഷ്യരെ മറ്റു ജീവികളിൽ നിന്നു വ്യത്യസ്തരാക്കുന്നത്. സംസ്കാരം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യരുടെ ജീവിതരീതിയിലും പെരുമാറ്റത്തിലുമെല്ലാം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. സംസ്കാരമെന്ന ഈ ആശയമാണ് സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ അടിസ്ഥാന പഠനമേഖല.



നരവംശശാസ്ത്രത്തിന്റെ ചരിത്രരചനയിൽ ഇവാൻസ് പ്രിച്ചാർഡ് ഇപ്രകാരം പറയുന്നു: "ബ്രിട്ടനിൽ ഈ വിഷയം സാമൂഹിക നരവംശശാസ്ത്രം എന്ന പേരിലോ, വംശീയ താരതമ്യ പഠനം എന്ന പേരിലോ ആയിരുന്നില്ല. മറിച്ച് 1885 മുതൽ നരവംശശാസ്ത്രം എന്ന പേരിലായിരുന്നു ഓക്സ്ഫഡ് സർവ്വകലാശാലയിൽ ഈ വിഷയം പഠിപ്പിച്ചിരുന്നത്. 1900-ൽ കേംബ്രിഡ്ജിലും 1908- ൽ ലണ്ടൻ സർവ്വകലാശാലയിലും ഈ പഠനം ആരംഭിച്ചു. സമൂഹനരവംശശാസ്ത്രവിഭാഗം എന്ന സർവകലാശാലാപഠനവിഭാഗം ആദ്യമായി ആരംഭിച്ചത് 1908-ൽ ആണ്."

(ഉറവിടം: സോഷ്യൽ ആന്ത്രോപോളജി)

എസ്.എൽ.ദോഷി, പി.സി.ജെയ്ൻ.2002

II. സംസ്കാരം എന്ന ആശയം (Concept of Culture)

പൊതു ജീവിതചര്യയാണ് മനുഷ്യരെ മറ്റു ജീവികളിൽ നിന്നു വ്യത്യസ്തനാക്കുന്നത്. എന്നാൽ എല്ലാ മനുഷ്യസമൂഹങ്ങൾക്കും ഒരേ ജീവിതരീതിയല്ല ഉള്ളത്. സംസ്കാരം മനുഷ്യനെ മറ്റു ജീവികളിൽനിന്ന് പൊതുവായും മറ്റു മനുഷ്യസമൂഹങ്ങളിൽനിന്ന് പ്രത്യേകിച്ചും വ്യത്യസ്തനാക്കുന്നുണ്ട്. സംസ്കാരമെന്ന പദം പല അർഥങ്ങളിൽ പ്രയോഗിക്കാറുണ്ട്. ഒരു ശാസ്ത്രീയപദമെന്ന നിലയിൽ സമൂഹത്തിന്റെ ജീവിതരീതിയുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും അതുൾക്കൊള്ളുന്നു. ഭക്ഷ്യോൽപ്പാദനം, വസ്ത്രധാരണം, ഭക്ഷണശീലം, കല, കരകൗശലം,

വിദ്യാഭ്യാസം, വിശ്വാസങ്ങൾ, മൂല്യങ്ങൾ, സാഹിത്യം തുടങ്ങിയവയെല്ലാം സംസ്കാരത്തിന്റെ ഭാഗമായി കരുതുന്നു. അതുകൊണ്ട് മനുഷ്യരുടെ പെരുമാറ്റങ്ങളുടെയും (വാമൊഴിയായവയും അല്ലാത്തവയും) മനുഷ്യനിർമിത ഉൽപ്പന്നങ്ങളുടെയും (ഭൗതികവും ഭൗതികേതരവും) ആകത്തുകയാണ് സംസ്കാരം. സംസ്കാരത്തെക്കുറിച്ചുള്ള ചില നിർവചനങ്ങൾ ഈ ആശയത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായകമായിരിക്കും.

സംസ്കാരം : നിർവചനങ്ങൾ (Definitions of Culture)

- *''പരിസ്ഥിതിയിലെ മനുഷ്യനിർമിതമായ ഭാഗമാണ് സംസ്കാരം''* - എം.ജെ. ഹെർസ്കോവിറ്റ്സ്
- *"സംസ്കാരമെന്നത് സാമൂഹജീവിതത്തിന്റെ ക്രമീകരണവും സംഘാടനവുമാണ്"* - റൂത്ത് ബനഡിക്റ്റ്
- *"പൂർവാർജിതവസ്തുക്കൾ, സാധനങ്ങൾ, സാങ്കേതികപ്രക്രിയകൾ, ആശയങ്ങൾ, ശീലങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ സമാഹാരമാണ് സംസ്കാരം"*- ബി.കെ. മലിനോവ്സ്കി.
- എഡ്വേർഡ് ബർണറ്റ് ടെയ്ലർ (E.B Tailor1871) ആണ് സംസ്കാരത്തിന് ആദ്യത്തെ നരവംശശാസ്ത്രനിർവചനം നൽകിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ *''സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ മനുഷ്യൻ ആർജിക്കുന്ന അറിവ്, വിശ്വാസങ്ങൾ, കല, സദാചാരം, നിയമം, അനുഷ്ഠാനം, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയുടെ സഞ്ചയസങ്കലനമാണ് സംസ്കാരം".*

മേൽ നിർവചനങ്ങൾ വിശകലനം ചെയ്ത് സംസ്കാരത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

- സംസ്കാരം സങ്കീർണമാണ്.
- സംസ്കാരം മനുഷ്യനിർമിതമാണ്.
- ഭൗതികവും ഭൗതികേതരവുമായ തലങ്ങൾ ചേർന്നതാണു സംസ്കാരം.
- സംസ്കാരം മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നു.
- സംസ്കാരം എപ്പോഴും സമൂഹാധിഷ്ഠിതമാണ്. അത് കേവലം വ്യക്തിയുടേതല്ല.
- സംസ്കാരത്തിന് പൊരുത്തപ്പെടാനുള്ള കഴിവുണ്ട്.
- സംസ്കാരം ആർജിച്ചെടുക്കുന്നതാണ്. സംസ്കാരവൽക്കരണത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്, അല്ലാതെ പരമ്പരാഗതമായി ലഭിക്കുന്നതല്ല.
- സംസ്കാരങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലൂടെ സംസ്കാരവ്യാപനം സാധ്യമാകുന്നു.
- ഒരു സംസ്കാരവും ശ്രേഷ്ഠമോ അധമമോ അല്ല.
- .....
- .....
- .....

മേൽ സൂചിപ്പിച്ച സവിശേഷതകളിൽനിന്ന് എല്ലാ മനുഷ്യസമൂഹങ്ങൾക്കും സംസ്കാരമുണ്ടെന്ന് മനസ്സിലായിക്കാണുമല്ലോ. അഥവാ സംസ്കാരമില്ലാത്ത ഒരു സമൂഹവും ലോകത്തില്ല എന്നർഥം. എന്നാൽ ചില സംസ്കാരങ്ങൾ മറ്റു സംസ്കാരങ്ങളേക്കാൾ സാങ്കേതികമായി പുരോഗമിച്ചവയാണ്. ചില സംസ്കാരങ്ങൾ പൂർണമായും പ്രകൃതിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. എന്നാൽ, മറ്റുചില സംസ്കാരങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഭക്ഷ്യോൽപ്പാദനം നടത്തുന്നത്. അക്ഷരജ്ഞാനമുള്ളതും അല്ലാത്തതുമായ സംസ്കാരങ്ങളുണ്ട്. അക്ഷരങ്ങളുടെ കണ്ടുപിടിത്തം മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ചില പണ്ഡിതർ, പ്രത്യേകിച്ച് ആദ്യകാല നരവംശശാസ്ത്രജ്ഞർ ഇതിനെ

സംസ്കാരത്തിന്റെ വികാസമായിട്ടാണ് കണക്കാക്കുന്നത്. അവർ അതിനെ നാഗരികത എന്നു വിളിക്കുന്നു.

സംസ്കാരം അഥവാ നാഗരികത (Culture vis-à-vis Civilization)

ചെറിയ ക്ലാസുകളിൽ നിങ്ങൾ പല നാഗരികതകളെക്കുറിച്ചും പഠിച്ചിട്ടുണ്ടാവുമല്ലോ.

- സിന്ധുനദീതട നാഗരികത
- ……..
- ……..

നാഗരികതയുടെ കാലഘട്ടത്തിലെ ജീവിതരീതിയുടെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു?

- വീട് , ഭൗതികസൗകര്യങ്ങൾ, വിശ്വാസങ്ങൾ.....

ഇത് ആ കാലഘട്ടത്തിലെ ജനങ്ങളുടെ ജീവിതരീതിയാണ്. ഒരു പ്രത്യേക സമൂഹത്തിന്റെ ജീവിതരീതിയെ സംസ്കാരം എന്ന് ലളിതമായ ഭാഷയിൽ പറയാം. എന്നാൽ ചില പണ്ഡിതർ സംസ്കാരത്തെ നാഗരികതയിൽനിന്നു വേർതിരിക്കുന്നു. സാംസ്കാരികപുരോഗതിയിൽ ഏറ്റവും ഉയർന്ന തലമായാണ് അവർ നാഗരികതയെ കാണുന്നത്. പട്ടണകേന്ദ്രീകൃതമായ പൗരസമൂഹസംഘാടനമാണ് നാഗരികതയുടെ പ്രത്യേകത. ബന്ധുത്വത്തിലധിഷ്ഠിതമായ നാട്ടുരാജാക്കൻമാരുടെയോ പ്രാദേശികഭരണാധികാരികളുടെയോ നിയന്ത്രണസ്വഭാവത്തിലല്ല ഈ പൗരസമൂഹങ്ങൾ. കുടുംബം, തറവാട്, കുലം തുടങ്ങിയ ബന്ധുത്വഗണങ്ങൾ നിർണായകസ്വാധീനം ചെലുത്തുന്ന പരമ്പരാഗതസമൂഹങ്ങളിൽനിന്നു നാഗരികത തികച്ചും ഭിന്നമാണ്. ടെയ്ലർ, എൽ.എച്ച്.മോർഗൻ എന്നിവർ നാഗരികതയെ സംസ്കാരത്തിന്റെ വികസിതരൂപമായി കണക്കാക്കുന്നു. അവരാകട്ടെ, സാമൂഹികവികാസത്തെ കാടത്തം (Savagery), അപരിഷ്കൃതം (Barbarism), നാഗരികത (Civilisation) എന്നീ മൂന്നു ഘട്ടങ്ങളായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അക്ഷരലിപിയുടെയും എഴുത്തിന്റെയും കണ്ടുപിടിത്തമാണ് പൊതുവെ നാഗരികതയുടെ പ്രത്യേകതയായി കണക്കാക്കപ്പെടുന്നത്. എല്ലാ സമൂഹങ്ങൾക്കും തനതായ സംസ്കാരമുണ്ട്. നാഗരികത സംസ്കാരത്തിന്റെ മറ്റൊരു ഭേദമാണ്.

സംസ്കാരം, നാഗരികത എന്നിവയുടെ അടിസ്ഥാനത്തിൽ താഴെക്കൊടുത്ത പ്രസ്താവനകൾ ചർച്ചചെയ്യുക.



- ഒരു സംസ്കാരവും അധമമോ ശ്രേഷ്ഠമോ അല്ല.
- സംസ്കാരം സാർവത്രികമാണ്.
- അങ്ങനെയാണെങ്കിൽ നാഗരികതയെ സംസ്കാരത്തിന്റെ വികസിതരൂപമായി കരുതുന്നത് ഔചിത്യമല്ല. നിങ്ങളുടെ നിഗമനങ്ങൾ ക്ലാസിൽ അവതരിപ്പിക്കൂ.

സംസ്കാരത്തിന്റെ ചില ഘടകങ്ങൾ നേരിട്ടു കാണാൻ പറ്റുന്നവയും മറ്റുചിലത് നേരിട്ടു കാണാൻ പറ്റാത്തവയുമാണ്. വീട്, വസ്ത്രം, ആഭരണം തുടങ്ങിയവ കാണാൻ പറ്റുന്നതും അറിവ്, വിശ്വാസങ്ങൾ, ആചാരങ്ങൾ തുടങ്ങിയവ കാണാൻ സാധിക്കാത്തതുമാണ്. ലിപിയുടെ കണ്ടുപിടിത്തം നാഗരികതയുടെ ഒരു പ്രധാന സവിശേഷതയാണെന്ന് നിങ്ങൾക്കറിയാമല്ലോ. അക്ഷരങ്ങൾ കാണാൻ പറ്റുന്നത് എന്ന വിഭാഗത്തിൽ പെടുത്താൻ പറ്റുമോ? എഴുതപ്പെട്ടാൽ അവ കാണാൻ സാധിക്കും. എന്നാൽ, ഭാഷയിലെ ഇത്തരം ചിഹ്നങ്ങൾ (ലിപി) അറിയുന്നവർക്ക് മാത്രമേ അവ അർഥവത്താകുന്നുള്ളൂ. മറ്റുള്ളവർക്ക് അവ വെറും അടയാളങ്ങളോ അർഥമില്ലാത്ത രൂപങ്ങളോ

ആയിരിക്കും. അതുകൊണ്ടുതന്നെ ലിപിയെ ദൃശ്യമായ സംസ്കാരഘടകം എന്ന വിഭാഗത്തിൽ പെടുത്താൻ സാധ്യമല്ല. ഒരു സംസ്കാരത്തിന്റെ ദൃശ്യതലങ്ങളെക്കുറിച്ചും അദൃശ്യതലങ്ങളെക്കുറിച്ചുമുള്ള പരിജ്ഞാനം ആ സംസ്കാരത്തെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കും.

ഭൗതികവും ഭൗതികേതരവുമായ സംസ്കാരം
(Material and Non- material culture)

ഭൗതികവും ഭൗതികേതരവുമായ തലങ്ങൾ ഉൾക്കൊള്ളുന്നതാണ് സംസ്കാരം. സംസ്കാരത്തിന്റെ ദൃശ്യമായ തലങ്ങളെയാണ് ഭൗതികസംസ്കാരം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

മലിനോവ്സ്കിയുടെ അഭിപ്രായത്തിൽ സംസ്കാരത്തിന്റെ ഭൗതികതലമാണ് ഭൗതികസംസ്കാരം. വീട്, വീട്ടുപകരണങ്ങൾ, റോഡ്, ഗതാഗതമാർഗങ്ങൾ, ആയുധങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു.

നേരിട്ട് ദൃശ്യമാകാത്ത സാംസ്കാരികതലങ്ങളാണ് ഭൗതികേതരസംസ്കാരത്തിലുള്ളത്. അറിവ്, വിശ്വാസങ്ങൾ, തത്ത്വശാസ്ത്രം, മതം, ആശയങ്ങൾ തുടങ്ങിയവ ഭൗതികേതര സാംസ്കാരിക ഘടകങ്ങളാണ്. ജനങ്ങളുടെ ജീവിതരീതികൾ സൂക്ഷ്മമായി മനസ്സിലാക്കുന്നതിലൂടെ മാത്രമേ ഇത്തരം ഭൗതികേതരസംസ്കാരങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

നിങ്ങളുടെ വിദ്യാലയത്തിലെ ഭൗതികവും ഭൗതികേതരവുമായ ഘടകങ്ങളെല്ലാമെഴുതി ഒരു പട്ടിക തയാറാക്കുക.



പഠനപുരോഗതി വിലയിരുത്താം

1. എ.ബി. എന്നീ കോളങ്ങൾ ഉചിതമായ രീതിയിൽ യോജിപ്പിക്കുക (ചേരുംപടി ചേർക്കുക)

A	B
സമൂഹനരവംശശാസ്ത്രം	ഇന്ത്യൻ പാരമ്പര്യം
സാംസ്കാരികനരവംശശാസ്ത്രം	ബ്രിട്ടിഷ് പാരമ്പര്യം
സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രം	അമേരിക്കൻ പാരമ്പര്യം

III. സംസ്കാരവുമായി ബന്ധപ്പെട്ട ആശയങ്ങൾ
(Concepts related to Culture)

വിശ്വാസങ്ങൾ സംസ്കാരത്തിന്റെ ഒരു പ്രധാന ഭാഗമാണെന്ന് നമ്മൾ കണ്ടുവല്ലോ. വ്യത്യസ്ത വിശ്വാസങ്ങളാണ് വിവിധ സംസ്കാരങ്ങളിൽ നിലനിൽക്കുന്നത്. അതത് സംസ്കാരത്തിന്റെ തനതായ ലോകവീക്ഷണത്തിൽനിന്നാണ് ഇവ രൂപപ്പെടുന്നതും വികസിക്കുന്നതും. ഒരു സംസ്കാരത്തിൽ ഉൾച്ചേർന്നിട്ടുള്ള വിശ്വാസരീതികൾ മറ്റൊരു സംസ്കാരത്തിന് ഉണ്ടായിക്കൊള്ളണമെന്നില്ല.

താഴെക്കൊടുത്ത അഭിപ്രായങ്ങൾ ശ്രദ്ധിക്കൂ. ആരുടെ വീക്ഷണമാണ് ശരി?



പ്രസ്താവനകളിൽനിന്ന് നിങ്ങൾക്ക് എന്തൊക്കെ അനുമാനങ്ങളിൽ എത്തിച്ചേരാൻ കഴിയും? ജനങ്ങൾ പലപ്പോഴും തങ്ങളുടെ സംസ്കാരത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മറ്റു സംസ്കാരങ്ങളെ വിലയിരുത്താറുള്ളത്. സാംസ്കാരികവൈവിധ്യം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഇത്തരം സമീപനങ്ങൾ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. വംശീയകലാപങ്ങളും സാംസ്കാരികസംഘർഷങ്ങളും ഇത്തരം സമീപനങ്ങളുടെ ഫലമാണ്. അപരസംസ്കാരങ്ങളെ സ്വസാംസ്കാരികമൂല്യങ്ങൾക്കനുസരിച്ച് വിലയിരുത്തുന്ന സമീപനത്തിനെതിരെ നരവംശശാസ്ത്രജ്ഞർ എന്നും വാദിച്ചിട്ടുണ്ട്. ഇത് സ്വസംസ്കാരകേന്ദ്രിതത്വം, സാംസ്കാരിക ആപേക്ഷികത എന്നീ രണ്ടു ആശയങ്ങൾക്ക് രൂപം നൽകി.

സ്വസംസ്കാരകേന്ദ്രിതത്വവും സാംസ്കാരിക ആപേക്ഷികതയും

(Ethnocentrism and Cultural relativism)

തങ്ങളുടെ സംസ്കാരത്തിന്റെ രീതികളുടെയും (വഴക്കങ്ങൾ) മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ അപരസംസ്കാരങ്ങളെ വിലയിരുത്തുന്ന സമീപനമാണ് സ്വസംസ്കാരകേന്ദ്രിതത്വം. തങ്ങളുടെ സംസ്കാരം യഥാർഥവും ശ്രേഷ്ഠവുമാണെന്നും മറ്റുള്ളവ വിചിത്രവും അർഥശൂന്യവുമാണെന്നുമാണ് ഭൂരിഭാഗം ആളുകളുടെയും ധാരണ. എന്നാൽ, നമ്മുടെ സംസ്കാരഘടകങ്ങളുടെ മാനദണ്ഡമനുസരിച്ച് ഇതരസംസ്കാരങ്ങളെ വിലയിരുത്തുന്നതുകൊണ്ടാണ് ഇങ്ങനെ ചിന്തിക്കേണ്ടിവരുന്നത്. ഈ മനോഭാവത്തെയാണ് സ്വസംസ്കാരകേന്ദ്രിതത്വം എന്നു പറയുന്നത്.




മുൻകാല നരവംശശാസ്ത്രജ്ഞർപോലും അപരിഷ്കൃതർ, പ്രാകൃതർ തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചത് സ്വസംസ്കാരകേന്ദ്രിതത്വമനോഭാവത്തോടെയാണ്. കോളനിവൽക്കരണകാലഘട്ടത്തിൽ അന്യസംസ്കാരങ്ങളുടെ പഠനങ്ങളിൽ ഈ മനോഭാവം പ്രകടമായിരുന്നു. ബ്രട്ടിഷുകാർ അവരുടെ ജീവിതവും ഭാഷയും സംസ്കാരവും മറ്റുള്ളവരേക്കാൾ മികച്ചതാണെന്നു കരുതുകയും കോളനികളിലെ ജനങ്ങളെ പരിഷ്കരിക്കേണ്ടത് തങ്ങളുടെ കടമയാണെന്നു കരുതുകയും ചെയ്തു.


സ്വസംസ്കാരകേന്ദ്രിതത്വത്തിന്നേർവിപരീതമായ ആശയമാണ് സാംസ്കാരികാപേക്ഷികതാവാദം (ചിലർ വംശീയാപേക്ഷികത എന്ന പദം ഉപയോഗിക്കുന്നു). ഓരോ സംസ്കാരത്തെയും അതിന്റെ

സ്വന്തം മാനദണ്ഡങ്ങൾക്കനുസരിച്ച് മനസ്സിലാക്കണമെന്നതാണ് ഇതിന്റെ അടിസ്ഥാനം. ഒരു സംസ്കാരത്തിൽ അധിഷ്ഠിതമായ വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ മറ്റൊരു സംസ്കാരത്തെ വിലയിരുത്തരുതെന്ന നിബന്ധന ഈ വാദം മുന്നോട്ടുവയ്ക്കുന്നു. സംസ്കാരങ്ങളെ ശ്രേഷ്ഠം, അധമം എന്ന ദ്വന്ദ്വമായി വിഭജിക്കരുതെന്നതാണ് സാംസ്കാരിക ആപേക്ഷികതയുടെ അടിസ്ഥാനം. ഒരു സംസ്കാരവും മറ്റൊരു സംസ്കാരത്തേക്കാൾ നല്ലതോ ചീത്തയോ അല്ല. ഓരോ സംസ്കാരത്തെയും തനതായ രീതികളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വേണം വിലയിരുത്തേണ്ടത്. സാംസ്കാരികവൈവിധ്യങ്ങൾ അംഗീകരിച്ച് ബഹുമാനിക്കുക എന്നതാണ് സാംസ്കാരികാപേക്ഷികതാ സമീപനത്തിന്റെ ലക്ഷ്യം.



അപരസംസ്കാരങ്ങളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുന്നതിലൂടെ മാത്രമേ സാംസ്കാരികാപേക്ഷികത എന്ന സമീപനം കൂടുതൽ വികസിപ്പിക്കാൻ കഴിയൂ. അപരസംസ്കാരവുമുള്ളവരുമായി ചങ്ങാത്തം സ്ഥാപിക്കുക, ഭക്ഷണം പങ്കുവയ്ക്കുക, പുസ്തകങ്ങൾ വായിക്കുക, പാട്ടു കേൾക്കുക തുടങ്ങിയ വഴികളിലൂടെ മാത്രമേ വ്യത്യസ്തസംസ്കാരങ്ങളെ ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയുകയുള്ളൂ. സാംസ്കാരികാപേക്ഷികതയെന്ന ആശയം നരവംശശാസ്ത്രത്തിന്റെ വിലയേറിയ സംഭാവനയാണ്.







മുകളിൽ കൊടുത്ത സംഭാഷണങ്ങൾ വിലയിരുത്തി താഴെക്കൊടുത്തവ നിങ്ങളുടെ സംഘത്തിൽ ചർച്ച ചെയ്യുക.



- *സാംസ്കാരികവൈവിധ്യം നിലനിൽക്കുന്ന ഇന്ത്യപോലുള്ള രാജ്യങ്ങളിൽ സാംസ്കാരികാപേക്ഷികത എന്ന സമീപനം സാധ്യമാണോ?*
- *മനുഷ്യാവകാശലംഘനവും സാംസ്കാരിക ആപേക്ഷികതാവാദവും ഒരുമിച്ചു കൊണ്ടുപോകുന്നതു കരണീയമാണോ?*

നിങ്ങളുടെ കണ്ടെത്തലുകൾ ഒരു റിപ്പോർട്ടായി അവതരിപ്പിക്കുക.

ഓരോ സംസ്കാരവും തങ്ങളുടെ വിശ്വാസങ്ങളെയും മൂല്യങ്ങളെയും മഹത്തരവും ശ്രേഷ്ഠവുമായി കരുതിപ്പോരുന്നു. ഉദാഹരണമായി തൊട്ടുകൂടായ്മ, ശിശുഹത്യ തുടങ്ങിയവ ആചാരങ്ങ

ളായി കണക്കാക്കുന്ന സമൂഹങ്ങൾക്ക് അവ ഒരിക്കലും അനാചാരമായി തോന്നുകയില്ല. എന്നാൽ ഈ ആചാരങ്ങളോട് മറ്റു സംസ്കാരങ്ങൾക്കുള്ള കാഴ്ചപ്പാട് വ്യത്യസ്തമായിരിക്കും. ഒരു പ്രത്യേക സംസ്കാരത്തിലെ ഒരംഗം ആ സംസ്കാരത്തെ ഉൾക്കൊള്ളുന്നതുപോലെയല്ല ആ സംസ്കാരത്തിനു പുറമെയുള്ള മറ്റൊരു വ്യക്തി ആ സംസ്കാരത്തെ മനസ്സിലാക്കുന്നത്. അന്യ സംസ്കാരങ്ങളെക്കുറിച്ചു പഠിക്കുന്നതിനാൽ നരവംശശാസ്ത്രജ്ഞർക്ക് ഈ വ്യത്യാസങ്ങൾ മനസ്സിലാക്കാൻ കഴിയും. സംസ്കാരത്തിന്റെ ഈ രണ്ടു തലങ്ങൾ അകംവീക്ഷണം, പുറംവീക്ഷണം എന്നീ ആശയങ്ങൾ മനസ്സിലാക്കുന്നതിലൂടെ കൂടുതൽ വ്യക്തമാകും.

സംസ്കാരത്തിന്റെ അകംവീക്ഷണവും (Emic view)

പുറംവീക്ഷണവും (Etic view)

ജനങ്ങൾ തങ്ങളുടെ സ്വന്തം സംസ്കാരത്തിന്റെ കാഴ്ചപ്പാടിൽ ചിന്തിക്കുന്നത് അകംവീക്ഷണവും അതേ സംസ്കാരത്തെക്കുറിച്ച് മറ്റു സംസ്കാരത്തിലുള്ളവർക്കുള്ള കാഴ്ചപ്പാട് പുറംവീക്ഷണവുമാണ്. അകംവീക്ഷണം എന്നത് ഒരു സംസ്കാരത്തിലെ അംഗമെന്ന നിലയിൽ ഒരു വ്യക്തി മനസ്സിലാക്കുന്നത് എന്താണ് എന്നതും എന്താണ് ചെയ്യുന്നതെന്നതുമാണ്. യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാടും ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവരുടെ വിശദീകരണവും ഇതിൽപ്പെടും.

താഴെ കൊടുത്ത ഉദാഹരണങ്ങളിലെ അകംവീക്ഷണവും പുറംവീക്ഷണവും നിരീക്ഷിക്കൂ.

അകംവീക്ഷണം (Emic view)	**പുറംവീക്ഷണം (Etic view)**
ശരീരത്തിൽനിന്നു മുറിച്ചുമാറ്റിയ മുടി, നഖം എന്നിവ തുറസ്സായ സ്ഥലങ്ങളിൽ വലിച്ചെറിയരുത്. കാരണം, അവ ഉപയോഗിച്ച് ദുർമന്ത്രവാദം ചെയ്താൽ ആ വ്യക്തിക്ക് ദോഷം വരും എന്ന് ഒരു പ്രാദേശികവിശ്വാസം നിലവിലുണ്ട്.	മുടി, നഖം എന്നിവ അലസമായി വലിച്ചെറിയുന്നത് വൃത്തിഹീനമാണ്. അവ ഭക്ഷണത്തിൽ കലരാൻ സാധ്യതയുണ്ട്.
ചില ഹിന്ദുകുടുംബങ്ങളിൽ, വീടിനുള്ളിൽ തേങ്ങമുറി മലർത്തിവയ്ക്കാൻ മുതിർന്നവർ സമ്മതിക്കില്ല. കാരണം, മരണാനന്തരകർമവുമായി ബന്ധപ്പെട്ടാണ് ഇങ്ങനെ ചെയ്യുന്നത് എന്ന വിശ്വാസമാണ്.	തേങ്ങമുറി തുറന്നുവച്ചാൽ പെട്ടെന്ന് ബാഷ്പീകരണം നടന്ന് ഉണങ്ങിപ്പോവുകയും പാചകാവശ്യത്തിന് ഉപയോഗിക്കാൻ പറ്റാതാവുകയും ചെയ്യും.

നിങ്ങൾക്കറിയാമോ?

ഭാഷാശാസ്ത്രജ്ഞനായ കെന്നത്ത് പൈക്ക് ആണ് ഫോണിമിക്, ഫാണറ്റിക് എന്നീ പദങ്ങളിൽനിന്ന് എമിക്, എറ്റിക് എന്നീ പദങ്ങൾ രൂപീകരിച്ചത്.

സമൂഹനരവംശശാസ്ത്രജ്ഞരും വംശീയവിവരണശാസ്ത്രജ്ഞരും പങ്കാളിത്തനിരീക്ഷണമെന്ന രീതിശാസ്ത്രത്തിലൂടെയാണ് സംസ്കാരത്തിന്റെ അകംവീക്ഷണം മനസ്സിലാക്കുന്നത്. വംശവി

വരണപഠനങ്ങളിൽ ഗവേഷകർ ജനങ്ങളുടെ സ്വന്തം സംസ്കാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും (അകംവീക്ഷണം) ആ സംസ്കാരത്തോട് പുറമെയുള്ളവരുടെ വീക്ഷണവും (പുറംവീക്ഷണം) താരതമ്യം ചെയ്യാറുണ്ട്. ഒരു സംസ്കാരത്തിന്റെ അർഥവും പ്രാധാന്യവും ആ സംസ്കാരത്തിനുള്ളിലുള്ളവർ എങ്ങനെ കാണുന്നു എന്നതുപോലെത്തന്നെ പ്രധാനമാണ് ആ സംസ്കാരത്തെക്കുറിച്ച് അതിനു പുറത്തുനിന്നുള്ളവരുടെ കാഴ്ചപ്പാടും. ഒരു സംസ്കാരം എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയാൻ പ്രാദേശിക പ്രസ്താവനകൾ, കാഴ്ചപ്പാടുകൾ വർഗീകരണങ്ങൾ എന്നിവ വംശവിവരണശാസ്ത്രജ്ഞരെ സഹായിക്കുന്നു. അതേസമയം ബാഹ്യമായ വീക്ഷണം വസ്തുനിഷ്ഠമായ മറ്റു വിശദീകരണങ്ങളും നൽകുന്നു. അതിനേക്കാളുപരി, ഒരു പ്രത്യേക വിശ്വാസത്തിൽ അന്തർലീനമായ യുക്തി ചിലപ്പോൾ അതിനുള്ളിലുള്ളവർ അതേക്കുറിച്ച് ബോധമുള്ളവരല്ലെങ്കിൽക്കൂടി പുറംവീക്ഷണത്തിലൂടെ മനസ്സിലാക്കാവുന്നതാണ്. സമഗ്രമായ സംസ്കാരപഠനത്തിന് ഗവേഷകർ ആന്തരികവീക്ഷണവും ബാഹ്യവീക്ഷണവും ഒരേപോലെ സ്വീകരിക്കേണ്ടതുണ്ട്.

പ്രാദേശികവിശ്വാസങ്ങളും ആചാരങ്ങളും ശേഖരിച്ച് ആന്തരികവും ബാഹ്യവുമായ അർഥങ്ങൾ കണ്ടെത്താം.



ഭൗതികവും ഭൗതികേതരവുമായ സംസ്കാരങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇപ്പോൾ നിങ്ങൾക്ക് ക്ലാസ്മുറി ഒരു പഠനയൂണിറ്റായി കണക്കാക്കി സംസ്കാരഘടകങ്ങൾ വേർതിരിച്ചെഴുതാൻ കഴിഞ്ഞേക്കാം. ഇവയിൽ ബെഞ്ച്, മേശ, കസേര, ചോക്ക്, ജനൽ തുടങ്ങിയ ഭൗതികമായ വസ്തുക്കളും പഠിപ്പിക്കൽ, സുഹൃദ്ബന്ധങ്ങൾ, പാഠ്യക്രമം, അച്ചടക്കം തുടങ്ങിയ ഭൗതികേതരഘടകങ്ങളും ഉൾക്കൊള്ളുന്നു. ഇവ ഓരോന്നിനെയും നിങ്ങൾക്ക് ഉപയോഗത്തിന്റെ അടിസ്ഥാനത്തിലും അർഥപൂർണമായ രീതിയിലും വീണ്ടും എത്രത്തോളം വിഭജിക്കാൻ കഴിയും? ഉദാഹരണത്തിന്, മേശയെ വീണ്ടും വിഭജിച്ചാൽ അതിന് ഉപയോഗമോ അർഥമോ നഷ്ടപ്പെട്ടേക്കാം. സാംസ്കാരികഘടകങ്ങളെ ഇങ്ങനെ ഏറ്റവും ചെറിയ അർഥപൂർണമായതും ഉപയോഗപ്രദവുമായ ഭാഗങ്ങളായി തരംതിരിക്കാം. സംസ്കാരത്തെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിന് ഇത്തരം ഘടകങ്ങളെക്കുറിച്ചുള്ള അറിവുകൾ അനിവാര്യമാണ്.

സംസ്കാരഘടകവും സംസ്കാരഘടകസഞ്ചയവും
(Culture trait & Culture complex)

സംസ്കാരത്തിന്റെ ഏറ്റവും സൂക്ഷ്മവും പുനർവിഭജനത്തിന് സാധ്യമല്ലാത്തതുമായ ഭാഗമാണ് സംസ്കാരഘടകം. സംസ്കാരത്തിന്റെ ധർമങ്ങൾ നിർവഹിക്കുന്ന ഏറ്റവും ചെറിയ ഘടകങ്ങളാണവ. അവയെ വീണ്ടും വിഭജിച്ചാൽ അവയ്ക്ക് പ്രത്യേക അർഥമോ ധർമമോ ഉണ്ടാവണമെന്നില്ല. സംസ്കാരഘടകങ്ങൾ ഭൗതികമോ ഭൗതികേതരമോ ആവാം. വീട്, റേഡിയോ, മൊബൈൽഫോൺ, വാച്ച്, ടെലിവിഷൻ, വീട്ടുപകരണങ്ങൾ, വസ്ത്രം, ആഭരണങ്ങൾ തുടങ്ങിയവയാണ് ഭൗതികഘടകങ്ങൾ. വിശ്വാസങ്ങൾ, മൂല്യങ്ങൾ, അറിവ്, ആശയങ്ങൾ, ചിഹ്നങ്ങൾ, ആംഗ്യങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ തുടങ്ങിയവ ഭൗതികേതര സാംസ്കാരികഘടകങ്ങളാണ്.

ബഹുമുഖങ്ങളായ സംസ്കാരഘടകങ്ങൾ ഒന്നിച്ചുചേർന്ന് സംസ്കാരത്തിന്റെ അർഥവത്തായ സഞ്ചയമാകുമ്പോൾ അതിനെ സംസ്കാരഘടകസഞ്ചയം (Culture complex)എന്നു പറയാം. സംസ്കാരഘടകത്തെ സംസ്കാര ഘടകസഞ്ചയത്തിൽനിന്ന് വേർതിരിച്ചാൽ അത് അർഥശൂന്യമായിരിക്കും. ഉദാ: ചോക്ക് എന്ന സംസ്കാരഘടകത്തിന് ക്ലാസ്മുറി വിദ്യാഭ്യാസം എന്ന സംസ്കാരഘടകസഞ്ചയത്തിന്റെ ഭാഗമായാണ് പ്രാധാന്യം ലഭിക്കുന്നത്. ചോക്കിനെ



ക്ലാസ്മുറിയുടെ ധർമപശ്ചാത്തലത്തിൽനിന്നു കൃഷി സ്ഥലപശ്ചാത്തലത്തിൽ അവതരിപ്പിച്ചാൽ അതിന് പ്രത്യേകിച്ച് അർഥമോ ഉപയോഗമോ ഉണ്ടായിരിക്കില്ല. കുടുംബം, വിവാഹം, മതം, വ്യവസായസ്ഥാപനം, കൃഷി എന്നിവയെല്ലാം സംസ്കാരസഞ്ചയമാണ്. അടുക്കളയെ ഒരു സംസ്കാരഘടകസഞ്ചയമായി കണക്കാക്കിയാൽ പാത്രങ്ങൾ, കത്തി, ഗ്ലാസ്, മിക്സി, ഭക്ഷണം ഉണ്ടാക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള അറിവുകൾ എന്നിവ അതിന്റെ ഘടകങ്ങളാണ്.

കുടുംബം, വിവാഹം, മതം എന്നിവ സംസ്കാരഘടകസഞ്ചയങ്ങളായി എടുത്ത് അവയിൽ ഉൾപ്പെടുന്ന സംസ്കാരഘടകങ്ങളുടെ ഒരു ചാർട്ട് തയാറാക്കുക.



കുട്ടികൾ അച്ഛനും അമ്മയുമായി കളിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകും. എവിടെനിന്നാണ് അവർ ഇത് പഠിക്കുന്നത്? കുടുംബത്തിൽ അച്ഛൻ, അമ്മ, മുതിർന്നവർ തുടങ്ങിയവരുടെ കടമകൾ അവർ മനസ്സിലാക്കിയിട്ടുണ്ട്. യഥാർഥത്തിൽ അവർ അത് അനുകരിക്കുകയാണ്. അതുപോലെത്തന്നെ ബോധപൂർവമല്ലാതെ നമ്മൾ പലകാര്യങ്ങളും കുടുംബത്തിൽനിന്നു പഠിക്കുന്നു.

- എങ്ങനെയാണ് നിങ്ങൾ പ്രാർഥനാരീതികളും ചടങ്ങുകളും പഠിച്ചത്?
- സമൂഹത്തിലെ മറ്റുള്ളവരുമായി ഇടപഴകാൻ നിങ്ങൾ എങ്ങനെയാണ് ശീലിച്ചത്?
- നിങ്ങളുടെ ബന്ധുക്കളെ സംബോധന ചെയ്യാൻ നിങ്ങൾ എങ്ങനെ പഠിച്ചു?
  - രക്ഷിതാക്കളെ നിരീക്ഷിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെ.
  - .....
  - .....



ചിത്രം. 2.2 – സ്വസംസ്കാരാർജനം

സ്വസംസ്കാരാർജനം (Enculturation)

ഒരു വ്യക്തി സ്വന്തം ജീവിതരീതിയും പെരുമാറ്റവും തന്റെ സംസ്കാരത്തിൽനിന്നു പഠിച്ചെടുക്കുന്ന പ്രക്രിയയാണ് സ്വസംസ്കാരാർജനം. സംസ്കാരത്തിലെ ഒരു സജീവപങ്കാളിയായിത്തീരാൻ ഇത് ആ വ്യക്തിയെ സഹായിക്കുന്നുണ്ട്. ഒരു സംസ്കാരത്തിനുള്ളിൽ നിലനിൽക്കുന്ന മൂല്യങ്ങളും രീതികളും അറിഞ്ഞിരുന്നാൽ മാത്രമേ ഒരാൾക്ക് തന്റെ സമൂഹത്തിലെ തികഞ്ഞ പങ്കാളിയാവാൻ കഴിയുകയുള്ളൂ. ഒരു കുട്ടി തന്റെ ബന്ധുക്കളെ സംബോധനചെയ്യേണ്ട രീതി, മുതിർന്നവരോടുള്ള പെരുമാറ്റം, സംസ്കാരത്തിലെ വിശ്വാസങ്ങളും ആചാരങ്ങളും തുടങ്ങി



ചിത്രം.2.3: സ്വസംസ്കാരാർജനം

എല്ലാ സാംസ്കാരികഘടകങ്ങളും സ്വാംശീകരിക്കുന്നത് നിരീക്ഷണത്തിലൂടെയും അനുകരണത്തിലൂടെയുമാണ്. ഓരോ വ്യക്തിയും തന്റെ കടമകൾ, പ്രശ്നങ്ങൾ, അവ തരണം ചെയ്യേണ്ട രീതി, മറ്റുള്ളവരുമായി സഹകരിക്കേണ്ട വിധം, ആതിഥ്യമര്യാദകൾ, പ്രായമായവരെ സംരക്ഷിക്കേണ്ടവിധം തുടങ്ങിയ പലതും കുടുംബത്തിൽ നിന്നുതന്നെ പരിശീലിക്കേണ്ടതാണ്. ജനനം മുതൽ മരണം വരെ തുടരുന്ന പ്രക്രിയയാണ് സ്വസംസ്കാരാർജനം. കുടുംബത്തിൽനിന്ന് അടിസ്ഥാനപരമായ പെരുമാറ്റരീതികൾ സ്വായത്തമാക്കിയാണ് വ്യക്തികൾ സമൂഹത്തിൽ ഇടപഴകാൻ പ്രാപ്തരാകുന്നത്. പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ തങ്ങൾ നേടിയെടുത്ത അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പെരുമാറ്റരീതികൾ ആർജിക്കുന്നു. ഒരു മുതിർന്ന വ്യക്തിക്കുപോലും തന്റെ ജോലിയെക്കുറിച്ചും വിവാഹജീവിതത്തെക്കുറിച്ചും എങ്ങനെ പുതിയ ബന്ധുക്കളോട് പെരുമാറണം എന്നതിനെക്കുറിച്ചുമെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. അതിനാൽ സ്വസംസ്കാരാർജനം ഒരു തുടർപ്രക്രിയയാണ്. മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മുതിർന്നവർ, കളിക്കൂട്ടുകാർ, സമൂഹം എന്നിവയെല്ലാം ഒരു വ്യക്തിയെ സംസ്കാരസ്വാംശീകരണത്തിനു സഹായിക്കുന്നു.

ചില പ്രത്യേക സാഹചര്യങ്ങളിൽ മനുഷ്യർ സ്വമനസ്സോടെയോ അല്ലാതെയോ മറ്റു സംസ്കാരങ്ങൾ പഠിക്കാറുണ്ട്. ഉദാഹരണത്തിന്, ഗോത്രവർഗക്കാർക്ക് തനതായ ഭാഷ ഉണ്ടെങ്കിലും അവർ മറ്റു സംസ്കാരങ്ങളുമായി ബന്ധം പുലർത്തേണ്ടുന്നതിനായി അവരുടെ ഭാഷ പഠിച്ചെടുക്കാറുണ്ട്. അതുപോലെ പുതിയ സാഹചര്യത്തിലുള്ള ഒരാളുമായി ആശയവിനിമയം നടത്താൻ വ്യക്തിക്ക് പുതിയ ഭാഷ പഠിച്ചെടുക്കേണ്ടിവരും. ഈ രണ്ടു സാഹചര്യങ്ങളിലും അവരുടെ സംസ്കാരത്തിന് അപരസംസ്കാരത്തിന്റെ സ്വാധീനത്താൽ ചില മാറ്റങ്ങൾ സംഭവിച്ചേക്കാം. നരവംശശാസ്ത്രജ്ഞർ ഇത്തരം സാംസ്കാരികമാറ്റങ്ങളുടെ പ്രക്രിയയെക്കുറിച്ചുള്ള പഠനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

അപരസംസ്കാരാർജനം (Acculturation)

മറ്റൊരു സംസ്കാരവുമായുള്ള നിരന്തരബന്ധംകൊണ്ട് ഒരു സംസ്കാരത്തിനുണ്ടാകുന്ന മാറ്റങ്ങളെയാണ് അപരസംസ്കാരാർജനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തിനുമേൽ ബോധപൂർവമായോ അപ്രതീക്ഷിതമായോ ആധിപത്യം സ്ഥാപിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ഉദാഹരണമായി, പാശ്ചാത്യസംസ്കാരവുമായുള്ള ബന്ധം നിമിത്തം ഇന്ത്യൻസംസ്കാരത്തിൽ കാതലായുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുപോലെ, ഇന്ത്യയിലും ലോകം മുഴുവനുമുള്ള ഗോത്രസംസ്കാരങ്ങൾക്കും ഗോത്രേതര സംസ്കാരങ്ങളുടെ സ്വാധീനത്താൽ വളരെയധികം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

സാങ്കേതികവിദ്യയിലും രാഷ്ട്രീയമേഖലയിലും കഴിഞ്ഞ ദശാബ്ദങ്ങളിൽ ഉണ്ടായ മാറ്റങ്ങളുടെ ഫലമായി ഒറ്റപ്പെട്ടു നിലനിന്നിരുന്ന പ്രാദേശികസമൂഹങ്ങൾക്ക് അവരുടെ അസ്തിത്വം നഷ്ട


പ്പെട്ടുകൊണ്ടിരിക്കയാണ്. സാംസ്കാരികശോഷണത്തിലൂടെയും സംസ്കാര വിനിമയത്തിലൂടെയുമാണ് ഈ പ്രക്രിയ നടക്കുന്നത്.

സംസ്കാരശോഷണവും സംസ്കാരവിനിമയവും (Deculturation and Transculturation)

മറ്റു സംസ്കാരങ്ങളുമായുള്ള നിരന്തരമായ സമ്പർക്കംമൂലം ഒരു സംസ്കാരത്തിന് സ്വത്വം നഷ്ടപ്പെടുന്നതിനെയാണ് സംസ്കാരശോഷണം എന്നു പറയുന്നത്. പല ഗോത്രവർഗങ്ങൾക്കും ബാഹ്യമായ സംസ്കാരങ്ങളുടെ സമ്പർക്ക ഫലമായി സാംസ്കാരികാസ്തിത്വം നഷ്ടമായിട്ടുണ്ട്.

സംസ്കാരങ്ങൾ തമ്മിലുള്ള സംസ്കാരഘടകങ്ങളുടെ കൈമാറ്റമാണ് സംസ്കാരവിനിമയം. ഇന്ത്യൻ സംസ്കാരം ഇംഗ്ലീഷ് ഭാഷയെ സ്വീകരിച്ചതും യൂറോപ്യൻ സംസ്കാരം ആയുർവേദത്തെ സ്വീകരിച്ചതും സംസ്കാരവിനിമയത്തിന് ഉദാഹരണങ്ങളാണ്.

സംസ്കാരശോഷണം,സംസ്കാരവിനിമയം എന്നിവയുമായി ബന്ധപ്പെട്ട് നിങ്ങൾക്കു പരിചിതമായ സാഹചര്യങ്ങൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.



സംസ്കാരാഘാതം (Culture Shock)

നമ്മുടേതിൽ നിന്നു തികച്ചും വ്യത്യസ്തമായ ഭാഷ, ഭക്ഷണരീതി, വിശ്വാസങ്ങൾ എന്നിവ പുലർത്തുന്ന സംസ്കാരവുമായി സമ്പർക്കത്തിലേർപ്പെടേണ്ടി വരുന്നത് ഒന്ന് സങ്കൽപ്പിച്ചുനോക്കൂ. നിങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരിക്കും?

- ആശയവിനിമയത്തിലെ പ്രശ്നങ്ങൾ
- ഭക്ഷണത്തിലെ പ്രശ്നങ്ങൾ
- .....
- .....

ഈ അപരിചിതമായ ചുറ്റുപാടിൽ അനുഭവിക്കേണ്ടിവരുന്ന വൈകാരികസംഘർഷങ്ങളെയാണ് സംസ്കാരാഘാതം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇത് ഒരു വ്യക്തിയിൽ അന്യവൽക്കരണവും ഭീതിയും ജനിപ്പിച്ചേക്കാം. അപരിചിതമായ ഒരു സാംസ്കാരികസാഹചര്യത്തെ ആദ്യമായി അഭിമുഖീകരിക്കേണ്ടിവരുമ്പോൾ വ്യക്തിക്ക് അനുഭവപ്പെടുന്ന മാനസികവും സാമൂഹികവുമായ പൊരുത്തക്കേടിനെ സംസ്കാരാഘാതം എന്നു പറയാം. ഉദാഹരണമായി, പാമ്പിന്റെ



നരവംശശാസ്ത്രജ്ഞർക്ക് സംസ്കാരാഘാതം ഉണ്ടായിട്ടുണ്ടോ?

പഴുത്തതും ചീഞ്ഞതുമായ മാങ്ങ, വാഴപ്പഴം, പാഷൻ ഫ്രൂട്ട് എന്നിവയുടെ ഗന്ധവും ഈച്ചകളുടെ മൂളലുമാണ് ബഹിയ സമുദായത്തിൽ ആദ്യം എന്റെ ശ്രദ്ധയാകർഷിച്ചത്. അതൊന്നും എനിക്ക് മുൻപരിചയമില്ലായിരുന്നു. അരി,കറുത്ത പയർ, തിരിച്ചറിയാൻ കഴിയാത്ത മാംസം, പൊങ്ങിക്കിടക്കുന്ന തോൽ എന്നിവയുടെ ഒരു അപൂർവമിശ്രിതം....തക്കാളിയും പോത്തിന്റെ നാവും ചേർത്തുണ്ടാക്കിയ ഒരു "ഓട്ട് മീൽ സൂപ്പ്" ഞാനിപ്പോഴും ഓർക്കുന്നു.....കണ്ണ് മുറിച്ചുമാറ്റിയിട്ടില്ലാത്ത, അഴുകിത്തുടങ്ങിയ ഒരു മീൻതലയായിരുന്നു ഒരു ഭക്ഷണത്തിൽ. അതെന്നെ തുറിച്ചുനോക്കുന്നു.....സാവധാനം ആ ഗന്ധവും സ്വാദും ഒച്ചയും എനിക്ക് പരിചിതമായിത്തുടങ്ങി.

ഉറവിടം: കോർണാട് കോട്ടാക്ക് ഫിലിപ്പ് അസൗൾ ഓൺ പാരഡൈസ്: സോഷ്യൽ ചെയ്ഞ്ച് ഇൻ എ ബ്രസീലിയൻ വില്ലേജ് (1999)

മാംസം ഒരു സാധാരണ ഭക്ഷണരീതിയായി കരുതുന്ന സംസ്കാരത്തിൽ അത്തരം ഭക്ഷണം ഉപയോഗിക്കാത്ത ഒരാൾ ജീവിക്കാൻ നിർബന്ധിതനാവുമ്പോൾ അയാൾക്കഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധിയെ സംസ്കാരാഘാതമായി കണക്കാക്കാം. സ്വസംസ്കാരകേന്ദ്രിതത്വമുള്ളവർക്ക് സംസ്കാരാഘാതം കൂടുതലായി അനുഭവിക്കേണ്ടിവരും. എന്നാൽ സാംസ്കാരിക- ആപേക്ഷികതാമനോഭാവമുള്ളവർക്ക് ഇത്തരം സാഹചര്യങ്ങളുമായി എളുപ്പത്തിൽ പൊരുത്തപ്പെടാനും സംസ്കാരാഘാതത്തിൽനിന്ന് ഒഴിവാകാനും കഴിയും.

സാംസ്കാരികാപേക്ഷികതാസമീപനത്തോടെ മറ്റു സംസ്കാരങ്ങളിൽ പര്യവേക്ഷണം നടത്തുന്ന നരവംശശാസ്ത്രജ്ഞർക്ക് സംസ്കാരാഘാതം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.



നിങ്ങൾക്ക് എപ്പോഴെങ്കിലും സംസ്കാരാഘാതം അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടോ? കുറിപ്പ് തയാറാക്കുക.

കഴിഞ്ഞ ദശാബ്ദത്തിൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാങ്കേതികവിദ്യയുടെ പുരോഗതിയുണ്ടായിട്ടുണ്ട്. പ്രായമായവർക്കുപോലും ഇത്തരം സാങ്കേതികവിദ്യകളോട് വൈമുഖ്യം പുലർത്താൻ കഴിയില്ല. മൊബൈൽഫോൺ, ഇന്റർനെറ്റ്, ഗതാഗതം തുടങ്ങിയ ആധുനികസൗകര്യങ്ങൾ ജീവിതത്തെ കുറച്ചുകൂടി സുഖപ്രദമാക്കിത്തീർത്തു. എങ്കിലും തങ്ങളുടെ പരമ്പരാഗതമായ വിശ്വാസങ്ങൾ മാറ്റാൻ ചില ആളുകൾ തയാറാവുന്നില്ല. ഉദാഹരണമായി, രോഗം വരുത്തുന്നതിൽ പ്രകൃത്യതീതശക്തികൾക്ക് സ്ഥാനമുണ്ടെന്ന വിശ്വാസം മാറ്റാൻ ചില വിഭാഗം ജനങ്ങൾ മടികാണിക്കുന്നു. എന്തുകൊണ്ടാണിങ്ങനെ? ഭൗതികേതരസംസ്കാരത്തിനുണ്ടാകുന്ന മാറ്റങ്ങൾ ഭൗതികസംസ്കാരവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ സാവധാനമായാണ് നടക്കുന്നതെന്നാണ് നരവംശശാസ്തജ്ഞരുടെ അഭിപ്രായം.

സംസ്കാരമാന്ദ്യം (Culture lag)

'സോഷ്യൽ ചെയ്ഞ്ച്' എന്ന പുസ്തകത്തിലാണ് ഡബ്ല്യു.എഫ്. ഓഗ്ബേൺ 'സംസ്കാരമാന്ദ്യം' എന്ന ആശയം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭൗതികേതര സംസ്കാരത്തിന്റെ ഭാഗമായ വിശ്വാസങ്ങൾ, മൂല്യങ്ങൾ, സദാചാരങ്ങൾ എന്നിവയെ അപേക്ഷിച്ച് ഭൗതിക സംസ്കാരം വളരെ പെട്ടെന്നു മാറ്റങ്ങൾക്കു വിധേയമാകുന്നു. ഭൗതികസംസ്കാരത്തിന്റെയും ഭൗതികേതരസംസ്കാരത്തിന്റെയും മാറ്റത്തിന്റെ നിരക്കിലുണ്ടാകുന്ന അന്തരമാണ് സംസ്കാരമാന്ദ്യം. സയൻസിലും സാങ്കേതികവിദ്യയിലും ഉണ്ടായിട്ടുള്ള പുരോഗതികൊണ്ട് നമ്മുടെ ഭൗതിക സംസ്കാരം ത്വരിതഗതിയിൽ മാറിയിട്ടുണ്ട്. നമ്മൾ റെയിൽവേ, റോഡ്, വിമാനത്താവളം, ഡാമുകൾ, വലിയ കെട്ടിടങ്ങൾ എന്നിവയൊക്കെ നിർമിക്കുകയും ആധുനികസാങ്കേതികവിദ്യയുടെ ഒരു തുറന്നലോകം തന്നെ ഇന്ന് നമ്മുടെ മുമ്പിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഭൗതികസംസ്കാരത്തിന്റെ പല ഘടകങ്ങളും പാശ്ചാത്യരാജ്യങ്ങളിൽനിന്ന് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്. ഇന്ന് മറ്റേത് പാശ്ചാത്യനഗരങ്ങളോടും കിടപിടിക്കത്തക്ക വളർച്ച ഭൗതികസംസ്കാരത്തിൽ ഇന്ത്യൻ നഗരങ്ങൾക്കുണ്ട്. കല, വസ്ത്രം,വിനോദം, ഭക്ഷണം, ഉപകരണം എന്നീ മേഖലകളിൽ ത്വരിതഗതിയിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും മതവിശ്വാസങ്ങൾ, സാംസ്കാരിക മൂല്യങ്ങൾ എന്നിവയിലുള്ള മാറ്റത്തിന്റെ ഗതി വളരെ സാവധാനമാണ്. ഈ രണ്ടു സാംസ്കാരികതലങ്ങളിലുമുള്ള മാറ്റങ്ങളുടെ അന്തരമാണ് സംസ്കാരമാന്ദ്യം.

പഠനപുരോഗതി വിലയിരുത്താം

1. കോളം എ, ബി എന്നിവ യോജിച്ച രീതിയിൽ ചേർത്തെഴുതുക.

A	B
സംസ്കാരത്തിന്റെ ദൃശ്യമായ തലങ്ങൾ	സംസ്കാര ഘടകങ്ങൾ
സംസ്കാരത്തിന്റെ പ്രവർത്തനക്ഷമമായ ഏറ്റവും ചെറിയ ഘടകം	സാംസ്കാരികാപേക്ഷികത
ഒരു സംസ്കാരത്തിലെ വിശ്വാസങ്ങൾ, മൂല്യങ്ങൾ, സദാചാരനിയമങ്ങൾ	സ്വസംസ്കാരാർ-ജനം
സ്വസംസ്കാരമാണ് ഏറ്റവും മഹത്തായത് എന്നു കരുതുന്നു.	സംസ്കാര ശോഷണം
ഒരു കുട്ടി ബന്ധുത്വസംജ്ഞാപദങ്ങൾ പഠിക്കുന്നു.	സ്വസംസ്കാര കേന്ദ്രിതത്വം
സമ്പദ്വ്യവസ്ഥ വികസിച്ചെങ്കിലും സ്ത്രീകളുടെ പദവിയിൽ കാര്യമായ മാറ്റം സംഭവിച്ചില്ല.	ഭൗതികേതര സംസ്കാരം
ഓരോ സംസ്കാരത്തിനും തനതായ മൂല്യങ്ങളുണ്ട്.	ഭൗതികസംസ്കാരം
സാംസ്കാരികസമ്പർക്കം മൂലം ഗോത്രവർഗങ്ങൾക്ക് അവരുടെ യഥാർഥസംസ്കാരം നഷ്ടപ്പെട്ടു.	സംസ്കാര മാന്ദ്യം

2. ഒറ്റപ്പെട്ടത് കണ്ടെത്തി ന്യായീകരിക്കുക.
   കുടുംബം, രാഷ്ട്രീയപ്പാർട്ടി, വിദ്യാർഥിസംഘടന, തൊഴിലാളിസംഘടന.
3. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നു സംസ്കാരസഞ്ചയം, സങ്കീർണത എന്നിവയുടെ ജോടി കണ്ടെത്തുക.
   (അച്ഛൻ, കൃഷി, പ്രാർഥന, ബ്ലാക്ക്ബോർഡ്, സ്കൂൾ, അരിവാൾ, മതം, കുടുംബം)



ചിത്രം 2.4 തേനീച്ചകളുടെയും ഉറുമ്പുകളുടെയും സമൂഹം

സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രത്തിന്റെ കേന്ദ്രപ്രമേയമായ 'സംസ്കാര'ത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെട്ടല്ലോ. ഇതിലെ മറ്റൊരു പ്രധാനാശയമാണ് 'സമൂഹം'. സമൂഹം എന്ന ആശയത്തിന് പല സാഹചര്യങ്ങളിലും പല അർഥങ്ങളാണുള്ളത്. ഗോത്രസമൂഹം, കേരളസമൂഹം, നഗരസമൂഹം, ക്ഷീരോൽപ്പാദകസംഘം, ഗിരിജൻ സഹകരണസംഘം തുടങ്ങി പല തരത്തിലുള്ള സമൂഹങ്ങളെക്കുറിച്ച് മുൻക്ലാസുകളിൽ നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ. സമൂഹം മനുഷ്യന് മാത്രം ഉള്ളതാണോ? ഉറുമ്പ്, തേനീച്ച, ചെന്നായ്ക്കൾ എന്നിവയ്ക്കും സമൂഹമുണ്ട്. മറ്റു ജീവികളുടെ സമൂഹങ്ങളും മനുഷ്യസമൂഹവും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്? നിത്യജീവിതത്തിൽ സമൂഹം

എന്ന പദം, അതിന്റെ യഥാർഥ അർഥമറിയാതെ, പല സാഹചര്യങ്ങളിലും നമ്മൾ ഉപയോഗിക്കാറുണ്ട്. സമൂഹം എന്ന ആശയത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ നമുക്കു വിലയിരുത്താം.

IV. സമൂഹം എന്ന ആശയം : അർഥവും നിർവചനവും (Concept of Society: Meaning and Definition)

വ്യക്തികൾ ചേർന്നതാണ് സമൂഹം. പരസ്പരം പങ്കുവയ്ക്കപ്പെടുന്ന പെരുമാറ്റരീതികളുടെ അടിസ്ഥാനത്തിലാണ് വ്യക്തികൾ ബന്ധപ്പെട്ടിരിക്കുന്നത്. വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധങ്ങളുടെ ഒരു ശൃംഖല തന്നെ സമൂഹത്തിൽ നിലനിൽക്കുന്നു. ഈ സാമൂഹികബന്ധങ്ങളും സാമൂഹികവ്യവഹാരങ്ങളുമാണ് സമൂഹത്തിന്റെ ആണിക്കല്ല്. പങ്കുവയ്ക്കപ്പെടുന്ന വിശ്വാസങ്ങൾ, മൂല്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധപ്പെടുന്ന ആളുകൾ ചേർന്നതാണ് സമൂഹം. അവരുടെ വ്യവഹാരരീതിയാണ് സംസ്കാരം.

പരസ്പരം പങ്കുവയ്ക്കപ്പെടുന്ന വ്യവഹാരരീതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെടുന്നതിനാൽ ഉറുമ്പുകളുടെയും തേനീച്ചകളുടെയും സംഘംചേരലിനെയും സമൂഹമെന്നു പറയാം. എന്നാൽ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, പ്രത്യുൽപ്പാദനം എന്നീ സഹജവാസനകളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് മൃഗങ്ങൾക്കിടയിലുള്ള സമൂഹം.

പ്രത്യുൽപ്പാദനത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യസമൂഹത്തിൽ പുതിയ അംഗങ്ങൾ ഉണ്ടാകുന്നത്. എന്നാൽ ചില അപൂർവസാഹചര്യങ്ങളിൽ ദത്തെടുക്കൽ, അടിമകളാക്കൽ, കുടിയേറ്റം, കീഴടക്കൽ എന്നിവയിലൂടെയും ആളുകളെ സമൂഹത്തിന്റെ ഭാഗമാക്കാറുണ്ട്.

എന്നാൽ, തൊഴിൽസംഘങ്ങളായ സഹകരണസംഘങ്ങൾ, തൊഴിലാളിസഹകരണസംഘങ്ങൾ തുടങ്ങിയവയിൽ പുതിയ ആളുകൾക്ക് അംഗത്വം നൽകുന്നത് അവരുടെ ജനനത്തിന്റെ അടിസ്ഥാനത്തിലല്ല. ചില പ്രത്യേക പ്രഖ്യാപിതലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു ചേരുന്ന വ്യക്തികളാണ് ഇത്തരം സംഘങ്ങളിലുള്ളത്.


മനുഷ്യസമൂഹത്തിന്റെ പ്രധാന സവിശേഷതകൾ താഴെ കൊടുത്ത രീതിയിൽ ചുരുക്കിപ്പറയാം.

മനുഷ്യസമൂഹത്തിന്:

- കൃത്യമായ അതിർത്തിയുണ്ട്.
- സംസ്കാരമുണ്ട്.
- സ്വതന്ത്രവും സ്ഥിരവും സംയോജിതവുമായ ഒരു ജന്തുവിഭാഗമാണ്.
- പ്രത്യുൽപ്പാദനത്തിലൂടെയാണ് പുതിയ ആളുകളെ ഉൾപ്പെടുത്തുന്നത്.
- സാമൂഹികബന്ധങ്ങളുടെ ഒരു ശൃംഖലയാണ് സമൂഹമെന്ന് മാക് ഐവറും പേജും പറയുന്നു.
- റാൽഫ് ലിന്റന്റെ അഭിപ്രായത്തിൽ സമൂഹം സംഘടിതരായ വ്യക്തികളുടെ കൂട്ടമാണ്. ഒരു പ്രത്യേക സമൂഹത്തിന്റെ ആർജിത പ്രതികരണങ്ങളുടെയും സ്വഭാവങ്ങളുടെയും സംഘടിതരൂപമാണ് അതിന്റെ സംസ്കാരം.
- എസ്.എഫ്. നാഡലിന്റെ അഭിപ്രായത്തിൽ ജനങ്ങളുടെ ജീവിതരീതിയാണ് ഒരു സമൂഹത്തിന്റെ സംസ്കാരം. എന്നാൽ ഒരു പ്രത്യേക ജീവിതരീതി പിന്തുടരുന്ന പരസ്പരബന്ധമുള്ള സംഘടിതരായ ആളുകളുടെ കൂട്ടമാണ് സമൂഹം.
- ചിട്ടയായ വ്യവഹാരരീതികളാണ് എല്ലാ സമൂഹങ്ങളെയും നയിക്കുന്നത്.

സമൂഹവും സംസ്കാരവും (Society and Culture)

സമൂഹം, സംസ്കാരം എന്നീ പദങ്ങൾ പലപ്പോഴും പരസ്പരപൂരകങ്ങളായി ഉപയോഗിക്കാറുണ്ട്. ലളിതമായ ഭാഷയിൽ പറഞ്ഞാൽ, വ്യക്തികൾ ചേർന്ന് സമൂഹമുണ്ടാവുന്നു. ആ ജനങ്ങളുടെ വ്യവഹാരരീതിയാണ് സംസ്കാരം. സമൂഹമെന്നത് ഒരു സംസ്കാരമല്ല. പക്ഷേ, അതിന് ഒരു സംസ്കാരമുണ്ട്. സംസ്കാരമെന്നത് സമൂഹത്തിന്റെ ഉൽപ്പന്നമാണ് എന്നു പറയാം. മനുഷ്യർ പരസ്പരം പങ്കുവയ്ക്കുന്ന അറിവ്, അർഥങ്ങൾ എന്നിവ കൂടാതെ ഭൗതികതലങ്ങളും സംസ്കാരത്തിൽ ഉൾപ്പെടുന്നു. സമൂഹവും സംസ്കാരവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്. ബ്രിട്ടിഷ്പാരമ്പര്യത്തിലെ സാമൂഹനരവംശശാസ്ത്രവും അമേരിക്കൻപാരമ്പര്യത്തിലെ സാംസ്കാരികനരവംശശാസ്ത്രവും ഉടലെടുത്തത് സമൂഹം, സംസ്കാരം എന്നീ ആശയങ്ങൾക്ക് അവർ നൽകിയ പ്രാധാന്യത്തിലുള്ള വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് നിങ്ങൾ മുമ്പ് മനസ്സിലാക്കിയിട്ടുണ്ടല്ലോ.



സമൂഹം, സംസ്കാരം എന്നീ ആശയങ്ങളെ വേർതിരിക്കുന്ന ഒരു ചാർട്ട് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.


സമൂഹം, സമുദായം എന്നീ പദങ്ങൾ പലപ്പോഴും സമാനാർഥത്തിൽ ഉപയോഗിച്ചു വരാറുണ്ട്. ഉദാഹരണമായി, ഇന്ത്യൻ സമൂഹം/സമുദായം, ചൈനീസ് സമൂഹം/സമുദായം മുതലായവ. ഈ രണ്ടുവാക്കുകളും പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും അവ സ്പഷ്ടമായ വ്യത്യാസങ്ങളുള്ള ആശയങ്ങളാണ് പ്രതിനിധാനം ചെയ്യുന്നത് . സമൂഹം എന്ന ആശയം വളരെ വിശാലമായതും സമുദായം എന്നത് നിയന്ത്രിതമായ മേഖലകൾ ഉൾക്കൊള്ളുന്നതുമാണ്. ഉദാഹരണമായി, അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഇന്ത്യൻസമൂഹം എന്ന് നമ്മൾ പറയാറുണ്ട്. എന്നാൽ ഇന്ത്യയിലെ മൊത്തം സമൂഹത്തെയാണ് യഥാർഥത്തിൽ ഇന്ത്യൻസമൂഹം എന്നു പറയുന്നത്.

സമുദായം (Community)

ഒന്നിച്ചുള്ള ജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങൾ പങ്കുവയ്ക്കപ്പെടുന്ന ചെറുതോ വലുതോ ആയ ആളുകളുടെ കൂട്ടമാണ് സമുദായം എന്നാണ് മാക് ഐവർ, പേജ് എന്നിവർ അവകാശപ്പെടുന്നത്. ഓരോ സമുദായത്തിനും ഒരു പ്രത്യേകസംസ്കാരം തന്നെയുണ്ട്. സമുദായത്തിലുള്ള അംഗത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ വ്യക്തിയും തങ്ങളുടെ അസ്തിത്വം രൂപീകരിക്കുന്നത്. ജാതിയും ഗോത്രവും സമുദായത്തിനുദാഹരണങ്ങളാണ്. ഗോത്രവർഗങ്ങളെപ്പോലുള്ള ചില സമുദായങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകരിക്കുകയും പൊതുവായ പ്രകൃതി -സാമ്പത്തിക വിഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നു. ചിന്തയിലും പ്രവർത്തനങ്ങളിലും വൈകാരികമായ ഒരുമ പുലർത്തുന്നവരാണ് ഒരു പ്രത്യേക സമുദായമായി നിലനിൽക്കുന്നവർ.



സമൂഹം, സമുദായം എന്നീ ആശയങ്ങളെ വേർതിരിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.



ചില നിയമങ്ങളും വഴക്കങ്ങളും പാലിച്ചുകൊണ്ടാണ് നിങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പെരുമാറേണ്ടിവരുന്നത്. അതുപോലെ, സമൂഹത്തിലെ ഒരു വ്യക്തിയെന്ന നിലയിൽ സാമൂഹികമൂല്യങ്ങളും കീഴ്വഴക്കങ്ങളും നിങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. കുടുംബം, വിവാഹം, മതം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളിലൂടെയാണ് സമൂഹം ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ നടപ്പാക്കുന്നത്.

സാമൂഹികസ്ഥാപനങ്ങൾ (Social Institutions)

വ്യക്തമായ, പൊതുരൂപമുള്ളചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്ന പല മേഖലകളും തലങ്ങളും ഒരു സംസ്കാരത്തിലുണ്ട്. അവയാണ് സാമൂഹികസ്ഥാപനങ്ങൾ എന്ന് അറിയപ്പെടുന്നത്. റാഡ്ക്ലിഫ് ബ്രൗണിന്റെ അഭിപ്രായത്തിൽ, സാമൂഹികാംഗീകാരമുള്ള വ്യവഹാരരീതികളാണ് സാമൂഹികസ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത്. സമൂഹത്തിലെ വഴക്കങ്ങളും മൂല്യങ്ങളുമാണ് ഇവയെ നിയന്ത്രിക്കുന്നത്.



കുടുംബം ഒരു സാമൂഹികസ്ഥാപനമാണ്. വ്യത്യസ്തമായ പെരുമാറ്റച്ചട്ടങ്ങളാണ് സമൂഹത്തിലെ വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നത്. ഈ നിയമങ്ങളിൽനിന്നു വ്യക്തികളെ വ്യതിചലിക്കാൻ അനുവദിക്കുന്നില്ല. സമൂഹത്തിൽ വ്യക്തികൾക്കുള്ള പദവിയും കടമകളും നിയന്ത്രിക്കുന്നതും സ്ഥാപനവൽക്കരിക്കപ്പെട്ട ഇത്തരം പെരുമാറ്റരീതികളാണ്. വിവാഹം, സാമ്പത്തിക സംഘാടനം, രാഷ്ട്രീയസംഘാടനം, ബന്ധുത്വം, മതം തുടങ്ങിയവയെല്ലാം സാമൂഹികസ്ഥാപനങ്ങളിൽപ്പെടുന്നു.

കുടുംബം, വിവാഹം, ബന്ധുത്വം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളെ സംസ്കാരത്തിന്റെ സാർവത്രികമായ ഘടകങ്ങൾ എന്ന നിലയിലാണ് നരവംശശാസ്ത്രജ്ഞർ മനസ്സിലാക്കുന്നത്. ഒരു സമൂഹത്തിന്റെ സംസ്കാരം മനസ്സിലാക്കുന്നതിന് അവിടെ നിലനിന്നിരുന്ന സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും അവ തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ചും പഠിക്കേണ്ടതുണ്ട്. പരസ്പരബന്ധിതവും പരസ്പരസംയോജിതവുമാണ് ഈ സാമൂഹികസ്ഥാപനങ്ങൾ.

ഇത്തരം സാമൂഹികസ്ഥാപനങ്ങളെക്കൂടാതെ വ്യത്യസ്ത തരത്തിലുള്ള കൂട്ടങ്ങളെയും ഒരു സമൂഹത്തിൽ കാണാൻ കഴിയും. അവയിലൊന്നാണ് സംഘടന.

സംഘടന (Association)

- സംഘടനകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
- നിങ്ങൾ ഏതെങ്കിലും സംഘടനയിലെ അംഗമാണോ?

ഉദാ: കുട്ടികളുടെ സംഘടന, പൂർവവിദ്യാർഥി സംഘടന, പോലീസ് സംഘടന, അധ്യാപക സംഘടന തുടങ്ങിയവ.

മൈസൂറിലെ മലയാളിസമാജം ആവശ്യഘട്ടങ്ങളിൽ അവിടെയുള്ള മലയാളികളെ സഹായിക്കുന്നു. അവരുടെ തനത് സംസ്കാരം നിലനിർത്തുന്നതിനായി കേരളത്തിലെ ഉത്സവങ്ങൾ ആഘോഷിക്കാൻ അവർ മുൻകൈയെടുക്കുന്നു.

അറബ് രാജ്യങ്ങളിലുള്ള കല KALA (കേരള ആർട്ട് ലവേഴ്സ് അസോസിയേഷൻ) അവിടെയുള്ള മലയാളികളെ ഒന്നിപ്പിക്കാനും കേരളത്തിലെ കലയും സംസ്കാരവും ജനപ്രിയമാക്കാനും ശ്രമിക്കുന്നു.

സംഘടന എല്ലാംതന്നെ ചില പ്രത്യേക പ്രഖ്യാപിതലക്ഷ്യങ്ങൾക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളവയാണ്. പ്രത്യേക ലക്ഷ്യത്തിനോ ലക്ഷ്യങ്ങൾക്കോ രൂപീകരിക്കപ്പെട്ട ആളുകളുടെ കൂട്ടത്തെ നമുക്ക് സംഘടന എന്നു പറയാം. അവ പലപ്പോഴും ചെറുതും പ്രാദേശികവും ആയിരിക്കും. കുടുംബം, വിവാഹം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളിലൂടെ നിറവേറ്റാൻ പറ്റാത്ത ആവശ്യങ്ങൾ സംഘടനയിലൂടെയാണ് അംഗങ്ങൾ നിറവേറ്റുന്നത്. ഒരു സംഘടനയിലെ അംഗങ്ങൾക്ക് പെരുമാറ്റത്തിന് വ്യക്തമായ മാർഗനിർദേശങ്ങളുണ്ടാവും. താഴെ പറയുന്നവയാണ് സംഘടനയുടെ സവിശേഷതകൾ.

- പ്രത്യേക ലക്ഷ്യങ്ങൾക്കായി രൂപീകരിച്ചവയാണ് സംഘടനകൾ.
- അംഗത്വം നിർബന്ധമില്ല.
- ഇത് ഒരു താൽക്കാലികമായ കൂട്ടമാണ്. ലക്ഷ്യം നിറവേറ്റിയാൽ പിരിച്ചുവിടപ്പെടാം.
- ഇത് ഒരു പ്രത്യേക സ്ഥലത്തിനുള്ളിൽ നിയന്ത്രിക്കപ്പെടുന്നതല്ല.
- അംഗങ്ങൾക്കെല്ലാം പൊതുവായ പെരുമാറ്റച്ചട്ടമുണ്ടായിരിക്കും.
- ആധുനികകാലഘട്ടത്തിൽ വ്യക്തികളുടെയും സംഘങ്ങളുടെയും അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ഒരു അനുകൂലനമാർഗമാണ് സംഘടനകൾ.


സമൂഹം, സമുദായം, സാമൂഹികസ്ഥാപനം, സംഘടന എന്നിവ വേർതിരിച്ചറിയുന്നതിനുള്ള ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കുക.



സംഘം (Group)

സംഘടനകൾപോലെത്തന്നെ, പൊതുതാൽപ്പര്യമുള്ള ആളുകൾ ഒത്തുചേർന്ന് ചില സംഘങ്ങൾ രൂപീകരിക്കാറുണ്ട്. സംഘടനകൾ ഇത്തരം സംഘങ്ങളിൽനിന്നു വ്യത്യസ്തമാണ്.
നിങ്ങൾ അംഗങ്ങളായുള്ള സംഘങ്ങളുടെ പേരെഴുതുക.

- കളിക്കൂട്ടുകാർ (ക്രിക്കറ്റ്, ഫുട്ബോൾ, ടെന്നിസ്...)
- കുടുംബം
-
-
-



എസ്. എഫ്. നാഡലിന്റെ അഭിപ്രായത്തിൽ, വ്യവസ്ഥിതവും താരതമ്യേന സ്ഥിരവുമായ ബന്ധങ്ങൾ നിലനിർത്തുന്ന ആളുകളുടെ കൂട്ടമാണ് സംഘം (1951).

ചില സംഘങ്ങൾ അംഗങ്ങൾ തമ്മിൽ മുഖാമുഖമുള്ള ബന്ധം പുലർത്തുന്നതായിരിക്കും. ഇങ്ങനെയുള്ള സംഘത്തെ പ്രാഥമികസംഘം (Primary group) എന്നു പറയുന്നു. കുടുംബം, പ്രാദേശികക്ലബ്ബ്, കളിക്കൂട്ടം, ഗോത്രവർഗവാസസ്ഥലം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.


എന്നാൽ താരതമ്യേന ഉയർന്ന ഉദ്യോഗം, രാഷ്ട്രീയബന്ധങ്ങൾ, തൊഴിൽശാലകളിലെ ജോലി എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സംഘമാണ് ദ്വിതീയസംഘം (Secondary Group). വ്യക്തിപരമല്ലാത്തതും ഔപചാരികവുമായ ബന്ധങ്ങളാണ് അവർ നിലനിർത്തുന്നത്. അതിലെ അംഗങ്ങളെല്ലാം പരസ്പരം വ്യക്തിപരമായി അറിയണമെന്നില്ല. പ്രത്യേക ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ സംഘങ്ങളിൽ അംഗമാകുന്നത്. തൊഴിൽ സംഘങ്ങൾ, രാഷ്ട്രീയസംഘങ്ങൾ, മതസംഘങ്ങൾ തുടങ്ങിയവ ദ്വിതീയസംഘങ്ങൾക്കുദാഹരണങ്ങളാണ്.

ബന്ധങ്ങളുടെ അടിസ്ഥാനത്തിലും നമുക്ക് സംഘങ്ങളെ തരംതിരിക്കാം. സംഘത്തിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം വിവാഹം, രക്തബന്ധം എന്നിവ വഴിയാണെങ്കിൽ അതിനെ ബന്ധുത്വ സംഘങ്ങൾ (Kin Groups) എന്നു പറയുന്നു. കുടുംബം, തറവാട്, കുലം എന്നിവ ബന്ധുത്വ സംഘങ്ങളാണ്.

പലതരത്തിലുള്ള സാമൂഹികകൂട്ടായ്മകളിൽ വച്ച് ഏറ്റവും സാർവത്രികവും സ്ഥിരവുമായ ഒരു സംഘമായിട്ടാണ് കുടുംബത്തെ എല്ലാവരും കണക്കാക്കുന്നത്. കുടുംബം, തറവാട്, ജാതി, മതം തുടങ്ങിയ സംഘങ്ങളിൽ അംഗമായിത്തീരുന്ന ഒരാൾക്ക് അതേസമയം മറ്റനേകം സംഘങ്ങളിലും അംഗമാകാവുന്നതാണ്.

ഈ പരസ്പരബന്ധമാണ് സമൂഹത്തെ നിലനിർത്തുന്നത്. സമൂഹത്തിന്റെ പ്രവർത്തനമെന്നത് അതിലെ സാമൂഹികസ്ഥാപനങ്ങളുടെയും സംഘടനകളുടെയും സംഘങ്ങളുടെയും പ്രവർത്തനങ്ങൾകൂടിയാണ്.

മുകളിൽക്കൊടുത്ത ചാർട്ട് വിശകലനം ചെയ്ത് നിങ്ങളുടെ അനുമാനങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. സാമൂഹികസ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ തമ്മിലുള്ള വ്യത്യാസമെഴുതുക.
2. താഴെ കൊടുത്ത പട്ടിക സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ പൂരിപ്പിക്കുക.

സമൂഹം	സംസ്കാരം
.....	.....
.....	.....

V. പദവിയും കടമയും (Status and Role)

ഒരു സംഘടനയിലെയോ സംഘത്തിലെയോ സ്ഥാപനത്തിലെയോ അംഗമായിരിക്കുന്ന ഒരു വ്യക്തിക്ക് ആ സംഘത്തിൽ ഒരു സ്ഥാനമുണ്ടായിരിക്കും. അയാളുടെ സ്ഥാനത്തിനനുസരിച്ച് ചില കടമകൾ നിറവേറ്റേണ്ടതായിട്ടുണ്ട്. സാമൂഹികബന്ധങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് വ്യക്തികൾക്ക് പല സംഘങ്ങളിലും കൽപ്പിച്ചിരിക്കുന്ന പദവി, കടമ എന്നിവ വിലയിരുത്തേണ്ടതുണ്ട്.

നിങ്ങൾക്ക് നിങ്ങളുടെ വീടുകളിൽ നിർവഹിക്കാനുള്ള കടമകൾ എന്തൊക്കെയാണ്? എന്നാൽ നിങ്ങൾ വിദ്യാലയത്തിലെത്തുമ്പോൾ അവിടത്തെ സാഹചര്യങ്ങൾക്കനുസരിച്ച് നിങ്ങളുടെ പദവിയും മാറുന്നില്ലേ? സാഹചര്യങ്ങളും സ്ഥാനങ്ങളും മാറുന്നതിനനുസരിച്ച് നിങ്ങളുടെ കടമകളിലും അവകാശങ്ങളിലും മാറ്റം സംഭവിക്കുന്നുണ്ടെന്നല്ലേ ഇത് വ്യക്തമാക്കുന്നത്?


സമൂഹത്തിൽ ഒരു വ്യക്തിക്കുള്ള സ്ഥാനമാണ് അയാളുടെ പദവി. പദവിക്കനുസരിച്ച് ഒരു വ്യക്തി നിർവഹിക്കേണ്ട കടമകളാണ് പങ്ക്. ഒരു വ്യക്തിയുടെ പദവിയാണ് അയാൾ നിർവഹിക്കേണ്ട കടമകൾ നിർണയിക്കുന്നുണ്ട്. വീട്ടിൽ ഒരാൾ അച്ഛനോ അമ്മയോ മകനോ മകളോ സഹോദരനോ ഭർത്താവോ ആകാം. വീടിനുപുറത്ത് അയാൾ ഒരു ജോലിക്കാരനോ ഓഫീസറോ കൂലിപ്പണിക്കാരനോ ആകാം. ഇത്തരത്തിലുള്ള ഓരോ പദവിക്കും വ്യക്തമായി നിർവചിക്കപ്പെട്ട അവകാശങ്ങളും ചുമതലകളുമുണ്ട്.

പദവികൾ പലതരത്തിലുള്ള ശ്രേണികൾ സൃഷ്ടിക്കുന്നുണ്ട്. അതായത്, മറ്റുള്ളവരെയപേക്ഷിച്ച് ഒരു വ്യക്തിക്ക് പ്രത്യേക മഹിമയുണ്ട് എന്ന അർഥംകൂടി ഈ ശ്രേണി വ്യക്തമാക്കുന്നു. ഉദാഹരണമായി, ഒരു ഗ്രൂപ്പിൽ ആ ഗ്രൂപ്പിന്റെ നേതാവിന്റെ സ്ഥാനം മറ്റുള്ളവരെയപേക്ഷിച്ച് ഉയർന്ന തലത്തിലായിരിക്കും. അതുപോലെ, വിദ്യാലയങ്ങളിൽ പ്രിൻസിപ്പലിന്റെയും കുട്ടികളുടെയും പദവിയിലും മാറ്റമുണ്ട്.

പദവിയില്ലാത്ത പങ്കോ പങ്ക് ഒന്നുമില്ലാത്ത പദവിയോ ഇല്ല. ഓരോ പദവിക്കും വ്യക്തമായി നിർവചിക്കപ്പെട്ട പങ്കുണ്ട്. ഒരാളുടെ സാമൂഹികപദവിയിൽനിന്നു പ്രതീക്ഷിക്കുന്ന അയാളുടെ കടമകളാണ് പങ്ക് അഥവാ റോൾ.

ജന്മസിദ്ധപദവിയും ആർജിതപദവിയും (Ascribed status and Achieved status)

രണ്ടുതരത്തിലുള്ള പദവികളാണ് പൊതുവെയുള്ളത്. ഒന്ന്, ഒരു വ്യക്തി ജനിക്കുമ്പോൾതന്നെ ലഭ്യമാകുന്നതും മറ്റൊന്ന് സ്വപ്രയത്നം കൊണ്ട് അയാൾ നേടിയെടുക്കേണ്ടതും. ജനനത്തിലൂടെത്തന്നെ വ്യക്തിക്കു ലഭിക്കുന്ന പദവിയാണ് ജന്മസിദ്ധപദവി. ഉദാ. പ്രായം, ജാതി, മതം, ലിംഗം, വംശം, ബന്ധുത്വം തുടങ്ങിയവ. എന്നാൽ വ്യക്തിപരമായ കഴിവ്, നേട്ടങ്ങൾ, തിരഞ്ഞെടുപ്പ് എന്നിവയിലൂടെ ഒരു വ്യക്തി നേടിയെടുക്കുന്ന സ്ഥാനത്തെയാണ് ആർജിതപദവി എന്നു പറയുന്നത്. ഉദാ. ഡോക്ടർ, വിദ്യാർഥി, കർഷകൻ....



ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ സ്ത്രീകൾക്ക് താരതമ്യേന ഉയർന്ന സാമൂഹികപദവിയാണുള്ളത്. അതിനു പല കാരണങ്ങളുമുണ്ട്. സ്ത്രീകളുടെ പദവിയിലുള്ള മാറ്റം അവരുടെ കടമകളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് ഒരു ചർച്ചക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. വിദ്യാലയത്തിന്റെ തലവനും കുടുംബനാഥനും ആർട്സ് ക്ലബ്ബിന്റെ ചുമതലസ്ഥാനം വഹിക്കുന്നയാളുമായ നിങ്ങളുടെ അധ്യാപകന്റെ പദവികളും പങ്കും കാണിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.
2. രണ്ടുതരത്തിലുള്ള പദവികൾ കാണിക്കുന്ന ചാർട്ട് ഉദാഹരണസഹിതം തയാറാക്കുക.



" സാമൂഹികഘടനയുടെ ഘടകങ്ങൾ മനുഷ്യരാണ്. ഘടന പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തികളുടെ ക്രമീകരണമെന്ന നിലയിൽ സ്ഥാപനവൽകൃത രീതിയിൽ നിർവ്വചിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു."

റാഡ്ക്ലിഫ് ബ്രൗൺ (1952): 'സ്ട്രക്ചർ ആന്റ്

VI. സാമൂഹികഘടനയും സാമൂഹികസംഘാടനവും

(Social Structure and Social Organization)

പരസ്പരബന്ധിതമായി പല ഘടകങ്ങൾ കൂടിച്ചേർന്നിരിക്കുന്ന ക്രമത്തെയാണ് ഘടന എന്നു പറയുന്നത്. ഒരു മോട്ടോർവാഹനത്തിന്റെ ഘടന അതിന്റെ ഭാഗങ്ങളുടെ ക്രമീകരണമാണ്. നമ്മുടെ ശരീരഘടന ശരീരത്തിലെ എല്ലാ അവയവങ്ങളുടെയും സംയുക്തക്രമീകരണമാണ്. ശരീരത്തിൽ അവയവങ്ങൾ പോലെയും ഒരു യന്ത്രത്തിൽ അതിന്റെ വിവിധ ഭാഗങ്ങൾ പോലെയുമാണ് സമൂഹത്തിൽ സാമൂഹികസ്ഥാപനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സമൂഹത്തിന്റെ അടിസ്ഥാനം അതിലെ വ്യക്തികളാണ്.അവരെ പല സാമൂഹികസ്ഥാപനങ്ങളിലുമായി ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെ സാമൂഹികസ്ഥാപനങ്ങളെ പരസ്പരം ബന്ധപ്പെടുന്ന വിധത്തിൽ ഒരു സമൂഹത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

മോട്ടോർവാഹനത്തിന്റെ വിവിധ ഭാഗങ്ങളുടെ പ്രവർത്തനക്രമീകരണമാണ് അതിന്റെ സംഘാടനം. അതുപോലെ സാമൂഹികസംഘാടനമെന്നത് സമൂഹത്തിലെ വ്യക്തികളുടെയും സാമൂഹികസ്ഥാപനങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും ക്രമീകരണമാണ്. സമൂഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് സാമൂഹികഘടനയെക്കുറിച്ചും സാമൂഹികസംഘാടനത്തെക്കുറിച്ചുമുള്ള അറിവുകൾ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

സാമൂഹികഘടന (Social Structure)

ഘടനയെന്നാൽ വിവിധ ഭാഗങ്ങളെ അനുക്രമമായി ഘടിപ്പിച്ചിരിക്കുന്നു എന്നാണർഥം. ജനൽ, വാതിൽ, ചുമർ, ബ്ലാക്ക് ബോർഡ്, ബെഞ്ച്, മേശ തുടങ്ങിയ ഭാഗങ്ങൾ യഥാക്രമം ക്രമീകരിക്കുന്നതാണ് ഒരു ക്ലാസ്റൂമിന്റെ ഘടന. വ്യക്തികളാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. അവരെ ഒന്ന് മറ്റൊന്നിനോടു ബന്ധപ്പെടുന്ന രീതിയിൽ വ്യത്യസ്ത സാമൂഹികസ്ഥാപനങ്ങളിലും

സംഘങ്ങളിലുമായി ക്രമീകരിച്ചിരിക്കുന്നു. കുടുംബം, വിവാഹം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം തുടങ്ങിയവയാണ് സമൂഹത്തിന്റെ അടിസ്ഥാന സാമൂഹികസ്ഥാപനങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ, വ്യക്തികളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് വ്യത്യസ്ത സാമൂഹികസ്ഥാപനങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന പ്രക്രിയയെ സാമൂഹികഘടന എന്നു പറയാം. സമൂഹത്തിന്റെ സമഗ്രമായ പ്രവർത്തനങ്ങൾക്ക് ഈ ക്രമീകരണം സഹായകമാകുന്നുണ്ട്.

സാമൂഹികസംഘാടനം (Social organization)

എങ്ങനെയാണ് ഒരു ക്ലാസ് റൂം പ്രവർത്തിക്കുന്നത്? അധ്യാപകരുടെയും കുട്ടികളുടെയും പ്രവർത്തനങ്ങൾ എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്? ഒരു വിദ്യാഭ്യാസസ്ഥാപനത്തിലെ പാഠ്യപദ്ധതി, സമയക്രമം എന്നിവയുടെയും വിദ്യാർഥികൾ, അധ്യാപകർ, പ്രിൻസിപ്പൽ തുടങ്ങിയവരുടെയും പ്രവർത്തനങ്ങളുടെ മൊത്തമായ സംഘാടനത്തിലൂടെയാണ് ഒരു ക്ലാസ്റൂം പ്രവർത്തിക്കുന്നതെന്ന് നമുക്കു കാണാം.

സമൂഹത്തിലെ വ്യക്തികളെ പല സാമൂഹികസ്ഥാപനങ്ങളിലായി ക്രമീകരിക്കുന്നതാണ് സാമൂഹികഘടന. എന്നാൽ, ഈ സാമൂഹികസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ ക്രമീകരണമാണ് സാമൂഹികസംഘാടനം.

"സാമൂഹികഘടനയുടെ ഘടകങ്ങൾ മനുഷ്യരാണ്. വ്യക്തമായി നിർവചിക്കപ്പെട്ടതും നിയന്ത്രിതവുമായ സാമൂഹികസ്ഥാപനങ്ങളുടെ ക്രമീകരണമാണ് സാമൂഹികഘടന" - റാഡ്ക്ലിഫ് ബ്രൗൺ (1952) 'പ്രാചീന സമൂഹങ്ങളുടെ ഘടനയും ധർമവും'

താഴെക്കൊടുത്തിരിക്കുന്നവയുടെ ഘടനയും സംഘാടനവും കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.

എ) കുടുംബം ബി) വ്യവസായസ്ഥാപനം സി. ഒരു രാഷ്ട്രീയസംഘടന



VII. വംശവിവരണശാസ്ത്രവും വംശതാരതമ്യശാസ്ത്രവും

(Ethnoghaphy and Ethnology)

സമൂഹം, സംസ്കാരം എന്നീ ആശയങ്ങളെക്കുറിച്ചും അവയുമായി ബന്ധപ്പെട്ട പദവി, പങ്ക്, സമുദായം, സംഘം തുടങ്ങിയ വ്യത്യസ്ത ഘടകങ്ങളെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കിയല്ലോ. സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന്റെ അടിസ്ഥാനാശയങ്ങളാണ് സമൂഹവും സംസ്കാരവും. ഇവയെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കുന്നതിന് നരവംശശാസ്ത്രജ്ഞർ പ്രധാനമായും ചെറുസമൂഹങ്ങളെയാണ് തിരഞ്ഞെടുക്കാറുള്ളത്. ചെറുസമൂഹങ്ങളെക്കുറിച്ച് പഠിച്ച് മറ്റു സമൂഹങ്ങളുമായി അവയെ താരതമ്യം ചെയ്ത് സമാനതകളും വ്യത്യാസങ്ങളും കണ്ടെത്തുകയാണ് ഈ പഠനരീതിയിൽ ചെയ്യുന്നത്. ആദ്യകാലഘട്ടങ്ങളിലുണ്ടായ നരവംശശാസ്ത്രപഠനങ്ങളെല്ലാംതന്നെ വംശീയവിവരണങ്ങളോ വംശീയ താരതമ്യപഠനങ്ങളോ ആണ്.

വംശവിവരണപഠനം (Ethnography)

ഒരു പ്രത്യേക കാലഘട്ടത്തിലെ ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തിന്റെ സമഗ്രമായ പഠനമാണ് വംശീയവിവരണം (എത്നോഗ്രാഫി). മനുഷ്യരുമായി നേരിട്ടുള്ള ഇടപഴകലിലൂടെയാണ് വംശീയപഠനവിദഗ്ധർ വിവരങ്ങൾ ശേഖരിക്കുന്നത്. ആവാസവ്യവസ്ഥകളുടെ



സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രജ്ഞർ എന്തുകൊണ്ടാണ് സാക്ഷരപൂർവസംസ്കാരങ്ങളുടെ പഠനങ്ങളിൽ പ്രത്യേക ശ്രദ്ധ കാണിക്കുന്നത്?

ആദ്യകാലനരവംശശാസ്ത്രജ്ഞർ പ്രാക്തന സാക്ഷരപൂർവസമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്. ചെറുസമൂഹങ്ങളുടെ പഠനത്തിലൂടെ ആധുനികസമൂഹങ്ങളുടെ വികാസത്തിന്റെ പല ഘട്ടങ്ങളും മനസ്സിലാക്കാൻ ഇത് സഹായിച്ചിട്ടുണ്ട്. സാക്ഷരപൂർവസമൂഹങ്ങൾ നിരക്ഷരസമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. നിരക്ഷരസമൂഹമെന്നാൽ സമകാലികരും എന്നാൽ അക്ഷരാഭ്യാസം ലഭിച്ചിട്ടില്ലാത്തവരുമാണ്. സാക്ഷരപൂർവസമൂഹമെന്നാൽ ചരിത്രാതീതകാലഘട്ടത്തിൽ ജീവിച്ചിരുന്നവരോ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ഒഴിവായി നിൽക്കുന്നവരോ ആണ്. 'പ്രാകൃതരെന്ന്' വിളിക്കപ്പെടുന്ന സാക്ഷരപൂർവസമൂഹങ്ങൾ സാങ്കേതികവിദ്യയിലും ഭൗതികസംസ്കാരത്തിലും സമകാലികസംസ്കാരങ്ങളെയപേക്ഷിച്ച്, വളരെ ലഘുവും ലളിതവുമാണ്. പുറംലോകവുമായി ബന്ധമില്ലാതെ, തികച്ചും ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ജീവിക്കുന്ന ഒരേ വംശത്തിൽപ്പെട്ട വളരെക്കുറച്ച് ജനസംഖ്യ മാത്രമുള്ള കൂട്ടങ്ങളാണ് ചെറുസമൂഹങ്ങൾ. എന്നാൽ, ഇന്ന് നരവംശശാസ്ത്രജ്ഞർ ലളിതവും സങ്കീർണവും, ഗ്രാമീണവും നാഗരികവും, സാക്ഷരപൂർവവും സാക്ഷരരും എന്ന ഭേദങ്ങൾ കണക്കിലെടുക്കാതെ, എല്ലാ സമൂഹങ്ങളിലും പഠനങ്ങളിലേർപ്പെടുന്നുണ്ട്.




ക്രമീകരണം, വസ്ത്രധാരണം, ഭക്ഷണശീലങ്ങൾ, സാമ്പത്തികയിടപെടലുകൾ, രാഷ്ട്രീയസംഘാടനം, കുടുംബം, വിവാഹം, ബന്ധുത്വം, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയൊക്കെ വിശദമായി ഒരു വംശീയവിവരണപഠനത്തിൽ വിവരിക്കുന്നു. ആദ്യകാലഘട്ടങ്ങളിൽ സമൂഹനരവംശശാസ്ത്രത്തിന്റെ പ്രധാന ശ്രദ്ധ വംശീയവിവരണപഠനങ്ങളിലായിരുന്നു.

ചെറുസമൂഹങ്ങളിലുള്ള പഠനങ്ങൾക്കാണ് വംശീയവിവരണപഠനങ്ങളിൽ പ്രാധാന്യം നൽകിയിരുന്നത്. അതിനായി ഗുണപരമായതും ഗണപരമായതുമായ രണ്ടു തരത്തിലുള്ള വിവരങ്ങൾ ആവശ്യമാണ്. ജനസംഖ്യ, സ്ത്രീപുരുഷാനുപാതം, വീടിന്റെ വലുപ്പം, എണ്ണം, വീട്ടുപകരണങ്ങൾ, ഉൽപ്പാദിപ്പിച്ച വിളകളുടെ അളവ്, വരുമാനം തുടങ്ങിയ വിവരങ്ങൾ ഗണപരമായ വിവരങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ഗുണപരമായ വിവരങ്ങളിൽ പെടുന്നത് വിശ്വാസങ്ങൾ, വൈകാരികാനുഭവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ജീവിതചക്രവുമായി ബന്ധപ്പെട്ട ആചാരങ്ങൾ തുടങ്ങിയവയാണ്. ഫീൽഡ്‌വർക്കിലൂടെയാണ് വംശീയവിവരണപഠനത്തിനു വേണ്ട വിവരങ്ങൾ ശേഖരിക്കുന്നത്. പഠനത്തിനു തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ കൂടെ ജീവിച്ച് അവരിൽനിന്നു സംസ്കാരവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സമഗ്രമായി നേരിട്ടു ശേഖരിക്കുന്നതാണ് വംശീയവിവരണപഠനങ്ങളുടെ രീതി. സംസ്കാരത്തിന്റെ എല്ലാ ഘടകങ്ങളെയും പരസ്പരബന്ധിതമായി സമന്വയിപ്പിച്ചാണ് ഈ പഠനം നടത്തുന്നത്.

വംശീയവിവരണപഠനങ്ങളുടെ ലഘുചരിത്രം
(Breif History of Ethonographic studies)

വംശീയവിവരണപഠനങ്ങളുടെ തുടക്കം ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഹെറോഡോട്ടസിന്റെ

കാലത്തുതന്നെ തുടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. ഹെറോഡോട്ടസ് വംശീയവിവരണപഠനങ്ങളുടെ പിതാവായി അറിയപ്പെടുന്നു. അദ്ദേഹം പല സ്ഥലങ്ങളിലും യാത്രചെയ്ത് വ്യത്യസ്തമായ അമ്പതോളം വംശങ്ങളുടെ സംസ്കാരത്തിന്റെ വിവരണം തയാറാക്കിയിട്ടുണ്ടെന്ന് അനുമാനിക്കുന്നു.



ചിത്രം 2.5 മലിനോവ്സ്കി ട്രോബ്രിയാന്റ് സമൂഹത്തിലെ ഫീൽഡ് വർക്കിനിടയിൽ

പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ ലോകസഞ്ചാരികളായിരുന്ന മാർക്കോ പോളോ, കൊളംബസ്, വാസ്കോഡിഗാമ തുടങ്ങിയവർ യൂറോപ്പിനു പുറത്തുള്ള വിദൂരസ്ഥലങ്ങളിൽ അധിവസിക്കുന്ന ആകർഷണീയവും വിചിത്രവുമായ സംസ്കാരങ്ങളിലെ ജനപഥങ്ങളെക്കുറിച്ച് യാത്രാവിവരണങ്ങൾ നൽകിയിട്ടുണ്ട്. ക്രിസ്തുമതപ്രചാരകർ, മതപരിവർത്തനം എന്ന അവരുടെ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സംസ്കാരങ്ങളെക്കുറിച്ചു പഠനങ്ങൾ നടത്തിയിട്ടുണ്ട്.

എന്നാൽ, ഇന്നുകാണുന്ന വിധത്തിലുള്ള ശാസ്ത്രീയവംശീയവിവരണപഠനങ്ങൾക്ക് തുടക്കമിട്ടത് 19-ാം നൂറ്റാണ്ടിലാണ്. സംസ്കാരങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഫീൽഡ്വർക്ക് എന്ന ആശയം തുടങ്ങിവച്ചത് ഇ.ബി. ടെയ്ലർ ആണ്. പ്രാഥമികവിവരങ്ങൾ ശേഖരിക്കുന്നതിന് അദ്ദേഹം ഒരു വർഷത്തോളം അമേരിക്കയിലും ആറുമാസത്തോളം മെക്സിക്കൻ സമൂഹങ്ങളിലും ജീവിച്ചു. വേണ്ടത്ര പരിശീലനം സിദ്ധിച്ച ഫീൽഡ്വർക്കർ അല്ലെങ്കിലും അദ്ദേഹം തന്റെ വിദ്യാർഥികൾ ശേഖരിച്ച വിവരങ്ങളിൽ കൃത്യത ഉറപ്പുവരുത്തുന്നതിനായി, സൂക്ഷ്മപരിശോധനകൾ നടത്തിയിരുന്നു. അമേരിക്കയിലെ ഇറാക്വേസ് ഗോത്രവിഭാഗത്തെക്കുറിച്ച് ഫീൽഡ്വർക്കിലൂടെ ശേഖരിച്ച വിവരങ്ങളാണ് എൽ.എച്ച്. മോർഗൻ എന്ന നരവംശശാസ്ത്രജ്ഞന് 'ലീഗ് ഓഫ് ഇറാക്വേസ്' (1951) എന്ന പുസ്തകം എഴുതാൻ സഹായകമായത്. അദ്ദേഹം ഇറാക്വേസ് ഇന്ത്യൻ ജനങ്ങളുമായി അഭിമുഖം നടത്തി വിശ്വാസങ്ങൾ, ആചാരങ്ങൾ, പാരമ്പര്യം, ഭാഷ, ഭൗതിക സംസ്കാരം, കുടുംബം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു. ഇറാക്വേസിന്റെ ഗോത്രഭാഷ വശമില്ലാത്തതിനാൽ എലി പാർക്കർ എന്ന ഒരു പരിഭാഷകന്റെ സഹായത്തോടെയാണ് അദ്ദേഹം ഈ പഠനങ്ങൾ നടത്തിയത്.

അതേസമയം, കോളനികളെ 'നാഗരികരാക്കിക്കൊണ്ട് ഭരിക്കുക' (Civilize and rule) എന്ന തത്ത്വത്തിന്റെ ഭാഗമായി യൂറോപ്യൻ ഭരണകർത്താക്കൾ അവരുടെ കോളനികളിലെ ജനങ്ങളെക്കുറിച്ചു പഠിക്കാൻ ശ്രമിച്ചു. ഈ പശ്ചാത്തലത്തിൽ എഡ്ഗാർ തേഴ്സ്റ്റന്റെ 'കാസ്റ്റ്സ് ആന്റ് ട്രൈബ്സ് ഓഫ് സൗത്ത് ഇന്ത്യ' (Castes and Tribes of South India) എന്ന ഗ്രന്ഥം പ്രത്യേകം പരാമർശിക്കേണ്ടതാണ്. ഒരു ബ്രിട്ടിഷ് സമൂഹനരവംശശാസ്ത്രജ്ഞനായ ഡബ്ല്യൂ. എച്ച്. ആർ റിവേഴ്സ് തമിഴ്നാട്ടിലെ നീലഗിരിക്കുന്നുകളിൽ അധിവസിക്കുന്ന'തോട' ഗോത്രവിഭാഗങ്ങളെക്കുറിച്ച് പഠനം നടത്തുകയും 'ദി തോട' എന്ന പേരിൽ 1906 ൽ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.

റിവേർസിന്റെ വിദ്യാർഥിയായിരുന്ന റാഡ്ക്ലിഫ് ബ്രൗൺ 1906 മുതൽ 1908 വരെ ആന്തമാൻ - നിക്കോബാർ ദ്വീപുകളിലെ ഗോത്രവർഗങ്ങളെക്കുറിച്ച് പഠനം നടത്തി. 'ദി ആന്തമാൻ ഐല ന്റേഴ്സ്' എന്ന പേരിൽ ഒരു പുസ്തകം 1922 ൽ പ്രസിദ്ധീകരിച്ചു. എസ്.സി. റോയിയുടെ 'മുണ്ട ആന്റ് ദേർ കൺട്രി' (Munda and their Country) എന്ന വംശീയവിവരണപഠനം 1912 ൽ ആണ് പ്രസിദ്ധീകരിച്ചത്. ഇന്ത്യയിലെ ഒരു ഗോത്രവർഗത്തെക്കുറിച്ച് ഇന്ത്യക്കാരനായ ഒരു നര വംശശാസ്ത്രജ്ഞൻ എഴുതിയ ആദ്യത്തെ പുസ്തകമാണിത്. എസ്.സി. റോയിയെ ഇന്ത്യൻ വംശീയ വിവരണപഠനത്തിന്റെ പിതാവായി കണക്കാക്കുന്നു.

എന്നാൽ, വംശീയവിവരണപഠനസമീപനങ്ങളിൽ കാതലായ മാറ്റം കൊണ്ടുവന്നത് ബ്രോണിസ്ലോ കാസ്പർ മലിനോവ്സ്കിയാണ്. അദ്ദേഹം ട്രോബ്രിയാന്റ് ദ്വീപിലെ ചെറുസമൂഹങ്ങൾക്കിടയിൽ മൂന്നു വർഷത്തോളം (1914-18) തുടർച്ചയായ ഫീൽഡ്വർക്കിലേർപ്പെട്ടു. പൂർണപങ്കാളിത്ത നിരീ ക്ഷണത്തിലൂടെ പ്രാദേശികഭാഷ ഉപയോഗിച്ചുകൊണ്ട് അദ്ദേഹം ഫീൽഡ്വർക്ക് പൂർത്തിയാ ക്കി. നരവംശശാസ്ത്രസമീപനങ്ങളിലെ ഒരു പ്രധാന വഴിത്തിരിവായി ഇതു മാറി. അതുകൊണ്ട് തന്നെ ബി.കെ. മലിനോവ്സ്കിയെ ഫീൽഡ്വർക്ക് പാരമ്പര്യത്തിന്റെ പിതാവായി കണക്കാക്കു ന്നു. 'ദി അർഗോനോട്സ് ഓഫ് വെസ്റ്റേൺ പെസഫിക്' എന്ന പേരിൽ 1922-ലാണ് ട്രോബ്രി യാന്റ് ദ്വീപിലെ ചെറുസമൂഹങ്ങളെക്കുറിച്ചുള്ള മലിനോവ്സ്കിയുടെ പുസ്തകം പ്രസിദ്ധീകരി ച്ചത്. വംശീയപഠനങ്ങൾക്ക് ഇത് ഒരു പുതിയ വഴിത്തിരിവായി. അതിനുശേഷം ലോകത്തിന്റെ പല ഭാഗങ്ങളിലും മലിനോവ്സ്കിയുടെ രീതി പിന്തുടർന്നുകൊണ്ട് ധാരാളം വംശീയ വിവരണപഠ നങ്ങൾ പുറത്തുവന്നു.

പലകാരണങ്ങളാൽ നിലനിൽപ്പിനു ഭീഷണി നേരിടുന്ന ചെറുസംസ്കാരങ്ങളെ രേഖപ്പെടുത്തി സൂക്ഷിക്കാൻ ആദ്യകാല നരവംശശാസ്ത്രജ്ഞർ നടത്തിയ പ്രവർത്തനങ്ങൾ സാൽവേജ് എത്നോഗ്രാഫി അല്ലെങ്കിൽ അർജന്റ് എത്നോഗ്രാഫി എന്നറിയപ്പെടുന്നു.

കേരളത്തിലും പല പണ്ഡിതരും വ്യത്യസ്ത ജാതികളെക്കുറിച്ചും ഗോത്രവർഗങ്ങളെക്കുറിച്ചും വംശീയവിവരണപഠനങ്ങൾ നടത്തിയിട്ടുണ്ട്. 1911 ൽ പ്രസിദ്ധീകരിച്ച എൽ.കെ. അനന്തകൃഷ്ണ അയ്യരുടെ 'കാസ്റ്റ്സ് ആന്റ് ട്രൈബ്സ് ഓഫ് കൊച്ചിൻ' എന്ന പുസ്തകം ഇത്തരത്തിലുള്ള ആദ്യകാലപഠനങ്ങളിലൊന്നാണ്. അദ്ദേഹം 1920 ൽ കൽക്കത്ത സർവകലാശാലയിൽ നരവംശ ശാസ്ത്രപഠനവകുപ്പിന്റെ തലവനായി. ഇന്ത്യൻ വംശവിജ്ഞാന താരതമ്യശാസ്ത്രത്തിന്റെ (Eth-nology) പിതാവായി അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ മകനായ എൽ.എ.കൃഷ്ണ അയ്യർ തിരുവിതാംകൂറിലെ ജാതികളും ഗോത്രവർഗങ്ങളും (Travancore Tribes and castes) എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ പൗത്രനായ ബാലരത്നവും നരവംശശാസ്ത്രഗവേ ഷണങ്ങൾ തുടർന്നു.

രാജലക്ഷ്മി മിശ്രയുടെ 'മുള്ളുക്കുറുമ്പാസ് ഓഫ് കപ്പാലാ', എ. അയ്യപ്പന്റെ 'ഇരവാസ് ആന്റ് കൾച്ചർ ചെയ്ഞ്ച്' പി.ആർ.ജി. മാത്തൂരിന്റെ 'മാപ്പിള ഫിഷർ ഫോക്ക് ഓഫ് കേരള' ആനന്ദബാനു വിന്റെ 'ചോലനായ്ക്കൻ: ദി കേവ്മെൻ ഓഫ് കേരള' എന്നിവ കേരളത്തിലെ പ്രധാനപ്പെട്ട വംശീയവിവരണപഠനങ്ങളിൽ ഉൾപ്പെടുന്നു.

പഠനപുരോഗതി വിലയിരുത്താം

1. വിട്ട ഭാഗം ഉചിതമായി പൂരിപ്പിക്കുക.

നരവംശശാസ്ത്രജ്ഞരുടെ പേര്	പഠനം നടത്തിയ സമുദായം	പ്രസിദ്ധീകരിച്ച പുസ്തകം
ഡബ്ല്യൂ. എച്ച്.ആർ. റിവേഴ്സ്	.....	ദി തോട
റാഡ്ക്ലിഫ് ബ്രൗൺ	ട്രൈബ്സ് ഓഫ് ആന്തമാൻ ഐലന്റ്	.....
.....	ട്രോബ്രിയാന്റ് ഐലന്റേഴ്സ്	.....
എസ്.സി. റോയ്	.....	മുണ്ട ആന്റ് ദേർ കൺട്രി
എ. അയ്യപ്പൻ	.....	ഇരവാസ് ആന്റ് കൾച്ചർ ചെയ്ഞ്ച്

ഏതെങ്കിലുമൊരു ജാതി/സമുദായത്തെക്കുറിച്ച് വംശീയവിവരണ പഠനം തയാറാക്കുക. അനുബന്ധത്തിൽ കൊടുത്ത സംസ്കാരത്തെക്കുറിച്ചുള്ള വിവരണവും താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളും ഉപയോഗപ്പെടുത്താം.



ഒരു സമുദായത്തിന്റെ വംശീയവിവരണ പഠനരൂപരേഖ

I. പഠനം നടത്തുന്ന സമുദായവും അതിന്റെ സ്ഥലവും
   1) സമുദായത്തിന്റെ പേര്, സമാന പേരുകൾ, പദത്തിന്റെ അർഥം
   2) ഇപ്പോൾ അധിവസിക്കുന്ന സ്ഥലങ്ങൾ
   3) മാതൃഭാഷ
   4) സംസാരിക്കാനറിയാവുന്ന മറ്റു ഭാഷകൾ

II. സമുദായത്തിലേക്കുള്ള പ്രവേശനം
   1) പ്രാദേശിക ഭരണകൂടങ്ങളിൽനിന്നുള്ള അനുമതി
   2) സമുദായത്തിലെ മുതിർന്ന ആളുകളുടെ സഹകരണം
   3) പ്രധാന വ്യക്തികൾ : അടിസ്ഥാന വിവരദാതാക്കൾ

III. എത്നോഗ്രാഫിക് വിശദാംശങ്ങൾ
   1) ഭക്ഷണശീലം - പ്രധാന ഭക്ഷണം, മറ്റു ഭക്ഷണങ്ങൾ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ
   2) സാമൂഹികം - പ്രധാന ഉപവിഭാഗങ്ങൾ, അവയുടെ ധർമങ്ങൾ
   3) വിവാഹം - വിവാഹനിയമങ്ങൾ, വിവാഹപ്രായം, സാമ്പത്തിക ഇടപാട്, സ്ത്രീധനം, വിവാഹശേഷമുള്ള വാസസ്ഥലം.....
   4) കുടുംബരീതി- കുടുംബത്തിന്റെ ഘടന, വലുപ്പം, പാരമ്പര്യം, പിന്തുടർച്ചാവകാശം, കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ

5) ജീവിതചക്രവുമായി ബന്ധപ്പെട്ട ചടങ്ങുകൾ - ജനനം, കൗമാരകാലഘട്ടം, വിവാഹം, മരണം തുടങ്ങി ഓരോ ഘട്ടത്തിലും നടത്തുന്ന ചടങ്ങുകൾ.
6) സാമ്പത്തികപ്രവർത്തനങ്ങൾ - പ്രധാന വിഭവങ്ങൾ, സമുദായത്തിന്റെ തൊഴിൽ
എ) പരമ്പരാഗതം ബി) പ്രാഥമികം
സി) അനുബന്ധമേഖലകൾ, കച്ചവടം, വിനിമയം തുടങ്ങിയവ.
7) സാമൂഹികനിയന്ത്രണമാർഗങ്ങൾ - സമുദായത്തിലുള്ള പ്രാദേശികവും പരമ്പരാഗതവുമായ സമിതികൾ.... ശിക്ഷാരീതികൾ
8) മതപരമായ പ്രത്യേകത - സമുദായത്തിന്റെ മതം പ്രാദേശികദൈവങ്ങൾ, വിശുദ്ധ സ്ഥാനങ്ങൾ, ക്ഷേത്രങ്ങൾ, മതപണ്ഡിതന്മാർ, പ്രധാന ഉത്സവങ്ങൾ തുടങ്ങിയവ.
9) പരസ്പരബന്ധങ്ങൾ - പരമ്പരാഗതമായതും ആധുനികവും
10) വികസനപദ്ധതികളുടെ സ്വാധീനം - സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വൈദ്യുതി, വാർത്താവിനിമയം

IV. സമുദായത്തിന്റെ ജീവിതം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള പ്രധാന നിരീക്ഷണങ്ങൾ.
V. റിപ്പോർട്ട് തയാറാക്കൽ:

തലവാക്യങ്ങളും ഉപ തലവാക്യങ്ങളും
പഠനവിഷയത്തെക്കുറിച്ചുള്ള പ്രസ്താവന

- പഠനലക്ഷ്യങ്ങൾ
- വിഷയവുമായി ബന്ധപ്പെട്ട മുൻകാലപഠനങ്ങൾ വിവരിക്കൽ
- രീതിശാസ്ത്രം - പഠനസ്ഥലം, പഠനത്തിനുപയോഗിക്കുന്ന രീതി, മാർഗം, മാതൃകകൾ തിരഞ്ഞെടുക്കൽ
- വിവരങ്ങളുടെ ക്രമീകരണം - വിവരങ്ങളുടെ വിശദീകരണം, വിശകലനം, ഗ്രാഫുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവ
- റഫറൻസ് ഗ്രന്ഥങ്ങൾ
- അനുബന്ധം

(എസെൻഷ്യൽസ് ഓഫ് കൾച്ചറൽ ആന്ത്രോപോളജി - എ.ആർ. എൻ. ശ്രീവാസ്തവ, പേജ് നമ്പർ 57-58)

വംശതാരതമ്യശാസ്ത്രം (Ethnology)

ഒന്നിലധികം വംശങ്ങളുടെയോ സംസ്കാരങ്ങളുടെയോ താരതമ്യപഠനമാണ് വംശീയതാരതമ്യപഠനം. ബ്രിട്ടനിൽ സാമൂഹികനരവംശശാസ്ത്രം ആദ്യകാലഘട്ടങ്ങളിൽ വംശീയതാരതമ്യപഠനം എന്നാണ് അറിയപ്പെട്ടിരുന്നത്. ഇത് ഒരു ചരിത്രപരമായ പഠനംകൂടിയാണ്. ഒരു സംസ്കാരത്തെക്കുറിച്ചോ വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ചോ ഉള്ള ഒരു ബാഹ്യവീക്ഷണമാണ് (Etic) വംശീയതാരതമ്യപഠനം. വംശീയവിവരണം തയാറാക്കുന്നതിന് പ്രധാനമായും നേരിട്ടുള്ള ഇടപഴകലിലൂടെയാണ് പ്രാഥമികവിവരങ്ങൾ ശേഖരിക്കുന്നത്. ഇതിന് ആളുകളുമായി വളരെ അടുപ്പം രൂപപ്പെടുത്തേണ്ടതുണ്ട്. എന്നാൽ, വംശീയതാരതമ്യപഠനങ്ങളിൽ ജനങ്ങളുമായി നേരിട്ട് ഇടപഴകേണ്ട ആവശ്യമില്ല. ലഭ്യമായ രണ്ടു വംശീയവിവരണങ്ങളുടെ സഹായത്താൽ ഒരു വംശീയതാരതമ്യപഠനം തയാറാക്കാവുന്നതാണ്. വംശീയവിജ്ഞാനീയത്തിന്റെ പ്രധാന പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

- വിവരണാത്മകമാണ്.
- ചരിത്രപരമായതാണ്.
- താരതമ്യാധിഷ്ഠിതമാണ്.
- വ്യത്യസ്തമായ രണ്ടു വംശീയവിവരണങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാവാം.
- പ്രാഥമികവിവരങ്ങളെ മാത്രം ആശ്രയിക്കണമെന്നില്ല.
- വ്യത്യസ്ത പ്രദേശങ്ങളിലും കാലഘട്ടങ്ങളിലുമുള്ള സംസ്കാരങ്ങളെക്കുറിച്ചു പഠിക്കുന്നു.

വംശീയവിവരണപഠനം, വംശീയതാരതമ്യപഠനം എന്നീ രണ്ടു പദങ്ങളും നിങ്ങൾ പരിചയപ്പെട്ടുവല്ലോ. അവ തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന ചാർട്ട് തയാറാക്കാം.



സംഗ്രഹം

- മനുഷ്യജീവിതത്തിന്റെ സാമൂഹിക-സാംസ്കാരിക തലങ്ങളെക്കുറിച്ചും സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് സാമൂഹിക- സാംസ്കാരിക നരവംശശാസ്ത്രം. ഈ ശാസ്ത്രശാഖയെ ചില പണ്ഡിതർ സമൂഹനരവംശശാസ്ത്രമെന്നും മറ്റുചിലർ സാംസ്കാരികനരവംശശാസ്ത്രമെന്നും വിശേഷിപ്പിക്കുന്നുണ്ട്. സമൂഹ നരവംശശാസ്ത്രമെന്ന പദം ബ്രിട്ടനിലും മറ്റു കോമൺവെൽത്ത് രാജ്യങ്ങളിലും പ്രചാരത്തിലുണ്ടായിരുന്നു. സാംസ്കാരികനരവംശശാസ്ത്രം എന്ന പദം പ്രചാരത്തിലുണ്ടായിരുന്നത് അമേരിക്കയിലാണ്. ഇന്ത്യയിൽ സാമൂഹിക- സാംസ്കാരികനരവംശശാസ്ത്രമെന്ന പദമാണ് കൂടുതലായും ഉപയോഗിക്കുന്നത്.
- സംസ്കാരത്തിന് ആദ്യ നരവംശശാസ്ത്രനിർവചനം നൽകിയത് എഡ്വേഡ് ബേണറ്റ് ടെയ്ലറാണ് (1871). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സംസ്കാരം സമൂഹത്തിലെ ഒരു വ്യക്തി എന്ന നിലയിൽ മനുഷ്യൻ ആർജിച്ചെടുക്കുന്ന അറിവ്, വിശ്വാസങ്ങൾ, കല, ധാർമികത, നിയമങ്ങൾ, ആചാരങ്ങൾ, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയെല്ലാം ചേർന്ന സങ്കീർണതയുടെ ആകത്തുകയാണ്.
- ചില പണ്ഡിതർ സംസ്കാരത്തെ നാഗരികതയിൽനിന്നു വേർതിരിച്ചു കാണുന്നുണ്ട്. നാഗരികതയെ സംസ്കാരത്തിന്റെ വികസിതരൂപമായാണ് ചിലർ നിർവചിച്ചിരിക്കുന്നത്. സംസ്കാരത്തിന് ഭൗതികവും ഭൗതികേതരവുമായ തലങ്ങളുണ്ട്.
- നരവംശശാസ്ത്രത്തിലെ രണ്ടു പ്രധാന സാംസ്കാരികാശയങ്ങളാണ് സ്വസംസ്കാരകേന്ദ്രോന്മുഖതയും സാംസ്കാരികാപേക്ഷികതാവാദവും. സ്വസംസ്കാരത്തിലെ മൂല്യങ്ങളും വഴക്കങ്ങളും മാനദണ്ഡമാക്കി മറ്റു സംസ്കാരങ്ങളെ വിലയിരുത്തുന്ന സമീപനമാണ് സ്വസംസ്കാരകേന്ദ്രോത്മുഖത. ഇതിനു നേർ വിപരീതമായ സമീപനമാണ് സാംസ്കാരികാപേക്ഷികതാവാദം.
- സംസ്കാരത്തിന്റെ വ്യത്യസ്ത കാഴ്ചപ്പാടുകൾ ആന്തരികവീക്ഷണത്തിലൂടെയും ബാഹ്യവീക്ഷണത്തിലൂടെയും മനസ്സിലാക്കാം. സ്വസംസ്കാരത്തെക്കുറിച്ച് അവരവരുടെതന്നെ കാഴ്ചപ്പാടിന് ആന്തരികവീക്ഷണമെന്നും പുറമെയുള്ളവർ ആ സംസ്കാരത്തെ കാണുന്ന രീതിയെ ബാഹ്യവീക്ഷണമെന്നും പറയുന്നു.

- ഒരു സംസ്കാരത്തിലെ വിഭജിക്കാൻ കഴിയാത്ത, പ്രവർത്തനക്ഷമതയുള്ള ഏറ്റവും ചെറിയ ഭാഗമാണ് സാംസ്കാരികഘടകം. വളരെ അധികം ഘടകങ്ങൾ ഒന്നിച്ചുചേർന്ന് സംസ്കാരത്തിന്റെ അർഥവത്തായ ഒരു ഭാഗമായി മാറുമ്പോൾ അതിനെ സാംസ്കാരിക ഘടകസഞ്ചയം എന്നു പറയുന്നു.
- ഒരു വ്യക്തി തന്റെ സംസ്കാരത്തിൽനിന്നു ജീവിതരീതിയും പെരുമാറ്റരീതികളും ആർജിച്ചെടുക്കുന്ന പ്രക്രിയയാണ് സ്വസംസ്കാരസ്വാംശീകരണം.
മറ്റൊരു സംസ്കാരവുമായുള്ള നിരന്തര സമ്പർക്കംമൂലം സംസ്കാരത്തിനുണ്ടാകുന്ന മാറ്റങ്ങളെ അപരസംസ്കാരസ്വാംശീകരണം എന്നു പറയുന്നു.
- തീർത്തും അപരിചിതമായ അപരസംസ്കാരവുമായി ആദ്യമായി സമ്പർക്കമുണ്ടാകുമ്പോൾ ആളുകളഭിമുഖീകരിക്കേണ്ടുന്ന വൈകാരികവും സാമൂഹികവുമായ പൊരുത്തക്കേടിനെ സംസ്കാരാഘാതമെന്നു പറയാം.
- വംശീയകേന്ദ്രോന്മുഖതയുള്ളവർക്ക് സംസ്കാരാഘാതം കൂടുതലായി അനുഭവിക്കേണ്ടിവരും. ഭൗതികസംസ്കാരവും ഭൗതികേതരസംസ്കാരവും തമ്മിലുള്ള മാറ്റത്തിന്റെ അന്തരമാണ് സാംസ്കാരികചലനമാന്ദ്യം.
- സമൂഹമെന്നത് സംസ്കാരമല്ല. എന്നാൽ സമൂഹത്തിന് സംസ്കാരമുണ്ട്. സംസ്കാരം എന്നത് സമൂഹത്തിന്റെ ഉൽപ്പന്നമാണ്.
- സാമൂഹികമായി അംഗീകരിക്കപ്പെട്ട വ്യക്തികളുടെ വ്യവഹാരരീതികളാണ് സാമൂഹിക സ്ഥാപനങ്ങൾ. സമൂഹത്തിൽ നിലനിൽക്കുന്ന വഴക്കങ്ങളും മൂല്യങ്ങളുമാണ് ഇവയെ നിയന്ത്രിക്കുന്നത്. കുടുംബം, വിവാഹം, മതം തുടങ്ങിയവ സാമൂഹികസ്ഥാപനങ്ങൾക്കു ദാഹരണങ്ങളാണ്.
- പൊതുവായതും അടിസ്ഥാനപരവുമായ അവസ്ഥകൾ പങ്കുവയ്ക്കുന്ന വിധത്തിൽ ഒരുമിച്ചു ജീവിക്കുന്ന ചെറുതോ വലുതോ ആയ ഒരു കൂട്ടം ആളുകൾ ചേർന്നതാണ് സമുദായം.
- ഒരു പ്രത്യേക ലക്ഷ്യത്തിനായോ ഒരു കൂട്ടം ലക്ഷ്യങ്ങൾക്കായോ ഒരുമിച്ചു ചേർന്ന വ്യക്തികളുടെ കൂട്ടമാണ് സംഘടന.
സംഘടനകൾ പോലെത്തന്നെ ഒരേ താൽപ്പര്യമുള്ള വ്യക്തികൾ ഒത്തുചേർന്ന് ചില സംഘങ്ങൾ രൂപീകരിക്കാറുണ്ട്. പ്രാഥമികസംഘങ്ങളും ദ്വിതീയസംഘങ്ങളുമുണ്ട്.
- ഒരു സാമൂഹികസ്ഥാപനത്തിലോ സംഘടനയിലോ സംഘത്തിലോ അംഗമെന്ന നിലയിൽ വ്യക്തിക്ക് ആ സംഘത്തിലുള്ള സ്ഥാനത്തെ പദവി എന്നു പറയുന്നു. അതത് സ്ഥാനത്തിനനുസരിച്ച് ആ വ്യക്തി പല കടമകളും നിർവഹിക്കേണ്ടതിനെ പങ്ക് എന്നു പറയുന്നു. ജനനംകൊണ്ടു തന്നെ ഒരു വ്യക്തിക്കു ലഭിക്കുന്ന പദവിയാണ് ജന്മസിദ്ധപദവി. എന്നാൽ സ്വപ്രയത്നവും കഴിവുംകൊണ്ട് വ്യക്തി നേടിയെടുക്കുന്ന പദവിയാണ് ആർജിതപദവി.
- സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം ക്രമീകരിച്ചിരിക്കുന്ന രീതിയാണ് സാമൂഹികഘടന. എന്നാൽ സമൂഹത്തിലെ വ്യക്തികളുടെയും സംഘങ്ങളുടെയും പ്രവർത്തനങ്ങളുടെ ക്രമീകരണമാണ് സാമൂഹികസംഘാടനം.
- വംശീയവിവരണപഠനം സമൂഹനരവംശശാസ്ത്രത്തിന്റെ പ്രാഥമിക പഠനമേഖലയായിരുന്നു. ഇത് ഒരു സംസ്കാരത്തെക്കുറിച്ചുള്ള പരിപൂർണവിവരണമാണ്. വംശീയതാരതമ്യപഠനമെന്നത് പല സംസ്കാരങ്ങളെയും വംശങ്ങളെയും കുറിച്ചുള്ള താരതമ്യപഠനമാണ്.

പഠിതാവ് പ്രകടിപ്പിക്കുന്ന ശേഷികൾ

- സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രത്തിന്റെ അർഥം വിശകലനം ചെയ്യുന്നു. അമേരിക്കൻ, ബ്രിട്ടിഷ്, ഇന്ത്യൻ പാരമ്പര്യങ്ങളെ വേർതിരിച്ച് മനസ്സിലാക്കുന്നു.
- സംസ്കാരത്തിന്റെ അർഥം നിർവചനം എന്നിവ തിരിച്ചറിയുന്നു. അതിന്റെ പ്രത്യേകതകളും വിവിധ ഘടകങ്ങളും വേർതിരിച്ചറിഞ്ഞ് സംസ്കാരം നാഗരികതയിൽനിന്ന് വിഭിന്നമാണെന്ന് തിരിച്ചറിയുന്നു.
- സംസ്കാരവുമായി ബന്ധപ്പെട്ട വ്യത്യസ്ത ആശയങ്ങൾ വേർതിരിച്ചറിയുന്നു. അവയുടെ പ്രയോഗതലങ്ങൾ പരിശോധിച്ചറിയുന്നു.
- സമൂഹമെന്ന ആശയത്തെ സംസ്കാരമെന്ന ആശയത്തിൽ നിന്നു വ്യത്യാസപ്പെടുത്തുന്നു സമൂഹവുമായി ബന്ധപ്പെട്ട പല ആശയങ്ങളും വ്യക്തമാക്കുന്നു.
- പദവി, പങ്ക് എന്നീ ആശയങ്ങളെക്കുറിച്ച് ധാരണ രൂപപ്പെടുന്നു. നിത്യജീവിതത്തിലുള്ള അവയുടെ പ്രയോഗതലം കണ്ടെത്തുന്നു.
- സാമൂഹികഘടന എന്ന ആശയം വിശകലനം ചെയ്യുന്നു. അതിനെ സാമൂഹികസംഘാടനത്തിൽ നിന്നു വേർതിരിച്ചറിയുന്നു.
- വംശീയവിവരണപഠനവും വംശീയതാരതമ്യപഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് സ്വന്തം സംസ്കാരത്തിന്റെ ഒരു ലഘുവിവരണം തയാറാക്കുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനിടയിൽ ഗ്രന്ഥശാലയുടെ നടത്തിപ്പുകാരൻ നിങ്ങളോട്, ഒരേ ഉള്ളടക്കമുള്ള പുസ്തകങ്ങൾക്ക് സാമൂഹികനരവംശശാസ്ത്രം, സാംസ്കാരികനരവംശശാസ്ത്രം, സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത പേരുകൾ വന്നതെങ്ങനെയെന്നു ചോദിക്കുന്നു. ഈ വ്യത്യാസം നിങ്ങൾ എങ്ങനെ വിശദീകരിക്കും? നരവംശശാസ്ത്രത്തിലെ വിവിധ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇവ വിശദമാക്കുക.
2. സംസ്കാരം സാർവത്രികമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ലോകത്തിലെ വ്യത്യസ്ത സംസ്കാരങ്ങളിൽ സാർവത്രികമായി കാണപ്പെടുന്ന ഘടകങ്ങൾ കണ്ടെത്തുക.
3. നിങ്ങളുടെ ചുറ്റുപാടിൽനിന്നു വ്യത്യസ്ത സംസ്കാരഘടകങ്ങൾ കണ്ടെത്തുക. അവയെ വിവിധ സാംസ്കാരികഘടകസഞ്ചയത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് അവ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തുക.
4. 'സമൂഹത്തിന്റെ പ്രവർത്തനമെന്നാൽ അതിലെ സാമൂഹികസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളാണ് 'സാമൂഹികസ്ഥാപനങ്ങളായ കുടുംബം, വിവാഹം മുതലായവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്യുക.
5. നരവംശശാസ്ത്രത്തിലെ വംശീയവിവരണപഠനങ്ങളിൽ ഫീൽഡ്വർക്കിന്റെ വികാസവുമായി ബന്ധപ്പെട്ട പ്രധാന വഴിത്തിരിവുകൾ കാണിക്കുന്ന ഒരു കാലാനുക്രമരേഖ തയാറാക്കുക.
6. നിങ്ങളുടെ സംസ്കാരത്തെക്കുറിച്ച് ഒരു വംശീയവിവരണം തയാറാക്കുക.
7. കുടുംബം ഒരേസമയം സാമൂഹികസ്ഥാപനവും പ്രാഥമികസംഘവുമാണ്. സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും സംഘങ്ങളെക്കുറിച്ചുമുള്ള നിങ്ങളുടെ അറിവിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന ന്യായീകരിക്കുക.

8. താഴെ കൊടുത്ത പദങ്ങളെ ഉചിതമായ രണ്ടു തലക്കെട്ടുകളിൽ ക്രമീകരിക്കുക.
(വിവരണാത്മകം, വംശങ്ങളുടെ വിവരണം, താരതമ്യപഠനം, ഫീൽഡ്വർക്ക്, ഏക സംസ്കാരം, ദ്വിതീയദത്തങ്ങൾ, ഒരു സംസ്കാരത്തിന്റെ വിവരണം, രണ്ടോ അതിലധികമോ സംസ്കാരങ്ങൾ)

9. സമൂഹം, സംസ്കാരം എന്നീ ആശയങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു പ്രശ്നോത്തരിമത്സരം നടത്താൻ ഒറ്റ വാക്കിൽ ഉത്തരം പറയാവുന്ന 10 ചോദ്യങ്ങൾ തയാറാക്കുക.

അനുബന്ധം

തോട ഗോത്രവർഗ വംശവിവരണം
(Brief Ethnography of the Toda)

തെക്കേ ഇന്ത്യയിലെ നീലഗിരിക്കുന്നുകളിൽ ജീവിക്കുന്ന, മൃഗപരിപാലനം (Pastoral) ജീവസന്ധാരണമാക്കിയ ഗോത്രവിഭാഗമാണ് തോട. മറ്റ് ഗോത്രവിഭാഗങ്ങളായ ബഡഗ, കോട്ട, കുറുംബ, ഇരുള വിഭാഗങ്ങളും അവിടെ അധിവസിക്കുന്നുണ്ട്. നീളംകൂടിയ ശരീരം, വെളുത്ത നിറം, വീതി കുറഞ്ഞതും നീളം കൂടിയതുമായ മൂക്ക്, നീളം കൂടിയ തല, കറുത്തതും തരംഗരൂപത്തിലുള്ളതുമായ മുടി എന്നിവയാണ് ഇവരുടെ ശാരീരിക പ്രത്യേകതകൾ. തോട എന്ന പദം അവരുടെ പവിത്രമരമായ ടുൻട്ര (Tundra) എന്ന പദത്തിൽനിന്നാണ് ഉരുത്തിരിഞ്ഞത്. തോടരുടെ ജനസംഖ്യ വളരെ കുറവാണ്. അതുകൊണ്ടുതന്നെ അവരെ സംരക്ഷിക്കാൻ ഭരണകൂടങ്ങൾ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

ഭൗതികസംസ്കാരം : മൃഗപരിപാലന സമ്പദ്വ്യവസ്ഥയുടെ ഒരു മികച്ച ഉദാഹരണമാണ് തോട സമ്പദ്വ്യവസ്ഥ. അവർക്ക് കൃഷിയോ വേട്ടയാടലോ വശമില്ല. എരുമകളെ വളർത്തിയാണ് അവർ ഉപജീവനം നടത്തുന്നത്. തൈര്, വെണ്ണ, നെയ്യ് എന്നിവ എരുമപ്പാലിൽനിന്ന് അവർ ഉൽപ്പാദിപ്പിക്കുന്നു. ആവശ്യം കഴിഞ്ഞുള്ള ഉൽപ്പന്നങ്ങൾ അവർ വിൽക്കുകയോ അയൽഗോത്രങ്ങളിൽ കൈമാറുകയോ ചെയ്യുന്നു.

തൊഴിൽവിഭജനം: ഓരോ കുടുംബവും വളരെയധികം എരുമകളെ സംരക്ഷിക്കുന്നുണ്ട്. പുരുഷന്മാരാണ് എല്ലാദിവസവും രാവിലെ മൃഗങ്ങളെ മേയ്ക്കാൻ പുറത്തേക്കു കൊണ്ടുപോകുന്നത്. പാലുൽപ്പന്നങ്ങൾ തയാറാക്കുന്ന സ്ഥലത്തേക്ക് (Dairy house) കയറുന്നതിന് വിലക്കുകൾ (taboos) നിലനിൽക്കുന്നതിനാൽ സ്ത്രീകൾക്ക് പ്രവേശനമില്ല. അവരുടെ ജീവിതത്തിൽ പാലിന് സാമൂഹികവും മതപരവുമായ പ്രാധാന്യമുണ്ട്. ദിവസവും അതിരാവിലെയും വൈകുന്നേരവുമായാണ് കറവ നടത്തുന്നത്. എരുമകൾ രണ്ടുതരത്തിലുണ്ട് - സാധാരണ എരുമകളും വിശുദ്ധ എരുമകളും. ഓരോ കുടുംബവും അവരുടെ ആവശ്യങ്ങൾക്കായി നിലനിർത്തുന്നവയാണ് സാധാരണ എരുമകൾ. എന്നാൽ വിശുദ്ധഎരുമകളെ വിശുദ്ധസ്ഥാനങ്ങളിൽ (പ്രത്യേക സ്ഥലം) വളർത്തുന്നു. അവയുടെ പാൽ മാത്രമേ ദൈവങ്ങൾക്ക് നിവേദിക്കാൻ ഉപയോഗിക്കൂ.

ഭക്ഷണം: പൂർണമായും സസ്യാഹാരികളാണ് തോടവംശക്കാർ. പാലിൽ വേവിച്ചെടുത്ത അരിയാണ് അവരുടെ ഇഷ്ടഭക്ഷണം. പാൽ, കടഞ്ഞെടുത്ത പാൽ, തൈര് എന്നിവയും അവരുടെ പ്രധാനഭക്ഷണമാണ്. ഇലകളും പച്ചക്കറികളും ധാരാളമായി പ്രധാന ഭക്ഷണങ്ങളിൽ അവർ ഉൾക്കൊള്ളിക്കുന്നു. ദൈവത്തിന് കുരുതികൊടുത്ത എരുമയുടെ മാംസം പരിശുദ്ധമായി കണക്കാക്കുന്നതിനാൽ വാർഷിക ഉത്സവങ്ങളുടെ ഭാഗമായി അവർ അത് ഭക്ഷിക്കാറുണ്ട്. തോട സമുദായത്തിലെ പല സ്ത്രീകളും പുരുഷന്മാരും മദ്യത്തിന് അടിമകളാണ്. ഇവരിൽ പുകവലിശീലവും കാണപ്പെടുന്നു.

വിനിമയരീതി: തോടരുടെ കമ്പോളമെന്നത് അയൽവാസികളായ വീട്ടുകാർ തന്നെയാണ്. അയൽസമൂഹമായ ബഡഗ പാലിനു പകരം അവർക്ക് കാർഷികോൽപ്പന്നങ്ങൾ നൽകുന്നു. കോട്ട അവർക്ക് മൺപാത്രങ്ങളും ഇരുമ്പുകൊണ്ടുണ്ടാക്കിയ വീട്ടുപകരണങ്ങളും നൽകുന്നു. ഭക്ഷ്യശേഖരണവും വേട്ടയാടലും ഉപജീവനമായുള്ള ഇരുള, കുറുംബ ഗോത്രവിഭാഗങ്ങൾ അവർക്ക് തേൻ, പഴങ്ങൾ, കിഴങ്ങുകൾ, പച്ചക്കറികൾ എന്നിവ പാലിനും പാലുൽപ്പന്നങ്ങൾക്കും പകരമായി നൽകുന്നു.

വാസസ്ഥലങ്ങളുടെ ക്രമീകരണം (Settlement)

ഒരു തോടഗ്രാമത്തിൽ പത്തോ പന്ത്രണ്ടോ കുടിലുകളാണുണ്ടാവുക. അവ 'മാണ്ടു' എന്നാണ് അറിയപ്പെടുന്നത്. രണ്ടുതരത്തിലുള്ള കുടിലുകളുണ്ട്. ഒന്ന് അർധവീപ്പയുടെ ആകൃതിയിലുള്ളതാണ്. അതിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്, ഉള്ളിലുള്ള മുറിയും പുറമെയുള്ള മുറിയും. ഉൾഭാഗത്തുള്ള മുറി ജോലിസ്ഥലമായി കണക്കാക്കുന്നു. അവിടെ സ്ത്രീകൾക്ക് പ്രവേശനമില്ല. പുറമെയുള്ള മുറി താമസത്തിനും മറ്റു വീട്ടുജോലികൾക്കും ഉള്ളതാണ്. രണ്ടാമത്തെ കുടിൽ വൃത്താകൃതിയിലുള്ളതും കല്ലുകൊണ്ട് നിർമിച്ചതുമാണ്. വിശുദ്ധ എരുമകളെ താമസിപ്പിക്കാനാണ് ഇത്തരം കുടിലുകൾ ഉപയോഗിച്ചിരുന്നത്.

വസ്ത്രം : ലളിതമായ വസ്ത്രധാരണരീതിയാണ് തോടർക്കുള്ളത്. നീളം കൂടിയ വെള്ളത്തുണി ഉപയോഗിച്ച് അരക്കെട്ടിൽ ചുറ്റി (ലങ്കോട്ടി രൂപത്തിൽ) അതിന്റെ ഒരു ഭാഗം തോളിൽ ഇടുന്ന രീതിയിലാണ് പുരുഷന്മാരുടെ വസ്ത്രധാരണം. ഇത് അവരുടെ പരമ്പരാഗതവേഷമാണ്. നീളം കൂടിയ കട്ടിയുള്ള തുണി ഉപയോഗിച്ച് ശരീരത്തിന്റെ ഏകദേശം മുഴുവൻ ഭാഗവും മറയ്ക്കുന്ന രീതിയിലാണ് സ്ത്രീകളുടെ വസ്ത്രധാരണം. നീളമുള്ള മുടി മെടഞ്ഞിടുന്നതാണ് അവരുടെ രീതി. കമ്മൽ, മൂക്കുത്തി തുടങ്ങിയ ആഭരണങ്ങളും അവർ ഉപയോഗിക്കാറുണ്ട്. സ്ത്രീകൾ തുന്നൽവിദഗ്ധരുമാണ്.

സാമൂഹികസംവിധാനം : സ്വഗണവിവാഹം നടത്തുന്നവരാണ് തോടസമൂഹം. വിവാഹബന്ധങ്ങൾ അവരുടെ ഗോത്രത്തിൽനിന്നു മാത്രമേ നടത്താറുള്ളൂ. താർതാറോൾ, തെയ്വാലിയോൾ എന്നീ രണ്ട് അർധവിഭാഗങ്ങളായി (സമാംശങ്ങളായി) ഈ ഗോത്രവർഗം വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ അർധവിഭാഗവും സ്വഗണവിവാഹമാണ് പിന്തുടരുന്നത്. താർതാറോൾ വിഭാഗത്തിലെ അംഗങ്ങൾ തങ്ങൾ തെയ്വാലിയോൾ വിഭാഗത്തേക്കാൾ ശ്രേഷ്ഠരാണെന്നു കരുതുന്നു.

കുടുംബം: ബഹുഭർതൃത്വത്തിൽ അധിഷ്ഠിതമായ കുടുംബമാണ് തോടയ്ക്കുള്ളത്. ഒരു സ്ത്രീയും അവരുടെ ഒന്നിലധികം ഭർത്താക്കന്മാരും കുട്ടികളും അടങ്ങുന്നതാണ് ഇത്തരത്തിലുള്ള കുടുംബങ്ങൾ. ഈ ഭർത്താക്കന്മാർ സഹോദരന്മാരോ പരസ്പരം ബന്ധം ഇല്ലാത്തവരോ ആകാം. കുട്ടികൾ അറിയപ്പെടുന്നത് അമ്മ വഴിയുള്ള ബന്ധങ്ങളിലൂടെയാണ്.

U9W5J5

യൂണിറ്റ്
3

ജൈവനരവംശശാസ്ത്രം: അടിസ്ഥാനാശയങ്ങൾ

ഉള്ളടക്കം

I. ജൈവനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും

II. മനുഷ്യന്റെ ഉദ്ഭവ-പരിണാമസിദ്ധാന്തങ്ങൾ, ഭൂമിയിൽ ജീവന്റെ ആവിർഭാവം
- ആദ്യകാല പരിണാമസിദ്ധാന്തങ്ങൾ
- ജീവപരിണാമസിദ്ധാന്തങ്ങൾ
- ലാമാർക്കിസം-ഡാർവിനിസം
- നിയോഡാർവിനിസം
- സിന്തറ്റിക് പരിണാമസിദ്ധാന്തം

III. മനുഷ്യപരിണാമം
- ജന്തുസാമ്രാജ്യത്തിന്റെ വർഗീകരണം
- ജന്തുസാമ്രാജ്യത്തിൽ മനുഷ്യന്റെ സ്ഥാനം
- മനുഷ്യനും ആൾക്കുരങ്ങുമായുള്ള ബന്ധം
- മനുഷ്യനും മനുഷ്യപൂർവികരും
- ആദ്യകാല മനുഷ്യവിഭാഗങ്ങൾ

IV. മനുഷ്യജനിതകശാസ്ത്രം
- പാരമ്പര്യത്തിന്റെയും വ്യതിയാനത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ
- മെന്റലിന്റെ പാരമ്പര്യപ്രേഷണ സിദ്ധാന്തം
- കോശവിഭജനവും അവയുടെ ജനിതകപ്രാധാന്യവും

V. മനുഷ്യവ്യതിയാനങ്ങൾ
- മനുഷ്യവർഗങ്ങൾ
- വർഗീകരണത്തിന്റെ മാനദണ്ഡങ്ങൾ
- ലോകത്തിലെ പ്രധാന മനുഷ്യ വർഗങ്ങൾ
- രക്തഗ്രൂപ്പുകൾ- എ.ബി.ഒ., ആർ.എച്ച്
- രക്തഗ്രൂപ്പ് നിർണയം- രക്തനിവേശനം
- പാരമ്പര്യപ്രേഷണരീതി
- എ ബി ഒ, ആർ എച്ച് പൊരുത്തക്കേടുകൾ

ആമുഖം

രണ്ട് അമ്മമാർ ഒരു കുട്ടിയുടെ മാതൃത്വത്തെക്കുറിച്ച് തർക്കമുന്നയിച്ചപ്പോൾ, സോളമൻരാജാവ് അത് ബുദ്ധിപരമായി പരിഹരിച്ച കഥ നമുക്കറിയാമല്ലോ. കുട്ടിയെ രണ്ട് തുല്യഭാഗങ്ങളായി മുറിച്ച് ഓരോ ഭാഗം ഓരോരുത്തർക്കും നൽകാൻ രാജാവ് ഉത്തരവിട്ടപ്പോൾ യഥാർഥ അമ്മ അവരുടെ അവകാശത്തിൽ നിന്ന് പിന്തിരിഞ്ഞു. കുഞ്ഞ് ജീവിച്ചിരിക്കണമെന്നാഗ്രഹിച്ചതിനാൽ അവർ കുട്ടിയെ മറ്റേ സ്ത്രീക്ക് നൽകാൻ സമ്മതിച്ചു. അങ്ങനെ രാജാവ് യഥാർഥ മാതാവിനെ കണ്ടെത്തി.



ചിത്രം3.1. - സോളമൻ രാജാവിന്റെ രാജസദസ്സിൽ നടന്ന മാതൃത്വ തർക്കപരിഹാരം ചിത്രകാരന്റെ ഭാവനയിൽ

ആധുനികകാലത്ത് ഇത്തരം തർക്കങ്ങൾ ഈ രീതിയിൽ പരിഹരിക്കാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?

13 മാസം പ്രായമുള്ള ഒരു കുട്ടിയുടെ കാര്യം നിങ്ങൾ വാർത്തകളിലൂടെ അറിഞ്ഞിരിക്കും. ജനിച്ച് രണ്ടു ദിവസംമാത്രം പ്രായമായ കുഞ്ഞിനെ എടുത്തുകൊണ്ടുപോയ പുരുഷനെതിരെ ഒരു സ്ത്രീ നിയമയുദ്ധത്തിനിറങ്ങുകയുണ്ടായി. അയാളും നിയമപരമായി അദ്ദേഹം വിവാഹം ചെയ്ത ഭാര്യയും കുട്ടി തങ്ങളുടേതാണെന്ന് അവകാശപ്പെട്ടു. എന്നാൽ കേസ് നൽകിയ സ്ത്രീയാണ് യഥാർഥ മാതാവെന്ന് ആശുപത്രിരേഖകളിൽ നിന്നു വ്യക്തമായി. ഇത് തെളിയിക്കാൻ സുപ്രിം കോടതി ഡി.എൻ.എ സാങ്കേതികവിദ്യയെ ആശ്രയിക്കുകയും ദമ്പതിമാരെയും പരാതിക്കാരിയെയും കുട്ടിയെയും ഡി.എൻ. എ. ടെസ്റ്റിനു വിധേയമാക്കാൻ സുപ്രിം കോടതി ഉത്തരവിടുകയും ചെയ്തു.

ഡി.എൻ.എ.(D.N.A), ആർ. എൻ. എ. (RNA)എന്നിവയെക്കുറിച്ച് നിങ്ങൾ ചെറിയ ക്ലാസിൽ പഠിച്ചിരിക്കുമല്ലോ ഡി. എൻ. എ. കൂടാതെ മറ്റു ചില ഘടകങ്ങൾകൂടി ഒരാളെ മറ്റൊരാളിൽ നിന്ന് ജീവശാസ്ത്രപരമായി വേർതിരിച്ചറിയാൻ സഹായിക്കുന്നു. മനുഷ്യന്റെ ജൈവപരമായ വ്യത്യാസങ്ങളെ പാരമ്പര്യഘടകങ്ങളും പരിസ്ഥിതിയും സ്വാധീനിക്കുന്നുവെന്ന് നമുക്കറിയാമല്ലോ. ഇങ്ങനെയുള്ള വ്യതിയാനങ്ങൾ മനസ്സിലാക്കാൻ അവന്റെ ഉൽപ്പത്തിയും പരിണാമവും അറിയേണ്ടതുണ്ട്. വിവിധ പരിണാമസിദ്ധാന്തങ്ങൾ, പാരമ്പര്യം, വ്യതിയാനവുമായി ബന്ധപ്പെട്ട ആശയങ്ങൾ എന്നിവ പരിശോധിച്ച് മനുഷ്യജീവിതവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും മനസ്സിലാക്കുന്നതിന് ജൈവനരവംശശാസ്ത്രം നിങ്ങളെ സഹായിക്കും.

1. ജൈവനരവംശശാസ്ത്രം : അർഥവും വ്യാപ്തിയും

(Meaning and Scope of Biological Anthropology)

മനുഷ്യർ പലകാര്യങ്ങളിലും ജിജ്ഞാസയുള്ളവരാണെന്ന് നേരത്തേ പറഞ്ഞല്ലോ. മനുഷ്യനുമായി ബന്ധപ്പെട്ട ജിജ്ഞാസ നിറഞ്ഞ ചോദ്യങ്ങൾ നരവംശശാസ്ത്രം മുന്നോട്ടുവയ്ക്കാറുണ്ട്. നമ്മുടെ ജൈവപരമായ പ്രകൃതത്തെക്കുറിച്ചുള്ള അത്തരം ചോദ്യങ്ങളിൽ ചിലതാണ് താഴെയുള്ളത്.

- മനുഷ്യർ ഉണ്ടായത് എങ്ങനെയാണ്? അവർ രൂപംകൊണ്ടത് എവിടെയാണ്?
- ആൾക്കുരങ്ങുകൾ, കുരങ്ങുകൾ, മറ്റു ജന്തുക്കൾ എന്നിവയുമായി നമുക്ക് ബന്ധമുണ്ടോ?
- സന്താനങ്ങൾക്ക് മാതാപിതാക്കളുമായി സാമ്യവ്യത്യാസങ്ങൾ ഉണ്ടാവാൻ കാരണമെന്ത്?
- മനുഷ്യർ തന്നെ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നതെന്തുകൊണ്ട്?
- മനുഷ്യവൈവിധ്യത്തിന്റെയും വ്യതിയാനത്തിന്റെയും അടിസ്ഥാനമെന്താണ്?
- എല്ലാ മനുഷ്യരിലും പൊതുവായ എന്തെങ്കിലും പ്രത്യേകത ഉണ്ടോ?

മേൽക്കാണിച്ച ചോദ്യങ്ങളുമായി നമുക്ക് മുന്നോട്ടു പോകാം. മനുഷ്യവർഗത്തെ അതിന്റെ പൂർണമായ രീതിയിൽ മനസ്സിലാക്കാനുള്ള ശ്രമത്തിനിടയിൽ, ജൈവനരവംശശാസ്ത്രം പരിഗണിക്കുന്ന പ്രധാനവിഷയങ്ങളാണിതൊക്കെ.

മനുഷ്യന്റെ ജൈവപരമായ പ്രത്യേകതകളെക്കുറിച്ച് പഠിക്കുന്ന ജൈവനരവംശശാസ്ത്രം ശാരീരികനരവംശശാസ്ത്രം (Physical Anthropology)എന്നും അറിയപ്പെടുന്നു. മനുഷ്യന്റെ ജൈവപരമായ ഉൽപ്പത്തിയും പരിണാമവും വ്യത്യസ്തതകളും പ്രതിപാദിക്കുന്ന പഠനമാണ് ജൈവന

രവംശശാസ്ത്രം. ജൈവപരമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മനുഷ്യന്റെ ഭൂത-ഭാവി-വർത്തമാനങ്ങൾ താരതമ്യം ചെയ്യുന്ന പഠനവുമാണിത്. വ്യത്യസ്ത ഭൂവിഭാഗങ്ങളിലും പരിസ്ഥിതിയിലും ജീവിക്കുന്ന മനുഷ്യരുടെ ജൈവപരമായ അനുകൂലനത്തെക്കുറിച്ചും ഇത് വിശകലനം ചെയ്യുന്നു. ഇത്തരം വിശകലനങ്ങൾക്കായുള്ള ശാസ്ത്രീയതെളിവുകൾക്കായി ജീവശാസ്ത്രത്തിലെ പൊതുതത്ത്വങ്ങളും ആന്തരികശരീരഘടനാശാസ്ത്രത്തിന്റെ കണ്ടെത്തലുകളും ശരീരശാസ്ത്രം, ഭ്രൂണശാസ്ത്രം, ജന്തുശാസ്ത്രം, ഫോസിൽ പഠനം എന്നിവയുമെല്ലാം ജൈവ നരവംശശാസ്ത്രം ഉപയോഗിക്കുന്നു.

താഴെകൊടുത്തിരിക്കുന്ന ജൈവനരവംശശാസ്ത്രത്തിന്റെ പ്രത്യേക ഉപമേഖലകൾ ഈ പ്രധാനശാഖയെക്കുറിച്ച് സമഗ്രമായി പഠിക്കാൻ സഹായിക്കുന്നു.

- പാലിയോ നരവംശശാസ്ത്രം (Paleo Anthropology)
- പ്രൈമറ്റോളജി (Primatology)
- മനുഷ്യജനിതകശാസ്ത്രം (Human Genetics)
- ഫോറൻസിക് നരവംശശാസ്ത്രം (Forensic Anthropology)
- രക്തഗണപഠനം (Serology)
- ചർമരേഖാപഠനം (Dermatoglyphics)
- ആന്ത്രോപോമെട്രിയും ക്രേനിയോമെട്രിയും (Anthropometry and Craniometry)
- പാലിയോപാത്തോളജി (Paleopathology) (പ്രാചീന രോഗ നിദാനശാസ്ത്രം)
- ജൈവപുരാവസ്തുശാസ്ത്രം (Bio- Archaeology)
- നാഡീനരവംശശാസ്ത്രം (Neuro Anthropology)
- ജൈവ-വൈദ്യനരവംശശാസ്ത്രം (Bio- medical Anthropology)

ജൈവനരവംശശാസ്ത്രത്തിന്റെ ഈ പ്രത്യേക ഉപമേഖലകൾ വിശദമായി മനസ്സിലാക്കാം.

പാലിയോ നരവംശശാസ്ത്രം: പാലിയോ നരവംശശാസ്ത്രം നേരത്തേ അറിയപ്പെട്ടിരുന്നത് മനുഷ്യ ജീവാശ്മകപഠനം (Human Palaentology) എന്നാണ്. മനുഷ്യന്റെ ഉൽപ്പത്തി, പരിണാമം എന്നിവ ജീവാശ്മക (fossil) പഠനത്തിലൂടെ മനസ്സിലാക്കുകയാണ് ഇത് ചെയ്യുന്നത്. പാലിയോ നരവംശശാസ്ത്രജ്ഞർ ജീവാശ്മകത്തെളിവുകൾ അടിസ്ഥാനമാക്കി മനുഷ്യന്റെ പരിണാമഘട്ടങ്ങൾ പുനർനിർമിക്കാറുണ്ട്. പുരാവസ്തുശാസ്ത്രജ്ഞരുടെയും ഭൂഗർഭശാസ്ത്രജ്ഞരുടെയും ഒപ്പം പ്രവർത്തിച്ച് അവർ ലോകത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽനിന്നു ജീവാശ്മാവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി. എല്ലുകളെക്കുറിച്ചുള്ള പഠനം ആധുനികമനുഷ്യന്റെയും അവരുടെ പൂർവികരുടെയും താവഴികൾ വേർതിരിച്ചറിഞ്ഞ് മനുഷ്യപരിണാമഘട്ടം പുനർനിർമിക്കാൻ സഹായകമാകുന്നു.

പ്രൈമറ്റോളജി: മനുഷ്യർ, കുരങ്ങുകൾ, ആൾക്കുരങ്ങുകൾ, പ്രൊസിമിയൻ എന്നിവയെക്കുറിച്ചുള്ള പഠനമാണ് പ്രൈമറ്റോളജി. മനുഷ്യരല്ലാത്ത പ്രൈമേറ്റുകളുടെ പെരുമാറ്റരീതികൾക്ക് മനുഷ്യന്റെ പെരുമാറ്റവുമായി സാമ്യമുണ്ടോ എന്ന് അന്വേഷിക്കുന്ന പഠനമാണിത്. മനുഷ്യന്റെയും മനുഷ്യരല്ലാത്ത പ്രൈമേറ്റുകളുടെയും ആന്തരികഘടന പരിശോധിച്ച് അവ തമ്മിലുള്ള സാമ്യ വ്യത്യാസങ്ങൾ മനസ്സിലാക്കി അതുവഴി അവരെ മനുഷ്യപരിണാമശ്രേണിയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യജനിതകശാസ്ത്രം: മാതാപിതാക്കളിൽനിന്നു സന്താനങ്ങളിലേക്ക് ജനിതകഘടകങ്ങൾ പ്രേഷണം ചെയ്യുന്ന രീതിയെക്കുറിച്ചും ജീനുകളുടെ ഘടന, പ്രവർത്തനം എന്നിവയെക്കുറിച്ചുമുള്ള പഠനമാണ് മനുഷ്യജനിതകശാസ്ത്രം.

ഫോറൻസിക് നരവംശശാസ്ത്രം: ജൈവനരവംശശാസ്ത്ര കാഴ്ചപ്പാടുകൾ നിയമനടപടികളുമായി പ്രയോജനപ്പടുത്തുകയാണ് ഫോറൻസിക് നരവംശശാസ്ത്രം ചെയ്യുന്നത്. മൃതാവശിഷ്ടങ്ങൾ പരിശോധിച്ച് വ്യക്തികളെ തിരിച്ചറിഞ്ഞ്, മരണകാരണസംഭവങ്ങൾ പുനഃസൃഷ്ടിക്കുകയും അതുവഴി നിയമത്തെ സഹായിക്കുകയും ചെയ്യുന്നു. എല്ലുകളെക്കുറിച്ചുള്ള പഠനവും പാലിയോപാത്തോളജിയും പുരാവസ്തുപഠനവും ഇതിന് പ്രയോജനപ്പെടുത്തുന്നു.

രക്തഗണപഠനം (സിറോളജി): രക്തഗ്രൂപ്പുകളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് സിറോളജി. പ്ലാസ്മാ, സിറം എന്നിവയെക്കുറിച്ചും മറ്റു രക്തകോശങ്ങളെക്കുറിച്ചും ഇത് പഠനം നടത്തുന്നു. രക്തസിറം പരിശോധിച്ച് ആന്റിബോഡികളെ തിരിച്ചറിയുന്ന പഠനമാണ് സിറോളജി. തെളിവുകളായി ലഭിച്ച വസ്തുക്കളിൽ ഫോറൻസിക് പരിശോധന നടത്താനും സിറോളജി ഉപയോഗിക്കുന്നു.

ചർമരേഖാപഠനം (ഡെർമറ്റോഗ്ലിഫിക്സ്): (ത്വക്കിന്റെ മടക്കുകളെക്കുറിച്ചുള്ള ശാസ്ത്രം): കാൽവിരൽ, പാദത്തിന്റെ അടിവശം, കൈപ്പത്തി എന്നിവിടങ്ങളിലെ തൊലിയുടെ മടക്കുകളെക്കുറിച്ചുള്ള സജീവപഠനമാണ് ഡെർമറ്റോഗ്ലിഫിക്സ്. നിയമവുമായിബന്ധപ്പെട്ട വൈദ്യശാസ്ത്രാന്വേഷണത്തിന് മാത്രമല്ല, രണ്ടു ജനതകൾ തമ്മിലുള്ള ജനിതകവ്യതിയാനങ്ങൾ മനസ്സിലാക്കാനും വിരലടയാളങ്ങൾ ഉപയോഗിക്കുന്നുണ്ട്.

മനുഷ്യാവയവ മാപനം (ആന്ത്രോപോമെട്രി) (മനുഷ്യജന്യ അളവുകൾ): മനുഷ്യാസ്ഥികൂടങ്ങളിലും ജീവിച്ചിരിക്കുന്ന മനുഷ്യരിലുമുള്ള ശാരീരിക അളവുകളുടെ അനുപാതത്തിലുമുള്ള ചിട്ടയായ പഠനങ്ങൾ.

കപാല മാപനം (ക്രേനിയോമെട്രി) (തലയോട്ടി അളവുകൾ): ആന്ത്രോപോമെട്രിയുടെ ഉപശാഖയും ശാസ്ത്രീയമായി തലയോട്ടിയുടെ അളവെടുക്കുന്ന രീതിയുമാണിത്.



ജൈവനരവംശശാസ്ത്രത്തിന്റെ പുതിയ മേഖലകൾ


പാലിയോ പാത്തോളജി: *പുരാതനകാലത്തുണ്ടായിരുന്ന രോഗങ്ങളെക്കുറിച്ചുള്ള പഠനമാണിത്. മനുഷ്യാസ്ഥികൂടത്തിലെ രോഗങ്ങളുടെയോ മുറിവുകളുടെയോ പ്രത്യക്ഷലക്ഷണപഠനമാണിത്. പോഷകാഹാരക്കുറവ്, എല്ലുകളുടെ ആകാരത്തിലുണ്ടാകുന്ന കാലാനുസൃതവ്യതിയാനം, ശാരീരിക ആഘാതത്തെളിവുകൾ, തൊഴിൽപരമായി രൂപപ്പെട്ട ജീവശാസ്ത്രസംഘർഷം എന്നിവയുടെ തെളിവുകൾ ഇതിൽ പഠനവിധേയമാക്കുന്നു.*

ജൈവപുരാവസ്തുപഠനം: *മനുഷ്യാസ്ഥികൂടങ്ങളും പുരാവസ്തുശാസ്ത്രവും കൂട്ടിയിണക്കിക്കൊണ്ടുള്ള പഠനമാണിത്. പഴയകാലത്തെ മനുഷ്യസമൂഹങ്ങളെ മനസ്സിലാക്കാൻ അവരുടെ എല്ലുകളും അവ കണ്ടെടുത്ത പ്രദേശങ്ങളും കൂടി ഇതിൽ പരിശോധിക്കുന്നു.*

നാഡീനരവംശശാസ്ത്രം: *മനുഷ്യമസ്തിഷ്കത്തെക്കുറിച്ചുള്ള പഠനമാണിത്. പരിണാമവും സംസ്കാരവും നാഡീപരമായ അനുകൂലനവും അവയ്ക്ക് പരിസ്ഥിതിയുമായുള്ള ബന്ധവും ഇതിൽ പ്രതിപാദിക്കുന്നു.*

ജൈവ-വൈദ്യനരവംശശാസ്ത്രം: *ജൈവനരവംശശാസ്ത്രവും വൈദ്യനരവംശശാസ്ത്രവും തമ്മിൽ ബന്ധിപ്പിക്കുന്ന ശാഖയാണിത്. ആരോഗ്യവുമായി ബന്ധപ്പെട്ടു വ്യത്യസ്ത സമൂഹങ്ങളിൽ നിലനിൽക്കുന്ന സാംസ്കാരികമായ പെരുമാറ്റരീതികൾ, അതിന്റെ സമഗ്രത, സാംക്രമികരോഗങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്നിവയും പ്രതിപാദിക്കുന്നു. അക്കാദമികവിഷയമെന്ന നിലയിൽ ഇത് മനുഷ്യജീവശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

മേൽപ്പറഞ്ഞ എല്ലാ ശാഖകളും മനുഷ്യന്റെ ജൈവപരമായ വസ്തുതകളെക്കുറിച്ച് അടിസ്ഥാനവിവരങ്ങൾ മനസ്സിലാക്കിത്തരുന്നു. ഇവയെല്ലാംതന്നെ മനുഷ്യപരിണാമം, ജനിതകശാസ്ത്രം, മറ്റു വ്യതിയാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.



ജൈവനരവംശശാസ്ത്രത്തിന്റെ വിവിധ ശാഖകൾ പ്രതിപാദിക്കുന്ന ചാർട്ട് തയാറാക്കുക.

പഠനപുരോഗതി വിലയിരുത്താം

1. ജോടികൾ കണ്ടെത്തുക.
   - എ. രക്തപഠനം: സിറോളജി, എല്ലുകളെക്കുറിച്ചുള്ള പഠനം:.....
   - ബി. ഫോസിലുകളെക്കുറിച്ചുള്ള പഠനം: പാലിയന്റോളജി, പ്രൈമേറ്റുകളെക്കുറിച്ചുള്ള പഠനം :.....
2. വിട്ടുപോയ ഭാഗം ഉചിതമായി പൂരിപ്പിക്കുക.
   - എ. ജൈവനരവംശശാസ്ത്രം....എന്നും അറിയപ്പെടുന്നു. അത് പഠിക്കുന്നത് ------ ന്റെ ---------- പ്രത്യേകതകളെക്കുറിച്ചാണ്.
   - ബി. വിരലടയാളത്തെക്കുറിച്ച് പഠിക്കുന്നതിനെ----------എന്നു പറയുന്നു.

II. മനുഷ്യ – പരിണാമ സിദ്ധാന്തങ്ങൾ (Theories of Human Evolution)

മനുഷ്യമനസ്സിൽ ആവേശമുണർത്തുന്ന ജിജ്ഞാസയായിരുന്നു മനുഷ്യന്റെ ഉൽപ്പത്തിയും ആവാസവും. അതായത് മനുഷ്യൻ എവിടെനിന്ന് ഉണ്ടായി എന്നതും എവിടേക്ക് പോകുന്നു എന്നതും. മനുഷ്യന്റെ ആദിമകാലം പുനർനിർമിച്ച് ആധുനിക ഫോസിൽ തെളിവുകളുടെയും ശാസ്ത്രപുരോഗതിയുടെയും സഹായത്താൽ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു. പരിണാമസിദ്ധാന്തമടിസ്ഥാനമാക്കിയുള്ള തെളിവുകളിലൂടെ നമ്മുടെ ഉദ്ഭവം മനസ്സിലാക്കാൻ കഴിയും. മനുഷ്യന്റെ ഉൽപ്പത്തി, പരിണാമം എന്നിവ മനസ്സിലാക്കുന്നതിന് ഭൂമിയുടെയും ജീവന്റെയും ഉൽപ്പത്തിയെക്കുറിച്ചുള്ള സാമാന്യ അറിവ് അനിവാര്യമാണ്.

ജീവന്റെ ആവിർഭാവം ഭൂമിയിൽ (Emergence of Life on Earth)

പ്രപഞ്ചത്തെക്കുറിച്ചും ഭൂമിയിൽ ജീവന്റെ ഉൽപ്പത്തിയെക്കുറിച്ചും നിങ്ങൾ ചെറിയ ക്ലാസിൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ. സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങളിൽ ഒന്നാണ് ഭൂമി. 4500 ദശലക്ഷം വർഷങ്ങൾക്കു മുമ്പാണ് ഭൂമി ഉണ്ടായതെന്ന് വിശ്വസിക്കപ്പെടുന്നു. ഒരു സിദ്ധാന്തപ്രകാരം സൂപ്പർ നോവ എന്ന ഭീമൻനക്ഷത്രം പൊട്ടിത്തെറിച്ച് ഒരു ഭാഗം സൂര്യന്റെ ഭ്രമണപഥത്തിലെത്തിയാണ് ഇത് സംഭവിച്ചതെന്നു കരുതുന്നു. ഭൂമിയുടെ പകുതി ആയുസ്സു വരെ ഭൂമിയിൽ ജീവനുണ്ടായിരുന്നില്ല. ഏകദേശം 3000 ദശലക്ഷം വർഷത്തിനുമുൻപ് ജീവദ്രവ്യത്തിന്റെ (Protoplasm) രൂപത്തിൽ ജലവും കരയും ചേർന്നിടത്ത് ജീവൻ രൂപംകൊണ്ടു. ഭൂമിയുടെ പരിണാമസമയത്തുണ്ടായ വിവിധ ഭൗതിക രാസപ്രവർത്തനങ്ങളിലൂടെ അകാർബണികവസ്തുക്കളിൽ നിന്നാണ് ജീവൻ രൂപപ്പെട്ടതെന്നു വിശ്വസിക്കുന്നു.

ആദ്യകാല പരിണാമസിദ്ധാന്തങ്ങൾ (Earlier Theories of Evolution)

ഭൂമിയിൽ ജീവന്റെ ഉൽപ്പത്തിയുടെ കാലഘട്ടം അറിയുന്നതുപോലെത്തന്നെ പ്രധാനമാണ് ജീവൻ എങ്ങനെ ഉണ്ടായി എന്നറിയുന്നതും. ജീവന്റെ ഉൽപ്പത്തിയെക്കുറിച്ച് വിവിധ സിദ്ധാന്തങ്ങൾ നിലവിലുണ്ട്. ഇവയിൽ ആദ്യകാല പരിണാമസിദ്ധാന്തങ്ങൾ നമുക്ക് പരിശോധിക്കാം.

സ്വാഭാവിക ഉൽപ്പത്തിസിദ്ധാന്തം (Theory of Spontaneous Origin)

ജീവനില്ലാത്ത വസ്തുക്കളിൽനിന്ന് സ്വയമേവ ഉദ്ഭവിച്ചതാണ് ജീവൻ എന്നാണ് ഗ്രീക്ക് ചിന്തകരായ അരിസ്റ്റോട്ടിൽ, ഡെമോക്രാറ്റസ്, തെൽസ് എന്നിവർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

ദൈവദത്തസിദ്ധാന്തം (Theory of Divine Creation)

സ്പാനിഷ് പുരോഹിതൻ ഫാ. സുദ്രേസ് (Father Sudrez) ആണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. ബൈബിളിലെ പഴയനിയമപ്രകാരം ഈ ലോകം സൃഷ്ടിച്ചത് ദൈവമാണ്. ഇത് പ്രകാരം 6 ദിവസങ്ങളിലായി സസ്യങ്ങൾ, ജന്തുക്കൾ, മനുഷ്യർ എന്നിവ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടു. എന്നാൽ ആദിമജീവിയിൽനിന്ന് പുതിയ ജീവികൾ സൃഷ്ടിക്കപ്പെട്ടുവെന്ന ആശയം ഇത് നിരാകരിക്കുന്നു.

നിതാന്ത ജീവ സിദ്ധാന്തം (Theory of Eternity)

ഇത് ഒരു യാഥാസ്ഥിതികസിദ്ധാന്തമാണ്. പ്രപഞ്ചോൽപ്പത്തി മുതൽതന്നെ ഭൂമുഖത്തു ചില ജീവികളുണ്ടായിരുന്നു എന്നു വിശ്വസിക്കുന്നു. ഇവ പുതിയ ചില ജീവികളോടൊപ്പം ഇന്നും ഭൂമിയിൽ നിലനിൽക്കുന്നു. ഈ സിദ്ധാന്തപ്രകാരം ആദിമജീവികൾ അനശ്വരരായി സ്വയമേവ സംരക്ഷിക്കപ്പെടുന്നു.

സൂക്ഷ്മ ജീവി സിദ്ധാന്തം (Theory of Virus)

വൈറസുകളാണ് ആദിമകാലജീവൻ രൂപപ്പെടാൻ കാരണമായതെന്ന് ചില ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. ജീവനില്ലാത്തവയിൽനിന്നു ജീവനുള്ളവയിലേക്കുള്ള പരിണാമത്തിന്റെ ഇടവേള വൈറസ് പ്രതിനിധാനം ചെയ്യുന്നു. വൈറസുകൾ പ്രകൃതിയിൽ ജീവനില്ലാത്തവയാണെങ്കിലും അത് ജീവകോശത്തിലെത്തിച്ചേർന്നാൽ ജീവനുള്ളവയായി മാറുന്നു. അതുകൊണ്ട് ഇവയ്ക്ക് ജീവനുണ്ടാക്കാനുള്ള കഴിവുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

പ്രാപഞ്ചിക ഉൽപ്പത്തിസിദ്ധാന്തം (Theory of Cosmic Origin)

റിക്റ്റർ എന്നയാളാണ് ഇതിന്റെ ഉപജ്ഞാതാവ്. പിന്നീട് തോംസൺ, ഹെംഹോൾട്സ്, വോൺതീഗം തുടങ്ങിയവർ ഈ ആശയത്തെ പിന്താങ്ങി. ഇതു പ്രകാരം അന്യഗ്രഹങ്ങളിൽനിന്നു പുറപ്പെട്ട പ്രാപഞ്ചികകണങ്ങളിൽനിന്നു ജീവന്റെ വിത്തുകൾ ഭൂമിയിലെത്തിയെന്നാണ് ഇവർ വിശ്വസിക്കുന്നത്. ഇങ്ങനെ സഞ്ചരിച്ചെത്തിയ വസ്തുക്കളിൽ ഭ്രൂണങ്ങളും ബീജകോശങ്ങളും ഉണ്ടായിരുന്നുവെന്നും അവ ഭൂമിയുടെ അന്തരീക്ഷത്തിൽ വച്ച് വിവിധ ജീവികളായി വികസിച്ചുവന്നു എന്നുമാണ് ഇവർ പറയുന്നത്.

ആകസ്മിക വിപത് സിദ്ധാന്തം (Theory of Catastrophism/Cataclysm): ഫ്രഞ്ച് ജിയോളജിസ്റ്റായ ജോർജ് കുവിയർ ആണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. വിവിധ ജീവികളുടെ ഫോസിൽ നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ സിദ്ധാന്തം രൂപപ്പെടുത്തിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭൂമി ധാരാളം പ്രകൃതിദുരന്തങ്ങൾക്കു വിധേയമായിരുന്നെന്നും അപ്പോഴൊക്കെ ധാരാളം ജീവജാലങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ഓരോ പ്രകൃതിദുരന്ത

ത്തിനുശേഷവും പുതിയതും വികസിച്ചതുമായ ജീവജാലങ്ങൾ പ്രത്യക്ഷപ്പെട്ടു എന്നും പറയുന്നു. ഇങ്ങനെ പലതവണ സംഭവിച്ചപ്പോൾ പഴയ ജീവികൾക്കു പകരം സങ്കീർണതയുള്ള പുതിയ ജീവികൾ രൂപംകൊണ്ടു. അങ്ങനെ ആദ്യഘട്ടത്തിൽ പവിഴപ്പുറ്റുകൾ, കക്കകൾ, ഷഡ്പദങ്ങൾ എന്നിവ ഉണ്ടായി. പിന്നീട് സസ്യങ്ങൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ എന്നിവയും. അതിനുശേഷം പക്ഷികളും സസ്തനികളും അവസാനം മനുഷ്യനും ആവിർഭവിച്ചു.

- ഈ സിദ്ധാന്തങ്ങളുടെ പോരായ്മയെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?
- ഇവിടെ പ്രസ്താവിച്ച സിദ്ധാന്തങ്ങളിലേതിനെങ്കിലും ദൃഢമായ തെളിവുകളുണ്ടോ?
- അവയിലേതിനെങ്കിലും ശാസ്ത്രീയമായ അടിസ്ഥാനമുണ്ടോ?

മേൽപ്പറഞ്ഞ ആദ്യകാലസിദ്ധാന്തങ്ങളെല്ലാം തന്നെ ശാസ്ത്രീയമായ അടിസ്ഥാനങ്ങളില്ലാത്തതുകൊണ്ട് ശാസ്ത്രജ്ഞർ സ്വീകരിച്ചില്ല. എന്നാൽ പിന്നീടു വന്ന സിദ്ധാന്തങ്ങൾ ജീവപരിണാമത്തെ വിശദീകരിക്കുന്നതും നിരവധി തെളിവുകൾ അടിസ്ഥാനമാക്കിയുള്ളവയുമായിരുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ നമുക്ക് അവ പരിശോധിക്കാം

ജൈവപരിണാമസിദ്ധാന്തങ്ങൾ (Theories of Organic Evolution)


ഹെർബർട്ട് സ്പെൻസർ എന്ന ഇംഗ്ലീഷ് തത്ത്വചിന്തകനാണ് പരിണാമം എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഇത് അർഥമാക്കുന്നത് ജീവന്റെ ചരിത്രപരമായ പുരോഗതിയാണ്. മനുഷ്യപരിണാമത്തിന്റെ ആരംഭം ജീവന്റെ ഉൽപ്പത്തിയോടുകൂടിയാണ്. ജീവദ്രവ്യത്തിന്റെ രൂപപ്പെടലിലൂടെയാണ് ജീവന്റെ ആരംഭം. പിന്നീട് സങ്കീർണരൂപങ്ങളിലേക്കുള്ള തുടർച്ചയായ വളർച്ച വിവിധ ജീവിവർഗങ്ങളുടെ പരിഷ്കൃതരൂപങ്ങളുണ്ടാവാൻ കാരണമായിട്ടുണ്ട്.

ആദ്യകാലജീവികൾക്ക് ഇപ്പോഴുള്ള ജീവികളിൽനിന്നു മാറ്റമുള്ളതുപോലെ ഭാവികാല ജീവികളും ഇപ്പോഴുള്ള ജീവികളിൽനിന്നു ജീവശാസ്ത്രപരമായി മാറ്റമുള്ളവയായിരിക്കുമെന്ന പരിണാമസിദ്ധാന്തമാണ് ലോകമാകെ സ്വീകരിച്ചിരിക്കുന്നത്. പുതിയതും വ്യത്യസ്തവുമായ ജീവിവർഗങ്ങളിലേക്കുള്ള സസ്യങ്ങളുടെയും ജന്തുക്കളുടെയും മാറ്റം ജീവിവർഗങ്ങളുടെ വൈവിധ്യങ്ങളിലേക്കു നയിച്ചു. ഇത്തരം വൈവിധ്യങ്ങൾ നമ്മുടെ ജീവിതകാലയളവിൽ കാണാൻ സാധിച്ചെന്നു വരില്ല. ഇത് ലളിതമായവയിൽനിന്നു സങ്കീർണമായവയിലെയും ഏകരൂപത്തിൽനിന്നു ബഹുരൂപങ്ങളിലേക്കുമുള്ള മാറ്റമാണ്. പലതലമുറകളിലൂടെ ജീവിവർഗങ്ങളിൽ സംഭവിക്കുന്ന പാരമ്പര്യ പ്രേഷണപരമായ ഇത്തരം മാറ്റമാണ് പരിണാമം.

ആദ്യകാല ജീവികൾ സൂക്ഷ്മ ഏകകോശജീവികളാണ്. കാലക്രമേണ മിക്ക ഏകകോശ ജീവികളും ബഹുകോശജീവികളായി പരിണമിച്ചു. ഇതോടൊപ്പം ഭൂമിയുടെ അന്തരീക്ഷനിലയിലും മാറ്റങ്ങളുണ്ടായി. തദ്ഫലമായി ലഘുജീവികൾ സങ്കീർണജീവികളായി രൂപാന്തരപ്പെട്ടു. ഇത്തരം മാറ്റങ്ങൾ ജീവപരിണാമം എന്നറിയപ്പെട്ടു.

പുതിയതരം ജീവിവർഗങ്ങൾ ഉണ്ടാകുന്നതിൽ പരിണാമം പ്രധാന ഘടകമാണെന്ന് പണ്ഡിതർക്ക് യോജിച്ച അഭിപ്രായമുണ്ടായിരുന്നു. അവർ അത് പ്രസ്താവിച്ചത് വ്യത്യസ്ത രീതികളിലാണ്. ജീവപരിണാമത്തെക്കുറിച്ചുള്ള കൂടുതൽ അറിവിനായി നമുക്ക് ഓരോന്നും വിശദമായി പരിശോധിക്കാം.

ലാമാർക്കിസം (Lamarckism)



ചിത്രം 3.2: ജീൻ ബാപ്റ്റിസ്റ്റ് ലാമാർക്ക്

ജീവികൾ പരിണാമത്തിന്റെ ഉൽപ്പന്നമാണ് എന്ന് ആദ്യമായി തിരിച്ചറിഞ്ഞത് ഫ്രഞ്ച് ജീവശാസ്ത്രജ്ഞനായ ജീൻ ബാപ്പിസ്റ്റ് ലാമാർക്ക് (1744–1829) ആണ്. ലാമാർക്ക് അദ്ദേഹത്തിന്റെ ആദ്യ കാലജീവിതം നയിച്ചത് സസ്യശാസ്ത്രജ്ഞൻ (Botanist) എന്ന നിലയ്ക്കാണ്. 50–ാം വയസ്സിൽ, നട്ടെല്ലില്ലാത്ത ജീവികളെക്കുറിച്ചുള്ള പഠനത്തിലൂടെ അദ്ദേഹം ജന്തുശാസ്ത്രജ്ഞനായി (Zoologist) മാറി. അകശേരുകിക (Invertibrates)ളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സമഗ്രമായ പഠനത്തെ ജന്തുവർഗീകരണത്തിന്റെ അടിസ്ഥാനമായി കണക്കാക്കുന്നു. നട്ടെല്ലുള്ളതും നട്ടെല്ലില്ലാത്തതുമായ ജീവികളെ തമ്മിൽ വേർതിരിച്ച ആദ്യ ശാസ്ത്രജ്ഞനും അദ്ദേഹമാണ്. ജീവജാലങ്ങൾക്ക് സ്ഥിരതയില്ലെന്നും അവ നേരത്തേ നിലനിന്നിരുന്ന ജീവികളിൽനിന്ന് ഉരുത്തിരിഞ്ഞുവന്നവയാണെന്നും ശാസ്ത്രീയപഠനത്തിലൂടെ അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ആശയങ്ങൾ 'ഫിലോസഫി സുവോളജിക്ക്'- (Philosophie Zoologique- 1809) എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് ലാമാർക്കിസം എന്ന പേരിൽ അറിയപ്പെടുന്നു.


ജീവിവർഗങ്ങളുടെ പരിണാമം പരിസ്ഥിതിയുടെ സ്വാധീനത്താലാണ് സംഭവിച്ചതെന്ന് അദ്ദേഹം വിശ്വസിച്ചു. പരിസ്ഥിതിമാറ്റത്തിനനുസരിച്ച് ജീവികൾ അവയുടെ ശരീരഘടനയിൽ ചില മാറ്റങ്ങൾ വരുത്തുന്നു. ചില പ്രത്യേക പരിസ്ഥിതികളിൽ ജീവികൾക്ക് ചില ശരീരഭാഗങ്ങൾ കൂടുതൽ ഉപയോഗിക്കേണ്ടിവരുന്നു. അത് അവയുടെ ജൈവഘടനാമാറ്റത്തിനു കാരണമാവാം. ഇത്തരം ജൈവപ്രത്യേകതകൾ വരുംതലമുറയിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നു. താഴെക്കൊടുത്തിട്ടുള്ള രണ്ടു വ്യത്യസ്ത ആശയങ്ങളിലൂടെയാണ് ലാമാർക്ക് ഇതു പ്രസ്താവിച്ചിട്ടുള്ളത്.

i) **ഉപയോഗ – നിരുപയോഗസിദ്ധാന്തം (The Law of Use and Disuse)**

ഒരു ജീവി അതിന്റെ ചുറ്റുപാടിലെ പല ഘടകങ്ങളാലും സ്വാധീനിക്കപ്പെടുന്നുണ്ട്. ഇത്തരം സ്വാധീനങ്ങൾ അവയുടെ ചുറ്റുപാടുകളുമായി അവയ്ക്ക് പൊരുത്തപ്പെടാൻ സഹായിക്കുന്നുവെന്ന് ലാമാർക്ക് അഭിപ്രായപ്പെടുന്നു. ജീവികൾ അവയുടെ ചോദനകളനുസരിച്ച് ചില ശരീരഭാഗങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതു കാരണം അവ കാലക്രമത്തിൽ കൂടുതൽ വളർച്ച പ്രാപിക്കുന്നു. എന്നാൽ മറ്റു ചില ശരീരഭാഗങ്ങൾ ഉപയോഗിക്കാതെ വരുമ്പോൾ അവ ദുർബലപ്പെടുകയും ക്ഷയിക്കുകയും ചെയ്യുന്നു. അങ്ങനെ നിരന്തര ഉപയോഗഫലമായി ഒരു പ്രത്യേക അവയവം കരുത്താർജിക്കുമെന്നും തീരെ പ്രയോജനമില്ലാത്തത് ക്രമേണ ക്ഷയിച്ചുപോകുമെന്നും ലാമാർക്ക് വാദിച്ചു.

ii) **സ്വയാർജിതസ്വഭാവങ്ങളുടെ പാരമ്പര്യപ്രേഷണം (Inheritance of Acquired Characters)**: പരിസ്ഥിതിയുമായി പൊരുത്തപ്പെട്ടു ജീവിക്കുമ്പോൾ ജീവികൾ ആർജിക്കുന്ന അനുകൂലനമാണ് പരിണാമം. ഒരു ജീവിയുടെ ജീവിതകാലയളവിൽ നേടുന്ന രൂപാന്തരം പരമ്പരകളിലേക്കു പകരുന്നു. ഇങ്ങനെ ഒരു ജീവി അതിന്റെ ജീവിതകാലയളവിൽ ആർജിക്കുന്ന അനുകൂലനം പാരമ്പര്യമായി തൊട്ടടുത്ത തലമുറയിലേക്ക് കൈമാറുന്നു. ഇതാണ് സ്വയാർജിതസ്വഭാവങ്ങളുടെ പാരമ്പര്യപ്രേഷണം. ഈ പ്രതിഭാസത്തിന് നിരവധി ഉദാഹ

രണങ്ങൾ ലാമാർക്ക് മുന്നോട്ടുവയ്ക്കുന്നുണ്ട്. അതിൽ സവിശേഷമായ ഒന്നാണ് ജിറാഫിന്റെ കഴുത്തിന്റെ നീളക്കൂടുതലും മുൻകാലുകളുടെ ഉയരക്കൂടുതലും. ജിറാഫിന്റെ പൂർവജീവികൾക്ക് സാധാരണ കാലുകളും നീളം കുറഞ്ഞ കഴുത്തുമാണ് ഉണ്ടായിരുന്നത്. അവ സാധാരണയായി നിലത്തുവളരുന്ന പുല്ലുകൾ ഭക്ഷിച്ചാണു ജീവിച്ചിരുന്നത്. എന്നാൽ ചില പാരിസ്ഥിതികമാറ്റങ്ങൾമൂലം പുല്ലുകൾ ഇല്ലാതായതോടുകൂടി അവ ഉയരം കൂടിയ മരത്തിലെ ഇലകൾ ഭക്ഷണത്തിനായി ആശ്രയിക്കാൻ തുടങ്ങി അതിനുവേണ്ടി അവയുടെ മുൻകാലുകളും കഴുത്തും കൂടുതൽ നീട്ടി ഉപയോഗിക്കാൻ തുടങ്ങി. ഇത് ഇന്ന് കാണുന്ന ജിറാഫുകളായി രൂപപ്പെടാൻ കാരണമായെന്ന് ലാമാർക്ക് അഭിപ്രായപ്പെട്ടു. താറാവുകൾക്കു പറക്കാൻ കഴിയാത്തത് അവ പറക്കുന്നത് നിർത്തിയതു കാരണം ചിറകുകൾ ദുർബലപ്പെട്ടതുകൊണ്ടാണെന്നും ജലപ്പക്ഷികൾക്ക് ചർമബന്ധമുള്ള കാലുകൾ രൂപപ്പെടാൻ കാരണം അവ വെള്ളത്തിൽ ജീവിക്കാൻ തുടങ്ങിയതാണെന്നും ലാമാർക്ക് അഭിപ്രായപ്പെട്ടു. പാമ്പുകൾക്ക് കാലില്ലാതായത് അവ മാളങ്ങളിൽ വസിക്കുന്നതുകൊണ്ടും കാലുകളുടെ നിരുപയോഗം കൊണ്ടുമാണെന്ന് ലാമാർക്ക് സമർഥിക്കുന്നു. ഇങ്ങനെയുള്ള ജൈവമാറ്റങ്ങൾ തലമുറകളിൽനിന്ന് തലമുറകളിലേക്ക് ഏറിവരുന്നുവെന്നും അദ്ദേഹം പറഞ്ഞു.



ചിത്രം 3.3 മരത്തിലെ ഇലകൾ എത്തിപ്പിടിക്കാനുള്ള ശ്രമംകൊണ്ട് ജിറാഫുകളുടെ കഴുത്തിനും മുൻകാലുകൾക്കും നീളം വച്ചു എന്ന ലാമാർക്കിന്റെ വാദം കാണിക്കുന്നു.

ഒരു തലമുറ ആർജിച്ച സ്വഭാവങ്ങൾ അടുത്ത തലമുറയിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നുണ്ട് എന്നു നിങ്ങൾ കരുതുന്നുണ്ടോ?

ലാമാർക്കിസത്തിനെതിരെയുള്ള വിമർശനം (Criticism of Lamarckism)


ലാമാർക്കിസത്തിനെതിരെ പല കോണുകളിൽനിന്നും വിമർശനങ്ങളുണ്ടായിട്ടുണ്ട്. പല ശാസ്ത്രജ്ഞരും ഈ സിദ്ധാന്തം സ്വീകരിച്ചില്ല. ജർമൻ ശാസ്ത്രജ്ഞനായ ഒഗസ്റ്റ് വീസ്മെൻ ലാമാർക്കിസത്തെ വിമർശിച്ചിട്ടുണ്ട്. അതിനുവേണ്ടി അദ്ദേഹം 21 തലമുറകൾ വരെ എലികളുടെ വാൽ മുറിച്ച് പരസ്പരം വർഗസങ്കരണം നടത്തി. എന്നാൽ വാൽ മുറിഞ്ഞ എലികളെല്ലാം തന്നെ വാലുള്ള എലികളെ ഉൽപ്പാദിപ്പിച്ചു. അങ്ങനെ അദ്ദേഹം പരിസ്ഥിതിഘടകങ്ങൾ ജീവികളുടെ ശരീരകോശങ്ങളെ മാത്രമേ സ്വാധീനിക്കുന്നുള്ളൂ എന്നും പ്രത്യുൽപ്പാദനകോശങ്ങളെ പ്രകടമായി സ്വാധീനിക്കുന്നില്ല എന്നുമുള്ള നിഗമനത്തിലെത്തിച്ചേർന്നു.

പ്രത്യുൽപ്പാദനകോശങ്ങളിൽ മാറ്റം വന്നില്ലെങ്കിൽ ഒരു ജീവിയുടെ ശാരീരിക പ്രത്യേകതകൾ തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടില്ല. ഒരു ജീവിയുടെ ശരീരത്തിൽ ബീജകോശങ്ങൾ (Germ cells), ശരീരകോശങ്ങൾ (Body Cells) എന്നീ രണ്ടുതരം കോശങ്ങളുണ്ട്. ബീജകോശങ്ങളിൽ കേന്ദ്രീകരിച്ച സ്വഭാവങ്ങൾ മാത്രമേ പാരമ്പര്യമായി പ്രേഷണം ചെയ്യപ്പെടുന്നുള്ളൂ എന്ന് പരീക്ഷണങ്ങളിലൂടെ വ്യക്തമാക്കിക്കൊണ്ട് ലാമാർക്കിന്റെ പരിണാമവാദം തെറ്റാണെന്ന് തെളിയിക്കപ്പെട്ടു. എന്നാൽ, ജീവപരിണാമത്തിന്റെ കാരണങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഇതിൽ ഡാർവിന്റെ കണ്ടെത്തൽ ഈ മേഖലയിൽ പുതിയ വഴിത്തിരിവുണ്ടാക്കി.

അവ പിൽക്കാലത്ത് പരിണാമത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായി മാറുകയുണ്ടായി. ഡാർവിനിസത്തെക്കുറിച്ചു പഠിച്ചില്ലെങ്കിൽ ജീവപരിണാമത്തെക്കുറിച്ചുള്ള പഠനം പൂർണമാവില്ല.

ഡാർവിനിസം (Darwinism)

ബ്രിട്ടിഷ് ജീവശാസ്ത്രജ്ഞനായ ചാൾസ് റോബർട്ട് ഡാർവിൻ (1809–1882) 1809 ഫെബ്രുവരി 12 ന് ഇംഗ്ലണ്ടിലെ ഷ്റുബർഗിൽ ജനിച്ചു. എച്ച്. എം. എസ്. ബീഗിൾ എന്ന കപ്പലിലെ യാത്രാസംഘത്തിലേക്ക് യുവ പ്രകൃതിശാസ്ത്രജ്ഞനായി അദ്ദേഹം നാമനിർദേശം ചെയ്യപ്പെട്ടു. 1831 ഡിസംബർ 30 ന് ബീഗിൾ എന്ന കപ്പൽ യാത്രതിരിച്ചു. അറ്റ്ലാന്റിക് സമുദ്രത്തിലെയും ശാന്തസമുദ്രത്തിലെയും ദ്വീപുകൾ ഡാർവിൻ സന്ദർശിച്ചു. അതിൽ ഗാലപ്പഗോസ് ദ്വീപുകളും തെക്കേ അമേരിക്കയിലെ തീരപ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു. അഞ്ചു വർഷത്തിനു ശേഷം 1836 ഒക്ടോബർ 2ന് ഡാർവിൻ തിരിച്ചെത്തി. ഈ യാത്രയ്ക്കിടയിൽ അദ്ദേഹം സന്ദർശിച്ച പ്രദേശങ്ങളിലെ സസ്യജീവജാലങ്ങളെക്കുറിച്ചും മണ്ണിന്റെ പ്രത്യേകതകളെക്കുറിച്ചും മനസ്സിലാക്കുകയും വിവിധ ജീവജാലങ്ങളുടെ ഫോസിലുകൾ പലയിടങ്ങളിൽനിന്നായി ശേഖരിക്കുകയും ചെയ്തിരുന്നു. 1858ൽ അദ്ദേഹം പരിണാമസിദ്ധാന്തം തയാറാക്കി. അതേസമയം ആൽഫ്രഡ് റസ്സൽ വാലസ് എന്ന ശാസ്ത്രജ്ഞൻ രണ്ടുപേരുടെയും പേരിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതേ ആശയം അടിസ്ഥാനമാക്കിയുള്ള വാദങ്ങൾ ഡാർവിന് അയച്ചുകൊടുത്തു.



ചിത്രം 3.4 ചാൾസ് ഡാർവിൻ

1859 ൽ 'ഓൺ ദി ഒറിജിൻ ഓഫ് സ്പീഷീസ് ബൈ മീൻസ് ഓഫ് നാച്ചുറൽ സെലക്ഷൻ' എന്ന പുസ്തകത്തിലൂടെ തന്റെ സിദ്ധാന്തം ഡാർവിൻ അവതരിപ്പിച്ചു. ആദ്യകാല ജീവജാലങ്ങളിൽനിന്നാണ് പിന്നീടുള്ള ജീവജാതികൾ ഉണ്ടാകുന്നതെന്ന് ഡാർവിൻ വാദിച്ചു. ഡാർവിന്റെ പരിണാമസിദ്ധാന്തത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ചുവടെക്കൊടുക്കുന്നു.

- അതിജീവിക്കാനാവുന്നതിലധികം സന്തതികളെ ജീവിവർഗങ്ങൾ ഉൽപ്പാദിപ്പിക്കുന്നു.
- അതിജീവനത്തിനുവേണ്ടി ജീവികൾ തമ്മിൽ മത്സരിക്കുന്നു.
- ഒരേ ജീവജാലത്തിൽത്തന്നെയുള്ള ജീവികൾ വ്യത്യാസപ്പെട്ടിരിക്കുന്നു. പരിസ്ഥിതിയുമായി സമരസപ്പെട്ടുപോകുന്ന ജീവിവർഗങ്ങൾമാത്രം അതിജീവിക്കുന്നു.
- അതിജീവിക്കുന്ന ജീവികൾ പ്രത്യുൽപ്പാദനത്തിലൂടെ ജീനുകൾ അടുത്ത തലമുറയിലേക്ക് കൈമാറുന്നു.

ഇവ ഓരോന്നും താഴെ വിശദമാക്കുന്നു.

അമിതോൽപ്പാദനം (Overproduction): കൂടുതൽ സന്തതികളെ ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ എണ്ണം വർധിപ്പിക്കുന്നതിനും എല്ലാ ജീവജാതികളിലും ചില പ്രവണതകളുണ്ട്. ഉദാഹരണമായി, സാൽമൺ മത്സ്യം ഒരു കാലയളവിൽ 2 കോടി 80 ലക്ഷം മുട്ടകൾ ഉൽപ്പാദിപ്പിക്കുന്നു.

മുത്തുച്ചിപ്പികൾ ഒറ്റത്തവണ 11 കോടി 40 ലക്ഷം മുട്ടകൾ ഉൽപ്പാദിപ്പിക്കുന്നു. 100 വർഷം ആയുസ്സുള്ള ആനയുടെ സന്താനോൽപ്പാദനകാലം 30 മുതൽ 90 വയസ്സുവരെയാണ്. ഈ കാലയളവിൽ ഒരു പിടിയാന 6 സന്താനങ്ങൾക്കു മാത്രമേ ജന്മം നൽകുന്നുള്ളൂ. ഒരു ജോടി ആനയിൽ നിന്ന് 750 വർഷം കഴിയുമ്പോൾ 19 കോടി ആനകൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്നു ഡാർവിൻ കണക്കുകൂട്ടിയിരുന്നു. ഇതുപോലെ ചക്കയും ധാരാളം വിത്തുകൾ കരുതിവയ്ക്കുന്നു. ജീവികൾ അവയുടെ പരമ്പരകൾ നിലനിൽക്കാനാണ് ഇത്രയുമധികം സന്തതികളെ ഉൽപ്പാദിപ്പിക്കുന്നത്. എന്നിരുന്നാലും ഒരു പ്രത്യേക ജീവിയുടെ എണ്ണം ഏകദേശം സ്ഥിരമായിത്തന്നെ ക്രമപ്പെട്ടിരിക്കുന്നു.



ചാൾസ് ഡാർവിൻ

മാതാപിതാക്കളുടെ അഞ്ചാമത്തെ പുത്രനായിട്ടാണ് ചാൾസ് റോബർട്ട് ഡാർവിന്റെ ജനനം (1809-1882). അദ്ദേഹത്തിന്റെ പ്രാഥമിക പഠനം ഷ്റുബെറിയിലായിരുന്നു. ബാല്യത്തിൽ അദ്ദേഹത്തിന് പഠനത്തേക്കാൾ ഇഷ്ടം വേട്ടയാടാനും പട്ടികളെ വെടിവയ്ക്കാനുമായിരുന്നു. അച്ഛനും അധ്യാപകരും അവനെ ഒരു ശരാശരിക്കാരനായേ കണ്ടിട്ടുള്ളൂ. കണക്കിലും രസതന്ത്രത്തിലും താൽപ്പര്യം കുറവായിരുന്നു. കൂടുതൽ സമയവും പക്ഷി നീരിക്ഷണം, പ്രാണിപിടിത്തം എന്നിവയിലായിരുന്നു. 1825 ൽ ഡാർവിനെ മെഡിസിൻ പഠനത്തിന് എഡിൻബർഗിലേക്കയച്ചു. എന്നാൽ അദ്ദേഹം പഠനം തുടർന്നില്ല. അതിനുശേഷം അദ്ദേഹം ഇംഗ്ലണ്ടിലെ പള്ളിയിൽ പുരോഹിതനാകാൻ ശ്രമിച്ചു. അങ്ങനെ ഡാർവിൻ കാംബ്രിഡ്ജിലേക്കു പോയി. പഠനകാലത്ത് സസ്യശാസ്ത്രജ്ഞനായ ഡോ: ഹെതർ സ്ലോയെ പരിചയപ്പെട്ടു. കൂടാതെ ജിജോളിജിസ്റ്റായ സെഡ്ജ്വിക്കിനെയും. ഹെൻസ്ലോയുമായുള്ള സൗഹൃദം ഡാർവിന്റെ ജീവിതം മാറ്റിമറിച്ചു.

അതിജീവന സമരം (Struggle for Existence): പ്രകൃതിയിൽ ജീവിക്കാൻ വേണ്ടി ജീവികൾ തുടർച്ചയായി മൽസരത്തിലേർപ്പെടുന്നതായി ഡാർവിൻ അവകാശപ്പെടുന്നു. ഇതിൽ അർഹതയുള്ളത് മാത്രം അതിജീവിക്കുന്നു. തോമസ് മാൽത്യൂസിന്റെ ജനസംഖ്യാതത്ത്വം ഡാർവിനെ സ്വാധീനിച്ചിരുന്നു. അമിതോൽപ്പാദനം ജീവികൾ തമ്മിലുള്ള മത്സരങ്ങൾക്ക് കാരണമാവുന്നു. വ്യക്തികളുടെ എണ്ണം ക്രമാതീതമായി വർധിക്കുമ്പോൾ ഭക്ഷണം, പാർപ്പിടം, പങ്കാളി, തുടങ്ങിയവയ്ക്കായുള്ള മത്സരം ഉടലെടുക്കുന്നു. ഡാർവിന്റെ അഭിപ്രായത്തിൽ മത്സരങ്ങൾ താഴെക്കൊടുക്കുന്ന രീതിയിൽ പലതരമുണ്ട്.

എ. ജീവജാതിക്കുള്ളിലുള്ള മത്സരം (Intra-specific Struggle): ഒരേ ജീവികൾക്കിടയിൽത്തന്നെ ഭക്ഷണം, പാർപ്പിടം,പങ്കാളികൾ എന്നിവയ്ക്കുവേണ്ടിയുള്ള മത്സരം.

ബി. ജീവജാതികൾ തമ്മിലുള്ള മത്സരം (Inter specific struggle): ജന്തുസാമ്രാജ്യത്തിൽ ചില ജീവികൾ മറ്റു ജീവികളെ ഇരയാക്കുന്നു. വ്യത്യസ്ത ജീവജാതികൾ നിലനിൽപ്പിനു വേണ്ടി പരസ്പരം മത്സരിക്കുന്നു. ഒരു ജീവജാതി മറ്റൊന്നിനെ ഭക്ഷണത്തിനായി വേട്ടയാടുന്നു. ഉദാഹരണമായി കടുവ, ആട്, മാൻ എന്നിവയെയും പൂച്ച എലിയെയും ഭക്ഷണമാക്കുന്നു. ഇതും ഒരു മത്സരമാണ്. ചിലപ്പോൾ ഒരു ജീവിതന്നെ പല ജീവികളാലും ഭക്ഷണമാക്കപ്പെട്ടു. മാനിനുവേണ്ടി കടുവയും സിംഹവും മത്സരിക്കുന്നു.

സി. പാരിസ്ഥിതികമത്സരം (Environmental Struggle): ഭൂകമ്പം, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പാരിസ്ഥിതികപ്രതിഭാസങ്ങളോട് ജീവജാലങ്ങൾ മത്സരിക്കുന്നുണ്ട്. ഇതിൽ പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നവ മാത്രം നിലനിൽക്കുന്നു. നിലനിൽപ്പിനായുള്ള

ഇത്തരം പോരാട്ടങ്ങൾ ഒരു തുടർപ്രക്രിയയാണെന്ന് ഡാർവിൻ വിശ്വസിച്ചിരുന്നു. ജീവിതത്തിൽ തുല്യമായ ആവശ്യങ്ങളുള്ളതിനാൽ ഒരേ ജീവിവർഗങ്ങൾ തമ്മിലുള്ള മത്സരം ശക്തമായിരിക്കും.

വ്യതിയാനങ്ങൾ (Variations): മാതാപിതാക്കളുടെ തലമുറയിൽനിന്നു വ്യത്യസ്തമാവാൻ ജീവികൾക്കുള്ള പ്രവണതയാണ് വ്യതിയാനം. വൈവിധ്യം ഒരു സാർവത്രിക പ്രതിഭാസമാണെന്നും ഒരേ ജീവജാതിയിൽത്തന്നെ ജൈവഘടനയിലും ധർമത്തിലും ശാരീരികസ്ഥിതിയിലും പെരുമാറ്റത്തിലും വൈവിധ്യമുണ്ടെന്നും ഡാർവിൻ നിരീക്ഷിക്കുന്നു. ഇത്തരം വൈവിധ്യങ്ങൾ പരിസ്ഥിതിയുമായി പെരുത്തപ്പെട്ടു ജീവിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്നു. പ്രതികൂലവ്യതിയാനമുള്ള ജീവജാലങ്ങൾ മത്സരത്തിൽ തോൽവിയടയുകയും കാലക്രമേണ ഭൂമിയിൽനിന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. എന്നാൽ പരിസ്ഥിതിയുടെ സമ്മർദ്ദം അതിജീവിക്കാൻ കഴിയുന്നവ വളരെക്കാലം നിലനിൽക്കുന്നു. ഇപ്രകാരം ആർജിക്കുന്ന പുതിയ അനുകൂല ഘടകങ്ങൾ പിന്നീടുള്ള തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.

അനുയോജ്യമായവയുടെ അതിജീവനം (Survival of the Fittest): നിലനിൽപ്പിനുവേണ്ടിയുള്ള മത്സരം അർഹതയുള്ളവയുടെ അതിജീവനത്തിലേക്കു നയിക്കുന്നു. ഒരു പ്രദേശത്ത് വളരെയധികം ജീവികൾ അധിവസിക്കുമ്പോൾ ഭക്ഷണം, പാർപ്പിടം (ഉദാ: മരങ്ങൾ, ഗുഹകൾ) തുടങ്ങി പല അടിസ്ഥാനവിഭവങ്ങൾക്കായും മത്സരിക്കേണ്ടിവരുന്നു. അതത് പരിസ്ഥിതിയുമായി നന്നായി ഇണങ്ങിച്ചേരുന്നവ മാത്രം നിലനിൽക്കുകയും അല്ലാത്തവ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അതിജീവിക്കുന്ന ജീവജാതികൾ കൂടുതൽ സന്തതികളെ ഉൽപ്പാദിപ്പിക്കുകയും അല്ലാത്തവയുടെ ഉൽപ്പാദനം കുറയുകയും ചെയ്യുന്നു.


പ്രകൃതിനിർധാരണം (Natural Selection): അതിജീവിക്കുന്ന ജീവിവർഗങ്ങൾ അവയുടെ പുതിയ തലമുറകൾക്ക് ജന്മം നൽകുന്നു. അതിജീവിക്കുന്ന ജൈവവ്യതിയാനങ്ങൾ തലമുറകളിലേക്കു കൈമാറി ക്രമേണ അനുകൂലവ്യതിയാനങ്ങളോട് കൂടിച്ചേർന്ന് അവ അടുത്ത തലമുറകളെ പുതിയ ജീവജാതികളായി മാറ്റിത്തീർക്കുന്നു. പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾ പുതിയതരത്തിലുള്ള അനുകൂലനങ്ങൾ ഉണ്ടാക്കുന്നു. ഇങ്ങനെ പ്രകൃതിയിലുള്ള തിരഞ്ഞെടുപ്പ് പുതിയ ജീവജാതികളുടെ രൂപപ്പെടലിന് കാരണമാകുന്നു. അവയിൽ ചിലത് ചില പ്രത്യേക പരിസ്ഥിതിയുമായി പൊരുത്തപ്പെടുമ്പോൾ മറ്റു ചിലത് വ്യത്യസ്ത പരിസ്ഥിതികളുമായി പൊരുത്തപ്പെടുന്നതിന് അനുകൂലനമുള്ളവയായി മാറുന്നു. ഈ രീതിയിൽ ഒരു പൂർവജീവിയിൽനിന്ന് രണ്ടോ അതിലധികമോ ജീവജാതികൾ രൂപപ്പെടുന്നു. ജീവികൾ നിലനിൽപ്പിനും അതിജീവനത്തിനുമായുള്ള മൽസരത്തിലേർപ്പെടുമ്പോൾ അതത് പരിസ്ഥിതിക്ക് യോജിച്ച ജീവികളെ മാത്രം പ്രകൃതി നിർധാരണം ചെയ്യുന്നു. പ്രകൃതിനിർധാരണത്തിലൂടെ അനുകൂല ഘടകങ്ങൾ ക്രമേണ ഇപ്രകാരം ജീവജാതികളുടെ സവിശേഷതകളായി മാറുകയും പരിണാമപ്രക്രിയ സംഭവിക്കുകയും ചെയ്യുന്നു.

പ്രകൃതിനിർധാരണത്തിന്റെ ഉദാഹരണങ്ങൾ (Examples of Natural Selection)

1. ഗാലപ്പഗോസിലെ കുരുവികൾ

പ്രകൃതിനിർധാരണപ്രക്രിയയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ഗാലപ്പഗോസ് ദ്വീപുകളിലെ കുരുവികൾ. ചിലയിനം കുരുവികൾക്ക് ചെറിയ തടിച്ച കൊക്കാണുള്ളത്. അത്തരം കുരുവികൾ വിത്തുകളും ഫലങ്ങളും മൊട്ടുകളുമാണ് ഭക്ഷിക്കുന്നത്. മറ്റു ചിലയിനങ്ങൾക്ക് നീണ്ടതും നേരെ

യുള്ളതുമായ കൊക്കുകളാണുള്ളത്. അവ പ്രധാനമായും പൂക്കളിലെ തേനാണ് ഭക്ഷണമാക്കുന്നത്. പാരിസ്ഥിതികഘടകങ്ങളിൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ ജീവികളുടെ ചില ശാരീരികസവിശേഷതകളെ മറ്റുള്ളവയേക്കാൾ കൂടുതൽ അനുകൂലമാക്കി മാറ്റുന്നു.



ചിത്രം 3.5 ഡാർവിൻ ഫിഞ്ചസ്

നിശാശലഭങ്ങളിലെ വ്യവസായ ജന്യ വർണ വ്യതിയാനം

പ്രകൃതിനിർധാരണത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് ഇംഗ്ലണ്ടിലെ വിവിധ പ്രദേശങ്ങളിൽ ശലഭങ്ങളുടെ എണ്ണത്തിലുണ്ടായ മാറ്റം. വ്യവസായവൽക്കരണത്തിനു മുമ്പ് മരത്തടികളെല്ലാം ഇളം നിറത്തിലുള്ളവയായിരുന്നു. അവയിൽ ഇളം നിറത്തിലുള്ള നിശാശലഭങ്ങൾ കൂടുതലുമായിരുന്നു. ഇരുണ്ട നിറത്തിലുള്ള ശലഭങ്ങൾ ഉണ്ടെങ്കിലും അവയുടെ എണ്ണം കുറവായിരുന്നു. വ്യവസായവൽക്കരണത്തിന്റെ ഫലമായി മലിനീകരണം കൂടിയതു കാരണം മരത്തിന്റെ തടികൾ ഇരുണ്ടവയായി. അതുകൊണ്ട് ഈ മരങ്ങളിലെ ഇളംനിറത്തിലുള്ള ശലഭങ്ങളെ പക്ഷികൾ കൂടുതൽ എളുപ്പത്തിൽ കണ്ടെത്തി ഇരകളാക്കി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇളംനിറത്തിലുള്ളവയ്ക്കു പകരം ഇരുണ്ട ശലഭങ്ങൾ എണ്ണത്തിൽ കൂടുതലായി.

പരിണാമസങ്കൽപ്പത്തിൽ പ്രകൃതിനിർധാരണം വഴിയുള്ള ജീവജാതികളുടെ ഉദ്ഭവം എന്ന സിദ്ധാന്തം കൂടുതൽ പരിഗണന നേടി. ജീവികളിലെ വ്യതിയാനങ്ങൾ രേഖപ്പെടുത്തി പ്രകൃതിനിർധാരണപ്രക്രിയ തിരിച്ചറിഞ്ഞ് ആധുനിക ജീവപരിണാമത്തെ മനസ്സിലാക്കുന്നതിൽ ഡാർവിൻ കൂടുതൽ സംഭാവന നൽകി. 19-ാം നൂറ്റാണ്ടിലെ മിക്ക ശാസ്ത്രജ്ഞരെയും പോലെ അദ്ദേഹത്തിനും പാരമ്പര്യഘടകങ്ങൾ ഒരു തലമുറയിൽനിന്ന് അടുത്തതിലേക്ക് പ്രേഷണം ചെയ്യുന്നതെങ്ങനെയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ജീവികളിലെ വ്യതിയാനങ്ങൾക്കുള്ള കാരണം എന്താണെന്ന് ഉൽപ്പരിവർത്തനസിദ്ധാന്തം വിശദീകരിക്കുന്നു.

നവ-ഡാർവിനിസം

വ്യതിയാനങ്ങൾ എങ്ങനെ ഉണ്ടാവുന്നു എന്നത് ശരിയായ രീതിയിൽ വിശദീകരിക്കാൻ ഡാർവിന് കഴിഞ്ഞില്ല. 1901 ൽ ഹ്യൂഗോ ഡിവ്രീസ് (1840-1935) എന്ന ഡച്ച് ജീവശാസ്ത്രകാരൻ ഉൽപ്പരിവർത്തനസിദ്ധാന്തം (Mutation theory) അവതരിപ്പിച്ചു. പുതിയ ജീവികൾ ഉണ്ടാവുന്നത് പ്രകൃതിനിർധാരണം വഴിയല്ലെന്നും ജീവികളിലെ ജീനുകളിലുണ്ടാകുന്ന പെട്ടെന്നുള്ളതും പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടുന്നതുമായ മാറ്റം വഴിയാണെന്നുമാണ് ഈ സിദ്ധാന്തം വാദിക്കുന്നത്. അദ്ദേഹം ഇതിനെ ഉൽപ്പരിവർത്തനം എന്നു വിളിച്ചു. പുതിയ ജീവികളിലെ വ്യതി

യാനങ്ങൾക്ക് ഉൽപ്പരിവർത്തനം ഒരു പ്രധാന കാരണമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പരിസ്ഥിതിവ്യതിയാനങ്ങളും പാരമ്പര്യവ്യതിയാനങ്ങളും വേർതിരിച്ചറിയാൻ ഉൽപ്പരിവർത്തന സിദ്ധാന്തം സഹായിച്ചു. ഉൽപ്പരിവർത്തനസിദ്ധാന്തവും പ്രകൃതിനിർധാരണസിദ്ധാന്തവും കൂടിച്ചേർന്നതിനെ നിയോ - ഡാർവിനിസം എന്നു വിളിക്കുന്നു.

സംയോജിത പരിണാമസിദ്ധാന്തം (Synthetic theory of Evolution)

പുതിയ ജീവികളുടെ രൂപമാറ്റം പരിണാമത്തിലൂടെയാണെന്ന് തൃപ്തികരമായി വിശദീകരിക്കുന്നതിൽ ഡാർവിനിസം പരാജയപ്പെട്ടു. വ്യതിയാനത്തിന്റെ ഉറവിടവും പാരമ്പര്യത്തിന്റെ പ്രകൃതവും വ്യക്തമാക്കുന്നതിൽ ഡാർവിന്റെ ആശയങ്ങൾക്ക് ചില പോരായ്മകൾ നേരിട്ടു. ജനിതകശാസ്ത്രം, പരിസ്ഥിതിശാസ്ത്രം, ഭൂമിശാസ്ത്രം, ശരീരശാസ്ത്രം, ജീവാശ്മകപഠനം എന്നീ അറിവുകൾ പ്രയോജനപ്പെടുത്തി പരിണാമത്തിന്റെ യഥാർഥപ്രതിഭാസം പരിശോധിക്കാൻ 20-ാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ശാസ്ത്രജ്ഞർ അഭിപ്രായസമന്വയത്തിലെത്തിച്ചേർന്നു. അതിൽ പ്രകൃതിനിർധാരണം, ജീനുകളുടെ പുനസ്സംയോജനം, പ്രത്യുൽപ്പാദനപരമായ ഒറ്റപ്പെടൽ, ഉൽപ്പരിവർത്തനം, കുടിയേറ്റം, വർഗസങ്കരണം, ജനിതകവ്യതിചലനം എന്നിവ ഉൾപ്പെടുന്നു. ഇവയുടെ സഹായത്താൽ പരിണാമപ്രക്രിയ വ്യത്യസ്ത പശ്ചാത്തലങ്ങളെ ഫലപ്രദമായി വിശദീകരിക്കാൻ കഴിഞ്ഞു.



ജനിതക വ്യതിചലനം (Genetic Drift)

ഒരു ജീവസമഷ്ടിയിലെ ജീൻ ആവൃത്തിയിലുണ്ടാകുന്ന അവ്യവസ്ഥിത മാറ്റങ്ങളാണ് ജനിതകവ്യതിചലനം. എണ്ണത്തിൽ കൂടുതലുള്ള ജീവികളിൽ ഇത് ചെറിയ ഫലമേ ഉണ്ടാക്കുന്നുള്ളുവെങ്കിലും എണ്ണം കുറഞ്ഞ ജീവികളിൽ ഇത് വലിയ മാറ്റങ്ങളുളവാക്കുന്നു.

ജനിതകപുനസ്സംയോജനം (Gane Recombination)

ജീൻവിനിമയത്തിന്റെ വേളയിൽ ജീനുകൾ ഇടകലരുന്നതുവഴി നടക്കുന്ന പുതിയ ജീൻ വിന്യാസത്തെയാണ് ജനിതകപുനസ്സംയോജനം എന്നു പറയുന്നത്.

ജീൻ പൂളിൽ ഇത് പുതിയ ജീനുകളെ കൂട്ടിച്ചേർക്കുന്നു. പരിണാമത്തിന്റെ ഒരു ഏജൻസിയായി ഇതിനെ കരുതുന്നു.

മുൻപ് നിർദേശിച്ച ആശയങ്ങൾ സംയോജിത പരിണാമസിദ്ധാന്തം പൂർണമായി തള്ളിക്കളയുന്നില്ല. മറ്റുതരത്തിൽ ഈ ആശയത്തിന് ഭാഗിക പ്രാധാന്യമുള്ളതായി കരുതുന്നു. ആകയാൽ പ്രകൃതിനിർധാരണം, ഉൽപ്പരിവർത്തനം, മെൻഡലിന്റെ തത്ത്വങ്ങൾ, ജനിതകവ്യതിചലനം, ജീനുകളുടെ പുനസ്സംയോജനം, ജനസംഖ്യാ ജനിതകശാസ്ത്രം (Population Genitics) എന്നിവയുടെ സംയോഗം സിന്തറ്റിക് സിദ്ധാന്തത്തിൽ പ്രതിഫലിക്കുന്നുണ്ട്. പക്ഷേ, ആധുനികജനിതകശാസ്ത്രം ഡിവ്രീസിന്റെ ഉൽപ്പരിവർത്തനസിദ്ധാന്തത്തിന്റെ യഥാർഥരൂപം അംഗീകരിക്കുന്നില്ല. ഇന്ന് പരിണാമം സങ്കീർണരൂപങ്ങളുള്ള ഒരു സങ്കീർണപ്രക്രിയയായി കണക്കാക്കപ്പെടുന്നു.

പ്രവർത്തനം

1. *പുസ്തകങ്ങൾ, ഇന്റർനെറ്റ് എന്നിവയിലൂടെ വിവരങ്ങൾ ശേഖരിച്ച് സൃഷ്ടിവാദം, പരിണാമവാദം എന്നീ വിഷയങ്ങളെ അധികരിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.*
2. *'ജീവപരിണാമസിദ്ധാന്തങ്ങളും മനുഷ്യന്റെ ഭാവിയും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.*

പഠനപുരോഗതി വിലയിരുത്താം

1. ജോടികൾ കണ്ടെത്തുക.

   എ. ഒറിജിൻ ഓഫ് സ്പീഷിസ് : ഡാർവിൻ, ഫിലോസഫി സുവോളജിക്: .....

   ബി. ഉൽപ്പരിവർത്തനസിദ്ധാന്തം : ഹ്യൂഗോ ഡിവ്രിസ്, പ്രകൃതിനിർധാരണം :.....

2. ഒറ്റപ്പെട്ടത് കണ്ടെത്തുക.

   എ. ഉപയോഗനിരുപയോഗം, പ്രകൃതിനിർധാരണം, അമിതോൽപ്പാദനം, വ്യതിയാനം

   ബി. സ്വയാർജിത സ്വഭാവങ്ങൾ, അതിജീവനത്തിനുവേണ്ടിയുള്ള സമരം, നിരന്തര ഉപയോഗം, ആകാരത്തിലുള്ള മാറ്റം.

3. വിവിധ പരിണാമസിദ്ധാന്തങ്ങളിൽ ഏറ്റവും ശാസ്ത്രീയമായ സിദ്ധാന്തം കണ്ടെത്തി സാധൂകരിക്കുക.


പരിണാമവുമായി ബന്ധപ്പെട്ട വിവിധ പ്രക്രിയകൾ നാം ചർച്ചചെയ്തു. മനുഷ്യനാണ് നരവംശശാസ്ത്രത്തിന്റെ പ്രധാന വിഷയമെന്നതുകൊണ്ടുതന്നെ പരിണാമത്തിന്റെ ഓരോ പ്രക്രിയയും മനുഷ്യന്റെ ഉൽപ്പത്തിയിലും പരിണാമത്തിലും എങ്ങനെ പ്രവർത്തിക്കുന്നുവെന്നു പരിശോധിക്കേണ്ടതുണ്ട്.

III. മനുഷ്യപരിണാമം (Human Evolution)

പരിണാമത്തിന്റെ ഒരു ഉൽപ്പന്നമാണ് മനുഷ്യർ. മനുഷ്യപരിണാമത്തിന് ജീവന്റെ ഉൽപ്പത്തിയുമായും ഭൂമിയിൽ അതിന്റെ വളർച്ചയുമായും അടുത്ത ബന്ധമുണ്ട്. പരിണാമത്തെക്കുറിച്ച് സാമ്പ്രദായികമായി പറയുകയാണെങ്കിൽ, അത് അമീബ മുതൽ മനുഷ്യർ വരെയുള്ള പരിണാമമാണ്. അമീബ ജീവന്റെ ലളിതരൂപമാണ്. പക്ഷേ. യഥാർഥത്തിൽ വൈറസ് പോലുള്ള ജീവികൾ അമീബയ്ക്ക് മുമ്പുണ്ടായിരുന്നു. പരിണാമത്തിന്റെ ഏറ്റവും സങ്കീർണമായ ഘട്ടം കാർബണികതന്മാത്രകളിൽനിന്ന് ഏകകോശജീവികളുണ്ടായി എന്നതാണ്. ഇത്രയും കാലം തന്നെ വേണ്ടിവന്നു ഏകകോശജീവികളിൽനിന്ന് മനുഷ്യരിലെത്താൻ. അതുകൊണ്ട് ജന്തുലോകത്തെക്കുറിച്ചും അവയുടെ വർഗീകരണത്തെക്കുറിച്ചുമുള്ള അറിവ് പരിശോധിക്കുന്നതിന് പ്രാധാന്യമുണ്ട്. വിവിധ തരത്തിൽ ജീവികളെ വർഗീകരിച്ചിരിക്കുന്നത് പരിശോധിക്കാം.

ജന്തുലോക വർഗീകരണം (Classification of Animal Kingdom)

സ്വീഡനിലെ ഉപസാല സർവകലാശാലയിലെ സസ്യശാസ്ത്ര പ്രഫസറായ കാൾ ലിന്നേയസാണ് വർഗീകരണശാസ്ത്രത്തിന്റെ പിതാവ്. ഇരട്ട(ബൈനോമിയൽ) പദങ്ങൾ ഉപയോഗിച്ച് സസ്യങ്ങളെയും ജന്തുക്കളെയും ശാസ്ത്രീയരീതിയിൽ വർഗീകരിച്ചയാളാണ് അദ്ദേഹം. ഇതനുസരിച്ച് ഓരോ സസ്യത്തിനും ജന്തുവിനും ഒരു ജീനസ്നാമവും ഒരു സ്പീഷിസ് നാമമുണ്ട്. മനുഷ്യരെ അദ്ദേഹം വിളിക്കുന്നത് ഹോമോസാപിയൻസ് എന്നാണ്. ഹോമോ എന്നത് ജീനസ് നാമവും സാപിയൻസ് എന്നത് സ്പീഷിസിന്റെ നാമവുമാണ്.




ചാർട്ട്.3.1: ജന്തുസാമ്രാജ്യത്തിന്റെ വർഗീകരണം

ജന്തുലോകത്തിൽ മനുഷ്യന്റെ സ്ഥാനം (Human's Place in the Animal Kingdom)

- ഭൂമിയിലെ ജീവജാലങ്ങളെ സസ്യലോകമെന്നും ജന്തുലോകമെന്നും രണ്ടു സാമ്രാജ്യങ്ങളായി വർഗീകരിച്ചിരിക്കുന്നു. ജന്തുലോകത്തിലെ ഏറ്റവും വികാസം പ്രാപിച്ച പ്രൈമേറ്റാണ് മനുഷ്യർ.
- ജന്തുലോകത്തെ ഏകകോശജീവികൾ (Protozoa) എന്നും ബഹുകോശജീവികൾ (Meta zoa) എന്നും രണ്ട് ഉപലോകങ്ങളായി വിഭജിച്ചിരിക്കുന്നു. പ്രോട്ടോസോവയിൽ ഒറ്റ കോശമുള്ള ജീവികൾ ഉൾപ്പെടുന്നു. അവ കോശവിഭജനത്തിലൂടെയാണ് പ്രത്യുൽപ്പാദനം നടത്തുന്നത് (ഉദാ: അമീബ). മനുഷ്യർ ഉൾപ്പെടുന്നത് ബഹുകോശജീവികൾ എന്ന ഉപ ലോകത്തിലാണ്. ഇവ ഒന്നിലധികം കോശമുള്ളതും ലൈംഗികപ്രത്യുൽപ്പാദനം നടത്തുന്നവയുമാണ്.
- ബഹുകോശജീവികൾക്കിടയിൽ രണ്ടു ഫൈലങ്ങളാണുള്ളത്-കോർഡേറ്റയും നോൺകോർഡേറ്റയും. മസ്തിഷ്കത്തിൽ നിന്നാരംഭിച്ച് സുഷുമ്നയിലൂടെ കടന്നുപോകുന്ന നാഡീവ്യൂഹവ്യവസ്ഥയുള്ള മനുഷ്യർ കോർഡേറ്റയിൽ ഉൾപ്പെടുന്നു. നട്ടെല്ല് ആന്തരികമായി പലഭാഗങ്ങളായി വിഭജിക്കപ്പെടുന്നതുകൊണ്ട് മനുഷ്യർ നട്ടെല്ലുള്ള ജീവികൾ എന്ന ഉപഫൈലത്തിൽ ഉൾപ്പെടുന്നു.
- കോർഡേറ്റയെ വിവിധ ക്ലാസുകളായി തിരിച്ചിരിക്കുന്നു. മനുഷ്യർ സസ്തനികൾ എന്ന ക്ലാസിൽ പെടുന്നു. നട്ടെല്ലുള്ള ജീവികളിൽ ഏറ്റവും ഉയർന്ന സ്ഥാനമാണ് സസ്തനികൾക്കുള്ളത്. ശരീരോഷ്മാവ് സ്ഥിരമായി നിലനിർത്താൻ കഴിവുള്ള ഉഷ്ണരക്തജീവികളാണിവ. സ്ഥിരമായതും കൊഴിഞ്ഞുപോകുന്നതുമായ രണ്ടുതരം പല്ലുകളാണിവയ്ക്കുള്ളത്. അത്

ഒരു മോണക്കുഴിയിൽ ഉറപ്പിച്ചിരിക്കുന്നു. വിവിധതരം പല്ലുകളായ ഉളിപ്പല്ല്, കോമ്പല്ല്, അഗ്ര ചർവണകം, അണപ്പല്ലുകൾ എന്നിവ ഇവയുടെ പ്രത്യേകതകളാണ്. സസ്തനികൾ സ്തനങ്ങൾ ഉള്ളവയും കുഞ്ഞുങ്ങളെ മുലയൂട്ടുകയും അവയുമായി നല്ല സാമൂഹികബന്ധം സൃഷ്ടിക്കുകയും ചെയ്യുന്നു. സാമൂഹികബന്ധം സ്ഥാപിക്കുന്ന ഈ പ്രത്യേകത മനുഷ്യ പരിണാമത്തിലെ പ്രധാന നാഴികക്കല്ലാണ്.

- സസ്തനികളെ മൂന്നു പ്രധാന ഉപവർഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇവ പ്രോട്ടോത്തീരിയ, മെറ്റാത്തീരിയ, യുത്തീരിയ എന്നിവയാണ്. മനുഷ്യരും പ്ലാസന്റയുള്ള മറ്റു സസ്തനികളും യുത്തീരിയ വിഭാഗത്തിൽപ്പെടുന്നു. ഇവയിൽ അമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞുങ്ങൾ വളർച്ചപ്രാപിക്കുന്നു. അമ്മയുടെ രക്തത്തിൽനിന്നു പ്ലാസന്റൽ പ്ലേറ്റ് എന്ന ഭാഗത്തുകൂടി ഭ്രൂണാവസ്ഥയിൽ കുഞ്ഞുങ്ങൾക്ക് ആഹാരം ലഭിക്കുന്നു.
- യുത്തീരിയ എന്ന ഈ ഉപവർഗത്തിനെ വിവിധ നിരകളായി തരംതിരിക്കുന്നു. ഇതിൽ പ്രൈമേറ്റുകൾക്ക് ഉയർന്ന സ്ഥാനമാണുള്ളത്. ആദ്യത്തേത് എന്നാണ് പ്രൈമേറ്റുകൾ എന്നതുകൊണ്ട് അർഥമാക്കുന്നത്. മനുഷ്യർ പ്രൈമേറ്റ് നിരയിലാണ് വരുന്നത്. അവയുടെ ചില സവിശേഷതകൾ ചുവടെ കൊടുക്കുന്നു
  - ശരീരത്തിന് ആനുപാതികമായ മസ്തിഷ്കവലുപ്പം
  - ചുറ്റിപ്പിടിക്കാൻ പറ്റുന്ന കൈകൾ
  - വികാസം പ്രാപിച്ച കൈ വിരലുകളും നഖങ്ങളും കാൽവിരലുകളും
  - സ്വതന്ത്രമായ മുൻകൈകൾ
  - മറ്റു വിരലുകളുമായി സമ്മുഖമാക്കാൻ കഴിയുന്ന പെരുവിരൽ
  - വലുപ്പം കുറഞ്ഞ കോമ്പല്ല്



ചിത്രം 3.6 പ്രൈമേറ്റുകളുടെ പരിണാമവൃക്ഷം
ഉറവിടം: റോജർ ലെവിൻ-മനുഷ്യപരിണാമം ഒരു സചിത്ര ആമുഖം,-1993, പേജ് 44

- തലയോട്ടിയുടെ കീഴ്ഭാഗത്ത് മധ്യത്തിൽ സ്ഥിതിചെയ്യുന്ന മഹാരന്ധ്രം (Foramen Magnam)
- കൂടുതൽ മുന്നോട്ടു തള്ളിനിൽക്കാത്ത മുഖം
- നിവർന്നു നിൽക്കാനുള്ള ശേഷി
- കാലിന്റെ തള്ളവിരൽ മറ്റു വിരലുകളുമായി സമ്മുഖമാക്കാനുള്ള കഴിവില്ലായ്മ
- കണ്ണുകൾ തലയോട്ടിയുടെ മുൻഭാഗത്തു സ്ഥിതിചെയ്യുന്നു.
- ഒരു പ്രസവത്തിൽ ഒരുകുഞ്ഞ് എന്ന പ്രവണത
- നീണ്ട ശൈശവഘട്ടം

പ്രൊസിമി, ആന്ത്രോപോയ്ഡിയ എന്നീ രണ്ട് ഉപനിരകളായി പ്രൈമേറ്റിനെ വിഭജിച്ചിരിക്കുന്നു. പ്രൊസിമിയ ഉപനിരയിൽ തുപ്പിഫോംസ് (ട്രിഷ്രു), ടാർസിഫോംസ് (ടാർസിയർ-മലേഷ്യ), ലെമുറിഫോംസ് (ലെമുർ-മഡഗാസ്കർ), ലൊറിസിഫോംസ് (ആഫ്രിക്കയിലെയും ഏഷ്യയിലെയും ലൊറിസ്) എന്നിവ ഉൾപ്പെടുന്നു. മനുഷ്യരെ കൂടാതെ ആൾക്കുരങ്ങും കുരങ്ങും ആന്ത്രോപോയ്ഡിയ ഉപനിരയിൽ ഉൾപ്പെടുന്നു. അസ്ഥികൊണ്ടുള്ള കുഴിയിൽ ഉറപ്പിച്ച, മുന്നോട്ടു നോക്കാൻ പറ്റുന്ന ദ്വിനേത്രദർശിനിയായ കണ്ണുകൾ ഇവയുടെ പ്രത്യേകതയാണ്.

ആന്ത്രോപോയ്ഡിയ എന്ന ഉപനിരയിൽ മൂന്നു ഉപരി കുടുംബങ്ങളാണുള്ളത്. സെബോയ്ഡിയ (ഓൾഡ് വേൾഡ് മങ്കി), സെർക്കോപിത്തെക്കോയ്ഡിയ (ന്യൂ വേൾഡ് മങ്കി), ഹൊമിനോയ്ഡിയ എന്നിവയാണവ. മനുഷ്യരെ കൂടാതെ ആൾക്കുരങ്ങും ഹോമിനോയ്ഡിയ എന്ന ഉപരി കുടുംബത്തിൽ പെടുന്നു. വാല്, കവിൾസഞ്ചി എന്നിവയുടെ അഭാവം, 32 പല്ലുകൾ, നേരെനിൽക്കാൻ അനുയോജ്യമായ ഇടുപ്പെല്ല് (Pelvis) എന്നിവ ഇവയുടെ സവിശേഷതകളാണ്.



ഗിബൺ, മനുഷ്യൻ, ചിമ്പാൻസി, ഗോറില്ല, ഒറാങ്ഊട്ടാൻ
ചിത്രം 3.7 ഹോമിനോയ്ഡിയ അസ്ഥികൂടങ്ങളുടെ താരതമ്യം.

പൊങ്കിഡേ, ഹൈലോബാറ്റിഡേ, ഹൊമിനിഡെ എന്നീ മൂന്നു കുടുംബങ്ങളാണ് ഹോമിനോയ്ഡിയ എന്ന ഉപരി കുടുംബത്തിലുള്ളത്. വലിയ ആൾക്കുരങ്ങുകളായ ഒറാങ് ഉട്ടാൻ, ചിമ്പാൻസി, ഗോറില്ല എന്നിവ പൊങ്കിഡേ എന്ന കുടുംബത്തിലും ഗിബൺ ഹൈലോബാറ്റിഡേ കുടുംബത്തിലും ഉൾപ്പെടുന്നു. മൺമറഞ്ഞതും ജീവിച്ചിരിക്കുന്നതുമായ മനുഷ്യരും ഹൊമിനിഡെ കുടുംബത്തിൽ ഉൾപ്പെടുന്നു. നാസികപ്പാലം, ലംബമായതും മാംസളവുമായ നാസികച്ചാൽ, നട്ടെല്ലിലെ വളവ്, താടിയെല്ല്, നിവർന്ന് നിൽപ്പ്, കുറഞ്ഞ രോമാവരണം എന്നിവ ഹോമിനിഡെ കുടുംബത്തിന്റെ പ്രത്യേകതകളാണ്. ഹോമിനിഡെ കുടുംബത്തിൽ വിവിധ ജീനസുകളായ ആസ്ട്രലോപിത്തക്കസും, ആർഡിപിത്തക്കസും ഹോമോയും ഉൾപ്പെടുന്നു. ഹോമോ എന്ന ജീനസിലാണ് മനുഷ്യർ ഉൾപ്പെടുന്നത്. ഹോമോ എന്ന ജീനസിൽ സ്പീഷിസുകളായ ഹാബിലിസും ഇറക്ടസും സാപിയൻസും ഉൾപ്പെടുന്നു. മനുഷ്യർ സാപിയൻസായി കരുതുന്നു. സ്പീഷീസിനെ വീണ്ടും നിയാണ്ടർതലൻസിസ്, സാപി

യൻസ് എന്നീ ഉപ സ്പിഷിസായി വിഭജിച്ചിരിക്കുന്നു അങ്ങനെ മനുഷ്യർ ശാസ്ത്രീയമായി ഹോമോസാപിയൻസ് സാപിയൻസ് എന്ന് അറിയപ്പെടുന്നു.

മനുഷ്യരുടെ ബാഹ്യരൂപം ആൾക്കുരങ്ങുമായി വളരെയധികം സാദൃശ്യമുള്ളതാണ്. എന്നിരുന്നാലും നമ്മൾ ഹോമിനിഡെ കുടുംബത്തിലും ആൾക്കുരുങ്ങുകൾ ഹൈലോബാറ്റിഡേ, പൊങ്കിഡേ എന്നീ കുടുംബങ്ങളിലുമാണ്. മനുഷ്യരും ആൾക്കുരങ്ങുകൾക്കും പൊതുവായ പ്രത്യേകതകളുണ്ട് എന്ന് മുകളിലെ വർഗീകരണത്തിൽ വ്യക്തമാകുന്നുണ്ട്. എന്നാൽ നമ്മൾ വ്യത്യസ്ത സ്പീഷിസായി നിലകൊള്ളുന്നതുകൊണ്ട് നമുക്ക് ആൾക്കുരങ്ങുമായി വ്യത്യാസങ്ങളുമുണ്ട്. മനുഷ്യരെയും ആൾക്കുരങ്ങുകളെയും താരതമ്യം ചെയ്ത് ഇത് വിശകലനം ചെയ്യാം.

ജന്തുലോകത്തിൽ മനുഷ്യന്റെ സ്ഥാനം കാണിക്കുന്ന വർഗീകരണ ചാർട്ട് തയാറാക്കുക.



മനുഷ്യരും ആൾക്കുരങ്ങുകളും തമ്മിലുള്ള ബന്ധം (Relationship between Human and Apes)

മനുഷ്യരുടെ ബന്ധുക്കളാണ് ആൾക്കുരങ്ങുകൾ. ആൾക്കുരങ്ങും മൺമറഞ്ഞതും ജീവിച്ചിരിക്കുന്നതുമായ മനുഷ്യരും ഹൊമിനോയ്ഡിയ എന്ന ഉപരി കുടുംബത്തിൽ ഉൾപ്പെടുന്നു. ഇവ ഹോമിനോയ്ഡ്സ് എന്നറിയപ്പെടുന്നു. അവയെ പിന്നീട് ഹൈലോബാറ്റിഡേ (ഗിബൺ), പൊങ്കിഡേ (ചിമ്പാൻസി, ഗോറില്ല, ഒറാങ്ങുട്ടാൻ), ഹോമിനിഡേ (മനുഷ്യൻ) എന്നീ ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പൊങ്കിഡേ കുടുംബത്തിൽപ്പെടുന്നവ 'ഗ്രേറ്റ് എയ്പ്സ്' എന്ന് അറിയപ്പെടുന്നു. ആധുനിക ആൾക്കുരുങ്ങുകളിൽ ഗിബൺ, ഒറാങ്ങുട്ടാൻ, ചിമ്പാൻസി, ഗോറില്ല എന്നിവ ഉൾപ്പെടുന്നു.



ചിത്രം. 3.8 ഗിബൺ

ഗിബണുകൾ: പരമാവധി 3 അടിയോളം ഉയരമുള്ള മരങ്ങളിൽ താമസിക്കുന്ന ചെറിയ ജീവികളാണ് ഗിബണുകൾ. ഇവയ്ക്ക് മസ്തിഷ്കവലുപ്പം കുറവും കാഴ്ചശക്തി കൂടുതലുമാണ്. പൂർണവളർച്ചയെത്തിയവയ്ക്ക് 50 കിലോ വരെ ഭാരമുണ്ട്. തലയോട്ടിവ്യാസം 76 cc മുതൽ 90 cc വരെയാണ്. കൈകൾക്കുള്ള അസാധാരണമായ വലുപ്പം മരഞ്ചാടാൻ സഹായിക്കുന്നു. മുഖത്ത് രോമാവരണങ്ങൾ ഇല്ലെങ്കിലും ശരീരം കറുത്ത കമ്പിളിരോമങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. കൈകളിലെയും കാലുകളിലെയും ഡിജിറ്റിൽ ഫോർമുല 3 > 2 > 4 > 5 > 1 എന്നിങ്ങനെയാണ്. മേൽ സൂചിപ്പിച്ച പ്രത്യേകതകൾ പരിഗണിക്കുമ്പോൾ ഇവ മനുഷ്യപൂർവശ്രേണിയിൽ നിന്നു വളരെ



ചിത്രം. 3.9 ഒറാങ്ങുട്ടാൻ

അകലെയാണ് നിൽക്കുന്നതെന്നു ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

ഒറാങ്ങുട്ടാൻ: ഗിബണുമായി അടുത്ത ബന്ധമുള്ള ഒറാങ്ങുട്ടാൻ ബോർണിയോ, സുമാത്ര എന്നിവിടങ്ങളിൽ കാണപ്പെടുന്നു. മരങ്ങാടികളാണെങ്കിലും ഗിബണുമായി താരതമ്യം ചെയ്യുമ്പോൾ ഇവയുടെ ചലനങ്ങൾ സാവധാനത്തിലാണ്. അതിനു കാരണം ശരീരഭാരം തന്നെ. പൂർണവളർച്ചയെത്തിയ ആൺവിഭാഗത്തിന് 4 അടി ഉയരവും 60 മുതൽ 80 കിലോ വരെ ഭാരവുമുണ്ട്. ചുവന്ന തവിട്ടുനിറത്തിലുള്ള രോമംകൊണ്ട് ശരീരം ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. 365cc മുതൽ 425cc വരെ തലയോട്ടിവ്യാസം കാണുന്നു. ഇത് ബുദ്ധിവികാസത്തിന്റെ സൂചനയാണ്. മുഖംകൊണ്ട് വ്യത്യസ്ത ഭാവങ്ങൾ കാണിക്കാറുണ്ട്. ഡിജിറ്റൽ ഫോർമുല 3>4>2>5>1 എന്നാണ്. കോമ്പല്ല് വലുതാണ്.



ചിത്രം 3.10 ചിമ്പാൻസി

ചിമ്പാൻസി: ഒറാങ്ങുട്ടാനെക്കാളും മനുഷ്യരോട് കൂടുതൽ സാദൃശ്യമുള്ളതാണിവ. 5 അടി ഉയരവും 125 കിലോ ഭാരവുമാണ് ഒരു ശരാശരി ആണിനുള്ളത്. കറുപ്പുകലർന്ന തവിട്ടുനിറമാണ് തൊലിക്ക്. 400 cc മുതൽ 500 cc വരെ തലയോട്ടി വ്യാസമുണ്ട്. ബുദ്ധി ഉപയോഗിച്ച് ചെയ്യാൻ പറ്റുന്ന പല പ്രവർത്തനങ്ങൾക്കും ചെയ്യാനുള്ള കഴിവുണ്ട്. അവയ്ക്ക് ഉപകരണങ്ങൾ ഉപയോഗിക്കാൻ വരെ കഴിയുന്നു. കോമ്പല്ലുകൾ വികാസം പ്രാപിച്ചതാണ്. മനുഷ്യരുമായി സാമ്യമുണ്ടെങ്കിലും ആന്തരിക പ്രത്യേകതകൾ ഗോറില്ലയുമായി കൂടുതൽ സാമ്യം പുലർത്തുന്നു. ആധുനിക ചിമ്പാൻസികൾ മനുഷ്യപൂർവികരുടെ നേരിട്ടുള്ള ശ്രേണിയിൽ വരുന്നില്ല എന്നു കാണാവുന്നതാണ്.




ചിത്രം. 3.11 ഗോറില്ല

ഗോറില്ല: പ്രൈമേറ്റുകളിൽ പൊണ്ണത്തടിയുള്ളവരാണിവ. പൂർണവളർച്ചയെത്തിയ ആൺഗോറില്ലയ്ക്ക് ശരാശരി 5 അടി ഉയരവും 200 കിലോ ഭാരവും 450 cc മുതൽ 550 cc വരെ തലയോട്ടിവ്യാസവുമുണ്ട്. ചിമ്പാൻസിയോട് സമാനതകളുള്ള ഇവ കൂടുതൽ സമയവും നിലത്ത് ചെലവഴിക്കുകയും നാലു കാലിൽ നടക്കുകയും ചെയ്യുന്നു. മാറിടങ്ങളിലും മുഖത്തുമൊഴികെ കറുത്തശരീരത്തെ രോമം ആവരണം ചെയ്തിരിക്കുന്നു. മുഖം ഏറെക്കുറേ പരന്ന് മനുഷ്യരുടേതിനു സാമ്യമുണ്ടെങ്കിലും മൂക്കിന്റെ പാലം ഉയർന്നുനിൽക്കുന്നു. മൂക്ക് ആൾക്കുരങ്ങിനു സമാനമാണ്. ചുണ്ട് നേരിയതാണ്. പ്രൈമേറ്റുകൾക്കിടയിൽ ശക്തി കൂടിയവയാണ് ഗോറില്ല.

ആൾക്കുരങ്ങുകളുടെ ശരീരപ്രകൃതി നിങ്ങൾക്ക് മൃഗശാല സന്ദർശിച്ചു നിരീക്ഷിക്കാം. എന്തൊക്കെ പ്രത്യേകതകളാണ് ആൾക്കുരങ്ങുകളെ മനുഷ്യരിൽനിന്നു വ്യത്യസ്തമാക്കുന്നത്?

ശരീരഘടനയിൽ മാത്രമല്ല, ശരീരധർമപരമായും മനുഷ്യർ ആൾക്കുരങ്ങുകളിൽനിന്നു വളരെയധികം വ്യത്യസ്തനായിരിക്കുന്നു. ഉദാഹരണമായി, നിവർന്നു നിന്നുകൊണ്ടുള്ള ഇരുകാലിനടത്തം മനുഷ്യർക്കു കഴിയുന്നു. എന്നാൽ ഭാഗികമായി നേരെ നിന്നുകൊണ്ടുള്ള ഇരുകാലിനടത്തമാണ് ചില പ്രത്യേക അവസരങ്ങളിൽ ആൾക്കുരങ്ങുകളിൽ കാണുന്നത്. ആൾക്കുരങ്ങിന്റെ തള്ളവിരൽ ചെറുതാണ്. സങ്കീർണമായ കോർടെക്സോടുകൂടിയ വികാസം പ്രാപിച്ച വലിയ മസ്തിഷ്കമാണ് മനുഷ്യർക്കുള്ളത്. ഇത് ആൾക്കുരങ്ങിനില്ല. മനുഷ്യർക്ക് സംസാരിക്കാനുള്ള കഴിവുമുണ്ട്.

നിങ്ങൾ തയാറാക്കിയ താരതമ്യ ചാർട്ടിലെ പ്രത്യേകതകൾ പരിശോധിച്ച് താഴെക്കൊടുത്ത സാമ്യങ്ങളും ഉൾപ്പെടുത്തുക.



ചിത്രം 3.12: മനുഷ്യന്റെയും ആൾക്കുരങ്ങിന്റെയും തലയോട്ടികളുടെ താരതമ്യം കാണിക്കുന്ന ചിത്രം.

മനുഷ്യരും ആൾക്കുരങ്ങുകളും തമ്മിലുള്ള സാമ്യങ്ങൾ

- രണ്ടിനും വാലില്ല.
- മനുഷ്യർക്കും ആൾക്കുരങ്ങുകൾക്കും വെർമിഫോം അപ്പെൻഡിക്സ് കാണപ്പെടുന്നു.
- സമാനമായ രക്തയിനങ്ങൾ കാണപ്പെടുന്നു.
- ഒരുപോലെയുള്ള ഗർഭപാത്രഘടനയും പ്ലാസന്റയും.
- തള്ളവിരൽ മറ്റു വിരലുകളുമായി സമ്മുഖമാക്കാൻ കഴിയും.
- രണ്ടും മിശ്രഭോജികളാണ്.
- രണ്ടിനും ദ്വിനേത്രദർശനം സാധ്യമാകുന്നു.

സവിശേഷതകൾ	മനുഷ്യൻ	ചിമ്പാൻസി	ഗോറില്ല	ഒറാങ്ങുട്ടാൻ
തലയോട്ടിവ്യാസം	കുറഞ്ഞത് 1000 cc	കൂടിയത് 500 cc	കൂടിയത് 550 cc	കൂടിയത് 425 cc
നെറ്റിത്തടം	വികാസം പ്രാപിച്ചത്	അത്ര വികാസം പ്രാപിച്ചതല്ല.	അത്ര വികാസം പ്രാപിച്ചതല്ല.	അത്ര വികാസം പ്രാപിച്ചതല്ല.
നാസികപ്പാലം	നന്നായി ഉയർന്നത്	ഇല്ല	ഇല്ല	ഇല്ല
മൂക്കിന്റെ എല്ല്	ചെറുതും വിശാലവും	ചെറുതും പരന്നതും	നീണ്ടത്	നീണ്ടത്
താടി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
കോമ്പല്ല്	ചെറുതും	വലുതും കൂർത്തതും മൂർച്ചയുള്ളതും	വളരെ വലുതും കൂർത്തതും മൂർച്ചയുള്ളതും	വലുതും കൂർത്തതും മൂർച്ചയുള്ളതും
ഫൊറാമെൻ മാഗ്നം	തലയോട്ടിയുടെ അടിയിൽ മുൻവശത്തായി നിലകൊള്ളുന്നു.	പിന്നിലായി സ്ഥിതി ചെയ്യുന്നു.	പിന്നിലായി സ്ഥിതി ചെയ്യുന്നു.	പിന്നിലായി സ്ഥിതി ചെയ്യുന്നു.

പട്ടിക 3.1 - മനുഷ്യർ, ചിമ്പാൻസി, ഗോറില്ല, ഒറാങ്ങുട്ടാൻ എന്നിവയുടെ തലയോട്ടികളുടെ സാമ്യം.

ഹൊമിനിഡെ കുടുംബത്തിൽ ആർഡിപിത്തക്കസ്, ആസ്ട്രലോപിത്തക്കസ്, ഹോമോ എന്നിങ്ങനെ മൂന്ന് ജീനസുകളാണ് ഉള്ളതെന്ന് ഫൈലോജനിക് ചാർട്ടിൽ നമ്മൾ കണ്ടതാണല്ലോ. ആദ്യകാല ഫോസിൽ തെളിവുകൾ പരിശോധിച്ചാണ് മനുഷ്യപരിണാമപ്രക്രിയ മനസ്സിലാക്കുന്നത്. അതുകൊണ്ട് മനുഷ്യരുടെ പരിണാമശ്രേണിയെ പുനർനിർമിക്കുന്നതിൽ ഫോസിൽ തെളിവുകൾക്ക് പ്രാധാന്യമുണ്ട്. മനുഷ്യപരിണാമവാദത്തെ പിന്തുണയ്ക്കുന്നതിന് അനുയോജ്യമായ തെളിവുകളാണ് ആദ്യകാല മനുഷ്യഫോസിലുകൾ നൽകുന്നത്.

ആർഡിപിത്തക്കസ്

ആദ്യ ഇരുകാലി ആൾക്കുരങ്ങോ?

1992 ൽ എത്യോപ്യയിലെ അരാമിസിൽ നിന്നു ടം ബെറ്റിന്റെ നേതൃത്വത്തിലുള്ള ഗവേഷകസംഘം ഇതിന്റെ ഫോസിൽ കണ്ടെടുത്തു. അത് ആദ്യത്തെ മനുഷ്യ പൂർവികരത്രേ. രാമിഡസ് എന്നായിരുന്നു ഈ സ്പീഷിസിന് നൽകിയ പേര്. ആസ്ട്രലോപിത്തക്കസിൽനിന്നു വ്യത്യസ്തമാണിത്. ദന്തനിര ആൾക്കുരങ്ങിന്റേതാണെങ്കിലും ഇരുകാലിനടത്തവും അസ്ഥികൂടവും ഏകദേശം മനുഷ്യന്റേതുപോലെയായിരുന്നു.

ഇനി നമുക്ക് മനുഷ്യപരിണാമത്തിലെ വിവിധ ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന ആദ്യകാല മനുഷ്യപൂർവികരെക്കുറിച്ച് പരിശോധിക്കാം.

മനുഷ്യരും ആൾക്കുരങ്ങുകളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കാണിക്കുന്ന ചാർട്ട്/കൊളാഷ്/പവർപോയിന്റ് അവതരണം തയാറാക്കുക.



ആദിപൂർവികരും മനുഷ്യരും – (Early Hominids and Humans)

മനുഷ്യപരിണാമം വിശദമാക്കുന്ന 'ദി ഡിസന്റ് ഓഫ് മാൻ' എന്ന ഡാർവിന്റെ പുസ്തകം 1871 ൽ പ്രസിദ്ധീകരിച്ചു. മനുഷ്യപൂർവജീവികളിൽ നിന്നാണ് മനുഷ്യർ ഉദ്ഭവിച്ചത് എന്ന് അദ്ദേഹം പ്രസ്താവിച്ചിരുന്നു. മനുഷ്യരുടെ പൊതുപൂർവികർ വാലുള്ളതും രോമമുള്ളതും നാൽക്കാലികളുമായ, ഒരുപക്ഷേ മരങ്ങളിൽ താമസിക്കുന്ന ജീവികളായിരിക്കാം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വിദൂരമായ കാലത്തിൽ ചെറുജീവികളിൽനിന്നാണ് ഈ പൊതുപൂർവികർ ഉണ്ടായിട്ടുള്ളത്. ആൾക്കുരങ്ങെന്നു വിളിക്കുന്ന മരങ്ങാടിയായ പ്രൈമേറ്റിൽനിന്നാണ് മനുഷ്യപരിണാമം ആരംഭിച്ചിട്ടുള്ളതെന്ന് വിശ്വസിക്കുന്നു.


ഏഷ്യാ വൻകരയിലോ ആഫ്രിക്കയിലോ ആണ് മനുഷ്യപരിണാമത്തിന്റെ ആദ്യപ്രക്രിയ സംഭവിച്ചതെന്നാണ് ഫോസിൽ തെളിവുകൾ വ്യക്തമാക്കുന്നത്. യൂറോപ്പിൽ കണ്ടെത്തിയതിനേക്കാൾ കൂടുതൽ ഫോസിലുകൾ ഈ രണ്ട് ഭൂഖണ്ഡങ്ങളിൽ നിന്നു കണ്ടെത്തിയിട്ടുണ്ട്. വടക്കേ അമേരിക്കയിൽ ഇയൊസിൻ ഇപ്പോക്ക് മുതൽ പ്രൈമേറ്റുകൾ അപ്രത്യക്ഷമായിരുന്നു എന്ന് തെളിവുകൾ സൂചിപ്പിക്കുന്നു. എങ്കിലും തെക്കേഅമേരിക്കയിൽ പ്ലാറ്റൈൻകുരങ്ങുകൾ പ്രമുഖജാതിയായിരുന്നു. പ്രാചീനലോകത്തിൽനിന്നു നവലോകത്തിലേക്ക് കടന്നതോടുകൂടി മനുഷ്യന്റെ ഉദ്ഭവം ഏഷ്യയിലാണെന്ന് ചിലർ ശക്തമായി വാദിക്കുന്നു. മറ്റു ചിലർ ആഫ്രിക്കയാണ് മനുഷ്യരുടെ ജന്മസ്ഥലം എന്നും വാദിക്കുന്നു. പരിണാമം ഒരു ഭൂഖണ്ഡത്തിൽ മാത്രം പരിമിതപ്പെട്ടിരുന്നില്ല എന്ന ഒരു വാദവുമുണ്ട്.

എങ്കിലും ആഫ്രിക്കയാണ് മനുഷ്യരുടെ കളിത്തൊട്ടിൽ എന്ന് ഡാർവിൻ കരുതുന്നു. ഈ കാഴ്ചപ്പാടിനെ ജീവാമ്ശക വിജ്ഞാനിയായ എൽ.എസ്.ബി. ലീക്കിയും മേരി ലീക്കിയും പിന്തുണയ്ക്കുന്നു.

ഭൂമിയിലെ മറ്റു ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തമായി അനേകം കഴിവുകളുള്ളതും ഏറ്റവും പ്രചോദിപ്പിക്കപ്പെടുന്നതും ഉത്തേജിപ്പിക്കപ്പെടുന്നതും പ്രാഗല്ഭ്യമുള്ളതുമായ ഒരു ജീവിയാണ് മനുഷ്യർ. പ്രത്യേക സാമൂഹികജീവിതരീതി, സംസ്കാരം എന്നിവ രൂപപ്പെടുത്തിയ ഒരേയൊരു ജീവിയാണ് മനുഷ്യർ. മനുഷ്യരു മാത്രമുള്ള ജീവപരമായ പ്രത്യേകതയാണ് അവരെ സംസ്കാരം ആർജിക്കാൻ സഹായിച്ചത്. ജീവപരിണാമത്തിന്റെ ഉൽപ്പന്നമാണ് സംസ്കാരം പരിസ്ഥിതിയുമായി ജീവപരമായി പൊരുത്തപ്പെടുന്നതിന് സംസ്കാരം അവർക്ക് പലതരത്തിലുള്ള ശേഷികളും നൽകിയിരുന്നു. ജീവപരമായി ലഭിച്ച നിവർന്നുനിൽക്കാനുള്ള കഴിവ്, ഇരുകാലിനടത്തം, കൈയുടെ ചുറ്റിപ്പിടിക്കാനുള്ള കഴിവ്, ദിനേത്രദർശനം എന്നിവ സംസാരിക്കാനും മറ്റ് സാമൂഹിക – സാംസ്കാരിക പെരുമാറ്റരീതികൾ രൂപപ്പെടുത്താനും സഹായകമായി.


ഡ്രയോപിത്തേസിൻസ്: 20 ദശലക്ഷം വർഷങ്ങൾക്കുമുമ്പാണ് മനുഷ്യരുടെയും ആൾക്കുരങ്ങുകളുടെയും പൂർവികരാണെന്നു കരുതുന്ന ഡ്രയോപിത്തേസിൻസ് ജീവിച്ചിരുന്നത്. ഡ്രയോപിത്തക്കസ്, രാമാപിത്തക്കസ്, ജിഗാന്റോപിത്തക്കസ് എന്നീ പേരുകളുള്ള മൂന്നു വ്യത്യസ്ത വിഭാഗ

ങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഡ്രയോപിത്തക്കസും ജിഗാന്റോപിത്തക്കസും പൊൻകിഡേ കുടുംബത്തിലും രാമാപിത്തക്കസ് ഹൊമിനിഡെ കുടുംബത്തിലും ഉൾപ്പെടുന്നു. അസ്ഥിപഞ്ജരാവശിഷ്ടങ്ങൾ സൂചിപ്പിക്കുന്നത്, മനുഷ്യപരിണാമം കടന്നുപോയിട്ടുള്ളത് ആസ്ത്രലോപിത്തേസിൻസ്, പിത്തക്കാന്ത്രോപൈൻസ്, നിയാണ്ടർതാൽ, ക്രോമോഗ്നൻ എന്നീ നാലു ഘട്ടങ്ങളിലൂടെയാണ്. ആദ്യത്തെ മനുഷ്യപൂർവികരായ ഇരുകാലിയും നിവർന്നുനിൽക്കാൻ കഴിയുന്നതുമായ ആസ്ത്രലോപിത്തേസിൻസ്, ഭൂമിയിൽ കാണപ്പെട്ടത് നാലു ദശലക്ഷം വർഷങ്ങൾക്കു മുമ്പ് പ്ലീയോസിൻ കാലഘട്ടത്തിലാണെന്ന് വിശ്വസിക്കുന്നു.



ചിത്രം3.13: ടോങ്ങിലെ കുട്ടിയുടെ ഫോസിൽ

ആസ്ത്രലോപിത്തേസിൻസ്: മനുഷ്യപരിണാമത്തിന്റെ ആദ്യത്തെ ഘട്ടമായാണ് ആസ്ത്രലോപിത്തേസീനിനെ കണക്കാക്കുന്നത്. പലരീതിയിലും ഇവ ആൾക്കുരങ്ങിനെപ്പോലെയാണ്. ചെറിയ മസ്തിഷ്കം, രണ്ടു തരം അണപ്പല്ലുകൾ, മുന്നോട്ടു തള്ളിയ മുഖം, 400 cc മുതൽ 700 cc വരെ തലയോട്ടിവ്യാസം, സുപ്രാ ഓർബിറ്റൽ ബ്രിഡ്ജ്, കനമുള്ള താടി, നെറ്റിത്തടം. മറ്റു പ്രത്യേകതകളെല്ലാം ആൾക്കുരങ്ങിനോട് സാമ്യമുള്ളതാണ്. എന്നിരുന്നാലും അവ ആൾക്കുരങ്ങിൽനിന്ന് വ്യത്യസ്തവുമാണ്. ഉന്തിനിൽക്കുന്ന കോമ്പല്ലുകളില്ലാത്തതും അധോമുഖമായ ഫോറമെൻ മാഗ്നവും വിസ്തൃതമായ ഇലിയവും അവയെ വ്യത്യസ്തമാക്കുന്നു. ആസ്ത്രതലോപിത്തക്കസ് ആഫ്രിക്കാനസ്, ആസ്ത്രലോപിത്തക്കസ് അഫാറൻസിസ്, ആസ്ത്രലോപിത്തെക്കസ് ബോയിസി, ആസ്ത്രലോപിത്തക്കസ് റോബസ്റ്റസ് എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ ആസ്ത്രലോപിത്തേസിനുകളിൽ ഉൾപ്പെട്ടിരിക്കുന്നു.



ചിത്രം 3.14 ആസ്ത്രലോപിത്തക്കസ് അഫറൻസിസ്



ചിത്രം 3.15: ലൂസി

ആസ്ത്രോലോപിത്തക്കസ് ആഫ്രിക്കാനസ്: 1924 ൽ ആസ്ട്രേലിയൻ അനാട്ടമി പ്രഫസറായ റെയ്മണ്ട് ഡാർട്ടാണ് ആസ്ത്രലോപിത്തക്കസ് ഫോസിൽ ആദ്യമായി കണ്ടെടുത്തത്. ദക്ഷിണാഫ്രിക്കയിലെ ടോങ്ങിനു സമീപം ഒരു ക്വാറിയിൽനിന്നാണ് ഈ മെച്ചപ്പെട്ട ഫോസിൽ ലഭിച്ചത്. ഇതിനെ ആസ്ത്രലോപിത്തക്കസ് ആഫ്രിക്കാനസ് എന്നു വിളിച്ചു. ഈ സ്പീഷിസ് 'ടോങ്ങിലെ കുട്ടി' എന്നും അറിയപ്പെടുന്നു. 520 cc യാണ് അതിന്റെ തലയോട്ടിവ്യാസം. ഇത് സൂചിപ്പിക്കുന്നത് ചിമ്പാൻസി



ചിത്രം 3.16: ഹോമോ ഹബിയിസ്

യേക്കാൾ മസ്തിഷ്കം വികസിച്ചിരുന്നുവെന്നാണ്. സുഷുമ്നാനാഡി പ്രവേശിക്കുന്ന ദ്വാരമായ ഫോറാമെൻ മാഗ്നത്തിന്റെ സ്ഥാനം അടിസ്ഥാനമാക്കി അവ ഇരുകാലികളാണെന്ന് ഡാർട്ട് അവകാശപ്പെട്ടു. പിന്നീട് ദക്ഷിണാഫ്രിക്ക, കെനിയ, എത്യോപ്യ, ടാർസാനിയ എന്നിവിടങ്ങളിൽ നിന്നും നൂറുകണക്കിന് ഫോസിലുകൾ കണ്ടെത്തിയിരുന്നു. ഇവയ്ക്കെല്ലാം പ്രത്യേകം സ്പീഷിസുകളുടെ പേരുകളുണ്ടെങ്കിലും അവയെല്ലാം ഒരു ജീനസായ ആസ്ത്രലോപിത്തക്കസിൽ ഉൾപ്പെടുന്നു എന്ന് കണക്കാക്കുന്നു.



ഹോമോ എർഗാസ്റ്റർ

1.8. ദശലക്ഷം മുതൽ 1.3 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് പ്ലിസ്റ്റോഡിനിന്റെ ആദ്യ കാലത്തിൽ കിഴക്കൻ ആഫ്രിക്കയിലും തെക്കേ ആഫ്രിക്കയിലും ജീവിച്ചിരുന്ന മൺമറഞ്ഞുപോയ മനുഷ്യവിഭാഗമാണ് ഹോമോ എർഗാസ്റ്ററുകൾ. 1949 ൽ ആഫ്രിക്കൻ ഫോസിൽപഠന ശാസ്ത്രജ്ഞനായ ജോൺ ടി. റോബിൻസണാണ് ഇതിന്റെ ആദ്യ ഫോസിൽ കണ്ടെടുത്തത്. 1984 ൽ കോമോയ കിമുവും അലൻഖാർക്കറും ചേർന്ന് കെനിയയിലെ ടർക്കാന തടാകത്തിൽനിന്ന് ഹോമോ എർഗാസ്റ്ററിന്റെ പൂർണ അസ്ഥികൂടം കണ്ടെത്തി. ഇത് ടർക്കാനയിലെ കുട്ടി എന്ന് വിളിക്കപ്പെട്ടു. വികാസം പ്രാപിച്ച മസ്തിഷ്കവും, മറ്റു ശാരീരികപ്രത്യേകതകളും പരിഗണിച്ച് എർഗസ്റ്ററുകൾ ഭാഷ ഉപയോഗിക്കുന്നു എന്ന് മനസ്സിലാക്കാനായി.

ആസ്ത്രലോപിത്തക്കസ് അഫറൻസിസ് :1974ൽ ഡൊനാൾഡ് ജൊഹാൻസൻ വടക്കൻ എത്യോപ്യയിലെ ഹാഡർ എന്ന സൈറ്റിൽനിന്നാണ് ആസ്ത്രലോപിത്തക്കസ് അഫറൻസിന്റെ ഫോസിൽ കണ്ടെടുത്തത്. 3 മുതൽ 4 ദശലക്ഷം വർഷം വരെ പഴക്കമാണ് ഇതിനുള്ളതെന്ന് കണക്കുകൂട്ടുന്നു. നേരെ നിൽക്കാൻ കഴിവുള്ള ഇരുകാലിജീവിയാണ് ആസ്ത്രലോപിത്തക്കസ് അഫറൻസിസ്. ഇത് 'ലൂസി' എന്നാണ് കൂടുതലായി അറിയപ്പെടുന്നത്. അവയുടെ കോമ്പല്ല് വലുതും തലയോട്ടി ചെറുതുമാണ് (440cc), ആധുനിക ചിമ്പാൻസിയോട് സാദൃശ്യമുള്ളതാണ് അവയുടെ തലയോട്ടി. ഇരുകാലിൽ സഞ്ചരിക്കുന്ന ലൂസിക്ക് 3 .5 മുതൽ 4 അടി വരെ ഉയരമുണ്ടായിരുന്നു.



ചിത്രം 3.17 ഹോമോ ഇറക്റ്റ്സ്

ഹോമോഹബിലിസ്: 1962 -ൽ കിഴക്കൻ ആഫ്രിക്കയിൽനിന്ന് ഡോക്ടർ ലീക്കിയാണ് ഹോമോ ഹബിലിസിന്റെ ഫോസിൽ അവശിഷ്ടഭാഗങ്ങൾ കണ്ടെടുത്തത്. തലയോട്ടിയും മേൽത്താടിയും കീഴ്ത്താടിയുമായിരുന്നു ഈ അവശിഷ്ടങ്ങൾ. സിൻജാന്ത്രോപ്പസും ഹബിലിസും സമകാലീനമായിരുന്നെങ്കിലും ഹബിലിസ് കൂടുതൽ പുരോഗതി കൈവരിച്ചവരാണെന്നു കരുതുന്നു. ഹോമോസാപിയൻസിനോട് സാമ്യമുള്ളവരാണ് ഹോമോ ഹബിലിസെന്ന് ലീക്കി അഭിപ്രായപ്പെടുന്നു. ചില പണ്ഡിതർ ആസ്ത്രലോപിത്തക്കസിന്റെ വകഭേദമാണിതെന്ന് വാദിക്കുന്നു. ആസ്ത്രലോപിത്തക്കസിന്റെ പുരോഗതി പ്രാപിച്ച വിഭാഗമായി അവർ ഇതിനെ കരുതുന്നു.

പിത്തക്കാന്ത്രോപ്പൈൻസ്: മനുഷ്യപരിണാമത്തിന്റെ രണ്ടാം ഘട്ടമായി പിത്താക്കാന്ത്രോപ്പൈനുകളെ സൂചിപ്പിക്കുന്നു. ഹോമോഇറക്റ്റ്സ്, ജാവാ മനുഷ്യൻ, പീക്കിങ് മനുഷ്യൻ, ഹോമോ ഹൈഡൽബെർഗിൻസിസ് എന്നിങ്ങനെ വ്യത്യസ്തവിഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഹോമോ ഇറക്റ്റ്സ്: 1891 ന്റെ ആദ്യകാലത്ത് ഡച്ച് ശാസ്ത്രജ്ഞനും ആർമി ഡോക്ടറുമായിരുന്ന യൂജിൻ ഡുബോയ്സാണ് ജാവാദ്വീപിൽ നിന്ന് ഹോമോ ഇറക്റ്റ്സ് അഥവാ 'നിവർന്നുനിൽക്കുന്ന ആൾക്കുരങ്ങ്' (Erect ape man) ന്റെ ഫോസിൽ കണ്ടെടുത്തത്. ജാവാമനുഷ്യൻ എന്ന പേരിൽ ഇത് പ്രസിദ്ധി നേടി. 1894 ൽ ഇതിന് ഹോമോ ഇറക്റ്റ്സ് അഥവാ പിത്താക്കാന്ത്രോപ്പസ് ഇറക്റ്റ്സ് എന്ന പേരു നൽകി. 1.9 ദശലക്ഷമാണ് ഇവയുടെ പഴക്കമെന്ന് കാലഗണനരീതിയിലൂടെ വ്യക്തമാക്കുന്നു. തുടർന്ന് കൂടുതൽ ഫോസിലുകൾ വ്യത്യസ്ത കാലങ്ങളിലായി വിവിധ പ്രദേശങ്ങളിൽനിന്ന് കണ്ടെടുത്തു. ഇവ അറിയപ്പെട്ടിരുന്നത് വിവിധ പേരുകളിലാണ്. പിത്തെക്കാന്ത്രോപ്പസ്, സിനാന്ത്രോപ്പസ് (ചൈന), അറ്റ്ലാന്ത്രോപ്പസ് (വടക്കൻ ആഫ്രിക്ക), ടിലാന്ത്രോപ്പസ് (ദക്ഷിണാഫ്രിക്ക) എന്നിവ ഇവയിൽപ്പെടുന്നു. മനുഷ്യരുമായി വളരെ സാമ്യം പുലർത്തുന്ന ഇവയെല്ലാം തന്നെ ഹോമോ ഇറക്റ്റ്സ് എന്ന ഒരേയൊരു സ്പീഷിസിൽ വരുന്ന വ്യത്യസ്ത വിഭാഗങ്ങളാണ്.



ചിത്രം 3.18:
നിയാണ്ടർതാൽ ഫോസിലുകൾ

പിത്താക്കാന്ത്രോപ്പസ് ഇറക്റ്റ്സ് അഥവാ ഹോമോ ഇറക്ടസിന്റെ സവിശേഷതകൾ ചുവടെ കൊടുക്കുന്നു.

- തലയോട്ടിവ്യാസം 775–1300 cc വരെ.
- വലുതും വിശാലവുമായ മുഖം
- താടിയില്ല.
- നിമ്നമായ നാസികപ്പാലം
- അണപ്പല്ലുകൾക്കു വലുപ്പം കുറവാണ്.
- നെറ്റിയിലെ അസ്ഥിവികാസം കുറഞ്ഞതാണ്.
- മുക്കിന്റെ എല്ല് വിശാലവും പരന്നതുമാണ്.
- കോമ്പല്ല് ചെറുതായി ഉന്തിനിൽക്കുന്നു.
- മുഖത്തിന്റെ അടിഭാഗം മുന്നോട്ടു തള്ളിനിൽക്കുന്നു.
- മസ്തിഷ്കവലുപ്പം കൂടുതലും ശരീരവലുപ്പം കുറവുമാണ്.


ഹോമോ ഇറക്റ്റ്സിന്റെ തലയോട്ടി തടിച്ചതും വീതിയുള്ളതും വ്യാസം 775–1300cc വരെയുള്ളതുമാണ്. ഇത് ഹോമോസാപിയന്റേതിൽ നിന്നു സാരമായ വ്യത്യാസമുള്ളതാണ്. താഴ്ന്ന നെറ്റിത്തടം, ഉന്തിനിൽക്കുന്ന നെറ്റി ഭാഗം, വലുതും വിശാലവുമായ മുഖം, താഴ്ന്ന മൂക്കിന്റെ പാലം എന്നിവ ഇവയെ വ്യത്യസ്തമാക്കുന്നു. എന്നാൽ ഹോമോ ഇറക്റ്റ്സിന് ശേഷമുള്ളവയുടെ തലയുടെ അസ്ഥികൾ ആധുനികമനുഷ്യരുടേതുപോലെയാണ്. ഇവയുടെ മസ്തിഷ്കം ആസ്ത്രലോപിത്തക്കസിന്റെ ഇരട്ടിയോളവും ആധുനികമനുഷ്യരുടേതിന്റെ മൂന്നിൽ രണ്ടു ഭാഗവുമാണ്. തടിച്ച എല്ലും താഴ്ന്ന



നിയാണ്ടർതാലുകൾക്ക് എന്താണ് സംഭവിച്ചത്?


കഴിഞ്ഞ 20,000 വർഷങ്ങളിൽ യൂറോപ്പിൽ നിയാണ്ടർതാലുകളും ആധുനിക മനുഷ്യനും ഒന്നിച്ചു നിലനിന്നിരുന്നു. നിയാണ്ടർതാലിന് എന്താണ് സംഭവിച്ചത്? മൂന്ന് ഉത്തരങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്. ഒന്നാമതായി, അവർ ആദിമമനുഷ്യരുമായി ഇണചേർന്ന് നിയാണ്ടർത്തതാലിന്റെ പ്രത്യേകതകൾ അപ്രത്യക്ഷമായി. രണ്ടാമതായി അവർ ആധുനികമനുഷ്യനാൽ വധിക്കപ്പെട്ടെന്നും മൂന്നാമതായി ആധുനിക മനുഷ്യരുമായി മത്സരിച്ച് അവർക്ക് വംശനാശം സംഭവിച്ചിരിക്കും എന്നും പറയുന്നു.

നെറ്റിത്തടവും സമാന്തരമായ ദന്തവളവും താടിയെല്ലുകളുടെ അസാന്നിധ്യവും എല്ലാ ഫോസിലുകളുടേയും സവിശേഷതയാണ്. മനുഷ്യന്റേതുപോലുള്ള നിൽപ്പാണ് ഹോമോ ഇറക്റ്റസിനെ വ്യത്യസ്തമാക്കുന്നത്. അവയ്ക്ക് ആൾക്കുരങ്ങിന്റെ കുറച്ചു സവിശേഷത മാത്രമേയുള്ളൂ. മനുഷ്യപരിണാമത്തിലെ പ്രധാനഘട്ടമായി ഇതിനെ സൂചിപ്പിക്കുന്നു. ആധുനിക ഹോമോസാപിയന്റെയും നിയാണ്ടർതാലിന്റെയും പൂർവികരാണിവർ.



ചിത്രം 3.19: ക്രോമാഗ്നനൻ ഫോസിൽ

നിയാണ്ടർതാൽ: ആദ്യ ഹോമോസാപിയൻസായി ഇതിനെ പലപ്പോഴും പരാമർശിക്കുന്നു. ഹോമോ ഇറക്റ്റസിനും ആധുനികമനുഷ്യർക്കും ഇടയിലുള്ള കാലഘട്ടത്തിൽ യൂറോപ്പിലും, വടക്കൻ ആഫ്രിക്കയിലും ഏഷ്യയിലെ ചില ഭാഗങ്ങളിലും ജീവിച്ചിരുന്ന മനുഷ്യരായി ഇവരെ കണക്കാക്കുന്നു. 1856 ൽ ജർമനിയിൽനിന്ന് ഇവയുടെ തലയുടെ മുകൾഭാഗവും ചില എല്ലുകളും കണ്ടെടുത്തു. 1863ൽ വില്യം കിങ് എന്ന ഐറിഷ് അനാട്ടമിസ്റ്റാണ് നിയാണ്ടർതാൽ മനുഷ്യൻ എന്ന പദം ആദ്യമായി ഉപയോഗിച്ചത്. പിൽക്കാലത്ത് യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽനിന്നു കണ്ടെടുക്കപ്പെട്ട അസ്ഥികളുടെ അവിശിഷ്ടങ്ങൾക്ക് പൊതുവായ സവിശേഷതകൾ ഉണ്ടായിരുന്നു. ഈ പൊതുസവിശേഷതകൾ അടിസ്ഥാനമാക്കി അവയെ നിയാണ്ടർതാൽ മനുഷ്യർ എന്ന ഗ്രൂപ്പിൽപ്പെടുത്തി. ലക്ഷം മുതൽ 30,000 വർഷങ്ങൾക്കു മുമ്പു വരെ യൂറോപ്പിലും വടക്കൻ ആഫ്രിക്കയിലും ഏഷ്യയുടെ ചില ഭാഗങ്ങളിലും ഇവർ ജീവിച്ചിരുന്നു എന്നു വിശ്വസിക്കുന്നു. ശൈത്യകാലാവസ്ഥയുമായി പൊരുത്തപ്പെട്ടവരാണിവർ. വേട്ടയാടൽ, ഭക്ഷ്യശേഖരണം എന്നിവയായിരുന്നു തൊഴിൽ. ശിലായുധങ്ങളും തീയും ഉപയോഗിച്ചും ജന്തുക്കളുടെ തൊലി വസ്ത്രമാക്കിയും കൂട്ടമായിട്ടാണ് ഇവർ ജീവിച്ചിരുന്നത്. 1300 cc മുതൽ 1750 cc വരെ ഉയർന്ന തലയോട്ടിവ്യാസം, വീതിയേറിയ ബാരൽ ആകൃതിയുള്ള



ചിത്രം. 3.20.ഹോമിനിഡ്സ് പരിണാമം

തലയോട്ടി താടിയുടെ അസാന്നിധ്യം, മുന്നോട്ടുതള്ളിയ മുഖം, ലംബമല്ലാത്ത നെറ്റിത്തടം, ഉയർന്ന മസ്തിഷ്ക അളവ്, വലിയ താടിയെല്ല്, പരന്നതല്ലാത്ത കവിളെല്ല് എന്നിവ ഇവയുടെ പ്രധാന സവിശേഷതകളിൽപ്പെടുന്നു.

ക്രോമാഗ്നൻ: അഞ്ച് മനുഷ്യാസ്ഥികൂടങ്ങൾ ഫ്രാൻസിലെ ക്രോമാഗ്നൻ കുന്നുകളിൽനിന്നു കണ്ടെടുത്തതുകൊണ്ടാണ് ക്രോമാഗ്നൻ എന്ന പദം ഉണ്ടായത്. ഇവയിൽ രണ്ട് പ്രായപൂർത്തിയായ പുരുഷൻമാരുടെയും ഒരു സ്ത്രീയുടെയും ഒരു കുട്ടിയുടെയും വയസ്സായ ഒരു മനുഷ്യന്റെയും ഫോസിലുകളും ഉൾപ്പെടുന്നു. 1868 ൽ ലൂയിസ് ലാർടെറ്റാണ് ആദ്യ ഫോസിൽ കണ്ടെടുത്തത്. ശിലായുധങ്ങളും എല്ലുകൾകൊണ്ടുള്ള ആയുധങ്ങളും നിർമിച്ചിരുന്ന ഇവർ മനോഹരമായ ഗുഹാചിത്രങ്ങളുടെ രചയിതാക്കളായിരുന്നു.

ക്രോമാഗ്നന്റെ തലയോട്ടി വലുതും വിപുലവുമാണ്. 1590 ccയാണ് തലയോട്ടിവ്യാസം. നെറ്റിത്തടം ഉയർന്നതും വിശാലവുമായിരുന്നു. മൂക്കിന്റെ അസ്ഥി ഉയർന്നതും കവിളെല്ല് മുന്നോട്ടു തള്ളിയതുമാണ്. 50000 വർഷത്തെ പരിണാമപ്രക്രിയ ക്രോമാഗ്നനെ ആധുനികമനുഷ്യനായി മാറ്റിയെന്ന് വിശ്വസിക്കപ്പെടുന്നു.

ആദ്യകാലമനുഷ്യരുടെ ഫോസിൽവിവരങ്ങൾ ഇന്റർനെറ്റിൽനിന്ന് ശേഖരിച്ച് മനുഷ്യപരിണാമം കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സഹായത്താൽ അവതരിപ്പിക്കുകയോ പിക്ചർ ആൽബം തയാറാക്കുകയോ ചെയ്യുക.



ആദികാല ഹോമോസാപിയനുകൾ (Early forms of Homo Sapiens)


ക്രോമാഗ്നൻ ഫോസിൽ അവശിഷ്ടങ്ങളെയാണ് ഹോമോസാപിയൻസിന്റെ ആദ്യ സ്പീഷിസായി കരുതിയിരുന്നത്. പക്ഷേ, പിന്നീട് കണ്ടെടുത്ത ഫോസിൽ അവശിഷ്ടങ്ങൾ ഇത്തരം അനുമാനങ്ങൾ തള്ളിക്കളയുകയാണ് ചെയ്തത്. ഈ ഫോസിൽ അവശിഷ്ടങ്ങൾ ആധുനികമനുഷ്യനുമായി വളരെയധികം സാമ്യങ്ങൾ പുലർത്തുന്നു. ലണ്ടൻ സ്കൾ, സ്വാൻസ് കോംബെ മനുഷ്യൻ, ഗ്രിമാൾഡി മനുഷ്യൻ എന്നിവ പുതുതായി കണ്ടെടുത്ത ഫോസിൽ അവശിഷ്ടങ്ങളാണ്.

ലണ്ടൻ സ്കൾ: 1925 ൽ മധ്യലണ്ടനിൽനിന്നു കണ്ടെടുത്ത ഫോസിലാണിത്. 50 വർഷം പ്രായമുള്ള സ്ത്രീയുടേതായതുകൊണ്ട് ഇത് 'ലേഡി ഓഫ് ലയോഡ്സ്' എന്നറിയപ്പെടുന്നു. തലയോട്ടിനിയാണ്ടർതാൽ മനുഷ്യന്റെ സവിശേഷതകൾ കാണിക്കുന്നുവെങ്കിലും ക്രോമാഗ്നനോട് കൂടുതൽ സമാനമാണ്. 1260 cc തലയോട്ടിവ്യാസമുള്ള ഇവയ്ക്ക് ഒരു ഇംഗ്ലീഷ് സ്ത്രീയുടെ മസ്തിഷ്കത്തേക്കാൾ 40cc വ്യാസം കുറവാണ്. അപ്പർ പ്ലീസ്റ്റോസിൻ കാലഘട്ടത്തിലെ ഫോസിലാണിത്.

സ്വാൻസ് കോംബെ മനുഷ്യൻ: 1935-36 കാലഘട്ടത്തിൽ ഇംഗ്ലണ്ടിലെ സ്വാൻസ് കോംബെ എന്ന സ്ഥലത്തുനിന്നു കണ്ടെടുത്ത ഫോസിലാണിത്. എല്ലിന്റെ രൂപത്തിലും പ്രത്യേകതയിലും ഇത് ഇംഗ്ലീഷ് സ്ത്രീയുടെതിന് തുല്യമാണ്. തലയോട്ടിവ്യാസം 1325 cc ആയതുകൊണ്ട് ആധുനിക മനുഷ്യരുമായി സമാനത കാണിക്കുന്നു. എന്നാൽ ഓക്സിപിറ്റൽ ബോണിന്റെ സവിശേഷമായ കനവും അസാമാന്യവീതിയും ഒരു പ്രധാന വ്യത്യാസമാണ്.

ഗ്രിമാൾഡി മനുഷ്യൻ : 1901ൽ മെഡിറ്ററേനിയൻ തീരപ്രദേശത്തെ ഗ്രിമാൾഡി വില്ലേജിലെ ഗ്രോട്ട്ഡെസ് എൻഫാൻസ് എന്ന ഗുഹയിൽനിന്ന് പ്രഫ. വെർനിയു രണ്ട് എല്ലുകൾ കണ്ടെടു

ത്തു. ഇതിൽ ഒന്ന് 30 വയസ്സു തോന്നിക്കുന്ന സ്ത്രീയുടേതും മറ്റൊന്ന് ഏകദേശം 15 വയസ്സ് തോന്നിക്കുന്ന കുട്ടിയുടേതുമാണ്. രണ്ടു തലയോട്ടികളും നീണ്ടതും ഇടുങ്ങിയതും ഉയർന്നതുമാണ്. സ്ത്രീയുടെ തലയോട്ടിയുടെ വലുപ്പം 1265 cc യും ആൺകുട്ടിയുടേത് 1455 ccയുമാണ്. വികാസം പ്രാപിച്ച നേരെയുള്ള നെറ്റിത്തടവും വിശാലമായ മുഖവും വീതികുറഞ്ഞ കവിളെല്ലുകളും ചെറുതായി പുറത്തേക്കു തള്ളിയ നിലയിലുള്ള താടിയെല്ലും നീഗ്രോയ്ഡ് വിഭാഗത്തോട് സാമ്യം പുലർത്തുന്നു. വലുതും ഉയർന്നതുമായ താടിയെല്ലുകൾ, പല്ലുകളുടെ പ്രത്യേകതകൾ എന്നിവ ആസ്ത്രേലിയൻ ഗോത്രവാസികളുടേതിനോട് സാമ്യമുള്ളതാണ്. പക്ഷേ, ഭൂരിഭാഗം സവിശേഷതകളും നീഗ്രോയ്ഡ് വിഭാഗത്തോട് അടുത്തുനിൽക്കുന്നു.



ചിത്രം 3.21: മനുഷ്യപരിണാമ പ്രവണതകൾ

ആധുനിക നീഗ്രോവിഭാഗത്തോട് ഗ്രിമാൾഡിയെ താരതമ്യം ചെയ്യാം. തെക്കേ ആഫ്രിക്കയിലെ ബുഷ്മെൻ വിഭാഗത്തോട് ഇവ കൂടുതൽ സാമ്യം കാണിക്കുന്നുവെന്ന് പ്രഫ. സൊള്ളാസും ബൗളും ചൂണ്ടിക്കാണിക്കുന്നു. ക്രോമാഗ്നനും ഗ്രിമാൾഡിയും രണ്ട് വ്യത്യസ്ത വംശീയവിഭാഗങ്ങളാണെന്നും ചിലർ വിശ്വസിക്കുന്നു.

ഹോമോസാപിയൻസ് സാപിയൻസ്: ആധുനികമനുഷ്യന്റെ ശാസ്ത്രീയനാമം ഹോമോസാപിയൻസ് സാപിയൻസ് എന്നാണ്. വ്യത്യസ്ത പരിസ്ഥിതികളിൽ വാസമുറപ്പിച്ച അവർക്ക് പ്രത്യേക സവിശേഷതകളാണുള്ളത്. അവയ്ക്ക് തലയോട്ടിവ്യാസം 1300 cc മുതൽ 1450 cc വരെയാണ്. നെറ്റിത്തടം പുറത്തേക്ക് തള്ളിയ നിലയിലും സുപ്രാ ഓർബിറ്റൽ റിഡ്ജുകൾ ചെറുതുമാണ്. ദ്വിനേത്രദർശനം, ചെറിയ കോമ്പല്ല്, മറ്റു വിരലുകളുമായി സമ്മുഖമാക്കാൻ പറ്റാത്ത കാൽവിരൽ, കാലിനേക്കാൾ ചെറിയ കൈകൾ, നട്ടെല്ലിലെ നാലു വളവുകൾ, ശരീര രോമത്തിലുള്ള കുറവ്, സംസാരിക്കാനുള്ള കഴിവ് എന്നീ പ്രത്യേക സവിശേഷതകൾകൊണ്ട്മനുഷ്യന് ജന്തുവംശത്തിൽ ഉയർന്ന സ്ഥാനം ലഭിച്ചു.

പഠനപുരോഗതി വിലയിരുത്താം

1. വിവിധ പരിണാമഘട്ടങ്ങൾ തിരിച്ചറിയുക.
2. റെയ്മണ്ട് ഡാർട്ട് കണ്ടെത്തിയ ഫോസിലിന്റെ പേരെഴുതുക.
3. താഴെ പട്ടികപ്പെടുത്തിയവയുടെ സവിശേഷതകൾ എഴുതുക.

ആസ്ത്രലോപിത്തക്കസുകൾ	*ഹോമോ ഇറക്റ്റ്സ്*	*നിയാണ്ടർതാൽ*	*ക്രോമാഗ്നൻ*

മനുഷ്യപരിണാമ പ്രക്രിയയുമായി ബന്ധപ്പെട്ട ഫോസിൽ തെളിവുകളെക്കുറിച്ചാണ് ഇതുവരെ ചർച്ചചെയ്തത്. ആദ്യകാല പൂർവികരിൽനിന്നു വളരെ അകലെയാണ് ഇന്നത്തെ മനുഷ്യർ എന്ന് നമുക്കറിയാം. ആദ്യകാലമനുഷ്യരുടെ ഭൂരിഭാഗം പ്രത്യേകതകളും നമുക്കുമുണ്ട്. തലമുറകളിൽനിന്ന് തലമുറകളിലേക്ക് ഈ പ്രത്യേകതകൾ എങ്ങനെയാണ് കൈമാറുന്നത്? ഇതറിയണമെങ്കിൽ ജനിതകശാസ്ത്രത്തെക്കുറിച്ചുള്ള ധാരണ ആവശ്യമാണ്.

IV. മനുഷ്യജനിതകശാസ്ത്രം (Human Genetics)

പാരമ്പര്യത്തെക്കുറിച്ചും വ്യതിയാനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ജീവശാസ്ത്രശാഖയാണ് ജനിതകശാസ്ത്രം. വളരുക എന്നർഥമുള്ള 'ജെൻ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ജനിറ്റിക്സ് എന്ന പദം രൂപംകൊണ്ടത്. 1905 ൽ വില്യം ബേറ്റ്സൺ ആണ് ഈ പദം നിർദേശിച്ചത്. മനുഷ്യ ജൈവപാരമ്പര്യത്തെക്കുറിച്ചും വ്യതിയാനങ്ങളെക്കുറിച്ചുമുള്ള പഠനമാണ് മനുഷ്യജനിതകശാസ്ത്രം. സന്താനങ്ങൾക്ക് മാതാപിതാക്കളുമായി രൂപസാദൃശ്യമുണ്ടെന്ന് ഇതു കണ്ടെത്തുന്നു. ഒരു പ്രത്യേക മനുഷ്യവിഭാഗത്തിലുൾപ്പെടുന്നവർക്ക് പൊതുവായ ചില സാമ്യങ്ങളും വ്യത്യാസങ്ങളും നിലനിൽക്കുന്നുണ്ട്. മാതാപിതാക്കളുടെ പ്രത്യേകതകൾ ജനിതകമായി പ്രേഷണം ചെയ്യുന്നതുകൊണ്ടാണ് ഇപ്രകാരം സാമ്യങ്ങൾ ഉണ്ടാവുന്നത്. തലമുറയിൽനിന്ന് തലമുറയിലേക്ക് ജന്മസിദ്ധമായ ചില പ്രത്യേകതകൾ ജൈവികപരമായിത്തന്നെ കൈമാറ്റം ചെയ്യപ്പെടുന്നു. ഒരേ ജീവജാതിയിലെ വ്യക്തികൾ തമ്മിലുള്ള വ്യത്യാസങ്ങളും മാതാപിതാക്കളും സന്താനങ്ങളും തമ്മിലുള്ള സാമ്യങ്ങളും വിശദമാക്കുന്ന തത്ത്വങ്ങൾ പ്രതിപാദിക്കുന്നതാണ് മനുഷ്യജനിതകശാസ്ത്രം.

പാരമ്പര്യപ്രേഷണപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഘടകങ്ങളാണ് ജീനുകൾ. ഒരു വ്യക്തിയുടെ ജൈവപ്രത്യേകതകൾ വികസിപ്പിക്കുന്നതിനും മാതാപിതാക്കളിൽനിന്ന് സന്താനങ്ങളിലേക്ക് ഈ പ്രത്യേകതകൾ കൈമാറുന്നതിലും ജീനുകൾ പങ്കുവഹിക്കുന്നു. ഒരു ജീവിയുടെ ബാഹ്യവും ആന്തരികവും ശരീരധർമപരവുമായ പ്രത്യേകതകൾ ഈ ഘടകം സൂചിപ്പിക്കുന്നു. ജീനുകളിലുണ്ടാകുന്ന വ്യതിയാനങ്ങൾ വ്യത്യസ്ത പ്രത്യേകതകൾ ഉണ്ടാവാൻ കാരണമാകുന്നു. പാരമ്പര്യപ്രേഷണത്തിന്റെയും വ്യതിയാനത്തിന്റെയും ശാസ്ത്രമാണ് ജനിതകശാസ്ത്രം. ജീനുകളുടെ ഘടന, പ്രവർത്തനങ്ങൾ, കൈമാറ്റം, ധർമങ്ങൾ, വ്യതിയാനങ്ങളുടെ ഉദ്ഭവം എന്നിവയെക്കുറിച്ചുള്ള ശാസ്ത്രമാണ് ജനിതകശാസ്ത്രമെന്നും നിർവചിക്കാം.

പാരമ്പര്യം, വ്യതിയാനം: അടിസ്ഥാനതത്ത്വങ്ങൾ (Basic Principles of Heredity and Variation)

ഓരോ ജീവിയും അതിന്റെ മാതാപിതാക്കളുമായി രൂപസാമ്യം പുലർത്തുന്നു എന്നതാണ് ജൈവപ്രത്യുൽപ്പാദനപ്രക്രിയയുടെ സവിശേഷത. സന്താനങ്ങൾക്ക് രൂപസാമ്യമുണ്ടെങ്കിലും എല്ലാവരും ഒരുപോലെയല്ല . അവ മാതാപിതാക്കളിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

മാതാപിതാക്കളുമായി രൂപസാമ്യമുണ്ടാവാനുള്ള സന്താനങ്ങളുടെ പ്രവണതയാണ് പാരമ്പര്യം. ജീവികളുടെ സവിശേഷതകൾ ഒരു തലമുറയിൽനിന്ന് തുടർന്നുള്ള തലമുറകളിലേക്ക് ഘടകങ്ങൾ കൈമാറുന്ന പ്രവർത്തനത്തെ പാരമ്പര്യമെന്നു നിർവചിക്കാം. മാതാപിതാക്കളിൽനിന്ന് വ്യത്യസ്തരാവാനുള്ള സന്താനങ്ങളുടെ പ്രവണതയാണ് വ്യതിയാനം. ഒരു തലമുറയിൽനിന്ന് മറ്റു തലമുറകളിലേക്ക് കൈമാറുന്ന വ്യതിയാനങ്ങളാണ് പാരമ്പര്യവ്യതിയാനങ്ങൾ. ബാഹ്യഘടകങ്ങൾ മൂലമുണ്ടാകുന്ന വ്യതിയാനങ്ങളെ പാരമ്പര്യസിദ്ധമല്ലാത്ത വ്യതിയാനങ്ങൾ എന്നും പറയുന്നു. അവ കൈമാറ്റം ചെയ്യപ്പെടുന്നില്ല. പരിവർത്തനം എല്ലാ ജീവികളുടെയും സവിശേഷതയാണ്. വൈവിധ്യം ഒരു പ്രകൃതിനിയമവുമാണ്.

പാരമ്പര്യത്തിന്റെയും വ്യതിയാനത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ ഉന്നയിച്ചത് ഗ്രിഗർ മെൻഡലാണ്. പാരമ്പര്യപ്രേഷണത്തിനു കാരണം ചില പ്രത്യേക/സവിശേഷഘടകങ്ങളാണെന്ന് (Factors) അദ്ദേഹം ചൂണ്ടിക്കാണിച്ചു. പിന്നീട് അവയെ ജീനുകൾ എന്നു വിളിച്ചു. ഒരു ജീവി

യുടെ പാരമ്പര്യഘടകങ്ങൾ മാതാപിതാക്കളിൽനിന്നു സന്താനങ്ങളിലേക്കു കൈമാറുന്നു. താഴെകൊടുത്തിരിക്കുന്നവയാണ് ജീനുകളുടെ പ്രധാന ധർമങ്ങൾ.

1 പാരമ്പര്യസ്വഭാവമുള്ളതും സ്വയം ഇരട്ടിക്കാൻ കഴിവുള്ളവയുമാണ്.

2 ഉൽപ്പരിവർത്തനം വഴി യാദൃച്ഛികമാറ്റം സംഭവിക്കുന്നതും സംവേദകത്വമുള്ളവയുമാണ്.

3 ഒരു കോശധർമത്തിനത്യാവശ്യമായ വിവരങ്ങൾ വഹിക്കുന്നവയാണിത്.



ചിത്രം. 3.22 ഗ്രിഗർ മെൻഡൽ

ജീനുകൾ സ്ഥിതിചെയ്യുന്നത് കോശങ്ങളിലെ ക്രോമസോമുകളിലാണ്. പാരമ്പര്യഘടകങ്ങൾ വഹിക്കുന്നതും കൈമാറുന്നതും പ്രത്യുൽപ്പാദനകോശങ്ങളിലെ ക്രോമസോമുകളിൽ കാണപ്പെടുന്ന ജീനുകളിലാണ്. ഡി. എൻ. എ. (ഡിയോക്സിറൈബോ ന്യൂക്ലിക് ആസിഡ്), ആർ. എൻ.എ. (റൈബോ ന്യൂക്ലിക് ആസിഡ്) എന്നീ രണ്ട് രാസപദാർഥങ്ങൾകൊണ്ടാണ് ജീനുകൾ നിർമിക്കപ്പെട്ടിട്ടുള്ളത്. സമകാലികപരീക്ഷണത്തെളിവുകൾ ഡി. എൻ. എയെ ജനിതകവസ്തുവായി വെളിപ്പെടുത്തുന്നുണ്ട്.

മെൻഡലിന്റെ പാരമ്പര്യപ്രേഷണസിദ്ധാന്തം (Mendel's Law of Inheritance)

ഓസ്ട്രിയയിലെ നോർത്ത് മൊറേവിയ എന്ന സ്ഥലത്താണ് ജനിതകശാസ്ത്രപിതാവായ ഗ്രിഗർ മെൻഡൽ (1822- 1884) ജനിച്ചത്. ഈ സ്ഥലം ഇപ്പോൾ ചെക്കോസ്ലോവാക്യയിലാണ്. 1856ൽ ഒരു ആശ്രമത്തിലെ പൂന്തോട്ടത്തിൽ ജനിതകശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ വെളിപ്പെടുത്തുന്ന നിരവധി പരീക്ഷണങ്ങൾ മെൻഡൽ നടത്തിയിരുന്നു. പയർച്ചെടിയിൽ നടത്തിയ പരീക്ഷണങ്ങൾ ജനിതകശാസ്ത്രത്തിന്റെ നാഴികക്കല്ലായി മാറി. ഒരു പയർച്ചെടിയുടെ ഏഴോളം വ്യത്യസ്ത ഘടകങ്ങളുടെ പാരമ്പര്യപ്രേഷണത്തെക്കുറിച്ചാണ് അദ്ദേഹം പഠനം നടത്തിയത്. ചെടികൾ ഒന്നുകിൽ ഉയരം കൂടിയവയോ ഉയരം കുറഞ്ഞവയോ ആയിരുന്നു. ശുദ്ധമായ, ഉയരം കൂടിയ ഇനം ചെടിയും ഉയരം കുറഞ്ഞ ഇനം ചെടിയും തമ്മിൽ സങ്കരണം നടത്തി ഇവയുടെ ആദ്യ തലമുറയിൽ എല്ലാം ഉയരം കൂടിയ പയർച്ചെടികളുണ്ടായി. ഇത് എഫ് 1 തലമുറ എന്നറിയപ്പെട്ടു. എഫ് 1 തലമുറകളെ തമ്മിൽ സങ്കരം നടത്തി എഫ് 2 തലമുറ ഉൽപ്പാദിപ്പിച്ചു. ഇങ്ങനെ കിട്ടിയവയിൽ ഉയരം കുറഞ്ഞ ചെടികളും പ്രത്യക്ഷപ്പെട്ടു. എഫ് 2 തലമുറയിലെ ആയിരത്തോളം ചെടികളിൽ മൂന്നിൽ ഒന്ന് ഉയരം കുറഞ്ഞവയായിരുന്നു. മറ്റ് ആറ് ഘടകങ്ങളും പരിഗണിച്ചപ്പോൾ സമാനഫലങ്ങളാണ് കിട്ടിയത്. സങ്കരസന്താനങ്ങളിൽ ഏതെങ്കിലുമൊരു ഘടകം മറ്റു ഘടകങ്ങളെ നശിക്കാത്ത ഗുപ്തഘടകമായി ഒളിച്ചുവയ്ക്കുന്നു. ജനിതകഘടകങ്ങൾ പ്രേഷണം ചെയ്യുന്നതുകൊണ്ട് പിന്നീടുള്ള തലമുറയിൽ ഗുപ്തഘടകങ്ങൾ വ്യതിയാനമില്ലാതെ വിഭിന്നരീതികളിൽ പ്രത്യക്ഷപ്പെടുന്നു. ജീനുകൾ ജോടിയായിട്ടാണ് വിന്യസിച്ചിട്ടുള്ളത്. 23 ജോടികളായി 46 ക്രോമസോമുകളാണ് മനുഷ്യർക്കുള്ളത്. ജോടിയിൽ ഒന്ന് അച്ഛനിൽ നിന്നും മറ്റേത് അമ്മയിൽനിന്നുമാണ് ലഭിക്കുന്നത്. മെൻഡലിന്റെ ജനിതകശാസ്ത്രം പ്രധാനമായും രണ്ടു നിയമങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്.

വിവേചനനിയമവും (Law of Segregation) സ്വതന്ത്ര അപവ്യൂഹനനിയമവും (Law of Independent Assortment)

വ്യക്തികളിൽ നിലകൊള്ളുന്ന പാരമ്പര്യയൂണിറ്റുകളാണ് അലിലുകൾ. ഇവയും ജോടികളായാണ് കാണപ്പെടുന്നത്. ബീജകോശങ്ങളുണ്ടാവുമ്പോൾ ഇത് വേർതിരിഞ്ഞ് ഓരോ ലിംഗകോശത്തിലേക്ക് ചേരുന്നു. അതായത്, ബീജകോശങ്ങളിൽ ജോടിയിൽ ഒന്നു മാത്രമേ ഉണ്ടാവുകയുള്ളൂ എന്നാണ് വിവേചനനിയമം പറയുന്നത്.

എന്നാൽ സ്വതന്ത്ര അപവ്യൂഹനനിയമം പറയുന്നത് ഒരുപോലെയുള്ള ഒരു ജോടി ക്രോമസോമുകളിൽ കാണുന്ന ജീൻ ജോടി അപര ക്രോമസോമുകളുടെ ജീൻ ജോടികളുമായി കൂടിക്കലരുന്നില്ലെന്നാണ്. ഊനഭംഗ സമയത്ത് ഇത് സ്വതന്ത്രമായി വേർതിരിയുകയും എന്നാൽ ബീജകോശങ്ങളിൽ വിഭിന്നമായും നിൽക്കുന്നു.

കോശവിഭജനത്തിന്റെ ജനിതകപ്രാധാന്യം
(Cell Division and their Genetic Significance)

ജീവികളുടെ അടിസ്ഥാനഘടകങ്ങളായ കോശങ്ങൾ അടിസ്ഥാനപരമായി രണ്ടു തരത്തിലുണ്ട്. അവ ശരീരകോശങ്ങളും പ്രത്യുൽപ്പാദനകോശങ്ങളുമാണ്. ജീവശരീരം നിർമിച്ചിരിക്കുന്നത് പ്രത്യേക തരത്തിലുള്ള കലകൾകൊണ്ടാണ്. ഇതിൽ കോടിക്കണക്കിന് ശരീരകോശങ്ങളുണ്ട്. നശിച്ച കോശങ്ങൾക്കു പകരം പുതിയ കോശങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രത്യുൽപ്പാദനകോശങ്ങൾക്ക് സാധാരണകോശങ്ങളുമായി സമാനതയുണ്ടെങ്കിലും അവയ്ക്ക് ജീവശരീരഘടനയിൽ കാര്യമായ പങ്കില്ല. അവ ഉൽപ്പാദിപ്പിക്കുന്നത് പുരുഷനിൽ വൃഷണങ്ങളിലും സ്ത്രീയിൽ അണ്ഡാശയത്തിലുമാണ്. മാതാപിതാക്കളിൽനിന്ന് സന്താനങ്ങളിലേക്കു ജീവനെയും പാരമ്പര്യഘടകങ്ങളെയും കൈമാറുന്നത് ഇവയാണ്. എല്ലാ ജീവികളിലും പാരമ്പര്യഘടകങ്ങളുടെ കേന്ദ്രസ്ഥാനം മർമമാണ്. ഇത് മർമസ്തരംകൊണ്ട് കോശദ്രവ്യത്തിൽ നിന്നു വേർതിരിക്കപ്പെടുന്നു.

ഊനഭംഗത്തിലൂടെയാണ് മനുഷ്യനിൽ പ്രത്യുൽപ്പാദന കോശങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്. തുടർച്ചയായ രണ്ടു കോശവിഭജനത്തിലൂടെ ക്രോമസോമുകളുടെ എണ്ണം പകുതിയാക്കി ക്കൊണ്ടാണ് (23) ഇത് സംഭവിക്കുന്നത്. ലൈംഗികപ്രത്യുൽപ്പാദനത്തിനായി ഊനഭംഗത്തിലൂടെ ജനിതകവസ്തു പകുതിയാക്കപ്പെടുന്നു. ബീജസംയോഗസമയത്തു രണ്ട് പ്രത്യുൽപ്പാദനകോശങ്ങളും കൂടിച്ചേരുന്നു. ഇതിലൂടെ 46 ക്രോമസോമുകളുള്ള പുതിയ ഭ്രൂണം ഉണ്ടാവുന്നു. മെൻഡലിന്റെ പ്രധാന തത്ത്വങ്ങളായ വിവേചനനിയമവും സ്വതന്ത്ര അപവ്യൂഹനനിയമവും ഊനഭംഗത്തിലൂടെയുള്ള ലൈംഗിക പ്രത്യുൽപ്പാദനത്തെ സാധൂകരിക്കുന്നു.

പഠനപുരോഗതി വിലയിരുത്താം

1. -------- ജനിതകശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നു.
2. ഒരു ജീവിയുടെ പാരമ്പര്യഘടകങ്ങൾ കണ്ടെത്തുക.
3. DNA, RNA എന്നിവയുടെ പൂർണരൂപം എഴുതുക.

V. മനുഷ്യവൈവിധ്യം (Human Variation)

മനുഷ്യർ പലതരത്തിലും വ്യത്യസ്തരാണ്. ശാരീരികവും വൈകാരികവും മനശ്ശാസ്ത്രപരവുമായ വ്യത്യസ്തതകൾ മനുഷ്യവ്യതിയാനങ്ങളിൽപ്പെടുന്നു. ശാരീരികഘടകങ്ങളിലെ പ്രത്യേകതകൾ മാത്രമാണ് ഇവയിൽ പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നവ. ഇത്തരത്തിലുള്ള ശാരീരിക പ്രത്യേകതകൾ അടിസ്ഥാനമാക്കി മനുഷ്യരെ വിവിധ വർഗങ്ങളായി തിരിക്കുന്നു.

മനുഷ്യവർഗങ്ങൾ (Human Races)

വർഗം എന്ന പദത്തിന് പല അർഥമാണുള്ളത്. ചൈനീസ്, റഷ്യൻ, അമേരിക്കൻ തുടങ്ങിയ ദേശീയതകൾക്കു പകരമായി ചിലപ്പോൾ ഇത് ഉപയോഗിച്ചുവരുന്നു. മറ്റൊരർഥത്തിൽ ഒരേ ഭാഷ സംസാരിക്കുന്ന ഒരു കൂട്ടം ജനങ്ങളെ അടയാളപ്പെടുത്താനായി ഈ പദം ഉപയോഗിക്കുന്നു. ഉദാഹരണം ആര്യർ, ജർമൻ, ദ്രാവിഡർ. പൊതുവായ വാസസ്ഥലമുള്ള, ചരിത്രമുള്ള, പാരമ്പര്യ ഭാഷയുള്ള മതസമൂഹങ്ങളുടെ ഭാഗമായ ഒരുകൂട്ടം വ്യക്തികളെ സൂചിപ്പിക്കാനും ചില സമയങ്ങളിൽ ഇത് ഉപയോഗിക്കുന്നു. എങ്കിലും ഏറ്റവും ആധികാരികമായി ഇത് അർഥമാക്കുന്നത് ശരീരശാസ്ത്രപരം എന്നാണ്. വർഗം എന്ന ആശയം പ്രധാനമായും നിറം, മുഖത്തിന്റെ ഘടന, ആകാരപ്രത്യേകത എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഒരു തലമുറയിൽനിന്ന് അടുത്തതിലേക്ക് കൈമാറുന്ന പാരമ്പര്യ പ്രത്യേകതകളാണിവ.

ജീവശാസ്ത്രപരമായി പ്രേഷണം ചെയ്യപ്പെടുന്നതും ദൃശ്യപരമായ ശാരീരിക പ്രത്യേകതയുള്ളതുമായ ഒരുകൂട്ടം വ്യക്തികളെ മനുഷ്യവർഗമെന്ന് നിർവചിക്കാം.

മനുഷ്യർക്ക് പൊതുവായ ഉൽപ്പത്തിയുണ്ടെന്നും അവ ഹോമോസാപിയൻസാണെന്നും ഫോസിൽ തെളിവുകൾ വ്യക്തമാക്കുന്നുണ്ട്. പാരമ്പര്യത്തിന്റെയും പരിസ്ഥിതിയുടെയും സ്വാധീനംകൊണ്ട് അവരുടെ ശാരീരികപ്രത്യേകതകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ശാരീരിക പ്രത്യേകതകൾ അടിസ്ഥാനമാക്കി മനുഷ്യനെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ചിരിക്കുന്നു. ആദിമകാലത്തുതന്നെതന്നെ മനുഷ്യവംശങ്ങൾ പരസ്പരം കൂടിക്കലർന്നിരുന്നു. അതുകൊണ്ട് ലോകത്ത് ഇപ്പോൾ കലർപ്പില്ലാത്ത മനുഷ്യവർഗങ്ങൾ കാണപ്പെടുന്നില്ല.

ശാരീരികപ്രത്യേകതകൾ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് മനുഷ്യവർഗങ്ങളെ തരംതിരിച്ചിരിക്കുന്നത്. അല്ലാതെ ബുദ്ധിപരമോ മാനസികമോ ആയി ഉയർന്നതെന്നോ താഴ്ന്നതെന്നോ അതിന് അർഥമില്ല. എല്ലാ മനുഷ്യവർഗങ്ങളിലും മാനസികവികാസവും സംസ്കാരവികാസവും തുല്യമായ രീതിയിൽ കാണപ്പെടുന്നു. ആയതുകൊണ്ട് വർഗങ്ങൾ തമ്മിലുള്ള വ്യത്യസ്തത ബുദ്ധിയെയോ സാംസ്കാരികവ്യത്യസ്തതയെയോ അടിസ്ഥാനമാക്കിയല്ല എന്നു മനസ്സിലാക്കാം.

ശാരീരികപ്രത്യേകതകൾ പരിശോധിച്ച് വംശങ്ങളെ നിർണയിക്കുന്നതു രണ്ടു വിധത്തിലാണ്.

1. **അളക്കാൻ കഴിയാത്ത ശാരീരികഘടകങ്ങൾ:** അളവുപകരണങ്ങളുടെ സഹായത്താൽ അളക്കാൻ പറ്റാത്തതാണിവ. ഇത് നിരീക്ഷിക്കാൻ മാത്രമേ പറ്റൂ. ഉദാ: തൊലിയുടെ നിറം, കണ്ണുകൾ തുടങ്ങിയവ.



ചിത്രം 3.23 വിവിധതരം തലമുടികൾ

2. **അളക്കാൻ കഴിയുന്ന ശാരീരികഘടകങ്ങൾ** :അളവുപകരണങ്ങൾകൊണ്ട് അളക്കാൻ കഴിയുന്നവയാണിത്. ഉദാ: ഉയരം, മൂക്കിന്റെ ഘടന, മുഖം തുടങ്ങിയവ. സാധാരണ ഈ പ്രത്യേകതകൾ നോക്കിയാണ് മനുഷ്യനെ വർഗീകരിക്കുന്നത്, മനുഷ്യവർഗങ്ങളെ തരം തിരിച്ചിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ പരിശോധിക്കാം.

മനുഷ്യവർഗീകരണ മാനദണ്ഡങ്ങൾ
(Criteria for Racial Classification)

ചില ജനിതകഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് മനുഷ്യവംശങ്ങളെ തരംതിരിച്ചിരിക്കുന്നത്. ഇതിനെ വംശീയമാനദണ്ഡം എന്നു പറയാം. തൊലിയുടെ നിറം, തലമുടിയുടെ രൂപം, ഗുണം, നിറം, മുഖത്തിന്റെ ഘടന, മൂക്കിന്റെ ഘടന, കണ്ണിന്റെ നിറം, തലയുടെ രൂപം, ആകാരം, രക്തഗ്രൂപ്പുകൾ എന്നിവയാണ് മനുഷ്യവർഗീകരണത്തിനുള്ള പ്രധാന മാനദണ്ഡങ്ങൾ



ചിത്രം 3.24: വിവിധതരം മൂക്കുകൾ

1. **തൊലിയുടെ നിറം**: വളരെക്കൂടുതൽ വ്യത്യസ്തതയുള്ള തൊലിനിറം മനുഷ്യർക്കുണ്ട്. തൊലിയിൽ അടങ്ങിയിരിക്കുന്ന മെലാനിൻ എന്ന വർണകത്തിന്റെ അളവനുസരിച്ചാണ് തൊലിയുടെ നിറം നിർണയിക്കുന്നത്. ഇത് ഒരു വ്യക്തിയുടെ പാരമ്പര്യഘടകംകൂടിയാണ്. മനുഷ്യരിൽ പ്രധാനമായും മൂന്നു തരം തൊലിനിറം കാണുന്നു - വെളുത്ത തൊലി (Lucoderms), മഞ്ഞത്തൊലി (Xanthoderms) കറുത്തതൊലി (Melanoderms).


2. **തലമുടിയുടെ രൂപം/നിറം/ഗുണം** : മനുഷ്യവംശങ്ങളുടെ തരംതിരിക്കലിന് ഏറ്റവും സൗകര്യപ്രദവും ശ്രദ്ധേയവുമായ പ്രത്യേകതയാണ് തലമുടി. തലമുടിയുടെ രൂപത്തെയും നിറത്തെയും ഗുണത്തെയും അടിസ്ഥാനമാക്കി വംശങ്ങളെ തരംതിരിച്ചിരിക്കുന്നു. തലമുടിയുടെ രൂപം അടിസ്ഥാനമാക്കി നേരെയുള്ളവ, മൃദുവായവ, വിസ്തൃതമായ, തരംഗരൂപത്തിലുള്ളവ, വീതികുറഞ്ഞ തരംഗരൂപത്തിലുള്ളവ, ചുരുണ്ടത്, കമ്പിളിപോലുള്ള തലമുടി എന്നും, നിറത്തെ അടിസ്ഥാനമാക്കി ഇരുണ്ട തവിട്ടുനിറം, കറുപ്പുനിറം, സ്വർണനിറം, ഇളം തവിട്ട്, ചുവപ്പ് എന്നിങ്ങനെയും ഗുണത്തെ അടിസ്ഥാനമാക്കി പരുക്കൻ, മധ്യമത്തിലുള്ള, മൃദുവായ എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു.



ചിത്രം 3.25: വിവിധതലം കണ്ണുകൾ

3. **മുഖം**: മുഖസൂചിക, ഉന്തിനിൽക്കുന്ന മുഖം, താടിയുടെ വികാസത്തിന്റെ അളവ് എന്നിവയിൽ മനുഷ്യർ കാര്യമായ വ്യതിയാനം കാണിക്കുന്നു. മുഖസൂചികയുടെ സൂത്രവാക്യം.

$$\text{മുഖസൂചിക} = \frac{\text{മുഖത്തിന്റെ നീളം}}{\text{മുഖത്തിന്റെ വീതി}} \times 100$$



ചിത്രം 3.26: വിവിധതരം ചുണ്ടുകൾ

മുഖസൂചികയെ അടിസ്ഥാനമാക്കി മുഖത്തെ വിശാലമുഖം (Leptoprosopic), മധ്യമമുഖം (Mesoprosopic), വീതികുറഞ്ഞ മുഖം (Euryprosopic) എന്നും തിരിച്ചിരിക്കുന്നു. മുഖത്തിന്റെ മുന്നോട്ടു തള്ളിനിൽക്കുന്ന അളവാണ് പ്രോഗ്നാത്തിസം. മുഖം മുന്നോട്ടു തള്ളാത്ത അവസ്ഥയെ ഓർത്തോഗ്നാത്തിസം എന്നു പറയുന്നു.

4. **മൂക്ക്:** മൂക്കിന്റെ പാലത്തിന്റെയും സൂചികയുടെയും അടിസ്ഥാനത്തിൽ മൂക്കിനെ വിവിധങ്ങളായി തിരിച്ചിരിക്കുന്നു.

$$\text{മൂക്കിന്റെ സൂചിക} = \frac{\text{മൂക്കിന്റെ വീതി}}{\text{നീളം}} \times 100$$

മൂക്കിന്റെ സൂചികയുടെ അടിസ്ഥാനത്തിൽ വിശാലം, മധ്യമം, ഇടുങ്ങിയത് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. മൂക്കിന്റെ പാലത്തിന്റെ അടിസ്ഥാനത്തിൽ ചെറുത്, മധ്യമം, നീളമുള്ളത് എന്നും വർഗീകരിച്ചിരിക്കുന്നു.

ലെപ്റ്റോറൈൻ (ഇടുങ്ങിയ മൂക്ക്) - 70%

മീസോറൈൻ (മധ്യമ മൂക്ക്) - 70% മുകളിൽ

പ്ലാറ്റിറൈൻ (വിശാല മൂക്ക്) 85% മുകളിൽ

ശരീരവലുപ്പം	പുരുഷൻ	സ്ത്രീ
വളരെ ചെറിയത്	4'11"	4'7"
ചെറിയത്	5'0"-5'3"	4'8"-4'11"
മധ്യമം	5'4"-5'7"	5'0"-5'3"
ഉയരമുള്ളത്	5'8"-5'11"	5'4"-5'6"
വളരെ ഉയരമുള്ളത്	6 '0"മുകളിൽ	5'7" മുകളിൽ

ടേബിൾ 3.2 മനുഷ്യ ശരീരവലുപ്പത്തിന്റെ വർഗീകരണം.

5. **കണ്ണ്:** കൃഷ്ണമണിയുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ നീല, ഇരുണ്ട തവിട്ടുനിറം, ചാരനിറം എന്നിങ്ങനെ കണ്ണുകളെ തരംതിരിച്ചിരിക്കുന്നു. ഇതുകൂടാതെ കൺപോളമടക്കുള്ള മംഗളോയ്ഡ് കണ്ണുകൾ, മംഗളോയ്ഡ് അല്ലാത്ത കണ്ണുകൾ എന്നിങ്ങനെയും തിരിച്ചിരിക്കുന്നു.

6. **ചുണ്ടുകൾ:** ചുണ്ടുകളുടെ വണ്ണം അനുസരിച്ച് നേരിയത്, മധ്യമം, വണ്ണമുള്ളത്, മാംസളമായത് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

7. **ചെവി:** ചെവിയുടെ ഘടനയിലുള്ള വ്യത്യസ്തതയനുസരിച്ച് ചെറുതും വൃത്താകൃതിയുള്ളതും, ചെറിയ കീഴ്ക്കാതുള്ളത്, നീണ്ടതും ഇടുങ്ങിയതും, സ്വതന്ത്രമായ കീഴ്ക്കാതുള്ളത്, രണ്ടിന്റെയും മധ്യേയുള്ളത് എന്നിങ്ങനെ തിരിച്ചിരിക്കുന്നു.


8. **തലയുടെ രൂപം:** തല അളക്കാൻ പറ്റുന്ന പ്രത്യേകതയായതുകൊണ്ട് തലയുടെ സൂചിക അനുസരിച്ച് ഇടുങ്ങിയ തല (Dolicocephalic), മധ്യമ തല (Mesocephalic), വിസ്തൃത തല (Branchicephalic) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. കപാല സൂചിക കണക്കാക്കിയാണ് ഈ വർഗീകരണം നടത്തിയിട്ടുള്ളത്.

$$\text{കപാല സൂചിക} = \frac{\text{തലയുടെ വീതി}}{\text{തലയുടെ നീളം}} \times 100$$

9. **രക്തഗ്രൂപ്പുകൾ:** പരിസ്ഥിതികളാൽ സ്വാധീനിക്കപ്പെടാത്തതും സ്ഥിരമായി നിലനിൽക്കുന്നതുമായ ഒരു പ്രത്യേകതയാണ് രക്തഗ്രൂപ്പുകൾക്കുള്ളത്. രക്തഗ്രൂപ്പുകൾ A, B, AB,O എന്നിങ്ങനെ നാല് വിധത്തിലാണുള്ളത്. മനുഷ്യവർഗങ്ങളിൽ ഈ രക്തഗ്രൂപ്പുകൾ ഉണ്ടെങ്കിലും അവ വ്യത്യസ്ത അനുപാതത്തിലാണ് കാണപ്പെടുന്നത്. ഈ യൂണിറ്റിന്റെ അവസാനത്തിൽ ഇതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

10. **ശരീരവലുപ്പം:** ശരീരവലുപ്പമനുസരിച്ച് മനുഷ്യനെ അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വളരെ ചെറിയത്, ചെറിയവ, മധ്യമം, ഉയരമുള്ളത്, വളരെ ഉയരം കൂടിയത് എന്നിങ്ങനെയാണ് ആധുനികമനുഷ്യരുടെ ഉയരം കണക്കാക്കിയിരിക്കുന്നത്. ശരാശരി 5 അടി 6 ഇഞ്ചാണ്. എന്നിരുന്നാലും പുരുഷന്മാരിൽ 4 '3' മുതൽ 6 '6' വരെയും സ്ത്രീകളിൽ 3 '11' മുതൽ 6 '2' വരെയും കാണപ്പെടുന്നു

നിങ്ങളുടെ ചുറ്റുപാടുമുള്ള 10 പേരുടെ കൃത്യമായി അളക്കാൻ കഴിയുന്നതും അളക്കാൻ കഴിയാത്തതുമായ ശാരീരികഘടകങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.



മേൽക്കൊടുത്തിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരെ വിവിധ വർഗങ്ങളായി തിരിച്ചിരിക്കുന്നു. അവ താഴെ പറയുന്ന വിധത്തിലാണ്.

ലോകത്തിലെ മുഖ്യ മനുഷ്യവർഗങ്ങൾ (Major Races of the World)

മനുഷ്യരുടെ വ്യത്യസ്ത ശാരീരിക പ്രത്യേകതകളുടെ പ്രാധാന്യം കണക്കിലെടുക്കാതെയും നിലവിലുള്ള സങ്കേതങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടും ശാസ്ത്രജ്ഞർ വ്യത്യസ്ത രീതിയിലാണ് മനുഷ്യരെ വർഗീകരിച്ചിരിക്കുന്നത്. നീഗ്രോയ്ഡ്, മംഗളോയ്ഡ്, കോക്കസോയ്ഡ് എന്നീ മൂന്നു രീതിയിലാണ് പൊതുവായി മനുഷ്യരെ വർഗീകരിച്ചിരിക്കുന്നത്. പിന്നീട് അവയെ മുപ്പതോളം ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. **നീഗ്രോയ്ഡ് വർഗം:** ആഫ്രിക്കയിലാണ് നിഗ്രോയ്ഡ് വിഭാഗത്തെ ആദ്യമായി കണ്ടിരുന്നത്. അവർ തവിട്ടുചേർന്ന കറുപ്പുനിറമുള്ളവരും പരന്ന മൂക്കും കുറഞ്ഞ മൂക്കിന്റെ പാലവും മുന്നോട്ടു തള്ളിയ മുഖവുമുള്ളവരാണ്. തവിട്ടു മുതൽ ഇരുണ്ട നിറമുള്ള തലമുടിയും പരുക്കനും കമ്പിളിപോലുള്ള മുടിയും കുറഞ്ഞ ശരീരരോമത്തോടുകൂടിയവരും തവിട്ടുമുതൽ കറുപ്പുനിറമുള്ള കണ്ണുകൾ തുടങ്ങിയ പ്രത്യേകത ഉള്ളവരുമാണ്. നീഗ്രോയ്ഡുകളെ ആഫ്രിക്കൻ നീഗ്രോ എന്നും ഓഷ്യാനിക് നീഗ്രോ എന്നും വിഭജിച്ചിരിക്കുന്നു. പിന്നീട് അവയെ പല ഉപ ഗ്രൂപ്പുകളായും തിരിച്ചിരിക്കുന്നു.



ചിത്രം 3.27: നിഗ്രോയ്ഡ്

2. **മംഗളോയ്ഡ് വർഗം:** മംഗളോയ്ഡ് വംശത്തിൽപ്പെട്ടവർക്ക് മഞ്ഞയും തവിട്ടും നിറത്തിലുള്ള തൊലിയും വിശാലമായ പരന്ന മുഖവും തവിട്ടുനിറത്തിലുള്ള തലമുടിയും പരുക്കനും നേരെയുള്ളതുമായ മുടിയും തവിട്ടുനിറത്തിലുള്ള കണ്ണുകളുമുണ്ട്. മധ്യമ ശരീര വലുപ്പമുള്ള ഇവർക്ക് വിശാലമായ പരന്ന മുഖം, ഉന്തിയ കവിളെല്ലുകൾ എന്നിവ കാണപ്പെടുന്നു. മംഗളോയ്ഡിനെ വീണ്ടും മധ്യമംഗളോയ്ഡ്, വടക്കൻ മംഗളോയ്ഡ്, തെക്കൻ മംഗളോയ്ഡ്, അമേരിക്കൻ മംഗളോയ്ഡ്



ചിത്രം 3.28: മംഗളോയ്ഡ്

എന്നും വിഭജിച്ചിരിക്കുന്നു. ഇവർ പ്രധാനമായും ഏഷ്യയിലും അമേരിക്കയിലുമാണ് കാണപ്പെടുന്നത്.

3. **കോക്കസോയ്ഡ് വർഗം:** യൂറോപ്പ്, പലസ്തീൻ, ഇറാൻ, വടക്കേ ഇന്ത്യ, ബലൂചിസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിൽ കോക്കസോയ്ഡ് വംശങ്ങൾ കാണപ്പെടുന്നു. അവർക്ക് ചുവന്ന വെളുപ്പു നിറം മുതൽ ഒലിവു ബ്രൗൺ തൊലിനിറവും മീഡിയം മുതൽ ഉയരം കൂടിയ ശരീരവലുപ്പവും തരംഗരൂപത്തിലുള്ള നീണ്ട മുടിയും ഇരുണ്ട് തവിട്ടുനിറമുള്ള മുടിയും കാണുന്നു. ഇളം നീലനിറം മുതൽ ഇരുണ്ട് തവിട്ടു നിറമുള്ള കണ്ണുകളും ഉയർന്ന നാസികപ്പാലവുമുള്ളവരാണ് കോക്കസോയ്ഡ് വർഗക്കാർ. കോക്കസോയ്ഡ് വർഗത്തെ മെഡിറ്ററേനിയൻ, ആൽപേയ്ൻ തുടങ്ങിയ വംശ ഗ്രൂപ്പുകളാക്കി തിരിച്ചിരിക്കുന്നു.



ചിത്രം 3.29: കോക്കസോയ്ഡ്

പാഠപുസ്തകം, മറ്റുപുസ്തകങ്ങൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തി ലോകത്തിലെ വിവിധ മനുഷ്യവർഗങ്ങളെക്കുറിച്ചുള്ള അവതരണമോ ആൽബമോ തയാറാക്കുക.




വർഗവും വർഗവാദവും (Race and Racism)

മനുഷ്യരെ വ്യത്യസ്ത വർഗങ്ങളായി തരംതിരിച്ചിട്ടുണ്ടെങ്കിലും ഒരു വിഭാഗവും മറ്റു വിഭാഗങ്ങളിൽ നിന്ന് ഉയർന്നതോ താഴ്ന്നതോ അല്ല. എങ്കിലും ചില തരത്തിലുള്ള വേർതിരിവുകൾ കാണപ്പെടുന്നുണ്ട്. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി അനുഭവിച്ചിട്ടുള്ള വർണപരമായ വിവേചനത്തെക്കുറിച്ചുള്ള ആത്മകഥാംശം ഈ പുസ്തകത്തിന്റെ ആദ്യ യൂണിറ്റിലുള്ളത് നിങ്ങൾ ഓർമിക്കുമല്ലോ. വർഗങ്ങൾക്കിടയിൽ ഒരു വർഗം മറ്റുള്ളവയിൽനിന്ന് ഉയർന്നതാണെന്ന വിശ്വാസവും അതുവഴി താഴ്ന്നവരാക്കപ്പെട്ട വർഗത്തോടുള്ള തരംതിരിവോടെയുള്ള പ്രവർത്തനമോ മനോഭാവമോ ആണ് വർഗവാദം. ചില വർഗങ്ങൾ ഉയർന്നവയാണെന്ന് സ്വയം കരുതുന്നു. 15-ാം നൂറ്റാണ്ടിലാണ് വർഗവാദം എന്ന ആശയം ആദ്യമായി ഉണ്ടായത്. മനുഷ്യസമൂഹത്തെ ഗ്രീക്ക് പണ്ഡിതർ പരിഷ്കൃതർ, അപരിഷ്കൃതർ എന്നു രണ്ടായി വിഭജിച്ചിരുന്നു. പ്രശസ്ത ഗ്രീക്ക് പണ്ഡിതനായ അരിസ്റ്റോട്ടിൽ മനുഷ്യരെ രണ്ട് ഗ്രൂപ്പുകളാക്കിയിരുന്നു. ഒരു ഗ്രൂപ്പ് പ്രകൃതിയിൽ സ്വതന്ത്രരും മറ്റേത് സ്വാതന്ത്ര്യമില്ലാത്തവരുമാണ് (അടിമകൾ). മധ്യകാലഘട്ടത്തിൽ ഉയർന്ന വംശത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ചിലർ മുന്നോട്ടു വച്ചു. ജനങ്ങളുടെ ഉപബോധമനസ്സിൽ ഉയർന്നത്, താഴ്ന്നത് എന്ന ആശയങ്ങൾ കയറിക്കൂടി. ജൈവനരവംശശാസ്ത്ര കാഴ്ചപ്പാടിൽ വർഗവാദം എന്നതിന് ജനിതക അടിസ്ഥാനമില്ലെന്നും അതൊരു സാംസ്കാരിക പ്രതിഭാസമാണെന്നും പറയുന്നു.

എല്ലാ മനുഷ്യരും ഹോമോസാപിയൻസ് സാപിയൻസ് എന്ന ഒരേയൊരു സ്പീഷിസിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് നരവംശശാസ്ത്രജ്ഞരുടെയും ജീവശാസ്ത്രജ്ഞരുടെയും വർഗീകരണം. മറ്റൊരർഥത്തിൽ പറഞ്ഞാൽ, വർഗങ്ങൾ തമ്മിലുള്ള കറുത്തവരും വെളുത്തവരും എന്ന വിവേചനം നല്ലതല്ല. ലോകത്തിലെ എല്ലാ വർഗങ്ങൾക്കും തമ്മിൽത്തമ്മിൽ സങ്കരപ്പെടാൻ കഴിയും കാരണം, വർഗങ്ങൾക്ക് പൊതുവായ ചില സവിശേഷതകളുണ്ട്. എല്ലാ വർഗങ്ങളിലും 99.99% ത്തിലധികം ജനിതകമായ സമാനതകളുണ്ട്. ഇത് അർഥമാക്കുന്നത് വർഗവിഭജനം എന്നത് തികച്ചും ഒരു വ്യക്തിയുടെ മനോനിലയനുസരിച്ചാണ് എന്നാണ്.

മഹാത്മാഗാന്ധി, നെൽസൺ മണ്ടേല, എബ്രഹാം ലിങ്കൺ, മാർട്ടിൻ ലൂതർ കിങ് എന്നിവർ വർഗവാദവുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങൾ ശേഖരിച്ച് വർഗവും വർഗവാദവും എന്ന വിഷയത്തെ അധികരിച്ചു സെമിനാർ/ആർട്ടിക്കിൾ തയാറാക്കുക.



പഠനപുരോഗതി വിലയിരുത്തുക

1. ജോടി കണ്ടെത്തുക

   എ) കോക്കസോയ്ഡ്: ഒലിവ് തൊലി, മംഗളോയ്ഡ്: .....


   ബി) നീഗ്രോയ്ഡ്: തവിട്ടുകലർന്ന കറുപ്പ് കണ്ണ്, കോക്കസോയ്ഡ് :.....

2. വിട്ടുപോയ കളങ്ങൾ പൂരിപ്പിക്കുക.

ലെപ്റ്റോറൈൻ	
	മീഡിയം നാസിക




ചുവന്ന രക്താണുക്കൾ (RBCs)



ശ്വേത രക്താണുക്കൾ (WBCs)

3. താഴെക്കാണിച്ച മാതൃകയിൽ ലോകത്തിലെ പ്രധാന മനുഷ്യവർഗങ്ങളുടെ ശാരീരിക പ്രത്യേകതകൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക.

സവിശേഷതകൾ	കോക്കസോയ്ഡ്	നീഗ്രോയ്ഡ്	മംഗളോയ്ഡ്




പ്ലേറ്റ്‌ലെറ്റുകൾ

ചിത്രം 3.30: രക്തകലകൾ

വർഗഭേദം എന്നത് ഒരു വ്യതിയാനമാണെന്ന് ഇതുവരെ നാം ചർച്ചചെയ്തല്ലോ. വ്യത്യസ്ത ജനവിഭാഗങ്ങളിലുള്ള രക്തഗ്രൂപ്പുകൾക്ക് ഇത്തരം പൊതുവായി കാണപ്പെടുന്ന പ്രത്യേകതകൾ നിങ്ങൾ കണ്ടിട്ടുണ്ടോ? പ്രത്യേക പ്രദേശങ്ങളിൽ ചില രക്തഗ്രൂപ്പുകൾ മാത്രം കണ്ടുവരുന്നു. അങ്ങനെയെങ്കിൽ മനുഷ്യവിഭാഗത്തിൽ രക്തഗ്രൂപ്പ് ഒരു വ്യതിയാനമായി പ്രവർത്തിക്കുന്നില്ലേ? എങ്ങനെയാണ് ഈ പ്രത്യേക തരത്തിലുള്ള വ്യതിയാനങ്ങൾ ജനവിഭാഗങ്ങളിൽ വീതിച്ചുകിട്ടിയിട്ടുള്ളതെന്ന് നമുക്ക് പഠിക്കാം.

രക്തഗ്രൂപ്പുകൾ (Blood Groups)

ശാരീരികനരവംശശാസ്ത്രത്തിലും പ്രത്യേകിച്ച് ജനസംഖ്യാജനിതകത്തിലും രക്തഗ്രൂപ്പുകളെക്കുറിച്ചുള്ള പഠനം പ്രാധാന്യമർഹിക്കുന്നതാണ്. മനുഷ്യ ശരീരത്തിലെ പ്രത്യേക സംയോജകകോശമാണ് രക്തം. അവയ്ക്ക് രണ്ടു ധർമങ്ങളുണ്ട്. ഒന്നാമത്തേത് അവ ശരീരത്തിനാവശ്യമായ പോഷകങ്ങൾ നൽകുകയും ഓക്സിജൻ ശ്വാസകോശത്തിൽ നിന്നും മറ്റു കോശങ്ങളിലേക്കും കലകളിലേക്കും മറ്റു ശരീരഭാഗങ്ങളിലേക്കും വഹിച്ചു കൊണ്ടുപോവുകയും ചെയ്യുന്നു എന്നതാണ്. രണ്ടാമത്തേത് അവ വിസർജ്യ വസ്തുക്കളെ ശരീരത്തിൽനിന്നു പുറന്തള്ളാനും



ചിത്രം 3.31: രക്തത്തിന്റെ ഘടകങ്ങൾ

സഹായിക്കുന്നു. ഉപാപചയ പ്രവർത്തനങ്ങൾ മൂലമാണ് ഇവ ശരീരത്തിൽ കുമിഞ്ഞുകൂടുന്നത്. ഇതുകൂടാതെ രക്തം ശരീരത്തിന് ദോഷകരമാവുന്ന ബാക്ടീരിയകളെയും മറ്റു വസ്തുക്കളെയും നശിപ്പിക്കുന്നു.

രക്തം ദ്രാവകരൂപത്തിലുള്ള ഒരു സംയോജകകോശമാണ്. ഇതിൽ പ്ലാസ്മയും രക്താണുക്കളും അടങ്ങിയിരിക്കുന്നു. രക്താണുക്കളിൽ RBC യും WBC യും പ്ലേറ്റ്ലെറ്റുകളും ഉൾപ്പെടുന്നു. രക്തപ്ലാസ്മയിൽ രക്തം കട്ടപിടിപ്പിക്കുന്ന മാംസ്യമായ ഫൈബ്രിനോജനും സീറവും അടങ്ങിയിരിക്കുന്നു. നമ്മൾ ഒരു ടെസ്റ്റ്ട്യൂബിൽ അൽപ്പം രക്തമെടുത്ത് നിശ്ചിത സമയം കട്ടപിടിക്കാതിരിക്കാനുള്ള വസ്തു ചേർത്തുവച്ചാൽ നമുക്ക് മഞ്ഞനിറമുള്ള ഒരു ദ്രാവകം കാണാം. ഇത് പ്ലാസ്മയാണ്. താഴെ അനേകം കണങ്ങൾ അടിഞ്ഞുകൂടിയിരിക്കുന്നതും കാണാം. ഇവയാണ് രക്താണുക്കൾ. ടെസ്റ്റ്ട്യൂബിൽ ഏറ്റവും അടിയിലായി ചുവന്ന രക്താണുക്കൾ അഥവാ എറിത്രോ സൈറ്റുകൾ അടിയുന്നു. അതിനു മുകളിലായി ശ്വേതരക്താണുക്കൾ അഥവാ ലൂക്കോസൈറ്റുകളും. എന്നാൽ ടെസ്റ്റ്ട്യൂബിന്റെ മുകൾവശത്ത് പരമാവധി ഭാഗത്ത് നേരിയ മഞ്ഞനിറത്തിലുള്ള പ്ലാസ്മ ഒരു പാളിയായി നിൽക്കുന്നു.



ചിത്രം 3.32: കാൾ ലാന്റ് സ്റ്റെയ്നർ

പ്ലാസ്മയിൽ മൂന്ന് അടിസ്ഥാനമാംസ്യങ്ങളായ ആൽബുമിൻ, ഗ്ലോബുലിൻ, ഫൈബ്രിനോജൻ എന്നിവ അടങ്ങിയിട്ടുണ്ട്. ഫൈബ്രിനോജന് മൊത്തം രക്തത്തെ കട്ടപിടിപ്പിക്കാനുള്ള കഴിവുണ്ട്. പ്ലാസ്മയിൽ കാണുന്ന മറ്റു വസ്തുക്കളാണ് അമിനോആസിഡുകൾ, പഞ്ചസാര, ഉപ്പ്, കൊഴുപ്പ് തുടങ്ങിയവ പ്ലാസ്മയിൽനിന്ന് രക്തം കട്ടപിടിക്കുന്ന വസ്തു ഒഴിവാക്കിയാൽ അത് നല്ല തെളിഞ്ഞ ദ്രാവകമായി ലഭ്യമാകുന്നു. ഈ തെളിഞ്ഞ ദ്രാവകത്തെ സിറം എന്നു വിളിക്കുന്നു. ഇതിൽ ഫ്രൈബിൻ കാണപ്പെടുകയില്ല.

മനുഷ്യരക്തത്തിൽ പുറമെനിന്നുള്ള ഏതെങ്കിലും തന്മാത്രകൾ കുത്തിവച്ചാൽ അതിനോട് രക്തം പ്രതിപ്രവർത്തിച്ച് അതിനെ പുറത്തുകളയുകയോ നിർവീര്യമാക്കുകയോ ചെയ്യുന്നു. അത്തരം പദാർഥങ്ങൾ ആന്റിജൻ എന്നറിയപ്പെടുന്നു. ആന്റിജൻ ഒരു സസ്യമാംസമോ ജന്തുമാംസ്യമോ വൈറസ്, ബാക്ടീരിയ എന്നിവയുടെ ജൈവികവിഷമോ ആകാം. പ്രതിപ്രവർത്തനത്തിന്റെ ഭാഗമായി രക്തത്തിൽ പ്രത്യക്ഷപ്പെടുന്ന ആന്റിജൻ മറ്റൊരു മാംസ്യതന്മാത്രയെ ഉൽപ്പാദിപ്പിക്കുന്നു. ഇതിനെ ആന്റിബോഡി എന്നു വിളിക്കുന്നു. പ്ലാസ്മകോശങ്ങളാണ് ഇവ ഉൽപ്പാദിപ്പിക്കുന്നത്. ആന്റിബോഡികളും ആന്റിജനും തമ്മിലുള്ള പരസ്പര പ്രവർത്തനം ആന്റിജനിൽ മാറ്റം വരുത്തുന്നു. അതുകൊണ്ട് അവ നശിപ്പിക്കപ്പെടുകയോ രക്തത്തിൽനിന്ന് പുറന്തള്ളപ്പെടുകയോ ചെയ്യാം.

ABO രക്തഗ്രൂപ്പ് വ്യവസ്ഥ (ABO Blood Group System)

രക്തഗ്രൂപ്പുകളെ അടിസ്ഥാനമാക്കി 1900-1902 കാലഘട്ടത്തിൽ കാൾ ലാൻഡ് സ്റ്റെയ്നർ മനുഷ്യരെ മൂന്നു ഗ്രൂപ്പുകളാക്കി തിരിച്ചു. പിന്നീട് സ്റ്റർലിയും ഡിക്കാസ്റ്റലോയും അവയെ നാലാക്കി വർധിപ്പിച്ചു. ആന്റിജൻ സാന്നിധ്യത്തെ അടിസ്ഥാനമാക്കി A,B,AB, O എന്നിങ്ങനെ ഇംഗ്ലീഷ് അക്ഷരങ്ങൾകൊണ്ട് രക്തഗ്രൂപ്പുകൾ സൂചിപ്പിക്കുന്നു.


മനുഷ്യരുടെ ചുവന്നരക്താണുവിൽ രണ്ട് ആന്റിജനുകളാണുള്ളത്. ആന്റിജൻ Aആയും ആന്റിജൻ Bയും. രക്തത്തിന്റെ സിറത്തിൽ ആന്റിബോഡി Aയും ആന്റിബോഡി Bയും അടങ്ങിയിരിക്കുന്നു. ചുവന്നരക്താണുവിലെ ആന്റിജൻ A സിറത്തിലെ ആന്റിബോഡി Aയുമായി ചേർന്ന് കട്ടപിടിക്കുന്നു. അതുപോലെ ആന്റിജൻ B ആന്റിബോഡി B യുമായി ചേർന്നു കട്ടപിടിക്കുന്നു. ഒരു വ്യക്തിയിൽ ചിലപ്പോൾ ആന്റിജൻ ഒന്നോ, ചിലപ്പോൾ രണ്ടുംകൂടിയോ അല്ലെങ്കിൽ തീരെ ഇല്ലാത്ത അവസ്ഥയോ ഉണ്ടാകാം. ചുവന്നരക്താണുവിലെ ആന്റിജൻ സാന്നിധ്യം അടിസ്ഥാനമാക്കി മുഴുവൻ മനുഷ്യരെയും നാല് വിഭാഗമായി തിരിച്ചിരിക്കുന്നു. RBC യിൽ ആന്റിജൻ Aഉള്ളതിനെ A ഗ്രൂപ്പ് എന്നും ആന്റിജൻ B ഉള്ളതിനെ Bഗ്രൂപ്പെന്നും ആന്റിജൻ Aയും Bയും ഉള്ളതിനെ AB ഗ്രൂപ്പെന്നും ആന്റിജൻ A യും Bയും ഇല്ലാത്തവയെ Oഗ്രൂപ്പ് എന്നും വിളിക്കുന്നു.

Rhഘടകം (ആന്റിജൻ D): 1940 ൽ ലാൻഡ് സ്റ്റെയ്നറും വീനറും കൂടിയാണ് Rh ഘടകം കണ്ടെത്തിയത്. ഇത് ബോധ്യപ്പെടുത്തുന്നതിനുവേണ്ടി അവർ റീസസ് കുരങ്ങിന്റെ രക്തം ഒരു മുയലിൽ കുത്തിവച്ചു. അപ്പോൾ ലഭിച്ച സീറം ചില മനുഷ്യരക്തത്തിൽ കട്ടപിടിക്കുന്നതായി കണ്ടു. രക്തം കട്ടപിടിക്കാൻ കാരണമായ ഈ ഘടകത്തെ Rh ഘടകം എന്നു പറയുന്നു.

Rh ഘടകം ഒരു തരം ആന്റിജനാണ്. ഇത് ആദ്യമായി കണ്ടെത്തിയത് റീസസ്കുരങ്ങിന്റെ രക്തത്തിലാണ്. പിന്നീട് ചില മനുഷ്യവിഭാഗങ്ങളിൽ ഈ ഘടകം കണ്ടെത്തി. രക്തത്തിൽ Rh ഘടകത്തിന്റെ സാന്നിധ്യം ഉണ്ടെങ്കിൽ അതിനെ Rh^{+ve} എന്നും ഇല്ലെങ്കിൽ Rh^{-ve} എന്നും പറയുന്നു. Rh ഘടകം പാരമ്പര്യപ്രേഷണം ചെയ്യുന്നതുകൊണ്ട് Rh-ve ആയ അമ്മയ്ക്ക് Rh+ve ആയ അച്ഛനിൽ ജനിക്കുന്ന കുട്ടി ചിലപ്പോൾ Rh^{+ve} ആയിരിക്കും.


രക്തഗ്രൂപ്പ് നിർണയം (Blood Group Identification)

അറിയപ്പെടുന്ന രക്തസിറത്തിൽ ഒരു തുള്ളിരക്തം ചേർക്കുക വഴി ഒരു വ്യക്തിയുടെ രക്തഗ്രൂപ്പ് നിർണയിക്കാം. ഇത് അഗ്ലൂട്ടിനേഷൻ ടെസ്റ്റ് എന്നാണ് അറിയപ്പെടുന്നത്. ചുവന്നരക്താണു കട്ടപിടിക്കുന്നതിനെയാണ് അഗ്ലൂട്ടിനേഷൻ എന്നു പറയുന്നത്. ആന്റി A യും ആന്റി B യും എന്നു രണ്ടു തരത്തിലുള്ള രക്ത സിറമാണുള്ളത്. ആന്റി A എന്ന സിറംകൊണ്ട് ചുവന്നരക്താണു കട്ട



AB ഗ്രൂപ്പിൽ ആന്റിബോഡി ഇല്ലാത്തതുകൊണ്ട് അവർക്ക് ഏതു രക്തഗ്രൂപ്പും സ്വീകരിക്കാൻ കഴിയും.ആയതുകൊണ്ട് AB രക്തഗ്രൂപ്പ് ഉള്ളവരെ സാർവിക സ്വീകർത്താവ് എന്നു വിളിക്കുന്നു. O രക്തഗ്രൂപ്പ് ഉള്ളവർക്ക് RBC യിൽ ആന്റിജൻ A യും B യും ഇല്ല. എന്നാൽ ബ്ലഡ് സിറത്തിൽ ആന്റിബോഡി a യും b യും ഉണ്ട്. അവർക്ക് ഏത് രക്തഗ്രൂപ്പുള്ളവർക്കും രക്തം നൽകാൻ കഴിയും. ആകയാൽ O രക്തഗ്രൂപ്പ് സാർവിക ദാതാവ് എന്നറിയപ്പെടുന്നു. ഇത് ചിത്രം 3.33-ൽ കാണിച്ചിട്ടുണ്ട്.

പിടിക്കുന്നുവെങ്കിൽ അതിനെ A രക്തഗ്രൂപ്പ് എന്നും ആന്റി സിറം B കൊണ്ട് മാത്രം കട്ടപിടിക്കുന്നുവെങ്കിൽ B രക്തഗ്രൂപ്പ് എന്നും ആന്റി A കൊണ്ടും ആന്റി Bകൊണ്ടും കട്ടപിടിക്കുന്നുവെങ്കിൽ അതിനെ AB രക്തഗ്രൂപ്പ് എന്നും പറയുന്നു. രണ്ട് സിറത്തിലും കട്ടപിടിക്കൽ നടക്കുന്നില്ലെങ്കിൽ അതിനെ O ഗ്രൂപ്പ് എന്നും പറയുന്നു. ഇത് കൂടാതെ Rh രക്ത സിറം Rhഘടകത്തിന്റെ സാന്നിധ്യം തിരിച്ചറിയാൻ ഉപയോഗിക്കുന്നു. ആന്റി Rh സിറം(ആന്റിD) കൊണ്ട് കട്ടപിടിക്കൽ നടക്കുന്നുവെങ്കിൽ അതിനെ Rh^{+ve} എന്നും കട്ടപിടിക്കൽ നടക്കുന്നില്ലെങ്കിൽ Rh^{-ve} രക്തഗ്രൂപ്പ് എന്നും വിളിക്കാം.



ചിത്രം 3.33 രക്തനിവേശനം സൂചിപ്പിക്കുന്ന ചിത്രരൂപം

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയോ സഹായത്താൽ നിങ്ങളുടെ സ്കൂളിൽ രക്തനിർണയക്യാമ്പ് സംഘടിപ്പിക്കുക.



രക്തനിവേശനം (Blood Transfusion)

ശരീരത്തിൽ രക്തത്തിന്റെ നിശ്ചിത അളവ് നിലനിർത്തുന്നതിന് രക്തം ശരീരത്തിലേക്കു കുത്തിവയ്ക്കുന്നതിനെയാണ് രക്തനിവേശനം എന്നു പറയുന്നത്. രക്തനിവേശനം നടത്തുന്നതിനു മുമ്പ് ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പ് അറിഞ്ഞിരിക്കുന്നത് സുരക്ഷിതമാണ്. ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പ് ഒരുപോലെയുള്ളതാണെങ്കിൽ രക്തം കട്ടപിടിക്കുന്നില്ല.

പഠനപുരോഗതി വിലയിരുത്തുക

1. ചിത്രം 3.33 പരിശോധിച്ച് താഴെക്കൊടുത്തിട്ടുള്ള പട്ടിക പൂർത്തീകരിക്കുക.

രക്ത ഗ്രൂപ്പുകൾ	RBC യിലെ ആന്റിജൻ	രക്തസിറത്തിലെ ആന്റിബോഡി	രക്തം നൽകാൻ കഴിയുന്ന ഗ്രൂപ്പ്	രക്തം സ്വീകരിക്കാൻ കഴിയുന്ന ഗ്രൂപ്പ്
A	B	ആന്റി b	------	O,A
B	B		B, AB	
AB		ഇല്ല		O, A, B, AB
O				O

2. പട്ടികയിൽ തന്നിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി രക്തഗ്രൂപ്പുകൾ കണ്ടെത്തുക.

Phenotypes	Genotypes
A	AA, AO
B	BB,BO
AB	AB
O	OO

പട്ടിക 3.3: പ്രകടരൂപവും ജനിതകരൂപവും

അറിയപ്പെടാത്ത രക്തസാമ്പിളുകൾ	ആന്റിജൻ	ആന്റി ബോഡി രക്തസാമ്പിൾ	തിരിച്ചറിഞ്ഞ ഗ്രൂപ്പ്
1	A	ആന്റി b	?
2	B	ആന്റി a	?
3	AB	ഇല്ല	?
4	ഇല്ല	ആന്റി a, ആന്റി b	?

രക്തഗ്രൂപ്പുകളുടെ പാരമ്പര്യ പ്രേഷണരീതി (Inheritance Pattern of Blood Groups)

രക്തഗ്രൂപ്പുകളുടെ പ്രേഷണരീതി ഇപ്പോൾ പൂർണമായി അറിയാൻ സാധിക്കും. വ്യക്തികളിൽ രക്തഗ്രൂപ്പ് വ്യതിയാനങ്ങൾക്കു കാരണമായ മൂന്നു ജീനുകളായA, B, O എന്നിവ ക്രോമസോമുകളിൽ കാണപ്പെടുന്നു. ഇതിൽ A, B എന്നിവ തുല്യമായ പ്രകടഗുണം കാണിക്കുന്നു. എന്നാൽ O ഗുപ്തഗുണമാകുന്നു. അതുകൊണ്ട് രക്തഗ്രൂപ്പുകളിൽ നാല് പ്രകടരൂപം (Phenotype) മാത്രമേ കാണിക്കുകയുള്ളൂ. A, B, AB, O എന്നതിന് ആനുപാതികമായി നാല് ജനിതകരൂപ (Genotype) ങ്ങളാണുള്ളത്. രക്തഗ്രൂപ്പ് A യുടെ ജനിതകരൂപം AA, AO, രക്തഗ്രൂപ്പ് B യുടെ BB, BO യും രക്തഗ്രൂപ്പ് AB യുടെ ജനിതകരൂപം AB യും രക്ത ഗ്രൂപ്പ് O യുടേത് ജനിതകരൂപം OO യുമാണ്. ഇത് പട്ടിക 3.3 ൽ കൊടുത്തിരിക്കുന്നു.

മാതാപിതാക്കളിൽനിന്ന് സന്താനങ്ങളിലേക്ക് രക്തഗ്രൂപ്പുകൾ എങ്ങനെയാണ് പ്രേഷണം ചെയ്യുന്നത് എന്നു കണ്ടെത്താൻ നിങ്ങൾക്ക് ഇപ്പോൾ കഴിയുമല്ലോ. താഴെക്കൊടുത്ത ചില ഉദാഹരണങ്ങളിൽനിന്ന് രക്തഗ്രൂപ്പുകളുടെ പ്രേഷണരീതിയുടെ സാധ്യതകൾ കണ്ടെത്താൻ കഴിയും. ഉദാഹരണം പരിശോധിക്കാം.



ചോദ്യം : മാതാപിതാക്കളുടെ രക്തഗ്രൂപ്പുകൾ A യും O യുമായാൽ അവരുടെ സന്താനങ്ങളുടെ രക്തഗ്രൂപ്പുകൾ എന്തായിരിക്കും?

രക്തഗ്രൂപ്പ് A x രക്തഗ്രൂപ്പ് O (പ്രകടരൂപം)

Genotypes & Phenotypes

AA, AO x OO (ജനിതകരൂപം)

സാധ്യത 1	*സാധ്യത 2*
AA x OO	AO x OO
AO AO AO AO	AO AO OO OO
A A A A	A A O O
അനുപാതം. A= 100%	അനുപാതം. A =50%, O = 50%

താഴെയുള്ള പ്രശ്നങ്ങളിലെ ഓരോ മാതാപിതാക്കളുടെയും സന്താനങ്ങളുടെ രക്തഗ്രൂപ്പുകളുടെ സാധ്യതകൾ കണ്ടെത്തുക.

പ്രശ്നം 1, മാതാപിതാക്കൾ A x B

പ്രശ്നം 2, മാതാപിതാക്കൾ B x O

മാതാപിതാക്കളിൽ നിന്നു സന്താനങ്ങളിലേക്കു രക്തഗ്രൂപ്പുകൾ പ്രേഷണം ചെയ്യുന്ന രീതികൾ ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ. ചില രക്തഗ്രൂപ്പുള്ള വ്യക്തികൾ തമ്മിൽ വിവാഹം ചെയ്യുന്നത് രോഗങ്ങൾക്ക് കാരണമാകും എന്ന് നിങ്ങൾക്കറിയാമല്ലോ. രക്തഗ്രൂപ്പുകളുടെ പൊരുത്തക്കേടാണ് ഇതിനു കാരണം.

ABO പൊരുത്തക്കേട് (ABO Incompatibility)

ABO രക്തഗ്രൂപ്പുകളുടെ പ്രകടരൂപവും രോഗങ്ങളും തമ്മിലുള്ള ബന്ധം അന്വേഷിച്ചുകണ്ടെത്താനുള്ള താൽപ്പര്യം മിക്ക ഗവേഷകർക്കുമുണ്ടായിരുന്നു. അവ തമ്മിലുള്ള നേരിട്ടുള്ള ബന്ധം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും പൊരുത്തക്കേടുകളുടെ ഒരു പട്ടിക മുന്നോട്ടുവയ്ക്കുന്നു. മാതാപിതാക്കളുടെ രക്തഗ്രൂപ്പുകളുടെ പ്രകടരൂപം അടിസ്ഥാനമാക്കിയാണ് പൊരുത്തവും പൊരുത്തക്കേടും തീരുമാനിക്കുന്നത്. അനുയോജ്യമായ വിവാഹബന്ധത്തെ പൊരുത്തമെന്നും അനുയോജ്യമല്ലാത്ത വിവാഹബന്ധത്തെ പൊരുത്തക്കേടുള്ളവ എന്നും പറയുന്നു. പൊരുത്തക്കേടുള്ളവ ചില രോഗങ്ങൾക്കു കാരണമാകും. പട്ടിക 3.4-ൽ വിവിധചേർച്ചകളുടെ സാധ്യതകൾ കൊടുത്തിയിരിക്കുന്നു.

ആൺ	അനുയോജ്യമായ വിവാഹബന്ധം	അനുയോജ്യമല്ലാത്ത വിവാഹബന്ധം
	പെൺ	പെൺ
O	O, A, B, AB	Nil
A	A, AB	O, B
B	B, AB	O, A
AB	AB	O, A, B

പട്ടിക 3.4 പൊരുത്തവും പൊരുത്തക്കേടും

Rh പൊരുത്തക്കേട് (Rh Incompatability)

Rh^{+ve} ആയ ഒരു പുരുഷൻ Rh^{-ve} ആയ സ്ത്രീയെ വിവാഹം ചെയ്യാനിടയായാൽ Rh^{+ve} ഭ്രൂണത്തെ ഗർഭം ധരിക്കാൻ സാധ്യതയുണ്ട്. അപ്പോൾ ഭ്രൂണത്തിൽ നിന്നു Rh+veആന്റിജന് പ്ലാസന്റവഴി അമ്മയുടെ രക്തത്തിൽ എത്തിച്ചേരുന്നു. ഇത് അമ്മയുടെ രക്തത്തിൽ ആന്റിബോഡി ഉൽപ്പാദിപ്പിക്കാൻ കാരണമാകും. അമ്മയുടെ രക്തത്തിൽനിന്ന് കുട്ടിയിലേയ്ക്ക് രക്തചംക്രമണം സാവധാനത്തിലായതുകൊണ്ട് ആന്റിബോഡികൾ ഉൽപ്പാദിപ്പിക്കാൻ സമയമെടുക്കും അതിനാൽ ഭ്രൂണത്തിന് ആപത്തൊന്നും സംഭവിക്കുന്നില്ല. പക്ഷേ രണ്ടാമത്തെ ഭ്രൂണം ഉണ്ടാവുമ്പോൾ Rh^{+ve} നെതിരെ ആന്റിബോഡികൾ ഭ്രൂണത്തിന്റെ രക്തത്തിലേക്കു പ്രവേശിക്കുന്നു. ഈ ആന്റിബോഡികൾ പ്ലാസന്റയിലൂടെ കടന്ന് ഭ്രൂണത്തിലെ ചുവന്നരക്താണുക്കളെ നശിപ്പിച്ച് രക്തസംബന്ധിയായ രോഗമായ എറിത്രോബ്ലാസ്റ്റോസിസ് ഫീറ്റാലീസിന് കാരണമാകുന്നു.

മനുഷ്യരിൽ സാധാരണ കണ്ടുവരുന്ന രക്തഗ്രൂപ്പിന് പുറമെ മറ്റു ഗ്രൂപ്പുകളും പ്രചാരത്തിലുണ്ട്. അതിൽ ചിലത് താഴെക്കൊടുക്കുന്നു.

MNS വ്യവസ്ഥ: (MNS System): ABO രക്തഗ്രൂപ്പ് കണ്ടെത്തിയതിന് 30 വർഷത്തിനുശേഷം 1927-ൽ ലാൻഡ് സ്റ്റെയ്നറും ലെവിനും കണ്ടെത്തിയ രക്തഗ്രൂപ്പാണ് MNS വ്യവസ്ഥ. ഇതിൽ M എന്നും N എന്നും പേരുള്ള രണ്ട് ആന്റിജനുകളാണുള്ളത്. ഈ ആന്റിജനുകൾക്ക് ആന്റിബോടികളില്ല. M ആന്റിജനുള്ള രക്തഗ്രൂപ്പിനെ Mഗ്രൂപ്പെന്നും Nആന്റിജനുള്ള രക്തഗ്രൂപ്പിനെ N ഗ്രൂപ്പെന്നും M, N ആന്റിജനുള്ള രക്തഗ്രൂപ്പിനെ MN ഗ്രൂപ്പെന്നു വിളിക്കുന്നു. രണ്ട് ആന്റിജനും പ്രകടമാണ്. ഇവ A, B, AB, O രക്തഗ്രൂപ്പുകളിൽ അവയ്ക്കൊന്നിച്ചു തന്നെ കാണാം.

1947 ൽ സാംഗർ, റേസ് എന്നിവർ S എന്ന മറ്റൊരു ആന്റിജൻ കണ്ടെത്തി. M,N അല്ലെങ്കിൽ MNരക്തഗ്രൂപ്പുള്ള വ്യക്തികളിലാണ് Sആന്റിജൻ കാണപ്പെടുന്നത്. S ആന്റിജൻ ആന്റിബോഡിയും ഉൾക്കൊള്ളുന്നു. M,N,S എന്ന ആന്റിജനുകൾക്ക് വളരെ ചേർച്ചയുള്ളതുകൊണ്ട് ഇത് MNS വ്യവസ്ഥ എന്നറിയപ്പെടുന്നു.

ബോംബെ രക്തഗ്രൂപ്പ്: (Bombay Blood Group) ഡോ. വൈ.എം. ബെൻഡെ 1952ൽ ബോംബെയിൽ വച്ചാണ് ഈ അപൂർവരക്തഗ്രൂപ്പ് ആദ്യമായി കണ്ടെത്തുന്നത്. ഈ രക്തഗ്രൂപ്പുള്ള വ്യക്തികൾക്കിടയിൽ H ആന്റിജൻ കാണപ്പെടുന്നില്ല. ഇതിനാൽ അവർക്ക് ആന്റിജൻ A യും ആന്റിജൻ B യും RBC യിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. കാരണം H ആന്റിജനിൽ നിന്നാണ് ആന്റിജൻ A യും B യും ഉൽപ്പാദിപ്പിക്കുന്നത്. ഈ കാരണത്താൽ ബോംബെ പ്രകടരൂപമുള്ള വ്യക്തികൾക്ക് ABO രക്തഗ്രൂപ്പിൽപ്പെട്ട ഏതൊരാൾക്കും രക്തം നൽകാൻ കഴിയും. പക്ഷേ ABO രക്തഗ്രൂപ്പുകാരിൽനിന്ന് രക്തം സ്വീകരിക്കാൻ സാധ്യമല്ല. ബോംബെ പ്രകടരൂപമുള്ള ആൾക്കാരിൽ നിന്നുമാത്രമേ അവർക്ക് രക്തം സ്വീകരിക്കാൻ കഴിയൂ.

സ്കൂളിലെ വെർച്വൽ ലാബിന്റെ സഹായത്തോടുകൂടി ആനിമേഷൻ മൂവിയിൽ നൽകിയിട്ടുള്ള പ്രകാരം രക്തഗ്രൂപ്പ് നിർണയിച്ച് രക്തദാനത്തിന്റെ സാധ്യതകൾ കണ്ടെത്തുക.



പഠനപുരോഗതി വിലയിരുത്താം

1. AB രക്തഗ്രൂപ്പുള്ള നിങ്ങളുടെ സുഹൃത്തിന് രക്തനിവേശനം ആവശ്യമായി എന്നു വിചാരിക്കുക. അയാൾക്ക് സ്വീകരിക്കാൻ പറ്റുന്ന രക്തഗ്രൂപ്പുകൾ കണ്ടെത്തുക. നിങ്ങളുടെ ഉത്തരം സമർഥിക്കുക.
2. മാതാപിതാക്കളുടെ രക്ത ഗ്രൂപ്പുകൾ O ആണ്. ചിത്രത്തിന്റെ സഹായത്തോടെ സന്തതികളുടെ രക്തഗ്രൂപ്പിന്റെ സാധ്യതകൾ കണ്ടെത്തുക.
3. A, B, AB എന്ന രക്തഗ്രൂപ്പുകളുടെ ആന്റിജനുകളും ആന്റിബോഡികളും കാണിക്കുന്ന പട്ടിക തയാറാക്കുക.

മനുഷ്യന്റെ ദൈനംദിനജീവിതത്തിൽ ജൈവ നരവംശശാസ്ത്ര അറിവുകൾ വളരെയേറെ പ്രയോജനകരമാണ്. ഇതിന്റെ പ്രയോഗതലം താഴെ ചർച്ചചെയ്യുന്നു.



ചിത്രം 3:34 ജൈവനരവംശസാസ്ത്രത്തിന്റെ പ്രയോഗം

ജൈവനരവംശശാസ്ത്രത്തിന്റെ പ്രയോഗ സാധ്യതകൾ
(Application of Biological Anthropology)

വൈദ്യശാസ്ത്രത്തിന്റെ മേഖലകളിലാണ് ജൈവനരവംശശാസ്ത്രജ്ഞർ ഗണ്യമായ അറിവുകൾ പ്രയോജനപ്പെടുത്തുന്നത്. ശരീരഘടനയും രോഗവും തമ്മിലുള്ള ബന്ധം, ചില രോഗങ്ങൾ ജനിതകമാണോ അതോ സാമൂഹികമോ സാംസ്ക്കാരികമോ ആണോ എന്നീ ചോദ്യങ്ങൾക്ക് പരിഹാരം നൽകാൻ ജൈവനരവംശശാസ്ത്രജ്ഞർ സഹായിക്കുന്നു. വിവിധ രാജ്യങ്ങളിൽ കണ്ടു വരുന്ന രോഗങ്ങളെ ഉദ്ധരിച്ച് ശേഖരിച്ച വിവരങ്ങൾ ഏതു സാമൂഹികചുറ്റുപാടുകളാണ് രോഗ കാരണമെന്നും രോഗങ്ങളെ സുഖപ്പെടുത്തുന്നതെന്നും ചൂണ്ടിക്കാണിക്കുന്നു. ബയോടെക്നോളജിയിലൂടെ അടുത്തകാലത്തെ ശ്രദ്ധേയമായ നേട്ടമാണ് DNA ഫിംഗർ പ്രിന്റിങ്. ഒരു വ്യക്തിയുടെ DNA മുടിയിലുള്ളതുമായോ രക്തത്തിലുള്ളതുമായോ ശുക്ലത്തിലെ DNA യുമായോ താരതമ്യം ചെയ്യാം. ഈ മേഖലയിൽ പ്രധാന സംഭാവന നൽകിയവരാണ് ഫോറൻസിക് ആന്ത്രോപോളജിസ്റ്റുകൾ. ഇതുപോലെ പ്രതിരോധവിഭാഗത്തിലും വ്യവസായത്തിലും ജൈവനരവംശശാസ്ത്ര അറിവുകൾ ഉപയോഗിക്കുന്നു.

സംഗ്രഹിക്കാം

- നരവംശശാസ്ത്രത്തിന്റെ പ്രധാന മേഖലകളിലൊന്നാണ് ജൈവനരവംശസാസ്ത്രം. മനുഷ്യരുടെ ആവിർഭാവവും പരിണാമവുമാണ് ഇത് പഠിക്കുന്നത്. വർത്തമാനകാല ജനങ്ങൾ എങ്ങനെ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും ഇതു പഠിക്കുന്നു. ജൈവനരവംശശാസ്ത്രത്തിന്റെ പ്രതിപാദ്യവിഷയങ്ങളിൽ മനുഷ്യരുടെ ഉദ്ഭവം, വളർച്ച, പരിണാമം, മനുഷ്യവർഗങ്ങൾ, രക്തഗ്രൂപ്പുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ജൈവനരവംശശാസ്ത്രത്തിന്റെ പ്രധാന ഉപശാഖകളായ പുരാനരവംശവിജ്ഞാനം, പാലിയോപത്തോളജി, ബയോ ആർക്കിയോളജി, ഓസ്റ്റിയോളജി, മനുഷ്യജീവശാസ്ത്രം, പ്രൈമറ്റോളജി, മനുഷ്യ ജനിതകശാസ്ത്രം, ഫോറൻസിക് നരവംശശാസ്ത്രം, സിറോളജി, ഡെർമാറ്റോഗ്ലിഫിക്സ്, ആന്ത്രോപോമെട്രി, നാഡീനരവംശശാസ്ത്രം, ബയോ-മെഡിക്കൽ നരവംശശാസ്ത്രം എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- ജീവപരിണാമസിദ്ധാന്തം ആദ്യമായി നിർദേശിച്ചത്ഫ്രഞ്ച് ജീവശാസ്ത്രകാരനായ ലാമാർക്കാണ്. പിന്നീട് പല സിദ്ധാന്തങ്ങളും ഉണ്ടായെങ്കിലും ഏറ്റവും കൂടുതൽ സ്വീകാര്യമായത് ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തമാണ്.
- ജീവജാതികളുടെ ഉദ്ഭവം പ്രകൃതിനിർധാരണ പ്രക്രിയയിലൂടെയാണെന്ന് ചാൾസ് ഡാർവിൻ നിർദേശിച്ചു. ഒരു ജീവിവർഗത്തിനുള്ളിലെ വ്യതിയാനത്തെ ആശ്രയിച്ചാണ് പ്രകൃതിനിർധാരണം നടക്കുന്നത്. ജനിതകപുനർയോജനം, ഉൽപ്പരിവർത്തനം, ജനിതകവ്യതിയാനം, പ്രത്യുൽപ്പാദനപരമായ ഒറ്റപ്പെടൽ എന്നിവയാണ് ജൈവപരമായ വ്യതിയാനങ്ങളുടെ സ്രോതസ്സുകൾ.
- DNA, RNA എന്നിവയുടെ ഘടന, ധർമങ്ങൾ എന്നിവ മനസ്സിലാക്കാനും ഒരു തലമുറയിൽനിന്ന് അടുത്തതിലേക്കു ഘടകങ്ങൾ കൈമാറുന്ന ജൈവികപ്രതിഭാസങ്ങൾ അറിയാനും മെൻഡലിന്റെ പിൽക്കാലഗവേഷണങ്ങളും സഹായകമായി.
- മനുഷ്യരുടെ നേർപൂർവികരായി ജീവിച്ചിരിക്കുന്ന പ്രൈമേറ്റുകളില്ലെങ്കിലും നിലവിലുള്ള പ്രൈമേറ്റുകളുടെ പരിണാമചരിത്രം നമ്മളുടേതുമാണ്. നമ്മളുമായി അടുത്ത ബന്ധമുള്ള

വർഗങ്ങളുടെ പെരുമാറ്റരീതികളും ആന്തരികപ്രത്യേകതകളും പഠനം നടത്തുമ്പോൾ പ്രൈമേറ്റുകളുടെ പരിണാമത്തെക്കുറിച്ച് നിഗമനത്തിലെത്തിച്ചേരാൻ സഹായിക്കുന്നു. മനുഷ്യരെ വ്യത്യസ്തനാക്കുന്ന ഘടകങ്ങൾ പഠിക്കുന്നതുവഴി എന്തുകൊണ്ടാണ് പ്രൈമേറ്റുകളുടെ ശ്രേണി മനുഷ്യരിൽ എത്തിച്ചേരുന്നതിനുമുമ്പ് ചിമ്പാൻസി, ഗോറില്ല എന്നിവയുമായി വേറിട്ടുപോയി എന്നും നമുക്ക് മനസ്സിലാക്കിത്തരുന്നു.

- പ്രൈമേറ്റിന് മാത്രമായി ഒരു പ്രത്യേക സ്വഭാവമില്ല.എങ്കിലും അവയിൽ പല പ്രത്യേകതകളും പങ്കുവയ്ക്കപ്പെടുന്നുണ്ട്. ശരീരത്തിന് ആനുപാതികമായ മസ്തിഷ്കവലുപ്പം,

  മുറുകെപിടിക്കാൻ കഴിയുന്ന കൈകൾ, സ്വതന്ത്രമായ മുൻകൈകൾ, മറ്റു വിരലുകളുമായി സമ്മുഖമാക്കാൻ കഴിയുന്ന തള്ളവിരൽ, വികാസം പ്രാപിച്ച വിരലുകളും നഖങ്ങളും, ദ്വിനേത്രദർശനം, നീണ്ട ശൈശവഘട്ടം, സാമൂഹികജീവിതം എന്നിവ ഇതിൽ ചിലതാണ്.

- പ്രൈമേറ്റ് ഗണത്തിൽ, മനുഷ്യർ ഉൾപ്പെടുന്നത് ഉപഗണം ആന്ത്രോപോയിഡ്യയും ഉപരികുടുംബ ഹൊമിനോയ്ഡിയയും ജീനസ് ഹോമോയും സ്പീഷിസ് സാപിയൻസിലുമാണ്.

- ഫോസിലുകളും ആന്തരികശാസ്ത്രത്തിന്റെ താരതമ്യവും പെരുമാറ്റവും പുരാതനകാലത്തെക്കുറിച്ചുള്ള അറിവും പ്രൈമേറ്റുകൾ എവിടെനിന്ന്, എപ്പോൾ ആവിർഭവിച്ചു എന്നും എങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി പരിണമിച്ചുവെന്നും മനസ്സിലാക്കിത്തരുന്നു.

- 20 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഡ്രയോപിത്തേസിനുകളെ മനുഷ്യരുടെ ആൾക്കുരങ്ങുകളുടെ പൊതുപൂർവികരായി കരുതുന്നു. 4 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ആഫ്രിക്കയിൽ കണ്ടുവന്നിരുന്ന ആദ്യത്തെ മനുഷ്യപൂർവികരാണ് ആസ്ട്രലോപിത്തക്കസുകൾ. മനുഷ്യപരിണാമശ്രേണിയിൽ ആസ്ട്രലോപിത്തക്കസിന് പിന്തുടർച്ചക്കാരായി ഹോമോ ഇറക്റ്റസ്, നിയാണ്ടർതാൽ, ക്രൊമാഗ്നൻ എന്നിവയും നിലകൊള്ളുന്നു. യൂറോപ്പിലും ഏഷ്യയിലും 1.8 ദശലക്ഷം മുതൽ1.6 ദശലക്ഷം വർഷങ്ങൾക്കു മുമ്പു വരെ ജീവിച്ചിരുന്ന ആദ്യമനുഷ്യപൂർവികരാണ് ഹോമോ ഇറക്റ്റസ്. ഇവർ തീ ഉപയോഗിച്ചിരുന്നു.

- 1 ലക്ഷം മുതൽ 35,000 വർഷങ്ങൾക്കു മുമ്പ് യൂറോപ്പിലും വടക്കൻ ആഫ്രിക്കയിലും ഏഷ്യയുടെ ചില ഭാഗങ്ങളിലും ജീവിച്ചിരുന്ന ആദ്യ ഹോമോസാപിയൻസാണ് നിയാണ്ടർതാൽ എന്നു പരാമർശിക്കപ്പെടുന്നത്.

- 1868-ൽ ലൂയിസ് ലാർടെറ്റാണ് ഫ്രാൻസിലെ ക്രോമാഗ്നൻ കുന്നുകളിൽനിന്ന് ക്രോമാഗ്നൻ ഫോസിലുകൾ കണ്ടെടുത്തത്. അവർ ശിലായുധങ്ങളും എല്ലുകൾകൊണ്ടുള്ള ആയുധവും ഉപയോഗിച്ചിരുന്നു. മനോഹരമായ ഗുഹാചിത്രങ്ങൾ വരച്ചവരാണു ക്രോമാഗ്നനുകൾ.

- മനുഷ്യപാരമ്പര്യത്തെയും വ്യതിയാനങ്ങളെക്കുറിച്ചുമുള്ള പഠനമാണ് മനുഷ്യജനിതകശാസ്ത്രം. പാരമ്പര്യത്തിന്റെയും വ്യതിയാനത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ ഉന്നയിച്ചത് ഗ്രിഗർ മെൻഡലാണ്. പാരമ്പര്യമായി പ്രേഷണംചെയ്യുന്ന പ്രത്യേകതകൾക്ക് ഉത്തരവാദികൾ ചില ഘടകങ്ങളാണ് (Factors). അവയെ പിന്നീട് ജീനുകൾ എന്നു വിളിച്ചു.

- ക്രോമസോമുകളിലാണ് ജീനുകൾ സ്ഥിതിചെയ്യുന്നത്. അത് ആൺ-പെൺ ബീജകോശങ്ങളിലും കാണാം. ഇത് നിർവചിച്ചിരിക്കുന്നത് രാസവസ്തുക്കളായ DNA, RNAഎന്നിവകൊണ്ടാണ്.

- ശാരീരിക പ്രത്യേകതകൾ അടിസ്ഥാനമാക്കി മനുഷ്യരെ പലവിധ വർഗങ്ങളായി തിരിച്ചിരിക്കുന്നു. 3 പ്രധാന വർഗങ്ങളായിട്ടാണ് മനുഷ്യരെ വർഗീകരിച്ചിട്ടുള്ളത്. അത് നീഗ്രോയ്ഡ്, മംഗളോയ്ഡ്, കൊകസോയ്ഡ് എന്നിവയാണ്.
- ചില മനുഷ്യവർഗങ്ങൾ ഉയർന്നതാണ് എന്ന വിശ്വാസവും താഴ്ന്നവരാക്കപ്പെട്ട വർഗങ്ങളോടുള്ള വിവേചനമുള്ള മനോഭാവവുമാണ് വർഗവാദം. നരവംശശാസ്ത്ര – ജീവശാസ്ത്രകാരർ വർഗവാദത്തെ കാണുന്നത് ഒരു സാംസ്കാരികപ്രതിഭാസമായിട്ടാണ്. മറിച്ച്, അതിന് ജനിതക അടിസ്ഥാനമില്ല എന്നുമാണ്. അവരുടെ അഭിപ്രായത്തിൽ എല്ലാതരം മനുഷ്യരും ഹോമോസാപിയൻസ് എന്ന സ്പീഷിസിൽ ഉൾപ്പെടുന്നു.
- ജൈവനരവംശശാസ്ത്രത്തിലും ജനസംഖ്യാ ജനിതകശാസ്ത്രത്തിലും രക്തഗ്രൂപ്പുകളെക്കുറിച്ചുള്ള പഠനത്തിന് വളരെ പ്രാധാന്യമുണ്ട്. മനുഷ്യനെ ആന്റിജനെ അടിസ്ഥാനമാക്കി A, B, AB, Oഎന്നിങ്ങനെ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
- AB ഗ്രൂപ്പിൽ ആന്റിബോഡികളില്ല. ABഗ്രൂപ്പിൽ വരുന്ന വ്യക്തികൾക്ക് എല്ലാ രക്തവും സ്വീകരിക്കാം. അതുകൊണ്ട് അവ സാർവികസ്വീകർത്താവാണ്. O ഗ്രൂപ്പുള്ള വ്യക്തികൾക്ക് എല്ലാ ഗ്രൂപ്പുകൾക്കും രക്തം നൽകാൻ പറ്റുന്നതുകൊണ്ട് അവർ സാർവികദാതാവ് എന്ന റിയപ്പെടുന്നു. Rh ഘടകമുള്ള രക്തഗ്രൂപ്പിനെ Rh+ve രക്തമെന്നും Rh ഘടകമില്ലാത്തതിനെ Rh^{-ve} രക്തമെന്നും തിരിച്ചിരിക്കുന്നു.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- വിവിധ ജീവപരിണാമസിദ്ധാന്തങ്ങൾ തിരിച്ചറിയുകയും ജീവപരിണാമസിദ്ധാന്തങ്ങളുടെ ശാസ്ത്രീയത അംഗീകരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.
- പ്രൈമേറ്റുകൾക്കിടയിൽ മനുഷ്യരുടെ സ്ഥാനം കണ്ടെത്തുകയും മനുഷ്യനും ആൾക്കുരങ്ങും തമ്മിലുള്ള സവിശേഷതകൾ താരതമ്യം ചെയ്യുകയും ഫോസിൽത്തെളിവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യപരിണാമ ഘട്ടങ്ങളെ വേർതിരിച്ച് ക്രമീകരിക്കുകയും ചെയ്യുന്നു.
- ജനിതകശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ തിരിച്ചറിഞ്ഞ്, മെൻഡലിന്റെ പാരമ്പര്യ പ്രേഷണനിയമം അംഗീകരിച്ച്, കോശവിഭജനത്തിന്റെ ജനിതകപ്രാധാന്യം മനസ്സിലാക്കുന്നു.
- മനുഷ്യരിലെ വിവിധ വംശങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു. വംശങ്ങൾ ഒരു അനുകൂലവ്യതിയാനമാണെന്ന് മനസ്സിലാക്കുന്നു.
- മനുഷ്യവ്യതിയാനത്തിന്റെ ഒരു ഘടകമാണ് രക്തഗ്രൂപ്പുകൾ എന്നു തിരിച്ചറിയുന്നു. രക്തഗ്രൂപ്പുകൾ തമ്മിലുള്ള പൊരുത്തവും പൊരുത്തക്കേടും വേർതിരിച്ചറിയുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. താഴെ തന്നിരിക്കുന്ന സൂചനകളുടെ സഹായത്താൽ ജീവപരിണാമസിദ്ധാന്തങ്ങളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയാറാക്കുക.
   a. അനുയോജ്യമായവയുടെ അതിജീവനം, നിലനിൽപ്പിനു വേണ്ടിയുള്ള സമരം, വ്യതിയാനം, അമിതോൽപ്പാദനം
   b. സ്വയാർജിതസ്വഭാവങ്ങളുടെ പാരമ്പര്യപ്രേഷണം, ഉപയോഗ – നിരുപയോഗ സിദ്ധാന്തം

c. ഉൽപ്പരിവർത്തനം, ജനിതകവ്യതിയാനം, ക്രോമസോമുകളുടെ വ്യതിയാനം

2. ജന്തുലോകത്തിൽ മനുഷ്യരുടെ സ്ഥാനം കാണിക്കുന്ന ഫ്ളോചാർട്ട് തയാറാക്കുക.

എ. ചാർട്ടിൽ-ഓഡർ, സബ് ഓഡർ, സൂപ്പർഫാമിലി, ഫാമിലി, ജീനസ്, സ്പീഷിസ് എന്നിവ ഉൾപ്പെടുത്തണം.

ബി. പ്രൈമേറ്റുകളുടെയും മനുഷ്യന്റെയും നാലു പ്രധാന സവിശേഷതകൾ എഴുതുക.

3. നിങ്ങളുടെ നിരീക്ഷണത്തെ അടിസ്ഥാനമാക്കി മനുഷ്യന്റെയും ആൾക്കുരങ്ങിന്റെയും ആറ് സവിശേഷതകൾ എഴുതുക.

4. താഴെത്തന്നിരിക്കുന്ന ഓപ്ഷനുകൾ ഉപയോഗിച്ച് വിട്ട ഭാഗം പൂരിപ്പിക്കുക.

A	B	C
ആസ്ട്രലോപിത്തക്കസുകൾ	.....	ദക്ഷിണാഫ്രിക്ക
പിത്തക്കാന്ത്രോപസുകൾ	.....	.....
.....	ഡസൽഡോർഫ്	.....
.....	ലൂയിസ് ലാർടെറ്റ്	.....

(എൽ.എസ്.ബി. ലിക്കി, ഫ്രാൻസ്, റെയ്മണ്ട് ഡാർട്ട്, ക്രോമാഗ്നൻ, ജർമനി, നിയാണ്ടർതാൽ, ജാവ, യുജീൻ ഡുബോയ്സ്)

5. ഒറ്റപ്പെട്ടത് കണ്ടെത്തി നിങ്ങളുടെ ഉത്തരം ന്യായീകരിക്കുക.

എ. ആസ്ത്രലോപിത്തക്കസ്, നിയാണ്ടർതാൽ, പിത്തക്കാന്ത്രോപസ്, രാമാപിത്തക്കസ്

ബി. നിയാണ്ടർതാൽ, ഡ്രയോപിത്തക്കസ്, രാമാപിത്തക്കസ്, ആർഡിപിത്തക്കസ്

6. മോഷണം നടന്ന സ്ഥലത്തുനിന്നു പോലീസ് ഇൻസ്പെക്ടർക്ക് ഒരു കത്തി ലഭിച്ചു. കുറ്റവാളികളെ തിരിച്ചറിയാൻ പോലീസിനെ ഏതു നരവംശശാസ്ത്രശാഖയാണ് സഹായിക്കുന്നത്?

7. താഴെക്കൊടുത്തിട്ടുള്ള 6 വർഗസവിശേഷതകൾ 3 പ്രധാന വർഗങ്ങളുടെ കീഴിലായി തരംതിരിക്കുക.

എ. പരിമിതമായ ശരീരരോമങ്ങൾ ബി. ഇരുണ്ട തവിട്ടുനിറമുള്ള തൊലി

സി. വിരളമായ ശരീരരോമം ഡി. ശരീരരോമം കുറവ്

ഇ. വെളുത്തനിറമുള്ള തൊലി എഫ്. മഞ്ഞനിറമുള്ള തൊലി

8. മനുഷ്യതലയോട്ടിയുടെ നീളം, വീതി എന്നീ സൂചികകളെ അടിസ്ഥാനമാക്കി മൂന്നായി വർഗീകരിക്കുക.

എ. നീണ്ടതല .....

ബി. ..... മീസോസെഫാലിക്

സി. വിസ്തൃതതല .....

9. രക്തഗ്രൂപ്പിനെ കേന്ദ്രീകരിച്ചുകൊണ്ട് പഠനം നടത്തുന്ന നരവംശശാസ്ത്രശാഖയുടെ പേരെഴുതുക.

10. രക്തസാമ്പിളുകളുടെ കട്ടപിടിക്കൽ പ്രവർത്തനവുമായി ബന്ധപ്പെട്ട പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്. ഓരോ രക്തഗ്രൂപ്പിന്റെയും കട്ടപിടിക്കൽ പ്രവർത്തനം വിശദീകരിച്ച് രക്തഗ്രൂപ്പ് തിരിച്ചറിയുക. രക്തനിവേശനം സൂചിപ്പിക്കുന്ന ചിത്രം വരയ്ക്കുക.

രക്ത സാമ്പിളുകൾ	ആന്റി സിറം A	ആന്റി സിറം B	ആന്റി സിറം D	തിരിച്ചറിഞ്ഞ ഗ്രൂപ്പ്
1	.....	.....	.....	?
2	++++++	.....	++++++	?
3	.....	++++++	++++++	?
4	++++++	++++++	.....	?
(..... പ്രതിപ്രവർത്തനം നടന്നില്ല.) (++++++ പ്രതിപ്രവർത്തനം നടന്നു.)				

11. ആദ്യപ്രസവത്തിനുശേഷം ഒരു യുവതിയോട് ഒരു ഗൈനക്കോളജിസ്റ്റ് ആന്റി Rh വാക്സിൻ എടുക്കാൻ നിർദേശിച്ചു. ഇതിന് കാരണമെന്തായിരിക്കും? അടുത്ത ഗർഭധാരണത്തിന് യുവതിയെ ഇത് എങ്ങനെ സഹായിക്കും?

12. രണ്ട് ദമ്പതികളുടെ രക്തഗ്രൂപ്പുകൾ ചുവടെ നൽകുന്നു. അവർക്ക് പിറക്കുന്ന സന്തതികളുടെ രക്തഗ്രൂപ്പിന്റെ പ്രകടിതരൂപ അനുപാതവും ജനിതകരൂപ അനുപാതവും ചിത്രത്തിന്റെ സഹായത്തോടെ വിശദമാക്കുക.

എ. AB X O ബി. A X AB

13. നിങ്ങളുടെ അച്ഛന്റെ രക്തഗ്രൂപ്പ് AB ആണെന്ന് സങ്കൽപ്പിക്കുക. അടിയന്തരസാഹചര്യത്തിൽ ഏതു രക്തഗ്രൂപ്പാണ് അദ്ദേഹത്തിന് സ്വീകരിക്കാൻ പറ്റുന്നത്? നിങ്ങളുടെ ഉത്തരം സമർഥിക്കുക.

14. താഴെത്തന്നിരിക്കുന്നവയിൽനിന്ന് ABO ഗ്രൂപ്പുകളുടെ ശരിയായ ജനിതകരൂപങ്ങൾ തിരഞ്ഞെടുക്കുക.

എ. O, A, B, AB ബി. OO, AA, BB, AB, AO, BO സി. A, B, AB

15. A, B, AB രക്തഗ്രൂപ്പുകളുടെ ആന്റിജനുകളും ആന്റിബോഡികളും കാണിക്കുന്ന പട്ടിക തയാറാക്കുക.

X7H2F8

യൂണിറ്റ്
4

പുരാവസ്തുനരവംശശാസ്ത്രം: അടിസ്ഥാനാശയങ്ങൾ

ഉള്ളടക്കം

I. പുരാവസ്തുനരവംശശാസ്ത്രം അർഥവും വ്യാപ്തിയും
- പുരാവസ്തുനരവംശശാസ്ത്രവും പ്രാക്ചരിത്രവും

II. ഭൂവിജ്ഞാനീയസമയരേഖ
- ഭൂമിയുടെ ഉദ്ഭവം
- ഭൗമശാസ്ത്രകാലഘട്ടങ്ങൾ - ഇറ-പീരിഡ്- ഇപ്പോക്ക്

III. പുരാവസ്തുശാസ്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ
- ഉപകരണം- ആർടിഫാക്ട്
- സൈറ്റ്- അസംബ്ലേജ്
- ഇൻഡസ്ട്രി- ആയുധപാരമ്പര്യം
- സംസ്കാരം- സംസ്കാരസഞ്ചയം

IV. മൂന്നു യുഗങ്ങൾ
- ശിലായുഗത്തിന്റെ ഉദയം - ഇയോലിത്തിക്
- വിവിധതരം ശിലായുധങ്ങൾ
- ശിലായുധസാങ്കേതികവിദ്യ
- ശിലായുധപാരമ്പര്യം

V. ശിലായുഗജീവിതവും സംസ്കാരവും
- പ്രാചീനശിലായുഗം-ആദ്യകാലം-മധ്യകാലം- ഉപരികാലം
- മധ്യശിലായുഗം
- നവീനശിലായുഗം
- ശിലായുഗം ഇന്ത്യയിൽ
- മഹാശിലായുഗസംസ്കാരം
- കേരളത്തിലെ മഹാശിലായുഗം

VI. കാലഗണനരീതികൾ
- ആപേക്ഷികകാലഗണനരീതികൾ
- കേവലകാലഗണനരീതികൾ

VII. പുരാവസ്തുപര്യവേക്ഷണത്തിലെ ആധുനികപ്രവണതകൾ

ആമുഖം

ചില നരവംശശാസ്ത്രജ്ഞർ മനുഷ്യഫോസിലുകൾ, ഡി.എൻ.എ, മനുഷ്യപരിണാമം, വ്യതിയാനം എന്നിവയെക്കുറിച്ച് പഠിക്കുന്നതിലാണ് തൽപ്പരരെന്ന് കഴിഞ്ഞ അധ്യായത്തിൽ മനസ്സിലാക്കിയല്ലോ. അതുപോലെ വേറെ ഒരു കൂട്ടം നരവംശശാസ്ത്രജ്ഞർ തങ്ങൾക്ക് ചുറ്റുമുള്ള സമൂഹത്തെയും അവരുടെ സംസ്കാരത്തെയും ജീവിതരീതിയെയും മനസ്സിലാക്കാൻ മാസങ്ങളും ചിലപ്പോൾ വർഷങ്ങളും അവരോടൊപ്പം താമസിച്ചു പഠിക്കുന്നു. ഇനി ഒരു കൂട്ടർ ആശയവിനിമയത്തിനുള്ള ഉപാധിയെന്ന നിലയിൽ ഭാഷയെക്കുറിച്ചും അതിന്റെ ഉദ്ഭവത്തെക്കുറിച്ചും അവയ്ക്ക് സമൂഹവും സംസ്കാരവുമായുള്ള ബന്ധത്തെക്കുറിച്ചും മനസ്സിലാക്കാൻ ശ്രദ്ധിക്കുന്നു. മറ്റൊരു കൂട്ടം നരവംശശാസ്ത്രജ്ഞർ മൺമറഞ്ഞ മനുഷ്യസംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിലാണ് താൽപ്പര്യം കാട്ടുന്നത്. ഇത്തരം പുരാവസ്തുനരവംശശാസ്ത്രജ്ഞരുടെ ആയാസകരമായ പഠനങ്ങളാണ് ചരിത്രാതീതകാല മനുഷ്യസംസ്കാരങ്ങളുടെ ഉള്ളറകളെക്കുറിച്ച് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നത്.

പുരാവസ്തുശാസ്ത്രസംബന്ധിയായ കണ്ടെത്തലുകൾ പലപ്പോഴും യാദൃച്ഛികമായാണ് നടന്നിട്ടുള്ളത്. 'ആർക്കൈക് ശിശു' എന്ന പേരിലറിയപ്പെടുന്ന ഹിമയുഗകാലഘട്ടത്തിലെ

ഹോമോസാപിയൻ കുട്ടിയെ കണ്ടെത്തിയത് ഇപ്രകാരമായിരുന്നു. കേരളസർവകലാശാലയിലെ യു.ജി.സി. ഗവേഷകശാസ്ത്രജ്ഞനായ ഡോ.പി. രാജേന്ദ്രൻ തമിഴ്നാട്ടിലെ വില്ലുപുരം ജില്ലയിലെ ഓൾഡെ എന്ന സ്ഥലത്താണ് ഈ ശിശുവിന്റെ ഫോസിൽ കണ്ടെത്തുന്നത്. ചെങ്കല്ലിൽ പൊതിഞ്ഞുപോയ രൂപത്തിൽ കണ്ടെത്തിയ ഈ മനുഷ്യ ഫോസിൽ 'ലാറ്റൈറ്റ് ശിശു' എന്ന് അറിയപ്പെട്ടു. ഇന്ത്യയിൽ മനുഷ്യപരിണാമശ്രേണിയിൽ നർമദാ ഫോസിലുകൾ കഴിഞ്ഞാൽ ഏറ്റവും പഴക്കമേറിയതാണിത്.

നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെയാണ് ഇത് മനുഷ്യഫോസിലാണെന്നു തിരിച്ചറിഞ്ഞതും കാലപ്പഴക്കം നിർണയിച്ചതും. മനുഷ്യരുടെ അസ്ഥികൾ, പല്ലുകൾ, മുടി, വസ്ത്രം, ഉപകരണങ്ങൾ, പാത്രങ്ങൾ, ആയുധങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ തുടങ്ങി അനേകം വസ്തുക്കൾ ഉദ്ഖനനം ചെയ്യുക സാധാരണമാണ്. ഇത്തരം വസ്തുക്കളുടെ വിശകലനപഠനങ്ങളിലൂടെയാണ് പ്രാചീന മനുഷ്യസംസ്കാരത്തെക്കുറിച്ചു പഠിക്കുന്നത്. ഒരു പുരാവസ്തുശാസ്ത്രജ്ഞന്റെ ഫീൽഡ് വർക്കിൽ ഉദ്ഖനനം, മനുഷ്യസംസ്കാരങ്ങളുടെ പര്യവേക്ഷണം എന്നിവയെല്ലാം ഉൾപ്പെടുന്നു.



2001 ഒക്ടോബർ 14-ന് തമിഴ്നാട്ടിലെ വില്ലുപുരം ജില്ലയിലെ ഓൾഡെ എന്ന സ്ഥലത്തുള്ള ചെങ്കല്ലിൽനിന്ന് ഒരു ഫോസിൽ ലഭിക്കുകയുണ്ടായി. ചെങ്കല്ലിനകത്തെ ജൈവാംശപരിശോധനയുടെ ഭാഗമായി അതിനു തനമായ റേഡിയോളജിക്കൽ സങ്കേതങ്ങളായ എക്സ്റേ, 3 ഡി സ്കാനിങ്, സ്കാനിങ്, ഇലക്ട്രോൺ മൈക്രോസ്കോപ്പി മുതലായവ ഉപയോഗപ്പെടുത്തി നോക്കിയപ്പോഴാണ് ചെങ്കല്ലിനകത്ത് ഒരു മനുഷ്യതലയോട്ടി ശ്രദ്ധയിൽപ്പെട്ടത്. തുടർന്നുള്ള ശാസ്ത്രീയപരിശോധനകളിൽ നിന്ന് ഇത് ഒരു മനുഷ്യശിശുവിന്റെ തലയോട്ടിയാണെന്നു തിരിച്ചറിഞ്ഞു. ചെങ്കല്ലിനകത്ത് ഫോസിലായി സംരക്ഷിക്കപ്പെട്ട നിലയിൽ കണ്ട ഈ തലയോട്ടിയുടെ കാലപ്പഴക്കം നിർണയിക്കുക അതീവദുഷ്കരമായിരുന്നു. ആയതിനാൽ തലയോട്ടി കാണപ്പെട്ട ചെങ്കല്ല് തെർമോലൂമിനിസൻസ് കാലഗണനരീതിക്ക് വിധേയമാക്കിയപ്പോൾ 1,66,000 വർഷം പഴക്കമുണ്ടെന്നു തിരിച്ചറിഞ്ഞു. ഇതേ കാലപ്പഴക്കം തലയോട്ടിക്കുമുണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. (രാജേന്ദ്രൻ പി, കോശി പി. സദാശിവം എസ്, 2006, ഹോമോസാപിയൻ (ആർക്കൈക്) ബേബി ഫോസിൽ ഓഫ് മിഡിൽ പ്ലീസ്റ്റോസീൻ, ആൻഷ്യന്റ് ഏഷ്യ 1:7-13)

നരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന ശാഖയായ പുരാവസ്തുനരവംശശാസ്ത്രം മനുഷ്യാവശിഷ്ടങ്ങളിൽനിന്നു ചരിത്രാതീത കാലഘട്ടസംസ്കാരത്തെക്കുറിച്ച് പഠിക്കുകയാണെന്ന് നിങ്ങൾക്ക് അറിയാമോ?

താഴെപ്പറയുന്ന ചോദ്യങ്ങൾ ശ്രദ്ധിക്കൂ. ഉത്തരം തേടേണ്ട ചോദ്യങ്ങളായി നിങ്ങൾക്ക് തോന്നുന്നില്ലേ?

എങ്ങനെ ഈ ഭൂമി ഉണ്ടാവുകയും അതിൽ മനുഷ്യസംസ്കാരം ആവിർഭവിക്കുകയും ചെയ്തു? എവിടെയാണ് ആദ്യമായി പണിയായുധങ്ങൾ ഉണ്ടാക്കിയത്? ശിലോപകരണങ്ങൾ ആദ്യമായി

വികസിപ്പിച്ചെടുത്തത് എപ്പോഴാണ്? ആദ്യകാല ചിത്രകാരരും കലാകാരി/കലാകാരൻമാരും ആരായിരുന്നു? ആര്, എവിടെയാണ് ആദ്യം കൃഷി ആരംഭിച്ചത്? പുരാവസ്തുശാസ്ത്രജ്ഞർ ഒരു വസ്തുവിന്റെ കാലപ്പഴക്കം നിർണയിക്കുന്നത് എങ്ങനെയാണ്? കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ എന്നിവപോലുള്ള മഹാശിലാനിർമിതികൾക്കു പിറകിൽ ആരാണ് പ്രവർത്തിച്ചത്? ഇത്തരം മഹാശിലാനിർമിതികൾ കേരളത്തിൽ ധാരാളമായി കാണപ്പെടുന്നത് എന്തുകൊണ്ടാണ്?

ഇത്തരം സംശയങ്ങൾക്കുള്ള ഉത്തരം ഈ യൂണിറ്റിലൂടെ നിങ്ങൾക്ക് ലഭിക്കും. ഒപ്പം പുരാവസ്തുനരവംശശാസ്ത്രത്തിന്റെ അടിസ്ഥാനാശയങ്ങൾ മനസ്സിലാക്കുകയും ചെയ്യാം. തുടക്കം പുരാവസ്തുനരവംശശാസ്ത്രത്തിന്റെ അർഥം, വ്യാപ്തി എന്നിവയെക്കുറിച്ചാവാം.

പുരാവസ്തുനരവംശശാസ്ത്രം – അർഥവും വ്യാപ്തിയും

(Meaning and Scope of Archaeological Anthropology)

പുരാതനം എന്ന് അർഥമുള്ള ആർക്കയോസ് (Arkhaios), പഠനം എന്ന് അർഥമുള്ള ലോഗോസ് (logos) എന്നീ രണ്ടു ഗ്രീക്ക് പദങ്ങളിൽനിന്നാണ് ആർക്കിയോളജി എന്ന വാക്കുണ്ടായത്. അതുകൊണ്ട് പുരാതനമനുഷ്യന്റെ പ്രവൃത്തികളെക്കുറിച്ചുള്ള പഠനമാണ് ആർക്കിയോളജി. അമേരിക്കയിൽ ഈ ശാസ്ത്രശാഖ നരവംശശാസ്ത്രത്തിന്റെ ഭാഗമാണെങ്കിൽ യൂറോപ്പിൽ ഇത് സ്വതന്ത്രപഠനശാഖയായാണ് രൂപംകൊണ്ടത്.



പുരാവസ്തുനരവംശശാസ്ത്രം ഭൂതകാലത്തെ പുനർനിർമിക്കാനാണ് ശ്രമിക്കുന്നത്. കൃത്യമായി പറഞ്ഞാൽ നരവംശശാസ്ത്രം പുരാതന മനുഷ്യസംസ്കാരത്തിന്റെ ഉദ്ഭവം, വളർച്ച, വികാസം എന്നിവയെ കുറിച്ചുള്ള പഠനമാണ്. ചരിത്രകാരരും പുരാവസ്തുശാസ്ത്രജ്ഞരും ഇത്തരം പഠനങ്ങളിൽ ഏർപ്പെടുന്നുണ്ടെങ്കിലും ചരിത്രപഠനം ഭൂതകാല മനുഷ്യജീവിതത്തെക്കുറിച്ച് എഴുതപ്പെട്ട രേഖകളിൽ നിന്നു പഠിക്കുന്ന വിജ്ഞാനശാഖയാണ്. എന്നാൽ മനുഷ്യചരിത്രത്തിലെ എഴുതപ്പെട്ട രേഖകൾ ലഭ്യമാകുന്നത് കേവലം അയ്യായിരം വർഷം വരെ മാത്രമാണ്. കാരണം, എഴുത്തുവിദ്യ കണ്ടുപിടിച്ചത് അയ്യായിരം ബി.സി.ക്കു മുമ്പ് മാത്രമാണ്. ശേഷിച്ച അതിബൃഹത്തായ മനുഷ്യചരിത്രത്തെ പുനർനിർമിക്കുന്നത് പുരാവസ്തുശാസ്ത്ര പഠനങ്ങളിലൂടെയാണ്.

പുരാവസ്തുനരവംശശാസ്ത്രജ്ഞർ ചരിത്രാതീതകാല വസ്തുക്കളുടെ കാലപ്പഴക്കനിർണയത്തിലൂടെയും പ്രാചീനമനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ പഠനത്തിലൂടെയുമാണ് മനുഷ്യന്റെ ചരിത്രാതീതകാല സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നത്. ഒപ്പം, ഭൂമിയുടെ ഉദ്ഭവം, കാലാവസ്ഥ, ഭൂമിശാസ്ത്രം, സംസ്കാരം എന്നിവയും പുനർനിർമിക്കുന്നു. കാരണം, ഭൗതികമായ

പരിസ്ഥിതികൾ മനുഷ്യപരിണാമത്തിലെ നിർണായക ഘടകമാണ്. പണിയായുധങ്ങൾ അക്കാലത്തെ മനുഷ്യരുടെ സമ്പദ്ഘടനയെക്കുറിച്ച് ഏറെക്കുറേ വ്യക്തമായ ധാരണ നൽകുന്നുണ്ട്.

പുരാവസ്തുശാസ്ത്രവും നരവംശശാസ്ത്രവും: ഒരു സംഭാഷണം (Archaeology and Anthropology, through a conversation)

പുരാവസ്തുശാസ്ത്രജ്ഞനും നരവംശശാസ്ത്രജ്ഞനും തമ്മിലുള്ള ഒരു സാങ്കൽപ്പികസംഭാഷണമാണ് ചുവടെ ചേർത്തിരിക്കുന്നത്. ഇതിലൂടെ ഈ രണ്ടു വിജ്ഞാനശാഖകളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും.

നരവംശശാസ്ത്രജ്ഞൻ: നരവംശശാസ്ത്രം മനുഷ്യരെക്കുറിച്ച് സമഗ്രമായി പഠിക്കുന്ന ഒരു ശാസ്ത്രശാഖയാണല്ലോ. അതിൽ പുരാവസ്തുശാസ്ത്രത്തെ നരവംശശാസ്ത്ര കാഴ്ചപ്പാടോടെ പഠിക്കുന്നവരാണ് പുരാവസ്തുനരവംശശാസ്ത്രജ്ഞർ.

പുരാവസ്തുശാസ്ത്രജ്ഞൻ: തീർച്ചയായും ഭൂതകാല മനുഷ്യസംസ്കാരത്തിന്റെ അവശിഷ്ടങ്ങളിൽ നിന്ന് ആ സംസ്കാരത്തെ ശാസ്ത്രീയമായി പുനഃസൃഷ്ടിച്ച് പഠിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. ഇതിൽ ചരിത്രാതീതകാലഘട്ടവും ചരിത്രകാലഘട്ടവും ഉൾപ്പെടുന്നുണ്ട്. നരവംശശാസ്ത്രകാഴ്ചപ്പാടുകൾ തീർച്ചയായും ഞങ്ങളുടെ പഠനത്തെ സഹായിക്കുന്നുണ്ട്.

നരവംശശാസ്ത്രജ്ഞൻ: ശരിയാണ്, നാമാവശേഷമായ സംസ്കാരത്തെക്കുറിച്ചു പഠിക്കുന്ന ഒരു വിജ്ഞാനശാഖ എന്ന നിലയിലാണ് പുരാവസ്തുനരവംശശാസ്ത്രത്തെ ഞങ്ങൾ കാണുന്നത്. കോടാനുകോടി വർഷങ്ങൾക്കു മുൻപ് ഭൂമിയിൽ സംഭവിച്ച മനുഷ്യ ഇടപെടലുകളുടെ പുനർനിർമിതിക്കുവേണ്ടിയാണ് പുരാവസ്തുനരവംശശാസ്ത്രജ്ഞർ പരിശ്രമിക്കുന്നത്. പ്രാചീനമനുഷ്യർ അവശേഷിപ്പിച്ച പണിയായുധങ്ങൾ വിലയിരുത്തി ഏതുതരം സാങ്കേതിക വിദ്യയാണു നിലനിന്നിരുന്നതെന്ന് പുരാവസ്തുശാസ്ത്രം വിശദീകരിക്കുന്നു.

എന്നാൽ പുരാവസ്തുശാസ്ത്രജ്ഞർ ഇക്കാര്യത്തിൽ ഒരു പടികൂടി മുന്നോട്ടു പോകുന്നുണ്ട്. പുരാവസ്തുക്കൾ കണ്ടെത്താനും അവ സംരക്ഷിക്കാനും പരിപാലിക്കാനും കൂടി പുരാവസ്തുശാസ്ത്രജ്ഞർ താൽപ്പര്യം കാണിക്കുന്നുണ്ട്.

പുരാവസ്തുശാസ്ത്രജ്ഞൻ: ശരിയാണ്. എഴുത്തുവിദ്യ കണ്ടുപിടിക്കുന്നതിനും മുൻപേ മനുഷ്യസംസ്കാരം നിലനിന്നിരുന്നു. അതുകൊണ്ട് ഇതിനെ പുരാവസ്തുശാസ്ത്രജ്ഞർ ചരിത്രാതീതകാല പുരാവസ്തുശാസ്ത്രം എന്നു വിളിക്കുന്നു.

നരവംശശാസ്ത്രജ്ഞൻ: എന്നാൽ വംശീയപുരാവസ്തുശാസ്ത്രം എന്നൊന്നുണ്ടല്ലോ?

പുരാവസ്തുശാസ്ത്രജ്ഞൻ: ഉണ്ട്. സമകാലീനകാലഘട്ടത്തിൽ എഴുത്തുവിദ്യ ആർജിച്ചിട്ടില്ലാത്ത സമൂഹങ്ങളെക്കുറിച്ച് നരവംശശാസ്ത്രജ്ഞർ പഠിക്കുന്നതുപോലെ, അവരുടെ ശേഷിപ്പുകളെക്കുറിച്ചും മറ്റും പഠിക്കുന്ന വിജ്ഞാനശാഖയാണത്. അതുകൊണ്ട് പുരാവസ്തുശാസ്ത്രം വിശാലാർഥത്തിൽ നരവംശശാസ്ത്രത്തിന്റെ ഭാഗമാണെന്നു പറയാം.

നരവംശശാസ്ത്രജ്ഞൻ: മറ്റൊരു തരത്തിൽ പറഞ്ഞാൽ നരവംശശാസ്ത്രം സമഗ്രമായ മാനവശാസ്ത്രമാകുന്നത് പുരാവസ്തുശാസ്ത്രംകൂടി അതിന്റെ പഠനവിഷയമാകുമ്പോഴാണ്.

പുരാവസ്തുശാസ്ത്രജ്ഞൻ: അതായത് പുരാതനവും സമകാലീനവുമായ മനുഷ്യസംസ്കാരങ്ങളെക്കുറിച്ചു പഠിക്കാൻ നരവംശശാസ്ത്രജ്ഞരും പുരാവസ്തുശാസ്ത്രജ്ഞരും പരസ്പരം സഹകരിച്ചു പ്രവർത്തിക്കേണ്ടതുണ്ട്.

നരവംശശാസ്ത്രജ്ഞൻ: സംശയമില്ല, പുരാവസ്തുശാസ്ത്രമുൾപ്പെടെ എല്ലാ സുപ്രധാന ശാഖകളും സമന്വയിച്ച് പഠിക്കുമ്പോഴാണ് നരവംശശാസ്ത്രം സമഗ്ര മാനവശാസ്ത്രമാകുന്നത്.

മുകളിൽ കൊടുത്ത സംഭാഷണത്തിൽനിന്ന് നരവംശശാസ്ത്രവും പുരാവസ്തുശാസ്ത്രവും തമ്മിലുള്ള ബന്ധം ചർച്ചചെയ്ത് അവതരിപ്പിക്കുക. ചാർട്ടുകൾ, ചർച്ചക്കുറിപ്പുകൾ എന്നിവയും തയാറാക്കാം.



മുകളിൽക്കൊടുത്ത സംഭാഷണത്തിൽനിന്നു പുരാവസ്തുനരവംശശാസ്ത്രത്തിന്റെ സ്വഭാവം മനസ്സിലായല്ലോ. ഇതിന്റെ വിശദാംശങ്ങൾ നോക്കാം.

ചരിത്രാതീതകാലത്തെക്കുറിച്ചുള്ള പഠനം പുരാവസ്തുനരവംശശാസ്ത്രത്തിൽ പ്രധാനമാണ്. കാരണം, മനുഷ്യചരിത്രത്തിന്റെ 99 ശതമാനവും ചരിത്രാതീതകാലഘട്ടത്തിലാണ് സംഭവിച്ചിട്ടുള്ളത്.

താഴെക്കൊടുത്തിരിക്കുന്ന സംഭവങ്ങൾ പരിശോധിച്ചാൽ ചരിത്രാതീതകാലഘട്ടത്തെക്കുറിച്ചുള്ള പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാം.

- 3 ദശലക്ഷം വർഷം ബി.പിയിൽ മനുഷ്യപൂർവികർ ആവിർഭവിച്ചു.
- ഭാഷ, മതം, കല, പാചകം, കളികൾ, പുരാണകഥ, തമാശകൾ എന്നിങ്ങനെ മനുഷ്യരിൽ പൊതുപെരുമാറ്റരീതികൾ ഉടലെടുത്തിട്ട് 50000 (50000 B.P) വർഷമായി.
- മനുഷ്യൻ യൂറേഷ്യയിൽ എത്തിയത് 125,000 മുതൽ 60000 വർഷങ്ങൾക്കു മുമ്പാണ്.
- ആസ്ത്രേലിയയിൽ 40,000 വർഷവും അമേരിക്കയിൽ 15,000 വർഷവുമായി.
- ഹവായ്, ഈസ്റ്റർ ഐലന്റ്, മഡഗാസ്കർ, ന്യൂസിലൻഡ് എന്നിവിടങ്ങളിൽ 300 എ.ഡിക്കും 1280 എ.ഡിക്കും ഇടയിൽ.
- 100000 ബി.പി. വർഷം വരെ മനുഷ്യൻ വേട്ടയാടൽ ജീവിതമായിരുന്നു നയിച്ചിരുന്നത്.
- മനുഷ്യർ കൃഷിയാരംഭിച്ചിട്ട് 12000 വർഷം ബി.പി ആയി.
- ഭൂമുഖത്ത് എഴുത്തുവിദ്യ രൂപപ്പെട്ടിട്ട് 5000 വർഷം ബി.പി. ആയി. ഇത് താരതമ്യേന ഏറ്റവും അടുത്ത കാലത്ത് വികസിച്ച സാങ്കേതികവിദ്യയാണ്.



ബി.പി. പുരാവസ്തുശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ഒരു സമയസൂചികയാണ്. നിലവിൽ എ.ഡി, ബി.സി. എന്നീ ക്രിസ്ത്യാനിറ്റിയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന പദാവലിക്കു പകരം 1950-ാമാണ്ടിനെ അടിസ്ഥാനവർഷമായി സ്വീകരിച്ചതാണ് ബി.പിയുടെ പ്രത്യേകത. റേഡിയോ കാർബൺ കാലഗണന വ്യാപകമായി ഉപയോഗത്തിൽ വന്നു എന്നതാണ് 1950ന്റെ പ്രത്യേകത.


പഠനപുരോഗതി വിലയിരുത്താം

1. പുരാവസ്തുശാസ്ത്രം എങ്ങനെ നരവംശശാസ്ത്രത്തിന്റെ അവിഭാജ്യഘടകമാകുന്നു?
2. ചരിത്രാതീതകാലത്തെക്കുറിച്ചുള്ള പഠനത്തിന്റെ പ്രാധാന്യമെന്ത്?
3. എന്താണ് വംശീയപുരാവസ്തുശാസ്ത്രം?

ചരിത്രാതീതകാലത്തെക്കുറിച്ചു പഠിക്കണമെങ്കിൽ ഭൂമിയുടെ ഉദ്ഭവത്തെക്കുറിച്ചുകൂടി അറിയണം. ഭൂമിയുടെ ഉദ്ഭവം, ചരിത്ര - ചരിത്രാതീതകാലഘട്ടത്തിലെ മനുഷ്യപുരോഗതി എന്നിവയുടെ കാലഗണനകൂടി മനസ്സിലാക്കാതെയുള്ള ചരിത്രാതീതകാലപഠനങ്ങൾ അപൂർണമായിരിക്കും.

ഭൂമിയുടെ ഉദ്ഭവം (Formation of Earth)

സൗരയൂഥത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടാണ് ഭൂമിയുടെ ഉദ്ഭവവും നടക്കുന്നത്. സൗരയൂഥം ഏതാണ്ട് 4.6 ബില്യൺ വർഷങ്ങൾക്കു മുൻപു രൂപം കൊണ്ടുവെന്ന് കരുതുന്നു. 24 മണിക്കൂറുള്ള സാങ്കൽപ്പികഘടികാരത്തിൽ അർധരാത്രിയിൽ ഭൂമി രൂപംകൊണ്ടതിനുശേഷം ഉണ്ടായ മാറ്റങ്ങൾ ശ്രദ്ധിക്കുക. (ചിത്രം 4.1). മനുഷ്യർ പ്രത്യക്ഷപ്പെടുന്നത് 24 മണിക്കൂറിനോടടുത്ത് 11 മണിക്കൂർ 58 മിനിറ്റ് 43 സെക്കന്റിലാണ്. ചരിത്രാതീതകാലത്തെ സമഗ്രമായി മനസ്സിലാക്കുന്നതിന് ഭൂമിയുടെ ഉദ്ഭവവും അതിൽ ഉണ്ടായിട്ടുള്ള ഭൗതികവും രസതന്ത്രശാസ്ത്രപരവും ജീവശാസ്ത്രപരവുമായ പ്രത്യേകതകളും പഠിക്കുന്നു. ചരിത്രാതീതകാലപഠനത്തിന് ഇത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ഭൂവിജ്ഞാനീയം അഥവാ ഭൂഗർഭപഠനശാസ്ത്രം പുരാവസ്തുശാസ്ത്രപഠനത്തിന് അത്യാവശ്യമാണ്.



ചിത്രം. 4.1. ഒരു സാങ്കൽപ്പികഘടികാരത്തിൽ ഭൂമിയുടെ രൂപീകരണം.

ഭൂവിജ്ഞാനസമയരേഖ
(Geological Time Scale)



ഭൂമിയിലെ പാറകളുടെ അടരുകളെക്കുറിച്ചുള്ള പഠനം സ്ട്രാറ്റിഗ്രാഫി എന്നാണറിയപ്പെടുന്നത്. ഭൂമിയുടെ ചരിത്രത്തിൽ വിവിധ കാലങ്ങളിലുണ്ടായ പാറകളെക്കുറിച്ചു പഠിക്കുകയും ഫോസിലുകളുടെ അടിസ്ഥാനത്തിൽ അവയുടെ താരതമ്യപ്രായം കണക്കാക്കുകയും ചെയ്യുന്നതിലാണ് പാലിയന്റോളജിസ്റ്റുകളും ഭൂവിജ്ഞാനശാസ്ത്രജ്ഞരും പുരാവസ്തുശാസ്ത്രജ്ഞരും താൽപ്പര്യം കാണിക്കുന്നത്. ഇതിനെ ഭൂവിജ്ഞാനസമയരേഖ എന്നാണ് വിളിക്കുന്നത്. ഇത്തരത്തിൽ ഭൂമിയുടെ ഉദ്ഭവം മുതൽ നാളിതുവരെയുള്ള ചരിത്രത്തെ സമയരേഖയിൽ ക്രമീകരിക്കാവുന്നതാണ്.

ഭൗമശാസ്ത്രകാലഘട്ടങ്ങൾ: ഇറ, പിരീഡ്, ഇപ്പോക്ക് (Era, Period, Epoch)

ഭൂമിയുടെ ചരിത്രത്തിൽ ഓരോ കാലഘട്ടത്തിലും ഒന്നിനുമേൽ ഒന്നായി രൂപംകൊണ്ട പാറകളെ അടിസ്ഥാനമാക്കി ഭൗമശാസ്ത്രകാരർ ഭൂമിയുടെ ചരിത്രത്തെ വിവിധ ഭൗമശാസ്ത്ര കാലഘട്ടങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും ദൈർഘ്യമേറിയ കാലഘട്ടത്തെ ഇറ (Era) എന്നാണ് വിളിക്കുന്നത്. ചില ഭൗമശാസ്ത്രകാരർ ഇയോണുകൾ (Eons) ആണ് ഏറ്റവും ദൈർഘ്യമേറിയ ഭൗമശാസ്ത്രകാലം എന്നും അഭിപ്രായപ്പെടുന്നുണ്ട്.

ഭൂമിയുടെ ഉദ്ഭവഘട്ടത്തിൽ ആദ്യകാല പാറയടരുകളിൽ ജീവന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ജീവനില്ലാത്ത എന്ന അർഥത്തിൽ അസോയിക് (Azoic) എന്ന പേരിലാണ് ഈ കാലഘട്ടം അറിയപ്പെട്ടിരുന്നത്. ജീവൽസാന്നിധ്യം ഇല്ലാത്തതുകൊണ്ട് ഭൗമശാസ്ത്രകാരർ അസോയിക് കാലഘട്ടത്തെ ഇറയായി കണക്കാക്കുന്നില്ല. ഭൗമശാസ്ത്രജ്ഞർ ഭൗമകാലഘട്ടത്തെ താഴെപ്പറയുന്ന അഞ്ച് ഇറകളായി തരംതിരിച്ചിട്ടുണ്ട്.

1. ആർക്കിയോസോയിക് (400 മില്യൺ മുതൽ 2500 മില്യൺ വർഷം മുൻപു വരെ)
2. പ്രോട്ടറോസോയിക് (2500 മില്യൺ മുതൽ 541 മില്യൺ വർഷം മുൻപു വരെ)
3. പാലിയോസോയിക് (541 മില്യൺ മുതൽ 252 മില്യൺ വർഷം മുൻപു വരെ)
4. മീസോസോയിക് (252 മില്യൺ മുതൽ 66 മില്യൺ വർഷം മുൻപു വരെ)
5. സിനോസോയിക് (66 മില്യൺ വർഷം മുൻപു മുതൽ ഇന്നു വരെ)



ഇയോണുകൾ

ചില ഭൗമശാസ്ത്രജ്ഞർ ഇയോൺ കാലത്തെ ഏറ്റവും ദൈർഘ്യമേറിയ കാലഘട്ടമായി കണക്കാക്കുന്നു. 4.6 മുതൽ 3.8 ബില്യൺ വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ഹഡേൻ ആണ് ആദ്യ ഇയോൺ. ആർക്കിയൻ പ്രോട്ടേറോസോണിക്, ഫാനേറോസോണിക് എന്നിവയാണ് മറ്റ് ഇയോണുകൾ.

ഓരോ ഇറയും വിവിധ പിരീഡുകളായും പിരീഡുകൾ ഇപ്പോക്കു (Epoch)കളായും വേർതിരിക്കപ്പെട്ടിരിക്കുന്നു. ഏറ്റവും പഴക്കമുള്ള ഭൗമകാലഘട്ടങ്ങൾ ഭൂവിജ്ഞാനസമയരേഖയിൽ ഏറ്റവും അടിയിലാണ് കാണിക്കുന്നത് (Table 4.1) താഴെ പട്ടികയിൽ സൂചിപ്പിച്ച ഓരോ ഇറയ്ക്കും പേരു നൽകിയിരിക്കുന്നത് ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന ജീവിവർഗത്തിന്റെ പേരിലാണ്.

ഭൂവിജ്ഞാന സമയരേഖ

ഭൂവിജ്ഞാനകാലം				കാലയളവ് – ദശലക്ഷം വർഷങ്ങളിൽ			
ഇയോൺ	ഇറ	പിരീഡ്	ഇപ്പോക്ക്	മുതൽ	വരെ	ഏകദേശ കാലയളവ്	ജീവജാതികൾ
ഫാനെറോസോയിക്	സെനോസോയിക്	ക്വാർട്ടേണറി	ഹോളോസീൻ	0.01	ഇന്നു വരെ	തുടരുന്നു	ആധുനിക മനുഷ്യർ
			പ്ലീസ്റ്റോസീൻ	2.6	0.01	2.59	ഹോമോ ഇറക്റ്റസ് നിയാണ്ടർതാൽ, ക്രോമാഗ്നൻ
		ടേർഷ്യറി	പ്ലയോസീൻ	5.3	2.26	2.7	ഇന്നത്തെ മനുഷ്യകുരങ്ങുകളുടെ പൂർവ്വികർ, ആദ്യ ഹോമിനിഡ്
			മയോസീൻ	23	5.3	17.7	ഡ്രയോപിത്തക്കസ്, സിവാപിത്തക്കസ്
			ഒലിഗോസീൻ	33.9	23	10.9	പ്രൊപ്ലിയോപിത്തക്കസ്, പരാപിത്തക്കസ്
			ഇയോസീൻ	56	33.9	22.1	ചെറിയ പ്രൊസിമിയനുകൾ ധാരാളം
			പാലിയോസീൻ	66	56	10	ലെമുറോയ്ഡ്, ടാർസോയ്ഡ് എന്നീ ആദ്യ പ്രൈറ്റുകൾ
	മീസോസോയിക്	സെക്കന്ററി	ക്രിറ്റാഷ്യസ്	145	66	79	ദിനോസറുകൾ, പല്ലുള്ള പക്ഷികൾ എന്നിവ ഇല്ലാതായി.
			ജുറാസിക്	201	145	56	ദിനോസറുകൾ വ്യാപിച്ചു.
			ട്രയാസിക്	252	201	51	ദിനോസറുകൾ, ആദ്യകാല ചീങ്കണ്ണികൾ എന്നിവ ഉണ്ടായി.
	പാലിയോസോയിക്	പ്രൈമറി	പെർമിയൻ	419	252	47	വലിയ ഉഭയജീവികൾ
			കാർബോണിഫെറസ്	359	419	60	മത്സ്യം, ഉരഗങ്ങൾ, പ്രാണികൾ
			ഡിവോണിയൻ	419	359	60	ഇന്നത്തെ മത്സ്യങ്ങളുടെ മുൻഗാമികൾ, ഉഭയജീവികൾ വളർന്നു.
			സിലൂറിയൻ	444	419	25	കരസസ്യങ്ങൾ, തിമിംഗലം
			ഓർഡോവിഷ്യൻ	495	444	51	നാട്ടെല്ലുള്ള ജീവികൾ, ആദ്യകാല മത്സ്യങ്ങൾ
			കാമ്പ്രിയൻ	541	495	46	മൊളസ്ക്, നക്ഷത്രമത്സ്യം
പ്രൊട്ടെറോസോയിക്	പ്രീകാമ്പ്രിയൻ		പ്രീകാമ്പ്രിയൻ	2500	541	1959	ബഹുകോശജീവികൾ
ആർക്കിയൻ ഇയോൺ			ആർക്കിയൻ	4000	2500	1500	ഏകകോശജീവികൾ

പട്ടിക 4.1. ഭൗമകാലഗണന – ജിയോളജിക്കൽ സൊസൈറ്റി ഓഫ് അമേരിക്കയുടെ വിവരശേഖരണത്തിൽനിന്ന് (2012) – (ഉറവിടം www. Geosociety.org)

ആദ്യ ഇറ (ഇയോൺ) ആർക്കിയോസോയിക് ആർക്കിയൻ ഇപ്പോക്ക് എന്നും രണ്ടാമത്തെ ഇറ പ്രോട്ടറോസോയിക് പ്രീകാംബ്രിയാൻ ഇപ്പോക്ക് എന്നുമാണ് അറിയപ്പെട്ടിരുന്നത്. മൂന്നാമത്തെ ഇറയിൽ ആറ് ഇപ്പോക്കുകളും നാലാമത്തെ ഇറയിൽ മൂന്ന് ഇപ്പോക്കുകളും നിലവിലുള്ള ഇറയിൽ ഏഴ് ഇപ്പോക്കുകളുമാണുള്ളത്. ഇതിൽ കാംബ്രിയാൻ കാലഘട്ടം കഴിഞ്ഞ് അഞ്ച് ഇപ്പോക്കുകളും പ്രൈമറി പിരീഡിലും മിസോസോയിക് ഇറ സെക്കണ്ടറി പിരീഡിലും സീനോസോയിക് ഇറയിലെ ആദ്യ അഞ്ച് ഇപ്പോക്കുകൾ ടെർഷ്യറി പിരീഡിലും അവസാന രണ്ട് ഇപ്പോക്കുകൾ ക്വാർട്ടിനറി പിരീഡിലുമാണ് ചേർത്തിരിക്കുന്നത്. ക്വാർട്ടിനറി പിരീഡിലെ പ്ലീസ്റ്റോസീൻ കാലഘട്ടത്തിലാണ് മനുഷ്യപൂർവികരും മനുഷ്യരും ഉടലെടുത്തത്. അതുകൊണ്ടാണ് മനുഷ്യൻ പ്ലീസ്റ്റോസീൻ ജീവി എന്നറിയപ്പെടുന്നത്. വ്യാപകമായ കാലാവസ്ഥാ മാറ്റങ്ങൾക്കു വിധേയമായ ഇപ്പോക്ക് ആണ് പ്ലീസ്റ്റോസിൻ. ആധുനികമനുഷ്യൻ ഹോളോസീൻ ഇപ്പോക്കിലാണ് ആവിർഭവിക്കുന്നത്.



ഹിമാനികരണവും അതിവൃഷ്ടിയും ഗ്ലേസിയേഷനും പ്ലൂവിയേഷനും (Glaciation and Pluviations)


പ്ലീസ്റ്റോസീൻ കാലഘട്ടത്തിൽ ഗ്ലേസിയേഷൻ എന്ന വലിയ കാലാവസ്ഥവ്യതിയാനമുണ്ടായി. ഇത് തുടർച്ചയായ ഇടവേളകളിൽ ആവർത്തിക്കപ്പെട്ടു. മണ്ണിന്റെയും ജലത്തിന്റെയും നിക്ഷേപത്തിൽ ഇത് കാര്യമായ മാറ്റമുണ്ടാക്കി. ഭൂമിയിലാകമാനം മഞ്ഞുമൂടിവരുന്ന അവസ്ഥയാണ് ഹിമാനികരണം (ഗ്ലേസിയേഷൻ). ഭൂമിയുടെ ചരിത്രത്തിൽ ഭൗമാന്തരീക്ഷത്തിലും ഉപരിതലത്തിലും ദീർഘനാളത്തെ ഊഷ്മാവിൽ കുറവുവരുന്ന അവസ്ഥയുണ്ടായി. ഇത് ഹിമാനികളും മഞ്ഞുമലകളും രൂപപ്പെടാൻ കാരണമായി. ഇക്കാലയളവ് ഹിമകാലം എന്നറിയപ്പെടുന്നു. ഈ ദീർഘ ഹിമകാലത്തിനിടയിലെ ഒറ്റപ്പെട്ട തണുപ്പു കാലാവസ്ഥാ ആഘാതങ്ങൾ ഗ്ലേസിയേഷൻ എന്നും ഇതിനിടയിലുള്ള ഉഷ്ണകാലം ഇന്റർഗ്ലേസിയൽ പിരീഡ് എന്നും അറിയപ്പെടുന്നു. അതിനാൽ നമ്മൾ ഇപ്പോഴും പ്ലിസ്റ്റോസീൻ കാലത്താരംഭിച്ച ഗ്ലേസിയേഷൻ കാലത്താണുള്ളത്. മധ്യയൂറോപ്പിലെ 4 ഗ്ലേസിയേഷനുകൾ ഗുൺസ്, മിന്റൽ, റിസ്സ്, വൂം എന്നിങ്ങനെ അറിയപ്പെടുന്നു. ഇവയ്ക്ക് 3 ഇന്റർ ഗ്ലേസിയേഷനുകളുമുണ്ടായിരുന്നു.



പ്ലൂവിയേഷൻ (അതിവൃഷ്ടി)

പ്ലീസ്റ്റോസീൻ കാലഘട്ടത്തിൽ നാലു ഘട്ടങ്ങളിലായി ആയിരക്കണക്കിന് വർഷം നീണ്ടുനിന്ന മഴയുണ്ടായി. ഇതിൽ ഓരോ ഘട്ടവും പ്ലൂവിയൽ പിരീഡ് എന്നാണറിയപ്പെടുന്നത്. രണ്ടു പ്ലൂവിയൻ കാലഘട്ടത്തിനിടയിൽ ഇന്റർഗ്ലേഷിയൽ പിരീഡ് പോലെ ഇന്റർ പ്ലൂവിയൽ കാലഘട്ടവും ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ താരതമ്യേന മഴ കുറവായിരുന്നു.

വ്യത്യസ്ത ഭൗമകാലഘട്ടങ്ങളിൽ നിലനിന്നിരുന്ന ജീവിവർഗങ്ങളെ കാലഘട്ടങ്ങളിലൂടെ അനുക്രമമായി രേഖപ്പെടുത്തി ഒരു ആൽബം/ഡിജിറ്റൽ ആൽബം നിർമിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. പാറയടരുകളെക്കുറിച്ചു പഠിക്കുന്ന ഭൂവിജ്ഞാനിയശാഖയെ ------ എന്നു പറയുന്നു.
2. ഭൂമിയിൽ സംഭവിക്കുന്ന ഭൗതികവും രസതന്ത്രശാസ്ത്രപരവും ജീവശാസ്ത്രപരവുമായ പ്രക്രിയകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ ------എന്നറിയപ്പെടുന്നു.
3. ഭൂവിജ്ഞാനീയസമയരേഖയിൽ ഏറ്റവും ദൈർഘ്യമേറിയ കാലം --------- എന്നറിയപ്പെടുന്നു.
4. എന്തുകൊണ്ടാണ് മനുഷ്യർ ഹിമയുഗജീവിവർഗം എന്നറിയപ്പെടുന്നത്?

പുരാവസ്തുനരവംശശാസ്ത്രത്തെ സമഗ്രമായി മനസ്സിലാക്കണമെങ്കിൽ ഈ ശാസ്ത്രശാഖയിൽ ഉപയോഗിക്കുന്ന അടിസ്ഥാനപദാവലികളും ആശയങ്ങളും മനസ്സിലാക്കേണ്ടതുണ്ട്. വളരെ വ്യത്യസ്തമായ അർഥത്തിലാണ് പല പദങ്ങളും പുരാവസ്തുശാസ്ത്രത്തിൽ ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് സംസ്കാരം എന്ന ആശയത്തിന് നരവംശശാസ്ത്രത്തിലും പുരാവസ്തുശാസ്ത്രത്തിലും വ്യത്യസ്ത മാനങ്ങളുണ്ട്. ഇത്തരം പദാവലികളും ആശയങ്ങളും ഏതൊക്കെയാണെന്നു പരിശോധിക്കാം.

പുരാവസ്തുശാസ്ത്രം: അടിസ്ഥാനാശയങ്ങൾ
(Basic Concepts in Archeology)

പലതരം പണിയായുധങ്ങൾ (Tools) ഉപയോഗിക്കുന്നവരാണ് മനുഷ്യർ. മനുഷ്യചരിത്രത്തിലെ ആദ്യത്തെ ഉപകരണങ്ങൾ ശിലായുധങ്ങളാണ്. കൃഷി കണ്ടുപിടിച്ചതോടെ ഉപകരണങ്ങളുടെ രൂപവും തരവും മാറി. ആധുനികകാലത്ത് നാനോ സാങ്കേതികവിദ്യ കണ്ടുപിടിച്ചതോടുകൂടി ഉപകരണങ്ങളും ചെറുതാകാൻ തുടങ്ങിയിട്ടുണ്ടല്ലോ.

പുരാവസ്തുശാസ്ത്രത്തിൽ ടൂൾ (Tool) എന്നതും ആർട്ടിഫാക്ട് (Artefact) എന്നതും എന്താണ്? അവ തമ്മിലുള്ള വ്യത്യാസം എന്ത്? പരിശോധിക്കാം.

പണിയായുധം (Tool)



ചിത്രം 4.2 മുഖാമുഖമായി ഉയർത്താവുന്ന കൈവിരലുകൾ പ്രൈമേറ്റുകളുടെ പ്രത്യേകതയാണ്.

മനുഷ്യൻ മാത്രമല്ല ഉപകരണങ്ങൾ ഉപയോഗിക്കുന്ന ജീവിവർഗം, കാലിഫോർണിയയിൽ ചിലയിനം നീർനായ്ക്കൾ കടലിനടിയിൽനിന്നു കല്ലുകൾ പെറുക്കി കല്ലുമ്മക്കായ പോലുള്ളവയുടെ പുറംതോട് പൊട്ടിക്കാൻ ഉപയോഗിക്കുന്നതായി കാണാം. അതുപോലെ ആൾക്കുരങ്ങുകൾ കമ്പുകളുടെ നാരുകളും ഉപയോഗിക്കുന്നു. ഒരു നിശ്ചിത അകലത്തുനിന്ന് ആത്മരക്ഷാർഥം കല്ലെറിയാനും അവയ്ക്കു കഴിയും. പക്ഷേ, ഇവയ്ക്കൊന്നും ഒരു ടൂൾ സ്വയമേവ നിർമിച്ച് ഉപയോഗിക്കാനുള്ള ഉൾക്കാഴ്ചയില്ല. എന്നാൽ മനുഷ്യൻ കൃത്യമായ ഉൾക്കാഴ്ചയോടെയും കൈമിടുക്കോടെയും ബുദ്ധിവൈഭവത്തോടെയും പണിയായുധങ്ങളും ഉപകരണങ്ങളും നിർമിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ മസ്തിഷ്കവളർച്ചയും കൈകളുടെ പരിണാമവും ഉപകരണങ്ങൾ നിർമിച്ചുപയോഗിക്കാനുള്ള കഴിവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഒരു ടൂൾ ഒരു പ്രത്യേക ആവശ്യത്തിനായി ചിന്താപരമായി രൂപകല്പന ചെയ്ത വസ്തുവാണ്. ഉദാഹര



മനുഷ്യന് തള്ളവിരൽ മറ്റു വിരലുകളുമായി സമ്മുഖമാക്കാനുള്ള കഴിവ് ഉള്ളതുകൊണ്ട് ഉപകരണങ്ങൾ മുറുകെ പിടിക്കാൻ സാധിക്കുന്നു. ഇത് പ്രൈമേറ്റുകളുടെ പ്രത്യേകതയാണ്. മനുഷ്യപരിണാമത്തിലെ ഒരു പ്രധാനഘട്ടം മാത്രമല്ല, മനുഷ്യനെ ഇതര ജീവിവർഗങ്ങളിൽനിന്നു വ്യത്യസ്തനാക്കിയതും തള്ളവിരലിന്റെ ഈ പ്രത്യേകതയും അതുപയോഗിച്ച് ഉപകരണങ്ങൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യാനുള്ള ശേഷിയുമാണ്. അതിനാൽ ഉപകരണങ്ങൾ മനുഷ്യജാതിയെ നിർവചിക്കുന്നു. നാമതിന് നന്ദി പറയേണ്ടത് നമ്മുടെ പെരുവിരലിനോടാണ്.

ണത്തിന് കൈക്കോടാലി, അമ്പും വില്ലും തുടങ്ങിയവ പ്രത്യേക ആവശ്യത്തിനായി രൂപകല്പന ചെയ്ത ടൂളുകളാണ്.

പുരാവസ്തു (Artifact)

മനുഷ്യകരവിരുതിനാൽ മാറ്റം വരുത്തിയതോ അല്ലാത്തതോ ആയ ഏതു വസ്തുവും ഒരു ആർട്ടിഫാക്ട് ആകും. പക്ഷേ അതിൽ, ഒരു ഉപയോഗ അടയാളം (use mark) ഉണ്ടായിരിക്കണം. അത് സമ്പൂർണമായും മനുഷ്യരുണ്ടാക്കിയ ടൂൾ ആവണമെന്നില്ല. ഉദാഹരണത്തിന്, ഒരു പ്രതിമ ആർട്ടിഫാക്ട് ആണ്. പക്ഷേ, ടൂൾ അല്ല. എന്നാൽ എല്ലാ ടൂളുകളും ആർട്ടിഫാക്ട് ആണ്. പ്രകൃതിയിൽനിന്നു ലഭിക്കുന്ന ഒരു ശില ആർട്ടിഫാക്ട് ആകുന്നത് അതിൽ മനുഷ്യൻ മാറ്റം വരുത്തുന്നതോടു കൂടിയാണ്. ചുരുക്കത്തിൽ എല്ലാ ആർട്ടിഫാക്ടുകളും ടൂൾ അല്ല. എന്നാൽ എല്ലാ ടൂളുകളും ആർട്ടിഫാക്ടുകളാണ്.



ചിത്രം.4.3. ആധുനികമനുഷ്യന്റെ ഉപകരണങ്ങൾ

പുരാവസ്തു ഇടം (Site)

ടൂളുകളും ആർട്ടിഫാക്ടുകളും കണ്ടുവരുന്ന വിശാലമായ പ്രദേശത്തെയാണ് പുരാവസ്തുശാസ്ത്രത്തിൽ സൈറ്റ് എന്നു പറയുന്നത്.

പുരാവസ്തു കൂട്ടം (Assemblage)

ചരിത്രാതീതകാലത്തെ ധാരാളം ആർട്ടിഫാക്ടുകൾ ഒരു സ്ഥലത്ത് കാണപ്പെടുന്നതിനെയാണ് അസംബ്ലേജ് എന്നു പറയുന്നത്. ഒരു സൈറ്റിൽ ഒരേ നിരപ്പിലായിരിക്കും ഇത് കാണുക.

പണി ആയുധ നിർമിതി (Industry)



ചിത്രം.4.4 കല്ലുകൊണ്ടുള്ള കത്തിയും ലോഹക്കത്തിയും

പണിയായുധനിർമാണപ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഇൻഡസ്ട്രി എന്ന പദം ഉപയോഗിക്കുന്നത്. ഒരേ കാലഘട്ടത്തിലെ പ്രത്യേക സ്ഥലത്തെ ആർട്ടിഫാക്ടുകളുടെ കൂട്ടത്തെയാണ് ഇൻഡസ്ട്രി എന്നു പറയുന്നത്. ചിലപ്പോൾ ഒരു സൈറ്റിൽ ഒന്നിലധികം ഇൻഡസ്ട്രിയുടെ തെളിവുകൾ കണ്ടെന്നുവരാം. ഉദാഹരണത്തിന്, ശിലായുഗങ്ങളുടെ ഒരു ഇൻഡ്സ്ട്രി ശിലായുധനിർമിതി (Stone industry), എല്ലുകൾ കൊണ്ടുണ്ടാക്കിയ ഉപകരണങ്ങളുടെ ഒരു ഇൻഡസ്ട്രി അസ്ഥി ആയുധ നിർമിതി (Bone industry), ലഘുശിലായുഗങ്ങളുടെ ഇൻഡസ്ട്രി ലഘു ശിലായുധ നിർമിതി (Microlithic industry) മുതലായവ.

ആയുധപാരമ്പര്യം (Tool Tradition)

ഒരു പ്രത്യേക കാലഘട്ടത്തിൽ കണ്ടുവരുന്ന ഒരു കൂട്ടം ആയുധങ്ങളാണ് ആയുധപാരമ്പര്യം (Tool tradition) എന്നറിയപ്പെടുന്നത്. ഒരു പ്രത്യേകതരം ആയുധശ്രേണികളിൽ ക്രമാനുഗത മായ വളർച്ചയും മാറ്റംവരുത്തലുകളും നമുക്ക് കാണാൻ കഴിയും. ആയുധപാരമ്പര്യം എന്നത്, അതുകൊണ്ടുതന്നെ ആയുധനിർമാണരീതികൂടിയാണ്. അഷൂലിയൻ എന്നത്, കോർ ടൂൾ പാര മ്പര്യവും ലെവലോഷ്യൻ ഫ്ളേക്ടൂൾ പാരമ്പര്യവും ഓറിഗനേഷ്യൻ ബ്ലേഡ് പാരമ്പര്യവുമാണ്.

സംസ്കാരം (Culture)

സംസ്കാരം എന്നത് പുരാവസ്തുശാസ്ത്രത്തിൽ ഒരു വലിയ കാലഘട്ടത്തിലെ പാരമ്പര്യമാണ്. ഒരേ വിഭാഗം മനുഷ്യരുടെ ആയുധനിർമാണരീതിയും (Industry) ആയുധക്കൂട്ടങ്ങളും (Assemblage) കൂടാതെ കല, ശവസംസ്കാരം, ആചാരമര്യാദകൾ തുടങ്ങി അവരുടെ ജീവിത രീതികളുമൊക്കെ കൂടിച്ചേർന്നതാണ് സംസ്കാരം. ആ അർഥത്തിലാണ് പ്രാചീനശിലായുഗ സംസ്കാരം, മധ്യശിലായുഗസംസ്കാരം, നവീനശിലായുഗസംസ്കാരം എന്നിങ്ങനെ അറിയപ്പെ ടുന്നത്.

സംസ്കാരസഞ്ചയം (Culture complex)

ഒരു പ്രത്യേക ഭൂവിഭാഗത്തിലെ വിവിധ സൈറ്റുകളിൽ കാണപ്പെടുന്ന പ്രത്യേക സംസ്കാരത്തിലെ ഒരു കൂട്ടം ആയുധപാ രമ്പര്യങ്ങളാണ് സംസ്കാരസഞ്ചയം (Cul-ture complex) എന്നറിയപ്പെടുന്നത്. ഉദാ ഹരണത്തിന്, ഇന്ത്യയിലെ സോയൻ സംസ്കാരസഞ്ചയത്തിൽ (Soan Culture complex) വിവിധതരം ആയുധപാരമ്പര്യ ങ്ങൾ - കോർടൂളുകൾ, ഫ്ളേക്ക് ടൂളുകൾ മുതലായവ കാണപ്പെടുന്നുണ്ട്.



ചിത്രം 4.5. ഉപകരണങ്ങളും ആർട്ടിഫാക്ടുകളും കാണപ്പെടുന്ന ഒരു പുരാവസ്തു സൈറ്റ്

പഠനപുരോഗതി വിലയിരുത്താം

1. ടൂൾ, ആർടിഫാക്ട് എന്നിവ ചേർത്ത് ഉചിതമായി പൂരിപ്പിക്കുക.


   എ) എല്ലാം ..... ഉം ടൂൾ അല്ല, എന്നാൽ എല്ലാ ..... ഉം ആർട്ടിഫാക്ടാണ്.

   ബി) ടൂളുകളും ആർടിഫാക്ടുകളും കണ്ടുവരുന്ന സ്ഥലത്തെ ..... എന്ന് പറയുന്നു.

2. അസംബ്ലേജ്, ഇൻഡസ്ട്രി എന്നിവ തമ്മിലുള്ള വ്യത്യാസം എഴുതുക.

3. പുരാവസ്തുശാസ്ത്രത്തിലെയും നരവംശശാസ്ത്രത്തിലെയും സംസ്കാരം എന്ന ആശയത്തെ താരതമ്യം ചെയ്യുക.

മനുഷ്യചരിത്രത്തിലെ സാംസ്കാരപുരോഗതി പഠിക്കാൻ ചരിത്രാതീതകാലം മുതലേയുള്ള ആയുധങ്ങൾ, ആയുധനിർമാണരീതികൾ, പാരമ്പര്യങ്ങൾ എന്നിവ മനസ്സിലാക്കേണ്ടതുണ്ട്. ശിലായുഗത്തിനുശേഷം ആയുധങ്ങൾ നിർമിക്കുന്നതിനുള്ള വസ്തുക്കളും സാങ്കേതികതയും മാറിയിട്ടുണ്ട്. പുരാവസ്തുശാസ്ത്രജ്ഞർ ചരിത്രാതീതകാലഘട്ടത്തെ പഠനസൗകര്യത്തിനായി വിവിധ കാലഘട്ടങ്ങളായി തരംതിരിച്ചിരിക്കുന്നത് പരിശോധിക്കാം. വിവിധ ടൂളുകൾ നിർമിക്കുകയും ഉപയോഗിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ തരംതിരിക്കൽ തിരിച്ചറിയുന്നത്.



ചിത്രം 4.6. ചില ഇയോലിത്തുകൾ

മൂന്നു യുഗങ്ങൾ (Three age system)

ചരിത്രാതീതകാലത്തെ മൂന്നു യുഗങ്ങളായാണ് തരംതിരിച്ചിരിക്കുന്നത്. ഡച്ചുകാരനായ (Danish) സി.ജെ. തോംസൺ എന്ന പുരാവസ്തുശാസ്ത്രജ്ഞൻ ചരിത്രാതീതകാലത്തെ ആദ്യമായി ശിലായുഗം (Stone age), വെങ്കലയുഗം (Bronze age), ഇരുമ്പുയുഗം (Irone age) എന്നിങ്ങനെ മൂന്നായി തിരിക്കുകയുണ്ടായി. ഇത് ശിലായുഗത്തിൽ നിന്നു വെങ്കലയുഗത്തിലൂടെ ഇരുമ്പുയുഗത്തിലേക്കുള്ള ഒരേ രേഖയിലൂടെയുള്ള സാങ്കേതികവിദ്യയുടെ വളർച്ചയും പരിണാമവുമാണ്. ഈ വാദത്തിന് പരിമിതികളുമുണ്ട്. കാരണം, ലോകത്തിൽ എല്ലാ സംസ്കാരത്തിലും ഇത് ഒരേപോലെ ബാധകമാവണമെന്നില്ല. വെങ്കലയുഗത്തിലേക്കു പോകാതെതന്നെ ശിലായുഗത്തിൽനിന്ന് ഇരുമ്പുയുഗത്തിലേക്കു വികസിച്ച സംസ്കാരങ്ങളുമുണ്ട്. മാത്രവുമല്ല, ശിലായുഗസംസ്കാരങ്ങളുമായി ജീവിക്കുന്ന ജനവിഭാഗങ്ങൾ ഇന്നും അപൂർവമായെങ്കിലും കണ്ടേക്കാം. എന്നാൽ പഠനസൗകര്യത്തിന് മേൽപ്പറഞ്ഞ വിഭജനം ഉപകാരപ്രദമാണ്. പിന്നീടാണ് മറ്റൊരു ഡാനിഷ് പുരാവസ്തുശാസ്ത്രജ്ഞനായ വോർസെ ശിലായുഗത്തെ പ്രാചീനശിലായുഗം, മധ്യശിലായുഗം, നവീനശിലായുഗം എന്നീ മൂന്നു യുഗങ്ങളായി വിഭജിക്കുന്നത്. ശിലായുഗത്തെക്കുറിച്ചും ആ കാലഘട്ടത്തിലെ സംസ്കാരത്തെക്കുറിച്ചും നിങ്ങൾ മുൻപ് പഠിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിലെ ആയുധങ്ങൾ, അതിന്റെ നിർമാണരീതികൾ, ഉപയോഗങ്ങൾ, അതുണ്ടാക്കിയ ജീവിതക്രമങ്ങൾ എന്നിവയാണ് നമ്മൾ ഇനി മനസ്സിലാക്കുന്നത്.

ശിലായുഗ ഉദയം – ഇയോലിത്തിക് (Dawn of stone age - Eolithic)

പല മൃഗങ്ങളും ആയുധങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും, മനുഷ്യർ വിവിധതരം ആയുധങ്ങൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നവരാണ്. മാത്രമല്ല, ആയുധങ്ങൾ ഉപയോഗിച്ച്

മറ്റ് ആയുധങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നവരാണ് മനുഷ്യർ. അതുകൊണ്ട് പ്രൈമേറ്റുകളിൽ മനുഷ്യർ അതുല്യരാണ്. മനുഷ്യപൂർവികരായ ഹൊമിനിഡുകളാണ് ആദ്യകാല ആയുധങ്ങൾ നിർമിച്ചവർ. പ്രാചീനശിലായുഗം മുതലാണ് അക്ഷരാർഥത്തിൽ ശിലായുഗം ആരംഭിക്കുന്നതെങ്കിലും, അതിനു മുൻപുള്ള കാലഘട്ടത്തെ പൂർവപ്രാചീനശിലായുഗം (Pre Paleolithic period) എന്ന അർഥത്തിൽ ഇയോലിത്തിക് (Eolithic) അഥവാ ശിലായുഗത്തിന്റെ ഉദയം (Dawn of Stone Age) എന്ന് ചില പുരാവസ്തുശാസ്ത്രജ്ഞർ വിശേഷിപ്പിക്കാറുണ്ട്. പ്രകൃതിയിൽ നിന്ന് കിട്ടുന്ന ശിലകളെ ചെറിയ മാറ്റങ്ങൾ മാത്രം വരുത്തി ഉപയോഗിച്ചിരുന്ന കാലമാണിത്. ചിലപ്പോൾ യാതൊരു മാറ്റവുമില്ലാതെയും ഉപയോഗിച്ചിരിക്കാം. ഗ്രീക്ക് ഭാഷയിൽ ഇയോസ് എന്നാൽ ഉദയം എന്നും ലിത്തോസ് എന്നാൽ ശില എന്നുമാണ് അർഥം. ഇയോലിത്തിക് കാലഘട്ടം നിലനിന്നതിന് യാതൊരു തെളിവുമില്ല. കാരണം, ആ കാലഘട്ടത്തിലെ ഇയോലിത്തുകളോടൊപ്പം യാതൊരുവിധ മനുഷ്യഫോസിലുകളും ലഭ്യമായിട്ടില്ല. പ്ലീസ്റ്റോസീൻ കാലഘട്ടത്തിനു തൊട്ടുമുൻപു പ്ലിയോസിൻ കാലഘട്ടത്തിന് ശേഷമുള്ള കാലഘട്ടത്തിലായിരിക്കണം ഇതെന്ന് അനുമാനിക്കുന്നു. തെളിവുകളുടെ അഭാവമുണ്ടെങ്കിലും ഇയോലിത്തുകൾ മനുഷ്യനിർമിതമാണെങ്കിൽ പ്രാചീനശിലായുഗത്തോടൊപ്പം ചേർക്കണമെന്ന് അഭിപ്രായമുണ്ട്.

പഠനപുരോഗതി വിലയിരുത്താം

1. ഉചിതമായി പൂരിപ്പിക്കുക.

   എ) ചരിത്രാതീതകാലത്തെ മൂന്നു യുഗങ്ങളായി ആദ്യമായി വേർതിരിച്ചത് ---------- ---------- ആണ്.

   ബി) ചരിത്രാതീതകാലഘട്ടത്തിലെ മൂന്നു യുഗങ്ങളിൽ ആദ്യത്തേത് ---------- ഉം അവസാനത്തേത് ---------- ഉം ആണ്.

2. ശിലായുഗത്തിന്റെ ഉദയത്തെ പൂർവശിലായുഗം അഥവാ ഇയോലിത്തിക് എന്നു പറയാമോ? എന്തുകൊണ്ട്?

വ്യത്യസ്തതരങ്ങളിലുള്ള ശിലായുധങ്ങൾ ഉപയോഗിച്ചിരുന്ന ചരിത്രാതീതകാലഘട്ടത്തിലെ പ്രാചീന, മധ്യ, നവീന ശിലായുഗങ്ങളിൽ അവ നിർമിക്കാൻ വ്യത്യസ്ത നിർമാണരീതികളും സാങ്കേതികവിദ്യകളുമാണ് ഉപയോഗിച്ചിരുന്നത്. ഇത്തരം ശിലായുഗനിർമാണത്തിൽ സാങ്കേതികവിദ്യയുടെ ക്രമാനുഗതമായ പുരോഗതിയും പരിണാമവും കാണാം.

വിവിധതരം ശിലായുധങ്ങൾ (Stone Tool Typology)

ശിലായുധങ്ങൾ നിർമിക്കാൻ ഉപയോഗിച്ച സാങ്കേതികതയുടെ അടിസ്ഥാനത്തിൽ കോർടൂളുകൾ, ഫ്ളേക്ക് ടൂളുകൾ, ബ്ലേഡ് ടൂളുകൾ എന്നീ മൂന്നു തരം ശിലായുധങ്ങളെക്കുറിച്ചാണ് ഇനി ചർച്ച ചെയ്യുന്നത്.

1. കോർ ഉപകരണങ്ങൾ (Core Tool)

ഒരു വലിയ പാറക്കഷണം, ഉരുളൻകല്ല്, ചരൽക്കല്ല് എന്നിവയെ ശിലായുധമായി രൂപപ്പെടുത്താൻ അതിൽ നിന്നു ചീളുകൾ അടർത്തിമാറ്റിയാൽ മതി. അതിന് മറ്റൊരു ശിലയുമായി കൂട്ടിയിടിച്ചാൽ മതി. ഇങ്ങനെ അടർത്തി മാറ്റപ്പെടുമ്പോൾ അവശേഷിക്കുന്ന മുഖ്യശിലയാണ് കോർടൂൾ. കോർ ടൂൾ പാരമ്പര്യത്തിൽ അടർത്തിമാറ്റപ്പെടുന്ന ചീളുകളെ(Flake) ആയുധമായി പരിഗണിച്ചിരുന്നില്ല. ലോവർ പാലിയോലിത്തിക് കാലഘട്ടത്തിൽ കോർ ടൂളുകളാണു വ്യാപകമായി ഉപയോഗിച്ചിരുന്നത്.

ഏക അഗ്ര കോർ ഉപകരണങ്ങൾ (Single edged core tools): ഒരു കോർ ടൂളിന്റെ ഒരു ഭാഗത്തെമാത്രം ചീളുകൾ അടർത്തിമാറ്റി വെട്ടുകത്തി (Chopper) പോലെ മാറ്റിയെടുത്തും രണ്ടു ഭാഗത്തെ ചീളുകൾ അടർത്തിമാറ്റി (Chopping tool) നിർമിക്കുന്നതുമാണ് ഇവ.

ദ്വിമുഖ കോർടൂളുകൾ (Bi faced tools): ഒരു കോർ ടൂളിന്റെ മുകൾഭാഗവും കീഴ്ഭാഗവും ചീളുകൾ അടർത്തിമാറ്റി നിർമിക്കുന്നതാണ് ഇവ. ഇവ ചീളുകളിലും (Flakes) നിർമിക്കാം. ലോവർ പാലിയോലിത്തിക്കിലെ കൈക്കോടാലികൾ (Hand axes) പ്രധാനമായും ഇത്തരത്തിലുള്ളവയാണ്.

2. ഫ്ളേക്ക് ഉപകരണങ്ങൾ

കോർ ടൂളുകൾ നിർമിക്കുമ്പോൾ അടർന്നുവീഴുന്ന ചീളുകൾ അക്കാലത്ത് ആയുധങ്ങളായി ഉപയോഗിച്ചിരുന്നില്ല. എന്നാൽ ഇത്തരം ഫ്ളേക്കുകളും പിൽക്കാലത്ത് ആയുധങ്ങളായി ഉപയോഗിച്ചുതുടങ്ങി.

3. ബ്ലേഡ് ഉപകരണങ്ങൾ

നല്ല നീളമുള്ള, വളരെ മൂർച്ചയേറിയ ഫ്ളേക്കുകളാണ് ബ്ലേഡ് ടൂളുകൾ. നന്നായി തയാർ ചെയ്ത മുഖ്യശിലകളിൽ നിന്നാണ് ഇത്തരം ടൂളുകൾ തയാറാക്കുന്നത്. ബ്ലേഡ് ടൂളുകൾ അതിന്റെ വീതിയേക്കാൾ ഇരട്ടി നീളമുള്ളതായിരിക്കും.



ആർട്ടിഫാക്ടുകളോ, ജിയോഫാക്ടുകളോ?
ഒരു വലിയ അബദ്ധം

1960കളുടെ അവസാനത്തിൽ ലൂയീസ് ലീക്കി എന്ന ആദ്യകാല പാലിയോ നരവംശശാസ്ത്രജ്ഞൻ കാലിഫോർണിയയിലെ കാലക്കോ കുന്നുകളിൽ ധാരാളം മനുഷ്യായുധങ്ങളുണ്ടെന്ന് അവകാശപ്പെട്ടു. എന്നാൽ വടക്കേ അമേരിക്കയിൽ ഇക്കാലത്ത് മനുഷ്യന്റെ അവശിഷ്ടങ്ങൾ ലഭിക്കാത്തതിനാൽ ഇത് വിശ്വസനീയമായിരുന്നില്ല. തുടർന്ന് ഒരു കൂട്ടം പാലിയോ നരവംശശാസ്ത്രജ്ഞർ സ്ഥലം പരിശോധിച്ചപ്പോൾ ടൂളുകൾ എന്ന് പറഞ്ഞവയെല്ലാം, പ്രകൃതിവസ്തുക്കളായിരുന്നെന്നും മനുഷ്യനുണ്ടാക്കിയതല്ല എന്നും മനസ്സിലാക്കി.

സ്രോതസ്സ് - വാൻസ് ഹൈൻസ്

പഠനപുരോഗതി വിലയിരുത്താം

1. ഫ്ളേക്ക്, കോർ, ബ്ലേഡ് എന്നീ പദങ്ങൾ ഉപയോഗിച്ച് പൂരിപ്പിക്കുക.
   എ) ശിലായുധങ്ങൾ —, —, — എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.
   ബി) കൈക്കോടാലികൾ —— ടൂൾ ആണ്.
2. ഫ്ളേക്ക് ടൂളുകളുടെ അടിസ്ഥാനം കോർ ആണ്. എങ്ങനെ?
3. ഫ്ളേക്ക് ടൂളുകളും ബ്ലേഡ് ടൂളുകളും തമ്മിലുള്ള വ്യത്യാസമെന്ത്?

പണിയായുധനിർമാണസാങ്കേതികത (Tool technology)

പ്രധാനമായും നാലുതരം ശിലായുധനിർമാണരീതികളാണ് നിലനിന്നിരുന്നത്. നേരിട്ട് ശിലകൾ കൂട്ടിമുട്ടിച്ച് (Direct percussion), പരോക്ഷമായി കൂട്ടിയിടിച്ച് (Indirect percussion), നിയന്ത്രിതമായി കൂട്ടിയിടിച്ച് (Controlled percussion), ഉരച്ചു മിനുക്കി (Grinding and Poishing) എന്നീ നിർമാണരീതികളാണവ.

എ) നേരിട്ട് ഇടിക്കുന്ന രീതി (Direct percussion or block on block method)

മൂന്നു തരത്തിൽ ശിലകൾ നേരിട്ട് ഇടിച്ച് ആയുധങ്ങൾ ഉണ്ടാക്കുന്ന രീതി നിലവിലുണ്ടായിരുന്നു. ഒരു ഉറപ്പിച്ച അടിക്കല്ലിൽ (anvil) ഒരു മുഖ്യശില (core) ഇടിച്ച് ആയുധമുണ്ടാക്കുന്ന രീതിയാണ് അൻവിൽ സ്റ്റോൺ ടെക്നിക്ക് (Anvil-stone technique). ഒരു കൈയിൽ ആയുധമാക്കി മാറ്റേണ്ട ശില പിടിച്ച് മറ്റൊരു ശില ചുറ്റികപോലെ ഇടിച്ച് ആയുധമുണ്ടാക്കുന്ന രീതിയാണ് സ്റ്റോൺ ഹാമർ ടെക്നിക്ക് (Stone hammer technique). ഇതിന്റെ വികസിതരൂപമായി വളരെ കൈമിടുക്കോടെ ശക്തമായി ഇടിച്ച് ആയുധമുണ്ടാക്കുന്ന രീതി, സിലിണ്ടർ ഹാമർ ടെക്നിക്ക് (Cylender-hammer technique) എന്നിവയാണ് നേരിട്ട് ശിലകൾ തമ്മിൽ ഇടിച്ച് ആയുധമുണ്ടാക്കുന്ന രീതികൾ.



ചിത്രം.4.7 നേരിട്ട് ഇടിക്കുന്ന രീതി


ബി) പരോക്ഷമായി ഇടിക്കുന്ന രീതി (Indirct percussion method)

ഉളിപോലുള്ള ഒരായുധം ഇടയ്ക്ക് വച്ച് മറ്റൊരു ശില ഉപയോഗിച്ച് ഇടിച്ച് കോറിൽനിന്നു ഫ്ളേക്കുകളെ അടർത്തിമാറ്റുന്ന രീതിയാണിത്. വളരെയധികം കൈനിയന്ത്രണം ഇതിന് ആവശ്യമാണ്. ഈ രീതി വഴി ധാരാളം ഫ്ളേക്കുകളും ബ്ലേഡുകളും നിർമിക്കാനാവുമെന്നതിനാൽ ശിലായുഗ

ത്തിലെ ആയുധനിർമാതാക്കൾ ധാരാളമായി ഈ രീതി അവലംബിച്ചിരുന്നുവെന്നു കരുതുന്നു. ശക്തമായ ഇടികൊണ്ട് ആയുധങ്ങൾ നിർമിക്കുന്നതിനാൽ പഞ്ചിങ് രീതി എന്നും ധാരാളം ഫ്ളേക്കുകളും ബ്ലേഡുകളും നിർമിച്ച് അവസാനം മുഖ്യശിലയിൽ ധാരാളം ചാലുകളുണ്ടാക്കുന്നതുകൊണ്ട് ഫ്ളൂട്ടിങ് രീതി (Fluting technique) എന്നും ഇതറിയപ്പെടുന്നുണ്ട്.

സി) നിയന്ത്രിതമായി കൂട്ടിയിടിക്കുന്ന രീതി (Controlled Percussion Method)


ക്ഷമയും വൈദഗ്ധ്യവും ആവശ്യമുള്ള രീതിയാണിത്. ശിലകൊണ്ടോ അസ്ഥികൾകൊണ്ടോ ഉള്ള ഒരു ഉപകരണമുപയോഗിച്ച് ചെറിയ അടരുകളെ അടർത്തിമാറ്റി മൂർച്ചയേറിയ ഉപകരണങ്ങൾ ഉണ്ടാക്കുന്ന രീതിയാണിത്. ഉപകരണങ്ങളെ ചെത്തിമിനുക്കി മൂർച്ച കൂട്ടാനും ഈ രീതി ഉപയോഗിച്ചിരുന്നു.



ചിത്രം 4.8 പരോക്ഷമായി ഇടിക്കുന്ന രീതി

ഡി) ഉരച്ചുമിനുക്കൽരീതി (Grinding and Polishing Method)

മഴുപോലുള്ള മുറിക്കുന്ന ഭാഗത്തിന് മൂർച്ചകൂട്ടാനാണ് ഉരച്ചു മിനുക്കി മൂർച്ചകൂട്ടുന്ന രീതി അവലംബിക്കുന്നത്. നവീനശിലായുഗത്തിൽ തോണികളുടെയും വീടുകളുടെയും നിർമാണത്തിനുള്ള മരങ്ങൾ മുറിക്കാനുള്ള ആയുധങ്ങൾ നിർമിക്കാനാണ് ഈ രീതി ഉപയോഗിച്ചത്. ശിലായുധങ്ങൾ നിർമിച്ചശേഷം വരുന്ന ഭാഗങ്ങളെ , വലിയ കല്ലുകളിലുരച്ച് മൂർച്ച കൂട്ടുന്ന രീതിയും നവീന ശിലായുഗത്തിൽ ആരംഭിച്ചിരുന്നു.



ചിത്രം.4.9. മർദ്ദമുപയോഗിച്ചുള്ള രണ്ട് ഫ്ളേക്കിങ് രീതികൾ- മരക്കൊമ്പ്, മാൻകൊമ്പ് എന്നിവ ഉപയോഗിച്ച് മർദ്ദമുണ്ടാക്കി ചെറിയ ചീളുകളാക്കുന്നു.

പഠനപുരോഗതി വിലയിരുത്താം

1. ചരിത്രാതീതകാലത്തെ ആയുധനിർമാണ സാങ്കേതികവിദ്യയെ നാലായി തരംതിരിക്കാം അവ

   എ) ..... കൂട്ടിയിടിരീതി. ബി) നേരിട്ടല്ലാതെയുള്ള..... രീതി

   സി) ..... കൂട്ടിയിടിരീതി ഡി) ..... രീതി

2. അടിക്കല്ലിൽ ഇടിച്ചും ശില ചുറ്റികപോലെ ഇടിച്ചും കൈമിടുക്കോടെ ശക്തമായി ഇടിച്ചും ശിലായുധങ്ങൾ ഉണ്ടാക്കുന്ന രീതിയെ..... എന്നു പറയുന്നു.

3. ശിലായുധങ്ങളായ കൽമഴു, കൽക്കോടാലി മുതലായവ ഉരച്ചു മിനുക്കി മൂർച്ചകൂട്ടുന്ന രീതി ..... ശിലായുഗത്തിലാണ് ആരംഭിച്ചത്.

4. ഉരച്ചുമിനുക്കിയ ശിലായുധനിർമാണം ..... യുഗത്തിലാണാരംഭിക്കുന്നത്.

5. താഴെക്കൊടുക്കുന്ന വിവരണങ്ങളിൽനിന്നു ശിലായുധനിർമാണരീതി കണ്ടെത്തുക.

   എ) ശിലകൊണ്ടോ അസ്ഥികൾകൊണ്ടോ ഉള്ള ഉപകരണത്താൽ ചെറിയ അടരുകളെ അടർത്തിമാറ്റി മൂർച്ചയേറിയ ശിലാ ഉപകരണങ്ങൾ ഉണ്ടാക്കുന്ന രീതി.

   ബി) ഉളി പോലുള്ള ഒരായുധം ഇടയ്ക്ക് വെച്ച് മറ്റൊരു ശിലയുപയോഗിച്ച് ഇടിച്ച് അടരുകളെ അടർത്തിമാറ്റിയുള്ള ശിലായുധനിർമാണരീതി.

ഒരു സാധാരണ കല്ലും ശിലായുധവും വേർതിരിച്ച് മനസ്സിലാക്കുന്നതെങ്ങനെ? (How do you differentiate an ordinary rock from a stone tool)

പ്രകൃത്യാതന്നെ പാറക്കല്ലുകൾ കൂട്ടിമുട്ടിയോ നീരൊഴുക്കിൽപ്പെട്ട് കുത്തനെ താഴോട്ടു പതിക്കുമ്പോഴോ ചീളുകൾ അടർന്നുമാറി ശിലായുധംപോലെ ഒന്ന് രൂപപ്പെടാം. ഇതിൽനിന്നു മനുഷ്യനിർമിതമായ ശിലായുധത്തെ വേർതിരിച്ച് മനസ്സിലാക്കാൻ മൂന്ന് പ്രത്യേകതകൾ പരിശോധിച്ചാൽ മതി. അതായത് ഒരു സാധാരണശിലയും മനുഷ്യനിർമിതശിലായുധവും തമ്മിൽ മൂന്നു കാര്യത്തിൽ വ്യത്യാസമുണ്ട്.

1. ഏറ്റവും നല്ല ശിലകളാണ് ശിലായുധനിർമാണത്തിന് മനുഷ്യർ തിരഞ്ഞെടുത്ത് ഉപയോഗിച്ചിരുന്നത്. ഉചിതമായ രീതിയിൽ ചീളുകൾ അടർത്തിമാറ്റി ഈടുനിൽക്കുന്ന ശിലായുധങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ശിലകളാണ് ഇവ.

2. ശിലായുധം ഇരുഭാഗത്തുനിന്നുമുള്ള ചീളുകൾ അടർത്തിമാറ്റി മൂർച്ചയേറിയ ഒരു ഭാഗം രൂപപ്പെടുത്തിയിരിക്കുന്നു. ഇതിനെ ദ്വിതല ഫ്ളേക്കിങ്(Bilateral flaking)എന്നാണ് പറയുന്നത്. എന്നാൽ, പ്രകൃത്യാ രൂപപ്പെടുന്ന ശിലായുധസദൃശമായ ശിലകളിൽ ഏകതല ഫ്ളേക്കിങ് മാത്രമേ കാണുകയുള്ളൂ.

3. മിനുക്കുപണി തീർത്ത രൂപത്തിലായിരിക്കും ശിലായുധങ്ങൾ നിർമിച്ചിട്ടുണ്ടായിരിക്കുക. ഇതിനായി ചെറിയ ചീളുകൾ അടർത്തിമാറ്റി ഒന്നുകൂടി മൂർച്ച കൂട്ടിയിട്ടുണ്ടാവും.

ഇതുകൂടാതെ പുരാവസ്തുശാസ്ത്രജ്ഞർ ശിലായുധം ലഭിക്കുന്ന സ്ഥലത്തിന്റെ പശ്ചാത്തലം കൂടി പരിശോധനയ്ക്കു വിധേയമാക്കും. ശിലായുധങ്ങളെക്കുറിച്ചുള്ള അറിവ് സമഗ്രമാവണമെങ്കിൽ വിവിധ ശിലായുധ പാരമ്പര്യങ്ങളെക്കുറിച്ചുകൂടി മനസ്സിലാക്കേണ്ടതുണ്ട്.


ശിലായുധപാരമ്പര്യം (Stone tool tradition)

ശിലായുഗത്തിലെ ശിലായുധനിർമാണത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും നാലു തരം പാരമ്പര്യങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവ വെട്ടുകത്തി വെട്ടിയുണ്ടാക്കുന്ന ശൈലി (Chopper chopping tradition), കൈക്കോടാലി പാരമ്പര്യം (Hand axe tradition), ഫ്ളേക്ക് പാരമ്പര്യം (Flake tradition), ബ്ലേഡ് പാരമ്പര്യം (Blade tradition) എന്നിവയാണ്.

1. വെട്ടുകത്തി വെട്ടിയുണ്ടാക്കുന്ന പാരമ്പര്യം (Chopper- Chopping tradition)

അവസാന പ്ലീസ്റ്റോസീൻ കാലഘട്ടത്തിൽ ഏഷ്യയിൽ നിലനിന്നിരുന്ന ചില ശിലായുധപാരമ്പര്യങ്ങൾ വെട്ടുകത്തി വെട്ടിയുണ്ടാക്കുന്ന പാരമ്പര്യമായിരുന്നു. ശിലയുടെ ഇരുമുഖവും മൂർച്ച പ്പെടുത്തിയ ആയുധങ്ങളായിരുന്നു ഇവ. എന്നാൽ പിൽക്കാലത്ത് നിലവിൽവന്ന കൈക്കോടാലി പോലെ ശിലയുടെ മുഴുവൻ ഭാഗങ്ങളും വിദഗ്ധമായി പണിചെയ്തിരുന്നില്ല. വെട്ടുകത്തിയുടെ മുറിക്കുന്ന ഭാഗം നേരെയുള്ളതായിരുന്നില്ല. ഇത് അൽപ്പം വളഞ്ഞതോ ഒരു വലിയ ശിലയിൽ നിന്ന് അടർത്തിയെടുത്ത രൂപത്തിലുള്ളതോ ആയിരുന്നു.

2. കൈക്കോടാലിപാരമ്പര്യം (Hand axe tradition)




ചിത്രം.4.10. വിവിധതരത്തിലുള്ള കൈക്കോടാലികൾ

കൈക്കോടാലിപാരമ്പര്യത്തിൽ മൂന്നുതരം ആയുധങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവ പൂർവഷീലിയൻ (Pre chellian), ഷീലിയൻ അഥവാ അബവെല്യൻ (Chellian or Abbevellian), അഷൂലിയാൻ (Acheulian) എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്.

എ) പൂർവഷീലിയൻ (Pre chellian) സംസ്കാരം

ശിലാനിർമിത കൈക്കോടാലികളിൽ ഏറ്റവും പുരാതനമായ ആയുധങ്ങൾ ഇംഗ്ലണ്ടിലെ ക്രോമർ കാടുകളിൽ നിന്നാണ് കണ്ടെത്തിയത്. 1904-ൽ ഇവയെ വി. കൊമണ്ട് (V.Commont) പൂർവഷീലിയൻ എന്നു വിളിക്കുകയുണ്ടായി. വളരെ പ്രാകൃതമായ കൈക്കോടാലികളും ഡിസ്കുകളും ചുരണ്ടികളും (Scrapeers) ചീളുകൾ മാറ്റിയ നിലയിലുള്ള വെട്ടുകത്തികളും ഈയിനത്തിൽ ലഭിച്ചിട്ടുണ്ട്. ആദ്യകാല പ്ലീസ്റ്റോസീൻ കാലത്തിലെ ഈ ശിലായുധങ്ങൾ പടിഞ്ഞാറൻ യൂറോപ്പിലും ആഫ്രിക്കയിലുമാണ് കണ്ടെത്തിയത്. ആരാണ് ഇത്തരം ആയുധങ്ങളുടെ നിർമാതാക്കളെന്ന് വ്യക്തമല്ലെങ്കിലും ചില പുരാവസ്തുശാസ്ത്രജ്ഞർ അവകാശപ്പെടുന്നത് ഇത് ആസ്ട്രലോപിത്തസീനുകളുടെ സംഭാവനയാണെന്നാണ്.

ബി) ഷീലിയൻ അഥവാ അബ്വിവെല്യൻ (Chellian or Abbevellion) സംസ്കാരം



ചിത്രം 4.11. അറേബ്യൻ രീതിയിലുള്ള കൈക്കോടാലികൾ

വടക്കൻ ഫ്രാൻസിലെ ഷീൽസ്, അബവെല്ല എന്നീ സൈറ്റുകളിൽനിന്നു ലഭിച്ച ദ്വിമുഖ കോർ ശിലായുധങ്ങളാണ് ഇവ. ലോവർ പാലിയോലിത്തിക് കാലഘട്ടത്തിലെ ഇത്തരം കൈക്കോടാലികൾ ഉറപ്പിച്ച അടിക്കല്ലിലോ ചുറ്റികപോലെയുള്ള ഒരു ശിലകൊണ്ടോ നേരിട്ട് കൂട്ടിയിടിച്ചാണ് ഉണ്ടാക്കിയിരുന്നത്. കൈക്കോടാലികൾക്കു പുറമെ ഫ്ളേക്ക് ചെയ്തുണ്ടാക്കിയ കത്തികളും ഈ കാലഘട്ടത്തിലേതായുണ്ട്. ആദ്യത്തെ ദ്വിമുഖപാരമ്പര്യത്തിൽപ്പെട്ട ആയുധങ്ങളാണിവ.

സി) അഷ്യൂലിയൻ സംസ്കാരം (Acheulian Culture)

പ്രാചീനശിലായുഗത്തിൽ ഏറെക്കാലം നീണ്ടു നിന്നിരുന്ന ശിലായുധപാരമ്പര്യമാണ് മധ്യപ്ലീസ്റ്റോസീൻ കാലഘട്ടത്തിലെ അഷ്യൂലിയൻ സംസ്കാരം. ഫ്രാൻസിലെ സെന്റ് അഷ്യൂൽ എന്ന സ്ഥലത്തുനിന്നാണ് ഈ പാരമ്പര്യത്തിൽപ്പെട്ട ആയുധങ്ങൾ മുഖ്യമായും കണ്ടെടുത്തിട്ടുള്ളത്. ദ്വിമുഖ കോർ ടൂൾ പാരമ്പര്യമായ അഷ്യൂലിയൻ ആയുധപാരമ്പര്യത്തെ ആദ്യ (lower), മധ്യ (middle), ഉപരി (upper) കാലഘട്ടങ്ങളായി വേർതിരിച്ചിട്ടുണ്ട്. അഷ്യൂലിയൻ ലെവലോഷ്യൻ കോംപ്ലക്സുകൾ ലോവർ, മിഡിൽ പ്രാചീനശിലായുഗങ്ങളിലായി, ആഫ്രിക്കയിലും ഏഷ്യയിലും കാണപ്പെട്ടിട്ടുണ്ട്.



ചിത്രം.4.12. അഷ്യൂലിയൻ കൈമഴു

3. ഫ്ളേക്ക് പാരമ്പര്യം (Flake Tradition)


മധ്യപ്രാചീനശിലായുഗത്തിലെ സുപ്രധാന ശിലായുധപാരമ്പര്യമായ ഫ്ളേക്ക് ശൈലി ക്ലാക്ടോണിയൻ, ലെവലോഷ്യൻ, മുസ്റ്റീരിയൻ എന്നീ മൂന്നു സംസ്കാരങ്ങൾ ഉൾപ്പെട്ടതാണ്. ഇതിൽ ക്ലാക്ടോണിയൻ ആദ്യകാല പ്രാചീനശിലായുഗത്തിലും മറ്റു രണ്ടെണ്ണം മധ്യപ്രാചീനശിലായുഗത്തിലുമാണ് നിലനിന്നിരുന്നത്.



ചിത്രം.4.13. ക്ലാക്ടോണിയൻ ഉപകരണങ്ങൾ

എ). ക്ലാക്ടോണിയൻ സംസ്കാരം (Clactonian Culture)

ക്ലാക്ടോണിയൻ സംസ്കാരമാണ് ആദ്യത്തെ ഫ്ളേക്ക് ആയുധസംസ്കാരം. ഇംഗ്ലണ്ടിലെ ക്ലാക്ടോൺ-ഓൺ-സീ എന്ന സ്ഥലവുമായി ബന്ധപ്പെട്ടാണ് ഈ പേരു ലഭിക്കുന്നത്. ക്ലാക്ടോണിയൻ ആയുധങ്ങളോടൊപ്പം ചില കോർ ടൂളുകളും ലഭ്യമായിട്ടുണ്ട്. കൈക്കോടാലികളുടെ നിർമാതാക്കൾ ഉപോൽപ്പന്നമായി ക്ലാക്ടോണിയൻ പ്രത്യേകതകളുള്ള ആയുധങ്ങൾ നിർമിച്ചിരുന്നു. എന്നാൽ യഥാർഥ ക്ലാക്ടോണിയൻ പ്രത്യേകതകളുള്ള ഫ്ളേക്ക് ആയുധങ്ങൾ പടിഞ്ഞാറൻ യൂറോപ്പ്, ആഫ്രിക്ക, ഇന്ത്യ ഉൾപ്പെടെയുള്ള തെക്കുപടിഞ്ഞാറൻ ഏഷ്യ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ലഭിച്ചിരുന്നു. ലോവർ പ്ലീസ്റ്റോസീൻ കാലഘട്ടത്തിലെ വെട്ടുകത്തി ഉണ്ടാക്കുന്ന ശിലകളിൽ നിന്നുമാണ് ഇവ നിർമിച്ചിരുന്നത്. ഏത് മനുഷ്യവിഭാഗമാണ് ഇവ ഉപയോഗിച്ചിരുന്നതെന്ന് വ്യക്തമല്ലെങ്കിലും നിയാണ്ടർതാലുകളായിരിക്കണം ഇവയുടെ നിർമാതാക്കളെന്നു കരുതപ്പെടുന്നു.



ചിത്രം 4.14. ലെവലോഷ്യൻ ഉപകരണങ്ങൾ

ബി) ലെവലോഷ്യൻ സംസ്കാരം (Levelloisian Culture)

ഫ്രാൻസിലെ ലെവലോസ്-പെരറ്റ് എന്ന സ്ഥലവുമായി ബന്ധപ്പെട്ടാണ് ഈ പേരു ലഭിച്ചത്. ഇതിന്റെ നിർമാണരീതി വളരെ വ്യത്യസ്തമാണ്. ആമയുടെ പുറന്തോട് പോലെയുള്ള കോർ ആദ്യം നിർമിക്കുകയാണ് ചെയ്യുന്നത്. ഇതിൽനിന്നു ഫ്ളേക്കുകൾ അടർത്തിമാറ്റുന്നു. നേരിട്ടുള്ള ഇടിയിലൂടെ ഫ്ളേക്കുകളെ ശ്രദ്ധാപൂർവം അടർത്തിമാറ്റുകയാണ് ഈ ശൈലിയിൽ ചെയ്യുന്നത്.

സി) മുസ്റ്റീരിയൻ സംസ്കാരം (Mousterian Culture)


മധ്യപ്രാചീനശിലായുഗത്തിലെ ആയുധസംസ്കാരമാണ് മുസ്റ്റീരിയൻ. ശിലായുഗങ്ങളുടെ തരത്തിലാണ് ലോവർ, മിഡിൽ പ്രാചീനശിലായുധങ്ങൾ തമ്മിലുള്ള വ്യത്യാസം - ലോവർ പാലിയോലിത്തിക് കാലഘട്ടത്തിൽ കൈക്കോടാലികൾ പോലുള്ള കോർ ടൂളുകളാണു നിലനിന്നിരുന്നതെങ്കിൽ, മിഡിൽ പാലിയോലിത്തിക് കാലഘട്ടത്തിൽ ആയുധങ്ങൾ മുഴുവനായും ഫ്ളേക്ക് ആയി മാറ്റപ്പെട്ടു. ഫ്രാൻസിലെ ലെ-മുസ്റ്റിയർ (Le-Muster) ഗുഹകളിൽ നിന്നും കണ്ടെടുത്തതിനാലാണ് ഇവയ്ക്ക് മുസ്റ്റീരിയൻ എന്ന പേരു ലഭിച്ചത്.



ചിത്രം 4.15. മുസ്റ്റിരിയൻ ഉപകരണങ്ങൾ

4. ബ്ലേഡ് പാരമ്പര്യം (Blade Tradition)

ഉപരിപ്രാചീന ശിലായുഗത്തിലെ (Upper Paleolithic) നാലു പ്രധാന ആയുധസംസ്കാരങ്ങൾ ഉൾപ്പെടുന്നതാണ് ബ്ലേഡ് ആയുധസംസ്കാരം. അവ പെരിഗോർഡിയൻ, ഓറിഗ്നേഷ്യൻ, സൊലൂട്രിയൻ, മഗ്ദലേനിയൻ എന്നിവയാണ്.




ചിത്രം .4.16. ബ്ലേഡ് നിർമാണം.

ഉപരി പ്രാചീനശിലായുഗത്തിൽ കല്ല് അടർത്തി യെടുക്കുന്നതിനുള്ള തട്ട് രൂപപ്പെടുത്തുന്നു. പിന്നീട് നീണ്ട സമാന്തര പാർശ്വങ്ങളുള്ളതും മൂർച്ചയുള്ളതുമായ ചീളുകൾ ചുറ്റിലും നിന്ന് അടർത്തിയെടുക്കുന്നു.

എ) പെരിഗോർഡിയൻ സംസ്കാരം (Perigordian culture)

ഫ്രാൻസിലെ പെരിഗോർഡ് എന്ന സ്ഥലവുമായി ബന്ധപ്പെട്ടാണ് ഈ പേരു ലഭിച്ചത്. മൂർച്ചയേറിയ വായ്ത്തലയോടുകൂടിയ ഫ്ളേക്കുകളാണ് ബ്ലേഡുകൾ. ഇവ കത്തിയായി പ്രാചീനവേട്ടക്കാർ ഉപയോഗിച്ചിരിക്കാം. വലിയ വളഞ്ഞ മുനകളോടുകൂടിയ ചാറ്റൽ പെറോണിയൻ മുനകളും (Chatal perronean points) നേരെയുള്ള ഗ്രാവേ



ചിത്രം. 4.17. പെരിഗോഡിയൻ ഉപകരണങ്ങൾ

ഷ്യൻ മുനകളും യഥാക്രമം ലോവർ പെരിഗോർഡിയൻ, അപ്പർ പെരിഗോർഡിയൻ സംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്ന ആയുധങ്ങളാണ്. ഇവയൊക്കെ പിൽക്കാല പ്ലീസ്റ്റോസീൻ കാലഘട്ടത്തിൽ നിലനിന്ന ആയുധങ്ങളാണ്.


ബി) ഓറിഗ്നേഷ്യൻ സംസ്കാരം (Aurignacian Culture)

തെക്കൻ ഫ്രാൻസിലെ ഓറിഗ്നാഗ് ഗുഹകളിൽ നിന്നു കണ്ടെടുത്ത ആയുധങ്ങളുടെ പേരിലാണ് ഇതറിയപ്പെടുന്നത്. എല്ലുകൾ ആയുധങ്ങളായി ഈ കാലഘട്ടത്തിൽ ധാരാളം ഉപയോഗിച്ചിരുന്നു. കുന്തങ്ങളുടെ മുന, ഉളികൾ, ദ്വാരങ്ങൾ ഉണ്ടാക്കുന്ന കൂർത്തഉളികൾ, അമ്പുകൾ എന്നിവയുണ്ടാക്കാനൊക്കെ എല്ലുകൾ വ്യാപകമായി ഈ കാലഘട്ടത്തിൽ ഉപയോഗപ്പെടുത്തുകയുണ്ടായി. ഇവ അപ്പർ പ്ലീസ്റ്റോസീൻ കാലഘട്ടത്തിൽ ക്രോമാഗ്നൻ മനുഷ്യർ ഉപയോഗിച്ചിരുന്നു എന്ന് അനുമാനിക്കാം. യൂറോപ്പിൽ മുഴുവൻ വ്യാപിച്ച ഈ സംസ്കാരം ഇന്ത്യയിലും ആഫ്രിക്കയിലും നിലനിന്നിരുന്നതായി തെളിവുണ്ട്.

സി) സൊലൂട്രിയൻ സംസ്കാരം (Solutrian Culture)


ഫ്രാൻസിലെ സൊലൂട്രെ എന്ന സ്ഥലത്തുനിന്നു ലഭിച്ച ആയുധങ്ങളുടെ പേരിലാണ് ഇത് അറിയപ്പെടുന്നത്. കനം കുറഞ്ഞ ആയുധങ്ങളാണ് സൊലൂട്രിയൻ ബ്ലേഡുകൾ. കുന്തമുനകൾ, ചുരണ്ടികൾ, ചിരവകൾ എന്നിവയോടൊപ്പം എല്ലുകൊണ്ടുള്ള ആയുധങ്ങളും ഈ സംസ്കാരത്തിന്റെ ശേഷിപ്പുകളാണ്. ക്രോമാഗ്നൻ മനുഷ്യരാണ് ഈ ആയുധങ്ങളുടെ നിർമാതാക്കൾ. ഈ സംസ്കാരം മധ്യയൂറോപ്പിൽ മാത്രം ഒതുങ്ങിനിന്നു എന്നു വേണം കരുതാൻ.

ഡി) മഗ്ദലേനിയൻ സംസ്കാരം (Magdellanean Culture)




ചിത്രം. 4.19. സൊലൂട്രിയൻ ഉപകരണങ്ങൾ

ഫ്രാൻസിലെ മഗ്ദലെൻ ഗുഹകളിൽ നിന്നാണ് ഈ പേരുണ്ടായത്. പ്രാചീന ശിലായുഗത്തിന്റെ അവസാനഘട്ടത്തിലെ സംസ്കാരമാണ് മഗ്ദലേനിയൻ. കൊമ്പുകൾകൊണ്ടും എല്ലുകൾ കൊണ്ടുമുള്ള ആയുധങ്ങളാൽ സമ്പന്നമാണ് ഈ കാലഘട്ടം. ചുരണ്ടിത്തലകൾ, ചൂണ്ടക്കൊളുത്തുകൾ, ചാട്ടുളികൾ, ചുറ്റികകൾ എന്നിവയൊക്കെ ഈ കാലഘട്ടത്തിലെ ആയുധങ്ങളാണ്. പ്ലീസ്റ്റോസിൻ കാലഘട്ടത്തിന്റെ അവസാനകാലമാണ് ഈ സാംസ്കാരികകാലഘട്ടം. അപ്പർ പാലിയോലിത്തിക് ശൈലി അതിന്റെ ഉച്ചസ്ഥായിയിൽ എത്തിയത് ഈ കാലഘട്ടത്തിലാണ്. മഗ്ദലേനിയൻ സംസ്കാരത്തിന്റെ ഉപജ്ഞാതാക്കൾ ചാൻസലേഡ് മനുഷ്യരാണെന്നു കരുതപ്പെടുന്നു.



ചിത്രം.4.20. മഗ്ദലേനിയൻ ഉപകരണങ്ങൾ

കോർ, ഫ്ളേക്ക്, ബ്ലേഡ് ശിലായുധങ്ങളുടെ ചിത്രം വരച്ച് കുറിപ്പു സഹിതമുള്ള ഒരു ആൽബം തയാറാക്കുക.



പഠനപുരോഗതി വിലയിരുത്താം

1. ഒരു സാധാരണ കല്ലും ശിലായുധവും തമ്മിൽ എങ്ങനെ വേർതിരിച്ചറിയാം?

   രണ്ട് അരുകുകളിലുമുള്ള ഫ്ളേക്കിങ് (Bilateral flaking)എന്താണ്?

V. ശിലായുഗജീവിതവും സംസ്കാരവും (Life and Culture in Stone Age)

1. പ്രാചീനശിലായുഗം (Palaeolithic period)

ചരിത്രാതീതകാലഘട്ടത്തിലെ ആദ്യ സംസ്കാരമാണ് പ്രാചീനശിലായുഗം. ഗ്രീക്ക് ഭാഷയിൽ പാലിയോസ് (Palios) എന്നാൽ പ്രാചീനം എന്നും ലിത്തോസ് (lithos) എന്നാൽ ശില എന്നുമാണർഥം. അങ്ങനെയാണ് പ്രാചീനശിലായുഗം എന്ന പേരു വന്നത്. പ്രാചീനശിലായുഗത്തെ ആദി പ്രാചീനശിലായുഗം (Lower paleolithic), മധ്യ പ്രാചീനശിലായുഗം (Middlepaleolithic), ഉപരിപ്രാചീനശിലായുഗം (Upper paleolithic) എന്നീ മൂന്നു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. പ്രാചീനശിലായുഗഘട്ടങ്ങൾ ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലുമെല്ലാം വ്യത്യസ്തമാണ്. യൂറോപ്പിൽ പ്ലീസ്റ്റോസീൻ ഇപ്പോക്ക് സമ്പൂർണമായും പ്രാചീനശിലായുഗമായിരുന്നുവെന്നും, ഇത് 20,00,000 ബി.പി. മുതൽ 10,000 ബി.പി. വരെ നിലനിന്നുവെന്നും അനുമാനിക്കുന്നു. ഈ കാലഘട്ടത്തിലെ ശിലോപകരണങ്ങൾ കോർ ടൂളിൽ നിന്നു ഫ്ളേക്ക് ടൂളുകളിലൂടെ ബ്ലേഡ് ടൂളുകളിലേക്കു പരിണമിച്ചു. മൂന്ന് ഉപകാലഘട്ടങ്ങളിലായി വികസിച്ച പ്രാചീനശിലായുഗജീവിതത്തെയും സംസ്കാരത്തെയും നമുക്കു പരിശോധിക്കാം.

എ. ആദി പ്രാചീനശിലായുഗം (Lower Paleolithic Period)

പതിനാറ് ദശലക്ഷം വർഷങ്ങൾക്കും 11 ദശലക്ഷം വർഷങ്ങൾക്കുമിടയിൽ നടന്ന കാലാവസ്ഥാമാറ്റം കാരണം ആഫ്രിക്കൻ മഴക്കാടുകൾ ഗണ്യമായി കുറയുകയും പുൽമേടുകൾ വളരുകയും ചെയ്തു. ഭൂമിയിലെ ചിലയിനം പ്രൈമേറ്റുകൾക്ക് ഇത് ഇരുകാലി അനുകൂലനത്തിന് ഇടയാക്കി. പുൽമേടുകളിലൂടെ ഇരുകാലുകളിൽ സഞ്ചരിക്കുമ്പോൾ ഇരകളെ കണ്ടെത്താനും വേട്ടക്കാരിൽനിന്ന് ഒഴിവായിപ്പോകാനും ഇത് ഒരു അനുകൂലനമായി. മാത്രമല്ല, ഇരുകാലിൽ നടത്തം കൈകളെ സ്വതന്ത്രമാക്കി. അത് ഭക്ഷണശേഖരണത്തിനും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉപകരിച്ചു. മനുഷ്യൻ ശിലായുധങ്ങൾ ആദ്യമായി ഉപയോഗിച്ചത് കിഴക്കൻ ആഫ്രിക്കയിലായിരുന്നു എന്നു കരുതുന്നു. ഹോമോസ്പീഷിസിനും മുൻപുതന്നെ ഇവിടങ്ങളിൽ ശിലായുധങ്ങൾ ഉപയോഗിച്ചതിന് തെളിവുണ്ട്. ഹോമോ ഹാബിലിസ് ആണ് ആദ്യകാലശിലായുധ

നിർമാതാക്കൾ എന്ന് നരവംശശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. അവരുടെ തലച്ചോറിന്റെ വ്യാപ്തം 630-640 സി.സി. എന്ന താരതമ്യേന വലിയ അളവിലായിരുന്നു. ആസ്ത്രലോപിത്തസീനുകളുടേതാകട്ടെ, തലച്ചോറിന്റെ വ്യാപ്തം 380-450 സി.സി. മാത്രമാണ്. താരതമ്യേന നീണ്ട കൈകളുള്ളവരും ഭാഗിക്കമായി മരങ്ങാടികളുമായ ഇവർ ഏകദേശം 2.3 ദശലക്ഷം വർഷം മുൻപ് പ്രത്യക്ഷപ്പെട്ട ജീവിവർഗങ്ങളായിരുന്നു. ഓൾഡുവേ ഗോർജ് ഗർത്തത്തിൽനിന്നു കണ്ടെടുത്ത കോർട്ടൂൾ ഗണത്തിൽപ്പെടുന്ന ചോപ്പറുകളും ഫ്ളേക്കുകളും ഈ മനുഷ്യപൂർവികരുടെ ജീവിതവും സംസ്കാരവും വിളിച്ചോതുന്നവയാണ്.

മനുഷ്യപരിണാമത്തിലെ രണ്ടാം ശ്രേണിയായി കരുതപ്പെടുന്ന നിവർന്നുനടന്ന മനുഷ്യർ (ഹോമോ ഇറക്ടസുകൾ) ആദ്യകാല ശിലായുഗമനുഷ്യരാണ്. ഇവരുപയോഗിച്ചിരുന്ന ശിലായുധങ്ങൾക്ക് 15 ലക്ഷം വർഷം മുതൽ 2 ലക്ഷം വർഷം ബി.പി. വരെ കാലപ്പഴക്കം നിർണയിച്ചിട്ടുണ്ട്. അഷൂലിയൻ കൈക്കോടാലികൾ (AcheulianHand axes) ഈ കാലഘട്ടത്തിൽ ഉപയോഗിച്ച പ്രധാന ശിലായുധമായിരുന്നു. ഹോമോ ഇറക്ടസുകൾ ഈ കാലഘട്ടം മുഴുവൻ നിലനിന്നിരുന്നു. ഇത് കൂടാതെ ഷെല്യൻ/അബവെല്ലിയൻ (Chellian/ Abevillian) ഉപകരണങ്ങളും ഈ കാലഘട്ടത്തിൽ ഉപയോഗിച്ച ശിലായുധങ്ങളാണ്.

വലിയ വന്യമൃഗങ്ങളെ വേട്ടയാടുന്ന (Big game hunters) രീതിയും തീയുടെ ഉപയോഗവും നിലനിന്നിരുന്നതായി തെളിവുണ്ട്. വേട്ടയാടലും ഇരതേടലും കൈമുതലായുള്ള സമകാലീന ഗോത്രസമൂഹങ്ങളിൽ നിലനിൽക്കുന്ന തീകൂട്ടി മൃഗങ്ങളെ തുരത്തുന്ന രീതി പ്രാചീനശിലായുഗത്തിന്റെ ആദ്യകാലങ്ങളിലെ മനുഷ്യവർഗങ്ങളും അവലംബിച്ചിരുന്നു. മാത്രമല്ല, തണുപ്പിൽനിന്നു രക്ഷനേടുന്നതിനായി തീകായുന്ന ശീലവും വാസസ്ഥാനങ്ങളിൽ മുഖ്യ തീക്കൂട്ട് (ആഴി) കേന്ദ്രവും ഉണ്ടായിരുന്നതായി തെളിവുകൾ ലഭിച്ചിട്ടുണ്ട്.

ബി. മധ്യപ്രാചീനശിലായുഗം (Middle Paleolithic Period)

ശിലോപകരണങ്ങളുടെ നിർമാണത്തിലും ഉപയോഗത്തിലും സമൂലപരിവർത്തനങ്ങൾ ദൃശ്യമായ കാലമാണ് മധ്യ പ്രാചീനശിലായുഗം. ഒരു മുഖ്യശില ആയുധമാക്കുന്ന കോർടൂൾ പാരമ്പര്യം മുഴുവനായും അപ്രത്യക്ഷമാവുകയും കൽച്ചീളുകൾ ആയുധമാക്കുന്ന ഫ്ളേക്ക് ടൂൾ പാരമ്പര്യം രംഗപ്രവേശം ചെയ്യുകയും ചെയ്തു എന്നതാണ് ഈ മാറ്റം. ഈ മാറ്റത്തിന്റെ ലക്ഷണങ്ങൾ പ്രാചീനശിലായുഗത്തിന്റെ അവസാനത്തിൽത്തന്നെ ദൃശ്യമായിരുന്നു എന്ന് ക്ലാക്റ്റോണിയൻ, ലെവല്യൂഷൻ ശിലായുധപാരമ്പര്യങ്ങളിൽനിന്നു മനസ്സിലാക്കാം. മുസ്റ്റീരിയൻ ആയുധങ്ങളുടെ രംഗപ്രവേശമാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. കൈക്കോടാലികൾക്കു പകരം ഫ്ളേക്ക് ആയുധങ്ങൾ മാത്രം ഉപയോഗിച്ചു തുടങ്ങിയ കാലഘട്ടമാണിത്.

മധ്യപ്രാചീനശിലായുഗത്തിന്റെ മറ്റൊരു പ്രത്യേകത ഹോമോ ഇറക്ടസുകളിൽനിന്നു ഹോമോ സാപിയനിലേക്കുള്ള പരിണാമമാണ്. യൂറോപ്പിൽ ഈ മനുഷ്യർ നിയാണ്ടർതാലുകൾ എന്ന

പേരിലാണറിയപ്പെട്ടിരുന്നത്. ഏകദേശം 3 ലക്ഷം മുതൽ 40,000 ബി.പി. വരെ ഈ സംസ്കാരം നിലനിന്നു. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ് തുടങ്ങിയ ഭൂഖണ്ഡങ്ങളിലൊക്കെ ഈ സംസ്കാരം വ്യാപിച്ചു. ആഫ്രിക്കൻ ഹോമോസാപിയൻ മനുഷ്യർ ഒരുപക്ഷേ യൂറോപ്പിൽത്തന്നെ ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്നു.

പുരാവസ്തുക്കളുടെ ഉദ്ഖനനത്തിലൂടെ വ്യക്തമായ കാര്യം മധ്യ പ്രാചീനശിലായുഗത്തിൽ മനുഷ്യൻ ഗുഹകളിലും പാറപ്പൊത്തുകളിലും ജീവിച്ചിരുന്നു എന്നതാണ്. യൂറോപ്പിൽ ഇവർ തുറസ്സായ സ്ഥലങ്ങളിലും ജീവിച്ചിരുന്നു. റഷ്യയിലെ മോൾഡോവ സൈറ്റിൽനിന്നു മരംകൊണ്ട് നിർമിച്ച വീടുകളുടെയും മൃഗത്തിന്റെ തോലുകൾ ഉപയോഗിച്ചിരുന്നതിന്റെയും തെളിവുകൾ ലഭിച്ചിട്ടുണ്ട്. കൈപ്പത്തി നഷ്ടപ്പെട്ട ചെന്നായകളുടെയും കുറുക്കന്റെയും അസ്ഥികൂടങ്ങളിൽ നിന്നും മൃഗത്തോലുകൾ വസ്ത്രനിർമാണത്തിനുപയോഗിച്ചിട്ടുണ്ട് എന്നു വ്യക്തമാകുന്നുണ്ട്. മൃഗങ്ങളെയും പക്ഷികളെയും വേട്ടയാടിയും മീൻപിടിച്ചും അവർ ജീവിച്ചിരുന്നു.

നിയാണ്ടർതാലുകളായിരുന്നു മൃതശരീരം ആദ്യമായി സംസ്കരിച്ചിരുന്നത്. ലെമുസ്റ്റീർ എന്ന സ്ഥലത്തുനിന്ന് 15-16 വയസ്സുള്ള ഒരു കുട്ടിയുടെ മൃതശരീരത്തിന്റെ തലയ്ക്കരികിൽ നിന്നു മനോഹരമായി തയാർ ചെയ്ത ശിലാമഴു ലഭിച്ചത് ഇതിന് തെളിവാണ്.

സി. സമീപപ്രാചീനശിലായുഗം (Upper Paleolithic Period)

പ്രാചീനശിലായുഗത്തിന്റെ അവസാനകാലമായ സമീപപ്രാചീനശിലായുഗം മൊത്തം പ്രാചീനശിലായുഗത്തിന്റെ 10 ൽ ഒരുഭാഗം മാത്രമേ വരുന്നുള്ളുവെങ്കിലും അതിദ്രുതഗതിയിലുള്ള സാംസ്കാരികമുന്നേറ്റം നടന്ന കാലമാണ് ഇത്. ഏകദേശം 40,000-30,000 ബി.പി ക്കിടയിലാണ് ഈ യുഗം നിലനിന്നിരുന്നത്. ആഫ്രിക്കയിൽ ഇത് അൽപ്പം മുൻപേ തുടങ്ങി എന്നുവേണം അനുമാനിക്കാൻ.



ചിത്രം.4.21 സമീപപ്രാചീനശിലായുഗത്തിലെ എല്ല്, പല്ല്, കൊമ്പ് എന്നിവകൊണ്ടുള്ള (ഒ.ഡി.കെ) ഉപകരണങ്ങൾ

സമീപപ്രാചീനശിലായുഗത്തിൽ പ്രത്യേക വൈദഗ്ധ്യത്തോടെയുള്ള മൂർച്ചയേറിയതും മിനുസമുള്ളതുമായ ശിലോപകരണങ്ങൾ നിർമിക്കപ്പെട്ടു. ഇവ ബ്ലേഡ് ടൂളുകൾ (Blade tools) എന്നാണറിയപ്പെട്ടത്. കൈക്കോടാലികളും ഫ്ളേക്കുകളും അപ്രത്യക്ഷമായി. ഒപ്പം എല്ലുകളിലും പല്ലു

കളിലും മൃഗക്കൊമ്പുകളിലും തീർത്ത ഒ.ഡി.കെ (Osteo Dento Keratic) ആയുധങ്ങൾ രംഗ പ്രവേശം ചെയ്തു.

സമീപപ്രാചീന ശിലായുഗത്തിലെ ബ്ലേഡ് ശിലായുധങ്ങളെ പൊതുവെ പെരിഗോർഡിയൻ ഓറി ഗ്നേഷ്യൻ, സൊലൂട്രിയൻ, മഗ്ദലേനിയൻ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

സമീപശിലായുഗത്തിലെ ജീവിതം പൊതുവെ നേരത്തേ നിലനിന്നിരുന്ന ജീവിതരീതികളോട് സമാനമായതുതന്നെയാണ്. ജനങ്ങൾ ഇരതേടിയും വേട്ടയാടിയും മീൻപിടിച്ചും ചെറുസമൂഹ ങ്ങളായാണ് ജീവിച്ചിരുന്നത്. ഈ ചെറുസമൂഹങ്ങൾ ബാൻഡുകൾ (Bands) എന്നാണറിയപ്പെ ടുന്നത്. തുറസ്സായ സ്ഥലങ്ങളിൽ മൃഗത്തോലുകൊണ്ട് വീടുകെട്ടിയും ഗുഹകളിലും പാറയിടു ക്കുകൾക്കിടയിലുമായിരുന്നു അവരുടെ താമസം.



ചിത്രം 4.22 സ്പെയിനിലെ അൾട്ടാമിറഗുഹയിലെ കാട്ടുപോത്തിന്റെ ചിത്രവും ഇന്ത്യയിലെ ബിംബെട്ക്കാശിലാചിത്രവും

ഗുഹാചിത്രങ്ങളുടെ (cave art) രംഗപ്രവേശമാണ് മറ്റൊരു പ്രത്യേകത. ഗുഹകളുടെ ചുമരുക ളിലും കല്ലുകളിലും ഉപകരണങ്ങളിലും കല്ല്, എല്ല്, കൊമ്പ് തുടങ്ങിയവകൊണ്ടുള്ള ആഭരണ ങ്ങളിലും അവരുടെ കലാവിരുതുകൾ ദർശിക്കാം. ഗുഹാചിത്രങ്ങളിൽ മിക്കതും മൃഗങ്ങളുടേതാ ണ്. എന്നാൽ മുഴുനീളരംഗം ഈ ചിത്രങ്ങളിലൊന്നും കാണാൻ കഴിയില്ല. രണ്ടു തരം കലാരീ തികൾ ഇക്കാലത്ത് നിലനിന്നിരുന്നതായി കാണാം. ഒന്ന് ഗുഹകളിലുള്ള ചുമർചിത്രങ്ങളും മറ്റൊന്ന് വീട്ടുകലകളുമാണ് (Home Art). വീട്ടുകലകളിൽആഭരണങ്ങളുണ്ടാക്കുന്നതിലെ മികവ് - അത് കല്ലുകൊണ്ടും, എല്ലുകൊണ്ടും, കൊമ്പുകൊണ്ടും, പല്ലുകൊണ്ടും - കാണാൻ കഴിയും. സമീപപ്രാചീനശിലായുഗത്തിൽ ജനസംഖ്യ ഗണ്യമായി വർധിച്ചു എന്ന കാര്യത്തിൽ പുരാവസ്തു ശാസ്ത്രജ്ഞർ ഏകാഭിപ്രായക്കാരാണ്. അമ്പും വില്ലും കുന്തവും രംഗപ്രവേശം ചെയ്യുന്നതും ഈ കാലഘട്ടത്തിലാണ്.

പഠനപുരോഗതി വിലയിരുത്താം

1. വിട്ട ഭാഗം പൂരിപ്പിക്കുക.

   എ) തീയുടെ ഉപയോഗം ആദ്യമായി കണ്ടെത്തിയത് ------ യുഗത്തിലാണ്.

   ബി) ഉപരിപ്രാചീനശിലായുഗത്തിൽ ---------- കല ആവിർഭവിച്ചു.

   സി) ശവസംസ്കാരം നടത്തിയ ആദ്യമനുഷ്യവർഗം --------- ആയിരുന്നു.

2. കാലാവസ്ഥാമാറ്റം ആദ്യകാലപ്രാചീനശിലായുഗ ജീവിതത്തെ എങ്ങനെ ബാധിച്ചു എന്ന് വിശദമാക്കുക.

3. ആദ്യകാല ശിലായുധനിർമാതാക്കൾ ആരായിരുന്നു?

4. അഷ്യൂലിയൻ സംസ്കാരം ആരുടെ സംഭാവനയാണ്?

5. ആദ്യകാല പ്രാചീനശിലായുഗത്തിൽ മതപരമായ വിശ്വാസത്തിന്റെയും ചടങ്ങുകളുടെയും സൂചനകൾ എങ്ങനെ കണ്ടെത്താം?

6. ശരിയോ തെറ്റോ എന്ന് എഴുതുക.

   എ) മധ്യപ്രാചീനശിലായുഗത്തിൽ കേർടുളുകൾക്കു പകരം ഫ്ളേക്ക് ടൂളുകൾ രംഗപ്രവേശം ചെയ്തു.

   ബി) ഉപരിപ്രാചീനശിലായുഗത്തിൽ ജനസംഖ്യ ഗണ്യമായി വർധിച്ചു.

2. മധ്യശിലായുഗം (Mesolothic Period)

ഹോളോസീൻ ഇപ്പോക്കിലാണ് മധ്യശിലായുഗം ആരംഭിക്കുന്നത്. പ്രാചീനശിലായുഗവുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ ഇത് താരതമ്യേന ചെറിയ കാലഘട്ടമാണ്. യൂറോപ്പിൽ ഇത് 23,000-12000 ബി.പിക്കിടയിലോ 15000-8000 ബി.പിക്കിടയിലോ ആണ് നിലനിന്നതെന്ന് രണ്ട് അഭിപ്രായങ്ങളുണ്ട്. വളരെ ചെറിയ ആയുധങ്ങൾ (Microliths) ഉപയോഗിച്ചിരുന്ന കാലമാണിത്. 3 മുതൽ 16 ഇഞ്ച് വരെയോ അതിൽ ചെറുതോ വലുപ്പമുള്ള ആയുധങ്ങളാണ് ഇവ. അതുകൊണ്ട് ഈ കാലഘട്ടത്തെ മൈക്രോലിത്തിക് കാലഘട്ടം എന്നും പറയുന്നുണ്ട്. അമ്പും വില്ലും ഉപരിപ്രാചീനശിലായുഗത്തിന്റെ അവസാനത്തിലും മധ്യശിലായുഗത്തിലുമായാണ് കണ്ടുപിടിക്കുന്നത്. മൺപാത്രനിർമാണം ആരംഭിച്ച കാലമാണിത്.

മധ്യശിലായുഗ ഉപകരണങ്ങൾ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്. അവ അസിലിയൻ (Azilian), ടാർഡോണീഷ്യൻ (Tardonesian), ആസ്ട്രിയാൻ (Austrian), മഗ്ളെമോസിയാൻ (Maglemosean), കിച്ചൺ (Kitchen), കിച്ചൺമിഡൻ/എർട്ടിബോലെ (Kitchen midden/Ertibolle), കാംപിഗ്നിയൺ (Campignion) എന്നിവയാണ്. കാലാവസ്ഥയിൽ ഗണ്യമായ മാറ്റം ഉണ്ടായ കാലമാണിത്. ചൂടുകാലാവസ്ഥ കൂടിവരുകയും മാമത്തുകൾ, റെയ്ൻ ഡീറുകൾ തുടങ്ങിയ തണുത്ത കാലാവസ്ഥയിൽ ജീവിക്കുന്ന മൃഗങ്ങൾ നാമാവശേഷമാവുകയും ചെയ്തു. കാലാവസ്ഥാമാറ്റം

ഭക്ഷണരീതിയിൽ മാറ്റങ്ങളുണ്ടാക്കി. വേട്ടയാടലിനൊപ്പം മീൻപിടിത്തവും ഭക്ഷ്യശേഖരണവും വ്യാപകമായി. അമ്പും വില്ലും നിർമിച്ച് ഉപയോഗിച്ചത് സമീപപ്രാചീന ശിലായുഗത്തിലാണെങ്കിലും അവ വ്യാപകമായി ഉപയോഗിച്ചത് മധ്യശിലായുഗത്തിലാണ്.

പഠനപുരോഗതി വിലയിരുത്താം

വിട്ട ഭാഗം പൂരിപ്പിക്കുക.

1. ..... ആയുധങ്ങൾ മധ്യശിലായുഗത്തിന്റെ പ്രത്യേകതയാണ്.
2. ..... ഉപരിപ്രാചീനശിലായുഗത്തിൽ കണ്ടുപിടിച്ചുവെങ്കിലും മധ്യശിലായുഗത്തിലാണ് വ്യാപകമായി ഉപയോഗിച്ചത്.

3. നവീനശിലായുഗം (Neolithic Period)

നിയോലിത്തിക് എന്ന ഗ്രീക്ക് വാക്കിന്റെ അർഥം നവീനശിലായുഗം എന്നാണ്. കൃഷിയുടെ കണ്ടുപിടിത്തവും നാഗരികതകളുടെ വളർച്ചയുമാണ് ഈ യുഗത്തിന്റെ പ്രത്യേകത. ഏകദേശം 15000-8000 ബി.പി. വരെ നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ ശിലായുധങ്ങളുടെ നിർമാണ വ്യത്യാസം പ്രകടമായി കാണാം. പ്രാചീനശിലായുഗത്തിൽനിന്നു വ്യത്യസ്തമായി ഉപകരണങ്ങൾ മിനുക്കുകയും രാകി മൂർച്ചകൂട്ടുകയും ചെയ്യുന്ന രീതി ആവിഷ്കരിച്ചത് നവീനശിലായുഗത്തിന്റെ പ്രത്യേകതയാണ്. ഭക്ഷ്യശേഖരണത്തിൽനിന്നു ഭക്ഷ്യോല്പാദനത്തിലേക്കുള്ള ഒരു ചുവടുമാറ്റമാണ് നവീനശിലായുഗത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ബ്രിട്ടിഷ് പുരാവസ്തുശാസ്ത്രജ്ഞനായ വി. ഗോർഡൻ ചൈൽഡ് ഇതിനെ നവീനശിലായുഗവിപ്ലവം എന്നാണ് വിളിച്ചത്.

20-ാം നൂറ്റാണ്ടിലെ നരവംശശാസ്ത്രജ്ഞർ നവീനശിലായുഗത്തിൽ ദർശിച്ച പ്രത്യേകതകൾ മൃഗപരിപാലനം, കൃഷി, പാത്രനിർമാണം, സ്ഥിരവാസം മുതലായവയാണ്. ഇരതേടുകയും വേട്ടയാടുകയും ചെയ്ത മനുഷ്യൻ കൃഷിയാരംഭിച്ചതോടെ സ്ഥിരവാസവും തുടങ്ങി. ഭക്ഷ്യലഭ്യത ജനസംഖ്യാവർധനവിന് ഇടയാക്കി. നൂറ്റാണ്ടുകൾകൊണ്ട് നവീനശിലായുഗസംസ്കാരം പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു നീങ്ങി.

പുരുഷന്മാർ വേട്ടയാടാൻ പോകുമ്പോൾ സ്ത്രീകൾ കാടുകളിൽനിന്നു ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയായിരുന്നു പതിവ്. വലിച്ചെറിയുന്ന വിത്തുകളിൽനിന്നു പുതുനാമ്പുകൾ ഉണ്ടാകുന്നത് മനസ്സിലാക്കിയ സ്ത്രീകളായിരിക്കണം കൃഷി ആദ്യമായി ആരംഭിച്ചത്. ചക്രങ്ങളുടെ ഉപയോഗം, നെയ്ത്ത്, ഗൃഹനിർമാണം, തോണിനിർമാണം തുടങ്ങിയ കരകൗശലജോലികളും അനുബന്ധമായി വികസിച്ചുവന്നതും അതിനനുസരിച്ച് സാമൂഹികഘടനയിലും സംവിധാനത്തിലും മുന്നേറിയതിനും സംസ്കാരത്തിന്റെ വളർച്ചയ്ക്കും നവീനശിലായുഗം സാക്ഷ്യം വഹിച്ചു.

നവീനശിലായുഗവിപ്ലവത്തെക്കുറിച്ച് സെമിനാർ പേപ്പർ തയാറാക്കി അവതരിപ്പിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. പ്രാചീന- നവീനശിലായുഗങ്ങൾ താരതമ്യം ചെയ്ത് പ്രധാന വ്യത്യാസങ്ങൾ സൂചിപ്പിക്കുക.
2. നവീനശിലായുഗവിപ്ലവം എന്നാലെന്ത്?
3. പൂരിപ്പിക്കുക.
   എ) ..... നവീനശിലായുഗവിപ്ലവം എന്നു വിശേഷിപ്പിച്ചു.



ഭീംബേഡ്ക

മധ്യപ്രദേശിലെ ഭീംബേഡ്ക പ്രാചീനശിലായുഗത്തിലെ ഇന്ത്യയിലെ ഒരു മനുഷ്യവാസകേന്ദ്രമാണ്. ഇവിടെനിന്നു ലഭിച്ച ശിലായുധങ്ങൾ ഇതിന് തെളിവാണ്. ഒരുലക്ഷം വർഷം പഴക്കം ഇവിടത്തെ ഗുഹാജീവിതത്തിനുണ്ടെന്നു കണക്കാക്കുന്നു. 2003 ൽ ഇത് ലോകപൈതൃകപ്പട്ടികയിൽ പെടുത്തുകയുണ്ടായി.

ശിലായുഗം ഇന്ത്യയിൽ (Stone age in India)

ഇന്ത്യയിൽ കണ്ടെത്തിയ അനേകം ചരിത്രാതീതകാല പുരാവസ്തു ഇടങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് ഇന്ത്യക്ക് പ്രാചീനശിലായുഗം മുതൽ നിലനിൽക്കുന്ന സമ്പന്നമായ സാംസ്കാരിക പൈതൃകം ഉണ്ടായിരുന്നു എന്നാണ്. ഇത്തരം സൈറ്റുകളിൽനിന്നു കണ്ടെടുക്കപ്പെട്ട മനുഷ്യരുടെയും മൃഗങ്ങളുടെയും അസ്ഥികൾ, ഗുഹാചിത്രങ്ങൾ, എല്ലാറ്റിനുമുപരി ശിലായുധങ്ങൾ എന്നിവ ഇതു വെളിവാക്കുന്നുണ്ട്. മധ്യ ഇന്ത്യയിലെ നർമദാതാഴ്വരയിൽനിന്നു കണ്ടെടുക്കപ്പെട്ട ഹോമോ ഇറക്ടസ് വിഭാഗത്തിൽപ്പെട്ട മനുഷ്യാവശിഷ്ടങ്ങൾ കാണിക്കുന്നത് ഇന്ത്യയിൽ 2 ലക്ഷം-5ലക്ഷം വർഷങ്ങൾക്കു മുമ്പു തന്നെ മധ്യപ്ലീസ്റ്റോസിയൻ കാലഘട്ടത്തിൽ മനുഷ്യസാന്നിധ്യമുണ്ടായിരുന്നു എന്നാണ്. ഭീംബേഡ്കയിലെ ഗുഹാചിത്രങ്ങൾശിലായുഗമനുഷ്യന്റെ സ്ഥിരവാസത്തിന്റെ തെളിവാണ്. കൂടാതെ ഇന്ത്യയിലെ വിവിധഭാഗങ്ങളിലെ മഹാശിലായുഗ നിർമിതികൾ നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ മറ്റൊരു തെളിവാണ്. ഇന്ത്യയിലെ ശിലായുഗജീവിതത്തെക്കുറിച്ചാണ് ഇനിയുള്ള ഭാഗങ്ങളിൽ ചർച്ചചെയ്യുന്നത്.

പ്രാചീനശിലായുഗം ഇന്ത്യയിൽ (Paleolithic Period in India)

ഇന്ത്യയിൽ മധ്യപ്രദേശിലെ ഭീംബേഡ്ക, ഹത്ത്നോര, തമിഴ്നാട്ടിലെ വില്ലുപുരജില്ലയിലെ ഓൾഡെ എന്നിവിടങ്ങളിൽനിന്നു ലഭിച്ച ശിലായുധങ്ങൾ കാണിക്കുന്നത് പ്രാചീനശിലായുഗം മുതലുള്ള ഇന്ത്യയിലെ മനുഷ്യജീവിതത്തെയാണ്. ദക്ഷിണേന്ത്യയിലെ ശിലായുധനിർമാണ സാ

ങ്കേതികവിദ്യയും ശിലായുധങ്ങളും ഇംഗ്ലണ്ടിലും ആഫ്രിക്കയിലും കണ്ടെത്തിയ ശിലായുധങ്ങളുമായി സാമ്യമുണ്ട്. പ്രാചീനശിലായുഗത്തിലേതെന്നു കരുതുന്ന ശിലായുധങ്ങൾ ഇന്ത്യയിൽ കണ്ടെത്തിയ സ്ഥലങ്ങളാണ് ചുവടെ ചേർക്കുന്നത്.

സോയൻ സംസ്കാരം (Soan Culture)

ഇന്നത്തെ പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ ശിവാലിക് മലനിരകൾക്കടുത്തുള്ള സോയൻ നദീതാഴ്വരയിൽ നിന്നു ധാരാളം ഫ്ളേക്കുകളും ബ്ലേഡുകളും കണ്ടെത്തിയിട്ടുണ്ട്. സോയൻ ഇൻഡസ്ട്രി എന്ന പേരിലറിയപ്പെടുന്ന ഈ ശിലായുധങ്ങളെ അബവെല്ലിയൻ, അഷൂലിയൻ ഗണത്തിൽ പെടുത്താവുന്നതാണ്. നർമദാതാഴ്വരയിൽ നിന്ന് ഈ ഗണത്തിൽപ്പെട്ട ധാരാളം ശിലായുധങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്.



നമ്മുടെ സാംസ്കാരിക പൈതൃകങ്ങളുടെ സംരക്ഷണം

ഭീംബേഡ്ക പോലുള്ള നമ്മുടെ നിരവധി സാംസ്കാരികപൈതൃക ശേഷിപ്പുകൾ നാശത്തിന്റെ വക്കിലാണ്. മെറ്റീരിയൽ കൾച്ചറിന്റെ ഭാഗമായ പ്രാചീനമായ നിർമിതികൾ, സ്മാരകങ്ങൾ, ഭൂപ്രദേശങ്ങൾ, പുസ്തകങ്ങൾ, കലാശേഷിപ്പുകൾ, നോൺമെറ്റീരിയൽ കൾച്ചറിന്റെ ഭാഗമായ നാട്ടറിവുകൾ, ഭാഷ, പാരമ്പര്യം മുതലായവയും നാം പ്രകൃതിപാരമ്പര്യങ്ങളുമെല്ലാം സംരക്ഷിക്കേണ്ടതു നമ്മുടെ കടമയാണ്. നരവംശശാസ്ത്രജ്ഞരും പുരാവസ്തുശാസ്ത്രജ്ഞരും സാംസ്കാരിക പൈതൃക സംരക്ഷണത്തിന് മുന്തിയ പരിഗണനയാണ് നൽകുന്നത്.

മദ്രാസ് സംസ്കാരം (Madras Culture)

പ്രാചീനശിലായുഗത്തിലും നവീന ശിലായുഗത്തിലുമുള്ള മനുഷ്യസാന്നിധ്യം തെളിയിക്കുന്നതാണ് മദിരാശിക്കടുത്ത് (ചെന്നൈ) പല്ലവപുരത്തു നിന്നു ലഭിച്ച ശിലായുധങ്ങൾ. ഇതിന് സോയൻ നർമദാ എന്നീ ഇൻഡസ്ട്രികളുമായി, സാമ്യമുണ്ട്. മദിരാശി ഇൻഡസ്ട്രിയിൽ പെട്ട അഷൂലിയൻ കൈക്കോടാലി, കോർ ടൂൾ , ഫ്ളേക്ക് ടൂൾ എന്നിവ അതിരംപക്കം, വടമധുരൈ എന്നീ സ്ഥലങ്ങളിൽ നിന്നു കണ്ടെത്തിയിട്ടുണ്ട്.

ആന്ധ്രയിലെ നെല്ലൂർ, ഗുജറാത്തിലെ സബർമതി താഴ്വര എന്നിവിടങ്ങളിൽ നിന്നും ശിലായുധങ്ങൾ കണ്ടെടുത്തിട്ടുണ്ട്. പിന്നീട് ധാരാളം ലഘുശിലായുധങ്ങളും ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നായി കണ്ടെടുത്തു.



നർമദമനുഷ്യൻ

മൂന്നുലക്ഷം വർഷത്തിനും ഒന്നരലക്ഷം വർഷത്തിനുമിടയിൽ മധ്യപ്ലീസ്റ്റോസീൻ കാലഘട്ടത്തിലെ മനുഷ്യഫോസിൽ 1982 ൽ മധ്യപ്രദേശിലെ നർമദാതാഴ്വരയിൽ കണ്ടെത്തുകയുണ്ടായി. ഡോ.അരുൺസോണാക്കിയയാണ് ഈ ഫോസിൽ കണ്ടെത്തിയത്. ഇത് മധ്യപ്രദേശിൽ ഹത്നോര വില്ലേജിന് സമീപത്തുള്ള പ്രദേശത്തുനിന്നാണ് ലഭ്യമായത്.

മധ്യശിലായുഗം ഇന്ത്യയിൽ (Mesolithic Period in India)

ലഘുശിലായുധങ്ങളുടെ ഉപയോഗമാണ് മധ്യശിലായുഗത്തിലെ ആയുധങ്ങളുടെ പ്രത്യേകത. ഇന്ത്യയിലെ മധ്യശിലായുഗം പിൽക്കാല ശിലായുഗത്തിന്റെ ഭാഗമാണെന്ന് സങ്കാലിയ (1962) എന്ന പ്രസിദ്ധ പുരാവസ്തുശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. മൈസൂരിനടുത്തുള്ള ബ്രഹ്മഗിരിയിൽനിന്ന് 102 ഓളം ലഘുശിലായുധങ്ങൾ അദ്ദേഹം കണ്ടെടുത്തിട്ടുണ്ട്. സബർമതിയിൽ നിന്നു കണ്ടെത്തിയ ലഘുശിലായുധങ്ങളുടെ സൈറ്റിന്റെ മുകൾഭാഗത്തു കൈകൊണ്ട് നിർമിച്ച മൺപാത്രാവശിഷ്ടങ്ങളും ലഭ്യമായിട്ടുണ്ട്. ഇന്ത്യയിൽ നിന്നു ലഭിച്ച ലഘുശിലായുധങ്ങളിൽ മിക്കതും സാധാരണ ഫ്ളേക്കുകളാണ്.

1. *പുരാവസ്തുശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്ന റിപ്പോർട്ട് പ്രാദേശിക സർക്കാരുകൾക്കു സമർപ്പിക്കുക.*



2. *സ്കൂളിലെ സാംസ്കാരിക മ്യൂസിയത്തിലേക്കു പുരാവസ്തുശാസ്ത്രം/സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിക്കുക.*

നവീനശിലായുഗം ഇന്ത്യയിൽ (Neolithic Period in India)

ഇന്ത്യയിൽ നവീനശിലായുഗത്തിലെ കല്ലുളികൾ, മഴു, ചുറ്റികകൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. 1860 ലാണ് ഉത്തർപ്രദേശിൽനിന്ന് ആദ്യമായി ഇവ കണ്ടെത്തുന്നത്. പിന്നീട് ബിഹാർ, ഒറീസ, ബംഗാൾ, ആസാം എന്നിവിടങ്ങളിൽനിന്നും സമാനശിലായുധങ്ങൾ ലഭ്യമായി. എന്നാൽ യഥാർഥത്തിൽ നവീനശിലായുഗത്തിന്റെ പ്രത്യേകതയായ കൃഷിക്കും കന്നുകാലിവളർത്തലിനുമുള്ള ശക്തമായ തെളിവുകൾ നമുക്ക് ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ കറുപ്പുനിറത്തിലുള്ള മൺപാത്രങ്ങളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. വടക്കുകിഴക്കൻ ഏഷ്യയിൽ നിന്നു ലഭ്യമായ ശിലായുധങ്ങളുടെ തുടർച്ചയായി വേണം ഇന്ത്യയിലെ നവീനശിലായുഗത്തെ കാണേണ്ടത് എന്നു ലഭ്യമായ ആയുധങ്ങളിൽനിന്ന് അനുമാനിക്കാവുന്നതാണ്.

മഹാശിലായുഗസംസ്കാരം (Megalithic Culture)

നവീനശിലായുഗത്തിന്റെ അവസാനം നിലനിന്നിരുന്ന വലിയ നിർമിതികളെയാണ് മഹാശിലായുഗം എന്നു വിശേഷിപ്പിക്കുന്നത്. ഗ്രീക്ക് ഭാഷയിൽ മെഗാ എന്നാൽ വലുത് എന്നും ലിത്തോസ് എന്നാൽ ശില എന്നുമാണ് അർഥം. പ്രാചീനശിലായുഗമനുഷ്യരിൽനിന്നു വ്യത്യസ്തമായ നവീനശിലായുഗമനുഷ്യർ മൃതദേഹം മറവുചെയ്യുന്നതിന് വലിയ പ്രാധാന്യമാണ് നൽകിയത്.

മഹാശിലായുഗ നിർമിതികളിൽ പലതും വലിയ ശിലകളിൽ നിർമിച്ചവയാണ്. പേരിനുമാത്രം മാറ്റംവരുത്തിയ നിർമിതികളും കാണാം. മഹാശിലാനിർമിതികളെ പലതരത്തിൽ വേർതിരിച്ചി



ചിത്രം. 4.23. മെഗാലിത്തുകൾ - മെൻഹിർ, ക്രോംലെക്ക്, ഡോൾമെൻ

ട്ടുണ്ട്. ഇതിൽ എത്ര ശിലകൾ ഉപയോഗിച്ചു എന്നതിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളുണ്ട്. ഉദാഹരണത്തിന് മെൻഹിർ (Menhir) ഒറ്റക്കല്ലിൽത്തീർത്ത കൽത്തൂൺ, ക്രോംലെക്ക് (Chromlech), കൽത്തൂണുകളുടെ വൃത്താകൃതിയിലുള്ള ക്രമീകരണം, ഡോൾമെൻ (Dolmen)- രണ്ടോ മൂന്നോ കൽത്തൂണുകൾക്കു മുകളിൽ മേശപോലെ വയ്ക്കുന്ന ശിലകൾ. ഇത്തരം മഹാശിലാനിർമിതികൾ ലോകമെമ്പാടും കാണാം. 2000 ബി.പിക്കടുത്താണ് യൂറോപ്പിൽ മഹാശിലായുഗം ആരംഭിക്കുന്നത്. നവീനശിലായുഗത്തിൽ ആരംഭിച്ച് വെങ്കലയുഗത്തിലൂടെ ഇരുമ്പുയുഗത്തിലും തുടർന്നു എന്ന പ്രത്യേകത മഹാശിലായുഗനിർമിതികൾക്കുണ്ട്.



ചിത്രം. 4.24. തൃശൂർജില്ലയിലെ അരിയന്നൂരിലെ കുടക്കല്ലുകൾ ഉറവിടം: ഇന്ത്യൻ പുരാവസ്തു പര്യവേക്ഷണവിഭാഗം- കേരള.

മഹാശിലായുഗം ഇന്ത്യയിൽ (Megalithic Culture in India)

പഞ്ചാബ്, രാജസ്ഥാൻ, വടക്കൻ ഗുജറാത്ത് എന്നിവിടങ്ങളിൽ ഒഴികെ ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും മഹാശിലായുഗനിർമിതികൾ കാണാം. തെക്കേ ഇന്ത്യയിൽ ഇത് ധാരാളമായി കാണപ്പെടുന്നുണ്ട്.

ഇരുമ്പുയുഗത്തിന്റെ 1500 ബി.പിക്കടുത്ത് നിർമിക്കപ്പെട്ടതെന്നു കരുതുന്ന മഹാശിലായുഗനിർമിതികളാണ് തെക്കേ ഇന്ത്യയിൽ കാണപ്പെടുന്നത്. ഇതിൽ മൃതദേഹസംസ്കാരവുമായി ബന്ധപ്പെട്ടതും വീരാരാധനയുമായി ബന്ധപ്പെട്ടതുമായ നിർമിതികളുണ്ട്. ഇവയോടൊപ്പം ഇരുമ്പായുധങ്ങളുടെ സാന്നിധ്യവും ദൃശ്യമാണ്.

മേശക്കല്ലുകൾ (Dolmen) പോലുള്ളവ മധ്യപ്രദേശ്, ആസാം എന്നിവിടങ്ങളിലും കൽത്തൂണുകൾ (Menhir) പോലുള്ളവ കേരളം, ഒറീസ, ആസാം എന്നിവിടങ്ങളിലുമാണ് വ്യാപകമായിട്ടുള്ളത്. വൃത്താകൃതിയിലുള്ള കൽത്തൂണുകളുടെ ക്രമീകൃത നിർമിതികൾ (Cromlech) കേരളത്തിലും തമിഴ്നാട്ടിലുമുണ്ട്. ഇവിടങ്ങളിൽ തൊപ്പിക്കല്ലുകൾ, കുടക്കല്ലുകൾ, നന്നങ്ങാടികൾ മുതലായവ കണ്ടെത്തിയിട്ടുണ്ട്. ഇവയൊക്കെ കേരളത്തിലും കണ്ടെത്തിയിട്ടുണ്ട്.

മഹാശിലായുഗനിർമിതികളോടൊപ്പം കറുപ്പും ചുവപ്പും നിറങ്ങളിലുള്ള മൺപാത്രങ്ങളും ഇരുമ്പായുധങ്ങളും വെങ്കലായുധങ്ങളും ലഭിച്ചിട്ടുണ്ട്.

ശവസംസ്കാര പ്രദേശങ്ങൾ മൂടിക്കൊണ്ടുള്ള വലിയ കുടപോലെയുള്ള കല്ലുകൾ (തൊപ്പിക്കല്ല്) കാണപ്പെടുന്ന മഹാശിലാ സംസ്കാര പ്രദേശമാണ് അരിയന്നൂർ. ഇവിടെ ആറു കുടക്കല്ലുകൾ ഒരു കൂട്ടമായി കാണാം. പുരാവസ്തുവകുപ്പിലെ ശാസ്ത്രജ്ഞനായ ബി.കെ. ഥാപ്പരുടെ നേതൃത്വത്തിൽ 1949-50 ലാണ് ഈ പ്രദേശം പരിവേക്ഷണം ചെയ്തു കണ്ടെത്തിയത്. അരിയന്നൂരിലെ ചെങ്കൽക്കുന്നുകൾ അമ്പതു മീറ്ററോളം ഉയർന്നുനിൽക്കുന്നു. പതിനഞ്ചാം നൂറ്റാണ്ടിലെ 'ചന്ദ്രോത്സവം' എന്ന കവിതയിൽ അരിയന്നൂരിനെക്കുറിച്ചും പരാമർശമുണ്ട്.

കേരളത്തിലെ മഹാശിലായുഗം (Megalithic Culture in Kerala)

കേരളത്തിൽ 10 തരം മഹാശിലായുഗനിർമിതികൾ കണ്ടെത്തിയിട്ടുണ്ട്. അവ 1. മെൻഹിർ(Menhir) 2. സ്റ്റോൺ അലൈൻമെന്റ് (Stone Alignment) 3. സിസ്റ്റ് (Cist) 4. ഡോൾമെൻ (Dolmen) 5. ലാറ്ററേറ്റ് അറ (Laterite Chamber) 6.ലാറ്ററേറ്റ് ഗോപുരം (Laterite Dom) 7. കുടക്കല്ല് (Umbrella stone) 8. തൊപ്പിക്കല്ല് (Hat stone) 9. വീരക്കല്ല് (Hero stone) 10. നന്നങ്ങാടികൾ (Urn burials) എന്നിവയാണ്.

മഹാശിലായുഗനിർമിതികളെക്കുറിച്ചുള്ള ചിത്രങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയാറാക്കുക.



മഹാശിലായുഗസംസ്കാരം തീർത്തും മൃതമായ സംസ്കാരമല്ല. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. തെക്കേ ഇന്ത്യയിൽ മഹാശിലായുഗനിർമിതികളോടൊപ്പം ഇരുമ്പ് കണ്ടെത്തിയിട്ടുണ്ട്. ഇരുമ്പ് ആര്യരുടെ സംഭാവനയാണെന്നും മഹാശിലാനിർമിതികളുടെ ഉടമകളായ ദ്രാവിഡർ ആര്യരിൽ നിന്നും ഇരുമ്പ് സ്വീകരിച്ചതാകാമെന്നുമുള്ള നിഗമനമുണ്ട്. എന്തായാലും മഹാശിലായുഗനിർമിതി ഇത്തരം ഒരു അദ്ഭുതമാണ്. ആരാണ് യഥാർഥ അവകാശികൾ എന്ന് അറിയില്ലെങ്കിലും ഇത് അന്നാട്ടുകാരാണ് നിർമിച്ചതെന്ന് ഡോ. കെ.ആർ.യു. കെന്നഡി (2002) അഭിപ്രായപ്പെടുന്നുണ്ട്.

പഠനപുരോഗതി വിലയിരുത്താം.

1. ഉചിതമായി പൂരിപ്പിക്കുക

   പ്രാചീനശിലായുഗത്തിലെ മനുഷ്യാവശിഷ്ടങ്ങൾ മധ്യപ്രദേശിലെ ---- ൽനിന്നും ---- ൽനിന്നും തമിഴ്നാട്ടിലെ ---------- ൽനിന്നും കണ്ടെത്തിയിട്ടുണ്ട്.

2. ശരിയോ തെറ്റോ എന്നു കണ്ടെത്തി ഉത്തരം ന്യായീകരിക്കുക.

   എ) മഹാശിലായുഗം തീർത്തും മൃതമായ ഒരു സംസ്കാരമല്ല.

VI. കാലഗണനാരീതികൾ (Dating Methods)

പുരാവസ്തുശാസ്ത്രജ്ഞർ ശേഖരിക്കുന്ന ശേഷിപ്പുകളുടെ കാലഗണന നിർവഹിക്കുക എന്നത് പ്രധാനപ്പെട്ട ഒരു കടമ്പയാണ്. ഭൂതകാലസംസ്കാരത്തെ പുനഃസൃഷ്ടിക്കാൻ ഇത്തരം ശേഷിപ്പുകൾ വിശകലനം ചെയ്യേണ്ടതുണ്ട്. അതിന് അവയുടെ കാലപ്പഴക്കം നിർണയിക്കുക പ്രധാനമാണ്. കാലഗണന പ്രധാനമായും രണ്ടു തരത്തിലുണ്ട്. ആപേക്ഷിക കാലഗണനരീതിയും (Relative dating methods) കേവലകാലഗണനരീതിയും (Absolute dating methods). ഇതിൽ ആപേക്ഷിക കാലഗണനരീതികളിൽ ഒരു വസ്തുവിന്റെ കൃത്യമായ കാലഗണന നടത്തുന്നില്ല. മറിച്ച്, കേവലകാലഗണനരീതികളിൽ അവശിഷ്ടങ്ങളുടെ കൃത്യമായ കാലപ്പഴക്കം ശാസ്ത്രീയമായ രീതികളിലൂടെ നിർണയിക്കുകയാണ് ചെയ്യുന്നത്. കേവലകാലഗണനരീതിയെ ക്രോണോമെട്രിക് കാലഗണന എന്നും പറയുന്നു.

1. ആപേക്ഷികകാലഗണനാരീതികൾ (Relative Dating Methods)

സ്ട്രാറ്റിഗ്രാഫി, ഫ്ളൂറിൻ വിശകലനം, സീരിയേഷൻ, പോളൻ (പൂമ്പൊടി) വിശകലനം തുടങ്ങിയവ ചില ആപേക്ഷിക കാലഗണനരീതികളാണ്. ഇവ എന്താണെന്നു പരിശോധിക്കാം.

എ) മണ്ണടർ പരിശോധന (Stratigraphy)

ഭൂമിയിൽ അവസാദങ്ങൾ, മണ്ണുകൾ തുടങ്ങിയവ നിക്ഷേപിക്കുമ്പോൾ അടുക്കുകൾ രൂപം കൊള്ളുമല്ലോ. ഇങ്ങനെയുള്ള അടുക്കുകളിൽ ഏറ്റവും അടിയിലുള്ളത് സാധാരണഗതിയിൽ ഏറ്റവും പഴക്കമുള്ളതും മുകളിലുള്ളത് താരതമ്യേന പുതിയതുമായിരിക്കും. ഇത്തരം അടുക്കു

കളിൽ ഏറ്റവും അടിയിലുള്ള അടരുകളിൽ കാണപ്പെടുന്ന പുരാവസ്തുക്കൾ മുകളിലുള്ളതി നേക്കാൾ കാലപ്പഴക്കമുള്ളതായിരിക്കും. ഭൂകമ്പം, അഗ്നിപർവതസ്ഫോടനം, മണ്ണൊലിപ്പ് തുട ങ്ങിയ ഭൗമപ്രവർത്തനങ്ങളാൽ ഭൂഘടനയിൽ മാറ്റമൊന്നും ഉണ്ടാകുന്നില്ലെങ്കിൽ മാത്രമേ ഇത് ഫലവത്താവുകയുള്ളൂ. അത്തരം സന്ദർഭങ്ങളിൽ ഇതര കാലഗണനരീതികൾ അവലംബിക്കേ ണ്ടതുണ്ട്.

ബി) ഫ്ളൂറിൻ പരിശോധന (Fluorine Analysis)

ഫ്ളൂറിൻ എന്ന വാതകം വെള്ളത്തിൽ ഫ്ളൂറൈഡുകളായാണ് കാണപ്പെടുന്നത്. വെള്ളത്തിൽ ക്കിടക്കുന്ന അസ്ഥികൾ ഈ ഫ്ളൂറൈഡുകൾ ആഗിരണം ചെയ്ത് അവയിൽ മഞ്ഞ നിറത്തി ലുള്ള അടുക്ക് രൂപംകൊള്ളുന്നു. കാലപ്പഴക്കം കൂടുന്തോറും ഫ്ളൂറിന്റെ അളവും കൂടിക്കൊണ്ടി രിക്കും. കേവലമായ കാലഗണന ഇതു പ്രകാരം സാധ്യമാകാത്തത് ഓരോയിടത്തെയും മണ്ണി ലെയും ജലത്തിലെയും ഫ്ളൂറിന്റെ അളവ് വ്യത്യസ്തമായിരിക്കും എന്നതുകൊണ്ടാണ്. എന്നാൽ ഒരേസ്ഥലത്തു കിടക്കുന്ന രണ്ട് ഫോസിലുകളിൽ കൂടുതൽ ഫ്ളൂറിൻ അടങ്ങിയത് ആദ്യമുണ്ടാ യതായിരിക്കും എന്ന് ഈ രീതിയിലൂടെ കണ്ടെത്താം.

സി) പരമ്പര പരിശോധന (Seriation)

കൃഷിയാരംഭിച്ചതോടുകൂടിയാണ് മനുഷ്യർ മൺപാത്രനിർമാണം ആരംഭിക്കുന്നത്. ആഹാര ശേഖരണവും വേട്ടയാടലും ചെയ്തിരുന്ന സമൂഹങ്ങൾക്ക് ഇത് അജ്ഞാതമായിരുന്നു. ആദ്യ കാലത്ത് കൈകൊണ്ട് നിർമിച്ചിരുന്ന മൺപാത്രങ്ങളാണു നിലവിലുണ്ടായിരുന്നത്. ഇത് വലു പ്പത്തിലും ആകൃതിയിലും മിനുക്കലിന്റെ കാര്യത്തിലും ചിത്രപ്പണിയിലുമൊക്കെ ലളിതമായി രുന്നു. മൺപാത്രനിർമാണരീതികൾ കാലക്രമേണ മാറ്റത്തിനു വിധേയമായിട്ടുണ്ട്. ഓരോ കാല ഘട്ടത്തിലും നിലനിന്ന മൺപാത്രനിർമാണരീതികൾ ഇന്ന് വ്യക്തമായി അറിയാവുന്നതാണ്. ഇതുപ്രകാരം ലഭിക്കുന്ന മൺപാത്രങ്ങളുടെ വലുപ്പം, ആകൃതി, ചിത്രപ്പണി, നിറം എന്നിവ മനസ്സി ലാക്കി അതിന്റെ ഏകദേശ കാലപ്പഴക്കം നിർണയിക്കാൻ കഴിയുന്ന രീതിയാണ് സീരിയേഷൻ.

ഡി) പൂമ്പൊടി പരിശോധന (Pollen Analysis)

പോളൻ എന്നാൽ പൂമ്പൊടി എന്നാണർഥം. പൂമ്പൊടികൾ ഏതു പ്രതികൂലകാലാവസ്ഥയെയും അതിജീവിച്ചു നിലനിൽക്കുന്നുണ്ട്. ചെളിയിലും മണ്ണിലും മരുഭൂമിയിലുമൊക്കെ ഇവ സുരക്ഷി തമായി നിലനിൽക്കുന്നു. ഓരോ ചെടിയുടെയും പൂമ്പൊടി തിരിച്ചറിയാൻ ഇന്നു കഴിയും. ഇത്തരം പൂമ്പൊടികൾ വിശകലനം ചെയ്യുമ്പോൾ ആ പ്രദേശത്തിലെ മരങ്ങളെക്കുറിച്ചും അവ യിൽ വന്ന മാറ്റങ്ങളെക്കുറിച്ചും, പ്രദേശത്തെ കാലാവസ്ഥയെക്കുറിച്ചുമൊക്കെ മനസ്സിലാക്കാൻ കഴിയും - യൂറോപ്പിൽ ഹിമയുഗകാലഘട്ടത്തിനു ശേഷമുണ്ടായ വനരൂപീകരണത്തെക്കുറിച്ച് ഇപ്രകാരം മനസ്സിലാക്കിയിട്ടുണ്ട്. അങ്ങനെയാണ് ആദ്യം ബിർച്ച് മരങ്ങളും പിന്നീട് പൈൻമര ങ്ങളും ഓക്ക് മരങ്ങളും ഉണ്ടായി എന്ന് മനസ്സിലായത്. നവീനശിലായുഗത്തിൽ ഉണ്ടായ കാർഷിക വൃത്തിയെക്കുറിച്ചുള്ള അറിവും പൂമ്പൊടിവിശകലനത്തിലൂടെ ലഭിക്കുന്നു.

പഠനപുരോഗതി വിലയിരുത്താം

വിട്ട ഭാഗം പൂരിപ്പിക്കുക.

1. മണ്ണടരുകളിൽ അകപ്പെട്ട പുരാവസ്തുക്കളുടെ ഏകദേശകാലപ്പഴക്കം നിർണയിക്കുന്ന രീതിയെ ———— എന്നു പറയുന്നു.

2. മണ്ണടരുകളിൽ അടിയിലത്തെ അടുക്കിലെ പുരാവസ്തുക്കളുടെ പഴക്കം ———— മുകളിലത്തെ അടരിലെ പുരാവസ്തുക്കളുടെ പഴക്കം ———— ആയിരിക്കും.

കേവലകാലഗണനാരീതികൾ (Absolute Dating Methods)

ഡെൻഡ്രോ ക്രോണോളജി, റേഡിയോ കാർബൺ രീതി, പൊട്ടാസ്യം ആർഗൺ രീതി, തെർമോ ലുമിനിസൻസ് രീതി എന്നിവ പ്രധാനപ്പെട്ട കേവലകാലഗണനാരീതികളാണ്. ഇവ എന്താണെന്ന് പരിശോധിക്കാം.

എ) വാർഷികവലയ പരിശോധന (Dendrochronology)

ഒരു മരം അതിന്റെ കാണ്ഡത്തിൽ ഓരോ വർഷവും പുതിയ വലയങ്ങൾ തീർക്കാറുണ്ട്. ഇത്തരം വലയങ്ങളെ വാർഷിക വലയങ്ങൾ എന്നു പറയുന്നു. വാർഷികവലയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയാൽ ആ മരത്തിന്റെ അത് മുറിക്കുന്ന സമയത്തെ കാലപ്പഴക്കം നിർണയിക്കാം. മാത്രമല്ല വാർഷികവലയങ്ങൾക്കിടയിലെ വീതി, പ്രദേശത്തിന്റെ കാലാവസ്ഥയെക്കുറിച്ചും അറിവു നൽകുന്നുണ്ട്. ധാരാളം മഴ ലഭിക്കുമ്പോഴും മണ്ണിന് ഫലഭൂയിഷ്ഠത ഉള്ളപ്പോഴും വലയങ്ങളുടെ വീതി കൂടുതലായിരിക്കും. ഒരു പ്രദേശത്തെ മരങ്ങൾക്കെല്ലാം വാർഷികവലയങ്ങളുടെ കാര്യത്തിൽ ഒരേ ഘടന ദൃശ്യമായിരിക്കും. അങ്ങനെ രണ്ടു പ്രദേശങ്ങളിലെ ഒരേ കാലഘട്ടത്തിലെ കാലാവസ്ഥാമാറ്റങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ ഇത് ഉപകരിക്കും. എന്നാൽ വിദഗ്ധർക്കു മാത്രമേ വാർഷികവലയങ്ങൾ വിശകലനം ചെയ്ത് കാലഗണന നിർവഹിക്കാൻ കഴിയുകയുള്ളൂ. എല്ലാ പ്രദേശത്തുമുള്ള എല്ലാ മരങ്ങളിലും ഇതിന് പ്രയോഗ സാധ്യതയില്ല. ഒരേ പ്രദേശത്തെ മരങ്ങളിലെ വാർഷികവലയങ്ങളാണ് പഠനവിധേയമാക്കുന്നത്.

ബി) റേഡിയോ കാർബൺ പരിശോധന (Radio Carbon Method)

ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന അമൂല്യമായ ഒരു കാലഗണനരീതിയാണ് റേഡിയോ കാർബൺ രീതി. റേഡിയോ ആക്ടീവതയുള്ള കാർബണിന്റെ (C_{14}) അപചയം അളന്നാണ് കാലപ്പഴക്കം നിർണയിക്കുന്നത്. 1941 ൽ വില്ലാർഡ്.എഫ്. ലിബ്ബി എന്ന ശാസ്ത്രജ്ഞനാണ് കാർബണിന്റെ റേഡിയോ ആക്ടീവതയുള്ള ആറ്റം കണ്ടുപിടിക്കുന്നത്. കാർബണിന് 12, 13, 14 എന്നീ മൂന്ന് ഐസോടോപ്പുകൾ ഉണ്ടെങ്കിലും കാർബൺ 14 അസ്ഥിരമാണ്. കാർബൺ 14 റേഡിയോ ആക്ടീവ് വികിരണങ്ങൾ പുറപ്പെടുവിക്കുകയും മാറ്റത്തിനു വിധേയമാകുകയും ചെയ്യുന്നുണ്ട്. എല്ലാ ജീവജാലങ്ങളിലും കാർബൺ 14 അടങ്ങിയിട്ടുണ്ട്. ജീവജാലങ്ങളിൽ കാർബണിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. സസ്യങ്ങൾ അന്തരീക്ഷത്തിൽനിന്നും ജന്തുക്കൾ സസ്യങ്ങളെ ഭക്ഷിച്ചും കാർബൺ ആഗിരണം ചെയ്യുന്നു. മൃതമായാൽ കാർബൺ ആഗിരണം അവസാനിക്കുകയും ക്ഷയിക്കാനാരംഭിക്കുകയും ചെയ്യുന്നു. കാർബണിന്റെ ഈ അപചയനിരക്ക് ഏറെക്കുറേ സ്ഥിരമാണ്. കാർബൺ 14 ന്റെ അർധായുസ്സ് 5730 വർഷമാണ്. അതായത് 5730 വർഷങ്ങൾകൊണ്ട് റേഡിയോ കാർബണിന്റെ അളവ് പകുതിയായി കുറയുന്നു. പരീക്ഷണശാലകളിൽ ഉയർന്ന

ഊഷ്മാവിൽ ചൂടാക്കി ഒരു വസ്തുവിലുള്ള കാർബണിന്റെ അളവ് കണ്ടെത്താൻ കഴിയും. ഇതിൽനിന്ന് ആ വസ്തുവിന്റെ കൃത്യമായ കാലപ്പഴക്കവും നിർണയിക്കാം. തുകൽ, തലമുടി, തുണി, കൽക്കരി, മരം, അസ്ഥി എന്നിവയുടെയെല്ലാം കാലപ്പഴക്കം ഇത്തരത്തിൽ നിർണയിക്കാം.

എന്നാൽ ഇതിനും പരിമിതികളുണ്ട്. 60,000 വർഷത്തിനു മുമ്പുള്ള വസ്തുക്കളുടെ കാലപ്പഴക്കം ഈ രീതിയിലൂടെ സാധ്യമല്ല. മാത്രവുമല്ല, ഓരോ വസ്തുവിലെയും കാർബണിന്റെ അളവ് നമ്മൾ നിർണയിച്ചിരിക്കുന്നത് ഇന്നത്തെ കാലാവസ്ഥ അടിസ്ഥാനമാക്കിയാണ്. എന്നാൽ ചരിത്രാതീതകാലത്തെ കാലാവസ്ഥയിൽ അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് ഇത്രതന്നെയായിരുന്നു എന്ന് ഉറപ്പിച്ചു പറയാൻ നമുക്കു കഴിയില്ല.

സി) പൊട്ടാസ്യം ആർഗൺ പരിശോധന (Potassium Argon Method)

റേഡിയോ ആക്ടീവതയുള്ള കാർബണിന്റെ രീതിപോലെത്തന്നെയാണ് ഏകദേശം പൊട്ടാസ്യം ആർഗൺ രീതിയും. റേഡിയോ ആക്ടീവതയുള്ള പൊട്ടാസ്യം 40 ന്റെ അപചയത്തോത് നമുക്ക് ഇന്ന് അറിയാം. പൊട്ടാസ്യം 40 ആർഗൺ 40 ആയും കാൽസ്യം 40 ആയും രൂപാന്തരം പ്രാപിക്കുന്നു. ഫോസിലുകളുടെ കാലഗണനയിലെ പാറകളുടെയും മിനറലുകളുടെയും കാലപ്പഴക്കം നിർണയിക്കാനാണ് ഇത് ഉപയോഗിക്കുന്നത്. പൊട്ടാസ്യം 40 ന്റെ അർധായുസ്സ് 1330 ദശലക്ഷം വർഷങ്ങളാണ്. അതുകൊണ്ട് 5,00,000 വർഷത്തിനു മേൽ പഴക്കമുള്ള പാറകളുടെയും മറ്റും കാലഗണനയ്ക്ക് ഇതുപകരിക്കും. ഇത്തരം പാറകളിലും മറ്റും സംരക്ഷിക്കപ്പെട്ടിട്ടുള്ള ഫോസിലുകളുടെ കാലപ്പഴക്കത്തിലേക്കു വെളിച്ചം വീശാൻ ഇതുസഹായിക്കും. എന്നാൽ ഈ രീതിക്കും പരിമിതികളുണ്ട്. പൊട്ടാസ്യം ധാരാളമുള്ള പാറകളുടെ കാലഗണന നടത്താനേ ഇതുകൊണ്ടു സാധ്യമാവൂ. പൊട്ടാസ്യം കൂടുതലുള്ള പാറകൾ അഗ്നിപർവതസ്ഫോടനഫലമായി രൂപംകൊണ്ടവയായിരിക്കും. അതുകൊണ്ട് തെക്കൻ ആഫ്രിക്കൻ സൈറ്റുകളിൽ ഇത് അപ്രായോഗികമാണെങ്കിലും, കിഴക്കൻ ആഫ്രിക്കൻ സൈറ്റുകളിൽ വളരെയധികം ഗുണപ്രദമാണ്.

ഡി) തെർമോലുമിനിസൻസ് പരിശോധന (Thermoluminescence Method)

മൺപാത്രങ്ങളുടെയും മിനറലുകളുടെയും കാലപ്പഴക്കം നിർണയിക്കാൻ ഉപകരിക്കുന്ന രീതിയാണ് ഇത്. മൺപാത്രങ്ങൾ ഉയർന്ന ചൂടിൽ കത്തിക്കുമ്പോൾ പുറത്തുവരുന്ന വെളിച്ചമാണ് തെർമോലുമിനിസൻസ്. ഇത് പരീക്ഷണശാലകളിൽ അളക്കാവുന്നതാണ്. മണ്ണിൽ കിടക്കുന്ന മൺപാത്രക്കഷണങ്ങൾ 500 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കുമ്പോൾ മണ്ണിലടങ്ങിയിട്ടുള്ള യുറേനിയം, പൊട്ടാസ്യം എന്നിവയുടെ പ്രവർത്തനഫലമായി ഒരു പ്രത്യേക പ്രകാശം പുറത്തുവിടുന്നു. മൺപാത്രം നിർമിച്ച ഉടനെ ചൂടാക്കുന്നതിന്റെ ഫലമായി അതിൽ അടങ്ങിയിട്ടുള്ള തെർമോലുമിനിസൻസ് പുറത്തുപോയിട്ടുണ്ടാകും. മൺപാത്രം മണ്ണിൽ ഉപേക്ഷിച്ചതിനുശേഷം കാലാന്തരത്തിൽ യുറേനിയവും പൊട്ടാസ്യവും ആഗിരണം ചെയ്യുന്നു. ഇതിന്റെ അളവ് കണ്ടുപിടിക്കാനാണ് വീണ്ടും ഉയർന്ന ഊഷ്മാവിൽ ചൂടാക്കി തെർമോലുമിനിസൻസ് അളക്കുന്നത്. ഇതിൽ നിന്നു മൺപാത്രം മണ്ണിൽ കിടക്കാൻ തുടങ്ങിയതിന്റെ കാലപ്പഴക്കം കൃത്യമായി നിർണയിക്കാൻ കഴിയുന്നു.

പഠനപുരോഗതി വിലയിരുത്താം

1. ഒരു ഫോസിലിന്റെ കൃത്യമായ കാലപ്പഴക്കം നിർണയിക്കുന്ന രീതിയെ ------ എന്നു വിളിക്കുന്നു.
2. കേവലകാലഗണനരീതി ---------- എന്ന് അറിയപ്പെടുന്നു.
3. കാർബൺ 14 ന്റെ അർധായുസ്സ് ------- — വർഷമാണ്.

VII. പുരാവസ്തുപര്യവേക്ഷണത്തിലെ ആധുനികപ്രവണതകൾ (Modern Trends in Archaeological Excavation)

ഏരിയൽ സർവേ അഥവാ റിമോട്ട് സെൻസിങ്, (Aerial Survey or Remote Sensing)

വിമാനങ്ങൾ, വലിയ ബലൂണുകൾ, പട്ടം തുടങ്ങിയവയിൽ കാമറ ഘടിപ്പിച്ച് ഒരു പ്രദേശത്ത് നടത്തുന്ന ആകാശസർവേയാണ് ഏരിയൽ സർവേ. പുരാവസ്തുഗവേഷണത്തിനു സാധ്യതയുള്ള പ്രദേശങ്ങൾ നിർണയിക്കാനാണ് ഇതു ചെയ്യുന്നത്. ഇതുകൂടാതെ ഭൗമാന്തർഭാഗത്തുള്ള വസ്തുക്കളുടെ സാന്നിധ്യം മനസ്സിലാക്കാൻ റഡാറുകൾ, ഇൻഫ്രാറെഡ് വികിരണങ്ങൾ, തരംഗങ്ങൾ, തെർമോഗ്രാഫുകൾ മുതലായവയും ഉപയോഗിക്കുന്നു. മെറ്റൽ ഡിറ്റക്ടറുകൾ ഉപയോഗിച്ചുള്ള ഏരിയൽ സർവേകളും സാധ്യമാണ്. കടലിനടിയിലുള്ള പുരാവസ്തു സൈറ്റുകളെക്കുറിച്ച് മനസ്സിലാക്കാൻ മാനോമീറ്റർ, സൈഡ് സ്കാൻ സോനാർ, മുതലായ ആധുനിക ഉപകരണങ്ങളുമുണ്ട്. ഇത്തരം റിമോട്ട് സെൻസിങ് ഉപകരണങ്ങളുടെ സഹായത്താൽ അകലെയും, ആഴത്തിലുമുള്ള പുരാവസ്തു സൈറ്റുകളെക്കുറിച്ചുള്ള വിവരം നമുക്കിന്നു ലഭിക്കുന്നുണ്ട്.



ഇന്ത്യയിലെ ജല ഗർഭ പര്യവേക്ഷണങ്ങൾ

ഇന്ത്യയിൽ 7516 കി.മീ നീളമുള്ള തീരപ്രദേശവും 1197 ദ്വീപുകളുമുണ്ട്. നമ്മുടെ ഈ ജലാന്തർഭാഗങ്ങൾ സംസ്കാരത്തിന്റെ ശേഷിപ്പുകളുടെ കാര്യത്തിൽ സമ്പന്നമാണ്. ആറാം പഞ്ചവൽസരപദ്ധതിക്കാലം മുതൽ ഇതിന്റെ പ്രാധാന്യവും നാം തിരിച്ചറിഞ്ഞിരുന്നു. ജല ഗർഭ സർവേ നാം 1981ലാണ് ആരംഭിക്കുന്നത്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഭാഗമായി ഒരു ജലാന്തർഭാഗ പുരാവസ്തുപര്യവേക്ഷണവിഭാഗം (Under water Archaeology Wing - UAW) 2001 ൽ സ്ഥാപിതമായി. തുടർന്ന് അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും ധാരാളം ഉദ്ഖനനങ്ങളിൽ ഇവർ ഏർപ്പെട്ടു. UAW പ്രധാനമായും കടലിലെ ഡോക്യുമെന്റേഷൻ, കപ്പൽച്ചേത പഠനങ്ങൾ, ഗവേഷണങ്ങൾ, പരിശീലനം, സെമിനാർ എന്നിവയ്ക്ക് നേതൃത്വം നൽകുന്നു.

അവലംബം - ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ വെബ്സൈറ്റ്

ഭൂതല പര്യവേഷണം (Ground Survey)

ഒരു പ്രദേശത്ത് പുതിയ ഉദ്ഖനന സ്ഥലങ്ങൾ കണ്ടെത്താൻ നടത്തുന്ന ഭൗമോപരിതല സർവേയാണ് ഗ്രൗണ്ട് സർവേ. നേരത്തേ ഇത്തരം സർവേകളേക്കാൾ ഭൂമിക്കു മുകളിലുള്ള പുരാവസ്തുക്കൾ കണ്ടെത്താനായിരുന്നു താൽപ്പര്യപ്പെട്ടിരുന്നത്. ഇതിനായി ഇന്ന് ചെയ്യുന്നത് കാൽനടയായി നടന്നു ചെന്ന് പുരാവസ്തുപ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തുകയാണ്.

കമ്പ്യൂട്ടറധിഷ്ഠിത ഭൂപടനിർമിതി (Computer aided Mapping)

കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള ഭൂപടനിർമാണമാണ് ഇത്. ഭൂപടങ്ങളുടെ സഹായമില്ലാതെ പര്യവേക്ഷണങ്ങൾ അസാധ്യമാണ്. മുൻകാലത്ത് വടക്കുനോക്കിയന്ത്രങ്ങളും അളക്കുന്ന ടേപ്പുകളും റൂളറുകളും പെൻസിലും ഉപയോഗിച്ച് നിർമിച്ചിരുന്ന ഭൂപടങ്ങൾ ഇപ്പോൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ചെയ്യുന്നു.

ജലഗർഭ പുരാവസ്തുശാസ്ത്രം (Under water Archaeology)

വെള്ളത്തിനടിയിലെ പര്യവേക്ഷണമാണ് ഇത്. താരതമ്യേന അവികസിതമായ ഒരു ശാസ്ത്രശാഖയാണിത്. കപ്പൽച്ചേതങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളിൽനിന്നാണ് ഈ ശാസ്ത്രശാഖ ഉരുത്തിരിയുന്നത്. ഇന്ന് കടലിനടിയിലും നദികൾക്കടിയിലുമായി അകപ്പെട്ടിരിക്കുന്ന സാംസ്കാരിക ശേഷിപ്പുകളെക്കുറിച്ചുള്ള പഠനമാണ് ജലഗർഭപുരാവസ്തുശാസ്ത്രവും നടത്തുന്നത്. അതായത് ഭൂമിക്കു മുകളിലുള്ള പര്യവേക്ഷണങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്ന ഭൂതകാല മനുഷ്യരുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും മറ്റ് അനേകം തലങ്ങളുമുള്ള ജീവിതത്തെ കുറിച്ചുള്ള പഠനം തന്നെയാണ് ജലഗർഭ പര്യവേക്ഷണവും ലക്ഷ്യം വയ്ക്കുന്നത്. ജലാന്തർഭാഗപുരാവസ്തുശാസ്ത്രത്തിന് ഇതര ശാസ്ത്രശാഖകളുടെ സഹായം അത്യന്താപേക്ഷിതമാണ്. സമുദ്രശാസ്ത്രപഠനം, നരവംശശാസ്ത്രം, ചരിത്രം തുടങ്ങി അന്തർ വൈജ്ഞാനികസഹകരണം ആവശ്യപ്പെടുന്ന ഒരു മേഖലയാണ് ഇത്. ജലഗർഭപുരാവസ്തു ശാസ്ത്രപഠനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിൽ ഒരു പ്രത്യേക വിഭാഗം ഇതിനായി ആരംഭിച്ചിട്ടുണ്ട്.

പഠനപുരോഗതി വിലയിരുത്താം

1. പുരാവസ്തുഗവേഷണത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ നിർണയിക്കാൻ നടത്തുന്ന ആകാശസർവേയെ ------ എന്നു പറയുന്നു.
2. ജലാന്തർഭാഗപുരാവസ്തുശാസ്ത്രം പ്രധാനമായും ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നത് ---------- ലാണ്.

സംഗ്രഹം

പുരാവസ്തുനരവംശശാസ്ത്രം നരവംശശാസ്ത്രത്തിന്റെ ഒരു ശാഖയാണ്. അത് നാശോന്മുഖമായ സംസ്കാരത്തെക്കുറിച്ച് പഠിക്കുന്നു. പുരാതനം എന്നർഥം വരുന്ന ആർക്കയോസ് പഠനം എന്നർഥമുള്ള ലോഗോസ് എന്നീ രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ആർക്കിയോളജി

എന്ന വാക്കുണ്ടായത്. മനുഷ്യസംസ്കാരത്തിന്റെ 99 ശതമാനവും ചരിത്രാതീതകാലത്താണ് സംഭവിച്ചത് എന്നതിനാലും ഇതൊന്നും എഴുതിവച്ചിട്ടില്ല എന്നതിനാലും പുരാവസ്തു നരവംശ ശാസ്ത്രം കൈകാര്യം ചെയ്യുന്ന ചരിത്രാതീതകാലപഠനം അത്യന്തം പ്രാധാന്യമർഹിക്കുന്നു.

ഭൂമിയുടെ ഉദ്ഭവത്തെക്കുറിച്ചും അവിടെ മനുഷ്യരുൾപ്പെടെയുള്ള ജീവിവർഗങ്ങൾ പരിണമിച്ചു ണ്ടായതിനെക്കുറിച്ചുമുള്ള അറിവ് ചരിത്രാതീതകാലപഠനത്തിന് ആവശ്യമാണ്. ഭൂമിയുടെ ചരിത്രം മുഴുവനായി ഒരു ഭൗമഘടികാരത്തിൽ രേഖപ്പെടുത്താം. ഈ സമയരേഖയിൽ ഏറ്റവും ദൈർഘ്യ മേറിയത് ഇറ (Era) എന്നാണറിയപ്പെടുന്നത്. ഓരോ ഇറയും ധാരാളം പിരീഡുകളായും പിരീ ഡുകൾ ഇപ്പോക്കു (Epoch) കളായും വേർതിരിച്ചിട്ടുണ്ട്. 4 ഇറകളും 4 പിരീഡുകളുമാണുള്ളത്.

അവസാനത്തെ ഇറയായ സീനോസോയ്ക്ക് ടെർഷ്യറി, ക്വാർട്ടിനറി എന്നിങ്ങനെ രണ്ടു പിരീഡു കളായി തരംതിരിച്ചിട്ടുണ്ട്. ക്വാർട്ടിണറി പിരീഡിൽ 2 ഇപ്പോക്കുകളും. അവ യഥാക്രമം പ്ലീസ്റ്റോ സീനും ഹോളോസീനുമാണ്. ആദ്യകാല മനുഷ്യരായ ഹോമോ ഇറക്ടസ്, നിയാണ്ടർതാലു കൾ, ക്രോമാഗ്നണുകൾ മുതലായവ പ്ലീസ്റ്റോസീൻ ഇപ്പോക്കിലാണ് ആവിർഭവിച്ചത്. അതു കൊണ്ട് മനുഷ്യന്റെ 'ഇപ്പോക്ക്' എന്നാണ് ഈ കാലഘട്ടം അറിയപ്പെടുന്നത്.

ടൂളുകൾ, ആർട്ടിഫാക്ടുകൾ, അസംബ്ലേജുകൾ, ഇൻഡസ്ട്രി, സൈറ്റ്, ശൈലി, സംസ്കാരം തുടങ്ങിയ അടിസ്ഥാനാശയങ്ങൾ മനസ്സിലാക്കേണ്ടത് പുരാവസ്തുനരവംശശാസ്ത്ര പഠനത്തിന് അത്യന്താപേക്ഷിതമാണ്. ടൂൾ, മനുഷ്യൻ തന്റെ ചിന്താശേഷിയിൽ രൂപകല്പന ചെയ്തതാണ്. ആർടിഫാക്ട് എന്നാൽ അങ്ങിനെയാവണമെന്നില്ല, പക്ഷേ, ആർടിഫാക്ടിന് ഉപയോഗ അട യാളം ഉണ്ടായിരിക്കണം. ഇത്തരം ടൂളുകളും ആർടിഫാക്ടുകളും ധാരാളമായി കാണുന്ന സ്ഥല മാണ് സൈറ്റ്. ഒരേ സ്ഥലത്ത് ചരിത്രാതീതകാലത്തെ ധാരാളം ആർടിഫാക്ടുകൾ കണ്ടെത്തി യാൽ അതിനെ അസംബ്ലേജ് എന്നു പറയുന്നു. ഏതെങ്കിലും ഒരു കൂട്ടം ആർടിഫാക്ടുകൾ രൂപ മാറ്റം വരുത്തുകയും ഉപയോഗിക്കുകയും ചെയ്യുമ്പോൾ അതിനെ ഇൻഡസ്ട്രി എന്ന് പറയുന്നു. ഒരേതരം ടൂളുകൾ തുടർച്ചയായി ഒരു സ്ഥലത്ത് ഒരേ കാലഘട്ടത്തിൽ കാണുന്നതാണ് പാര മ്പര്യം (tradition). പുരാവസ്തുശാസ്ത്രത്തിൽ സംസ്കാരമെന്നത് വലിയ ഒരു കാലഘട്ടം മുഴു വൻ നിലനിന്ന പാരമ്പര്യമാണ്. ഒന്നിലധികം പാരമ്പര്യങ്ങൾ ഒരേ സംസ്കാരത്തിന് കീഴിൽ നിലനിന്നാൽ അതിനെ കൾച്ചർ കോംപ്ലക്സ് എന്ന് പറയുന്നു.

ചരിത്രാതീതകാലത്തെ ശിലായുഗം, വെങ്കലയുഗം, ഇരുമ്പുയുഗം എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ശിലായുഗത്തിന്റെ ആരംഭം 'ഇയോലിത്ത്' എന്നറിയപ്പെടുന്നു. ആയുധങ്ങൾ നിർമിച്ചിരിക്കുന്ന സാങ്കേതികവിദ്യയനുസരിച്ച് മുന്നുതരം ടൂളുകൾ ഉണ്ട്. കോർ, ഫ്ളേക്ക്, ബ്ലേഡ്. കോർ ടൂളുകൾ ഒരു ഭാഗം മാത്രം മൂർച്ച വരുത്തിയവയും രണ്ട് മുഖവും മൂർച്ചവരുത്തിയവയു മുണ്ട്. പ്രാചീനശിലായുഗത്തിന്റെ ആദ്യപാദത്തിൽ - ലോവർപാലിയോലിത്തിക് കാലഘട്ടത്തിൽ- കോർടൂളുകളാണുണ്ടായിരുന്നത് - കൈക്കോടാലികൾ കോർ ടൂളുകളാണ് - മുഖ്യശിലാടൂളായി ഉപയോഗിക്കുന്നതാണ് കോർ - കോറിൽ നിന്നു അടർത്തിമാറ്റിയ ചീളുകളാണ് ഫ്ളേക്കുകൾ - വളരെ നന്നായി മൂർച്ചവരുത്തിയ വക്കുകളുള്ള ടൂളുകളാണ് ബ്ലേഡുകൾ.

ശിലായുധങ്ങൾ നേരിട്ടുള്ള കൂട്ടിയിടി, നേരിട്ടല്ലാതെ മറ്റൊരു മാധ്യമത്തിലൂടെ ഇടി, നിയന്ത്രണ ഇടി, നന്നായി ഉരസിമിനുക്കിയെടുക്കൽ എന്നീ രീതികളിൽ നിർമിച്ചിരുന്നു. ശിലായുഗത്തിൽ വെട്ടുകത്തി വെട്ടിയുണ്ടാക്കുന്ന പാരമ്പര്യം, കൈക്കോടാലി പാരമ്പര്യം, ഫ്ളേക്ക് പാരമ്പര്യം, ബ്ലേഡ് പാരമ്പര്യം എന്നിവ നിലനിന്നിരുന്നു. കൈക്കോടാലികൾ പ്രധാനമായും പ്രിഷീലിയൻ,

ഷീലിയൻ/അബവെല്ലിയൻ, അഷൂലിയൻ എന്നീ മൂന്നു പാരമ്പര്യങ്ങളായി നിലനിന്നിരുന്നു. മധ്യ പ്രാചീനശിലായുഗത്തിലെ ഫ്ളേക്ക്ടൂൾ പാരമ്പര്യം ക്ലാക്ടോണിയൻ, ലവലൂഷ്യൻ, മുസ്റ്റീരിയൻ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ബ്ലേഡ് പാരമ്പര്യത്തിൽ അപ്പർപാലിയോലിത്തിക് കാലഘട്ടത്തിലെ നാല് സംസ്കാരങ്ങൾ ഉണ്ടായിരുന്നു. പെരിഗോർഡിയൻ, ഓറിഗ്നേഷ്യൻ, സൊലൂട്രിയൻ, മഗ്ദലേനിയൻ എന്നിവയാണവ.

ആദി പ്രാചീനശിലായുഗത്തിൽ ഹോമോ ഇറക്ടസ് കോർ ടൂളുകളും ഫ്ളേക്ക് ടൂളുകളും വ്യാപകമായി ഉപയോഗിച്ചിരുന്നു. മധ്യശിലായുഗമാകുമ്പോഴേക്കും കോർ ടൂളുകൾ അപ്രത്യക്ഷമായി ഫ്ളേക്ക് ടൂളുകൾ രംഗപ്രവേശം ചെയ്തു. മാത്രവുമല്ല, ബ്ലേഡ് ടൂളുകളും നിർമിക്കപ്പെട്ടു. ലഘുശിലായുധങ്ങളായിരുന്നു മറ്റൊരു പ്രത്യേകത. നവീനശിലായുഗമാകുമ്പോഴേക്കും മനുഷ്യർ കൃഷിയാരംഭിച്ചു.

ഇന്ത്യയിലും സമ്പന്നമായ ഒരു ചരിത്രാതീതകാലം ഉണ്ടായിരുന്നു. സോയൻ, മദ്രാസ് കൾച്ചർ, ഭീംബേഡ്ക എന്നിവ ഉദാഹരണമാണ്. കൂടാതെ ധാരാളം മഹാശിലായുഗ സ്മാരകങ്ങളും ഇന്ത്യയിലെ വിവിധഭാഗങ്ങളിൽ നിന്നു കണ്ടെത്തുകയുണ്ടായി.

കാലഗണനയ്ക്ക് പ്രധാനമായും രണ്ട് രീതികളുണ്ട്. ആപേക്ഷികവും കേവലവുമായവയാണവ - സ്ട്രാറ്റിഗ്രാഫി, ഫ്ളൂറിൻ പരിശോധന, സീരിയേഷൻ, പൂമ്പൊടി പരിശോധന എന്നിവയാണ് ആപേക്ഷികകാലഗണനരീതികൾ. ഡെൻട്രോ ക്രോണോളജി, റേഡിയോ കാർബൺ രീതി, പൊട്ടാസ്യം ആർഗൺ രീതി, തെർമോലൂമിനിസൻസ് എന്നിവ കേവലകാലഗണനകളാണ്. ആകാശസർവേ ഗ്രൗണ്ട് സർവേ, കമ്പ്യൂട്ടർ സഹായത്തോടെയുള്ള മാപ്പിങ്, ജലഗർഭപുരാവസ്തുശാസ്ത്രം എന്നിവ പുരാവസ്തുശാസ്ത്രപര്യവേക്ഷണങ്ങളിലെ ആധുനികപ്രവണതകളാണ്.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

1. പുരാവസ്തുനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും തിരിച്ചറിഞ്ഞ് പുരാവസ്തുശാസ്ത്രവുമായുള്ള വ്യത്യാസവും ശാസ്ത്രശാഖകളുമായുള്ള ബന്ധവും മനസ്സിലാക്കുന്നു.
2. വിവിധ ഭൗമകാലഘട്ടങ്ങളിലൂടെ ഭൂമിയുടെ ഉദ്ഭവവും വളർച്ചയും മനസ്സിലാക്കുന്നു.
3. പുരാവസ്തുനരവംശശാസ്ത്രത്തിലെ വ്യത്യസ്ത ആശയങ്ങളും പദങ്ങളും അവ തമ്മിലുള്ള ബന്ധവും തിരിച്ചറിയുന്നു.
4. ചരിത്രാതീതകാലഘട്ടത്തിലെ ശിലായുഗത്തിലെ മൂന്നു കാലഘട്ടവിഭജനവും ആ കാലഘട്ടത്തിലെ ടൂളുകളും ആയുധനിർമാണരീതികളും തിരിച്ചറിയുന്നു.
5. ശിലായുഗത്തിലെ മനുഷ്യജീവിതത്തെയും ആ കാലഘട്ടത്തിലെ മനുഷ്യവർഗങ്ങളെയും തിരിച്ചറിഞ്ഞ് മഹാശിലായുഗവുമായുള്ള വ്യത്യാസം മനസ്സിലാക്കുന്നു.
6. ആപേക്ഷിക/കേവല കാലഗണനരീതികൾ വേർതിരിച്ചറിയുന്നു.
7. പുരാവസ്തുശാസ്ത്രപര്യവേക്ഷണങ്ങളിലെ ആധുനികപ്രവണതകൾ തിരിച്ചറിയുന്നു.

മൂല്യനിർണയ ഇനങ്ങൾ

1. കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തി ന്യായീകരിക്കുക.

   എ) പൂർവഷീലിയൻ, ഡോൾമെൻ, അബവെല്ലിയൻ, അഷൂലിയൻ

   ബി) മൈക്രോലിത്ത്, ഫ്ളേക്ക്, കൈക്കോടാലി, സ്റ്റോൺ ലെവലർ

   സി) കാർബൺ 14 രീതി, മണ്ണടർ പരിശോധന, പൂമ്പൊടി പരിശോധന, ഫ്ളൂറിൻ പരിശോധന

   ഡി) ഷീലിയൻ, ക്ലാക്ടോണിയൻ, അഷൂലിയൻ, പ്ലീസ്റ്റോസീൻ

   ഇ) വെട്ടുകത്തികൾ, കൈക്കോടാലി, ബ്ലേഡ്, ഫ്ളേക്കുകൾ

2. ജോടി കണ്ടെത്തുക.

   എ) മനുഷ്യഭൂതകാലം : ചരിത്രം ചരിത്രാതീതകാലം :————

   ബി) കേവലകാലഗണന : കാർബൺ 14 ആപേക്ഷികകാലഗണന : ————

3. താഴെക്കൊടുത്തിരിക്കുന്നവ ആദി, മധ്യ, സമീപ പ്രാചീന ശിലായുഗം, മധ്യശിലായുഗം, നവീനശിലായുഗം, മഹാശിലായുഗം എന്നീ കാലഘട്ടങ്ങളിലായി വേർതിരിച്ചെഴുതുക.

   (മുസ്റ്റീരിയൻ ഫ്ളേക്ക് ടൂൾ, ഓറിഗ്നേഷ്യൻ ബ്ലേഡ്, മൺപാത്രങ്ങൾ, കുടക്കല്ല്, ലഘുശിലായുധങ്ങൾ, അഷൂലിയൻ കൈക്കോടാലി)

4. നവീനശിലായുഗം മനുഷ്യചരിത്രത്തിലും മനുഷ്യന്റെ സാംസ്കാരികപരിണാമഘട്ടങ്ങളിലും നിർണായകമാണ്. ഇത് സാധൂകരിക്കുന്ന നവീനശിലായുഗത്തിലെ 5 പ്രധാന പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുക.

5. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്ന് ഉചിതമായതു പൂരിപ്പിക്കുക. ഓരോന്നിനും ഉചിതമായ ഉദാഹരണങ്ങൾ നൽകുക.

   എ) നരവംശശാസ്ത്രത്തിൽ സംസ്കാരത്തിന്റെ ഏറ്റവും ലഘുവായ യൂണിറ്റിന് ഉദാഹരണമാണ് ————————

   ബി) പുരാവസ്തുനരവംശശാസ്ത്രത്തിൽ സംസ്കാരത്തിന്റെ ഏറ്റവും ലഘുവായ യൂണിറ്റ് ———— ഉദാഹരണം ————

   (സൂചനകൾ: പണിയായുധ നിർമ്മിതി, ഘടകം, പുരാവസ്തു, സംസ്കാരസഞ്ചയം, പുരാവസ്തു കൂട്ടം, കൈക്കോടാലി, ഉത്സവം, ഗുഹാചിത്രം, പിയാനോ)

6. താഴെക്കൊടുത്തിരിക്കുന്ന പുരാവസ്തുക്കൾ അതിന്റെ വളർച്ച-പുരോഗതിക്കനുസരിച്ച് ക്രമീകരിക്കുക.

   (പുരാവസ്തുക്കൾ: മുസ്റ്റീരിയൻ ഫ്ളേക്കുകൾ, ഓറിഗ്നേഷ്യൻ ബ്ലേഡുകൾ മൺപാത്രങ്ങൾ, കുടക്കല്ല്, ലഘുശിലായുധങ്ങൾ, അഷൂലിയൻ കൈക്കോടാലി)

വളർച്ചാഘട്ടങ്ങൾ	പുരാവസ്തുക്കൾ
1. മഹാശിലായുഗം 2. നവീനശിലായുഗം 3. മധ്യശിലായുഗം 4. സമീപപ്രാചീനശിലായുഗം 5. മധ്യപ്രാചീനശിലായുഗം 6. ആദി പ്രാചീനശിലായുഗം	

7. താഴെക്കൊടുത്തിരിക്കുന്നവയെ ലഘുവായതിൽനിന്ന് സങ്കീർണമായതിലേക്ക് എന്ന നിലയിൽ ക്രമീകരിക്കുക.

   (പുരാവസ്തു കൂട്ടം, സംസ്കാരം, പുരാവസ്തു, പണിയായുധ നിർമിതി, ഇൻഡസ്ട്രി)

8. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്ന് ചരിത്രാതീതകാലത്തെ വസ്തുക്കൾ കാണപ്പെടുന്ന സ്ഥലത്തെ സൂചിപ്പിക്കുന്ന പദം കണ്ടെത്തുക.

   (പുരാവസ്തു കൂട്ടം, പണിയായുധ നിർമ്മിതി, പുരാവസ്തു ഇടം, സംസ്കാരം, ഹിമാനികരണം)

9. താഴെ കൊടുത്തിരിക്കുന്നവയെ സമീപ പ്രാചീനശിലായുഗം, മധ്യപ്രാചീനശിലായുഗം, ആദി പ്രാചീനശിലായുഗം എന്നീ കാലഘട്ടങ്ങളിലായി പട്ടികപ്പെടുത്തുക.

   എ) അഷൂലിയൻ ടൂൾ പാരമ്പര്യം
   ബി) മുസ്റ്റീരിയൻ ടൂൾ
   സി) കലയുടെ ഉദ്ഭവം
   ഡി) അഷൂലിയൻ കാലാനന്തര ടൂൾ
   ഇ) അമ്പും വില്ലും
   എഫ്) ഫ്ളേക്കുകൾ
   ജി) ഹോമോ ഇറക്ടസ്
   എച്ച്) നിയാണ്ടർതാൽ

Y3U6R4

യൂണിറ്റ്
5

ഭാഷാനരവംശശാസ്ത്രം: അടിസ്ഥാനാശയങ്ങൾ

ഉള്ളടക്കം

I. ഭാഷാനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും
- ഭാഷാനരവംശശാസ്ത്രവും ഭാഷാശാസ്ത്രവും
- ഭാഷയും സംസ്കാരവും

II. മനുഷ്യന്റെ ആശയവിനിമയം
- ഭാഷയിലൂടെയുള്ള ആശയ വിനിമയത്തിന്റെ പ്രധാന സവിശേഷതകൾ
- ഭാഷയും ചിഹ്നങ്ങളും പ്രതീകങ്ങളും
- ഭാഷയും ശരീരശാസ്ത്രപരമായ രൂപാന്തരവും

III. ഭാഷാഘടനാശാസ്ത്രം
- ഭാഷയുടെ സ്വഭാവഗുണങ്ങൾ

IV. ഭാഷാചരിത്രശാസ്ത്രം
- ഭാഷയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ

V. ഭാഷയുടെ ആർജനം

VI. വാചികമല്ലാത്ത ആശയവിനിമയം
- ശരീരഭാഷ
- അടുപ്പം
- സമയോപയോഗപഠനം
- സ്പർശനം

VII. സഹഭാഷ

VIII. ഭാഷയുടെ നഷ്ടപ്പെടലും വീണ്ടെടുപ്പും



ചിത്രം *5.1* - ഹെലൻ കെല്ലറും ആനി സള്ളിവനും

"ചുറ്റും നിറഞ്ഞരിക്കുന്ന 'ഹണിസക്കിൾ' പുഷ്പത്തിന്റെ സൗരഭ്യത്തിൽ ആകൃഷ്ടരായിക്കൊണ്ട് ഞങ്ങൾ താഴെ കിണറ്റുപുരയിലേക്കുള്ള വഴിയിലൂടെ നടന്നു. ആരോ വെള്ളം കോരുന്നുണ്ടായിരുന്നു. അധ്യാപിക എന്റെ കൈപിടിച്ച് ആ ജലധാരയുടെ അടിയിലേക്ക് വച്ചു. തണുത്ത അരുവി എന്റെ ഒരു കൈയിലേക്കു പ്രവഹിച്ചപ്പോൾ അവർ എന്റെ മറ്റേ കൈയിൽ ആദ്യം പതുക്കെയും പിന്നീട് വേഗത്തിലും 'വാട്ടർ' (WATER) എന്ന പദത്തിന്റെ അക്ഷരങ്ങൾ എഴുതി. ഞാൻ നിശ്ചലയായി. എന്റെ എല്ലാ ശ്രദ്ധയും അവരുടെ വിരലുകളുടെ ചലനങ്ങളിലേക്കുതന്നെ കേന്ദ്രീകരിച്ചു. പെട്ടെന്ന് എനിക്ക് മറന്നുപോയ എന്റെ ചിന്തകൾ തിരികെ വരുന്നതുപോലെയുള്ളൊരു ഉൾപ്പുളകമുണ്ടായി. ഭാഷയുടെ നിഗൂഢത എങ്ങനെയോ എനിക്ക് വെളിപ്പെട്ടു വരുകയായിരുന്നു. അപ്പോൾ ഞാനറിഞ്ഞു, W A T E R എന്നത് എന്റെ കൈയിലൂടെ

ഒഴുകുന്ന തണുത്ത അദ്ഭുതവസ്തുവാണെന്ന്. ആ ജീവിക്കുന്ന വാക്ക് എന്റെ ആത്മാവിനെ ഉണർത്തി; വെളിച്ചം, പ്രതീക്ഷ, സന്തോഷം എന്നിവ നൽകി. എന്നെ സ്വതന്ത്രയാക്കി .....

ഞങ്ങൾ വീട്ടിലേക്കു തിരിച്ചു വന്നു. ഞാൻ തൊടുന്ന ഓരോ വസ്തുവും ജീവൻകൊണ്ട് തുടിക്കുന്നതായി തോന്നി. അതിനു കാരണം എന്നിലേക്കെത്തിയ അപരിചിതമായ ആ പുതിയ കാഴ്ചയിലൂടെയായിരുന്നു ഞാൻ എല്ലാം കണ്ടത് എന്നതായിരുന്നു".

അമേരിക്കൻ രാഷ്ട്രീയപ്രവർത്തകയും കാഴ്ച - കേൾവി പരിമിതരുടെ ഇടയിൽനിന്ന് ആദ്യമായി ബി.എ. ബിരുദം നേടിയ വ്യക്തിയുമായ ഹെലൻ കെല്ലറുടെ ജീവിതാഖ്യാനത്തിൽനിന്നുള്ള വരികളാണിവ. ജീവിതത്തിന്റെ ആദ്യകാലത്ത് ബാധിച്ച പനിയെ തുടർന്നാണ് ഹെലൻ കെല്ലർക്ക് കാഴ്ച - കേൾവി പരിമിതിയുണ്ടായത്. എങ്ങനെയാണ് ഭാഷ ചിന്തയെ പ്രതിഫലിപ്പിച്ചത് എന്ന് അവർ ഇവിടെ വിശദമാക്കുന്നു.

കേരളത്തിലെ പ്രശസ്ത സാമൂഹികപരിഷ്കർത്താവും എഴുത്തുകാരനുമായ വി. ടി. ഭട്ടതിരിപ്പാട് 'കണ്ണീരും കിനാവും' എന്ന ആത്മകഥയിൽ ഇതുപോലൊരു സന്ദർഭം വിവരിക്കുന്നുണ്ട്. അദ്ദേഹം മലയാളഭാഷ എഴുതാനും വായിക്കാനും പഠിച്ചത് വളരെ വൈകിയാണ്. ഒരു പെൺകുട്ടിയുടെ സഹായത്താലാണ് അദ്ദേഹം മലയാള അക്ഷരമാല പഠിച്ചത്. ശർക്കര പൊതിഞ്ഞുകൊണ്ടുവന്ന ഒരു പത്രത്തിൽനിന്ന് ഒരു വാക്യം എങ്ങനെയൊക്കെയോ ആദ്യമായി വായിച്ചെടുത്തു. അത് ഒരു കോരിത്തരിപ്പിക്കുന്ന അനുഭവമായി അദ്ദേഹം വിവരിക്കുന്നു.

മേൽക്കൊടുത്ത സന്ദർഭങ്ങൾ ഭാഷയുടെ പ്രാധാന്യം കൃത്യമായി സൂചിപ്പിക്കുന്നു.

- നിങ്ങളെപ്പോഴെങ്കിലും ഭാഷയുടെ ഈ നിഗൂഢശക്തി അനുഭവിച്ചിട്ടുണ്ടോ? നിങ്ങൾ ക്കെപ്പോഴെങ്കിലും ഭാഷയുടെ പരിമിതികൾ അനുഭവപ്പെട്ടിട്ടുണ്ടോ? അവ ഗ്രൂപ്പിൽ പങ്കുവയ്ക്കുക.

ആശയവിനിമയത്തിന്റെ ആദ്യരൂപമായി വ്യത്യസ്ത തരത്തിലുള്ള ശബ്ദങ്ങൾ പ്രകടിപ്പിച്ചാണ് നാം ശൈശവത്തിൽ നമുക്കു ചുറ്റുമുള്ള വസ്തുക്കളെ സൂചിപ്പിക്കുന്നത്. നമ്മുടെ ആശയ വിനിമയത്തിന്റെ ആദ്യരൂപമാണത്. പിന്നീട്, ഭാഷ ആർജിച്ചെടുത്തതോടെ നമ്മുടെ ആശയവി നിമയം കൂടുതൽ കൃത്യവും വ്യക്തവുമായി. മനുഷ്യൻ സാമൂഹികജീവിയായതിനാൽ, കൂട്ടായ സാമൂഹികജീവിതത്തിന് അംഗങ്ങൾക്കിടയിലുള്ള പാരസ്പര്യം വളരെ അനിവാര്യമാണ്. അതിനാൽ സമൂഹികജീവിയെന്ന നിലയിൽ ആശയവിനിമയം നടത്തേണ്ടത് അത്യാവശ്യമായി വരുന്നു.

- നമ്മളെങ്ങനെയാണ് മറ്റുള്ളവരുമായി നമ്മുടെ ആശയങ്ങളും വികാരങ്ങളും പങ്കുവയ്ക്കുന്നത്?
- മൃഗങ്ങൾ നമ്മളെപ്പോലെ ആശയവിനിമയം നടത്താറുണ്ടോ?
- മനുഷ്യന്റെ ആശയവിനിമയം എങ്ങനെയാണ് വ്യത്യസ്തമാവുന്നത്?
- എങ്ങനെയാണ് ഭാഷയിലൂടെയുള്ള ആശയവിനിമയം ആരംഭിച്ചത്?

ഈ അധ്യായത്തിൽ നമ്മൾ ചർച്ചചെയ്യുന്ന രസകരമായ ചില ആശയങ്ങളാണിവ.

നരവംശശാസ്ത്രത്തിന്റെ പ്രധാന മേഖലയായ സംസ്കാരത്തെക്കുറിച്ചുള്ള പഠനം ഭാഷയുടെ വ്യത്യസ്ത തലങ്ങളെക്കുറിച്ചുള്ള ധാരണയില്ലാതെ പൂർണമാവുകയില്ല. കാരണം, ഭാഷ സംസ്കാരത്തിന്റെ ഒരു അവിഭാജ്യഘടകം തന്നെയാണ്.

I. ഭാഷാനരവംശശാസ്ത്രം: അർഥവും വ്യാപ്തിയും

(Meaning and Scope of Linguistic Anthropology)

ഭാഷാനരവംശശാസ്ത്രം (Linguistic Anthropology) അഥവാ ആന്ത്രോപോളജിക്കൽ ലിംഗ്വിസ്റ്റിക്സ് (Anthropological Linguistics) എന്ന പദം ഇന്ന് വ്യത്യസ്ത രീതികളിൽ മനസ്സിലാക്കപ്പെടുന്നുണ്ട്. മനുഷ്യന്റെ ജീവ ശാസ്ത്രപരവും സാംസ്കാരികവുമായ മേഖലകളുമായി ബന്ധപ്പെടുത്തി ഭാഷയെക്കുറിച്ചു പഠിക്കുന്ന നരവംശാസ്ത്രശാഖയാണിത്. പ്രത്യേക സംസ്കാര ങ്ങളുമായി ബന്ധപ്പെടുത്തി ഭാഷയുടെ ഘടന, അതിന്റെ ഉപയോഗം, ഉദ്ഭവം, വികാസം, വർഗീകരണം എന്നിവയാണ് ഇതിൽ പരിശോധിക്കുന്നത്. ആശ യവിനിമയത്തിന്റെയും സാമൂഹിക ഇടപെടലിന്റെയും പ്രാഥമികമാധ്യമം എന്ന നിലയ്ക്ക് സാമൂഹികജീവിത ത്തിന്റെ അവിഭാജ്യഘടകമായാണ് ഭാഷാനരവംശ ശാസ്ത്രജ്ഞർ ഭാഷയെക്കുറിച്ചു പഠിക്കുന്നത്.

ഭാഷാനരവംശശാസ്ത്രം

ഒരു പ്രത്യേക സംസ്കാരത്തിൽ ജന ങ്ങൾ എങ്ങനെ ഭാഷ കൈകാര്യം ചെയ്യുന്നു എന്നതാണ് ഭാഷാ നരവംശ ശാസ്ത്രത്തിന്റെ വിഷയം. വളരെ കുറച്ച് മാത്രം ജനങ്ങൾ സംസാരിക്കു ന്നതോ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെടുന്നതോ എഴുതപ്പെടാ ത്തതോ ആയ ഭാഷകളാണ് ഭാഷാനര വംശശാസ്ത്രജ്ഞർ വിശകലനം ചെയ്യുന്നത്. എഴുതപ്പെടാത്ത രീതി യിലുള്ള ഭാഷ രേഖപ്പെടുത്തുന്ന വഴികൾ വികസിപ്പിക്കുക എന്നതും ഭാഷാനരവംശശാസ്ത്ര പ്രവർത്ത നങ്ങളിൽ ഉൾപ്പെടുന്നു. ചില ഭാഷാ നരവംശശാസ്ത്രജ്ഞർ ഭാഷാചരി ത്രശാസ്ത്രത്തിന്റെ (Historical Linguistics) പരിധിയിൽ വരുന്ന, അന്യം നിന്നുപോയ ഭാഷകൾ പുനരുജ്ജീ വിപ്പിക്കുന്നതിലും നിലവിലുള്ള ഭാഷ കളുമായി അവയുടെ ബന്ധം പുനർ നിർമിക്കുന്നതിലും ശ്രദ്ധ കേന്ദ്രീ കരിക്കുന്നു.

ഭാഷാനരവംശശാസ്ത്രവും ഭാഷാശാസ്ത്രവും (Linguistic Anthropology and Linguistics)

ഫീൽഡ്വർക്കിലൂടെ ദീർഘകാല പങ്കാളിത്തനിരീ ക്ഷണം അവലംബിച്ചുകൊണ്ടുള്ള രീതിശാസ്ത്രമാണ് ഭാഷാനരവംശശാസ്ത്രം ഉപയോഗിക്കുന്നത്. ഈ രീതിശാസ്ത്രംകൊണ്ട്, ഭാഷയും മറ്റ് ആശയവിനിമയരീതികളും എങ്ങനെയാണു സംസ് കാരവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് ഭാഷാനരവംശശാസ്ത്രജ്ഞർ പരിശോധിക്കുന്നു. അധികാരബന്ധങ്ങൾ, പ്രത്യയശാസ്ത്രം, വർഗം, ലിംഗഭേദം, വംശീയസ്വത്വം എന്നിവയെയെല്ലാം, ഭാഷയും മറ്റ് ആശയവിനിമയരീതികളും എങ്ങനെയാണ് പ്രതിഫലിപ്പിക്കുന്നത് എന്നും ഭാഷാനരവംശശാസ്ത്രം വിശകലനം ചെയ്യുന്നു. പ്രശസ്ത അമേരിക്കൻ ഭാഷാനരവംശശാസ്ത്രജ്ഞനായ ഡെൽ ഹാത്വേ ഹൈംസ് (Dell Hathve Hymes)നിരീക്ഷിച്ചതുപോലെ, ഭാഷാനരവംശശാസ്ത്രമെന്നത് നരവംശശാസ്ത്രത്തിന്റെ പശ്ചാ ത്തലത്തിലെ ഭാഷണത്തെയും ഭാഷയെയും കുറിച്ചുള്ള പഠനമാണ് (1963:277). ചുരുക്കത്തിൽ ഭാഷാനരവംശശാസ്ത്രമെന്നത്, ഭാഷയെ സാംസ്കാരികവിഭവമെന്ന നിലയിലും സംസാര രീതിയെ സാംസ്കാരിക പ്രവർത്തനമെന്ന നിലയിലും പഠിക്കുന്ന ശാസ്ത്രമാണ്.

എന്നാൽ ഭാഷയുടെ ഉദ്ഭവം, വികാസം, വർഗീകരണം എന്നിവയെക്കുറിച്ചു പഠിക്കുന്ന മേഖല യാണ് ഭാഷാശാസ്ത്രം (Linguistics). ഭാഷാശാസ്ത്രജ്ഞർ (Linguists) മിക്കവാറും വ്യത്യസ്ത ഭാഷകളെക്കുറിച്ച് വിവരിക്കുന്നതിലും അവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിഞ്ഞ് ഓരോന്നി നെയും വ്യത്യസ്ത ഭാഷാകുടുംബങ്ങളിലും ഉപകുടുംബങ്ങളിലുമായി വർഗീകരിക്കുന്നതിലും ശ്രദ്ധിക്കുന്നു. പത്തൊൻപതാംനൂറ്റാണ്ടുവരെ ഈ പഠനത്തിന്റെ ശ്രദ്ധാകേന്ദ്രം ക്ലാസിക്കൽ ഭാഷകളായിരുന്നു. ഈ വിജ്ഞാനത്തിന്റെ ശാഖ ഭാഷാവിജ്ഞാനം (Philology) എന്ന പേരിൽ അറിയപ്പെട്ടു.

ഭാഷാനരവംശശാസ്ത്രവും ഭാഷാശാസ്ത്രവും പൊതുവായി പലതും പങ്കുവയ്ക്കുന്നുണ്ടെങ്കിലും, മറ്റു ചില മേഖലകളിൽ ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു. നരവംശശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗപ്പെടുത്തിയാണ് ഭാഷാനരവംശശാസ്ത്രം ഭാഷയെക്കുറിച്ചു പഠിക്കുന്നത്. ഇതിൽ ഭാഷയുടെ ഉദ്ഭവം, വികാസം, വർഗീകരണം എന്നിവയെ സംസ്കാരത്തിന്റെ വ്യത്യസ്ത തലങ്ങളുമായി താരതമ്യപ്പെടുത്തിയാണ് പരിശോധിക്കുന്നത്. എന്നാൽ ഭാഷാശാസ്ത്രം ഭാഷയെ, ഭാഷയെന്ന നിലയിലും ആശയവിനിമയത്തിനുള്ള മാധ്യമം എന്ന നിലയിലും മാത്രം പഠിക്കുന്നു. ഇത് ഭാഷയുടെ ഉദ്ഭവം, വികാസം, വർഗീകരണം എന്നിവയെ സംസ്കാരത്തിന്റെ ഭാഗമായിട്ടല്ലാതെതന്നെ അമൂർത്തമായ രീതിയിൽ വിശകലനം ചെയ്യുന്നു. മാത്രമല്ല ഭാഷാശാസ്ത്രം നരവംശശാസ്ത്രരീതികൾക്ക് ഒട്ടും പ്രാധാന്യം നൽകുന്നുമില്ല.

പഠനപുരോഗതി വിലയിരുത്താം

1. ഭാഷാനരവംശശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും തനത് സവിശേഷതകൾ തിരിച്ചറിഞ്ഞുകൊണ്ട്, വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

ഭാഷാശാസ്ത്രം	ഭാഷാനരവംശശാസ്ത്രം
ഭാഷയുടെ ഉദ്ഭവം, വികാസം, വർഗീകരണം എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ	.....
.....	ഭാഷയുടെ പഠനത്തിനായി വംശീയ വിവരണ രീതിശാസ്ത്രസങ്കേതങ്ങളെ കൂട്ടിയോജിപ്പിക്കുന്നു.
.....	.....

2. ഭാഷാനരവംശശാസ്ത്രം എങ്ങനെയാണ് നരവംശശാസ്ത്രത്തിന്റെ മറ്റു ശാഖകളിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നു പരിശോധിക്കുക.

ഭാഷയിലൂടെയുള്ള ആശയവിനിമയമാണ് ഭാഷാനരവംശശാസ്ത്രത്തിന്റെ കേന്ദ്രവിഷയം എന്നതിനാൽ ഭാഷയെക്കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്.

- നിങ്ങളെപ്പോഴെങ്കിലും ഭാഷയില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?

ഗ്രൂപ്പുകളായി 'ഭാഷയില്ലാത്ത ലോകം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു റോൾപ്ലേ അവതരിപ്പിക്കാം.



അത്തരം ലോകത്തിൽ മനുഷ്യജീവിതം ഇന്നു നാം ജീവിക്കുന്ന രീതിയിലായിരിക്കില്ല എന്ന് നമുക്ക് മനസ്സിലാവും. മാത്രമല്ല, ഭാഷയെന്നത് ആശയവിനിമയത്തിനുള്ള മാധ്യമം മാത്രമല്ല, സംസ്കാരത്തിന്റെ വികാസത്തിനും കൈമാറ്റത്തിനുമുള്ള വളരെ പ്രധാനപ്പെട്ട ഘടകം കൂടിയാണ്. മറ്റൊരർഥത്തിൽ സാംസ്കാരവാഹകമാണ് ഭാഷ.

സാമാന്യമായി അംഗീകരിക്കപ്പെട്ട അർഥങ്ങളുള്ള പ്രതീകവ്യവസ്ഥയാണ് ഭാഷ. മനുഷ്യൻ വികസിപ്പിച്ചെടുത്ത ഏറ്റവും ശക്തവും വഴക്കമുള്ളതുമായ ബൗദ്ധിക ഉപകരണമാണിത്. ദൈനംദിന ജീവിതത്തിലെ പ്രവർത്തനങ്ങൾ പ്രകടിപ്പിക്കുന്നതിന് ഭാഷ നമ്മെ സഹായിക്കുന്നു. വംശവിവരണശാസ്ത്ര (Ethnography) പഠനത്തിന് നരവംശശാസ്ത്രജ്ഞർക്ക് ജനങ്ങളുമായി ഇടപെടേണ്ടിവരും. ഈ ഇടപെടൽ അർഥവത്താക്കുന്നതിന് ജനവിഭാഗത്തിന്റെ ഭാഷ അറിയേണ്ടത് പ്രധാനമാകുന്നു. അതിനാൽ സാംസ്കാരികവിവരണവും അതുവഴി സാംസ്കാരികനരവംശശാസ്ത്രത്തിന്റെ ഉൽപ്പന്നവും ബന്ധപ്പെട്ട ജനവിഭാഗത്തിന്റെ ഭാഷയിലൂടെ മാത്രമേ സാധ്യമാവൂ. ഭാഷ സംസ്കാരവുമായി പല രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന് വിശദമായി പരിശോധിക്കാം.



പോളണ്ടിൽ ജനിച്ച ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനാണ് മലിനോവ്സ്കി. അദ്ദേഹത്തിന്റെ ആദ്യകാല രചനകളിൽ എത്നോ ലിംഗ്വിസ്റ്റിക്സ് എന്ന പദം ഉപയോഗിച്ചു. '.....വംശീയവിവരണശാസ്ത്ര (എത്നോഗ്രാഫി) പഠനവുമായി തദ്ദേശീയരുടെ ഇടയിൽ നടത്തുന്ന ഭാഷാശാസ്ത്ര ഗവേഷണത്തിന് സൈദ്ധാന്തികമായ മാർഗനിർദേശകമാവുന്ന തരത്തിൽ ഒരു എത്നോ ലിംഗ്വിസ്റ്റിക് സിദ്ധാന്തത്തിന്റെ അടിയന്തര ആവശ്യം നിലനിൽക്കുന്നു '. (1920:69)

ഭാഷയും സംസ്കാരവും (Language and Culture)

സംസ്കാരം ഭാഷയുടെ ഘടനയെയും ഉള്ളടക്കത്തെയും വലിയ തോതിൽ സ്വാധീനിക്കുന്നു. ഭാഷാ വൈവിധ്യത്തിനു കാരണം സാംസ്കാരികവൈവിധ്യമാണെന്നു കാണാം. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഒ.ബി. ബെർലിന്റെ (Berlin) അഭിപ്രായത്തിൽ, ഒരു ഭാഷയിലെ വാക്കുകളുടെ എണ്ണക്കൂടുതൽ ആ ഭാഷ നിലനിൽക്കുന്ന സംസ്കാരത്തിന്റെ സങ്കീർണതയെ സൂചിപ്പിക്കുന്നു. ഭാഷ സാമൂഹീകരണപ്രക്രിയയെയും (Socialisation) സ്വാധീനിക്കുന്നു. ജനങ്ങളുടെ പദവി, അവരുടെ ജീവിതാവസ്ഥ, പരിസ്ഥിതി, ജീവനരീതി എന്നിവയെല്ലാം ഭാഷയിലൂടെ മനസ്സിലാക്കാം. ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധവും എങ്ങനെയാണ് അവ പരസ്പരം സ്വാധീനിക്കുന്നതെന്നും വംശീയഭാഷാശാസ്ത്രം (Ethno Linguistics) പരിശോധിക്കുന്നു. വംശീയഭാഷാശാസ്ത്രജ്ഞർ തങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങളിലൂടെ നിലവിലുള്ള സാമൂഹിക - സാംസ്കാരികാവസ്ഥയെ മനസ്സിലാക്കാനാണ് ശ്രമിക്കുന്നത്. താഴെ കൊടുത്ത മേഖലകൾ പരിശോധിച്ചാൽ ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം കൂടുതൽ ബോധ്യമാവും.

എ. ഭാഷ മനുഷ്യചിന്തയെ സ്വാധീനിക്കുന്നു (Language Influences Human Thought)

ലോകത്തെക്കുറിച്ചുള്ള മനുഷ്യന്റെ കാഴ്ചപ്പാടും ചിന്തയും വലിയൊരളവിൽ ഭാഷയാണ് രൂപപ്പെടുത്തുന്നത്. സംസ്കാരം മനുഷ്യചിന്തയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. ചില ഭാഷാശാസ്ത്രജ്ഞർ ഭാഷ യഥാർഥത്തിൽ ചിന്തയെ സ്വാധീനിക്കുന്നുവെന്നും അത് മനുഷ്യരുടെ സ്വഭാവവും സംസ്കാരവും രൂപപ്പെടുത്തുന്നു എന്നും അഭിപ്രായപ്പെടുന്നു. ഈ കാഴ്ചപ്പാടുമായി ബന്ധപ്പെട്ട ആശയം ഭാഷാനിർണയവാദം (Linguistic Determinism) എന്ന പേരിലാണ് അറിയപ്പെടുന്നത്. എഡ്വേഡ് സപീർ (ഫ്രാൻസ് ബോസിന്റെ ശിഷ്യൻ) അദ്ദേഹത്തിന്റെ ശിഷ്യൻ

ബെഞ്ചമിൻ വോർഫ് എന്നിവരുടെ ഗവേഷണവുമായി ബന്ധപ്പെട്ട ആശയമാണിത്. ഇവരുടെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിലാണ്, മനുഷ്യചിന്തയെ ഭാഷ സ്വാധീനിക്കുന്നു എന്ന സപീർ-വോർഫ് സങ്കൽപ്പനം (Sapir-Whorf Hypothesis) അവതരിപ്പിക്കുന്നത്. മഞ്ഞ് എന്നു സൂചിപ്പിക്കുന്ന ഒരു വാക്ക് ഒരു ഭാഷയിൽ ഇല്ലെങ്കിൽ ആ ഭാഷ കൈകാര്യം ചെയ്യുന്നവർക്ക് മഞ്ഞ് എന്തെന്ന് ചിന്തിക്കാനേ കഴിയില്ല. അതിനാൽ ഭാഷ വലിയൊരളവിൽ നമ്മുടെ ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള ചിന്തകൾ നിർണയിക്കുന്നു. ചിന്താരീതി മാറുന്നതിനനുസരിച്ച് സാംസ്കാരികാവസ്ഥകളിലും മാറ്റം സംഭവിക്കുന്നു.

വീട്, വിവാഹം എന്നിവയെ സൂചിപ്പിക്കാൻ വിവിധ സമുദായങ്ങൾ, ജാതികൾ, വർഗങ്ങൾ എന്നിവർക്കിടയിൽ പ്രാദേശികമായി ഉപയോഗിക്കുന്ന വ്യത്യസ്ത വാക്കുകൾ കണ്ടെത്തി ഭാഷാവൈവിധ്യങ്ങളുടെ ഒരു നിഘണ്ടു/റിപ്പോർട്ട് തയാറാക്കാം.



ബി. ഭാഷ സാമൂഹികകർത്തവ്യങ്ങളും പദവികളും സൂചിപ്പിക്കുന്നു
(Language Indicates Social Roles and Status)

മരണത്തെ സൂചിപ്പിക്കുന്നതിന് നമ്മുടെ ഭാഷയിൽ പല വാക്കുകൾ ഉപയോഗിക്കുന്നുണ്ടാവാം. ഈ വാക്കുകളുടെ ഉപയോഗത്തിന് ജാതി, ലിംഗ പദവി, പ്രായം, സാമൂഹികപദവി എന്നിവയ്ക്കനുസരിച്ചു മാറ്റം വരും. ജാതി, ലിംഗ പദവി, വർഗം എന്നീ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അതേപോലെ വിവിധ മതവിഭാഗങ്ങളും വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നതു കാണാം. ഭാഷ സമൂഹനിർമിതിയാണെന്ന് ഓർമിക്കേണ്ടതാണ്. ഓരോ സമൂഹത്തിനും അവയുടേതായ സവിശേഷസംസ്കാരം ഉണ്ടായിരിക്കും. അതിനാൽ വ്യത്യസ്ത സമുദായങ്ങളിലെ വ്യക്തികൾ ലിംഗ പദവി, പ്രായം, ജാതി, വംശീയത തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഭാഷ ഉപയോഗിക്കുന്നത്. ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പഠിക്കുന്ന ശാഖയാണ് സാമൂഹികഭാഷാശാസ്ത്രം (Socio Linguistics). എങ്ങനെയാണ് സാമൂഹിക വിഭാഗങ്ങൾ സംസാരരീതികളെ സ്വാധീനിക്കുന്നത് എന്നാണ് ഇതു പരിശോധിക്കുന്നത്. അതിനാൽ ഇത് സംസ്കാരത്തിന്റെ വംശവിവരണശാസ്ത്രമാണ് (Ethnography). വ്യത്യ



ജപ്പാനിൽ ഒരേ ആശയങ്ങൾക്ക് സ്ത്രീകളും പുരുഷന്മാരും വ്യത്യസ്ത വാക്കുകളാണുപയോഗിക്കുന്നത്. വെള്ളം എന്ന പദം സൂചിപ്പിക്കാൻ പുരുഷന്മാർ 'മിസു' എന്നുപയോഗിക്കുമ്പോൾ, സ്ത്രീകൾ 'ഒഹിയാ'എന്ന വാക്കുപയോഗിക്കുന്നു. സാധാരണസംഭാഷണത്തിൽ സ്ത്രീകൾ വാക്കുകൾക്കു മുൻപിൽ 'ഒ' എന്ന ബഹുമാനസൂചകശബ്ദം ഉപയോഗിക്കുന്നു. (ഭക്ഷണകോലിന് -ചോപ് സ്റ്റിക്, സ്ത്രീകൾ ഒഹാസി എന്നു പറയുമ്പോൾ പുരുഷന്മാർ ഹാസി എന്നു മാത്രം പറയുന്നു).

ഔപചാരിക അഭിമുഖങ്ങളിൽ കുട്ടികൾ സാധാരണ സിംഗിങ്, ഫിഷിങ് എന്നിങ്ങനെ പറയുമ്പോൾ, അനൗപചാരിക സന്ദർഭങ്ങളിൽ അത് സിങിൻ, ഫിഷ്ഷിൻ എന്നിങ്ങനെയാണുപയോഗിക്കുന്നത് എന്ന് ന്യൂ ഇംഗ്ലണ്ടിലെ ഒരു പഠനത്തിൽ ജോൺ ഫിഷർ മനസ്സിലാക്കുന്നു. മാത്രമല്ല, ഉയർന്ന പദവിയിലുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കിടയിൽ, മറ്റു കുട്ടികളിൽനിന്നു വ്യത്യസ്തമായി അവസാന അക്ഷരം വിട്ടുകളയുന്ന സ്വഭാവം കുറഞ്ഞു കാണുന്നു.

(സ്രോതസ്സ്:എമ്പർ ആന്റ് എമ്പർ 2003,പി. -264)

സ്ത സംസ്കാരങ്ങളിലും ഉപസംസ്കാരങ്ങളിലുമുള്ള സംഭാഷണവ്യതിയാനങ്ങൾ അതതിന്റെ സാമൂഹികപശ്ചാത്തലത്തിൽ ഇത് പരിശോധിക്കുന്നുണ്ട്. സാമൂഹികഭാഷാശാസ്ത്രത്തിലെ മറ്റൊരു പ്രധാന മേഖലയാണ് ഭാഷയിലെ ആദരസൂചകപദങ്ങൾ (Honorific Forms). സാമൂഹികപദവിക്കനുസരിച്ച് ഓരോ വ്യക്തിയെയും വിശേഷിപ്പിക്കുന്നതിനുള്ള വാക്കുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. കേരളത്തിലെ ഫ്യൂഡൽ സമൂഹവ്യവസ്ഥയിലുണ്ടായിരുന്ന പ്രാദേശിക ഭരണാധികാരികൾ, ജന്മിമാർ, നാടുവാഴികൾ തുടങ്ങിയവരെ വിവിധ പദങ്ങളുപയോഗിച്ചാണ് സംബോധനചെയ്തിരുന്നത്. വാക്കുകൾക്കു മുൻപിൽ ചേർക്കുന്ന വിശേഷണശബ്ദങ്ങളാണ് ഇവയിലെ ഒരു രീതി. കേരളത്തിൽ ജനങ്ങൾ പൊതുവെ പേരിനു മുൻപേ 'ശ്രീ' എന്ന പദമുപയോഗിക്കുന്നു. ചില സമയങ്ങളിൽ ഗാന്ധിജി, ഇന്ദിരാജി എന്നിവ പോലെ, പേരിനു ശേഷം 'ജി' എന്ന വാക്കുപയോഗിക്കുന്നു. പേരുകൾക്കു പകരം വിശേഷണമായി ഉപയോഗിക്കുന്ന 'ഭാജി', 'ഗുരു' എന്നിവയാണ് മറ്റൊരു തരത്തിൽപ്പെട്ട ആദരസൂചക പദങ്ങൾ. കോടതികളിൽ സാധാരണ 'യുവർ ഓണർ' എന്നാണ് ജഡ്ജിമാരെ ബഹുമാന സൂചകമായി സംബോധന ചെയ്യാറ്. എന്നാൽ ഉയർന്ന ശീർഷകമുള്ള ജഡ്ജിമാരുടെ പദവിയെ ബഹുമാനസൂചകമായി സൂചിപ്പിക്കാൻ 'യുവർ ലോർഡ്ഷിപ്പ്' എന്ന വാക്കുപയോഗിക്കുന്നു. ഒരു രാജാവ്/രാജ്ഞി, അല്ലെങ്കിൽ ചക്രവർത്തി/ചക്രവർത്തിനി, ഹിസ്/ഹെർ മെജസ്റ്റി എന്ന് സംബോധന ചെയ്യപ്പെടുന്നു. മേൽപ്പറഞ്ഞ എല്ലാ ഉദാഹരണങ്ങളും സാമൂഹികപദവിയും ഭാഷയുടെ ഉപയോഗവും തമ്മിലുള്ള ബന്ധത്തെ കൃത്യമായി വ്യക്തമാക്കുന്നു.



കേരളത്തിലെ ഭാഷാഭേദങ്ങൾ

പ്രാദേശിക പരിഗണനകളുടെ അടിസ്ഥാനത്തിൽ കേരളത്തെ ഉത്തരം, മധ്യം, ദക്ഷിണം എന്നിങ്ങനെ മൂന്നു ഭാഷാഭേദപ്രദേശങ്ങളായി തരം തിരിച്ചിരിക്കുന്നു. നെയ്യാറ്റിൻകര താലൂക്കിലും തിരുവനന്തപുരം ജില്ലയുടെ തെക്കുഭാഗങ്ങളിലും സംസാരിക്കുന്ന ദക്ഷിണഭാഷാഭേദം തമിഴിന്റെ സ്വാധീനം പ്രകടമായവയാണ്. കണ്ണൂരിന്റെ വടക്കു ഭാഗത്ത് പ്രചാരത്തിലുള്ള ഉത്തരഭാഷാഭേദം കന്നഡഭാഷയുടെ സ്വാധീനം വ്യക്തമാക്കുന്നു. കേരളത്തിന്റെ മറ്റു ഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന മധ്യഭാഷാഭേദം സംസ്കൃതവാക്കുകളുടെ വലിയ മിശ്രണം ഉൾക്കൊള്ളുന്നവയാണ്. അതേസമയം ഇന്ത്യൻ ഭാഷകളല്ലാത്ത അറബി, പേഴ്സ്യൻ, പോർച്ചുഗീസ്, ഡച്ച്ഇംഗ്ലീഷ് എന്നിവയിൽ നിന്നു നമ്മുടെ ഭാഷ കാലങ്ങളായി ധാരാളം കടംകൊണ്ടിട്ടുണ്ട്. രാജ്യത്തെ മറ്റു ഭാഷകളിൽനിന്നു മലയാളത്തെ വ്യത്യസ്തമാക്കുന്ന തരത്തിൽ, ഇത്തരം ഭാഷാനിക്ഷേപങ്ങളുടെ സംയോജനമായി ഇതു മാറിയിട്ടുമുണ്ട്.

(സ്രോതസ്സ്: എ. ശ്രീധരമേനോൻ - കേരളത്തിന്റെ സാംസ്കാരികപൈതൃകം. പേജ് 187)

സാമൂഹികഭാഷാശാസ്ത്രം ഭാഷാഭേദങ്ങളെക്കുറിച്ചും (Dialect) പഠിക്കുന്നുണ്ട്. ഭാഷാഭേദങ്ങളെന്നാൽ ഒരു പ്രത്യേക പ്രദേശത്തെയോ തൊഴിലിനെയോ സാമൂഹിക വർഗങ്ങളെയോ പ്രതിഫലിപ്പിക്കുന്ന ഒരേ ഭാഷയുടെ വ്യത്യസ്ത രൂപങ്ങളാണ്. മറ്റൊരു തരത്തിൽ ഒരു ഭാഷയ്ക്കുള്ളിൽ ഉച്ചാരണത്തിലും പദാവലിയിലും വാക്യങ്ങളിലുമുള്ള ഭാഷാവ്യത്യാസമാണ് ഭാഷാഭേദം. ഉദാഹരണമായി, മലയാളഭാഷയിൽ വ്യത്യസ്ത ഭാഷാഭേദങ്ങളുണ്ട്. നിങ്ങളുടെ ഭാഷയിലെ വ്യത്യാസങ്ങൾ കണ്ടെത്തുന്നത് രസകരമായിരിക്കും. സാങ്കേതികമായി എല്ലാ ഭാഷാഭേദങ്ങളും ഭാഷതന്നെയാണെന്നു തിരിച്ചറിയേണ്ടതുണ്ട്.

നിങ്ങളുടെ മാതൃഭാഷയിലുള്ള സാദരപദങ്ങളുടെയും ഭാഷാഭേദങ്ങളുടെയും ഒരു ചാർട്ട് അല്ലെങ്കിൽ ഒരു നിഘണ്ടു തയാറാക്കാം.




സി. സംസ്കാരം ഭാഷയിലെ അടിസ്ഥാനപദാവലിയെ സ്വാധീനിക്കുന്നു
(Culture Influence Basic Vocabulary of Language)

എല്ലാ ഭാഷകളിലും നിറവ്യത്യാസങ്ങളെ സൂചിപ്പിക്കാൻ വ്യത്യസ്ത മാർഗങ്ങളുണ്ട്. മിക്കവാറും ചില അടിസ്ഥാനപദങ്ങളാണിതിന് ഉപയോഗിക്കുന്നത്. ഇംഗ്ലീഷിൽ വൈറ്റ്, ബ്ളാക്ക്, റെഡ്, ഗ്രീൻ, ബ്ലൂ, യെല്ലോ, ബ്രൗൺ, പിങ്ക്, പർപ്പിൾ, ഗ്രേ തുടങ്ങിയവ അടിസ്ഥാനവർണപദങ്ങളാണ്. ഒരു അടിസ്ഥാനവർണ പദം ഒരൊറ്റ ഉപസർഗമുൾക്കൊള്ളുന്നതാണ്. ഇത് ഒരു പ്രത്യേക നിറത്തിന്റെ വ്യത്യസ്ത രൂപത്തെ കുറിക്കുകയില്ല. നിറങ്ങളെക്കുറിച്ച് ചോദിക്കുമ്പോൾ സാധാരണ ആദ്യം ഉപയോഗിക്കുന്ന വാക്കുകളായിരിക്കുമിവ. സംസ്കാരങ്ങൾക്കനുസരിച്ച് അടിസ്ഥാനവർണപദങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരുന്നു. ബ്രെൻറ് ബെർലിൻ, പോൾകേ (Brent Berlin and Paul Kay) എന്നിവരുടെ അഭിപ്രായത്തിൽ, ഒരു സംസ്കാരം എത്രത്തോളം സങ്കീർണമാണോ, അത്രത്തോളംതന്നെ അതിലെ പദാവലിയും വിപുലമായിരിക്കും.

ഡി. സംസ്കാരത്തിന്റെ പ്രതീകങ്ങൾ പങ്കുവയ്ക്കാൻ ഭാഷ സഹായിക്കുന്നു
(Language helps to share Cultural Symbols)

സംസ്കാരത്തിന്റെ വിവിധ സവിശേഷതകളിൽ ഒന്ന് പങ്കിടൽപ്രകൃതമാണ്. സ്വന്തം സംസ്കാരത്തിലെ വിശ്വാസങ്ങളും ആചാരങ്ങളും നാം പഠിക്കുന്നത് ഭാഷയിലൂടെയാണ്, അതുകൊണ്ടുതന്നെ സമൂഹത്തിലെ ഈ പങ്കുവയ്ക്കൽ ഉറപ്പുവരുത്തുന്നതിന് ഭാഷയെന്ന മാധ്യമം ആവശ്യമാണ്.

ഇ. സംസ്കാരവൽക്കരണത്തിനും സംസ്കാരാഗിരണത്തിനുമുള്ള മാധ്യമമാണ് ഭാഷ
(Language is a medium of Enculturation and Acculturation).



നമ്മുടെ സംസ്കാരത്തിന്റെ വ്യത്യസ്ത ഘടകങ്ങൾ മനസ്സിലാക്കുന്നതിന് ഭാഷ നമ്മെ സഹായിക്കുന്നു. സംസ്കാരത്തിന്റെ പൊതുവായ നിയമങ്ങൾ പങ്കുവച്ചുകൊണ്ടാണ് നാം സമൂഹത്തിൽ ഇടപെടാനും പെരുമാറാനും പരിശീലിക്കുന്നത്. ഒരു സമൂഹത്തിൽ പൊതുബോധം രൂപപ്പെടുത്തുന്നതിനും ജനങ്ങളെ ഒരുമിച്ചു നിർത്തുന്നതിനുമെല്ലാം ഭാഷ സഹായകമാവുന്നു. ഇതോടൊപ്പം മറ്റു സംസ്കാരങ്ങളുടെ ഘടകങ്ങൾ സ്വീകരിക്കാനും ഭാഷ എന്ന മാധ്യമം ആവശ്യമാണ്.

എഫ്. ഭാഷ ഒരു സാംസ്കാരവാഹകം
(Language is aVehicle of Culture)

മുൻപ് സൂചിപ്പിച്ചതുപോലെ സംസ്കാരത്തിന്റെ ഒരു വാഹകമായാണ് ഭാഷ പ്രവർത്തിക്കുന്നത്. ഒരു സംസ്കാരത്തെ മറ്റൊരു സംസ്കാരത്തിലേക്കും ഒരു തലമുറയിൽനിന്നു മറ്റൊരു തലമുറയിലേക്കും എത്തിക്കുന്നത് ഭാഷയാണ്. അതിനാൽ സംസ്കാരത്തിന്റെ പരിണാമം, വ്യാപനം എന്നിവയെയെല്ലാം ഭാഷ സ്വാധീനിക്കുന്നു.

പഠനപുരോഗതി വിലയിരുത്താം

1. ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.
2. ജോടി കണ്ടെത്തുക.

   സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധം: സോഷ്യോ ലിംഗ്വിസ്റ്റിക്സ്
   ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധം: .....
3. 'സാപീർ-വോർഫ് സങ്കൽപ്പന'ത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.
4. എങ്ങനെയാണ് നിങ്ങളുടെ മാതൃഭാഷ നാടിന്റെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നത് എന്നു കണ്ടെത്തുക.

II. മനുഷ്യരിലെ ആശയവിനിമയം (Human Communication)

നേരത്തേ സൂചിപ്പിച്ചതുപോലെ ഭാഷയാണ് (വാമൊഴിയും വരമൊഴിയും) നമ്മുടെ ആശയ വിനിമയത്തിന്റെ പ്രാഥമികമായ മാധ്യമം. മൃഗങ്ങളും വ്യത്യസ്ത രീതിയിൽ ആശയവിനിമയം നടത്തുന്നുണ്ട് എന്ന് നമുക്കറിയാം. മനുഷ്യനല്ലാത്ത പ്രൈമേറ്റുകളും മനുഷ്യനെപ്പോലെ ശബ്ദമുപയോഗിച്ചും ചലനങ്ങളിലൂടെയും ആശയവിനിമയം നടത്താൻ കഴിവുള്ളവയാണെന്ന് നരവംശശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഭാഷാപരമായ ശേഷി നേടാൻ അവയ്ക്കു കഴിഞ്ഞിട്ടില്ല.



പുതിയ അർഥങ്ങൾ വിനിമയം ചെയ്യാനുതകുന്ന രീതിയിൽ ശബ്ദഘടകങ്ങൾ കൂട്ടിയോജിപ്പിച്ച് ഉപയോഗിക്കാൻ മൃഗങ്ങൾക്കു തന്നെ കഴിയില്ല. ഇതിൽ നിന്നു വ്യത്യസ്തമായി മനുഷ്യന്റെ ഭാഷയിൽ ഒരേ ശബ്ദങ്ങൾതന്നെ കൂട്ടിയോജിപ്പിച്ചും പുതിയരീതിയിൽ കൂട്ടിച്ചേർത്തും വ്യത്യസ്ത അർഥങ്ങൾ ഉണ്ടാക്കാൻ കഴിയും. ഉദാഹരണമായി, ഇംഗ്ലീഷ്ഭാഷയിലെ പി, ടി, സി, എ എന്നീ അക്ഷരങ്ങൾക്ക് സ്വന്തം നിലയിൽ പ്രത്യേകിച്ച് അർഥങ്ങളൊന്നും തന്നെയില്ല. പക്ഷേ, അവ ഫലപ്രദമായി യോജിപ്പിച്ച് പാറ്റ്, ടാപ് , ആപ്റ്റ് , ആക്ട്, ടാക്ട്, പാക്ട് തുടങ്ങി ധാരാളം അർഥവത്തായ പദങ്ങൾ ഉണ്ടാക്കാൻ കഴിയും. വെറും 13 ശബ്ദരൂപങ്ങൾ(ഫോണിം) മാത്രമുള്ള ഹവായിയൻ ഭാഷയിൽ മൂന്നു ശബ്ദഘടകങ്ങൾ മാത്രം കൂട്ടിച്ചേർത്ത് മൂവായിരത്തോളം പദങ്ങളും 6 ശബ്ദഘടകങ്ങൾ മാത്രം കൂട്ടിച്ചേർത്ത് 5 ദശലക്ഷത്തോളം പദങ്ങളും രൂപപ്പെടുത്താൻ കഴിയും. പ്രത്യേക അർഥങ്ങളില്ലാത്ത ശബ്ദരൂപങ്ങൾ കൂട്ടിച്ചേർത്തും മാറ്റിച്ചേർത്തും ആവശ്യമുള്ളത്ര അർഥവത്തായ വാക്കുകളുണ്ടാക്കാൻ കഴിയും. മറ്റു പ്രൈമേറ്റുകൾക്ക് ഈ കഴിവുകളില്ല.

(സ്രോതസ്സ് : ആന്ത്രോപോളജി: എ ഗ്ലോബൽ പെർസ്പെക്റ്റീവ് -റെയ്മണ്ട് സ്കുപ്പിൻ , ക്രിസ്റ്റഫർ ആർ. ഡിക്രൂസ്,പി.277)

മൃഗങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുന്നത് നിരീക്ഷിക്കുക. മനുഷ്യന്റെയും മൃഗങ്ങളുടെയും ആശയവിനിമയത്തിലെ വ്യത്യാസം ബന്ധപ്പെട്ട ചിത്രങ്ങൾ, രേഖകൾ എന്നിവയുടെ സഹായത്തോടെ അവതരിപ്പിക്കുക.

ഭാഷാപരമായ ആശയവിനിമയത്തിന്റെ സവിശേഷതകൾ
(Key features of Linguistic Communication)

1. സൃഷ്ടിപരത (Productivity)

മനുഷ്യന്റെ ഭാഷ അടിസ്ഥാനപരമായി അയവുള്ളതും സൃഷ്ടിപരവുമാണ്. മുൻപു കേൾക്കാത്ത വാക്യങ്ങൾ നിർമിക്കാൻ ചെറിയ കുട്ടികൾക്കുപോലും സാധിക്കും. നമുക്ക് നമ്മുടെ ചിന്തകൾ, അർഥങ്ങൾ, അനുഭവങ്ങൾ എന്നിവ പ്രകടിപ്പിക്കാൻ വ്യത്യസ്ത വഴികളിലൂടെ കഴിയും. മറ്റൊരുതരത്തിൽ പറഞ്ഞാൽ, മൃഗങ്ങളുടെ ആശയവിനിമയത്തിനായുള്ള ശബ്ദങ്ങൾ വൈവിധ്യമില്ലാത്തവയും മാറ്റത്തിനു വഴങ്ങാത്തവയുമാണ്.



ചിത്രം 5.2 ഭാഷാശാസ്ത്രജ്ഞ ഒരു ചിമ്പാൻസിയെ പഠിപ്പിക്കുന്നു. (അവലംബം കൾച്ചറൽ ആന്ത്രോപോളജി- ബാർബാ ഡി മല്ലർ)



ചിത്രം 5.3. സാഹചര്യം മാറുന്നതിനനുസരിച്ച് ഭാഷയുടെ പ്രയോഗത്തിലെ വ്യത്യാസം

മനുഷ്യന്റെ ഭാഷയ്ക്ക് പല സന്ദേശങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യാൻ ശേഷിയുണ്ട്. അപകടകരമായ അവസ്ഥ അറിയിക്കാൻ ഒരു ഗിബ്ബൺ പ്രത്യേക ശബ്ദമുണ്ടാക്കുന്നു. സാഹചര്യം കൂടുതൽ അപകടകരമാണെന്ന് കാണിക്കാൻ പക്ഷേ അതേ ശബ്ദം കൂടുതൽ ഉച്ചത്തിൽ പ്രകടിപ്പിക്കുക മാത്രമാണ് അവയ്ക്ക് ചെയ്യാൻ കഴിയുന്നത്. ഭാഷയുടെ ഉൽപ്പാദനക്ഷമത മനുഷ്യരെ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി ചെയ്യാൻ സഹായിക്കുന്നു.

'അവിടെ ഒരു ചലനം കാണുന്നുണ്ട്'.

'അവിടെ ഒരു കടുവയെ കാണുന്നുണ്ട്'.

'അയ്യോ, കടുവ..സഹായിക്കൂ'...

'സഹായിക്കൂ ...'

എന്നിങ്ങനെ പലരീതിയിൽ നമുക്കു പറയാൻ കഴിയും.

2. സ്ഥാനചലനം (Displacement)

ഒരു മൃഗമുണ്ടാക്കുന്ന ശബ്ദത്തിന്റെ അർഥം ഏതെങ്കിലും പ്രത്യേക ഉദ്ദീപനവുമായി വളരെയടുത്ത് ബന്ധപ്പെട്ടിരിക്കുന്നുണ്ട് എന്ന് ഫീൽഡ്‌വർക്ക് പഠനങ്ങളും ലബോറട്ടറി പരീക്ഷണങ്ങളും തെളിയിക്കുന്നു. ഒരു ഭീഷണിയില്ലാതെ ചിമ്പാൻസി മുരളുകയോ അലറുകയോ ചെയ്യില്ല. അതേപോലെ തത്തകൾക്ക് വ്യത്യസ്തങ്ങളായ വാക്കുകൾ അനുകരിക്കാൻ കഴിയും. പക്ഷേ, അവയ്ക്കൊന്നും തന്നെ ഒരു വാക്കിനു പകരം മറ്റൊന്ന് മാറ്റി ഉപയോഗിക്കാൻ കഴിയില്ല. എന്നാൽ മനുഷ്യർക്ക് തികച്ചും അമൂർത്തമായ ആശയങ്ങൾപോലും വിനിമയം ചെയ്യുന്നതിന് സ്ഥാനചലനം എന്ന കഴിവ് സഹായകമാവുന്നു.

ഒരു ചിമ്പാൻസിക്ക്, തീർച്ചയായും "ഇന്ന് രാത്രി ഒരു കടുവ വരുന്നു" എന്നോ "ഇന്നലെ ഒരു കടുവ ആക്രമിച്ചു" എന്നോ വിനിമയം ചെയ്യാൻ കഴിയില്ല. മറിച്ച്, വർത്തമാനകാലത്ത് അനുഭവിക്കുന്ന എന്തെങ്കിലും കാര്യം മാത്രമേ അതിന് പ്രകടിപ്പിക്കാൻ കഴിയൂ. എന്നാൽ മനുഷ്യന് ഭൂതകാലത്തിൽ കഴിഞ്ഞുപോയതോ ഭാവിയിൽ വരാനിരിക്കുന്നതോ ആയ സാഹചര്യത്തെക്കുറിച്ച് വിനിമയം ചെയ്യാൻ കഴിയും. ഭാഷയുടെ ഈ ശേഷിയെയാണ് സ്ഥാനചലനം എന്നു വിളിക്കുന്നത്. ഭൂതകാലത്തിൽ ഒരിക്കലും നിലവിലില്ലാതിരുന്നതും ഭാവിയിൽ സംഭവിക്കാനിടയില്ലാത്തതുമായ സംഭവങ്ങളെക്കുറിച്ച് പരാമർശിക്കാൻ മനുഷ്യനുപയോഗിക്കുന്ന മിക്കവാറും എല്ലാ ഭാഷകൾക്കും കഴിയുന്നു.

3. കൽപ്പിതാർഥം (Arbitrariness)

വാക്കുകൾക്ക് അവ പ്രതിനിധാനം ചെയ്യുന്ന വസ്തുക്കളുമായോ അമൂർത്ത പ്രതീകങ്ങളുമായോ യാതൊരു ബന്ധവുമുണ്ടാവണമെന്നില്ല. ഇംഗ്ലീഷിൽ നമ്മൾ വൺ, റ്റു, ത്രീ എന്നിങ്ങനെ സംഖ്യകൾ സൂചിപ്പിക്കാനുള്ള വാക്കുകൾ ഉപയോഗിക്കുന്നു. എന്നാൽ ഹിന്ദിയിൽ ഇത് ഏക്, ദോ, തീൻ എന്നിങ്ങനെയാണ്. ഇവിടെ സംഖ്യകളെ സൂചിപ്പിക്കുന്നതിന് ഏതെങ്കിലും 'ശരിയായ' ഒരു വാക്ക് ഇല്ല. പകരം വാക്കുകൾക്കു പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ അർഥം കൽപ്പിച്ച് നൽകുകയാണു ചെയ്യുന്നത്.

ആശയവിനിമയത്തിന്നായി ഭാഷയിൽ അമൂർത്തപ്രതീകങ്ങൾക്ക് നാം അർഥം കൽപ്പിച്ച് നൽകുകയാണെന്ന് കണ്ടുകഴിഞ്ഞു. ഭാഷയിലെ ചിഹ്നങ്ങൾക്കും പ്രതീകങ്ങൾക്കും സാമാന്യമായി അംഗീകരിക്കപ്പെടുന്ന അർഥം കൽപ്പിച്ച് നൽകുക എന്നത് ഫലപ്രദമായ ആശയവിനിമയത്തിന് അനിവാര്യമാണ്. അങ്ങനെ ഭാഷയെക്കുറിച്ചുള്ള പഠനത്തിന് അതിൽ ഉൾക്കൊള്ളുന്ന ചിഹ്നങ്ങൾ, പ്രതീകങ്ങൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് അത്യാവശ്യമാകുന്നു.

ചിഹ്നങ്ങളും പ്രതീകങ്ങളും

അർഥത്തിന്റെ യുക്തിരഹിതമായ സങ്കൽപ്പമാണ് പ്രതീകങ്ങൾ. എന്നാൽ ചിഹ്നങ്ങൾ ഏതെങ്കിലും മൂർത്തമായ പ്രവർത്തനങ്ങളുമായോ വസ്തുക്കളുമായോ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പല മൃഗങ്ങൾക്കും ചിഹ്നങ്ങൾ പഠിക്കാൻ കഴിയും. ഉദാഹരണമായി, പട്ടിക്ക് മണിമുഴങ്ങുന്നത് വെള്ളം കുടിക്കാനുള്ള അനുവാദമായി ബന്ധിപ്പിച്ച് മനസ്സിലാക്കാൻ കഴിയും. എന്നാൽ പ്രതീകങ്ങൾ ഏതെങ്കിലും മൂർത്തമായ വസ്തുക്കളുമായോ പ്രവർത്തനങ്ങളുമായോ സ്വാഭാവികമായി ബന്ധപ്പെടുന്നില്ല. ഒരു പ്രതീകത്തിന്റെ അർഥം ഒരിക്കലും ദൃശ്യമായിരിക്കില്ല. ഉദാഹരണമായി, നമ്മുടെ ദേശീയ പതാകയിലെ മൂന്നു നിറങ്ങൾ പ്രതീകാത്മകമായി വ്യത്യസ്ത മൂല്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

ചിഹ്നങ്ങളും പ്രതീകങ്ങളും ഭാഷയും (Signs Symbols and Language)

ആശയവിനിമയത്തിന് ആശയവിനിമയം നടത്തുന്നയാൾ, സന്ദേശം, ആശയം സ്വീകരിക്കുന്നയാൾ (Communicator, Message and Receiver) എന്നീ മൂന്നു ഘടകങ്ങളുണ്ട്. ആശയവിനിമയം നടത്തുന്നയാളും സ്വീകരിക്കുന്നയാളും അയയ്ക്കുന്ന സന്ദേശത്തെ സംബന്ധിച്ച് ഒരു പൊതു ധാരണയിലെത്തുമ്പോഴാണ് ആശയവിനിമയം നടക്കുന്നത്. ഭാഷയിലൂടെ ശബ്ദങ്ങളും ആംഗ്യങ്ങളും ഉപയോഗിച്ച് ആശയവിനിമയം നടത്തുമ്പോൾ സന്ദേശങ്ങൾ പ്രതീകാത്മകമായി പ്രകടിപ്പിക്കപ്പെടുകയും അവയ്ക്ക് ഒരു സാമാന്യമായ അർഥം കൽപ്പിക്കുകയും ചെയ്യപ്പെടുന്നു. ഇവ ഏതെങ്കിലും വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരുമിച്ചു ചേർക്കുകയും അത്തരത്തിൽ പൊതുവായി അംഗീകരിക്കപ്പെടുന്ന നിയന്ത്രണങ്ങൾ ഈ ശബ്ദങ്ങൾക്കും ആംഗ്യങ്ങൾക്കും അർഥം നൽകുകയും ചെയ്യുന്നു. ആ നിലയിൽ ശബ്ദങ്ങളും ആംഗ്യങ്ങളുമാണ് ഭാഷയിൽ ഉപയോഗിക്കുന്ന പ്രതീകങ്ങൾ (Symbols). ശബ്ദങ്ങളുടെ പ്രകടിത രൂപങ്ങളാണ് ചിഹ്നങ്ങൾ (Signs). ചിഹ്നനം (Punctuation) പോലെയുള്ള ഭാഷയിലുപയോഗിക്കുന്ന ചിഹ്നങ്ങളും പ്രതീകങ്ങളും അർഥം കൃത്യമായി മനസ്സിലാക്കാൻ സഹായിക്കുന്നു.

ഭാഷയിൽ വിവിധതരങ്ങളിലുള്ള ചിഹ്നങ്ങൾ തത്ത്വചിന്തകർ നേരത്തേ തന്നെ കണ്ടെത്തിയിട്ടുണ്ട്. ഇമ്മാനുവൽ കാന്റ് (Immanuel Kant) അദ്ദേഹത്തിന്റെ 'ആന്ത്രോപോളജി ഫ്രം എ പ്രാഗ്മാറ്റിക് പോയിന്റ് ഓഫ് വ്യൂ' (1798) എന്ന പുസ്തകത്തിൽ സ്വാഭാവികചിഹ്നങ്ങൾ (Natural signs), കൽപ്പിത ചിഹ്നങ്ങൾ (Arbitrary signs) എന്നിങ്ങനെ രണ്ടുതരം ചിഹ്നങ്ങൾ തമ്മിലുള്ള വ്യത്യാസം വിശദമാക്കുന്നുണ്ട്. ഭാഷയിലുള്ള ശബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്ന അക്ഷരങ്ങൾ കൽപ്പിത/സാന്ദർഭിക ചിഹ്നങ്ങൾക്കുദാഹരണമാണ്. ഒരു പ്രത്യേക അക്ഷരത്തിന്റെ രൂപവും അത് പ്രതിനിധാനം ചെയ്യുന്ന ശബ്ദവും തമ്മിൽ കാര്യമായ ബന്ധമൊന്നും ഉണ്ടാവണമെന്നില്ല. മറ്റൊരു ഭാഷയിൽ അതേ ശബ്ദം വേറൊരു അക്ഷരമായിരിക്കും പ്രതിനിധാനം ചെയ്യുക. ഒരു ഭാഷാസമൂഹത്തിൽ ഒരു അക്ഷരം ഒരു ശബ്ദത്തെ പ്രതിനിധാനം ചെയ്യുന്നു. ഒരു സമുദായത്തിന്റെ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ശബ്ദങ്ങൾ രൂപപ്പെടുന്നത്. അതിനാൽ അതൊരു കൽപ്പിത/സാന്ദർഭിക ചിഹ്നമായി കണക്കാക്കപ്പെടുന്നു. നേരേ മറിച്ച് പുക, കാണുമ്പോൾ അവിടെ തീയുണ്ടാകും എന്ന് നമുക്ക് മനസ്സിലാകുന്നു. ഇത് പാരമ്പരാഗതമായല്ല, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതിപ്രതിഭാസങ്ങളുടെ അറിവിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെടുന്നത്. അവിടെ ചിഹ്നവുമായി (പുക) അത് പ്രതിനിധാനം ചെയ്യുന്ന പ്രതിഭാസത്തിന് (തീ) കാര്യകാരണ



ബ്രോക്കാസ് ഏരിയയും വെർനിക്സ് ഏരിയയും

ഭാഷയുമായി ബന്ധപ്പെട്ട തലച്ചോറിന്റെ ഭാഗത്തെ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ 1861ൽ ആരംഭിച്ചിട്ടുണ്ട്. ഫ്രഞ്ച് നാഡീശസ്ത്രക്രിയാവിദഗ്ധനും നരവംശശാസ്ത്രജ്ഞനുമായ പോൾ ബ്രോക്ക തലച്ചോറിനു സംഭവിച്ച വൈകല്യം നിമിത്തം മരണപ്പെട്ട ഒരു രോഗിയുടെ തലച്ചോറ് പരിശോധിച്ചു. അദ്ദേഹത്തിന് സംസാരഭാഷ മനസ്സിലാക്കാൻ കഴിയുമായിരുന്നു എന്നു മാത്രമല്ല, വായ്, നാവ് എന്നീ അവയവങ്ങൾക്ക് യാതൊരു കുഴപ്പവുമുണ്ടായിരുന്നുമില്ല. പക്ഷേ, ഒരു മൂഴുവൻ വാചകം പറയാനോ, ചിന്തകൾ പ്രകടിപ്പിക്കാനോ എഴുതാനോ കഴിയില്ലായിരുന്നു. അദ്ദേഹത്തിന് ആകെ പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നത് അദ്ദേഹത്തിന്റെ പേരായി ഉപയോഗിച്ച 'ടാൻ' എന്ന ശബ്ദം മാത്രമാണ്. പോൾ ബ്രോക്ക ഇദ്ദേഹത്തിന്റെ മരണാനന്തരം തലച്ചോറ് പരിശോധിച്ചപ്പോൾ ഇടതുഭാഗത്തുള്ള കോർട്ടക്സിന്റെ മുൻഭാഗത്തായി വലുപ്പമേറിയ മുറിവു കണ്ടെത്തി. തുടർന്ന് തലച്ചോറിൽ ഇതേ പോലെ മുറിവുകളുള്ള എട്ടോളം പേരെ പരിശോധിക്കുകയും

അവർക്കെല്ലാം നേരത്തേ സൂചിപ്പിച്ച ഭാഷാപ്രശ്നമുള്ളതായി മനസ്സിലാക്കുകയും ചെയ്തു. ഇത് ബ്രോക്കയുടെ പ്രശസ്തമായ 'നമ്മൾ തലച്ചോറിന്റെ ഇടതു ഭാഗംകൊണ്ട് സംസാരിക്കുന്നു' എന്ന പ്രസ്താവന രൂപപ്പെടുത്താൻ സഹായകമായി. ഈ അന്വേഷണം വഴി ആദ്യമായി തലച്ചോറിലെ ഭാഷാകേന്ദ്രം തിരിച്ചറിയാൻ കഴിഞ്ഞു. തലച്ചോറിന്റെ ഈ ഭാഗം ബ്രോക്കാസ് ഏരിയ എന്നറിയപ്പെടുന്നു. ഏതെങ്കിലുമൊരു ധർമവുമായി ബന്ധപ്പെട്ട (ഇവിടെ ഭാഷയുടെ ഉപയോഗം) ആദ്യമായി തിരിച്ചറിയപ്പെടുന്ന തലച്ചോറിന്റെ ഭാഗമാണത്.

ഈ കണ്ടുപിടിത്തത്തിനു പത്തുവർഷങ്ങൾക്കുശേഷം ജർമൻ നാഡീശാസ്ത്രജ്ഞനായ കാൾ വെർനിക് ഭാഷ മനസ്സിലാക്കാൻ സഹായിക്കുന്നതുമായി ബന്ധപ്പെട്ട തലച്ചോറിന്റെ മറ്റൊരു ഭാഗം കണ്ടുപിടിച്ചു. ഇത് തലച്ചോറിന്റെ ഇടതു ടെമ്പോറൽ ലോബിന്റെ പിന്നിലായുള്ള ഭാഗമാണ്. ഈ ഭാഗത്ത് മുറിവുകളുള്ള ആളുകൾക്ക് ക്രമമില്ലാതെയും അർഥരഹിതമായും മാത്രമേ സംസാരിക്കാൻ കഴിയൂ. പിന്നീട് പലപ്പോഴായി നടന്ന പരീക്ഷണങ്ങൾ വെർനിക്സിന്റെ ഈ കണ്ടെത്തൽ സ്ഥിരീകരിക്കുകയുണ്ടായി. നാഡീശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ സംസാരഭാഷ ഉൽപ്പാദിപ്പിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായിക്കുന്ന നാഡീതന്തുക്കളുടെ മുൻഭാഗത്തായാണ് ബ്രോക്കാസ് ഏരിയ. ഇതിന്റെ മറ്റേ അറ്റത്താണ് വെർനിക്സ് ഏരിയ സ്ഥിതിചെയ്യുന്നത്.


ബന്ധമുണ്ട്. തീയുണ്ടെങ്കിൽ പുകയുണ്ടാവുമെന്ന വിശ്വാസത്തിന്റെയടിസ്ഥാനത്തിൽ പുക കാണുന്നയാൾ അടുത്തെവിടെയോ തീയുണ്ടാവും എന്ന് അനുമാനിക്കുന്നു. ഇത്തരം ചിഹ്നങ്ങൾ സ്വാഭാവിക ചിഹ്നങ്ങളാണ്. എന്നാൽ ഭാഷയിലെ ചിഹ്നങ്ങൾ പ്രതീകാത്മക ചിഹ്നങ്ങളാണ്.

നാം നേരത്തേ ചർച്ചചെയ്തതുപോലെ ഭാഷയിലൂടെയുള്ള ആശയവിനിമയം മനുഷ്യർക്ക് മാത്രമുള്ള ശേഷിയാണ്. ഈ കഴിവ് നേടിയെടുക്കുന്നതിന് പരിണാമത്തിലൂടെയുള്ള രൂപാന്തരണം നമ്മെ സഹായിച്ചിട്ടുണ്ട്. നമുക്ക് സംസാരശേഷി നൽകിയ ഘടനാപരമായ സവിശേഷതകൾ എന്തൊക്കെയെന്നു പരിശോധിക്കാം.

ഭാഷയും ശാരീരികരൂപാന്തരണവും (Language and Physiological Modifications)

അടുത്തകാലത്തു 'ഫോക്സ് പി റ്റു' (FOXP2) എന്ന ഒരു ഭാഷാജീൻ മനുഷ്യനിൽ കണ്ടെത്തുകയുണ്ടായി. ഈ ജീൻ മറ്റു പ്രൈമേറ്റുകളിൽനിന്നു വ്യത്യസ്തമാണ്. ഇത് സംസാരഭാഷയ്ക്ക് അത്യാവശ്യമായ, വായയുടെയും ശബ്ദനാളത്തിന്റെയും ഫലപ്രദമായ ചലനത്തെ സഹായിക്കുന്നു. എന്നാൽ ചില ശാസ്ത്രജ്ഞർ ഒറ്റ ഭാഷാജീൻ എന്ന ഈ വാദത്തെ നിരാകരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ ഭാഷാശേഷി തുടർച്ചയായ പരിണാമവികാസത്തിന്റെ ഫലമാണ്.

മനുഷ്യപരിണാമത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ ഹോമിനിഡുകളുടെ പരിണാമത്തിനൊപ്പം തലച്ചോ



ചിത്രം 5.4 ബ്രോക്കാസ് മണ്ഡലം, വെർനിക്സ് മണ്ഡലം

റിന്റെ വളർച്ചയും അനുബന്ധമായി നടന്നിരുന്നു എന്നു കരുതപ്പെടുന്നു. കാലങ്ങളിലൂടെ നടന്ന മാറ്റങ്ങളിലൊന്നാണ് സെറിബ്രൽ കോർട്ടക്സിന്റെ (Cerebral Cortex) രൂപാന്തരണം. ഈ ഭാഗം പ്രതീകാത്മക ചിന്തയുമായും സാംസ്കാരിക കഴിവുകളുമായും ഓർമയുടെ ശേഷിയുമായും ബന്ധപ്പെട്ടതാണ്. മനുഷ്യമസ്തിഷ്കം ഇടത് -വലത് (Left and right Hemisphere) എന്നിങ്ങനെ രണ്ട് അർധഗോളങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നു. ഭാഷാശേഷിയുടെ സവിശേഷധർമങ്ങളെ നിയന്ത്രിക്കുന്നത് ഇടത് അർധഗോളമാണ്. തലച്ചോറിന്റെ ഈ ഭാഗം ബ്രോക്കാസ് മണ്ഡലം (Broca's Area) എന്നറിയപ്പെടുന്നു. ശബ്ദത്തിന്റെ ഉൽപ്പാദനം, ഉച്ചാരണം, വ്യാകരണശേഷികൾ എന്നിവയുമായി ഈ ഭാഗം ബന്ധപ്പെട്ടിരിക്കുന്നു. ഭാഷാശേഷിയുമായി ബന്ധപ്പെട്ട, ഇടത് അർധഗോളത്തിലെ മറ്റൊരു ഭാഗമാണ് വെർനിക്സ് മണ്ഡലം (Wernicke's Area). വാക്കുകളുടെയും വാക്യങ്ങളുടെയും അർഥം മനസ്സിലാക്കൽ, അർഥവിജ്ഞാനീയം എന്നിവയുമായി ബന്ധപ്പെട്ട ഭാഗമാണിത്. വായനയ്ക്കും ശ്രദ്ധയ്ക്കും മസ്തിഷ്കത്തിന്റെ ഈ ഭാഗം പ്രധാനപ്പെട്ടതാണ്.



മനുഷ്യരല്ലാതെ മറ്റൊരു ജീവിക്കും സാംസാരിക്കാനുള്ള ശേഷി നൽകുന്ന ശരീരഘടനയില്ല. ശ്വാസകോശം (Lungs), വായുനാളി (Wind Pipe), ശബ്ദനാളം (Larynx) എന്നിവ ചേർന്നാണ് മനുഷ്യന്റെ സ്വനാവയവങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. സ്വനതന്തുക്കൾ (Vocal Cords) അടങ്ങിയിരിക്കുന്ന ശബ്ദ അറയാണ് ശബ്ദനാളം(Voice Box). മറ്റൊരു സ്വനാവയവമാണ് കണ്ഠനാളം (Pharynx).നാവിന്റെ പിൻഭാഗത്തിന്റെയും ശബ്ദനാളത്തിന്റെയും ഇടയ്ക്കുള്ള സ്വനനാളത്തിന്റെ (Vocal Tract)ഭാഗമാണിത്. ഇത് നാസാദ്വാരങ്ങൾ(Nasal Cavity) വരെ നീളുന്നു. ശ്വാസകോശത്തിൽ വായു തടഞ്ഞുനിർത്തി അതിനെ നിയന്ത്രിച്ച് പുറത്തേക്ക് വിടുന്നതിനു സഹായിക്കുന്ന ഭാഗമാണ് ശബ്ദനാളം. ഈ സ്വനാവയവങ്ങളെല്ലാം, ശബ്ദം പുറപ്പെടുവിക്കുന്നതിനായി നാവ്, ചുണ്ട്, മൂക്ക് എന്നിവയോടനുബന്ധമായി പ്രവർത്തിക്കുന്നു. നാസാദ്വാരങ്ങൾ, നാവ്, ചുണ്ട് എന്നിവയ്ക്ക് വായുപ്രവാഹത്തെ ഏതു ഘട്ടത്തിലും നിർത്താനോ നിയന്ത്രിക്കാനോ കഴിയും. അത് നമുക്ക് സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും രൂപപ്പെടുത്തുന്നതിന് സഹായകമാവുന്നു.

സ്വനാവയവങ്ങളുടെ കാര്യത്തിൽ ചിമ്പാൻസിയും ആധുനികമനുഷ്യരും തമ്മിലുള്ള പ്രധാന വ്യത്യാസം, മനുഷ്യരിലെ ശബ്ദനാളത്തിന്റെ താഴ്ന്ന സ്ഥാനവും അതുകൊണ്ടുള്ള സ്വനനാളിയുടെ നീളക്കൂടുതലുമാണ്. ഈ മാറ്റം പരിണാമത്തിലൂടെ സംഭവിച്ചതാണെന്ന് കണക്കാക്കുന്നു. ഇത് മനുഷ്യരിൽ സംസാരഭാഷ രൂപപ്പെടുന്നതിന് ഇടയാക്കി.

ജൈവികമായ രൂപാന്തരണങ്ങൾ തീർച്ചയായും നമുക്ക് സംസാരിക്കാൻ സഹായകമായി. എന്നാൽ ഭാഷയിലൂടെയുള്ള ആശയവിനിമയത്തിന് ഒരു നിശ്ചിത ശബ്ദത്തിനോ ശബ്ദക്രമത്തിനോ പൊതുവായി നിശ്ചയിക്കപ്പെടുന്ന അർഥം നൽകുക എന്നത് അനിവാര്യമാണ്. ഭാഷയിലൂടെയുള്ള ആശയവിനിമയത്തിന്റെ വ്യക്തമായ ചിത്രം ലഭിക്കാൻ ഭാഷയുടെ വ്യത്യസ്ത ഘടകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾകൂടി നമുക്ക് പരിശോധിക്കാം.

III. ഘടനാത്മക ഭാഷാശാസ്ത്രം (Structural Linguistics)

ഇതുവരെ വിശകലനം ചെയ്യാത്ത ഒരു ഭാഷയുടെ അർഥം എങ്ങനെയാണ് ഒരു നരവംശശാസ്ത്രജ്ഞന് മനസ്സിലാക്കാൻ സാധിക്കുക? ലോകത്ത് അത്തരത്തിൽ നൂറുകണക്കിന് രേഖ

പ്പെടുത്തപ്പെടാത്ത ഭാഷകളുണ്ട്. വിവരണാത്മകഭാഷാശാസ്ത്രം (Descriptive Linguistics) അല്ലെങ്കിൽ ഘടനാത്മക ഭാഷാശാസ്ത്രം (Structural Linguistics) എന്നീ പഠനമേഖലകൾ ഇത്തരം ഭാഷകളെക്കുറിച്ച് പഠിക്കുകയും അതിന്റെ സവിശേഷതകൾ വിശകലനം ചെയ്യുകയും ചെയ്യുന്നു. ഈ കാര്യത്തിൽ ഒരു ഭാഷയെ അതിന്റെ നിയമങ്ങളുടെയും ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ മറ്റൊന്നിൽനിന്നു വ്യത്യാസപ്പെടുത്തി തിരിച്ചറിയേണ്ടതുണ്ട്. അത് അവയിൽ ഉപയോഗിച്ച ശബ്ദങ്ങൾ വേർതിരിച്ചുകൊണ്ടോ ഒരു പ്രത്യേക ശബ്ദം പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ വിശകലനം ചെയ്തുകൊണ്ടോ ആയിരിക്കും.

ഭാഷയുടെ സ്വഭാവഗുണങ്ങൾ (Properties of language)

മൃഗങ്ങൾ വിവിധ അർഥങ്ങൾ സൂചിപ്പിക്കുന്ന ശബ്ദങ്ങൾ ഉപയോഗിക്കുന്നു എന്നത് നമ്മൾ നേരത്തേ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യഭാഷയിലെ ശബ്ദങ്ങൾ എന്തെങ്കിലും പ്രത്യേക അർഥം ഉൾക്കൊള്ളുന്നില്ല. പകരം, ശബ്ദങ്ങളുടെ ഏകീകരണത്തിലൂടെയാണ് അർഥവത്തായ വാക്കോ വാക്യങ്ങളോ രൂപപ്പെടുത്തുന്നത്.

1. സ്വനിമം (Phoneme)

ഓരോ ഭാഷയ്ക്കും 12 മുതൽ 60 വരെ ശബ്ദഘടകങ്ങളുണ്ട്. ഈ ശബ്ദഘടകങ്ങളെ സ്വനിമം (Phoneme) എന്നു വിളിക്കുന്നു. ശബ്ദം എന്നർഥമുള്ള 'ഫോൺ' എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് ഫൊണിം എന്ന വാക്കുണ്ടായത്. ഒരു പ്രത്യേകഭാഷയിലെ അർഥങ്ങളെ വ്യത്യാസപ്പെടുത്തുന്ന ശബ്ദഘടകമാണ് സ്വനിമം. ഇംഗ്ലീഷിൽ 26 അക്ഷരങ്ങളുണ്ടെങ്കിലും നാൽപ്പതിലധികം പ്രമുഖ ശബ്ദരൂപങ്ങളുണ്ട്. ഈ ശബ്ദരൂപങ്ങളുടെ ബഹുവിധമായ സംയോജനത്തിലൂടെ ഒരു വാക്കിന്റെ അർഥം മാറ്റാൻ കഴിയും. ഉദാഹരണമായി, ഇംഗ്ലീഷിൽ ബിറ്റ്, പിറ്റ് എന്നീ വാക്കുകൾ വ്യത്യാസപ്പെടുന്നത് ബി/പി/ എന്നിവ തമ്മിലുള്ള ശബ്ദവ്യത്യാസത്തിലൂടെയാണ്. അങ്ങനെ അവ തമ്മിൽ അർഥവ്യത്യാസം ഉണ്ടാവുന്നു. ഭാഷയിലെ ഉച്ചരിതശബ്ദങ്ങളെക്കുറിച്ചുള്ള പഠനം ഫൊണറ്റിക്സ് എന്നും ശബ്ദക്രമീകരണരീതിയെക്കുറിച്ചുള്ള പഠനം ഫോണോളജി എന്നും അറിയപ്പെടുന്നു. ഭാഷയിലെ തനതുശബ്ദങ്ങളുടെ ക്രമാനുഗതമായ തിരിച്ചറിവിനെയും വിവരണത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്.

2. രൂപിമം (Morpheme)

സാധാരണയായി ഒരു ശബ്ദരൂപം മറ്റു ശബ്ദരൂപങ്ങളുമായി കൂടിച്ചേർന്നാണ് അർഥവത്തായ ശബ്ദങ്ങളുണ്ടാവുന്നത്. ഇത്തരം അർഥവത്തായ ശബ്ദരൂപങ്ങളാണ് രൂപിമങ്ങൾ (Morpheme). ശബ്ദരൂപങ്ങളുടെ ക്രമീകരണംകൊണ്ടാണ് രൂപിമങ്ങൾ ഉണ്ടാകുന്നത്. ഭാഷയിലെ രൂപിമങ്ങളെക്കുറിച്ചുള്ള പഠനം രൂപിമവിജ്ഞാനം (Morphology) എന്നറിയപ്പെടുന്നു. സംസാരിക്കുന്ന സമയത്ത് ആളുകൾ വാക്കുകൾ നിർത്തിയല്ല പറയുന്നത്. നമുക്ക് ഒരു ഭാഷ അറിയില്ലെങ്കിൽ അതിലെ ഒരു വാചകം ശബ്ദങ്ങളുടെ തുടർച്ചയായ ഒരു അരുവിപോലെ അനുഭവപ്പെടും. എഴുതുമ്പോൾ മാത്രമാണ് നമ്മൾ ഒരു വാക്കിനെ മറ്റൊന്നിൽനിന്നു വേർതിരിക്കുന്നത്. ഒരു വാക്ക് അർഥവത്തായ ശബ്ദങ്ങളുടെ തുടർച്ചയാണ്. അതിനാൽ ഒരു പ്രത്യേക ഭാഷ അറിയില്ലെങ്കിൽ നമുക്ക് വാക്കുകളെ പ്രത്യേക യൂണിറ്റുകളായി കേൾക്കാൻ കഴിയില്ല. സ്വനിമത്തിൽ ഒന്നോ അതിലധികമോ സ്വനം (ശബ്ദങ്ങൾ) ഉള്ളതുപോലെ, ഒന്നോ അതിലധികമോ സമാനാർഥങ്ങളുള്ള രൂപങ്ങൾ (Morph) (ഒരു അർഥമുള്ള ഏറ്റവും ചെറിയ യൂണിറ്റ്) കൊണ്ടാണ് ഒരു രൂപിമം രൂപപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി, ഇൻഡഫനിറ്റ് എന്ന വാക്കിലെ മുന്നേയുള്ള 'ഇൻ' എന്നതും അൺക്ലിയർ എന്ന വാക്കിലെ 'അൺ' എന്നതും ഇല്ല എന്നർഥമുള്ള രൂപമൂലകങ്ങളാണ്. ചില വാക്കുകൾ ഒറ്റ രൂപിമമാണെങ്കിലും, അധികം വാക്കുകളും രൂപപ്പെടുത്തിയിരിക്കുന്നത് രൂപിമങ്ങൾ കൂട്ടിയോജിപ്പിച്ചാണ്. ഉദാഹരണമായി, 'പശു' എന്ന വാക്ക് ഒറ്റ രൂപിമമുള്ള വാക്കാണ്. എന്നാൽ പശുക്കൾ എന്നത് പശു എന്ന മൂലരൂപവും ഒന്നിലധികം എന്നർഥമുള്ള 'കൾ' എന്ന പിൻപ്രത്യയവും (Suffix) ചേരുന്നതാണ്.

3. വാക്യഘടനാപഠനം (Syntax)

ഒരു തുറന്ന സംവിധാനമെന്ന നിലയിൽ ഭാഷയിൽ നമുക്ക്, മുമ്പു കേട്ട ശബ്ദങ്ങൾകൊണ്ട് അർഥവത്തായ ശബ്ദരൂപങ്ങൾ ഉണ്ടാക്കാൻ കഴിയും. എന്നാൽ ഓരോ ഭാഷയിലും ശൈലികളും വാക്യങ്ങളും നിർമിക്കാൻ ചില നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ വിശകലനം ചെയ്യുന്നതാണ് വാക്യഘടനാപഠനം (Syntax). കർത്താവ് ക്രിയയ്ക്കു മുൻപെയാണോ ശേഷമാണോ വേണ്ടത്? അല്ലെങ്കിൽ കർമം ക്രിയയുടെ തുടർച്ചയാണോ തുടങ്ങിയവയൊക്കെ ഈ പഠനത്തിന്റെ പരിധിയിൽ വരുന്നു.

4. അർഥവിജ്ഞാനം (Semantics)

ഭാഷയിലെ വാക്യങ്ങൾ, ചൊല്ലുകൾ, വാക്കുകൾ, പ്രതീകങ്ങൾ എന്നിവയുടെയൊക്കെ അർഥത്തെക്കുറിച്ചുള്ള പഠനമാണ് അർഥവിജ്ഞാനം(Semantics). വ്യത്യസ്ത സമൂഹങ്ങളിലെ ചിന്താക്രമവുമായും വിശ്വാസങ്ങളുമായും ബന്ധപ്പെടുത്തിയുള്ള ഭാഷയുടെ അർഥത്തെയാണ് ഭാഷാനരവംശശാസ്ത്രജ്ഞർ പ്രധാനമായും പഠനവിധേയമാക്കുന്നത്. സാംസ്കാരിക പ്രതിഭാസങ്ങളുമായും കുടുംബ - ബന്ധുത്വപദങ്ങളുമായും ബന്ധപ്പെട്ട വാക്കുകളുടെയും ആശയങ്ങളുടെയും അർഥം മനസ്സിലാക്കുന്നതിനായി പ്രത്യേക പഠനമേഖലതന്നെ രൂപപ്പെട്ടിട്ടുണ്ട്. ഈ പ്രത്യേക പഠനമേഖല വംശീയവിജ്ഞാനീയം (Ethno Semantics) എന്നറിയപ്പെടുന്നു. ഡൈഷണിക നരവംശശാസ്ത്രവുമായി ഇത് ഏറെ ബന്ധപ്പെട്ടിരിക്കുന്നു.

പഠനപുരോഗതി വിലയിരുത്താം

1. ജോടി കണ്ടെത്തുക.

   എ. ഭാഷയിലെ രൂപിമമൂലകങ്ങളെക്കുറിച്ചുള്ള പഠനം : രൂപവിജ്ഞാനീയം.
   വാക്കുകളുടെയും പ്രതീകങ്ങളുടെയും മറ്റും അർഥത്തെക്കുറിച്ചുള്ള പഠനം : .....

   ബി. അർഥവത്തായ ശബ്ദങ്ങളുടെ കൂട്ടം : രൂപിമം. ഭാഷയിലെ നിയമങ്ങൾ : .....

2. മൃഗങ്ങളുടെ ആശയവിനിമയരീതിയിൽനിന്നു മനുഷ്യന്റെ ഭാഷയെ വ്യത്യസ്തമാക്കുന്ന സവിശേഷതകൾ വിശദമാക്കുക.


3. സംസാരിക്കാൻ കഴിയുംവിധം മനുഷ്യനിലുണ്ടായിട്ടുള്ള ശരീരശാസ്ത്രപരമായ രൂപമാറ്റങ്ങൾ വിശകലനം ചെയ്യുക.

4. ഭാഷയുടെ വ്യത്യസ്ത ഘടകങ്ങൾ ഏതൊക്കെയെന്ന് പരിശോധിക്കുക, വ്യത്യസ്ത ഭാഷകളിൽ അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നു വിശകലനം ചെയ്യുക.

ഒരു ഭാഷയുടെ എല്ലാ സവിശേഷതകളും വിശകലനം ചെയ്യുന്നു മേഖലയാണ് വിവരണാത്മക ഭാഷാശാസ്ത്രം (Descriptive Linguistics) എന്ന് നാം കണ്ടുകഴിഞ്ഞു. എന്നാൽ പൊതുവായി ഭാഷ ധാരാളം മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. ഭാഷയെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട് ലഭിക്കാനും ഭാഷയിൽ വന്ന മാറ്റം മനസ്സിലാക്കാനും ഒരേഭാഷയുടെ പഴയതും പുതിയതുമായ കാര്യങ്ങളിലെ വ്യത്യാസങ്ങൾ മനസ്സിലാക്കാനും സഹായകമാവുന്ന ശാഖയും നമുക്ക് പരിചയപ്പെടാം.

IV. ചരിത്രാത്മകഭാഷാശാസ്ത്രം (Historical Linguistics)


നമുക്ക് പഴയ കാലത്തെ പത്രങ്ങളും വാരികകളും ശേഖരിച്ച് ആ കാലത്തെ ഭാഷാപ്രയോഗങ്ങളുടെ മൗലികസവിശേഷതകൾ പരിശോധിക്കാം. പഴയതും പുതിയതുമായ കാലത്തെ ഭാഷയുടെ ഉപയോഗത്തിലെ വ്യത്യാസം കാണിക്കുന്ന ചാർട്ട് തയാറാക്കുക.



ഇംഗ്ലീഷ്	സംസ്കൃതം	ലാറ്റിൻ	ഗ്രീക്ക്	ജർമൻ	പഴയ ഇംഗ്ലീഷ്
ഫാദർ	പിതൃ	പാറ്റേർസ്	പറ്റിർ	വട്ടേർ	ഫെയ്ദർ
മദർ	മാതൃ	മാറ്റെർ	മിറ്റിർ	മട്ടർ	മോഡർ
ബ്രദർ	ഭ്രാതൃ	ഫ്രാറ്റെർ	ഫ്രാറ്റെർ	ബ്രുദർ	ബ്രോഡർ
ത്രീ	ത്രയ	ട്രെസ്	ട്രെയ്സ്	ഡ്രെയ്	ത്രെയ്
റെഡ്	രുധിര	റുബിർ	എറിത്രോസ്	റോട്ട്	റീഡ്
ഫൂട്ട്	പാദ	പെഡിസ്	പോഡോസ്	ഫൂസ്സ്	ഫോട്ട്

പട്ടിക-1ഇന്തോ-യൂറോപ്യൻ ഭാഷകളിലെ വാക്കുകളുടെ താരതമ്യ ചാർട്ട്:
(സ്രോതസ്സ്: റെയ്മണ്ട് സ്കൂവിൻ ആന്റ് ക്രിസ്റ്റഫർ ആർ ഡിക്രൂസ്.
ആന്ത്രോപോളജി എ ഗ്ലോബൽ പെർസ്പക്റ്റീവ് - *2008* പേജ്- *315)*

കാലാനുസൃതമായി ഭാഷയുടെ ഉപയോഗം, പദരൂപങ്ങൾ, ഘടന തുടങ്ങി വിവിധ മേഖലകളിൽ വന്ന മാറ്റം മനസ്സിലാക്കുന്നത് രസകരമായിരിക്കും. മാറുന്ന സാമൂഹികാവസ്ഥ മനസ്സിലാക്കാൻ ഭാഷാസവിശേഷതകൾ വിശകലനം ചെയ്യുന്നത് സഹായകമാണ്. ചരിത്രാത്മകഭാഷാശാസ്ത്രം (Historical Linguistics) ഈ മേഖലയുമായി ബന്ധപ്പെട്ട പഠനമാണ്. വ്യത്യസ്ത കാലഘട്ടത്തിലെ ഭാഷയുടെ ഉദ്ഭവം, മാറ്റം എന്നിവയെക്കുറിച്ചും ഭാഷകൾ തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെക്കുറിച്ചും പഠിക്കുന്ന മേഖലയാണിത്. ഇന്നു നിലവിലുള്ള ഭാഷകൾ പഠിച്ചുകൊണ്ട് ഭാഷാചരിത്രശാസ്ത്രജ്ഞർക്ക് ആദിമഭാഷകളുടെ പല സവിശേഷതകളും പുനർനിർമിക്കാൻ കഴിയും. ഇന്നത്തെ ഭാഷകളെല്ലാം ഒരേ ഭാഷാപൈതൃകത്തിൽനിന്ന് ഉരുത്തിരിഞ്ഞു വന്നവയാണ്. ആയിരക്കണക്കിന് വർഷങ്ങൾകൊണ്ടാണ് ഈ ഭാഷകളെല്ലാം വിവിധ ഉപഭാഷകളായി രൂപം കൊണ്ടത്. ഇവയുടെ ആദ്യകാലരൂപം പൂർവഭാഷ (Proto Language) എന്നറിയപ്പെടുന്നു.



ചാർട്ട് 5.1 പ്രോട്ടോ ഇന്തോ - യൂറോപ്യൻ ഭാഷാകുടുംബം

ഒരേ പൂർവഭാഷയിൽനിന്നു രൂപപ്പെട്ടുവന്ന ഭാഷകളെല്ലാം ഒരു പൊതുഭാഷാ കുടുംബത്തിൽ (Language Family) ഉൾപ്പെടുന്നു. ശബ്ദാധിഷ്ഠിതവും രൂപപരവുമായ (Sounds and words) സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് ഭാഷാകുടുംബങ്ങൾ രൂപംകൊള്ളുന്നത്. ഏകദേശം 1786 ഓടെ ചരിത്രാത്മകശാസ്ത്രമേഖല ആരംഭിക്കുകയുണ്ടായി. ഇക്കാലയളവിൽ സർ വില്യം ജോൺസ് ലോകത്തിലെ വ്യത്യസ്തഭാഷകൾ തമ്മിൽ ചില സാമ്യങ്ങൾ കണ്ടെത്തി. ഇംഗ്ലീഷ് ഗ്രിക്ക്, ജർമൻ, ലാറ്റിൻ, സംസ്കൃതം എന്നീ ഭാഷകൾ തമ്മിൽ ചില ഭാഷാപരമായ സാദൃശ്യങ്ങൾ അദ്ദേഹം നിർദേശിച്ചു. ഇത് ഈ ഭാഷകളുടെ ഒരു പൈതൃകഭാഷയിൽനിന്നുള്ള ഉദ്ഭവം സൂചിപ്പിക്കുന്നു. ഈ ഭാഷകളെല്ലാം ഇന്തോ - യൂറോപ്യൻ (Indo - European) എന്ന ഒറ്റ ഭാഷാകുടുംബത്തിൽപ്പെട്ടവയാണ്. ഇവ പൊതുവായി ചില വാക്കുകളും വ്യാകരണവും പങ്കുവയ്ക്കുന്നതായി കാണാം. ഉദാഹരണമായി ഇംഗ്ലീഷ് വാക്കായ ത്രീ, സംസ്കൃതത്തിൽ ത്രയം, ലാറ്റിനിൽ ട്രെസ്, ഗ്രീക്ക് ഭാഷയിൽ ട്രൈസ്, ജർമൻഭാഷയിൽ ഡ്രെയ് എന്നിങ്ങനെയാണ് ഉച്ചരിക്കുന്നത്. ഇന്തോ -യൂറോപ്യൻ ഭാഷകൾ ഏകദേശം 5000 മുതൽ 6000 വർഷങ്ങൾക്കു മുൻപ് സംസാരിച്ചിരുന്ന ഒരു ഭാഷയിൽനിന്നു രൂപപ്പെട്ടതാണെന്ന അഭിപ്രായമാണ് പണ്ഡിതർക്കിടയിലുള്ളത്. ഇന്തോ യൂറോപ്യൻ ഭാഷകളുടെ ഈ ആദ്യരൂപം പ്രോട്ടോ ഇന്തോ - യൂറോപ്യൻ (Proto Indo - European) എന്നറിയപ്പെടുന്നു.

ഭാഷോൽപ്പത്തിസിദ്ധാന്തങ്ങൾ (Theories of Origin of Languages)

ഭാഷയുടെ ഉദ്ഭവത്തെക്കുറിച്ച് വിവിധ വിശ്വാസങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. മതിയായ തെളിവുകളുടെ അഭാവംമൂലം ഭാഷയുടെ ഉദ്ഭവം സംബന്ധിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ളതായി ഭാഷാശാസ്ത്രജ്ഞർ നേരത്തേ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഇന്ന്, ജനിതക വിവരങ്ങൾ ഉൾപ്പെടെ കൂടുതൽ തെളിവുകൾ നമുക്ക് ലഭ്യമാണ്.

പുരാവസ്തുരേഖകൾ പ്രകാരം, നിയാണ്ടർതാൽ മനുഷ്യന് ഭാഷാപരമായ ആശയവിനിമയത്തിന് അവശ്യം വേണ്ട നാഡീവ്യൂഹവളർച്ചയും ശാരീരികസവിശേഷതകളും ഉണ്ടായിരുന്നു. എന്നാൽ നിയാണ്ടർതാൽ മനുഷ്യൻ ഭാഷ ഉപയോഗിച്ചതു സംബന്ധിച്ച് അഭിപ്രായവ്യത്യാസം നിലനിൽക്കുന്നു. ആംഗ്യഭാഷയിലൂടെയുള്ള ആശയവിനിമയം (Gestures) ആണ് ആദ്യമുണ്ടായിരുന്നതെങ്കിലും പിന്നീട് സംസാരഭാഷയിലേക്കു മാറി. അതിജീവനത്തിനായി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് നമ്മുടെ കൈകൾ സ്വതന്ത്രമാകേണ്ടത് പ്രധാനമായിരുന്നു. അതിനാൽ, ആദ്യകാലത്ത് കൈകൊണ്ടുള്ള ആംഗ്യഭാഷയ്ക്കു പകരം മുൻകാല മനുഷ്യർ, ആശയവിനിമയത്തിന് ശബ്ദം ഉപയോഗപ്പെടുത്താൻ തുടങ്ങി. കൈകളെ സ്വതന്ത്രമാക്കുന്നതിനു പുറമേ, മനുഷ്യർക്ക് ഇരുട്ടിൽ സംസാരിക്കാനും അതു സഹായിച്ചു. കഴിഞ്ഞുപോയ സംഭവങ്ങളെക്കുറിച്ച് അവർക്ക് ആശയവിനിമയം നടത്താൻ സാധിച്ചു. എന്നാൽ മനുഷ്യർ ഭാഷ ഉപയോഗിച്ചു തുടങ്ങിയ കാലം അജ്ഞാതമാണ്. മിക്കവാറും ഇത് ശിലായുഗ ഹോമോസാപിയനുകളുടെ കാലഘട്ടത്തിലായിരിക്കും രൂപപ്പെട്ടിട്ടുണ്ടാവുക. ഭാഷയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട ചില അനുമാനസിദ്ധാന്തങ്ങൾ താഴെ കൊടുക്കുന്നു.



മനുഷ്യമനസ്സ് ജനനസമയത്ത് ഒരു വൃത്തിയായ സ്ലേറ്റിനു തുല്യമാണ് (ടാബുലാരസ) എന്ന് ജോൺ ലോക്ക് അഭിപ്രായപ്പെടുന്നു. ശീലത്തിന്റെ ഭാഗമായാണ് കുഞ്ഞുങ്ങൾ ഭാഷ പഠിക്കുന്നത്. ഈ സങ്കൽപ്പനത്തെ ബി.എഫ്. സ്കിന്നർ കൂടുതൽ വിപുലപ്പെടുത്തി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രതികരണത്തിലൂടെയാണ് പഠനം നടക്കുന്നത്. റെനെ ഡെസ്കാർട്ട് ഇതിനു വിരുദ്ധമായ കാഴ്ചപ്പാട് മുന്നോട്ടുവച്ചു. മനുഷ്യമനസ്സിൽ അന്തർലീനമായ ആശയങ്ങളോ ഘടകങ്ങളോ ആണ് ഭാഷാപഠനത്തിന്റെ അടിസ്ഥാനമാവുന്നത്. പിന്നീട് മനുഷ്യന് ഏതു ഭാഷയും ആർജിക്കാൻ ശേഷിയുണ്ടെന്ന് തിരിച്ചറിഞ്ഞു.

1. ബൗ വൗ സിദ്ധാന്തം (Bow-vow Theory): പട്ടികളുടെയും മറ്റും കുരയെ അനുകരിച്ചാണ് സംസാരഭാഷ രൂപപ്പെട്ടത്.
2. പൂഹ് പൂഹ് സിദ്ധാന്തം (Pooh-pooh Theory): വേദനാജനകമായ അനുഭവത്തിൽനിന്നുണ്ടായ ശബ്ദത്തിൽനിന്നാണ് ഭാഷ ഉണ്ടായത്.
3. ഡിങ് ഡോങ് സിദ്ധാന്തം (Ding-Dong Theory): ശബ്ദത്തിന്റെയും അർഥത്തിന്റെയും മിശ്രണത്തിലൂടെ ക്രമാനുഗതമായി സംസാരം വികസിച്ചുവന്നു.
4. യോ ഹെ ഹോ സിദ്ധാന്തം (Yo-he-ho Theory): വായയുടെ ശക്തമായ പേശീപ്രവർത്തനത്തിലൂടെ ശ്വാസം നിയന്ത്രിച്ചുകൊണ്ട് ശബ്ദം രൂപപ്പെടുത്തി.
5. ആംഗ്യസിദ്ധാന്തം (Gestural Theory): ആംഗ്യങ്ങളുടെയും നിൽപ്പിന്റെയും താളത്തിനനുസരിച്ച് മനുഷ്യൻ നാവു ചലിപ്പിക്കുകയും ക്രമേണ അത് ഭാഷയുടെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്തു.
6. ടാരാര ബും ഡെ യെ സിദ്ധാന്തം (Tarara- boom-de-ye Theory): സന്തോഷപ്രകടനത്തിന്റെ ഫലമായാണ് സംസാരം രൂപപ്പെട്ടത്. ആദ്യകാല മനുഷ്യർ വേട്ടയാടലിൽ നേട്ടം ലഭിച്ചപ്പോൾ സന്തോഷിക്കുകയും അത് പ്രകടിപ്പിക്കാനുണ്ടാക്കിയ ശബ്ദങ്ങൾ ക്രമേണ സംസാരമായി മാറുകയും ചെയ്തുവെന്നാണ് ഈ സിദ്ധാന്തം അനുമാനിക്കുന്നത്.

സംസാരിക്കാനുള്ള ശേഷിയുമായാണ് മനുഷ്യശിശുക്കൾ ജനിക്കുന്നത്. ജനിച്ചയുടനെ ഇംഗ്ലീഷ്, മലയാളം തുടങ്ങി ഏതെങ്കിലുമൊരു പ്രത്യേക ഭാഷസംസാരിക്കാനായി അവർ മുൻകൂട്ടി തയാറാക്കപ്പെട്ടിട്ടില്ല. നമ്മൾ സാംസ്കാരികവൽക്കരണ (Enculturation) പ്രക്രിയയിലൂടെയാണ് സ്വന്തം സംസ്കാരം പഠിച്ചെടുക്കുന്നത്. ഇത്തരത്തിൽ ഭാഷയുടെ സ്വനങ്ങളും സ്വനിമങ്ങളും ആർജിക്കുന്നത് ആ ഭാഷയുമായുള്ള സമ്പർക്കത്തിലൂടെയാണ്. ഭാഷയെ സംബന്ധിച്ച് പല പണ്ഡിതർ വ്യത്യസ്ത ആശയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ഭാഷ സമാർജനം (Language Acquisition)

ഭാഷ ആർജിക്കുന്നതു സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകളാണുള്ളത്. ഇതിൽ പ്രധാനപ്പെട്ട ആശയങ്ങളിലൊന്ന് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കിയാണ് മുന്നോട്ടുവച്ചത്. എങ്ങനെയാണ് ജനങ്ങൾ വ്യാകരണം ആർജിക്കുന്നത് എന്ന് അദ്ദേഹം പരിശോധിക്കുന്നു. മിക്കവാറും ആളുകൾക്ക് ഭാഷയുടെ നിയമങ്ങൾ വിശദീകരിക്കാൻ കഴിയില്ല. എന്നാൽ മനസ്സിലാക്കാൻ കഴിയുന്നതരത്തിൽ, വാക്യങ്ങളിൽ അവ ഉപയോഗിക്കുന്നു. ചോംസ്കിയുടെ അഭിപ്രായത്തിൽ എല്ലാ കുഞ്ഞുങ്ങളും ഈ സങ്കീർണമായ നിയമങ്ങൾ അനായാസം സ്വന്തമാക്കുന്നു. വ്യാകരണനിയമങ്ങൾ പഠിച്ചിട്ടില്ലെങ്കിലും അർഥപൂർണമായ ഒരു പ്രസ്താവന നിർമിക്കുന്നതിൽ അവർക്ക്




നോം ചോംസ്കി അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനും തത്ത്വചിന്തകനുമാണ്. 1928 ഡിസംബർ ഏഴിനാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ 'ട്രാൻസ്ഫർമേഷണൽ ജനറേറ്റീവ് ഗ്രാമർ' എന്ന സിദ്ധാന്തം കൊഗ്നിറ്റീവ് ഭാഷാശാസ്ത്രത്തിൽ വലിയ മാറ്റമുണ്ടാക്കി. ഭാഷയുടെ ഘടനയിൽ ഉൾച്ചേർന്ന തത്ത്വങ്ങൾ മനുഷ്യമനസ്സിൽ ജൈവപരമായി നിർണയിച്ചിരിക്കുന്നു എന്നതാണ് ചോംസ്കിയുടെ വാദം. അതിനാൽ അത് ജനിതകമായി കൈമാറ്റം ചെയ്യുന്നു.



ഒരു വിദേശഭാഷ പഠിക്കുന്നതിനെ ഭയക്കേണ്ടതില്ല. കാരണം, ഏതു ഭാഷയും പഠിക്കാൻ കഴിയുംവിധമാണ് നമ്മുടെ തലച്ചോർ രൂപകല്പന ചെയ്തിരിക്കുന്നത്.

ബുദ്ധിമുട്ടില്ല. അതിനാൽ, ഭാഷ ആർജിച്ചെടുക്കാൻ സഹായിക്കുന്ന വിധത്തിൽ മുൻകൂട്ടി തയാറാക്കപ്പെട്ട ഒരു മസ്തിഷ്കവുമായാണ് മനുഷ്യർ ജനിക്കുന്നതെന്ന് ചോംസ്കി പറയുന്നു. ഈ മുൻകൂട്ടി തയാറാക്കപ്പെടലിനെ ചോംസ്കി 'സാർവഭാഷികവ്യാകരണം' (Universal Grammar) എന്നു വിളിക്കുന്നു. സാർവത്രിക വ്യാകരണം ഒരു മാതൃക (Model) പോലെയാണ്. മനുഷ്യ മനസ്സിന്റെ സാർവത്രികവ്യാകരണം കുഞ്ഞുങ്ങളെ ഭാഷ നേടുന്നതിനും മുമ്പു കേട്ടിട്ടില്ലാത്ത വാക്യങ്ങൾ നിർമിക്കുന്നതിനും സഹായിക്കുന്നു.


ചിത്രം. 5.5 നോം ചോംസ്കി

വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത ഭാഷകളായിരിക്കുമെന്ന് നരവംശശാസ്ത്രജ്ഞർ നേരത്തേതന്നെ കരുതിയിരുന്നു. മനുഷ്യവളർച്ചയിൽ ഒരു നിർണായക കാലമുണ്ടെന്ന് ചോംസ്കിയും അഭിപ്രായപ്പെടുന്നു. ജനനം മുതൽ പ്രായപൂർത്തിയാവുന്നതു വരെയുള്ള കാലമാണിത്. ഈ സമയത്ത് ഭാഷ ആർജിച്ചെടുക്കണം. ഭാഷയെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് പരിചയപ്പെടുത്തിയില്ലെങ്കിൽ, അവർക്ക് ഒരിക്കലും അത് നേടാൻ കഴിയില്ല. അല്ലെങ്കിൽ അവർക്ക് ഭാഷയുടെ ആരംഭദശയിലുള്ള രൂപത്തിൽ മാത്രമേ പഠിക്കാൻ കഴിയൂ. മനുഷ്യമസ്തിഷ്കത്തിൽ ഭാഷാപഠനത്തിന് ജനിതകമായി രൂപപ്പെട്ടിരിക്കുന്ന കരടുരൂപങ്ങൾ (Blue prints) അല്ലെങ്കിൽ മൊഡ്യൂളുകൾ അടങ്ങിയിരിക്കുന്നു എന്ന് ചോംസ്കി വിശ്വസിക്കുന്നു. അത് കുട്ടികളെ അവരുടെ വളർച്ചയോടൊപ്പം ഭാഷ പഠിക്കാൻ പ്രാപ്തരാക്കുന്നു. മനുഷ്യഭാഷകൾ വ്യത്യസ്തങ്ങളാണ്. എന്നാൽ ചോംസ്കിയുടെ അഭിപ്രായത്തിൽ അവയ്ക്ക് വ്യത്യാസങ്ങളേക്കാൾ സാമ്യമാണുള്ളത്. ഒരു സാങ്കൽപ്പിക സാഹചര്യത്തിൽ ചന്ദ്രനിൽനിന്നു ഭൂമിയിലേക്കു വരുന്ന സഞ്ചാരി, എല്ലാ മനുഷ്യരും സംസാരിക്കുന്നത് ഒരേ മനുഷ്യഭാഷയുടെ വ്യത്യസ്ത ഭാഷാഭേദങ്ങളാണെന്ന് മാത്രമേ മനസ്സിലാക്കൂ.

പഠനപുരോഗതി വിലയിരുത്താം

1. എ, ബി, സി എന്നീ നിരകൾ ശരിയായി യോജിപ്പിക്കുക.

എ	ബി	സി
സാർവഭാഷികവ്യാകരണം	പൂർവഭാഷ	ചരിത്രാത്മകഭാഷാശാസ്ത്രം
ഭാഷാകുടുംബം	ആംഗ്യഭാഷയിൽ നിന്നു സംസാരഭാഷയിലേക്ക്	തലച്ചോറിന്റെ മുൻകൂട്ടിയുള്ള ക്രമീകരണം
ഭാഷയുടെ ഉദ്ഭവവും മാറ്റവും	നോം ചോംസ്കി	ഡോട്ടർ ലാംഗ്വേജ്

2. ചരിത്രപരമായ ഭാഷാവികാസം എന്നതു പരിശോധിക്കുക.
3. ഭാഷയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ പട്ടികപ്പെടുത്തുക.
4. ഭാഷ ആർജിക്കുന്ന പ്രക്രിയ വിശകലനം ചെയ്യുക.



ഭാഷയിലൂടെയുള്ള ആശയവിനിമയത്തിന് പുറമെ, സന്ദേശങ്ങൾ കൈമാറ്റം ചെയ്യുന്നതിന് നാം നമ്മുടെ മുഖവും ശരീരഭാഗങ്ങളുമെല്ലാം ഉപയോഗിക്കുന്നു. ആംഗ്യങ്ങൾ, മുഖഭാവങ്ങൾ, ശരീരചലനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന ഇത്തരം ആശയവിനിമയം വാചികമല്ലാത്ത ആശയവിനിമയം (Non Verbal Communication) എന്നറിയപ്പെടുന്നു.

VI. വാചികമല്ലാത്ത ആശയവിനിമയം (Non verbal Communication)

വാചികസംജ്ഞകളോ വാക്കാലുള്ള സന്ദേശങ്ങളോ ഉപയോഗിക്കാതെ സന്ദേശങ്ങൾ അയയ്ക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ആശയവിനിമയരീതിയാണ് വാചികമല്ലാത്ത ആശയവിനിമയം (Non-verbal Communication). സ്പർശനം, ശരീരഭാഷ, അല്ലെങ്കിൽ നിൽപ്പ്, മുഖഭാവങ്ങൾ, കണ്ണുകൾ തമ്മിലുള്ള ആശയവിനിമയം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇത്തരം ആശയവിനിമയത്തിൽ പ്രധാന മേഖലകൾ താഴെ പറയുന്നവയാണ്. വാചികമല്ലാത്ത ആശയവിനിമയരീതി വിവിധ സമൂഹങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.



പട്ടിക 5.6. വാചികമല്ലാത്ത ആശയവിനിമയം



ഇനി നമുക്ക് സാമൂഹിക ഇടപെടലിന്റെ ഒരു ഉദാഹരണം തിരഞ്ഞെടുക്കുകയും ക്ലാസിൽ അത് മൂകാഭിനയരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്യാം. ഇത്തരം ആശയവിനിമയത്തിന്റെ ഗുണങ്ങളും പരിമിതികളും കണ്ടെത്തുകയും ഒരു റിപ്പോർട്ട് തയാറാക്കുകയും ചെയ്യുക.

1. അംഗചേഷ്ടാവിജ്ഞാനം (Kinesics)

ഇത് ശരീരഭാഷയുടെ പഠനവുമായി ബന്ധപ്പെട്ട മേഖലയാണ്. പലതരം ശരീരചലനങ്ങളിലൂടെ നമുക്ക് വ്യത്യസ്തമായ സൂചനകൾ നൽകാൻ കഴിയും. വാചികമല്ലാത്ത ആശയവിനിമയത്തിലെ ശരീരചലനങ്ങൾ, ആംഗ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പഠനമാണിത്. വിവിധ ശരീരചലനങ്ങൾ താഴെ കൊടുക്കുന്നു.

a. **മുഖഭാവങ്ങൾ** (Facial expression): മനുഷ്യർ രണ്ടു ലക്ഷത്തി അൻപത്തയ്യായിരത്തിലധികം വ്യത്യസ്ത മുഖഭാവങ്ങൾ ഉപയോഗിക്കുന്നതായി ഗവേഷകർ അനുമാനിക്കുന്നു. വിവിധ സാഹചര്യങ്ങളിൽ മിക്കവാറും ഈ പ്രകടനങ്ങൾക്കെല്ലാം വ്യത്യസ്താർഥങ്ങളായിരിക്കും ഉണ്ടാവുക. പുഞ്ചിരി സാധാരണ സന്തോഷത്തിന്റെയോ സൗഹൃദത്തിന്റെയോ അടയാളമായാണ് കരുതപ്പെടുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ഇതൊരു അപമാനിക്കലായും കണക്കാക്കപ്പെടുന്നു.



പട്ടിക 5.7. മുഖഭാവങ്ങൾ



പട്ടിക 5.8. സ്ഥല ഉപയോഗത്തിന്റെ വ്യത്യാസം

b. **ആംഗ്യങ്ങൾ (Gestures):** നമ്മൾ വസ്തുക്കളെ പല രീതിയിലാണ് ചൂണ്ടിക്കാണിക്കുന്നത്. അത് ചിലപ്പോൾ വിരലുകൾകൊണ്ടോ കണ്ണുകൊണ്ടോ താടികൊണ്ടോ, തലകൊണ്ടോ ഒക്കെയായിരിക്കാം. ചില സമൂഹങ്ങളിൽ തല താഴോട്ടും മേലോട്ടും ചലിപ്പിക്കുന്നത് അതെ എന്നും ഇരു ദിശകളിലേക്ക് ചലിപ്പിക്കുന്നത് അല്ല എന്നും അർഥമാക്കിയാണ്. എന്നാൽ മറ്റു ചില സംസ്കാരങ്ങളിൽ ഇതിന് തികച്ചും വിപരീതാർഥമാണുള്ളത്. എന്തെങ്കിലും കാര്യം പ്രകടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം ബോധ പൂർവം ചലിപ്പിക്കുന്നതിനെയാണ് ആംഗ്യം എന്നതുകൊണ്ട് അർഥമാക്കുന്നത്.

c. **ശരീരനില (Stature):** ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി എങ്ങനെയാണ് നിൽക്കുന്നത് എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. വ്യത്യസ്ത സമൂഹിക, വ്യക്തിഗത സാഹചര്യങ്ങളിൽ നമ്മുടെ ദേഹഭാവം വ്യത്യസ്തമായിരിക്കും. ഒരു വ്യക്തിയുടെ ശരീരനില അയാളുടെ ആത്മവിശ്വാസത്തിന്റെ നില, പ്രവർത്തനത്തിലെ ഉൾച്ചേരലിനുള്ള താൽപ്പര്യം തുടങ്ങി നിരവധി കാര്യങ്ങൾ പ്രകടിപ്പിക്കുന്നു. ഇത് ചിലപ്പോൾ ഒരാളുടെ സാമൂഹികപദവി, കടമ, സാംസ്കാരികവ്യത്യാസം തുടങ്ങിയവയെല്ലാം സൂചിപ്പിക്കും. ചില സംസ്കാരങ്ങളിൽ ചുമൽ താഴ്ത്തി, കഴുത്തു വളച്ച് താഴോട്ടുനോക്കി നടക്കുന്നവരെ വിധേയത്വസ്വഭാവമുള്ള വരായി കണക്കാക്കുന്നു.

D. **തലകുനിക്കൽ (Bowing):** വാചികമല്ലാത്ത ആശയവിനിയത്തിലെ ഒരു പ്രധാന രൂപമാണ് തലകുനിക്കൽ. ജപ്പാനിൽ വ്യക്തികൾ പരിചയപ്പെടുമ്പോൾ ഇങ്ങനെ ചെയ്യുന്നു. ഇത് ആദരവിന്റെ സൂചകമായി കണക്കാക്കപ്പെടുന്നു. ചില സംസ്കാരങ്ങളിൽ കണ്ണുകൾ താഴ്ത്തി തലകുനിക്കുന്നത് വിശ്വാസസൂചകമായി കണക്കാക്കുന്നു.

2. അടുപ്പം (Proxemics)

ആശയവിനിമയം നടത്തുന്ന സമയത്ത് വ്യത്യസ്ത സമൂഹങ്ങളിലെ ജനങ്ങൾ അവർ തമ്മിലുള്ള അകലം സൂക്ഷിക്കുന്നതെങ്ങനെയെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. സാധാരണ നമ്മൾ ഏറ്റവും അടുത്ത ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സമീപത്ത് മാത്രമേ കൂടുതൽ അടുത്തു നിന്ന് സംസാരിക്കുന്നുള്ളൂ.

3. സമയവിനിയോഗപഠനം (Chronemics)

വാചികമല്ലാത്ത ആശയവിനിമയത്തിലെ സമയത്തിന്റെ ഉപയോഗത്തെക്കുറിച്ചുള്ള പഠനമാണ് ഇത്. കൃത്യനിഷ്ഠ, കാത്തിരിക്കാനും ഇടപെടാനുമുള്ള താൽപ്പര്യം എന്നിവ ഇതിലുൾപ്പെടുന്നു. സമയത്തിന്റെ ഉപയോഗത്തെ ജീവിതശൈലി, ദൈനംദിനനടപടികൾ, സംസാരത്തിന്റെ വേഗം, ചലനം കേട്ടിരിക്കുന്ന സമയദൈർഘ്യം എന്നിവയെല്ലാം സ്വാധീനിക്കുന്നു. ഉദാഹരണമായി, ചില കമ്പനികളിൽ അഭിമുഖം നടക്കുമ്പോൾ സംസാരത്തിനിടയിൽ ഇടപെടാൻ മേലധികാരിക്ക് അവകാശമുണ്ട്. എന്നാൽ ഒരു സാധാരണതൊഴിലാളി മേലധികാരിയെ കാണാൻ മുൻകൂട്ടി അനുവാദം ചോദിച്ച് കാത്തിരിക്കേണ്ടിവരും.

4. സ്പർശനം (Haptics)


സ്പർശനത്തിലൂടെയുള്ള ആശയവിനിമയരീതിയാണിത്. സ്പർശനാചാരങ്ങൾ ലോകത്തിൽ വലിയ അളവിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ചില രാജ്യങ്ങളിൽ ആളുകൾ പരസ്പരം കാണുമ്പോൾ ഉപചാരപൂർവം കവിളിൽ ഒരു പ്രാവശ്യം ഉമ്മവയ്ക്കുന്നു. എന്നാൽ മറ്റു ചില രാജ്യങ്ങളിൽ രണ്ടുകവിളിലും ഉമ്മവയ്ക്കുകയാണ് ചെയ്യുന്നത്. സംസാരത്തോടൊപ്പം പരസ്പരം കൈകുലുക്കുന്നതാണ് സാധാരണ നിലനിൽക്കുന്ന ഉപചാരരീതി. സ്പർശനത്തിൽ ഉൾപ്പെട്ട

മറ്റൊരു രീതിയാണ് ആലിംഗനം. സ്പർശനത്തിലൂടെയുള്ള ആശയ വിനിമയ രീതി സംസ്കാരം, ലിംഗം, പ്രായം, വർഗം, ജാതി എന്നിവയ്ക്കനുസരിച്ചു മാറുന്നു.

ചില സമയങ്ങളിൽ മറ്റുള്ളവരുടെ ശ്രദ്ധപിടിച്ചുപറ്റാനായി അവരെ വിളിക്കുന്നതിനു പകരം നമ്മൾ ചില ശബ്ദങ്ങളുണ്ടാക്കാറുണ്ട്. ഭാഷയുടെ രീതിയിലല്ലാതെ, ഇങ്ങനെ ശബ്ദമുണ്ടാക്കുന്നതും നമുക്ക് ആശയവിനിമയത്തിന് സഹായകമാവാറുണ്ട്. ഇത്തരം ആശയവിനിമയരീതികൾ വിശദമായി പരിചയപ്പെടാം.

VII. സഹഭാഷ (Para Language)

ശബ്ദത്തിന്റെ വ്യതിയാനത്തിലൂടെയും ക്രമീകരണത്തിലൂടെയുമുള്ള ആശയവിനിമയ രീതിയാണിത്. ഇവിടെ ശബ്ദത്തെ ഭാഷയുടെ ഒരു ഘടകം എന്ന നിലയ്ക്ക് കണക്കാക്കുന്നില്ല. ഭാഷയിൽ ഉപയോഗിക്കുന്നതു പോലെ ശബ്ദത്തിന്റെ സൂചകങ്ങളൊന്നുംതന്നെ ഉപയോഗിക്കുന്നുമില്ല. സഹഭാഷയിൽ കുലുങ്ങിച്ചിരിക്കുക, അലറുക, കിതയ്ക്കുക, കോട്ടുവായിടുക, ദീർഘനിശ്വാസം തുടങ്ങിയ രൂപങ്ങൾ ഉൾപ്പെടുന്നു. ഒരാൾ 'എന്തു പറയുന്നു' എന്നതിനു പകരം 'എങ്ങനെ പറയുന്നു'എന്നതാണിത് പരിഗണിക്കുന്നത്.



ചിത്രം 5.9 കോട്ടുവായിടലും ദീർഘശ്വാസവും

സഹഭാഷയിൽ ശബ്ദോപയോഗം രണ്ടു തരത്തിലുണ്ട്. ഒന്നാമത്തേത് ശബ്ദഗുണവുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസാരിക്കുന്നയാളുടെ ശബ്ദത്തിന്റെ പശ്ചാത്തലസവിശേഷതകളാണ് ഇതിൽ ഉൾപ്പെടുന്നത്. സ്വരാരോഹണം, ചുണ്ടുകളുടെ നിയന്ത്രണം, താളക്രമനിയന്ത്രണം, ശ്വാസദ്വാരനിയന്ത്രണം, ഗതിവേഗം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ലഹരിവസ്തുക്കൾ ഉപയോഗിച്ച ഒരാളുടെ സംസാരത്തിലെ വ്യതിയാനങ്ങൾ, സാഹചര്യത്തിനനുസരിച്ച് എങ്ങനെ സംസാരം മാറുന്നു എന്നതിന്റെ ഉദാഹരണമാണ്. ഉയർന്ന സ്വരഗതിയിൽ സംസാരിക്കുന്നത് സംസാരിക്കുന്നയാൾ വികാരവിക്ഷോഭത്തിലാണെന്നു സൂചിപ്പിക്കുന്നു. രണ്ടാമത്തേത് വാങ്മയ രൂപങ്ങളാണ് (Vocalisations). ഇത് യഥാർഥമായി മനസ്സിലാകുന്ന ശബ്ദവ്യത്യാസമാണ്. കരച്ചിൽ, ആക്രോശം, മന്ത്രണം, കോട്ടുവായിടൽ, ഞെട്ടൽ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.



ദീർഘനിശ്വാസമെന്നത് വായിലൂടെ ശക്തമായി ശ്വാസം വിടുന്നതാണ്. ഇത് അദ്ഭുതം, നടുക്കം, അറപ്പ് തുടങ്ങിയ വികാരപ്രകടനങ്ങൾക്ക് ഉപയോഗിക്കുന്നു. നെടുവീർപ്പ്, കോട്ടുവാ, ഞരക്കം എന്നിവയും ചില പ്രത്യേക വൈകാരികവും ശാരീരികവുമായ അവസ്ഥകൾ സൂചിപ്പിക്കുന്നു. നെടുവീർപ്പ് ശക്തവും ശ്രവ്യവുമായ രീതിയിൽ വായിലൂടെയോ മൂക്കിലൂടെയോ വായു പുറത്തേക്കു വിടുന്നതാണ്. ആശ്വാസകരമായ ഒരു അവസ്ഥയിലാണ് നെടുവീർപ്പുണ്ടാകുന്നത്.



വ്യത്യസ്ത സംസ്കാരങ്ങളിലുള്ള സഹഭാഷയുടെ ഉപയോഗങ്ങൾ കണ്ടെത്തുകയും റിപ്പോർട്ട് തയാറാക്കുകയും ചെയ്യുക.

മുൻകാലങ്ങളിലെ പല സാംസ്കാരികരീതികളും വളരെയധികം മാറിയിട്ടുണ്ടെന്ന് നമുക്ക് തിരിച്ചറിയാൻ കഴിയും. അവയിൽ ചിലത് പൂർണമായും അപ്രത്യക്ഷമായിട്ടുണ്ട്. ഭാഷകളിൽ അത്തരമൊരു മാറ്റം നിങ്ങൾക്കു കാണാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ മാതൃഭാഷയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ?

മലയാളഭാഷ സംരക്ഷിക്കുന്നതിനായി ധാരാളം പ്രചാരണങ്ങൾ നടക്കുന്നുണ്ട്. മിക്കപ്പോഴും മറ്റു ഭാഷകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതുകൊണ്ടും മാതൃഭാഷയെ അവഗണിച്ചതു കൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. എന്നാൽ ആഗോളവൽകൃതലോകത്തിലെ ഉപ യോഗത്തിനായി, ഒരു ആഗോളഭാഷയ്ക്ക് വേണ്ടിയും ആവശ്യം ഉയരുന്നുണ്ട്. ഒരു നരവംശ ശാസ്ത്ര വിദ്യാർഥിയെന്ന നിലയിൽ, നഷ്ടപ്പെട്ടുപോകുന്ന ഭാഷകൾ സംരക്ഷിക്കുന്നതിനും നമുക്ക് കടപ്പാടുണ്ട്. കാരണം, ഭാഷയിലെ ഏതൊരു മാറ്റവും അതുമായി ബന്ധപ്പെട്ട സംസ്കാരത്തെയും ബാധിക്കുന്നു. ഇങ്ങനെയുള്ള ഭാഷകൾ രേഖപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും അനുഗുണമായ മനോഭാവം വളർത്തേണ്ടതുണ്ട്. ആദ്യകാല അമേരിക്കൻ നരവംശശാസ്ത്ര ജ്ഞനായ ഫ്രാൻസ് ബോസ്, നഷ്ടപ്പെട്ടുപോകുന്ന ഭാഷകളുടെയും സംസ്കാരത്തിന്റെയും രേഖപ്പെടുത്തലിനായി വാദിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന മേഖല യാണ് പുനരുജ്ജീവനനരവംശശാസ്ത്രം (Salvage Anthropology). നഷ്ടപ്പെട്ടുപോകുന്ന ഭാഷക ളെക്കുറിച്ച് ഉൾക്കാഴ്ചയുണ്ടാകാൻ അതിനെക്കുറിച്ചുള്ള കൂടുതൽ അറിവ് സഹായകമാവും.

VIII. ഭാഷയുടെ നഷ്ടവും പുനർജീവനവും (Language loss and Revival)

ലോകമെമ്പാടുമായി ആയിരക്കണക്കിന് ഭാഷകൾ വ്യാപിച്ചിരിക്കുന്നു. എന്നാൽ ഈ ഭാഷകളിൽ പലതും കാലക്രമേണ അപ്രത്യക്ഷമായി. ഒരു സമൂഹം മറ്റൊന്നിനുമേൽ നടത്തുന്ന അധിനി വേശമാണ് ഭാഷാനഷ്ടത്തിന്റെ ഏറ്റവും ശക്തമായ കാരണങ്ങളിലൊന്ന്. 500 വർഷത്തെ യൂറോപ്യൻ കോളനിവൽക്കരണം ഇത്തരത്തിലുള്ളൊരു സാഹചര്യമായിരുന്നു. പലപ്പോഴും, വിദേശരാഷ്ട്രീയനിയന്ത്രണം ഭാഷയുടെ ക്ഷയത്തിലേക്കോ പൂർണമായ നാശത്തിലേക്കോ നയിക്കുന്നു.

ഏതൊരു ഭാഷയുടെയും അന്യംനിന്നുപോകൽ, സാംസ്കാരികവും ചരിത്രപരവും പാരിസ്ഥിതി കവുമായി സവിശേഷ അറിവുകളുടെ തിരിച്ചെടുക്കാൻ പറ്റാത്ത തരത്തിലുള്ള നഷ്ടത്തിലേക്കു നയിക്കുന്നു. ഓരോ ഭാഷയും മനുഷ്യരുടെ ലോകാനുഭവത്തിന്റെ അതുല്യമായ പ്രകടനമാണ്. അതിനാൽ ഏതൊരു ഭാഷയുടെ അറിവും ഭാവിയിലെ മൗലികമായ പല ചോദ്യങ്ങൾക്കുമുള്ള ഉത്തരം നൽകാൻ പ്രാപ്തമായവയാണ്. എപ്പോഴൊക്കെ ഒരു ഭാഷ മരിക്കുന്നുവോ, അപ്പോ ഴൊക്കെ നമുക്ക് മനുഷ്യഭാഷയുടെയും മനുഷ്യപുരാചരിത്രത്തിന്റെയും ലോകത്തിലെ വൈ വിധ്യമാർന്ന ആവാസവ്യവസ്ഥാപരിപാലനത്തിന്റെയും ഘടനയും ധർമവും മനസ്സിലാക്കാ നുതകുന്ന തെളിവുകൾ നഷ്ടമാവുകകൂടിയാണ് ചെയ്യുന്നത്. ഇതിലെല്ലാമുപരി, ഒരു ഭാഷ സംസാ രിക്കുന്ന ജനതയ്ക്ക് അവരുടെ ഭാഷാനഷ്ടം യഥാർഥത്തിലുള്ള വംശീയവും സാംസ്കാരി കവുമായ സ്വത്വത്തിന്റെ നഷ്ടപ്പെടലായാണ് അനുഭവപ്പെടുക.

(ബെർണാഡ് 1992 , ഹെയ്ൽ 1998)


കഴിഞ്ഞ 500 വർഷത്തിനുള്ളിൽ 3500 ഓളം ഭാഷകൾ അന്യംനിന്നുപോയതായി കണക്കാക്കപ്പെടുന്നു. പടിഞ്ഞാറൻ യൂറോപ്പിൽ കാർഷികസാമ്രാജ്യങ്ങളുടെ വ്യാപനം മൂലം നൂറുകണക്കിനു ഭാഷകൾ അപ്രത്യക്ഷമായി. ഈ സാമ്രാജ്യങ്ങളിലെ ഭരണാധികാരികൾ കിഴ്പ്പെടുത്തിയ ജനതയുടെ മേൽ അവരുടെ ഭാഷ അടിച്ചേൽപ്പിച്ചു. റോമാസാമ്രാജ്യത്തിന്റെ വ്യാപനത്തിനിടയിൽ ധാരാളം ആദിവാസിഭാഷകൾ അപ്രത്യക്ഷമായി. അവയ്ക്കു പകരം ലാറ്റിൻ ഭാഷ വ്യാപകമായി. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചപ്പോൾ, തദ്ദേശീയ അമേരിക്കൻ ജനങ്ങൾക്കിടയിൽ രണ്ടായിരത്തിലേറെ ഭാഷകൾ നിലവിലുണ്ടായിരുന്നു. ഈ പ്രദേശത്തേക്ക് നടന്ന സ്പാനിഷ്, ബ്രിട്ടിഷ് കടന്നുകയറ്റം മൂലം മിക്ക പ്രാദേശികഭാഷകളും ഇല്ലാതായി. യുദ്ധം,

പകർച്ചവ്യാധികൾ, നിർബന്ധിതസ്വാംശീകരണം എന്നിങ്ങനെ ഇതിന് പല കാരണങ്ങളുണ്ടാകാം. ഇന്നു സംസാരിക്കുന്ന ഭാഷകൾ 2100 ആകുമ്പോഴേക്കും പകുതിയായി കുറയും എന്ന് നരവംശശാസ്ത്രജ്ഞർ പ്രവചിക്കുന്നു.



ഗ്രൂപ്പുകളായി തിരിഞ്ഞ് നമ്മുടെ പ്രദേശത്തെ വംശീയന്യൂനപക്ഷ സമൂഹങ്ങളുടെ ഭാഷകൾ രേഖപ്പെടുത്താം.

വംശീയന്യൂനപക്ഷ വിഭാഗങ്ങളിൽ ജനിച്ച കുട്ടികൾ സ്കൂളുകളിലും ജോലിസ്ഥലങ്ങളിലുമൊക്കെ അവരുടെ മാതൃഭാഷയല്ല ഉപയോഗിക്കുന്നത്. സങ്കീർണമായ സമൂഹങ്ങളിൽ പൊതുവായി ഉപയോഗിക്കപ്പെടുന്ന ഒരൊറ്റ ഭാഷ പഠിക്കാനും പ്രയോഗിക്കാനുമുള്ള പ്രവണത നിലനിൽക്കുന്നു. വിവരസാങ്കേതികവിദ്യയുടെ വ്യാപനം, ഇന്റർനെറ്റിന്റെ ജനകീയത, സെൽ ഫോണുകളിലെ ചെറുസന്ദേശങ്ങൾ എന്നിവയെല്ലാം ഇംഗ്ലീഷെന്ന ആഗോളമായ ഒരൊറ്റ ഭാഷയുടെ വ്യാപനത്തിനിടയാക്കി. ഇത് വ്യത്യസ്ത വംശീയപശ്ചാത്തലത്തിലുള്ളവർക്ക് പരസ്പരം ആശയവിനിമയം ചെയ്യാൻ സഹായകമായി. എന്നാൽ മറ്റു ഭാഷകൾ നഷ്ടപ്പെടുക എന്ന അപകടത്തിന് കാരണമാവുകയും ചെയ്തു.



അന്യംനിന്നു പോകുന്ന ഭാഷകൾ സംരക്ഷിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇന്റർനെറ്റ് ശരിക്കും ഒരു ശക്തമായ ഉപാധിയാണ്. ഭാഷയും സാംസ്കാരികവൈവിധ്യവും ഉറപ്പുവരുത്തുന്നതിനായി യുനെസ്കോ (UNESCO) ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്റർനെറ്റിൽ ബഹുഭാഷാപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതാണ് അവയിൽ ഒന്ന്. ഡിജിറ്റൽ വിഭജനംകൊണ്ടുള്ള അകൽച്ച കുറയ്ക്കാൻ ഇത് സഹായിച്ചു. യുനെസ്കോയുടെ ഭരണഘടന ഭാഷാവൈവിധ്യത്തിന്റെ പരിപാലനവും നിലനിർത്തലും ഒരു അടിസ്ഥാന പ്രമാണമായി ഉൾക്കൊള്ളുന്നു.

ഭാഷാനരവംശശാസ്ത്രജ്ഞർ, പൊതുഭാഷ ഉപയോഗിക്കുന്നതിനൊപ്പം പ്രാദേശിക ജനങ്ങളെ അവരുടെതന്നെ ഭാഷയും ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ദ്വിഭാഷാപദ്ധതി നിർദേശിക്കുന്നു. ഒരു ഭാഷ സജീവമായി നിലനിൽക്കാൻ ആ ഭാഷയിൽ എഴുതുന്നയാളുകൾ ഉണ്ടാവണം. പ്രാദേശികജനങ്ങൾക്ക് അവരുടെ സ്വന്തം ഭാഷയിൽ എഴുതാൻ പ്രോത്സാഹനം നൽകണം. കംപ്യൂട്ടർ കീബോർഡുകൾ പുനക്രമീകരിച്ചുകൊണ്ട് ഇത്തരം പാഠങ്ങൾ ഉൾപ്പെടുത്താൻ പ്രയത്നിക്കേണ്ടതാണ്.

ഒരൊറ്റ ഭാഷയും അന്യംനിന്നുപോകാതിരിക്കാനും ഓരോ ഭാഷയും വരുംതലമുറയ്ക്കായി നിലനിർത്തുന്നതിനും നമുക്കും ഉത്തരവാദിത്തമുണ്ട്. എന്തുകൊണ്ട് നാം ഭാഷാവൈവിധ്യത്തിനായി നിലകൊള്ളണം എന്നതിന്റെ സാധൂകരണമാണ്, നവാജോ വയോധികന്റെ താഴെ കൊടുക്കുന്ന വാക്കുകൾ:

"നിങ്ങൾ ശ്വസിക്കുന്നില്ലെങ്കിൽ വായു നിലനിൽക്കുന്നില്ല.

നിങ്ങൾ നടക്കുന്നില്ലെങ്കിൽ ഭൂമി നിലനിൽക്കുന്നില്ല.
നിങ്ങൾ സംസാരിക്കുന്നില്ലെങ്കിൽ ലോകം നിലനിൽക്കുന്നില്ല."

പഠനപുരോഗതി വിലയിരുത്താം

1. ഭാഷ, സഹഭാഷ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
2. ആശയവിനിമയത്തിന്റെ വ്യത്യസ്തതരം വാചികമല്ലാത്ത രൂപങ്ങൾ തിരിച്ചറിയുകയും അവയ്ക്ക് സംസ്കാരത്തിനനുസരിച്ചുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കുകയും ചെയ്യുക.
3. അന്യംനിന്നുപോകുന്ന ഭാഷകളുടെ പുനരുജ്ജീവനത്തിന്റെ ആവശ്യം സ്ഥാപിക്കാനുള്ള നിങ്ങളുടെ വാദങ്ങൾ പട്ടികപ്പെടുത്തുക.

സംഗ്രഹം

- നരവംശശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട ശാഖകളിൽ ഒന്നായ ഭാഷാനരവംശശാസ്ത്രം സാമൂഹികജീവിതത്തിന്റെ ഭാഗമായ ഭാഷയെക്കുറിച്ചുള്ള പഠനമാണ്. അത് ഭാഷയെ ഒരു സാംസ്കാരികവിഭവമായും സംസാരത്തെ സാംസ്കാരികപ്രവർത്തനമായും പരിഗണിക്കുന്നു. നരവംശശാസ്ത്രത്തിന്റെ രീതിശാസ്ത്രങ്ങളും സങ്കേതങ്ങളും ഇതിന് ഉപയോഗിക്കുന്നു. ഭാഷയുടെ ഘടന, അതിന്റെ ഉദ്ഭവവും പരിണാമവും, ഭാഷാകുടുംബങ്ങൾ എന്നിവയെല്ലാം ഭാഷാനരവംശശാസ്ത്രത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നു.
- ഭാഷയിലെ കാതലായ പദങ്ങൾ ഓരോ ജനസമൂഹത്തിന്റെയും സംസ്കാരവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഭാഷ വലിയൊരളവിൽ ജനങ്ങളുടെ ചിന്തയെയും അവരുടെ ലോകാവബോധത്തെയും നിർണയിക്കുന്നു. ഭാഷാനിർണയവാദമെന്ന ആശയം എഡ്വേഡ് സപീർ, ബെഞ്ചമിൻ വൂർഫ് എന്നിവരുടെ ഗവേഷണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. അവരുടെ ആശയം സപീർ-വോർഫ് സങ്കൽപ്പനം എന്നറിയപ്പെടുന്നു. ഭാഷ സാമൂഹിക പദവികളും കർത്തവ്യങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഒരു പ്രത്യേകഭാഷ ഉപയോഗിക്കുന്ന ജനങ്ങൾക്കിടയിൽ സാമൂഹികപദവി, ലിംഗം, വർഗം എന്നിവയുടെ അടിസ്ഥാനത്തിൽ അതിന്റെ ഉപയോഗരീതി മാറുന്നതായി കാണാം. സംസ്കാരത്തിന്റെ പ്രതീകങ്ങൾ പങ്കുവയ്ക്കുന്നതിനും സംസ്കാരം തലമുറകളിൽനിന്നു തലമുറകളിലേക്ക് കൈമാറ്റം ചെയ്യുന്നതിനുമുള്ള മാധ്യമമായും ഭാഷ പ്രവർത്തിക്കുന്നു. സംസ്കാരവൽക്കരണം, സംസ്കാരാഗിരണം, സാംസ്കാരികവ്യാപനം തുടങ്ങിയവയെയെല്ലാം ഭാഷ സ്വാധീനിക്കുന്നു.
- മനുഷ്യരുടെ ആശയവിനിമയത്തിന്റെ പ്രധാന പ്രത്യേകതകളിലൊന്നാണ് ഉൽപ്പാദനക്ഷമത. മറ്റു ജീവികളിൽനിന്നു വ്യത്യസ്തമായി മനുഷ്യന് സാഹചര്യങ്ങൾക്കനുസരിച്ച് ആശയവിനിമയരീതിയിൽ വ്യത്യാസം വരുത്താൻ സാധിക്കും. മറ്റൊരു സമയത്തേക്കോ സാഹചര്യത്തിലേക്കോ വാക്കുകൾ മാറ്റി ഉപയോഗിക്കാനും സാധിക്കും. നമുക്ക് ഭാവി- ഭൂതം- വർത്തമാനകാലങ്ങളിലെ സംഭവങ്ങളെക്കുറിച്ചു സംസാരിക്കാൻ കഴിയുമെങ്കിലും മൃഗങ്ങൾക്ക് വർത്തമാനകാലത്തെ കാര്യങ്ങൾ മാത്രമേ വിനിമയം ചെയ്യാൻ സാധിക്കൂ.
- ഭാഷയിൽ ഉപയോഗിക്കുന്ന പ്രതീകങ്ങൾക്ക് സാർവത്രികമായ അർഥങ്ങൾ കാണാൻ കഴിയില്ല. ഓരോ സമൂഹവും പ്രതീകങ്ങൾക്ക് അർഥം കൽപ്പിച്ചു നൽകുകയാണു ചെയ്യുന്നത്. ശാരീരികമായ പല പരിവർത്തനങ്ങളും നമുക്ക് സംസാരിക്കാനുള്ള ശേഷി നേടിത്തന്നു. തലച്ചോറിലും സ്വനാവയവങ്ങളിലുമുണ്ടായ മാറ്റമാണ് മനുഷ്യർക്ക് സംസാരിക്കാൻ സഹായകമായത്.

- ഭാഷയുടെ ഘടകങ്ങളായ സ്വനിമം, രൂപിമം, വാക്യഘടന എന്നിവയെക്കുറിച്ച് വിശദമാക്കുന്ന മേഖലയാണ് ഘടനാത്മകഭാഷാശാസ്ത്രം. ഭാഷയുടെ ചരിത്രപരമായ പരിണാമം, അവ ഒന്നിൽനിന്നു മറ്റൊന്നുമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നിവ ചരിത്രാത്മക ഭാഷാശാസ്ത്രം പരിശോധിക്കുന്നു. ഇത് ഭാഷകളെ അവയുടെ പൈതൃകത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഭാഷാകുടുംബങ്ങളായി തരം തിരിക്കുന്നു.
- നമ്മളെങ്ങനെയാണ് ഭാഷ ആർജിച്ചെടുക്കുന്നത് എന്നും ഭാഷാനരവംശശാസ്ത്രം പരിശോധിക്കുന്നു. അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കി സാർവഭാഷിക വ്യാകരണം എന്ന ആശയം അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യർ ജനിക്കുന്നത് ഏതു ഭാഷയിലെയും വ്യാകരണം സ്വായത്തമാക്കാൻ കഴിയുന്ന വിധം മുൻകൂട്ടി തയാറാക്കപ്പെട്ട തലച്ചോറുമായാണ്.
- ശരീരഭാഷ, മുഖഭാവങ്ങൾ, ആംഗ്യങ്ങൾ, കണ്ണുകളുടെ ബന്ധം എന്നിവ ഭാഷാരഹിത ആശയവിനിമയത്തിൽ ഉൾപ്പെടുന്നു. വാങ്മയരൂപങ്ങളായ കുലുങ്ങിച്ചിരിക്കുക, അലറുക, കിതയ്ക്കുക, കോട്ടുവായിടുക, ദീർഘനിശ്വാസം തുടങ്ങിയവ സഹഭാഷയിലുൾപ്പെടുന്നു.
- നിലവിലുള്ള ഭാഷകൾ രേഖപ്പെടുത്തി വയ്ക്കുകയെന്നതും നഷ്ടപ്പെട്ടുപോയവ തിരിച്ചു പിടിക്കുക എന്നതും കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനാൽ ഭാഷാപരമായ ഘടകങ്ങളിൽ പ്രാവീണ്യമുള്ള നരവംശശാസ്ത്രവിദ്യാർഥികൾക്ക് മനുഷ്യന്റെ ജീവിതരീതിയെയും സംസ്കാരത്തെയും ഒരു പുതിയ കാഴ്ചപ്പാടിൽ ഉൾക്കൊള്ളാൻ കഴിയും.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- ഭാഷാനരവംശശാസ്ത്രവും ഭാഷാശാസ്ത്രവും തമ്മിലുള്ള സവിശേഷതകൾ താരതമ്യം ചെയ്യാനും ഒരു ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മനസ്സിലാനും കഴിയുന്നു.
- ഭാഷ ആർജിക്കാനുള്ള മനുഷ്യരുടെ ശേഷി വിശകലനം ചെയ്യുന്നു. നോം ചോംസ്കിയുടെ സംഭാവനകളെക്കുറിച്ച് അവലോകനം ചെയ്യാനും ഭാഷാഘടനയെക്കുറിച്ച് നിർധാരണം ചെയ്യാനും പഠിക്കുന്നു.
- ഭാഷയുടെ വികാസത്തെക്കുറിച്ച് മനസ്സിലാക്കുന്നു. ഒപ്പം, കാലക്രമത്തിൽ ഭാഷയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് വിശകലനം ചെയ്ത് സാധൂകരിക്കാനാവുന്നു.
- അന്യംനിന്നുപോകുന്ന ഭാഷകൾ പരിരക്ഷിക്കുന്നതിന്റെയും നഷ്ടപ്പെട്ടവ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കുന്നു.
- വാചികമല്ലാത്ത ആശയവിനിമയത്തിന്റെയും സഹഭാഷകളുടെയും സാധ്യത മനസ്സിലാക്കുന്നു. ഒപ്പം, സമകാലികസാമൂഹികസാഹചര്യത്തിലെ ചുമതല വേർതിരിച്ചറിയുന്നു.
- മനുഷ്യന് സംസാരശേഷി വികസിക്കാനിടയായ ശാരീരികരൂപമാറ്റത്തെക്കുറിച്ച് സാധൂകരിക്കാനും മനുഷ്യരുടെ ആശയവിനിമയലോകത്തെക്കുറിച്ച് വിശകലനം ചെയ്യാനും സാധിക്കുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക.

   എ) ബംഗാളി, ഉർദു, ഇംഗ്ലീഷ്, ഹിന്ദി

   ബി) ശരീരഭാഷ, കോട്ടുവായിടൽ, സ്പർശനം, അടുപ്പം

2. ജോടി കണ്ടെത്തുക, ഓരോന്നിനെക്കുറിച്ചും കുറിപ്പ് തയാറാക്കുക.

എ. ഭാഷയും സംസ്കാരവും തമ്മിലുള്ള പരസ്പരസ്വാധീനത്തെക്കുറിച്ചുള്ള പഠനം: ഭാഷാനരവംശശാസ്ത്രം

ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം: .....

ബി. സാഹചര്യം അനുസരിച്ച് ഭാഷ പരിഷ്കരിക്കാനുള്ള കഴിവ്: സൃഷ്ടിപരത

വ്യത്യസ്ത സാഹചര്യങ്ങളിൽ ഭാഷ ഉപയോഗിക്കാനുള്ള കഴിവ്: .....

സി. പുക: തീയുടെ സ്വാഭാവികചിഹ്നം

അക്ഷരമാലയിലെ അക്ഷരങ്ങൾ: ....

ഡി. ഭാഷയിലെ ശബ്ദയൂണിറ്റ്: സ്വനിമം

അർഥപൂർണമായ ശബ്ദസങ്കലനം : .....

ഇ. ഭാഷയിലെ ചിഹ്നങ്ങൾ, പദങ്ങൾ തുടങ്ങിയവയുടെ അർഥത്തെക്കുറിച്ചുള്ള പഠനം : അർഥവിജ്ഞാനം

അർഥപൂർണമായ ശബ്ദയൂണിറ്റുകളെ യോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ: .....

3. താഴെപ്പറയുന്നവയെക്കുറിച്ച് ലഘു ഉപന്യാസങ്ങൾ എഴുതുക.

എ. 'ഒരു സമൂഹത്തിന്റെ ഭാഷ പഠിക്കാതെ അവരുടെ സംസ്കാരത്തെ കുറിച്ചു പഠിക്കുന്നത് നിഷ്ഫലമാണ്'. അഭിപ്രായം വിലയിരുത്തുക, നിങ്ങളുടെ പ്രതികരണം വിശദീകരിക്കുക.

ബി. ഭാഷാനരവംശശാസ്ത്രത്തിൽനിന്നു ഭാഷാശാസ്ത്രം വ്യത്യസ്തമായിരിക്കുന്നത് എങ്ങനെയെന്ന് പരിശോധിക്കുക.

സി. നമ്മെ സംസാരിക്കാൻ പ്രാപ്തരാക്കുന്ന ശരീരഘടനയിലെ വ്യത്യസ്ത രൂപമാറ്റങ്ങൾ വിശകലനം ചെയ്യുക.

ഡി. 'മനുഷ്യചിന്തയുടെ ഒരു പ്രധാന നിർണയനഘടകം ഭാഷയാണ്.' ഈ ആശയവുമായി ബന്ധപ്പെട്ട പണ്ഡിതരെ തിരിച്ചറിയുകയും അവരുടെ നിർദേശങ്ങൾ പരിശോധിക്കുകയും ചെയ്യുക.

ഇ. ഭാഷാഭേദങ്ങൾ എങ്ങനെയാണ് സാംസ്കാരികവ്യതിയാനങ്ങളെ പ്രതിഫലിപ്പിക്കുന്നത് എന്ന് നിങ്ങളുടെ നിരീക്ഷണങ്ങൾ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

എഫ്. ചരിത്രാത്മക ഭാഷാശാസ്ത്രത്തിന്റെ സാധ്യതയും പ്രാധാന്യവും പരിശോധിക്കുക.

ജി. ഭാഷയുടെ 'സാർവത്രികവ്യാകരണം' എന്ന സങ്കൽപ്പവുമായി ബന്ധപ്പെട്ട പണ്ഡിതനെ തിരിച്ചറിയുകയും ഈ ആശയത്തിന്റെ കാതലായ ഭാഗം പരിശോധിക്കുകയും ചെയ്യുക.

4. താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ട് പ്രബന്ധം തയാറാക്കുക.

എ. പഠനമേഖലയുടെ വ്യാപ്തി, രീതിശാസ്ത്രങ്ങൾ, ഭാഷയുടെ പുനരുജ്ജീവനത്തിലെ പ്രയോഗസാധ്യത എന്നിവ വിശകലനം ചെയ്തുകൊണ്ട് ഭാഷാനരവംശശാസ്ത്ര പഠനത്തിന്റെ പ്രസക്തിയെക്കുറിച്ച് സെമിനാർ പ്രബന്ധം തയാറാക്കുക.

I5Z2H3

യൂണിറ്റ്
6

വിവാഹം, കുടുംബം, ബന്ധുത്വം

ഉള്ളടക്കം

I. വിവാഹം
- നിർവചനം
- വിവാഹരീതികൾ
- ധർമങ്ങൾ
- ഉൽപ്പത്തിയും പരിണാമവും
- സാർവത്രികത
- സാർവത്രികനിർവചനം
- വിവാഹനിയമങ്ങൾ
- പങ്കാളികളെ തിരഞ്ഞെടുക്കാനുള്ള വഴികൾ
- വിവാഹാനുബന്ധ സാമ്പത്തിക ഇടപാടുകൾ

II. കുടുംബം
- നിർവചനം
- വിവിധതരം കുടുംബങ്ങൾ
- ധർമങ്ങൾ
- സാർവത്രികത
- സാർവത്രികനിർവചനം

III. വംശപാരമ്പര്യം
- അധികാരനിയമങ്ങൾ
- ബന്ധുഗണങ്ങൾ

IV. ബന്ധുത്വം
- വിവിധതരം ബന്ധുത്വങ്ങൾ
- ബന്ധുത്വചിഹ്നങ്ങളും ചുരുക്കരൂപങ്ങളും
- വാസസ്ഥലനിയമങ്ങൾ
- ബന്ധുത്വവ്യാപ്തി
- ബന്ധുത്വപദങ്ങൾ
- ബന്ധുത്വപെരുമാറ്റങ്ങൾ

ആമുഖം

സാംസ്കാരിക നരവംശശാസ്ത്രം പഠനവിധേയമാക്കുന്നത് സാമ്പത്തികവ്യവസ്ഥ, രാഷ്ട്രീയ വ്യവസ്ഥ, മതപരമായ ഘടകങ്ങൾ, കുടുംബം തുടങ്ങിയ ഘടനകൾ, സാമൂഹികസ്ഥാപനങ്ങൾ അവയുടെ ധർമം എന്നിവയാണ്. ഇവയിൽ ഏറ്റവും ചെറുതും അടിസ്ഥാനപരവുമായ സമൂഹഘടകം കുടുംബമാണ്. ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ വിവിധ തരത്തിലുള്ള ബന്ധങ്ങൾ നിലനിൽക്കുന്നു, വൈവാഹികബന്ധങ്ങളോ രക്തബന്ധങ്ങളോ ആയിരിക്കും ഇവയുടെ അടിസ്ഥാനം. കുടുംബം പോലെയുള്ള ഒരു സമൂഹഘടകത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത് വിവാഹമാണ്.

രാജസ്ഥാനിലെ ഭീൽ എന്ന ആദിവാസി വിഭാഗക്കാരുടെ വിവാഹാചാരത്തിൽ, യുവതികളും യുവാക്കളും ഹോളി ആഘോഷദിനത്തിൽ ശർക്കരയും തേങ്ങയും കെട്ടിയൊരുക്കിയ ഒരു മരത്തിനോ മരക്കാലിനോ ചുറ്റും രണ്ടു വലയങ്ങളായി നൃത്തം ചെയ്യുന്നു. അകംവലയത്തിൽ യുവതികളും പുറംവലയത്തിൽ യുവാക്കളുമാണ് നൃത്തം ചെയ്യുക. പുറംവലയത്തിൽനിന്നുള്ള യുവാവ് ഉൾവലയം ഭേദിച്ച് മരത്തിലുള്ള ശർക്കര കഴിക്കുകയും തേങ്ങ ഉടയ്ക്കുകയും ചെയ്യുന്നു. നൃത്തം ചെയ്യുന്ന യുവതികൾ യുവാവിനെ വലിച്ചും ചൂലുകൊണ്ടടിച്ചും വസ്ത്രങ്ങളും മുടിയും പിടിച്ചുപറിച്ചും അയാളുടെ ഈ ശ്രമങ്ങളെ പ്രതിരോധിക്കുന്നു.

ഇതിനെ മറികടന്ന് തന്റെ ഉദ്യമത്തിൽ വിജയിക്കുന്ന യുവാവിന്, നർത്തകിമാരിൽ നിന്ന് ഒരാളെ പങ്കാളിയായി തിരഞ്ഞെടുത്ത് കൊണ്ടുപോകാനുള്ള അവകാശം ലഭിക്കുന്നു.

രാജസ്ഥാനിലെ ഭീൽ സമൂഹത്തിനിടയിൽ ഇണയെ കണ്ടെത്തുന്ന ഒരു രീതിയാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജനസമൂഹങ്ങൾക്കിടയിൽ ഇത്തരത്തിലുള്ള പല രീതികളും നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽത്തന്നെ വിവിധ ജാതികളും സമുദായങ്ങളും വ്യത്യസ്ത ആചാരങ്ങൾ അനുഷ്ഠിച്ചിരുന്നു, കേരളത്തിലെ നമ്പൂതിരിമാരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന 'വേളി' സമ്പ്രദായം (ബ്രാഹ്മണരുടെ കൂട്ടത്തിലെ മൂത്ത മകൻ ബ്രാഹ്മണസ്ത്രീയെ വിവാഹം ചെയ്യുന്ന രീതി), നായർ-നമ്പൂതിരി 'സംബന്ധം' (ബ്രാഹ്മണപുരുഷനും നായർസ്ത്രീയും തമ്മിലുള്ള വിവാഹം), 'താലികെട്ടുകല്യാണം' (നായർസമുദായത്തിനിടയിൽ പണ്ടു നിലനിന്നിരുന്ന, അമ്മയുടെ സഹോദരൻ മരുമകൾക്ക് താലികെട്ടുന്ന ആചാരപരമായ ചടങ്ങ്), 'പാണ്ഡവാചാരം' (കേരളത്തിലെ ചില ജാതിവിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്ന, ഒരു സ്ത്രീ രണ്ടിൽക്കൂടുതൽ സഹോദരൻമാരെ വിവാഹം ചെയ്യുന്ന സമ്പ്രദായം) തുടങ്ങിയവയെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. വിവാഹത്തെക്കുറിച്ചുള്ള ആശയവും വിശ്വാസങ്ങളും വിവിധ സംസ്കാരങ്ങൾക്കിടയിൽ വ്യത്യസ്തമാണ്. അതുപോലെ വിവാഹശേഷം ദമ്പതിമാരുടെ താമസസ്ഥലത്തെക്കുറിച്ചുള്ള നിയമങ്ങളിലും വ്യത്യസ്ത സമൂഹങ്ങൾക്കിടയിലും സമുദായങ്ങൾക്കിടയിലും പ്രാദേശികഭേദങ്ങളുണ്ട്. ഉദാഹരണത്തിന്, കേരളത്തിലെ മുസ്ലിംകൾക്കിടയിൽ വിവാഹശേഷം ദമ്പതികൾ ചിലയിടങ്ങളിൽ ഭർത്താവിന്റെ കുടുംബത്തോടൊപ്പവും മറ്റു ചിലയിടങ്ങളിൽ ഭാര്യയുടെ കുടുംബത്തോടൊപ്പവും താമസിക്കും. സാംസ്കാരികശുദ്ധി പോലുള്ള വിവാഹസംബന്ധമായ ആചാരങ്ങളുമായി ബന്ധപ്പെട്ട കടുത്ത നിയന്ത്രണങ്ങൾ ചിലപ്പോൾ അക്രമങ്ങളിലേക്കും എത്താറുണ്ട് വിവാഹമാനദണ്ഡങ്ങൾ ലംഘിക്കുന്നത് സ്വന്തം ബന്ധുക്കളെ ഇല്ലാതാക്കുന്നതിലേക്കു നയിക്കുന്നതു പോലുള്ള ആക്രമണങ്ങൾക്ക് കാരണമാവാറുണ്ട്. സജാതീയവിവാഹം, ഗ്രാമത്തിനു പുറത്തുനിന്നുള്ള വിവാഹം എന്നിങ്ങനെയുള്ള നിബന്ധനകൾ ലംഘിക്കപ്പെടുമ്പോൾ നിരവധി 'ദുരഭിമാനഹത്യകൾ' ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽനിന്നു റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ചില മതവിഭാഗക്കാരുടെ ഇടയിൽ ജാതിയോ ഗോത്രമോ മാറി വിവാഹം ചെയ്യുന്നത് ഇപ്പോഴും പാപമായോ നിഷിദ്ധമായോ പരിഗണിക്കപ്പെടുന്നു. ഇത്തരം വിവാഹങ്ങളിൽ ഏർപ്പെടുന്നത് സമുദായഭ്രഷ്ട് കൽപ്പിക്കുന്നതിലേക്കോ കൊലപാതകത്തിലേക്കോ നയിക്കുന്നു. ചില സാഹചര്യങ്ങളിൽ ഇത് കലാപങ്ങൾക്കും സാമുദായിക അസ്വസ്ഥതകൾക്കും കാരണമായേക്കാം. ഇതെല്ലാം കാണിക്കുന്നത് വിവാഹം ഒരു ലളിതമായ പ്രക്രിയ അല്ല , പങ്കാളികളെ കണ്ടെത്തൽ, നിയമങ്ങളും ചിട്ടകളും പാലിക്കൽ, വാസസ്ഥലക്രമീകരണം എന്നിവയൊക്കെ ഉൾപ്പെടുന്ന സങ്കീർണമായ പ്രക്രിയയാണ് എന്നാണ്. എന്നിരുന്നാലും ഒരു സാമൂഹികസ്ഥാപനം എന്ന നിലയിൽ എല്ലാ സമൂഹങ്ങളിലും വിവാഹം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നിലനിൽക്കുന്നു. അതുകൊണ്ട് വിവാഹം ഒരു സാർവത്രിക സാംസ്കാരിക പ്രതിഭാസമാണ്. താഴെപ്പറയുന്നവയെക്കുറിച്ച് അറിയുന്നത് താൽപ്പര്യജനകമല്ലേ?

- എങ്ങനെയാണ് വിവാഹം ഇന്നത്തെ അവസ്ഥയിലേക്കു പരിണമിച്ചത്?
- വിവാഹം എന്തിനുവേണ്ടിയാണ്?
- പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്?

1. വിവാഹം (Marriage)

പൊതുവെ ഒരു സ്ഥാപനമെന്ന നിലയിൽ വിവാഹം മനുഷ്യരുടെ ലൈംഗികബന്ധത്തെ നിയന്ത്രിക്കുന്നതിനുള്ള ഉപാധിയാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഒന്നിക്കലിന് സാംസ്കാരിക അംഗീകാരവും സാമൂഹികാനുമതിയും നൽകുന്ന പ്രക്രിയയാണ് വിവാഹം.

ഏറ്റവും ലളിതമായ സമൂഹങ്ങളിൽ മുതൽ സങ്കീർണമായ ഘടനയുള്ള സമൂഹങ്ങളിൽ വരെ വിവാഹം എന്ന സാമൂഹികസ്ഥാപനം നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. എന്നിരുന്നാലും, ഇതിന്റെ രൂപത്തിലും സ്വഭാവത്തിലും സംസ്കാരങ്ങൾക്കിടയിൽ വ്യത്യാസങ്ങൾ നിലനിൽക്കുന്നു. വിവാഹത്തെ സംബന്ധിച്ചുള്ള വിവിധ നിർവചനങ്ങൾ ഈ വ്യത്യാസങ്ങൾ വെളിപ്പെടുത്തുന്നു. അതുകൊണ്ട്, വിവാഹത്തെക്കുറിച്ച് സമഗ്രമായ ധാരണ ലഭിക്കുന്നതിന് വ്യത്യസ്ത നിർവചനങ്ങൾ നാം പരിശോധിക്കേണ്ടതുണ്ട്.



പിതൃസ്ഥാനീയവാസം

ഹിന്ദുക്കുഷ് ഹിമാലയൻ മേഖലയിലെ കുന്നിൻ പ്രദേശങ്ങളിലെ സമൂഹങ്ങളിൽ പുരുഷമേധാവിത്വം പ്രകടമാണ്. ഇവിടെ പ്രധാന വാസസ്ഥലരീതി പിതൃസ്ഥാനീയവാസമാണ്. വിവാഹശേഷം ദമ്പതികൾ നിർബന്ധമായും ഭർത്താവിന്റെ ബന്ധുക്കളോടൊന്നിച്ച് താമസിക്കണം.

വിവാഹം -നിർവചനങ്ങൾ (Definitions of Marriage)

- 'ഒരുമിച്ചുള്ള താമസം, സാമ്പത്തികസഹകരണം, അണുകുടുംബരൂപീകരണം എന്നിവ ഉൾക്കൊള്ളുന്ന സാർവത്രികമായ സ്ഥാപനം, **ജി. പി. മർഡോക്ക്**-അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ)
- 'ഒരു സ്ത്രീയും ഒന്നോ അതിലധികമോ മറ്റു വ്യക്തികളും തമ്മിലുള്ള ബന്ധത്തിൽ ജനിക്കുന്ന കുട്ടിക്ക് മറ്റു തരത്തിലുള്ള നിയമങ്ങൾ തടസ്സമാവുന്നില്ലെങ്കിൽ സാമൂഹിക ഘടനയിലെ സാധാരണ അംഗങ്ങൾക്കു ലഭിക്കുന്ന പൂർണ അധികാരങ്ങളും അവകാശങ്ങളും ലഭിക്കുന്ന ബന്ധമാണ് വിവാഹം. (**കാതലിൻ ഗഫ്** - ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞ)
- 'ഒന്നോ അതിലധികമോ പുരുഷൻമാർ ഒന്നോ അതിലധികമോ സ്ത്രീകളുമായി ആചാരം, നിയമം എന്നിവയുടെ അംഗീകാരത്തോടെ ബന്ധപ്പെടുകയും അതിൽ ഏർപ്പെടുന്ന ഇരുകൂട്ടർക്കും, അവർക്കുണ്ടാകുന്ന കുട്ടികൾക്കും ചില അവകാശങ്ങളും കടമകളും ലഭിക്കുകയും ചെയ്യുന്ന ബന്ധം' (**വെസ്റ്റർമാർക്ക്** - ഫിന്നിഷ് നരവംശശാസ്ത്രജ്ഞൻ)
- 'വിവാഹം ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള കൂടിച്ചേരലാണ്, അതിൽ സ്ത്രീക്ക് ജനിക്കുന്ന കുട്ടികൾ ഇരുരക്ഷിതാക്കളുടെയും നിയമപരമായ കുട്ടികളായിരിക്കുകയും ചെയ്യും' (**നോട്സ് ആൻഡ് ക്വറീസ് ഇൻ ആന്ത്രോപോളജി**; 1951)

  മേൽപ്പറഞ്ഞ നിർവചനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ വിവാഹത്തെ സംബന്ധിച്ച ചില സവിശേഷതകൾ വെളിപ്പെടും.

വിവാഹത്തിന്റെ സവിശേഷതകൾ (Features of Marriage)

- വിവാഹം ഒരു സാർവത്രികമായ സ്ഥാപനമാണ്.
- ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നു.
- സാമ്പത്തികസഹകരണം ഉറപ്പുവരുത്തുന്നു.
- കുടുംബത്തിന്റെ ദൈനംദിനജീവിതത്തിൽ സഹകരണം ഉറപ്പുവരുത്തുന്നു.

ഈ നിർവചനങ്ങൾ അപഗ്രഥിച്ച്, വിവാഹത്തെ സംബന്ധിച്ച മറ്റു സവിശേഷതകൾ കൂടി കണ്ടെത്തി ഒരു നിർവചനം രൂപീകരിക്കുക.




ഒരു രാജ്യത്തിനുള്ളിലോ സംസ്കാരത്തിനുള്ളിലോ ഒരു സമുദായത്തിനുള്ളിലോ ലോകത്തിന്റെ വിവിധ ഭൂമേഖലകളിലുള്ള ഒരേ വിഭാഗങ്ങൾക്കുള്ളിൽ പോലുമോ വിവാഹം വ്യത്യാസമുള്ളതാണ്. വ്യത്യസ്ത സമൂഹങ്ങൾക്ക് അവയുടെ വിശ്വാസങ്ങളുടെയും മറ്റു സാംസ്കാരികാചാരങ്ങളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്ത വിവാഹരീതികളുണ്ട്.

മോണോ (ഏക)	+ ഗമി (വിവാഹം)	= മോണോഗമി
പോളി (ബഹു)	+ ഗമി (വിവാഹം)	= പോളിഗമി

വിവാഹരീതികൾ (Forms of Marriage)

സാധാരണയായി പ്രധാനമായും രണ്ടുതരം വിവാഹസമ്പ്രദായങ്ങളാണ് ലോകത്തിൽ ആകമാനം കണ്ടുവരുന്നത്. ഒന്ന് ഏകവിവാഹവും (Monogamy) രണ്ടാമത്തേത് ബഹുവിവാഹവും (Polygamy). ഇവിടെ വിവാഹരീതി അതിലെ പങ്കാളികളുടെ എണ്ണവുമായി ബന്ധപ്പെട്ടിരിക്കുന്നു. നൽകിയിരിക്കുന്ന ചാർട്ടിൽ വിവാഹങ്ങളുടെ വിവിധ വിഭാഗങ്ങളും ഉപവിഭാഗങ്ങളും നൽകിയിരിക്കുന്നു. ഓരോ ഉപവിഭാഗത്തെക്കുറിച്ചും നമുക്ക് വിശദമായി ചർച്ചചെയ്യാം.



ഏകവിവാഹം (Monogamy)

ഒരു വ്യക്തിക്ക് ഒരു സമയം ഒരു ജീവിതപങ്കാളി മാത്ര മുള്ള വിവാഹമാണ് ഏകവിവാഹം. ഇതിന് രണ്ട് ഉപവിഭാഗങ്ങളുണ്ട്, അനുക്രമ ഏകവിവാഹവും (Serial Monogamy) അനനുക്രമ ഏകവിവാഹവും (Non-serial monogamy).



ചിത്രം. 6.1 ബഹുഭാര്യത്വം

എ അനുക്രമ ഏകവിവാഹം
(Serial Monogamy)

ഒരു വ്യക്തിക്ക് തുടർച്ചയായി പല പങ്കാളികൾ ഉണ്ടാകുന്ന ഏകവിവാഹമാണ് അനുക്രമ ഏക വിവാഹം. ഉദാഹരണത്തിന്, മലേഷ്യയിലെ മലായ് കാടുകളിലെ സെമാങ് വർഗക്കാർക്ക് ഒരു സമയം ഒരു പങ്കാളി മാത്രമേ ഉണ്ടാവുകയുള്ളൂ. ഭാര്യയുടെ വിവാഹമോചനമോ മരണമോ കാരണം സെമാങ്ങുകൾ വീണ്ടും വീണ്ടും വിവാഹം കഴിക്കുകയും ഏകവിവാഹം പിന്തുടരുകയും ചെയ്യുന്നു.

ബി അനനുക്രമ ഏകവിവാഹം
(Non-serial Monogamy)

ഒരു വ്യക്തിക്ക് ജീവിതകാലം മുഴുവൻ ഒരേ ഒരു ജീവിതപങ്കാളി മാത്രമുള്ള തരം ഏക വിവാഹം.

ബഹുവിവാഹം (Polygamy)

ഒരു വ്യക്തിക്ക് ഒന്നിലധികം പങ്കാളികളുള്ള വിവാഹ രീതിയാണ് ബഹുവിവാഹം. ബഹുവിവാഹത്തിന് മൂന്ന് ഉപവിഭാഗങ്ങളുണ്ട്; ബഹുഭാര്യത്വം (Polygyny), ബഹുഭർത്തൃത്വം (Polyandry), ബഹുഭാര്യാഭർത്തൃത്വം (Polygynandry).

a) **ബഹുഭാര്യത്വം (Polygyny)** എന്നത് ബഹു വിവാഹത്തിന്റെ ഒരു ഉപവിഭാഗമാണ്. ഇതിൽ ഒരു പുരുഷന് ഒന്നിൽ കൂടുതൽ ജീവിത പങ്കാളികളുണ്ടാവും. നാഗ, ബൈഗ, ഗോണ്ട് എന്നീ ഗോത്രവിഭാഗക്കാർ ബഹുഭാര്യത്വം അനുഷ്ഠിക്കുന്നവരാണ്. ഇത് സഹോദരീ ബഹുഭാര്യത്വം എന്നും സഹോദരീതര ബഹു ഭാര്യത്വം എന്നിങ്ങനെ രണ്ടു തരത്തിലുണ്ട്.

സഹോദരീബഹുഭാര്യത്വം (Sororal Polygyny): ഒന്നിൽ കൂടുതൽ സഹോദരിമാർ ഒരാളുടെ ജീവിതപങ്കാളിയായിത്തീരുന്ന രീതി. കേരളത്തിലെ കാണിക്കാർ, ഊരാളി എന്നീ വിഭാഗങ്ങളും ആന്ത മാൻ ദ്വീപുകളിലെ ചില വിഭാഗക്കാരും ഈ രീതി പിന്തുടർന്നിരുന്നു.



എന്തുകൊണ്ട് ബഹുഭാര്യത്വം?

ദക്ഷിണ പസഫിക്കിലെ 'സിവായി' സമൂഹങ്ങളിൽ വിരുന്നു നൽകിക്കൊണ്ടാണ് പദവി നേടിയെടുക്കുന്നത്. വിരുന്നിന് പന്നിയിറച്ചിയാണ് പ്രധാന വിഭവം. അതിനാൽ ഈ വിഭാഗക്കാർ ധാരാളമായി പന്നി വളർത്തുന്നു. പന്നികൾക്കാവശ്യമായ ഭക്ഷണം എത്തിക്കുക സാധാരണയായി സ്ത്രീകളാണ്. അതിനാൽ ഓരോ പുരുഷനും ധാരാളം ഭാര്യമാരെ ആഗ്രഹിക്കുന്നു. ഭാര്യമാരുടെ എണ്ണം കൂടുന്നത് 'സിവായി' പുരുഷന്മാരുടെ പദവി ഉയർത്തുന്നില്ലെങ്കിലും ബഹുഭാര്യത്വത്തിലൂടെ പന്നി വളർത്തൽ വിപുലമാക്കുകയും അതു വഴി സാമൂഹികപദവി ഉയരുകയും ചെയ്യുന്നു.

സ്രോതസ്സ് : എമ്പർ ആന്റ് എമ്പർ, പേജ് 355



മെൽവിൽ ഗോൾഡ് സ്റ്റെയിൽ സഹോദര ബഹുഭർതൃത്വം പിന്തുടരുന്ന ടിബറ്റൻ വിഭാഗത്തെക്കുറിച്ച് പഠിക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 12000 അടി ഉയരത്തിലുള്ള നേപ്പാളിലെ ന്യൂകോർണറിലാണവർ അധിവസിക്കുന്നത്. കൃഷിഭൂമി വളരെ കുറവാണ്. ഓരോ കുടുംബത്തിനും ഒരേക്കറിൽ താഴെ മാത്രമേ ഭൂമിയുള്ളൂ. അവരുടെ കുടുംബസ്വത്തും മൃഗങ്ങളും ഭാഗം വച്ചു പോവാതിരിക്കാനാണ് അവർ സഹോദരഭർതൃത്വം സ്വീകരിക്കുന്നത്. ഓരോരോ ഭാര്യമാരെ സ്വീകരിച്ച് ഭൂമി പങ്കുവയ്ക്കുന്നതിനു പകരം അവർ ഭാര്യയെ പങ്കുവച്ച് ഭൂമി നിലനിർത്തുന്നു. ഇങ്ങനെ ബഹുഭർതൃത്വം വഴി, ഭക്ഷണം .... ആളുകളുടെ എണ്ണം കുറയ്ക്കുകയും ജീവിതനിലവാരം ഉയർത്തുകയും ചെയ്യുന്നു.

സ്രോതസ്സ്: എമ്പർ ആന്റ് എമ്പർ,
പേജ് 357

സഹോദരീതര ബഹുഭാര്യത്വം (Non-sororal polygyny): ഇത്തരം ബഹുഭാര്യത്വത്തിൽ ഒരാളുടെ ഒന്നിൽക്കൂടുതലുള്ള പങ്കാളികൾ സഹോദരിമാരല്ലാത്ത രീതി

b) **ബഹുഭർത്തൃത്വം (Polyandry)** : ബഹുവിവാഹത്തിന്റെ ഈ ഉപവിഭാഗത്തിൽ ഒരു സ്ത്രീക്ക് ഒന്നിൽക്കൂടുതൽ ഭർത്താക്കൻമാർ ഉണ്ടാവുന്നു. സ്ത്രീകളുടെ എണ്ണത്തിലുണ്ടാവുന്ന കുറവാണ്

ബഹുഭർത്തൃത്വത്തിനു കാരണം എന്ന് വിശദീകരിക്കപ്പെടുന്നു. ബഹുഭർത്തൃത്വത്തിന് സഹോദര ബഹുഭർത്തൃത്വം (Fraternal polyandry or Adelphic polyandry) എന്നും സഹോദരേതരബഹുഭർത്തൃത്വം (Non-fraternal Polyandry or Non-adelphic polyandry) എന്നും രണ്ട് ഉപവിഭാഗങ്ങളുണ്ട്.

സഹോദരബഹുഭർത്തൃത്വം (Fraternal polyandry or Adelphic polyandry) എന്നത് ഒരു സ്ത്രീയുടെ ഒന്നിൽക്കൂടുതലുള്ള ഭർത്താക്കൻമാരെല്ലാം സഹോദരൻമാരായിരിക്കുന്ന വിവാഹരീതിയാണ്.

സഹോദരേതരബഹുഭർത്തൃത്വം (Non-fraternal Polyandry or Non-adelphic polyandry): ഇതിൽ ഒന്നിൽക്കൂടുതലുള്ള ഭർത്താക്കൻമാർ സഹോദരന്മാരാവണം എന്നില്ല. നീലഗിരിയിലെ തോഡാ വിഭാഗക്കാരും ഉത്തർപ്രദേശിലെ ഘാസാ വിഭാഗക്കാരും ഒരുകാലത്ത് സഹോദരബഹുഭർത്തൃത്വവും സഹോദരേതര ബഹുഭർത്തൃത്വവും അനുവർത്തിച്ചിരുന്നു.

ബഹുഭാര്യാഭർത്തൃത്വം (Polygynandry): ബഹുവിവാഹത്തിന്റെ മറ്റൊരു ഉപവിഭാഗമാണ് ബഹുഭാര്യാഭർത്തൃത്വം. ഒരേ സമയത്ത് ഒരു പുരുഷന് ഒന്നിൽക്കൂടുതൽ ഭാര്യമാരും ഒരു സ്ത്രീക്ക് ഒന്നിൽക്കൂടുതൽ ഭർത്താക്കൻമാരുമുള്ള രീതിയാണിത്. ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും ഒരേ സമയം നിലനിൽക്കുന്ന രീതിയാണ് ഇത്. ദാരിദ്ര്യം, പേരും പദവിയും, അധികാരം, വിഭവപരിമിതി തുടങ്ങിയവയാണ് ഇത്തരം വിവിധ വിവാഹരീതികൾ ആവിർഭവിക്കാൻ കാരണം.

മറ്റു വിവാഹരീതികൾ (Other forms of Marriage)

സമൂഹവിവാഹം (Group marriage), ഫിക്റ്റീവ് വിവാഹം എന്നിങ്ങനെ വിവാഹങ്ങൾക്ക് മറ്റു രീതികളുമുണ്ട്.

സമൂഹവിവാഹം (Group marriage): ഒരു കുടുംബത്തിലെ എല്ലാ സഹോദരീസഹോദരൻമാരും മറ്റൊരു കുടുംബത്തിലെ സഹോദരീസഹോദരൻമാരെ വിവാഹം ചെയ്യുന്ന രീതിയാണ് ഇത്. ചില പണ്ഡിതർ ഇത്തരം വിവാഹം ബഹുഭാര്യാഭർത്തൃത്വത്തിന്റെ മറ്റൊരു രീതിയാണെന്ന് അഭിപ്രായപ്പെടുന്നു. ഉത്തര അലാസ്കയിലെ എസ്കിമോകളുടെ വിവാഹം ഇതിനുദാഹരണമാണ്.

കൽപ്പിത വിവാഹം (Fictive marriage): നേരിട്ട് സ്ഥലത്തില്ലാത്ത ആൾക്കു പകരം ചില പ്രതീകങ്ങൾ ഉപയോഗിച്ച് നടത്തുന്ന വിവാഹരീതിയാണിത്. ദക്ഷിണാഫ്രിക്കയിലെ ന്യൂയർ (Nuer) വിഭാഗക്കാർക്കിടയിൽ നടക്കുന്ന പ്രേതവിവാഹം (Ghost marriage) ഇതിന് ഉദാഹരണമാണ്. ഈ വിവാഹത്തിൽ ഒരു സ്ത്രീ വിവാഹം ചെയ്യുന്നത് മരിച്ച ആളുടെ സഹോദരനെയാണ്.

സഹോദരൻ മരിച്ച ആൾക്ക് പകരക്കാരനായി സ്ത്രീയെ വിവാഹം ചെയ്യുന്നു. ഈ ബന്ധത്തിൽ ജനിക്കുന്ന കുട്ടികളാവട്ടെ, മരിച്ച ആളുടെ ആത്മാവിന്റെ നിയമപ്രകാരമുള്ള സന്താനങ്ങളായി പരിഗണിക്കപ്പെടുന്നു.

വിവാഹങ്ങളിലെ വൈവിധ്യത്തെക്കുറിച്ച് ഒരു പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കാം.



പഠനപുരോഗതി വിലയിരുത്താം.

1. വിവാഹത്തിന്റെ ഉൽപ്പത്തിയും പരിണാമവും കണ്ടെത്തുക.
2. പൂരിപ്പിക്കുക.

   സമൂഹവിവാഹം (Group Marriage): എസ്കിമോസ്, ഫിക്റ്റീവ് വിവാഹം (Fictive Marriage): .....
3. വ്യത്യാസം എഴുതുക.
   - ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും (Polygyny and Polyandry)
   - സഹോദരീബഹുഭാര്യത്വവും സഹോദരീതരബഹുഭാര്യത്വവും (Sororal and non sororal polygyny)
   - സഹോദരബഹുഭർത്തൃത്വവും സഹോദരേതരബഹുഭർത്തൃത്വവും (Fraternal and non fraternal polyandry)
   - അനുക്രമ ഏകവിവാഹവും അനനുക്രമ ഏകവിവാഹവും (Serial and non-serial monogamy)
4. ഏകപങ്കാളി (Single spouse) : ഏകവിവാഹം (Monogamy)
   ഒന്നിലധികം പങ്കാളികൾ (Multiple spouses): .....
   ചുക്ചികളുടെയും എസ്കിമോകളുടെയും വിശ്വാസങ്ങളെക്കുറിച്ച് ബോക്സിൽ നൽകിയിരിക്കുന്നത് വായിക്കുക. ഇത്തരത്തിൽ പിതൃവഴിക്രമവും പിതൃദായാധികാരവും ഉള്ള (Ptarilineal and ptariarchal societies) വ്യത്യസ്ത സംസ്കാരങ്ങളിൽ ആൺ -പെൺ വൈവാഹികബന്ധത്തെക്കുറിച്ച് തനതു വിശ്വാസങ്ങൾ നിലനിന്നിരുന്നു.

എന്തിനു വിവാഹം കഴിക്കണം? വിവാഹത്തിനു ചില ധർമങ്ങൾ നിറവേറ്റാനുണ്ട്. വിവാഹം വഴി നിറവേറ്റപ്പെടുന്ന ധർമങ്ങൾ എന്തൊക്കെയാണ്?
നമുക്ക് പരിശോധിക്കാം.

വിവാഹത്തിന്റെ ധർമങ്ങൾ (Functions of marriage)

വിവാഹത്തിന്റെ ചില സുപ്രധാന ധർമങ്ങൾ താഴെ നൽകിയിരിക്കുന്നു.

- ജൈവധർമങ്ങൾ
- സാമ്പത്തികധർമങ്ങൾ
- സാമൂഹികധർമങ്ങൾ

ജൈവധർമങ്ങൾ (Biological functions)

മറ്റെല്ലാ ജീവിവർഗങ്ങളെപ്പോലെ മനുഷ്യരും ഇണചേർന്ന് പ്രത്യുൽപ്പാദനം നടത്തേണ്ടതുണ്ട്. മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് ലൈംഗികത. വിവാഹബന്ധത്തിൽ

ക്കൂടിയാണ് ഇണചേരലും പ്രത്യുൽപ്പാദനവും കുട്ടികളെ വളർത്തലും നിയന്ത്രിക്കപ്പെടുന്നത്. കുട്ടികളുണ്ടാവുക എന്ന മനശ്ശാസ്ത്രസംബന്ധിയായ സംതൃപ്തിയും ഇതുവഴി ഉറപ്പാക്കപ്പെടുന്നു. പ്രത്യുൽപ്പാദനത്തിലൂടെയാണ് മനുഷ്യവർഗം വർഗത്തിന്റെ അസ്തിത്വം ഉറപ്പുവരുത്തുന്നത്. ഇതിന് ആണും പെണ്ണും തമ്മിലുള്ള സ്ഥിരമായ ചേർച്ച കൂടിയേതീരൂ. അങ്ങനെ വിവാഹം ജൈവിക ധർമം നിറവേറ്റുന്നു.



സൈബീരിയയിലെ 'ചുക്ചി' വിഭാഗത്തിലെ പുരുഷൻ വിവാഹം ചെയ്യുന്നത് താൻ വേട്ടയാടി കൊണ്ടുവരുന്ന മൃഗത്തെ തോലുപൊളിച്ച് പാചകം ചെയ്യുന്നതിനും വസ്ത്രം തയാറാക്കാനുമാണ്. ആർട്ടിക് സമുദ്രമേഖലയിലെ ബാഫിൻലാന്റിലുള്ള എസ്കിമോ (ജന്യൂയിറ്റ്) പുരുഷൻ വിവാഹം ചെയ്യുന്നത് പുരുഷൻ വള്ളം നിയന്ത്രിക്കുമ്പോൾ സ്ത്രീക്ക് അത് തുഴഞ്ഞ് സഹായിക്കാൻ കഴിയും എന്നതിനാലാണ്.



ചിത്രം6.2. ചുക്ചി

സ്രോതസ്സ്: ആൻ ഇൻഡ്രഡക്ഷൻ ടു സോഷ്യൽ ആന്ത്രോപോളജി, എം. സൂര്യനാരായണ. പി. 44

സാമ്പത്തികധർമങ്ങൾ (Economic functions)

വിവാഹം സാമ്പത്തികസഹകരണത്തിനുള്ള അന്തരീക്ഷം പ്രദാനം ചെയ്യുന്നു. ഒറ്റയ്ക്കു ജീവിതം ക്രമീകരിക്കാൻ മനുഷ്യന് സാധ്യമല്ല. അതിനുള്ള ഒരു പരിഹാരമാർഗം കൂടിയാണ് വിവാഹം. കുടുംബാംഗങ്ങൾക്കിടയിലെ ജോലിഭാരം എന്ന പ്രശ്നം പരിഹരിക്കാൻ വിവാഹം എന്ന സ്ഥാപനം സഹായിക്കുന്നു. അങ്ങനെ വിവാഹം വഴി അംഗങ്ങൾക്കിടയിൽ തൊഴിൽവിഭജനം സാധ്യമാക്കുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള സാമ്പത്തികസഹകരണം ഉറപ്പുവരുത്തിക്കൊണ്ട് വിവാഹം അതിന്റെ സാമ്പത്തികധർമം നിർവഹിക്കുന്നു.

സാമൂഹികധർമങ്ങൾ (Social functions)

വിവാഹം എല്ലായ്പ്പോഴും പുതിയ ബന്ധുക്കളെ നേടിക്കൊടുക്കുന്നു, വിവാഹത്തിലൂടെ ഒരു പങ്കാളിയെ മാത്രമല്ല, പങ്കാളിയുടെ ബന്ധുക്കളെ മുഴുവനായും തന്റെ ബന്ധുഗണത്തിലേക്ക് ഉൾച്ചേർക്കാൻ സാധിക്കുന്നു. വിവാഹം എന്ന സ്ഥാപനം വഴി വ്യക്തികൾ തമ്മിൽ ബന്ധമുണ്ടാകുന്നതോടൊപ്പം രണ്ടു ബന്ധുഗണങ്ങൾ തമ്മിലും ഉറച്ച ബന്ധം ഉണ്ടാകുന്നു. അങ്ങനെ അത് സാമൂഹികബന്ധങ്ങളുടെ ശൃംഖല വികസിപ്പിക്കാൻ ഇടയാക്കുന്നു.

പ്രത്യുൽപ്പാദനത്തിനും കുട്ടികളെ വളർത്താനുമുള്ള പരസ്പരാശ്രിതത്വം മനുഷ്യരുൾപ്പെടെ എല്ലാ ജീവിവർഗങ്ങളിലും നിരീക്ഷിക്കാവുന്നതാണ്. എങ്ങനെയാണ് ഈ ആശ്രിതത്വം അഭിസംബോധന ചെയ്യപ്പെടുന്നത്? ആൺ ഇണയുടെ സഹായമില്ലാതെ തന്നെ, പിറന്നുവീണ ഉടനെ കുഞ്ഞിന് ആഹാരം കൊടുക്കാനും സ്വയം ഭക്ഷണം തേടാനും ചില മൃഗങ്ങളിലെ പെൺവർഗത്തിന് കഴിയുന്നുണ്ട്. ഇവിടെ ഇണകൾ തമ്മിലുള്ള ചേർച്ച സ്ഥിരമാവണം എന്നില്ല. ഭക്ഷണം തേടുന്നതിനും മറ്റും, പ്രശ്നങ്ങളൊന്നുമില്ലാത്ത ജീവിവർഗങ്ങളിൽ സ്ഥിരമായ ഇണകളുടെ ആവശ്യവുമില്ല. കന്നുകുട്ടികളെപ്പോലെ ജനിച്ച ഉടനെ മാതാവിനൊപ്പം ദീർഘദൂരം സഞ്ചരിക്കാനും അല്ലെങ്കിൽ ബബൂണുകളിലും കംഗാരുക്കളിലും കാണുന്നതുപോലെ അമ്മയോടൊപ്പം സഞ്ചരിക്കാനും കഴിവുള്ളവയാണ് പല മൃഗങ്ങളുടെയും കുഞ്ഞുങ്ങൾ.
നേരേമറിച്ച്, പെൺവേഴാമ്പലുകൾക്ക് കുഞ്ഞുങ്ങളുണ്ടായ ഉടനെ സ്വയം ഭക്ഷണം തേടാനോ അവയ്ക്ക് ഭക്ഷണം നൽകാനോ കഴിയില്ല. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ അമ്മയെയും

കുഞ്ഞിനെയും പരിചരിക്കാൻ പങ്കാളിയുടെ സഹായം കൂടിയേ തീരൂ. അതുകൊണ്ട് ഇവയിൽ സ്ഥിരമായ ഇണ എന്നത് ഒരു അനുകൂലനമാണ്. ആൺവേഴാമ്പൽ ഭക്ഷണം ശേഖരിച്ച് കൊണ്ടുവരുകയും കൂട് ശ്രദ്ധിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം നൽകിയിരിക്കുന്ന അനുബന്ധ വായനക്കുറിപ്പിൽനിന്ന് ഇതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാം.

സ്ഥിരമായ പങ്കാളിയുമായുള്ള ബന്ധം എങ്ങനെയാണ് വേഴാമ്പലുകൾക്ക് സഹായകമാവുന്നത്?

നീണ്ടുനിൽക്കുന്ന ഇതുപോലുള്ള വൈകാരിക ബന്ധങ്ങൾക്ക് മറ്റു ജീവിവർഗങ്ങളിൽനിന്ന് ഉദാഹരണം കണ്ടെത്താമോ?

മനുഷ്യരുടെ ഇടയിൽ, പ്രത്യേകിച്ചും പരിണാമത്തിന്റെ ആദ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് പ്രസവശേഷം ഭക്ഷണശേഖരണവുമായി ബന്ധപ്പെട്ട് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിരുന്നു. ആഹാരം ശേഖരിക്കുന്ന സമൂഹങ്ങളിൽ അമ്മമാർക്ക് തന്റെ കുഞ്ഞിനോടൊപ്പം ഭക്ഷ്യശേഖരണവും വേട്ടയാടലും പോലുള്ള കഠിനമായ ജോലികളിൽ ഏർപ്പെടാൻ സാധിച്ചിരുന്നില്ല. അത്തരം സന്ദർഭങ്ങളിൽ അവർക്ക് സ്ഥിരമായതും തുടർച്ചയായതുമായ ഒരു പങ്കാളിയുടെ സഹായം ആവശ്യമായിരുന്നു. സ്ഥിരമായ പങ്കാളികൾ കൂടിയേ തീരൂ എന്ന ഇത്തരം അവസ്ഥ ആദിമകാലഘട്ടത്തിൽ വിവാഹം എന്ന സ്ഥാപനത്തിന്റെ ആവിർഭാവത്തിലേക്കു നയിച്ചു. വിവാഹം ഒരു സ്ഥാപനം എന്ന നിലയിൽ നിരവധി മാറ്റങ്ങൾക്കു വിധേയമാവുകയും വിവിധ പരിണാമഘട്ടങ്ങളിലൂടെ കടന്ന് ഇന്നു കാണുന്ന രൂപത്തിലേക്കു വികസിക്കുകയും ചെയ്തു. പ്രസവശേഷമുള്ള ആഹാരത്തിന്റെ പ്രശ്നം താരതമ്യേന സ്ഥിരമായ സ്ത്രീപുരുഷബന്ധത്തിലേക്കും കാലക്രമത്തിൽ വിവാഹം എന്ന സ്ഥാപനത്തിന്റെ ഉദയത്തിലേക്കു എത്തുകയും ചെയ്തു.



വേഴാമ്പലുകൾക്ക് മുട്ടയിടാനായി സ്വയം കൂടുണ്ടാക്കാൻ കഴിവില്ല. അവ ഇതിനായി വലിയ പൊത്തുകൾ കണ്ടെത്തുന്നു. ശത്രുക്കളിൽനിന്ന് ഇവ രക്ഷിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. വേഴാമ്പലുകൾ ഏക പങ്കാളി മാത്രമുള്ള ജീവികളാണ്. ഒരേ മരപ്പൊത്തു തന്നെയാണ് അവ സ്ഥിരമായി ഉപയോഗിക്കുന്നത്. പെൺവേഴാമ്പൽ പൊത്തിൽ മുട്ടകളിട്ടശേഷം അതിനുള്ളിൽ തന്നെയിരുന്ന് പൊത്തിന്റെ വായ്ഭാഗം അതിന്റെതന്നെ സ്രവങ്ങളുപയോഗിച്ച് അടയ്ക്കുന്നു. പൊത്തിന്റെ കവാടത്തിൽ പെൺപക്ഷിക്ക് ഭക്ഷണം സ്വീകരിക്കാനും, അവശിഷ്ടങ്ങൾ കളയാനും മാത്രമായുള്ള ചെറിയ ഒരു ദ്വാരം മാത്രമേ ഉണ്ടാവൂ. ആൺപക്ഷി പെൺപക്ഷിക്കും കുഞ്ഞുങ്ങൾക്കുമാവശ്യമായ ഭക്ഷണം കണ്ടെത്തി എത്തിച്ചു നൽകുന്നു. അത് ഉത്തരവാദിത്തമുള്ള ഒരു ഭർത്താവിനെയും പിതാവിനെയും പോലെ മറ്റുള്ളവയെ പരിരക്ഷിക്കുന്നു. ആൺപക്ഷി ഭക്ഷണവുമായെത്തുമ്പോൾ മരത്തിൽ കൊത്തി ശബ്ദമുണ്ടാക്കുകയും ദ്വാരത്തിലൂടെ ഭക്ഷണസാധനങ്ങൾ കൂടിനുള്ളിലേക്ക് നൽകുകയും ചെയ്യുന്നു. എങ്ങനെയെങ്കിലും ശത്രുക്കൾ തള്ളപ്പക്ഷിയെയോ കുഞ്ഞുങ്ങളെയോ മുട്ടകളെയോ നശിപ്പിച്ചാൽ ആൺപക്ഷി ഭക്ഷണം കഴിക്കാതെ മരിക്കുന്നു. ഇരതേടാൻ പോവുന്ന ആൺപക്ഷിക്ക് മരണം സംഭവിച്ചാൽ പെൺപക്ഷിയും പൊത്തിനുള്ളിൽ കിടന്ന് മരിക്കുന്നു. ഇവിടെ ആൺ പെൺ വേഴാമ്പലുകൾ തമ്മിൽ ഭാര്യാ ഭർത്തൃ വൈകാരിക ബന്ധം കാണാം.



ചിത്രം. 6.3 - വേഴാമ്പൽ

വിവാഹത്തിന്റെ ഉൽപ്പത്തിയും പരിണാമവും (Origin and Evolution of Marriage)

മനുഷ്യരുടെ ഇടയിലുള്ള വിവാഹം എന്ന സ്ഥാപനത്തിന്റെ ആവിർഭാവത്തെയും വികാസത്തെയും കുറിച്ച് നരവംശശാസ്ത്രജ്ഞർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. താഴെക്കൊടുത്ത ചോദ്യങ്ങൾ നമുക്ക് പരിശോധിക്കാം.

എല്ലാ സമൂഹങ്ങളിലും വിവാഹം നിലനിൽക്കുന്നുണ്ടോ?

പ്രാചീന മനുഷ്യരുടെ ഇടയിൽ വിവാഹം നിലനിന്നിരുന്നോ?

എപ്പോഴാണ് വിവാഹം ആവിർഭവിച്ചത്?

ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള വിവാഹം എല്ലാ മാനവസമൂഹങ്ങളിലും നിലനിന്നിരുന്നു. വിവാഹം എന്ന സ്ഥാപനം ഒരു രൂപത്തിൽനിന്നു മറ്റൊരു രൂപത്തിലേക്ക് തുടർച്ചയായ വിവിധ ഘട്ടങ്ങളിലൂടെ പരിണമിച്ചതാണെന്നാണ് എല്ലാ നരവംശശാസ്ത്രജ്ഞരും പൊതുവെ അഭിപ്രായപ്പെടുന്നത്. വിവേചനരഹിതമായ സ്ത്രീപുരുഷ ബന്ധങ്ങളിലാണ് ഇതിന്റെ തുടക്കം. അത് വിവിധ ഘട്ടങ്ങളിലൂടെ ക്രമാനുഗതമായി വികാസം പ്രാപിച്ച് ഇന്നത്തെ രൂപത്തിലുള്ള ഏകവിവാഹ (Monogamy) ത്തിലേക്ക് എത്തിച്ചേർന്നു. എന്നിരുന്നാലും ചില ഗവേഷകർ മുന്നോട്ടുവച്ച വിവാഹപരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിലുള്ളവയല്ല; വെറും ഊഹോപോഹങ്ങൾ മാത്രമാണെന്നത് ശ്രദ്ധേയമാണ്. എൽ.എച്ച്. മോർഗൻ എന്ന അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ വിവാഹത്തിന്റെ പരിണാമത്തെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന ക്രമമാണ് നിർദേശിച്ചത്.

ലൈംഗികാക്രമരാഹിത്യം (Sexual promiscuity) → സമൂഹവിവാഹം (Group Marriage)
ബഹുവിവാഹം (Polygamy) → ഏകവിവാഹം (Monogamy)

ലൈംഗികക്രമരാഹിത്യം (Sexual promiscuity): മോർഗന്റെ അഭിപ്രായത്തിൽ മനുഷ്യ ജീവിതത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ വിവാഹം എന്ന ഔപചാരികസ്ഥാപനം നിലനിന്നിരുന്നില്ല. സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ ലൈംഗികതയുടെ കാര്യത്തിൽ യാതൊരു നിയന്ത്രണങ്ങളും ഉണ്ടായിരുന്നില്ല. മൃഗസമാനമായി അനിയന്ത്രിതമായ ലൈംഗിക അരാജകത്വമാണ് അക്കാലങ്ങളിലുണ്ടായിരുന്നതെന്ന് വിശ്വസിക്കപ്പെടുന്നു. ലൈംഗികബന്ധങ്ങളിൽ യാതൊരു നിയന്ത്രണങ്ങളും ഇല്ലാത്തതുകൊണ്ടുതന്നെ കുടുംബത്തിൽ പിതാവിന്റെ പദവിക്കോ പങ്കിനോ യാതൊരു പ്രാധാന്യവും ഉണ്ടായിരുന്നില്ല.

സമൂഹവിവാഹം (Group Marriage): വിവാഹത്തിന്റെ പരിണാമദിശയിലെ അടുത്ത ഘട്ടമായിരുന്നു സമൂഹവിവാഹങ്ങൾ. ഒരു കുടുംബത്തിലെ എല്ലാ സഹോദരൻമാരും മറ്റൊരു കുടുംബത്തിലെ എല്ലാ സഹോദരിമാരെയും വിവാഹം കഴിക്കുന്ന രീതിയാണു ചിലയിടങ്ങളിൽ ഉണ്ടായിരുന്നത്. സമൂഹവിവാഹത്തിന്റെ ഒരുദാഹരണമായിരുന്നു ഇത്. എന്നിരുന്നാലും മറ്റു സമൂഹങ്ങളിലെ വ്യക്തികളുമായുള്ള ലൈംഗികബന്ധങ്ങളിൽ ചില നിയന്ത്രണങ്ങളുണ്ടായിരുന്നു. ഒരാൾക്ക് നിരവധി ലൈംഗികപങ്കാളികളുണ്ടാവുന്ന ബഹുവിവാഹം (Polygamy) സമൂഹവിവാഹങ്ങളുടെ തുടർച്ചയായിരുന്നു. ഒരു വ്യക്തിക്ക് ഒരു സമയം ഒരു പങ്കാളി മാത്രം അനുവദനീയമായ ഏകവിവാഹം (Monogamy) ഈ പരിണാമത്തിലെ ഏറ്റവും അവസാനഘട്ടമാണ്.

ചുരുക്കത്തിൽ, സ്ത്രീകളും പുരുഷൻമാരും പഴയകാലത്ത് ഒരുമിച്ചു താമസിക്കുകയും ലൈംഗികബന്ധം നിലനിർത്തുകയും ചെയ്തിരുന്നു. കാലക്രമത്തിൽ പുരുഷൻമാർ സംരക്ഷ

കരും ആഹാരസമ്പാദകരുമായി മാറുകയും സ്ത്രീകളുടെ ഉത്തരവാദിത്തം കുട്ടികൾക്ക് ജന്മം നൽകുന്നതിലും അവരെ പോറ്റിവളർത്തുന്നതിലും മാത്രമായി മാറുകയും ചെയ്തു. പിന്നീട്, കൂട്ടത്തിനുള്ളിലെ സംഘർഷങ്ങൾ പ്രായപൂർത്തിയായ ഒരാണും ഒരു പെണ്ണും മാത്രം അടങ്ങിയ സംഘങ്ങൾക്ക് രൂപം നൽകി. ആചാരങ്ങളും നിയന്ത്രണങ്ങളും അത്തരം ബന്ധത്തെ ശക്തമാക്കുകയും വിവാഹം മാനവസമൂഹത്തിൽ സ്ഥാപനവൽക്കരിക്കപ്പെടുകയും ചെയ്തു.

വിവാഹം എന്നത് സംസ്കാരങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പിച്ചു പറയാം. വിവാഹത്തിന്റെ ലക്ഷ്യങ്ങൾ വ്യത്യസ്തസമൂഹങ്ങളിൽ വ്യത്യസ്തങ്ങളാണ്. എല്ലാ സമൂഹങ്ങളിലും ഏതെങ്കിലും തരത്തിലുള്ള വിവാഹരീതികൾ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ വിവാഹം സാർവത്രികമായ ഒരു സ്ഥാപനമത്രേ.

വിവാഹത്തിന്റെ സാർവത്രികത (Universality of Marriage)

ആചാരങ്ങൾ വ്യത്യസ്തമാണെങ്കിലും ലോകത്തിലെ എല്ലാ സമൂഹങ്ങളിലും വിവാഹം എന്ന സ്ഥാപനം നിലനിൽക്കുന്നു. എന്നാൽ എങ്ങനെയാണ് ഒരാൾ വിവാഹം കഴിക്കുന്നത് ? ആരെയാണ് വിവാഹം കഴിക്കുന്നത്? ഏതു രീതിയിൽ ഒരാൾക്ക് വിവാഹം കഴിക്കാൻ സാധിക്കും? ഇന്ത്യയിലെ വ്യത്യസ്തങ്ങളായ മതവിഭാഗങ്ങളും ജാതികളും വർഗങ്ങളും വിവാഹത്തെ സംബന്ധിച്ച വിവിധ നിയമങ്ങളും നിയന്ത്രണങ്ങളും നിറഞ്ഞ ഒരു സങ്കീർണസമൂഹത്തെയാണ് അവതരിപ്പിക്കുന്നത്. നൽകിയിരിക്കുന്ന ചിത്രങ്ങൾ ഇതിലെ ചില പ്രത്യേകതകൾ വ്യക്തമാക്കുന്നു.

നിങ്ങളുടെ ചുറ്റുമുള്ള സമൂഹത്തിൽനിന്നു ചിത്രങ്ങൾ, വാർത്തകൾ, ഉദാഹരണങ്ങൾ എന്നിവ ശേഖരിച്ച് വിവാഹത്തെ സംബന്ധിച്ച് സാംസ്കാരങ്ങൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യാസങ്ങൾ കാണിക്കുന്ന ഒരു ആൽബം തയാറാക്കുക.



സാർവത്രികമായ വിവാഹ നിർവചനം (Universal definition of Marriage)



ചിത്രം 6.4 - വിവിധ സമൂഹങ്ങളിലെ വിവാഹച്ചടങ്ങുകൾ- സ്രോതസ്സ്: ഗൂഗിൾ ഇമേജസ്

വിവാഹം എന്നത് പ്രാപഞ്ചികമായ സ്ഥാപനമാണെന്ന് അറിഞ്ഞുകഴിഞ്ഞാൽ നിങ്ങൾക്ക് വിവാഹത്തിന് ഒരു സാർവത്രികമായ നിർവചനം നൽകാൻ സാധിക്കുമോ? മർഡോക്ക്, സെലിഗ്മാൻ, കാതലീൻ ഗഫ് എന്നിവർ വിവാഹത്തിനു നൽകിയ നിർവചനങ്ങൾ നമുക്ക് വിശദമായി പരിശോധിക്കാം. എല്ലാ സമുദായങ്ങൾക്കും ആ നിർവചനങ്ങൾ ബാധകമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? കേരളത്തിലെ പരമ്പരാഗത നായർസമൂഹത്തെപ്പോലെ സംബന്ധം എന്ന വിവാഹരീതി പിന്തുടർന്നിരുന്ന സമൂഹങ്ങളുമുണ്ട്. അവരുടെ ഇടയിൽ ദമ്പതിമാർ വേറിട്ടാണ് താമസിക്കുന്നത്. അവർക്കിടയിൽ സാമ്പത്തികസഹകരണവുമില്ല. അത് അണുകുടുംബം എന്ന അടിസ്ഥാനരൂപത്തിലുമായിരുന്നില്ല. സാർവത്രികം എന്ന് കരുതുന്ന മേൽപ്പറഞ്ഞ നിർവചനങ്ങൾക്കൊന്നും ഉൾക്കൊള്ളാനാവാത്ത വിധത്തിൽ നായർസമുദായത്തിനിടയിലെ വിവാഹം നിരവധി സവിശേഷതകൾ ചേർന്നതായിരുന്നു.

പഠനപുരോഗതി വിലയിരുത്താം



വിട്ട ഭാഗം പൂരിപ്പിക്കുക.

1 നമ്പൂതിരി : വേളി
നായർ : .....


2 വിവാഹത്തിന് നിർവചനം നൽകുക. ഒരു സാർവത്രികമായ നിർവചനം സാധ്യമാണോ?

3 വിവാഹം എന്നത് ഒരു സാർവത്രികസ്ഥാപനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതിന്റെ സാർവത്രികത വിശദീകരിക്കുക.

4 വിവാഹത്തിന്റെ ഏതെങ്കിലും അഞ്ചു സവിശേഷതകൾ വിവരിക്കുക.

വിവാഹനിയമങ്ങൾ (Rules of Marriage)

വിവാഹനിയമങ്ങളെ തീർച്ചയായും അനുസരിക്കേണ്ടവ (Prescriptive), മുൻഗണനക്രമത്തിൽ പരിഗണിക്കേണ്ടവ (Preferential) എന്നിങ്ങനെ തരംതിരിക്കാം. ഇത് ചാർട്ടിൽ കാണിച്ചിട്ടുണ്ട്.



എ) അനുസരിക്കേണ്ട നിയമങ്ങൾ (Prescriptive Rules): ആരെയാണ് ഒരാൾ വിവാഹം ചെയ്യേണ്ടതെന്ന മാർഗനിർദേശം നൽകുന്ന നിയമങ്ങളാണിവ. വിവാഹത്തിൽ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ സൂചനകൂടിയാണിത്. ഇത് സ്വഗണവിവാഹം (Endogamy), ബഹിർഗണവിവാഹം (Exogamy) എന്നീ രൂപങ്ങളിലാവാം.

സ്വഗണവിവാഹം (Endogamy): കുലം, ജാതി, ഗോത്രം, മതം എന്നിവയ്ക്കുള്ളിൽനിന്നു വിവാഹം ചെയ്യാൻ ഒരു വ്യക്തിയെ നിർബന്ധിതമാക്കുന്ന നിയമമാണ് ഇത്. എല്ലാ ജാതിവിഭാഗങ്ങളും ഗോത്രങ്ങളും സ്വഗണവിവാഹം അനുഷ്ഠിക്കുന്നവരാണ്. ഇതർഥമാക്കുന്നത്, ഒരു പ്രത്യേക ഗോത്രവിഭാഗത്തിലുള്ള ഒരു വ്യക്തി അതേ വിഭാഗത്തിലുള്ള സ്ത്രീയെത്തന്നെ വിവാഹം കഴിക്കുന്നുവെന്നാണ്.

സ്വഗണവിവാഹത്തിനു പിന്നിലുള്ള കാരണങ്ങൾ

- ആളുകൾ തങ്ങളുടെ വിഭാഗത്തെത്തന്നെ തിരഞ്ഞെടുക്കാനുള്ള ഒരു കാരണം അവർ ശാരീരികമായി എറെക്കുറേ സാമ്യമുള്ളവരാണ് എന്നതാണ്.
- വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ഉയർന്നവർ, താഴ്ന്നവർ എന്ന ആശയം.
- മതവിശ്വാസത്തിലെ വ്യത്യാസങ്ങൾ പെരുമാറ്റച്ചട്ടങ്ങളിലും മൂല്യങ്ങളിലും വ്യത്യാസങ്ങൾ ഉളവാക്കുന്നു.

ബഹിർഗണവിവാഹം (Exogamy): സ്വന്തം ബന്ധുവിഭാഗത്തിന് പുറത്തോ തന്റെ പ്രദേശത്തിനു പുറത്തോ വിവാഹം ചെയ്യാൻ ഒരു വ്യക്തി നിർബന്ധിതനാക്കപ്പെടുന്ന പൊതുനിയമമാണ് ഇത്. കുടുംബം, ഗോത്രം, പരമ്പര എന്നിവയും ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ കണ്ടുവരുന്ന ഗ്രാമത്തിന് പുറത്തുനിന്നു മാത്രമുള്ള വിവാഹങ്ങളും ബഹിർഗണവിവാഹ വിഭാഗങ്ങൾക്കുദാഹരണങ്ങളാണ്. ബഹിർഗണവിവാഹങ്ങൾ ആചരിക്കപ്പെടുന്നതിന് കൃത്യമായ കാരണങ്ങളുണ്ട്.

- ബന്ധുവിഭാഗങ്ങളിലുള്ളവർ രക്തബന്ധമുള്ളവരായി കരുതപ്പെടുന്നു. അതിനാൽത്തന്നെ അവരുമായുള്ള വിവാഹം സഹോദരീസഹോദരൻമാരുമായുള്ള വിവാഹങ്ങളായി പരിഗണിക്കപ്പെടുന്നു.
- ചെറിയ കൂട്ടങ്ങൾക്കുള്ളിലുള്ള വിവാഹത്തിൽ പരിചിതരായ ബന്ധുക്കൾ തമ്മിൽ പരസ്പരമുള്ള ആകർഷണം കുറയുന്നു.

ബി) മുൻഗണനക്രമത്തിൽ പരിഗണിക്കേണ്ട നിയമങ്ങൾ (Preferential Rules): ഈ കീഴ്വഴക്കമനുസരിച്ച് ഒരു വ്യക്തിക്ക് ചില പ്രത്യേക വിഭാഗങ്ങളിൽപ്പെട്ട ബന്ധുക്കളിൽനിന്നു വിവാഹം കഴിക്കേണ്ടിവരുന്നു. പാരലൽ കസിൻ വിവാഹം, ക്രോസ് കസിൻ വിവാഹം, അമ്മാവനും മരുമകളും തമ്മിലുള്ള വിവാഹം (മൂത്ത സഹോദരിയുടെ മകൾ), ലെവിറേറ്റ്, സൊറൊറേറ്റ് വിവാഹം എന്നിവ ഉദാഹരണങ്ങളാണ്.

ക്രോസ് കസിൻ വിവാഹം (Cross Cousin Marriage): ഇതിൽ സഹോദരീസഹോദരൻമാരുടെ സന്താനങ്ങൾ അന്യോന്യം വിവാഹം കഴിക്കുന്നു. ഒരു വ്യക്തിയുടെ പിതാവിന്റെ സഹോദരിമാരുടെ (Paternal cross cousins) മക്കളും മാതാവിന്റെ സഹോദരങ്ങളുടെ മക്കളും (Maternal cross cousins) ക്രോസ് കസിനുകളായി വരുന്നു.

പാരലൽ കസിൻ വിവാഹങ്ങൾ (Parallel Cousin Marriage): ഇത് ഒരേ ലിംഗക്കാരായ കൂടപ്പിറപ്പുകളുടെ സന്താനങ്ങൾ തമ്മിലുള്ള വിവാഹമാണ്. സഹോദരിമാരുടെ മക്കളുടെ

അന്യോന്യമുള്ള വിവാഹവും സഹോദരൻമാരുടെ മക്കൾ തമ്മിലുള്ള വിവാഹവും ഇതിൽ പ്പെടുന്നു.

സോറോറേറ്റ് (Sororate) എന്നത് തന്റെ മരണപ്പെട്ട ഭാര്യയുടെ സഹോദരിയെ വിവാഹം ചെയ്യാൻ ഒരു പുരുഷൻ നിർബന്ധിതനാവുന്ന ആചാരമാണ്. സഹോദരി എന്നർഥം വരുന്ന 'സോറർ' എന്ന ലാറ്റിൻപദത്തിൽ നിന്നാണ് സോറോറേറ്റ് എന്ന പദം ഉടലെടുത്തത്.

ലെവിറേറ്റ് (Levirate) എന്നതാകട്ടെ, തന്റെ മരണപ്പെട്ട ഭർത്താവിന്റെ സഹോദരനെ വിവാഹം ചെയ്യാൻ ഒരു സ്ത്രീ നിർബന്ധിതയാകുന്ന ആചാരമാണ്. മരിച്ചയാളിന്റെ ഇളയ സഹോദരനെ യാണ് വിധവ പുനർവിവാഹം ചെയ്യുന്നതെങ്കിൽ അത് ജൂനിയർ ലെവിറേറ്റ് എന്നും മരിച്ചയാളുടെ മൂത്ത സഹോദരനെയാണെങ്കിൽ അത് സീനിയർ ലെവിറേറ്റ് എന്നും വിളിക്കപ്പെടുന്നു. സഹോ ദരൻ എന്നർഥം വരുന്ന 'ലെവിർ' എന്ന ലാറ്റിൻപദത്തിൽ നിന്നാണ് ലെവിറേറ്റ് എന്ന പദം ഉടലെ ടുത്തത്.

അമ്മാവൻ- മരുമകൾ(മൂത്തസഹോദരിയുടെ മകൾ) വിവാഹത്തിൽ ഒരു പെൺകുട്ടി തന്റെ അമ്മാവനെ (അമ്മയുടെ സഹോദരൻ) വിവാഹം ചെയ്യുന്നു.

പരാമ്പരാഗത ഇന്ത്യൻ വിവാഹങ്ങളുമായി ബന്ധപ്പെട്ട് താഴെ സൂചിപ്പിച്ച തരത്തിലുള്ള മറ്റു ധാരാളം നിയമങ്ങളുമുണ്ടായിരുന്നു.

അനുലോമവിവാഹം (Hypergamy): ഇത് ഉയർന്ന സാമൂഹികപദവിയുള്ള പുരുഷൻ താര തമ്യേന താഴ്ന്ന സാമൂഹികപദവിയിലുള്ള സ്ത്രീയെ വിവാഹം ചെയ്യുന്ന സമ്പ്രദായത്തിനുള്ള അംഗീകാരത്തെ സൂചിപ്പിക്കുന്നു. ഇതുവഴി ആ പുരുഷന് തന്റെ ജാതിയോ പദവിയോ ആചാര പരമായ ശുദ്ധിയോ നഷ്ടപ്പെടുന്നില്ല. അനുലോമവിവാഹങ്ങളുടെ വിവിധ പ്രത്യേകതകൾ ഇന്ന് മറ്റു പല വിവാഹങ്ങളിലും പ്രകടിപ്പിക്കപ്പെടുന്നുണ്ട്.

പ്രതിലോമവിവാഹം (Hypogamy): ഇത് ഉയർന്ന സാമൂഹികപദവിയിലുള്ള സ്ത്രീ താരതമ്യേന താഴ്ന്ന സാമൂഹികപദവിയുള്ള പുരുഷനെ വിവാഹം ചെയ്യുന്ന സമ്പ്രദായമാണ്. ഈ വ്യവസ്ഥി തിയിൽ ആ സ്ത്രീക്ക് തന്റെ ജാതി, സാമൂഹികപദവി എന്നിവ നഷ്ടപ്പെടുകയും ആചാരപരമായ ശുദ്ധി ഇല്ലാതാവുന്നതായി കരുതുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ നിലനിന്നിരുന്ന സാമൂഹികനിയമങ്ങൾ ഇത്തരം വിവാഹങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

നിഷിദ്ധ സംഗമം (Incest taboo): അടുത്ത ബന്ധമുള്ളവർ തമ്മിലുള്ള ലൈംഗികബന്ധങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന സാർവത്രികമായ വിലക്കാണിത്. ഇതുവഴി അച്ഛൻ മകൾ, അമ്മ - മകൻ, സഹോദരൻ - സഹോദരി എന്നിവർ തമ്മിലുള്ള ലൈംഗികബന്ധങ്ങൾ വിലക്കപ്പെട്ടു. പ്രാഥമികബന്ധുക്കൾ തമ്മിലുള്ള ലൈംഗികബന്ധങ്ങൾക്കുള്ള വിലക്കാണ് ഇൻസെസ്റ്റ് ടാബൂ. പരമ്പാരാഗത സമൂഹങ്ങളിൽ ഇൻസെസ്റ്റ് ടാബൂ മറികടക്കുന്നത് പ്രകൃതിയിൽ നിന്നുമുള്ള ശിക്ഷ വിളിച്ചുവരുത്തുന്ന ഒന്നായി കരുതിപ്പോന്നു. ഇതിന്റെ ഏതു തരത്തിലുള്ള ലംഘനവും ഗുരു തരമായ കുറ്റമായി പരിഗണിക്കപ്പെടുകയും കുറ്റാരോപിതന് കഠിനമായ ശിക്ഷ വിധിക്കപ്പെടുകയും ചെയ്യുന്നു.

നമ്മുടെ സമൂഹത്തിലെ വിവാഹനിയമങ്ങൾ പരിശോധിച്ച് അവയെക്കുറിച്ച് ഒരു ചാർട്ട്/കുറിപ്പ് തയാറാക്കുക.



പഠനപുരോഗതി വിലയിരുത്താം

1. വ്യത്യാസം കണ്ടെത്തുക.
   a) സ്വഗണവിവാഹവും ബഹിർഗണവിവാഹവും(Endogamy and Exogamy)
   b) ലെവിറേറ്റും സൊറോറേറ്റും (Levirate and Sorrorate)
   c) അനുലോമ - പ്രതിലോമവിവാഹം (Hypergamy and Hypogamy)
   d) പാരലൽ കസിൻ, ക്രോസ് കസിൻ വിവാഹങ്ങൾ (Parallel cousin and cross cousin marriages)
2. സ്വഗണവിവാഹവും ബഹിർഗണവിവാഹവും (Endogamy and Exogamy) അനുഷ്ഠിക്കാനുള്ള രണ്ടു കാരണങ്ങൾ സൂചിപ്പിക്കുക.
3. വിവാഹത്തിലൂടെ പൂർത്തീകരിക്കപ്പെടുന്ന രണ്ടു ധർമങ്ങൾ പരിശോധിക്കുക.
4. നിങ്ങളുടെ പ്രദേശത്തെ വ്യത്യസ്ത വിവാഹരീതികൾ കണ്ടെത്തി അവ അനുഷ്ഠിക്കുന്ന വിഭാഗങ്ങളെക്കുറിച്ച് അന്വേഷിച്ച് ചർച്ചക്കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

മുതിർന്നവർ കൂടിയാലോചിച്ചോ സമുദായങ്ങളുടെ അംഗീകാരത്തോടുകൂടിയോ ആയിരുന്നു ഇന്ത്യയിൽ സാധാരണ വിവാഹങ്ങൾ നടന്നുവന്നിരുന്നത്. വിവാഹത്തിന് സാമൂഹിക അംഗീകാരം അനിവാര്യമായിരുന്നു. നിയമങ്ങളും കീഴ്വഴക്കങ്ങളും ലംഘിക്കുന്നവർക്ക് ശിക്ഷ ലഭിച്ചിരുന്നു. വ്യത്യസ്ത സമുദായങ്ങളിൽ പങ്കാളികളെ തിരഞ്ഞെടുക്കുന്നത് വ്യത്യസ്ത രീതികളിലാണ്. കൂടാതെ കാലങ്ങളായി ഈ രീതികളിൽ കാര്യമായ മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. പങ്കാളിയെ തിരഞ്ഞെടുക്കുന്നതിന് വിവിധ സമൂഹങ്ങളിൽ നിലനിൽക്കുന്ന വ്യത്യസ്ത വഴികളെന്തൊക്കെയെന്ന് പരിശോധിക്കാം.

പങ്കാളിയെ നേടാനുള്ള വഴികൾ (Ways of acquiring spouse)

പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള രീതിയാണ് ഇതുകൊണ്ടർഥമാക്കുന്നത്. ഭാര്യയെയോ ഭർത്താവിനെയോ കണ്ടെത്തുകയോ കൈക്കലാക്കുകയോ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളാണ് ഇത്. പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള രീതി എല്ലാ സമൂഹങ്ങളിലും ഒരുപോലെയാണോ? എന്തെങ്കിലും വ്യത്യാസങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമുക്ക് ഈ വിഷയം ചർച്ച ചെയ്യാം. ചില സമൂഹങ്ങളിൽ പങ്കാളികളെ സ്വന്തമായി കണ്ടെത്താനുള്ള സ്വാതന്ത്ര്യമുള്ളപ്പോൾ മറ്റു ചില സമൂഹങ്ങളിൽ സ്വയം പങ്കാളിയെ കണ്ടെത്തുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്. വിവാഹങ്ങൾ രക്ഷിതാക്കളും ബന്ധുക്കളും ചേർന്ന് തീരുമാനിക്കുകയാണ് ചെയ്യുന്നത്. പ്രായം, വ്യക്തിപരമായ ഗുണങ്ങൾ എന്നിവ പരിഗണിച്ചാണ് പങ്കാളികളുടെ തിരഞ്ഞെടുപ്പ് നടക്കുന്നത്. പങ്കാളികളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന വിവിധ രീതികൾ താഴെ നൽകിയിരിക്കുന്നു.

- കൂടിയാലോചന വഴി (Acquiring spouse by negotiation)
- കൈമാറ്റം വഴി (Acquiring spouse by exchange)
- പരീക്ഷിക്കൽ വഴി (Acquiring spouse by trial)
- ഒളിച്ചോട്ടം വഴി (Acquiring spouse by elopement)

- നിരീക്ഷണം വഴി (Acquiring spouse by probation)
- അതിക്രമിച്ചുകയറൽ വഴി (Acquiring spouse by intrusion)
- പിടിച്ചെടുക്കൽ വഴി (Acquiring spouse by capture)
- സേവനം വഴി (Acquiring spouse by service)

കൂടിയാലോചനയിലൂടെ പങ്കാളിയെ നേടൽ (Acquiring spouse by negotiation): ഇത് എല്ലാ സമൂഹങ്ങളിലും സാധാരണ കണ്ടുവരുന്നു. ചെറുസമൂഹങ്ങളിലും സങ്കീർണസമൂഹങ്ങളിലും ഒരുപോലെ ഇവ നിലനിൽക്കുന്നു. ആചാരങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള നീണ്ട നടപടിക്രമങ്ങളിലൂടെ നടക്കുന്ന ചർച്ചകളിൽ ഒന്നുകിൽ ആൺകുട്ടിയുടെ രക്ഷിതാക്കളോ അല്ലെങ്കിൽ പെൺകുട്ടിയുടെ രക്ഷിതാക്കളോ വിവാഹാഭ്യർഥന മുന്നോട്ടുവയ്ക്കുന്നു. ഈ രീതി ആസാമിലെ കുക്കികൾ, മുണ്ട, ഹോ, ബൈഗ എന്നീ വിഭാഗങ്ങളിൽ സാധാരണമാണ്.



മണിപ്പൂരിലെ 'കുക്കി' വിഭാഗങ്ങൾക്കിടയിൽ ഒരു ആണിന് പെൺകുട്ടിയോട് ഇഷ്ടം തോന്നിയാൽ പെൺകുട്ടിയുടെ രക്ഷിതാക്കൾ അയാളെ തങ്ങളുടെ വീട്ടിൽ പെൺകുട്ടിയോടൊന്നിച്ച് താമസിച്ച് പരസ്പരം മനസ്സിലാക്കാൻ അവസരം നൽകുന്നു. രണ്ടുപേരും പെൺകുട്ടിയുടെ രക്ഷിതാക്കളും യോജിപ്പിലെത്തിയാൽ പെൺകുട്ടിയെ വിവാഹം ചെയ്യാൻ പുരുഷന് അനുവാദം ലഭിക്കുന്നു. പരസ്പരം യോജിപ്പിലെത്തിയില്ലെങ്കിൽ അവർ പിരിയുകയും അത്രയും കാലത്തേക്ക് പുരുഷൻ നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നു.

കൈമാറ്റം വഴി പങ്കാളിയെ നേടൽ (Acquiring spouse by exchange) : ഇത് ചർച്ചകളിലൂടെ പങ്കാളിയെ തിരഞ്ഞെടുക്കുന്നതിന് സമാനമാണ്. ഇവിടെ വിവാഹധനത്തിനു പകരം പുരുഷന്റെ സഹോദരിമാരെയോ അടുത്ത ബന്ധുക്കളായ സ്ത്രീകളെയോ വിവാഹം ചെയ്തു നൽകുകയാണ് ചെയ്യുന്നത്. മലിനേഷ്യയിലും ആസ്ത്രേലിയയിലും പുരുഷന്റെ സഹോദരിയെ ഭാര്യയുടെ സഹോദരന് വിവാഹം ചെയ്തു നൽകുന്നു.

പരീക്ഷിക്കൽ വഴി പങ്കാളിയെ നേടൽ (Acquiring spouse by trial): ഇവിടെ ഇഷ്ടപ്രകാരമുള്ള കുട്ടിയെ തിരഞ്ഞെടുക്കണമെങ്കിൽ ആൺകുട്ടി തന്റെ ധൈര്യവും സാഹസികതയും തെളിയിക്കേണ്ടതുണ്ട്. രാമസീതാസ്വയംവരം ഇത്തരം വിവാഹത്തിന് ഉത്തമ ഉദാഹരണമാണ്. മധ്യേന്ത്യയിലെ ഭീലുകളുടെ ഇടയിൽ ഇന്നും ഇത്തരം ആചാരങ്ങൾ വ്യാപകമാണ്.

ഒളിച്ചോട്ടം വഴി പങ്കാളിയെ നേടൽ (Acquiring spouse by elopement) : ഇത് ഏറെക്കുറേ നിലവിൽ പ്രചാരത്തിലുള്ള, മുതിർന്നവരെ അനുസരിക്കാതെ സ്വന്തം ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന രീതിയാണ്. പലപ്പോഴും ഒളിച്ചോട്ടം വഴിയുള്ള വിവാഹത്തിൽ ദിവസങ്ങളോ മാസങ്ങളോ ചിലപ്പോൾ വർഷങ്ങൾ പോലുമോ വിവാഹാംഗീകാരത്തിന് കാത്തിരിക്കേണ്ടിവരാറുണ്ട്. ഒറാഓൺ വിഭാഗക്കാരുടെ ഇടയിൽ ഇത്തരം വിവാഹങ്ങൾ സർവസാധാരണമാണ്.

നിരീക്ഷണം വഴി പങ്കാളിയെ നേടൽ (Acquiring spouse by probation) : ഇതിൽ വിവാഹത്തിന് കുറച്ചു ദിവസങ്ങൾക്കു മുന്നേതന്നെ വരൻ വധുവിന്റെ വീട്ടിൽ താമസിക്കുന്നു. അതിലൂടെ വിവാഹത്തിന് വധുവിന്റെ രക്ഷിതാക്കളുടെയും വധുവിന്റെ തന്നെയും സമ്മതം വാങ്ങുന്നു. അനുമതിയില്ലെങ്കിൽ അവർ വേർപിരിയുകയും മറ്റൊരു അവസരത്തിനായി വരൻ വധുവിന്റെ വീട്ടുകാർക്ക് നഷ്ടപരിഹാരമായി പണം നൽകുകയും ചെയ്യുന്നു. പങ്കാളിയെ തേടുന്നതിനായുള്ള ഈ രീതി കുക്കികളുടെ ഇടയിൽ കാണപ്പെടുന്നു.

അതിക്രമിച്ചുകയറൽ വഴി പങ്കാളിയെ നേടൽ (Acquiring spouse by intrusion) : ഇതിൽ ഒരു പെൺകുട്ടി തന്നെ ജീവിതപങ്കാളിയാക്കാൻ ഒരാൺകുട്ടിയെ നിർബന്ധിക്കുന്നു. ഒരു പെൺകുട്ടിക്ക് ഒരാണിനോട് ഇഷ്ടം തോന്നുകയും ആണിന് ആ പെൺകുട്ടിയെ ഇഷ്ടമില്ലാതിരിക്കുകയും ചെയ്യുമ്പോൾ കുടുംബാംഗങ്ങളുടെ അനുമതിയില്ലാതെ പെൺകുട്ടി ആണിന്റെ വീട്ടിൽ അതിക്രമിച്ചു കയറി താമസം തുടങ്ങുന്നു. പെൺകുട്ടിക്ക് പലപ്പോഴും വളരെ മോശമായ പെരുമാറ്റവും ശാരീരികമർദനവും ഭക്ഷണം നിഷേധിക്കലും അനുഭവിക്കേണ്ടിവരും. എങ്കിലും തന്റെ ഉദ്ദേശ്യത്തിൽ നിന്ന് അവൾ മാറാതെവരുമ്പോൾ അവസാനം നിയമപരമായ ഭാര്യയായി അംഗീകരിക്കപ്പെടുന്നു. ബിർഹോർ, ഹോ എന്നീ ആദിവാസിവിഭാഗക്കാർക്കിടയിൽ ഈ രീതി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

പിടിച്ചെടുക്കൽ വഴി പങ്കാളിയെ നേടൽ (Acquiring spouse by capture) : ഇവിടെ ആൺകുട്ടി പെൺകുട്ടിയെ ബലം പ്രയോഗിച്ച് പിടിച്ചു കൊണ്ടുപോവുകയും വിവാഹം ചെയ്യുകയുമാണ്. ശാരീരികമായി പിടിച്ചുകൊണ്ടു പോകുന്നതും ആചാരപരമായി പിടിച്ചെടുക്കലുമായി ഇതിന് രണ്ടു ഭേദങ്ങളുണ്ട്. ശാരീരികമായി പിടിച്ചെടുക്കുന്നതിനുള്ള നടപടിക്രമത്തിൽ പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി വിവാഹം ചെയ്യുകയാണ് ചെയ്യുന്നത്. ആചാരപരമായ പിടിച്ചെടുക്കലിലാകട്ടെ, അവളുടെ നെറ്റിയിൽ വിവാഹത്തിന്റെ അടയാളം അണിഞ്ഞുകൊണ്ട് പെൺകുട്ടിയെ അദ്ഭുതപ്പെടുത്തുകയാണ് ആൺകുട്ടി ചെയ്യുന്നത്. ആചാരപരമായ പിടിച്ചെടുക്കൽ നടത്തുന്ന സമൂഹങ്ങളാണ് കരിയാ, ബിർഹോർ എന്നീ വിഭാഗങ്ങൾ. ആഫ്രിക്കയിലും മലിനേഷ്യയിലും ചൈനയിലും പിടിച്ചെടുക്കൽരീതി അനുവർത്തിക്കുന്ന വിഭാഗങ്ങളുണ്ട്.

സേവനം വഴി പങ്കാളിയെ നേടൽ (Acquiring spouse by service) : ഇഷ്ടപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്യാൻ വിവാഹധനം നൽകാൻ ഇല്ലാതെ വരുമ്പോൾ വിവാഹത്തിന് മുമ്പോ പിമ്പോ കുറച്ചുകാലത്തേക്ക് പെൺകുട്ടിയുടെ രക്ഷിതാക്കളെ കൃഷിയിലും കന്നുകാലിവളർത്തലിലും സഹായിച്ചുകൊണ്ട് വിവാഹം കഴിക്കുന്ന രീതിയാണ് ഇത്. ഇതും ചർച്ചകളിലൂടെ പങ്കാളിയെ തിരഞ്ഞെടുക്കുന്ന ഒരു രീതിയാണ്. വരന്റെയും വധുവിന്റെയും രക്ഷിതാക്കൾ പരസ്പരം ആലോചിച്ച് പെൺപണത്തിനു പകരമായി വരൻ ചെയ്യേണ്ട ജോലിയുടെ സ്വഭാവവും കാലയളവും തീരുമാനിക്കുന്നു. അയ്മോളുകൾ, പുരം, ചിരു, മണിപ്പൂരിലെ കുക്കികൾ, ജപ്പാനിലെ അയിനുകൾ, എസ്കിമോകൾ എന്നിവരുടെ ഇടയിൽ ഈ രീതി വ്യാപകമാണ്.

പങ്കാളികളെ തിരഞ്ഞെടുക്കുന്നതിനുള്ള വിവിധ വഴികളെക്കുറിച്ച് ഒരു പ്രസന്റേഷൻ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.



ഗാർഹികാതിക്രമനിയമത്തെക്കുറിച്ച് ബോക്സിൽ നൽകിയിരിക്കുന്ന വിവരങ്ങൾ വായിക്കുക. ഈ നിയമം വിവാഹവുമായി ബന്ധപ്പെട്ട സ്ത്രീധനമോ മറ്റേതെങ്കിലും തരത്തിലുള്ള സാമ്പത്തിക ഇടപാടുകളോ കർശനമായി വിലക്കുന്നു. പല സംസ്കാരങ്ങളിലും നിങ്ങൾക്ക് വിവാഹവുമായി ബന്ധപ്പെട്ട് വരന്റെയും വധുവിന്റെയും കുടുംബങ്ങൾ തമ്മിൽ പലതരത്തിലുള്ള സാമ്പത്തിക കൊടുക്കൽവാങ്ങലുകളും കണ്ടെത്താൻ കഴിയും. അതിന്റെ രൂപവും രീതികളും കാലത്തിനനുസരിച്ചും സമൂഹങ്ങൾക്കനുസരിച്ചും വ്യത്യാസപ്പെട്ടേക്കാം. അടുത്ത കാലത്തായി വരന്റെയും വധുവിന്റെയും കുടുംബങ്ങൾ തമ്മിലുള്ള ഇത്തരം ഇടപാടുകൾ ഗാർഹികാതിക്രമങ്ങളിലേക്ക് നയിക്കപ്പെടുന്നു. വിവാഹവുമായി ബന്ധപ്പെട്ട സാമ്പത്തിക തലങ്ങളിലേക്ക് നമുക്ക് കടന്നുപോകാം.



ഗാർഹികാതിക്രമങ്ങളിൽ നിന്നു സ്ത്രീകൾക്കുള്ള സംരക്ഷണം

2005 ആഗസ്തിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കി 2006 ഒക്ടോബർ 26ന് നിലവിൽ വന്ന നിയമമാണിത്. ഭർത്താവിന്റെയും ബന്ധുക്കളുടെയും അതിക്രമങ്ങളിൽനിന്ന് സ്ത്രീക്ക് സംരക്ഷണം നൽകുകയാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. ശാരീരികമോ മാനസികമോ വൈകാരികമോ വാചികമോ ലൈംഗികമോ സാമ്പത്തികമോ ആയ പീഡനങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു. സ്ത്രീധനം ചോദിക്കുന്നത് ഈ നിയമത്തിന്റെ പരിധിയിൽ കുറ്റകരമാണ്.

വിവാഹാനുബന്ധ സാമ്പത്തിക ഇടപാടുകൾ (Marriage Payments)

വിവാഹവുമായി ബന്ധപ്പെട്ട പണമിടപാടുകൾ വിവാഹത്തിനു മുമ്പോ ശേഷമോ വിവാഹസമയത്തോ നടക്കുന്നു. ഈ ഇടപാടുകൾ പ്രധാനമായും സ്ത്രീധനം (Dowry), പെൺപണം (Bride price) എന്നീ രൂപങ്ങളിലാണ്.



വിവാഹമാണ് കുടുംബത്തിന്റെ അടിസ്ഥാനം. സ്ത്രീധനസമ്പ്രദായം വിവാഹത്തിന്റെയും കുടുംബത്തിന്റെയും ധർമങ്ങൾ ഇല്ലാതാക്കുന്നുവെന്ന് പറയാമോ?

സ്ത്രീധനം (Dowry)

വധുവിന്റെ കുടുംബം വരനോ വരന്റെ കുടുംബത്തിനോ നൽകുന്ന നിർബന്ധിത സമ്പത്താണ് സ്ത്രീധനം. സ്ത്രീധനമെന്നത് പണമോ സാധനങ്ങളോ രണ്ടും കൂടിയതോ ആകാം. വധുവിന്റെ കുടുംബം വിലപിടിപ്പുള്ള ആഭരണങ്ങൾ, വസ്ത്രങ്ങൾ, മറ്റ് ഉപയോഗയോഗ്യമായ വസ്തുക്കൾ

എന്നിവ വരനോ വരന്റെ കുടുംബത്തിനോ നൽകുന്നു. ഇത് സമൂഹത്തിലെ വരന്റെ പ്രത്യേക സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ സ്ത്രീധനം എന്നത് നിയമപ്രകാരം വിലക്കപ്പെട്ടതാണെങ്കിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അത് നിലനിൽക്കുന്നു. ഈ വ്യവസ്ഥ കാരണം പലപ്പോഴും നവവധുക്കളുടെ സ്വയഹത്യകളും സ്ത്രീധനമരണങ്ങളും സംഭവിക്കുന്നു.

പെൺപണം (Bride Wealth)

വധുവിന്റെ അച്ഛനമ്മമാർക്ക് വരനോ വരന്റെ കുടുംബമോ പണം നൽകുന്ന സമ്പ്രദായമാണ് ഇത്. ഈ ആചാരം നേരത്തേ 'വധുവില' ('Bride Price) എന്ന പേരിൽ അറിയപ്പെട്ടിരുന്നത് പിന്നീട് 'പെൺപണം' (Bride Wealth) എന്നും അറിയപ്പെട്ടു.

- ചോട്ടാ നാഗ്പൂരിലെ ഒറാവോൺസ് വധുവിനും അവരുടെ ബന്ധുക്കൾക്കും വേണ്ട വസ്ത്രങ്ങൾ നൽകുന്നു.
- ദക്ഷിണാഫ്രിക്കയിലെ ന്യൂയറുകൾ കന്നുകാലികളെ നൽകുന്നു.
- കുട്ട നിറയെ നെല്ലാണ് നാഗൻമാർ നൽകുന്നത്.

സമൂഹത്തിലെ വധുവിന്റെ പ്രാധാന്യമാണ് പെൺപണം(Bride Wealth) സൂചിപ്പിക്കുന്നത്.


വിവാഹ പണമിടപാടുകളും അതിന്റെ സാമൂഹിക- സാമ്പത്തിക സ്വാധീനവും എന്ന വിഷയത്തിൽ ഒരു ചർച്ച നടത്തി റിപ്പോർട്ട് തയാറാക്കുക.



വിവാഹമോചനം (Divorce)

എല്ലായ്പ്പോഴും വിവാഹമെന്നത് ചില ധർമങ്ങളുടെ പൂർത്തീകരണത്തിനുള്ളതാണ്. ഏതെങ്കിലും ഒരു പങ്കാളി പങ്കാളിയോടോ ബന്ധുക്കളോടോ ഉള്ള തന്റെ ഉത്തരവാദിത്തത്തിൽ പരാജയപ്പെടുന്നത് വിവാഹബന്ധം വേർപിരിയാൻ കാരണമാവുന്നു. വിവാഹപങ്കാളികൾ തമ്മിലുള്ള ബന്ധം വേർപിരിയുന്നത് വിവാഹമോചനം വഴിയാണ്. വിവാഹമോചനത്തിന്റെ നടപടിക്രമങ്ങൾ സമൂഹങ്ങൾക്കിടയിൽ വളരെ വ്യത്യാസമുള്ളവയാണ്. ആധുനികസമൂഹങ്ങളിൽ വിവാഹമോചനനിരക്ക് താരതമ്യേന കൂടുതലാണെന്നാണ് ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു സാമൂഹികപ്രശ്നമെന്ന നിലയിൽ നമ്മളതിന്റെ കാരണങ്ങളിലേക്കും പരിണതഫലങ്ങളിലേക്കും അന്വേഷണം നടത്തേണ്ടതുണ്ട്.

വിവാഹമോചനത്തിന്റെ ഗൗരവം മനസ്സിലാക്കാൻ നിങ്ങളുടെ പരിസരത്ത് ഒരു സർവേ നടത്തുക. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കി സെമിനാർ മാതൃകയിൽ അവതരിപ്പിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. സ്ത്രീധനം, പെൺപണം എന്നിവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക.
2. നിങ്ങളുടെ സമൂഹത്തിൽ പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ ലിസ്റ്റ് ചെയ്യുക.

ഒരു സാമൂഹികസ്ഥാപനം എന്ന നിലയിൽ സാമൂഹികകൂട്ടായ്മകളുടെ അടിസ്ഥാനം വിവാഹമാണ്. കുടുംബത്തിന്റെ രൂപീകരണത്തോടെ വിവാഹത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്നു. വിവിധ വിഭാഗങ്ങളിലും വിവിധ സ്ഥലങ്ങളിലുമുള്ള വ്യക്തികളെ അത് യോജിപ്പിക്കുന്നു. അങ്ങനെ രൂപപ്പെടുന്ന ബന്ധുത്വം ഒരു പുതിയ സാമൂഹികവിഭാഗമായ കുടുംബം ഉണ്ടാക്കുന്നു.

II കുടുംബം (Family)

ഇസ്രായേലിലെ കിബൂട്സ് വ്യവസ്ഥിതിയെക്കുറിച്ച് ബോക്സിൽ നൽകിയ വിവരണം വായിക്കുക. ഇസ്രായേലിലെ ഒരു സാമൂഹികവിഭാഗമാണ് കിബൂട്സ്. ഈ ഗ്രൂപ്പിലെ അംഗങ്ങൾ പൊതുവായ വൈകാരികബന്ധം വച്ചുപുലർത്തുകയും സഹകരണാത്മകമായ ജീവിതം നയിക്കുകയും ചെയ്യുന്നു. പക്ഷേ, അത് രൂപംകൊണ്ടിരിക്കുന്നത് ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിലല്ല. ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള കൂട്ടായ്മയെയാണ് നാം കുടുംബം എന്നു വിളിക്കുന്നത്. ഇസ്രായേലിലെ കിബൂട്സിനെ ഒരു കുടുംബം എന്നു വിളിക്കാനാവുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഒരു കുടുംബത്തിൽനിന്ന് അത് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു? നിങ്ങളുടെ പ്രദേശത്തുള്ള ഒരു കുടുംബവും കിബൂട്സും തമ്മിലുള്ള വ്യത്യസങ്ങൾ എന്തൊക്കെയാണ്? ഇതിന് ഉത്തരം നൽകാൻ നമുക്ക് കുടുംബം എന്നതിന്റെ അർഥവും നിർവചനവും എന്തെന്ന് പരിശോധിക്കാം.

മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന സാമൂഹികഘടകമാണ് കുടുംബം. സമൂഹങ്ങൾക്കനുസരിച്ച് അതിന്റെ സ്വഭാവവും പ്രകൃതവും മാറിക്കൊണ്ടേയിരിക്കുന്നു. അടിസ്ഥാനപരമായി രക്ഷിതാക്കളും അവരുടെ കുട്ടികളും അടങ്ങുന്ന സാമൂഹിക - സാമ്പത്തികഘടകമാണ് കുടുംബം. ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് ചില അവകാശങ്ങളും കീഴ്വഴക്കങ്ങളും കടമകളുമുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള വ്യക്തിബന്ധങ്ങളാണ് കുടുംബത്തെ ഒരു സാമൂഹിക ഏകകമായി നിലനിർത്തുന്നത്. കുടുംബാംഗങ്ങൾ സാധാരണ ഒരു വീട്ടിലാണ് താമസിക്കുന്നത്. ഇത് അവരുടെ കുട്ടികൾക്ക് ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കാനുള്ള അവസരമൊരുക്കുന്നു. അങ്ങനെ രൂപത്തിലും ഘടനയിലും വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും കുടുംബമെന്നത് എല്ലാ സമൂഹങ്ങളിലും നിലനിൽക്കുന്ന സാർവത്രികമായ ഏകകമാണ്.

കുടുംബം : നിർവചനം
(Definition of Family)

വിവാഹത്തെ നിർവചിച്ചതു പോലെത്തന്നെ കുടുംബത്തെയും നിരവധി നരവംശശാസ്ത്രജ്ഞർ നിർവചിച്ചിട്ടുണ്ട്.

- "കുടുംബമെന്നത് പൊതുവായ താമസം, സാമ്പത്തികസഹകരണം, പ്രത്യുൽപ്പാദനം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള സാമൂഹികവിഭാഗമാണ്. ഇത് ആൺ- പെൺ വിഭാഗങ്ങൾ ഉൾപ്പെടുന്ന, സാമൂഹികമായി അംഗീകരിക്കപ്പെട്ട ലൈംഗികബന്ധമുള്ള ഏതെങ്കിലും രണ്ടു പേരെങ്കിലും ഉള്ളതും സ്വന്തമായതോ ദത്തെടുക്കപ്പെട്ടതോ ആയ ഒന്നോ അതിൽക്കൂടുതലോ കുട്ടികളുള്ളതുമായ ഒരു കൂട്ടമാണ്"- ജോർജ് പീറ്റർ മർഡോക്ക്, അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ (1957, വേൾഡ് ഇത്തനോഗ്രാഫിക് സാമ്പിൾ)
- "വിവാഹം, വിവാഹ ഉടമ്പടി എന്നിവയുടെ അടിസ്ഥാനത്തിൽ, രക്ഷാകർതൃത്വത്തിന്റെ അവകാശങ്ങളും കടമകളും അംഗീകരിച്ചുകൊണ്ട്, ഭാര്യക്കും ഭർത്താവിന്നും പൊതു താമസസ്ഥലവും പരസ്പരമുള്ള സാമ്പത്തികകടമകളുമുള്ള പൊതു ഗ്രൂപ്പാണ് കുടുംബം" വില്യം ന്യൂട്ടൺ സ്റ്റിഫാൻസ്, അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ.
- "കുടുംബമെന്നത്, വൈവാഹികബന്ധങ്ങളും രക്ഷാകർതൃത്വത്തിന്റെ അവകാശങ്ങളും കടമകളും പൊതുവാസസ്ഥലവും രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള പരസ്പര ബന്ധവും അടങ്ങിയ ഗ്രൂപ്പാണ്.''(റോബർട്ട് എച്ച് ലൂയി, അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ)



മുകളിൽ നൽകിയ പ്രത്യേകതകളിൽനിന്നു കുടുംബം എന്നതിന്റെ പ്രധാന പ്രത്യേകതകൾ ലിസ്റ്റ് ചെയ്യുക.



ഇസ്രായേൽ കിബുട്സ് സമ്പ്രദായം

കൂട്ടുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കൂട്ടായ്മയാണ് ഇസ്രായേൽ കിബൂട്സ്. സോഷ്യലിസ്റ്റ് തത്ത്വമായ സമത്വത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്ന ഒരു ചെറു ജനസമൂഹമാണിത്. ഇവർ എല്ലാവരുടേയും അന്നത്തിനായി ഒരുമിച്ച് പ്രയത്നിക്കുന്നു. ഇസ്രായേൽ ജനതയിലെ ഒരു ചെറു ശതമാനം മാത്രമാണ് കിബൂട്സുകൾ. നടക്കുന്ന 3000 വിവാഹങ്ങളിൽ 14 എണ്ണം മാത്രമേ ഒരേ കിബൂട്സി അംഗങ്ങൾ തമ്മിലുള്ളു. ഇതിൽ കുട്ടികൾ ആരും തന്നെ ആദ്യ ആറുവർഷം ഒരുമിച്ച് വളരുന്നില്ല. സാമൂഹ്യ നിയന്ത്രണങ്ങളില്ലാതെ കുട്ടിക്കാലത്തെ അടുപ്പം ലൈംഗിക അകൽച്ചയുണ്ടാക്കില്ല എന്ന് കണക്കാക്കപ്പെടുന്നു. അതായത് സാമൂഹിക നിയമങ്ങൾക്ക് കുടുംബരൂപീകരണത്തിൽ പ്രധാന പങ്കുണ്ട്. ലിംഗസമത്വം, സമുദായരീതിയിലെ ജീവിതക്രമം, മറ്റു സാമൂഹീകവൽക്കരണ പ്രക്രിയകൾ എന്നിവ പഠിക്കാൻ ഇത് സഹായിക്കുന്നു. 'കിബൂട്സിൽ' ഔപചാരിക വിദ്യാഭ്യാസവും നൽകുന്നു. കാർഷിക, വ്യാവസായിക രംഗങ്ങളിൽ സ്ത്രീകൾക്ക് തുടർന്ന് പ്രവർത്തിക്കാൻ ഈ സംവിധാനം അവസരമൊരുക്കുന്നു. സാമുദായിക വിദ്യാഭ്യാസമാണ് ഇത്തരത്തിൽ സ്ത്രീസ്വാതന്ത്ര്യത്തിലേക്കുള്ള ആദ്യപടി. ഇതിനായി കുട്ടികൾക്ക് ധാരാളം സമയം ഒരുമിച്ച് പഠനം, കളി, ഉറക്കം എന്നിവയിലൂടെ ചെലവഴിക്കാൻ കഴിയുന്ന കുട്ടികളുടെ സമുദായവീടുകൾ അവർ ഒരുക്കുന്നു. രക്ഷിതാക്കൾ 3 മുതൽ 4 വരെ മണിക്കൂറുകൾ ഓരോ ദിവസവും ഇവരൊന്നിച്ച് ചെലവഴിക്കുന്നു. കുട്ടികളുടെ വീടുകളിൽ പരിശീലനം ലഭിച്ച നഴ്സുമാരും അധ്യാപികമാരും അവരെ സംരക്ഷിക്കുന്നു.

- പൊതുവാസസ്ഥലം
- വൈകാരികബന്ധം
- ……..
- ……..


ഒരുകൂട്ടം ആളുകളുടെ വെറും കൂട്ടായ്മ മാത്രമല്ല കുടുംബം. ജൈവികമായും സാമൂഹികമായും സാമ്പത്തികമായും പരസ്പരബന്ധിതമായ ഒരു കൂട്ടം വ്യക്തികൾ ചേർന്നാണ് ഇതുണ്ടാകുന്നത്.

- ഇസ്രായേലിലെ കിബൂട്സ് സമൂഹത്തെ കുടുംബത്തിൽനിന്നു വ്യത്യസ്തമാക്കുന്ന പ്രത്യേകതകൾ എന്തൊക്കെയാണ്?
- രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള ഏതെങ്കിലും ബന്ധം നിങ്ങൾക്ക് കിബൂട്സിൽ കാണാൻ പറ്റുമോ?

കുടുംബങ്ങൾ അവയുടെ വലുപ്പത്തിലും ഘടനയിലും ക്രമീകരണത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. താഴെ നൽകിയിരിക്കുന്ന കുടുംബത്തിന്റെ വർഗീകരണം ശ്രദ്ധിക്കൂ.

വിവിധ തരം കുടുംബങ്ങൾ (Forms of Family)

കുടുംബങ്ങളെ പൊതുവെ രണ്ടായിത്തിരിക്കാം, **അണുകുടുംബങ്ങളെന്നും മിശ്രകുടുംബങ്ങളെന്നും.**



അണുകുടുംബം (Nuclear family): അണുകുടുംബങ്ങൾ ഏകവിവാഹ കുടുംബങ്ങളെന്നും അറിയപ്പെടുന്നു. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ഏകവിവാഹത്തിന്റെ ഫലമാണ് ഇത്തരം കുടുംബങ്ങൾ. അതുകൊണ്ട് ഒരു അണുകുടുംബത്തിൽ വിവാഹിതരായ സ്ത്രീയും പുരുഷനും

അവരുടെ മക്കളുമാണ് ഉൾപ്പെടുക. ചിലപ്പോൾ ഒപ്പം മറ്റു ചിലരെയും കണ്ടേക്കാം. അണുകുടുംബം മറ്റു പല പേരുകളിലും അറിയപ്പെടുന്നു, അടിസ്ഥാനകുടുംബം, ദാമ്പത്യകുടുംബം, മൂലകുടുംബം, പ്രാഥമികകുടുംബം എന്നിങ്ങനെ.



ചിത്രം.6.5 - അണുകുടുംബം

മിശ്രകുടുംബം (Composite Family)

രണ്ടോ അതിൽ കൂടുതലോ അണുകുടുംബങ്ങൾ കൂടിച്ചേരുമ്പോഴാണ് മിശ്രകുടുംബങ്ങൾ രൂപംകൊള്ളുന്നത്. വിവാഹങ്ങളിലൂടെയും രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിലൂടെയും ഇത് രൂപംകൊള്ളാം. ബഹുവിവാഹകുടുംബങ്ങൾ (പോളിഗാമസ് കുടുംബങ്ങൾ), വിസ്തൃത കുടുംബങ്ങൾ (എക്സ്റ്റൻഡഡ്) എന്നിങ്ങനെ രണ്ടുതരം മിശ്രകുടുംബങ്ങളുണ്ട്.

(എ) **ബഹുവിവാഹ (പോളിഗാമസ്) കുടുംബങ്ങൾ:** ബഹുഭാര്യത്വം വഴിയോ ബഹുഭർത്തൃത്വം വഴിയോ ആയ വിവാഹങ്ങളിലൂടെ ഉണ്ടാകുന്ന രണ്ടോ അതിൽ കൂടുതലോ കുടുംബങ്ങൾ ഉൾക്കൊള്ളുന്നതാണിത്. ഇത് ബഹുഭാര്യാകുടുംബങ്ങളും ബഹുഭർത്തൃ കുടുംബങ്ങളും ആകാം.

ഒരു പുരുഷൻ ഒന്നിൽക്കൂടുതൽ സ്ത്രീകളെ വിവാഹം ചെയ്യുന്നതു വഴി ഉണ്ടാകുന്ന കുടുംബമാണ് ബഹുഭാര്യാ കുടുംബം. ഉദാഹരണം : ആന്തമാൻ വിഭാഗങ്ങൾ, കാണിക്കാർ.



ചിത്രം.6.6 - തോഡ സ്ത്രീയും ഭർത്താക്കന്മാരും

ഒരു സ്ത്രീ ഒന്നിൽക്കൂടുതൽ പുരുഷൻമാരെ വിവാഹം ചെയ്യുമ്പോഴാണ് ബഹുഭർത്തൃകുടുംബങ്ങളുണ്ടാവുന്നത്. സ്ത്രീ അവരുടെ എല്ലാ ഭർത്താക്കൻമാരോടും അവരുടെ കുട്ടികളോടും ഒപ്പം താമസിക്കുന്നു. ഉദാഹരണം : നീലഗിരിയിലെ തോഡാ വിഭാഗക്കാർ.

(b) **വിസ്തൃതകുടുംബങ്ങൾ (Extended families):** രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ രണ്ടോ അതിലധികമോ അണുകുടുംബങ്ങൾ ചേരുമ്പോഴാണ് ഇവ രൂപപ്പെടുന്നത് വിവാഹത്തിനുശേഷമുള്ള വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ പിതൃബന്ധകുടുംബം, മാതൃബന്ധ കുടുംബം, മാതൃസഹോദരസ്ഥാനീയ കുടുംബം, ഉഭയസ്ഥാനീയ കുടുംബം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.

i അച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ രണ്ടോ അതിലധികമോ അണുകുടുംബങ്ങൾ ഉൾക്കൊള്ളുന്നതാണ് പിതൃബന്ധ (Patrilocal)

കുടുംബങ്ങൾ. രക്ഷിതാക്കൾ, അവരുടെ ആൺമക്കൾ, ആൺമക്കളുടെ ഭാര്യമാർ, അവരുടെ കുട്ടികൾ എന്നിവർ ഉൾക്കൊള്ളുന്നതാണ് ഇത്.

ii അമ്മയും മകളും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ രണ്ടോ അതിലധികമോ കുടുംബങ്ങൾ ചേർന്നാണ് മാതൃബന്ധകുടുംബങ്ങൾ (Matrilocal) ഉണ്ടാകുന്നത്. രക്ഷിതാക്കൾ, അവരുടെ പെൺമക്കൾ, പെൺമക്കളുടെ ഭർത്താക്കൻമാർ, അവരുടെ കുട്ടികൾ എന്നിവർ ഉൾപ്പെട്ടതാണിത്.

iii മാതൃ-പിതൃബന്ധ (Bilocal) വിസ്തൃതകുടുംബങ്ങളിൽ രണ്ടോ അതിലധികമോ മാതൃബന്ധ കുടുംബങ്ങളോ പിതൃബന്ധ കുടുംബങ്ങളോ ചേരുന്നു.

iv മാതൃസഹോദരനും സഹോദരിയുടെ മകനും തമ്മിലുള്ള ബന്ധം കൊണ്ടുണ്ടാകുന്ന രണ്ടോ അതിലധികമോ അണുകുടുംബങ്ങൾ ഒരുമിച്ചു ചേരുമ്പോഴാണ് മാതൃസഹോദരസ്ഥാനീയ കുടുംബങ്ങൾ രൂപംകൊള്ളുന്നത്.

അണുകുടുംബങ്ങളുടെയും മിശ്രകുടുംബങ്ങളുടെയും ഗുണങ്ങളെയും ദോഷങ്ങളെയും കുറിച്ച് വ്യത്യസ്താഭിപ്രായങ്ങളുണ്ട്. ഇക്കാര്യം ചർച്ചചെയ്യുക.

കൂട്ടുകുടുംബവും അണുകുടുംബവും എന്ന വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കുക.



കാലം കടന്നുപോകുന്നതിനനുസരിച്ച് പല സവിശേഷതകൾ കൂടിച്ചേർന്നും ഇല്ലാതായും കുടുംബം എന്ന സങ്കൽപ്പത്തിന് രൂപമാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക-സാംസ്കാരിക പുരോഗതി കുടുംബം എന്ന സ്ഥാപനത്തിന് പുതിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. മിക്ക പരമ്പാരാഗത കൂട്ടുകുടുംബങ്ങളും അണുകുടുംബങ്ങളിലേക്ക് മാറിയിട്ടുണ്ട്. കുടുംബത്തിന്റെ ഘടനയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും. അത് നിർവഹിക്കുന്ന ധർമങ്ങളിൽ കാര്യമായ മാറ്റങ്ങളുണ്ടായിട്ടില്ല. ഘടനയിൽ മാറ്റങ്ങൾ ഉണ്ടായെങ്കിലും കുടുംബം ഒരു സ്ഥാപനം എന്ന നിലയിൽ ലോകത്താകമാനമുള്ള എല്ലാ സമൂഹങ്ങളിലും നിലനിൽക്കുന്നു.

പുരോഗതി വിലയിരുത്തുക

1. വ്യത്യസ്തതരം കുടുംബങ്ങളെ അപഗ്രഥിച്ച് നിങ്ങളുടെ ചുറ്റുപാടുമുള്ള വിവിധ തരം കുടുംബങ്ങളെയും അവരുടെ വാസസ്ഥലരീതികളും കണ്ടെത്തുക.

2. വ്യത്യാസം കണ്ടെത്തുക.
   - അണുകുടുംബവും മിശ്രകുടുംബവും
   - ബഹുവിവാഹ കുടുംബവും വിസ്തൃതകുടുംബവും
   - ബഹുഭാര്യാകുടുംബവും ബഹുഭർത്തൃകുടുംബവും
   - പിതൃബന്ധകുടുംബവും മാതൃബന്ധകുടുംബവും
   - മാതൃസഹോദരസ്ഥാനീയ താമസവും പിതൃസഹോദരിസ്ഥാനീയ താമസവും.

സമൂഹത്തിന്റെ അടിസ്ഥാനഘടകം കുടുംബമാണെന്ന് നിങ്ങൾക്കറിയാമല്ലോ. അങ്ങനെയെങ്കിൽ കുടുംബം ഉദ്ഭവിക്കുന്നത് അനവധി ധർമങ്ങളിലൂടെയാണ്.
ഇനി നമുക്ക് കുടുംബത്തിന്റെ ധർമങ്ങളെക്കുറിച്ച് ചർച്ചചെയ്യാം.


കുടുംബത്തിന്റെ ധർമങ്ങൾ (Functions of Family)

വിവാഹത്തിനുള്ളതു പോലെ കുടുംബം എന്ന സ്ഥാപനത്തിനും പ്രത്യേകം ധർമങ്ങളുണ്ട്. അവ താഴെക്കൊടുത്തിരിക്കുന്നു.

- സാമ്പത്തികധർമങ്ങൾ
- ജൈവികധർമങ്ങൾ
- മനശ്ശാസ്ത്രധർമങ്ങൾ
- വിദ്യാഭ്യാസധർമങ്ങൾ

സാമ്പത്തികധർമങ്ങൾ (Economic Functions): കുടുംബത്തിന് ചില സാമ്പത്തികധർമങ്ങൾ നിറവേറ്റാനുണ്ട്. ഇത് വ്യക്തികളുടെ പ്രാഥമികാവശ്യങ്ങളായ ആഹാരം, പാർപ്പിടം, വസ്ത്രം എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. കുടുംബാംഗങ്ങളുടെ ഇടയിൽ നിശ്ചിതമായ തൊഴിൽ വിഭജനവും കാണാൻ സാധിക്കും. മിക്ക മാനവസമൂഹങ്ങളിലും ആണുങ്ങൾ വീട്ടിനു പുറത്തുള്ള ജോലികളിൽ ഏർപ്പെടുമ്പോൾ സ്ത്രീകൾ ദൈനംദിന പ്രവർത്തനങ്ങളായ ശിശുപരിപാലനം, വീട്ടുജോലികൾ തുടങ്ങിയവയിൽ മുഴുകുന്നവരായിരുന്നു. ലിംഗപരമായ തൊഴിൽ വിഭജനത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? പുരുഷസഹജമായതും സ്ത്രീസഹജമായതുമായ ജോലികൾ എന്നൊന്നുണ്ടോ? ഇത്തരം വിഭജനത്തിന്റെ വിവക്ഷ എന്താണ്? ഈ വിഭജനം സാർവത്രികമാണോ? ഇവയ്ക്ക് എന്തെങ്കിലും പാവനത കൽപ്പിക്കേണ്ടതുണ്ടോ? സമകാലിക സമൂഹത്തെ നിരീക്ഷിച്ചാൽ ലഭിക്കുന്ന അറിവ് എന്താണ്?

ലിംഗബന്ധിതമായ തൊഴിൽവിഭജനവും ലിംഗനീതിയും എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുക.



ജൈവികധർമങ്ങൾ (Biological Functions): സന്താനങ്ങളെ സൃഷ്ടിക്കലാണ് ഒരു കുടുംബത്തിന്റെ പ്രാഥമികമായ ജൈവികധർമം. സ്ത്രീക്കും പുരുഷനുമുള്ള ജൈവിക ആവശ്യങ്ങൾ നിറവേറ്റുകയും പൊതുവാസസ്ഥലം നൽകുകയും ചെയ്യുന്ന ജീവശാസ്ത്ര ഘടകമാണ് ഇത്.

മനശ്ശാസ്ത്രധർമങ്ങൾ (Psychological functions): കുടുംബം അതിലെ അംഗങ്ങൾക്ക് സുരക്ഷിതത്വം പ്രദാനം ചെയ്യുന്നു. കുടുംബത്തിലെ പ്രായമായവർക്കും രോഗികൾക്കും സംരക്ഷണവും ശ്രദ്ധയും ലഭിക്കുന്നു. ഇതുവഴി വ്യക്തികൾക്ക് വൈകാരികമായ പിന്തുണ ലഭിക്കുന്നു. മുതിർന്നവർ ഇളംതലമുറയ്ക്ക് പ്രധാന ജീവിതസന്ദർഭങ്ങളിൽ ഉപദേശകരും വഴികാട്ടികളുമായി മാറുന്നു.

വിദ്യാഭ്യാസധർമങ്ങൾ (Educational functions): കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നത് കുടുംബമാണ്. കുട്ടികളുടെ വളർത്തുകാലം ഓരോ സമൂഹത്തിലും വ്യത്യസ്തമാണ്. സമൂഹത്തിന്റെ ആചാരങ്ങളും പാരമ്പര്യവും കുട്ടിക്കാലം തൊട്ടേ കുട്ടി പഠിക്കുന്നു. രക്ഷിതാക്കളും മറ്റു മുതിർന്നവരും കുട്ടിയെ സമൂഹത്തിന്റെ ചിട്ടകളും മൂല്യങ്ങളും പഠിപ്പിക്കുന്നത് കുടുംബത്തിനുള്ളിലാണ്. അതുകൊണ്ടുതന്നെ കുട്ടിയുടെ സാമൂഹീകരണപ്രക്രിയയിലും വിദ്യാഭ്യാസപ്രക്രിയയിലും കുടുംബം പ്രധാന പങ്കു വഹിക്കുന്നുണ്ട്. ആധുനികകാലത്ത് പൊതുവെ സാമൂഹികവിരുദ്ധപ്രവർത്തനങ്ങൾ കൂടിവരുമ്പോൾ കുടുംബത്തിന്റെ വിദ്യാഭ്യാസപരമായ ധർമങ്ങൾ വളരെ പ്രധാനപ്പെട്ടതത്രേ.



ഇന്റർനെറ്റ്, പുസ്തകങ്ങൾ എന്നിവയിൽനിന്നു ശിശുപീഡനം, അതിൽ മാധ്യമങ്ങളുടെ പങ്ക്, പരിമിതിയുള്ള കുട്ടികളോടുള്ള മനോഭാവം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് 'മാറിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരിക്കപ്പെട്ട ലോകത്തിൽ കുടുംബത്തിന്റെ പങ്ക്' എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.



ഇടുക്കിയിലെ മുതുവാൻ വിഭാഗക്കാർക്കിടയിലും വിവാഹിതരല്ലാത്ത ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം താമസസ്ഥാനങ്ങളുണ്ട്. ഒൻപതോ പത്തോ വയസ്സായ കുട്ടികളാണ് ഇതിലെ അന്തേവാസികൾ. രാത്രിയിൽ ഇവർ അവരവരുടെ താമസകേന്ദ്രത്തിൽ മാത്രം ഉറങ്ങുന്നു. വിവാഹം വരെ ഇങ്ങനെ മാറിത്താമസിക്കുന്നു. ആൺകുട്ടികളുടെ താമസസ്ഥലം 'ചാവടി' എന്നും പെൺകുട്ടികളുടെ താമസസ്ഥലം 'തിണവീട്' എന്നും അറിയപ്പെടുന്നു. മുതുവാൻ വിഭാഗക്കാർക്കിടയിൽ അവരുടെ ആചാരങ്ങളും പാരമ്പര്യങ്ങളും കൈമാറ്റം ചെയ്യുന്നതിൽ ഇത്തരം പ്രത്യേക താമസസ്ഥാനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. വൃദ്ധർ യുവാക്കളിലേക്കും യുവാക്കൾ കുട്ടികളിലേക്കും അവരുടെ പാരമ്പര്യം പകർന്നു നൽകുന്നു. ഈ പ്രത്യേക വാസസ്ഥാന സംവിധാനം മുതുവാൻ യുവതീയുവാക്കൾക്ക് തങ്ങളുടെ ബന്ധുത്വപരവും സാമൂഹികമായ ഉത്തരവാദിത്തങ്ങളും അവരുടെ കുലത്തിന്റെ നാടോടിവിജ്ഞാനവും മനസ്സിലാക്കാൻ സഹായിക്കുന്നു. മുതുവാൻ കുട്ടികൾക്ക് സാമൂഹിക വിദ്യാഭ്യാസം നൽകുകയാണ് ഈ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം.

സ്രോതസ്സ്: എൽ.പി. വിദ്യാർഥി (1978), ദി റെയ്സ് ഓഫ് ആന്ത്രോപോളജി ഇൻ ഇന്ത്യ സോഷ്യൽ സയൻസ് ഓറിയന്റേഷൻ

വാല്യം 1. പേജ് 297

പഠനപുരോഗതി വിലയിരുത്താം

1. കുടുംബത്തിന്റെ ധർമങ്ങൾ പരിശോധിക്കുക.
   - എല്ലാ കുടുംബങ്ങളും അവയുടെ സ്വഭാവത്തിൽ ഒരേപോലെയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
   - നിങ്ങളുടെയും നിങ്ങളുടെ അയൽക്കാരുടെയും കുടുംബങ്ങളുടെ ഘടനകൾ തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങൾ കണ്ടെത്താൻ സാധിക്കുന്നുണ്ടോ?
   - എല്ലാ കുടുംബങ്ങളുടെയും വലുപ്പം ഒരുപോലെയാണോ?

കുടുംബം -സാർവത്രികത (Universality of family)

വിവാഹത്തിന്റെ കാര്യത്തിൽ എന്നതുപോലെ കുടുംബവും ഒരു സാംസ്കാരിക സാർവത്രിക സ്ഥാപനമാണ്. കുടുംബമെന്ന ആശയം ലോകത്തിലെ എല്ലാ സമൂഹങ്ങളിലും നിലനിൽക്കുന്നുണ്ട്. പക്ഷേ, സമൂഹങ്ങൾക്കനുസൃതമായി അതിന്റെ രൂപവും വലുപ്പവും മാറുന്നു. കൂടാതെ, ഒരു സമൂഹത്തിനുള്ളിൽപ്പോലും വ്യത്യസ്ത തരത്തിലുള്ള കുടുംബങ്ങൾ കണ്ടേക്കാം. കുടുംബങ്ങൾ അതിന്റെ ഘടനയിൽ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു. കുടുംബത്തിന്റെ സ്വഭാവം ഒരേ സമയം താൽക്കാലികവും സ്ഥിരവുമാണ്. കുടുംബം ഒരു സ്ഥാപനമെന്ന നിലയിൽ സുസ്ഥിരമാണെങ്കിലും അതിന്റെ ഘടനാപരമായ സ്വഭാവം മാറിക്കൊണ്ടിരിക്കുന്നുണ്ട്. മാറ്റങ്ങളുണ്ടാവുന്നുണ്ടെങ്കിലും കുടുംബമെന്ന സ്ഥാപനം ഒരിക്കലും ഇല്ലാതാവുന്നില്ല.

നേരത്തേ സൂചിപ്പിച്ചതുപോലെ വിവിധ പണ്ഡിതർ കുടുംബത്തെ പല രീതിയിൽ നിർവചിച്ചിരിക്കുന്നു. ലോകത്തിലെ വ്യത്യസ്തങ്ങളായ സമൂഹങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും ഈ എല്ലാ നിർവചനങ്ങളും ബാധകമാവുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നമുക്ക് അത് പരിശോധിക്കാം.


കുടുംബം: സാർവത്രികനിർവചനങ്ങൾ (Universal definitions of family)

എല്ലാ സംസ്കാരങ്ങളിലും സമൂഹങ്ങളിലും കാണപ്പെടുന്നതുകൊണ്ട് കുടുംബമെന്നത് സാർവത്രികമാണെന്ന് നിങ്ങൾക്കറിയാം. കുടുംബം സാർവത്രികമാണെങ്കിൽ സാർവത്രികമായി എല്ലാ കുടുംബങ്ങൾക്കും ബാധകമായ നിർവചനം ഏതാണ്? നമുക്ക് ആ നിർവചനങ്ങൾ ഒന്നു കൂടി പരിശോധിക്കാം.

മർഡോക്കിന്റെ നിർവചനമാണോ സ്റ്റിഫാൻസിന്റേതാണോ കൂടുതൽ യോജിച്ചത്? വിവാഹം, പൊതുവാസം, സന്താനോൽപ്പാദനം, കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള പരസ്പര ബന്ധം എന്നിവയ്ക്കാണ് ഇവരുടെ നിർവചനങ്ങൾ പ്രാധാന്യം നൽകിയിരിക്കുന്നത്. ഇവ മാത്രമാണ് ഒരുകൂട്ടം ആൾക്കാരെ ഒരു കുടുംബം എന്ന് പരിഗണിക്കാനുള്ള മാനദണ്ഡങ്ങൾ എന്നു നിങ്ങൾ കരുതുന്നുണ്ടോ? ഈ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന കുടുംബങ്ങൾ കുറച്ചു മാത്രമേ കാണൂ. ഉദാഹരണത്തിന്, സംബന്ധം എന്ന രീതി അനുവർത്തിച്ചിരുന്ന കേരളത്തിലെ പമ്പാരാഗത നായർസമുദായത്തിനിടയിൽ ഭാര്യാഭർത്താക്കൻമാർക്ക് പൊതുവാസസ്ഥലമോ സാമ്പത്തികസഹകരണമോ ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല, ഒരു കുടുംബത്തിന്റെ രൂപീകരണത്തിന് അത് അത്യാവശ്യവുമായിരുന്നില്ല.

എല്ലാ സമുദായങ്ങൾക്കും ബാധകമായ സാർവത്രികമായ ഒരു നിർവചനം കുടുംബത്തിനുണ്ടാവുക സാധ്യമല്ല എന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. സാംസ്കാരിക ചുറ്റുപാടുകളും സാമൂഹികരീതികളും അനുസരിച്ച് പണ്ഡിതർ കുടുംബം എന്നതിന് വിവിധ നിർവചനങ്ങൾ നൽകുകയാണ് ചെയ്തിരിക്കുന്നത്.

കുടുംബം എന്നതിന് അതിന്റെ എല്ലാ പ്രത്യേകതകളും പരിശോധിച്ച് പുതിയ ഒരു നിർവചനം രൂപീകരിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. കുടുംബത്തെ നിർവചിക്കുക. കുടുംബത്തിന് ഒരു സാർവത്രികനിർവചനം നൽകാൻ സാധിക്കുമോ?
2. കുടുംബത്തിന്റെ ഏതെങ്കിലും ആറു പ്രത്യേകതകൾ സൂചിപ്പിക്കുക.
3. കുടുംബം ഒരു സാർവത്രികസ്ഥാപനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതിന്റെ സാർവത്രികത വിശദീകരിക്കുക.

കുടുംബം എന്ന സ്ഥാപനം അടുത്തകാലത്തായി ആവിർഭവിച്ച ഒന്നല്ല. സാംസ്കാരിക വികാസത്തിന്റെ ആദ്യഘട്ടങ്ങളിലുണ്ടായിരുന്ന സാമൂഹികകൂട്ടായ്മകൾ ആവിർഭവിച്ചത് ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിലാണെന്ന് നമുക്കറിയാം. മനുഷ്യന് അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ ഇത്തരം കൂട്ടായ്മകൾ കൂടിയേ തീരൂ എന്നതിനാൽ ലളിതമായ തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം കൂട്ടായ്മകളുണ്ടായി. പക്ഷേ, കുടുംബമെന്നത് രൂപപരമായി കൂടുതൽ വ്യത്യസ്തതകളുള്ളതും സങ്കീർണമായ ഒന്നായിത്തീർന്നു.

വ്യത്യസ്ത കുടുംബാംഗങ്ങൾ ഒരേ പാരമ്പര്യം പിന്തുടരുന്നുണ്ടാവാം. വളരെ വിദൂരമായ ഒരു പൊതുപൂർവികനിൽ നിന്നു തങ്ങളുടെ ബന്ധുത്വം പിന്തുടരാനും അവർക്ക് കഴിഞ്ഞേക്കാം. അത്തരം ഒരു പൊതുവികാരം അനേകം കുടുംബങ്ങൾ ചേരുന്ന കൂടുതൽ വലുപ്പം കൂടിയ കൂട്ടായ്മകൾ രൂപപ്പെടുന്നതിന് കാരണമാവുന്നു. ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിലുള്ള അത്തരം കൂട്ടായ്മകളെയും എങ്ങനെയാണ് അവ 'നമ്മൾ' എന്ന വികാരം പങ്കുവയ്ക്കുന്നത് എന്നതിനെയും കുറിച്ച് അന്വേഷിക്കാം.

III വംശ പിന്തുടർച്ച Descent

പൊതുപൂർവികർ ഉണ്ടെന്നു കരുതുന്ന അംഗങ്ങളടങ്ങിയ സ്ഥിരമായ സാമൂഹിക ഘടകങ്ങളെയാണ് വംശപാരമ്പര്യ കൂട്ടായ്മകൾ എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇതിലെ അംഗങ്ങൾ പൊതുപൂർവികരിൽനിന്ന് ഉദ്ഭവിച്ചു എന്നു വിശ്വസിക്കുകയും പൊതുപാരമ്പര്യം പങ്കുവയ്ക്കുകയും ചെയ്യുന്നു. ജനനവും മരണവും കാരണം ഇതിലെ അംഗങ്ങൾ മാറിക്കൊണ്ടേയിരിക്കുമെങ്കിലും ഈ ഗണം നിലനിൽക്കുന്നു. ഇതിലെ അംഗത്വമെന്നത് ജന്മസിദ്ധവും ജീവിതകാലം മുഴുവൻ നിലനിൽക്കുന്നതുമാണ്. പൊതുപാരമ്പര്യത്തിലധിഷ്ഠിതമായ ഇത്തരം കൂട്ടങ്ങൾ പൊതുവെ കൂട്ടത്തിന് പുറത്തുനിന്നു വിവാഹം കഴിക്കുന്ന രീതിയായ ബഹിർഗണ വിവാഹം (Exogamy) അനുവർത്തിക്കുന്നു.

നിർവചിക്കപ്പെട്ടതും നിശ്ചിതവും ആയ കൂട്ടായ്മകളിലേക്ക് ഓരോ വ്യക്തിയെയും അംഗമായിച്ചേർക്കുന്ന നിയമങ്ങളെ പിന്തുടർച്ചാനിയമങ്ങൾ എന്നു വിളിക്കുന്നു. അത്തരം നിയമങ്ങൾ സമുദായങ്ങൾക്കനുസരിച്ച് മാറുന്നു. ഓരോ നിയമത്തിലൂടെയും നമുക്ക് വിശദമായി കടന്നുപോകാം.

പിതൃദായപിന്തുടർച്ചക്രമം (Patrilineal descent): പിന്തുടർച്ച ആണുങ്ങളിലൂടെ മാത്രം തുടരുന്ന രീതിയാണ് ഇത്.

മാതൃദായപിന്തുടർച്ചക്രമം (Matrilineal descent) : പിന്തുടർച്ച സ്ത്രീകളിലൂടെ മാത്രം പിന്തുടരുന്ന രീതിയാണ് ഇത്.

മാതൃപിതൃദായപിന്തുടർച്ചക്രമം (Ambilineal descent) : ചില സമൂഹങ്ങളിൽ പുരുഷൻമാരിലൂടെയോ സ്ത്രീകളിലൂടെയോ തങ്ങളുടെ വംശാവലി തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരു തലമുറയിൽ ചില ആൾക്കാർ അമ്മവഴിയും മറ്റൊരു തലമുറയിൽ അച്ഛൻ വഴിയും ബന്ധപ്പെട്ടിരിക്കുന്നു. ഈ പിന്തുടർച്ചക്രമത്തിൽ അംഗങ്ങൾക്ക് അവരുടെ അംഗത്വം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

ഇരട്ടപിന്തുടർച്ചക്രമം (Bilineal or Double descent) : ഈ ക്രമത്തിൽ ഒരേസമയം അച്ഛന്റെ പിതൃദായരീതിയിൽ നിന്നും അമ്മയുടെ മാതൃദായ രീതിയിൽ നിന്നും പിന്തുടർച്ചക്രമം കണക്കാക്കുന്നു. ഇതിൽ ചില ലക്ഷ്യങ്ങൾക്ക് മാതൃദായ പിന്തുടർച്ചയും മറ്റു ചിലതിൽ പിതൃദായ പിന്തുടർച്ചയും സ്വീകരിക്കുകയാണ് ചെയ്യുന്നത്.

അധികാരനിയമങ്ങൾ (Rules of authortiy)

വ്യത്യസ്ത കുടുംബങ്ങൾ നിയന്ത്രിക്കപ്പെടുന്നത് വ്യത്യസ്ത വ്യക്തികളിലൂടെയാണ്. ലോകത്തുള്ള ഒട്ടുമിക്ക സമൂഹങ്ങളിലും മുതിർന്ന പുരുഷ അംഗമാണ് ഈ അധികാരം കൈയാളുന്നത്. പൊതുധാരണയ്ക്കനുസൃതമായി അയാൾ അംഗങ്ങളെ നിയന്ത്രിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട് അയാളാണ് കുടുംബത്തിന്റെ അധികാരകേന്ദ്രം. കുടുംബത്തിലെ അധികാരത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ പിതൃദായക്രമ (Patriarchal) ക്കാരെന്നും മാതൃദായക്രമ (Matriarchal) ക്കാരെന്നും തരം തിരിക്കാം.


പിതൃദായകുടുംബം (Patriarchal Family): ഈ വ്യവസ്ഥയിൽ അധികാരം പിതൃഭാഗത്ത് നിക്ഷിപ്തമായിരിക്കുന്നു. കുടുംബത്തിന്റെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് ഭർത്താവോ അച്ഛനോ ആയിരിക്കും.

മാതൃദായകുടുംബം (Matriarchal Family): ഈ വ്യവസ്ഥയിൽ അധികാരം നിക്ഷിപ്തമായിരിക്കുന്നത് മാതാവിലോ ഭാര്യയിലോ ആയിരിക്കും പേരും പദവിയും പാരമ്പര്യവും കൈമാറുന്നത് സ്ത്രീകളുടെ പരമ്പര വഴിയുമായിരിക്കും. പരമാധികാരം നിക്ഷിപ്തമായിരിക്കുന്നത് ഏറ്റവും മുതിർന്ന സ്ത്രീകളിലായിരിക്കും.

കുടുംബമെന്നത് ബന്ധുത്വത്തെ അടിസ്ഥാനമാക്കിയുള്ള കൂട്ടായ്മകൾക്കുള്ള ഒരുദാഹരണമാണെന്ന് നാം കണ്ടു. പക്ഷേ, ബന്ധുത്വത്തെ അടിസ്ഥാനമാക്കിയുള്ള കൂടുതൽ വലിയ ഗണങ്ങളും ഉണ്ട്. വൈവാഹികബന്ധത്താലോ രക്തബന്ധത്താലോ ഈ കൂട്ടായ്മകളിലെ അംഗങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കുടുംബത്തിനു പുറമേയുള്ള ചില ബന്ധുഗ്രൂപ്പുകളെക്കുറിച്ചാണ് തുടർന്ന് ചർച്ചചെയ്യുന്നത്.

ബന്ധുഗണങ്ങൾ (Kin groups)

ഒരുകൂട്ടം ബന്ധുക്കളുടെ കൂട്ടത്തെയാണ് ബന്ധുഗണമെന്നു സൂചിപ്പിക്കുന്നത്. ഏറ്റവും പ്രാഥമികമായ ബന്ധുഗണമാണ് കുടുംബം.



ചിത്രം 6.7. ബന്ധുഗണ പിരമിഡ്

താവഴി (Lineage): വ്യത്യസ്ത കുടുംബങ്ങൾ ചേർന്നുണ്ടാകുന്ന ഒരു പാരമ്പര്യ പിന്തുടർച്ചാ കൂട്ടായ്മയാണ് ഇത്. സാധാരണയായി ഒരു താവഴിയിൽ അഞ്ചോ ആറോ തലമുറകൾ ഉൾപ്പെടുന്നു. ഇതിലെ അംഗങ്ങൾ ഒരു പൊതുവാസസ്ഥലം പങ്കിടണമെന്നോ പങ്കിടണ്ടെന്നോ നിർബന്ധമില്ല. ഒരേ താവഴിയിൽ ഉള്ളവർ സാധാരണയായി അതിനു പുറത്താണ് വിവാഹം കഴിക്കുന്നത് (Exogamy). താവഴിയിൽ പൂർവികൻ എന്നത് ഒരു കാൽപ്പനികമായോ പുരാവൃത്ത ബന്ധിതമായോ ഉള്ള ആളല്ല. താവഴിയിലെ അംഗങ്ങളുമായി അയാൾക്കുള്ള ബന്ധം വ്യക്തമായി സ്ഥാപിക്കാൻ കഴിയുന്നതായിരിക്കും. ഉദാ: പിതൃദായകുടുംബം, മാതൃദായകുടുംബം, തറവാട്.

കുലം (Clan): ഒരു താവഴിയിയിൽ ജനനം കാരണം കൂടുതൽ അംഗങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ മാത്രമായ വിഭവങ്ങൾകൊണ്ട് നിലനിൽക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. അപ്പോൾ അത് ചെറിയ ചെറിയ താവഴികളായി മാറുകയും അവയൊക്കെ ഒരു കുലത്തിനു കീഴിൽ വരുകയും ചെയ്യുന്നു. ഒരു താവഴിയേക്കാളും വലുതായ കൂട്ടായ്മയാണ് കുലം. എല്ലാ പിന്തുടർച്ചക്കാരും ഒരു പൊതുപൂർവികനിൽനിന്ന് ആവിർഭവിച്ചതാണെന്ന് വിശ്വസിക്കുന്നുവെങ്കിലും ആ വംശാവലി കൃത്യമായി കണക്കാക്കാൻ കഴിയണമെന്നില്ല. ഒരു വംശാവലിപ്പട്ടികകൊണ്ട് അംഗങ്ങൾക്ക് അവരുടെ ബന്ധം വിശദീകരിക്കാൻ കഴിയണം എന്നുമില്ല. പാരമ്പര്യം ഏതെങ്കിലും പുരാവൃത്തകഥാപാത്രത്തിൽ ആരോപിക്കുകയാണ് ചെയ്യുന്നത്. അത് മനുഷ്യരോ സസ്യമോ മൃഗമോ അതുമല്ലെങ്കിൽ ഏതെങ്കിലും ജീവനില്ലാത്ത വസ്തുവോ ആകാം. കുലങ്ങൾ അതിനു പുറത്തുനിന്നുമുള്ള വിവാഹങ്ങളാണ് ഉറപ്പുവരുത്തുന്നത്. കുലവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സസ്യമോ മൃഗമോ ഉണ്ടെങ്കിൽ അതറിയപ്പെടുന്നത് *കുലചിഹ്നം (Totem)* എന്ന പേരിലാണ്.

കൂട്ടുകുലം (Phratry): രണ്ടോ അതിലധികമോ കുലങ്ങൾ ചേർന്നാണ് ഫ്രാട്രി രൂപംകൊള്ളുന്നത്. അതുകൊണ്ടുതന്നെ കുലത്തിനേക്കാളും വലിയ ഒരു പാരമ്പര്യ കൂട്ടായ്മയാണ് ഇതെന്നു പറയാം. ഒരു പൊതുപൂർവികനിൽ അവർ ശക്തമായി വിശ്വസിക്കുന്നുവെങ്കിലും ഒരു കൂട്ടുകുലത്തിലെ അംഗങ്ങൾക്ക് പൊതുപൂർവികനുമായുള്ള ബന്ധം നേരിട്ട് സ്ഥാപിച്ചെടുക്കാൻ കഴിയണമെന്നില്ല. ഒരു കൂട്ടുകുലത്തിനുള്ളിൽ പരസ്പരം വിവാഹം കഴിക്കാനും പുറത്തേക്കു മാത്രം വിവാഹം കഴിക്കാനും സൗകര്യങ്ങളുണ്ട്. *സഹോദരൻ* എന്നർഥം വരുന്ന *ഫ്രേറ്റർ* (Phrater) എന്ന പദത്തിൽ നിന്നാണ് ഫ്രാട്രി എന്ന പദം വന്നത്.

ഇരട്ടകൂട്ടുകുലം (Moiety): പിന്തുടർച്ചയുടെ അടിസ്ഥാനത്തിൽ ഒരു സമൂഹം രണ്ടാവുക വഴിയുണ്ടാകുന്ന ഏറ്റവും വലിയ ബന്ധുഗണമാണ് *ഇരട്ടകൂട്ടുകുലം*. കുലങ്ങൾക്കും കൂട്ടുകുലങ്ങൾക്കും സമാനമായി ഓരോ ഇരട്ടകൂട്ടുകുലത്തിലെയും അംഗങ്ങൾ ഒരു പൊതുപൂർവികനിൽ വിശ്വസിക്കുന്നുവെങ്കിലും അതിന്റെ യഥാർഥബന്ധം കണ്ടെത്താനാവില്ല. ഇവയിലെയും അംഗങ്ങൾ പൊതുവെ അവയ്ക്ക് പുറത്തുനിന്നു വിവാഹം ചെയ്യുന്ന രീതിയാണ് പിന്തുടരുക.

ഗോത്രം (Tribe) : കൂട്ടായ്മയ്ക്കുള്ളിൽനിന്നു മാത്രം വിവാഹം കഴിക്കുന്ന വിഭാഗങ്ങളെയാണ് ഗോത്രവർഗങ്ങൾ എന്നു വിളിക്കുന്നത്. ഒരു ഗോത്രത്തിനുള്ളിൽ പല താവഴികളും കുലങ്ങളും ബാൻഡുകളും ചേർന്നിട്ടുണ്ടാവണം. ഒരു ഗോത്രത്തിലെ എല്ലാ അംഗങ്ങളും ഒരു പൊതു പൂർവികനിൽ നിന്നുള്ള പാരമ്പര്യം അവകാശപ്പെടുന്നു.

പഠനപുരോഗതി വിലയിരുത്താം

1. അധികാരത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ ..... എന്നും ..... എന്നും വർഗീകരിക്കാം.
2. .....ഏറ്റവും വലിയ പിന്തുടർച്ചാ വിഭാഗമാണ്.
3. വ്യത്യസ്ത കുടുംബങ്ങൾ ചേർന്നുണ്ടാകുന്ന ഏറ്റവും വലിയ സാർവത്രികമായ പിന്തുടർച്ചാ വിഭാഗമാണ് .....
4. ..... ക്ളാനിനേക്കാളും വലുപ്പം കൂടിയ പിന്തുടർച്ചാഗണമാണ്.
5. കോളം എ യും ബി യും ശരിയായ രീതിയിൽ ചേർക്കുക.

എ	ബി
പിതൃദായ പിന്തുടർച്ചക്രമം	അച്ഛന്റെയും അമ്മയുടെയും പിന്തുടർച്ച ക്രമം ഒരേ സമയം തുടരുന്ന ക്രമം
മാതൃദായ പിന്തുടർച്ചക്രമം	ഒരു തലമുറയിൽ അച്ഛന്റെ പിന്തുടർച്ച ക്രമവും മറ്റൊരു തലമുറയിൽ അമ്മയുടെ പിന്തുടർച്ചാ ക്രമവും തുടരുന്ന രീതി
മാതൃ - പിതൃദായ പിന്തുടർച്ചക്രമം	പിതാവിന്റെ ബന്ധുഗ്രൂപ്പിൽ നിന്നു പാരമ്പര്യം നിർണയിക്കുന്ന രീതി
ഇരട്ടപിന്തുടർച്ചക്രമം	മാതാവിന്റെ ബന്ധുഗ്രൂപ്പിൽ നിന്നു പാരമ്പര്യം നിർണയിക്കുന്ന രീതി

നമ്മൾ നേരത്തേ നിരീക്ഷിച്ചതുപോലെ കുടുംബമാണ് പ്രാഥമികമായ സാമൂഹിക കൂട്ടായ്മ. പക്ഷേ, അത് മറ്റു കൂട്ടായ്മകളിൽനിന്നു പല കാര്യങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. കുടുംബത്തിന്റെ ഏറ്റവും പ്രധാന പ്രത്യേകത അതിലെ അംഗങ്ങൾക്കിടയിലുള്ള സജീവമായ വൈകാരികബന്ധമാണ്. ഇത് അവരുടെ ഇടയിലുള്ള ബന്ധത്തിന്റെ ഫലമായി ഉടലെടുക്കുന്നതാണ്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നുകിൽ വിവാഹം വഴിയോ അല്ലെങ്കിൽ രക്തബന്ധം വഴിയോ ബന്ധമുള്ളവരാണ്. അതുകൊണ്ട് ഒരു സാമൂഹികസ്ഥാപനം എന്ന നിലയിൽ കുടുംബത്തെക്കുറിച്ചുള്ള ഏതൊരു പഠനവും പൂർത്തിയാവണമെങ്കിൽ അതിലെ അംഗങ്ങൾക്കിടയിലുള്ള ബന്ധുത്വരീതികളെക്കുറിച്ചുകൂടി അറിയണം. നമുക്ക് അത് പരിശോധിക്കാം.

IV ബന്ധുത്വം (Kinship)

കുടുംബം അടുത്ത ബന്ധമുള്ളവർ അടങ്ങിയ കൂട്ടമാണ്. ഇവർ ബന്ധുക്കൾ എന്നറിയപ്പെടുന്നു. വിവാഹം വഴിയോ രക്തബന്ധം വഴിയോ ആളുകൾ തമ്മിൽ ഉണ്ടാകുന്ന ചാർച്ചയ്ക്കാണ് ബന്ധുത്വം എന്നു പറയുന്നത്. ആളുകൾ തമ്മിലുള്ള അടുപ്പം കണക്കാക്കുന്ന രീതിയാണിത്. ഒരു സമൂഹത്തിൽ പ്രായപൂർത്തിയായ ഒരു സാധാരണ വ്യക്തി രണ്ട് അണുകുടുംബങ്ങളിൽ ഉൾപ്പെടുന്നു. ഒരു വ്യക്തി ജനിക്കുകയും വളരുകയും ചെയ്യുന്ന കുടുംബവും (Family of orientation) ആ വ്യക്തി വിവാഹബന്ധം സ്ഥാപിക്കുന്ന കുടുംബവും (Family of procreation).

"എല്ലാ സമൂഹങ്ങളിലും പലതരത്തിലുള്ള ബന്ധങ്ങൾകൊണ്ട് ആളുകൾ പരസ്പരം ചേർക്കപ്പെട്ടിരിക്കുന്നു. പ്രത്യുൽപ്പാദനത്തിലും മനുഷ്യസഹജചേതനയിലും അടിസ്ഥാനമാക്കിയുള്ളതും എല്ലായിടത്തും കാണപ്പെടുന്നതും ഏറ്റവും അടിസ്ഥാനപരമായതുമായ അടുപ്പത്തെയാണ് ബന്ധുത്വം എന്നു വിളിക്കുന്നത്". (ഡി. എൻ. മജൂംദാർ, ഇന്ത്യൻ നരവംശശാസ്ത്രജ്ഞൻ.)

ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം അച്ഛനും അമ്മയും കുട്ടികളും തമ്മിലുള്ള ബന്ധം പോലെയല്ല. ഭാര്യയും ഭർത്താവും വിവാഹംകൊണ്ട് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പക്ഷേ, അച്ഛനും/ അമ്മയും കുട്ടികളുമായി ബന്ധപ്പെട്ടിരിക്കുന്നത് രക്തബന്ധത്താലാണ്. അതുകൊണ്ട് കുടുംബത്തിൽ രണ്ടു തരത്തിലുള്ള അടിസ്ഥാനപരമായ ബന്ധങ്ങൾ നിലനിൽക്കുന്നു.

വിവിധതരം ബന്ധുത്വങ്ങൾ (Types of Kinship)

ബന്ധുത്വം എന്നത് സാധാരണയായി വിശാലമായ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു, രക്തബന്ധുത്വം (Consanguineal relationship) എന്നും വൈവാഹികബന്ധുത്വം എന്നും (Affinal relationships).

രക്തബന്ധുത്വം (Consanguineal relationship): രക്തബന്ധം വഴിയുള്ള ബന്ധമാണിത്. രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധം, ഒരേ രക്ഷിതാക്കളുടെ സഹോദരങ്ങൾ തമ്മിലുള്ള

ബന്ധം എന്നിവ രക്തബന്ധത്തിൽ വരുന്നു. ദത്തെടുക്കപ്പെട്ട കുട്ടിയെയും ജീവശാസ്ത്രപരമായി ഉണ്ടായതായാണ് പരിഗണിക്കപ്പെടുന്നത് എന്നതിനാൽ അവരെയും രക്തബന്ധുത്വത്തിൽ ഉൾപ്പെടുത്താം.

വൈവാഹികബന്ധുത്വം (Affinal relatiponship): വിവാഹം വഴിയുള്ള പരസ്പരബന്ധത്തെയാണ് വൈവാഹികബന്ധുത്വം (Affinal relationship) എന്നു പറയുന്നത്. വൈവാഹിക ബന്ധം വഴിയുണ്ടാകുന്ന ബന്ധുക്കളെ വൈവാഹികബന്ധുക്കൾ (Affinal kins) എന്നു വിളിക്കുന്നു. ദമ്പതിമാരും അവരുടെ ബന്ധുക്കളും തമ്മിലുള്ള ബന്ധങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നു.

നരവംശാസ്ത്രത്തിൽ ബന്ധുത്വം സൂചിപ്പിക്കാൻ വ്യത്യസ്ത ചിഹ്നങ്ങളും ചുരുക്കെഴുത്തുകളും ഉപയോഗിക്കാറുണ്ട്. അവ താഴെ നൽകിയിരിക്കുന്നു.


ബന്ധുത്വചിഹ്നങ്ങളും ചുരുക്കെഴുത്തുകളും (Kinship symbols & Abreviations)

ഈ ചിഹ്നങ്ങൾ പ്രാമാണീകരിച്ചതും ലോകമാസകലം നരവംശശാസ്ത്രജ്ഞർ ഉപയോഗിക്കുന്നതുമാണ്. ഈ ചിഹ്നങ്ങൾ ഒരു പട്ടികരൂപത്തിൽ അവതരിപ്പിക്കുമ്പോൾ അത് വംശാവലിപ്പട്ടിക (Genealogical chart)എന്ന പേരിൽ അറിയപ്പെടുന്നു. ആരെ അടിസ്ഥാനമാക്കിയാണോ ബന്ധുത്വകൂട്ടായ്മകൾ വരയ്ക്കുന്നത്, അയാൾ ഇഗോ (Ego) എന്നറിയപ്പെടുന്നു.




ഒരു അണുകുടുംബത്തിന്റെ വംശാവലിപ്പട്ടിക പരിശോധിക്കാം.

- ഒരു അണുകുടുംബത്തിലെ അംഗങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ചിത്രം 6.8 സൂചിപ്പിക്കുന്നത്. രാജു വീണയെ വിവാഹം കഴിച്ചു. അവർക്ക് വിനു എന്ന മകനും മിനി എന്ന മകളുമുണ്ട്.



ചിത്രം 6.8 – അണുകുടുംബം



ചിത്രം 6.9 – കൂട്ടുകുടുംബം

- ചിത്രം 6.9 ഒരു കൂട്ടുകുടുംബത്തെ സൂചിപ്പിക്കുന്നു. സാമിൽനിന്നാണ് ബന്ധുത്വം മുന്നോട്ടു നീക്കിയിരിക്കുന്നത്. അദ്ദേഹം ക്രിസ്റ്റീനയെ വിവാഹം ചെയ്തു. ഐറിൻ എന്നും മിരാന്റ എന്നും പേരായ ഇരട്ടക്കുട്ടികൾ അവർക്കുണ്ട്. ആദ്യഭാര്യ റോസിനെ വിവാഹമോചനം ചെയ്ത ശേഷം സാമിന്റെ അച്ഛൻ തോമസ് എലിസബത്തിനെ വിവാഹം ചെയ്തു. ജിമ്മിയെ വിവാഹം ചെയ്ത ട്രിങ്കിൾ സാമിന്റെ സഹോദരിയാണ്. തോമസിന്റെ അച്ഛൻ ജോർജും അമ്മ മേരിയും ജീവിച്ചിരിപ്പില്ല. ബന്ധുത്വത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളെപ്പോലെ ബന്ധങ്ങളെ സൂചിപ്പിക്കാൻ ചില ചുരുക്കെഴുത്തുകളും നരവംശശാസ്ത്രജ്ഞർ ഉപയോഗിക്കാറുണ്ട്. ഇവിടെ 'ഇഗോ' എന്ന സൂചനാബിന്ദു അടിസ്ഥാനമാക്കിയാണ് അവ നിർണയിക്കുന്നത്. മുകളിൽ നൽകിയ പട്ടികയിൽനിന്നു സാധാരണ ഉപയോഗിക്കുന്ന ചുരുക്കെഴുത്തുകൾ കണ്ടെത്തുക.

വാസസ്ഥാനനിയമങ്ങൾ (Rules of Residence)

നവദമ്പതികൾ താമസിക്കുന്ന സ്ഥലത്തെയാണ് വാസസ്ഥലം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. വിവാഹശേഷം ദമ്പതികൾ ഒരുമിച്ച് ഒരു വീട്ടിൽ താമസിക്കുകയാണു ചെയ്യുന്നത്. ഇത് വധുവിന്റെ

വീട്ടിലോ വരന്റെ വീട്ടിലോ ആകാം. വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ വിവിധ തരത്തിൽ വർഗീകരിക്കാം. ഇത് താഴെ നൽകിയ വിധത്തിൽ വ്യത്യസ്തമാവാം.

- പിതൃസ്ഥലവാസം (Patrilocal /Virilocal residence)
- മാതൃസ്ഥലവാസം (Matrilocal/Uxorilocal residence)
- ഉഭയസ്ഥലവാസം (Bilocal residence)
- പുതുസ്ഥലവാസം (Neolocal residence)
- മാതൃസഹോദരസ്ഥലവാസം (Avunculocal residence)
- പിതൃസഹോദരിസ്ഥലവാസം (Amitalocal residence)
- മാതൃപിതൃസ്ഥലവാസം (Matri-patrilocal residence)

പിതൃസ്ഥലവാസം (Ptarilocal /Virilocal residence) പിന്തുടരുന്നവരിൽ വിവാഹശേഷം ഭാര്യ ഭർത്താവിന്റെ വീട്ടിലാണ് താമസിക്കുന്നത്. ഇതിനെ വിരിലോക്കൽ വാസസ്ഥലം എന്നും പറയാറുണ്ട്. എന്നാൽ മാതൃസ്ഥലവാസം (Matrilocal/ Uxorilocal residence) പിന്തുടരുന്ന ദമ്പതികൾ വിവാഹശേഷം ഭാര്യയുടെ വീട്ടിലാണ് താമസിക്കുന്നത്. ഇതിനെ ഉക്സോറിലോക്കൽ വാസം എന്നും പറയുന്നു. ഉഭയസ്ഥലവാസം (Bilocal residence) പിന്തുടരുന്നവരിൽ ദമ്പതികൾ ഒന്നുകിൽ ഭാര്യയുടെ വീട്ടുകാരോടൊന്നിച്ചോ അല്ലെങ്കിൽ ഭർത്തൃവീട്ടുകാരോടൊന്നിച്ചോ താമസിക്കാൻ സ്വാതന്ത്ര്യമുള്ളവരാണ്. ചില സന്ദർഭങ്ങളിൽ ദമ്പതികൾ ഇരുഭാഗക്കാരുടെയും ബന്ധുക്കളോടൊന്നിച്ച് താമസിക്കാതെ സ്വന്തമായി വീടുനിർമിച്ച് താമസമാക്കുന്നു. ഇത്തരം താമസത്തെയാണ് പുതുസ്ഥലവാസം (Neolocal residence) എന്നതുകൊണ്ട് അർഥമാക്കുന്നത്. വിവാഹശേഷം ഭാര്യയുടെ അമ്മാവന്റെ (അമ്മയുടെ സഹോദരന്റെ) വീട്ടിൽ താമസിക്കുന്ന ചില ദമ്പതികളെയും കാണാം. ഇത് മാതൃസഹോദരസ്ഥലവാസം (Avunculocal residence) എന്നറിയപ്പെടുന്നു. നവദമ്പതികൾ വിവാഹശേഷം ഭർത്താവിന്റെ അച്ഛന്റെ സഹോദരിയുടെകൂടെയാണ് താമസിക്കുന്നതെങ്കിൽ അത് പിതൃസഹോദരിസ്ഥലവാസം (Amitalocal residence) എന്നു പറയാം. മറ്റുചില സമൂഹങ്ങളിലാകട്ടെ, വിവാഹശേഷം ദമ്പതികൾ ആദ്യം ഭാര്യയുടെ വീട്ടിൽ താമസിക്കുകയും കുറച്ചു നാളുകൾക്കു ശേഷം, പൊതുവെ ആദ്യകുഞ്ഞിന്റെ ജനനശേഷം ഭാര്യയുടെ കൂടെ ഭർത്താവ് അദ്ദേഹത്തിന്റെ രക്ഷിതാക്കളുടെ വീട്ടിലേക്ക് മടങ്ങുകയും ചെയ്യുന്നു. ഇതാണ് മാതൃപിതൃസ്ഥലവാസം (Matri-ptarilocal residence).

പഠനപുരോഗതി വിലയിരുത്താം

1. കോളം എ യും ബി യും യോജിപ്പിക്കുക.

എ	ബി
മാതൃസ്ഥലവാസം	ദമ്പതികൾ അമ്മാവന്റെ വീട്ടിൽ താമസിക്കുന്നു.
മാതൃസഹോദരസ്ഥലവാസം	ദമ്പതികൾ ഭർത്താവിന്റെ ബന്ധുക്കളോടൊരുമിച്ച് താമസിക്കുന്നു.
പിതൃസ്ഥലവാസം	ഭർത്താവിന്റെ അച്ഛന്റെ സഹോദരിയുടെ കൂടെയുള്ള ദമ്പതികളുടെ താമസം.
ഉഭയസ്ഥലവാസം	ദമ്പതികൾക്കു ഭർത്താവിന്റെയോ ഭാര്യയുടെയോ ബന്ധുക്കളോടൊരുമിച്ചു താമസിക്കാനുള്ള സ്വാതന്ത്ര്യം.
പിതൃസഹോദരിസ്ഥലവാസം	ദമ്പതികൾ ഭാര്യയുടെ ബന്ധുക്കളോടൊരുമിച്ച് താമസിക്കുന്നു.

2. ബന്ധുത്വചിഹ്നങ്ങളുപയോഗിച്ച് താഴെ നൽകിയിരിക്കുന്നവ ചിത്രീകരിക്കുക.

a) ഏകവിവാഹം
b) ബഹുവിവാഹം
c) ബഹുഭർത്തൃത്വം
d) സൊറോറേറ്റ്
e) ലെവിറേറ്റ്
(f) ക്രോസ്കസിൻ വിവാഹം
g) അമ്മാവൻ- മരുമകൾ വിവാഹം
h) പാരലൽ കസിൻ വിവാഹം

3. നിങ്ങളുടെ കുടുംബത്തിന്റെ മൂന്നു തലമുറകൾ അടങ്ങുന്ന വംശാവലി ചാർട്ട് തയാറാക്കി വിവാഹരീതികളും കുടുംബരീതികളും കണ്ടെത്തുക.

4. ബന്ധുത്വം എന്നതിനെ നിർവചിക്കുക.

5. ബന്ധുത്വവും വൈവാഹികരക്തബന്ധുത്വവും വേർതിരിക്കുക.


ചിത്രം 6.8 ൽ സൂചിപ്പിച്ചിരിക്കുന്ന കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നേരിട്ടുള്ളതും അടുപ്പമുള്ളതുമാണ്. എന്നാൽ ചിത്രം 6.9 ൽ സാമും ജോർജും തമ്മിലുള്ള ബന്ധം അത്രമാത്രം അടുത്തതും നേരിട്ടുള്ളതുമല്ല. അതിനാൽ എല്ലാ കുടുംബങ്ങളിലും താഴെ സൂചിപ്പിച്ചതു പോലെ പല തലങ്ങളിലുള്ള ബന്ധങ്ങൾ കാണാൻ സാധിക്കും.

ബന്ധുത്വനില (Degrees of Kinship)

വിവാഹം വഴിയോ രക്തബന്ധം വഴിയോ ഒരാൾ മറ്റൊരാളുമായി നേരിട്ടോ അല്ലാതെയോ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ബന്ധുത്വനില എന്നതുകൊണ്ട് അർഥമാക്കുന്നത്.

പ്രാഥമികബന്ധുത്വം, ദ്വിതീയബന്ധുത്വം, തൃതീയബന്ധുത്വം എന്ന നിലകളിൽ ഇവയെ തിരിച്ചറിയാം.

പ്രാഥമികബന്ധു (Primary Kin): ഒരു വ്യക്തി നേരിട്ട് ഇഗോയുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ അയാൾ ഇഗോയുടെ പ്രാഥമിക ബന്ധുവാണ്. നമുക്ക് ചിത്രീകരണം 6.10 പരിശോധിക്കാം. 'എ' ആണ് ഈ ചിത്രീകരണത്തിലെ ഇഗോ. 'ബി' യും 'സി' യും പ്രാഥമികബന്ധുക്കളാണ്. 'ബി' പ്രാഥമിക വൈവാഹികബന്ധുവും 'സി' എന്നത് പ്രാഥമിക രക്തബന്ധുവുമാണ്. അപ്രകാരം ഒരാളുടെ അച്ഛൻ അയാളുടെ പ്രാഥമിക രക്തബന്ധുവും ഒരാളുടെ ഭാര്യ അയാളുടെ പ്രാഥമിക വൈവാഹിക ബന്ധുവുമാണ്.




ചിത്രം. 6.10
ബന്ധുത്വവ്യാപ്തി

ദ്വിതീയബന്ധു (Secondary Kin): ഇഗോയുടെ പ്രാഥമിക ബന്ധുവുമായി ബന്ധപ്പെട്ടിരിക്കുന്ന ഏതു ബന്ധുവും ഇഗോയുടെ ദ്വിതീയ ബന്ധുവാകും (അണുകുടുംബത്തിലുള്ള പരസ്പര ബന്ധങ്ങൾ ഒഴിച്ച്). ഇവിടെ 'ഇ' യും 'ഡി'യും ദ്വിതീയബന്ധുക്കളാണ്. 'ഇ' എന്നയാൾ ഇഗോയുടെ ദ്വിതീയ രക്തബന്ധുവും 'ഡി' ദ്വിതീയ വൈവാഹികബന്ധുവുമാണ്.

തൃതീയബന്ധു (Tertiary Kin): ഇഗോയുടെ ദ്വിതീയബന്ധു വഴി ഇഗോയുമായി ബന്ധപ്പെട്ടിരിക്കുന്നവരാണ് അയാളുടെ തൃതീയബന്ധുക്കൾ. 'ജി'യും 'എഫു'മാണ് ഇവിടത്തെ തൃതീയബന്ധുക്കൾ. 'ജി'തൃതീയരക്തബന്ധുവും 'എഫ്'എന്നത് തൃതീയ വൈവാഹികബന്ധുവും.

നിങ്ങളുടെ കുടുംബത്തിന്റെ വംശാവലിചാർട്ട് തയാറാക്കി പ്രാഥമിക, ദ്വിതീയ, തൃതീയ ബന്ധങ്ങൾ സൂചിപ്പിക്കുക.



- നാം എല്ലാ ബന്ധുക്കളെയും അഭിസംബോധന ചെയ്യുന്നത് ഒരേ രീതിയിലാണോ?
- ബന്ധുക്കളെ അഭിസംബോധന ചെയ്യുന്നതിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ?

ബന്ധുത്വപദങ്ങൾ (Kinship Terminology)

ബന്ധുക്കളെ അഭിസംബോധന ചെയ്യാനുപയോഗിക്കുന്ന വിവിധ സംജ്ഞകൾ ഏതൊക്കെയാണെന്നു നോക്കാം. ബന്ധുത്വപദങ്ങൾ എന്നത് ബന്ധുക്കളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വിളിപ്പേരോ പേരോ പദവിയോ ആണ്. ഇവയെ പൊതുവെ മൂന്നു വിഭാഗങ്ങളായി വർഗീകരിക്കാം.

1. ഉപയോഗരീതിക്കനുസരിച്ചുള്ള വർഗീകരണം (Classification by mode of use)
2. ഭാഷാഘടനയ്ക്കനുസരിച്ചുള്ള വർഗീകരണം (Classification by linguistic structure)
3. പ്രയോഗ പരിധിക്കനുസരിച്ചുള്ള വർഗീകരണം (Classification by range of application)

ഉപയോഗരീതിക്കനുസരിച്ചുള്ള വർഗീകരണം (Classification by mode of use)

ഉപയോഗരീതിക്കനുസരിച്ച് ബന്ധുത്വപദങ്ങളെ സംബോധനാപദങ്ങളെന്നും പരാമർശ പദങ്ങളെന്നും വേർതിരിച്ചിരിക്കുന്നു.

സംബോധനാപദം (Term of address) : ഇവ ഉപയോഗിക്കുന്നത് ഒരാളുടെ നേരിട്ടുള്ള ബന്ധുവിനെ പരാമർശിക്കാനാണ്. ഉദാഹരണം, തെലുങ്കിലെ അത്ത; തമിഴിലെയും മലയാള ത്തിലെ അമ്മ.

പരാമർശപദം (Term of reference) എന്നത് മറ്റൊരാളോടു സംസാരിക്കുമ്പോൾ നിങ്ങൾ മറ്റൊരാളെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദമാണ്. ഒരു ബന്ധുവിനെക്കുറിച്ച് മൂന്നാമതൊരു വ്യക്തിയോടു സൂചിപ്പിക്കാൻ ഇതുപയോഗിക്കുന്നു. ഉദാഹരണത്തിന്, പരമ്പാരാഗത കേരളീയ സമൂഹത്തിൽ ഭർത്താവിനെ സൂചിപ്പിക്കാൻ ചില സ്ത്രീകൾ 'കുട്ടിയുടെ അച്ഛൻ' എന്ന പദം ഉപയോഗിക്കാറുണ്ട്. തെലുങ്കിൽ അച്ഛന്റെ സഹോദരിയെ സൂചിപ്പിക്കാൻ മേനത്ത (Menatta) എന്ന പദം ഉപയോഗിക്കുമ്പോൾ അവർ അഭിസംബോധനചെയ്യപ്പെടുന്നത് അത്ത (Atta) എന്ന പദത്താലാണ്.

ഭാഷാഘടനയ്ക്കനുസരിച്ചുള്ള വർഗീകരണം (Classification by linguistic structure)

ഭാഷാഘടനയ്ക്കനുസരിച്ച് ബന്ധുത്വപദങ്ങളെ പ്രാഥമികപദം (Elementary term), നിഷ്പന്ന പദം (Derivative term), വിവരണാത്മകപദം (Descriptive term) എന്നിങ്ങനെ വർഗീക രിച്ചിരിക്കുന്നു.

പ്രാഥമികപദം (Elementary term) : വീണ്ടും ലഘൂകരിക്കാൻ സാധിക്കാത്ത പദങ്ങളാണ് ഇവ. ഉദാഹരണത്തിന് *അച്ഛൻ* അല്ലെങ്കിൽ *അമ്മ*.

നിഷ്പന്നപദം (Derivative term) : ഒരു പ്രാഥമികപദത്തിന്റെ കൂടെ ഒരു ശബ്ദപദം കൂടി ചേർന്നാണ് ഇത് ഉണ്ടാകുന്നത്. മരുമകൻ, മരുമകൾ, പേരക്കുട്ടി എന്നീ പദങ്ങൾ ഇവയ്ക്കുദാ ഹരണങ്ങളാണ്. മരുമകൻ എന്ന പദത്തിൽ മകൻ എന്നത് ഒരു പ്രാഥമികപദവും മരു എന്നത് ബന്ധുത്വസംബന്ധിയായി പ്രത്യേക അർഥമൊന്നുമില്ലാത്ത ഒരു ശബ്ദവുമാണ്. എന്നാൽ മരു എന്ന പദവും മകൻ എന്ന പദവും ചേരുമ്പോൾ അതിന് നിശ്ചിതമായ അർഥം ലഭിക്കുന്നു.

വിവരണാത്മകപദം (Descriptive term): ഒന്നിൽക്കൂടുതൽ പ്രാഥമികപദങ്ങൾ കൂടിച്ചേർ ന്നാണ് ഇവ രൂപംകൊള്ളുന്നത്. മലയാളത്തിലുപയോഗിക്കുന്ന *അമ്മമ്മ*, *അച്ഛച്ഛൻ* എന്നിവ വിവരണാത്മകപദങ്ങൾക്ക് ഉദാഹരണങ്ങളാണ്.

പ്രയോഗ പരിധിക്കനുസരിച്ചുള്ള വർഗീകരണം
(Classification by range of application)

പ്രയോഗപരിധി അനുസരിച്ചുള്ള ബന്ധുത്വസൂചകപദങ്ങളെ സൂചനാത്മകപദമെന്നും (Denota-tive term) വർഗീകരണാത്മകപദമെന്നും (Classificatory term) രണ്ടായി തിരിച്ചിരിക്കുന്നു.

സൂചനാത്മകപദം (Denotative term) : ഒരേ ഒരു വിഭാഗം ബന്ധുത്വത്തെ മാത്രം സൂചിപ്പിക്കാനുപയോഗിക്കുന്നു. ഉദാഹരണത്തിന് *അമ്മ, ഭർത്താവ്, ഭാര്യ* എന്നീ പദങ്ങൾ എല്ലായ്പ്പോഴും ഒരേ തരത്തിലുള്ള ബന്ധങ്ങൾ സൂചിപ്പിക്കുന്നവയാണ്.

വർഗീകരണാത്മകപദങ്ങൾ (Classificatory term) : ഇവ ഒന്നോ അതിലധികമോ ബന്ധുവിഭാഗങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. *മുത്തച്ഛൻ, കസിൻ, അങ്കിൾ, ആന്റി* എന്നീ വാക്കുകൾകൊണ്ട് സൂചിപ്പിക്കപ്പെടുന്നവർ എപ്പോഴും ഒരേ വിഭാഗത്തിൽപ്പെട്ട ബന്ധുക്കളാവണമെന്നില്ല. ഉദാഹരണത്തിന്, കസിൻ എന്ന വാക്ക് വ്യത്യസ്ത ബന്ധങ്ങളായ *അച്ഛന്റെ സഹോദരിയുടെ മക്കളെയും അമ്മയുടെ സഹോദരിയുടെ മക്കളെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു.*

ഒരു കുടുംബത്തിൽ ഓരോ വ്യക്തിയുടെയും പങ്കാളിത്തത്തിന്റെയും പദവിയുടെയും അടിസ്ഥാനത്തിൽ അവർ തമ്മിലുള്ള ബന്ധങ്ങൾ വ്യത്യാസപ്പെടുന്നു. ചില പ്രത്യേക വിഭാഗം ബന്ധുക്കളിൽനിന്നു ചിലർ അകലം പാലിക്കുന്ന രീതിയിൽ പെരുമാറുമ്പോൾ ചില ആളുകൾ മറ്റ് ചില പ്രത്യേക വിഭാഗം ബന്ധുക്കളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാനും തമാശകൾ പറയാനും സ്വാതന്ത്ര്യമുള്ളവരാണ്. ഇത്തരം പെരുമാറ്റരീതികൾ നിങ്ങളുടെ കുടുംബത്തിലും നിരീക്ഷിക്കാവുന്നതാണ്.

ബന്ധുത്വ പെരുമാറ്റരീതി (Kinship Behaviour)

ഒരു നിശ്ചിതബന്ധുവിനോടുള്ള പെരുമാറ്റരീതികൾ എല്ലാ സമൂഹങ്ങളിലും ഒരുപോലെയല്ല. അതത് സംസ്കാരങ്ങളാൽ അതിരു നിശ്ചയിക്കപ്പെട്ട് ഇത്തരം പെരുമാറ്റരീതികൾ സമൂഹങ്ങളിൽ നിന്നു സമൂഹങ്ങളിലേക്ക് മാറിക്കൊണ്ടേയിരിക്കുന്നു. അത്തരം ചില പ്രത്യേക പെരുമാറ്റ രീതികളിലൂടെ നമുക്കു കടന്നുപോകാം.

ഒഴിവാക്കൽ (Avoidance) : ലോകമാസകലമുള്ള ഒട്ടുമിക്ക സമൂഹങ്ങളിലും മക്കളുടെ ഭാര്യമാരോടും ഭാര്യാമാതാവിന്നോടും ഭർത്തൃപിതാവിനോടും ഇളയ സഹോദരന്റെ ഭാര്യയോടും പ്രത്യേക തരം അകൽച്ച പാലിക്കുന്നതായി കാണാം. ഉദാഹരണത്തിന്, ഒരു പുരുഷൻ പാരമ്പര്യ രീതിയനുസരിച്ച് തന്റെ ആൺമക്കളുടെ ഭാര്യമാരോട് ഒഴിവാക്കൽബന്ധം (avoidance) പാലിക്കുന്നു. അതേപോലെ ഒരു സ്ത്രീ തന്റെ പെൺമക്കളുടെ ഭർത്താക്കൻമാരോടും അകലം പാലിക്കാൻ ശ്രമിക്കുന്നു. ഒരു വ്യക്തിയും അദ്ദേഹത്തിന്റെ ഇളയ സഹോദരന്റെ ഭാര്യയുമായും അത്തരം ഒരു ബന്ധം നിലനിൽക്കുന്നതായിക്കാണാം.

നർമ വിനിമയബന്ധം (Joking relation): ഇത് ഒഴിവാക്കൽബന്ധത്തിന്റെ നേരെ വിപരീതമാണ്. ചില ബന്ധുക്കൾ തമ്മിൽ തീവ്രമായ അടുപ്പം ഇതിലൂടെ പ്രകടമാവുന്നു. ഈ ബന്ധങ്ങളിലുള്ളവർ പലതരം തമാശകൾ പറഞ്ഞ് പരസ്പരം കളിയാക്കുന്നു. സാധാരണ ഇത്തരം ബന്ധം നിലനിൽക്കുന്നത് ഒരു പുരുഷനും അയാളുടെ ഭാര്യയുടെ ഇളയസഹോദരിമാരും തമ്മിലും ഒരു സ്ത്രീയും അവരുടെ ഭർത്താവിന്റെ ഇളയസഹോദരൻമാരും തമ്മിലുമാണ്. കൂടാതെ സഹോദരീപുത്രിമാരും സഹോദരപുത്രൻമാരും തമ്മിലും നേരെ തിരിച്ചും മുത്തശ്ശിമുത്തശ്ശൻമാരും പേരമക്കളും തമ്മിലും ഇത്തരം ബന്ധങ്ങൾ നിലനിൽക്കുന്നു.

മാതൃ-സഹോദര കേന്ദ്രിതം (Avunculate) : ചില മാതൃദായകുടുംബങ്ങളിൽ മാതൃസഹോദരൻ പിതാവ് ചെയ്യേണ്ട മിക്ക കടമകളും നിർവഹിക്കുന്നു. സഹോദരീപുത്രന്മാരും പുത്രിമാരും മരുമകനും മരുമകളും അദ്ദേഹത്തിന്റെ അധികാരത്തിലാണ് വളരുന്നത്. അദ്ദേഹത്തിന്റെ സ്വത്തുക്കളും മറ്റും അനന്തരാവകാശമായി മരുമക്കൾക്കാണ് ലഭിക്കുന്നത്. മലിനേഷ്യൻ ദ്വീപുകളിലെ ട്രോബ്രിയാന്റുകളിൽ ഇത്തരത്തിലുള്ള പെരുമാറ്റം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

പിതൃ-സഹോദരി കേന്ദ്രിതം (Amitate): പിതൃദായക്രമക്കാരുടെ ഇടയിൽ അവൻകുലേറ്റിനു സമാനമായി കാണപ്പെടുന്ന രീതിയാണ് ഇത്. ഇവിടെ അച്ഛന്റെ സഹോദരിക്ക് ഏറെ പ്രാധാന്യവും ആദരവും ലഭിക്കുന്നു. ഇവൾ മരുമകനെ സംബന്ധിച്ചിടത്തോളം അമ്മയേക്കാൾ പ്രാധാന്യമുള്ളയാളും പല ജീവിതസന്ദർഭങ്ങളിലും അവന്റെ മേൽ സ്വാധീനം ചെലുത്താൻ അധികാരമുള്ളയാളുമാണ്. പോളിനേഷ്യയിലെ ടോംഗാ വിഭാഗക്കാരുടെ ഇടയിൽ ഇത്തരം പെരുമാറ്റരീതി നിലനിൽക്കുന്നു.

കുവേഡ് (Couvade): ഗർഭമുൾപ്പെടെയുള്ള കാര്യങ്ങളും കുഞ്ഞിന്റെ ക്ഷേമത്തിനു വേണ്ട മറ്റുകാര്യങ്ങളും ഭാര്യ എങ്ങനെയാണോ അനുഷ്ഠിക്കുന്നത്, അവയെല്ലാം ഭർത്താവ് നിർബന്ധിതമായി അനുകരിക്കുന്നു. കുഞ്ഞിന്റെ ജനനവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണോ ഭാര്യ വർജിക്കുന്നത്, അതെല്ലാം അതേപടി ഭർത്താവും അനുകരിക്കുന്നു. *തോഡ, ഊരാളി, നായാടി തുടങ്ങിയ ഗോത്രവിഭാഗങ്ങൾ ഈ ആചാരം അനുഷ്ഠിച്ചിരുന്നു.*

ടെക്നോണമി (Tecknonymy): ഇന്ത്യയിലെ ചില ഗ്രാമീണസമൂഹങ്ങളുടെ ഇടയിൽ പരമ്പരാഗതരീതിയുടെ അടിസ്ഥാനമായോ പ്രാദേശികാചാരത്തിന്റെ ഭാഗമായോ ഭർത്താവിനെ കുട്ടിയുടെ അച്ഛൻ എന്ന് പരാമർശിക്കുന്നതു സാധാരണമാണ്. ഇത്തരം പരാമർശത്തെയാണ് *ടെക്നോണമി* എന്നു പറയുക. മേഘാലയയിലെ ഖാസികൾ ഇത് പിന്തുടരുന്നു.

നിങ്ങളുടെ കുടുംബത്തിലെ ബന്ധുത്വവുമായി ബന്ധപ്പെട്ട പെരുമാറ്റരീതികൾ നിരീക്ഷിക്കുകയും അവയെക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കി അവതരിപ്പിക്കുകയും ചെയ്യുക.



പഠനപുരോഗതി വിലയിരുത്താം

1. നിങ്ങളുടെ കുടുംബത്തിൽ ഉപയോഗിച്ചുവരുന്ന ബന്ധുത്വത്തെ സൂചിപ്പിക്കുന്ന പദങ്ങൾ തിരിച്ചറിഞ്ഞ് അവയെ ഉപയോഗരീതിയുടെയും (Classification by mode of use) പ്രയോഗപരിധിയുടെയും (Classification by range of application) അടിസ്ഥാനത്തിൽ വർഗീകരിക്കുക.
2. ഭാര്യയുടെ ഗർഭബന്ധിത പെരുമാറ്റങ്ങൾ ഭർത്താവ് അനുകരിക്കുന്ന തരത്തിലുള്ള ബന്ധുത്വ പെരുമാറ്റരീതിയാണ്.....
3. ഒരു സ്ത്രീ അവരുടെ ഭർത്താവിനെ സൂചിപ്പിക്കാൻ 'കുട്ടികളുടെ അച്ഛൻ' എന്നുപയോഗിക്കുന്ന തരത്തിലുള്ള പെരുമാറ്റരീതിയാണ് .....
4. വേർതിരിക്കുക.
   - അമിറ്റേറ്റും അവൻകുലേറ്റും
   - ജോക്കിങ് റിലേഷൻഷിപ്പും ഒഴിവാക്കൽ (Avoidance relationship) ബന്ധവും

സംഗ്രഹം

- ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള സാമൂഹികമായി അംഗീകരിക്കപ്പെട്ട ലൈംഗികവും സാമ്പത്തികവുമായ കൂടിച്ചേരലാണ് വിവാഹം. വിവാഹം അതിന്റെ രൂപത്തിലും ചിട്ടകളിലും വലിയതോതിൽ വ്യത്യസ്തമാണ് വിശദമായ ചടങ്ങുകൾ അതിന്റെ ഭാഗമാകാം, സമൂഹങ്ങൾക്കിടയിലും ഒരേ സമൂഹത്തിനുള്ളിൽത്തന്നെയും അവ വ്യത്യസ്തത പുലർത്തിയേക്കാം.

- ഏകവിവാഹം (Monogamy), ബഹുഭാര്യത്വം (Polyandry), ബഹുഭർത്തൃത്വം (Polygyny) എന്നിങ്ങനെ വിവാഹത്തിന് അനേകം വിഭാഗങ്ങളും ഉപവിഭാഗങ്ങളുമുണ്ട്. പെൺപണവും സ്ത്രീധനവും വിവാഹവുമായി ബന്ധപ്പെട്ട സാമ്പത്തിക ആചാരങ്ങളാണ്. പെൺപണമെന്നത് വരനോ വരന്റെ വീട്ടുകാരോ വധുവിന് പണമോ സാധനങ്ങളോ നൽകുന്നതാണ്. വധുവിന്റെ വീട്ടുകാർ വരന്റെ വീട്ടുകാർക്ക് പണമോ സാധനങ്ങളോ നൽകുന്നതാണ് സ്ത്രീധനം.

- ഒരു വ്യക്തിക്ക് ആരെയൊക്കെ വിവാഹം ചെയ്യാം, ആരെയൊക്ക വിവാഹം കഴിക്കാൻ പാടില്ല എന്നൊക്കെ വിശദീകരിക്കുകയാണ് വിവാഹനിയമങ്ങൾ ചെയ്യുന്നത്. ബഹിർഗണവിവാഹ നിയമങ്ങൾ സമുദായത്തിന്റെയോ ബന്ധുഗണങ്ങളുടെയോ പുറത്ത് വിവാഹം ചെയ്യാൻ നിർബന്ധിതമാക്കുന്നു. എന്നാൽ സ്വഗണവിവാഹനിയമങ്ങൾ ഒരു കൂട്ടത്തിനുള്ളിൽനിന്ന് തന്നെ വിവാഹം ചെയ്യാൻ നിർബന്ധിക്കുന്നു. ചില സമൂഹങ്ങൾ ക്രോസ് കസിൻ വിവാഹങ്ങളും പാരലൽ കസിൻ വിവാഹങ്ങളും വിലക്കുമ്പോൾ മറ്റു ചില സമൂഹങ്ങൾ അത്തരം വിവാഹങ്ങൾ അനുവദിക്കുന്നു.

- എല്ലാ സമൂഹങ്ങളിലും കുടുംബം എന്ന സ്ഥാപനം നിലനിൽക്കുന്നു. പക്ഷേ, അവ ഘടനയിലും രീതിയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. അതിന്റെ വിവിധ രൂപങ്ങളും ഉപരൂപങ്ങളുമാണ് അണുകുടുംബം, മിശ്രകുടുംബം, ബഹുവിവാഹ കുടുംബങ്ങൾ എന്നിവ.

- കുടുംബത്തിന് സാമ്പത്തികം, വിദ്യാഭ്യാസപരം, സാമൂഹികം, ജൈവികം എന്നിങ്ങനെ പല ധർമങ്ങളുമുണ്ട്. പിതൃസ്ഥാനീയവാസം, മാതൃസ്ഥാനീയവാസം, ഉഭയസ്ഥാനീയവാസം, മാതൃസഹോദരസ്ഥാനീയവാസം, പിതൃസഹോദരസ്ഥാനവാസം, പുതുസ്ഥാനവാസം എന്നിങ്ങനെ നവദമ്പതികളുടെ താമസസ്ഥലം വ്യത്യസ്തമായിരിക്കാം.

- വിവാഹം വഴിയോ രക്തബന്ധം വഴിയോ വ്യക്തികൾക്കിടയിൽ ഉണ്ടാകുന്ന ബന്ധത്തെയാണ് ബന്ധുത്വം എന്നതുകൊണ്ട് അർഥമാക്കുന്നത്. വിവാഹത്തിലൂടെയുണ്ടാകുന്ന ബന്ധുത്വത്തെ വൈവാഹികബന്ധുത്വം എന്നും പരസ്പര രക്തബന്ധത്തിലൂടെയുള്ളതിനെ രക്തബന്ധുത്വം എന്നും പറയുന്നു. ഒരു വ്യക്തിയെ ഒരു കൂട്ടം ബന്ധുക്കളുമായി ബന്ധിപ്പിക്കുന്ന നിയമങ്ങളെയാണ് പിന്തുടർച്ചാക്രമനിയമങ്ങളെന്നു പറയുന്നത്. പിതൃദായ പിന്തുടർച്ചക്രമം, മാതൃദായ പിന്തുടർച്ചക്രമം, ദ്വികേന്ദ്രിത പിന്തുടർച്ചക്രമം എന്നിങ്ങനെ വ്യത്യസ്ത പിന്തുടർച്ചക്രമങ്ങളുണ്ട്. വ്യത്യസ്ത തരത്തിലുള്ള ബന്ധുഗണങ്ങളുണ്ട്. ഒരു കൂട്ടം ബന്ധുക്കളടങ്ങിയ കൂട്ടത്തെയാണ് ബന്ധുഗണങ്ങൾ എന്നു വിളിക്കുന്നത്. കുടുംബം, താവഴി, ഗോത്രം, കൂട്ടുകുലം, ഇരട്ട കൂട്ടുകുലം എന്നിവ ബന്ധുഗണങ്ങൾക്ക് ഉദാഹരണങ്ങളാണ്.

വിലയിരുത്തൽ ഇനങ്ങൾ

1. ഒറ്റപ്പെട്ടതു കണ്ടെത്തി നിങ്ങളുടെ ഉത്തരത്തിന് ന്യായീകരണം എഴുതുക.
   എ) ട്രൈബ്, മതം, ഫ്രാട്രി, ഇരട്ടകൂട്ടുകുലം
   ബി ബഹുവിവാഹം, ബഹുഭാര്യത്വം, സ്വഗണവിവാഹം, ബഹുഭർതൃത്വം
   സി) സ്വഗണവിവാഹം (Endogamy), ഇൻസെസ്റ്റ് ടാബു (Incest taboo), ഏകവിവാഹം (Monogamy), ബഹിർഗണവിവാഹം (Exogamy)
   ഡി) അച്ഛൻ, അമ്മാവൻ, അമ്മ, മകൾ
   ഇ) അമ്മാവൻ, മരുമകൾ, അച്ഛൻ, മരുമകൻ, അമ്മായി

2. നിങ്ങളുടെയും നിങ്ങളുടെ അയൽകുടുംബത്തിന്റെയും വംശാവലിയുടെ ചാർട്ട് വരച്ച് കുടുംബരീതി, താവഴി, പിന്തുടർച്ചക്രമം എന്നിവ കണ്ടെത്തുക.

3. നിങ്ങൾ അടുത്തിടെ പങ്കെടുത്ത ഒരു വിവാഹത്തെ അപഗ്രഥിച്ച് താഴെപ്പറയുന്നവ കണ്ടെത്തുക.
   - പങ്കാളികളെ തിരഞ്ഞെടുക്കുന്ന രീതികളും വിവാഹശേഷ വാസസ്ഥലവും
   - വിവാഹനിയമങ്ങൾ

4. വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങൾ സാർവത്രികമാണെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? വിവരിക്കുക.

5. ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും തമ്മിലുള്ള വ്യത്യാസം എന്താണ്? ഉദാഹരണസഹിതം സമർഥിക്കുക.

6. താഴെ നൽകിയിരിക്കുന്നവയുടെ ബന്ധുത്വ അടയാളങ്ങൾ വരയ്ക്കുക.
   എ) വിവാഹം ബി) പിന്തുടർച്ചക്രമം
   സി) മരണപ്പെട്ട പുരുഷൻ ഡി) രണ്ടു സഹോദരിമാർ

7. വിവാഹത്തിന്റെ വ്യത്യസ്തരീതികൾ സൂചിപ്പിക്കുന്ന ചാർട്ട് തയാറാക്കി, ഏതെങ്കിലും രണ്ടു രീതികളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

8. താഴെ നൽകിയിരിക്കുന്നത് വ്യത്യസ്തതരം കുടുംബങ്ങളാണ്. ഇതിൽ ഓരോ വിഭാഗത്തെയും വംശാവലീചിഹ്നങ്ങളിലൂടെ ചിത്രം വരച്ച് വിവരിക്കുക.
   എ) ബഹുഭാര്യാകുടുംബങ്ങൾ
   ബി) അണുകുടുംബം
   സി) ബഹുഭർത്തൃകുടുംബം

9. മൂന്നു തലമുറകൾ അടങ്ങുന്ന ഒരു കുടുംബത്തിന്റെ വംശാവലി ചാർട്ട് തയാറാക്കി അവയ്ക്ക് പ്രത്യേകം സംഖ്യകൾ നൽകി താഴെപ്പറയുന്നവ കണ്ടെത്തുക.
   പ്രാഥമിക, ദ്വിതീയ, തൃതീയ ബന്ധുക്കൾ, ക്രോസ് കസിൻ വിവാഹങ്ങൾ, പാരലൽ കസിൻ വിവാഹങ്ങൾ, ഇഗോവിന്റെ MBH, FZH.

10. വൈവാഹികബന്ധുത്വവും രക്തബന്ധുത്വവും വേർതിരിക്കുക.

11. ബഹിർഗണവിവാഹത്തിന്റെ സാമൂഹികപ്രാധാന്യം പരിശോധിക്കുക.

12. പത്രവാർത്താ ഭാഗങ്ങൾ സൂചിപ്പിക്കുന്നത് കേരളീയർ പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനു പുതിയ മാർഗങ്ങൾ സ്വീകരിക്കുന്നു എന്നാണ്. പങ്കാളിയെ തിരഞ്ഞെടുക്കുന്നതിന് പരമ്പാരാഗതമായ രീതികളും നിലവിലുണ്ട്. നിങ്ങളുടെ ചുറ്റുപാടുകളിൽ പങ്കാളികളെ ആർജിക്കുന്ന ഏതെങ്കിലും മൂന്നുരീതികൾ കണ്ടെത്തി വിവരിക്കുക.

13. താഴെ നൽകിയിരിക്കുന്ന ബന്ധങ്ങളെ വൈവാഹികബന്ധുത്വം, രക്തബന്ധുത്വം എന്നിങ്ങനെ ക്രമീകരിക്കുക. (അമ്മാവൻ, ഭാര്യാസഹോദരൻ, ഭാര്യാഭർത്തൃപിതാവ്, ഭാര്യ - ഭർത്താവ്, മകൻ, മകൾ, പിതൃസഹോദരി, മരുമകൻ, ഭാര്യാ - ഭർത്തൃമാതാവ്, സഹോദരി, ഭാര്യാസഹോദരൻ .

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- വിവാഹത്തിന്റെ സാർവത്രികത മനസ്സിലാക്കുന്നു.
- ആധുനികസമൂഹത്തിന്റെയും സാക്ഷരപൂർവസമൂഹത്തിന്റെയും രീതികൾ, നിയമങ്ങൾ, പങ്കാളികളെ കണ്ടെത്തുന്ന രീതികൾ എന്നിവ താരതമ്യം ചെയ്യുന്നു.
- കുടുംബത്തിന്റെ ധർമങ്ങൾ വിലയിരുത്തുന്നു, അതിന്റെ സാർവത്രികത മനസ്സിലാക്കുന്നു.
- വ്യത്യസ്ത കുടുംബരീതികൾ വേർതിരിച്ച് ആധുനികസമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന കുടുംബഘടന തിരിച്ചറിയൽ പ്രാപ്തിനേടുന്നു.
- വ്യത്യസ്ത ബന്ധുത്വങ്ങൾ തിരിച്ചറിയുകയും ബന്ധുത്വസൂചകപദങ്ങൾ വർഗീകരിച്ച് വംശാവലി ചാർട്ട് തയാറാക്കുകയും ചെയ്യുന്നു.
- വ്യത്യസ്ത ബന്ധുത്വപെരുമാറ്റരീതികൾ, പിന്തുടർച്ചക്രമവുമായി ബന്ധപ്പെട്ട നിയമങ്ങളും അധികാരങ്ങളും എന്നിവ തിരിച്ചറിയാൻ കഴിയുന്നു.

E4K1J9

യൂണിറ്റ്
7

രാഷ്ട്രീയസംവിധാനം

ഉള്ളടക്കം

I. രാഷ്ട്രീയസംഘാടനത്തിന്റെ അർഥവും വ്യാപ്തിയും
- രാഷ്ട്രീയനരവംശശാസ്ത്രം
- ശക്തിയും അധികാരവും

II. വിവിധതരം രാഷ്ട്രീയവ്യവസ്ഥകൾ
- രാഷ്ട്രവ്യവസ്ഥയും രാഷ്ട്രേതര വ്യവസ്ഥയും
- സമത്വാധിഷ്ഠിതവ്യവസ്ഥയും സമത്വേതരവ്യവസ്ഥയും
- കേന്ദ്രീകൃതവ്യവസ്ഥയും വികേന്ദ്രീകൃതവ്യവസ്ഥയും

III. രാഷ്ട്രീയവ്യവസ്ഥയുടെ വികാസം
- ചെറിയകൂട്ടം (ബാൻഡ്)
- ഗോത്രം
- ചീഫ്ഡം
- രാഷ്ട്രം

IV. സാമൂഹികനിയന്ത്രണ സംവിധാനങ്ങൾ
- സാമൂഹികനിയന്ത്രണം - ഔപചാരികം, അനൗപചാരികം
- സാമൂഹികാഗീകാരം- അനുകൂലവും പ്രതികൂലവും - ഔപചാരികം അനൗപചാരികം

V. ആചാരാധിഷ്ഠിതനിയമങ്ങൾ
- സ്രോതസ്സുകൾ, പ്രത്യേകതകൾ
- പൗരാണികനിയമം, ആധുനിക നിയമം

VI. സാക്ഷരപൂർവസമൂഹങ്ങളിലെ തർക്കപരിഹാരങ്ങൾ
- തെളിവ് - സത്യം ചെയ്യൽ, അഗ്നിപരീക്ഷകൾ
- ശിക്ഷ - വിചാരണ, നഷ്ടപരിഹാരം
- സമാധാനപരവും ഹിംസാത്മകവവുമായ മാർഗങ്ങൾ

ആമുഖം

വെനിസ്വേല, ബ്രസീൽ എന്നീ രാജ്യങ്ങളിൽ താമസിക്കുന്ന ഗോത്രസമൂഹമാണ് യാനോമാമി. വേട്ടയാടലും ഭക്ഷണം ശേഖരിക്കലും തോട്ടക്കൃഷിയുമാണ് ഇവരുടെ ഉപജീവന മാർഗങ്ങൾ. ഗ്രാമത്തലവൻ എന്ന ഒരേയൊരു നേതൃത്വം മാത്രമേ യാനോമാമിക്കാർക്കിടയിൽ ഉള്ളൂ. അദ്ദേഹത്തിന്റെ അധികാരവും പരിമിതമാണ്. ഗ്രാമത്തലവന് മറ്റുള്ളവരെക്കൊണ്ട് വല്ലതും ചെയ്യിക്കണമെങ്കിൽ അദ്ദേഹം സ്വയം മാതൃകയായി അവരെ പ്രേരിപ്പിക്കുകയാണ് പതിവ്. ഉദാഹരണമായി, സദ്യനൽകുന്ന സ്ഥലം വൃത്തിയാക്കണമെങ്കിൽ അദ്ദേഹം സ്വയം അത് ചെയ്യുകയും മറ്റുള്ളവർ അദ്ദേഹത്തെ അനുകരിക്കുകയുമാണ് ചെയ്യുന്നത്. അദ്ദേഹത്തിന് ആജ്ഞാപിക്കാനുള്ള അധികാരമില്ല. ഗ്രാമത്തിൽ തർക്കങ്ങൾ നടക്കുമ്പോൾ അദ്ദേഹം മധ്യസ്ഥനായിരിക്കും. തർക്കക്കാർക്ക് ഇതിൽ തൃപ്തരല്ലെങ്കിൽ ഗ്രാമത്തലവന് ഒന്നും ചെയ്യാൻ സാധിക്കില്ല. കാരണം, അദ്ദേഹം എല്ലാവരെയും പോലെ ഒരാൾ മാത്രമാണ്. ഗ്രാമത്തിലുള്ളവർ ഗ്രാമമുഖ്യനിൽ തൃപ്തരല്ല എങ്കിൽ അവർക്ക് മറ്റു ഗ്രാമങ്ങളിലേക്ക് പോകാം. (സ്രോതസ്സ്: കോൺറാഡ് ഫിലിപ്പ് കൊട്ടാക്ക്, ആന്ത്രോപോളജി: ദി എക്സ്പ്ലൊറേഷൻ ഓഫ് ഹ്യൂമൺ ഡൈവേഴ്സിറ്റി, 2002)

മുകളിൽ കൊടുത്തിരിക്കുന്ന യാനോമാമി ഗ്രാമത്തലവന്റെ വിവരണം സൂചിപ്പിക്കുന്നത് ഔപചാരികമായ രാഷ്ട്രീയാധികാരമില്ലാത്ത സമൂഹങ്ങളിലും രാഷ്ട്രീയമുണ്ട് എന്നാണ്. ഔപചാരികമായാലും അനൗപചാരികമായാലും രാഷ്ട്രീയം രാഷ്ട്രീയക്കാരുടെ മേഖലയാണ്. അവരുടെ പ്രവർത്തനങ്ങളെ 'നേതൃത്വം' അഥവാ 'പൊതുസേവനം' എന്ന രീതിയിലാണ് പരാമർശിക്കുന്നത്. നേതാക്കൾ തീരുമാനങ്ങളെടുക്കുകയും അവ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്തരം രാഷ്ട്രീയവ്യവസ്ഥയെയും ആധുനിക രാഷ്ട്രീയ വ്യവസ്ഥയെയും സാർവത്രികവും താരതമ്യപരവുമായ കാഴ്ചപ്പാടിലൂടെ നരവംശശാസ്ത്രജ്ഞർ നോക്കിക്കാണുന്നു.

കൂട്ടായതും സഹകരണാത്മകവുമായ സാമൂഹികജീവിതത്തിന് കുടുംബം, വിവാഹം, ബന്ധുത്വം എന്നീ സാമൂഹികസ്ഥാപനങ്ങളുടെ പങ്ക് നാം കണ്ടുകഴിഞ്ഞു. സാമൂഹികക്രമം നിലനിർത്തുന്നതിനായുള്ള മറ്റൊരു സ്ഥാപനമാണ് രാഷ്ട്രീയസംവിധാനം.

- നിങ്ങളുടെ അഭിപ്രായത്തിൽ സാമൂഹികസുരക്ഷയും സമാധാനവും നിലനിർത്തേണ്ടതിന്റെ ആവശ്യകത എന്താണ്?
- മറ്റുള്ളവരിൽനിന്നു തുടർച്ചയായി അക്രമഭീഷണി നേരിട്ടാൽ നിങ്ങൾക്ക് ശരിയായി ജീവിക്കാൻ പറ്റുമോ?

സ്വാഭാവികമായും സാമൂഹികക്രമം പാലിക്കാനായി ജനങ്ങൾ അവരുടെ പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും നിയന്ത്രിക്കേണ്ടതുണ്ട്. ഇതു നിയമനിർമാണത്തിനും അവ നടപ്പിലാക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും കാരണമാകുന്നു. എല്ലാ സമൂഹങ്ങളിലും ഔപചാരികമായ നിയമ സംഹിത നിലവിലില്ല എങ്കിലും സാമൂഹികനിയന്ത്രണമാർഗങ്ങൾ നിലനിൽക്കുന്നുണ്ട്. സമാധാനപരമായ ജീവിതത്തിന് ഇത് ആവശ്യമാണ്. ഇതാണ് രാഷ്ട്രീയസംവിധാനത്തിന്റെ അടിസ്ഥാനം.

ഇന്ന് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് മികച്ച രാഷ്ട്രീയസംവിധാനവും നിയമ സംഹിതയും, അവ നടപ്പിലാക്കുന്ന രീതികളുമുണ്ട്. അവ ക്രമേണ വളർന്നുവന്നതാണ്, അല്ലാതെ പെട്ടെന്നുണ്ടായതല്ല.

വ്യത്യസ്ത സംസ്കാരങ്ങളിൽ നിലനിൽക്കുന്ന രാഷ്ട്രീയവ്യവസ്ഥ, അതിന്റെ വികാസം, സാമൂഹിക നിയന്ത്രണമാർഗങ്ങൾ, തർക്കപരിഹാരരീതികൾ എന്നിവയെക്കുറിച്ച് ചർച്ചചെയ്യാം. ഇതിനായി രാഷ്ട്രീയസംവിധാനത്തിന്റെ അർഥവും വ്യാപ്തിയും നരവംശശസ്ത്രപരമായ കാഴ്ചപ്പാടിലൂടെ പരിശോധിക്കാം.

രാഷ്ട്രീയസംവിധാനത്തിന്റെ അർഥവും വ്യാപ്തിയും

(Meaning and Scope of Political Organisation)

ലളിതസമൂഹങ്ങളിൽ കുടുംബം, ബാൻഡ്, ഗോത്രം എന്നിവ അവരുടെ അംഗങ്ങൾക്കിടയിൽ നിയന്ത്രണങ്ങൾ ചെലുത്താറുണ്ട്. എന്നാൽ ലിഖിതവും അലിഖിതവുമായ നിയമങ്ങളിലൂടെയാണ് ആധുനികസമൂഹങ്ങളിൽ സാമൂഹികനിയന്ത്രണം നിലനിൽക്കുന്നത്. ജനങ്ങളുടെ മേൽ അധികാരമുള്ള രാഷ്ട്രമോ അതിന്റെ ഘടകങ്ങളോ ആണ് ഇത്തരം നിയമങ്ങൾ നിർമിക്കുന്നത്.

അയൽസമൂഹങ്ങളുമായി ബന്ധം നിലനിർത്തുന്നത് എങ്ങനെയെന്നും ആന്തരികമായി സാമൂഹിക ക്രമം പരിപാലിക്കുന്നത് എങ്ങനെയെന്നുമാണ് രാഷ്ട്രീയസംഘാടനം പരാമർശിക്കുന്നത്. ഒരു സമൂഹം സാമൂഹികക്രമം പരിപാലിക്കുന്നതിനും അക്രമങ്ങൾ ഇല്ലാതാക്കുന്നതിനും ഉപയോഗിക്കുന്ന മാർഗമാണ് രാഷ്ട്രീയസംവിധാനം. ഓരോ സമൂഹത്തിലെയും അധികാരങ്ങളാണ് അതിലെ അംഗങ്ങളുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നത്. സമൂഹത്തിൽ എങ്ങനെയാണ് ശക്തി സ്ഥാപിതമായതെന്നും അവ നടപ്പിലാക്കുന്നത് എങ്ങനെയെന്നുമാണ് രാഷ്ട്രീയസംവിധാനം വെളിവാക്കുന്നത്.

രാഷ്ട്രീയനരവംശശാസ്ത്രം (Political Anthropology)

പ്രാചീനവും ആധുനികവുമായ എല്ലാ സമൂഹങ്ങളിലെയും രാഷ്ട്രീയവ്യവസ്ഥകളെ രാഷ്ട്രീയ നരവംശശസ്ത്രം പഠനവിധേയമാക്കുന്നു. ഇത് ശ്രദ്ധകേന്ദ്രീകരിക്കുന്ന പ്രധാന മേഖലകളാണ് ഭരണം, നിയമം, ഗവണ്മെന്റ്, ശിക്ഷാരീതികൾ എന്നിവ. ഇതിന്റെ അനുബന്ധ മേഖലകളാണ് നീതിന്യായം, കുറ്റകൃത്യങ്ങൾ, കോടതിയും വിചാരണയും.

രാഷ്ട്രീയനരവംശശാസ്ത്രം ഔപചാരികവും അനൗപചാരികവുമായ രാഷ്ട്രീയ വ്യവസ്ഥകളെ കുറിച്ചുള്ള സാംസ്കാരികതാരതമ്യപഠനമാണ്. ഒരു പ്രത്യേക സമുദായത്തിന്റെ രാഷ്ട്രീയസംഘാടനത്തെ രാഷ്ട്രീയ നരവംശശാസ്ത്രജ്ഞർ വിശകലനം ചെയ്യുന്നു. രാഷ്ട്രമീമാംസയിലെ തത്ത്വങ്ങൾ നരവംശശാസ്ത്രജ്ഞരെ രാഷ്ട്രീയസംഘാടനത്തെക്കുറിച്ച് പഠിക്കാൻ സഹായിക്കുന്നു. രാഷ്ട്രീയ സ്വഭാവങ്ങൾ മനസ്സിലാക്കാൻ ഈ രണ്ടു വിഷയങ്ങളിലും പൊതുവായി അനേകം തത്ത്വങ്ങളുണ്ട്. നരവംശശാസ്ത്രത്തിന്റെ സമീപനം ആഗോളവും താരതമ്യാത്മകവുമാണ്. അതിനാൽ വ്യത്യസ്ത സമൂഹങ്ങളിലെ രാഷ്ട്രീയസംഘാടനം, ശക്തി, അധികാരം, നിയമസംവിധാനം എന്നിവയുടെ ചരിത്രപരമായ വികാസത്തെ മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. ചില വ്യക്തികളെയോ സംഘടനകളെയോ സാമൂഹികക്രമം നിലനിർത്താൻ തിരഞ്ഞെടുക്കേണ്ടതുണ്ട്.

നരവംശശാസ്ത്രജ്ഞരും രാഷ്ട്രതന്ത്രശാസ്ത്രജ്ഞരുംം രാഷ്ട്രീയവ്യവസ്ഥയെയും രാഷ്ട്രീയസംഘാടനത്തെയും പഠിക്കുന്നതിൽ താൽപ്പര്യം കാണിക്കുന്നു.



നരവംശശാസ്ത്രജ്ഞരുടെ താൽപ്പര്യം ആഗോളവും താരതമ്യാത്മകവുമാണ്.



രാഷ്ട്രമീമാംസാക്ലാസുകളിൽ നിങ്ങൾ അവയുടെ പ്രകൃതം, അർഥം, വ്യാപ്തി എന്നിവ പഠിച്ചിട്ടുണ്ട്. രാഷ്ട്രമീമാംസയുടെയും രാഷ്ട്രീയ നരവംശശാസ്ത്രത്തിന്റെയും വ്യത്യാസങ്ങൾ പരിശോധിച്ച് അവ ചാർട്ട് രൂപത്തിൽ അവതരിപ്പിക്കുക.



താഴെപ്പറയുന്ന ഗ്രൂപ്പുകളിൽ ആരാണ് തീരുമാനമെടുക്കുന്നത്?

- നിങ്ങളുടെ വീട്ടിൽ?
- നിങ്ങളുടെ സ്കൂളിൽ?
- നിങ്ങളുടെ സമപ്രായമുള്ള ഗ്രൂപ്പിൽ?
- ..... ?
- ..... ?

എന്തുകൊണ്ടാണ് അത്തരം വ്യക്തികൾക്ക് തീരുമാനമെടുക്കാൻ സാധിക്കുന്നത്? അവർക്ക് ചില പ്രത്യേക ഗുണങ്ങളോ ശക്തിയോ ഉണ്ടാവാം.

എന്തുകൊണ്ടാണ് അവരെ നാം അനുസരിക്കുന്നത്? അങ്ങനെ പ്രവർത്തിക്കാനുള്ള അധികാരം അവർക്കുണ്ടാവാം. ശക്തിയും അധികാരവും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് പരിശോധിക്കാം.

അധികാരവും മേൽക്കോയ്മയും (Power and Authority)

നിയമാനുസൃതമായ ശക്തി രാഷ്ട്രീയസംഘാടനത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ശിക്ഷിക്കാനും ഭയപ്പെടുത്താനുമുള്ള കഴിവാണ് അധികാരം. രാഷ്ട്രം നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കുന്നു. തെറ്റുചെയ്യുകയാണെങ്കിൽ സമുദായവും അതിലെ അംഗങ്ങളെ ശിക്ഷിക്കുന്നു. ഒരാൾക്ക് മറ്റുള്ളവരുടെ ഇച്ഛയ്ക്കുപരിയായി അവരിൽ സ്വാധീനം ചെലുത്താൻ കഴിയുമെങ്കിൽ അതിനെ അധികാരം (Power) എന്നു പറയുന്നു. എന്നാൽ ഒരാളുടെ സ്വാധീനം മറ്റുള്ളവർ സ്വമേധയാ സ്വീകരിക്കുകയാണെങ്കിൽ അതിനെ മേൽക്കോയ്മ (Authority) എന്നു പറയുന്നു. അധികാരത്തിന്റെയും മേൽക്കോയ്മയുടെയും ഉദാഹരണങ്ങൾ നിങ്ങളുടെ ചുറ്റുപാടിൽനിന്നു കണ്ടെത്താനാകുമൊ?

പാരമ്പര്യ മേൽക്കോയ്മ (Traditional Authority), വ്യക്തി മേൽക്കോയ്മ (Charismatic Authority), നിയമപ്രാമാണ്യം (Legal Authority) എന്നിങ്ങനെ വർഗീകരിക്കാം. ആദിവാസിമൂപ്പനെയോ രാജാവിനെയോ സ്വന്തം ജനങ്ങൾ അനുസരിക്കുന്നത് പാരമ്പര്യമേൽക്കോയ്മയുള്ളതുകൊണ്ടാണ്. അസാധാരണമായ കഴിവുകളും ഗുണങ്ങളുമുള്ള വ്യക്തികളെ ജനങ്ങൾ അനുസരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഇതിന് വ്യക്തിപ്രഭാവപ്രാമാണ്യമെന്നു പറയുന്നു. ഔപചാരികവും നിയമപരവുമായി നിർവചിക്കപ്പെട്ട അധികാരമാണ് നിയമമേൽക്കോയ്മ. അതിനാൽ ഒരാളുടെ അധികാരം ആ വ്യക്തിയിലല്ല, അയാൾ വഹിക്കുന്ന സ്ഥാനത്തിലാണ്. സ്ഥാനം നഷ്ടപ്പെടുമ്പോൾ അധികാരവും ഇല്ലാതാവുന്നു.

അധികാരത്തിന് രാഷ്ട്രീയവുമായി അടുത്ത ബന്ധമാണുള്ളത്. ഭരണത്തിൽ തീരുമാനമെടുക്കൽ

വളരെ പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസം, വീടുനിർമാണം, കൃഷിരീതികൾ, കുട്ടികളെ വളർത്തൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കുടുംബങ്ങളിൽ തീരുമാനമെടുക്കാറുണ്ട്. കുടുംബങ്ങളിലെ ചില അംഗങ്ങളാണ് ഇത്തരം തീരുമാനങ്ങളെടുക്കുന്നത്.

ഗ്രാമത്തലവൻ, ഗോത്രത്തലവൻ, രാജാവ് എന്നിവർക്ക് തീരുമാനമെടുക്കാനുള്ള അവകാശമുണ്ട്. എന്നാൽ ആധുനികകാലത്ത് ഇത്തരം അധികാരം രാഷ്ട്രത്തിലും ഗവണ്മെന്റിലും അധിഷ്ഠിതമാണ്. ഇത്തരം അധികാരം അവർക്കു ലഭിക്കുന്നത് പ്രാമാണ്യം വഴിയും നിയമംവഴിയുമാണ്. പോലീസ്, സൈന്യം എന്നിവവഴിയും അധികാരം പ്രകടിപ്പിക്കാം. രാഷ്ട്രത്തിനു മാത്രമേ നിയമപരമായി ശിക്ഷിക്കാനുള്ള അവകാശമുള്ളൂ.

പാരമ്പര്യാധികാരം, നൈസർഗികാധികാരം, നിയമപരമായ അധികാരം എന്നിവയ്ക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക. ഇത്തരം അധികാരികളുടെ ചിത്രങ്ങൾ വെബ്സൈറ്റുകളിലൂടെ ശേഖരിച്ച് ഒരു സ്ലൈഡ് പ്രസന്റേഷൻ തയാറാക്കുക.




പഠനപുരോഗതി വിലയിരുത്താം

1. പൂരിപ്പിക്കുക.
   (എ) ഒരാൾക്ക് മറ്റുള്ളവരുടെ ഇച്ഛയ്ക്കുപരിയായി അവരിൽ സ്വാധീനം ചെലുത്താൻ കഴിയുമെങ്കിൽ അതിനെ ..... എന്നു പറയുന്നു.
   (ബി) ഒരാളുടെ സ്വാധീനം മറ്റുള്ളവർ സ്വമേധയാ സ്വീകരിക്കുകയാണെങ്കിൽ അതിനെ ..... എന്നു പറയുന്നു.
2. ഏതു തരം അധികാരമാണെന്നു കണ്ടെത്തുക.
   (എ) ഗോത്രമൂപ്പനെയോ രാജാവിനെയോ സ്വന്തം ജനങ്ങൾ അനുസരിക്കുന്നു.
   (ബി) അസാധാരണമായ കഴിവുകളും ഗുണങ്ങളുമുള്ള വ്യക്തികളെ ജനങ്ങൾ അനുസരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.
   (സി) ഒരു വ്യക്തിയെ നിയമപരമായി അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

വ്യത്യസ്തതരം രാഷ്ട്രീയവ്യവസ്ഥകൾ (Types of Political Systems)

ഒരു സമൂഹത്തിൽ സാമൂഹികക്രമം പാലിക്കുന്നതിനും അക്രമം ഇല്ലാതാക്കുന്നതിനുമാണ് രാഷ്ട്രീയവ്യവസ്ഥ നിലകൊള്ളുന്നത്. ലളിതസമൂഹങ്ങളിലെ രാഷ്ട്രവ്യവസ്ഥയെയും രാഷ്ട്രേതര വ്യവസ്ഥകളെയും വിലയിരുത്തുകയാണ് നരവംശശാസ്ത്രജ്ഞർ ചെയ്യുന്നത്. അതായത് ഇത്തരം സമൂഹങ്ങളിൽ രാഷ്ട്രസമൂഹങ്ങളും രാഷ്ട്രേതരസമൂഹങ്ങളുമുണ്ട്. ചാർട്ടിൽ കൊടുത്തിരിക്കുന്നതുപോലെ ലളിതസമൂഹങ്ങളിൽ വ്യത്യസ്തതരത്തിലുള്ള രാഷ്ട്രീയ വ്യവസ്ഥകൾ നിലനിൽക്കുന്നു.



രാഷ്ട്രവ്യവസ്ഥയും രാഷ്ട്രേതരവ്യവസ്ഥയും (State System and Stateless System)

രാഷ്ട്രവ്യവസ്ഥ: ഒരു പ്രത്യേക മേഖലയ്ക്കുള്ളിൽ പല സമുദായങ്ങൾ ഉൾപ്പെടുന്നതും സ്വയം പര്യാപ്തവുമായ ഭരണസംവിധാനമാണ് രാഷ്ട്ര വ്യവസ്ഥ. നിയമനിർമാണം, അവ നടപ്പിലാക്കൽ, നികുതിപിരിക്കൽ, യുദ്ധം ചെയ്യൽ തുടങ്ങിയവയ്ക്ക് അധികാരമുള്ള കേന്ദ്രീകൃത ഭരണവ്യവസ്ഥ ഇതിന്റെ പ്രത്യേകതയാണ്. സർക്കാർ വഴിയാണ് രാഷ്ട്രം അതിന്റെ ധർമങ്ങൾ നിറവേറ്റുന്നത്. നിയമനിർമാണസഭ, കാര്യനിർവഹണസമിതി, നീതിന്യായവ്യവസ്ഥ എന്നിങ്ങനെ സ്ഥിരസ്വഭാവ മുള്ളതും സങ്കീർണവുമായ രാഷ്ട്രീയ ഘടന രാഷ്ട്രത്തിന്റെ പ്രത്യേകതയാണ്. പോലീസ്, പട്ടാളം എന്നീ ശക്തികളെ ഉപയോഗിച്ച് സർക്കാർ ഇവിടെ പരമാധികാരം സ്ഥാപിക്കുന്നു. രാഷ്ട്രവ്യവസ്ഥയ്ക്ക് ഉദാഹരണങ്ങളാണ് ആധുനിക രാഷ്ട്രങ്ങളും ചീഫ്ഡവും.



രാഷ്ട്രേതരസമൂഹം: ന്യൂയർ

ഇവാൻസ് പ്രിച്ചാഡ് പഠന വിധേയമാക്കിയ (1940) ദക്ഷിണസുഡാനിലെ ഗോത്ര വിഭാഗമായ ന്യൂയർ, രാഷ്ട്രേതര സമൂഹത്തിന് ഉത്തമോദാഹരണമാണ്. മുഖ്യമായും കന്നുകാലികളെ ആശ്രയിച്ചു കഴിയുന്ന, അലഞ്ഞുതിരിഞ്ഞ് ജീവിക്കുന്ന ജനവിഭാഗമാണിവർ. ചെറുപ്രാദേശിക സമുദായമായിട്ടാണിവർ ജീവിക്കുന്നതെങ്കിലും എല്ലാവർക്കും വിപുലമായി ചിതറിക്കിടക്കുന്ന മറ്റു പ്രദേശങ്ങളിലെ വ്യക്തികളുമായും ബന്ധമുണ്ട്. ഓരോ ന്യൂയർ വ്യക്തിക്കും പിതൃബന്ധുക്കളോട് കടപ്പാടുണ്ടെങ്കിലും മറ്റു ഗ്രൂപ്പുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ധാരാളം ന്യൂയർ താവഴികൾ ചേർന്ന് ഉപകുലവും ഉപകുലങ്ങൾ ചേർന്ന് കുലവും രൂപപ്പെടുന്നു. ഈ നിലയിൽ ന്യൂയർ ഗ്രൂപ്പുകൾ അവരുടെ പ്രദേശത്ത് ഒരു കൂട്ടായ്മ ക്രമപ്പെടുത്തുന്നു. ഈ നിലയിൽ ആകെ ന്യൂയർഗ്രൂപ്പ് ഒരു രാഷ്ട്രേതര സമൂഹമാകുന്നു.

രാഷ്ട്രേതരവ്യവസ്ഥ: രാഷ്ട്രേതരവ്യവസ്ഥ എന്നത് ഏകീകൃതമായ ഒരു ഭരണവ്യവസ്ഥയല്ല. ഇവിടെ നിയമങ്ങൾ എഴുതപ്പെട്ടതല്ല. അവ പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായി വാമൊഴിയായി കൈമാറ്റം ചെയ്യപ്പെടുന്നവയാണ്. വ്യക്തിഗതമായ പ്രത്യേകാവകാശങ്ങളും അധികാരങ്ങളും എന്നതിനേക്കാളുപരിയായി ഇവിടെ കൂട്ടായ ഉത്തരവാദിത്തമാണുള്ളത്. ശിക്ഷ കുറ്റം ചെയ്തയാൾക്കു മാത്രമല്ല, അയാളുടെ ബന്ധുക്കൾക്കും ബാധകമാണ്. തെളിവുകൾ സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിൽ മാത്രമുള്ളതല്ല, സത്യം

ചെയ്യിക്കലിന്റെയും അഗ്നിപരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ളതാണ്. രാഷ്ട്രേതര ഭരണവ്യവസ്ഥയിൽ മതത്തിനും മന്ത്രവാദത്തിനും എല്ലാ തുറകളിലും ഏറെ പ്രാധാന്യമുണ്ട്. ഗോത്രവും ബാൻഡും രാഷ്ട്രേതരവ്യവസ്ഥയ്ക്ക് ഉദാഹരണങ്ങളാണ്.

സമത്വ സമൂഹങ്ങളും അസമത്വസമൂഹങ്ങളും
(Egalitarian and non Egalitarian Societies)

ആധുനിക ജനാധിപത്യവ്യവസ്ഥയിൽ വിശ്വസിക്കുന്ന ജനങ്ങൾ സമൂഹം സമത്വാധിഷ്ഠിതമായി പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ സമത്വമെന്ന ആശയം വേട്ടയാടിയും ഭക്ഷണം ശേഖരിച്ചും ജീവിച്ചുപോന്ന സമൂഹങ്ങളിൽനിന്നു ഏറെ വ്യത്യസ്തമാണ്. അത്തരം സമൂഹത്തിൽ സമത്വാധിഷ്ഠിതരാഷ്ട്രീയവ്യവസ്ഥ നിലനിൽക്കുകയും ജീവിതത്തിന്റെ എല്ലാ തുറകളിലും സമത്വം നിലനിൽക്കുകയും ചെയ്തിരുന്നു. ഭക്ഷണം, സമ്പാദ്യം തുടങ്ങി എല്ലാ വസ്തുക്കളും അവർ തങ്ങൾക്കിടയിൽ പങ്കുവച്ചിരുന്നു. ഇവിടെ പരമാധികാരമുള്ള നേതാവ് ഉണ്ടായിരുന്നില്ല. ഇത്തരം സമൂഹങ്ങൾ 'അസിഫാലസ്' അഥവാ 'നേതാവില്ലാത്ത സമൂഹങ്ങൾ' എന്നറിയപ്പെടുന്നു. മിക്കവാറും വേട്ടയാടിയും ഭക്ഷണം ശേഖരിച്ചും ജീവിക്കുന്ന ലളിതസമൂഹങ്ങളും പൂന്തോട്ടക്കൃഷിയിൽ ഏർപ്പെടുന്ന സമൂഹങ്ങളും അതുകൊണ്ട് അസിഫാലസ് ആണ്.

സമത്വേതരസമൂഹങ്ങളിൽ സമൂഹത്തിലെ അംഗങ്ങളെ നിയന്ത്രിക്കാനായി നേതാക്കൾ ഉണ്ടായിരിക്കും. ഇത്തരം സമൂഹങ്ങൾ 'സിഫാലസ് സമൂഹങ്ങൾ' എന്നറിയപ്പെടുന്നു. ഗോത്രങ്ങളും ബാൻഡുകളും ഒഴികെയുള്ള എല്ലാ സമൂഹങ്ങളും സമത്വേതരസമൂഹങ്ങളാണ്. മിച്ചോൽപ്പാദനവും വ്യക്തിഗതസ്വത്തുസമ്പ്രദായവുമാണ് സമത്വേതരസമൂഹത്തിന് കാരണമായത്. നിലനിൽപ്പിനുമാത്രമായുള്ള സാമ്പത്തികവ്യവസ്ഥ സമത്വാധിഷ്ഠിത സമൂഹങ്ങൾക്ക് കാരണമായപ്പോൾ മിച്ചോൽപ്പാദനം പൂർണസമയ രാഷ്ട്രീയപ്രവർത്തനത്തിനും വഴിവച്ചു. പ്രത്യേകമായ നേതൃത്വം സമത്വേതരസമൂഹത്തിന്റെ പ്രത്യേകതയാണ്.

കേന്ദ്രീകൃത – വികേന്ദ്രീകൃത രാഷ്ട്രീയവ്യവസ്ഥകൾ
(Centralised and Decentralised system)

അധികാരവും ശക്തിയും ഏതാനും കൈകളിൽ നിക്ഷിപ്തമായിരിക്കുന്ന രീതിയാണ് കേന്ദ്രീകൃത വ്യവസ്ഥ. താഴേക്കിടയിലുള്ള എല്ലാ പ്രധാന തീരുമാനങ്ങളും പ്രവർത്തനങ്ങളും ഉയർന്ന തലത്തിലുള്ള അംഗീകാരത്തിനു വിധേയമായിരിക്കും. എല്ലാ മേഖലകളിലും നിയന്ത്രണം ചെലുത്താൻ സാധിക്കും എന്നത് കേന്ദ്രീകൃത വ്യവസ്ഥയുടെ മേന്മയാണ്.

വികേന്ദ്രീകൃത വ്യവസ്ഥയിൽ അധികാരം എല്ലാ തലങ്ങളിലും ക്രമപ്രകാരം വീതിച്ചു നൽകുകയാണ് ചെയ്യുന്നത്. വേഗത്തിൽ തീരുമാനമെടുക്കാനും നടപ്പിൽ വരുത്താനും കഴിയും എന്നത് വികേന്ദ്രീകൃതവ്യവസ്ഥയുടെ മേന്മയാണ്. ആസൂത്രണം വഴിയും അവ നടപ്പിലാക്കുന്നതിലൂടെയും താഴേത്തട്ടിലേക്കു വികസനം എത്തിക്കുക എന്ന ഉദ്ദേശ്യമാണ് വികേന്ദ്രീകരണംകൊണ്ടു ലക്ഷ്യമിടുന്നത്. താഴേത്തട്ടിലുള്ള ഭരണാധികാരികൾക്കും വികസനകാര്യങ്ങളിൽ ഇതുവഴി കൂടുതൽ അനുഭവങ്ങളും അവസരങ്ങളും ലഭിക്കുന്നു.

ഇന്ത്യയിൽ 73-ാം ഭരണഘടനാഭേദഗതി പ്രകാരം പഞ്ചായത്തീരാജ് ഭരണസമ്പ്രദായ നടപ്പാക്കുകയുണ്ടായി. കേരളത്തിൽ അധികാരവികേന്ദ്രീകരണം 'ജനകീയാസൂത്രണം' (People's planning) വഴിയാണ് നടപ്പിലാക്കുന്നത്. ഏറ്റവും താഴേത്തട്ടിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ ഗ്രാമസഭ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു.

പഠനപുരോഗതി വിലയിരുത്താം

1. ഏതാനും കൈകളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം: കേന്ദ്രീകൃതവ്യവസ്ഥ
   എല്ലാ തലങ്ങളിലുമുള്ള അധികാരം: .....
2. വ്യത്യാസപ്പെടുത്തുക.
   (എ) രാഷ്ട്രവ്യവസ്ഥയും രാഷ്ട്രേതരവ്യവസ്ഥയും
   (ബി)സമത്വാധിഷ്ഠിതസമൂഹവും സമത്വേതരസമൂഹവും

- *നിങ്ങളുടെ പ്രദേശത്തുള്ള ഗ്രാമസഭ സന്ദർശിച്ച് അതിന്റെ പ്രവർത്തനരീതിയെ കുറിച്ച് ഒരു വിവരണം തയാറാക്കുക.*



- *അധികാരകേന്ദ്രീകരണവും അധികാരവികേന്ദ്രീകരണവും എന്ന വിഷയത്തെ അധികരിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.*



ചിത്രം 7.1 ഗ്രാമസഭ

III. രാഷ്ട്രീയവ്യവസ്ഥയുടെ വികാസം (Development of Political System)

കുടുംബത്തിൽനിന്നാണ് ആദ്യകാല ഭരണസംവിധാനം വികാസം പ്രാപിച്ചത് എന്ന് കരുതപ്പെടുന്നു. ജനങ്ങളെ നയിക്കാനും ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കാനുമായി നേതാക്കൾ വളർന്നതോടെയാണ് രാഷ്ട്രീയസംവിധാനം രൂപംകൊള്ളുന്നത്. താൽക്കാലികമായി രൂപംകൊണ്ട അത്തരം നേതൃത്വം സാഹചര്യങ്ങൾക്കനുസരിച്ച് ക്രമേണ സ്ഥിരത പ്രാപിക്കുകയും കൂടുതൽ വൈവിധ്യപൂർണമാവുകയും ചെയ്തു. ഒരു രാഷ്ട്രീയഘടകത്തെ തരംതിരിച്ചിരിക്കുന്നത് അതിന്റെ വലുപ്പം, ഘടന, സാമൂഹികമായ പ്രത്യേകതകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. അവ ചെറിയ തരത്തിലുള്ള സ്വയംഭരണാധികാരം മുതൽ കൂടുതൽ സമൂഹങ്ങളുൾപ്പെടുന്ന ബാൻഡ്, ഗോത്രം, ചീഫ്ഡം, രാഷ്ട്രം എന്നിങ്ങനെയുണ്ട്.

എൽമൻ സർവീസ് (1962) എന്ന നരവംശശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ, രാഷ്ട്രീയ സംഘാടനത്തിന്റെ നാലു വ്യത്യസ്ത തലങ്ങളാണ് ബാൻഡ്, ഗോത്രം, ചീഫ്ഡം, രാഷ്ട്രം എന്നിവ.



രാഷ്ട്രീയവ്യവസ്ഥയുടെ വ്യത്യസ്ത തലങ്ങളുടെ ഉദ്ഭവവും വളർച്ചയും എങ്ങനെയെന്ന് പരിശോധിക്കാം.

ബാൻഡ് (Band)

ചില സമൂഹങ്ങൾ ഭക്ഷണത്തിനായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന സംഘങ്ങളാണ്. ഇവ പൊതുവെ ബാൻഡ് എന്നറിയപ്പെടുന്ന രാഷ്ട്രീയരൂപമായി സ്വയംപര്യാപ്തമായ സംഘങ്ങളാണ്. ഏകദേശം നൂറിനോടടുത്ത് ജനസംഖ്യയുള്ള ചെറുകൂട്ടങ്ങളാണിവ. ഓരോ ചെറു ബാൻഡുകളും ഒരു പ്രദേശത്തിന്റെ അധീനതയുള്ളവയായിരിക്കും. അതുകൊണ്ട് ഇവയുടെ ജനസാന്ദ്രത വളരെ കുറവായിരിക്കും. ഋതുവ്യത്യാസത്തിനനുസരിച്ച് ബാൻഡിന്റെ വലുപ്പത്തിലും വ്യത്യാസം വരാറുണ്ട്. ഉദാഹരണമായി, ഭക്ഷ്യസ്രോതസ്സുകൾ കുറവുള്ള ശൈത്യകാലങ്ങളിൽ ചെറിയ

ബാൻഡുകളായാണ് ഇവർ ഭക്ഷണം തേടുന്നത്. എന്നാൽ കൂടുതൽ ഭക്ഷണം ലഭിക്കുന്ന വേനൽക്കാലങ്ങളിൽ വലിയ സംഘങ്ങളായി കൂടിച്ചേരുന്നു. ആന്തമാനീസിനിടയിൽ പത്തു മുതൽ മുന്നൂറു വരെ അംഗങ്ങളുള്ള സംഘങ്ങളായാണ് ബാൻഡുകൾ നിലനിൽക്കുന്നത് എന്നാണ് ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞനായ എ. ആർ. റാഡ്ക്ലിഫ് ബ്രൗൺ പറയുന്നത്.

ശക്തിയിലും അധികാരത്തിലും ഇവർ സമത്വാധിഷ്ഠിതസമൂഹങ്ങളാണ്. ഔപചാരിക നിയമങ്ങളില്ല എങ്കിലും സാമൂഹികനിയന്ത്രണരീതികളും തർക്കപരിഹാരമാർഗങ്ങളും ഇവർക്കിടയിലുണ്ട്. ഭാഗികസമയങ്ങളിൽ മതപ്രവർത്തനങ്ങൾ നടത്തുന്ന ഷാമൻ ഉണ്ടെങ്കിലും ഇവർക്ക് സമൂഹത്തിൽ ചെറിയ പദവിയേയുള്ളൂ. ബാൻഡിനുള്ളിലുള്ള രാഷ്ട്രീയ തീരുമാനമെടുക്കൽ പൊതുവെ അനൗപചാരികമാണ്. ഓരോ ബാൻഡിനും അനൗപചാരികമായി തലവൻ ഉണ്ടായിരിക്കും. അയാൾ ഒരുപക്ഷേ പ്രഗല്ഭനായ വേട്ടക്കാരനോ മതപരമായ ആചാരങ്ങൾ ചെയ്യാൻ മിടുക്കനോ ആയിരിക്കും. ചില പ്രത്യേക കഴിവുകളോ നല്ല സ്വഭാവമോ മനുഷ്യത്വമോ ഉള്ള സമൂഹം അംഗീകരിക്കുന്ന ഒന്നോ അതിലധികമോ വ്യക്തികളാകാം ഇവർ. നേതാക്കളെ തിരഞ്ഞെടുക്കുന്നത് ശാരീരികമായ ശക്തിനോക്കിയല്ല, ജനങ്ങൾ ഇഷ്ടപ്പെടുന്ന ഗുണങ്ങൾ പരിഗണിച്ചാണ്.

ഗോത്രം (Tribe)

ബാൻഡിനേക്കാൾ സങ്കീർണമായ രാഷ്ട്രീയവ്യവസ്ഥയാണ് ഗോത്രം. വ്യത്യസ്ത മേഖലകളിൽ താമസിക്കുന്ന ഒരേരീതിയിലുള്ള ഭാഷയും ജീവിതരീതിയും അനുവർത്തിക്കുന്ന പല ബാൻഡുകളോ വംശാവലി താവഴികളോ ഉൾപ്പെടുന്ന വലിയ രാഷ്ട്രീയസംവിധാനമാണ് ഗോത്രത്തിന്റേത്. പൊതുവായ പൂർവികരിൽനിന്നുണ്ടായതായി കരുതുന്ന കുലത്തിന്റെ ഘടനയിലൂടെ ഇവർ പരസ്പരം ബന്ധപ്പെട്ടിരിക്കും. അനൗപചാരികമായ നേതൃത്വം ഗോത്രത്തിന്റെ പ്രത്യേകതയാണ്. ബാൻഡ് സമൂഹങ്ങളിൽനിന്നു വ്യത്യസ്തമായി ഗോത്രസമൂഹങ്ങൾ പൊതുവെ ഭക്ഷ്യോൽപ്പാദകരാണ്. വേട്ടയാടുന്നതിനും ഭക്ഷണം ശേഖരിക്കുന്നതിനും ഉപരിയായി ഇവർ കൃഷിയെയും മൃഗപരിപാലനത്തെയുമാണ് കൂടുതൽ ആശ്രയിക്കുന്നത്. ബാൻഡ് സമൂഹങ്ങളെക്കാളുപരിയായി ഗോത്രത്തിൽ ജനസാന്ദ്രതയും ജീവിതനിലവാരവും വളരെ ഉയർന്നതാണ്. ഗോത്രത്തലവൻ ഗോത്രത്തിന്റെ നേതാവായി കണക്കാക്കുന്നു. ഉയർന്ന അധ്വാനശേഷി, ഉദാരമനസ്കത, വേട്ടയിലും കൃഷിയിലുമുള്ള മികവ്, നല്ല വ്യക്തിത്വം തുടങ്ങിയവയാണ് നേതാവിന്റെ പ്രധാന യോഗ്യതകൾ.



ബിഗ്മാൻ (Bigman)

ചില ഹോർട്ടികൾച്ചർ ഉദ്യാനസമൂഹങ്ങളിൽ കണ്ടുവരുന്ന രാഷ്ട്രീയനേതൃത്വമാണ് ബിഗ്മാൻ. ഒരു ഗ്രാമത്തിലെ

മുഖ്യനാണ് ബിഗ്മാൻ. അദ്ദേഹത്തിന് അടുത്ത ഗ്രാമത്തിലുള്ളവരും അനുചരന്മാരായുണ്ടാകും. മലിനേഷ്യൻ ദ്വീപിലും മറ്റു സമൂഹങ്ങളിലും അത്തരം നേതാവിനെ ബിഗ്മാൻ എന്നു വിളിക്കുന്നു. അദ്ദേഹം ജനങ്ങളെ സദ്യ നടത്താൻ പ്രേരിപ്പിക്കുന്നു. ഈ പദവി പാരമ്പര്യമായി ലഭിക്കുന്നതല്ല. ഒരു വ്യക്തിയുടെ മികവാർന്ന വ്യക്തിത്വമാണ് ഇവിടെ പദവി ലഭിക്കുന്നതിന്റെ അടിസ്ഥാനം.

ചീഫ്ഡം (Chiefdom)

ഗോത്രത്തിനും രാഷ്ട്രത്തിനും ഇടക്കുള്ള രാഷ്ട്രീയഘടകമാണ് ചീഫ്ഡം. അനേകം സമുദായങ്ങളെ രാഷ്ട്രീയമായി പരസ്പരം കൂട്ടിയോജിപ്പിക്കുന്ന രീതിയിലുള്ള ഔപചാരിക ഘടനയാണ് ചീഫ്ഡത്തിനുള്ളത്. ഇതിന് ഔപചാരിക നേതൃത്വം ഉള്ളതോ ഇല്ലാത്തതോ ആയ കൗൺസിൽ ഉണ്ടായിരിക്കും. എന്നാൽ മിക്കവാറും അതിന് ഒരു മുഖ്യൻ (ചീഫ്) ഉണ്ടായിരിക്കും. അദ്ദേഹത്തിന് മറ്റുള്ളവരേക്കാൾ ഉയർന്ന റാങ്കോ അധികാരമോ ഉണ്ടാവും. ഓരോ ചീഫ്ഡത്തിലും അനേകം സമുദായങ്ങൾ ഉൾപ്പെടുന്ന രാഷ്ട്രീയയൂണിറ്റുകൾ കാണും. അവയെ നയിക്കുന്നത് ജില്ലാതലത്തിലുള്ള മുഖ്യന്മാരോ അതിലും ഉയർന്ന പദവിയുള്ളവരോ ആയിരിക്കും. ഗോത്രസമൂഹങ്ങളെ അപേക്ഷിച്ച് ചീഫ്ഡത്തിൽ ഉയർന്ന ജനസാന്ദ്രതയുണ്ട്. അത്തരം സമുദായങ്ങൾ സ്ഥിരസ്വഭാവമുള്ളതും ഉയർന്ന സാമ്പത്തിക ഉൽപ്പാദനക്ഷമതയുള്ളതു മായിരിക്കും.

ചീഫ്ഡത്തിന്റെ കൗൺസിലിനെ നയിക്കുന്നത് പ്രധാനമുഖ്യൻ (ചീഫ്) ആയിരിക്കും. അദ്ദേഹത്തിന്റെ പദവി പാരമ്പര്യമായി ലഭിക്കുന്നതും സ്ഥിരസ്വഭാവമുള്ളതുമായിരിക്കും. ചീഫ്ഡം പദവിയിലധിഷ്ഠിതമായ സമൂഹങ്ങളാണ് (Ranked Societies). ഇതിൽ മുഖ്യനും അദ്ദേഹത്തിന്റെ കുടുംബത്തിനും ഉയർന്ന പദവിയും അന്തസ്സും ഉണ്ടായിരിക്കും. മുഖ്യൻ സാധനങ്ങൾ പുനർവിതരണം നടത്തുകയും തൊഴിലുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകുകയും മതപരമായ ആചാരങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സൈനികമായ കാര്യങ്ങളിൽ ആജ്ഞ നൽകുകയും ചെയ്യുന്നു. മിക്ക ചീഫ്ഡത്തിലും മുഖ്യൻ ജനങ്ങളോട് അനുസരിക്കാൻ ആജ്ഞാപിക്കാറില്ല. മറിച്ച്, ജനങ്ങൾ മുഖ്യന്റെ ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. കാരണം ജനങ്ങൾ മുഖ്യനെ ബഹുമാനിക്കുന്നു.

വടക്കേ അമേരിക്കൻ-ഇന്ത്യൻവിഭാഗങ്ങൾക്കിടയിൽ രണ്ടുതരത്തിലുള്ള മുഖ്യന്മാരെ കണ്ടുവരുന്നു - യുദ്ധകാലമുഖ്യനും സമാധാനകാലമുഖ്യനും. യുദ്ധകാല മുഖ്യൻ സൈന്യത്തിന്റെ അധികാരിയാണ്. അത് യുദ്ധകാലത്തു മാത്രമേ പ്രവർത്തിക്കൂ. എന്നാൽ സമാധാനകാല മുഖ്യനാണ് ചീഫ്ഡത്തിന്റെ ആഭ്യന്തരകാര്യങ്ങൾ നോക്കുന്നത്.

രാഷ്ട്രം (State)

ഒരു നിശ്ചിത മേഖലയ്ക്കുള്ളിൽ അനേകം സമുദായങ്ങൾ ഉൾപ്പെടുന്നതും സ്വയം പര്യാപ്തവുമായ രാഷ്ട്രീയഘടകമാണ് രാഷ്ട്രം. അതിന് നികുതി ശേഖരിക്കാനും നിയമം നടപ്പിലാക്കാനും യുദ്ധം ചെയ്യാനും പരമാധികാരമുള്ള കേന്ദ്രീകൃതഭരണസംവിധാനം

ഉണ്ടായിരിക്കും. രാഷ്ട്രത്തിന് സ്ഥിരസ്വഭാവമുള്ള നിയമനിർമാണസഭ, കാര്യനിർവഹണ സമിതി, നീതിന്യായവ്യവസ്ഥ എന്നിവയും വലിയ ഉദ്യോഗസ്ഥവൃന്ദവും ഉണ്ടായിരിക്കും. സാമൂഹിക നിയന്ത്രണങ്ങൾ പാലിക്കുന്നതിൽ പോലീസ്, പട്ടാളം എന്നീ ശക്തികളെ ഉപയോഗിക്കാനുള്ള അധികാരം രാഷ്ട്രത്തിലെ സർക്കാരിനുണ്ട്.

ഒരു രാഷ്ട്രത്തിൽ വ്യത്യസ്തമായ സംസ്കാരങ്ങളുള്ള അനേകം സമൂഹങ്ങൾ ഉണ്ടായിരിക്കും. രാഷ്ട്രസമൂഹങ്ങൾ പൊതുവെ സമഗ്രമായ കൃഷിരീതികളിൽ ഏർപ്പെടുന്നു.

രാഷ്ട്രീയ സംവിധാനം	ഉപജീവന മാർഗം	സമുദായത്തിന്റെ വലുപ്പം	സാമൂഹിക വ്യത്യാസങ്ങൾ	പ്രധാനപ്പെട്ട വിതരണ രീതികൾ
ബാൻഡ്	ഭക്ഷ്യശേഖരണം	ചെറുത്	സമത്വാധിഷ്ഠിതം	പരസ്പര കൈമാറ്റം
ഗോത്രം	അതിവ്യാപകമായ കൃഷിരീതികൾ, കന്നുകാലിവളർത്തൽ	ചെറുത്	സമത്വാധിഷ്ഠിതം	പരസ്പര കൈമാറ്റം
ചീഫ്ഡം	അതിവിപുലമായ/തീവ്രമായ കൃഷിരീതികൾ/ കന്നുകാലിവളർത്തൽ	വലിയ സമൂഹങ്ങൾ	പദവി അടിസ്ഥാനമായുള്ളത്	പരസ്പര കൈമാറ്റവും പുനർവിതരണവും
രാഷ്ട്രം	തീവ്രമായ കൃഷിരീതികൾ	നഗരങ്ങളും പട്ടണങ്ങളും	ജാതിയും വർഗവും	കമ്പോള കൈമാറ്റം

പട്ടിക 7: വിവിധ രാഷ്ട്രീയസംവിധാനങ്ങളുടെ പ്രത്യേകതകൾ


പഠനപുരോഗതി വിലയിരുത്താം

1. വ്യത്യസ്ത തരം രാഷ്ട്രീയവ്യവസ്ഥകൾ കാണിക്കുന്ന ഒരു പിരമിഡ് വരയ്ക്കുക.
2. ഗ്രാമത്തലവന്റെയും ബിഗ്മാന്റെയും രാഷ്ട്രീയാധികാരങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
3. ചീഫ്ഡവും രാഷ്ട്രവും തമ്മിലുള്ള പ്രധാന സാദൃശ്യങ്ങളും വ്യത്യാസങ്ങളും എഴുതുക.
4. താഴെക്കൊടുത്തിരിക്കുന്നവയുടെ പ്രത്യേകതകൾ എഴുതുക.
   (എ) ബാൻഡ് (ബി) ഗോത്രം (സി) ചീഫ്ഡം (ഡി) രാഷ്ട്രം

IV. സാമൂഹികനിയന്ത്രണസംവിധാനങ്ങൾ (Social Control Mechanisms)

നാം പലപ്പോഴും നിത്യജീവിതത്തിലും മാധ്യമങ്ങൾ വഴിയും ആക്രമണങ്ങൾ കാണാറുണ്ട്. മനുഷ്യർ ജന്മനാ ആക്രമണസ്വഭാവമുള്ളവരാണെന്നാണ് തത്ത്വചിന്തകനായ തോമസ് ഹോബ്സ് പറഞ്ഞത്. എന്നാൽ ജെ. ജെ. റൂസോവിന്റെ അഭിപ്രായത്തിൽ, സാക്ഷരപൂർവസമൂഹങ്ങൾ

സമാധാനപ്രിയരാണ്. നരവംശശാസ്ത്രജ്ഞർ ആക്രമണങ്ങളെയും പ്രക്ഷോഭങ്ങളെയും യുദ്ധങ്ങളെയും സാംസ്കാരികമായി താരതമ്യം ചെയ്യുകയും സാംസ്കാരികഘടകങ്ങൾക്ക് ഇതിൽ പ്രധാന പങ്കുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു.



സാമൂഹികക്രമം പാലിക്കുക എന്നത് രാഷ്ട്രീയ സംഘാടനത്തിന്റെ പ്രധാന ധർമമാണ്. ഓരോ സമൂഹത്തിലും ഇതിനായി വ്യത്യസ്ത സംവിധാനങ്ങളാണുള്ളത്. ആധുനികസമൂഹത്തിൽ ആക്രമണങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

നിങ്ങളുടെ പ്രദേശത്തു നടന്ന തർക്കപരിഹാരവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ ഗ്രൂപ്പിൽ ചർച്ചചെയ്യുക.

- *തർക്കങ്ങളും പ്രശ്നങ്ങളും സമാധാനപരമായി പരിഹരിച്ചോ?*
- *അക്രമം ഇല്ലാതാക്കാനും സമാധാനം പുനസ്ഥാപിക്കാനും എന്തു മാർഗങ്ങളാണ് സ്വീകരിച്ചത്?*



- *സമാധാനം സ്ഥാപിക്കാനായി വിദ്യാഭ്യാസം നമ്മെ എങ്ങനെ സഹായിക്കുന്നു?*

സാമൂഹികനിയന്ത്രണം - ഔപചാരികവും അനൗപചാരികവും

(Social Control - Formal and Informal)

സാമൂഹികനിയന്ത്രണമാർഗങ്ങൾ ശരിയായ സാമൂഹികക്രമം പാലിക്കാൻ സഹായിക്കുന്നു. സാമൂഹിക നിയന്ത്രണമെന്നതുകൊണ്ടുദ്ദേശിക്കുന്നത് വ്യക്തികളുടെയും സംഘത്തിന്റെയും സ്വഭാവങ്ങൾ ക്രമപ്പെടുത്താനുള്ള സാമൂഹികവും രാഷ്ട്രീയവുമായ സംവിധാനങ്ങളാണ്. രാഷ്ട്രീയ സംവിധാനത്തിന്റെ പ്രധാന ധർമമാണത്. സാക്ഷരപൂർവസമൂഹങ്ങളിൽ അലിഖിതമായ നിയമങ്ങളാണുണ്ടായിരുന്നത്. അവ പാരമ്പര്യത്തിന്റെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിലുള്ളതായിരുന്നു. തലമുറകളായി അത്തരം നിയമങ്ങൾ വാമൊഴിയായാണ് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. അതിൽ ഔപചാരികവും അനൗപചാരികവുമായ രണ്ടു തരത്തിലുള്ള സാമൂഹികനിയന്ത്രണരീതികളുണ്ടായിരുന്നു.

നിയമനിർമാണം, കോടതിവഴിയുള്ള നീതിന്യായനിർവഹണം, സർക്കാർ ഏജൻസികൾ, പോലീസ്, പട്ടാളം എന്നിവ വഴിയുള്ള നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കൽ എന്നിവയിലൂടെയാണ് ഒരു രാഷ്ട്രം ക്രമസമാധാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇതാണ് ഔപചാരികമായ സാമൂഹികനിയന്ത്രണസംവിധാനങ്ങൾ. ക്രമസമാധാനം കാത്തുസൂക്ഷിക്കാനായി സർക്കാർ പ്രയോഗിക്കുന്ന ബാഹ്യമായ നിയന്ത്രണങ്ങളും ഔപചാരികമായ സാമൂഹികനിയന്ത്രണത്തിന്റെ ഭാഗമാണ്.

ഇതിനുപുറമെ സമൂഹത്തിൽ നിലനിൽക്കുന്ന നിയമങ്ങളും മൂല്യങ്ങളും സമൂഹികക്രമം പാലിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. സാക്ഷരപൂർവസമൂഹങ്ങളിൽ നിലനിന്ന ആചാരങ്ങളിലധിഷ്ഠിതമായ നിയമങ്ങൾ, ധാർമികമൂല്യങ്ങൾ, സാമൂഹിക ഉപരോധങ്ങൾ തുടങ്ങിയവ അനൗപചാരികമായ സാമൂഹികനിയന്ത്രണ മാർഗങ്ങളായി പ്രവർത്തിക്കുന്നു. ഇത്തരം നിയമങ്ങളും മൂല്യങ്ങളും സാമൂഹീകരണപ്രക്രിയവഴിയാണ് തലമുറയായി കൈമാറ്റം ചെയ്യപ്പെടുന്നത്. അങ്ങനെ സാമൂഹികനിയന്ത്രണമെന്നത് ഒരു സംഘം പ്രയോഗിക്കുന്ന ഔപചാരികമോ അനൗപചാരികമോ ആയ നിയന്ത്രണങ്ങളാണ്.

നിങ്ങളുടെ സമൂഹത്തിലെ സാമൂഹികനിയന്ത്രണ സംവിധാനങ്ങൾ ഏതൊക്കെയെന്നു കണ്ടെത്തി ഔപചാരികവും അനൗപചാരികവുമായ സംവിധാനങ്ങൾ വർഗീകരിക്കുക.



സാമൂഹികാംഗീകാരം (Social Sanction)

ചില പ്രത്യേക സ്വഭാവരീതികൾ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യുന്ന സമൂഹികമായ ബലപ്രയോഗരീതിയാണ് സാമൂഹികാംഗീകാരം. സാമൂഹികാംഗീകാരത്തിന്റെ രീതികളാണ് നിർദേശിക്കൽ, പ്രേരിപ്പിക്കൽ, പ്രോൽസാഹിപ്പിക്കൽ എന്നിവ. സമൂഹത്തിൽ വ്യക്തികളുടെ ചില പ്രവർത്തനങ്ങൾക്ക് അംഗീകാരമോ വിസമ്മതമോ ആവശ്യമാണ്. ഉദാഹരണമായി, വിവാഹനിയമങ്ങൾ ലംഘിക്കുന്നത് സമൂഹത്തിന്റെ എതിർപ്പിനു കാരണമാകുന്നു. ഇങ്ങനെ സാമൂഹികനിയമങ്ങൾ ലംഘിക്കുന്നത് ശിക്ഷയർഹിക്കുന്ന വിപരീതാംഗീകാരമാണ് (Negative Sanction). എന്നാൽ സമൂഹം അഭിനന്ദിക്കുന്ന സ്വഭാവങ്ങൾ അനുകൂലാംഗീകാരമാണ് (Positive Sanction). ശിക്ഷകളും അഭിനന്ദനങ്ങളും സാമൂഹികവിചാരങ്ങളുടെ പ്രവർത്തനരീതിയെ ക്രമപ്പെടുത്താനും സഹായിക്കുന്നു.

അനുകൂലാംഗീകാരം (Positive Sanction)

സമൂഹത്തിന്റെയും വ്യക്തികളുടെയും ചില പ്രത്യേക സ്വഭാവങ്ങളെ അഭിനന്ദിക്കുന്നത് അനുകൂലാംഗീകാരമാണ്. സാമൂഹികനിയമങ്ങൾ അംഗീകരിക്കുന്നവരെ സമൂഹം പൊതുവെ ബഹുമാനിക്കുകയും അവർക്ക് ഉയർന്ന പദവി നൽകുകയും ചെയ്യുന്നു. നല്ല സ്വഭാവം വഴി പൂർവികാത്മാക്കളുടെയും ദൈവത്തിന്റെയും അനുഗ്രഹം ലഭിക്കുമെന്ന് ചിലർ കരുതുന്നു. പുരാതനനിയമങ്ങളിൽ അനുകൂലാംഗീകാരം സമൂഹം അംഗീകരിക്കുന്ന ആചാരങ്ങളുടെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. അനുകൂലാംഗീകാരം കുലത്തിലെയോ ഗോത്രത്തിലെയോ ഗ്രാമത്തിലെയോ അംഗങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഘടകം കൂടിയാണ്.

നിഷേധാംഗീകാരം (Negative Sanction)

ഉപദ്രവിച്ചവരോടു സംസാരിക്കാതിരിക്കുക, അടിക്കുക, ജയിലിലടയ്ക്കുക തുടങ്ങി വിപരീതാംഗീകാരം നൽകുന്ന പല രീതികൾ സമൂഹത്തിലുണ്ട്. അതിന്റെ പരമമായ രീതി ഒരാളെ കൊല്ലലാണ്. വിനാശകരമോ സമൂഹത്തെ ശിഥിലമാക്കുന്നതോ ആയ വസ്തുതകളുമായി ബന്ധപ്പെട്ടതാണ് വിപരീതാംഗീകാരം. ഉദാഹരണമായി, അടുത്ത രക്തബന്ധുക്കൾ തമ്മിൽ ലൈംഗികബന്ധത്തിൽ ഏർപ്പെടുകയോ ബഹിർഗണവിവാഹമെന്ന നിയമം ലംഘിക്കുകയോ

മതവിശ്വാസങ്ങൾ അനുസരിക്കാതിരിക്കുകയോ ചെയ്താൽ നാട്ടുമുഖ്യന്മാരുടെ തീരുമാനപ്രകാരം അത്തരം പ്രവർത്തനങ്ങൾ തടയാനായി അവർക്ക് ശിക്ഷ നൽകുന്നു.

ഔപചാരികാംഗീകാരം (Formal Sanction)

പ്രത്യേകം അധികാരപ്പെടുത്തിയ ആളുകൾ വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമോ ശിക്ഷയോ നൽകുന്ന രീതിയാണ് ഔപചാരികാംഗീകാരം. അത് നീതിന്യായവ്യവസ്ഥ അംഗീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. സർക്കാർ ഏജൻസികൾ നിർമിച്ച നിയമങ്ങളും ചട്ടങ്ങളും പ്രയോഗിക്കുകവഴി പിഴ, ജയിൽശിക്ഷ തുടങ്ങിയവ നൽകുന്നത് ഇതിനുദാഹരണമാണ്.

അനൗപചാരികാംഗീകാരം (Informal Sanction)

ആചാരങ്ങൾ, സാമൂഹികനിയമങ്ങൾ, ധാർമികത തുടങ്ങിയവയിലൂടെയുള്ള അനൗപചാരിക സാമൂഹികനിയന്ത്രണങ്ങളാണ് ഒരു വ്യക്തി ഉൾക്കൊള്ളുന്ന സാമൂഹികമൂല്യത്തിന്റെ അടിസ്ഥാനം. സംസ്കാരവൽക്കരണത്തിലൂടെയും സാമൂഹീകരണത്തിലൂടെയുമാണ് ഒരാൾ അത് ആർജിക്കുന്നത്.

അനൗപചാരികാംഗീകാരത്തിൽ ഉൾപ്പെടുന്നവയാണ് അപമാനിക്കൽ, പരിഹസിക്കൽ, അംഗീകരിക്കാതിരിക്കൽ തുടങ്ങിയവ. അതിന്റെ പരമമായ അവസ്ഥയാണ് സാമൂഹിക വിവേചനവും ഊരുവിലക്കും. അനൗപചാരികനിയന്ത്രണങ്ങൾ വ്യക്തികളെ കൂടുതൽ സ്വാധീനിക്കുകയും സാമൂഹികമൂല്യങ്ങൾ വ്യക്തിത്വത്തിന്റെ ഭാഗമാവുകയും ചെയ്യുന്നു.

നാം സ്വയം ചെലുത്തുന്ന നിയന്ത്രണങ്ങളായ ആന്തരികനിയന്ത്രണങ്ങളും ഒരുതരം സാമൂഹിക നിയന്ത്രണമാണ്. ഉദാഹരണമായി, ഔപചാരികമായ പരിപാടികളിൽ നാം സാധാരണയായി ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ധരിക്കാറില്ല. അങ്ങനെ ഉപയോഗിക്കാൻ പാടില്ല എന്ന നിയമമൊന്നുമില്ല. വസ്ത്രധാരണവുമായി ബന്ധപ്പെട്ട നമ്മുടെ ബോധമാണ് അതിനു പിന്നിലുള്ളത്.

നിങ്ങളുടെ പ്രദേശത്തു കണ്ടുവരുന്ന അനുകൂലാംഗീകാരം, വിപരീതാംഗീകാരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. ഔപചാരികവും അനൗപചാരികവുമായ അംഗീകാരങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഉദാഹരണസഹിതം എഴുതുക.
2. ഔപചാരികവും അനൗപചാരികവുമായ സാമൂഹികനിയന്ത്രണങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെഴുതുക.
3. അനുകൂലാംഗീകാരവും വിപരീതാംഗീകാരവും ജനങ്ങളുടെ സ്വഭാവം ക്രമപ്പെടുത്തുന്നതിന് എങ്ങനെ സഹായിക്കുന്നു എന്ന് പരിശോധിക്കുക.

V. മാമൂൽനിയമങ്ങൾ (Customary Laws)

നിയമങ്ങൾ സമൂഹത്തിന്റെ ഭാഗവും അതിന്റെ ഘടനയുമായി ബന്ധപ്പെട്ടതുമാണ്. സമൂഹത്തിന്റെ ഭാഗമായ പെരുമാറ്റച്ചട്ടങ്ങളാണവ. അത്തരം നിയമങ്ങൾ അധികാരികൾ നിർമിക്കുകയും എല്ലാ ജനങ്ങളും അംഗീകരിക്കുകയും ചെയ്യുന്നു. പഴയകാലസമൂഹങ്ങളിൽ നിയമങ്ങൾ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിലുള്ളതായിരുന്നു. അവ കുലങ്ങളിലും കൂട്ടുകുലങ്ങളിലും നിലനിന്നിരുന്നു. പുരാതനനിയമങ്ങളിൽ പിഴ, നഷ്ടപരിഹാരം നൽകൽ, സമൂഹസദ്യ നൽകൽ തുടങ്ങിയ രീതികളിലായിരുന്നു ശിക്ഷകൾ നൽകിയിരുന്നത്. നിയമലംഘനങ്ങൾ ഒരു വ്യക്തിയെ മാത്രമല്ല, സമൂഹത്തെയാകമാനം ബാധിക്കുന്ന രീതിയിലായിരുന്നു കണക്കാക്കപ്പെട്ടിരുന്നത്.

മാമൂൽ നിയമങ്ങളുടെ സ്രോതസ്സുകൾ (Sources of Customary Laws)

സമൂഹത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിവിധ തരത്തിലുള്ള സാമൂഹികനിയന്ത്രണ സംവിധാനങ്ങൾ നിലനിൽക്കുന്നു. ഇത്തരം സംവിധാനങ്ങൾ അതിലെ അംഗങ്ങളിൽ നിയന്ത്രണങ്ങൾ ചെലുത്തുകയും സാമൂഹികക്രമം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ആചാരാധിഷ്ഠിതമായ അത്തരം നിയമങ്ങളുടെ സ്രോതസ്സുകളാണ് ആചാരങ്ങൾ, സാമൂഹികസംവിധാനം, പൊതു അഭിപ്രായങ്ങൾ, മതം, സമൂഹപഞ്ചായത്തുകൾ എന്നിവ.

ആചാരങ്ങൾ (Customs): സാമൂഹികവും വ്യക്തിഗതവുമായ ജീവിതത്തെ ക്രമപ്പെടുത്താൻ ആധുനികസമൂഹങ്ങളിലെപ്പോലെ പൂർവസാക്ഷരസമൂഹങ്ങളിലും നിയമങ്ങളുണ്ടായിരുന്നു. പൂർവസാക്ഷരസമൂഹങ്ങളിൽ സാമൂഹികാചാരങ്ങൾ നിയമങ്ങളുടെ പ്രധാന സ്രോതസ്സായിരുന്നു. മനുഷ്യന്റെ ചില സ്വഭാവങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിന് ദോഷകരമാവുമ്പോൾ. അത്തരം സ്വഭാവത്തെ സാമൂഹികവിരുദ്ധമായി കണക്കാക്കിയിരുന്നു. ഇത്തരം സാമൂഹികാചാരങ്ങൾ നിർബന്ധമായി കണക്കാക്കുകയും അവ അനുസരിക്കാത്തവരെ ശിക്ഷിക്കുകയും ചെയ്തിരുന്നു. ആചാരങ്ങൾ അനുസരിക്കാത്തവരെ ശിക്ഷിക്കുന്ന രീതി ക്രമേണ നിലവിൽവരുകയും അവ നിയമമായി കണക്കാക്കപ്പെടുകയും ചെയ്യുന്നു.

സാമൂഹികസംവിധാനം (Social Organisation)

പൊതുവെ എല്ലാ ലളിതസമൂഹങ്ങളിലും സാമൂഹികസംവിധാനമുണ്ട്. അത്തരം സമൂഹങ്ങളിൽ നേതാവ് അല്ലെങ്കിൽ മുഖ്യനാണ് ഉയർന്ന പദവിയുള്ളതും അതുവഴി സമൂഹത്തിലെ അംഗങ്ങളെ നിയന്ത്രിക്കുന്നതും. ഗോത്രത്തിന്റെ താൽപ്പര്യത്തിനെതിരായി പ്രവർത്തിക്കില്ലെങ്കിലും അദ്ദേഹത്തിന് മതിയായ അധികാരങ്ങളുണ്ട്. ഈ നേതാവിന്റെ ആജ്ഞകൾ ജനങ്ങൾ അംഗീകരിക്കുകയും അത് നിയമമായി കണക്കാക്കുകയും ചെയ്യുന്നു.

പൊതുജനാഭിപ്രായം (Public Opinion) : ലളിതസമൂഹങ്ങളിൽ പൊതുജനാഭിപ്രായത്തിന് വളരെ പ്രാധാന്യമുണ്ട്. തെറ്റുചെയ്തവരെ ശിക്ഷിക്കുന്നതിൽ ഇതിന് പ്രഥമപരിഗണന നൽകിയിരുന്നു. ഈ രീതിയിൽ പൊതുജനാഭിപ്രായം ജനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നിയമപരമായ രൂപം കൈക്കൊള്ളുകയും ചെയ്യുകയുണ്ടായി.

മതം (Religion) : മതത്തെയും ജീവിതത്തിന്റെ ഭാഗമായാണ് ലളിതസമൂഹങ്ങളിൽ കണക്കാക്കപ്പെട്ടിരുന്നത്. മതപരമായ നിയമങ്ങളുടെ ലംഘനം ശിക്ഷാർഹമായ കുറ്റമായാണ് പരിഗണിച്ചത്. മതത്തിന്റെ ചട്ടങ്ങളും രീതികളും ലംഘിക്കാൻ ആരും ധൈര്യം കാണിക്കാറില്ല.

സമൂഹപഞ്ചായത്ത് (Social Panchayath) : ലളിതസമൂഹങ്ങളിൽ നിലനിൽക്കുന്ന സമൂഹപഞ്ചായത്തുകൾ വ്യക്തികളിൽ നിയന്ത്രണങ്ങൾ ചെലുത്തുകയും തർക്കങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ തീരുമാനങ്ങൾ നിയമമായി കണക്കാക്കുകയും അത് അനുസരിക്കാത്തവരെ ശിക്ഷിക്കുകയും ചെയ്യുന്നു. ഇത്തരം ശിക്ഷകൾ സമൂഹസദ്യയുടെ രൂപത്തിലോ മറ്റോ ആകാം. ഇത് അനുസരിക്കാത്തവരെ അവരുടെ കുലത്തിലുള്ളവർ അവഗണിക്കുകയാണ് പതിവ്.

മാമൂൽ നിയമങ്ങളുടെ പ്രത്യേകതകൾ (Nature of Customary Laws)

മറ്റെല്ലാ സ്ഥാപനങ്ങളെയും പോലെ നിയമവും സമൂഹത്തിന്റെ ഭാഗമാണ്. ഇത് സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ പെരുമാറ്റസംഹിതയാണ്. ലളിതസമൂഹങ്ങളിൽ ജനകീയമായ തീരുമാനങ്ങളിലൂടെ കുറ്റക്കാരെ ശിക്ഷിക്കുന്നതു പതിവാണ്. ഇവിടെ സമുദായം തന്നെ കോടതിക്ക് സമാനമായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ഇത്തരം രീതികൾ ഇന്ത്യൻ ഗ്രാമങ്ങളിലെ പല സമുദായങ്ങളിലും ഇന്നും നിലനിൽക്കുന്നുണ്ട്.

മാമൂൽ നിയമങ്ങൾ താഴെക്കൊടുത്തിരിക്കുന്ന പ്രത്യേകതകളുള്ളവയാണ്.

- ലളിതസമൂഹങ്ങളിലെ അംഗങ്ങൾ മിക്കവരും രക്തബന്ധത്തിൽപ്പെട്ടവരായിരിക്കുമെന്നതിനാൽ മാമൂൽ നിയമങ്ങൾ ബന്ധുത്വനിയമങ്ങളിൽ അധിഷ്ഠിതമാണ്.
- അവ സദാചാരവുമായും പൊതുജനാഭിപ്രായവുമായും ബന്ധപ്പെട്ടിരിക്കുന്നു.
- അതിന് അനുകൂലാംഗീകാരത്തിന്റെയും നിഷേധാംഗീകാരത്തിന്റെയും പിന്തുണയുണ്ട്.
- നിയമങ്ങളും ആചാരങ്ങളും പരസ്പരബന്ധിതമായതിനാൽ അവ ആചാരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.
- സാമൂഹികനീതി ഉറപ്പുവരുത്തുക എന്നത് കൂട്ടായ ഉത്തരവാദിത്തമാണ്. ലളിത സമൂഹങ്ങളിൽ എല്ലാവരും പോലീസുദ്യോഗസ്ഥന്റെ പങ്കു നിർവഹിക്കുന്നു.
- കുറ്റം ചെയ്തതിന്റെ നിജസ്ഥിതി നിർണയിക്കുന്നത് സത്യം ചെയ്യലിന്റെയും അഗ്നിപരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലാണ്.
- കുറ്റവാസനയും കുറ്റം ചെയ്യുന്നതിനു പിന്നിലുള്ള ഉദ്ദേശ്യങ്ങളും പരിശോധിക്കുന്നു.

മാമൂൽ നിയമങ്ങളുടെ പ്രകൃതം പരിശോധിച്ചാൽ പ്രാകൃതനിയമങ്ങളും ആധുനിക നിയമങ്ങളും തമ്മിൽ സാദൃശ്യങ്ങളും വ്യത്യാസങ്ങളും ഉണ്ടെന്ന് കാണാവുന്നതാണ്.


പ്രാചീനനിയമങ്ങളും ആധുനികനിയമങ്ങളും (Primitive Laws and Modern Laws)

പ്രാചീനനിയമങ്ങളിൽ ബന്ധുത്വത്തിന് ഏറെ പ്രാധാന്യമുണ്ട്. ആഭ്യന്തരവും ബാഹ്യവു

മായ കാര്യങ്ങൾ എല്ലാംതന്നെ ബന്ധുത്വഗ്രൂപ്പുകൾക്കിടയിൽ തന്നെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. കുലത്തിനുള്ളിലുള്ള തർക്കപരിഹാരത്തിനും കുറ്റവാളികൾക്ക് ശിക്ഷവിധിക്കലിനുമുള്ള അധികാരം കുലത്തിലെ മുതിർന്നവർക്കായിരുന്നു. ആധുനികനിയമങ്ങൾ ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. ധാർമികമൂല്യങ്ങളിലും പൊതുഅഭിപ്രായങ്ങളിലും വേരൂന്നിയവയാണ് പ്രാചീനനിയമങ്ങൾ. ലളിതസമൂഹങ്ങളിൽ, പൊതുഅഭിപ്രായം സാധാരണജനങ്ങളുടെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്.

ആചാരപരമായ നിയമങ്ങളിൽ വേരൂന്നിയതാണ് ആധുനികനിയമം എങ്കിലും അതിൽ നിയമനിർമാണം, നിർവഹണം, നീതിന്യായം എന്നീ മേഖലകളിൽ കാതലായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. താഴെക്കൊടുത്ത പട്ടിക പരിശോധിച്ച് ആധുനികനിയമങ്ങളും പ്രാചീനനിയമങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വിലയിരുത്തുക. ഒരു അഭിഭാഷകനുമായുള്ള അഭിമുഖത്തിലൂടെ പട്ടിക പൂർത്തീകരിക്കുക.

പ്രാചീനനിയമം	ആധുനികനിയമം
ആചാരപരമായ നിയമം	എഴുതപ്പെട്ട നിയമം
തീർപ്പുകൽപ്പിക്കുന്നതിന് ഒരു ഉപദേശകസമിതി മാത്രം	ജില്ലാകോടതി, ഹൈക്കോടതി, സിവിൽ കോടതി, ക്രിമിനൽകോടതി എന്നിങ്ങനെ പല ഉപദേശകസമിതികളുമുണ്ട്.
വിചാരണ അഗ്നിപരീക്ഷ, പ്രതിജ്ഞ എന്നിവയുടെ അടിസ്ഥാനത്തിൽ	ശരീരപരിശോധനയിലൂടെയും സാക്ഷികളുടെ എതിർവിസ്താരത്തിലൂടെയുമാണ് വിചാരണ നടത്തുന്നത്.
നിയമം നടപ്പാക്കുന്നതിന് എല്ലാ പേർക്കും ഉത്തരവാദിത്തമുണ്ട്.	പോലീസുദ്യോഗസ്ഥരെ പോലെയുള്ള പ്രത്യേക ഓഫീസർമാർക്കാണ് നിയമം നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്തം.
പൊതു അഭിപ്രായത്തിന്റെയും ഉപദേശകസമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലുള്ള നീതി.	ഭരണഘടനയുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള നീതി.
പിഴ, സമൂഹസദ്യ, നഷ്ടപരിഹാരം എന്നീ തരത്തിലുള്ള ശിക്ഷ	പിഴ, നഷ്ടപരിഹാരം, തടവ്, വധശിക്ഷ, സ്വത്തുകണ്ടുകെട്ടൽ എന്നീ തരത്തിലുള്ള ശിക്ഷകൾ
കുറ്റം ചെയ്ത വ്യക്തി മാത്രമല്ല, കുടുംബാംഗങ്ങൾകൂടി ശിക്ഷിക്കപ്പെടുന്നു.	കുറ്റവാളികൾ മാത്രം ശിക്ഷിക്കപ്പെടുന്നു.



ആധുനികനിയമങ്ങൾ ആചാരപരമായ നിയമങ്ങളുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്തുക. മുകളിൽ നൽകിയ പട്ടിക പരിശോധിച്ചശേഷം ഒരു അഭിഭാഷകനുമായി അഭിമുഖം നടത്തി അവർ എങ്ങനെയാണ് കേസ് ഫയൽ ചെയ്യുന്നതെന്നതിനെക്കുറിച്ചും വിചാരണ, തെളിവ്, ശിക്ഷ , കോടതികളുടെ അധികാരപരിധി എന്നിവയെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുക. നിങ്ങളുടെ കണ്ടെത്തലുകൾ സംഘത്തിൽ ചർച്ചചെയ്യുക.

'വധശിക്ഷ നിരോധിക്കണം' എന്ന വിഷയത്തെ അധികരിച്ച് ക്ലാസിൽ സംവാദം നടത്തുക. അത് മനുഷ്യാവകാശത്തിന് എതിരാണോ?

നിയമങ്ങൾ എന്തിനുവേണ്ടിയാണ്? അവ ആചാരാധിഷ്ഠിതമായിരിക്കും . ഒരു സാമൂഹികക്രമം ഉണ്ടാക്കിയെടുക്കുന്നതിനു വേണ്ടിയാണിത്. നൈസർഗികമായി മനുഷ്യർ അക്രമകാരികളല്ല എന്ന അഭിപ്രായമാണ് നരവംശശാസ്ത്രജ്ഞർക്കുള്ളത്. സാംസ്കാരികപരിണാമത്തിനിടെ ഉയർന്നുവന്നതാണ് ഈ ക്രമരാഹിത്യം. ഗോത്രവർഗങ്ങളെ അപേക്ഷിച്ച് ആധുനിക ശ്രേണീവൽകൃത സമൂഹങ്ങളാണ് അക്രമവുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതെന്നാണ് സംസ്കാരങ്ങളുടെ താരതമ്യപഠനങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ ഹോർട്ടി കൾച്ചറൽ ഗോത്രവർഗങ്ങളും ഭക്ഷ്യ ശേഖരണവും ഇരതേടലും ഉപജീവനമായ ബാൻഡുകളും തമ്മിലുള്ള താരതമ്യപഠനം വ്യക്തമാക്കുന്നത് ഗോത്രവർഗങ്ങളാണ് കൂടുതൽ അക്രമസ്വഭാവമുള്ളവർ എന്നാണ്. എന്തുതന്നെയായാലും തർക്കങ്ങളും അവ പരിഹരിക്കുന്നതിനുള്ള ആന്തരികരീതികളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാ സംസ്കാരങ്ങളിലും നിലനിൽക്കുന്നു. സാംസ്കാരികപരിണാമത്തിന്റെ ഘട്ടങ്ങളിൽ ഈ തർക്കപരിഹാരരീതികളിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സാക്ഷരപൂർവസമൂഹങ്ങളിലെ തർക്കപരിഹാരമാർഗങ്ങളെക്കുറിച്ച് നമുക്ക് വിശദമായി മനസ്സിലാക്കാം.



ചിത്രം 7.2. നാട്ടുകൂട്ടം

VI. സാക്ഷരപൂർവസമൂഹങ്ങളിലെ തർക്കപരിഹാരമാർഗങ്ങൾ (Dispute Settlement in the Pre-literate Societies)

വ്യത്യസ്തമായ തർക്കപരിഹാരമാർഗങ്ങളാണ് ഓരോ സമൂഹത്തിലും നിലനിൽക്കുന്നത്. തെളിവു ശേഖരിക്കുന്നത് മുതൽ ശിക്ഷ വിധിക്കുന്നതുവരെയുള്ള നീണ്ട നടപടിക്രമങ്ങളിലൂടെയാണ് നീതി ഉറപ്പുവരുത്തുന്നത്. കുറ്റം തെളിയിക്കപ്പെടുക എന്നതാണ് നീതിനിർവഹണത്തിന്റെ ഏറ്റവും പ്രധാനഘട്ടം. ഇന്ത്യൻ ഗ്രാമങ്ങളിലുള്ള നാട്ടുകൂട്ടങ്ങളും ഊരുകൂട്ടങ്ങളും സമൂഹങ്ങളിൽ നിലനിൽക്കുന്ന ആചാരപരമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. പൊതുവിചാരണയിലൂടെയാണ് ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതും ശിക്ഷ വിധിക്കുന്നതും.

ലളിതസമൂഹങ്ങളിൽ ജനങ്ങൾ തന്നെയാണ് ന്യായാധിപർ. അത് ഒരു മുതിർന്ന വ്യക്തിയോ പ്രായമുള്ള ബന്ധുവോ മുതിർന്നവരുൾപ്പെട്ട ഉപദേശസമിതിയോ ആകാം. മിക്കവാറും സന്ദർഭങ്ങളിൽ കുറ്റാരോപിതർ അവർക്കെതിരെയുള്ള ആരോപണങ്ങളെല്ലാം നിഷേധിക്കുകയാണ്

പതിവ്. തന്റെ നിരപരാധിത്വം തെളിയിക്കപ്പെടുന്നതുവരെ അയാൾക്ക് ഒരു ദയയും ലഭിക്കില്ല. തെളിവിന്റെ അടിസ്ഥാനത്തിലാണ് വിധി പ്രസ്താവിക്കുക.

തെളിവ് (Evidence)

ഒരു വ്യക്തിയിൽ ആരോപിക്കപ്പെട്ട കുറ്റകൃത്യം സ്ഥാപിച്ചെടുക്കുന്ന രീതിയാണ് തെളിവെടുപ്പ്. ലളിതസമൂഹങ്ങളിൽ പ്രത്യേകപരിശീലനം ലഭിച്ച ന്യായാധിപരോ അഭിഭാഷകരോ ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ ജനങ്ങൾ പ്രകൃത്യതീതശക്തികളുടെ സഹായത്തോടെയാണ് കൃത്യമായ തെളിവുകൾ ശേഖരിക്കുന്നത്. ഇതിൽ സത്യം ചെയ്യലിനും അഗ്നിപരീക്ഷകൾക്കും വളരെയേറെ പ്രാധാന്യമുണ്ട്.

സത്യം ചെയ്യൽ (Oath): കളവു പറയുകയില്ല എന്ന് ദൈവനാമത്തിലുള്ള ഉറപ്പുപറയലാണ്. സത്യം ചെയ്യുന്ന ഒരു വ്യക്തി പറഞ്ഞ കാര്യങ്ങൾ തെറ്റാണെങ്കിൽ അയാളെ ദൈവം ശിക്ഷിക്കുമെന്നാണ് വിശ്വാസം. താൻ ചെയ്ത കുറ്റം ഏറ്റുപറയാൻ ഒരാളെ നിർബന്ധിക്കുന്ന മാർഗമാണിത്. ദൈവ കോപം ഭയന്ന്, തെറ്റുചെയ്ത ആൾ താൻ ചെയ്ത കുറ്റകൃത്യം മറച്ചുവയ്ക്കുകയില്ല. ചോട്ടാ നാഗ്പൂരിലെ ഒറോൺ, മുണ്ട എന്നീ ഗോത്രവിഭാഗങ്ങളിൽ കുറ്റാരോപിതർ തെളിവ് നൽകുന്നതിന് മുമ്പ് പുലിത്തോലിൽ ഇരുന്ന് സത്യം ചെയ്യേണ്ടതുണ്ട്. പുലി കൊല്ലും എന്ന ഭീതിയുള്ളതിനാൽ കുറ്റവാളി ഒരിക്കലും കളവുപറയില്ല. ആധുനികനിയമങ്ങളിലും തെളിവുകൾ നൽകുന്നതിന് മുമ്പ് സത്യം ചെയ്യാൻ നിർദേശിക്കാറുണ്ട്.

അഗ്നിപരീക്ഷ (Ordeal): കുറ്റാരോപിതനായ ഒരാൾ തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനായി അത്യന്തം വേദനാജനകവും അപകടകരവുമായ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്ന പ്രക്രിയയാണ് അഗ്നിപരീക്ഷ. പ്രകൃത്യതീതശക്തികളുടെ നിയന്ത്രണത്തിലാണ് ഇത് നടത്തപ്പെടുന്നത് എന്നാണ് വിശ്വാസം. സാക്ഷരപൂർവസമൂഹങ്ങളിൽ അഗ്നി, എരിയുന്ന കനൽ, ജലം തുടങ്ങിയവ ഉപയോഗിച്ചാണ് സാധാരണ ഇത്തരം പരീക്ഷണങ്ങൾ നടത്തുന്നത്. ഉദാഹരണമായി, ചോട്ടാനാഗ്പൂരിലെ ഒറോൺ ഗോത്രവിഭാഗത്തിൽ കളവുകേസിൽ കുറ്റാരോപിതരായ വ്യക്തികളുടെ കൈയിൽ കത്തിക്കൊണ്ടിരിക്കുന്ന കൽക്കരി വയ്ക്കുന്നു. കുറ്റം ചെയ്തയാൾ പരീക്ഷണത്തിൽ പരാജയപ്പെടുകയും കുറ്റം ചെയ്യാത്തയാൾ അത് അതിജീവിക്കുകയും ചെയ്യും എന്നാണ് വിശ്വാസം.

കുറ്റം തെളിയിക്കുന്നതിനായി ഇന്നും തുടരുന്ന മൂന്നാംമുറ മാർഗങ്ങളെക്കുറിച്ച് മാധ്യമങ്ങളിലൂടെ നമ്മൾ അറിയുന്നുണ്ടല്ലോ. ഇത് മനുഷ്യാവകാശത്തിന്റെ പ്രകടമായ ലംഘനമല്ലേ? നിലവിലുള്ള നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടാണോ ഇത്തരം കാര്യങ്ങൾ ഉണ്ടാകുന്നത്? നമുക്ക് എന്തുചെയ്യാൻ കഴിയും? സംഘങ്ങളായി തിരിഞ്ഞ് ചർച്ചചെയ്ത് അവതരിപ്പിക്കുക.



പ്രാചീനസമൂഹങ്ങളും ആധുനികസമൂഹങ്ങളും കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ വ്യത്യസ്ത സമൂഹങ്ങളിൽ വ്യത്യസ്ത രീതിയിലുള്ള ശിക്ഷാമാർഗങ്ങളാണ് അവലംബിച്ചു കാണുന്നത്.

ശിക്ഷ (Punishment)

ദൈവികനിയമങ്ങളുടെ ലംഘനമാണ് കുറ്റകൃത്യങ്ങൾ എന്നാണ് മിക്കവാറും ഗോത്രവർഗക്കാർ വിശ്വസിക്കുന്നത്. അതുകൊണ്ട് കുറ്റവാളി ശിക്ഷിക്കപ്പെടേണ്ടതാണെന്നും ശിക്ഷിക്കപ്പെട്ടാൽ

പാപത്തിൽ നിന്ന് ഒഴിവാകാനാകും എന്നുമായിരുന്നു അവരുടെ വിശ്വാസം. ദൈവശിക്ഷയ്ക്കു പുറമെ നഷ്ടപരിഹാരം നൽകുക എന്ന ശിക്ഷാവിധിയും നടപ്പിലാക്കിയിരുന്നു. പിഴ ചുമത്തിയിരുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. 'കൂട്ടുത്തരവാദിത്തം' എന്ന തത്ത്വമാണ് ലളിതസമൂഹങ്ങളുടെ മറ്റൊരു സവിശേഷത. അതിന്റെ അടിസ്ഥാനത്തിൽ കുറ്റം ചെയ്ത വ്യക്തിയെ മാത്രമല്ല, അയാളുടെ കുടുംബാംഗങ്ങളെയും സമുദായത്തിലെ അടുപ്പമുള്ള അംഗങ്ങളെയും ശിക്ഷിച്ചിരുന്നു. ഉദാഹരണത്തിന് ഒരാൾ കൊലക്കുറ്റം ചെയ്താൽ ശിക്ഷ അയാളുടെ കുടുംബത്തിലെയോ കുലത്തിലെയോ ഒരാളെ വധിക്കുന്നതിലൂടെയാണ് നടപ്പാക്കുന്നത്. കാരണം, കുറ്റകൃത്യത്തിന് സമൂഹത്തിന് കൂട്ടായ ഉത്തരവാദിത്തമാണുള്ളത്.

ചില പ്രദേശങ്ങളിൽ സമൂഹവിരുദ്ധർ നടത്തുന്ന സദാചാരപ്പോലീസ് സമ്പ്രദായത്തെപ്പറ്റി നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? ഇതിനെക്കുറിച്ച് നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്? നിങ്ങളുടെ സംഘത്തിൽ ചർച്ചചെയ്ത് ക്ലാസിൽ അവതരിപ്പിക്കൂ.



വിചാരണ (Trial)

സാധാരണയായി പ്രാഥമികവിചാരണകൾ ശിക്ഷ നടപ്പാക്കുന്നതിനു മുമ്പാവുന്നത് കാണാം. പരാതിക്കാരനും എതിർകക്ഷിയും അവരുടെ വാദങ്ങൾ ന്യായാധിപനു മുന്നിൽ അവതരിപ്പിക്കുകയും അതിനനുസരിച്ച് മുതിർന്ന അംഗങ്ങൾ ചേർന്ന ഉപദേശകസമിതി തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. ചിലപ്പോൾ എതിർവിസ്താരവും നടത്താറുണ്ട്.
ശാരീരികമായി പരിക്കേൽപ്പിക്കുന്ന രീതിയിലുള്ള ശിക്ഷകളും ചില സമൂഹങ്ങളിൽ കാണാറുണ്ട്. കുറ്റവാളിയെ മുഖത്തു കരിതേച്ച്, കഴുതപ്പുറത്തിരുത്തി ഗ്രാമത്തിൽ മുഴുവൻ നടത്തിച്ച് പരസ്യമായി അപമാനിക്കുന്ന രീതിയും കണ്ടുവരുന്നു. അമേരിക്കയിലെ ചില ഗോത്രങ്ങൾക്കിടയിൽ വിശ്വാസം നഷ്ടപ്പെട്ട ഭാര്യയെ വെള്ളത്തിൽ മുക്കിക്കൊല്ലുക എന്ന ശിക്ഷയാണ് നൽകിയിരുന്നത്. ഉഗാണ്ടയിലെ ചില ഗോത്രവർഗക്കാർക്കിടയിൽ ജയിൽശിക്ഷയാണ് നൽകുന്നത്, കുറ്റം ഗുരുതരമാണെങ്കിൽ അയാളെ മരണംവരെ കുന്തത്തിലേറ്റുന്നു. ബഹിർഗണവിവാഹം നിലനിൽക്കുന്ന ഒറോൺ വിഭാഗത്തിൽ പങ്കാളിയെ മറ്റൊരു കുലത്തിൽനിന്നു മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ. ഇത് പാലിക്കാത്തവരെ ഗ്രാമസമിതി വിചാരണചെയ്യുകയും കുലത്തിൽനിന്ന് പുറത്താക്കുകയും ചെയ്യുന്നു.

നഷ്ടപരിഹാരം (Compensation)

കുറ്റകൃത്യം കൊണ്ടുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ആധുനികസമൂഹങ്ങളെ പോലെ ലളിതസമൂഹങ്ങളിലും നഷ്ടപരിഹാരം നൽകുന്നതിനുള്ള രീതികൾ നിലവിലുണ്ട്. കുറ്റകൃത്യത്തിന്റെ സ്വഭാവത്തിനനുസരിച്ചും കുറ്റവാളിയുടെ സാമ്പത്തികാവസ്ഥയ്ക്ക് അനുസരിച്ചും പിഴചുമത്തുന്നതിൽ വ്യത്യാസമുണ്ടാവും. സാധനങ്ങളായോ പണമായോ പിഴ ചുമത്താം. അമേരിക്കയിലെ ചില വിഭാഗങ്ങളിൽ കുറ്റവാളികളുടെ വിലപ്പെട്ട സാധനങ്ങൾ നശിപ്പിക്കുന്നതിലൂടെയാണ് പിഴ എന്ന മാർഗം സ്വീകരിക്കുന്നത്. സമോവ സമുദായത്തിൽ കുറ്റവാളി വിലപ്പെട്ട സമ്മാനങ്ങൾ എതിർകക്ഷികൾക്ക് നഷ്ടപരിഹാരമായി നൽകാറുണ്ട്. എന്നാൽ മറ്റുചില ഗോത്രവർഗങ്ങൾക്കിടയിൽ ഗ്രാമത്തിലെ മുഴുവൻ ആളുകൾക്കും ഒരു സമൂഹസദ്യ നൽകുക എന്ന നഷ്ടപരിഹാരരീതിയും നടപ്പാക്കാറുണ്ട്.

- നിങ്ങൾക്ക് സുഹൃത്തുക്കളുമായി അഭിപ്രായവ്യത്യാസങ്ങളുണ്ടായാൽ അവ എങ്ങനെയാണ് പരിഹരിക്കുന്നത്?
- നിങ്ങളുടെ പ്രദേശത്തുള്ള തർക്കങ്ങൾ പരിഹരിക്കപ്പെടുന്നത് എങ്ങനെയെല്ലാമാണ്?
- എല്ലാ പ്രശ്നങ്ങളിലും പോലീസും കോടതിയും ഇടപെടാറുണ്ടോ?

തർക്കപരിഹാരം: സമാധാനപരവും ഹിംസാത്മകവുമായ മാർഗങ്ങൾ (Peaceful and Violent means of Dispute Settlement)

മനുഷ്യർ പൊതുവെ ആക്രമണകാരികൾ അല്ല എന്നു നമ്മൾ ആദ്യമേ മനസ്സിലാക്കിയല്ലോ. എന്നാൽ, പല സാഹചര്യങ്ങളിലായി ആർജിച്ചെടുക്കുന്ന പെരുമാറ്റരീതിയാണിത്. ലളിത സമൂഹങ്ങൾക്ക് സമാധാനപരമായ മാർഗങ്ങളിലൂടെയുള്ള പല തർക്കപരിഹാരക്രമങ്ങളും നിലവിലുണ്ട്. അമിതോൽപ്പാദനം, കമ്പോളവ്യവസ്ഥ, കോളനിവൽക്കരണം, സ്വകാര്യസ്വത്ത് എന്നിവ ആക്രമണവാസന, കൈയേറ്റം, യുദ്ധം എന്നീ പ്രശ്നങ്ങൾക്കു കാരണമായിട്ടുണ്ട്.


സമാധാനപരമായ മാർഗങ്ങൾ

(Peaceful means of Dispute Settlement)

വ്യവസായവൽകൃത ആധുനികസമൂഹങ്ങളിൽ പോലീസ്, കോടതി, ശിക്ഷാനിയമങ്ങൾ തുടങ്ങി തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഔപചാരികമായ പല സ്ഥാപനങ്ങളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം കൃത്യമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ലളിതസമൂഹങ്ങളിൽ തർക്കപരിഹാരങ്ങൾക്കായി പ്രത്യേക സംവിധാനങ്ങളോ ഉദ്യോഗസ്ഥരോ ഇല്ല. സമാധാനപരമായ മാർഗങ്ങളായ മാപ്പപേക്ഷ, സത്യപ്രതിജ്ഞ, ഒഴിവാക്കൽ, കഠിനപരീക്ഷ, മാധ്യസ്ഥ്യം, ഉടമ്പടി എന്നീ മാർഗങ്ങളാണ് അവർ പിന്തുടരുന്നത്.

ഒഴിവാക്കൽ (Avoidance)

ആക്രമണം ഒഴിവാക്കാൻ സ്വീകരിക്കുന്ന മാർഗമാണ് ഒഴിവാക്കൽ. തർക്കത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇരു കക്ഷികളും വൈകാരികമായി ശാന്തരാകുന്നതു വരെ പരസ്പരം കാണുന്നത് ഒഴിവാക്കുകയോ അവരെ മാറ്റിനിർത്തുകയോ ആണ് ചെയ്യുന്നത്. ഭക്ഷ്യശേഖരണം ഉപജീവനമാർഗമായ സമൂഹങ്ങളിൽ വ്യക്തികൾ തമ്മിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ തങ്ങളുടെ സംഘം ഉപേക്ഷിച്ച് ദൂരെയുള്ള സംഘങ്ങളിൽ ചേർന്ന് മാറിനിൽക്കുകയാണ് പതിവ്.



സമുദായനടപടികൾ (Community Actions)

ശക്തമായ അധികാരമുള്ള നേതൃത്വം നിലവിലില്ലാത്ത ലളിതസമൂഹങ്ങളിൽ ഐകകണ്ഠ്യേന സമുദായം എടുക്കുന്ന തീരുമാനങ്ങളാണിത്. ഇന്യൂറ്റ് (Inuit) സമൂഹത്തിൽ പ്രശ്നപരിഹാരങ്ങൾ നടത്തുന്നത് സമുദായതീരുമാനപ്രകാരമാണ്. മിക്കവാറും പ്രശ്നങ്ങളിൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരം കുടുംബത്തിനാണ്. ആത്മാക്കളാണ് ഒരു വ്യക്തിയുടെ ഭാവി തീരുമാനിക്കുക എന്നാണ് അവർ വിശ്വസിച്ചിരുന്നത്.

സങ്കീർണമായ 'വിലക്കു'കളുടെ അടിസ്ഥാനത്തിലാണ് ആളുകൾ ദൈനംദിനകാര്യങ്ങൾ പോലും നിർവഹിച്ചിരുന്നത്.

കൂടിയാലോചനയും മധ്യസ്ഥതയും (Negotiation and Mediation)

തർക്കത്തിൽ ഉൾപ്പെട്ട വ്യക്തികൾ കൂടിയാലോചനകളിലൂടെ പല തർക്കങ്ങളും പരിഹരിക്കാൻ ശ്രമിക്കാറുണ്ട്. ചിലപ്പോൾ പുറമെ നിന്നുള്ള മൂന്നാമതൊരാൾ ആയിരിക്കും ഇതിന് ശ്രമിക്കുക. കന്നുകാലിവളർത്തലിലൂടെയും ഉദ്യാനക്കൃഷിയിലൂടെയും ഉപജീവനം നടത്തുന്ന ആഫ്രിക്കയിലെ ന്യൂയർ സമുദായത്തിൽ 'പുലിത്തോൽ മുഖ്യ' (Leopard-skin -chief)ന്റെ അനൗപചാരികമായ മധ്യവർത്തിത്വത്തിലാണ് സമുദായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത്. പാരമ്പര്യമായി ലഭിക്കുന്ന പദവിയാണ് ഇത്. കന്നുകാലിമോഷണം പോലുള്ള നിസ്സാരമായ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ പരിഗണനയിൽ എത്തുകയില്ല. എന്നാൽ കൊലപാതകം പോലുള്ള കുറ്റകൃത്യങ്ങൾ 'പുലിത്തോൽ മുഖ്യനാണ്' കൈകാര്യം ചെയ്യുകയും ശിക്ഷവിധിക്കുകയും ചെയ്യുന്നത്. ശിക്ഷ ലഭിച്ച വ്യക്തിയെ ഇരയുടെ കുടുംബത്തിൽനിന്നു സംരക്ഷിക്കാനായി മുഖ്യന്റെ കൂടെ താമസിക്കാൻ അനുവദിക്കുന്നു. ആ സമയം മുഖ്യൻ ഇരയായവരുടെ കുടുംബവുമായി കൂടിയാലോചനയും മധ്യസ്ഥതയും നടത്തി ശത്രുത ഒഴിവാക്കുന്നതിനായി നഷ്ടപരിഹാരം നൽകുന്ന രീതി നിർദേശിക്കുന്നു.

മാപ്പപേക്ഷ (Apology)

സൗഹാർദപരമായ ബന്ധം നിലനിൽക്കുന്നതിനുള്ള ആഗ്രഹമാണ് ആചാരപരമായ മാപ്പപേക്ഷ. കുറ്റം ചെയ്തവരാണ് മാപ്പാക്കാൻ അപേക്ഷിക്കുന്നത്. ഗ്രാമത്തിലെ അംഗങ്ങൾക്കിടയിൽ പരസ്പരസ്നേഹവും സഹകരണവും നിലനിൽക്കുന്ന തെക്കൻ പെസഫിക്കിലെ ഫിജി വിഭാഗത്തിൽ ഒരാൾ ഉന്നതശ്രേണിയിൽപ്പെട്ട മറ്റൊരാളുമായി തർക്കത്തിൽ ഏർപ്പെട്ടാൽ അപരാധിയായ ആളെ എല്ലാവരും ഒഴിവാക്കുകയും അയാളെ കുറിച്ച് ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഈ സമീപനത്തിൽ കുറ്റംചെയ്ത ആൾക്ക് മനോവിഷമം ഉണ്ടായാൽ അയാൾ മാപ്പപേക്ഷിക്കുന്ന ഒരു ചടങ്ങ് – 'സോറോ' നടത്തുന്നു. കീഴടങ്ങൽ എന്നാണ് അതിന് അർഥം. ഈ ചടങ്ങിൽ കുറ്റംചെയ്ത വ്യക്തി തലകുനിച്ച് നിശ്ശബ്ദനായി ഇരിക്കുകയും മധ്യവർത്തി ഒരു ചെറുസമ്മാനം നൽകിയശേഷം എതിർകക്ഷിയോട് അയാൾക്ക് മാപ്പ് നൽകാൻ അഭ്യർഥിക്കുകയും ചെയ്യുന്നു. മാപ്പപേക്ഷ വളരെ അപൂർവമായി മാത്രമേ നിരസിക്കപ്പെടാറുള്ളൂ.


സത്യംചെയ്യലും അഗ്നിപരീക്ഷകളും (Oath and Ordeal)

ദൈവത്തെ സാക്ഷിനിർത്തി സത്യം മാത്രമേ പറയൂ എന്നു പറയലാണ് സത്യപ്രതിജ്ഞ. ഇത് ഒരു വ്യക്തിക്ക് താൻ ചെയ്ത കുറ്റമോ നിരപരാധിത്വമോ വെളിപ്പെടുത്തുന്നതിനുള്ള അവസരമാണ്. എന്നാൽ തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനായി ഒരു വ്യക്തിയെ പ്രകൃത്യതീതശക്തികളുടെ നിയന്ത്രണത്തിൽ കഠിനമായ പരീക്ഷണങ്ങൾക്ക് വിധേയമാക്കലാണ് അഗ്നിപരീക്ഷ.

വിധിനിർണയം (Adjudication)

മൂന്നാമതൊരാൾ ഒരു ന്യായാധിപന്റെ സ്ഥാനത്തുനിന്നുകൊണ്ട് തർക്കങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്നതാണിത്. ഒരു വ്യക്തിയോ വ്യക്തികൾ ഉൾപ്പെട്ട മധ്യസ്ഥസമിതിയോ രാഷ്ട്രീയ നേതാവോ ആയിരിക്കാം ന്യായാധിപന്റെ സ്ഥാനത്ത്. ആധുനികസമൂഹത്തിൽ പോലീസ്, കോടതി, നിയമങ്ങൾ എന്നിവയുടെ സഹായത്തോടെ തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കാറുണ്ട്.

നിങ്ങളുടെ പ്രദേശത്തുണ്ടായ ഒരു തർക്കപരിഹാരത്തെക്കുറിച്ച് വിവരണം തയാറാക്കുക. തർക്കവിഷയം, ഉൾപ്പെട്ട ആളുകൾ, പ്രശ്നപരിഹാരരീതി എന്നിവ വിശദീകരിക്കുക.



ഹിംസാത്മകമാർഗങ്ങൾ

(Violent means of Dispute Settlement)

കാലങ്ങളായി നിലനിൽക്കുന്ന സംവിധാനങ്ങളിലൂടെ പ്രശ്നപരിഹാരം സാധ്യമാകാതെ വരുമ്പോഴോ അതിൽ അസംതൃപ്തരാകുമ്പോഴോ ആണ് ആളുകൾ അക്രമപരമായ മാർഗങ്ങൾ സ്വീകരിക്കുന്നത്. ചില സാഹചര്യങ്ങളിൽ അക്രമം അനിവാര്യമാണെന്നാണ് പല സമൂഹങ്ങളും വിശ്വസിക്കുന്നത്. ഇത്തരത്തിലുള്ള ആക്രമണങ്ങൾ രാഷ്ട്രങ്ങൾ തമ്മിലോ സമുദായങ്ങൾ തമ്മിലോ ആവുമ്പോൾ അത് യുദ്ധമായി മാറും.

വ്യക്തിഗത അക്രമം (Individual Violence)

വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിന് ചിലപ്പോൾ അക്രമപരമായ മാർഗങ്ങൾ സ്വീകരിക്കാറുണ്ട്. തന്റെ സ്വത്തിൽ അതിക്രമിച്ചുകടന്നു എന്നത് ഒരു കുറ്റം ചെയ്യുന്നതിനുള്ള ന്യായമായി ചിലർ കാണുന്നു.

കുടിപ്പക (Feuding)

ബന്ധുക്കൾക്കിടയിലോ കുടുംബങ്ങൾക്കിടയിലോ നിരന്തരമായി ഉണ്ടാകുന്ന ശത്രുതയാണ് കുടിപ്പക. തങ്ങളുടെ സംഘത്തിലുള്ള ഒരാളോടു ചെയ്ത കുറ്റത്തിനു പകരംവീട്ടലായിട്ടാണ് ഇത് തുടരുന്നത്. കുറ്റവാളിയുടെ സംഘത്തിലെ ഒരാളെ വധിക്കുക എന്നതാണ് അവരുടെ യഥാർഥ പ്രതികാരം. കാരണം, ഒരു വ്യക്തി ചെയ്യുന്ന കുറ്റത്തിന് അയാളുടെ സമൂഹം മുഴുവൻ ഉത്തരവാദിയായിരിക്കും എന്നാണ് വിശ്വാസം.

കടന്നാക്രമണം (Raid)

പ്രത്യേകലക്ഷ്യത്തിനായി ചിട്ടയായ പദ്ധതികൾ തയാറാക്കി ശക്തി ഉപയോഗിച്ച് നടത്തുന്ന ഒരുതരം ആക്രമണമാണിത്. മറ്റ് സമൂഹത്തിന്റെ സ്വത്ത്, കന്നുകാലികൾ, മറ്റെന്തെങ്കിലും വിലപിടിച്ച സാധനങ്ങൾ എന്നിവ നേടാൻ വേണ്ടിയും കടന്നാക്രമണങ്ങൾ നടത്താറുണ്ട്. ചില പ്രത്യേക സമൂഹങ്ങളിൽ വിവാഹം നടത്താനായി പെൺകുട്ടികളെ പിടിച്ചുകൊണ്ടുപോകുന്ന രീതിയും നിലവിലുണ്ട്.

യുദ്ധം (War)

വലിയ സമൂഹങ്ങൾ തമ്മിലുള്ള തർക്കങ്ങൾ യുദ്ധത്തിൽ കലാശിക്കുന്നു. ആക്രമണം, പ്രതിരോധം എന്നിവയെക്കുറിച്ച് കൃത്യമായ ആസൂത്രണവും തന്ത്രങ്ങളും ഉപയോഗിച്ചാണ് യുദ്ധം നടത്തുക. കൃഷി, വ്യവസായവൽക്കരണം തുടങ്ങിയവ നിലനിൽക്കുന്ന സമൂഹങ്ങളിലാണ് ഇത്തരത്തിലുള്ള വലിയ യുദ്ധങ്ങൾ ഉണ്ടാകാറുള്ളത്. പ്രത്യേക പരിശീലനം ലഭിച്ച പട്ടാളക്കാർ, നേതാക്കൾ, ആധുനികസംവിധാനങ്ങൾ എന്നിവയെല്ലാം ഇതിന് ഉപയോഗപ്പെടുത്തുന്നു.



രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങളും യുദ്ധവും ആധുനികകാലത്ത് വർധിക്കുന്നുണ്ടോ?

ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നമുക്ക് എങ്ങനെ പരിഹരിക്കാം?

സമാധാനപരമായി പ്രശ്നങ്ങൾ പരിഹരിക്കാനാവുമോ? യുദ്ധങ്ങൾ നിലനിൽക്കുകതന്നെ ചെയ്യുമോ?

മുകളിൽക്കൊടുത്ത സൂചകങ്ങൾ നിങ്ങളുടെ സംഘങ്ങളിൽ ചർച്ചചെയ്ത് സമാധാനപൂർണമായ ലോകം സൃഷ്ടിക്കുന്നതിന് നിങ്ങളുടെ നിർദേശങ്ങൾ അവതരിപ്പിക്കൂ.

സംഗ്രഹം

- ഒരു സാമൂഹികക്രമം നിലനിർത്തുന്നതിനും അയൽപ്രദേശങ്ങളുമായുള്ള ബന്ധം നിയന്ത്രിക്കുന്നതിനും ഒരു സമൂഹം സ്വീകരിക്കുന്ന മാർഗങ്ങളാണ് രാഷ്ട്രീയസംവിധാനം. ഇതുവഴിയാണ് ഒരു സമൂഹത്തിൽ സാമൂഹികക്രമം പാലിക്കുന്നതും അക്രമം ഇല്ലാതാക്കുന്നതും. വ്യത്യസ്ത രാഷ്ട്രീയവ്യവസ്ഥകളുടെ താരതമ്യപഠനമാണ് രാഷ്ട്രീയ നരവംശശാസ്ത്രം. ഔപചാരികമോ അനൗപചാരികമോ എന്ന വ്യത്യാസമില്ലാതെ എല്ലാ സമൂഹങ്ങളുടെയും പ്രാചീനമായതോ ആധുനികമായതോ ആയ രാഷ്ട്രീയ വ്യവസ്ഥകളെക്കുറിച്ച് ഇതിൽ പഠിക്കുന്നു.
- രാഷ്ട്രം (സ്റ്റേറ്റ്), രാഷ്ട്രേതര (സ്റ്റേറ്റ്ലെസ്) രാഷ്ട്രീയവ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുന്നു. രാഷ്ട്രവ്യവസ്ഥയിൽ പോലീസ്, പട്ടാളം എന്നീ ഭൗതികസംവിധാനങ്ങളുടെ സഹായത്തോടെയാണ് സർക്കാർ അധികാരത്തിൽ കുത്തക നിലനിർത്തുന്നത്. രാഷ്ട്രേതര വ്യവസ്ഥയിൽ നിയമങ്ങൾ എഴുതപ്പെട്ടവയല്ല. പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും വാമൊഴിയായ കൈമാറ്റമാണ് നടക്കുന്നത്.
- സാക്ഷരപൂർവസമൂഹങ്ങളിൽ കുടുംബം, വിവാഹം, ഗോത്രം തുടങ്ങിയവയാണ് ആളുകളുടെ വ്യവഹാരത്തെ/പെരുമാറ്റത്തെ നിയന്ത്രിക്കുന്നത്. ചെറുതും നാടോടിജീവിതം നയിക്കുന്നവരുമായ സമൂഹങ്ങളുടെ രാഷ്ട്രീയസംവിധാനം ബാൻഡ്ഗ്രൂപ്പിനെ അടിസ്ഥാനമാക്കിയുള്ളതാണ്.
- ഗോത്രസമൂഹങ്ങളിലെ രാഷ്ട്രീയസംവിധാനം ചെറുസംഘങ്ങളുടേതുപോലെയാണ് എന്നാൽ അവർ ഭക്ഷ്യോൽപ്പാദകരും ജനസാന്ദ്രതയേറിയവരുമാണ്.
- ഗോത്രസംഘാടനത്തെയപേക്ഷിച്ച് ചീഫ്ഡത്തിൽ വ്യത്യസ്ത സമുദായങ്ങളെ ഒന്നിച്ചു നിർത്തുന്ന ഔപചാരിക അധികാരഘടന ഉണ്ടായിരിക്കും.
- ബാൻഡ് (കൂട്ടം), ഗോത്രം എന്നിവയുടെ രാഷ്ട്രീയസംവിധാനം രാഷ്ട്രേതര സംവിധാനത്തിൽ വരുന്നു.
- തീവ്രകൃഷി, ഉയർന്ന ജനസാന്ദ്രത, ഉയർന്ന നിരക്കിലുള്ള സാമ്പത്തികസ്ഥിതി, വൈദഗ്ധ്യമേഖലകൾ, വർഗക്രമീകരണം എന്നിവയാണ് രാഷ്ട്രസംവിധാനത്തിന്റെ പ്രത്യേകതകൾ.
- പോലീസ്, കോടതി, സർക്കാർ ഓഫീസുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെയാണ് രാഷ്ട്രസംവിധാനത്തിൽ നിയമനിർമാണം, നിർവഹണം, നീതിന്യായം എന്നിവ

നടപ്പാക്കുന്നത്. എന്നാൽ രാഷ്ട്രേതരസംവിധാനത്തിൽ ആചാരപരമായ നിയമങ്ങൾക്കും ധാർമികമൂല്യങ്ങൾക്കുമാണ് കൂടുതൽ പ്രാധാന്യം.

- ജനങ്ങളുടെ സ്വഭാവത്തെ ക്രമപ്പെടുത്താൻ ആചാരപരമായ നിയമങ്ങളിൽ അനുകൂലാംഗീകാരം, പ്രതികൂല അംഗീകാരം എന്നിവ ഉപയോഗിക്കുന്നു. ഒരു പ്രത്യേക പെരുമാറ്റത്തെ അംഗീകരിക്കുന്നതോ അംഗീകരിക്കാതിരിക്കുന്നതോ ആയ സാമൂഹിക ശക്തിയാണ് അംഗീകാരം. രാഷ്ട്രസംവിധാനം നിലനിൽക്കുന്ന സമൂഹങ്ങളിൽ പോലും സമാധാനപരമായ തർക്കപരിഹാരമാർഗങ്ങളായ ചർച്ചകൾ, മാധ്യസ്ഥ്യം, ഒഴിവാക്കൽ എന്നിവ തുടരുന്നുണ്ട്. പ്രാദേശികനേതാക്കളാണ് ഇതിൽ മുഖ്യസ്ഥാനം വഹിക്കുന്നത്. ലളിതസമൂഹങ്ങളിൽ പ്രതിജ്ഞ, അഗ്നിപരീക്ഷ തുടങ്ങിയ മാർഗങ്ങളിലൂടെയാണ് കുറ്റവാളിയെ കണ്ടെത്തുന്നത്. എന്നാൽ തെളിവ്, വിചാരണ എന്നിവയുടെ അടിസ്ഥാനത്തിലാണ് ആധുനികസമൂഹങ്ങളിൽ വിധി പ്രസ്താവിക്കുന്നത്.
- സമാധാനപരമായ മാർഗങ്ങളിലൂടെ തർക്കപരിഹാരം സാധ്യമല്ലാതാകുമ്പോൾ ജനങ്ങൾ അക്രമപരമായ മാർഗങ്ങൾ സ്വീകരിക്കുന്നു. ഒരു സമൂഹത്തിലെ വ്യക്തികൾ തമ്മിലോ വ്യത്യസ്തസമൂഹങ്ങൾ തമ്മിലോ ആക്രമണങ്ങൾ ഉണ്ടാകാം. രണ്ടു വ്യത്യസ്ത രാഷ്ട്രങ്ങൾ തമ്മിലുള്ള അക്രമം യുദ്ധം എന്ന പേരിൽ അറിയപ്പെടുന്നു.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- രാഷ്ട്രതന്ത്രശാസ്ത്രത്തെ രാഷ്ട്രീയനരവംശശാസ്ത്രത്തിൽനിന്നു വേർതിരിച്ചു മനസ്സിലാക്കുന്നു. രാഷ്ട്രീയസംഘാടനം എന്ന ആശയത്തിന്റെ അർഥം നിർവചനങ്ങൾ എന്നിവ തിരിച്ചറിയുകയും ശക്തി, അധികാരം എന്നീ ആശയങ്ങൾ വേർതിരിക്കുകയും ചെയ്യുന്നു.
- വിവിധതരം രാഷ്ട്രീയവ്യവസ്ഥകൾ തിരിച്ചറിയുകയും രാഷ്ട്ര- രാഷ്ട്രേതര, സമത്വ-സമത്വേതര, കേന്ദ്രീകൃത- വികേന്ദ്രീകൃത രാഷ്ട്രീയവ്യവസ്ഥകൾ വേർതിരിക്കുകയും ചെയ്യുന്നു.
- ബാൻഡ് വ്യവസ്ഥയിൽനിന്നു രാഷ്ട്രത്തിലേക്കുള്ള രാഷ്ട്രീയവ്യവസ്ഥയുടെ വികാസം തിരിച്ചറിയുന്നു.
- ലളിതസമൂഹങ്ങളിലെ സമൂഹികനിയന്ത്രണമാർഗങ്ങൾ സാമൂഹികക്രമം നിലനിർത്തുന്നതിന് എത്രത്തോളം സഹായിക്കുന്നു എന്നു വിലയിരുത്തുന്നു.
- പുരാതനനിയമങ്ങളെയും ആധുനികനിയമങ്ങളെയും താരതമ്യം ചെയ്യുന്നു.
- സാക്ഷരപൂർവസമൂഹങ്ങളിലെ തർക്കപരിഹാരമാർഗങ്ങൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. നിങ്ങളുടെ പ്രദേശത്തുണ്ടായ ഒരു തർക്കപരിഹാരപ്രക്രിയ കണ്ടെത്തി താഴെ പറയുന്ന കാര്യങ്ങൾ തിരിച്ചറിയുക.

   എ) പ്രശ്നം ബി) ഉൾപ്പെട്ട വ്യക്തികൾ സി) തീരുമാനങ്ങൾ

2. തർക്കപരിഹാരപ്രക്രിയകൾ രാഷ്ട്രസമൂഹങ്ങളിലും രാഷ്ട്രേതരസമൂഹങ്ങളിലും കാണാറുണ്ട്. നിങ്ങൾക്കറിയാവുന്ന അത്തരത്തിലുള്ള ഏതെങ്കിലും നാലു പ്രക്രിയകൾ എഴുതുക.

3. വിട്ട ഭാഗങ്ങൾ ഉചിതമായ രീതിയിൽ ബ്രാക്കറ്റിൽ കൊടുത്തവ ഉപയോഗിച്ച് പൂരിപ്പിക്കുക.

സൂചകങ്ങൾ	രാഷ്ട്രസമൂഹം	രാഷ്ട്രേതരവ്യവസ്ഥ
നിയമത്തിന്റെ സ്വഭാവം		
തെളിവ്		
ശിക്ഷ		
ബന്ധുത്വം		

(കുറ്റംചെയ്ത ആൾക്ക് ശിക്ഷ, പരമ്പരാഗതനിയമം, മതം, മന്ത്രവാദം എന്നിവയുടെ അടിസ്ഥാനത്തിലുള്ളത്, സാക്ഷിവിസ്താരം, ലിഖിതനിയമങ്ങൾ, കുറ്റംചെയ്ത ആളെയും ബന്ധുമിത്രാദികളെയും ശിക്ഷിക്കുന്നു, ശാസ്ത്രീയവും യുക്തിസഹവുമായ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ, പരീക്ഷണങ്ങളും സത്യം ചെയ്യലും)

4. സർക്കാർ വ്യവസ്ഥ, സർക്കാരേതരവ്യവസ്ഥ എന്നീ തലക്കെട്ടുകളിൽ താഴെ കൊടുത്തിരിക്കുന്നവ തരം തിരിക്കുക.

(ചീഫ്ഡം, ഗോത്രം, ബാൻഡ്, രാഷ്ട്രം)

5. വിട്ടഭാഗം ഉചിതമായ രീതിയിൽ പൂരിപ്പിക്കുക.

സംഘാടനത്തിന്റെ സ്വഭാവം	ഉപജീവനം	സമുദായത്തിന്റെ വലുപ്പം	സാമൂഹിക വേർതിരിവ്	വിനിമയ മാർഗങ്ങൾ
ബാൻഡ്	.....	ചെറുത്	.....	പരസ്പര കൈമാറ്റം
ഗോത്രം	.....	ചെറുത്	സമത്വാധിഷ്ഠിതം	.....
.....	അതിവ്യാപകമായ/ തീവ്രമായ കൃഷി, കന്നുകാലി വളർത്തൽ	വലിയ സമൂഹങ്ങൾ	.....	പരസ്പര കൈമാറ്റവും പുനർ വിതരണവും
സ്റ്റേറ്റ്	.....	നഗരങ്ങളും പട്ടണങ്ങളും	ജാതിയും വിഭാഗങ്ങളും	.....

6. ആചാരപരമായ നിയമങ്ങൾ എന്തെല്ലാമാണ്? നിങ്ങളുടെ സമൂഹത്തിൽ അത്തരം നിയമങ്ങൾ നിലനിൽക്കുന്നുണ്ടോ? ഉദാഹരണസഹിതം വിവരിക്കുക.

7. തീരുമാനങ്ങളെടുക്കുമ്പോൾ എല്ലാ ആളുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തീരാജ്സമ്പ്രദായം സഹായകമാവുന്നുണ്ടോ? നിങ്ങളുടെ പ്രദേശത്തു നടന്ന ഗ്രാമസഭയുടെ അടിസ്ഥാനത്തിൽ ഇത് വിശദീകരിക്കുക.

A3B8Z6

യൂണിറ്റ്
8

സാമ്പത്തികസംവിധാനം

ഉള്ളടക്കം

I. സാമ്പത്തികസംഘാടനം

- അർഥവും നിർവചനങ്ങളും
- സാമ്പത്തികശാസ്ത്രവും സാമ്പത്തികനരവംശശാസ്ത്രവും

II. സാക്ഷരപൂർവസമ്പദ്‌വ്യവസ്ഥ

- ഉൽപ്പാദനം
- ഉപഭോഗം
- വിതരണം

  എ) പരസ്പരകൈമാറ്റം

  ബി) പുനർവിതരണം

  സി) കമ്പോളം

III. സാമ്പത്തികവികാസത്തിന്റെ ഘട്ടങ്ങൾ

- വേട്ടയാടലും ഭക്ഷ്യശേഖരണവും
- മൃഗപരിപാലനം
- മാറ്റക്കൃഷി
- കൃഷി
- വ്യാവസായികസമ്പദ്‌വ്യവസ്ഥ

ആമുഖം

ഇന്ത്യയുൾപ്പെടെയുള്ള ലോകരാജ്യങ്ങളിലെ പട്ടിണിമരണമടക്കം ദാരിദ്ര്യത്തെയും ക്ഷാമത്തെയും കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങൾ ദൈനംദിനം റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ മറുവശത്ത് ഭക്ഷ്യോൽപ്പാദനം വർധിക്കുകയും ഉപയോഗശൂന്യമായ ഭക്ഷ്യവസ്തുകൾ നശിപ്പിക്കുകയും ചെയ്യുന്നതിന്റെ വാർത്തകളും കാണാം. ന്യൂനപക്ഷം വരുന്ന വളരെക്കുറച്ച് ആളുകൾ ആഡംബരജീവിതം നയിക്കുമ്പോൾ ലക്ഷോപലക്ഷം മനുഷ്യർ ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്.

- ഈ അസമത്വം എന്തുകൊണ്ടാണ്?
- സമൃദ്ധിക്കിടയിലും എന്തുകൊണ്ടാണ് ലക്ഷക്കണക്കിനു മനുഷ്യർ പട്ടിണിമരണത്തിനിരയാവുന്നത്?

വിഭവങ്ങളുടെ അസന്തുലിതവിതരണത്തിന്റെയോ അഭാവത്തിന്റെയോ അല്ലെങ്കിൽ അവയുടെ മേൽ നിയന്ത്രണമില്ലാത്തതിന്റെയോ ഫലമായിട്ടാണ് ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഹരിതവിപ്ലവത്തിലൂടെ ഭക്ഷ്യോൽപ്പാദനരംഗത്തും ധവളവിപ്ലവത്തിലൂടെ പാലുൽപ്പാദനരംഗത്തും ഇന്ത്യ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- ഈ വിപ്ലവങ്ങൾ അഭികാമ്യമായ ഫലം സൃഷ്ടിച്ചിട്ടുണ്ടോ?

1990 കളിൽ ഇന്ത്യൻ ആഭ്യന്തരവിപണി ആഗോളവിപണനത്തിനായി തുറന്നു കൊടുത്തു.

- ഇത്തരത്തിൽ മാറ്റപ്പെട്ട സാഹചര്യങ്ങളിൽ പാവപ്പെട്ടവരുടെ അവസ്ഥ ഏതെങ്കിലും വിധത്തിൽ മെച്ചപ്പെട്ടിട്ടുണ്ടോ?



ചിത്രം. 8.1 – സമൃദ്ധിയും ദാരിദ്ര്യവും

പരിമിതമായ വിഭവങ്ങൾകൊണ്ട് ഉൽപ്പാദനം വർധിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം മനുഷ്യർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, സാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണവും ഉപഭോഗവും ഇതിനായി നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികപ്രവർത്തനങ്ങളുടെ ഇത്തരം സംഘാടനം മനുഷ്യർക്കിടയിൽ ഒരു നിയന്ത്രണസംവിധാനമായി പ്രവർത്തിക്കുന്നു. മുൻ അധ്യായങ്ങളിൽ നിങ്ങൾ കുടുംബം, വിവാഹം, ബന്ധുത്വം, രാഷ്ട്രീയസംഘാടനം തുടങ്ങിയ വ്യത്യസ്തങ്ങളായ സംസ്കാരിക സാർവത്രികസ്ഥാപനങ്ങൾ (Cultural Universal Institutions) പരിചയപ്പെട്ടല്ലോ. ഇത്തരം സാമൂഹികസ്ഥാപനങ്ങൾ മനുഷ്യർ തങ്ങളുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനായി സൃഷ്ടിച്ചതാണ്. എന്നാൽ മനുഷ്യരുടെ അതിജീവനത്തിന് അനിവാര്യമായ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം എന്താണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഒരു സംശയവുമില്ല; ആഹാരം, പാർപ്പിടം, വസ്ത്രം എന്നിവയാണ്. ഈ ആവശ്യങ്ങൾ നമുക്ക് എങ്ങനെ തൃപ്തിപ്പെടുത്താനാകും? അതിനുവേണ്ടി മനുഷ്യർ ഒരുമിച്ചു പ്രവർത്തിക്കണം. അതുകൊണ്ട് ആഹാരം തേടാനും മറ്റ് ആവശ്യങ്ങൾക്കുമായുള്ള കൂട്ടായ പ്രവർത്തനം മനുഷ്യരുടെ നിലനിൽപ്പിന് വളരെ പ്രധാനമാണ്. ലോകത്തെമ്പാടുമുള്ള മനുഷ്യർ വിവിധ തരത്തിലുള്ള സാമ്പത്തികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. എല്ലാ സമൂഹങ്ങളിലും സാമ്പത്തികപ്രവർത്തനങ്ങൾ ഒരു പ്രത്യേക രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങളെ സ്ഥാപനപരമായ രൂപത്തിൽ ചിട്ടപ്പെടുത്തിയാൽ അതിനെ സാമ്പത്തിക സംഘാടനം എന്നു വിളിക്കാം.

വിവാഹം, കുടുംബം, രാഷ്ട്രീയസംഘാടനം എന്നിവ സാമ്പത്തികസംഘാടനവുമായി ബന്ധപ്പെട്ടതാണെന്ന് നിങ്ങൾക്കറിയാം. ഉദാഹരണമായി, തൊഴിൽവിഭജനം, അംഗങ്ങൾ തമ്മിലുള്ള സാമ്പത്തികസഹകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് വിവാഹം ഒരു സ്ഥാപനം എന്ന നിലയിലുള്ള സാമ്പത്തികധർമം നിർവഹിക്കുന്നു. ഇതുപോലെ മറ്റ് എല്ലാ സാമൂഹികസ്ഥാപനങ്ങളും സാമ്പത്തികപ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സാമ്പത്തികപ്രവർത്തനം നമ്മുടെ സാമൂഹികജീവിതത്തിന്റെ നട്ടെല്ലാണെന്നു വ്യക്തമാണ്.

I. സാമ്പത്തികസംവിധാനം (Economic Organisation)

ഒരു ഭക്ഷ്യശേഖരണസമൂഹത്തിന്റെ (Hunting Gathering Society) സാമ്പത്തികസംവിധാനം കാർഷികസമൂഹത്തിന്റേതിൽനിന്നു വ്യത്യസ്തമാണ്. പക്ഷേ, നിലവിലുള്ള സമൂഹങ്ങളിലെല്ലാം, അവ ഗോത്രവിഭാഗമോ കർഷകസമൂഹമോ നഗരസമൂഹമോ ആകട്ടെ, സാമ്പത്തിക സംവിധാനങ്ങൾ ഉണ്ടായിരിക്കും. എന്നാൽ നമ്മുടെ സാമ്പത്തികജീവിതം കാലക്രമേണ കാര്യമായ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ടെന്ന് നമുക്കറിയാം. നരവംശശാസ്ത്ര വിദ്യാർഥി എന്ന നിലയിൽ, നമ്മുടെ സാമ്പത്തികജീവിതത്തിന്റെ ആദ്യകാലം മുതൽ ആധുനികകാലം വരെയുള്ള സാമ്പത്തികസംവിധാനത്തെക്കുറിച്ച് കൂടുതൽ അറിഞ്ഞിരിക്കണം. അതിനാൽ ഈ പാഠഭാഗത്ത് സാമ്പത്തികസംവിധാനത്തിന്റെ ഉൽപ്പാദനരീതികൾ, വിതരണം, വ്യാപ്തി, പരിണാമഘട്ടങ്ങൾ, വിവിധ സമൂഹങ്ങളിലെ വിതരണരീതികൾ മുതലായവയെ കുറിച്ച് നമുക്ക് ചർച്ചചെയ്യാം.

അർഥവും നിർവചനങ്ങളും (Meaning and Definitions)

നമ്മുടെ അതിജീവനത്തിന് ചുരുങ്ങിയത് അടിസ്ഥാനാവശ്യങ്ങളെയെങ്കിലും തൃപ്തിപ്പെടുത്തേണ്ടതുണ്ട്. ഭക്ഷണം മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നാണ്. അവ നമ്മുടെ ചുറ്റുപാടിൽ നിന്ന് ശേഖരിക്കുകയോ സ്വയം ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്നു. എന്നാൽ സാമൂഹികജീവിതം നയിക്കുമ്പോൾ, സമൂഹത്തിലെ എല്ലാ വ്യക്തികളുടെയും ആവശ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. ഇതിനായി, വിഭവങ്ങൾ നീതിപൂർവം ഉപയോഗിക്കുകയും ഉൽപ്പന്നങ്ങൾ എല്ലാ വ്യക്തികൾക്കിടയിലും വിതരണം ചെയ്യുകയും വേണം. അങ്ങനെ നീതിയുക്തമായ രീതിയിൽ ഉൽപ്പാദനം/ശേഖരണം, വിതരണം, ഉപഭോഗം എന്നിവ ഉറപ്പാക്കുന്നതിനായി സാമ്പത്തികസംവിധാനം അത്യാവശ്യമാണ്. അല്ലെങ്കിൽ അത് ദാരിദ്ര്യത്തിലേക്കും ക്ഷാമത്തിലേക്കും നയിക്കും. സാമ്പത്തികസംവിധാനത്തിന്റെ വ്യക്തമായ ചിത്രം ലഭിക്കാൻ നമുക്ക് വിവിധ നരവംശശാസ്ത്രജ്ഞരുടെ നിർവചനങ്ങൾ പരിശോധിക്കാം.


- *ചരക്കുകളുടെ ഉൽപ്പാദനം, വിനിയോഗം, വിതരണം, ഉപയോഗം, ഉപഭോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട മാനുഷികസ്വഭാവത്തെ സാമ്പത്തികസംവിധാനം എന്നു നിർവചിക്കാം*– ഹോബൽ & വീവർ.
- *സാമ്പത്തികസംവിധാനം ഒരുതരം സാമൂഹികപ്രവൃത്തിയാണ്. നിശ്ചിതലക്ഷ്യം പൂർത്തീകരിക്കുന്നതിനായി മനുഷ്യർക്കും ചരക്കുകൾക്കും ഇടയിലുള്ള വ്യത്യസ്ത തരം സേവനങ്ങളുടെ സംയോജനം ഇതിൽ ഉൾപ്പെടുന്നു*– റെയ്മണ്ട് ഫിർത്ത്; 1952
- *നിത്യജീവിതത്തിനുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ ചെലവിൽ നേടിയെടുക്കുന്നതിനുള്ള മാനുഷികപ്രവർത്തനങ്ങളുടെയും, മാനുഷികബന്ധങ്ങളുടെയും ക്രമീകരണമാണ് സാമ്പത്തികസംവിധാനം* – മജുംദാറും മദനും–1956

ഈ നിർവചനങ്ങളിൽനിന്ന് സാമ്പത്തികസംവിധാനത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തി, മെച്ചപ്പെട്ട ഒരു നിർവചനം തയാറാക്കാം.



സവിശേഷതകൾ

- മനുഷ്യരുടെ പെരുമാറ്റരീതികൾ ഉൾക്കൊള്ളുന്നു.
- സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനവും വിതരണവും ഉപഭോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.



എല്ലാതരത്തിലുമുള്ള സാമ്പത്തിക സംവിധാനവും സാമ്പത്തികവിഭവങ്ങൾ (ഭൂമി ഉൾപ്പെടെ), മനുഷ്യസഹകരണം (തൊഴിൽവിഭജനം അനുസരിച്ച്), സാങ്കേതികവിദ്യ (ഉപകരണങ്ങളും അറിവുകളും), മൂലധനം (മറ്റു ചരക്കുകൾ ഉൽപ്പാദിപ്പിക്കാനുള്ള അസംസ്കൃതവസ്തുക്കളും ആശയങ്ങളും) എന്നിവ ഉപയോഗപ്പെടുത്തുന്നു. എന്നാൽ വ്യത്യസ്ത സമൂഹങ്ങളിൽ വ്യത്യസ്ത രീതിയിലാണ് ഇവ ഉപയോഗിക്കുന്നത്. ലളിതമായ സമ്പദ്‌വ്യവസ്ഥകളിൽ ചില മാനദണ്ഡങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുതിർന്ന അംഗങ്ങളാണ് ഈ സംവിധാനം നിർവഹിക്കുന്നത്. ജനങ്ങളുടെ ക്ഷേമമാണ് ഇത്തരം സന്ദർഭങ്ങളിൽ പ്രധാനലക്ഷ്യം. എന്നാൽ സങ്കീർണമായ ആധുനികസമൂഹങ്ങളിൽ മുതലാളിമാരും വ്യവസായികളും സാമ്പത്തികപ്രവർത്തനത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. അവരുടെ പ്രധാന ലക്ഷ്യം ലാഭമോ സ്വാർഥനേട്ടമോ ആയിരിക്കും.

പഠനപുരോഗതി വിലയിരുത്താം

1. സാമൂഹികജീവിതത്തിൽ സാമ്പത്തികസംവിധാനത്തിന്റെ പ്രസക്തി പരിശോധിക്കുക.
2. സാമ്പത്തികസംവിധാനത്തിന്റെ വ്യത്യസ്ത ഘടകങ്ങൾ ഏതൊക്കെയാണ്?

നിങ്ങൾ സാമ്പത്തികശാസ്ത്രത്തിൽ സാമ്പത്തികസംവിധാനത്തെ കുറിച്ച് പഠിച്ചിരിക്കാം. സ്വാഭാവികമായും ഇക്കാര്യത്തിൽ നരവംശശാസ്ത്രത്തിന്റെ പ്രസക്തിയെ കുറിച്ച് നിങ്ങൾക്ക് സംശയമുണ്ടാകും. നമ്മൾ നേരത്തേ ചർച്ചചെയ്തതു പോലെ, നരവംശശാസ്ത്രം മനുഷ്യജീവിതത്തിലെ എല്ലാ വശങ്ങളും പരിശോധിക്കുന്ന ഒരു സമഗ്രശാസ്ത്രമാണ്. സാമ്പത്തികപ്രവർത്തനം അവയിൽ പ്രധാനമാണ്. എന്നാൽ നരവംശശാസ്ത്രം സാമ്പത്തികജീവിതത്തെ വ്യത്യസ്ത കാഴ്ചപ്പാടുകളിൽ വിശകലനം ചെയ്യുന്നു. സാമ്പത്തികനരവംശശാസ്ത്രവും സാമ്പത്തികശാസ്ത്രവും എങ്ങനെ വ്യത്യസ്തമായിരിക്കുന്നെന്ന് പരിശോധിക്കാം

സാമ്പത്തികശാസ്ത്രവും സാമ്പത്തികനരവംശശാസ്ത്രവും

(Economics and Economic Anthropology)

കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള സാമ്പത്തികപ്രവർത്തനങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വടക്കൻ മലബാറിൽ നിലവിലുള്ള അനൗപചാരിക സാമ്പത്തിക ഇടപാടാണ് 'പണപ്പയറ്റ്' അല്ലെങ്കിൽ 'കുറിക്കല്യാണം'. ഒരാൾക്ക് പണം ആവശ്യമായിവരുന്ന സമയത്ത് അയാൾ തന്റെ ബന്ധുക്കളെയും സുഹൃത്തുക്കളെയും 'പയറ്റിന്' ക്ഷണിച്ചുകൊണ്ട് പണം ശേഖരിക്കുന്ന രീതിയാണിത്.
2. വിവാഹസമയത്തും ഗൃഹപ്രവേശനസമയത്തും സുഹൃത്തുക്കളും ബന്ധുക്കളും സാമ്പത്തിക സഹായം അല്ലെങ്കിൽ സമ്മാനം നൽകുന്നു.
3. മതപരമായ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനായി സമൂഹത്തിലെ അംഗങ്ങൾ സാമ്പത്തികസഹായം നൽകുന്നു.

- ഈ പ്രവർത്തനങ്ങളിൽ സാമ്പത്തിക ഇടപാടുകൾ മാത്രമാണോ നടക്കുന്നത്?
- ഇതിന് എന്തെങ്കിലും സാമൂഹികവിവക്ഷയുണ്ടോ?
- ഇത്തരത്തിലുള്ള ഇടപെടലുകൾ സാമ്പത്തികശാസ്ത്രത്തിൽ പഠിച്ചിട്ടുണ്ടോ?

മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ, സാമ്പത്തിക ഇടപെടലുകൾക്ക് പുറമെ ചില സാമൂഹിക- സാംസ്കാരിക ഘടകങ്ങളും ഉൾപ്പെടുന്നുണ്ട്. സമ്മാനങ്ങളും സംഭാവനകളും നൽകുന്നത് സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ സാമൂഹികവും വൈകാരികവുമായ ബന്ധം പ്രോത്സാഹിപ്പിക്കുന്നു. അത് നമ്മുടെ സാംസ്കാരികജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്യുന്നു. ഈ മേഖലകൾ സാമ്പത്തികശാസ്ത്രത്തിൽ പരിശോധിക്കുന്നില്ല.

അതുകൊണ്ടുതന്നെ സാമ്പത്തികനരവംശശാസ്ത്രത്തിൽ സാംസ്കാരികജീവിതത്തിന്റെ ഭാഗമായുള്ള സാമ്പത്തികപ്രവർത്തനങ്ങളെക്കുറിച്ച് അപഗ്രഥിക്കുന്നു. മനുഷ്യസമൂഹത്തിന്റെ ആവിർഭാവം മുതലുള്ള സാമ്പത്തിക ഇടപാടുകളെ സമഗ്രമായും പരിണാമാത്മകമായും ഇത് വിശദമാക്കുന്നു. എന്നാൽ സമകാലികസമൂഹത്തിൽ സമ്പത്തിന്റെ ഉൽപ്പാദനവും വിതരണവും ഉപഭോഗവും കൈകാര്യം ചെയ്യുന്ന ഒരു സാമൂഹികശാസ്ത്രമാണ് സാമ്പത്തികശാസ്ത്രം. സാമ്പത്തിക നരവംശശാസ്ത്രം മനുഷ്യന്റെ സാമ്പത്തിക പെരുമാറ്റരീതികൾ വിപുലമായ ചരിത്ര- ഭൂമിശാസ്ത്ര- സാംസ്കാരികവ്യാപ്തിയിൽ വിശദീകരിക്കാൻ ശ്രമിക്കുന്നു. ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞനായ ബ്രോണിസ്ലോ കാസ്പർ മലിനോവ്സ്കിയുടെ നേതൃത്വത്തിലാണ് ഈ ഉപപഠനമേഖല നരവംശശാസ്ത്രശാഖയിൽ രൂപപ്പെടുത്തിയത്.



ചിത്രം. 8.3 ബി.കെ. മലിനോവ്സ്കി

തുടക്കത്തിൽ സാമ്പത്തികനരവംശശാസ്ത്രം സാക്ഷരപൂർവ കാർഷികസമൂഹത്തെക്കുറിച്ച് ചർച്ചചെയ്തിരുന്നെങ്കിലും വർത്തമാനകാലഘട്ടത്തിൽ വ്യവസായസമൂഹത്തെയും പരിഗണിക്കുന്നുണ്ട്. മറുവശത്ത് സങ്കീർണ സാങ്കേതികപുരോഗതി പ്രാപിച്ച സമൂഹങ്ങളുടെ മാത്രം സാമ്പത്തികപ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനമാണ് സാമ്പത്തികശാസ്ത്രം. സാക്ഷരപൂർവ കർഷകസമൂഹങ്ങളുടെ ആന്തരികചലനങ്ങൾ മാത്രമല്ല, ദേശീയ/ലോക സമ്പദ്വ്യവസ്ഥയിലെ അവരുടെ ഇടപെടലും സാമ്പത്തികനരവംശശാസ്ത്രം വിശദീകരിക്കുന്നുണ്ട്. വിശാല സമ്പദ്വ്യവസ്ഥയുടെ വിജയവും പരാജയവും വിശദമാക്കാൻ സാമ്പത്തികനരവംശശാസ്ത്രത്തിന് സാധിക്കുന്നു. വിശാലമായ ആധുനിക ആഗോള സാമ്പത്തികവ്യവസ്ഥയിൽനിന്ന് ഒരു സാക്ഷരപൂർവസമൂഹവും ഒറ്റപ്പെട്ടു നിൽക്കുന്നില്ല. മറിച്ച്, ആഗോളവൽകൃതലോകത്ത്, ബഹുരാഷ്ട്രക്കമ്പനികളുടെ ഉൽപ്പന്നങ്ങൾ വ്യവസായവൽകൃതമല്ലാത്ത ഗ്രാമീണസമൂഹങ്ങളിൽ പോലും വിതരണം ചെയ്യുന്നു. ബഹുരാഷ്ട്രക്കമ്പനികൾ പ്രാദേശികവിഭവങ്ങളെയും അറിവിനെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തികപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും ഇന്ന് വ്യാപകമാണ്. ഇങ്ങനെ നോക്കുമ്പോൾ സാമ്പത്തികനരവംശശാസ്ത്രത്തിന്റെ പഠനപരിധി വളരെ വിപുലമാണെന്നു കാണാം.

പഠനപുരോഗതി വിലയിരുത്താം

1. സാമ്പത്തികനരവംശശാസ്ത്രവും സാമ്പത്തികശാസ്ത്രവും തമ്മിലുള്ള വ്യത്യാസങ്ങളെഴുതുക.
2. സാമ്പത്തികനരവംശശാസ്ത്രത്തെ നിർവചിക്കുക.

സാക്ഷരപൂർവസമൂഹങ്ങളിലെ സാമ്പത്തികപ്രവർത്തനങ്ങളാണ് സാമ്പത്തികനരവംശശാസ്ത്രത്തിന്റെ പ്രധാന പഠനമേഖലകളിലൊന്ന്.അത്തരം പഠനങ്ങൾ സാമ്പത്തിക സംഘാടനത്തിന്റെ ഉദ്ഭവം, വളർച്ച, പരിണാമം എന്നിവ വിലയിരുത്തുന്നതിന് സഹായിക്കുന്നു. ആദിമമനുഷ്യർ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തിയിരുന്നത് എങ്ങനെയാണ്? അവർ ഏതു തരം സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിരുന്നത്? എങ്ങനെയാണ് അവർ വിഭവങ്ങൾ വിതരണം ചെയ്തിരുന്നത്? സാക്ഷരപൂർവസമൂഹങ്ങളുടെ സാമ്പത്തികജീവിതം വിശദമായി വിശകലനം ചെയ്യുന്നതിലൂടെ ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയും.

II. ആദ്യകാല സാക്ഷരപൂർവസമ്പദ്‌വ്യവസ്ഥ (Pre-literate Early Economy)

ഭക്ഷ്യശേഖരണം, ഉപഭോഗം എന്നീ തത്ത്വങ്ങൾ അടിസ്ഥാനമാക്കിയ സാമ്പത്തികവ്യവസ്ഥയാണ് സാക്ഷരപൂർവസമൂഹങ്ങളിലുണ്ടായിരുന്നത്. അവിടെ ഉൽപ്പാദനം ഉണ്ടായിരുന്നില്ല. ശേഖരണവും ഉപഭോഗവുമാണ് നിലനിന്നിരുന്നത്. ലളിതമായ ആയുധങ്ങൾ ഉപയോഗിച്ച് ഭക്ഷണം ശേഖരിക്കുകയായിരുന്നു രീതി. ലളിതമായ സാങ്കേതികപരിജ്ഞാനവും പ്രത്യേക വൈദഗ്ധ്യമില്ലായ്മയും (Specialisation) ഈ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതയാണ്. ഗതാഗതത്തിലും ആശയവിനിമയത്തിലുമുള്ള പരിമിതികൾ, സംഭരണസൗകര്യങ്ങളുടെ അപര്യാപ്തത, ഋതുഭേദങ്ങൾക്കനുസൃതമായ ഭക്ഷ്യശേഖരണം എന്നിവയുമായി അവർ താദാത്മ്യം പ്രാപിച്ചിരുന്നു. പ്രകൃതിയെ ആശ്രയിച്ചുള്ള ലളിതമായ സാമ്പത്തിക പ്രവർത്തനങ്ങളാണ് ആദികാലങ്ങളിൽ നിലനിന്നിരുന്നത്. തൊഴിൽവിഭജനം ലിംഗപരമായും വയസ്സിന്റെ അടിസ്ഥാനത്തിലുമാണ്. സ്വകാര്യസ്വത്തവകാശം എന്ന ആശയം അവർക്ക് അജ്ഞാതമോ അല്ലെങ്കിൽ അതിന്റെ ആദ്യഘട്ടത്തിലോ ആയിരുന്നു.

ഭക്ഷ്യശേഖരണസമൂഹങ്ങളിൽ ഭക്ഷ്യോൽപ്പാദനസമ്പദ്ഘടനയിൽ നിന്നു വ്യത്യസ്തമായ സാമ്പത്തികപ്രവർത്തനങ്ങളാണ് നിലനിന്നിരുന്നത്. വിഭവങ്ങളുടെ ശേഖരണവും ഉപഭോഗവും മാത്രമായിരുന്നു ലളിതസമ്പദ്ഘടനയിൽ ഉണ്ടായിരുന്നത്. സമ്പന്നമായ ഭക്ഷണസാധനങ്ങളുടെ ലഭ്യതകൊണ്ട് അവ സമൃദ്ധവുമായിരുന്നു. അതുകൊണ്ടുതന്നെ സങ്കീർണമായ വിതരണസംവിധാനങ്ങൾ അക്കാലത്തു നിലനിന്നിരുന്നില്ല. ലളിതസമൂഹങ്ങളുടെ സാമ്പത്തികവ്യവസ്ഥിതി മനസ്സിലാക്കുന്നതിന് മൂന്നു വ്യത്യസ്ത ഘടകങ്ങളായ ഉൽപ്പാദനം, ഉപഭോഗം, വിതരണം എന്നിവ വിശകലനം ചെയ്യേണ്ടതുണ്ട്.

> സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ കൂട്ടായ്മയാണ് ഉൽപ്പാദനം. സാങ്കേതികവിദ്യ (ഉപകരണങ്ങളും സാംസ്കാരികാവബോധവും) ഉൽപ്പാദനത്തിന്റെ പ്രധാന ചേരുവകളിൽ ഒന്നാണ്.

ഉൽപ്പാദനം (Production)

നിലനിൽപ്പിനുവേണ്ടിയുള്ള/ഉപജീവനാധിഷ്ഠിത (Subsistance type) ഭക്ഷ്യശീലങ്ങളാണ്

ആദിമ ഭക്ഷ്യോൽപ്പാദകസമൂഹങ്ങളിൽ ഉണ്ടായിരുന്നത്. അവർ ഉൽപ്പാദന-ഉപഭോഗ സമ്പദ്വ്യവസ്ഥ പിന്തുടർന്നു. ഭക്ഷണം അവരുടെ ഉപഭോഗത്തിന് മാത്രമാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. ഭൂമി, ജലം, സസ്യങ്ങൾ, മൃഗങ്ങൾ, ധാതുക്കൾ മുതലായ സ്രോതസ്സുകളിൽ നിന്നു ഭക്ഷണം ശേഖരിക്കുക എന്നതായിരുന്നു അക്കാലത്തെ ഉൽപ്പാദനരീതി. പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെയും മനുഷ്യരുടെ ഉപയോഗക്ഷമതയെയും അടിസ്ഥാനമാക്കിയാണു ഭക്ഷ്യവിതരണം നടത്തിയിരുന്നത്. ഉപഭോഗവസ്തുക്കൾ അടിയന്തരാവശ്യങ്ങൾ നിറവേറ്റാൻ മാത്രമായിരുന്നു ഉൽപ്പാദിപ്പിച്ചിരുന്നത്. പിന്നീട് വംശവർധനവും ഭക്ഷ്യവിഭവങ്ങളുടെ കുറവും നിമിത്തം ഭക്ഷ്യവിഭവങ്ങൾ ഉൽപ്പാദിപ്പിക്കാൻ ആരംഭിച്ചു. കുടുംബത്തിന്റെയും ബന്ധുക്കളുടെയും നേതൃത്വത്തിലാണ് ഉൽപ്പാദനം നടത്തിയിരുന്നത്. സ്വയംപര്യാപ്തമായ സമൂഹമായിരുന്നു അവ. അതുകൊണ്ടുതന്നെ വാണിജ്യസംസ്കാരം ഈ സമൂഹത്തിൽ ഉടലെടുത്തിരുന്നില്ല.

ആദ്യകാലസമ്പദ്ഘടനയിൽ കുടുംബമായിരുന്നു ഉൽപ്പാദനഘടകം. കുടുംബത്തിലെ എല്ലാ അംഗങ്ങളും ചേർന്നാണ് ഉൽപ്പാദനപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. തൊഴിൽവിഭജനവും ഭക്ഷ്യശേഖരണവും കുടുംബതലത്തിലാണ് തീരുമാനിച്ചിരുന്നത്. ആവശ്യമായവ മാത്രമേ സാധാരണയായി അവർ ഉൽപ്പാദിപ്പിച്ചിരുന്നുള്ളൂ. പക്ഷേ, പിന്നീട് ഉൽപ്പാദനം അധികമായപ്പോൾ അവ വിതരണം ചെയ്യുന്നതിനായി പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തി. ലളിതമായ ആയുധങ്ങളാണ് ഉൽപ്പാദനപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. ആൺകുട്ടികൾ കന്നുകാലി മേയ്ക്കലിലും പെൺകുട്ടികൾ വിറകുശേഖരണത്തിലും ഭക്ഷ്യശേഖരണത്തിലും അമ്മമാരെ സഹായിച്ചിരുന്നു. മുതിർന്നവരും യുവാക്കളുമായിരുന്നു ആഭ്യന്തര ഉൽപ്പാദനത്തിന്റെ നെടുംതൂൺ. അതേസമയം, പുരുഷന്മാർ നിലമൊരുക്കുന്നതിലും വിത്തുപാകുന്നതിലും വിളവെടുക്കുന്നതിലും അല്ലെങ്കിൽ ലഘു വനവിഭവങ്ങൾ ശേഖരിക്കുന്നതിലും മീൻപിടിത്തത്തിലും വേട്ടയിലും ഏർപ്പെട്ടിരുന്നു. ആദ്യകാല സമ്പദ്വ്യവസ്ഥയിൽ കുടുംബം പ്രധാന പങ്കുവഹിക്കുകയും സ്വയംഭരണസംഘമായി പ്രവർത്തിക്കുകയും ചെയ്തു

ഉപഭോഗം (Consumption)

ഉപഭോക്താക്കൾ സാധനങ്ങളും സേവനങ്ങളും നേരിട്ട് ഉപയോഗിക്കുന്നതിനെയാണ് ഉപഭോഗം എന്നുപറയുന്നത്. കുടുംബതലത്തിലെ ജനാധിപത്യപരമായ ഉപഭോഗമാണ് ലളിത സമ്പദ്ഘടനയിൽ ഉണ്ടായിരുന്നത്. കിഴങ്ങുകളും ഫലങ്ങളും വേട്ടമൃഗങ്ങളും കുലത്തിലെ അംഗങ്ങൾ തമ്മിലോ ഗ്രാമവാസികൾ തമ്മിലോ പങ്കുവച്ചിരുന്നു. എങ്കിലും മുഖ്യവേട്ടക്കാർക്കോ ഗോത്രമുഖ്യനോ കൂടുതൽ പങ്കു ലഭിച്ചിരുന്നു. ആദിമസമ്പദ്വ്യവസ്ഥയിൽ ജനാധിപത്യധിഷ്ഠിത ഉപഭോഗരീതികളാണു നിലനിന്നിരുന്നത്. തുടർന്ന് ഉൽപ്പാദനവും ഉപഭോഗവും ഏറെക്കുറേ സന്തുലിതമായി ഉൽപ്പാദനത്തിൽ ലാഭം നേടാൻ അവർ ശ്രമിച്ചിരുന്നില്ല. പ്രാദേശികമായി ലഭ്യമായിരുന്ന ലളിതമായ ആയുധങ്ങൾ ഉപയോഗിച്ചാണ് പ്രകൃതിയെ ചൂഷണം ചെയ്തിരുന്നത്.

വിതരണം (Distribution)

വ്യത്യസ്ത പ്രാദേശികക്കൂട്ടങ്ങൾ തമ്മിലോ ഒരേ പ്രാദേശികക്കൂട്ടത്തിലെ അംഗങ്ങൾക്കിടയിലോ ഉള്ള സാധന സേവനങ്ങളുടെ കൈമാറ്റത്തെയാണ് വിതരണം എന്നു പറയുന്നത്. ഒരു ഗോത്രസമൂഹം അവർ വേട്ടയാടിയ മാംസം എങ്ങനെ വിതരണം ചെയ്യുന്നു എന്ന് ചിത്രം 8.4 ൽ കാണിക്കുന്നു. വേട്ടയാടിയ മൃഗത്തിന്റെ മാംസം ഒരുമിച്ചു ശേഖരിച്ച ശേഷം ഗോത്രവിഭാഗത്തിലെ അംഗങ്ങൾക്കിടയിൽ പങ്കുവയ്ക്കുന്നു. വേട്ടക്കാരായ ചെറുസമൂഹത്തിലെ

ഈ വിതരണക്രമം നിയന്ത്രിക്കുന്നത് ഗോത്രമുഖ്യനോ ബിഗ്മാനോ (Bigman) ആയിരിക്കും. സമാനമായ വിതരണക്രമം ഗ്രാമീണസമൂഹങ്ങളിലും നിലവിലുണ്ടായിരുന്നു. ലളിത സമ്പദ്വ്യവസ്ഥയിൽ തുല്യമായ വിതരണം എന്നത് അലിഖിത സാമൂഹിക നിയമമായിരുന്നു.



ചിത്രം. 8.4 - ഗോത്രസമൂഹങ്ങളിലെ വിതരണരീതികൾ, ഉറവിടം: കൊർണാട് ഫിലിപ്പ് കോട്ടക്ക് 2002,363

സമത്വാധിഷ്ഠിതസമൂഹങ്ങളിൽ (Egalitarian Society) ഭക്ഷ്യവിതരണവും മിച്ച ഉൽപ്പാദനത്തിന്റെ വിതരണവും നിലനിന്നിരുന്നു. കേരളത്തിലെ ഗ്രാമീണ സമൂഹങ്ങളിൽ വിളവെടുപ്പുകാലത്ത് സമാനമായ വിതരണക്രമം കാണാൻ സാധിക്കുമായിരുന്നു. വിളവെടുത്ത ഫലങ്ങൾ അവർ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും വിതരണം ചെയ്തു. സമാനമായി ആധുനിക കാലഘട്ടത്തിൽ പൊതുവിതരണകേന്ദ്രങ്ങളായ മാവേലിസ്റ്റോർ, നീതിസ്റ്റോർ, ത്രിവേണി സ്റ്റോർ എന്നിവ ന്യായമായ രീതിയിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനുദ്ദേശിച്ചുള്ളവയാണ്. വ്യവസായപൂർവ സമൂഹങ്ങളിലെ വിതരണക്രമം ആധുനിക സാമ്പത്തികവ്യവസ്ഥയിൽനിന്നു തീർത്തും വ്യത്യസ്തമാണ്.

ഇങ്ങനെ എല്ലാതരം സമൂഹങ്ങളിലും വിതരണ സമ്പ്രദായങ്ങൾ നിലനിൽക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. അമേരിക്കൻ നരവംശശാസ്ത്രജ്ഞരായ കാൾ പോളാന്യി (KarlPolanyi), പോൾ ബൊഹാനൻ (Paul Bohannan) എന്നിവർ വിതരണരീതികളെ മൂന്നായി തിരിച്ചിരിക്കുന്നു. അവ പരസ്പരകൈമാറ്റം (Reciprocity), പുനർവിതരണ കൈമാറ്റം (Redistribution), കമ്പോളകൈമാറ്റം (Market Exchange) എന്നിവയാണ്.



ആസ്ത്രേലിയൻ വേട്ടക്കാർ, വേട്ടമൃഗത്തിന്റെ മാംസം അവരുടെ കുടുംബാംഗങ്ങൾക്കിടയിലും വിതരണം ചെയ്യുന്നു. കൂട്ടത്തിലുള്ള ഓരോ അംഗത്തിനും ഒരു പങ്കു ലഭിക്കുന്നു. വേട്ടക്കാരുമായുള്ള ബന്ധുത്വത്തിന്റെ ആഴത്തിനനുസരിച്ചാണ് ഓഹരിയുടെ അളവ് നിർണയിക്കുന്നത്. കങ്കാരുവിനെയാണ് വേട്ടയാടുന്നതെങ്കിൽ, ഇടതു മുൻകാൽ വേട്ടക്കാരന്റെ സഹോദരനും വാൽ അച്ഛന്റെ സഹോദരന്റെ മകനും ഇടുപ്പ്, കൊഴുപ്പ്, പടലം എന്നിവ ഭാര്യയുടെ അച്ഛനും വാരിയെല്ലുകൾ ഭാര്യയുടെ അമ്മയ്ക്കും മുൻകാലുകൾ അച്ഛന്റെ ഇളയ സഹോദരിക്കും തല ഭാര്യക്കും ചെറുകുടൽ, രക്തം എന്നിവ വേട്ടക്കാരനും ലഭിക്കുന്നു.

എ. പരസ്പരകൈമാറ്റം (Reciprocity)

പണം ഉപയോഗിക്കാതെയുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും കൈമാറ്റമാണ് പരസ്പരകൈമാറ്റം. വ്യക്തികൾ, കുടുംബങ്ങൾ, ബന്ധുത്വവിഭാഗങ്ങൾ, പ്രാദേശിക സംഘങ്ങൾ തുടങ്ങിയ ഒരേ വിഭാഗങ്ങൾക്കിടയിലാണ് ഇത്തരത്തിലുള്ള കൈമാറ്റം നടന്നിരുന്നത്. ഒരേ പദവിയിലുള്ള വ്യക്തികളോ വിഭാഗങ്ങളോ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളാണ് ഇത്. ഇതിനെ മൂന്നായി തിരിക്കാം. അവ പൊതു പരസ്പരകൈമാറ്റരീതി (Generalised Reciprocity), സന്തുലിത പരസ്പരകൈമാറ്റരീതി (Balanced Reciprocity), വിഫല പരസ്പരകൈമാറ്റരീതി (Negative Reciprocity), എന്നിങ്ങനെയാണ്.

(i) കൈമാറ്റരീതി (Generalised Reciprocity)

തിരിച്ചെന്തെങ്കിലും കിട്ടുമെന്ന ബോധപൂർവമായ ചിന്തയോടുകൂടിയോ അല്ലെങ്കിൽ പെട്ടെന്നു തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെയോ നടത്തുന്ന കൈമാറ്റങ്ങളാണ് ഇവ. രക്ഷിതാക്കൾ കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് അവരിൽനിന്നു പിന്നീട് പലതും തിരിച്ചു ലഭിക്കും എന്ന പ്രതീക്ഷയോടെയാണ്. വേട്ടയാടി ഇരതേടുന്ന സമൂഹങ്ങളിൽ ഈ രീതിയിലുള്ള കൈമാറ്റമാണ് നടക്കുന്നത്. അടുത്ത ബന്ധുക്കൾക്കിടയിലാണ് ഇത്തരം കൈമാറ്റം നിലനിന്നിരുന്നത്. പൊതുകൈമാറ്റരീതിയിൽ പങ്കാളികളുടെ സാമ്പത്തികാവസ്ഥ പരിഗണിക്കാറില്ല. ഉദാഹരണമായി, ഹോപ്പി ഇന്ത്യൻ വംശജർക്കിടയിൽ വിളനാശം സംഭവിച്ചാൽ ഭക്ഷണം, മറ്റ് അവശ്യവസ്തുക്കൾ എന്നിവ അയൽ കുടുംബങ്ങൾ സമ്മാനമായി നൽകിയിരുന്നു.

(ii) സന്തുലിതകൈമാറ്റരീതി (Balanced Reciprocity)

രണ്ടുവിഭാഗങ്ങൾ തമ്മിൽ പെട്ടെന്നോ അല്ലെങ്കിൽ ചുരുങ്ങിയ സമയംകൊണ്ടോ നടക്കുന്ന സാധന/ സമ്മാന കൈമാറ്റമാണിത്. വ്യക്തിബന്ധം വളർത്തുന്നതിനേക്കാൾ സാധനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. സ്വീകരിക്കുന്ന വസ്തുവിന്റെ തുല്യമൂല്യത്തിലുള്ള വസ്തുക്കൾ തിരിച്ചു നൽകാനുള്ള ഉത്തരവാദിത്തം ഓരോ വ്യക്തിക്കുമുണ്ടായിരുന്നു. ഇതു സാമൂഹികബന്ധം ഉറപ്പിക്കുന്നതിനു കാരണമായി. ജന്മദിനങ്ങളിലോ സമാനസന്ദർഭങ്ങളിലോ നൽകുന്ന സമ്മാനം ഇതിനുദാഹരണമാണ്. ഇതിനെ സാധനക്കൈമാറ്റം (Barter), നിശ്ശബ്ദകൈമാറ്റം (Silent Trade), ആഘോഷപരമായ കൈമാറ്റം (Ceremonial Exchange) എന്നിങ്ങനെ തരം തിരിക്കാം.

സാധന - സേവന കൈമാറ്റവ്യവസ്ഥ (Barter System)

സാധനങ്ങൾക്കു പകരം സാധനങ്ങൾ നേരിട്ടു കൈമാറ്റം ചെയ്യുന്ന സമ്പ്രദായമാണിത്. തങ്ങളുടെ കൈയിലില്ലാത്തതും എന്നാൽ തങ്ങൾക്കാവശ്യമുള്ളതുമായ വസ്തുക്കൾക്ക് വേണ്ടിയാണ് ഈ സമ്പ്രദായത്തിൽ ഏർപ്പെടുന്നത്. രണ്ടു കക്ഷികൾ വസ്തുവിന്റെ ആപേക്ഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തമ്മിൽ ചർച്ചനടത്തി മെച്ചപ്പെട്ട രീതിയിൽ ഇടപാടുകൾ നടത്തിയിരുന്നു. ഉദാഹരണമായി, ഇന്ത്യയിൽ നീലഗിരിക്കുന്നുകളിലെ കോട്ട വിഭാഗം മറ്റു മൂന്ന് അയൽസമൂഹങ്ങളുമായി സാധനക്കൈമാറ്റസമ്പ്രദായത്തിൽ ഏർപ്പെട്ടിരുന്നു. സംഗീതജ്ഞരും കൊല്ലപ്പണിക്കാരുമായ കോട്ട വിഭാഗം, ചില ആഘോഷാവസരങ്ങളുടെ ഭാഗമായി തോടർക്ക് ഉപകരണങ്ങൾ നൽകുകയും സംഗീതവിദ്യ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. പകരമായി ശവസംസ്കാരച്ചടങ്ങിന് ആവശ്യമായ നെയ്യ്, എരുമ എന്നിവ കോട്ട വിഭാഗത്തിന് തോടർ നൽകി. ധാന്യങ്ങൾക്കായി കോട്ട വിഭാഗം ബഡകകൃഷിക്കാരുമായി കൈമാറ്റം നടത്തിയിരുന്നു.

മൂകവ്യാപാരം/നിശ്ശബ്ദവിനിമയം (SilentTrade)


വാചികമായ ആശയവിനിമയം നടത്താതെയുള്ള അവശ്യവസ്തുക്കൈമാറ്റരീതിയാണ് ഇത്. ചില ആഫ്രിക്കൻ സമൂഹങ്ങളിൽ നിശ്ശബ്ദകൈമാറ്റം/മൂകവ്യാപാരം നടന്നിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മലായ് വനാന്തരങ്ങളിലെ സെമാങ്, സക്കായ് ഗോത്രവിഭാഗങ്ങൾ ശത്രുക്കളാണെങ്കിലും വനവിഭവങ്ങൾ പങ്കിട്ടിരുന്നു. ഇടപാടുസമയത്ത് അവർ പരസ്പരം കാണാറില്ല. സെമാങ് അവരുടെ സാധനങ്ങൾ ഒരു പ്രത്യേക സ്ഥലത്തു വച്ച് ആ പ്രദേശത്തു നിന്ന് മാറിനിൽക്കുന്നു. പ്രസ്തുത പാരിതോഷികം കണ്ടെത്തിയ സക്കായി വിഭാഗം എന്താണോ തിരികെ വയ്ക്കാൻ ആഗ്രഹിക്കുന്നത്, ആ വസ്തു കൈമാറ്റം നടത്തുന്നു. പിന്നീട് സെമാങ്ങുകൾ തിരിച്ചുവരുകയും സാധനങ്ങൾ കൈപ്പറ്റുകയും കാടുകളിലേക്ക് തിരിച്ചു പോവുകയും ചെയ്യുന്നു.

ആചാരാധിഷ്ഠിത കൈമാറ്റം (Ceremonial Exchange)

ചില ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടക്കുന്ന കൈമാറ്റമാണിത്. ഇത് ഒരുതരം സമതുലിത പരസ്പരകൈമാറ്റരീതിയാണ്. ട്രോബ്രിയാന്റ് ദ്വീപ് നിവാസികൾക്കിടയിലുള്ള 'കുല' കൈമാറ്റവ്യവസ്ഥ ഇതിന് ഉദാഹരണമാണ്.

ട്രോബ്രിയാന്റ് ദ്വീപുനിവാസികളുടെ കുല റിങ് (Kula Ring of Trobriand Islands)

സാധനക്കൈമാറ്റസമ്പ്രദായത്തെ അടിസ്ഥാനമാക്കിയുള്ള സങ്കീർണമായ ക്രയവിക്രയമാണ് ഇത്. ഈ സംവിധാനത്തിൽ മലിനേഷ്യക്കാർ വ്യത്യസ്തങ്ങളായ വസ്തുക്കളും ഉൽപ്പന്നങ്ങളും നിർമിച്ച് മറ്റു സമൂഹങ്ങളുമായി കൈമാറ്റം നടത്തുന്നു. ന്യൂഗിനിയയുടെ കിഴക്കൻ തീരപ്രദേശത്തുള്ള ട്രോബ്രിയാന്റ് ദ്വീപസമൂഹങ്ങൾ കടലിനാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. ഈ ദ്വീപുകളിൽ ചിലത് ചെറുതും പാറകൾകൊണ്ട് മൂടിയതുമാണ്. അതുകൊണ്ട് പ്രദേശവാസികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ സമുദായങ്ങൾ സാങ്കേതികമായി കരകൗശല നിർമാണത്തിലും മൺപാത്രനിർമിതിയിലും വഞ്ചിനിർമാണത്തിലും കടൽച്ചിപ്പിശേഖരണത്തിലും പ്രാവീണ്യം നേടിയവരായിരുന്നു. മറ്റു ചില ദ്വീപുകളിൽ ചേന, ചേമ്പ് എന്നിവ ഉൽപ്പാദിപ്പിക്കുന്നത് കൂടാതെ പന്നിവളർത്തലും ഉണ്ടായിരുന്നു. അതിനാൽ എല്ലാ ട്രോബ്രിയാന്റ് സമൂഹങ്ങളിലും അവരുടെ സാധനങ്ങൾ കൈമാറ്റം ചെയ്യാനുള്ള പദ്ധതികൾ വികസിപ്പിച്ചെടുത്തു. ഈ സംവിധാനത്തിൽ രണ്ടു തരം അനുഷ്ഠാനപരമായ വസ്തുക്കൾ ഒരു ദ്വീപിൽ നിന്നു തൊട്ടടുത്ത ദ്വീപിലേക്കു ചാക്രിക വലയരൂപത്തിൽ നിരന്തരം കൈമാറ്റം ചെയ്യുന്നു. ചുവന്ന ചിപ്പികൾകൊണ്ടുള്ള നീളമുള്ള കണ്ഠാഭരണം (സാൾവ) ഘടികാരദിശയിലും, അതേസമയം വെളുത്ത ചിപ്പികൊണ്ടുള്ള കൈവള (മവാലി) വിപരീതഘടികാരദിശയിലും കൈമാറ്റം ചെയ്യുന്നു. ഈ ആഭരണങ്ങളുടെ കൈമാറ്റത്തിന് ഒരാൾ തന്റെ വ്യാപാരപങ്കാളിയുടെ ദ്വീപിലേക്ക് യാത്രചെയ്യുന്നു.



ചിത്രം 8.5 - 'കുല' കൈമാറ്റവ്യവസ്ഥയെ സൂചിപ്പിക്കുന്ന ഡയഗ്രം. എ,ബി,സി,ഡി എന്നിവ വ്യത്യസ്ത ദ്വീപുകളെ സൂചിപ്പിക്കുന്നു.

ഈ വ്യാപാരത്തെ അവിസ്മരണീയമാക്കുന്നത് 'കുല' ആഭരണങ്ങളുടെ കൈമാറ്റമാണ്. ഈ സമ്പ്രദായത്തിൽ ഓരോ അംഗവും ഒരു വ്യാപാരപങ്കാളിയിൽനിന്നു കക്കകൾകൊണ്ടുണ്ടാക്കിയ ആഭരണം (Shell Ornament) സ്വീകരിക്കുകയും ആ വ്യക്തിയുടെ അതിഥിയായി രണ്ടോ മൂന്നോ ദിവസം ദ്വീപിൽ തങ്ങുകയും ചെയ്യുന്നു. സന്ദർശനവേളയിൽ ആവശ്യമുള്ള മറ്റു വസ്തുക്കളുടെ വ്യാപാരവും നടക്കുന്നു.

(iii) വിഫല പരസ്പരകൈമാറ്റം (Negative Reciprocity)

ഒന്നും കൊടുക്കാതെയോ അല്ലെങ്കിൽ നേടുന്നതിനേക്കാൾ കുറഞ്ഞ മൂല്യമുള്ള വസ്തു കൊടുത്തുകൊണ്ടോ എന്തെങ്കിലും നേടാൻ ശ്രമിക്കുന്ന കൈമാറ്റരീതിയാണ് ഇത്. അപരിചിതർ തമ്മിലോ ശത്രുക്കൾ തമ്മിലോ ആണ് ഇത്തരം കൈമാറ്റം നടക്കുന്നത്.

വ്യത്യസ്ത താൽപ്പര്യങ്ങളുള്ളവരോ പരസ്പരം അടുത്ത ബന്ധമില്ലാത്തവരോ ആയ സംഘങ്ങളാണ് ഇതിൽ ഏർപ്പെടുന്നത്. പരസ്പരകൈമാറ്റത്തിന്റെ അങ്ങേയറ്റത്തെ രീതിയാണ് ബലം പ്രയോഗിച്ച് സാധനങ്ങൾ നേടിയെടുക്കുന്നത്.

നിങ്ങളുടെ ചുറ്റുപാടുകളിൽനിന്ന് പൊതു- സന്തുലിത- വിഫല പരസ്പര കൈമാറ്റത്തെക്കുറിച്ചുള്ള ഉദാഹരണങ്ങൾ ശേഖരിക്കാം. അത് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കുക.



പഠനപുരോഗതി വിലയിരുത്താം

1. സാധനക്കൈമാറ്റ സമ്പ്രദായത്തിൽനിന്ന് പൊതുപരസ്പര കൈമാറ്റത്തെ എങ്ങനെ വേർതിരിക്കാം?
2. 'കുല' കൈമാറ്റവ്യവസ്ഥയിലെ വസ്തുക്കളുടെ കൈമാറ്റരീതി തിരിച്ചറിയുകയും വിശദീകരിക്കുകയും ചെയ്യുക.

ബി) പുനർവിതരണം (Re-distribution): ചില സന്ദർഭങ്ങളിൽ സാധനങ്ങൾ കേന്ദ്ര ഏജൻസികൾ ശേഖരിക്കുകയും പിന്നീടത് ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. നിങ്ങളുടെ പ്രദേശത്ത് ഇത്തരത്തിലുള്ള കൈമാറ്റസംവിധാനം ഉണ്ടോ? ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ പോലും നമ്മൾ ഉൽപ്പാദിപ്പിക്കുന്നില്ല. അപ്പോൾ നമുക്ക് എങ്ങനെ ഭക്ഷ്യവസ്തുക്കൾ ലഭിക്കും? അവ നമുക്ക് കടകളിൽനിന്നു വാങ്ങാം. പൊതുവിതരണസമ്പ്രദായത്തിലൂടെ (Rationing) ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നു. ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ (F.C.I) യുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് വിതരണശൃംഖലവഴി സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിലേക്കു പുനർവിതരണം ചെയ്യുന്നു. ലളിതസമ്പദ്‌വ്യവസ്ഥയിലും അത്തരം സംവിധാനങ്ങൾ നിലനിന്നിരുന്നു. നമുക്ക് അവ വിശദമായി പരിശോധിക്കാം.



വയനാട്ടിലെ കുറിച്യരുടെ പള്ളിയറമുറ്റം

ലോകത്തിൽ അറിയപ്പെടുന്ന കൂട്ടുകുടുംബ വ്യവസ്ഥയാണ് വയനാട്ടിലെ കുറിച്യരുടെ പള്ളിയറ മുറ്റം. സ്ഥിരം കൃഷിയിലേർപ്പെയുന്ന ഗ്രോതവിഭാഗമാണ് വയനാട്ടിലെ കുറിച്യർ. പൊതുവായ സ്വത്തവകാശമാണ് നിലനിൽക്കുന്നത്. ഏക്കറുകളോളം ഭൂപ്രദേശങ്ങൾ സമുദായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ഇതിൽനിന്ന് ശേഖരിക്കുന്ന വിഭവങ്ങൾ കൂട്ടിയിടുകയും അംഗങ്ങൾക്കിടയിൽ പുനർവിതരണം നടത്തുകയും ചെയ്യുന്നു.

ഒരു പ്രത്യേക വ്യക്തിയോ സ്ഥാപനമോ സാധനങ്ങൾ ശേഖരിക്കുകയും സേവനങ്ങൾ ലഭ്യമാക്കുകയും അവ തുടർന്നുള്ള വിതരണത്തിന് സജ്ജമാക്കുകയും ചെയ്യുന്നതിനെയാണ് പുനർവിതരണമെന്നു പറയുന്നത്. രാഷ്ട്രീയസ്വഭാവമുള്ള ഒരു കേന്ദ്രീകൃതനിയന്ത്രണ സംവിധാനം ഇതിന് സാധാരണഗതിയിൽ ആവശ്യമാണ്.

പുനർവിതരണം പ്രധാനമായും രണ്ടു തരത്തിലാണ് - ഭരണാധിഷ്ഠിത പുനർവിതരണവും (Administrative based Re-distribution) ആഡംബരാധിഷ്ഠിത പുനർവിതരണവും (Potlatch based re-distribution).

(i) ഭരണാധിഷ്ഠിത പുനർവിതരണം (Administrative based Re-distribution): ആധുനികഭരണസമ്പ്രദായത്തിൽ നികുതിയിനത്തിൽ ജനങ്ങളിൽനിന്നു പണം ശേഖരിക്കുകയും പൊതു ഉപയോഗത്തിനായി അവ വിനിയോഗിക്കുകയും ചെയ്യുന്നു. ആദായനികുതി, വിൽപ്പന നികുതി, എക്സൈസ് തീരുവ (കയറ്റുമതി - ഇറക്കുമതിച്ചുങ്കം) മുതലായ മാർഗങ്ങളിലൂടെ ധനം ശേഖരിക്കുകയും പൊതു ഉപയോഗത്തിനായി പുനർവിനിയോഗം നടത്തുകയും ചെയ്യുന്നു. അതേപോലെ സാധന - സേവനങ്ങൾ ഒരു ഭരണകേന്ദ്രത്തിൽ ശേഖരിച്ച് പൊതുനന്മയ്ക്കായി പ്രാദേശികസംവിധാനങ്ങളിലൂടെ വിതരണം നടത്തുന്നതും ഇതിന്റെ ഭാഗമാണ്.

(ii) ആഡംബരാധിഷ്ഠിത പുനർവിതരണം (Potlatch based re-distribution)

ഗ്രാമമുഖ്യനോ ആതിഥേയനോ അംഗങ്ങൾക്കിടയിൽ പുനർവിതരണം ചെയ്യുന്നതിനുള്ള സാമഗ്രികൾ സംഭരിക്കുന്നു. അമേരിക്കയിലുള്ള ക്വാക്കിറ്റുൽ ഇന്ത്യക്കാരുടെ (Kwakitul Indians) ഇടയിലുണ്ടായിരുന്ന ഇത്തരത്തിലുള്ള പുനർവിതരണമാണ് പൊറ്റ്ലാഷ് (Potlatch). ആതിഥേയന്റെ പേരും പെരുമയും അവകാശങ്ങളും വർധിപ്പിക്കുന്നതിനായി അതിഥികളുടെ ഇടയിൽ സാധനങ്ങളുടെയും സമ്പത്തിന്റെയും ആചാരപരമായ പ്രദർശനം നടത്തിയിരുന്നു. വ്യത്യസ്ത തരത്തിലുള്ള ആഡംബരപ്രദർശനം (Potlatch) ശവസംസ്കാര ആഡംബരപ്രദർശനം (Funeral Potlatch), വീടുനിർമാണ ആഡംബരപ്രദർശനം (House building Potlatch) തുടങ്ങിയവയാണ് ഇവ. ഗോത്രമുഖ്യന്റെ മരണസമയത്ത് അദ്ദേഹത്തിന്റെ ഭവനത്തിന്മേൽ അവകാശം സ്ഥാപിക്കാൻ അനന്തരാവകാശി മരണാനന്തര ആഡംബരപ്രദർശനം നടത്തുന്നു. ഇതിന് എതിർഅർധഗോത്രത്തിൽ (Moiety) നിന്ന് അംഗങ്ങളെ ക്ഷണിക്കുകയും സൽക്കാരം നടത്തുകയും ചെയ്യുന്നു. പിന്നീട് അതിഥികൾ മരണപ്പെട്ട ഗോത്രമുഖ്യന് വേണ്ടി ഒരു കുലചിഹ്നം സ്ഥാപിക്കുന്നു. തുടർന്ന് അനന്തരാവകാശി തന്റെ സമ്പത്തുക്കളെല്ലാം അതിഥികൾക്കിടയിൽ വിതരണം ചെയ്യുന്നു. ഇവിടെ സമ്പത്തിന്റെ കുമിഞ്ഞുകൂടൽ നടക്കുന്നില്ല. ആധുനികസമൂഹങ്ങളിലും ആഡംബരപ്രദർശനങ്ങൾ നടത്താറുണ്ട്. വിവാഹവേളകളിൽ ചില മാതാപിതാക്കൾ തങ്ങളുടെ പേരും പെരുമയും അധികാരവും പ്രകടിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള ചടങ്ങുകൾ നടത്താറുണ്ട്. തിരിച്ചു പ്രതീക്ഷിക്കാതെ ഇതിന് വൻതോതിൽ സമ്പത്ത് ശേഖരിക്കുകയും വിനോദപരിപാടികളുടെയും സദ്യയുടെയും പേരിൽ അവ വിതരണം നടത്തുകയും ചെയ്യുന്നു.


ആധുനിക ആഡംബരപ്രദർശനങ്ങളെക്കുറിച്ച് പ്രാദേശികതലത്തിൽ വിശദാംശങ്ങൾ ശേഖരിച്ച് ഒരു ചാർട്ട് / റിപ്പോർട്ട് തയാറാക്കാം.



പഠനപുരോഗതി വിലയിരുത്താം

1. പരസ്പരകൈമാറ്റം, പുനർവിതരണം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുക.
2. ഭരണപരമായ പുനർവിതരണവും ആഡംബരപരമായ പുനർവിതരണവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യുക.

ചിത്രം 8.6 കാണുക. അവിടെ സൂചിപ്പിക്കുന്ന കൈമാറ്റസംവിധാനം കണ്ടെത്തുക. ഇവിടെ പണമിടപാടിലൂടെയാണ് ജനങ്ങൾക്കു പാൽ പുനർവിതരണം നടത്തുന്നത്. പുനർവിതരണത്തിന്റെയും ആധുനികകമ്പോളത്തിന്റെയും ഇടയിലുള്ള കൈമാറ്റവ്യവസ്ഥയാണിത്. ആധുനിക സമൂഹങ്ങളിൽ സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യുന്നതിനുള്ള മാധ്യമമാണ് പണം. ഈ രീതിയിൽ സാധനങ്ങളുടെ പ്രദാനവും വ്യക്തികളുടെ ചോദനവും നിറവേറ്റുന്നു. ഇതിനെയാണ് കമ്പോളാധിഷ്ഠിതകൈമാറ്റം/വിപണി എന്നു പറയുന്നത്.



ചിത്രം 8.6 - പാൽ സൊസൈറ്റി പുനർവിതരണമോ ആധുനികകമ്പോളമോ?

(സി.) കമ്പോളം (Market)

ഇത് പണമിടപാട് അല്ലെങ്കിൽ വാണിജ്യവിനിമയം എന്നും അറിയപ്പെടുന്നു. ആദിമ സമൂഹങ്ങളിലെ ഭക്ഷ്യശേഖരണ സമ്പദ്‌വ്യവസ്ഥയിൽ കമ്പോളവ്യവസ്ഥ ഉണ്ടായിരുന്നില്ല. കാരണം, ദൈനംദിനാവശ്യങ്ങൾ നിറവേറ്റാനുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമാണ് അവർ ശേഖരിച്ചിരുന്നത്. ലളിതഭക്ഷ്യോൽപ്പാദന സമ്പദ്‌വ്യവസ്ഥയിലും സ്ഥിരമായ കമ്പോളവ്യവസ്ഥയുണ്ടായിരുന്നില്ല. കാരണം, നിലനിൽപ്പിനുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. മിച്ചോൽപ്പാദനത്തിലേക്ക് മാറിയതിന്റെ ഫലമായിട്ടാണ് കമ്പോളവ്യവസ്ഥ രൂപംകൊണ്ടത്. ഇവിടെ ഉൽപ്പാദകർ നിരന്തരം സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്തിരുന്നു. വളരെയധികം വികാസം പ്രാപിച്ച വിതരണസംവിധാനമാണിത്. ആധുനികകമ്പോളകൈമാറ്റം പണമിടപാടുമായി ബന്ധപ്പെട്ടതാണ്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനും വിൽക്കുന്നതിനും പണം ഒരു മാധ്യമമായി ഉപയോഗിക്കുന്നു. ലളിത സമ്പദ്ഘടനയിലെ കമ്പോളവ്യവസ്ഥ ആധുനികസമ്പദ്ഘടനയിൽനിന്നു വ്യത്യസ്തമാണ്. കുത്തക, കിടമത്സരം, പണമിടപാടുകൾ മുതലായവ ആധുനിക കമ്പോളവ്യവസ്ഥയുടെ സവിശേഷതകളാണ്. എന്നാൽ ലളിതസമ്പദ്ഘടനയിൽ പണമിടപാടിനെക്കാളും സാമൂഹിക-സാമ്പത്തിക ധർമങ്ങൾക്കാണ് പ്രാധാന്യം.

- സ്ഥിരം കമ്പോളവും ഉത്സവവിപണികളും തമ്മിലുള്ള വ്യത്യാസങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?
- സാമ്പത്തിക ഇടപാടുകൾക്കു പുറമെ അത്തരം ഉത്സവവിപണികളുടെ സാമൂഹികപ്രസക്തി എന്താണ്?

ആധുനികകമ്പോളത്തിൽ വ്യത്യസ്തങ്ങളായ സാധനങ്ങൾ ലഭിക്കുമെന്നതിൽ യാതൊരുവിധ സംശയവുമില്ല. ഉത്സവക്കമ്പോളങ്ങൾ സമൂഹകൂട്ടായ്മയുടെ വേദിയാണ്. അവ മനുഷ്യരുടെ ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. യഥാർഥത്തിൽ അത്തരം കമ്പോളങ്ങൾ സാംസ്കാരികാശയവിനിമയകേന്ദ്രങ്ങളായി വർത്തിക്കുന്നു. പൂർവസാക്ഷരസമൂഹത്തിലെ കമ്പോളവ്യവസ്ഥയെ മൂന്നായി തരംതിരിക്കുന്നു. താൽക്കാലികകമ്പോളം, അനുബന്ധകമ്പോളം, സ്ഥിരകമ്പോളം എന്നിവയാണവ.

i. **താൽക്കാലികകമ്പോളം (Temporary Market)** : ചില സമൂഹങ്ങളിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും ഇടപാടുകൾ നടത്തുന്നത് താൽക്കാലികകേന്ദ്രത്തിലായിരിക്കും. ഇവിടെ അവർ സാധനങ്ങൾ കൈമാറ്റം ചെയ്ത് അവശ്യ സാധനങ്ങൾ വാങ്ങുന്നു. ഇവ ആഴ്ചച്ചന്തകൾ എന്നും അറിയപ്പെടുന്നു. സ്ഥിരം കമ്പോളത്തിന്റെ വരവോടുകൂടി ഇത്തരം വിപണനകേന്ദ്രങ്ങൾ ഏതാണ്ട് അപ്രത്യക്ഷമാവുകയുണ്ടായി. ചില ഗോത്രവിഭാഗങ്ങൾക്കിടയിലും ഗ്രാമപ്രദേശങ്ങളിലും താൽക്കാലികകമ്പോളങ്ങൾ ഇന്നും നിലനിൽക്കുന്നു.



ചിത്രം. 8.7 താൽക്കാലികകമ്പോളം

ii) **കമ്പോള ബാഹ്യവിപണനം (Peripheral Market)**

മിച്ചോൽപ്പാദനമില്ലാത്ത ലളിതസമ്പദ്‌വ്യവസ്ഥയിൽ നിന്ന് ഉൽപ്പന്നങ്ങൾ കമ്പോളത്തിലെത്താറില്ല. എന്നാൽ ചില അവസരങ്ങളിൽ ചില ഉൽപ്പന്നങ്ങൾ വിപണിയിലെത്താറുണ്ട്. അത്തരമൊരു സാഹചര്യത്തെ കമ്പോളസാമൂഹ്യവിപണി എന്നു വിളിക്കുന്നു. അപവാദപ്രചാരണത്തിനും സൗഹൃദം പുതുക്കി ബന്ധുക്കളെ കാണുന്നതിനും ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നു. സമൂഹത്തിന്റെ ഉൽപ്പന്നങ്ങളുടെ ചെറിയഭാഗം മാത്രമേ വിപണനത്തിന് കമ്പോളങ്ങളിലെത്താറുള്ളൂ. അതുകൊണ്ട് ഇവ അനുബന്ധകമ്പോളം എന്ന പേരിലറിയപ്പെടുന്നു.

iii) **സ്ഥിരകമ്പോളം: (Permanent Market)**

പണം ഉപയോഗിച്ചുകൊണ്ട് സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യുന്നതിനെയാണ് സ്ഥിരകമ്പോളം എന്നുപറയുന്നത്. സ്ഥിരകമ്പോളത്തിൽ വാണിജ്യത്തെ പരിപോഷിപ്പിക്കുന്നത് പണമാണ്. പൂർണമായും ഒരു വാണിജ്യ വിനിമയരീതിയായ ഇത് ലളിത ആവശ്യത്തിന് മാത്രമല്ല, ലാഭം നേടാൻകൂടിയുള്ളതാണ്.



ലാഭം പരമാവധിയാക്കാനുള്ള കൊടുക്കൽ- വാങ്ങലുകളാണ് ഇവിടെ നടക്കുന്നത്. ഏതു സമയത്തും സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യാൻ സ്ഥിരകമ്പോളത്തിനു സാധിക്കുന്നു. താൽക്കാലിക കമ്പോളത്തിന് അത് സാധ്യമല്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യം നിർണയിക്കുന്നത് ചോദന- പ്രദാന (Demand-Supply) നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. സ്ഥിരകമ്പോളത്തിന്റെ മറ്റൊരു സവിശേഷതയാണ് വിലപേശൽ. ഉപഭോക്താക്കൾ ഉൽപ്പാദനരീതിയെ നേരിട്ട് സ്വാധീനിക്കുന്നു. ഇന്ന് ഇലക്ട്രോണിക് പണക്കൈമാറ്റത്തിന് ചെക്ക്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു.

പൂർവസാക്ഷരസമൂഹത്തിലെ വിവിധ വിതരണസംവിധാനങ്ങൾ പരിചയപ്പെട്ടസ്ഥിതിക്ക് ഇതിന്റെ വ്യക്തമായ ചിത്രം ലഭിക്കുന്നതിന് വിതരണരീതിയുടെ ഒരു ചാർട്ട് എളുപ്പത്തിൽ തയാറാക്കാം.

ലളിതമായ സമൂഹങ്ങളിലെ വിവിധതരം വിതരണസംവിധാനങ്ങൾ കാണിക്കുന്ന ഒരു ഡിജിറ്റൽ അവതരണം തയാറാക്കാം.



ലളിതസമ്പദ്ഘടനയുടെ ഉൽപ്പാദനം, ഉപഭോഗം, വിതരണം എന്നിവയുടെ പ്രത്യേകതകളിലൂടെ നാം കടന്നുപോയിട്ടുണ്ട്. ഇനി സവിശേഷതകൾ പരിശോധിക്കാം.

ലളിതസമ്പദ്ഘടനയുടെ സവിശേഷതകൾ (Features of Simple Economy)

- ചെറുകിട സമ്പദ്വ്യവസ്ഥ
- പണത്തിന്റെ വ്യാപക ഉപയോഗം ഉണ്ടായിരുന്നില്ല.
- സ്ഥിരകമ്പോളത്തിന്റെ അഭാവം
- സമുദായത്തെ അടിസ്ഥാനപ്പെടുത്തിയത്
- വിദഗ്ധരുടെ അഭാവം
- സ്വത്ത്, ലാഭേച്ഛ എന്നിവയുടെ അഭാവം
- ആപേക്ഷികസ്ഥിരതയും പിന്നാക്കാവസ്ഥയും
- .....
- .....

ലളിതസമ്പദ്വ്യവസ്ഥയെക്കുറിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് വിട്ട ഭാഗത്ത് കൂടുതൽ സവിശേഷതകൾ കൂട്ടിച്ചേർക്കാവുന്നതാണ്.

ചുരുക്കത്തിൽ, ഒരു ലളിതസമ്പദ്ഘടനയിലെ ഉൽപ്പാദനരീതികൾ പരമ്പരാഗതവും തദ്ദേശീയവുമായ സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. അവരുടെ സമൂഹവും സംസ്കാരവും ഒരുമിച്ചു ചേർന്ന് ഒരു സാമ്പത്തികഘടകമായി വർത്തിക്കുന്നു. ചിലപ്പോഴെല്ലാം അവർ തൊഴിലാളികളും ഉൽപ്പാദകരും സംരംഭകരും സംഘാടകരും ഉപഭോക്താക്കളും ആയിരിക്കും. സാധനക്കൈമാറ്റ (Barter) സമ്പ്രദായത്തിലൂടെയും പരസ്പരധാരണയുടെ അടിസ്ഥാനത്തിലുമാണ് അവർ വിതരണം സാധ്യമാക്കുന്നത്. പ്രാഥമികാവശ്യങ്ങളായ ഭക്ഷ്യവസ്തു, വാസസ്ഥലം, വസ്ത്രം മുതലായവ നേടിയെടുക്കുന്നതിന് കഠിനാധ്വാനം ചെയ്യുന്ന വിഭാഗമാണ് അവർ.

പഠനപുരോഗതി വിലയിരുത്താം


1. ആദിമലളിതസമ്പദ്ഘടനയുടെ സവിശേഷതകൾ പരിശോധിക്കുക.
2. വിവിധതരം വിതരണരീതികൾ വ്യക്തമാക്കുന്ന ചാർട്ട് തയാറാക്കുക.

മുമ്പു പഠിച്ചതുപോലെ സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം വിവിധ സാമൂഹികസ്ഥാപനങ്ങളുടെ ഉദ്ഭവം, പരിണാമം, വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ടതാണ്. സാമ്പത്തിക

സംഘാടനം അവയിലൊന്നാണ്. സാക്ഷരപൂർവസമൂഹത്തിന്റെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് നാം നേരത്തേ ചർച്ചചെയ്തു. പക്ഷേ, ആധുനിക സാമ്പത്തികസംവിധാനങ്ങൾ ആദിമകാലത്തേതിൽ നിന്ന് വളരെ വ്യത്യസ്തമാണ്. വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന സാംസ്കാരിക പരിണാമത്തിന്റെ ഫലമായാണ് ഈ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്.

കേരളത്തിലെ ചില ഗോത്രവിഭാഗങ്ങളുടെ സാമ്പത്തികപ്രവർത്തനങ്ങൾ പരിശോധിക്കാം. ചില സമുദായങ്ങൾ ഉപജീവനത്തിനു ഭക്ഷ്യശേഖരണം മാത്രം ആശ്രയിച്ചിരിക്കുന്നു. ലഘു വനവിഭവങ്ങളെ (എം. എഫ്. പി) മാത്രം ആശ്രയിച്ചു കഴിയുന്ന ഭക്ഷ്യശേഖരണവിഭാഗങ്ങളാണ് നിലമ്പൂരിലുള്ള ചോലനായ്ക്കർ. ഗോത്രവർഗങ്ങളായ മുള്ളുക്കുറുമ്പർ, വയനാട്ടിലെ കുറിച്യർ എന്നിവർ ഭക്ഷ്യാൽപ്പാദകകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. പുനംക്കൃഷിയിൽ ഏർപ്പെട്ടിരുന്ന ഗോത്രവിഭാഗമാണ് കുറുമ്പർ. നീലഗിരിയിലുള്ള തോഡർ, കാശ്മീരിലെ ഗുജ്ജറുകൾ എന്നിവർ കന്നുകാലികളെ വളർത്തുന്നു. ഇവ കൂടാതെ കർഷകത്തൊഴിലാളികളും കരകൗശലവിദഗ്ധരും തൊഴിലാളികളും വ്യവസായത്തൊഴിലാളികളുമായ ഗോത്രവിഭാഗങ്ങളുമുണ്ട്.

ഇന്ത്യൻ ഗോത്രവിഭാഗങ്ങളുടെ തൊഴിലുകൾ വിശകലനം ചെയ്യുമ്പോൾ അവർ സാമ്പത്തിക വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത് എന്നു മനസ്സിലാക്കാം. ഭക്ഷ്യ ശേഖരണത്തിൽനിന്നു ഭക്ഷ്യാൽപ്പാദനത്തിലേക്കുള്ള പരിവർത്തനമാണ് വ്യത്യസ്ത സാമ്പത്തികഘട്ടങ്ങളിലൂടെ സംഭവിക്കുന്നതെന്ന് നരവംശശാസ്ത്രജ്ഞർ വിശ്വസിക്കുന്നു.



III. സാമ്പത്തിക വികാസഘട്ടങ്ങൾ
(Stages of Economic Development)

ഉപജീവനസമ്പദ്‌വ്യവസ്ഥയെ ഭക്ഷ്യസംഭരണമെന്നും ഭക്ഷ്യാൽപ്പാദനമെന്നും രണ്ടായി തരംതിരിക്കുന്നു. ഭക്ഷ്യ സംഭരണസമ്പദ്‌വ്യവസ്ഥയെ ആഹാരം തേടൽ, വേട്ടയാടൽ, മീൻപിടിത്തം എന്നിങ്ങനെ തരം തിരിക്കുന്നു. ഭക്ഷണം തേടുന്ന നാടോടിവിഭാഗം നായാടികൾ (Foragers) എന്ന പേരിലും അറിയപ്പെടുന്നു. മൃഗപരിപാലനം, മാറ്റക്കൃഷിസമ്പ്രദായം, സ്ഥിരം കൃഷി എന്നിവ ഭക്ഷ്യാൽപ്പാദന പ്രവർത്തനങ്ങളുമായിരുന്നു.

വേട്ടയും ശേഖരണവും (Hunting &Gathering)

വേട്ടയാടി ആഹാരശേഖരണം നടത്തുന്നത് പഴയകാല ഉപജീവനമാർഗമാണ്. പല സമകാലീന ചെറുസമൂഹങ്ങളിലും ഈ രീതി ഇപ്പോഴും തുടരുന്നു. ആഹാരശേഖരണ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനം വേരുകൾ, കിഴങ്ങുകൾ, ഫലങ്ങൾ, വേട്ടമൃഗങ്ങൾ തുടങ്ങിയ ജീവനോപാധികളാണ്. വേട്ടയാടി ആഹാരശേഖരണം നടത്തുന്നവർ, വേട്ടയാടുന്നവർ, ശേഖരിക്കുന്നവർ, നായാടികൾ എന്നീ പേരുകളിലും ഇവർ അറിയപ്പെടുന്നു. ചോലനായ്ക്കർ, ആന്തമാനികൾ, ഓങ്കി, ജരാവ, സെമാങ്, എസ്കിമോ മുതലായവർ വേട്ടയാടൽ സമൂഹത്തിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണ്. ലോക ജനസംഖ്യയുടെ 0.004% വരുന്ന ഈ സമൂഹം ഉത്തരധ്രുവമേഖലയിലെ തുന്ദ്ര, മരുപ്രദേശങ്ങൾ, ഉഷ്ണമേഖലാപ്രദേശത്തെ ഇടതൂർന്ന വനമേഖലകൾ എന്നിവിടങ്ങളിലെ പ്രാന്തദേശങ്ങളിലാണ് ജീവിക്കുന്നത്. ഇന്ത്യയിൽ പ്രധാനമായും ദക്ഷിണേന്ത്യയിലും ആന്തമാൻ ദ്വീപുകളിലുമാണ് ഇത്തരം ഉൽപ്പാദനരീതി നിലനിൽക്കുന്ന ഗോത്രവിഭാഗങ്ങളുള്ളത്. യാനഡി, ചെഞ്ചു, ഓങ്കി, ജരാവ മുതലായവർ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കാടർ മുതലായവർ ആഹാരശേഖരണ സമൂഹങ്ങളാണ്.




ചിത്രം 8.8 - വേട്ടയാടലിൽ ഏർപ്പെട്ടിരിക്കുന്ന ബുഷ്മെൻ

ഫലങ്ങൾ, വേരുകൾ, വിത്തുകൾ, കാട്ടുതേൻ, കിഴങ്ങുവർഗങ്ങൾ, ജീവികളുടെ പുറംതോടുകൾ മുതലായ വനവിഭവങ്ങൾ അവർ ശേഖരിച്ചിരുന്നു. മരങ്ങളിലുള്ള വള്ളികൾ വലിച്ചെടുക്കാനുള്ള കൊളുത്തുകൾ അവർ കണ്ടെത്തിയിരുന്നു.

> ***ഫൊറേജിങ്***
> *പ്രകൃതിയിൽ ലഭ്യമായ വിഭവങ്ങൾ അന്വേഷിച്ച് ശേഖരിക്കുകയും (ഫലങ്ങൾ, പച്ചക്കറികൾ, വിത്തുകൾ, മൃഗങ്ങൾ) മീൻപിടിത്തം നടത്തുകയും വേട്ടയാടുകയും ചെയ്യുന്നതാണ് ഫോറേജിങ്. ഹോമോസാപിയൻസിന്റെ ആവിർഭാവത്തോടെ നിലവിൽ വന്നതിൽ ഏറ്റവും ആദിമമായ സമ്പദ്‌വ്യവസ്ഥയാണിത്.*

വേരുകളും കിഴങ്ങുകളും കുഴിച്ചെടുക്കാൻ കുഴിവടി (Digging Stick) ഉപയോഗിച്ചിരുന്നു. ചെറുജീവികളായ വണ്ടുകൾ, ചിത്രശലഭപ്പുഴു, പച്ചത്തുള്ളൻ, പല്ലി മുതലായവയെയും ഭക്ഷണമായി അവർ ഉപയോഗിച്ചിരുന്നു. തേൻ മറ്റൊരു പ്രധാന ഭക്ഷ്യവിഭവമാണ്.


വേട്ടയാടൽസമൂഹങ്ങളിൽ പുരുഷന്മാർ വേട്ട ചെയ്യുകയും സ്ത്രീകൾ കായ്കനികൾ ശേഖരിക്കുകയുമാണ് പതിവ്. അമ്പും വില്ലും, കുന്തം മുതലായവ വേട്ടയ്ക്ക് ഉപയോഗിച്ചിരുന്നു. മഴു, വാൾ, കത്തി, ചൂണ്ട, വ്യത്യസ്തതരം കെണികൾ എന്നിവ ഉപയോഗിച്ചും പക്ഷിമൃഗാദികളെ വേട്ടയാടിയിരുന്നു.



ചിത്രം 8.9 - വേട്ടയ്ക്കുള്ള ഉപകരണങ്ങൾ

വേട്ടയും ആഹാരശേഖരണവും : സവിശേഷതകൾ (Characteristics of Hunting Gathering Economy)

- **ലളിതമായ സങ്കേതികവിദ്യ (Simple Technology):** സസ്യങ്ങൾ ശേഖരിക്കുന്നതിനും വന്യമൃഗങ്ങളെ വേട്ടയാടുന്നതിനും പരിമിതമായ ആയുധങ്ങളാണ് ഉപയോഗിച്ചിരുന്നത്. കുഴിവടിയും കുട്ടയും ഉപയോഗിച്ചാണ് കാടുകളിൽനിന്ന് ഭക്ഷ്യവസ്തുക്കൾ ശേഖരിച്ചിരുന്നത്. കൂടാതെ അമ്പും വില്ലും, കുന്തം, ബൂമറാങ് എന്നിവയുടെ ഉപയോഗവും വേട്ട എളുപ്പമാക്കി. വിവിധതരം കെണികളും മരണക്കുഴികളും ഉപയോഗിച്ചാണ് ഭൂരിഭാഗം വേട്ടയാടൽ സമൂഹങ്ങളും ഇരതേടിയിരുന്നത്. അടിച്ചും പിന്തുടർന്നും ഇരയെ ആക്രമിക്കുന്ന രീതിയാണ് സാധാരണ ഇവർ ഉപയോഗിച്ചിരുന്നത്.



ചിത്രം. 8.10 - മീൻപിടിത്തത്തിനുള്ള കെണികൾ

- **നാടോടിജീവിതം (Nomadism)** ആഹാരശേഖരണസമ്പദ്‌വ്യവസ്ഥയുടെ പ്രധാനപ്പെട്ട സവിശേഷതയാണ് പൂർണവും ഭാഗികവുമായ നാടോടിജീവിതരീതി. ഇവർ ഭക്ഷ്യവസ്തുക്കൾക്കും വെള്ളത്തിനുമായി കാടുകളിലും മരുഭൂമികളിലും തുന്ദ്ര പ്രദേശങ്ങളിലും അലഞ്ഞുതിരിയുന്നു.
- **കുറഞ്ഞ ജനസാന്ദ്രത (Lowest Population Density)** വളരെ പരിമിതമായ ജനസംഖ്യയാണ് ഒട്ടുമിക്ക ഗോത്രവിഭാഗങ്ങളിലുമുള്ളത്.
- **ചെറിയ സ്വയംപര്യാപ്ത കൂട്ടം (Small Size and Self Sufficient):** ഓരോ സംഘവും സ്വയംപര്യാപ്തമാണ്. പൂർണമായോ ഭാഗികമായോ നാടോടിജീവിതം നയിക്കുന്ന 25 മുതൽ 30 വരെ അംഗങ്ങളുള്ള കൂട്ടമാണിവർ.
- **തൊഴിൽവിഭജനം (Division of Labour):** ലിംഗവ്യത്യാസമനുസരിച്ചുള്ള തൊഴിൽവിഭജനമാണ് നിലനിന്നിരുന്നത്. പൊതുവെ പുരുഷന്മാർ വേട്ടയിൽ ഏർപ്പെടുകയും സ്ത്രീകൾ കുഴിവടി ഉപയോഗിച്ചുകൊണ്ട് വേരുകളും കിഴങ്ങുകളും ശേഖരിക്കുകയും ചെയ്തിരുന്നു.
- **മിച്ചോൽപ്പന്നവും വ്യാപാരവും ഇല്ലായ്മയും (Absence of Surplus and Trade):** ഭക്ഷ്യശേഖരണ സമ്പദ്‌വ്യവസ്ഥയിൽ മിച്ചോൽപ്പാദനം ഉണ്ടായിരുന്നില്ല. അവരുടെ ആവശ്യങ്ങൾ നിറവേറ്റിയ ശേഷം മിച്ച വസ്തുക്കൾ അവശേഷിച്ചിരുന്നില്ല.

മീൻപിടിത്തം (Fishing)

ഇത് മറ്റൊരുതരം ഇരതേടലാണ്. ഈ രണ്ട് ഉപജീവനോപാധികളും ഒരേസമയത്താണ് ആരംഭിച്ചത്. പാരിസ്ഥിതികമായ പരിമിതികൾ കാരണം ചിലർ മീൻപിടിത്തത്തിൽ ഏർപ്പെടുകയും മറ്റുചിലർ വേട്ടയാടലിലും ഭക്ഷ്യശേഖരണം നടത്തുന്നതിലും ഏർപ്പെടുകയും ചെയ്തിരുന്നു. ഭൂവിഭാഗങ്ങളിലുണ്ടായ ശോഷണമാവാം ഒരുപക്ഷേ മീൻപിടിത്തത്തിലേക്ക് ഒരു കൂട്ടം ആളുകളെ ആകർഷിച്ചത്. കൈകൊണ്ടായിരുന്നു ആദ്യകാലങ്ങളിൽ മീൻപിടിച്ചിരുന്നത്. ഇത്

തൃപ്തികരമല്ലാത്തതു കാരണം മറ്റു മാർഗങ്ങളെക്കുറിച്ച് ചിന്തിക്കുകയും അതിനായി വ്യത്യസ്തയിനം കെണികളും വലകളും നിർമിക്കുകയും ചെയ്തു.

മീൻപിടിത്തത്തിലേർപ്പെടുന്ന സമൂഹങ്ങളിലെ സങ്കേതികവിദ്യകളും അറിവുകളും ശേഖരിച്ച് സമകാലീനസമൂഹങ്ങളിലെയും പരമ്പരാഗത സമൂഹങ്ങളിലെയും സങ്കേതികവിദ്യകൾ താരതമ്യം ചെയ്ത് പ്രബന്ധം തയാറാക്കുക.



പഠനപുരോഗതി വിലയിരുത്താം

1. ഭക്ഷ്യശേഖരണസമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ തിരിച്ചറിയുക.
2. ഭക്ഷ്യശേഖരണസമ്പദ്‌വ്യവസ്ഥയും മൽസ്യബന്ധനസമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എഴുതുക.

ഭക്ഷ്യശേഖരണസമ്പദ്‌വ്യവസ്ഥ ലഭ്യമായ പ്രകൃതി വിഭവങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ടുള്ളതാണെന്നു വ്യക്തമാണ്. ജനസംഖ്യ വർധിക്കുന്നതനുസരിച്ച് പരിമിതമായ വിഭവങ്ങളുടെ ചോദനം വർധിക്കുന്നത് സ്വാഭാവികമാണ്. ഇത് മറ്റു മാർഗങ്ങൾ ആശ്രയിക്കാനും പുതിയയിനങ്ങളുടെ ഉൽപ്പാദനത്തിനും വഴി തെളിയിച്ചു. ഇതിന് കൂടുതൽ ഊർജം, സാങ്കേതിക പുരോഗതി, സംഘാടനപാടവം തുടങ്ങിയവ ആവശ്യമായിവന്നു.

ഇനി നമുക്ക് സാമ്പത്തികപരിണാമത്തിന്റെ മറ്റു ഘട്ടങ്ങൾ പരിചയപ്പെടാം. മൃഗങ്ങളെ ഇണക്കിവളർത്തുകയും കൃഷിരീതികൾ കണ്ടുപിടിക്കുകയും ചെയ്തതോടെ മനുഷ്യർ പ്രകൃതിയിൽ കൂടുതൽ നിയന്ത്രണങ്ങൾ നേടിയെടുത്തു. ഉപജീവനമാർഗമെന്ന നിലയിൽ ഭക്ഷ്യശേഖരണത്തിനു പകരം ഭക്ഷ്യോൽപ്പാദനം നിലവിൽവന്നു. ഭക്ഷ്യോൽപ്പാദനത്തെ മൃഗപരിപാലനം, മാറ്റക്കൃഷി, കൃഷി എന്നിങ്ങനെ തരംതിരിക്കാം.

മൃഗപരിപാലനം (Pastoralism)

ഭക്ഷ്യശേഖരണത്തിനും ഭക്ഷ്യോൽപ്പാദനത്തിനും ഇടയിലുള്ള പരിവർത്തനകാലയളവിലാണ് മൃഗപരിപാലനാധിഷ്ഠിത ഉൽപ്പാദനം സാധ്യമായതെന്നു കരുതാം. മൃഗങ്ങളെ ഇണക്കിവളർത്തിക്കൊണ്ടുള്ള ഉപജീവനമാർഗമാണിത്. ഭക്ഷ്യശേഖരണത്തിനോ കാർഷികപ്രവർത്തനങ്ങൾക്കോ യോജ്യമല്ലാത്ത പ്രദേശങ്ങളിലെ പാരിസ്ഥിതിക അനുരൂപണമാണ്



ഇന്ത്യയിലെ തോഡർ ഗോത്രം മൃഗപരിപാലന ഉൽപ്പാദനരീതിക്ക് ഉത്തമ ഉദാഹരണമാണ്. തമിഴ്നാട്ടിലെ നീലഗിരിക്കുന്നുകളിലാണ് ഇവർ വസിക്കുന്നത്. വേട്ടയാടലോ കൃഷിരീതികളോ വശമില്ലാത്ത ഇവർ എരുമകളെ പരിപാലിച്ചാണ് ഉപജീവനം നടത്തുന്നത്. പാലുൽപ്പന്നങ്ങളായ നെയ്യ്, വെണ്ണ, പാൽക്കട്ടി, തൈര് മുതലായവയും പ്രയോജനപ്പെടുത്തുന്നു. മിച്ചോൽപ്പാദനം അയൽസമൂഹങ്ങളുമായി കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്നു. അത് മറ്റു ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിച്ചു. ഓരോ കുടുംബവും ധാരാളം കന്നുകാലികളെ പരിപാലിച്ചിരുന്നു. പുരുഷന്മാർ കന്നുകാലികളെ മേയ്ക്കുകയും സ്ത്രീകൾ ശിശുപരിപാലനത്തിലും വീട്ടുജോലികളിലും വിറകുശേഖരണത്തിലും ഏർപ്പെടുകയും ചെയ്തു. കറവ, , തൈരുകടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ പുരുഷന്മാരാണ് ചെയ്യുന്നത്.

സ്രോതസ്സ്: ഇന്ദ്രാണി ബസു റോയ്- ആന്ത്രോപോളജി ദി സ്റ്റഡി ഓഫ് മാൻ (2005), പേജ് 627.

ഇത്. തദ്ഫലമായി പ്രദേശവാസികളിൽ കന്നുകാലികളെ വളർത്താനുള്ള പ്രവണതയുണ്ടാവുകയും നാടോടിജീവിതം നയിക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗം സമുദായങ്ങളും അയൽ കർഷകക്കൂട്ടങ്ങളുമായി സാധനക്കൈമാറ്റ ഉൽപ്പാദന സമ്പ്രദായം തുടർന്നുപോന്നു.

ആഫ്രിക്കയിലെയും ഏഷ്യയിലെയും വരണ്ട മേഖലകളിൽ മൃഗപരിപാലനം ഉപജീവനമാക്കിയ വിവിധ സാമൂഹികവിഭാഗങ്ങളുണ്ട്. വേഗത്തിൽ പെറ്റുപെരുകുന്നയിനം മൃഗങ്ങളെയാണ് ഇവർ ഇണക്കിവളർത്തുന്നത്. ഇവയുടെ മാംസവും മറ്റ് ഉൽപ്പന്നങ്ങളും അവർ പ്രയോജനപ്പെടുത്തുന്നു.



ചിത്രം. 8.11 - തോഡരുടെ എരുമസങ്കേതം

സമീപപ്രദേശങ്ങളിൽ വസിക്കുന്നതുകൊണ്ട് മൃഗപരിപാലകർ കർഷകസമൂഹങ്ങളുമായി ബന്ധം സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾ പങ്കിടുകയും ചെയ്യുന്നു. പുതിയ മേച്ചിൽപ്പുറങ്ങളും വെള്ളവും തേടി മൃഗപരിപാലകർ കന്നുകാലിക്കൂട്ടങ്ങളുമായി സഞ്ചരിക്കുകയാണു പതിവ്. നീലഗിരിയിലെ തോഡർ, കശ്മീരിലെ ഗുജ്ജർ, മഹാരാഷ്ട്രയിലെ നന്ദിവാല എന്നീ വിഭാഗങ്ങൾ ഇന്ത്യയിലെ പരമ്പരാഗത മൃഗപരിപാലക സമുദായങ്ങളാണ്. ആഫ്രിക്കയിലെ ന്യൂർ, ന്യൂഗിനിയയിലെ ഷംബാഗൊ എന്നിവർ മൃഗപരിപാലന സമൂഹത്തിന് ഉത്തമോദാഹരണങ്ങളാണ്. മൃഗപരിപാലനരീതി ഒരോ സമൂഹത്തിലും വ്യത്യാസപ്പെട്ടിരിക്കും. ചിലതു പുരോഗമിച്ചതും മറ്റു ചിലത് ജീവനോപാധിയായും വർത്തിച്ചിരുന്നു. വാസസ്ഥലത്തിന് അനുസരിച്ച് വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്തയിനം കന്നുകാലികളെയാണ് വളർത്തിയിരുന്നത്. ചെമ്മരിയാട്, ആട്, കഴുത, കുതിര, എരുമ, യാക് എന്നിവ അവയിൽ ചിലതാണ്.

മൃഗപരിപാലനസമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ

(Features of Pastoral Economy)

- **കുറഞ്ഞ ജനസംഖ്യ (Small Population):** വളർത്തുമൃഗങ്ങളുടെ ഭക്ഷ്യശേഖരണത്തിന് ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തേക്കു സഞ്ചരിക്കുന്ന ചെറുകൂട്ടങ്ങളാണ് ഇവ.
- **മൃഗപരിപാലനം (Domestication of Animals):** മഴലഭ്യത കുറഞ്ഞ കൃഷിയോഗ്യമല്ലാത്ത പ്രദേശങ്ങളിൽ മൃഗപരിപാലനമാണ് ഉപജീവനമാർഗം. തോഡർ എരുമകളെയും ഗുജ്ജറുകൾ ചെമ്മരിയാടുകളെയും ഷംബാഗൊ പന്നികളെയും പരിപാലിക്കുന്നു.
- **ഭാഗികനാടോടിജീവിതം (Semi Nomadism):** വളർത്തുമൃഗങ്ങളുടെ ഭക്ഷ്യശേഖരണത്തിനായി മൃഗപരിപാലകസമുദായങ്ങൾ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി അലഞ്ഞുതിരിയുന്നു.

- **ഭിന്ന നാടോടിത്തം (Transhumance):** മൃഗപരിപാലനത്തിന്റെ വിഭിന്നരീതിയാണ് ഇത്. ഒരു വിഭാഗം ഋതുഭേദത്തിനനുസരിച്ച് കന്നുകാലിക്കൂട്ടവുമായി സഞ്ചരിക്കുമ്പോൾ, ചിലർ വീടുകളിൽത്തന്നെ തങ്ങുന്നു.

പഠനപുരോഗതി വിലയിരുത്താം

1. വേട്ടയാടി ഇരതേടുന്ന സമ്പദ്‌വ്യവസ്ഥയിൽനിന്നു മൃഗപരിപാലന സമ്പദ്‌വ്യവസ്ഥയെ വേർതിരിക്കുക.
2. മൃഗപരിപാലനസമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ തിരിച്ചറിയുക.

ജനസംഖ്യ വർധിക്കുന്നതിനനുസരിച്ച് ജീവനോപാധികൾ മാറ്റാൻ അവർ നിർബന്ധിതരായി. മനുഷ്യന്റെ അറിവുമണ്ഡലം വർധിച്ചതോടെ ഭക്ഷ്യശേഖരണം ഭക്ഷ്യോൽപ്പാദനത്തിനു വഴി തെളിച്ചു. അങ്ങനെ മനുഷ്യർ ആദ്യകാല കൃഷിരീതികൾ വികസിപ്പിച്ചു.

പുനംക്കൃഷി (Shifting Cultivation)

മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നതിനനുസരിച്ച് കൃഷിയിടം മാറ്റിക്കൊണ്ടിരിക്കുന്ന ആദ്യകാല കൃഷിരീതിയാണ് പുനംക്കൃഷി. മാറുന്ന പരിസ്ഥിതിക്ക് അനുസരിച്ചുള്ള മാനവികസമൂഹത്തിന്റെ അനുരൂപണതന്ത്രമാണ് ഇത്. ഇത് ഒരുതരം തോട്ടവിളക്കൃഷിയാണ്. ഇത് സാധാരണ കൃഷി രീതിയിൽനിന്ന് വിഭിന്നമാണ്. തോട്ടക്കൃഷിയും സാധാരണകൃഷിയും രണ്ടുതരത്തിലുള്ള കൃഷിരീതികളാണ്. ഒന്ന് മറ്റൊന്നിൽനിന്നു വിഭിന്നവുമാണ്. തോട്ടക്കൃഷിക്ക് കൂടുതൽ യന്ത്രങ്ങളും ഉപകരണങ്ങളും വേണമെന്നില്ല. കുഴിവടി, കൈക്കോട്ട് മുതലായ ലളിതമായ ആയുധങ്ങൾ ഉപയോഗിച്ചാണ് തോട്ടവിളക്കൃഷി നടത്തി യിരുന്നത്. പുനംക്കൃഷിയിലും സമാനമായ ആയുധങ്ങളാണ് ഉപയോഗിച്ചിരുന്നത്. കലപ്പ, വളപ്രയോഗം, ജലസേചനമാർഗങ്ങൾ എന്നിവ ഉപയോഗിക്കാതെയുള്ള കൃഷിരീതിയാണ് പുനംക്കൃഷി. ഉഷ്ണമേഖല, മിതോഷ്ണ മേഖലാ പ്രദേശങ്ങളിൽ പുനംക്കൃഷിയാണ് ഉചിതം. മൂന്നോ നാലോ വർഷം തുടർച്ചയായി ഒരു പ്രത്യേക പ്രദേശത്ത് കൃഷിചെയ്യുമ്പോൾ മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നതിനനു സൃതമായി കൃഷിയിടം മാറ്റുന്ന സമ്പ്രദായമാണിത്. ഇങ്ങനെ ഒഴിവാക്കപ്പെടുന്ന കൃഷിഭൂമി പത്തും പന്ത്രണ്ടും വർഷം കൃഷിചെയ്യാതെ തരിശിടുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കാൻ തരിശിടുന്ന ഈ കാലഘട്ടം തരിശുകാലം (Fallow period) എന്നറിയപ്പെടുന്നു.



ചിത്രം. 8.12 - മാറ്റക്കൃഷി

പുനംക്കൃഷിയിൽ, ഒരു കൂട്ടം ആളുകൾ കൃഷിക്ക് യോജിച്ച ഭൂപ്രദേശം തിരഞ്ഞെടുക്കുകയും കുറ്റിച്ചെടികളും ചെറുസസ്യങ്ങളും മുറിച്ചുമാറ്റി കൃഷിഭൂമി വൃത്തിയാക്കുകയും ചെയ്യുന്നു. പിന്നീട്, അവ ഉണങ്ങിയതിനുശേഷം കത്തിച്ചു ചാരമാക്കുന്നു. തുടർന്ന് മഴയ്ക്കുശേഷം കുഴിമാന്തി, കൈക്കോട്ട് എന്നിവ ഉപയോഗിച്ച് ചാരം മണ്ണിനോടു യോജിപ്പിക്കുന്നു. കാലവർഷത്തിന്റെ

തുടക്കത്തിൽ വ്യത്യസ്ത വിളകളുടെ വിത്തുകൾ വിതയ്ക്കുന്നു. അവ ശൈത്യകാലത്തിന്റെ ആരംഭത്തിൽ കൊയ്യാൻ പാകമാകുന്നു. ഇന്ത്യയിലെ മൊത്തം ഗോത്രവിഭാഗത്തിന്റെ 11% ഈ രീതിയിലുള്ള കാർഷികോൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർ നെല്ല്, ചോളം, കരിമ്പ്, വാഴ, പച്ചക്കറികൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നു. ഈ കൃഷിരീതി 'വെട്ടി മുറിച്ച് കത്തിക്കൽ' (Slash and Burn) എന്നും സ്വിഡ്ഡൻ(Swidden) കൃഷി എന്നും അറിയപ്പെടുന്നു. ഇന്ത്യയുടെ പലഭാഗത്തും പല പേരുകളിലാണ് ഇവ അറിയപ്പെടുന്നത്. അവ ജൂം, ദഹിയ, പൊഡു, പുനം, ബെവാർ എന്നിങ്ങനെയാണ്.

- ഗോണ്ട് – ദഹിയ
- ബൈഗ – ബെവാർ
- ഗോണ്ട് – പൊഡു
- നാഗർ, കുക്കികൾ – ജൂം
- കേരളം – പുനം

പുനംക്കൃഷിയുടെ ചില സവിശേഷതകൾ താഴെ പറയും പ്രകാരമാണ്. നിങ്ങളുടെ അറിവ് ഉപയോഗിച്ച് അവ പൂർത്തീകരിക്കുക.

- പ്രകൃതിദത്തമായ കൃഷിരീതി
- കൃഷിയിടത്തിന്റെ മാറ്റം
- നിലമൊരുക്കുന്നതിനുള്ള തീയുടെ ഉപയോഗം
- .....
- .....

പഠനപുരോഗതി വിലയിരുത്താം

1. പുനംക്കൃഷിയുടെ സവിശേഷതകൾ തിരിച്ചറിയുക.
2. മൃഗപരിപാലനവും പുനംക്കൃഷിയും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും എന്തെല്ലാം?




ചിത്രം. 8.13 – കലപ്പകൊണ്ടു നിലമൊരുക്കുന്നു.

നമുക്കറിയാവുന്നതുപോലെ, പുനംക്കൃഷി മതിയായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നില്ല. വർധിച്ചുവരുന്ന ജനസംഖ്യ മനുഷ്യനെ മറ്റു മാർഗങ്ങൾ തേടാൻ നിർബന്ധിതനാക്കി. മാത്രമല്ല, ജനസംഖ്യാവർധനവ് നാടോടി ജീവിതത്തിന് തടസ്സമായി. വിളസംരക്ഷണത്തിന് കൃഷിയിടങ്ങളുമായി ചേർന്ന് സ്ഥിരവാസം തുടങ്ങുകയും ചെയ്തു. ഈ ഘടകങ്ങളെല്ലാം ചേർന്നാണ് കാർഷികവൃത്തിക്ക് തുടക്കം കുറിച്ചത്.

കൃഷി (Agriculture)

തീവ്രവും സ്ഥിരമായതുമായ കൃഷിരീതി മനുഷ്യചരിത്രത്തിലെ വിപ്ലവമായി മാറി. അവ ഗ്രാമങ്ങളുടെ ഉദയത്തിന് കാരണമായി. കലപ്പ ഉപയോഗിച്ചുള്ള കൃഷി, വളപ്രയോഗം, ജലസേചനമാർഗങ്ങൾ എന്നിവ നദീതീരങ്ങളിൽ കൃഷി വികാസം പ്രാപിക്കുന്നതിന് കാരണമായി. ബാർലി, ഗോതമ്പ്, ചോളം, നെല്ല് മുതലായവയാണ് അവർ പ്രധാനമായും കൃഷിചെയ്തിരുന്നത്. കുറച്ച് വിത്തുക്കൾ അടുത്ത വിതയ്ക്കായി കരുതുകയും ചെയ്യുന്നു. ഉൽപ്പാദനപ്രക്രിയയുടെ പുരോഗതിക്ക് അനുബന്ധമായി സാങ്കേതികോപകരണങ്ങളിലും പുരോഗതിയുണ്ടായി. കലപ്പയുടെ കണ്ടുപിടിത്തം വലിയ മൃഗങ്ങളെ മെരുക്കി കലപ്പ ഉപയോഗിച്ചു നിലം ഉഴുതുമറിച്ച് വിത്തുവിതയ്ക്കൽ എളുപ്പമാക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുവിൽ രണ്ടു തരത്തിലുള്ള കലപ്പകളാണ് ഉപയോഗിക്കുന്നത്. ഇവ താഴെക്കൊടുത്തിരിക്കുന്നു.



ചിത്രം. 8.14 (എ) ഇന്ത്യൻ കലപ്പ (ബി) ചതുർഭുജകലപ്പ

- ലളിതമായി കൊത്തിയെടുത്ത ഇന്ത്യൻ കലപ്പ
- തെക്കുകിഴക്കൻ ഏഷ്യ, ചൈന, മലായ് എന്നിവിടങ്ങളിൽ ഉപയോഗിച്ചിരുന്ന ചതുർഭുജക്കലപ്പ (Quadrilateral plough)

കൃഷിയുടെ പ്രവർത്തനം കലപ്പയുടെ ഉപയോഗത്തിൽ മാത്രമായി ഒതുങ്ങുന്നതല്ല. പ്രത്യേക ഉപകരണങ്ങളുടെ ഒരു പരമ്പരതന്നെ അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഉഴുതുമറിച്ച ശേഷം നിരപ്പാക്കുന്ന ഉപകരണം ഉപയോഗിച്ച് നിലം ക്രമീകരിക്കുന്നു. ഇത് ഒരു ദീർഘചതുരാകൃതിയുള്ള മരപ്പലകയാണ്. ഇത് ഒരു ജോടി കാളകളുടെ ചുമലിലേറ്റുന്നു. ഉപകരണം ചലിപ്പിക്കുന്ന സമയത്ത് ഉഴവുകാരൻ (കലപ്പക്കാരൻ) കലപ്പയുടെ മുകളിൽ കയറി നിന്ന് ശക്തമായി സമ്മർദ്ദം ചെലുത്തി മൺകട്ടയുടയ്ക്കുന്നു. തുടർന്ന് കൃഷിക്കാരൻ കൈകൊണ്ട് വിത്തുവിതയ്ക്കുന്നു. വളപ്രയോഗവും ജലസേചനവും യഥാസമയം നടത്തുന്നു. അരിവാൾ ഉപയോഗിച്ചാണ് കൊയ്തിരുന്നത്.

കാർഷിക സവിശേഷതകൾ (Features of Agriculture)

- സ്ഥിരജീവിതം
- ഉയർന്ന ജനസാന്ദ്രത
- സ്ഥിരമായ ഗ്രാമ - നഗര സംവിധാനം
- സങ്കീർണമായ സാമ്പത്തികവിഭവങ്ങൾ
- സങ്കീർണമായ സാങ്കേതികവിദ്യ
- വയസ്സിനും ലിംഗവ്യത്യാസത്തിനുമനുസരിച്ചുള്ള തൊഴിൽവിഭജനം
- ഭൂവുടമസമ്പ്രദായം
- മുഴുവൻ സമയ രാഷ്ട്രീയനേതൃത്വം

കാർഷികവൃത്തിയിലേർപ്പെടുന്ന ഇന്ത്യയിലെ ചില ഗോത്രവർഗങ്ങളാണ് ബെയ്ഗ, ഭീൽ, ഭുയ്യ, ലപ്ച്ചാ, ഒറാൺ, സന്താൾ, കുറിച്യർ തുടങ്ങിയവ. പടിഞ്ഞാറൻ യൂറോപ്പിലെ ഉൾപ്രദേശങ്ങൾ, കൊറിയ, ജപ്പാൻ, മധ്യേഷ്യ, പടിഞ്ഞാറൻ അറേബ്യ തുടങ്ങിയ പ്രദേശങ്ങൾ കലപ്പക്കൃഷിക്ക് അനുയോജ്യമാണ്.

ആദ്യകാല കാർഷികപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും ആയുധങ്ങളും സ്കൂൾ മ്യൂസിയത്തിനുവേണ്ടി ശേഖരിച്ച് ഒരു പ്രദർശനം സംഘടിപ്പിക്കാം.



സമീപകാല കാർഷിക പുരോഗതി

(Recent development in Agriculture)

യന്ത്രവൽക്കരണം, വാണിജ്യവൽക്കരണം എന്നിവ തുടർച്ചയായ കൃഷിരീതിയിൽ മാറ്റങ്ങൾക്കു കാരണമായി. കമ്പോളത്തിന് വേണ്ടി കൂടുതലായി ഉൽപ്പാദിപ്പിക്കുന്നത് ഒരു ലോക വ്യാപകമായ പ്രവണതയാണ്. മൃഗങ്ങളെ ഉപയോഗിക്കുന്നതിനു പകരം ട്രാക്റ്ററുകളും ടില്ലറുകളും മറ്റ് ഉപകരണങ്ങളും ഉപയോഗിച്ച് കൃഷിചെയ്യുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു. കാർഷിക - വ്യവഹാരം വികസിക്കുകയും ബഹുരാഷ്ട്ര കമ്പനികളുടെ നേതൃത്വത്തിൽ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുകയും ചെയ്തു. ആഗോളവൽക്കരണം അന്തർദേശീയവാണിജ്യത്തിനും കമ്പോളത്തിനും വഴിതെളിച്ചു. ആത്യന്തികമായി ആധുനിക വ്യവസായവൽകൃത സമൂഹങ്ങളെല്ലാം 'കമ്പോളശേഖരണ' (Market foraging) സമൂഹങ്ങളായി മാറുകയാണ്.

തോട്ടവിളക്കൃഷി (Plantation Agriculture)



ചിത്രം. 8.15 യന്ത്രവൽകൃതവിളവെടുപ്പ്

കേന്ദ്രീകൃതഭൂവുടമസമ്പ്രദായം, കുടുംബത്തിന്റെയോ സംഘടിതസംഘങ്ങളുടെയോ നേതൃത്വത്തിലുള്ള ഉൽപ്പാദനോപാധികൾ, ഏകവിള ഉൽപ്പാദനം, വാടകത്തൊഴിലാളികൾ എന്നിവ തോട്ടവിളക്കൃഷിയുടെ പ്രത്യേകതകളാണ്. ഇതിൽ പരിതാപകരമായ തൊഴിൽ സാഹചര്യങ്ങളാണ് ഉണ്ടായിരുന്നത്. യൂറോപ്പിന്റെ പഴയ കോളനികളിൽ ഇപ്പോഴും തോട്ടവിളക്കൃഷി രീതികളാണ് നിലനിൽക്കുന്നത്. ശ്രീലങ്കയിലെ മൊത്ത ദേശീയോൽപ്പന്നത്തിന്റെ (GNP) ഭൂരിഭാഗവും തോട്ടവിളമേഖലയിൽനിന്നാണ്. കേരളത്തിലെ പുതിയ തലമുറ കാർഷികമേഖലയിൽനിന്ന് പിന്തിരിയുകയാണെന്ന് കാണാൻ സാധിക്കും. ഒട്ടുമിക്ക സമാകാലീനകർഷകരും തങ്ങളുടെ ശ്രദ്ധ നാണ്യവിളകളിലേക്കു കേന്ദ്രീകരിച്ചു. അങ്ങനെ ഭക്ഷ്യവസ്തുക്കൾക്കായി നമുക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നു. ഈ അവസ്ഥ തുടരുകയാണെങ്കിൽ കേരളത്തിന്റെ ഭാവി എന്തായിരിക്കും? ചർച്ചചെയ്യുക.

'നാണ്യവിള അനുഗ്രഹമോ ശാപമോ?' എന്ന വിഷയത്തിൽ ഒരു സംവാദം നടത്താം.



വ്യാവസായികകൃഷി (Industrial Agriculture)

വൻകിട യന്ത്രസാമഗ്രികൾ, വളപ്രയോഗം, ആധുനികസങ്കേതങ്ങൾ എന്നിവ അടിസ്ഥാന മാക്കിയുള്ള കൃഷിരീതിയാണ് വ്യാവസായികകൃഷി. അവിടെ മാനുഷികാധ്വാനമോ മൃഗവേലയോ ഉപയോഗിച്ചിരുന്നില്ല. ഉൽപ്പന്നങ്ങൾ കമ്പോളത്തിലേക്ക് മാത്രമായി കേന്ദ്രീകരിക്കുന്നതിനുള്ള സംഘടിതസംഘങ്ങളുടെ പ്രവർത്തനങ്ങളാണ് ഇത്തരത്തിലുള്ള കൃഷിരീതി. വ്യാവസായികാ വശ്യങ്ങൾക്കും ഇന്ധനനിർമിതിക്കും ഭക്ഷ്യവിളകൾ പ്രയോജനപ്പെടുത്തിയിരുന്നു. കാർഷിക മുതലാളിമാരായ ചില കമ്പനിയുടമകൾ പൂർണമായും കൂലിവേലക്കാരെ ആശ്രയിക്കുന്നു.

ഉപജീവനപ്രവർത്തനം	അറിയപ്പെടുന്ന മറ്റൊരു പേര്	പ്രത്യേകതകൾ
ഫോറേജിങ്	വേട്ടയാടലും ശേഖരണവും	ചലനാത്മകത, പ്രകൃതിവിഭവങ്ങളുടെ ഉപയോഗം
മൃഗപരിപാലനം	കാലിമേയ്ക്കൽ	നാടോടിജീവിതം, ട്രാൻസ്ഹ്യൂമൻസ്
പുനംക്കൃഷി	വെട്ടിമുറിച്ചു കത്തിക്കുക, സ്വിഡ്ഡൺ കൃഷി, വരണ്ടകൃഷി	കൃഷി മറ്റു നിലങ്ങളിലേക്കു മാറ്റിക്കൊണ്ടിരിക്കുന്നു.
കൃഷി	തുടർച്ചയായ കൃഷിരീതി	സ്ഥിരതാമസം
വ്യവസായവൽക്കരണം	വ്യാവസായികോൽപ്പാദനം	ഫാക്ടറി ഉൽപ്പാദനം, മുതലാളിത്ത സോഷ്യലിസ്റ്റ്രീതിയിലുള്ള ഉൽപ്പാദനം

കൂട്ടുകൃഷി (Collectivised Agriculture)

ഭൂമി, സാങ്കേതികവിദ്യ, ഉൽപ്പന്നങ്ങൾ എന്നിവയുടെ സ്വകാര്യനിയന്ത്രണം ഉൾക്കൊള്ളാത്ത ഒരു തരം വ്യവസായവൽക്കരിക്കപ്പെട്ട കൃഷിരീതിയാണ് കൂട്ടായ കൃഷി. റഷ്യ , കിഴക്കൻ യൂറോപ്പ്, ചൈന, ടാൻസാനിയ, എത്യോപ്യ എന്നിവിടങ്ങളിൽ കൂട്ടുകൃഷിസമ്പ്രദായങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കാർഷികപ്രവർത്തനങ്ങൾ കൂട്ടമായി ഏറ്റെടുക്കുന്നു. ഉൽപ്പന്നങ്ങൾ പൊതുനന്മയ്ക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.

വ്യവസായസമ്പദ്വ്യവസ്ഥ (Industrial Economy)

ആധുനിക സമ്പദ്വ്യവസ്ഥയെ വ്യവസായസമ്പദ്വ്യവസ്ഥ എന്നു വിളിക്കാം.18-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഉണ്ടായ വ്യവസായവിപ്ലവത്തിന്റെ ഉൽപ്പന്നമാണിത്. കാർഷികവിപ്ലവത്തിന്റെ ഫല മായി വർധിച്ച ഉൽപ്പാദനവും വലിയ മിച്ചവും ലാഭവുമുണ്ടായി. ഇത് വ്യവസായവിപ്ലവത്തിലേക്കു നയിച്ചു. ഉൽപ്പാദനപ്രക്രിയയിൽ മനുഷ്യശക്തിക്ക് പകരം യന്ത്രശക്തി വന്നതിനെയാണ് വ്യവ സായവിപ്ലവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഫലമായി ഉൽപ്പാദനവും ഗുണമേന്മയും വർധിച്ചു. വ്യവസായവിപ്ലവത്തിനു മുമ്പ് കുടുംബതലത്തിലായിരുന്നു വ്യാവസായിക പ്രവർത്ത നങ്ങൾ നടത്തിയിരുന്നത്. ഒരു ഫാക്ടറി നടത്തുന്നതിന് തങ്ങളുടെ വിഭവങ്ങൾ സമാഹരിക്കുന്ന പ്രവർത്തനങ്ങളിൽ കുടുംബങ്ങൾ ഏർപ്പെട്ടിരുന്നു. അസംസ്കൃതവസ്തുക്കളും സാങ്കേതികവി ദ്യയും മൂലധനസാമഗ്രികളും ഉൽപ്പാദിപ്പിക്കാൻ കൂടുതൽ മൂലധനം ആവശ്യമായിരുന്നു. കാലക്രമേണ, നിരവധി സ്ഥാപനങ്ങൾ ഉൽപ്പാദനത്തിലും വിതരണസമ്പ്രദായത്തിലും നിർണായക

പങ്കുവഹിക്കാൻ കാരണമായി. ധനകാര്യസ്ഥാപനങ്ങൾ, ഗതാഗത - വാർത്താവിനിമയ സംവിധാനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ആത്യന്തികമായി വ്യവസായസമ്പദ്ഘടന കൂടുതൽ സങ്കീർണമാർന്നതും വൈദഗ്ധ്യകേന്ദ്രീകൃതവും മൂലധനാധിഷ്ഠിതവുമായിത്തീർന്നു.

വ്യവസായസമ്പദ്ഘടനയുടെ സവിശേഷതകൾ (Features of Industrial Economy)

1. നൂതനസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉൽപ്പാദനം.
2. മിച്ചോൽപ്പാദനവും കമ്പോളത്തിനായുള്ള ഉൽപ്പാദനവും
3. വിദ്യാഭ്യാസം, നൈപുണി, വൈദഗ്ധ്യം എന്നിവയുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനം.
4. കമ്പോളാധിഷ്ഠിതകൈമാറ്റവും കറൻസിയുടെ വ്യാപകമായ ഉപയോഗവും
5. കയറ്റുമതിയുടെയും ഇറക്കുമതിയുടെയും അടിസ്ഥാനത്തിലുള്ള അന്താരാഷ്ട്രവിപണനം
6. സ്വകാര്യസ്വത്തിന്റെയും ലാഭേച്ഛയുടെയും സാന്നിധ്യം
7. നൂതന ഗതാഗത- ആശയവിനിമയസമ്പ്രദായം
8. ബാങ്കിങ്ങിന്റെയും ഇ-കോമേഴ്സിന്റെയും സാന്നിധ്യം



ചിത്രം. 8.16 ഓഹരിക്കമ്പോളം

ആധുനിക സാങ്കേതികവിദ്യയും മനുഷ്യനിർമിത സമ്പ്രദായവും ഉൽപ്പാദനമേഖലയിലും വ്യവസ്ഥയിലും മാത്രമല്ല, ഉൽപ്പാദനബന്ധങ്ങളിലും മാറ്റങ്ങൾ വരുത്തി. ആധുനികകമ്പനികൾ, ഷെയർ മാർക്കറ്റുകൾ, ബഹുരാഷ്ട്രക്കമ്പനികൾ, ബാങ്കുകൾ, വ്യവസായികളുടെയും തൊഴിലാളികളുടെയും യൂണിയൻ എന്നിവയ്ക്ക് ജന്മം നൽകി. വികസിപ്പിച്ച സാങ്കേതികവിദ്യ സമ്പദ്വ്യവസ്ഥയെ മാത്രമല്ല, സംസ്കാരത്തെയും വ്യക്തിത്വത്തെയും സ്വാധീനിച്ചു. മനുഷ്യനെക്കാളും പ്രാധാന്യം യന്ത്രങ്ങൾക്കു നൽകാൻ തുടങ്ങി. പ്രകൃതിദത്തമായ ചുറ്റുപാടിൽനിന്നു തൊഴിലാളികൾ അന്യരാക്കപ്പെട്ടു. ഈ പ്രക്രിയ നടപ്പാക്കുന്നതിന്റെ ഭാഗമായി മനുഷ്യപെരുമാറ്റങ്ങൾ, സമാന വിനോദോപാധികൾ, ഒരേ വസ്ത്രം, ഒരേ ഭക്ഷണം മുതലായ സവിശേഷമായ സാർവത്രിക യാന്ത്രികസംസ്കാരം ഉടലെടുത്തു.

ആധുനികസമ്പദ്വ്യവസ്ഥയിൽ സ്വത്ത് എന്ന ആശയത്തിൽ ഭൂമി, വീട്, വീട്ടുപകരണങ്ങൾ, വാഹനം, യന്ത്രം, ആഭരണങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇന്ന് മുതലാളിത്തസമ്പദ്ഘടന നിരവധി മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. വർത്തമാനകാല കോർപറേറ്റുകളുടെ ഇടയിൽ വലിയ ഓഹരിയുടമകളുണ്ട്. ഇവരുടെ മൂലധനമാണ് കോർപറേഷൻ നടത്തിപ്പിന് ഉപയോഗിക്കുന്നത്. എന്നാൽ ഭൂരിഭാഗം ജനങ്ങളും എങ്ങനെയാണ് കമ്പനികൾ പ്രവർത്തിക്കുന്നത്, അവരുടെ ഉൽപ്പാദനരീതി, ഭരണസമ്പ്രദായം എന്നിവയെ കുറിച്ച് അജ്ഞരാണ്.

വ്യാവസായികവ്യവസ്ഥയിൽ തൊഴിൽവിഭജനം ഗുണം, വൈദഗ്ധ്യം, പരിശീലനം, വിദ്യാഭ്യാസം, വ്യക്തിപരമായ അഭിരുചി എന്നിവയുടെ അടിസ്ഥാനത്തിലാണ് സാധ്യമാകുന്നത്. വ്യവസായവൽക്കരണം, പരിശീലനം, വൈദഗ്ധ്യം എന്നിവ കാലക്രമേണ തൊഴിലിനെ പ്രായോഗിക പരിശീലന ജോലികളാക്കി മാറ്റി. ഡോക്ടർ, എൻജിനീയർ, നഴ്സ്, അധ്യാപകർ തുടങ്ങിയവർ ഇതിന് ഉദാഹരണങ്ങളാണ്.

ആധുനിക സമ്പദ്വ്യവസ്ഥയിൽ കൈമാറ്റസമ്പ്രദായത്തിന് ഗണ്യമായ മാറ്റം സംഭവിച്ചു. സാങ്കേതികവിദ്യയിലെ പുരോഗമനവും വൻതോതിലുള്ള ഉൽപ്പാദനവും കൈമാറ്റവ്യവസ്ഥയ്ക്ക് വാണിജ്യരൂപം നൽകി. കറൻസി ഒരു കൈമാറ്റ ഉപാധിയായി മാറുകയും അതിന് പ്രാമാണിക മൂല്യം കൽപ്പിക്കുകയും ചെയ്തു. അന്താരാഷ്ട്ര ആഭ്യന്തരകമ്പോളം നിയന്ത്രിച്ചിരുന്നത് പണമാണ്. ആധുനികവ്യവസായമേഖലയിൽ കമ്പോളത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. ഒന്നിലധികം ഉൽപ്പാദകരുടെ സാന്നിധ്യം കമ്പോളവ്യവസ്ഥയെ നിലനിർത്തി ആധുനികകമ്പോളത്തിൽ തൊഴിൽ, ഉപഭോക്താവിനായുള്ള സാധനങ്ങൾ, നൈപുണികസേവനങ്ങൾ എന്നിവ ലഭ്യമാണ്.

അങ്ങനെ വ്യവസായ സമ്പദ്വ്യവസ്ഥ സാങ്കേതികവിദ്യയുടെയും ഊർജത്തിന്റെയും അടിസ്ഥാനത്തിലുള്ള സമ്പദ്ഘടനയ്ക്ക് ജന്മം നൽകി. വിപുലമായ ഉൽപ്പാദനം, വലിയതോതിലുള്ള സംഘാടനം, അതിവികസിത സാങ്കേതികവിദ്യ, നഗരങ്ങൾ, കറൻസി മുതലായവയാണ് ആധുനിക വ്യവസായസമ്പദ്ഘടനയുടെ സവിശേഷതകൾ.

പഠനപുരോഗതി വിലയിരുത്താം

1. പരമ്പരാഗത കാർഷികവ്യവസ്ഥയിൽനിന്ന് വ്യാവസായിക കാർഷികവ്യവസ്ഥയെ വേർതിരിക്കുക.
2. വ്യവസായസമ്പദ്ഘടനയുടെ സവിശേഷതകൾ പരിശോധിക്കുക.

സംഗ്രഹം

- സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ഉപഭോഗം നടത്തുകയും ചെയ്യുന്ന മനുഷ്യപ്രവർത്തനത്തിന്റെ രൂപകല്പനയാണ് സാമ്പത്തികസംവിധാനം. എല്ലാതരത്തിലുള്ള സാമ്പത്തികസംഘാടനത്തിനും സാമ്പത്തികവിഭവങ്ങളായ മനുഷ്യസഹകരണം , സാങ്കേതികവിദ്യ, മൂലധനസാമഗ്രികൾ എന്നിവ ഉപയോഗിക്കുന്നു. സാമ്പത്തിക സംവിധാനവുമായി ബന്ധപ്പെട്ട മനുഷ്യ പെരുമാറ്റത്തെക്കുറിച്ചുള്ള പഠനമാണ് സാമൂഹിക സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ ഉപശാഖയായ സാമ്പത്തികനരവംശശാസ്ത്രം. ആദിമസമ്പദ്വ്യവസ്ഥ കേവലം ജീവനോപാധി മാത്രമായിരുന്നു. ഇതിൽ ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ ഉൾപ്പെടുന്നു.
- ആദ്യകാലസമ്പദ്വ്യവസ്ഥയിൽ കുടുംബമായിരുന്നു ഉൽപ്പാദനയൂണിറ്റ്. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഉൽപ്പാദനപ്രക്രിയയിൽ ഏർപ്പെട്ടിരുന്നു. പ്രാദേശികമായി നിർമിച്ച ഉപകരണങ്ങളാണ് ഉൽപ്പാദനത്തിനാശ്രയിച്ചിരുന്നത്. ഉപഭോഗം കുടുംബതലത്തിലായിരുന്നു. ഇത് ജനാധിപത്യരീതി വെളിപ്പെടുത്തി. പരസ്പര വിനിമയരീതി, പുനർവിതരണം, കമ്പോളവ്യവസ്ഥ എന്നിവ ഉൽപ്പന്നങ്ങളുടെ വിതരണപ്രക്രിയകളാണ്.

- പണം ഉപയോഗിക്കാതെ ചരക്കുകൾ കൈമാറുന്നതാണ് പരസ്പരകൈമാറ്റ രീതി. പൊതു പരസ്പര കൈമാറ്റരീതി, സന്തുലിത പരസ്പര കൈമാറ്റരീതി, വിഫല പരസ്പരകൈമാറ്റ രീതി എന്നിങ്ങനെ ഇവ മൂന്നു തരത്തിലുണ്ട്. പെട്ടെന്ന് തുല്യമായവ തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ നൽകുന്ന സമ്മാനമാണ് പൊതു കൈമാറ്റ രീതി. തുല്യ പരസ്പരരീതിയിൽ വ്യക്തികൾ സാധനത്തിനു പകരം സാധനം അപ്പപ്പോൾ കൈമാറ്റം ചെയ്യുന്നു. രണ്ടുവിഭാഗങ്ങൾ പെട്ടെന്നോ ചുരുങ്ങിയ സമയംകൊണ്ടോ നടത്തുന്ന കൈമാറ്റമാണ് സന്തുലിതപരസ്പരകൈമാറ്റരീതി. ഒന്നും നഷ്ടപ്പെടാതെ വല്ലതും കിട്ടുന്ന കൈമാറ്റമാണ് വിഫല പരസ്പര കൈമാറ്റ രീതി.
- തുടർവിതരണത്തിന്റെ ഉദ്ദേശ്യത്തിനായി ഒരു കേന്ദ്രത്തിൽ വസ്തുക്കളെയും സേവനങ്ങളെയും ശേഖരിച്ച് വിതരണം ചെയ്യുന്നതിനെയാണ് പുനർവിതരണം എന്നു പറയുന്നത്. ഇതിനെ ഭരണപരമായ പുനർവിതരണം, ആഡംബരാധിഷ്ഠിത പുനർവിതരണം എന്നിങ്ങനെ തരംതിരിക്കാം.
- കമ്പോളം അല്ലെങ്കിൽ വാണിജ്യക്കൈമാറ്റം, ചോദന-വിതരണതത്ത്വത്തെ (Supply and demand) അടിസ്ഥാനമാക്കിയുള്ളതാണ്. നിലനിൽക്കുന്നതിനേക്കാൾ കൂടുതൽ ഭക്ഷ്യസാധനങ്ങൾ ശേഖരിക്കാനോ ഉൽപ്പാദിപ്പിക്കാനോ കഴിഞ്ഞപ്പോൾ മാത്രമാണ് കമ്പോളവ്യവസ്ഥ നിലവിൽവന്നത്. ഉൽപ്പാദകർ ഭക്ഷ്യവസ്തുക്കൾ കമ്പോളത്തിനായി ഉൽപ്പാദിപ്പിക്കുകയും പണമുപയോഗിച്ചുള്ള കൈമാറ്റനിയന്ത്രണം സാധ്യമാക്കുകയും ചെയ്യുന്നു. പണമേധാവിത്വമുള്ള സമൂഹമാണ് കമ്പോളസമൂഹം. ഇവിടെ പണത്തിന്റെ മൂല്യവും കൂലിയും നിയന്ത്രിക്കുന്നത് ചോദന-വിതരണനിയമത്തിന്റെ അടിസ്ഥാനത്തിലാണ്.
- സാമ്പത്തികവ്യവസ്ഥയുടെ വികസനഘട്ടങ്ങളെ ഭക്ഷ്യസംഭരണ സമ്പദ്‌വ്യവസ്ഥ, ഭക്ഷ്യോൽപ്പാദക സമ്പദ്‌വ്യവസ്ഥ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. വേട്ടയാടൽ, മീൻപിടിത്തം, ശേഖരണം എന്നിങ്ങനെയാണ് ഭക്ഷ്യശേഖരണവ്യവസ്ഥകൾ. ആദിമസമൂഹങ്ങളിൽ ഭക്ഷ്യവസ്തുക്കൾക്കായി മനുഷ്യർ കായ്കനികളെയും കാട്ടുമൃഗങ്ങളെയും ആശ്രയിച്ചിരുന്നു. സമകാലിക നായാടിസമൂഹങ്ങൾ കൂടുതലും മീൻപിടിത്തത്തിലാണേർപ്പെട്ടിട്ടുള്ളത്.
- ഭക്ഷ്യോൽപ്പാദകസമ്പദ്‌വ്യവസ്ഥയെ മൃഗപരിപാലനം, പുനംക്കൃഷിസമ്പ്രദായം, സ്ഥിരകൃഷി എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. മൃഗങ്ങളെ ഇണക്കിവളർത്തുന്ന പ്രക്രിയയാണ് മൃഗപരിപാലനം. ഇത് മഴകുറഞ്ഞ സ്ഥലങ്ങളിലാണ് കാണുന്നത്. മൃഗപരിപാലകർ നാടോടിസമൂഹങ്ങളാണ്. അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വ്യാപാരത്തെ ആശ്രയിക്കുന്നു. മനുഷ്യസമൂഹങ്ങളുടെ സാമ്പത്തികപുരോഗതിയുടെ മറ്റൊരു പ്രധാനഘട്ടം മാറ്റക്കൃഷിരീതിയാണ്. ലളിതമായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റി കൃഷിചെയ്യുന്നു. ആധുനിക കൃഷിരീതിയിൽ മെച്ചപ്പെട്ട വളപ്രയോഗം, ജലസേചനം മുതലായ മാർഗങ്ങളുപയോഗിക്കുന്നു. സ്ഥിരവാസം ഇതിന്റെ സവിശേഷതയാണ്. വ്യവസായവൽക്കരണത്തിന്റെ വരവോടെ കാർഷികസമ്പദ്‌വ്യവസ്ഥയിൽ ഒരുപാട് മാറ്റങ്ങളുണ്ടായി.
- വ്യവസായകൃഷി, കൂട്ടുകൃഷി, സഹകരണകൃഷി എന്നിവ കൃഷിയിലുണ്ടായ സമീപകാല പ്രവണതകളാണ്. ഭക്ഷ്യാടിസ്ഥാനത്തിലുള്ള കൃഷി കുറഞ്ഞുവരുകയും പകരം നാണ്യവിളക്കൃഷി ഉടലെടുക്കുകയും ചെയ്തു.

- ഊർജത്തിന്റെയും സാങ്കേതികവിദ്യയുടെയും തോതിന്റെ അടിസ്ഥാനത്തിലാണ് വ്യവസായിക സമ്പദ്ഘടന നിൽക്കുന്നത്. വൻതോതിലുള്ള ഉൽപ്പാദനം, വൻസംഘാടനം, ഉയർന്ന സാങ്കേതികവിദ്യ, പട്ടണങ്ങൾ, നാണ്യവ്യവസ്ഥ തുടങ്ങിയവ ഇതിന്റെ സവിശേഷതകളാണ്. കമ്പോളം വ്യാവസായിക സമ്പദ്ഘടനയിൽ പ്രധാനപ്പെട്ടതാണ്. പുരോഗമിച്ച സാങ്കേതികവിദ്യ മനുഷ്യസംസ്കാരത്തെയും വ്യക്തിത്വത്തെയും സാധീനിച്ചു. ആധുനിക കാലഘട്ടത്തിൽ യന്ത്രങ്ങൾക്ക് മനുഷ്യനേക്കാളും പ്രാധാന്യം കൽപ്പിക്കുന്നു. മാനുഷികമൂല്യങ്ങൾ മാറ്റിവയ്ക്കപ്പെട്ട് യാന്ത്രികാവസ്ഥയിലേക്കു മാറ്റപ്പെട്ടു.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- സാമ്പത്തികസംഘാടനത്തിന്റെ അർഥവും നിർവചനവും കണ്ടെത്താനും സാമ്പത്തിക ശാസ്ത്രത്തിൽനിന്ന് സാമ്പത്തികനരവംശശാസ്ത്രത്തെ വേർതിരിച്ചറിയാനും സാധിക്കുന്നു.
- ആദ്യകാല സമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ വിലയിരുത്തി ഉൽപ്പാദനം, ഉപഭോഗം, വിതരണം എന്നിവ തിരിച്ചറിയുന്നു.
- സമ്പദ്വ്യവസ്ഥയുടെ വികാസത്തിന്റെ വിവിധ ഘട്ടങ്ങളെ ക്രമപ്പെടുത്തി വർഗീകരിച്ച് അംഗീകരിക്കുക.

വിലയിരുത്തൽ ചോദ്യങ്ങൾ

1. സാമ്പത്തികസംഘാടനത്തെ നിർവചിക്കുക.
2. സാമ്പത്തികശാസ്ത്രത്തെയും സാമ്പത്തികനരവംശശാസ്ത്രത്തെയും വേർതിരിക്കുക.
3. ട്രോബ്രിയാന്റ് ദ്വീപുനിവാസികളുടെ ഇടയിൽ മലിനോവ്സ്കി കണ്ടെത്തിയ കൈമാറ്റ വ്യവസ്ഥ വ്യക്തമാക്കുക.
4. താഴെക്കൊടുത്തിരിക്കുന്നവയെ ചാർട്ടിൽ സജ്ജീകരിച്ച് ഉദാഹരണസഹിതം ഓരോന്നിനെയും വേർതിരിക്കുക.
   (പുനർവിതരണം, വിഫലകൈമാറ്റരീതി, പരസ്പരകൈമാറ്റരീതി, കമ്പോളവിനിമയരീതി, സന്തുലിത പരസ്പരവിനിമയരീതി)
5. താഴെക്കൊടുത്തിരിക്കുന്നവയെ ക്രമീകരിച്ച് ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിവരിക്കുക.
   (കൃഷി, വേട്ടയാടി ഇരതേടുകയും ഭക്ഷ്യശേഖരണവും, മൃഗപരിപാലനം, മാറ്റക്കൃഷി)
6. ലഘുസാങ്കേതികവിദ്യ, വിദഗ്ധരുടെ അഭാവം എന്നിവ ആദിമസമ്പദ്വ്യവസ്ഥയുടെ പ്രത്യേകതകളാണ്. ആദിമസമ്പദ്വ്യവസ്ഥയുടെ മറ്റു പ്രത്യേകതകൾ കണ്ടെത്തുക.
7. വിളനാശം സംഭവിക്കുമ്പോൾ ഹോപി ഇന്ത്യൻസ് അയൽ കുടുംബങ്ങൾക്ക് തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ ഭക്ഷണവും മറ്റു പല വസ്തുക്കളും വിതരണം ചെയ്യാറുണ്ട്. ഇവിടെ പ്രസ്താവിച്ച പരസ്പരകൈമാറ്റരീതി കണ്ടെത്തുക. മറ്റു പല പരസ്പരകൈമാറ്റരീതികളും കണ്ടെത്തി വിവരിക്കുക.
8. ട്രോബ്രിയാന്റ് ഭൂവാസികൾക്കിടയിൽ കാണുന്ന 'കുല' സമ്പ്രദായം ..... പരസ്പരകൈമാറ്റരീതിയാണ്.
9. തെക്കുപടിഞ്ഞാറൻ ഇന്ത്യക്കാർക്കിടയിൽ കാണുന്ന ആഡംബരപ്രദർശനം ഒരുതരം വിതരണരീതിയാണ്.
   - വിതരണരീതി തിരിച്ചറിയുക.
   - നിങ്ങളുടെ ചുറ്റുപാടിലെ ആഡംബരവിരുന്നിന് ഉദാഹരണം നൽകുക.

10. 'ഭക്ഷ്യശേഖരണം മുതൽ ആധുനിക വ്യവസായസമ്പദ്‌വ്യവസ്ഥ വരെയുള്ള സാമ്പത്തിക വികാസത്തിന്റെ വിവിധ ഘട്ടങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ പേപ്പർ തയാറാക്കുക.
11. സാമ്പത്തികവികാസത്തിന്റെ വിവിധ ഘട്ടങ്ങൾ അടങ്ങിയ പിരമിഡ് തയാറാക്കുക.
12. ജോടി കണ്ടെത്തുക.
    a. നാഗ, ജൂം, ഗോണ്ട്, ...
    b. ഭക്ഷ്യശേഖരണം : ചോലനായ്ക്കർ, കൃഷി : .....
    c. മാറ്റക്കൃഷി : കുറുമ്പ, മൃഗപരിപാലനം : .....
13. വ്യവസായവൽക്കരണത്തിനുശേഷം കൃഷിയിൽ വന്ന മാറ്റം പരിശോധിക്കുക.
14. മൃഗപരിപാലനസമൂഹങ്ങളിലെ പ്രത്യേകത കണ്ടെത്തുക. മൃഗപരിപാലനസമൂഹങ്ങൾ എത്രത്തോളം കാർഷികസമൂഹങ്ങളിൽനിന്ന് വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നു പരിശോധിക്കുക.
15. ആചാരപ്രകാരമുള്ള കൈമാറ്റത്തിന് പ്രധാനപ്പെട്ട ഉദാഹരണമാണ് മലിനേഷ്യൻ സമൂഹങ്ങളിൽ ആചരിക്കുന്ന 'കുലസമ്പ്രദായം'. ഈ സാമ്പ്രദായിക കൈമാറ്റം അവരുടെ ഇടയിൽ എങ്ങനെയാണ് സഹായകമാകുന്നത് അവരുടെ സാമൂഹികവ്യവസ്ഥിതിയിൽ അതിന്റെ പ്രാധാന്യം എന്താണ്?
16. സാമ്പത്തികവളർച്ചയുടെ പരിണാമഘട്ടങ്ങളെ സാംസ്കാരികപരിണാമം സൂചിപ്പിക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിവരിക്കുക.

H1M6C2

യൂണിറ്റ്
9

മതസംവിധാനം

ഉള്ളടക്കം

I. മതത്തിന്റെ അർഥവും നിർവചനവും
II. മതത്തിന്റെ ഘടകങ്ങൾ
III. മതപണ്ഡിതർ
IV. മതത്തിന്റെ ഉദ്ഭവം
- ആനിമിസം
- ആനിമാറ്റിസം
- മനയിസം
- ബോംഗായിസം
- പ്രകൃത്യാരാധന
- കുലചിഹ്നവിശ്വാസം
- പൂർവികാരാധന

V. പരിശുദ്ധത, ലൗകികത എന്നീ ആശയങ്ങൾ
VI. വിലക്കുകൾ
VII. മതത്തിന്റെ ധർമങ്ങൾ
VIII. മന്ത്രവാദം
- അർഥവും നിർവചനവും
- മന്ത്രവാദത്തിന്റെ ഘടകങ്ങൾ
- മന്ത്രവാദത്തിന്റെ വർഗീകരണങ്ങൾ

IX. മന്ത്രവാദം, മതം, ശാസ്ത്രം

ആമുഖം

മധ്യമെക്സിക്കോയിലെ ഗോത്ര വിഭാഗമായ ആസ്ടെക്കുകൾ നരബലിയിൽ വിശ്വസിച്ചിരുന്നു. അവരുടെ വിശ്വാസപ്രകാരം മനുഷ്യഹൃദയവും രക്തവും ദൈവത്തിനു സമർപ്പിക്കണം. നരബലിക്കുശേഷം അവർ മനുഷ്യ ഹൃദയം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്തിരുന്നു. നരബലിക്കിരയാകുന്നവർ മിക്കവരും തടവുകാരോ യുദ്ധത്തിൽ അടിമകളാക്കപ്പെട്ടവരോ ആയിരുന്നു. അടിമകളെക്കൂടാതെ ചിലപ്പോൾ ചെറുപ്പക്കാരെയും സ്ത്രീകളെയും കുട്ടികളെപ്പോലും ബലികൊടുത്തിരുന്നു. ബലിക്കുള്ള അൾത്താരയിൽ അവരെ കിടത്തി പുരോഹിതൻ അവരുടെ നെഞ്ചുപിളർന്ന് തുടിക്കുന്ന ഹൃദയം പുറത്തേക്കെടുക്കുന്നു. അത് തീയിൽ വേവിച്ചെടുത്ത് ദൈവത്തിനു സമർപ്പിക്കുന്നു. പിന്നീട് ആ ശരീരം അൾത്താരയുടെ



ചിത്രം. 9.1 ആസ്ടെക് നരബലി ചിത്രീകരണം

മറുവശത്തേക്ക് ഉരുട്ടിമാറ്റുന്നു. ബലികൊടുക്കപ്പെട്ടവരുടെ തലയോട്ടികൾ റാക്കുകളിൽ പ്രദർശനത്തിനായി വച്ചിട്ടുണ്ടാവും. അത്തരം റാക്കുകളിൽ ഒരു ലക്ഷത്തിലധികം തലയോട്ടികൾ പ്രദർശിപ്പിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.
(സ്രോതസ്സ്: മാർവിൻ ഹാരിസ് – 'കാനിബാൾസ് ആന്റ് കിങ്സ്: ദി ഒറിജിൻ ഓഫ് കൾച്ചർ', 1997: പേജ്.106)

സമാനമായ നരബലിക്കഥകൾ മാധ്യമങ്ങളിലൂടെ നമ്മൾ അറിയാറുണ്ട്. ഇപ്പോഴും ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ നരബലികൾ നടക്കാറുണ്ട്. ഇത് ചില വിശ്വാസങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മൃഗബലി ഇപ്പോഴും മതവിശ്വാസങ്ങളുടെ ഭാഗമായി നടക്കുന്നു.

ഏതെങ്കിലും തരത്തിലുള്ള ബലികൾ നിങ്ങളുടെ ചുറ്റുപാടിൽ നടന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ? പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട ഇത്തരം വിശ്വാസങ്ങൾ സാർവത്രികമായി കണ്ടുവരുന്നു. പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസം മനുഷ്യസംസ്കാരത്തിന്റെ ഉദ്ഭവത്തോടു കൂടിത്തന്നെ നിലവിൽവന്നിരുന്നതായി സംസ്കാരങ്ങളുടെ താരതമ്യപഠനങ്ങൾ വ്യക്തമാക്കുന്നു. മന്ത്രവാദത്തിലൂടെ അവർ വിശ്വസിക്കുന്ന പ്രകൃത്യതീതശക്തികളെ കീഴ്പ്പെടുത്താനും ചിലപ്പോൾ ആരാധിക്കാനും പുരാതനമനുഷ്യൻ ശീലിച്ചിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ അവർക്ക് മാനസികമായ തൃപ്തി നൽകിയിരുന്നു. പുരാതനമനുഷ്യരുടെ ഇത്തരം വിശ്വാസ രീതികൾചിഹ്നവൽക്കരിച്ച് ക്രോഡീകരിക്കപ്പെട്ടു. ഇത് മനുഷ്യസമൂഹത്തിന്റെ മതസംവിധാന ത്തിന്റെ (Religious Organisation) ആദ്യരൂപമായിത്തീർന്നു.

സാമൂഹികൈക്യം, സാമൂഹികനിയന്ത്രണങ്ങൾ, സാമൂഹികമാറ്റം എന്നീ പ്രക്രിയകൾക്ക് മതം നിദാനമാകുന്നു. മാറിവരുന്ന ചുറ്റുപാടുകളുമായി പൊരുത്തപ്പെടാനും ഇത് മനുഷ്യരെ സഹായിക്കുന്നു. വിവിധ കാലഘട്ടങ്ങളിൽ മതപരമായ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും വളരെയേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മതേതരത്വവും മതമൗലികവാദവും സമകാലിക മതസമൂഹത്തിന്റെ രണ്ടു വശങ്ങളാണ്. മതത്തിന്റെ ഉദ്ഭവം, പരിണാമം തുടങ്ങി മതചട്ടക്കൂടിന്റെ വിവിധവശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ അധ്യായം.

I. മതത്തിന്റെ അർഥവും നിർവചനവും

മതം അഥവാ റിലിജിയൻ എന്ന പദം ഉദ്ഭവിച്ചത് 'റിലിജിയൊ' (religio) എന്ന പദത്തിൽ നിന്നാണ്. കൂട്ടിയോജിപ്പിക്കുക എന്നാണിതിനർഥം. യഥാർഥത്തിൽ മനുഷ്യരെ പരസ്പരം ഐക്യപ്പെടുത്തുന്ന പ്രക്രിയയാണ് മതം അഥവാ റിലിജിയൻ. ചരിത്രാതീതകാലം മുതൽ മനുഷ്യന്റെ ചിന്തകളെ ഇത് അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. നരവംശശാസ്ത്രം മതത്തെ വീക്ഷിക്കുന്നത് അതിന്റെ ചരിത്രപരവും പരിണാമപരവുമായ കാഴ്ചപ്പാടിലൂടെയാണ്. കൂടാതെ, മതത്തിന്റെ സമകാലിക അവസ്ഥാന്തരങ്ങളും അവയുടെ ധർമവും (Function) പഠനവിധേ യമാക്കുന്നു.

ഏകദേശം 60000 വർഷങ്ങൾക്കു മുൻപേ ജീവിച്ചിരുന്ന പുരാതനമനുഷ്യരായ നിയാണ്ടർതാലുകൾക്കിടയിൽ മതവിശ്വാസങ്ങളും ആചാരങ്ങളും നിലനിന്നിരുന്നതായി പുരാവസ്തുഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. മതത്തിന് ഒരു സാംസ്കാരികസാർവത്രികത ഉണ്ടെങ്കിലും വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത രീതികളിലാണു മതം ആചരിച്ചിരുന്നത്. ഉദാഹരണമായി, ചില സമൂഹങ്ങൾ സർവശക്തനും സർവജ്ഞാനിയുമായ ഏകദേവതയുടെ ആരാധനയിൽ വിശ്വസിച്ചപ്പോൾ മറ്റു ചില സമൂഹങ്ങൾ ബഹുദേവതകളിലാണ് വിശ്വസിച്ചിരുന്നത്.



ചിത്രം.9.2.മതപരമായ ചടങ്ങുകൾ, കടപ്പാട് http:/wikimedia.org

എല്ലാ മതങ്ങൾക്കും അതിൽ അന്തർലീനമായിരിക്കുന്ന ചില വിശ്വാസങ്ങളുണ്ട്. അതായത് ശരിയായ മതാനുഷ്ഠാനങ്ങളിലൂടെ ആരോഗ്യം, സുദീർഘജീവിതം, വിളവ്, യുദ്ധവിജയം, വേട്ടയാടലിലെ വിജയം തുടങ്ങിയവ നേടിയെടുക്കാൻ സാധിക്കുമെന്നാണ് വിശ്വാസം.

ഒരു പ്രത്യേക മതത്തിന്റെ 'ശരി', 'തെറ്റ്' എന്നിവയെക്കുറിച്ച് നരവംശശാസ്ത്രജ്ഞർ വിലയിരുത്തുന്നില്ല. സമൂഹത്തിൽ എങ്ങനെയാണ് മതവിശ്വാസങ്ങൾ സ്ഥാപിതമായത് എന്നും ജനങ്ങളുടെ സാമൂഹിക - സാംസ്കാരികമണ്ഡലങ്ങളെ മതവിശ്വാസങ്ങൾ എങ്ങനെയാണ് സ്വാധീനിക്കുന്നത് എന്നുമുള്ള ചോദ്യങ്ങളാണ് അവർ മുന്നോട്ടു വയ്ക്കുന്നത്. മേൽപ്പറഞ്ഞവയെ സമഗ്രമായി മനസ്സിലാക്കുന്നതിന് മതത്തിന്റെ അർഥവും നിർവചനവും അറിയേണ്ടതുണ്ട്.

"ലോകത്ത് എല്ലാ മതങ്ങൾക്കും സ്ഥാനമുണ്ട് - കല്ലുകളിൽ വിശ്വസിക്കുന്ന വർഗം, മരങ്ങളിൽ വിശ്വസിക്കുന്ന വർഗം, മേഘങ്ങളിൽ വിശ്വസിക്കുന്ന വർഗം" - സിഡ്നി ഹാരിസ്; 1984

മതത്തിന് സാർവത്രികമായി പ്രയോഗസാധ്യതയുള്ള ഒരു നിർവചനം സാധ്യമല്ല. എന്നാൽ, ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ ഇ. ബി. ടെയ്ലർ നൽകിയ ലളിതമായ നിർവചനം "പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസം" അഥവാ "ആത്മീയശക്തികളിലുള്ള വിശ്വാസം"എന്നാണ്. (ടെയ്ലർ, പ്രിമിറ്റീവ് കൾച്ചർ, 1871: വോള്യം 2)

ഈ നിർവചനം രണ്ടു രീതിയിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമതായി, ഇത് മതത്തിന്റെ ആചാരപരമായ വശങ്ങളെ പരാമർശിക്കുന്നില്ല. രണ്ടാമതായി, ആരുടെ വിശ്വാസമാണിതെന്ന് വ്യക്തമല്ല. ഒരു വ്യക്തിയുടെ സ്വകാര്യവിശ്വാസങ്ങളാണോ ഒരു സമുദായത്തിന്റെ വിശ്വാസങ്ങളാണോ, അതോ സാർവലൗകികമായ വിശ്വാസവ്യവസ്ഥയാണോ ഈ നിർവചനം കൊണ്ട് അർഥമാക്കുന്നതെന്ന് വ്യക്തമാക്കുന്നില്ല.

ഫ്രഞ്ച് സാമൂഹശാസ്ത്രജ്ഞനായ എമിൽ ദുർഖൈമിന്റെ അഭിപ്രായത്തിൽ "ഏതെങ്കിലുമൊരു പരിപാവനമായ വസ്തുവിനോട് ബന്ധപ്പെടുത്തി ചെയ്യരുതാത്തത്, ചെയ്യാവുന്നത് എന്ന നിലയിൽ ഒരു ഏകസമൂഹം അനുഷ്ഠിക്കുന്ന ആചാരങ്ങളും വിശ്വാസങ്ങളുമാണ് മതം". ദുർഖൈം പറയുന്നത് മതത്തിന് സാമൂഹികവും പരിപാവനവും സദാചാരപരവുമായ മൂന്നു വശങ്ങളുണ്ടെന്നാണ്. ഒന്ന്, ലോകത്തെക്കുറിച്ചുള്ള ഒരു സമൂഹത്തിന്റെ വിശ്വാസങ്ങളാണ് മതത്തിൽ പ്രകടമാകുന്നത്. രണ്ട്, പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ടതുകൊണ്ടാണ് അത് പരിപാവനമാകുന്നത്. മൂന്ന്, മതം സദാചാരകാര്യങ്ങൾക്ക് ഊന്നൽ നൽകുകയും ശരിയായ കാര്യങ്ങൾ മാത്രം പ്രവർത്തിക്കാൻ നിർദേശിക്കുകയും ചെയ്യുന്നു.

- എഫ്. സി. വാലസിന്റെ അഭിപ്രായത്തിൽ, പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസങ്ങളും ആചാരങ്ങളുമാണ് മതം. ഈ നിർവചനം ടെയ്‌ലറുടെ നിർവചനത്തെ കൂടുതൽ സമ്പുഷ്ടമാക്കുന്നുണ്ട്. മതാധിഷ്ഠിതവിശ്വാസങ്ങൾ എല്ലാ സമൂഹങ്ങളിലും നിലനിൽക്കുന്നുണ്ടെന്നാണ് ഈ നിർവചനങ്ങൾ സൂചിപ്പിക്കുന്നത്.
- എല്ലാ മതങ്ങളുടെയും വിശ്വാസങ്ങൾ സമാനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- എല്ലാ മതങ്ങളിലും ദർശിക്കാവുന്ന പൊതു ഘടകങ്ങൾ ഏതെല്ലാമാണ്?
  മതത്തിന്റെ മറ്റു പ്രത്യേകതകൾകൂടി കണ്ടെത്തി ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.
- മതം ജീവിതത്തിന്റെ പല പ്രശ്നങ്ങൾക്കും വിശദീകരണം നൽകുന്നു. ഉദാ: മരണം, രോഗം തുടങ്ങിയവ.
- ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധിഘട്ടങ്ങളെ അതിജീവിക്കാൻ മതം സഹായിക്കുന്നു. ധാർമികനീതി മതത്തിന്റെ മറ്റൊരു വശമാണ്.
- .....
- .....
- .....

സാംസ്കാരികഘടകങ്ങളെയും (Cultue Traits) സംസ്കാരഘടകസഞ്ചയങ്ങളെയും (Culture Complexes) കുറിച്ച് നിങ്ങൾ പഠിച്ചിട്ടുണ്ട്. വ്യത്യസ്ത സംസ്കാരികഘടകങ്ങൾ കൂടിച്ചേർന്നാണ് എല്ലാ സംസ്കാരങ്ങളും രൂപപ്പെടുന്നത്. ഒരു സംസ്കാരഘടകസഞ്ചയം എന്ന നിലയിൽ മതത്തിന് ധാരാളം ഘടകങ്ങളുണ്ട്. അവ താഴെക്കൊടുത്തിരിക്കുന്നു.

II. മത ഘടകങ്ങൾ (Elements of Religion)

(എ) വിശ്വാസങ്ങൾ (Beliefs): വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ആദ്യകാല നരവംശശാസ്ത്രജ്ഞർ മതത്തെ നിർവചിച്ചിരിക്കുന്നത്. പ്രായോഗികാർഥത്തിൽ 'വിശ്വാസ'ത്തെയാണ് ടെയ്‌ലർ മതം എന്നു നിർവചിച്ചിട്ടുള്ളത്. അത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കാൻ പറ്റാത്തതാണ്. വിശ്വാസങ്ങൾ പലതരത്തിലുണ്ട്. ആനിമിസം, ആനിമാറ്റിസം, പ്രകൃത്യാരാധന, കുലചിഹ്നവിശ്വാസങ്ങൾ, ദൈവവിശ്വാസങ്ങൾ തുടങ്ങിയവ.

(ബി) അനുഷ്ഠാനങ്ങൾ (Rituals): അനുഷ്ഠാനങ്ങളാണ് ഒരു മതത്തിന്റെ ഏറ്റവും പ്രധാനഘടകമെന്ന് ദുർഖൈം വിലയിരുത്തുന്നു. മതത്തിന്റെ പ്രായോഗികമായ, അല്ലെങ്കിൽ പ്രകടനാത്മകമായ ഭാഗമാണ് അനുഷ്ഠാനങ്ങൾ. ആശയപരമായി അനുഷ്ഠാനങ്ങൾ വിശ്വാസങ്ങളിൽനിന്നു വ്യത്യസ്തമാണ്. വിശ്വാസങ്ങൾ ആശയങ്ങളും ചിന്തകളുമാണെങ്കിൽ അനുഷ്ഠാനങ്ങൾ അവയുടെ പ്രയോഗരീതികളാണ്. അനുഷ്ഠാനങ്ങൾ പങ്കെടുക്കുന്നവരെയും അവരുടെ പാരമ്പര്യത്തെയും കുറിച്ചുള്ള സൂചനകൾ നൽകുന്നു. അവ വർഷാവർഷം തലമുറതലമുറകളായി ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നതുമാവാം. മാത്രമല്ല, അവ പലവിധത്തിലുള്ള സാമൂഹികമൂല്യങ്ങളും സന്ദേശങ്ങളും വൈകാരികതകളും പ്രവർത്തനപഥത്തിലേക്ക് എത്തിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പ്രധാന മേഖലയാണ് ജീവിതചക്ര അനുഷ്ഠാനങ്ങൾ.

ജീവിതചക്ര അനുഷ്ഠാനങ്ങൾ (Life Cycle Rituals/Rites of Passage):

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒരു പദവിയിൽനിന്നു മറ്റൊരു പദവിയിലേക്കുള്ള സാമൂഹികമാറ്റവുമായി ബന്ധപ്പെട്ട് അനുഷ്ഠിക്കുന്ന ചടങ്ങുകളെയാണ് ജീവിത ചക്ര അനുഷ്ഠാനങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ജീവിതത്തിൽ ഒരു ഘട്ടത്തിൽനിന്നു മറ്റൊരു ഘട്ടത്തിലേക്കുള്ള പ്രവേശനമാണത്. ഉദാഹരണം- ജനനം, ഋതുമതിയാകൽ, ഉപനയനം, വിവാഹം, മരണം എന്നിവ. ആർനോൾഡ് വാൻ ഗണ്ണപ്പ് എന്ന ഫ്രഞ്ച് സമൂഹ നരവംശശാസ്ത്രജ്ഞനാണ് ഇത് ആദ്യമായി ശ്രദ്ധയിൽ കൊണ്ടുവന്നത്. 'റൈറ്റ് ഡി പാസേജ്' (Rite de Passage) എന്ന ഫ്രഞ്ച് വാക്കാണ് അദ്ദേഹം ഇതിന് തത്തുല്യമായി ഉപയോഗിച്ചത്. ഇത് മൂന്നു വിധത്തിലുണ്ട്.

(i) വേർപിരിയൽ അനുഷ്ഠാനങ്ങൾ (Rites of Seperation)

(ii) സ്ഥിതിമാറ്റാനുഷ്ഠാനങ്ങൾ (Rites of Transition)

(iii) ഉൾചേർപ്പനുഷ്ഠാനങ്ങൾ (Rites of Incorporation)



ആസ്ട്രേലിയൻ ആദിവാസികൾക്കിടയിൽ ആൺകുട്ടികളുടെ ഉപനയന കർമം വളരെ വേദനാജനകമാണ്. ചടങ്ങിന്റെ അവസാനം വരെ ഒരു കുട്ടി അത്യധികം ശാരീരിക പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നു. അവന്റെ മുൻപല്ലുകൾ പോലും പറിച്ചെടുക്കുന്നു. ഇതിനൊടുവിലാണ് ആഘോഷങ്ങൾ നടക്കുന്നത്. അതോടെ അവന്റെ കുട്ടിക്കാലം അവസാനിക്കുകയും സമൂഹം അവനെ ഒരു പുരുഷനായി അംഗീകരിക്കുകയും ചെയ്യുന്നു. ഇതിനുശേഷം മാത്രമാണ് അവനെ വിവാഹം ചെയ്യാൻ അനുവദിക്കുന്നത്.

ഇന്ദ്രാണി ബസു റോയ് (2005): ആന്ത്രോപോളജി - ദി സ്റ്റഡി ഓഫ് മാൻ

ഒരു കൂട്ടത്തിൽനിന്നോ സമുദായത്തിൽനിന്നോ ഒരാൾ വേർപിരിയുമ്പോഴാണ് വേർപിരിയലുമായി ബന്ധപ്പെട്ട ച്ചടങ്ങുകൾ (Rites of Seperation) അനുഷ്ഠിക്കുന്നത്. മരണാനന്തര ചടങ്ങുകൾ ഇതിനുദാഹരണമാണ്. ഒരാൾ തന്റെ സാമൂഹികപദവിയിൽനിന്നു മറ്റൊരു പദവിയിലേക്കു മാറുമ്പോഴാണ് സ്ഥിതിമാറ്റവുമായി ബന്ധപ്പെട്ട ആചാരങ്ങൾ (Rites of Transition) അനുഷ്ഠിക്കുന്നത്. ഗർഭാവസ്ഥ, വിവാഹം നിശ്ചയിക്കൽ, ഉപനയനം എന്നീ സന്ദർഭങ്ങൾ ഇത്തരം അനുഷ്ഠാനങ്ങൾക്കുദാഹരണങ്ങളാണ്. ഋതുമതിയാകുമ്പോൾ (Puberty) ഇത്തരം ആചാരങ്ങൾ അനുഷ്ഠിക്കാറുണ്ട്. മറ്റു പല ഗോത്രങ്ങളിലെയും പോലെ കണ്ണൂരിലെയും വയനാട്ടിലെയും കുറിച്യർസമുദായം ആർത്തവസമയങ്ങളിൽ പ്രത്യേകം തയാറാക്കിയ കുടിലുകളിൽ താമസിച്ചിരുന്നു. ഒരാൾ പുതുതായി ഒരു കൂട്ടായ്മയുടെയോ സമുദായത്തിന്റെയോ ഭാഗമാകുമ്പോഴാണ് കൂടിച്ചേരലുമായി ബന്ധപ്പെട്ട ആചാരങ്ങൾ (Rites of Incorporation) അനുഷ്ഠിക്കുന്നത്. വിവാഹാഘോഷച്ചടങ്ങുകൾ ഇതിനുദാഹരണമാണ്.

മുകളിൽ കൊടുത്തിരിക്കുന്ന അനുഷ്ഠാനങ്ങളല്ലാതെ ചില സമൂഹങ്ങൾ മറ്റു രീതിയിലുള്ള അനുഷ്ഠാനങ്ങളും നിർവഹിക്കാറുണ്ട്. അവയാണ് പ്രബലനാനുഷ്ഠാനങ്ങൾ.

പ്രബലനാനുഷ്ഠാനങ്ങൾ (Rites of Intensification): കൂട്ടായ ജീവിതത്തിൽ പ്രതിസന്ധി നേരിടുമ്പോഴാണ് ഇത്തരം ആചാരങ്ങൾ അനുഷ്ഠിക്കുന്നത്. ഇത് ഒരുപക്ഷേ മഴ ലഭിക്കാത്തതു കാരണം കൃഷി നശിച്ചുപോകുന്നതോ പകർച്ചവ്യാധിയുടെ വ്യാപനമോ ശത്രുപക്ഷത്തിന്റെ ആക്രമണമോ മറ്റോ ആകാം. ഇത്തരം ഘട്ടങ്ങളിൽ സമൂഹം ഒന്നടങ്കം ചില ആചാരങ്ങൾ അനുഷ്ഠിക്കാറുണ്ട്. ഒരു വ്യക്തിയുടെ മരണം മറ്റൊരാളെ സംബന്ധിച്ച് പ്രതിസന്ധി ഉളവാക്കുന്നതാണ്. ഇത് ഒരു ചെറിയ കൂട്ടത്തിനുള്ളിലാണെങ്കിൽ അയാളുടെ മരണം കൂട്ടത്തിന് മുഴുവൻ പ്രയാസമുണ്ടാക്കും. ഇത്തരം സന്ദർഭങ്ങളിൽ മരണാനന്തരച്ചടങ്ങുകൾ പ്രബലന അനുഷ്ഠാനങ്ങൾ എന്ന നിലയിലാണ് അനുഷ്ഠിക്കുന്നത്.

എന്നാൽ ഇതെപ്പോഴും പ്രതിസന്ധിഘട്ടങ്ങളിൽ മാത്രമായിരിക്കണമെന്നില്ല. ചില സമൂഹങ്ങളിൽ ഋതുഭേദങ്ങൾക്കനുസരിച്ച് മനുഷ്യരുടെ പ്രവൃത്തികളിലും മാറ്റമുണ്ടാവുന്നു. കാർഷികസമൂഹങ്ങളിൽ വിത്തുവിതയ്ക്കൽ, വിളവെടുപ്പ് എന്നിങ്ങനെയുള്ള വാർഷികോൽസവങ്ങളുടെ രൂപത്തിലാകാം ഇത്തരത്തിലുള്ള ആചാരങ്ങൾ അനുഷ്ഠിക്കുന്നത്.

(സി). പ്രതീകങ്ങളും ഐതിഹ്യങ്ങളും (Symbols and Myths)

ഓരോ മതത്തിനും അവരുടേതായ ചിഹ്നങ്ങളും ഐതിഹ്യങ്ങളുമുണ്ട്. ഉദാഹരണമായി അമ്പലം, ക്രിസ്ത്യൻപള്ളി, മുസ്ലിംപള്ളി, കൊടികൾ, പ്രത്യേകരീതിയിലുള്ള വസ്ത്രധാരണം തുടങ്ങിയവ വ്യത്യസ്ത മതവിഭാഗങ്ങളുടെ ചിഹ്നങ്ങളാണ്. അതുപോലെ ഓരോ മതത്തിനും ഐതിഹ്യകഥകളും നിലവിലുണ്ട്. ഐതിഹ്യം എന്നത് ഈ ലോകത്തെയും പ്രകൃത്യതീത ലോകത്തെയും കുറിച്ചുള്ള ജനങ്ങളുടെ ഭാവനാത്മകകഥകളാണ്. ഒരു കുലത്തിന്റെ അഥവാ ഗോത്രത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് ഇത്തരം ഐതിഹ്യകഥകളിലൂടെയാണ് വിശദീകരിക്കാറുള്ളത്. കുലചിഹ്നത്തിൽ വിശ്വസിക്കുന്ന ഗോത്രസമൂഹങ്ങൾ ഒരു പ്രത്യേക മൃഗത്തെയോ ചെടിയെയോ മരത്തെയോ തങ്ങളുടെ കുലചിഹ്നമായി സ്വീകരിക്കുന്നു.



1. *വിവിധ സമുദായങ്ങളിൽ പ്രചാരത്തിലുള്ള വ്യത്യസ്തമായ ജീവിതചക്ര ആചാരാനുഷ്ഠാനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക. ഇത്തരം ആചാരങ്ങളുടെ പ്രാധാന്യം പരിശോധിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.*

2. *നിങ്ങളുടെ ചുറ്റുപാടിൽ പ്രബലനാനുഷ്ഠാനങ്ങൾ പ്രചാരത്തിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.*

പഠനപുരോഗതി വിലയിരുത്താം

1. മതത്തെക്കുറിച്ച് ടെയ്‌ലർ നൽകിയ നിർവചനത്തിന്റെ പോരായ്മകൾ വിമർശനാത്മകമായി വിലയിരുത്തുക.
2. പൂരിപ്പിക്കുക.

   മതത്തിന്റെ പ്രായോഗികമായ വശമാണ് .....
3. മതത്തിന്റെ വ്യത്യസ്ത ഘടകങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം നൽകുക.
4. പ്രബലനാനുഷ്ഠാനങ്ങൾ നടത്തപ്പെടുന്ന ഏതെങ്കിലും രണ്ടു സന്ദർഭങ്ങൾ എഴുതുക.
5. ഒരു വ്യക്തി ജീവിതത്തിലെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ പദവിയിലുണ്ടാകുന്ന മാറ്റവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളെ ..... എന്നു പറയുന്നു. (പ്രബലനാ നുഷ്ഠാനങ്ങൾ, ജീവിതചക്ര ആചാരാനുഷ്ഠാനങ്ങൾ)

6. ഒരു സമുദായത്തിന്റെ പ്രത്യേക സാഹചര്യം എന്ന നിലയിൽ പ്രബലനാനുഷ്ഠാനങ്ങളുടെ പ്രാധാന്യം ചുരുക്കിയെഴുതുക.

III. മതവിദഗ്ധർ (Religious Specialists)



ചിത്രം 9.3.ഭൂമധ്യരേഖയ്ക്കടുത്തുള്ള ആമസോൺ പ്രദേശത്തെ ഒരു ഷാമൻ

സംസ്കാരങ്ങളിലുണ്ടാവുന്ന പുരോഗതികൾക്കനുസരിച്ച് മതവിശ്വാസങ്ങളും കൂടുതൽ സങ്കീർണമാകുന്നു. പ്രകൃത്യതീതശക്തികളുമായി ഇടപഴകാൻ ശേഷിയുണ്ടെന്നു കരുതപ്പെടുന്ന വ്യക്തികളെ മതവിദഗ്ധരായി സമൂഹം സ്വീകരിക്കാൻ തുടങ്ങി. അതോടെ ഇവരെ സമൂഹം കൂടുതൽ ആദരിച്ചു തുടങ്ങി. ഇന്ന് എല്ലാ മതക്കാരും അതത് മതത്തിലെ മതപണ്ഡിതരെ പരിഗണിക്കുന്നുണ്ട്. മനുഷ്യർക്കും പ്രകൃത്യതീത ശക്തികൾക്കുമിടയിൽ ഒരു ഇടനിലക്കാരനായി വർത്തിക്കുന്നു എന്നുവിശ്വസിക്കപ്പെടുന്ന മതവിദഗ്ധനാണ് മതപരമായ ആചാരങ്ങളനുഷ്ഠിക്കുന്ന ചുമതലക്കാരൻ. രണ്ടു തരത്തിലുള്ള മതപണ്ഡിതരാണുള്ളത്.

1. ഷാമൻ (Shaman)
2. പുരോഹിത/പുരോഹിതൻ (Priestess/Priest)

ഷാമൻ: സൈബീരിയയിലെ തുംഗസ് (Tungus)വിഭാഗത്തിൽ നിന്നാണ് ഷാമൻ എന്ന വാക്കിന്റെ ഉദ്ഭവം. വ്യക്തികൾക്കും പ്രകൃത്യതീതശക്തികൾക്കുമിടയിൽ ഭാഗികമായി ഇടനിലക്കാരൻ എന്ന നിലയിൽ പ്രവർത്തിക്കുന്ന മതപണ്ഡിതനാണ് ഷാമൻ. ഇയാൾ സ്വതന്ത്രനാണ്. എന്നാൽ, ഒരു സംഘത്തിന്റെ പ്രതിനിധിയായല്ല പ്രവർത്തിക്കുന്നത്. മിക്കവാറും ഒരു മുതിർന്ന ഷാമനിൽ നിന്നാണ് ഇയാൾ ഒരു ഷാമൻ ആയിത്തീരാനുള്ള പരിശീലനം നേടുന്നത്. പ്രകൃത്യതീതശക്തികളുമായി നേരിട്ടുബന്ധപ്പെട്ടും ഇയാൾക്ക് ഇത്തരം കഴിവുകൾ നേടാനാകുമെന്നാണ് വിശ്വാസം. രോഗങ്ങളുടെ കാരണം കണ്ടെത്തി ചികിൽസിക്കാൻ ഷാമന് അറിയാം. ആദിമസമൂഹങ്ങളിൽ 'മെഡിസിൻ മാൻ' എന്നും 'വിച്ച് ഡോക്ടർ' എന്നും ഇയാൾ അറിയപ്പെട്ടിരുന്നു. എല്ലാതരത്തിലുമുള്ള രോഗങ്ങൾക്കും ഷാമൻ ശുശ്രൂഷകനാണ്. ഷാമൻ ആകുന്നതിന് സ്ത്രീപുരുഷ ഭേദമില്ല. കാലാവസ്ഥാനിർണയം, വേട്ടമൃഗങ്ങളെ കണ്ടെത്തൽ തുടങ്ങിയവയിൽ പ്രാവീണ്യമുള്ളവരും ഇവർക്കിടയിലുണ്ട്.

പുരോഹിത/പുരോഹിതൻ: ഒരു സമുദായത്തിന്റെ പ്രതിനിധിയായി പ്രവർത്തിക്കുന്ന പൂർണസമയവും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്ന മതവിദഗ്ധനാണ് പുരോഹിത/ൻ. ഇവർക്ക് സാധാരണഗതിയിൽ സമുദായത്തിന്റെയും വിശ്വാസികളുടെയും പൂർണപിന്തുണ ഉണ്ടായിരിക്കും. ദീർഘകാലം ഒരു മതസ്ഥാപനത്തിൽ പരിശീലനം ലഭിച്ചവരാണിവർ. ചിലപ്പോൾ പ്രാർഥനകൾ, നേർച്ചകൾ, ബലിനൽകൽ തുടങ്ങിയ മാർഗങ്ങളിലൂടെ പുരോഹിതർ അവർ വിശ്വസിക്കുന്ന പ്രകൃത്യതീതമെന്ന ശക്തികളോട് സഹായം അഭ്യർഥിക്കാറുണ്ട്. ബഹുസംസ്കാരങ്ങൾ നിലനിൽക്കുന്ന സമൂഹങ്ങളിൽ പുരോഹിതർ സാധാരണമാണ്. എന്നാൽ താരതമ്യേന ചെറിയ സമൂഹങ്ങളിൽ മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നത് ഷാമൻ, ഗോത്രത്തലവൻ, കുടുംബത്തലവൻ എന്നിവരിലാരെങ്കിലുമാണ്.

മുൻകാല നരവംശശാസ്ത്രജ്ഞർ മതത്തെ ചരിത്രപരമായും സംസ്കാരവൈവിധ്യങ്ങളുടെ പശ്ചാത്തലത്തിലുമാണ് പരിശോധിക്കുന്നത്. മതത്തിന്റെ ചരിത്രപരമായ വിശകലനം

വിശ്വാസങ്ങളുടെ ഉദ്ഭവത്തിലേക്കും പരിണാമത്തിലേക്കും വെളിച്ചം വീശുന്നതാണ്. നമുക്കറിയാവുന്നതുപോലെ കുടുംബം, ബന്ധുത്വം മുതലായ എല്ലാ സാമൂഹികസ്ഥാപനങ്ങളും മനുഷ്യചിന്തകളുടെ പ്രതിഫലനങ്ങളാണ്. പ്രകൃതിയിലെ പ്രതിഭാസങ്ങളെക്കുറിച്ച് അറിയാനുള്ള ആഗ്രഹം ആദിമമനുഷ്യർക്കുണ്ടായിരുന്നു. അത്തരം പ്രതിഭാസങ്ങളെ പ്രകൃത്യതീതശക്തികളായി കാണാനും അവയെ ആരാധിക്കാനും തുടങ്ങി. മതപരമായ വിശ്വാസങ്ങൾ എങ്ങനെയാണ് പ്രകൃത്യതീതശക്തികളിൽ നിന്ന് ഉദ്ഭവിച്ചതെന്നും ആധുനികകാലഘട്ടത്തിലെ മതമായി അവ പരിണമിച്ചത് എങ്ങനെയെന്നും നമുക്ക് പരിശോധിക്കാം.

IV. മതത്തിന്റെ ഉദ്ഭവം (Origin of Religion)

ഏകദേശം 60000 വർഷങ്ങൾക്കു മുൻപുതന്നെ മനുഷ്യർ മൃതദേഹങ്ങൾ സംസ്കരിച്ചിരുന്നതായി നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ആയുധങ്ങൾ, വസ്ത്രങ്ങൾ, ഭക്ഷണം, അരുമയായി വളർത്തുന്ന മൃഗങ്ങൾ എന്നിവയെയും മൃതദേഹത്തോടൊപ്പം സംസ്കരിച്ചിരുന്നു. ചുവടെ കൊടുത്തിരിക്കുന്ന വസ്തുതകളിൽനിന്നു ആദിമമതവിശ്വാസങ്ങളെ സംബന്ധിച്ച് ഏതെല്ലാം അനുമാനങ്ങളിലെത്തിച്ചേരാം?

- എന്തുകൊണ്ട് മൃതദേഹങ്ങൾ സംസ്കരിച്ചു? (അതിനു മുൻപ് മൃതദേഹങ്ങൾ ഉപേക്ഷിക്കുകയായിരുന്നു.)
- മൃതദേഹത്തോടൊപ്പം ഭക്ഷണപദാർഥങ്ങൾ, ആയുധങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ അടക്കം ചെയ്തിരുന്നത് എന്തിനാണ്?

മരണം ജീവിതത്തിന്റെ അവസാനവാക്കല്ലെന്ന് ആദിമമനുഷ്യർ ഒരുപക്ഷേ ചിന്തിച്ചിട്ടുണ്ടാവാം. പുനർജന്മത്തിൽ അവർ വിശ്വസിച്ചിരിക്കാം. സ്വാഭാവികമായും മരിച്ച വ്യക്തിയെ അയാളുടെ അഭാവത്തിൽ ഭയഭക്തിയോടെ മനുഷ്യർ കാണാൻ തുടങ്ങിയിട്ടുണ്ടാവാം. ക്രമേണ ഇവ ആദിമ മതവിശ്വാസത്തിന്റെ ഉദ്ഭവമായി മാറി.

ഏതാണ്ടെല്ലാ ജനതയുടെയും വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ മതപരമായ ജീവിതത്തിൽ പ്രതിഫലിച്ചുകാണാം. വിശ്വാസങ്ങൾ മാത്രമായി മതം നിലനിൽക്കില്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും അതിന് ചാലകശക്തിയായി വർത്തിക്കുന്നു. ചില മതങ്ങൾ വിശ്വസിക്കുന്നത് പ്രകൃത്യതീതശക്തികൾ അമൂർത്തമാണെന്നും അവ അനുഭവിക്കാൻ മാത്രമേ സാധിക്കുകയുള്ളൂവെന്നുമാണ്. ചിലരാകട്ടെ, പ്രകൃത്യതീതശക്തികൾക്ക് നിശ്ചിത രൂപമുണ്ടെന്നും അവ ചില ബിംബങ്ങളായിരിക്കുമെന്നും കരുതുന്നു. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നരവംശശാസ്ത്രജ്ഞർ മതത്തെ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം വിശദീകരിക്കുന്നുണ്ട്.

സർവജീവത്വവിശ്വാസം (Animism): ഇ. ബി. ടെയ്‌ലറുടെ കാഴ്ചപ്പാടിൽ എല്ലാ മതത്തിന്റെയും അടിസ്ഥാനം ആനിമിസമാണ്. 'ആനിമ' എന്ന ലാറ്റിൻവാക്കിന്റെ അർഥം 'ആത്മാവ്' എന്നാണ്. അതായത് ആത്മാവിലുള്ള വിശ്വാസമാണ് ആനിമിസം. ജീവനുള്ളവയ്ക്കു മാത്രമല്ല, ജീവനില്ലാത്തവയ്ക്കും ആത്മാവുണ്ടെന്ന വിശ്വാസമാണത്. ഈ പ്രകൃത്യതീതശക്തികളെ ജീവചൈതന്യം, പ്രേതം, ദൈവം എന്നിങ്ങനെ പരാമർശിക്കുന്നു. മനുഷ്യരെപ്പോലെ അവയ്ക്കും പ്രവർത്തിക്കാനാവുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. അവയ്ക്കും ബോധവും ഇച്ഛാശക്തിയും വികാരവിചാരങ്ങളുമുണ്ടെന്നും അത്തരം ജീവചൈതന്യങ്ങൾ വെള്ളത്തിലും കല്ലിലും മരങ്ങളിലും ജീവനുള്ള എല്ലാ വസ്തുക്കളിലും കുടികൊള്ളുന്നുവെന്നും കരുതിപ്പോന്നു.


മിക്ക ഗോത്രസമൂഹങ്ങളിലും കണ്ടുവരുന്ന ആനിമിസരൂപമാണ് പൂർവികാരാധന. കുടുംബത്തിന്റെയും ഗ്രാമത്തിന്റെയും ദേവത എന്ന നിലയിലാണ് മധ്യേന്ത്യയിലെ സാന്താൾ വിഭാഗം പൂർവികരെ ആരാധിക്കുന്നത്. പശ്ചിമേന്ത്യയിലെ ഭീൽസിന്റെ വിശ്വാസം മരണാനന്തരം

ആത്മാവ് ജീവചൈതന്യമായി നിലനിൽക്കുന്നുവെന്നും അവ മലകൾ, അരുവികൾ, കാടുകൾ എന്നിങ്ങനെയുള്ള ജീവചൈതന്യങ്ങളായി ശിക്ഷിക്കാനും രക്ഷിക്കാനും ശേഷിയുള്ള ആനിമ ആകുന്നുവെന്നുമാണ്. കേരളത്തിലെ മലയരയസമുദായം പൂർവികരുടെ ആത്മാവിനെ ദേവതാസങ്കൽപ്പമായാണ് കാണുന്നത്. പൂർവികരുടെ ആത്മാക്കൾ ദൈവരൂപത്തിൽ കുടുംബത്തെ സംരക്ഷിക്കുമെന്ന് അവർ കരുതുന്നു.

ഇ. ബി. ടെയ്ലറുടെ 'പ്രിമിറ്റീവ് കൾച്ചർ' (1871) എന്ന പുസ്തകത്തിൽ മതം ആനിമിസം, ബഹുദൈവവിശ്വാസം, ഏകദൈവവിശ്വാസം എന്നീ ഘട്ടങ്ങളിലൂടെയാണ് പരിണമിച്ചതെന്ന് വിവരിക്കുന്നു.

ആനിമിസം → ബഹുദൈവവിശ്വാസം → ഏകദൈവവിശ്വാസം

സമസ്തചൈതന്യവിശ്വാസം (Animatism): ആർ. ആർ. മാരറ്റിന്റെ അഭിപ്രായത്തിൽ, ആനിമാറ്റിസമാണ് മതത്തിന്റെ പ്രാഥമികരൂപം. ജീവനുള്ളതോ അല്ലാത്തതോ ആയ വസ്തുക്കളിൽ കുടികൊള്ളുന്ന അദൃശ്യശക്തിയിലുള്ള വിശ്വാസമാണ് ആനിമാറ്റിസം. ഇത്തരം അദൃശ്യശക്തികൾക്ക് മനുഷ്യനെ സ്വാധീനിക്കാനും ചില സാഹചര്യങ്ങളിൽ നിയന്ത്രിക്കാനും സാധിക്കുമെന്നാണ് വിശ്വാസം. മനുഷ്യപരിണാമത്തിന്റെ പിന്നീടുള്ള കാലങ്ങളിലാണ് ആത്മാവ് തുടങ്ങിയ ജീവചൈതന്യങ്ങളെ ദൈവികചിന്തകളിൽ ഉൾപ്പെടുത്തിയത് എന്നാണ് അദ്ദേഹം പറയുന്നത്. ആനിമാറ്റിസത്തിനു ശേഷമാണ് ആനിമിസം രൂപമെടുത്തത് എന്ന് മാരറ്റ് വാദിക്കുന്നു.



ചിത്രം 9.4 - ഒരു പോളിനേഷ്യൻ കൊത്തുപണി: ആത്മാക്കൾക്ക് ഏതു വസ്തുക്കളിലും കുടിയിരിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. എച്ച്.ടി.ടി.പി.//കോമൺസ് വിക്കിമീഡിയ ഒ.ആർജി.)

മതവിശ്വാസം (Manaism): ആനിമാറ്റിസം പ്രകാരം അദൃശ്യവും നിഗൂഢവുമായ ശക്തികൾ നിലനിൽക്കുന്നു. മലിനേഷ്യക്കാരും പോളിനേഷ്യക്കാരും അതിനെ 'മന' എന്നു വിളിക്കുന്നു. 'മന' എന്ന ശക്തിക്ക് വ്യക്തികളിലും സ്ഥലങ്ങളിലും മൃഗങ്ങളിലും, സസ്യങ്ങളിലും ജീവനില്ലാത്ത വസ്തുക്കളിലും കുടികൊള്ളാൻ ശേഷിയുണ്ടെന്ന് കരുതുന്നു. മന അധിവസിക്കുന്ന തോതിനനുസരിച്ച് വ്യക്തികൾക്ക് അതത് സമൂഹത്തിൽ വിജയം സാധ്യമാകുമെന്ന് അവർ വിശ്വസിക്കുന്നു. ഒരു വ്യക്തിക്ക് പല രീതിയിലും മന ആർജിച്ചെടുക്കൻ കഴിയും. അത് വിജയത്തിന് കാരണമാണെന്നാണ് വിശ്വാസം. മന ഉൾക്കൊള്ളുന്ന ഒരു വസ്തുവിന് ജനങ്ങളുടെ ഭാഗ്യം നിർണയിക്കാൻ സാധിക്കുമെന്നാണ് വിശ്വാസം. ഉദാഹരണമായി, ഒരാൾ തന്റെ കൃഷിയിടത്തിൽ ഒരു പാറക്ഷണം സ്ഥാപിക്കുകയും അടുത്ത ദിവസം നാടകീയമായി അവിടത്തെ വിളവ് വർധിക്കുകയും ചെയ്യുന്നു. ഇതിനു കാരണം കൃഷിയിടത്തിൽ സ്ഥാപിച്ച പാറയിൽ കുടികൊള്ളുന്ന മനയുടെ വിശുദ്ധശക്തിയാണെന്നാണ് വിശ്വാസം.

മലിനേഷ്യക്കാരും പോളിനേഷ്യക്കാരും മനയിൽ വിശ്വസിക്കുന്നുവെങ്കിലും അവരുടെ വിശ്വാസങ്ങളിലെ പ്രയോഗത്തിൽ ചില വ്യത്യാസങ്ങൾ കാണാം. മന ആർജിച്ചെടുക്കാൻ കഴിയുമെന്നാണ് മലിനേഷ്യക്കാർ വിശ്വസിക്കുന്നതെങ്കിൽ അത് പാരമ്പര്യമായി ലഭിക്കുന്നതാണെന്നാണ് പോളിനേഷ്യക്കാർ കരുതുന്നത്. 'മന' വിജയത്തിന്റെ പ്രധാന കാരണമാണെന്ന് ഇവർ

രണ്ടു കൂട്ടരും വിശ്വസിക്കുന്നു. എന്നാൽ പോളിനേഷ്യക്കാരുടെ വിശ്വാസപ്രകാരം അത് അപകടകാരികൂടിയാണ്. ഒരു വ്യക്തിയിൽ നിന്നോ വസ്തുവിൽനിന്നോ മറ്റൊന്നിലേക്ക് വൈദ്യുതിപോലെ പ്രവഹിക്കുന്നതാണ് മന എന്ന് പോളിനേഷ്യൻ സമൂഹം വിശ്വസിക്കുന്നു. സാധാരണജനങ്ങളേക്കാൾ രാജാക്കന്മാരിലും കുലീനകുടുംബങ്ങളിലുള്ളവരിലും ഉയർന്ന അളവിൽ മന ഉണ്ടെന്നും അവർ വിശ്വസിക്കുന്നു. കുലീനകുടുംബങ്ങളുമായുള്ള സാധാരക്കാരുടെ ബന്ധം അപകടകരമാണെന്നും ഒരു രാജാവ് പോകുന്ന വഴികളിലൊക്കെ മന ഉണ്ടാകുമെന്നും ഈ വഴികളിലൂടെ പോയാൽ സാധാരണക്കാർക്ക് അപകടം സംഭവിക്കുമെന്നും അവർ കരുതുന്നു. ഉയർന്ന അളവിൽ മന കുടികൊള്ളുന്നതുകൊണ്ട് കുലീനകുടുംബത്തിലെ അംഗങ്ങളുമായി സാധാരണക്കാർക്കുള്ള ബന്ധം വിലക്കപ്പെട്ടതായി കണക്കാക്കുന്നു.

വടക്കേ അമേരിക്കയിലെയും ആഫ്രിക്കയിലെയും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെയും ഗോത്ര സമൂഹങ്ങൾക്കിടയിൽ മനയിലുള്ള വിശ്വാസം വ്യത്യസ്തരൂപങ്ങളിൽ നിലനിൽക്കുന്നു.



ചിത്രം 9.5 മനയിലുള്ള വിശ്വാസം. മനുഷ്യർ അവരുടെ ആവശ്യങ്ങൾ വിശ്വസിച്ചാശ്രയിക്കുന്നു. ഇതൊരു സർവ വ്യാപക പ്രതിഭാസമാണ്. ചെടികൾ, മനുഷ്യർ, ജന്തുക്കൾ തുടങ്ങി ഏത് വസ്തുവിലും മന എന്ന ഈ ശക്തി ആരോപിക്കപ്പെടുന്നു. ഇത്തരം 'മന' ആരോപിക്കപ്പെട്ട തലയോടുമായി നിൽക്കുന്ന മലേഷ്യയിലെ ഇബാൻ ഗോത്രാംഗമാണ് ചിത്രത്തിൽ. (ഉറവിടം. കൊട്ടാക്ക്, 2002 പി.490)

ബോംഗാവിശ്വാസം (Bongaism): ഒരു വസ്തുവിൽ കുടികൊള്ളുന്നു എന്നു കരുതുന്ന പ്രകൃത്യതീതശക്തിയാണ് മന. മുണ്ട, ഹോ തുടങ്ങി ഛോട്ടാനാഗ്പൂരിലെ ആദിവാസികൾക്കിടയിലും മനയിലുള്ള വിശ്വാസം കണ്ടുവരുന്നുണ്ട്. ഈ ശക്തികളെയും ഗുണങ്ങളെയും സൂചിപ്പിക്കാനായി അവർ ബോംഗ എന്ന പദമാണ് ഉപയോഗിക്കുന്നത്. ഒരു വ്യക്തിയുടെ കൈവശമുള്ള 'ബോംഗ'യുടെ ശക്തിയനുസരിച്ചാണ് വ്യക്തികളുടെ അധികാരവും അന്തസ്സും വ്യത്യാസപ്പെട്ടിരിക്കുന്നതെന്നാണ് അവരുടെ വിശ്വാസം.

പ്രകൃത്യാരാധന (Naturalism): മതത്തിന്റെ ആദ്യരൂപം പ്രകൃത്യാരാധന ആണെന്ന് മാക്സ് മുള്ളർ വാദിക്കുന്നു. പ്രകൃതിവസ്തുക്കളെ ഭയഭക്തിബഹുമാനങ്ങളോടുകൂടിയാണ് ആദിമമനുഷ്യൻ സമീപിച്ചത്. മരങ്ങളെയും പുഴകളെയും മലകളെയും മറ്റു പ്രകൃതി വസ്തുക്കളെയും അവർ ആരാധിക്കാൻ തുടങ്ങി. സൂര്യോദയം, അസ്തമയം, ഇടിമിന്നലോടുകൂടിയ മഴ, മരങ്ങൾ പുഷ്പിക്കുന്നതും കായ്കനികൾ ഉണ്ടാകുന്നതും, ഋതുക്കളിലുള്ള മാറ്റങ്ങൾ, രാത്രി, പകൽ എന്നിവ ഉണ്ടാകുന്നത് എന്നിങ്ങനെ പ്രകൃതിയിലുള്ള പ്രതിഭാസങ്ങളെ ആദിമമനുഷ്യർ അദ്ഭുതത്തോടുകൂടിയാണ് വീക്ഷിച്ചത്. ആസാമിലെ ഖാരോ ആദിവാസിവിഭാഗം സൂര്യനെയും ചന്ദ്രനെയും ആരാധിക്കുന്നവരാണ്. മുണ്ട ജനതയാകട്ടെ, സൂര്യാരാധന നടത്തുന്ന സമുദായമാണ്. പ്രകൃത്യാരാധന വഴി ബഹുദൈവവിശ്വാസത്തിലേക്കും തുടർന്ന് ഏകദൈവവിശ്വാസത്തിലേക്കും മതവിശ്വാസം പരിണമിച്ചുവെന്ന് മാക്സ് മുള്ളർ അഭിപ്രായപ്പെടുന്നു.

പ്രകൃത്യാരാധന → ബഹുദൈവവിശ്വാസം → ഏകദൈവവിശ്വാസം

കുലചിഹ്നവിശ്വാസം (Totemism): ഗോത്രമതവിശ്വാസങ്ങളുടെ പ്രത്യേകതയാണ് കുലചിഹ്നം (Totem). ഗോത്രത്തിന്റെ പ്രത്യേക ഉപവിഭാഗമായ കുലത്തിന്റെ ഉദ്ഭവത്തിനു കാരണം കുലചിഹ്നമാണെന്നും വിശ്വസിക്കുന്നു. കുലചിഹ്നത്തിൽ വിശ്വസിക്കുന്നവർ അതിലുൾപ്പെടുന്ന ജീവജാലങ്ങളെ ഉപദ്രവിക്കുന്നതിലും കൊല്ലുന്നതിലും തിന്നുന്നതിലും വിലക്ക് (Taboo) ഏർപ്പെടുത്തിയിട്ടുണ്ട്. ഗോത്രസമൂഹങ്ങൾ കുലചിഹ്നത്തെ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ്. രക്തബന്ധുത്വമുള്ളതുകൊണ്ട് ഒരേ കുലചിഹ്നത്തിൽ വിശ്വസിക്കുന്നവർ തമ്മിൽ വിവാഹം ചെയ്യാറില്ല.



ചിത്രം 9.6 - ലോകത്തിലെ ഏറ്റവും നീളമുള്ള വിക്ടോറിയയിലെ കുലചിഹ്നസ്തൂപം.(ഉറവിടം.എച്ച്.ടി. ടി.പി./വിക്കിബുക്സ്.ഒ.ആർ.ജി.)

ആസ്ട്രേലിയൻ ഗോത്രസമൂഹങ്ങൾ ചെറുകൂട്ട (Band) ങ്ങളായാണ് ജീവിക്കുന്നത്. ഓരോ ചെറുകൂട്ടത്തിനും ഒരു മൃഗമോ വൃക്ഷമോ മറ്റേതെങ്കിലും വസ്തുക്കളോ കുലചിഹ്നമായുണ്ട്. അവരുടെ പൂർവികർ ഈ കുലചിഹ്നത്തിൽനിന്നാണ് ഉദ്ഭവിച്ചതെന്നാണ് വിശ്വാസം. അവർ ഈ കുലചിഹ്നത്തെ കൊല്ലുകയോ തിന്നുകയോ ഇല്ല. ആസ്ട്രേലിയൻ ഗോത്രസമൂഹങ്ങളാണ് ഏറ്റവും 'പ്രാക്തനമായത്' എന്നതിനാൽ ടോട്ടത്തിലുള്ള വിശ്വാസമാണ് (ടോട്ടമിസം) മതത്തിന്റെ പ്രാഥമിക രൂപമെന്ന് എമിൽ ദുർഖൈം വാദിക്കുന്നു. ദുർഖൈമിന്റെ അഭിപ്രായത്തിൽ, ജനങ്ങൾ കുലചിഹ്നത്തെ ആരാധിക്കുമ്പോൾ അവർ അവരുടെ സമൂഹത്തെ തന്നെയാണ് ആരാധിക്കുന്നത്. കുലചിഹ്നം ആ സമൂഹത്തിന്റെ സമൂഹമുദ്രയായി പരിഗണിച്ചുപോരുന്നു.

പൂർവികാരാധന (Ancestor Worship) : പൂർവികരോടുള്ള ഭയഭക്തിബഹുമാനങ്ങളിൽ നിന്നാണ് മതം ഉദ്ഭവിച്ചതെന്ന് ഹെർബെർട്ട് സ്പെൻസർ എന്ന തത്ത്വചിന്തകൻ വാദിക്കുന്നു. സ്വപ്നാനുഭവങ്ങളിലൂടെ കടന്നുവന്ന പ്രേതങ്ങളിലും യക്ഷികളിലുമുള്ള വിശ്വാസത്തിലൂടെയാണ് പൂർവികാരാധനയുടെ തുടക്കമെന്ന് അദ്ദേഹം പറയുന്നു. പൂർവികരുടെ പ്രേതങ്ങൾ പിന്നീട് ദൈവങ്ങളായി പരിണമിച്ചെന്നും അവരുടെ ആത്മാക്കൾ കുടുംബങ്ങളിലെയും ഗോത്രങ്ങളിലെയും അംഗങ്ങളെ സംരക്ഷിക്കുമെന്നും വിശ്വസിച്ചു.

V. വിശുദ്ധി, ലൗകികത എന്നീ ആശയങ്ങൾ (Concept of Sacred and Profane)

ദുർഖൈം 'എലിമെന്ററി ഫോം ഓഫ് റിലിജിയസ് ലൈഫ്' എന്ന പ്രശസ്തമായ പുസ്തകത്തിൽ മതവുമായി ബന്ധപ്പെട്ട രണ്ട് ആശയങ്ങൾ വ്യക്തമാക്കുന്നു. വിശുദ്ധി, ലൗകികത എന്നീ ആശയങ്ങൾ പ്രാക്തനമതപഠനത്തിൽ വ്യാപകമായി ചർച്ചചെയ്യുന്നുണ്ട്. മതത്തെ മനസ്സിലാക്കുന്നതിൽ ഈ രണ്ട് ആശയങ്ങൾക്കും വലിയ പ്രാധാന്യമാണുള്ളത്.

'സേക്രസ്' എന്ന ഫ്രഞ്ച് വക്കിൽ നിന്നാണ് സേക്രഡ് എന്ന വാക്കിന്റെ ഉദ്ഭവം. മതപരമായി വിശുദ്ധിയുള്ളത് എന്നാണിത് അർഥമാക്കുന്നത്. പ്രകൃത്യതീതശക്തികൾ പരിപാവനമാണെന്നു കരുതുന്നതിനാൽ അവയെ വിശുദ്ധമായി കണക്കാക്കപ്പെടുന്നു. ദുർഖൈമിന്റെ അഭിപ്രായത്തിൽ, മതത്തിൽ വിശുദ്ധമായ വിശ്വാസങ്ങളേ ഉള്ളൂ. ദൈവത്തെയും ദേവതകളെയും പരാമർശിക്കുന്ന വിശ്വാസം യഥാർഥത്തിൽ സമൂഹത്തെത്തന്നെ പ്രതിനിധീകരിക്കുന്നു. പവിത്രത നന്മയെ മാത്രമല്ല, തിന്മയെയും ഉൾക്കൊള്ളുന്നു. സാമൂഹികയാഥാർഥ്യത്തിന്റെ മോശമായ തലങ്ങളെ പ്രതിനിധീകരിക്കാൻ അവ അനിവാര്യമാണ്. ഇതിനെ നിത്യജീവിതത്തിന്റെ തലങ്ങളുമായി ബന്ധപ്പെട്ട അവിശുദ്ധതയിൽ നിന്ന് മാറ്റിനിർത്തേണ്ടതുണ്ട്. എല്ലാ സമൂഹങ്ങളിലും വിശുദ്ധമായ വിശ്വാസങ്ങളും ആചാരങ്ങളും ചിഹ്നങ്ങളുമുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അവ ലൗകികതയുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ നിന്ന് നേർവിപരീതമാണെന്നും നിരീക്ഷിക്കുന്നു.

'പ്രൊഫേൻ' എന്ന വാക്കിന് ലൗകികത എന്നാണർഥം. അതുകൊണ്ടുതന്നെ അവ ഇഹലോകവുമായി ബന്ധപ്പെട്ടവയാണ്. ദുർഖൈമിന്റെ അഭിപ്രായത്തിൽ മതം പരിപാവനമായ കാര്യങ്ങളെയാണ് പരാമർശിക്കുന്നത്. എന്നാൽ മന്ത്രവാദമാകട്ടെ, ലൗകികതയുടെ ഭാഗമാണ്. ലൗകികമായ വിശ്വാസങ്ങളും ആചാരങ്ങളും വിശുദ്ധമല്ല, അതുകൊണ്ടുതന്നെ അത് മതത്തിന്റെ ഭാഗവുമല്ല.

VI. വിലക്കുകൾ (Taboo)

'ടാബൂ' (Taboo) എന്നത് ഒരു പോളിനേഷ്യൻ വാക്കാണ്. അരുതായ്മ അഥവാ വിലക്കപ്പെട്ടത് എന്നാണ് ഇതിനർഥം. പല പ്രവർത്തനങ്ങളിൽ നിന്ന് മനുഷ്യരെ ഇത് തടയുന്നു. അരുതായ്മകളെ അനുസരിക്കാത്തത് ഒരു കുറ്റമല്ല, പാപമായാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ട് വിലക്കുകൾ ലംഘിക്കുന്നവരെ സമൂഹമോ ഭരണകൂടമോ ശിക്ഷിക്കുന്നില്ല. എന്നാൽ, ഇതുവഴി അവരുടെ മനസ്സാക്ഷി നീറിക്കൊണ്ടേയിരിക്കും. അരുതായ്മകളുടെ ശക്തി നിയമത്തേക്കാൾ ഉപരിയാണ്. അരുതായ്മകളെ ഭയക്കുന്നതു പോലെ ജനങ്ങൾ നിയമത്തെ ഭയക്കുന്നില്ല. നിയമം സൃഷ്ടിക്കുന്നത് രാജ്യമാണ്. എന്നാൽ അരുതായ്മകൾക്ക് പിന്നിൽ മതത്തിന്റെ വിലക്കുകളാണ്. അതുകൊണ്ടുതന്നെ അരുതായ്മകളെ സമൂഹം കർശനമായി അനുസരിക്കുന്നു. ഇത് പാലിക്കാതിരുന്നാൽ ദൈവകോപമുണ്ടാകുമെന്നും വിശ്വസിക്കുന്നു.

മതവിശ്വാസത്തിന്റെ ഭാഗമായി ജനങ്ങൾ നിരവധി ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും നടത്തുന്നു. പലപ്പോഴും ഇത്തരം അനുഷ്ഠാനങ്ങൾ പ്രയാസമേറിയതായിരിക്കും. പ്രയാസകരമായിരുന്നിട്ടും ഇത്തരം ആചാരങ്ങൾ അനുഷ്ഠിക്കുന്നത് എന്തുകൊണ്ടാണ്? നിശ്ചയമായും, ഇതുവഴി മികച്ച നേട്ടമുണ്ടാകുമെന്ന് അവർ വിശ്വസിക്കുന്നു. വിശ്വാസികളുടെ ആഗ്രഹങ്ങൾക്കനുസരിച്ച് മതം പല ധർമങ്ങളും നിർവഹിക്കേണ്ടതുണ്ട്.



മലിനോവ്സ്കിയുടെ അഭിപ്രായത്തിൽ, മതം എന്ന നിലയിൽ നിലനിൽക്കുന്നതല്ല, അത് സമൂഹത്തിൽ എന്തുചെയ്യുന്നു എന്നതാണ് മതത്തിന്റെ സത്ത. സാമൂഹിക സംഘാടനത്തിന്റെ മൗലികപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള വഴിയാണ് മതസംവിധാനമെന്ന് റെയ്മണ്ട് ഫർത്ത് എഴുതുന്നു. ഇത് അനിശ്ചിതത്വം, ആകാംക്ഷ എന്നിവ കുറച്ച് മനുഷ്യബന്ധങ്ങളിൽ അടുപ്പം വർധിപ്പിക്കുകയും മനുഷ്യപ്രയത്നത്തിന് അർഥം നൽകുകയും, ധാർമിക കടമകൾക്ക് നീതീകരണം നൽകുകയും ചെയ്യുന്നു. (ഫർത്ത്. 1967 പേജ് 250)

VII. മത ധർമങ്ങൾ (Functions of Religion)

വ്യക്തിപരവും സാമൂഹികവുമായ പല ധർമങ്ങളും മതം നിർവഹിക്കുന്നു. സാമൂഹിക നന്മകളായ സത്യം, അഹിംസ, സേവനമനോഭാവം, സ്നേഹം, അച്ചടക്കം, സത്യസന്ധത തുടങ്ങിയവയെ അത് പ്രോൽസാഹിപ്പിക്കുന്നു. മതവിശ്വാസികൾ ഇത്തരം നന്മകൾ പിന്തുടരുകയും സമൂഹത്തിൽ അച്ചടക്കമുള്ള പൗരരായിത്തീരുകയും ചെയ്യുന്നു. മതത്തിന്റെ പ്രധാനധർമങ്ങളിൽ ചിലത് ചുവടെ കൊടുത്തിരിക്കുന്നു.

1. **മതം വിശദീകരണം നൽകുന്നു:** മതത്തിന് വ്യാഖ്യാനപരമായ ധർമമുണ്ട്. വ്യക്തിജീവിതത്തിനും സാമൂഹികജീവിതത്തിനും മതം വിശദീകരണം നൽകുന്നു. പ്രപഞ്ചം എങ്ങനെയാണുദ്ഭവിച്ചത്, മനുഷ്യർ എന്തുകൊണ്ടാണ് രോഗംമൂലം യാതനയനുഭവിക്കുന്നതും മരിക്കുന്നതും തുടങ്ങിയ കാര്യങ്ങൾ മനുഷ്യനെ അദ്ഭുതപ്പെടുത്തുന്നവയാണ്. ഓരോ സമൂഹത്തിനും അവരുടെ മതവിശ്വാസങ്ങൾക്കനുസരിച്ച് ഇത്തരം പ്രതിഭാസങ്ങൾക്ക് വിശദീകരണം നൽകാൻ കഴിയും. ജീവിതത്തിൽ അസാധാരണങ്ങളും നിർഭാഗ്യകരങ്ങളുമായ പ്രതിസന്ധികൾ നേരിടുന്ന സന്ദർഭങ്ങളിൽ ഇത് ജനങ്ങളെ തൃപ്തിപ്പെടുത്തുന്നു.
2. **മതം സാധൂകരണം നൽകുന്നു:** മതത്തിന് സാധൂകരണധർമമുണ്ട്. എല്ലാ സംസ്കാരങ്ങളിലും മതവിശ്വാസവും പ്രയോഗവും പ്രധാനപ്പെട്ടതാണ്. മനുഷ്യന്റെ ആചാരങ്ങളെയും വിശ്വാസങ്ങളെയും മൂല്യങ്ങളെയും മതം സാധൂകരിക്കുന്നു. ജനങ്ങൾ ചില കാര്യങ്ങൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നത് എന്തുകൊണ്ട് എന്നതിന് അത് സാധൂകരണം നിൽകുന്നു.
3. **മതം മനശ്ശാന്തി നൽകുന്നു:** പ്രതിസന്ധിഘട്ടങ്ങളിൽ ഉണ്ടാകുന്ന ഭയം, ഉൽക്കണ്ഠ എന്നിവ തരണംചെയ്യാൻ സഹായിക്കുകവഴി മതം മനശ്ശാസ്ത്രപരമായ ധർമം നിർവഹിക്കുന്നു. ജീവിതത്തിൽ ജനനം, ഋതുമതിയാകൽ, വിവാഹം, ഗർഭധാരണം, മരണം തുടങ്ങിയ സന്ദർഭങ്ങളിൽ ഇത്തരം പ്രതിസന്ധികൾ ഉണ്ടാകാറുണ്ട്. മതത്തിന്റെ വിശ്വാസങ്ങൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ പങ്കുവയ്ക്കുക വഴി ജീവിതത്തിൽ സുരക്ഷിതബോധം അനുഭവപ്പെടും.
4. **മതം ഐക്യപ്പെടുത്തുന്നു:** സാമൂഹികമായ ഐക്യപ്പെടുത്തൽ മതത്തിന്റെ മറ്റൊരു പ്രധാന ധർമമാണ്. ഒരേ മതവിശ്വാസങ്ങളും ഒരേ മതാചാരങ്ങളും ഒരു സമൂഹത്തിലെ വ്യക്തികളെ കൂട്ടിയോജിപ്പിക്കുന്ന വസ്തുതകളാണ്. പൊതുവായ വിശ്വാസങ്ങൾ, വികാരങ്ങൾ, ആരാധന, അനുഷ്ഠാനങ്ങൾ തുടങ്ങിയവ ഐക്യവും സാഹോദര്യവും ശക്തിപ്പെടുത്തുന്നു. എന്നാൽ വ്യത്യസ്തമതവിഭാഗങ്ങൾ തമ്മിലുള്ള കിടമൽസരം ഇതിനൊരപവാദമാണ്.
5. **മതം സാമൂഹികനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു:** എല്ലാ മതങ്ങളും അതിലെ അംഗങ്ങൾക്ക് പൊതുവായ പെരുമാറ്റച്ചട്ടങ്ങൾ നിർദേശിക്കുന്നു. ശരി - തെറ്റ്, നല്ലത് - ചീത്ത തുടങ്ങിയ ആശയങ്ങൾ വഴി മതം സാമൂഹികജീവിതത്തെ നിയന്ത്രണവിധേയമാക്കുന്നു. വ്യക്തികളുടെ ശരിയായ പ്രവർത്തനങ്ങൾ അവർ വിശ്വസിക്കുന്ന പ്രകൃത്യതീതശക്തികളെ തൃപ്തിപ്പെടുത്താനും അതുവഴി സമൂഹത്തിന്റെ അംഗീകാരം നേടാനുമാകുന്നു. അതുപോലെ തെറ്റായ കാര്യങ്ങൾ ചെയ്താൽ അവ പ്രകൃതിശക്തികളുടെ പ്രതികാരത്തിനോ ശിക്ഷയ്ക്കോ കാരണമാവുമെന്നും കരുതുന്നു. അനൗപചാരികാർഥത്തിൽ മതം

സാമൂഹികജീവിതത്തെ അർഥവത്തായ രീതിയിൽ ചിട്ടപ്പെടുത്തുന്നുവെന്ന് വേണം കരുതാൻ. അമ്പലങ്ങൾ, പള്ളികൾ, ഗുരുദ്വാരകൾ എന്നിവ വ്യക്തികളുടെ സ്വഭാവത്തെ വ്യത്യസ്ത തലങ്ങളിൽ നിയന്ത്രണവിധേയമാക്കുന്നവയാണ്.

പഠനപുരോഗതി വിലയിരുത്താം

1. ഭാഗികമായി മതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പണ്ഡിതരാണ് .....
2. ഷാമൻ - പുരോഹിത/ൻ എന്നിവർ തമ്മിലുള്ള വ്യത്യാസങ്ങളെഴുതുക.
3. മനായിസത്തിന്റെ മലിനേഷ്യൻ - പോളിനേഷ്യൻ ആശയങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ?
4. മുണ്ട, ഹോ തുടങ്ങിയ ആദിവാസികൾക്കിടയിൽ കാണപ്പെടുന്ന മനായിസത്തിനു തുല്യമായ ആശയം കണ്ടെത്തുക.
5. 'അരുതായ്മകൾ/വിലക്കുകൾ (ടാബൂ) നിയമത്തേക്കാളുപരിയായി കർശനമായി പാലിക്കപ്പെടുന്നു'. ഈ പ്രസ്താവനയെ ന്യായീകരിക്കുക.

VIII. മന്ത്രവാദം (Magic)

പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട എല്ലാ വിശ്വാസങ്ങളും മതവുമായി മാത്രം ബന്ധമുള്ളതാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ദുഷ്ടാത്മാക്കളെന്ന ശക്തിയിലും ചിലപ്പോൾ ജനങ്ങൾ വിശ്വസിക്കാറുണ്ട്. ശത്രുനിഗ്രഹത്തിന് അത്തരം ശക്തികളെ ഉപയോഗിക്കാമെന്നവർ കരുതുന്നു. പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട അത്തരം വിശ്വാസങ്ങൾ മതവിശ്വാസങ്ങളായി പരിഗണിക്കപ്പെടുന്നില്ല. നരവംശശാസ്ത്രജ്ഞർ ഇവയെ മന്ത്രവാദം (Magic) എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ശത്രുവിനെ ഉപദ്രവിക്കുക, നല്ല വിളവ് ലഭിക്കുക, രോഗങ്ങളിൽനിന്ന് സംരക്ഷിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങൾക്കായി അദൃശ്യമായ ശക്തികളെ നിയന്ത്രിക്കുന്നു എന്നു വിശ്വസിച്ച് പാരമ്പര്യമന്ത്രവാദികളാണ് മന്ത്രവാദം ചെയ്യുന്നത്.

മന്ത്രവാദം: അർഥവും നിർവചനവും

- മന്ത്രവാദത്തെ ആദ്യമായി നിർവചിച്ചവരിൽ ഒരാളാണ് ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞനായ സർ ജയിംസ് ഫ്രെയ്സർ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രകൃത്യതീതശക്തികളെന്നതിനെ നിയന്ത്രണവിധേയമാക്കിക്കൊണ്ട് ചില പ്രത്യേകലക്ഷ്യങ്ങൾ നേടിയെടുക്കാനായി തയാറാക്കുന്ന തന്ത്രങ്ങളാണ് മന്ത്രവാദം.
- ബ്രോണിസ്ലോ കാസ്പർ മാലിനോവ്സ്കി മറ്റൊരു നിർവചനം നിർദേശിക്കുകയുണ്ടായി. അതുപ്രകാരം, സാങ്കേതികവിദ്യകളും യുക്തമായ തന്ത്രങ്ങളും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ലാത്ത കാലഘട്ടത്തിൽ പ്രകൃതിയെ നിയന്ത്രിക്കാനായി വ്യക്തികൾ ഏർപ്പെടുന്ന അന്ധമായ പ്രവർത്തനങ്ങളും വിശ്വാസങ്ങളുമാണ് മന്ത്രവാദം. മലിനോവ്സ്കിയുടെ കാഴ്ചപ്പാടിൽ അനിശ്ചിതത്വങ്ങളിൽ ജനങ്ങളുടെ ഉൽക്കണ്ഠ ലഘൂകരിക്കാനുതകുന്നതാണ് മന്ത്രവാദം.

- മന്ത്രവാദം 'പുരാതനശാസ്ത്ര'മാണെന്നാണ് (Primitive Science) ഫ്രെയ്സറും മലിനോവ്സ്കിയും വാദിക്കുന്നത്. പ്രകൃതിയിലെ പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്നതിന് യുക്തമായ തന്ത്രങ്ങൾ തേടിയ കാലഘട്ടത്തിലാവാം മന്ത്രവാദം നിലവിൽവന്നത്.

ട്രോബ്രിയാന്റ് ദ്വീപുനിവാസികൾക്കിടയിലെ മന്ത്രവാദച്ചടങ്ങുകൾ നിരീക്ഷിച്ചിട്ടുള്ള മലിനോവ്സ്കി അത് തന്റെ 'ആർഗോനോട്സ് ഓഫ് വെസ്റ്റേൺ പെസിഫിക്' (1922) എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു. (താഴെ കൊടുത്ത വിവരണം കാണുക).



ട്രോബ്രിയാന്റ് ദ്വീപുനിവാസികൾക്കിടയിലെ മന്ത്രവാദപ്രവർത്തനങ്ങൾ

ട്രോബ്രിയന്റ് നിവാസികൾക്ക് അവരുടെ ചുറ്റുപാടുകൾ നന്നായറിയാം. അവർ വിവിധ വിളകൾ കൃഷിചെയ്യുന്നു. മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വിദഗ്ധമായി അവർ കൃഷിരീതികൾ ക്രമപ്പെടുത്തുന്നു. അവർ ചെറുതോണികൾ നിർമിച്ച് മീൻപിടിത്തത്തിനും വ്യാപാരാവശ്യത്തിനുമായി ദീർഘയാത്രകൾ ചെയ്യുന്നു. വളരെ ശ്രദ്ധയോടെ നിർമിച്ച 'യാനു' പൂന്തോട്ടം കൊറ്റുങ്കാറ്റ്, കനത്ത മഴ എന്നിവയാൽ നശിപ്പിക്കപ്പെട്ടേക്കാം. പെട്ടെന്നുണ്ടാകുന്ന കൊടുങ്കാറ്റിൽ അവരുടെ ചെറുതോണികൾ ഒലിച്ചുപോവുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തേക്കാം. അത്തരം സന്ദർഭങ്ങളിൽ പ്രകൃതിയെക്കുറിച്ചുള്ള ട്രോബ്രിയാന്റ് നിവാസികളുടെ അറിവ് പരിമിതമാണെന്നും അവ നിയന്ത്രണത്തിന് അതീതമാണെന്നും അവർ മനസ്സിലാക്കുന്നു. അവരുടെ പരിമിതമായ അറിവുകൾക്ക് അപ്രതീക്ഷിതമായെത്തുന്ന കൊടുങ്കാറ്റിന്റെ അപകടത്തിൽ നിന്ന് വിളകളെ സംരക്ഷിക്കാനോ നാവികവിദ്യയിലെ അവരുടെ പ്രാവീണ്യം കൊണ്ട് കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് സ്വയം രക്ഷിക്കാനോ സാധിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അത്തരം നിസ്സഹായസാഹചര്യങ്ങളിലെല്ലാം ട്രോബ്രിയാന്റ് ദ്വീപുനിവാസികൾ മന്ത്രവാദത്തെ ആശ്രയിച്ചിരുന്നു.

മലിനോവ്സ്കി, 'ആർഗോനോട്സ് ഓഫ് വെസ്റ്റേൺ പെസിഫിക്'- 1922

പല നരവംശശാസ്ത്രജ്ഞരും വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെയാണ് മന്ത്രവാദത്തെ വീക്ഷിക്കുന്നത്. മന്ത്രവാദവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുത്തിരിക്കുന്നു.

- "പ്രകൃത്യതീതശക്തികളെ നിയന്ത്രിക്കാൻ ശ്രമം നടത്തുന്ന ജനങ്ങളുടെ തന്ത്രമാണത്"
- "ഉദ്ദിഷ്ടകാര്യസാധ്യത്തിനായി പ്രകൃതിശക്തികളെ നിയന്ത്രിക്കാനുള്ള ശ്രമമാണത്".
- "പ്രകൃത്യതീതശക്തികളെ നിയന്ത്രിക്കാനും നിർദേശിക്കാനും ലക്ഷ്യം വയ്ക്കുന്ന അനുഷ്ഠാനങ്ങളാണവ"
- "പ്രകൃത്യതീതശക്തികളെ യാന്ത്രികമായി നിയന്ത്രിക്കാനുള്ള ഒരു ശ്രമമാണത്"



ചിത്രം 9.7 - ട്രോബ്രിയാന്റ് ദ്വീപ് നിവാസികൾ തോണി യാത്രയ്ക്കൊരുക്കുന്നു. പ്രവചനാതീതമായ കടൽയാത്രകൾ പോലുള്ള അനിശ്ചിതത്വവുമായി മന്ത്രവാദം ബന്ധപ്പെട്ടിരിക്കുന്നു. (ഉറവിടം. കൊട്ടാക്ക്. 2002- പേജ് 492)

പ്രകൃത്യതീതശക്തികളെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന വിശ്വാസങ്ങളും പ്രവർത്തനങ്ങളുമാണ് മന്ത്രവാദമെന്ന് മിക്ക നിർവചനങ്ങളും ഊന്നിപ്പറയുന്നു. നിങ്ങളുടെ ചുറ്റുപാടുകളിൽ മന്ത്രവാദങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിൽ ചില പ്രത്യേക രോഗങ്ങൾ തടയാമെന്നു കരുതി മന്ത്രവാദം ചെയ്യുകയും, കണ്ണേറ്, കരിനാക്ക് എന്നിവ തടയുമെന്നു കരുതി നോക്കുകുത്തികൾ ഉപയോഗിക്കുകയും ചെയ്യാറുണ്ട്. മന്ത്രവാദത്തിലെ മറ്റു പ്രധാന പ്രതിരോധമാർഗങ്ങളെന്നു ചിലർ വിശ്വസിക്കുന്നതാണ് പലതരത്തിലുള്ള മന്ത്രച്ചരടുകളും ഉറുക്കുകളും. ചിലതരം ഭക്ഷണങ്ങൾ, പഞ്ചസാര, മുളക്, ചെറുനാരങ്ങ, മഞ്ഞൾ, വെള്ളം തുടങ്ങിയവയും രോഗം ഭേദമാക്കാനായി മന്ത്രങ്ങളുടെ കൂടെ ചിലർ ഉപയോഗിക്കുന്നു.

നിങ്ങളുടെ പ്രദേശത്തു കണ്ടുവരുന്ന മന്ത്രവാദങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. അതിന്റെ സാംസ്കാരികസ്വാധീനം പരിശോധിച്ച് വിവരണം തയാറാക്കുക.



മന്ത്രവാദ ഘടകങ്ങൾ (Elements of Magic)

റെയ്മണ്ട് ഫിർത്തിന്റെ (1958: 125–128)അഭിപ്രായത്തിൽ മന്ത്രവാദത്തിന് മൂന്നു ഘടകങ്ങളാണുള്ളത്.

1. നടത്തിപ്പുകാരൻ (The Practitioner)
2. പ്രായോഗികലക്ഷ്യങ്ങൾ (The Practical Aims)
3. മന്ത്രവാദത്തിന്റെ പ്രമാണസൂത്രം (The Magical Formula)

ചുവടെ കൊടുത്ത ചാർട്ടിൽ മന്ത്രവാദത്തിന്റെ മൂന്നു ഘടകങ്ങളും അവയുടെ ഉപഘടകങ്ങളും വ്യക്തമാക്കുന്നു.



1. **നടത്തിപ്പുകാർ (The Practitioner):** റെയ്മണ്ട് ഫിർത്തിന്റെ അഭിപ്രായത്തിൽ മന്ത്രവാദത്തിന്റെ നടത്തിപ്പുകാരൻ വ്യക്തി സ്വയമോ ഷാമൻ, മന്ത്രവാദി, പുരോഹിതൻ എന്നിങ്ങനെ മന്ത്രവാദത്തിൽ പ്രാവീണ്യമുള്ളവരോ ആകാം.

2. **പ്രായോഗികലക്ഷ്യങ്ങൾ (The Practical Aim):** മന്ത്രവാദത്തിന് അനേകം ലക്ഷ്യങ്ങളുണ്ട്. അത്, ഒരുപക്ഷേ മൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടൽ, വിളകൾ സംരക്ഷിക്കൽ, രോഗവിമുക്തി തുടങ്ങി സംരക്ഷണപരമായവയാകാം. ഉറുക്ക്, മന്ത്രച്ചരട് തുടങ്ങിയവ സംരക്ഷണാർഥമുള്ള മാന്ത്രികവസ്തുക്കളാണെന്ന് കരുതപ്പെടുന്നു. വിജയകരമായ വേട്ടയാടൽ, സമൃദ്ധമായ വിള, മഴ, സ്നേഹം പിടിച്ചുപറ്റൽ തുടങ്ങിയ ഉൽപ്പാദനപരമായ ലക്ഷ്യങ്ങളും മന്ത്രവാദത്തിനു പിന്നിലുണ്ടാവാം. ശ്രീചക്രം, സുദർശനചക്രം, സന്താനഗോപാലയന്ത്രം തുടങ്ങിയവ ഉൽപ്പാദനപരമായ ലക്ഷ്യങ്ങൾ നേടാൻ വേണ്ടിയുള്ള മാന്ത്രികസ്വഭാവമുള്ള ഉപകരണങ്ങളാണെന്നാണ് ചിലരുടെ വിശ്വാസം. എന്നാൽ, മറ്റു ചില ലക്ഷ്യങ്ങൾ വിനാശകരമായവയാണ്. ശത്രുക്കളെ നശിപ്പിക്കുക, മറ്റുള്ളവരുടെ വിളകളും കന്നുകാലികളും നശിപ്പിക്കുക തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. കേരളത്തിൽ പ്രചാരമുള്ള 'കൂടോത്രം' ഇത്തരത്തിലുള്ള ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ളതാണെന്ന് വിശ്വസിക്കപ്പെടുന്നു.

3. **മന്ത്രവാദത്തിന്റെ പ്രമാണസൂത്രം അല്ലെങ്കിൽ മാന്ത്രികസൂത്രവാക്യം (The Magical Formula):** റെയ്മണ്ട് ഫിർത്തിന്റെ അഭിപ്രായത്തിൽ മന്ത്രവാദത്തിന് മൂന്നുതരത്തിലുള്ള പ്രമാണസൂത്രങ്ങളുണ്ട്. ഉപകരണമായോ മരുന്നായോ ഉപയോഗിക്കുന്നവ, ചടങ്ങുകളായി ചെയ്യുന്നവ, ശബ്ദങ്ങൾ തവണകളായി പുറപ്പെടുവിച്ചുകൊണ്ടുള്ളവ എന്നിങ്ങനെയാണവ.

- മന്ത്രവാദത്തിനുപയോഗിക്കുന്ന മരുന്നുകൾ തയാറാക്കുന്നതും ലഭിക്കുന്നതും ഏറെ ശ്രമകരമാണ്. പ്രകൃത്യതീതശക്തികളുമായുള്ള ബന്ധത്തിലൂടെയാണ് അവ തയാറാക്കുന്നത് എന്നാണ് വിശ്വാസം.



തച്ചോളി ഒതേനനും മാന്ത്രിക ഉറുക്കും

വടക്കൻപാട്ടുകളിലെ ഒരു ഇതിഹാസകഥാപാത്രമാണ് തച്ചോളി ഒതേനൻ. മാന്ത്രിക ഉറുക്ക് ധരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് വെടിയുണ്ടയിൽനിന്നുപോലും രക്ഷനേടാനുള്ള കഴിവുണ്ടായിരുന്നുവെന്ന വിശ്വാസമുണ്ട്. അദ്ദേഹവുമായി ബന്ധപ്പെട്ട ഒരു കഥ ഇങ്ങനെയാണ്: ഒതേനൻ സാഹസികത, വീരത്വം എന്നിവകൊണ്ട് പ്രസിദ്ധനാണ്. കോഴിക്കോട് വടകരയിലെ തച്ചോളി മാണിക്കോത്ത് തറവാട്ടിൽ ജനിച്ച പടയാളിയാണദ്ദേഹം. ഉറ്റസുഹൃത്തായ കണ്ടാച്ചേരി ചാപ്പന്റെകൂടെ അദ്ദേഹം യുദ്ധത്തിന് പോകാറുണ്ടായിരുന്നു. ഒരിക്കൽ പൊന്ന്യത്തങ്കത്തിന് പോകുന്ന സമയത്ത് ഒതേനൻ തന്റെ മാന്ത്രിക ഉറുക്ക് എടുക്കാൻ മറന്നുപോയി. അദ്ദേഹത്തിന്റെ ഭാര്യമാരിരൊരാളായ കുഞ്ഞിത്തേയി/കുഞ്ഞുമാതയുടെ കൈവശമാണ് അതുണ്ടായിരുന്നത്. ഒതേനൻ ചാപ്പനെ മാന്ത്രിക ഉറുക്ക് എടുക്കാനായി പറഞ്ഞയച്ചു. എന്നാൽ കുഞ്ഞിത്തേയി തന്റെ ദുഷ്ടമനസ്സാൽ അത് കൊടുക്കാൻ തയാറായില്ല. അദ്ദേഹം മാന്ത്രിക ഉറുക്കില്ലാതെ തന്റെ യാത്ര തുടർന്നു. ചുണ്ടങ്ങാപ്പൊയിലിൽ എത്തിയപ്പോൾ വഴിയിൽ മറഞ്ഞിരുന്ന മായൻകുട്ടി തന്റെ തോക്കുകൊണ്ട് ഒതേനനെ വെടിവച്ചുവീഴ്ത്തി. ഒതേനൻ മാന്ത്രിക ഉറുക്ക് ധരിക്കാത്തതുകൊണ്ടാണ് ശത്രുവിന് അദ്ദേഹത്തെ കൊല്ലാനായത് എന്നാണ് വിശ്വസിക്കപ്പെടുന്നത്.

- മന്ത്രവാദത്തിന്റെ ചടങ്ങുകൾ ലളിതമോ സങ്കീർണമോ ആകാം. അത് ഒരു ചടങ്ങായോ ചടങ്ങുകളുടെ പരമ്പരയായോ നടത്തുന്നു.
- മന്ത്രവാദത്തിന്റെ വാമൊഴിയായ ഭാഗമാണ് മന്ത്രങ്ങൾ. അത് ഒരു കൂട്ടം വാക്കുകളോ വാക്യങ്ങളോ ശബ്ദങ്ങളോ ആകാം. അതുമല്ലെങ്കിൽ മന്ത്രവാദിയുടെ ആഗ്രഹങ്ങളുടെ ബാഹ്യമായ പ്രകടനങ്ങളാകാം.


മന്ത്രവാദത്തിന് പല വിധത്തിലുള്ള ഉദ്ദേശ്യങ്ങളും കൽപ്പിക്കപ്പെടുന്നു. വ്യത്യസ്തരീതികളിലാണ് അവ അനുഷ്ഠിക്കപ്പെടുന്നത്. മന്ത്രവാദത്തിന്റെ ലക്ഷ്യങ്ങൾക്കനുസരിച്ച് അവയെ പലതരത്തിൽ വർഗീകരിച്ചിരിക്കുന്നു. അത്തരം വർഗീകരണങ്ങളിൽ പ്രധാനപ്പെട്ടവ ജെയിംസ് ഫ്രെയ്സറിന്റേതും റെയ്മണ്ട് ഫിർത്തിന്റേതുമാണ്.

മന്ത്രവാദം: ജെയിംസ് ഫ്രെയ്സറുടെ വർഗീകരണം

മന്ത്രവാദപ്രക്രിയയെ നിയമങ്ങളുടെ അഥവാ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ സർ ജെയിംസ് ഫ്രെയ്സർ രണ്ടായി തിരിച്ചിരിക്കുന്നു. മന്ത്രവാദത്തിലെ പ്രമാണസൂത്രങ്ങൾ രണ്ടു തത്ത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്.

1. ഒരേപോലുള്ളവ ഒരേപോലുള്ളവയെ ഉൽപ്പാദിപ്പിക്കുന്നു (Like produces like) അഥവാ കാര്യം കാരണത്തോട് സാദൃശ്യമുള്ളവയാണ്. സാദൃശ്യനിയമം (Law of Similarity) എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതാണത്.
2. ഒരിക്കലുള്ള സമ്പർക്കം എക്കാലത്തേക്കുമുള്ളതാണ് (Once in contact always in contact) എന്നത് 'സമ്പർക്കനിയമത്തെ' (Lawof Contact) അടിസ്ഥാനമാക്കിയുള്ളതാണ്.

ഫ്രെയ്സറുടെ അഭിപ്രായത്തിൽ, സാദൃശ്യനിയമവുമായി ബന്ധപ്പെട്ട നിയമമാണ് ഹോമിയോപതിക് മന്ത്രവാദം അഥവാ അനുകരണമന്ത്രവാദം (Imitative Magic).



സമ്പർക്കവുമായി ബന്ധപ്പെട്ട മന്ത്രവാദമാണ് സമ്പർക്കമന്ത്രവാദം (Contagious Magic). ഹോമിയോപതിക് മന്ത്രവാദം വളരെ സുപരിചിതമാണ്. ഉദാഹരണമായി, ശത്രുവിനെ നശിപ്പിക്കാനായി ശത്രുവിന്റെ പ്രതിരൂപമുണ്ടാക്കുകയും മന്ത്രവാദി അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. പ്രതിരൂപത്തിലുണ്ടാകുന്ന മാറ്റം പോലെ ആ വ്യക്തിയിലും മാറ്റം സംഭവിക്കും എന്ന വിശ്വാസമാണിതിനു പിന്നിൽ.

ഒരു വ്യക്തിയും വ്യക്തിയുടെ ഭാഗങ്ങളായ മുടി, നഖം തുടങ്ങിയ വസ്തുക്കളുമായി തുടർച്ചയായ സംവേദനം നിലനിൽക്കുന്നു എന്ന കാഴ്ചപ്പാടാണ് സമ്പർക്കമന്ത്രവാദത്തിനടിസ്ഥാനം. ഇത്തരം വസ്തുക്കൾ ഉപയോഗിച്ച് എത്ര ദൂരത്തുനിന്നും മന്ത്രവാദിയുടെ ആഗ്രഹമനുസരിച്ച് മന്ത്രവാദം ചെയ്യാമത്രേ.



ഹോമിയോപതിക് മന്ത്രവാദം

ഛോട്ടാനാഗ്പൂരിലെ ഒറാൺ ഗോത്രസമൂഹത്തിലെ വിശ്വാസപ്രകാരം, പ്രകമ്പനത്തോടുകൂടിയുള്ള ഇടി മഴയുടെ നേരിട്ടുള്ള കാരണമാണ്. അതിനാൽ മഴ ആവശ്യമുള്ളപ്പോൾ അവർ മലമുകളിൽ പോയി പന്നിയെയോ കോഴിയെയോ കുരുതികൊടുത്ത്, വലിയ കല്ലുകൾ താഴേക്ക് തള്ളിയിടുന്നു. ഇതുവഴിയുണ്ടാകുന്ന പ്രകമ്പനശബ്ദത്തെ തുടർന്ന് മഴ പെയ്യുമെന്ന് അവർ കരുതുന്നു.

മന്ത്രവാദം: റെയ്മണ്ട് ഫിർത്തിന്റെ വർഗീകരണം

ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഫിർത്ത് മന്ത്രവാദത്തെ മൂന്നു വിഭാഗങ്ങളായി കണക്കാക്കുന്നു.




D. ക്രിയാത്മക മന്ത്രവാദം: ഇത് വ്യക്തികൾക്കും സമൂഹത്തിനും നന്മ ഉദ്ദേശിച്ചുള്ളവയാണ്. വേട്ടയാടൽ, ഉൽപാദനക്ഷമത, ഉയർന്ന വിളവ്, മഴ, മീൻപിടിത്തം തുടങ്ങിയവയ്ക്കായുള്ള മന്ത്രവാദങ്ങൾ ഇതിൽപ്പെടുന്നു. മറ്റു ചില മന്ത്രവാദങ്ങൾ വ്യക്തികളെയും സമൂഹത്തെയും സംരക്ഷിക്കുക എന്ന ലക്ഷ്യമുള്ള സ്വത്തുസംരക്ഷണം, സുരക്ഷിതമായ യാത്ര, കന്നുകാലികളുടെയും വിളകളുടെയും സംരക്ഷണം തുടങ്ങിയവയ്ക്കായി **സംരക്ഷണപരമായ** മന്ത്രവാദമാണ് ഉപയോഗിക്കുന്നത്. ഈ രണ്ടു തരത്തിലുള്ള മന്ത്രവാദങ്ങൾക്കും സമൂഹത്തിന്റെ അംഗീകാരമുണ്ട്. എന്നാൽ **വിനാശകരമായ** മന്ത്രവാദത്തിന് സാമൂഹികാംഗീകാരമില്ല. അന്യന്റെ സ്വത്ത് നശിപ്പിക്കാനും രോഗവും മരണവും ഉണ്ടാക്കാനും വിളകൾ നശിപ്പിക്കാനും കഴിയുമെന്ന് കരുതി ഇത് ഉപയോഗിക്കുന്നു. വ്യക്തികൾക്കും സമൂഹത്തിനും ഇതുകൊണ്ട് നാശമാണുണ്ടാക്കുന്നതെന്നു കരുതുന്നു.

മന്ത്രവാദത്തിന്റെ മറ്റു വർഗീകരണങ്ങൾ

മിക്ക നരവംശശാസ്ത്രജ്ഞരും മന്ത്രവാദപ്രവർത്തനങ്ങളെ പ്രധാനമായി രണ്ടായി തിരിച്ചിരിക്കുന്നു-ദുർമന്ത്രവാദവും (Black Magic) സത്മന്ത്രവാദവും (White Magic). ആത്യന്തികമായി ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണീ വർഗീകരണം. വ്യക്തികളെയോ സമൂഹത്തെയോ കന്നുകാലികൾ, സ്വത്തുക്കൾ തുടങ്ങിയവയെയോ ദ്രോഹിക്കാനോ നശിപ്പിക്കാനോ ഉദ്ദേശിച്ചുള്ളതും അതുവഴി സ്വാർഥതാൽപ്പര്യം സംരക്ഷിക്കാൻ ശ്രമിക്കുന്നതുമായ മന്ത്രവാദമാണ് ദുർമന്ത്രവാദം എന്നറിയപ്പെടുന്നത്. അത് ദുഷ്ടലാക്കോടെയുള്ളതും

സാമൂഹികവിരുദ്ധവുമത്രേ. വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മ ലക്ഷ്യമാക്കിയുള്ള എല്ലാ മന്ത്രവാദവും സദ്മന്ത്രവാദമായി കണക്കാക്കപ്പെടുന്നു. ഇതിന് സാമൂഹികാംഗീകാരമുണ്ട്. ദുർമന്ത്രവാദം വിനാശകരമായ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നതും സദ്മന്ത്രവാദം ഉൽപ്പാദനപരവും സംരക്ഷണപരവുമായ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമാണ്. വിവിധ തരത്തിൽ നടന്ന മന്ത്രവാദങ്ങളെ താഴെക്കൊടുത്ത രീതിയിൽ ക്രോഡീകരിക്കാവുന്നതാണ്.



ചില നരവംശശാസ്ത്രജ്ഞർ മന്ത്രവാദത്തെ, ആഭിചാരം (Sorcery), വിച്ക്രാഫ്റ്റ് (Witchcraft) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഇവ രണ്ടും വിനാശകരമായ മന്ത്രവാദങ്ങളത്രേ.

ആഭിചാരം (Sorcery): ഇതിൽ വിവിധങ്ങളായ ദുർമന്ത്രവാദപ്രവർത്തനങ്ങളാണുള്ളത്. സോഴ്സറി ചെയ്യുന്ന വ്യക്തിയാണ് സോഴ്സറർ. സോഴ്സറർ ഒരു പക്ഷേ മന്ത്രം ജപിക്കുകയോ ഇരയുടെ പ്രതിരൂപത്തിലേക്ക് ശൂലം കയറ്റുകയോ തൂവലുകളിലേക്ക് ഊതുകയോ ഒക്കെ ചെയ്യാം. ആഭിചാരക്രിയ ഒരാൾ തന്റെ കഴിവുകൊണ്ട് പരിശീലിച്ചെടുക്കുന്നതാണ്. പ്രകൃത്യതീത പ്രഭാവം സൃഷ്ടിക്കാനായി സോഴ്സറർ പ്രത്യേക വിദ്യകൾ പഠിച്ചെടുക്കുന്നു. പ്രകൃത്യതീതശക്തികളെ ഉപയോഗിച്ച് രോഗം, മരണം തുടങ്ങിയവ സൃഷ്ടിക്കാൻ സോഴ്സറർക്ക് കഴിയുമെന്നു വിശ്വസിച്ച് ജനങ്ങൾ ഇവരെ ഭയപ്പെടുന്നു.



ശവം തിന്നുകയും നഗ്നരായി നൃത്തം ചെയ്യുകയും ചെയ്യുന്ന വിച്ചുകളിൽ ഉഗാണ്ടയിലെ ഗാന്ദ വിഭാഗം വിശ്വസിക്കുന്നു. വിച്ചുകൾക്ക് വാലുകളുണ്ടെന്ന് സുഡാനിലെ ദിങ്കവിഭാഗം വിശ്വസിക്കുന്നു. വിച്ചുകൾ മരങ്ങളിൽ തലകീഴായി തൂങ്ങാറുണ്ടെന്നും വിശക്കുമ്പോൾ ഉപ്പു തിന്നാറുണ്ടെന്നും ആഫ്രിക്കയിലെ അംബ വിഭാഗം കരുതുന്നു.

വിച്ക്രാഫ്റ്റ് (Witchcraft): ദുഷ്ടപ്രവൃത്തികൾ ചെയ്യാനുള്ള ഒരാളുടെ ജന്മസിദ്ധവും അബോധപൂർവവുമായ കഴിവാണ് വിച്ക്രാഫ്റ്റ്. വിച്ക്രാഫ്റ്റ് ചെയ്യുന്ന വ്യക്തിയെ വിച്ച് (Witch) എന്നു വിളിക്കുന്നു. വിച്ചുകൾ പ്രകൃത്യതീതശക്തികളായി ജനിക്കുന്നവരാണെന്ന് ചിലർ വിശ്വസിക്കുന്നു. സോഴ്സറി പോലെ വിച്ക്രാഫ്റ്റും പ്രകൃത്യതീതമാർഗങ്ങളിലൂടെ മറ്റുള്ളവരെ ഉപദ്രവിക്കുന്ന പ്രവർത്തനങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നുണ്ട്. സോഴ്സറി ആർജിച്ചെടുക്കുന്നതാണെങ്കിൽ വിച്ച്ക്രാഫ്റ്റ് പദവി ജന്മസിദ്ധമായി ലഭിക്കുന്നതാണ്. ഉറവിടത്തിന്റെയും ശക്തിയുടെയും അടിസ്ഥാനത്തിൽ സോഴ്സറർ, വിച്ച് എന്നിവർ വ്യത്യാസപ്പെട്ടിരിക്കുന്നു.



ചിത്രം 9.8 – ഷോണവിച്ച് – നാഗ, സിംബാവെ (ഉറവിടം എച്ച്.ടി. ടി.പി:// വിക്കിബുക്ക്സ് ഒ.ആർ.ജി)

മതം, മന്ത്രവാദം എന്നീ രണ്ട് വ്യത്യസ്ത ആശയങ്ങൾ നാം പരിചയപ്പെട്ടുകഴിഞ്ഞു. രണ്ടും മനുഷ്യന്റെ ചിന്തയുടെ ഫലമാണ്. എന്നാൽ ആധുനിക കാലഘട്ടത്തിൽ ക്രമാനുഗതമായ മനുഷ്യ ചിന്തകൾ ശാസ്ത്രത്തിന്റെ (Science) ഉദ്ഭവത്തിന് കാരണമായി. മതം, മന്ത്രവാദം, ശാസ്ത്രം എന്നീ മൂന്ന് ആശയങ്ങളും മനുഷ്യചിന്തയുടെ ഉൽപ്പന്നങ്ങളാണെങ്കിലും അത് സമൂഹത്തിലുണ്ടാക്കുന്ന പ്രതിഫലനങ്ങൾ വ്യത്യസ്തമാണ്. ഇവ തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കുന്നത് കൂടുതൽ പ്രയോജനകരമാണ്.

പഠനപുരോഗതി വിലയിരുത്താം

1. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നവയിൽ അനുയോജ്യമായത് കണ്ടെത്തി പൂരിപ്പിക്കുക.

   (എ) ദുഷ്ടമായ പ്രവൃത്തികൾ ചെയ്യാൻ ജന്മസിദ്ധമായ കഴിവുള്ള വ്യക്തിയാണ് .....
   (പുരോഹിതൻ, ഷാമൻ, വിച്ച്, സോഴ്സറർ)

   (ബി) മിക്ക നരവംശശാസ്ത്രജ്ഞരും മന്ത്രവാദപ്രവർത്തനത്തെ ....., ...
   എന്നിങ്ങനെ വർഗീകരിച്ചിരിക്കുന്നു. (ദുർമന്ത്രവാദം, സംരക്ഷണപരമായ മന്ത്രവാദം, സന്മന്ത്രവാദം, ഉൽപ്പാദനപരമായ മന്ത്രവാദം)

2. ദുർമന്ത്രവാദം, സന്മന്ത്രവാദം എന്നിവയെക്കുറിച്ച് ലഘുവിവരണം തയാറാക്കുക.

IX. മന്ത്രവാദം, മതം, ശാസ്ത്രം (Magic, Religion and Science)

മന്ത്രവാദത്തെയും മതത്തെയും അപേക്ഷിച്ച് മനുഷ്യചിന്തകളുടെയും പ്രവർത്തനങ്ങളുടെയും വികാസത്തിന്റെ അവസാനഘട്ടമാണ് ശാസ്ത്രം. ശാസ്ത്രം സാമൂഹികവും പ്രകൃത്യധിഷ്ഠിതവുമായ അന്വേഷണങ്ങൾക്ക് നിദാനമായിട്ടുണ്ട്. പരീക്ഷണനിരീക്ഷണങ്ങളും ശരിയാണോ എന്ന് ഉറപ്പുവരുത്തലും ശാസ്ത്രീയരീതിയുടെ അടിസ്ഥാനസ്വഭാവമാണ്. ശാസ്ത്രം യുക്തിയാൽ നയിക്കപ്പെടുന്നവയാണ്. മന്ത്രവാദം പ്രകൃത്യതീതലോകവുമായും ശാസ്ത്രം പ്രാപഞ്ചികലോകവുമായും ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് മന്ത്രവാദത്തെ 'കപടശാസ്ത്ര'മെന്ന് ടെയ്‌ലർ വിശേഷിപ്പിച്ചത്. മന്ത്രവാദം, മതം, ശാസ്ത്രം എന്നിവയുടെ താരതമ്യാവലോകനം താഴെക്കൊടുത്തിരിക്കുന്നു.

മതവും മന്ത്രവാദവും തമ്മിലുള്ള സാദൃശ്യങ്ങൾ

- മതവും മന്ത്രവാദവും ഭൗതികേതരതലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവ രണ്ടും പരീക്ഷണങ്ങൾക്കും യുക്തിക്കും അതീതമാണ്.
- മതവും മന്ത്രവാദവും പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ടിരിക്കുന്നു.
- മതത്തിലും മന്ത്രവാദത്തിലും ധാരാളം അനുഷ്ഠാനങ്ങളുമുണ്ട്.
- മതത്തിൽ സാധാരണവസ്തുക്കളെ പ്രതീകാത്മകമായി മതപരമായ ശക്തിയുള്ളതായി കണക്കാക്കുന്നു. അതുപോലെ മന്ത്രവാദത്തിലും സാധാരണവസ്തുക്കൾക്ക് മാന്ത്രിക ശക്തിയുള്ളതായി കണക്കാക്കുന്നു.
- മതപരവും മന്ത്രവാദപരവുമായ പ്രവർത്തനങ്ങൾ വൈകാരികസമ്മർദങ്ങളെ ലഘൂകരിക്കുന്നു.

മന്ത്രവാദവും ശാസ്ത്രവും തമ്മിലുള്ള സാദൃശ്യങ്ങൾ

- ശാസ്ത്രവും മന്ത്രവാദവും കാര്യകാരണബന്ധങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.
- ശാസ്ത്രവും മന്ത്രവാദവും ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്താൻ എങ്ങനെ പ്രവർത്തിക്കണമെന്ന് വ്യക്തമാക്കുന്നു.
- ശാസ്ത്രവും മന്ത്രവാദവും നിശ്ചിതലക്ഷ്യത്തിലെത്താൻ വേണ്ടിയാണ് പ്രവർത്തിക്കുന്നത്.

മതവും മന്ത്രവാദവും തമ്മിലുള്ള വ്യത്യാസങ്ങൾ

മതവും മന്ത്രവാദവും പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട തന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. മതത്തിൽ പ്രകൃത്യതീതശക്തികൾക്ക് വിധേയമായി പ്രവർത്തിക്കുമ്പോൾ മന്ത്രവാദത്തിൽ അത്തരം ശക്തികളെ നിയന്ത്രിക്കുക എന്ന തന്ത്രമാണ് പ്രയോഗിക്കുന്നത്. മതവും മന്ത്രവാദവും തമ്മിലുള്ള ചില വ്യത്യാസങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

മതം	മന്ത്രവാദം
• മതപരമായ കാര്യങ്ങൾ പൊതുവായുള്ളതും സാമുദായികവുമാണ്.	• മന്ത്രവാദം പലപ്പോഴും വ്യക്തിഗതമാണ്.
• മതം വൈവിധ്യമാർന്ന പ്രത്യേകതകൾ എവിടെയും ഉൾപ്പെടുന്നതാണ്.	• മന്ത്രവാദത്തിന്റെ തത്ത്വങ്ങൾ ഒരേപോലുള്ളവയാണ്.
• മതപരമായ പ്രവർത്തനങ്ങൾ പരസ്യമായവയും കൂട്ടായ പ്രവർത്തനവുമാണ്.	• മന്ത്രവാദം സ്വാഭാവികമായും രഹസ്യമായാണ് ചെയ്യുന്നത്.
• മതത്തിൽ പുരോഹിതരുടെ വാക്കുകളെ സമൂഹം ബഹുമാനിക്കുന്നു.	• മന്ത്രവാദിയെ ചിലർ ഭയപ്പെടുന്നു.
• മതത്തെ പൊതുവെ നല്ല ഉദ്ദേശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. അത് അത് പരോപകാരതൽപ്പരതയുള്ളതാണ്.	• മന്ത്രവാദത്തെ നല്ലതും ചീത്തയുമായ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ദുഷ്ടവിചാരമുള്ളതും സമൂഹത്തിന് ഹാനികരവുമാണ്.
• മതം പ്രകൃത്യതീതശക്തികൾക്ക് വിധേയമായി പ്രവർത്തിക്കുന്നു.	• മന്ത്രവാദത്തിൽ പ്രകൃത്യതീതശക്തികളെ കീഴടക്കുന്നതായി കരുതി സ്വന്തം ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നു.

മതവും ശാസ്ത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ

മതം	ശാസ്ത്രം
• മതം അടഞ്ഞ വ്യവസ്ഥിതിയിലുള്ള വിശ്വാസമാണ്.	• ശാസ്ത്രം തുറന്ന വ്യവസ്ഥിതിയിലുള്ള ചിന്തകളാണ്.
• മതവിശ്വാസങ്ങൾ പരിപാവനമാണ്.	• ശാസ്ത്രത്തിന്റെ മേഖല ഭൗതികവും ലൗകികവുമാണ്.
• മതപരമായ കാര്യങ്ങളെ ചോദ്യം ചെയ്യാൻ പാടില്ല. അതിനാൽ അത് പരീക്ഷണങ്ങൾക്കതീതമാണ്.	• ശാസ്ത്രവസ്തുതകൾ നിരന്തരമായ ചോദ്യംചെയ്യലിനും പരീക്ഷണങ്ങൾക്കും വിധേയമാണ്.

ശാസ്ത്രവും മന്ത്രവാദവും തമ്മിലുള്ള വ്യത്യാസങ്ങൾ

ശാസ്ത്രവും മന്ത്രവാദവും സാങ്കേതികമായ പ്രവർത്തനരീതിയിലൂടെ കടന്നുപോകുന്നു. എന്നാൽ ശാസ്ത്രം ഐഹികലോകത്തെയും മന്ത്രവാദം മറ്റു ശക്തികളെയും പരിഗണിക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ശാസ്ത്രം	മന്ത്രവാദം
• ശാസ്ത്രം യുക്തിയാൽ നയിക്കപ്പെടുന്നതും നിരീക്ഷണങ്ങളാൽ തിരുത്തപ്പെടുന്നതുമാണ്.	• മന്ത്രവാദം യുക്തിയാലോ ചോദ്യം ചെയ്യൽ കൊണ്ടോ നയിക്കപ്പെടുന്നതല്ല. അതിനെ 'കപടശാസ്ത്ര' മായും 'പുരാതനശാസ്ത്ര' മായും (ടെയ്‌ലർ) വിശേഷിപ്പിക്കുന്നു.
• ശാസ്ത്രം അനുഭവത്തിലൂടെ വളർന്നുവന്നതാണ്.	• മന്ത്രവാദം പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്.
• ശാസ്ത്രം ആർക്കുമുന്നിലും തുറന്നിട്ടിരിക്കുന്നു. അത് സമൂഹത്തിന്റെ പൊതുവായ നന്മ ഉദ്ദേശിച്ചുള്ളതാണ്.	• മന്ത്രവാദം രഹസ്യസ്വഭാവമുള്ളതാണ്. അത് നന്മയും തിന്മയും ലക്ഷ്യമാക്കുന്നു.
• ശാസ്ത്രസത്യങ്ങൾ പരീക്ഷണത്തിലൂടെ തെളിയിക്കാനാകും.	• മന്ത്രവാദം പരീക്ഷണങ്ങളിലൂടെ തെളിയിക്കാനാവില്ല.
• ശാസ്ത്രം പരീക്ഷണങ്ങളുടെയും യുക്തിചിന്തയുടെയും അടിസ്ഥാനത്തിലുള്ളതാണ്.	• മന്ത്രവാദം വിശ്വാസത്തെയും വികാരത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്.
• പ്രകൃതിശക്തിയുമായി ബന്ധപ്പെട്ട ആശയങ്ങളാണ് ശാസ്ത്രത്തിന് അടിസ്ഥാനം.	• മന്ത്രവാദം പ്രകൃത്യതീതശക്തികളെ ആസ്പദമാക്കിയുള്ളതും നിഗൂഢമായ ആശയങ്ങളിൽ നിന്നുദ്ഭവിച്ചതുമാണ്.

പഠനപുരോഗതി വിലയിരുത്താം

1. മന്ത്രവാദവും മതവും തമ്മിലുള്ള മൂന്നു വ്യത്യാസങ്ങൾ എഴുതുക.
2. 'മന്ത്രവാദം പുരാതനശാസ്ത്രമാണ്' എന്നാണ് ടെയ്ലർ പറയുന്നത്. ശാസ്ത്രവും മന്ത്രവാദവും തമ്മിലുള്ള സാദൃശ്യങ്ങൾ കണ്ടെത്തുക.

സംഗ്രഹം

- മതം സാർവത്രികമായ സാംസ്കാരികസ്ഥാപനമാണ്. പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസവും പ്രവർത്തനവുമാണ് അതിന്റെ അടിസ്ഥാനം. ഏകദേശം 60000 വർഷങ്ങൾക്കു മുമ്പേ ജീവിച്ചിരുന്ന നിയാണ്ടർതാൽ മനുഷ്യസമൂഹത്തിൽ മതപരമായ വിശ്വാസങ്ങളും ആചാരങ്ങളും നിലനിന്നിരുന്നതായി പുരാവസ്തുശാസ്ത്രജ്ഞർക്ക് തെളിവുകൾ ലഭിച്ചിട്ടുണ്ട്.
- 1871 ൽ ഇ.ബി. ടെയ്ലർ മതത്തെ 'പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസം' അഥവാ 'ആത്മീയശക്തികളിലുള്ള വിശ്വാസം' എന്നാണ് നിർവചിച്ചിരിക്കുന്നത്. സാർവത്രികമായ പ്രയോഗസാധ്യതയുള്ള നിർവചനം മതത്തിനില്ല.
- മതപണ്ഡിതരായ ഷാമൻ, പുരോഹിത/ൻ എന്നിവർ പ്രകൃത്യതീതശക്തികൾക്കും വ്യക്തികൾക്കും ഇടയിൽ പ്രവർത്തിക്കുന്ന പ്രധാന മധ്യവർത്തികളാണെന്നാണു വിശ്വാസം.
- വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, മിത്തുകൾ, ചിഹ്നങ്ങൾ എന്നിവ മതത്തിന്റെ വിവിധങ്ങളായ ഘടകങ്ങളാണ്. ആനിമിസം, ആനിമാറ്റിസം, കുലചിഹ്നവിശ്വാസം, പ്രകൃത്യാരാധന, ദൈവവിശ്വാസം തുടങ്ങിയവ മതവിശ്വാസങ്ങളിൽ ഉൾപ്പെടുന്നു. മതത്തിന്റെ പ്രായോഗികമായ വശമാണ് ആചാരാനുഷ്ഠാനങ്ങൾ. എല്ലാ മതങ്ങൾക്കും വിശ്വാസങ്ങളെയും ആചാരങ്ങളെയും പ്രതിനിധീകരിക്കുന്ന മിത്തുകളും ചിഹ്നങ്ങളുമുണ്ട്.
- നരവംശശാസ്ത്രപഠനങ്ങൾ മതത്തിന്റെ വിവിധങ്ങളായ തലങ്ങൾ വെളിവാക്കിയിട്ടുണ്ട്. മതത്തിന്റെ ഉദ്ഭവവുമായി ബന്ധപ്പെട്ട വിവിധങ്ങളായ കാഴ്ചപ്പാടുകളുണ്ട്. ആനിമിസമാണ് (ആത്മാവിലുള്ള വിശ്വാസം) മതത്തിന്റെ പ്രാഥമിക രൂപമെന്നാണ് ഇ.ബി. ടെയ്ലർ കരുതുന്നത്. അത് പിന്നീട് ബഹുദൈവവിശ്വാസമായും ഏകദൈവവിശ്വാസമായും വികാസം പ്രാപിച്ചുവെന്നും പറയുന്നു. എന്നാൽ ആർ.ആർ. മാരറ്റിന്റെ അഭിപ്രായത്തിൽ ഭൗതികവസ്തുക്കളിൽ കുടികൊള്ളുന്ന അദൃശ്യശക്തികളിലുള്ള വിശ്വാസമാണ് (ആനിമാറ്റിസം) മതത്തിന്റെ ആദ്യരൂപം. മലിനേഷ്യക്കാരും പോളിനേഷ്യക്കാരും ഇതിനെ മനായിസം എന്നും വിളിച്ചു. മധ്യേന്ത്യയിലും വടക്കേ ഇന്ത്യയിലുമുള്ള ആദിവാസികൾക്കിടയിൽ ഇത്തരം വിശ്വാസം ബോംഗൊയിസം എന്നപേരിൽ അറിയപ്പെടുന്നു.
- മതത്തിന്റെ ആദ്യരൂപം പ്രകൃത്യാരാധനയാണെന്ന് മാക്സ് മുള്ളർ വാദിക്കുന്നു. പ്രകൃത്യാരാധന, ബഹുദൈവാരാധന, തുടർന്ന് ഇന്നുകാണുന്ന ഏകദൈവാരാധന എന്നിങ്ങനെയാണ് മതപരിണാമത്തിന്റെ വിവിധഘട്ടങ്ങളെന്ന് അദ്ദേഹം വിശദമാക്കുന്നു.
- മതം ധാരാളം ധർമങ്ങൾ നിർവഹിക്കുന്നു. സാമൂഹികൈക്യം നിലനിർത്തൽ, സാമൂഹിക നിയന്ത്രണമേർപ്പെടുത്തൽ, വ്യക്തിജീവിതത്തിലും സംഘജീവിതത്തിലും മാനസികമായ സൗഖ്യം പ്രദാനം ചെയ്യൽ, ജീവിതത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾക്ക് വിശദീകരണം നൽകൽ തുടങ്ങിയ കാര്യങ്ങളിൽ മതം പ്രധാനപങ്കു വഹിക്കുന്നു. അതുകൊണ്ടാണ് മതം വിവിധ സമൂഹങ്ങളിൽ വിവിധതരത്തിൽ പ്രകടമായിക്കാണുന്നത്.

- പ്രകൃത്യതീതശക്തികളിലുള്ള വിശ്വാസമാണ് മതമെങ്കിൽ മന്ത്രവാദമെന്നത് പ്രകൃത്യതീത ശക്തികളെ നിയന്ത്രണവിധേയമാക്കാനുള്ള അന്ധവിശ്വാസങ്ങളും പ്രവർത്തനങ്ങളുമാണ്. ദുർമന്ത്രവാദം, സത്മന്ത്രവാദം എന്നിങ്ങനെയുള്ള മന്ത്രവാദങ്ങളുണ്ട്. അവയുടെ ലക്ഷ്യങ്ങൾക്കനുസരിച്ച് സന്മന്ത്രവാദം ഉൽപ്പാദനപരവും സംരക്ഷണപരവുമാണ്. എന്നാൽ ദുർമന്ത്രവാദം വിനാശകരമാണ്. അത്തരം മന്ത്രവാദം സോഴ്സറി, വിച്ക്രാഫ്റ്റ് എന്നീ തരത്തിലുണ്ട്.
- മതത്തെയും മന്ത്രവാദത്തെയും അപേക്ഷിച്ച് മനുഷ്യചിന്തകളുടെയും പ്രവർത്തനങ്ങളുടെയും വികാസത്തിന്റെ അവസാനഘട്ടമാണ് ശാസ്ത്രം. മന്ത്രവാദവും ശാസ്ത്രവും യുക്തിയാൽ നയിക്കപ്പെടുന്നവയാണ്. ആദ്യത്തേത് പ്രകൃത്യതീത ലോകവുമായും രണ്ടാമത്തേത് പ്രാപഞ്ചികലോകവുമായും ബന്ധപ്പെട്ടിരിക്കുന്നു. മന്ത്രവാദത്തെ ടെയ്ലർ 'കപടശാസ്ത്ര'മെന്നും 'ശാസ്ത്രത്തിന്റെ ജാരസഹോദരീസന്തതി'യെന്നും വിശേഷിപ്പിക്കുന്നു.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- മതത്തിന്റെ അർഥം, നിർവചനം എന്നിവ തിരിച്ചറിയുന്നു. മതത്തിന്റെ ഉദ്ഭവവുമായി ബന്ധപ്പെട്ട വ്യത്യസ്തസിദ്ധാന്തങ്ങൾ താരതമ്യം ചെയ്ത് വ്യത്യസ്തസാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.
- മതം, മന്ത്രവാദം എന്നിവയുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും വിശദീകരിക്കാൻ സാധിക്കുന്നു.
- പ്രകൃതിശക്തികളെയും പ്രകൃത്യതീതശക്തികളെയും കുറിച്ചുള്ള വിശ്വാസങ്ങൾ താരതമ്യം ചെയ്യുന്നു. അവയുടെ പ്രാധാന്യം വിലയിരുത്താൻ സാധിക്കുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. മതത്തെ നരവംശശാസ്ത്രജ്ഞർ നിർവചിച്ചിരിക്കുന്നത് എങ്ങനെയാണ്? മതത്തിന് സാർവത്രികമായ നിർവചനം നൽകുന്നതിലെ പ്രശ്നങ്ങൾ എന്തൊക്കെ?
2. നിങ്ങൾ എപ്പോഴെങ്കിലും ജീവിതചക്ര ആചാരാനുഷ്ഠാനങ്ങളിലൂടെ (Life Cycle Rituals) കടന്നുപോയിട്ടുണ്ടോ? എങ്കിൽ അത്തരം ഒരു ചടങ്ങിനെ വിശദമാക്കുകയും വാൻ ഗണ്ണപ്പ് നിർദേശിച്ച വിവിധ ഘട്ടങ്ങളായ വേർപാടുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ, സ്ഥിതിമാറ്റവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ, കൂടിച്ചേരലുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.
3. മതത്തിന്റെ ഒരു പ്രധാനപ്പെട്ട ധർമമാണ് സാമൂഹികൈക്യം നിലനിർത്തൽ. എന്നാൽ ആധുനികസമൂഹത്തിൽ വിവിധ മതങ്ങൾ തമ്മിലുള്ള കിടമൽസരങ്ങളും സംഘർഷങ്ങളും കാരണം സാമൂഹികൈക്യം തകരുന്ന സന്ദർഭങ്ങളും കാണാറുണ്ട്. അത്തരം പ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തുകയും മതമുപയോഗിച്ച് എങ്ങനെ സമാധാനപരമായ ജീവിതം നയിക്കാമെന്നു നിർദേശിക്കുകയും ചെയ്യുക.
4. ആരാണ് ഷാമൻ? പുരോഹിത/ൻ നിൽ നിന്നു ഷാമൻ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു/ സാദൃശ്യപ്പെട്ടിരിക്കുന്നു?
5. ഇ. ബി. ടെയ്ലറുടെ അഭിപ്രായത്തിൽ 'ആനിമിസം' ആണ് മതത്തിന്റെ ആദ്യഘട്ടം.

   (എ) ആനിമിസത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

   (ബി)മതപരമായ വികാസത്തിന്റെ മറ്റു പ്രധാന ഘട്ടങ്ങളുടെ പേരെഴുതുക.

6. ഒരു കായികതാരം തന്റെ കീശയിൽ ഒരു പ്രത്യേകവസ്തു വയ്ക്കുകയും എല്ലാ കളികളിലും വിജയം കൈവരിക്കുകയും ചെയ്യുന്നു എന്നു സങ്കൽപ്പിക്കുക. 'മതസംഘാടനം' എന്ന പാഠഭാഗത്തിലെ വിശ്വാസരീതിയുമായി ഇതിനെ ബന്ധപ്പെടുത്തി അതിനെക്കുറിച്ച് വിമർശനാത്കമായ ഒരു വിവരണം നൽകുക.
7. നിങ്ങൾ പങ്കെടുത്ത മതപരമായ ആഘോഷത്തിന്റെ വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, മിത്തുകൾ, ചിഹ്നങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് തയാറാക്കുക.
8. എങ്ങനെയാണ് മതം സാമൂഹികനിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നത്?
9. മതവും ശാസ്ത്രവും പരസ്പരവിരുദ്ധമാണോ? ഇതിൽ പരാമർശിക്കുന്ന രണ്ടു ലോകങ്ങളുമായുള്ള നിങ്ങളുടെ സ്വന്തം അനുഭവങ്ങൾ എന്തൊക്കെയാണ്?

R7V7U2

യൂണിറ്റ്
10

നാടോടിവിജ്ഞാനനരവംശശാസ്ത്രം

ഉള്ളടക്കം

I. നാടോടിവിജ്ഞാനം : അർഥം, നിർവചനം, വ്യാപ്തി
- നാടോടിവിജ്ഞാനവും നരവംശശാസ്ത്രവും
- നാടോടി, വിജ്ഞാനം എന്നീ ആശയങ്ങൾ
- നാടോടിവിജ്ഞാനീയപഠനം

II. നാടോടിസാഹിത്യം
- നാടൻപാട്ടുകൾ
- നാടോടിക്കഥകൾ
- ഐതിഹ്യങ്ങൾ
- പുരാവൃത്തങ്ങൾ
- പഴഞ്ചൊല്ലുകൾ
- കടങ്കഥകൾ
- സംഭവകഥകൾ
- വീരഗാഥകൾ

III. നാടോടിവിശ്വാസങ്ങളും ആചാരങ്ങളും

IV. നാടൻകളികൾ-ദൈനംദിന കളികളും പ്രത്യേകാവസരങ്ങളിലുള്ള കളികളും

V. നാടൻകലകൾ- അവതരണകലയും അവതരണേതരകലയും

VI. നാടോടിശാസ്ത്രവും സാങ്കേതികവിദ്യയും

VII. പ്രായോഗികനാടോടിവിജ്ഞാനം
- നാടോടിവിജ്ഞാനം രേഖപ്പെടുത്തലും പുരാരേഖാസംരക്ഷണകേന്ദ്രവും
- ബഹുജനമാധ്യമങ്ങളും നാടോടിവിജ്ഞാനവും
- നാടോടിവിജ്ഞാനവും വിനോദസഞ്ചാരവും

VIII. നാടോടിവിജ്ഞാനത്തിലെ ലിംഗഭേദം

ആമുഖം

പറയിപെറ്റ പന്തിരുകുല ഐതിഹ്യത്തിലെ പറയസ്ത്രീയിൽ ബ്രാഹ്മണന് പിറന്ന പന്ത്രണ്ടു മക്കളിൽ ഏറ്റവും പ്രശസ്തനും അസാമാന്യ കഴിവുകളുള്ളവനുമത്രേ നാറാണത്തു ഭ്രാന്തൻ. അക്കാലത്തെ സാമൂഹിക തിന്മകൾക്കും അന്ധമായ വിശ്വാസങ്ങൾക്കുമെതിരായി പ്രവർത്തിച്ച ഒരു സാമൂഹിക വിപ്ലവകാരികൂടിയായിരുന്നു അദ്ദേഹം. ആ വിപ്ലവാത്മക കാഴ്ചപ്പാടിനെ അംഗീകരിക്കാൻ കഴിയാത്തവർ അദ്ദേഹത്തെ ഭ്രാന്തനെന്നു



ചിത്രം.10.1-നാറാണത്തുഭ്രാന്തൻ: ചിത്രകാരന്റെ ഭാവനയിൽ

വിളിച്ചു. നിരവധി രസകരമായ കെട്ടുകഥകൾ നാറാണത്തുഭ്രാന്തനുമായി ബന്ധപ്പെട്ടു പ്രചരിച്ചിരുന്നു. വലിയ ഉരുളൻകല്ലുകൾ മലമുകളിലേക്ക് ഉരുട്ടിക്കയറ്റുകയും അവ താഴേക്കു തള്ളിവിടുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വിനോദം.

ഈ കഥ നൽകുന്ന സന്ദേശം എന്താണ്?

നേട്ടങ്ങൾ ആർജിക്കാൻ പ്രയാസവും എന്നാൽ നഷ്ടപ്പെടാൻ വളരെ എളുപ്പവുമാണ് എന്ന സന്ദേശം ജനങ്ങളെ പഠിപ്പിക്കാനായിരുന്നുവോ?

ഇതുപോലുള്ള കഥകൾക്ക് ജനങ്ങളുടെ സാംസ്കാരികജീവിതത്തിൽ എന്തെങ്കിലും സ്വാധീന മുണ്ടോ?

ഓരോ സമൂഹത്തിലും സമാനമായ നിരവധി കഥകൾ, പാട്ടുകൾ, പഴഞ്ചൊല്ലുകൾ, വാമൊഴി ശൈലികൾ, വിശ്വാസങ്ങൾ തുടങ്ങിയവ കാണാൻ സാധിക്കും. ഇവയാണ് ജനങ്ങളുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ സ്വാധീനിച്ച നമ്മുടെ സാംസ്കാരികശേഷിപ്പുകൾ. എല്ലാ സംസ്കാരങ്ങളിലും സമാനമായ കഥകളും പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും കാണപ്പെടുന്നു. വാസ്തവത്തിൽ ഈ പാരമ്പര്യമാണ് ഓരോ സംസ്കാരത്തെയും വ്യത്യസ്തമാക്കുന്നത്. ഇവ വാമൊഴിയായി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ഈ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഇവ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. വാമൊഴിയായി കൈമാറി വരുന്ന ഇത്തരം അറിവുകളും വിശ്വാസങ്ങളുമാണ് നാടോടിവിജ്ഞാനം (Folklore) എന്ന് അറിയപ്പെടുന്നത്.

വ്യത്യസ്ത സന്ദർഭങ്ങളിൽ ഫോക്‌ലോർ എന്ന വാക്കിനെ കുറിച്ച് നാം കേട്ടിരിക്കും. ഫോക്‌ലോർ എന്ന പദം കേൾക്കുമ്പോൾ നമ്മുടെ മനസ്സിലെത്തുന്നത് തെയ്യം, തിറ, നാടൻപാട്ടുകൾ, നാടൻകലാരൂപങ്ങൾ തുടങ്ങിയ അവതരണകലകളാണ്. എന്നാൽ, ഈ ചിന്താഗതിയെക്കാൾ, വിശാലമായ അർഥത്തിലാണ് നാടോടിവിജ്ഞാനനരവംശശാസ്ത്രം ഇവ കാണുന്നത്. ആദ്യ കാലങ്ങളിൽ നാടോടിവിജ്ഞാനത്തെ നരവംശശാസ്ത്ര അന്വേഷണങ്ങളുടെ ഭാഗമായി പരിഗണിച്ചിരുന്നു. നരവംശശാസ്ത്രജ്ഞർ വംശീയപഠനങ്ങളുടെ ഭാഗമായി തദ്ദേശ നാടോടി സംസ്കാരങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും ശേഖരിച്ചിരുന്നു. അങ്ങനെ നാടൻകലകളെ ക്കുറിച്ചുള്ള പഠനം നരവംശശാസ്ത്രവിശകലനത്തിന്റെ അവിഭാജ്യഘടകമായി മാറി. പിന്നീട് അവ നരവംശശാസ്ത്രത്തിന്റെ രീതിശാസ്ത്രങ്ങൾകൂടി ഉപയോഗപ്പെടുത്തി സ്വതന്ത്രമായി വികസിച്ചു. നാടോടിവിജ്ഞാനം ഒരു സ്വതന്ത്രപഠനവിഷയമായി ഉയർന്നെങ്കിലും, ഇപ്പോഴും അത് നരവംശശാസ്ത്രത്തിന്റെ അവിഭാജ്യഘടകമായി നിലകൊള്ളുന്നു. ഫോക്‌ലോറിന്റെ പരിമിതികൾ ആദ്യകാലാശയങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. തുടക്കത്തിൽ നാടോടിവിജ്ഞാന പണ്ഡിതരുടെ പഠനങ്ങളിൽ വാമൊഴിപാരമ്പര്യത്തെ മാത്രമേ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ, ഇപ്പോൾ പാരമ്പര്യത്തിന്റെ മറ്റു വശങ്ങളുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ പശ്ചാത്തലത്തിൽ ഭൂരിഭാഗം നാടോടിപാരമ്പര്യങ്ങളും നാടൻകലകളും രേഖപ്പെടുത്തിയവയാണ്. സമകാലീന നാടോടിവിജ്ഞാനനരവംശശാസ്ത്രത്തിൽ വാമൊഴിയാൽ കൈമാറിവന്ന സാഹിത്യം മാത്രമല്ല, മറ്റു പാരമ്പര്യങ്ങളുംകൂടി ഉൾക്കൊള്ളിച്ചതായി കാണാൻ സാധിക്കും.

നാടോടിവിജ്ഞാനം (Folklore) എന്ന പദം യഥാർഥത്തിൽ എന്താണ് അർഥമാക്കുന്നത്? നാടോടി വിജ്ഞാനത്തിന്റെ ചില നിർവചനങ്ങൾ ഈ ആശയത്തെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കാൻ സഹായിക്കും.

I. നാടോടിവിജ്ഞാനം : അർഥം, നിർവചനം, വ്യാപ്തി

(Meaning, Definition and Scope of Folklore)

'ഫോക്', 'ലോർ' എന്നീ രണ്ടുവാക്കുകളിൽ നിന്നാണ് 'ഫോക്‌ലോർ' എന്ന പദമുണ്ടായത്. 'ഫോക്' എന്ന വാക്ക് അർഥമാക്കുന്നത് തദ്ദേശീയം, പരമ്പരാഗതമായത്, കൃഷിയുമായി ബന്ധപ്പെട്ടത് എന്നെല്ലാമാണ്. 'ലോർ' എന്ന വാക്കിന്റെ അർഥം അറിവ് എന്നാകുന്നു. 1846-ൽ വില്യം ജെ. തോംസ് ആണ് ആദ്യമായി ഫോക്‌ലോർ എന്ന പദം ഉപയോഗിച്ചത്. അതുവരെ 'പോപ്പുലർ ആന്റിക്യൂറ്റീസ്' (നാട്ടുപഴമ) അല്ലെങ്കിൽ 'പോപുലർ ലിറ്ററേച്ചർ (നാടോടിസാഹിത്യം) എന്ന പേരിലാണ് ഫോക്‌ലോർ അറിയപ്പെട്ടിരുന്നത്. ഡബ്ല്യു.ജെ. തോംസിന്റെ അഭിപ്രായത്തിൽ അന്യംനിന്നു പോകുന്ന ആദ്യകാലസംസ്കാരത്തിന്റെ ഭാഗമായ ആഘോഷങ്ങൾ, പെരുമാറ്റങ്ങൾ, നാടോടിവിശ്വാസങ്ങൾ, വീരഗാഥകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവ ഫോക്‌ലോറിന്റെ ഭാഗമാകുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി നാടോടിവിജ്ഞാനം എന്ന ആശയം നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്.

തലമുറകളായി കൈമാറുന്ന വിശ്വാസങ്ങൾ, ആചാരങ്ങൾ, നൃത്യങ്ങൾ, മറ്റു കലാരൂപങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുന്നു. ആധുനികസമൂഹത്തിന്റെ വളർച്ചയിലൂടെ ഇത്തരം ഘടകങ്ങൾ അപ്രത്യക്ഷമാവാൻ തുടങ്ങി. ഓരോ സമൂഹത്തിന്റെ നാടോടിവിജ്ഞാനത്തിലും നാടോടിസാഹിത്യങ്ങൾ, നാടോടിവിശ്വാസങ്ങൾ, ആചാരങ്ങൾ, നാടൻകളികൾ, നാടൻകലാരൂപങ്ങൾ, നാടോടിശാസ്ത്രം, നാടോടിസാങ്കേതികവിദ്യ തുടങ്ങിയവ ഉൾപ്പെട്ടിരുന്നു.

നാടോടിവിജ്ഞാനം : നിർവചനങ്ങൾ (പഴയതും പുതിയതും)

(Definition of Folklore Old and New)

നരവംശശാസ്ത്രജ്ഞരും നാടോടിവിജ്ഞാനശാസ്ത്രജ്ഞരും ഫോക്‌ലോറിന് പലതരത്തിലുള്ള നിർവചനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യകാല നിർവചനങ്ങൾ നമുക്കു പരിശോധിക്കാം.

കൂട്ടായ്മയുടെ പൊതുസ്വഭാവം പ്രകടിപ്പിക്കുകയും സംസ്കാരം, ആചാരങ്ങൾ, കല, കൈത്തൊഴിൽ, പുരാവൃത്തം, പാരമ്പര്യം, അന്ധവിശ്വാസം തുടങ്ങിയവ തലമുറകളിൽനിന്നു തലമുറകളിലേക്കു പകരുകയും ചെയ്യുന്ന ജനസമൂഹത്തിന്റെ ഗണനീയമായ ഒരു വിഭാഗത്തെയാണ് നാടോടിവിജ്ഞാനം (Folklore) എന്നതുകൊണ്ട് അർഥമാക്കുന്നത്. (വെബ്സ്റ്റേർസ് നിഘണ്ടു)

വാമൊഴിരൂപത്തിൽ തലമുറകളായി കൈമാറ്റം ചെയ്തുവരുന്ന പണ്ടത്തെ പെരുമാറ്റരീതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, വീരഗാഥകൾ, പഴഞ്ചൊല്ലുകൾ, തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് നാടോടിവിജ്ഞാനം. (വില്യം ജോൺസ്.)

പഴയകാല സംസ്കാരത്തിന്റെ അതിജീവനമായും നാടോടിവിജ്ഞാനത്തെ കണക്കാക്കുന്നു. കാലിഫോർണിയ സർവകലാശാലയിലെ നരവംശശാസ്ത്രജ്ഞനായ വില്യം ബാസ്കോമി (William Bascom) ന്റെ അഭിപ്രായത്തിൽ നാടോടിവിജ്ഞാനം വാമൊഴി കലാരൂപങ്ങളെ (Verbal Art) സൂചിപ്പിക്കുന്നു

സംസ്കാരത്തിന്റെ കണ്ണാടിയാണ് നാടോടിവിജ്ഞാനം; അതിലെ ചലനാത്മകമായ ഘടകമല്ല, അടിസ്ഥാനവ്യക്തിത്വത്തിന്റെ പ്രതിഫലനമാണ്; പ്രവർത്തനങ്ങളിലുള്ള വ്യക്തിത്വമല്ല. (Amos-1982)

നാടോടിജനതയുടെ അല്ലെങ്കിൽ ഔപചാരികവിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ജനസമൂഹത്തിന്റെ വാമൊഴിപാരമ്പര്യത്തിനാണ് ആദ്യകാല നാടോടിവിജ്ഞാനനിർവചനങ്ങളെല്ലാം പ്രാധാന്യം നൽകിയിരുന്നത്. ഈ നിർവചനങ്ങളെല്ലാം നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

- നാടൻകലാരൂപങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുമോ?
- നഗരസമൂഹത്തിലെയും ഔപചാരികവിദ്യാഭ്യാസം ലഭിച്ച സമൂഹത്തിലെയും വാമൊഴികൾ നാടോടിവിജ്ഞാനത്തിൽ പെടുമോ?
- രേഖപ്പെടുത്തിയതും അല്ലെങ്കിൽ എഴുതപ്പെട്ടതുമായ വാമൊഴിസംസ്കാരം നാടോടിവിജ്ഞാനത്തിന്റെ ഗണത്തിൽ ഉൾപ്പെടുമോ?
- ആധുനികസമൂഹം രൂപപ്പെടുത്തിയ കഥകൾ, വിശ്വാസങ്ങൾ, സ്വഭാവസവിശേഷതകൾ, മൂല്യങ്ങൾ എന്നിവ നാടോടിവിജ്ഞാനത്തിന്റെ ഗണത്തിൽ ഉൾപ്പെടുമോ?

നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെ സംസ്കാരത്തിന്റെ ഭാഗമായാണ് കാണാൻ ശ്രമിക്കുന്നത്. നാടോടിവിജ്ഞാനം സാർവ സംസ്കാരികം (Cultural Universal) ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലും നാടോടിവിജ്ഞാനമുണ്ടെന്നാണ് നിഗമനം. എല്ലാ സമൂഹങ്ങളിലും ഗ്രാമങ്ങൾ, നഗരങ്ങൾ, വികസിതസമൂഹങ്ങൾ, അവികസിതസമൂഹങ്ങൾ എന്നിവയിലൊക്കെത്തന്നെ തലമുറകളായി അനൗപചാരികമായി കൈമാറ്റം ചെയ്യപ്പെടുന്ന ചില പാരമ്പര്യങ്ങൾ കാണാൻ സാധിക്കും. ആയതിനാൽ പണ്ഡിതർ നാടോടിവിജ്ഞാനത്തെ ആധുനികസാഹചര്യങ്ങൾക്കനുസരിച്ച് പുനർനിർവചിക്കാൻ ശ്രമിക്കാറുണ്ട്.

നാടോടിവിജ്ഞാനം : ആധുനികനിർവചനങ്ങൾ (Modern Definitions of Folklore)

പ്രശസ്ത നരവംശശാസ്ത്രജ്ഞനും നാടോടിവിജ്ഞാനശാസ്ത്രജ്ഞനുമായ അലൻ ഡൻഡിസ് ഫോക്‌ലോറിനെ നിർവചിച്ചിരിക്കുന്നത് ഫോക്, ലോർ എന്നീ രണ്ടു പദങ്ങളെ അടിസ്ഥാനമാക്കിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒന്നിലധികം പൊതുസ്വഭാവങ്ങൾ പങ്കുവയ്ക്കുന്ന ഏതൊരു ഗ്രൂപ്പും ഫോക് ആകുന്നു. മതം, ഭാഷ, തൊഴിൽ തുടങ്ങിയവയാവാം ഈ പൊതുവായ സ്വഭാവങ്ങൾ. ആയതിനാൽ ഒരു രാഷ്ട്രം അല്ലെങ്കിൽ കുടുംബം ഒരു ഫോക് ആകുന്നു. ഫോക് സമൂഹത്തിലെ അറിവാണ് ഫോക്‌ലോർ.

പുതിയതും പഴയതുമായ സംസ്കാരത്തിന്റെ പ്രതിഫലനമാണ് നാടോടിവിജ്ഞാനം - (ഫ്രാൻസ് ബോസ്, അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ)

പരിഷ്കൃതസമൂഹത്തിന്റെ എഴുതപ്പെടാത്ത ജനപ്രിയപാരമ്പര്യമാണ് നാടോടിവിജ്ഞാനം - (വില്യം വെൽസ് നെവെൽ)

തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന വിശ്വാസങ്ങൾ, അറിവുകൾ, മൂല്യങ്ങൾ, ധാർമികത, പാരമ്പര്യങ്ങൾ തുടങ്ങിയവയാണ് ആദ്യകാലങ്ങളിൽ നാടോടിവിജ്ഞാനം എന്നു കണക്കാക്കപ്പെട്ടിരുന്നത്. സാക്ഷരപൂർവ സമൂഹത്തിൽ സാംസ്കാരികഘടകങ്ങൾ കൈമാറപ്പെടുന്നത് വാമൊഴികളും മാത്രമാണ്. ഇതോടൊപ്പം സാക്ഷരസമൂഹത്തിലെ വാമൊഴികളും നമുക്ക് നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുത്താൻ സാധിക്കും. ഉദാഹരണമായി വിത്തുവിതയ്ക്കൽ, മണ്ണ് ഉഴുതുമറിക്കൽ, വളംചേർക്കൽ, ഭക്ഷണപദാർഥങ്ങൾ കേടുവരാതെ സൂക്ഷിക്കൽ എന്നിവയുമായി ബന്ധപ്പെട്ട അറിവുകൾ, രോഗവുമായി ബന്ധപ്പെട്ട അറിവുകൾ, വിശ്വാസങ്ങൾ എന്നിവയും നാടോടിവിജ്ഞാനത്തിന്റെ ഭാഗമാണ്.

നാടോടിവിജ്ഞാനത്തിന്റെ എഴുതപ്പെട്ട ഘടകങ്ങളെ നാടോടിവിജ്ഞാനീയത്തിൽ ഉൾപ്പെടുത്താമോ എന്നത് ഒരു തർക്കവിഷയമാണ്. ഉദാഹരണത്തിന് - താളിയോലഗ്രന്ഥങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, നാടോടിക്കഥകൾ, നാടൻപാട്ടുകൾ, ചിലപ്പതികാരം, പഞ്ചതന്ത്രം കഥകൾ, രാമായണം, മഹാഭാരതം പോലുള്ള ഇതിഹാസങ്ങൾ തുടങ്ങിയവ പാഠപുസ്തകത്തിൽ കാണപ്പെടുന്നു എന്ന ഒറ്റ കാരണത്താൽ മാത്രം ഇവയൊക്കെ നാടോടിവിജ്ഞാനം അല്ലെന്നു പറയാൻ സാധിക്കില്ല. ഇവയിൽ മിക്കതും വാമൊഴിയിലൂടെ ഉദ്ഭവിച്ചതും കൈമാറ്റം ചെയ്യപ്പെ


ട്ടതുമാണ്. റേഡിയോ, ടെലിവിഷൻ തുടങ്ങിയവയിലൂടെ സംപ്രേഷണം ചെയ്യുന്ന നാടൻപാട്ടുകൾ പലതും എഴുതിയതും ചിട്ടപ്പെടുത്തിയതും ആധുനിക കലാകാരരാണ്. വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന നാടൻപാട്ടുകളിൽനിന്ന് ഇവയ്ക്ക് നേരിയ വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. ആയതിനാൽ ഇവയെയൊക്കെ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ഇതുപോലെ 'നാടോടിവിജ്ഞാനം' എന്നത് പൂർണമായും വാമൊഴിസംസ്കാരം മാത്രമാണെന്ന് അംഗീകരിക്കാൻ സാധ്യമല്ല. നാടോടിനൃത്തങ്ങൾ, നാടൻകലാരൂപങ്ങൾ, കരകൗശലവസ്തുക്കൾ, ചിത്രമെഴുത്ത്, ശിൽപ്പകലകൾ എന്നിവയൊന്നും വാമൊഴിയുടെയോ എഴുത്തുഭാഷയുടെയോ മാത്രം സാംസ്കാരികപാരമ്പര്യങ്ങളല്ല. ഇവയൊക്കെ അനുകരണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പരിശീലനങ്ങളിലൂടെയും പഠിക്കുന്നതും ആർജിക്കുന്നതുമാകുന്നു. ആയതിനാൽ നാടോടിവിജ്ഞാനം എന്നത് വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സാഹിത്യം മാത്രമല്ല, കല, കരകൗശലവസ്തുക്കൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ തുടങ്ങിയ സാംസ്കാരിക ഘടകങ്ങൾകൂടി ഉൾപ്പെടുന്നതാണ്.

നാടോടിവിജ്ഞാനത്തിന്റെ ഉദ്ഭവം പ്രാക്തനരും അപരിഷ്കൃതരുമായ നിരക്ഷരസമൂഹത്തിൽ ആണെന്നും പിന്നീട് പരിഷ്കൃതസമൂഹം രൂപംകൊണ്ടപ്പോൾ ഇവയൊക്കെ പാടേ നശിച്ചുപോയെന്നൊരു വിശ്വാസവും പൊതുവെ നിലവിലുണ്ട്. എന്നാൽ അലൻ ഡൻഡസിന്റെ അഭിപ്രായം, പരിഷ്കൃതസമൂഹത്തിലും ഫോക്ലോർ നിലനിൽക്കുന്നുണ്ടെന്നാണ്. പരമ്പരാഗത സമ്പ്രദായങ്ങൾ നിലനിൽക്കുന്ന (കഥകൾ, കളികൾ, പഴഞ്ചൊല്ലുകൾ, പാട്ടുകൾ) ഏതൊരു കൂട്ടവും ഫോക് ആകുന്നു. ഒരു കലാലയസമൂഹം, സൈനികട്രൂപ്പ്, ഓഫീസ് എന്നിവയൊക്കെ ഓരോ ഫോക് ആണെന്നും ഇവയിലെല്ലാം നാടോടിവിജ്ഞാനം നിലനിൽക്കുന്നുവെന്നുമാണ് അദ്ദേഹത്തിന്റെ വാദം. ആധുനികസമൂഹത്തിൽ പ്രത്യേകിച്ച് നഗരങ്ങളിൽ പുതിയ പുതിയ ഫോക്ലോറുകൾ ഉദ്ഭവിക്കുകയും പിന്നീട് അവ ഗ്രാമങ്ങളിലേക്കു വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, സ്പൈഡർമാൻ, ബാറ്റ്മാൻ, ഫാന്റം, മാൻഡ്രേക്ക് തുടങ്ങിയ കഥാപാത്രങ്ങൾ നഗരസംസ്കാരങ്ങളിൽ രൂപംകൊള്ളുകയും പിന്നീട് ഗ്രാമങ്ങളിലേക്കു വ്യാപിക്കുകയും ചെയ്തവയാണ്. ഇപ്രകാരം പരമ്പരാഗതനായകർക്കു പകരമായി ആധുനികവീര നായികാ നായക സങ്കൽപ്പങ്ങൾ രൂപപ്പെട്ടുവരുന്നു.

നാടോടിവിജ്ഞാനത്തിന്റെ നിർവചനങ്ങളെ സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടുകൾ നമ്മൾ പരിശോധിച്ചുകഴിഞ്ഞു. ഇവയിൽ പുരാതനവും ആധുനികവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്നതും സാർവത്രികമായി അംഗീകരിക്കപ്പെടുന്നതുമായ ഏതെങ്കിലും നിർവചനങ്ങൾ നിങ്ങൾ കണ്ടെത്തിയോ?

നാടോടിവിജ്ഞാനത്തിന്റെ (ഫോക്ലോർ) നിർവചനങ്ങളിൽ അടങ്ങിയിരിക്കുന്ന സവിശേഷതകൾ പരിശോധിച്ച് ഒരു ചാർട്ട് തയാറാക്കുക.



പഴയതും പുതിയതുമായ നിർവചനങ്ങൾ പരിശോധിച്ച് നാടോടിവിജ്ഞാനത്തിന്റെ എല്ലാ സ്വഭാവസവിശേഷതകളും ഉൾപ്പെടുത്തി ഒരു നിർവചനം തയാറാക്കുക.

പഠനപുരോഗതി വിലയിരുത്താം

വിട്ടു പോയ ഭാഗം പൂരിപ്പിക്കുക.

എ) ഒന്നിലധികം പൊതുസ്വഭാവങ്ങൾ പങ്കുവയ്ക്കുന്ന ഒരു ഗ്രൂപ്പിനെ..... എന്നു പറയുന്നു.

ബി) നാടോടിവിജ്ഞാനം ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലും കാണപ്പെടുന്നു. ആയതിനാൽ ഇത് ഒരു സാംസ്കാരിക..... ആകുന്നു.

ജനങ്ങളുടെ സാംസ്കാരികജീവിതത്തിൽ നാടോടിവിജ്ഞാനം പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു. ജനങ്ങളുടെ സാംസ്കാരികജീവിതത്തിൽ നാടോടിവിജ്ഞാനം പ്രധാന പങ്കു വഹിക്കുന്നു. നര വംശശാസ്ത്രം സംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിനാൽ ജനങ്ങളുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ നാടോടിവിജ്ഞാനം വഹിക്കുന്ന പങ്ക് അവഗണിക്കാൻ സാധ്യമല്ല. നാടോടിവിജ്ഞാനം ഒരു പ്രത്യേക വിജ്ഞാനശാഖയായി രൂപംകൊള്ളുന്നതിനു മുമ്പുതന്നെ സംസ്കാരപഠനത്തിന്റെ ഭാഗമായി നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെക്കുറിച്ച് പഠി ച്ചിരുന്നു.

നാടോടിവിജ്ഞാനവും നരവംശശാസ്ത്രവും (Folkore and Anthropology)

നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെ സംസ്കാരത്തിന്റെ ഭാഗമായി ത്തന്നെയാണ് കാണുന്നത്. നാടോടിപാരമ്പര്യത്തെ മനസ്സിലാക്കാതെയുള്ള സംസ്കാരപഠനം തികച്ചും അപൂർണമാണ്. ഒരു സമൂഹത്തിന്റെ അറിവ്, വിശ്വാസങ്ങൾ, മൂല്യങ്ങൾ എന്നിവ ആ സമൂഹത്തിലെ വിവാഹം, കുടുംബം, സാമ്പത്തികവ്യവസ്ഥിതി തുടങ്ങിയവ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഒരു സമൂഹത്തിന്റെ സംസ്കാരത്തെക്കുറിച്ച് ആഴത്തിലുള്ള പഠനത്തിലൂടെ, ഇത്തരം നാടോടിവിജ്ഞാനത്തെ മനസ്സിലാക്കാൻ നരവംശശാസ്ത്രജ്ഞർ ശ്രമിക്കുന്നു. അതിനാൽ ഒരു സമൂഹത്തിന്റെ സംസ്കാരരൂപങ്ങളെക്കുറിച്ച് രേഖപ്പെടുത്തുമ്പോഴും ജനകീയമാക്കുമ്പോഴും സംരക്ഷിക്കപ്പെടുമ്പോഴും ആ സമൂഹത്തിന്റെ നാടോടിവിജ്ഞാനംകൂടി വിവരിക്കേണ്ടത് നരവംശശാസ്ത്രജ്ഞരുടെ കടമയാണ്.

നരവംശശാസ്ത്രജ്ഞർക്കും നാടോടിവിജ്ഞാനശാസ്ത്രജ്ഞർക്കും അവരവരുടെ വിഷയങ്ങളുടെ വ്യാപ്തിയെക്കുറിച്ച് വ്യത്യസ്തമായ നിഗമനങ്ങളാണുള്ളത്. ആദ്യകാല നരവംശശാസ്ത്രജ്ഞരായ ജെയിംസ് ഫ്രയ്സർ, ഇ.ബി. ടെയ്ലർ, ഫ്രാൻസ് ബോസ് എന്നിവരൊ ക്കെ നാടോടിവിജ്ഞാനപഠനത്തിലെ അഗ്രഗാമികളാണ്. പ്രശസ്ത നരവംശശാസ്ത്രജ്ഞനും ഫോക്ലോറിസ്റ്റുമായ വില്യം ആർ. ബാസ്ക്കോമിന്റെ അഭിപ്രായത്തിൽ നാടോടി വിജ്ഞാനപഠനം സംസ്കാരിക നരവംശശാസ്ത്രപഠനശാഖയിലുൾപ്പെടുന്നു. നരവംശ ശാസ്ത്രജ്ഞർ സംസ്കാരത്തെക്കുറിച്ച് പഠിക്കുമ്പോൾ ആ ജനതയുടെ നാടൻകഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയ നാടോടിവിജ്ഞാനങ്ങൾ രേഖപ്പെടുന്നില്ലെങ്കിൽ അത്തരം സാംസ്കാരികപഠനങ്ങൾ അപൂർണമായിരിക്കാനാണ് സാധ്യത. എന്നാൽ ആധുനിക നാടോടിവിജ്ഞാനശാസ്ത്രജ്ഞർ നാടോടിവിജ്ഞാനപഠനത്തെ ഒരു പ്രത്യേക പഠനശാഖയായി പരിഗണിക്കുന്നു.

നാടോടിവിജ്ഞാനപഠനം ഇന്ന് ഒരു സ്വതന്ത്രപഠനവിഷയമായി വളർന്നിരിക്കുന്നു. ഏതൊരു വിഷയത്തിന്റെ വളർച്ചയ്ക്കും മറ്റു പഠനവിഷയങ്ങളുമായുള്ള ബന്ധം അനിവാര്യമാണ്. നരവംശശാസ്ത്രജ്ഞർ അവലംബിക്കുന്ന ഐതിഹ്യങ്ങൾ, കുലചിഹ്നം (Totem) എന്നിവയെ ക്കുറിച്ചുള്ള ഘടനാപരമായ വിശകലനം നാടോടിവിജ്ഞാനീയശാസ്ത്രജ്ഞരും വ്യാപകമായി പ്രയോജനപ്പെടുത്തുന്നുണ്ട്. നരവംശശാസ്ത്രജ്ഞരും നാടോടിവിജ്ഞാനീയ ശാസ്ത്രജ്ഞരും തമ്മിലുള്ള വ്യത്യാസം അവരുടെ സമീപനങ്ങളിലും കാഴ്ചപ്പാടിലും നിലനിൽക്കുന്നുവെങ്കിലും ഇരുവിഭാഗത്തിന്റെയും പഠനമേഖലയിലും ഉള്ളടക്കത്തിലും സമാനതകൾ ദർശിക്കാവുന്നതാണ്.

അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഫ്രാൻസ് ബോസ് നാടോടിവിജ്ഞാന പാരമ്പര്യത്തെ പ്രധാനമായും ഉപയോഗിച്ചത് ആദിമസമൂഹങ്ങളുടെ ഉൽപ്പത്തി, വികാസം എന്നിവ മനസ്സിലാക്കുന്നതിനാണ്. അമേരിക്കയിലെ ആദിമനിവാസികളുടെ സംസ്കാരത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് അവരുടെ ഐതിഹ്യങ്ങൾ, കടങ്കഥകൾ, കലാരൂപങ്ങൾ, പാട്ടുകൾ, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, പുരാവൃത്തങ്ങൾ, നാടോടിക്കഥകൾ തുടങ്ങിയവ അദ്ദേഹം ശേഖരിച്ചു. 1888 ൽ അദ്ദേഹം അമേരിക്കൻ ഫോക്ലോർ സൊസൈറ്റി (The Institute of American Folklore Society) എന്ന സ്ഥാപനം ആരംഭിച്ചു. 1908 ൽ ആരംഭിച്ച അമേരിക്കൻ ജേണൽ ഓഫ് ഫോക്ലോർ (Journal of American Folklore) എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്റർ കൂടിയായിരുന്നു ഫ്രാൻസ് ബോസ്.

ഇന്ത്യൻ എത്നോഗ്രാഫിയുടെ പിതാവായ എസ്.സി. റോയിയുടെ അഭിപ്രായത്തിൽ നാടോടി വിജ്ഞാനം എന്നത് "മനുഷ്യമസ്സിന്റെ എഴുതപ്പെടാത്ത പൂർവചരിത്രം" ആണ് (Pre history of

human mind). നാടോടിപാരമ്പര്യങ്ങൾ ശേഖരിക്കേണ്ടതിന്റെയും അവ സംരക്ഷിക്കപ്പെടേണ്ട തിന്റെയും പ്രാധാന്യം അദ്ദേഹം ഊന്നിപ്പറയുന്നു. കാരണം, അവ തലമുറകളായി കൈമാറിക്കൊ ണ്ടിരിക്കുന്ന നമ്മുടെ പൊതുസമ്പത്താണെന്ന് അദ്ദേഹം വിശ്വസിക്കുന്നു അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തലമുറകളായി കൈമാറുന്ന പരമ്പരാഗത പൈതൃകമാണ് നാടോടിവിജ്ഞാനം. അദ്ദേഹം 'ഫോക്‌ലോർ റിസേർച്ചസ് ഇൻ ഇന്ത്യ' എന്ന പുസ്തകത്തിന്റെ എഡിറ്ററുമായിരുന്നു. പിന്നീട് 'ഫോക്‌ലോർ' എന്ന പ്രസിദ്ധീകരണം ആരംഭിക്കുകയുണ്ടായി.

ബ്രിട്ടിഷ് ഭരണനിർവഹണത്തിന്റെ ഭാഗമായിരുന്ന നരവംശശാസ്ത്രജ്ഞർ ഇന്ത്യൻ നാടോടിവിജ്ഞാനപഠനത്തിന്റെ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു മുൻപ് എത്തിച്ചേർന്ന ബ്രിട്ടിഷ് ഭരണാധികാരിയും നരവംശശാസ്ത്രജ്ഞനുമായിരുന്ന വെരിയർ എൽവിൻ ഇന്ത്യയിലെ വടക്കു കിഴക്കൻ മേഖലയിലും മധ്യമേഖലയിലുമുള്ള ആദിവാസിവിഭാഗങ്ങളെക്കുറിച്ച് പഠിക്കുകയുണ്ടായി. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ആദിവാസി വികസന കാര്യങ്ങളുടെ ഉപദേഷ്ടാവായിരുന്നു അദ്ദേഹം. ദി ബൈഗ (The Baiga 1939), മഹാകോശൽ നാടോടിക്കഥകൾ (Folk tales of Mahakoshal 1947), ഛത്തീസ്ഗഡിലെ നാടൻപാട്ടുകൾ (Folk Songs of Chattisgarh 1947), ഒറീസ(ഒഡീഷ)യിലെ ആദിവാസികളുടെ പുരാവൃത്തങ്ങൾ (Tribal Myth of Orissa : 1954) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങൾ. ആന്തമാൻ ദ്വീപസമൂഹത്തിലെ ആദിവാസികളുടെ പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവ വിശകലനം ചെയ്തുകൊണ്ട് എ.ആർ. റാഡ്ക്ലിഫ് ബ്രൗൺ എഴുതിയ പുസ്തകമാണ് 'ദി ആന്തമാൻ ഐലൻഡേഴ്സ്' (The Andaman Islanders).

നാടോടി (ഫോക്), വിജ്ഞാനം (ലോർ) എന്നീ ആശയങ്ങൾ (Concept of Folk and Lore)

ആദ്യകാലങ്ങളിൽ ഫോക്‌ലോറിനെ നിർവചിച്ചിരുന്നത് 'ലോർ ഓഫ് ഫോക്' എന്നായിരുന്നു. ഇവിടെ'ഫോക്' എന്നതുകൊണ്ട് അർഥമാക്കുന്നത് പരമ്പരാഗതമായ, തദ്ദേശീയമായ, കൃഷിയുമായി ബന്ധപ്പെട്ട, സാക്ഷരപൂർവമായ, അപരിഷ്കൃതമായ, പ്രാക്തനമായ, പിന്നാക്കം നിൽക്കുന്ന എന്തൊക്കെയാണ്. 'ലോർ' എന്ന വാക്കിന്റെ അർഥം 'അറിവ്' എന്നാണ്. ആയതിനാൽ ആദ്യകാലങ്ങളിൽ ഫോക്‌ലോർ എന്ന പദം ഔപചാരിക വിദ്യാഭ്യാസമില്ലാത്ത അല്ലെങ്കിൽ നിരക്ഷരരായ സമൂഹത്തിന്റെ പാരമ്പര്യത്തെ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

എന്നാൽ ആധുനികസമൂഹത്തിൽ 'ഫോക്' എന്ന ആശയം വ്യത്യസ്തമാണ്. അലൻ ഡൻഡസിന്റെ അഭിപ്രായത്തിൽ 'ഫോക്' എന്നത് കുടുംബമെന്ന ചെറുയൂണിറ്റോ രാഷ്ട്രമെന്ന വലിയ യൂണിറ്റോ, വ്യത്യസ്ത മതങ്ങൾ അല്ലെങ്കിൽ വ്യത്യസ്തമായ ഭൂപ്രദേശങ്ങൾ തുടങ്ങിയവയിൽ ഏതെങ്കിലുമോ ആകാം. അതുകൊണ്ട് ഇന്ത്യൻ നാടോടിവിജ്ഞാനം എന്നത് വ്യത്യസ്ത സംസ്ഥാനങ്ങളിലെ നാടോടിവിജ്ഞാനം, വ്യത്യസ്ത ജാതികൾ, തൊഴിലുകൾ, വംശീയ ഗ്രൂപ്പുകൾ എന്നിവയുടെയും നാടോടിവിജ്ഞാനമാണ്. ഒരു പുതിയ ആൾക്കൂട്ടം രൂപം കൊള്ളുമ്പോൾ തന്നെ പുതിയ ഒരു നാടോടിവിജ്ഞാനംകൂടി രൂപപ്പെടുന്നു. ഒരു വ്യക്തിതന്നെ ജാതി, മതം, ഇന്ത്യൻ നാട്ടുകൂട്ടം, കേരള നാട്ടുകൂട്ടം തുടങ്ങിയ നിരവധി വ്യത്യസ്ത നാടൻ കൂട്ടങ്ങളിലെ അംഗമാകുന്നു. ആയതിനാൽ നാടോടിവിജ്ഞാനത്തെ കുറിച്ചുള്ള ആധുനിക സങ്കൽപ്പം നിരക്ഷരരായിരുന്ന, ഔപചാരികവിദ്യാഭ്യാസം ലഭിക്കാതിരുന്ന ഗ്രാമീണസമൂഹത്തിന്റെ പാരമ്പര്യത്തോടൊപ്പം തന്നെ നാഗരിക, പരിഷ്കൃത, സാക്ഷരസമൂഹത്തിന്റെ പാരമ്പര്യം കൂടി യാകുന്നു.

നാടോടിവിജ്ഞാനപഠനം (Folkloristics)

നാടോടിവിജ്ഞാനത്തെ (ഫോക്‌ലോറിനെ) കുറിച്ചുള്ള പഠനമാണ് നാടോടിവിജ്ഞാനപഠനം (ഫോക്‌ലോറിസ്റ്റിക്സ്). നാടോടിവിജ്ഞാനത്തെ കുറിച്ച് പഠിക്കുന്നവരാണ് നാടോടി വിജ്ഞാന ശാസ്ത്രജ്ഞർ. 19-ാം നൂറ്റാണ്ടിലാണ് നാടോടിവിജ്ഞാനീയം ഒരു പ്രത്യേക പഠന വിഷയമായി ആരംഭിച്ചത്. വ്യത്യസ്ത കാഴ്ചപ്പാടിലൂടെ നാടോടിവിജ്ഞാനത്തെക്കുറിച്ചു പഠിക്കേണ്ടതുണ്ട്. ആദ്യകാലഘട്ടങ്ങളിൽ വംശീയപഠന ഗവേഷണത്തിന്റെ ഭാഗമായി നാടോടി വിജ്ഞാനം പഠിച്ചിരുന്നു. ആയതിനാൽ നാടോടിവിജ്ഞാനം നരവംശശാസ്ത്ര ഗവേഷണങ്ങളിലും

വംശീയപഠനങ്ങളിലും ഒരുപോലെ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. നരവംശശാസ്ത്രജ്ഞർ നാടോടി വിജ്ഞാനം സംസ്കാരത്തിന്റെ ഭാഗമായി കാണുന്നു. ജനങ്ങളുടെ ആത്മകഥാപരമായ വിവരണമായി നാടോടിവിജ്ഞാനത്തെ ഇവർ കണക്കാക്കുന്നു.

നാടോടിവിജ്ഞാനം, നാടോടിവിജ്ഞാനപഠനം എന്നിവ തമ്മിൽ ആശയക്കുഴപ്പം നിലനിൽക്കുന്നു. അലൻ ഡൻഡസ് ഈ ആശയക്കുഴപ്പം ലഘൂകരിക്കാൻ ശ്രമിക്കുന്നുണ്ട്. നാടോടിവിജ്ഞാനം എന്നത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'ലോർ ഓഫ് ഫോക്' എന്നാണ്. ഇത് വസ്തുക്കളെയും വസ്തുതകളെയും പ്രതിനിധാനം ചെയ്യുന്നു. എന്നാൽ നാടോടി വിജ്ഞാനീയപഠനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'ഫോക്കിനെ കുറിച്ചുള്ള പഠനമാണ്' എന്നതാണ്. ഈ അർഥത്തിൽ നാടോടിവിജ്ഞാനം വിശാലമായ അർഥം വരുന്ന പൊതുവായ ഒരു പദവും നാടോടിവിജ്ഞാനീയപഠനം എന്നത് പരിമിതമായ അർഥങ്ങളുള്ള ഒരു പ്രത്യേക പദവുമാകുന്നു.

ഒരു സമൂഹത്തിന്റെ നാടോടിവിജ്ഞാനത്തിൽ ആ സമൂഹത്തിന്റെ സംസ്കാരവും ജീവിതവും ദർശിക്കാനാവും. ഒരു ജനസമൂഹത്തിന്റെ ജീവിതം മനസ്സിലാക്കണമെങ്കിൽ ആ സമൂഹത്തിലെ നാടോടിവിജ്ഞാനത്തിന്റെ ഘടകങ്ങളായ നാടോടിസാഹിത്യങ്ങൾ, നാടോടി വിശ്വാസങ്ങൾ, ആചാരങ്ങൾ, നാടോടിക്കളികൾ, നാടോടിക്കലാരൂപങ്ങൾ, നാടോടിശാസ്ത്രങ്ങളും സാങ്കേതികവിദ്യകളും തുടങ്ങിയവ മനസ്സിലാക്കേണ്ടതുണ്ട്.

II. നാടോടിസാഹിത്യം (Folk Literature)

നാടോടിപ്പാട്ടുകൾ, നാടോടിക്കഥകൾ, കെട്ടുകഥകൾ, ഇതിഹാസങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, വീരകഥകൾ, അനുഗ്രഹങ്ങൾ, ശാപങ്ങൾ, ഉപകഥകൾ, രൂപകങ്ങൾ, വിളിപ്പേരുകൾ, സ്ഥലപുരാണങ്ങൾ, പ്രതിജ്ഞകൾ, അഭിവാദനങ്ങൾ, ഐതിഹ്യങ്ങൾ എന്നിവയാണ് നാടോടി സാഹിത്യത്തിൽ ഉൾക്കൊള്ളുന്നത്. ഇവയിൽ ചിലതൊക്കെ വരുംതലമുറയ്ക്ക് കൈമാറുന്നത് വാമൊഴിയിലൂടെയും മറ്റു ചിലതു കൈമാറുന്നത് വരമൊഴിയിലൂടെയുമാണ്.

നാടൻപാട്ടുകൾ (Folk Songs)

നാടോടിസാഹിത്യത്തിന്റെ പ്രധാനരൂപമാണ് നാടൻപാട്ടുകൾ. മതം, ഐതിഹ്യം, കാർഷിക വൃത്തികളായ വിത, കൊയ്ത്ത്, സാമൂഹികജീവിതത്തിലെ പല സംഭവങ്ങൾ, വിവാഹം, ഭൂപ്രകൃതി, വീരപ്രവൃത്തികൾ തുടങ്ങിയ വിഷയങ്ങളിൽ നിന്നാണ് നാടൻപാട്ടുകൾക്കാസ്പദമായ ഉള്ളടക്കം തിരഞ്ഞെടുക്കുന്നത്. സാധാരണജനതയുടെ സന്തോഷങ്ങളും സങ്കടങ്ങളും പ്രതീക്ഷകളും ആഗ്രഹങ്ങളുമാണ് നാടൻപാട്ടുകളിൽ പ്രതിഫലിക്കുന്നത്. നമ്മുടെ തെയ്യം, തിറ, കളമെഴുത്ത് തുടങ്ങിയവയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട പാട്ടുകൾ, വഞ്ചിപ്പാട്ട്, വില്ലടിച്ചാൻപാട്ട്, വടക്കൻപാട്ട്, തെക്കൻപാട്ട്, മൈലാഞ്ചിപ്പാട്ട്, വട്ടക്കളിപ്പാട്ട്, ഒപ്പനപ്പാട്ട്, മാർഗംകളിപ്പാട്ട് തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നു.

മഹാബലിയുടെ ഐതിഹ്യവുമായി ബന്ധപ്പെട്ട് ഓണനാളുകളിൽ പാടുന്ന നാടൻപാട്ടാണ്

മാവേലി നാടുവാണീടുംകാലം...

തൊഴിലാളിവർഗത്തിനും ജോലിസ്ഥലങ്ങളിൽ അവരുടേതായ നാടൻപാട്ടുകളുണ്ട്.

പിടിയെടാ മോനേ .... ഐലസാ...

ഒത്തുപിടിച്ചാൽ .... ഐലസാ...

നാടോടിക്കഥകൾ (Folk Tales)

പ്രധാനമായും ബലം, ധൈര്യം, സദാചാരമൂല്യങ്ങൾ, നല്ല സ്വഭാവങ്ങൾ, പ്രകൃത്യതീത ശക്തികളോടുള്ള ആദരവ് തുടങ്ങിയവ സൂചിപ്പിക്കുന്നവയാണ് നാടോടിക്കഥകൾ. ഇവ തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നു. ഇവയിൽ സാധാരണ ഐതിഹ്യങ്ങൾ, മൃഗങ്ങളുടെ കഥകൾ, മാന്ത്രികക്കഥകൾ, തമാശക്കഥകൾ, സദാചാരക്കഥകൾ തുടങ്ങിയവയാണ് ഉൾപ്പെടുന്നത്. ഗ്രാമീണജനതയെ ഉദ്ബോധിപ്പിക്കാനുതകുന്ന ഒരു സാംസ്കാരികരീതിയാണ് നാടോടിക്കഥകൾ. കേരളത്തിൽ പ്രചാരമുള്ള നാടോടിക്കഥകളാണ്, 'പറയിപെറ്റപന്തിരുകുലം', 'കായംകുളം കൊച്ചുണ്ണി', 'വിരുതൻ ശങ്കു', സ്ഥലപുരാണങ്ങൾ, തെയ്യം തിറ എന്നിവയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട കഥകൾ തുടങ്ങിയവ. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല' എന്ന പുസ്തകം കേരളത്തിലെ നാടോടിക്കഥകളുടെ സമാഹാരമാണ്.

ഐതിഹ്യങ്ങൾ (Myth)

'സ്റ്റാൻഡേർഡ് ഡിക്ഷ്ണറി ഓഫ് ഫോക്ലോർ' മിത്തിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. ഭൂതകാലത്ത് സംഭവിച്ച ഒരു കഥ. പ്രകൃതിയെയും പ്രകൃത്യതീതശക്തികളെയും ജനങ്ങളുടെ പാരമ്പര്യത്തെയും അവരുടെ ദൈവങ്ങളെയും വീരപുരുഷന്മാരെയും മതവിശ്വാസങ്ങളെയുമൊക്കെ കുറിച്ചുള്ള വർണനകളാണ് മിത്തുകൾ. അവ മതവിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും സാധാരണയായി ന്യായീകരണം കണ്ടെത്തുന്നു. ഇവ മുതിർന്നവരിൽനിന്നു പുതുതലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടത് കഥകളിലൂടെയാണ്. മിത്തുകൾ സൂചിപ്പിക്കുന്നത് മൗലിക വിശ്വാസങ്ങളെയും സാംസ്കാരികമൂല്യങ്ങളെയുമാണ്. നിരക്ഷരരായ സമൂഹത്തിന്റെയോ ഒരു ചെറുസമൂഹത്തിന്റെയോ, സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകളിൽ പ്രധാനഭാഗമാണ് മിത്തുകൾക്കുള്ളത്. അവ പൊതുതാൽപ്പര്യത്തെ പ്രതിനിധീകരിക്കുകയും അതിലെ ഉദാഹരണങ്ങൾ അനുകരിക്കുകവഴി പുതുതലമുറയെ മുന്നോട്ടു നയിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ വ്യത്യസ്ത ജാതികളുടെ ഉദ്ഭവത്തെക്കുറിച്ച് ഒരുപാട് ഐതിഹ്യങ്ങളുണ്ട്.

പുരാവൃത്തങ്ങൾ (Legends)

പുരാവൃത്തങ്ങൾ യഥാർഥമായി സംഭവിച്ച കഥകളായിട്ടാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. വീരനായകരുടെ വീരശൂരകഥകളും അവയുടെ അധികാരസ്ഥാപനത്തെക്കുറിച്ചുള്ള അസത്യ വിവരണവുമൊക്കെയാണ് സാധാരണ പുരാവൃത്തങ്ങളിൽ കാണപ്പെടുന്നത്. ഇവ പലപ്പോഴും യാഥാർഥ്യങ്ങളുടെയും പ്രതിഭാസങ്ങളുടെയും സമ്മിശ്രമാണ്. വരുംതലമുറയെ രസിപ്പിക്കാനും പ്രചോദിപ്പിക്കാനും അവരിലേക്ക് മൂല്യവ്യവസ്ഥ കൈമാറ്റം ചെയ്യാനുമാണ് പുരാവൃത്തങ്ങൾ ഉപയോഗിക്കുന്നത്.

പുരാവൃത്തങ്ങൾക്ക് കർത്താവുണ്ടാകാറില്ല. അവ യഥാർഥജീവിതത്തിൽനിന്ന് അതേപടി ഒപ്പിയെടുത്തവയാണെന്നേ തോന്നൂ. പുരാവൃത്തങ്ങളിലൂടെ നാം അറിയുന്നത് പൂർവികരുടെയും ദേവതകളുടെയും ധീരതയെക്കുറിച്ചാണ്. താളാത്മകമായ ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ ഉള്ള നീണ്ട പുരാവൃത്തങ്ങളാണ് ഇതിഹാസങ്ങൾ എന്നറിയപ്പെടുന്നത്.

പഴഞ്ചൊല്ലുകൾ (Proverbs)

പരമ്പരാഗതമായി നിലനിൽക്കുന്ന മൂല്യങ്ങളെയും ഉപദേശങ്ങളെയും ചെറുവാക്യങ്ങളായി ക്രോഡീകരിച്ചവയാണ് പഴഞ്ചൊല്ലുകൾ. വാമൊഴിയിലൂടെയാണ് ഇവ തലമുറകളിലേക്കു കൈമാറുന്നത്. പഴഞ്ചൊല്ലുകൾ ഉദ്ഭവിച്ചിരിക്കുന്നത് പൂർവികരുടെ യഥാർഥ ജീവിതാനുഭവങ്ങളിൽ നിന്നാണ്. യോജ്യമായ സന്ദർഭങ്ങളിൽ പറയുമ്പോഴാണ് പഴഞ്ചൊല്ലുകൾ അർഥവത്താകുന്നത്. പഴഞ്ചൊല്ലുകൾ വിശകലനം ചെയ്ത് അതിനു പിന്നിലുള്ള സത്യത്തെ വെളിപ്പെടുത്തിയോജിച്ച സ്ഥലത്തു ചേർക്കുന്നു. "മിണ്ടാപ്പൂച്ച കലമുടയ്ക്കും", "കാക്ക കുളിച്ചാൽ കൊക്കാകുമോ", "ഉരുളുന്ന കല്ലിന് പായൽ പിടിക്കില്ല", "അഹംഭാവം അധപ്പതനത്തിന്റെ മുന്നോടിയാണ്" എന്നിവ പഴഞ്ചൊല്ലുകളുടെ ഏതാനും ഉദാഹരണങ്ങളാണ്.

കടങ്കഥകൾ (Riddles)

കടങ്കഥയെന്നാൽ ദ്വയാർഥമുള്ള ഒരു വാക്യമോ ചോദ്യമോ ആവാം. കുട്ടികൾക്ക് ബുദ്ധിപരമായ വളർച്ചയ്ക്ക് ഉതകുന്ന നല്ലൊരിനം വിനോദം കൂടിയാണിത്. ഉദാഹരണം: അടി പാറ, നടുവടി, മീതെ കുട (ചേന).

സംഭവകഥകൾ (Anecdotes)


അനക്ടോട്ട്സ് എന്നത് ഒരുതരത്തിൽ രസിപ്പിക്കുന്ന ചെറു സംഭവകഥകളാണ്. സംഭവകഥയിൽ പ്രതിപാദിക്കുന്ന ആളുകളുടെ പേരും സ്ഥലവുമെല്ലാം തിരിച്ചറിയാവുന്നതാണ്. കായംകുളം കൊച്ചുണ്ണിയുടെ കഥ ഇതിനുദാഹരണമാണ്.

വീരഗാഥകൾ (Ballads)

പണ്ടത്തെ വീരയോദ്ധാക്കളുടെ ഗുണഗണങ്ങൾ വാഴ്ത്തി, അവയെ വർണാത്മകഗീതങ്ങളായും ലളിതമായ കാവ്യഭാഗങ്ങളായും (ശ്ലോകങ്ങൾ) രചിച്ചതിനെയാണ് വീരഗാഥകൾ എന്നു

പറയുന്നത്. വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, പുത്തൂരം പാട്ടുകൾ, വലിയ തമ്പി- കൊച്ചുതമ്പി പാട്ടുകൾ തുടങ്ങിയവയാണ് കേരളത്തിലെ പ്രശസ്തമായ വീരഗാഥകൾ.

നിങ്ങളുടെ ചുറ്റുപാടിൽനിന്നു നാടൻപാട്ടുകൾ, നാടോടിക്കഥകൾ, ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സംഭവകഥകൾ, വീരഗാഥകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയാറാക്കുക.



III നാടോടിവിശ്വാസങ്ങളും വഴക്കങ്ങളും (Folk beliefs and Practies)

ഒരു സമൂഹത്തിന്റെ എല്ലാ തട്ടിലും പെടുന്ന ആളുകൾക്കിടയിൽ ചില പ്രത്യേക ആചാരങ്ങളും കീഴ്വഴക്കങ്ങളും വിലക്കുകളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അവ സാമൂഹിക സ്വഭാവത്തിന്റെ ഭാഗമായി മാറുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ചില വിശ്വാസങ്ങളിൽ ഉൾപ്പെടുന്നവയാണ് ശകുനം, അയിത്തം (തൊട്ടുകൂടായ്മ), ഈറ്റും മാറ്റും, രാഹുകാലം, വിനായകചതുർഥി, ജാതകം, മുഹൂർത്തം (നല്ല സമയം), വാസ്തുവിദ്യ, പ്രേതബാധകൊണ്ടുള്ള അസുഖങ്ങൾ, കണ്ണേറ് (കണ്ണുതട്ടുക), കരിനാക്ക് തുടങ്ങിയവ. നല്ല ശകുനവും ചീത്ത ശകുനവുമുണ്ടെന്നു കരുതപ്പെടുന്നു. നല്ല ശകുനത്തിൽ പെടുന്നവയായി കണക്കാക്കുന്നവയാണ് പശുവിനെ കാണൽ, നിറകുടം, സുമംഗലിയായ സ്ത്രീ തുടങ്ങിയവ. വിറക്, പാമ്പ്, ഒഴിഞ്ഞകുടം, ചൂല് തുടങ്ങിയവ ദുശ്ശകുനത്തിൽ പെടുന്നവയത്രേ. കുട്ടികളുടെ വിശപ്പില്ലായ്മയും പെട്ടെന്നുള്ള അസുഖബാധയും കണ്ണേറ് മൂലമാണെന്നാണ് പഴയ മലബാർ പ്രദേശത്ത് നിലനിന്നിരുന്ന ഒരു വിശ്വാസം. ഇതിനൊരു പരിഹാരമായി അവിടങ്ങളിലെ അമ്മമാർ ചുവന്ന മുളകും കടുകും കല്ലുപ്പും ചേർത്ത് മൂന്നു തവണ കുഞ്ഞിനെ ഉഴിഞ്ഞ് (ഉഴിഞ്ഞിടൽ) അവ തീയിലേക്ക് ഇടുന്നു.



സമൂഹത്തിൽ നിലനിന്നിരുന്ന നാടോടിവിശ്വാസങ്ങളും ആചാരങ്ങളും.

- *കുട്ടികളെ നിഴൽ നോക്കി കളിക്കാൻ അനുവദിച്ചിരുന്നില്ല. അത് അസുഖത്തിലേക്കുള്ള തുടക്കമായിട്ടാണ് മുതിർന്നവർ കരുതുന്നത്.*
- *ഗർഭിണികളായ സ്ത്രീകളെ ഏഴാം മാസത്തിന് ശേഷവും പ്രസവശേഷം ആദ്യ കുറച്ചു നാളുകളിലും പുറത്തുപോകാൻ അനുവദിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ ദുഷ്ടശക്തികൾക്കും പ്രേതബാധയ്ക്കും അവർ പെട്ടെന്ന് വശപ്പെട്ടുപോകും എന്നു കരുതപ്പെട്ടു. അതുകൊണ്ട് അവർ പുറത്ത് പോവാൻ നിർബന്ധിതരാണെങ്കിൽ കൂടെ, കൈയ്യിലൊരു ഇരുമ്പിൻ കഷണം കരുതുമായിരുന്നു.*

നാടോടി ആചാരങ്ങളിൽ ദൈനംദിന വഴക്കങ്ങളും (Day to day practices), പ്രത്യേക അവസരങ്ങളിലെ (Occassional Practices) വഴക്കങ്ങളുമുണ്ട്. നാടോടി ഉത്സവങ്ങൾ, അമ്പലത്തിലും മുസ്ലിം പള്ളിയിലും ക്രിസ്ത്യൻ പള്ളിയിലുമുള്ള പ്രാർഥനാവിശ്വാസങ്ങൾ, ദൈവങ്ങൾക്കുള്ള വഴിപാടുകൾ, പ്രസാദം, നേർച്ച, പ്രദക്ഷിണംവയ്ക്കൽ, തീർഥം തുടങ്ങിയവയാണ് ദൈനംദിന വഴക്കങ്ങളിൽപ്പെടുന്നവ. എന്നാൽ, മിക്കപ്പോഴും ജീവിതത്തിലെ വിഷമഘട്ടങ്ങളിലനുഷ്ഠിക്കുന്ന ആചാരങ്ങളാണ് പ്രത്യേക അവസരങ്ങളിലെ ആചാരങ്ങൾ. ആറ്റുകാൽ പൊങ്കാല, എളവൂർ തൂക്കം, കാവടിയെടുക്കൽ തുടങ്ങിയവ പ്രത്യേക അവസരങ്ങളിലെ വഴക്കങ്ങൾക്കുദാഹരണങ്ങളാണ്.

IV നാടൻകളികൾ (Folk Games)

ഗ്രാമീണജനതയുടെ വിനോദത്തിലും ഉല്ലാസത്തിലും നാടൻകളികൾ ഒരു പ്രധാന പങ്കു വഹിക്കുന്നു. ഇവയെ നേരംപോക്കിനുള്ള ഒരു ഉപാധിയായിട്ടാണ് മുതിർന്നവരും കുട്ടികളും കാണുന്നത്. വ്യക്തികൾ തമ്മിലുള്ള സഹകരണം, പ്രശ്നങ്ങൾക്കുള്ള പോംവഴി, മൂല്യാവബോധം, വ്യക്തിത്വവികസനം തുടങ്ങിയവയുടെ വളർച്ചയ്ക്ക് അവ നേരിട്ടോ അല്ലാതെയോ കാരണ മാകുന്നുണ്ട്.

നാടൻകളികളിൽ ദൈനംദിനകളികളും പ്രത്യേക അവസരങ്ങളിലുള്ള കളികളും (സാന്ദർഭിക കളികളും) ഉൾപ്പെടുന്നു.

എ) **ദൈനംദിനകളികൾ (Day to day Games)** : പാരമ്പര്യ കളികളാണ് ദൈനംദിന കളികളിൽപ്പെടുന്നത്. തലപ്പന്തുകളി, ഗോട്ടികളി, കുട്ടിയും കോലും, കക്കകളി, വളപ്പൊട്ടുകളി എന്നിവയൊക്കെ ഈ വിഭാഗത്തിൽപ്പെടുന്നു.

ബി) **പ്രത്യേകാവസരങ്ങളിലുള്ള കളികൾ (Occasional Games)**: ചില വിശേഷപ്പെട്ട അനുഷ്ഠാനാവസരങ്ങളിലും ഉത്സവാവസരങ്ങളിലുമാണ് ഇവയുടെ അവതരണം. ചിലപ്പോൾ ഇവ നാടൻകളികളോ പക്ഷിമൃഗാദികളുടെ മത്സരങ്ങളോ ആവാം. വള്ളംകളി, പൂരക്കളി, തിരുവാതിര ക്കളി, മാർഗംകളി, ഒപ്പന, പുലികളി, കോഴിപ്പോര്, കാളപ്പോര്, ആനയോട്ടം തുടങ്ങിയവ കേരളത്തിലെ സാന്ദർഭിക കളികളിൽ പെടുന്നവയാണ്.



ചിത്രം.10.2 മുച്ചിലോട്ടുഭഗവതി കേരളത്തിൽ മലബാർ മേഖലയിൽ കൊട്ടിയാടുന്ന തെയ്യം

V നാടൻകലകൾ (Folk Arts)

നാടോടിനൃത്തരൂപങ്ങൾ ആടയാഭരണങ്ങൾ, വരകൾ എന്നിവയിലൂടെയും പ്രതിഫലിക്കപ്പെടുന്ന മനുഷ്യന്റെ സർഗാത്മകമായ അവതരണങ്ങളാണ് നാടൻകലകൾ. അവതരണ കലകളും അവതരണേതര കലകളും ഇതിൽ ഉൾപ്പെടുന്നു.



ചിത്രം.10.3 കളമെഴുത്ത് -സർപ്പക്കളം

അവതരണകലകൾ (Performing Arts)

നാടോടിനൃത്തം, നാടോടിനാടകം, കുട്ടിക്കവിതകൾ, കയർചാട്ടം, നാടോടി ഹാസ്യചിത്രം, നാടോടി ആംഗ്യപ്രയോഗം തുടങ്ങിയവ ഇതിൽപ്പെടുന്നു. കേരളത്തിലെ അവതരണേതരകലകളാണ് തെയ്യം, പടയണി, ആടിവേടൻ, കൂത്ത്, കൂടിയാട്ടം, തൂക്കം തുടങ്ങിയവ.

അവതരണേതരകലകൾ (Non-Performing Arts)

ശില്പകലകൾ, കലാരൂപങ്ങൾ, കരകൗശലവസ്തുക്കൾ, പാവനിർമാണം, പെയിന്റിങ്, പച്ചകുത്തൽ, ദേവീദേവന്മാരുടെ പ്രതിമനിർമാണം തുടങ്ങിയവ അവതരണേതരകലകളാണ്. കളമെഴുത്ത്, കോലം, മുഖമെഴുത്ത്, തെയ്യത്തിന്റെ ആഭരണനിർമാണം, ചുമർച്ചിത്രം, കൊത്തുപണികൾ തുടങ്ങിയവ കേരളത്തിലെ അവതരണകലകളിൽ ഉൾപ്പെടുന്നവയാണ്.


VI.നാടോടിശാസ്ത്രവും സാങ്കേതികവിദ്യയും (Folk Science and Technology)

നാടോടിശാസ്ത്രം: സാധാരണജനങ്ങളുടെ പരമ്പരാഗതമായ അറിവിനെയാണ് നാടോടി ശാസ്ത്രമെന്നു പറയുന്നത്. പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള അറിവുകൾ, പാരമ്പര്യചികിത്സ, വാസ്തുവിദ്യ, പഴം, പച്ചക്കറി തുടങ്ങിയവ കേടുവരാതെ സൂക്ഷിക്കൽ, പാചകവിദ്യ, കൃഷി, വസ്ത്രങ്ങൾക്ക് ചായം നൽകൽ, നക്ഷത്രങ്ങളെയും ജ്യോതിർഗോളങ്ങളെയും കുറിച്ചുള്ള അറിവുകൾ, തണുത്തതും ചൂടുള്ളതുമായ ഭക്ഷണങ്ങൾ സംബന്ധിച്ച ആശയം തുടങ്ങിയവ നാടോടി ശാസ്ത്രത്തിൽ ഉൾപ്പെടുന്നു.

ഞാറ്റുവേല, വിളകൾക്ക് വളമിടൽ, വിത, കൊയ്ത്ത് എന്നീ കാലത്തെക്കുറിച്ചുള്ള അറിവ്, സസ്യങ്ങളിലെ ഔഷധഗുണം, ചികിത്സ തുടങ്ങിയ പരമ്പരാഗത അറിവുകൾ എന്നിവ കേരളത്തിലെ നാടോടിശാസ്ത്രത്തിൽപ്പെടുന്നു.

നാടോടിസാങ്കേതികവിദ്യ: നാടോടിശാസ്ത്രത്തിന്റെ പ്രയോഗമാണ് നാടോടിസാങ്കേതികവിദ്യ. ഇതിൽ ഉൾപ്പെടുന്നത് നാടൻശില്പങ്ങൾ, വീടുനിർമാണസാങ്കേതികശാസ്ത്രം (നാലുകെട്ട്, അഗ്രഹാരങ്ങൾ), മതിലുകൾ, ചീനവലകൾ, രഥങ്ങൾ, പല്ലക്ക്, ബോട്ട് (ബേപ്പൂർ ഉരു, ചുണ്ടൻവള്ളം) ആഭരണങ്ങൾ, ഹുക്കകൾ, മൺപാത്രങ്ങൾ, ബാഗുകൾ, നെയ്ത്ത്, പാചകം തുടങ്ങിയവയാണ്.

കേരളത്തിലെ ഫോക്‌ലോറുകളെക്കുറിച്ചൊരു സെമിനാർ പേപ്പർ തയാറാക്കുക. (എ) നാടോടിസാഹിത്യം (ബി) നാടൻകലകൾ (സി) നാടൻകളികൾ (ഡി) നാടോടിവിശ്വാസങ്ങളും ആചാരങ്ങളും (ഇ) നാടോടിശാസ്ത്രവും സാങ്കേതികവിദ്യകളും എന്നിവ ഉൾക്കൊള്ളിച്ചു വേണം സെമിനാർ പേപ്പർ തയാറാക്കേണ്ടത്.



നിങ്ങളുടെ ചുറ്റുപാടിൽ നിന്നും നാടൻകലകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. വിവരസാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഒരു ഡിജിറ്റൽ അവതരണം തയാറാക്കുക.



പഠനപുരോഗതി വിലയിരുത്താം

1. ഒറ്റപ്പെട്ടതു കണ്ടെത്തി നിങ്ങളുടെ ഉത്തരങ്ങൾക്കു ന്യായീകരണം നൽകുക.
   - എ) ഭരതനാട്യം, ഒപ്പന, ഒഡീസി, കഥകളി
   - ബി) കളമെഴുത്ത്, കോലം, തെയ്യം, ചുമർച്ചിത്രം
2. ശരിയോ തെറ്റോ എന്ന് എഴുതുക.
   - എ) തെയ്യം ഒരു അനുഷ്ഠാനകലയാണ്.
   - ബി) താളാത്മകമായ ഗദ്യരൂപത്തിലുള്ള നീണ്ട പുരാവൃത്തങ്ങൾ ഇതിഹാസങ്ങൾ എന്നറിയപ്പെടുന്നു.

നാടോടിവിജ്ഞാനം സാർവത്രികമാണ്. പരിഷ്കൃത- അപരിഷ്കൃത സമൂഹങ്ങളിലും, നിരക്ഷര, - സാക്ഷരസമൂഹത്തിലും ഗ്രാമീണ - നാഗരികസമൂഹങ്ങളിലും നാടോടിവിജ്ഞാനമുണ്ട്. പാരമ്പര്യ അറിവുകളും വിശ്വാസങ്ങളും ആചാരങ്ങളും ഒരു തലമുറയിൽനിന്ന് മറ്റൊരു

തലമുറയ്ക്കു പകർന്നുനൽകുന്നത് വാമൊഴിയിലൂടെയാണ്. നാടോടിവിജ്ഞാനം എന്ന ധാരണതന്നെ മാറ്റങ്ങളിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. നിരക്ഷരസമൂഹം സാക്ഷര സമൂഹമായി പരിണമിച്ചാലും അവർക്ക് അവരുടെ പാരമ്പര്യ അറിവും വിശ്വാസങ്ങളും അവഗണിക്കാൻ സാധിക്കില്ല.

നാടോടിവിജ്ഞാനത്തിന്റെ അനുഷ്ഠാനപാത പരിഗണിക്കാതെ ആ അറിവിനെ വളരെ വിപുലമായി പല സന്ദർഭത്തിലും ഉപയോഗിക്കുന്നത് കാണാൻ സാധിക്കും. ഉദാഹരണം

- മലബാറിലെ കാവുകളിലുള്ള തെയ്യമെന്ന അനുഷ്ഠാനകലയെ പരസ്യവിപണിക്കും വിനോദ സഞ്ചാരപ്രചാരണത്തിനുമായി പലപ്പോഴും ഉപയോഗിക്കുന്നു.
- .....
- .....

സമാനമായ നാടോടിപാരമ്പര്യങ്ങൾ (Folk traditions) നിങ്ങളുടെ ചുറ്റുപാടിൽ നിന്നു ശേഖരിച്ച് അവയ്ക്കുള്ള കാരണങ്ങൾ ഏതെല്ലാമെന്ന് ക്ലാസിൽ ചർച്ച ചെയ്യുക.

നാടോടിപാരമ്പര്യങ്ങൾ അനുഷ്ഠാനപരമായല്ലാതെ പല മേഖലകളിലും വ്യത്യസ്ത ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതായി കാണാം. ഇവ പ്രായോഗിക നാടോടി വിജ്ഞാനീയത്തിലാണ് ചർച്ച ചെയ്യപ്പെടുന്നത്.


VII. പ്രയുക്തനാടോടിവിജ്ഞാനം (Applied Folklore)

സമൂഹത്തിൽ വ്യത്യസ്ത സന്ദേശങ്ങൾ ഉയർത്തിക്കാട്ടുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി പല സന്ദർങ്ങളിലും നാടോടിവിജ്ഞാനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെയാണ് പ്രയോഗ നാടോടിവിജ്ഞാനം അഥവാ അപ്ലൈയ്ഡ് ഫോക്‌ലോർ എന്നു പറയുന്നത്. ഒരു സംസ്കാരത്തിന്റെ മൂല്യങ്ങളും വിശ്വാസങ്ങളും മനുഷ്യമനസ്സിനെ സ്വാധീനിക്കുന്ന പ്രധാന ഉപാധികളാണ്. ഇവ പരസ്യങ്ങൾ, വിപണി, വിനോദസഞ്ചാരം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ ലോക വിപണിയിൽ ഇത്തരത്തിലുള്ള വംശീയകലാരൂപങ്ങൾ വിശാലമായ വീക്ഷണത്തിൽ ഉപയോഗിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനും നാടൻവിശ്വാസങ്ങളും അറിവുകളും ഇക്കാലത്ത് വ്യാപകമായി ഉപയോഗിച്ചുവരുന്നു. ഇത് നാടോടിവിജ്ഞാനത്തിന്റെ വാണിജ്യ പ്രായോഗികതയെയാണ് സൂചിപ്പിക്കുന്നത്.

തെയ്യം, മഹാബലി തുടങ്ങിയ ചിത്രങ്ങൾ വിവിധ ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾക്കും വിവിധ രാഷ്ട്രീയപ്പാർട്ടികളുടെയും തൊഴിലാളിസംഘടനകളുടെയും പരിപാടികളുടെ പ്രചാരണത്തിനായും വ്യാപകമായി ഉപയോഗിച്ചുവരുന്നു. ആയുർവേദം, ഗോത്രവൈദ്യം തുടങ്ങിയ പരമ്പരാഗത വൈദ്യങ്ങളും തെയ്യം, തിറ, കളരി തുടങ്ങിയ കലാരൂപങ്ങളും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ ഉപയോഗിച്ചുവരുന്നുണ്ട്. അവതരണകലയായ വില്ലടിച്ചാൻപാട്ട് കുടുംബാസൂത്രണപദ്ധതി പ്രചരിപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്നു. അച്ചടിച്ച നാടൻ സാഹിത്യങ്ങൾ ഔപചാരികവിദ്യാഭ്യാസത്തിനും പ്രയോജനപ്പെടുത്തുന്നുണ്ട്. സമൂഹൈക്യം നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രായോഗിക നാടൻ കലാരൂപങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

താഴെ കൊടുത്ത പരസ്യം ശ്രദ്ധിക്കുക:
'സമ്പൽസമൃദ്ധിക്കായി അക്ഷയതൃതീയ ദിനത്തിൽ സ്വർണം വാങ്ങുവിൻ.'
ഇതുപോലെ നാടോടിവിശ്വാസങ്ങളുമായി ബന്ധപ്പെട്ടുള്ള മറ്റുപരസ്യങ്ങൾ ശേഖരിച്ച് അവ എങ്ങനെയാണ് സാധാരണ ജനങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്നതെന്ന് ചർച്ച ചെയ്യുക. ചർച്ചയുടെ റിപ്പോർട്ട് ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്.



വ്യത്യസ്ത സംസ്കാരങ്ങളിലെ ജനങ്ങളുമായി ഇടപഴകുമ്പോൾ അവരുടെ സാംസ്കാരിക സവിശേഷതകൾ കൂടി മനസ്സിലാക്കേണ്ടതുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ വിശ്വാസങ്ങൾ, ആചാരങ്ങൾ, പെരുമാറ്റങ്ങൾ, ഭക്ഷണരീതികൾ തുടങ്ങിയവ രൂപപ്പെടുത്തുന്നതിൽ തനതായ പാരമ്പര്യം പ്രധാന പങ്കുവഹിക്കുന്നു. അതിനാൽ മറ്റു സമൂഹങ്ങളുടെ നാടോടിവിജ്ഞാനം കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ചിലപ്പോൾ മറ്റു സംസ്കാരങ്ങളിലെ ധാർമികത, ആചാരങ്ങൾ, പെരുമാറ്റരീതികൾ തുടങ്ങിയവ നമുക്ക് അപരിചിതമായേക്കാം. ഉദാഹരണത്തിന് അതിഥികളെ സ്വാഗതം ചെയ്യുന്നത് വ്യത്യസ്ത സംസ്കാരങ്ങളിൽ വ്യത്യസ്ത രീതിയിലാണ്. ഇത്തരത്തിലുള്ള അറിവുകൾ മറ്റുള്ളവരുമായി ഇടപഴകുന്നതിന് നമുക്ക് വളരെ സഹായകമായേക്കാം.



ചിത്രം.10.4-വിവിധ സംസ്കാരങ്ങളിൽ അഭിവാദ്യം ചെയ്യുന്ന രീതികൾ

ആരോഗ്യരംഗത്തെ പ്രശ്നങ്ങളിൽ നാടോടിവിജ്ഞാനം വളരെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും. 'നവാജൊ' എന്ന ആദിവാസിസമൂഹത്തിൽ പാരമ്പര്യചികിത്സകന്റെയും ആധുനിക വൈദ്യശാസ്ത്രചികിത്സകന്റെയും സേവനങ്ങൾ സംയോജിപ്പിക്കുക വഴി പാരമ്പര്യവൈദ്യത്തിന്റെ പ്രാധാന്യം ഉയർത്തിക്കാണിക്കാനും ആധുനിക ചികിത്സ ഉറപ്പുവരുത്താനും സാധിച്ചു. രോഗികൾക്ക് വളരെ എളുപ്പത്തിൽ ശരിയായ ചികിത്സയാണ് ലഭിക്കുന്നതെന്ന തോന്നലുണ്ടാക്കാൻ ഇതുവഴി കഴിഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ പരമ്പരാഗത വിശ്വാസങ്ങളും ആചാരങ്ങളും ഡോക്ടർമാർ പ്രയോജനപ്പെടുത്തുന്നു.

നാടോടിവിജ്ഞാനത്തിന്റെ ഘടകങ്ങളായ നാടൻ കലാരൂപങ്ങൾ, നാടൻകളികൾ, നാടൻപാട്ടുകൾ തുടങ്ങിയവ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കാരണം എല്ലാ സംസ്കാരങ്ങളും അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ഇതോടൊപ്പം നാടോടിവിജ്ഞാനത്തിലൂടെ പകർന്നുനൽകിയ മൂല്യങ്ങളും ധാർമികതയും ചോർന്നുപോയ്ക്കൊണ്ടിരിക്കുന്നു. ഉദാഹരണത്തിന്, മിക്കവാറും എല്ലാ കാർഷികപ്രവൃത്തികളും കൃഷിഗീതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ആധുനിക കാലഘട്ടത്തിൽ ജനങ്ങൾ 'വൈറ്റ് കോളർ' ജോലികളിലേക്ക് തിരിയുകയും കൃഷി യന്ത്രവൽകൃത പ്രവർത്തനമായി മാറുകയും



നാടോടിവിജ്ഞാനങ്ങൾ പരസ്പരം അറിയേണ്ടതുണ്ടോ?

പരസ്പരം ഇടപഴകുന്നതിനുമുമ്പ് രണ്ടു സംസ്കാരങ്ങളിലെയും നാടോടിവിജ്ഞാനങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. അറബ് രാജ്യങ്ങളിലെ പൗരർ മറ്റു വ്യക്തികളുമായി സംസാരിക്കുമ്പോൾ അവർ വളരെ അടുത്തുനിന്ന് സംസാരിക്കുമെന്ന് അമേരിക്കക്കാരൻ അറിഞ്ഞിരിക്കേണ്ടതാണ്. അമേരിക്കക്കാരൻ ഇത്തരത്തിലുള്ള അറബ് പൗരന്റെ സമീപനം ദേഷ്യത്തോടെ കാണുന്നുവെങ്കിൽ അമേരിക്കൻ പൗരരുടെ അകന്നു നിന്നുള്ള സംസാരം അറബ് പൗരർ കാണുന്നത് സംസാരിക്കാൻ താൽപ്പര്യമില്ലായ്മയായിട്ടാണ്. ഇതുകാരണം ഇവർ തമ്മിലുള്ള ആശയവിനിമയം ശരിയായ രീതിയിൽ നടക്കണമെന്നില്ല.

ചെയ്തതോടെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പാട്ടുകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അതിനാൽ നാടോടിവിജ്ഞാനത്തിന്റെ പല ഘടകങ്ങളും രേഖപ്പെടുത്തി വരും തലമുറകൾക്കു വേണ്ടി സംരക്ഷിക്കേണ്ടതുണ്ട്.

നാടോടിവിജ്ഞാന ശേഖരണവും സംരക്ഷണവും (Folklore Documentation and Archiev)

നാടോടിവിജ്ഞാനങ്ങളിൽ വളരെ വേഗത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതിനാൽ അവ രേഖപ്പെടുത്തേണ്ടതും സംരക്ഷിക്കേണ്ടതും അനിവാര്യമാണ്. ആശയങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ, സാഹിത്യം തുടങ്ങിയവ അച്ചടിരീതിയിലോ മറ്റോ രേഖപ്പെടുത്തുന്ന പ്രക്രിയയാണ് രേഖപ്പെടുത്തൽ (ഡോക്യുമെന്റേഷൻ). ഇത്തരത്തിൽ സംരക്ഷിച്ചവ ഒരു ഡോക്യുമെന്റാണ്. ബഹുജനമാധ്യമങ്ങളുടെ വികാസവും പരമ്പരാഗതസംസ്കാരങ്ങൾ സംരക്ഷിക്കാനുള്ള പൊതുതാൽപ്പര്യവും കാരണം ഒട്ടുമിക്ക നാടോടിവിജ്ഞാനങ്ങളും രേഖപ്പെടുത്തുകയോ ഡോക്യുമെന്റ് ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. മിക്ക പുരാരേഖാ സംരക്ഷണകേന്ദ്രങ്ങളിലും നാടോടി സാഹിത്യവും കലാരൂപങ്ങളും കരകൗശലവസ്തുക്കളും കാണാൻ സാധിക്കും.

പുരാരേഖാസംരക്ഷണകേന്ദ്രങ്ങളുടെ (FolkArchieves) പ്രധാന ലക്ഷ്യങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- നാടോടിപാരമ്പര്യങ്ങൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- നാടോടി കലാകാരരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ക്ഷേമം ഉറപ്പുവരുത്തുകയും ചെയ്യുക.
- വ്യത്യസ്തങ്ങളായ നാടൻകലാരൂപങ്ങളെ ജനപ്രിയമാക്കുക.
- സാംസ്കാരികപൈതൃകങ്ങൾ മനസ്സിലാക്കാൻ സാധാരണ ജനങ്ങളിലേക്ക് ഇത്തരം കലാരൂപങ്ങൾ എത്തിക്കുക.

രേഖപ്പെടുത്തിയ നാടോടിവിജ്ഞാനങ്ങൾ പുരാവസ്തു സംരക്ഷണകേന്ദ്രത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുകയും സംരക്ഷിക്കുകയും വേണം. രേഖപ്പെടുത്തുമ്പോൾ നാടോടിവിജ്ഞാനീയത്തിന്റെ എല്ലാ ഘടകങ്ങളും അവയുടെ സാംസ്കാരിക സന്ദർഭങ്ങൾക്കനുസരിച്ച് രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാരണം, സംസ്കാരങ്ങളിൽനിന്നു വേർതിരിക്കപ്പെടുന്ന നാടോടിവിജ്ഞാനങ്ങൾ അർഥമില്ലാത്തതാകുന്നു. തെയ്യം പോലുള്ള കലാരൂപങ്ങൾ അവയുടെ സാംസ്കാരിക സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തിയല്ല രേഖപ്പെടുത്തുന്നതെങ്കിൽ മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റാൻ അവ സഹായകമാവില്ല.

നാടോടിവിജ്ഞാനങ്ങൾ ജനപ്രിയമാക്കുന്നതിന് വിവിധ മാധ്യമങ്ങൾ പ്രത്യേകിച്ച്, ബഹുജനമാധ്യമങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്.

ബഹുജനമാധ്യമങ്ങളും നാടോടിവിജ്ഞാനവും (Mass Media & Folklore)

നാടോടിവിജ്ഞാനം ജനപ്രിയമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനു നാടോടിവിജ്ഞാനത്തിന്റെ നിരവധി ഘടകങ്ങൾ ശബ്ദ-ദൃശ്യ മാധ്യമ



കേരള ഫോക്‌ലോർ അക്കാദമി

കണ്ണൂർ ജില്ലയിലെ ചിറക്കൽ എന്ന സ്ഥലത്ത് 1995 ലാണ് കേരള ഫോക്‌ലോർ അക്കാദമി സ്ഥാപിച്ചത്. നാടൻകലാരൂപവുമായി ബന്ധപ്പെട്ട കലാകാരരുടെ ക്ഷേമമാണ് ഈ അക്കാദമിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ അമൂല്യമായ നാടൻ കലാരൂപങ്ങളെയും പാരമ്പര്യങ്ങളെയും സംരക്ഷിക്കുക, പ്രോത്സാഹിപ്പിക്കുക, പുനരാവിഷ്കരിക്കുക തുടങ്ങിയവയും ഇതിന്റെ ലക്ഷ്യങ്ങളാണ്. പരമ്പരാഗതമായ ഒരു നാലുകെട്ടിലാണ് ഈ അക്കാദമി പ്രവർത്തിക്കുന്നത്. ഫോക് മ്യൂസിയവും ഫോക് ലൈബ്രറിയും പ്രസിദ്ധീകരണവിഭാഗവും ഫോക്‌ലോർ അക്കാദമിയിൽ പ്രവർത്തിക്കുന്നുണ്ട്.

ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് സ്വാഗതം

കേരള വിനോദ സഞ്ചാരവകുപ്പ്

ങ്ങളിലൂടെയും വാമൊഴി - വരമൊഴിവിദ്യയിലൂടെയും രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്ത തരത്തിൽ അവതരിപ്പിക്കുന്നതിലൂടെ ഇവ പൊതുജനങ്ങൾക്ക് യഥേഷ്ടം ലഭ്യമാകുന്നുമുണ്ട്. പുസ്തകങ്ങൾ, അനുദിനക്കുറിപ്പുകൾ, വർത്തമാന പത്രങ്ങൾ, മാസികകൾ, ഗവേഷണപ്രബന്ധങ്ങൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെയും ഇവ ജനങ്ങളിലേക്ക് എത്തുന്നു. റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ മാധ്യമങ്ങളും സ്കൂൾ - കോളേജ് പ്രദർശന വേദികളും നാടോടിവിജ്ഞാനത്തെ ജനപ്രിയമാക്കാൻ സഹായിക്കുന്നു. വിനോദസഞ്ചാര കേന്ദ്രമായ പുരാരേഖാ സംരക്ഷണകേന്ദ്രങ്ങൾ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനും നാടോടി വിജ്ഞാനം ജനപ്രിയമാക്കാനും ഒരുപോലെ സഹായിക്കുന്നു. ഇങ്ങനെയൊക്കെ ചെയ്യുമ്പോഴും നാടോടിവിജ്ഞാനത്തെക്കുറിച്ചുള്ള തെറ്റായ വ്യാഖ്യാനങ്ങൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

നാടോടിവിജ്ഞാനവും വിനോദസഞ്ചാരവും (Folklore and Tourism)

ഒരു പ്രദേശത്തെ സംസ്കാരങ്ങളും സാംസ്കാരിക വൈവിധ്യങ്ങളും ആ പ്രദേശത്തെ വിനോദസഞ്ചാര സമ്പദ്വ്യവസ്ഥയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സാംസ്കാരികവൈവിധ്യങ്ങൾ, പ്രത്യേകിച്ച് നാടൻ കലാരൂപങ്ങൾ, കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി, സാംസ്കാരിക വിനോദസഞ്ചാരത്തിന് പുതിയ ദിശാബോധം നൽകിയിട്ടുണ്ട്. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നാടോടിവിജ്ഞാനം പ്രയോജനപ്പെടുത്തുന്നുമുണ്ട്.

വിനോദസഞ്ചാരവ്യവസായത്തിന്റെ പ്രധാനപ്പെട്ട ഘടകമായ സാംസ്കാരിക വിനോദസഞ്ചാരം പ്രധാനമായും ഊന്നൽ നൽകുന്നത് സാംസ്കാരിക ആകർഷണങ്ങൾക്കാണ്. പരമ്പരാഗതമായ ആചാരങ്ങൾ, ജനപ്രിയകലാരൂപങ്ങൾ, സാംസ്കാരിക ഘോഷയാത്രകൾ, മതപരമായ ആഘോഷങ്ങൾ, നാടൻ കലാരൂപങ്ങൾ തുടങ്ങിയവ സാംസ്കാരിക ആകർഷണങ്ങളാണ്. സാംസ്കാരിക വിനോദ സഞ്ചാരികൾ വിവിധ പ്രദേശങ്ങളിലെ സാംസ്കാരിക വൈവിധ്യങ്ങൾനേരിൽ കാണാനാണ് ആഗ്രഹിക്കുന്നത്.

സാംസ്കാരികവൈവിധ്യങ്ങളാലും പ്രത്യേകതകളാലും സമ്പന്നമായ വിനോദസഞ്ചാരകേന്ദ്രമാണ് കേരളം. കേരളത്തിലെ സാംസ്കാരിക ആകർഷണങ്ങളാണ് തൃശൂർപൂരം, പൂരക്കളി, പുലികളി, തെയ്യം, തിറ, വള്ളംകളി, കഥകളി, കളരി, പരമ്പരാഗത ചികിത്സാരീതികൾ തുടങ്ങിയവ. കേരളത്തിൽ



കണ്ണൂർ ജില്ലയിൽ മാട്ടൂൽ ഗ്രാമപ്പഞ്ചായത്തിൽ തെക്കുമ്പാട് എന്ന സ്ഥലത്ത് സ്ത്രീകൾ കെട്ടിയാടുന്ന കലാരൂപമാണ് ദേവക്കൂത്ത്. സ്വർഗലോകത്തു നിന്ന് ആറ് ദേവതമാർ തെക്കുമ്പാട് കുളത്തിലും സമീപങ്ങളിലും പൂക്കൾ പറിക്കാൻ എത്തിച്ചേർന്നു. അവരിൽ ഒരു ദേവതയ്ക്ക് വഴി തെറ്റി തിരിച്ചുപോകാൻ സാധിക്കാതെ വന്നു. ഈ ദേവതയ്ക്കു വേണ്ടി സമീപവാസികൾ ചെറിയ ഒരു കുടിൽ നിർമിച്ചു നൽകുകയും ദേവത മൂന്നുദിവസം അവിടെ താമസിക്കുകയും ചെയ്തു. ദിവസവും ദേവത നാരദനെ പ്രാർഥിക്കുകയും മൂന്നാം ദിവസം നാരദൻ പുതിയവസ്ത്രവുമായി വന്ന് ദേവതയെ സ്വർഗലോകത്തേക്ക് കൂട്ടികൊണ്ടു പോവുകയും ചെയ്തു എന്നാണ് ഇതുമായി ബന്ധപ്പെട്ട ഐതിഹ്യം. ഈ ദിവസത്തിന്റെ ഓർമയ്ക്കായാണ് തെക്കുമ്പാട് ദേവക്കൂത്ത് എന്ന കലാരൂപം അവതരിപ്പിക്കുന്നത്. ഈ തെയ്യത്തിന്റെ തോറ്റങ്ങളിൽ പാടുന്നത് മുഴുവനും പൂന്തോട്ടങ്ങളിൽ കണ്ട വ്യത്യസ്തതരത്തിലുള്ള പൂക്കളെക്കുറിച്ചും ദേവതയ്ക്ക് എങ്ങനെയാണ് വഴിതെറ്റിയത് എന്നുമാണ്. അവസാന രംഗത്താണ് നാരദൻ പ്രത്യക്ഷപ്പെടുന്നത്.



ചിത്രം.10.5 ദേവക്കൂത്ത്: സ്ത്രീകൾ കെട്ടിയാടുന്ന തെയ്യം

ഓണാഘോഷത്തോടനുബന്ധിച്ചുള്ള ടൂറിസം വാരാഘോഷം നിരവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വിനോദസഞ്ചാരമേഖലകളെ പ്രോത്സാഹിപ്പിക്കാൻ നാടൻകലാരൂപങ്ങളുടെ അവതരണവുമുണ്ടാകാറുണ്ട്.

അനൗപചാരികവിദ്യാഭ്യാസം നൽകാനും നാടോടിവിജ്ഞാനം ഉപയോഗിക്കുന്നു. നാടൻ കലാരൂപങ്ങളിലൂടെ നിരവധി സാമൂഹികമൂല്യങ്ങളും ധാർമികതകളും മനോഭാവങ്ങളും പെരുമാറ്റ രീതികളും കൈമാറ്റം ചെയ്യപ്പെടുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനം നിരവധി നാടൻചൊല്ലുകളിൽനിന്നും മനസ്സിലാക്കാം. ഇത്തരം ചൊല്ലുകളെ സമൂഹം പാരമ്പര്യമായി കാണുന്നുവെങ്കിലും സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനത്തെ കുറിച്ച് നമ്മൾ ബോധമുള്ളവരല്ല.

VI ലിംഗപദവി നാടോടിവിജ്ഞാനത്തിൽ (Gender in Folklore)

നാടൻചൊല്ലുകൾ, അവതരണകലകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവയിൽ ലിംഗവിവേചനം നിഴലിക്കുന്നുണ്ട്.

ഉദാഹരണത്തിന്

- പുത്തനച്ചി പുരപ്പുറം തൂക്കും
- പെണ്ണൊരുമ്പെട്ടാൽ
- മിണ്ടാപ്പൂച്ച കലമുടയ്ക്കും

പുരുഷന്മാർക്കു മാത്രമായി ഇത്തരത്തിലുള്ള പഴഞ്ചൊല്ലുകൾ ഉണ്ടോ? ഇത് എന്താണ് സൂചിപ്പിക്കുന്നത്?

ഇത്തരത്തിലുള്ള പഴഞ്ചൊല്ലുകൾ നിലനിൽക്കുന്ന സമൂഹങ്ങളിൽ സ്ത്രീകൾക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നുണ്ടോ?


നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്യാം.

സംസ്കാരത്തിന്റെ കൈമാറ്റത്തിന് സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്നു. സമൂഹത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന് പുരുഷന്മാരോടൊപ്പം പ്രവർത്തിക്കുന്ന അവർ വാമൊഴി പാരമ്പര്യത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നു. നാടോടിവിജ്ഞാനീയത്തിലെ സ്ത്രീപക്ഷ പഠനങ്ങൾ ഇന്നും സാംസ്കാരികപഠനങ്ങളിലെ പാർശ്വവൽക്കരിക്കപ്പെട്ട മേഖലയാണ്. സാംസ്കാരികസമ്പ്രദായങ്ങളെ സ്ത്രീകളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വീക്ഷിക്കാനാണ് നരവംശശാസ്ത്രജ്ഞർ ശ്രമിക്കുന്നത്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായതിനാൽ നാടോടിവിജ്ഞാനപഠനങ്ങളിലോ സാംസ്കാരികപഠനങ്ങളിലോ സ്ത്രീകൾക്കു പ്രധാന പരിഗണന നൽകിയിട്ടില്ല.

നാടൻവിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനച്ചടങ്ങുകൾ, ഐതിഹ്യങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവ വിശകലനം ചെയ്യുകയാണെങ്കിൽ സ്ത്രീകളെ എങ്ങനെയാണ് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പരിഗണിക്കുകയും അഭിസംബോധന ചെയ്യുകയും ചെയ്തതെന്ന് മനസ്സിലാക്കാം. പല സന്ദർഭങ്ങളിലും നാടൻകലാരൂപങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ സ്ത്രീകളാണെങ്കിലും ഇവ അവതരിപ്പിക്കുന്നത് പുരുഷന്മാരാണെന്ന് കാണാവുന്നതാണ്. ഉദാഹരണത്തിന് മലബാർ മേഖലയിലെ ഭഗവതിത്തെയ്യങ്ങളായ മുച്ചിലോട്ടു ഭഗവതി, തമ്പുരാട്ടി തുടങ്ങിയ തെയ്യങ്ങൾ കെട്ടിയാടുന്നത് പുരുഷന്മാരാണ്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി കണ്ണൂർ ജില്ലയിലെ തെക്കുമ്പാട് 'ദേവക്കൂത്ത്' എന്ന തെയ്യം കെട്ടിയാടുന്നത് സ്ത്രീകളാണെന്ന് കാണാവുന്നതാണ്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉച്ചത്തിൽ സംസാരിക്കരുത്, സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ ഉറങ്ങരുത്, പുരുഷന്മാർക്ക് ഭക്ഷണം കൊടുത്ത ശേഷം മാത്രമേ സ്ത്രീകൾ ഭക്ഷണം കഴിക്കാവൂ തുടങ്ങിയ കാര്യങ്ങൾ രക്ഷിതാക്കളും

പ്രായമുള്ളവരും പെൺകുട്ടികളോട് നിർദേശിക്കാറുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിർദേശങ്ങൾ ഒന്നും തന്നെ പുരുഷന്മാരിൽ അടിച്ചേൽപ്പിക്കാറില്ല.

നിങ്ങളുടെ പ്രദേശത്തുള്ള നാടോടിവിജ്ഞാനത്തിൽ കാണപ്പെടുന്ന ലിംഗ വിവേചനത്തിന് ഉദാഹരണങ്ങൾ കണ്ടെത്തുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുക.



സംഗ്രഹം

- നാടോടിവിജ്ഞാനം സാർവസംസ്കാരികമാണ്. ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലും നാടോടിവിജ്ഞാനം നിലവിലുണ്ട്. ഫോക്ലോറിസ്റ്റിക്സ് (ഫോക്ലോറിനെ കുറിച്ചുള്ള പഠനം) നവംശശാസ്ത്രപഠനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ആദ്യകാലങ്ങളിൽ ഇത് അറിയപ്പെട്ടിരുന്നത് ജനപ്രിയനാട്ടുപഴമ (പോപുലർ ആന്റിക്യൂറ്റീസ്) എന്നായിരുന്നു. നാടോടിവിജ്ഞാനവുമായി ബന്ധപ്പെട്ട ഗവേഷകർ വാമൊഴികളെ മാത്രമാണ് ആദ്യകാലങ്ങളിൽ പരിഗണിച്ചിരുന്നത്. എന്നാൽ ഇന്ന് മറ്റു പാരമ്പര്യങ്ങളെയും നാടോടി വിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെ സംസ്കാരത്തിന്റെ ഭാഗമായി കാണുന്നു. ആദ്യകാലഘട്ടങ്ങളിൽ നാടോടിവിജ്ഞാനത്തെ നിർവചിച്ചിരുന്നത് 'ലോർ ഓഫ് ഫോക്' എന്നാണ്. ആയതിനാൽ, നിരക്ഷരരായ, ഔപചാരികവിദ്യാഭ്യാസമില്ലാത്ത സമൂഹത്തിന്റെ പാരമ്പര്യത്തെയാണ് നാടോടിവിജ്ഞാനം എന്നു വിവക്ഷിച്ചത്.
- ആധുനികസമൂഹത്തിൽ നാടോടിവിജ്ഞാനം എന്ന ആശയം വ്യത്യസ്തമാണ്. ആധുനിക, പരിഷ്കൃത, സാക്ഷര, നാഗരികസമൂഹത്തിന്റെയും അപരിഷ്കൃത, നിരക്ഷര, ഗ്രാമീണ സമൂഹത്തിന്റെയും വഴക്കങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
- നാടോടിസാഹിത്യത്തിൽ നാടൻപാട്ടുകൾ, നാടോടിക്കഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, വീരഗാഥകൾ, ശാപങ്ങൾ, അനുഗ്രഹങ്ങൾ, ഇതിഹാസങ്ങൾ, ഉപമകൾ, രൂപകങ്ങൾ, വിളിപ്പേരുകൾ, സ്ഥലപുരാണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.
- നിരവധി നാടൻവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും വിലക്കുകളും സാമൂഹികജീവിതത്തിന്റെ ഭാഗമായി എല്ലാ വിഭാഗം ജനങ്ങളിലും കാണാൻ സാധിക്കും. നാടോടി ആചാരങ്ങളിൽ ദൈനംദിനാചാരങ്ങളും പ്രത്യേകാവസരങ്ങളിലെ ആചാരങ്ങളും ഉൾപ്പെടുന്നു.
- ഗ്രാമീണജനതയുടെ വിശ്വാസത്തിലും ഉല്ലാസത്തിലും നാടൻകളികൾ സുപ്രധാന പങ്കു വഹിക്കുന്നു. നാടൻകളികളിൽ ദൈനംദിനകളികളും പ്രത്യേകാവസരങ്ങളിലുള്ള കളികളും ഉൾപ്പെടുന്നു.
- നാടൻകളികൾ വെളിപ്പെടുത്തുന്നത് ജനങ്ങളുടെ വരയ്ക്കാനും വേഷവിധാനത്തിനും നൃത്തത്തിനുമുള്ള കഴിവിനെയാണ്. നാടൻകലകളിൽ അവതരണകലകളും അവതരണേതരകലകളും ഉൾപ്പെടുന്നു.
- നാടോടിശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാധാരണജനങ്ങൾക്ക് അവർക്കു ചുറ്റും നടക്കുന്ന വിവിധ സംഭവവികാസങ്ങളെക്കുറിച്ചുള്ള പാരമ്പര്യ അറിവ് എന്നതിനെയാണ്. നാടോടിശാസ്ത്രത്തിന്റെ പ്രായോഗികതയാണ് നാട്ടുസാങ്കേതികവിദ്യ. സമൂഹത്തിൽ വിവിധ സന്ദേശങ്ങൾ നൽകുന്നതിനും പ്രചരിപ്പിക്കുന്നതിനും നാടോടിവിജ്ഞാനത്തെ പ്രായോഗിക

തലത്തിൽ ഉപയോഗിക്കുന്നതാണ് പ്രായോഗികനാടോടിവിജ്ഞാനം.


- നാടോടിവിജ്ഞാനം വളരെ വേഗത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ അവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.
- സംസ്കാരങ്ങൾ തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നതിൽ സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്നു. എന്നിരുന്നാലും നാടോടിവിജ്ഞാനത്തിൽ ലിംഗവിവേചനം കാണാവുന്നതാണ്.

പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- പഴയതും പുതിയതുമായ നാടോടിവിജ്ഞാനങ്ങളെ വേർതിരിക്കുകയും നാടൻ കലാരൂപങ്ങളും അറിവുകളും എങ്ങനെ ആധുനികതയിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുകയും ചെയ്യുന്നു.
- സാധാരണജനങ്ങളുടെ സംസ്കാരം, ജീവിതം, നാടൻകലാരൂപങ്ങൾ എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കി അംഗീകരിക്കുകയും അതോടൊപ്പം പ്രാദേശികമായുള്ള നാടോടി വിജ്ഞാനങ്ങളെ തിരിച്ചറിയുകയും ചെയ്യുന്നു.
- മാറിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണലോകത്ത് നാടോടിവിജ്ഞാനത്തിന്റെ പ്രായോഗികസാധ്യതകളെ വിമർശനപരമായി വിലയിരുത്താൻ സാധിക്കുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഒറ്റപ്പെട്ടതു കണ്ടെത്തി ന്യായീകരിക്കുക.
   a) മോഹിനിയാട്ടം, തെയ്യം, കഥകളി, കുച്ചുപ്പുടി
   b) മാപ്പിളപ്പാട്ട്, വടക്കൻപാട്ട്, ശാസ്ത്രീയസംഗീതം, നാടൻപാട്ട്
   c) നാടോടിനൃത്തം, മാർഗംകളി, ഒപ്പന, മോഹിനിയാട്ടം
   d) പടയണി, തെയ്യം, കഥകളി, തിറ
2. "കേരളത്തിൽ നിലവിലുള്ള നാടൻവിശ്വാസങ്ങളും ആചാരങ്ങളും സൂചിപ്പിക്കുന്നത് സ്ത്രീകളുടെ താഴ്ന്ന പദവിയെയാണ്". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണസഹിതം സമർഥിക്കുക.
3. തെയ്യംപോലുള്ള നാടൻകലാരൂപങ്ങൾ വേദികളിൽ പ്രദർശിപ്പിക്കുന്നതിനോടും പ്രത്യേക ഉദ്ദേശ്യത്തോടെ രേഖപ്പെടുത്തുന്നതിനോടും നിങ്ങൾ യോജിക്കുന്നുണ്ടോ?



4. സൂചികാഫലകത്തിൽ നോക്കി ഒരു വിദേശ വിനോദ സഞ്ചാരിയോട് ഇതിന്റെ പ്രാധാന്യം നിങ്ങൾ എങ്ങനെ വിവരിക്കും?
5. ഒരു നാടൻപാട്ട് ശേഖരിച്ച് ഇതിൽ ജനങ്ങളുടെ സാമൂഹിക സാംസ്കാരികജീവിതം എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് വ്യക്തമാക്കുക.
6. നിങ്ങളുടെ പ്രദേശങ്ങളിലെ നാടൻകലാരൂപങ്ങളെക്കുറിച്ച് വിവരിക്കുക. ഇത്തരം കലാരൂപങ്ങൾ എങ്ങനെയാണ് ഗ്രാമീണസംസ്കാരങ്ങളെയും വിശ്വാസങ്ങളെയും ആചാരങ്ങളെയും സ്വാധീനിക്കുന്നതെന്ന് വിശദീകരിക്കുക.

സാങ്കേതികപദാവലി

അബവെല്യൻ	:	അതിപ്രാചീനശിലായുഗ സംസ്കാരവുമായി ബന്ധപ്പെട്ട് യൂറോപ്പിൽനിന്നു കണ്ടെടുത്തിട്ടുള്ള ദിമുഖശിലാ കൈക്കോടാലി.
കേവലകാലഗണനാരീതി	:	ഫോസിലുകളുടെ യഥാർഥ കാലപ്പഴക്കം കണ്ടെത്താനുള്ള രീതി.
അപരസംസ്കാരാർജനം	:	മറ്റൊരു സംസ്കാരത്തിന്റെ സമ്പർക്കംകൊണ്ട് ആ സംസ്കാരം പഠിച്ചെടുക്കുന്ന പ്രക്രിയ.
അഷൂലിയൻ	:	ഒരു ശിലായുഗനിർമാണപാരമ്പര്യം. അതിപ്രാചീന ശിലായുഗത്തിലെ കൈമഴുനിർമാണരീതി.
വിധിനിർണയം	:	വ്യവസ്ഥവിധേയമായി പ്രശ്നങ്ങൾക്കു തീർപ്പുകൽപ്പിക്കൽ.
ആകാശസർവേ	:	വിമാനങ്ങളുടെയോ ഉപഗ്രഹങ്ങളുടെയോ സഹായത്തോടെ എടുക്കുന്ന ഫോട്ടോഗ്രാഫുകളുടെ അടിസ്ഥാനത്തിൽ സംസ്കാരസവിശേഷതകളും ഭൂമിശാസ്ത്ര പ്രത്യേകതകളും രേഖപ്പെടുത്തുന്ന രീതി.
അലിൽ	:	ജീനുകളിലെ ജോടികളിൽ ഒന്ന്
ഉഭയജീവികൾ	:	കരയിലും വെള്ളത്തിലും ജീവിക്കുന്ന ശീതരക്തജീവികൾ
അനാലജി	:	ജീവിവർഗങ്ങൾ തമ്മിലുള്ള സാമ്യം
സർവജീവത്വ വിശ്വാസം (ആനിമിസം)	:	ആത്മാവിലുള്ള വിശ്വാസം
ആന്ത്രോപോയ്ഡ്	:	പ്രൈമേറ്റ് ഗണത്തിലെ ഉപഗണങ്ങളിലൊന്ന്- (വാനര - നരഹണം)കുരങ്ങുകളും ആൾക്കുരങ്ങുകളും മനുഷ്യനും ഇതിൽ ഉൾപ്പെടുന്നു.
മരഞ്ചാടി (ആർബോറിയൽ)	:	മരങ്ങളിൽ ജീവിക്കാൻ അനുകൂലനം നേടിയ ജീവികൾ
പുരാവസ്തുശാസ്ത്രം	:	ചരിത്രാതീതകാലസംസ്കാരത്തെക്കുറിച്ച് പുരാവസ്തുക്കളുടെ സഹായത്താലുള്ള പഠനം
ആർക്കിയോസോയിക്	:	ഭൗമചരിത്രത്തിലെ ആദിജീവയുഗം

ആർട്ടിഫാക്ട്	:	പുരാതനമനുഷ്യൻ ഉപയോഗിച്ച വസ്തുക്കൾ
അസംബ്ലേജ്	:	ഒരു പ്രത്യേക പ്രദേശത്തുനിന്നു കണ്ടെത്തിയ പുരാവസ്തു ശേഖരം
സമാജം	:	ഒരു പ്രത്യേക ലക്ഷ്യത്തിനായി ക്രമീകരിക്കപ്പെട്ട ആളുകളുടെ കൂട്ടം.
ഓറിഗ്നേഷ്യൻ	:	ഉപരിപ്രാചീനശിലായുഗത്തിലെ ആയുധപാരമ്പര്യം
ആസ്ട്രലോപിത്തക്കസ്	:	തെക്കുകിഴക്കൻ ഏഷ്യയിൽ ഹിമയുഗകാലഘട്ടത്തിൽ ജീവിച്ചു വംശനാശം വന്ന ഹൊമിനിഡുകൾ.
ബി.പി. (Before Present)		ബി.പി. 1950 എന്ന വർഷം വർത്തമാനകാലമായി കണക്കാക്കി കാലഗണന നടത്തുന്ന രീതി. ഇതിൽ ബി.സിക്ക് പകരം ബി.പി. ഉപയോഗിക്കുന്നു.
സന്തുലിത പരസ്പരകൈമാറ്റം	:	തുല്യമായ മൂല്യമുള്ള വസ്തുക്കൾ തിരികെ ലഭിക്കുമെന്ന പ്രതീക്ഷയിൽ നടക്കുന്ന സാധനക്കൈമാറ്റരീതി.
ബാൻഡ്	:	രാഷ്ട്രീയമായി സ്വയംപര്യാപ്തതയുള്ള ചെറു നാടോടി കൂട്ടം.
ദ്വിമുഖായുധം (ബൈഫേഷ്യൽ ടൂൾസ്)	:	ഇരുമുഖങ്ങളിൽനിന്നും പാളികൾ അടർത്തിമാറ്റി നിർമിച്ചിട്ടുള്ള കോർ ടൂളുകൾ.
ബ്ലേഡ് ടൂൾ	:	ഉപരിപ്രാചീനശിലായുഗത്തിൽ ശിലകളിൽനിന്ന് അടർത്തിമാറ്റിയ പാളികൾ ഉപയോഗിച്ച് നിർമിച്ച മൂർച്ചയുള്ള ശിലായുധം.
പെൺപണം	:	(വധുവില) വിവാഹസമയത്ത് വരനോ വരന്റെ വീട്ടുകാരോ വധുവിന്റെ വീട്ടുകാർക്കു നൽകുന്ന പണം.
കാംബ്രിയൻ	:	പാലിയോസോയിക് യുഗത്തിലെ ആദ്യഘട്ടം
കാർബൺ14 രീതി	:	കാർബണിന്റെ റേഡിയോ ആക്ടീവ് ഐസോടോപ്പായ സി 14 ഉപയോഗിച്ച് ജൈവികവസ്തുക്കളുടെ കാലപ്പഴക്കം നിർണയിക്കുന്ന ഒരു കേവലകാലഗണനരീതി.
കുലം	:	ഒരു പൊതുപൂർവികനിൽനിന്ന് ഉണ്ടായി എന്നു കരുതപ്പെടുന്ന ബന്ധുക്കളുടെ കൂട്ടം.
സമുദായം	:	ഒന്നിച്ചുള്ള ജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങൾ പങ്കുവയ്ക്കപ്പെടുന്ന ആളുകളുടെ കൂട്ടം.
കോർടൂൾ	:	പാളികളിൽ അടർത്തിമാറ്റിയ മുഖ്യശിലായുധം
സാംസ്കാരിക ആപേക്ഷികത	:	ഓരോ സംസ്കാരത്തെയും അതിന്റെ സ്വന്തം ആശയങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തണമെന്ന സമീപനം.

സംസ്കാരഘടകസഞ്ചയം	:	വളരെയധികം സംസ്കാരഘടകങ്ങൾ ഒന്നിച്ചുചേർന്ന് സംസ്കാരത്തിന്റെ അർഥപൂർണമായ ഒരു ഭാഗമായി മാറുന്നു.
സംസ്കാരമാന്ദ്യം	:	ഭൗതികസംസ്കാരത്തിന്റെയും ഭൗതികേതരസംസ്കാരത്തിന്റെയും മാറ്റ നിരക്കിലുള്ള അന്തരം.
സാംസ്കാരികാഘാതം	:	തികച്ചും അപരിചിതമായ ഒരു സംസ്കാരത്തിൽ ആദ്യമായി ഇടപഴകുമ്പോൾ അനുഭവപ്പെടുന്ന പൊരുത്തപ്പെടാൻ കഴിയാത്ത അവസ്ഥ.
സംസ്കാരഘടകം	:	സംസ്കാരത്തിന്റെ ഉപയോഗപ്രദമായതും പുനർവിഭജനത്തിന് സാധ്യമല്ലാത്തതുമായ ഏറ്റവും ചെറിയ ഭാഗം.
സംസ്കാരം	:	നരവംശശാസ്ത്രത്തിൽ സംസ്കാരമെന്നത് ഒരു സമൂഹത്തിന്റെ ജീവിതരീതിയാണ്. പുരാവസ്തുശാസ്ത്രത്തിൽ അത് ചരിത്രാതീതകാലഘട്ടത്തിലെ ദീർഘകാലത്തെ ഉപകരണനിർമാണമെന്ന രീതിയുമാണ്.
സംസ്കാരശോഷണം	:	മറ്റു സംസ്കാരങ്ങളുമായുള്ള ബന്ധംകൊണ്ട് ഒരു സംസ്കാരത്തിന് അതിന്റെ സംസ്കാരഘടകങ്ങളും സഞ്ചയങ്ങളും നഷ്ടപ്പെട്ടുപോകുന്ന അവസ്ഥ.
വാർഷിക വളയ പഠനം	:	വൃക്ഷങ്ങളുടെ കാലപ്പഴക്കം നിർണയിക്കാൻ ഉപയോഗി
(ഡെൻട്രോ ക്രോണോളജി)		ക്കുന്ന ഒരു കേവലകാലഗണനരീതി.
വിതരണം	:	ഒരു കൂട്ടത്തിലോ വ്യത്യസ്ത കൂട്ടങ്ങൾക്കിടയിലോ സാധനങ്ങളും സേവനങ്ങളും പരസ്പരം കൈമാറ്റം ചെയ്യുന്ന രീതി.
ഡ്രയോപിത്തക്കസ്	:	മയോസിക് കാലഘട്ടത്തിൽ യൂറോപ്പിൽ ജീവിച്ചിരുന്ന ആൾക്കുരങ്ങ്.
ഈഗോ	:	വംശാവലിചാർട്ട് തയാറാക്കുമ്പോൾ കേന്ദ്രമായി എടുക്കുന്ന വ്യക്തി.
അകം വീക്ഷണം	:	ഒരു സംസ്കാരത്തിനുള്ളിലുള്ളവർക്ക് ആ സംസ്കാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
സംസ്കാരവിനിമയം	:	തലമുറയിൽനിന്ന് തലമുറയിലേക്കു കൈമാറ്റം ചെയ്യപ്പെടുന്ന സംസ്കാരപ്രക്രിയ.

സ്വഗണവിവാഹം	:	സ്വന്തം കൂട്ടത്തിനുള്ളിൽത്തന്നെ പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമം.
ഇയോസിൻ	:	ഡിനോസറുകളുടെ രണ്ടാംകാലഘട്ടം. ആന്ത്രോപോയ്ഡുകൾ ഉണ്ടായ കാലഘട്ടം.
സ്വസംസ്കാരകേന്ദ്രിതം	:	മറ്റുള്ള സംസ്കാരങ്ങളെ അപേക്ഷിച്ച് സ്വന്തം സംസ്കാരം ശ്രേഷ്ഠമാണെന്നു കരുതുന്ന പ്രവണത.
പുറംവീക്ഷണം	:	ഒരു സംസ്കാരത്തെക്കുറിച്ച് പുറത്തുള്ളവർക്കുള്ള കാഴ്ചപ്പാട്
ഉദ്ഖനനം	:	പുരാവസ്തുക്കൾ മണ്ണിനടിയിൽനിന്നു കുഴിച്ചെടുക്കുന്ന പ്രക്രിയ.
ബഹിർഗണവിവാഹം	:	സ്വന്തം കൂട്ടത്തിനു പുറത്തുനിന്നു പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമം.
ഫിക്ടീവ് വിവാഹം	:	മരിച്ചുപോയ ആളുകളുടെ പേരിൽ വിവാഹം കഴിക്കുന്ന ആചാരം.
ഫ്ലേക്ക് ടൂൾ	:	കോറിൽനിന്ന് അടർത്തിമാറ്റിയെടുക്കുന്ന പാളി ഉപയോഗിച്ച് ഉണ്ടാക്കുന്ന ശിലായുധം.
ഫ്ളൂറിൻ പരിശോധന	:	ഒരു വസ്തുവിലെ ഫ്ളൂറിൻ അളവ് കണക്കാക്കി കാലപ്പഴക്കം നിർണയിക്കുന്ന ആപേക്ഷികരീതി.
നാടൻസാഹിത്യം	:	നാടൻപാട്ടുകൾ, നാടൻകഥകൾ, കെട്ടുകഥകൾ, പുരാണങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ഭാവഗീതങ്ങൾ, അനുഗ്രഹങ്ങൾ, ശാപങ്ങൾ, ഉപകഥകൾ, സ്ഥലപുരാണങ്ങൾ, പ്രതിജ്ഞകൾ, കെട്ടുകഥകൾ എന്നിവ കൂടിച്ചേർന്നതാണ് നാടൻസാഹിത്യം.
നാടൻപാട്ടുകൾ	:	ജീവിതചക്രാനുഷ്ഠാനങ്ങൾ, മതാനുഷ്ഠാനങ്ങൾ, കാർഷികപ്രവർത്തനങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ പാടുന്ന പാട്ടുകളാണ് നാടൻപാട്ടുകൾ. ഇവയുടെ പ്രാതിപാദ്യവിഷയം കാർഷികവൃത്തികളോ മതപരമായ വിഷയങ്ങളോ ഭൂപ്രകൃതിയോ ആയിരിക്കും.
നാടോടിവിജ്ഞാനം	:	ഒരു തലമുറയിൽനിന്ന് അടുത്തതിലേക്കു വാമൊഴിയായി കൈമാറ്റം ചെയ്യുന്ന മര്യാദകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, ഭാവഗീതങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ ഉൾപ്പെടുന്നതാണ് നാടോടിവിജ്ഞാനം.

നാടൻകഥകൾ	:	വ്യത്യസ്ത അവസരങ്ങളിൽ അവതരിപ്പിക്കുന്ന ധൈര്യം, വീരകൃത്യങ്ങൾ, മര്യാദ, സദാചാരം എന്നിവയെക്കുറിച്ചുള്ള കഥകൾ.
ഭക്ഷ്യശേഖരം	:	പ്രകൃതിയിൽനിന്നു ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുന്ന ഉപജീവനമാർഗം.
ഭക്ഷ്യോൽപ്പാദനം	:	കൃഷി, കന്നുകാലിവളർത്തൽ എന്നിവ ആശ്രയിച്ചുള്ള ഉപജീവനമാർഗം.
ഫൊറേജിങ്	:	പ്രകൃതിദത്തമായ ചുറ്റുപാടിൽ ഭക്ഷ്യവസ്തുക്കൾ തേടി ശേഖരിക്കുന്ന പ്രക്രിയ.
ജീൻ	:	പാരമ്പര്യത്തിന്റെ രാസഘടകയൂണിറ്റ്.
പൊതു പരസ്പരക്കൈമാറ്റം	:	പെട്ടെന്നു തിരിച്ചുകിട്ടാത്ത വിധമുള്ള സമ്മാന ക്കൈമാറ്റം
ജനിതകവ്യതിചലനം	:	ഒറ്റപ്പെട്ട ജീവസമഷ്ടിയിലെ ജീൻ ആവൃത്തികളിൽ നടന്ന ക്രമമല്ലാത്ത പ്രക്രിയ.
ഹെഡ്മാൻ	:	അധികാരമില്ലെങ്കിലും സമൂഹത്തെ ഒരുമിപ്പിക്കാൻ കഴിവുള്ള ആൾ.
ഹെറ്റിറോഡോൻട്രിസം	:	വ്യത്യസ്തതരം പല്ലുകൾ
ഹെറ്റിറോസൈഗസ്	:	വ്യത്യസ്തതരം ജീനുകൾ കുടികൊള്ളുന്ന അവസ്ഥ.
ഹോമോസൈഗസ്	:	ഒരുപോലെയുള്ള രണ്ടു ജീനുകൾ കുടികൊള്ളുന്ന അവസ്ഥ.
അനുലോമവിവാഹം	:	ഉയർന്ന സമൂഹികപദവിയുള്ള പുരുഷൻ താഴ്ന്ന സാമൂഹികപദവിയുള്ള സ്ത്രീയെ വിവാഹംകഴിക്കുന്ന രീതി.
പ്രതിലോമവിവാഹം	:	ഉയർന്ന സാമൂഹികപദവിയിലുള്ള സ്ത്രീ താഴ്ന്ന സാമൂഹികപദവിയുള്ള പുരുഷനെ വിവാഹം ചെയ്യുന്ന രീതി.
നിഷിദ്ധ സംഗമം	:	അടുത്തബന്ധമുള്ളവർ തമ്മിലുള്ള ലൈംഗികബന്ധ ങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാർവത്രികമായ വിലക്ക്.
ഉളിപ്പല്ലുകൾ	:	കടിക്കാൻ ഉപയോഗിക്കുന്ന മുൻവശത്തെ പല്ലുകൾ

ഇൻഡസ്ട്രി	:	പ്രാചീനചരിത്രകാലത്ത് ഒരു മനുഷ്യവർഗം മാത്രം ഉപയോഗിച്ചിരുന്ന ഒരുകൂട്ടം ആർട്ടിഫാക്ടുകളാണ് ഇൻഡസ്ട്രി.
സ്ഥാപനം	:	ഒരു സമൂഹത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ട ചട്ടക്കൂട്
ഇന്റർസ്പെസിഫിക്	:	രണ്ട് വേറിട്ട ജീവവർഗങ്ങളിലെ വ്യതിയാനങ്ങൾ.
ഇൻറാസ്പെസിഫിക്	:	ഒരേ ജീവിവർഗങ്ങൾക്കിടയിലെ വ്യതിയാനങ്ങൾ
കുല റിങ്	:	ട്രോബ്രിയാന്റ് ദ്വീപുവാസികൾക്കിടയിൽ നിലനിന്നിരുന്ന ആചാരപരമായ കൈമാറ്റവ്യവസ്ഥ. ഇതിൽ വെളുത്ത കക്ക കൊണ്ടുള്ള ആഭരണങ്ങൾ ഘടികാരദിശയിലും ചുവപ്പു കക്കകൊണ്ടുള്ള നെക്‌ലസുകൾ പ്രതിഘടികാര ദിശയിലും കൈമാറ്റം നടത്തുന്നു.
ഐതിഹ്യങ്ങൾ	:	പഴയകാല നായകന്മാരുടെ വീരശൂരകഥകളും കൽപ്പിത ചരിത്രവിവരണവുമാണ് ഐതിഹ്യങ്ങൾ.
ലവലോഷ്യൻ	:	മധ്യപ്രാചീനശിലായുഗത്തിലെ ഉപകരണനിർമാണ സങ്കേതം. ഇതിൽ തയാറാക്കിയ കോറിൽനിന്നു നേരത്തേ നിശ്ചയിച്ച പ്രകാരമുള്ള ഫ്ലേക്കുകൾ നിർമിക്കുന്നു.
ലെവിറേറ്റ്	:	ഭർത്താവ് മരിച്ച സ്ത്രീ ഭർത്താവിന്റെ സഹോദരനെ വിവാഹം ചെയ്യുന്ന രീതി.



തിരഞ്ഞെടുക്കപ്പെട്ട റഫറൻസ് പുസ്തകങ്ങൾ

അയ്യപ്പൻ.എ. 1985 – ഭാരതപ്പഴമ (മലയാളം) കോഴിക്കോട് : മാതൃഭൂമി

പബാസ്കോം വില്യം. ആർ. (ഇ.ഡി) 1977. ഫ്രോൺടിയേർസ് ഓഫ് ഫോക്ക്ലോർ, വെസ്റ്റ് വ്യൂ പ്രസ്, കൊളറാഡോ.

ബീൽസ്.ആർ.എൽ, ഹാരി ഹോയ്ജർ. 1971. ഇൻട്രൊഡക്ഷൻ റ്റു ആന്തോപോളജി.

ബ്രന്റ് ബെർലിൻ, പോൾ കേയി, 1969. ബേസിക് കളർ ടേംസ്. ബർക്കിലെ ആന്റ് ലോസ് എയ്ഞ്ചൽസ്. വി.സി.എ പ്രസ്സ്.

ചൈൽഡ്.വി.ജി. 1946. വാട്ട് ഹാപ്പൻഡ് ഇൻ ഹിസ്റ്ററി, പെലിക്കൽ, ന്യൂയോർക്ക്.

ചൈൽഡ്.വി.ജി. 1953. വാട്ട് ഈസ് ഹിസ്റ്ററി, ഹെൻറിഷൂമാൻ, ന്യൂയോർക്ക്

ഡാർവിൻ, ചാൾസ്: 1859. ഒറിജൻ ഓഫ് സ്പീഷീസ്. ന്യൂ അമേരിക്കൻ ലൈബ്രറി മെൻഡർ: ന്യൂയോർക്ക്

ദോഷി. എസ്.എൽ, പി.സി.ജയിൻ 2002. സോഷ്യൽ ആന്ത്രോപോളജി, റവാത്ത് പബ്ലിക്കേഷൻസ്, ന്യൂഡൽഹി.

ഡ്യൂൺസ്.എ. (ഇ.ഡി) 1965. ദി സ്റ്റോറി ഓഫ് ഫോക്ലോർ, പ്രിന്റ് റിസ് ഹാൾ, ഇങ്കിൽവുഡ് ക്ലിഫ്സ്.

എബർ കരോൾ, മെൽവിൻ എസർ ആന്റ് പീറ്റർ എൻ പെറിഗ്രി.2003. ആന്ത്രോപോളജി, ഡൽഹി. പിയോർസൺ എജ്യുക്കേഷൻ.

ഹാവിലാന്റ്, വില്യം.എ., ഹറാൽഡ്, ഇ.എൽ.പ്രിൻസ്, ഡാനാ, വാൾറാത്ത്, ബണ്ണി മാക്ക് ബ്രൈഡ്,

2007: ഇൻട്രാക്ഷൻ ഹു. ആന്ത്രോപോളജി, ഇന്ത്യൻ റീപ്രിന്റ്, സെൽഗേജ് ലേണിങ്, പാത്പർഗഗനി, ന്യൂഡൽഹി.

ഹെർസ്കോവിറ്റ്സ് . എം.ജെ.1974. കൾച്ചറൽ ആന്ത്രോപോളജി. ന്യൂഡൽഹി: ഓക്സ്ഫോർഡ് ആന്റ് ഐ.ബി.എച്ച്.

ജാ.മക്കൻ. 196. ആൻ ഇൻട്രൊഡക്ഷൻ റ്റു. സോഷ്യൽ ആന്ത്രോപോളജി.

കൊടാക്ക്, കോൺറാഡ് ഫിലിപ്പ് : ആന്ത്രോപോളജി: ദി എക്സ്പ്ലൊറേഷൻ ഓഫ് ഹ്യൂമൻ ഡൈവേഴ്സിറ്റി, 9 എഡി: ദി. മാക്ക് ഗ്രോ ഹിൽകോം. ന്യൂയോർക്ക്

മജൂംദാർ.ഡി.എൻ.ആന്റ് ഡി.എൻ.മദൻ. 1980. ഇൻഡ്രഡക്ഷൻ റ്റു സോഷ്യൽ ആന്ത്രോപോളജി. ഡൽഹി.

മലിനോസ്കി.ബി.കെ.1922 അരക്നഡ്സ് ഓഫ് വെസ്റ്റേൺ പസഫിക്ക്, ഡ്യൂറ്റാൺ, ന്യൂയോർക്ക്.

രാജേന്ദ്രൻ.പി. 1989. ദി പ്രീ ഹിസ്റ്റോറിക്ക് കൾച്ചർ ആന്റ് എൻവയോൺമെന്റ്. എകെയിസ് സ്റ്റഡി ഓഫ് കേരള. ന്യൂഡൽഹി. കേരള.

റോയി ഇന്ദ്രാണി ബാസു.2003. ആന്ത്രോപോളജി. ദി സ്റ്റഡി ഓഫ് മാൻ.എസ്. ചാന്ത് ആന്റ് കമ്പനി. ന്യൂഡൽഹി.

ശങ്കാലിയ,.എച്ച്.ഡി. 1982. സ്റ്റോൺ എയ്ജ് ടൂൾസ്. പൂനെ. ഡക്കാൻ കോളേജ്.

ശരണ ഗോപാല, 1977: ഇൻഡ്രഡക്ഷൻ റ്റു ആന്ത്രോപോളജി.

ശർമ്മ, ആർ.എൻ.2004. സോഷ്യൽ ആന്റ് കൾച്ചറൽ ആന്ത്രോപോളജി. സുർജിത്ത് പബ്ലിക്കേഷൻസ്, ന്യൂഡൽഹി.

ശ്രീവാസ്തവ. എ.ആർ.എൻ. 2005 എസൻഷ്യൽസ് ഓഫ് കൾച്ചറൽ ആന്ത്രോപോളജി. പ്രിന്റിസ് ഹാൾ ഓഫ് ഇന്ത്യ. ന്യൂഡൽഹി.